# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2021 ആഗസ്റ്റ് 9, തിങ്കൾ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1357/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യം-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസം, സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണം, ക്ഷീരവികസനം വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..32

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..80

**II അനുമോദനം**

ടോക്കിയോ ഒളിംപിക്സ് മെഡൽ ജേതാക്കൾക്ക് അഭിനന്ദനം ..432

-മി. സ്പീക്കർ

**III അടിയന്തരപ്രമേയം**

ദുരന്തബാധിതരുടെ പുനരധിവാസവും നഷ്ടപരിഹാരവും ..432

-ശ്രീ. ടി. സിദ്ദിഖ്

(അവതരണാനുമതി നിഷേധിച്ചു)

**IV ശ്രദ്ധക്ഷണിക്കൽ**

(1) തോട്ടം തൊഴിലാളികളുടെ പെൻഷൻ പ്രായം ഏകീകരണം ..452

-ശ്രീ. വാഴൂർ സോമൻ

(2) ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിലെ അപാകത ..454

-ശ്രീ. ടി. വി. ഇബ്രാഹിം

**V സബ്മിഷൻ**

(1) സേവന വേതന വ്യവസ്ഥകൾ

-ശ്രീ. ഇ. ചന്ദ്രശേഖരൻ ..457

(2) ഏലംകുളം ബാലചന്ദ്രന് നഷ്ടപരിഹാരം

-ശ്രീ. നജീബ് കാന്തപുരം ..458

(3) വടക്കഞ്ചേരിയിൽ എക്സൈസ് റേഞ്ചാഫീസ്

-ശ്രീ. പി. പി. സുമോദ് ..460

(4) പാലക്കാട് ഗവണ്മെന്റ് മെഡിക്കൽ കോളേജ്

-ശ്രീ. ഷാഫി പറമ്പിൽ ..461

*പേജ്*

(5) വിധവാ പെൻഷൻ

-ശ്രീ. എ. പി. അനിൽ കുമാർ ..464

(6) ധനസഹായം

-ശ്രീ. എം. നൗഷാദ് ..466

(7) ആലുവ ജില്ലാ ആശുപത്രി

-ശ്രീ. അൻവർ സാദത്ത് ..469

(8) റോഡ് നിർമ്മാണം

-ശ്രീ. കോവൂർ കുഞ്ഞുമോൻ ..472

(9) കണ്ണൂർ-മൈസൂർ റോഡ്

-ശ്രീ. എ. എൻ. ഷംസീർ ..474

(10) പാലം നിർമ്മാണം

-ശ്രീമതി ഒ. എസ്. അംബിക ..475

VI **ക്രമപ്രശ്നം**

സമിതി റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യുന്നത് സംബന്ധിച്ച്

-ഡോ. എം. കെ. മുനീർ ..476

**റൂളിംഗ്**

**VII അറിയിപ്പ്**

ധനകാര്യ ബില്ലിന് ഭേദഗതി നൽകുന്നതിനുള്ള സമയം

-മി. സ്പീക്കർ ..479

**VIII ധനകാര്യം**

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ..480

ധനാഭ്യർത്ഥന നമ്പർ - VIII - എക്സൈസ് ..597

ധനാഭ്യർത്ഥന നമ്പർ - XX - ശുദ്ധജലവിതരണവും ശുചീകരണവും ..603

ധനാഭ്യർത്ഥന നമ്പർ - XXII - നഗരവികസനം ..609

ധനാഭ്യർത്ഥന നമ്പർ - XXIX - കൃഷി ..615

ധനാഭ്യർത്ഥന നമ്പർ - XXXV - പഞ്ചായത്ത് ..621

ധനാഭ്യർത്ഥന നമ്പർ - XXXVI - ഗ്രാമവികസനം ..627

ധനാഭ്യർത്ഥന നമ്പർ - XXXVIII - ജലസേചനം ..633

**അനുബന്ധം** ..640

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2021 ആഗസ്റ്റ് 9, തിങ്കൾ*


| വാല്യം 185] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 13 |
|---|---|---|


നിയമസഭ 2021 ആഗസ്റ്റ് മാസം 9-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ....... ചോദ്യം നമ്പർ * (361)

### ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട കൗൺസിലിംഗ്

1 (*361) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികളുടെ മാനസിക സംഘർഷം ഒഴിവാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി രക്ഷിതാക്കൾക്ക് ഇതുസംബന്ധിച്ച് ബോധവത്കരണം നടത്താനും വിദ്യാർത്ഥികൾക്കുവേണ്ടി കൗൺസിലിംഗ് ക്ലാസ്സുകൾ ഏർപ്പെടുത്താനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാർത്ഥികളുടെ മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ സ്കൂളുകളുമായി ബന്ധപ്പെട്ട് ഇപ്പോൾത്തന്നെ തുടക്കം കുറിച്ചിട്ടുണ്ട്. ജീവിത നൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 'ഉല്ലാസപ്പറവകൾ' എന്ന പേരിലുള്ള പ്രവർത്തനം സംസ്ഥാനത്ത് നടന്നുവരുന്നു. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ടുപോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനയാണ്. Our Responsibility to Children (ORC) എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നുണ്ട്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ഈ പരിപാടിയുടെ ലക്ഷ്യമാണ്. ഇതിലെല്ലാം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ ഊന്നൽ നൽകുന്നുണ്ട്. കൂടാതെ കുട്ടികൾക്കായി മാനസികാരോഗ്യ ക്ലാസ്സുകൾ ഡിജിറ്റൽ ക്ലാസ്സുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വിഷയവും പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ ക്ലാസുകളോടൊപ്പവും അല്ലാതെ വിദഗ്ദ്ധരുടെ സഹായത്തോടെ പ്രത്യേക ക്ലാസ്സുകളായും മാനസികാരോഗ്യ ക്ലാസ്സുകൾ സംപ്രേഷണം ചെയ്തുവരുന്നു. ഈ വർഷം സമഗ്രശിക്ഷാ കേരളം ബി.ആർ.സി. തലത്തിൽ വിദഗ്ദ്ധ സർക്കാർ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി "അതിജീവനം" എന്ന പേരിൽ ടെലി കൗൺസിലിംഗ് പ്രോഗ്രാമുകളും നടത്തിവരുന്നു. ഓൺലൈൻ ക്ലാസ്സുകളുടെ തുടർപിന്തുണാ പ്രവർത്തനങ്ങളുടെ ഭാഗമായി വർക്ക്ഷീറ്റുകൾ/പ്രവർത്തന കാർഡുകൾ എന്നിവ നൽകിയിട്ടുണ്ട്. സ്കൂൾ അദ്ധ്യാപകർ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഇടയ്ക്കിടെ ഫോണിൽ ബന്ധപ്പെട്ട് വേണ്ട മാനസിക പിന്തുണയും അക്കാദമിക പിന്തുണയും തുടർച്ചയായി നൽകുന്നു. വിദ്യാർത്ഥികൾക്കായി എല്ലാ ഞായറാഴ്ചകളിലും SHE Assembly എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ 'ഉള്ളറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസ്സുകളുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മന:ശാസ്ത്രജ്ഞരുടെ സഹായം തേടുന്നുണ്ട്. ഒപ്പംതന്നെ കായികക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസ്സുകളും ലഭ്യമാക്കുന്നുണ്ട്. വിക്ടേഴ്സ് ചാനൽവഴി ഇത്തരം ക്ലാസ്സുകൾകൂടി സംപ്രേഷണം ചെയ്യുന്നുണ്ട്. ഈ കാലഘട്ടത്തിൽ മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് നൽകുന്നതിനായി നിരവധി പരിപാടികൾ വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. ഒ.ആർ.സി. പ്രോജക്ടിന്റെ ഭാഗമായുള്ള 'ചിരി' പദ്ധതി, ആരോഗ്യ വകുപ്പിന്റെ ദിശാ ഹെൽപ്പ് ലൈൻ, വനിതാ-ശിശു വികസന വകുപ്പിന്റെ കുട്ടി ഡെസ്ക് തുടങ്ങിയവ ഉദാഹരണങ്ങളാണ്. കൂടാതെ സ്കൂൾ കൗൺസിലർമാർ, സൗഹൃദ ക്ലബ്ബ് കോ-ഓർഡിനേറ്റർമാർ, മെന്റർ ടീച്ചർമാർ, എഡ്യൂക്കേഷൻ വോളന്റിയേഴ്സ് തുടങ്ങിയവർ

നിരന്തരം കുട്ടികളും രക്ഷിതാക്കളുമായി ബന്ധം പുലർത്തുകയും പ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്യുന്നുണ്ട്. പഠനത്തിന്റെ ഭാഗമായ കണ്ടെത്തലുകൾക്കനുസരിച്ച് കൂടുതൽ ഫലപ്രദമായ ഇടപെടലിനായി പദ്ധതികൾ തയ്യാറാക്കിവരികയാണ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കേരളത്തിൽ എൽ.ഡി.എഫ്. ഭരണം വിദ്യാഭ്യാസരംഗത്ത് ഒരു സുവർണ്ണകാലഘട്ടമായിരുന്നു. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സമാനതകളില്ലാത്ത നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞു. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, ഹൈടെക് സൗകര്യങ്ങൾ വിദ്യാലയങ്ങളിൽ തുടങ്ങി നിരവധി വിഷയങ്ങളുണ്ട്. സി.ബി.എസ്.ഇ. പോലുള്ള കേന്ദ്ര ഏജൻസിപോലും പരീക്ഷ നടത്താൻ ഉത്കണ്ഠപ്പെടുകയും മാറ്റിവയ്ക്കുകയുംചെയ്ത സാഹചര്യത്തിൽ കുട്ടികൾക്ക് തുടർവിദ്യാഭ്യാസം നഷ്ടപ്പെട്ടുപോകരുതെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനങ്ങൾ കൊണ്ടാണ് പരീക്ഷ നടത്താൻ സാധിച്ചത്. പരീക്ഷ നടത്തുക മാത്രമല്ല, ഫലപ്രഖ്യാപനവും വളരെ ഭംഗിയായി നിർവ്വഹിക്കാൻ കഴിഞ്ഞു എന്നുള്ളതാണ് വസ്തുത. കേവലം പഠനപരമായ കാര്യങ്ങൾക്കപ്പുറത്ത് വിദ്യാഭ്യാസം സ്വഭാവ രൂപീകരണത്തിന്റെകൂടി മുഖ്യഘടകമായതുകൊണ്ട് വിദ്യാർത്ഥികൾക്ക് ഈ കാലഘട്ടത്തിലുണ്ടാകുന്ന മാനസിക പ്രയാസങ്ങൾക്ക് പരിഹാരം കാണുക എന്നത് സുപ്രധാനമായ കാര്യമാണ്. വിദ്യാർത്ഥികൾക്ക് ക്ലാസുകളിൽ വന്ന് കൂടിച്ചേരലുകളും ആഹ്ലാദങ്ങളും പങ്കുവയ്ക്കാനുള്ള സൗകര്യം ഇല്ലാത്തതുകൊണ്ടുതന്നെ മാനസികമായി ചില പ്രയാസങ്ങളുമുണ്ടായിട്ടുണ്ട്. ഓൺലൈൻ പഠനത്തിന് വിപുലമായ സൗകര്യങ്ങളുണ്ടാക്കിയിട്ടുണ്ടെങ്കിലും നെറ്റ് സൗകര്യങ്ങളും സ്മാർട്ട്ഫോൺ പോലുള്ള സാങ്കേതിക സൗകര്യങ്ങളുടെ ലഭ്യതക്കുറവുംമൂലം പ്രയാസങ്ങളനുഭവിക്കുന്ന വിദ്യാർത്ഥികളുമുണ്ട്. ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം വിക്ടേഴ്സ് ചാനലിൽ മാനസിക സംഘർഷം ഒഴിവാക്കുന്ന പരിപാടികൾ സംപ്രേഷണം ചെയ്തുവരുന്നതുൾപ്പെടെ, കൂടുതൽ കൗൺസിലർമാരെ സ്കൂളുകളിൽ നിയമിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ മാനസിക സംഘർഷങ്ങൾക്കും സങ്കടങ്ങൾക്കും പരിഹാരം കാണാൻ ഫലപ്രദമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടിയുണ്ടാകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട മുൻ മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. കഴിഞ്ഞ അഞ്ചുവർഷം ശക്തമായ ഇടപെടലാണ് ഗവണ്മെന്റ് വിദ്യാഭ്യാസരംഗത്ത് നടത്തിയിട്ടുള്ളത്. ഇന്ത്യയിലെ ഏതാണ്ട് എല്ലാ സംസ്ഥാനങ്ങളും പരീക്ഷ നടത്തുന്നതിന് മടിച്ചുനിന്നപ്പോൾ പരീക്ഷ നടത്തുന്നതിനും ഇന്ത്യയിൽ ആദ്യമായി ഡിജിറ്റൽ ക്ലാസുകൾ ആരംഭിക്കുന്നതിനും തയ്യാറായ ഏക സംസ്ഥാനം കേരളമാണെന്ന്

അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഇവിടെ കുട്ടികളുടെ മാനസിക പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കുന്നതിന് സ്കൂളുകളിലെ കൗൺസിലർമാർ വലിയ പങ്ക് വഹിക്കുന്നുണ്ട്. കൗൺസിലർമാരുടെ എണ്ണത്തിൽ കുറവുണ്ട്, സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണമനുസരിച്ച് നിയമിക്കാൻ കഴിയുന്നില്ല. കൂടുതൽ കൗൺസിലർമാരെ ഓരോ സ്കൂളിലും നിയമിക്കുന്നത് സംബന്ധിച്ച് ആലോചിക്കേണ്ടതുണ്ട്. അവശ്യംവേണ്ട കൗൺസിലർമാരെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഹയർ സെക്കണ്ടറി കരിയർ ഗൈഡൻസ് വിഭാഗത്തിന്റെയും സമഗ്ര ശിക്ഷാ കേരളയുടെയും വിവിധ കൗൺസിലിംഗ് സംവിധാനങ്ങൾ നിലവിലുണ്ട്. വനിതാ-ശിശു വികസന വകുപ്പും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുമെല്ലാം ഇക്കാര്യത്തിൽ നിരവധി സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. നേരത്തെ സൂചിപ്പിച്ചതുപോലെ ഇവിടത്തെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് വിഭാഗം ഇന്ത്യയിൽത്തന്നെ ഒന്നാമതാണ്. അവർ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനം അങ്ങേയറ്റം അഭിനന്ദനമർഹിക്കുന്നതാണ്. എന്നാൽ ഇവരെക്കൊണ്ടുമാത്രം പരിഹരിക്കാൻ കഴിയുന്നതല്ല ഇപ്പോൾ വീട്ടിലിരിക്കുന്ന കുട്ടികളുടെ പ്രശ്നങ്ങളെന്നത് സർക്കാർ മനസ്സിലാക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഓരോ അദ്ധ്യാപകർക്കും ഇക്കാര്യത്തിൽ പ്രത്യേക പരിശീലനം നൽകണമെന്നാണ് ഗവൺമെന്റാഗ്രഹിക്കുന്നത്. സ്കൂൾ തലത്തിൽത്തന്നെ ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം പ്രാദേശിക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ 25-ാം വർഷം ആണല്ലോ. സ്കൂൾതലത്തിൽ തദ്ദേശഭരണ സ്ഥാപന പ്രതിനിധികൾ നേതാക്കളായും സ്കൂളിലെ പി.ടി.എ.-യും ഓൾഡ് സ്റ്റുഡന്റ്സ് യൂണിയനെയും വിദ്യാഭ്യാസ രംഗത്ത് താൽപ്പര്യമുള്ളവരെയുമെല്ലാം ചേർത്തുകൊണ്ടുള്ള കമ്മിറ്റി ഏതാണ്ടെല്ലാ സ്കൂളുകളിലും വന്നുകഴിഞ്ഞു, അവരുടെ നേതൃത്വത്തിൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയുമെന്നാണ് കരുതുന്നത്. കുട്ടികൾ മെന്റർമാരും കൗൺസിലർമാരുമാകുന്ന രീതികൾക്കാണ് ഇപ്പോൾ മുൻഗണന നൽകുന്നത്. ഇങ്ങനെ അദ്ധ്യാപകർ നിരന്തരം കുട്ടികൾക്ക് മാനസിക പിന്തുണ നൽകിയാൽ മാത്രമേ ഫലപ്രദമാകുകയുള്ളൂ. ഈ സാഹചര്യങ്ങൾകൂടി പരിഗണിച്ചാണ് അദ്ധ്യാപകർ ഇപ്പോൾ നേരിട്ട് കുട്ടികളുമായി സംവദിക്കുന്ന ഓൺലൈൻ രീതികൂടി ഘട്ടംഘട്ടമായി കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇടപെട്ട് നിരന്തര യോഗങ്ങൾ ചേർന്നുകൊണ്ടിരിക്കുന്ന വിവരം നമുക്കറിയാവുന്നതാണ്. നല്ല പ്രോത്സാഹനവും പിന്തുണയുമാണ് പൊതുസമൂഹത്തിൽനിന്നും ലഭിച്ചിരിക്കുന്നത്. എല്ലാവരുടെയും സഹായത്തോടുകൂടി ഈ വിഷയത്തിന് പരിഹാരംകാണാൻ കഴിയുമെന്നുതന്നെ യാണ് ഗവൺമെന്റ് കരുതുന്നത്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രഖ്യാപിച്ച കാര്യങ്ങൾ അഭിനന്ദനീയവും മാതൃകാപരവുമാണ്. ഞാൻ അദ്ദേഹത്തെയും വകുപ്പിനെയും അഭിനന്ദിക്കുകയാണ്. കോവിഡ് പശ്ചാത്തലത്തിൽ സ്കൂളില്ലാതിരുന്നിട്ടും കുട്ടികൾക്ക് പരീക്ഷയ്ക്ക് ഹാജരാകേണ്ടി വരുന്ന സാഹചര്യങ്ങളിൽ അവരിലുണ്ടാകുന്ന മാനസികവും ബൗദ്ധികവുമായ ഏതെങ്കിലും പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, കോവിഡ് സാഹചര്യം നമുക്കെല്ലാം അറിയാവുന്നതുപോലെ സമസ്ത മേഖലകളിലുമുണ്ടാക്കിയിരിക്കുന്ന വെല്ലുവിളികളെ നേരിടുന്നതിനുള്ള പരിശ്രമമാണ് സംസ്ഥാന ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസം, തൊഴിൽ മേഖലകളിലും ഈ വെല്ലുവിളികൾ വന്നിട്ടുണ്ടെങ്കിലും വിദ്യാഭ്യാസ മേഖലയിൽ അത് കുറച്ചുകൊണ്ടുവരാനുള്ള വലിയ പരിശ്രമമാണ് ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവരുടെയും സഹായ സഹകരണത്തോടുകൂടി ചെയ്തുകൊണ്ടിരിക്കുന്നത്. കോവിഡ് പശ്ചാത്തലത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ നടത്തിയപ്പോൾ വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായിരുന്നു. എന്നാലിന്ന് എസ്.എസ്.എൽ.സി. പരീക്ഷ കഴിഞ്ഞപ്പോൾ കുട്ടികൾക്ക് ആത്മവിശ്വാസമുണ്ടായി. ഞാൻ പരീക്ഷ എഴുതിയാണ് ജയിച്ചതെന്ന ആത്മവിശ്വാസം കുട്ടികൾക്കിടയിലുണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റുസംസ്ഥാനങ്ങളിൽ പരീക്ഷയെഴുതാതെ കുട്ടിയുടെ 9, 8 ക്ലാസ്സുകളിലെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് റിസൾട്ട് വന്നിരിക്കുന്നത്. ഇവിടെ കുട്ടികളുടെ ആത്മവിശ്വാസം വളർത്തുന്ന രീതിയിലാണ് പൊതുപരീക്ഷകൾ ക്രമീകരിച്ചിരിക്കുന്നത്. കഴിഞ്ഞ 10, 12 ക്ലാസ്സുകളിലെ ഫലം തെളിയിക്കുന്നത് അതാണ്. അതിനായി പ്രത്യേക ഫോക്കസ് ഏര്യ നിശ്ചയിച്ച് ക്ലാസ്സുകൾ നൽകിയതിന്റെ ഫലമായി കുട്ടികൾ നന്നായി പഠിച്ച് പരീക്ഷ എഴുതിയതിനാൽ എ പ്ലസ്-ന്റെ എണ്ണം വർദ്ധിച്ചു. അതിൽ നമുക്കെല്ലാം അഭിമാനിക്കാം. ചില ശക്തികൾ ഓൺലൈനിൽക്കൂടി തമാശരൂപേണ 'അന്യസംസ്ഥാന തൊഴിലാളിക്കും എ പ്ലസ് കിട്ടി' എന്ന രീതിയിൽ കളിയാക്കുന്നുണ്ട്, തമാശ നല്ലതാണ്. പക്ഷേ കുട്ടികളെ വേദനിപ്പിക്കുന്ന തരത്തിലുള്ള ഒരു തമാശയും അംഗീകരിച്ചുകൊടുക്കാൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറഞ്ഞിട്ടുണ്ട്, ഞാനും ഇവിടെ സൂചിപ്പിക്കുകയാണ്. വിഷൻ ക്ലാസുകൾക്കും ഓഡിയോ ബുക്കുകൾക്കും പുറമെ പരീക്ഷകൾക്കുമുമ്പ് ലൈവ് ഫോൺ-ഇൻ ക്ലാസുകളും കൈറ്റ് (KITE) വിക്ടേഴ്സ് ചാനൽ നൽകിവരികയാണ്. തികഞ്ഞ സംതൃപ്തിയോടും ആത്മവിശ്വാസത്തോടുംകൂടി കുട്ടികൾക്കെഴുതാവുന്ന രീതിയിലാണ് പൊതുപരീക്ഷ. 'പരീക്ഷ എഴുതാതെ പാസ്സായവരാണ് ' എന്ന ചിന്താഗതി ഭാവിയിൽ ഇല്ലാതാക്കാനും കഴിഞ്ഞിട്ടുണ്ടെന്നകാര്യം ഇവിടെ സൂചിപ്പിക്കുകയാണ്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും അമിതോപയോഗം കുട്ടികളുടെ മാനസിക - ശാരീരിക ആരോഗ്യത്തെ ബാധിക്കുന്നുവെന്ന ആശങ്ക പൊതുവെയുണ്ട്. ഇതുസംബന്ധിച്ച കണക്കുകളോ പഠനങ്ങളോ ലഭ്യമാണോ; വിശദാംശങ്ങൾ നൽകാനാകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇതുസംബന്ധിച്ച് ഒരു പഠനം നടത്തിയിട്ടുണ്ട്. എങ്കിലും ഇത് പൊതുവിൽ ഒരു കുഴപ്പമാണെന്ന നിലയിലെടുക്കേണ്ട കാര്യമില്ല. എങ്കിലും സഭയിൽ ചോദിച്ചതുകൊണ്ട് എസ്.സി.ഇ.ആർ.ടി. നടത്തിയ പഠനത്തിലെ ഒരു കാര്യം ഞാൻ സൂചിപ്പിക്കാം. ഡിജിറ്റൽ - ഓൺലൈൻ ക്ലാസ്സുകൾവഴി പഠനം നടത്തുമ്പോഴുണ്ടാകുന്ന ചില ബുദ്ധിമുട്ടുകളുണ്ട്. സ്ഥിരമായി മൊബൈൽ ഫോണും ടെലിവിഷനും കണ്ടുകൊണ്ടിരുന്നാൽ മുതിർന്നവർക്കുപോലും ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട്. ഡിജിറ്റൽ-ഓൺലൈൻ ക്ലാസ്സുകൾ തുടങ്ങിയതിനുശേഷം 36 ശതമാനം കുട്ടികൾക്ക് തലവേദനയും 28 ശതമാനം കുട്ടികൾക്ക് കണ്ണിന് ക്ഷീണവും അനുഭവപ്പെടുന്നതായി എസ്.സി.ഇ.ആർ.ടി. നടത്തിയ പഠനത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതൊരു സ്ഥിരം പ്രതിഭാസമായി കാണാൻ കഴിയില്ല. ഇതിനുപുറമേ 36 ശതമാനം പേർക്ക് കഠിനമായ കഴുത്തുവേദനയും അനുഭവപ്പെടുന്നുണ്ട്. ഇവിടെ കുറച്ചുനേരം നോക്കിക്കൊണ്ടിരുന്നാൽ നമുക്കുതന്നെ കഴുത്തിൽ വേദനയുണ്ടാകും. അതുപോലെ ഏതാണ്ട് 15 ശതമാനം കുട്ടികളുടെ കണ്ണിന് കാഴ്ചക്കും പ്രശ്നമുണ്ടാകുന്നുണ്ട്. ഹൈസ്കൂൾ-ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കിടയിൽ നടത്തിയ പഠനത്തിന്റെ വിവരമാണ് ഇവിടെ സൂചിപ്പിച്ചത്. കൗമാരക്കാരായ വിദ്യാർത്ഥികൾ ദിവസേന 30 മിനിറ്റ് വ്യായാമം ചെയ്തിരുന്നിടത്ത് ഇപ്പോൾ 25 ശതമാനം വിദ്യാർത്ഥികൾ മാത്രമാണ് വ്യായാമം ചെയ്യുന്നത്. ഇക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളിൽ കുട്ടികളെ ഏർപ്പെടുത്തുന്നതിനുവേണ്ടി 'വീട്ടിൽ ഒരു ലാബ്', 'വർക്ക് ഷീറ്റ് സ്കിൽസ്' തുടങ്ങിയ പ്രവർത്തനങ്ങൾകൂടി നടപ്പാക്കുന്നത്. കൂടാതെ പുസ്തക വായന പ്രോത്സാഹിപ്പിക്കുക, കഴിയുന്ന തരത്തിൽ വീട്ടുജോലികളിൽ സഹായിക്കുക, പൂന്തോട്ട നിർമ്മാണം, പച്ചക്കറി തോട്ട നിർമ്മാണം എന്നിവ പ്രോത്സാഹിപ്പിച്ചുകൊണ്ട് ദീർഘസമയം കുട്ടികൾ ഡിജിറ്റൽ ഉപകരണങ്ങൾക്ക് മുന്നിൽ ചെലവഴിക്കുന്നത് ഒഴിവാക്കാനും അത്യാവശ്യ വ്യായാമം അവർക്ക് കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇക്കാര്യത്തിൽ അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും ശ്രദ്ധ വേണമെന്ന നിർദ്ദേശംകൂടി നൽകിയിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ പ്രശ്നങ്ങളിൽ ഏറ്റവും രൂക്ഷമായത് കണക്റ്റിവിറ്റി (റേഞ്ച്) ഇല്ലെന്നുള്ളതും ഉപകരണങ്ങളില്ലാത്തതുമാണ്. ഇപ്പോൾ സർക്കാർതന്നെ കേരളത്തിൽ 4 ലക്ഷത്തിലധികം കുട്ടികൾക്ക് ഇനിയും ഈ സംവിധാനങ്ങൾ ലഭ്യമല്ലെന്ന കാര്യം സമ്മതിക്കുകയാണ്. എം.എൽ.എ.-മാർ നിയോജകമണ്ഡല അടിസ്ഥാനത്തിൽ യോഗങ്ങൾ വിളിച്ചുകൂട്ടിയപ്പോൾ, ആറളം ആദിവാസി മേഖലയിൽ ഉൾപ്പെടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 2500 പേർക്ക് മൊബൈൽ ഫോണോ മറ്റ് സംവിധാനങ്ങളോ ഇല്ലെന്നാണ് മനസ്സിലായത്. ഇത് സംബന്ധിച്ച് പട്ടികവർഗ്ഗ വകുപ്പ് കണക്കെടുത്തിട്ടുണ്ട്. കണക്റ്റിവിറ്റിയില്ലാത്ത സ്ഥലങ്ങളിൽ, സേവനദാതാക്കളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചിട്ടുണ്ട്, പക്ഷെ റിസൾട്ടുണ്ടായിട്ടില്ല. ഉപകരണങ്ങൾ നൽകുന്ന കാര്യത്തിൽ ഇനിയും വൈകാൻ പാടില്ല. കാരണം ഒരു ടേം കഴിയുകയാണ്, ഓണപ്പരീക്ഷയിലേയ്ക്ക് കടക്കുകയാണ്. കണക്റ്റിവിറ്റി ഉറപ്പുവരുത്തുന്നതിലും ഉപകരണങ്ങൾ എത്രയുംവേഗം ലഭ്യമാക്കുന്നതിലും പല സ്ഥലങ്ങളിലും പി.ടി.എ.-യും വാർഡ് ജാഗ്രതാ സമിതികളും പ്രവർത്തിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമല്ല. ഇനിയുള്ള അപാകതകൾ പരിഹരിക്കാൻ ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് പറഞ്ഞത് ഏറെക്കുറെ ശരിയാണ്. സംസ്ഥാനത്ത് ഓൺലൈൻ കണക്റ്റിവിറ്റിയുടെ കുറവ് ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട, വയനാട് തുടങ്ങിയ ജില്ലകളിലൊക്കെ നിലനിൽക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ ആദ്യയോഗത്തിൽ, ഈ പ്രശ്നത്തിന് ആദ്യം പരിഹാരം കാണേണ്ടത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടേതാണെന്ന് തീരുമാനിക്കുകയും മുൻഗണനാക്രമം തരം തിരിക്കുന്നതിന് തയ്യാറാവുകയും ചെയ്തതിനുപുറമെ ഇവിടെ സൂചിപ്പിച്ചതുപോലെ ഇന്റർനെറ്റ് ദാതാക്കളുടെ യോഗവും ചേർന്നിരുന്നു, അവർ കുറെ പ്രശ്നങ്ങൾ ഉന്നയിച്ചിരുന്നു. കണക്ഷൻ ലഭിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ.-ന്റെ കണക്ഷനില്ലാത്ത സ്ഥലങ്ങളിലെ അസൗകര്യങ്ങൾ പരിഹരിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. ഇപ്പോൾ ഡിജിറ്റൽ ക്ലാസ്സുകളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചില്ല. ഓൺലൈൻ ക്ലാസ്സിന്റെ ട്രെയിനിംഗ് മാത്രമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഓൺലൈൻ ക്ലാസ് ആരംഭിക്കുന്ന അവസരത്തിൽ ഇത്തരം പ്രശ്നങ്ങൾക്ക് പരമാവധി പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിങ്ങളുടെയൊക്കെ സഹായം വേണം. അതിനുവേണ്ടി കൂട്ടായി പരിശ്രമിക്കാം.

ശ്രീ. മാത്യു ടി. തോമസ്: സർ, മഹാമാരിയുടെ കാലത്ത് സാദ്ധ്യമായ ഒരു ബദൽ മാർഗ്ഗം എന്നല്ലാതെ ഓൺലൈൻ പഠനം അത്യുത്തമമായ പരിഹാര മാർഗ്ഗമല്ല. പാഠപുസ്തകങ്ങളിലോ ഇന്റർനെറ്റിലോ രേഖപ്പെടുത്തിയിരിക്കുന്ന അറിവ് വിദ്യാർത്ഥികളുടെ മസ്തിഷ്കത്തിലേയ്ക്ക് പകർത്തുന്നതിൽ വിദ്യാഭ്യാസ ലക്ഷ്യം പൂർണ്ണമാകുന്നില്ല. സഹപാഠികളോടൊപ്പം കളിക്കാനും അദ്ധ്യാപകരിൽനിന്ന് ഉപദേശങ്ങളും ശകാരങ്ങളും ഏറ്റുവാങ്ങാനും കഴിയുന്ന വിദ്യാലയാനുഭവം നമ്മുടെ വിദ്യാലയ സമ്പ്രദായത്തിൽ അവിഭാജ്യ ഘടകമാണ്. ഒരു വിദ്യാർത്ഥി സംഘടനാനേതാവായിരുന്ന താങ്കൾക്കത് നന്നായിട്ടറിയാം. ഇപ്പോൾ തമിഴ്നാട്ടിലും കർണ്ണാടകത്തിലും സ്കൂളുകൾ തുറക്കാൻ പോകുകയാണ്. ഇവിടെ അതിനുള്ള സാഹചര്യമായിട്ടില്ല. ഒരു ഡിവൈസിന് മുമ്പിൽ അഞ്ചും ആറും കുട്ടികൾ ഒരുമിച്ചിരുന്ന് പഠിക്കുകയാണ്. കളിക്കുകയും ചിരിക്കുകയും ഒരുമിച്ച് സഹവസിക്കുകയും ചെയ്യുന്നൊരു സാഹചര്യത്തിലേയ്ക്ക് അവരെ കൊണ്ടു ചെന്നെത്തിക്കാൻ കഴിയുമോയെന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. വി. ശിവൻകുട്ടി: സർ, താങ്കൾ പറഞ്ഞത് വളരെ ശരിയാണ്. കഴിഞ്ഞദിവസം ഓൺലൈൻ ട്രെയിനിംഗ് ക്ലാസ്സിന്റെ ഒരു മോഡൽ ക്ലാസ്സിൽ എന്താണെന്ന് മനസ്സിലാക്കാൻ ഞാനും പങ്കെടുത്തു. 40 കുട്ടികളുള്ള ആ ക്ലാസ്സിൽ പങ്കെടുത്ത മുഴുവൻ കുട്ടികളേയും പരിചയപ്പെട്ട് അവരോട് ചോദിച്ചപ്പോൾ ഡിജിറ്റൽ ക്ലാസ്സായിരുന്നപ്പോൾ അദ്ധ്യാപകരെയോ കൂട്ടുകാരെയോ കാണാൻ സാധിക്കുമായിരുന്നില്ലെന്നും ഓൺലൈൻ ക്ലാസ് വന്നപ്പോൾ ടീച്ചറെ കാണാനും സംശയങ്ങൾ ചോദിക്കാനും കൂട്ടുകാരെ കാണാനും സാധിക്കുന്നുണ്ടെന്നും പറഞ്ഞു. അങ്ങനെയൊരു മാറ്റം ഇക്കാര്യത്തിലുണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. നമുക്ക് ഡിജിറ്റൽ-ഓൺലൈൻ ക്ലാസ് ശാശ്വതമല്ലല്ലോ; കോവിഡ് കാലഘട്ടത്തിൽ വിദ്യാഭ്യാസ രംഗത്ത് കോവിഡുയർത്തിയിട്ടുള്ള വെല്ലുവിളിക്ക് പരിഹാരം കാണുന്നതിന് ഇന്ത്യാരാജ്യത്ത് കേരള സംസ്ഥാനം മാത്രമാണ് ഈ നിലയിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. തമിഴ്നാട്ടിൽ സ്കൂളുകൾ തുറക്കാൻ പോകുകയാണെന്ന് പത്രങ്ങളിലൂടെ അറിയാൻ കഴിഞ്ഞു. മറ്റ് പല സംസ്ഥാനങ്ങളുടെയും കാര്യം ഇവിടെ സൂചിപ്പിച്ചു. കുട്ടികൾക്ക് വാക്സിൻ കൊടുക്കേണ്ടത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രോട്ടോക്കോളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജാഗ്രതയോടുകൂടി ഇക്കാര്യം ശ്രദ്ധിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെയും കോവിഡ് നിയന്ത്രണ ഏജൻസികളുടെയും അംഗീകാരം കിട്ടിയാൽ ആദ്യാവസരത്തിൽത്തന്നെ ഘട്ടംഘട്ടമായി നമ്മുടെ സംസ്ഥാനത്തും സ്കൂളുകൾ തുറക്കുന്നകാര്യം ഗവണ്മെന്റിന്റെ പരിഗണനയിലുണ്ടെന്ന കാര്യം സൂചിപ്പിക്കുകയാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഈ കോവിഡ് കാലത്ത്, മറ്റ് വിദ്യാർത്ഥികളുമായി താരതമ്യംചെയ്യുമ്പോൾ ഏറ്റവും പ്രയാസം നേരിടുന്നത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളാണ്. കഴിഞ്ഞവർഷം ഇവർക്ക് ശരിയായി പഠിക്കാൻ സാധിച്ചില്ലെന്നതാണ് പരമാർത്ഥം. ഒന്നാംക്ലാസ് മുതൽ പന്ത്രണ്ടാംക്ലാസ് വരെ ഏകദേശം 1,60,000 വിദ്യാർത്ഥി-വിദ്യാർത്ഥിനികളാണ് ഇന്ന് സ്കൂളുകളിൽ പഠിച്ചുകൊണ്ടിരിക്കുന്നത്. ഇവർക്കുവേണ്ടി Sign Language കൂടി ടെലിവിഷനിലുൾപ്പെടുത്താൻ ശ്രമിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സ്വീകരിക്കാൻ കഴിയുന്ന നല്ലൊരു നിർദ്ദേശമാണ് ബഹുമാനപ്പെട്ട അംഗമിവിടെ ഉന്നയിച്ചത്. ബന്ധപ്പെട്ടവരുമായി ആലോചിച്ച് Sign Language കൂടി ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കാം.

ശ്രീ. എം. വിജിൻ: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല വിപ്ലവകരമായ മാറ്റത്തിനാണ് സാക്ഷ്യം വഹിച്ചത്. അക്കാദമിക് രംഗത്തെ മുന്നേറ്റത്തിന്റെ അംഗീകാരമായി നീതി ആയോഗിന്റെ ഗുണനിലവാര പഠനത്തിൽ കേരളം ഒന്നാമതാണ്. കിഫ്ബിയുമായി ചേർന്ന് അടിസ്ഥാന സൗകര്യ വികസനം ഹൈടെക്കും ഇന്റർനാഷണലുമാക്കാൻ സാധിച്ചതിലൂടെ ഡിജിറ്റൽ പഠനത്തിൽ കേരളം മാതൃകയായി. കോവിഡ് കാലഘട്ടത്തിലും പഠനം മുടങ്ങാതെ വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകാൻ സാധിച്ചു. ഡിജിറ്റൽ പഠനം നീണ്ടുപോകുന്തോറും കുട്ടികൾക്കതിലുള്ള താൽപ്പര്യം കുറഞ്ഞുവരുന്നുവെന്ന രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും അഭിപ്രായം അങ്ങയുടെ ശ്രദ്ധയിലുണ്ടോ; ഈ വിഷയം പരിഹരിക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, വിദ്യാർത്ഥി നേതാവുകൂടിയായ ശ്രീ. എം. വിജിൻ ശ്രദ്ധയിൽപ്പെടുത്തിയ വിഷയം വസ്തുതയാണ്. ഡിജിറ്റൽ പഠനം നീണ്ടുപോകുന്തോറും വിദ്യാർത്ഥികൾക്കതിലുള്ള താൽപ്പര്യം കുറയുന്നതായി SCERT നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്, അത് സ്വാഭാവികമാണ്. വിദ്യാർത്ഥികളുടെ താൽപ്പര്യം കാത്തുസൂക്ഷിക്കുന്ന തരത്തിൽ കൂടുതൽ പ്രവർത്തനാധിഷ്ഠിതവും രസകരവുമായവിധത്തിൽ ഡിജിറ്റൽ ക്ലാസുകൾ ഈ വർഷം പുനരാവിഷ്കരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കുട്ടികളെ കുറച്ചുകൂടി ആകർഷിക്കുന്നവിധത്തിൽ വിഷയങ്ങളിൽ മാറ്റംവരുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഡിജിറ്റൽ ക്ലാസുകളുടെ പ്രധാന പരിമിതി അദ്ധ്യാപകരുമായി തത്സമയ ആശയവിനിമയം സാദ്ധ്യമാകുന്നില്ലെന്നതാണ്. ഇതിന് പരിഹാരമെന്ന നിലയിലാണ് ഇന്ററാക്ടീവ് ക്ലാസുകൾ സാദ്ധ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളത്. വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണംചെയ്യുന്ന ക്ലാസ്സുകൾ കൂടാതെ അദ്ധ്യാപകർക്ക് കുട്ടികളുമായി തത്സമയം ബന്ധപ്പെടുന്നതിന് അവസരമൊരുക്കുന്ന

ഡിജിറ്റൽ പ്ലാറ്റ്ഫോം സംവിധാനം പരീക്ഷണാർത്ഥത്തിലാരംഭിച്ചിട്ടുണ്ട്. അക്കാര്യം ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചു. ഡിജിറ്റൽ ക്ലാസുകൾക്കൊപ്പം പരിസരത്തെ നിരീക്ഷിക്കാനും വീട്ടിൽത്തന്നെ പലവിധ പഠനപ്രവർത്തനങ്ങളും പരീക്ഷണങ്ങളും നടത്താനും പുസ്തകങ്ങൾ വായിക്കാനും വിവരശേഖരണം നടത്താനും കുട്ടികളെ സഹായിക്കുന്നതിനായി "വീടൊരു പരീക്ഷണശാല" , "വീട്ടിലൊരു ഗണിത ലാബ്" എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പഠനപുരോഗതി കുട്ടികൾക്കും അദ്ധ്യാപകർക്കും സ്വയം വിലയിരുത്തുന്നതിനായി വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ വർക്ക് ഷീറ്റുകൾ തയ്യാറാക്കി വീടുകളിലെത്തിക്കുന്നു. അങ്ങനെ പലവിധ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ പഠനത്തിലുള്ള ശ്രദ്ധയും താൽപ്പര്യവും നിലനിർത്താനുള്ള ശ്രമങ്ങളാണ് ഗവൺമെന്റ് നടത്തിവരുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഒരിക്കൽ നമ്മളെല്ലാം നിഷേധിച്ചിരുന്ന ഡിജിറ്റൽ സ്പേയ്സിലേയ്ക്ക് കുട്ടികളെ ബലമായി കൂട്ടിക്കൊണ്ടുവരുന്ന സ്ഥിതിയാണിപ്പോഴുള്ളത്. കഴിഞ്ഞദിവസം പ്രമുഖ ദിനപ്പത്രമായ മലയാള മനോരമയിൽ ഇതുമായി ബന്ധപ്പെട്ട് കുട്ടികളിലുണ്ടാകുന്ന വൈകൃതങ്ങളെ സംബന്ധിച്ച് ഒരു പരമ്പരതന്നെയുണ്ടായിരുന്നു. ഓൺലൈൻ മേഖലയിൽ ഒളിഞ്ഞിരിക്കുന്ന ചതിക്കുഴികളും പ്രലോഭനങ്ങളും മനസ്സും മസ്തിഷ്കവും ഉറയ്ക്കാത്ത പ്രായത്തിൽ കുട്ടികളിലുണ്ടാക്കാവുന്ന ആഘാതത്തെക്കുറിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയന്ത്രിതമായ ഇന്റർനെറ്റ് സംവിധാനം കൊണ്ടുവന്ന് അതിനൊരു പരിഹാരം കാണാൻ കേന്ദ്രസർക്കാരിന് കഴിയും. വേണമെങ്കിൽ സർക്കാരിന്റേതായി ഒരു ആപ് കൊണ്ടുവന്ന് വിദ്യാഭ്യാസരംഗം മാത്രം ലഭ്യമാകുന്ന ഇന്റർനെറ്റ് കണക്ടിവിറ്റിയെക്കുറിച്ചാലോചിച്ചിട്ടുണ്ടോ; അത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഡോ. മാത്യു കുഴൽനാടൻ പറഞ്ഞത് നമുക്കെല്ലാവർക്കും അറിയാവുന്ന, ശരിയായ കാര്യമാണ്. ഇതുമായി ബന്ധപ്പെട്ട് പ്രത്യേക നിർദ്ദേശം രക്ഷകർത്താക്കൾക്ക് നൽകിയിട്ടുണ്ട്. ചില നോൺ-ഗവൺമെന്റൽ ഓർഗനൈസേഷനുകൾ രക്ഷിതാക്കൾക്ക് ഇതുസംബന്ധിച്ച ക്ലാസുകളാരംഭിച്ചിട്ടുണ്ട്. ഓൺലൈൻ ക്ലാസും ഡിജിറ്റൽ ഉപകരണങ്ങളുമുപയോഗിച്ച് വിദ്യാഭ്യാസം നടത്തുന്ന കുട്ടികളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് രക്ഷിതാക്കൾക്ക് പ്രത്യേക ഓൺലൈൻ ക്ലാസുകൾ നൽകുകയാണ്. ഇതിൽ രക്ഷിതാക്കൾ വളരെ താൽപ്പര്യം പ്രകടിപ്പിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് അടുത്തമാസത്തോടുകൂടി എല്ലാ സ്കൂളുകളിലും രക്ഷിതാക്കളെ ഉൾപ്പെടുത്തി കുട്ടികൾ ഓൺലൈനായി പഠനം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് പഠനം നടത്തി ഉപദേശം നൽകണമെന്നാലോചിച്ചുകൊണ്ടിരിക്കുകയാണ്. താങ്കൾ പറഞ്ഞകാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കാം.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, കുട്ടികളുടെ പ്രധാന മാനസിക സംഘർഷത്തിനുകാരണം ക്ലാസുകൾ ഓൺലൈനാക്കുമ്പോൾ അവർക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമല്ലെന്ന വസ്തുതയാകാം. സർക്കാർ ഇതിന്റെ കണക്കെടുത്തിട്ടുണ്ടോ; ഈ പ്രശ്നം എങ്ങനെ പരിഹരിക്കും?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഇതുമായി ബന്ധപ്പെട്ട് സർക്കാർ കണക്കെടുത്തിട്ടുണ്ട്, ഇന്ന് ഞാനിവിടെ പറയുന്ന കണക്കുകളും കഴിഞ്ഞ ആഴ്ച സഭയിൽ പറഞ്ഞ കണക്കുകളും അടുത്ത ആഴ്ചകളിൽ പറയുന്ന കണക്കുകളും തമ്മിൽ വ്യത്യാസം വന്നേക്കാം. ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് മുന്നോടിയായി സ്കൂളുകളിലെ ഡിജിറ്റൽ ഉപകരണങ്ങൾ ആവശ്യമുള്ള കുട്ടികളുടെ കണക്കെടുപ്പ് Kerala Infrastructure and Technology for Education (KITE)-ന്റെ സമ്പൂർണ്ണ പോർട്ടൽ വഴിയാണ് നടത്തിയിട്ടുള്ളത്. 1 മുതൽ 12 വരെ ക്ലാസുകളിലെ 12,295 സർക്കാർ എയ്ഡഡ് സ്കൂളുകളിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളൊഴികെയുള്ള 38,07,722 കുട്ടികളിൽ 22,44,573 കുട്ടികൾക്കും നിലവിൽ ഓൺലൈൻ പഠനത്തിന് സ്വന്തമായി ഉപകരണങ്ങളുണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉപകരണങ്ങളില്ലാത്ത കുട്ടികളിൽ 7,60,206 കുട്ടികൾക്ക് സ്വന്തമായി ഉപകരണങ്ങൾ വാങ്ങാൻ ശേഷിയുള്ളവരാണ്. 3,31,347 കുട്ടികൾ ലോൺ സൗകര്യം പ്രയോജനപ്പെടുത്തി ഈ ഉപകരണങ്ങൾ വാങ്ങാൻ കഴിയുന്നവരാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനമനുസരിച്ച് പ്രാദേശിക കമ്മിറ്റികളുടെയും സമൂഹത്തിന്റെയും സഹായത്തോടുകൂടി ഉപകരണങ്ങൾ ലഭ്യമാക്കാൻ കഴിയുന്ന കുട്ടികളുടെ എണ്ണം 4,71,596 ആണ്. പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളിൽ ഉപകരണങ്ങളാവശ്യമുള്ള കുട്ടികളുടെ കണക്ക് നേരത്തെ എടുത്തിട്ടുണ്ട്. 43,952 കുട്ടികൾക്ക് സർക്കാർ നേരിട്ട് സൗകര്യമേർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. പൂർണ്ണമായ അർത്ഥത്തിൽ ഓൺലൈൻ പഠനത്തിലേയ്ക്ക് മാറുന്നതിനുമുമ്പ് മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ സൗകര്യം ഏർപ്പെടുത്തുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ കുട്ടികൾക്ക് 'വിദ്യാകിരണം' പദ്ധതിവഴി സമൂഹ പങ്കാളിത്തത്തോടെ ഉപകരണങ്ങൾ ലഭ്യമാക്കാൻ സർക്കാർ പരിശ്രമം തുടങ്ങിയിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: ഓർഡർ....ഓർഡർ..... ചോദ്യം നമ്പർ (*362) ചോദ്യം നമ്പർ (*376)-ഉം ആയി ക്ലബ് ചെയ്യണമെന്ന് ശ്രീ. പി. ഉബൈദുള്ള നോട്ടീസ് നൽകിയിട്ടുണ്ട്. ചോദ്യങ്ങൾ സമാനസ്വഭാവമുള്ളതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നു.

## തീർത്ഥാടക ടൂറിസം പദ്ധതികൾ

2(*362) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി :
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക കേന്ദ്രങ്ങളെയും ബന്ധിപ്പിച്ച് ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര സഹായത്തോടെ കൂടുതൽ തീർത്ഥാടക ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കോവിഡ് കാരണം വിദേശികളുൾപ്പെടെയുള്ള ടൂറിസ്റ്റുകളുടെ വരവ് നിലച്ചതിനാൽ ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കാനും ടൂറിസം പരിപോഷിപ്പിക്കാനും നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ&ബി) സംസ്ഥാനത്ത് തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക കേന്ദ്രങ്ങളെയും ബന്ധിപ്പിച്ച് നിലവിൽ ടൂറിസം വകുപ്പ് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ തീർത്ഥാടന കേന്ദ്രങ്ങളെ കോർത്തിണക്കി "പിൽഗ്രിം ടൂറിസം സർക്യൂട്ട്" രൂപീകരിച്ച് അടിസ്ഥാന സൗകര്യ വികസനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ "തത്വമസി" എന്ന പദ്ധതി രൂപീകരിക്കുകയും 8 തീർത്ഥാടന സർക്യൂട്ടുകളായി 43 ആരാധനാലയങ്ങൾക്കായുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അതുപോലെ സംസ്ഥാനത്തെ സാഹിത്യ-സാംസ്കാരിക കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ടൂറിസം സർക്യൂട്ട് രൂപീകരിക്കുന്നതിനായുള്ള "മലബാർ ലിറ്ററി സർക്യൂട്ട്" എന്ന ടൂറിസം

പദ്ധതി പരിഗണനയിലാണ്. തീർത്ഥാടന ടൂറിസം കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര ടൂറിസം മന്ത്രാലയം 'പ്രസാദ്' സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്രത്തിൽ എത്തിച്ചേരുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 4,614.20 ലക്ഷം രൂപ അനുവദിക്കുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു. 'സ്വദേശ് ദർശൻ' സ്കീമിൽ ഉൾപ്പെട്ട സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി ശബരിമല വികസനത്തിനായി (ശബരിമല-എരുമേലി-പമ്പ-സന്നിധാനം) 9,998.92 ലക്ഷം രൂപയുടെയും ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനത്തിനായി 9,244.26 ലക്ഷം രൂപയുടെയും ഡെവലപ്മെന്റ് ഓഫ് സ്പിരിച്വൽ സർക്യൂട്ട് ശിവഗിരി ശ്രീനാരായണ ഗുരു ആശ്രമം-അരുവിപ്പുറം-കുന്നുംപാറ ശ്രീസുബ്രമണ്യ-ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം ഇൻ കേരള എന്ന പദ്ധതിക്ക് 6,947 ലക്ഷം രൂപയുടെയും അനുമതികൾ ലഭിക്കുകയും പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

(സി) കേന്ദ്ര സഹായത്തോടെ കൂടുതൽ തീർത്ഥാടക ടൂറിസം പദ്ധതികൾ ലഭിക്കുന്നതിനായി പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി 30 കോടി രൂപയുടെ സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈയിൻ, മലയാറ്റൂർ എന്ന പദ്ധതിയുടെ DPR കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന പിൽഗ്രിം സെന്ററായ ചേരമൻ ജുമാ മസ്ജിദിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഒരു കൺസെപ്റ്റ് നോട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ വിശദമായ DPR സമർപ്പിക്കാൻ കേന്ദ്രം നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന് DPR തയ്യാറാക്കി കേന്ദ്രത്തിൽ സമർപ്പിക്കുന്നതിന്റെ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കോവിഡിന്റെ ഒന്നാം തരംഗത്തിനുശേഷംതന്നെ സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ സഞ്ചാരികളെ വരവേൽക്കാൻ പൂർണ്ണസജ്ജമാണെന്ന പ്രചരണം ദേശീയ തലത്തിൽ നടത്തുകയുണ്ടായി. 'ചേഞ്ച് ഓഫ് എയർ' എന്ന് പേരിട്ട പോസ്റ്റ് കോവിഡ് പ്രൊമോഷൻ ക്യാമ്പയിൻ 2020-ൽ നടത്താനായി. കോവിഡ് രണ്ടാം തരംഗം സൃഷ്ടിച്ച വൻ പ്രതിസന്ധി മറികടക്കാനായി വിവിധ പ്രൊമോഷണൽ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്ന കാര്യം ആലോചനയിലാണ്.

3(*376) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ സഹായം അനുവദിക്കുന്നതിന് കേന്ദ്രം എന്തെങ്കിലും നിബന്ധന നിർദ്ദേശിച്ചിരുന്നുവോ; എങ്കിൽ വിശദമാക്കുമോ;

(സി) വിനോദസഞ്ചാര വികസനത്തിനുവേണ്ടി നിക്ഷേപം നടത്തേണ്ട സ്ഥലങ്ങളുടെ മുൻഗണന തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനം എന്താണെന്ന് വിശദീകരിക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ മലബാർ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ?

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വികസനത്തിന്റെ ഭാഗമായി പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളുടെ ടൂറിസം സാദ്ധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അതത് ജില്ലകളിലെ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട സ്റ്റേക്ക്ഹോൾഡേഴ്സിനെയും പഞ്ചായത്ത് പ്രതിനിധികളെയും ഉൾപ്പെടുത്തി വിനോദസഞ്ചാര വകുപ്പുമന്ത്രി യോഗം നടത്തിവരുന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചുവരുന്നു. കൂടാതെ കേരളത്തിലെ മലയാള സാഹിത്യത്തിലെ അതികായന്മാരെക്കുറിച്ച് ഇവിടെ എത്തിച്ചേരുന്ന സഞ്ചാരികൾക്ക് മനസ്സിലാക്കാനും അതോടൊപ്പം കേരളത്തിലെ പ്രകൃതി വൈവിദ്ധ്യങ്ങളെ കോർത്തിണക്കിയും ബൃഹത് ടൂറിസം സർക്യൂട്ടുകൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മലബാർ ലിറ്ററി സർക്യൂട്ട്, ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് എന്നീ സർക്യൂട്ടുകൾക്കായി 50 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ

ഭാഗമായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിനായി പോസ്റ്റ് കോവിഡ് പ്രൊമോഷൻ ക്യാമ്പയിനുകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കോവിഡുമൂലം പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയിലെ നിക്ഷേപകർക്കും തൊഴിലാളികൾക്കും ആശ്വാസമായി കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ ഈ വർഷംകൂടി തുടരുന്നത് സംബന്ധിച്ച വിഷയം ആലോചനയിലാണ്. സംസ്ഥാനത്തെ വിവിധ ടൂറിസം വകുപ്പ് ക്ലാസിഫൈഡ് ആയുർവ്വേദ സെന്ററുകൾ, ഹോംസ്റ്റേ, സർവീസ്ഡ് വില്ല, റസ്റ്റോറന്റ്, അമ്യൂസ്മെന്റ് പാർക്ക്, അഡ്വഞ്ചർ ടൂറിസം ആക്ടിവിറ്റികൾ, ടൂർ ഓപ്പറേറ്റർമാർ എന്നിവർക്ക് അവരുടെ അംഗീകാരം/ക്ലാസിഫിക്കേഷൻ കാലാവധി തീരുന്നമുറയ്ക്ക് 2021 ഡിസംബർ 31 വരെ യാതൊരു ഉപാധികളുമില്ലാതെ നീട്ടിനൽകാൻ അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ടൂറിസം നിക്ഷേപകരുടെ പ്രശ്നങ്ങൾ കേൾക്കാനും ആയതിന്റെ പരിഹാരത്തിനുമായി ഈ മേഖലയിലെ സംരംഭകരുടെ ഒരു യോഗം 2021 മേയ് മാസം 27-ന് വിളിച്ചുചേർക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തുടർകർമ്മ പദ്ധതികൾക്കായി ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര സഞ്ചാരികൾ എത്താനുള്ള തടസ്സം മുന്നിൽക്കണ്ട് ആഭ്യന്തര വിനോദസഞ്ചാരം പരിപോഷിപ്പിക്കാനുള്ള പദ്ധതികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ടൂറിസം രംഗവുമായി ബന്ധപ്പെട്ട എല്ലാവർക്കും ഊർജ്ജിത കോവിഡ് പ്രതിരോധ വാക്സിനേഷൻ ഡ്രൈവ് നടന്നുവരുന്നു. ആരോഗ്യ വകുപ്പുമായി ചേർന്ന് ടൂറിസം മേഖലയിൽ (ഹോട്ടൽ, റിസോർട്ട്) മുൻ നിരയിൽ പ്രവർത്തിക്കുന്ന 18-നും 45 വയസ്സിനും ഇടയിലുള്ള 20,000 ജീവനക്കാർക്ക് വാക്സിനേഷൻ നൽകിക്കഴിഞ്ഞിട്ടുണ്ട്. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ടൂറിസ്റ്റ് ഗൈഡുകൾ, ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർ, ടൂർ ഓപ്പറേറ്റർമാർ, ഹോം സ്റ്റേകൾ, സർവ്വീസ്ഡ് വില്ലകൾ, ഗൃഹസ്ഥലി യൂണിറ്റുകൾ, ഹൗസ്ബോട്ടുകൾ, മോട്ടോർ ബോട്ടുകൾ എന്നിവയിലെ 18 വയസിന് മുകളിലുള്ള ജീവനക്കാർക്ക് വാക്സിൻ നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുറഞ്ഞ കാലയളവിൽത്തന്നെ വിനോദസഞ്ചാര വികസനത്തിനായി വിവിധ പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

മി. സ്പീക്കർ : മറുപടി വളരെ ദീർഘമാണെങ്കിൽ മേശപ്പുറത്തുവയ്ക്കാം.

ശ്രീ. പി. എ. മുഹമ്മദ് റിയാസ് : സർ, മറുപടിയുടെ ബാക്കിഭാഗം ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. *

ശ്രീ. നജീബ് കാന്തപുരം: സർ, ടൂറിസം മേഖലയിൽ വളരെ നൂതനമായ പല പരീക്ഷണങ്ങളും നടത്താൻ ഈ സർക്കാർ ഉദ്ദേശിക്കുന്നതിൽ സന്തോഷമുണ്ട്. അതിലേറ്റവും ശ്രദ്ധേയമായൊരു കാര്യമാണ് മലബാർ ലിറ്ററി സർക്യൂട്ട് എന്ന പുതിയ ആശയം. നമ്മുടെ സാഹിത്യ-സംസ്കാരിക മേഖലകളിലെ പ്രമുഖരായ ആളുകളെക്കുറിച്ച് ടൂറിസ്റ്റുകൾക്ക് വിവരം നൽകാൻ ഇത് സഹായകരമാകുമെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. സഭാ നേതാക്കന്മാരായിരുന്ന പ്രമുഖരും പ്രതിഭാധനരുമായ രണ്ട് മുൻമുഖ്യമന്ത്രിമാരുണ്ട്. യശശ്ശരീരനായ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ വീട് എന്റെ നിയോജകമണ്ഡലത്തിലാണ്. സാഹിത്യരംഗത്തും ഗ്രന്ഥരചനയിലും അദ്ദേഹം നൽകിയ സേവനങ്ങൾ അതുല്യമാണ്. അതുപോലെയാണ് കേരളത്തിന്റെ ഏഴാമത്തെ മുഖ്യമന്ത്രിയായിരുന്ന പ്രതിഭാധനനായ സി. എച്ച്. മുഹമ്മദ് കോയ സാഹിബ്. സാഹിത്യ രംഗത്തും ഗ്രന്ഥരചനയിലും സാംസ്കാരിക രംഗത്തും നൽകിയ അതുല്യ സംഭാവനകളെ മുൻനിർത്തി ഈ രണ്ട് മുൻമുഖ്യമന്ത്രിമാരുടെയും പ്രദേശങ്ങൾകൂടി മലബാർ ലിറ്ററി സർക്യൂട്ടിലേയ്ക്കുൾപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; അത്തരത്തിലുള്ള ആലോചനകൾ നടക്കുന്നുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇവിടെ രണ്ട് കാര്യങ്ങളാണ് ചോദിച്ചിട്ടുള്ളത്. അതിലൊന്ന് മലബാർ ടൂറിസത്തെ കുറിച്ചാണ്. Potential, but less explored region എന്നുള്ള നിലയിലാണ് മലബാറിനെ പൊതുവെ കാണുന്നത്. അതായത്, എല്ലാ സാദ്ധ്യതകളുമുണ്ടായിട്ടും പല കാരണത്താൽ വേണ്ടത്ര എക്സ്പ്ലോർ ചെയ്യാൻ സാധിച്ചിട്ടില്ല. ടൂറിസം ഡിപ്പാർട്ടുമെന്റ് അതിനുള്ള ശ്രമങ്ങൾ നല്ല നിലയിൽ നടത്തിയിരുന്നു. 2016-2021 എൽ.ഡി.എഫ്. ഭരണകാലത്ത് ഒട്ടേറെ കാര്യങ്ങൾ ഇതിന്റെ ഭാഗമായി ചെയ്തിരുന്നു. പക്ഷേ അത് അങ്ങനെ നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട അംഗമിവിടെ ഉന്നയിച്ച വിഷയം വളരെ ശരിയാണ്. ഇപ്പോൾ Lonely Planet-ന്റെ കണ്ടെത്തൽ, ലോകത്ത് പ്രധാനപ്പെട്ട 10 unexplored destinations-ൽ ഒന്ന് മലബാറാണ് എന്നതാണ്. ഇത് കണ്ടുകൊണ്ടുതന്നെ ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനുശേഷം മലബാറിലെ എല്ലാ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലും നേരിട്ട് പോകുകയും പ്രത്യേകം യോഗങ്ങൾ വിളിച്ചുചേർക്കുകയും അവിടത്തെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. മലബാറിലെ ടൂറിസത്തെ ഉയർത്തിക്കൊണ്ടുവരിക എന്നുപറഞ്ഞാൽ അത് മലബാറിൽ മാത്രമുള്ള ജനങ്ങളുടെയോ എം.എൽ.എ.-മാരുടെയോ മാത്രം

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

വിഷയമല്ല. സംസ്ഥാനത്തെ എല്ലാ ജനങ്ങളുടെയും എല്ലാ എം.എൽ.എ.-മാരുടെയും സംസ്ഥാനത്തിനാകെ റവന്യൂ ഉൾപ്പെടെ വരുന്ന രീതിയിലേയ്ക്കുള്ള വലിയ മാറ്റത്തിന് കാരണമാകുന്ന ഒരു പ്രവൃത്തിയായിട്ടാണ് കണ്ടിട്ടുള്ളത്. അതിന്റെ ഭാഗമായിത്തന്നെയാണ് വയനാട് ജില്ലയിൽ ആരോഗ്യ വകുപ്പുമായി ആലോചിച്ചുകൊണ്ട് 100 ശതമാനം വാക്സിനേഷൻ പ്രവൃത്തി പൂർത്തീകരിച്ച് മുന്നോട്ടുപോകാൻ സാധിച്ചത് എന്നുകൂടി ഞാനിവിടെ അറിയിക്കുന്നു. അതുമായി ബന്ധപ്പെട്ട ബാക്കി കാര്യങ്ങൾ ആലോചിക്കാം. ഇവിടെ വന്നിട്ടുള്ള മറ്റൊരു പ്രധാനപ്പെട്ട വിഷയം, സഖാവ് ഇ.എം.എസ്.-ന്റേയും സി.എച്ച്. മുഹമ്മദ് കോയ സാഹിബിന്റെയും ജന്മസ്ഥലം സർക്യൂട്ടിൽ ഉൾപ്പെടുത്തുമോ എന്നതാണ്. ഇത് മറ്റ് വകുപ്പുകളുമായി കൂടിയാലോചിച്ച് ചെയ്യേണ്ടതാണ്. തീർച്ചയായും ബന്ധപ്പെട്ട ആളുകളുമായി ആലോചിച്ച് അക്കാര്യങ്ങൾ ചെയ്യാവുന്നതാണ്.

ശ്രീ. നജീബ് കാന്തപുരം: സർ, നമ്മുടെ ടൂറിസം രംഗത്ത് ആധുനികമായ പല പരീക്ഷണങ്ങളും നടത്തുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം സഭയിൽ പറയുകയുണ്ടായി. അതിലേറ്റവും പ്രധാനപ്പെട്ടത് കോവിഡാനന്തരം ലോകംതന്നെ പരീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു വലിയ ആശയമാണ് ബയോ ബബിൾ എന്നൊരു സംവിധാനം. ആളുകൾക്ക് കോവിഡ് ബാധയേൽക്കാതെ ടൂറിസം കേന്ദ്രങ്ങളിൽ യാത്രചെയ്യാനും ആസ്വദിക്കാനുമൊക്കെ സൗകര്യമുണ്ടാകുന്ന ഒരു സംവിധാനമാണ് ബയോ ബബിൾ. യൂറോപ്യൻ രാജ്യങ്ങളിലൊക്കെ അതിപ്പോൾ നടപ്പാക്കിവരികയാണ്. ബയോ ബബിൾ കേരളത്തിൽ പരീക്ഷിക്കാൻ ഉദ്ദേശിക്കുവെന്ന് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ പ്രാവശ്യം പറയുകയുണ്ടായി. അതെങ്ങനെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇക്കാര്യം ധനാഭ്യർത്ഥന ചർച്ചയിൽ സൂചിപ്പിച്ചതാണ്. അതുകൊണ്ട് കൂടുതൽ വിശദീകരിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഒരു ഗവൺമെന്റ് ഓർഡർതന്നെ ഇറങ്ങിയിട്ടുണ്ട്. ആ ഓർഡറിൽ, Annuxere II-ലും IV-ലും സൂചിപ്പിച്ചതുമായി ബന്ധപ്പെട്ടാണ് ടൂറിസം വകുപ്പ് ബയോ ബബിൾ എന്ന കൺസെപ്റ്റ് വച്ചുകൊണ്ട് മുന്നോട്ടുപോകുന്നത്. ഒരു ഡോസെങ്കിലും വാക്സിനേഷൻ സ്വീകരിച്ച അതിഥികളെ ഒരു കുമിളയായിക്കണ്ട് അടുത്ത ഡെസ്റ്റിനേഷനുകളിലേയ്ക്ക്, റിസോർട്ടോ, ഹോട്ടലോ, എവിടെയാണോ അവർ താമസിക്കുന്നത് അവിടേയ്ക്ക്, 100 ശതമാനം വാക്സിനേറ്റഡായ ജീവനക്കാരുള്ള അടുത്ത ബബിളിലേയ്ക്ക് പോകുന്ന രീതിയാണിത്. അതിനിടയിൽ എവിടേയും കയറുകയോ പോവുകയോ ചെയ്യുകയില്ല. ഇത് പൊതുവേ നല്ല നിലയിൽ വിദേശ രാജ്യങ്ങളിലൊക്കെ ആലോചിച്ചുവരുന്നതാണ്. ഇതാണിപ്പോൾ പരീക്ഷിച്ചുകൊണ്ടിരിക്കുന്നത്. നല്ല അർത്ഥത്തിൽ അത് മുന്നോട്ട് കൊണ്ടുപോകാൻ

സാധിക്കുന്നുണ്ട്. 100% വാക്സിനേറ്റഡ് ജീവനക്കാരുള്ള ഡെസ്റ്റിനേഷനുകളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്, അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ ആരോഗ്യ വകുപ്പ് വളരെ മാതൃകാപരമായ നിലപാട് കൈക്കൊള്ളുന്നുണ്ട്. ഇതുകൂടി വന്നുകഴിഞ്ഞാൽ ബയോ ബബിൾ വച്ചുകൊണ്ട് നമുക്ക് ടൂറിസത്തെ നല്ല നിലയിൽ മുന്നോട്ട് കൊണ്ടുവരാൻ സാധിക്കും.

ശ്രീ. പി. കെ. ബഷീർ: സർ, നമ്മുടെ സംസ്ഥാനത്ത് കെ.ടി.ഡി.സി. ചെറിയ പാക്കേജുകളൊക്കെ ടൂറിസം പദ്ധതികളിൽ നടപ്പിലാക്കുന്നുണ്ട്. കെ.ടി.ഡി.സി.-യുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച്, സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് മൂന്നുനാല് ദിവസത്തെ പാക്കേജുകൾ തുടങ്ങാനുള്ള സംവിധാനമുണ്ടാക്കുമോ; വേമ്പനാട് കായൽ, അഷ്ടമുടിക്കായൽ എന്നിവയുമായി ബന്ധപ്പെടുത്തി ധാരാളം ടൂറിസം പദ്ധതികൾ നടക്കുന്നുണ്ട്. മലബാറിലെ ഏറ്റവും വലിയ പുഴയായ ചാലിയാർ പുഴ ഉത്ഭവിക്കുന്നത് തമിഴ്നാടിന്റെ അതിർത്തിയിൽ നിന്നാണ്, ഫറോക്കിലാണ് അവസാനിക്കുന്നത്. ചാലിയാറിന്റെ നടുവിൽ ഒരു തുരുത്തായി നിൽക്കുന്ന മുറിഞ്ഞമാട് സ്പോട്ട് ടൂറിസം ഹബ്ബാക്കാനുള്ള ശ്രമമുണ്ടാകുമോ; ചാലിയാറിനെ കേന്ദ്രീകരിച്ചുകൊണ്ട് ഹൗസ് ബോട്ടും മറ്റ് കാര്യങ്ങളൊക്കെ ഉൾപ്പെടുത്തി ഒരു ടൂറിസം കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ എന്നതാണ് എന്റെ ചോദ്യം?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, രണ്ട് കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചിട്ടുള്ളത്. ഒന്ന് കെ.ടി.ഡി.സി.-യുമായി ബന്ധപ്പെട്ടതാണ്. നിലവിലുള്ള കോവിഡ് സാഹചര്യത്തിൽ കെ.ടി.ഡി.സി.-യുമായി ബന്ധപ്പെട്ട് ടൂറിസത്തെ ഉയർത്തിക്കൊണ്ടുവരാനുള്ള ചില കാര്യങ്ങൾ ആലോചിച്ചിട്ടുണ്ട്. അധികം വൈകാതെ അക്കാര്യങ്ങൾ പ്രഖ്യാപിക്കുന്നതാണ്. ഇപ്പോൾ ഓണം വെർച്വലായി ആഘോഷിക്കുന്ന ഘട്ടത്തിൽ തീർച്ചയായും വിശ്വമാനവികതയുടെ ലോകസന്ദേശം പരത്തുന്ന രീതിയിൽ ആഘോഷിക്കാം. കെ.ടി.ഡി.സി. ഉൾപ്പെടെ അതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. അതോടൊപ്പം ബഹുമാനപ്പെട്ട അംഗം പറഞ്ഞ മറ്റ് കാര്യങ്ങൾകൂടി ആലോചിക്കാവുന്നതാണ്. ചാലിയാറിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗമുന്നയിച്ചത് പ്രധാനപ്പെട്ട വിഷയമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ അഷ്ടമുടിക്കായൽ ഉൾപ്പെടെയുള്ള ബയോഡൈവേഴ്സിറ്റി സർക്യൂട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ചാലിയാറിന് അതിന്റേതായ സാദ്ധ്യതകളുണ്ട്. അതെല്ലാം പരിശോധിച്ച് സാദ്ധ്യമായ രീതിയിൽ നല്ലനിലയിൽ അത് ചെയ്യും. അതിനായി ചാലിയാർ കടന്നുപോകുന്ന മണ്ഡലങ്ങളിലെ എം.എൽ.എ.-മാരെ ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചുചേർക്കും എന്നതുകൂടി അറിയിക്കുകയാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ എന്റെ നിയോജക മണ്ഡലവുമായി ബന്ധപ്പെട്ട തീർത്ഥാടനകേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ഒരു തീർത്ഥാടന ടൂറിസം പദ്ധതി കഴിഞ്ഞ സർക്കാരിന്റെ മുൻപിൽ സമർപ്പിച്ചിരുന്നു. ആ പദ്ധതി ഈ സർക്കാർ ശിപാർശ ചെയ്തിരുന്നതാണ്. മലബാറിലെ ഏറ്റവും പ്രസിദ്ധമായ പതിനായിരങ്ങൾ ദർശനത്തിനെത്തുന്ന ക്ഷേത്രമാണ് വള്ളിക്കുന്ന് പഞ്ചായത്തിലെ നിറംകൈതക്കോട്ട ക്ഷേത്രം. അതുപോലെ കടലുണ്ടി നഗരം, ജമുലുല്ലൈലി മഖാം, മതസൗഹാർദ്ദത്തിന്റെ വിളനിലമായ മൂന്നിയൂർ പഞ്ചായത്തിലെ പ്രസിദ്ധമായ കളിയാട്ടക്കാവ് ക്ഷേത്രം, മുട്ടിയാറപള്ളി, ശുഹദാക്കളുടെ മഖാം എന്നിവ ബന്ധപ്പെടുത്തിയിട്ടുള്ള ഒരു പ്രോജക്ടാണ് ഞാൻ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നത്. ബഹുമാനപ്പെട്ട മുൻ തുറമുഖ-പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട് നിറംകൈതക്കോട്ട ക്ഷേത്രം സന്ദർശിച്ചിരുന്നതാണ്. ഈ പദ്ധതി നടപ്പിലായിട്ടില്ല. അങ്ങയുടെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ടിട്ടുള്ള ഈ പദ്ധതി നടപ്പിലാക്കാൻ സർക്കാർ താൽപ്പര്യം കാണിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും അത് ആലോചിക്കാവുന്ന കാര്യമാണ്. മറ്റൊരു വകുപ്പുകൂടി ബന്ധപ്പെട്ട കാര്യമായതുകൊണ്ട് ആ വകുപ്പുമന്ത്രിയും ടൂറിസം വകുപ്പും കൂടിയാലോചിച്ച് എന്താണ് അതിൽ ചെയ്യാൻ സാധിക്കുകയെന്നുള്ളത് പരിഗണിക്കാവുന്ന കാര്യമാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ടൂറിസത്തിന് വളരെയേറെ സാദ്ധ്യതകളുള്ള ഒരു സ്ഥലമാണ് തിരൂർ. ആഭ്യന്തര ടൂറിസ്റ്റുകളെയും വിദേശ ടൂറിസ്റ്റുകളെയും ഒരുപോലെ ആകർഷിക്കുന്നതിനും രാജ്യത്തെ ജനങ്ങൾക്കുതന്നെ അവബോധം വളർത്തുന്നതിനുമുതകുന്ന തരത്തിൽ, വാഗൺ ട്രാജഡി എന്നപേരിൽ അറിയപ്പെട്ട ബ്രിട്ടീഷ് പട്ടാളം നമ്മുടെ സ്വാതന്ത്ര്യസമര സേനാനികളെ കുരുതികൊടുത്ത സംഭവത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനായി തിരൂരിൽ നല്ലൊരു മ്യൂസിയവും വായനശാലയും ഡെൽഹി റെഡ് ഫോർട്ടിലുള്ളതുപോലെ ലൈറ്റ് ആൻഡ് മ്യൂസിക് പ്രോഗ്രാമും ആകർഷണീയമായ മറ്റു ഘടകങ്ങളേയും കൂട്ടിച്ചേർത്തുകൊണ്ട് ഒരു നല്ല സ്മാരകം സ്ഥാപിക്കാൻ നടപടികളുണ്ടാകുമോ? മൂന്ന് പുഴകളാൽ ചുറ്റപ്പെട്ട് കിടക്കുന്ന ഒരു മണ്ഡലംകൂടിയാണ് എന്റേത്. തിരൂരിൽനിന്നും പൊന്നാനിയിലേയ്ക്ക് മുമ്പ് ബോട്ട് സർവ്വീസുണ്ടായിരുന്നു. അവിടെവരുന്ന ടൂറിസ്റ്റുകൾക്കാകർഷകമാകുന്ന തരത്തിൽ പുഴയെ ഉപയോഗപ്പെടുത്തി, നാലുപതിറ്റാണ്ടുകൾക്കപ്പുറമുണ്ടായിരുന്ന ബോട്ട് സർവ്വീസുകൾ പുനരാരംഭിക്കാനും ഇതോടനുബന്ധിച്ച് പദ്ധതി

തയ്യാറാക്കിയാൽ വളരെയേറെ ആകർഷകമാകുമെന്നുള്ളതുകൊണ്ട്, ഈ വർഷത്തിൽത്തന്നെ പ്രസ്തുത പദ്ധതി പരിഗണിക്കാനും തയ്യാറാകുമോ യെന്നതാണ് എന്റെ ചോദ്യം.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ വിഷയം മലപ്പുറം ജില്ലയിലെ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ യോഗത്തിൽ ഞാൻ പറഞ്ഞിരുന്നു. മലപ്പുറം ജില്ലയ്ക്ക് ഉജ്ജ്വലമായ കോളനി വിരുദ്ധ പോരാട്ടത്തിന്റെ പാരമ്പര്യമുണ്ട്. അതിനെ പല അർത്ഥത്തിലും വ്യതിചലിപ്പിക്കാനുള്ള ശ്രമങ്ങളുണ്ടായിരുന്നു, പക്ഷെ അതിന്റെ യാഥാർത്ഥ്യം നമുക്കറിയാം. അതിന്റെ ഉജ്ജ്വലസ്മരണയാണ് തിരൂരിലെ വാഗൺ മസാക്കർ, ഞാൻ ട്രാജഡിയെന്ന് പറയുകയില്ല അതൊരു മസാക്കറാണ്. അത് ബോധപൂർവ്വം സൃഷ്ടിക്കപ്പെട്ടതാണ്. വാഗൺ മസാക്കർ മാത്രമല്ല, മലപ്പുറം കോട്ടക്കുന്നുൾപ്പെടെയുള്ള പ്രദേശങ്ങളുടെ കാര്യം ഞാൻ മുമ്പ് പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. ഇതെല്ലാം പരിഗണിച്ചുകൊണ്ട് എന്തുചെയ്യാൻ സാധിക്കു മെന്നത് മലപ്പുറം ജില്ലയിലെ എല്ലാ എം.എൽ.എ.-മാരോടും ഒന്നിച്ചുനിന്നുകൊണ്ട് ആലോചിക്കാമെന്ന് ഞാൻ ആ യോഗത്തിൽ പറഞ്ഞിട്ടുണ്ട്. അത് നടപ്പിലാക്കാൻ എല്ലാ ശ്രമങ്ങളും ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്നുള്ളത് ഈ സഭയെ അറിയിക്കുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ സംസ്ഥാനത്തേയ്ക്ക് വിദേശ ടൂറിസ്റ്റുകളുടെ വരവ് കുറഞ്ഞുവരികയാണ്. പ്രത്യേകിച്ച് യൂറോപ്യൻ രാജ്യങ്ങളിൽനിന്നുള്ള ആളുകളുടെ വരവ് കുറവാണ്. അതിന്റെ പ്രധാന കാരണം നമ്മുടെ കടൽത്തീരങ്ങളിലും കായലോരങ്ങളിലും നിറഞ്ഞു നിൽക്കുന്ന മാലിന്യക്കൂമ്പാരങ്ങളാണ്. സംസ്ഥാനത്ത് വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട തടസ്സമായി നിൽക്കുന്നത് ഈ മാലിന്യപ്രശ്നങ്ങളാണ്. കടലോരങ്ങളിലും കായലോരങ്ങളിലും കുപ്പികളും പ്ലാസ്റ്റിക് മാലിന്യങ്ങളുമൊക്കെ നിറഞ്ഞു നിൽക്കുകയാണ്. ഇതെല്ലാം നീക്കം ചെയ്യാനുള്ള നടപടി സ്വീകരിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കണം. പലസ്ഥലത്തും ടൂറിസ്റ്റുകൾക്ക് പുറത്തിറങ്ങാൻ സാധിക്കാത്ത സ്ഥിതിയാണ്. ഈ മാലിന്യങ്ങൾ നീക്കംചെയ്യാൻ തദ്ദേശഭരണസ്ഥാപനങ്ങളും ടൂറിസം വകുപ്പും സംയുക്തമായി പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. തത്വമസി പദ്ധതിയുടെ ഭാഗമായി 43 തീർത്ഥാടന കേന്ദ്രങ്ങളെ ഉൾപ്പെടുത്തി പിൽഗ്രിം ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതുപോലെ നിരവധി പദ്ധതികളുടെ ഡി.പി.ആർ. സമർപ്പിച്ചുവെന്നും പറഞ്ഞു. ഇങ്ങനെ ഡി.പി.ആർ. സമർപ്പിച്ച പദ്ധതികൾ എന്ന് ആരംഭിക്കാൻ സാധിക്കും; പദ്ധതികൾ സമയബന്ധിതമായി ആരംഭിക്കാനും പൂർത്തീകരിക്കാനും നടപടി സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതുമായി ബന്ധപ്പെട്ട് രണ്ട് വിഷയങ്ങളാണുള്ളത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ നേതൃത്വത്തിലുള്ള സമിതിയുടെ റിപ്പോർട്ട് ഞാൻ വായിച്ചിരുന്നു, അതിലെ ശിപാർശകൾ നടപ്പിലാക്കേണ്ടതാണ്. ആ സമിതിയിലെ പല അംഗങ്ങളും ഈ സഭയിലുമുണ്ട്. ശുചിത്വവുമായി ബന്ധപ്പെട്ട റിപ്പോർട്ടായിരുന്നു. ഒരു വകുപ്പ് മാത്രമല്ല എല്ലാ വകുപ്പുകളുമായും ആലോചിച്ച് നടപ്പിലാക്കേണ്ടതാണ്. സംസ്ഥാനത്ത് ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഡെസ്റ്റിനേഷനുകളും വിദേശ സഞ്ചാരികളെ ആകർഷിക്കുന്ന ഡെസ്റ്റിനേഷനുകളും രണ്ടാണ്, അതിന് പ്രത്യേകതയുണ്ട്. വിദേശസഞ്ചാരികളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്ന ഡെസ്റ്റിനേഷനുകളിൽ പ്രധാനപ്പെട്ടവ കൊച്ചി സിറ്റിയും ഫോർട്ട് കൊച്ചിയും കോവളം, വർക്കല, ആലപ്പുഴ എന്നീ സ്ഥലങ്ങളുമാണ്. കൊച്ചി സിറ്റിയേയും ഫോർട്ട് കൊച്ചിയേയും വേറിട്ടുതന്നെയാണ് കാണുന്നത്. ആഭ്യന്തര ടൂറിസ്റ്റുകൾ അങ്ങനെയല്ല. കൊച്ചി സിറ്റി കഴിഞ്ഞാൽ ഗുരുവായൂർ, തിരുവനന്തപുരം, കോഴിക്കോട് സിറ്റി, കോവളം അങ്ങനെയാണ് അവരുടെ രീതി. ശുചിത്വം ഒരു പ്രധാന പ്രശ്നമാണെന്നുള്ളത് വസ്തുതയാണ്. പല വിദേശ സഞ്ചാരികളും നമ്മുടെ സംസ്ഥാനത്ത് വന്നതിനുശേഷം പരസ്യമായി പറഞ്ഞ കാര്യങ്ങളുണ്ട്. ആ നിലയ്ക്ക് അതുസംബന്ധിച്ച് ആലോചിച്ച് തീരുമാനിക്കാം. ഡി.പി.ആർ. തയ്യാറാക്കിയ പ്രോജക്ടുകളുടെ സ്ഥിതി സംബന്ധിച്ചും പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, തീർത്ഥാടന ടൂറിസം പദ്ധതികളുടെ ഭാഗമായി മലബാറിലെ ഏറ്റവുമധികം തീർത്ഥാടകർ വരുന്ന മമ്പുറം മഖാമിന്റെ വികസനത്തെക്കുറിച്ച് സർക്കാർ ആലോചിക്കുമോ? 1921-ലെ സ്വാതന്ത്ര്യസമരത്തിന്റെ കേന്ദ്ര ബിന്ദുവാണ് തിരൂരങ്ങാടി. അവിടെ ഹജ്ജൂർ കച്ചേരിയുണ്ട്. ബ്രിട്ടീഷുകാരുടെ കാലത്ത് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ആളുകളെ വിചാരണ ചെയ്ത കോടതി, ലോക്കപ്പ്, ആ സമരത്തിൽ പങ്കെടുത്ത പട്ടാളക്കാരിൽ കൊല്ലപ്പെട്ട 10 പട്ടാളക്കാരുടെ ശവക്കല്ലറ എന്നിവയുണ്ട്. ടൂറിസം വികസനത്തിന്റെ ഭാഗമായി അക്കാര്യങ്ങൾകൂടി ഗവണ്മെന്റ് അനുഭാവപൂർവ്വം പരിഗണിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അത് ആലോചിക്കാവുന്ന കാര്യമാണ്. മലപ്പുറം ജില്ലയിലെ എം.എൽ.എ.-മാരുടെ യോഗത്തിൽ അക്കാര്യം പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട രണ്ട് എം.എൽ.എ.-മാരും പറയാൻ വിട്ടുപോയ സ്ഥലമാണ് പൂക്കോട്ടൂർ, അതുകൂടി ഞാൻ ഇതിൽ ഉൾപ്പെടുത്തുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്രാദേശിക ടൂറിസം വികസന സാദ്ധ്യതകൾ ഇനിയും നമ്മൾ പരിപോഷിപ്പിക്കേണ്ടതുണ്ട്. മണ്ണാർക്കാട് മണ്ഡലത്തിലെ പാത്രക്കടവ്, മുൻപൊരു വൈദ്യുത പദ്ധതിക്ക് പ്രൊപ്പോസൽ ഉണ്ടായിരുന്നതാണ്, പിന്നീടത് ഇല്ലാതായിപ്പോയി. വളരെ മനോഹരമായ കാഴ്ചയാണ് അവിടെയുള്ളത്. കുരുത്തിച്ചാൽ എന്നാണ് പ്രാദേശികമായി ആ സ്ഥലത്തിന് പറയുന്നത്. ധാരാളം ടൂറിസ്റ്റുകൾ വരുന്ന സ്ഥലമാണ്. യാതൊരു വിധത്തിലുള്ള സംരക്ഷണവുമില്ലാത്തതിനാൽ ഓരോ വർഷവും രണ്ടുംമൂന്നും മുങ്ങിമരണങ്ങൾ സംഭവിക്കുന്ന സ്ഥലമാണ്. ഞങ്ങളുടെയെല്ലാം നിരന്തര പരിശ്രമത്തിന്റെ ഫലമായി ടൂറിസം വകുപ്പിന്റെ കീഴിൽ ഒരുകോടി രൂപയുടെ വികസന പദ്ധതിക്ക് രൂപം നൽകിയിരുന്നു. ആ തുക രണ്ടുകോടി രൂപയാക്കി എൻഹാൻസ് ചെയ്യാൻ കൊടുത്തിട്ടുണ്ടെങ്കിലും അനുമതി ലഭിച്ചിട്ടില്ല. പ്രൊട്ടക്ഷൻ ഫെൻസിംഗ് സ്ഥാപിച്ചാൽ മുങ്ങിമരണങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. കുരുത്തിച്ചാലിലെ, പാത്രക്കടവിലെ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലുള്ള രണ്ട് കോടി രൂപയുടെ വികസനപദ്ധതി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അക്കാര്യത്തിൽ എന്താണ് ചെയ്യാൻ സാധിക്കുകയെന്ന കാര്യം പരിശോധിക്കാം. പാലക്കാട് ജില്ലയിലെ എം.എൽ.എ.-മാരുടെ യോഗത്തിൽ ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ചർച്ചചെയ്തിരുന്നു. ബഹുമാനപ്പെട്ട അംഗം ആ യോഗത്തിലുണ്ടായിരുന്നില്ല. ഇത് തീർച്ചയായും ആലോചിക്കാവുന്നതാണ്.

ശ്രീ. എൻ. കെ. അക്ബർ: സർ, മൂന്നരക്കോടി തീർത്ഥാടകർ വരുന്ന ഒരു പട്ടണമാണ് ഗുരുവായൂർ. ക്രിസ്തുദേവന്റെ അപ്പോസ്തലന്മാരിൽ പ്രമുഖനായ സെന്റ് തോമസിന്റെ പാലയൂർ ചർച്ച്, മണത്തല പള്ളി ഉൾപ്പെടെയുള്ള പ്രദേശങ്ങളെ ചേർത്ത് ഗുരുവായൂരിനെ കേന്ദ്രീകരിച്ച് ഒരു തീർത്ഥാടന പാക്കേജ് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരളത്തിലെ ആഭ്യന്തര ടൂറിസ്റ്റുകൾ സന്ദർശിക്കുന്ന പ്രധാനപ്പെട്ട രണ്ടാമത്തെ കേന്ദ്രമാണ് ഗുരുവായൂർ എന്നതിനാൽ ആ അർത്ഥത്തിൽതന്നെ കാര്യങ്ങൾ ആലോചിക്കുന്നുണ്ട്. ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനം സംബന്ധിച്ച കാര്യങ്ങൾ ചർച്ചചെയ്യുന്നതിനായി ഈ മാസം 14-ാം തീയതി ഗുരുവായൂരിൽ ഒരു യോഗം ചേരുന്നുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കോവിഡ് മഹാമാരി കാരണം വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇപ്പോൾ വളരെ കുറവാണ്. വിമാനസർവ്വീസുകളൊന്നും ശരിയായ വിധത്തിൽ ആരംഭിച്ചിട്ടുമില്ല. ആഭ്യന്തര വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുകയാണ് ഈ കാലഘട്ടത്തിൽ ചെയ്യാവുന്ന അഭികാമ്യമായ കാര്യം. ഇതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കുറഞ്ഞ ചെലവിൽ താമസവും ഭക്ഷണവും ലഭ്യമാക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് നടപടികൾ സ്വീകരിക്കുമോ? നേരത്തെ ടൂറിസം കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡ് നിർമ്മാണം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾ വിനോദസഞ്ചാര വകുപ്പുതന്നെ സ്വീകരിച്ചിരുന്നു. അത്തരം പദ്ധതികൾ ഇപ്പോൾ ആലോചനയിലുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും താമസസൗകര്യങ്ങളുടെ കുറവ് ടൂറിസത്തിന്റെ സാദ്ധ്യതകൾക്ക് മങ്ങലേൽപ്പിക്കും. മലബാറിന്റെ ഒരു പ്രധാന പ്രശ്നം അതായിരുന്നു. പൊതുമരാമത്ത് വകുപ്പുമായി ആലോചിച്ച് നിലവിലുള്ള 154 റെസ്റ്റ്ഹൗസുകളെയും പൊതുജനങ്ങൾക്കുകൂടി താമസിക്കാൻ കഴിയുന്ന രീതിയിൽ മാറ്റിത്തീർക്കുന്നതിനായി ഓൺലൈൻ ബുക്കിംഗുൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ ആലോചനയുണ്ട്. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലും ഇത്തരം സൗകര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നതാണ്. കൂടാതെ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി കെ.റ്റി.ഡി.സി-യും ആലോചിക്കുന്നുണ്ട്.

ശ്രീമതി കാനത്തിൽ ജമീല: സർ, വിവിധ തീർത്ഥാടന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ടൂറിസം വികസനത്തിന് കൂടുതൽ തുക സർക്കാർ അനുവദിക്കുമോ? വാസ്കോഡഗാമ ആദ്യമായി കേരളത്തിൽ കപ്പലിറങ്ങിയ കാപ്പാടുൾപ്പെടെയുള്ള സ്ഥലങ്ങളിലെ ഡി.ടി.പി.സി. മുഖാന്തരം ജോലിചെയ്യുന്ന താത്കാലിക ജീവനക്കാർക്ക് ഇതുവരെ കിട്ടിക്കൊണ്ടിരുന്ന ശമ്പളം ലഭ്യമാകാത്തത് വലിയ പ്രയാസമുണ്ടാക്കുന്നുണ്ട്. ഈ വിഷയത്തിൽ എന്തെങ്കിലും ആശ്വാസ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഡി.ടി.പി.സി.-യുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ആലോചിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ പൊതുവെ എന്തുചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കുന്നതാണ്.

ഡോ. കെ. ടി. ജലീൽ: സർ, 1921-ൽ ഏറനാട്, വള്ളുവനാട് താലൂക്കുകളിൽ നടന്ന ഐതിഹാസികമായ ബ്രിട്ടീഷ് വിരുദ്ധ സമരത്തിന് നൂറുവർഷം തികയുകയാണ്. 1921-ലെ ആ സ്വാതന്ത്ര്യസമര പോരാട്ടത്തിന് ഉചിതമായ ഒരു ചരിത്രസ്മാരകം ഇന്നുമുണ്ടായിട്ടില്ലെന്നതാണ് വസ്തുത. 1921-ലെ കലാപവുമായി

ബന്ധപ്പെട്ട് നടത്തപ്പെട്ട ഗവേഷണ പ്രബന്ധങ്ങൾ, രചനകൾ, അവയുടെ ഉറവിടം തുടങ്ങിയവയെല്ലാം ഉൾപ്പെടുത്തി ഒരു ചരിത്ര മ്യൂസിയം മലപ്പുറത്ത് സ്ഥാപിക്കുന്നതിനായി ടൂറിസം വകുപ്പ് മുൻകയ്യെടുക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ പ്രദേശവുമായി ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ യോഗത്തിൽ അക്കാര്യം ചർച്ചചെയ്തിട്ടുണ്ട്, ഉചിതമായ പരിശോധന നടത്തുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സർക്യൂട്ട് ടൂറിസവുമായി ബന്ധപ്പെട്ടുകൊണ്ട് അഷ്ടമുടിക്കായലിനോടനുബന്ധിച്ച നിയോജകമണ്ഡലങ്ങളെ കേന്ദ്രീകരിച്ച് ഒരു പ്രത്യേക ടൂറിസം പദ്ധതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. എന്റെ നിയോജകമണ്ഡലമായ കുണ്ടറയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുമായിരുന്നു. ഇതിന്റെ പ്രവർത്തനം എത്രമേൽ മുന്നോട്ടുപോയെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പ്രസ്തുത സർക്യൂട്ടുമായി ബന്ധപ്പെടുന്ന നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാരുടെ ഒരു യോഗം ഈ മാസം വിളിച്ചുചേർക്കുന്നുണ്ട്. അതിൽ എല്ലാകാര്യങ്ങളും ചർച്ചചെയ്യാമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, മലബാർ ടൂറിസം സർക്യൂട്ടിൽ തൃത്താലവരെയുള്ള സ്ഥലങ്ങളുണ്ട്. ഭാരതപ്പുഴയുടെ തീരത്തെ ഏറ്റവും മനോഹരമായ സ്ഥലമായ പട്ടാമ്പി ഐതിഹ്യങ്ങളുടെ മണ്ണുകൂടിയാണ്. നാറാണത്തുഭ്രാന്തന്റെ രായിനല്ലൂർ മല, കൈതളി ക്ഷേത്രം, ടിപ്പു സുൽത്താന്റെ കാലത്തുള്ള രാമഗിരി കോട്ട, പട്ടാമ്പി നേർച്ച എന്നിവയാൽ പ്രശസ്തമായ ഈ സ്ഥലം ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെയും ഇ. പി. ഗോപാലന്റെയും മണ്ണാണ്. ചെറുകാട് ഗോവിന്ദ പിഷാരടി, സംസ്കൃതപണ്ഡിതൻ പുന്നശ്ശേരി നമ്പി, നവോത്ഥാന നായകരായ ആര്യാ പള്ളം, മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് തുടങ്ങി പ്രശസ്തരായ നിരവധിയാളുകൾ ജീവിച്ച സ്ഥലംകൂടിയാണ്. ഇക്കാരണങ്ങളാൽ മലബാർ ലിറ്ററി സർക്യൂട്ടിൽ പട്ടാമ്പികൂടി ഉൾപ്പെടുത്തുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പ്രസ്തുത കാര്യം എങ്ങനെ നടപ്പിലാക്കുമെന്ന് ആലോചിക്കുന്നതാണ്.

## വിനോദസഞ്ചാര വികസന പദ്ധതികൾ

4(*363) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. റ്റി. പി .രാമകൃഷ്ണൻ:
ശ്രീ. എ. രാജ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര വികസനത്തിന് കിഫ്ബി മുഖേന നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ പുരോഗതിയും അറിയിക്കാമോ;

(ബി) വിനോദസഞ്ചാര രംഗത്ത് ഏറെ സാദ്ധ്യതയുള്ള സ്പൈസ് റൂട്ട്, പൈതൃക ടൂറിസം എന്നിവ ബൃഹദ് പദ്ധതികളായി വിപുലീകരിക്കാൻ പരിപാടിയുണ്ടോയെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ വിനോദസഞ്ചാര വ്യവസായം ചിലയിടങ്ങളിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുന്നതിന് പകരം വികേന്ദ്രീകൃത രീതിയിൽ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് ചുവടെ ചേർത്തിട്ടുള്ള 6 ടൂറിസം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്;

1. സെറ്റിംഗ് അപ് ഓഫ് ത്രീ സ്റ്റാർ ബീച്ച് റിസോർട്ട് അറ്റ് മുഴപ്പിലങ്ങാട് - 45.60 കോടി രൂപയുടെ ഈ പദ്ധതിക്ക് തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 7-10-2017-ൽ 39.42 കോടി രൂപയാണ് ആദ്യഗഡുവായി കിഫ്ബി അനുവദിച്ചിട്ടുള്ളത്. പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ടി.ഡി.സി) ആണ്. മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചുമായി ബന്ധപ്പെട്ട് 36 റൂമുകളുള്ള ലോകോത്തര റിസോർട്ടാണ് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്. കെട്ടിടനിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. CRZ ക്ലിയറൻസ് ലഭിക്കുകയും പദ്ധതിപ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലുമാണ്.

2. ചെത്തി ബീച്ച് വികസനം പദ്ധതിക്ക് 49.99 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 27-7-2020-ൽ 21.356 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) കേരള ഇൻഡസ്ട്രിയൽ & ടെക്നിക്കൽ കൺസൾട്ടൻസി

ഓർഗനൈസേഷൻ (കിറ്റ്കോ) യാണ്. പദ്ധതി ടെണ്ടർ ചെയ്ത് ടെണ്ടർ ഇവാല്യുവേഷൻ നടന്നുവരുന്നു.

3. ആലപ്പുഴ ഹെറിറ്റേജ് പദ്ധതി - ഈ പദ്ധതിക്ക് 29-8-2018-ൽ 122.28 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി 5 ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി 76.08 കോടി രൂപ കിഫ്ബിയിൽനിന്നും അനുവദിച്ചു. വിശദാംശം ചുവടെചേർക്കുന്നു.

ഒന്നാംഘട്ട പദ്ധതിക്ക് 22-12-2018-ൽ 17.19 കോടി രൂപയാണ് കിഫ്ബി ആദ്യഘട്ടമായി അനുവദിച്ചത്. ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ് (ഇൻകെൽ) ആണ്. പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പ്രധാനമായും 13 ഘടകങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇതിൽ, ലിവിംഗ് കയർ മ്യൂസിയം (4 ഘടകങ്ങൾ), കൺസർവേഷൻ ഓഫ് സൗക്കർ മസ്ജിദ് എന്നീ ഘടകങ്ങൾ പൂർത്തീകരിച്ചു. കൺസർവേഷൻ ഓഫ് മക്ക മസ്ജിദിന്റെ പ്രവൃത്തി 98% പൂർത്തീകരിച്ചു. ശിവപാർവ്വതി ക്ഷേത്രം, ബാലകൃഷ്ണക്ഷേത്രം, ഹനുമാൻ ക്ഷേത്രം എന്നീ പദ്ധതികൾ ടെണ്ടർ ചെയ്തു. നോർട്ടൺ ബംഗ്ലാവ്, എസ്.ഡി.വി. സ്കൂൾ, വില്യംഗുഡേക്കർ മ്യൂസിയം എന്നീ ഘടകങ്ങൾക്ക് ബന്ധപ്പെട്ട ഉടമകളിൽനിന്നും എൻ.ഒ.സി. ലഭിക്കാനുണ്ട്. ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ രണ്ടാംഘട്ടത്തിനായി 7-2-2019-ൽ 15.86 കോടി രൂപ കിഫ്ബി അനുവദിച്ചു. രണ്ടാംഘട്ടത്തിൽ ആകെ 7 ഘടകങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്. പൂർത്തീകരിച്ച ഘടകം - പോർട്ട് മ്യൂസിയം ടെണ്ടർ നടപടി, മാരിറ്റൈം സിഗ്നലിംഗ് മ്യൂസിയം എൻട്രൻസ് ബിൽഡിംഗ്, പ്രീസ്റ്റ് ഹൗസ്, ഗുജറാത്തി ഹെറിറ്റേജ് സെന്റർ. എൻ.ഒ.സി. ലഭിക്കാനുള്ളത്- ഗുജറാത്തി സ്കൂൾ, കെ.സി. കരുണാകരൻ മ്യൂസിയം. ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ മൂന്നാംഘട്ടത്തിനായി 7-2-2020-ൽ 13.39 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. മൂന്നാംഘട്ടത്തിൽ ആകെ 5 ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഘടകങ്ങൾ-ബീച്ച് സൈഡ് വികസനം ആദ്യ സർവ്വേ പൂർത്തീകരിച്ചു, യാൺ മ്യൂസിയം (കയർഫെഡ്) - 80% പൂർത്തീകരിച്ചു, കൺസർവേഷൻ ഓഫ് ലിയോ സ്കൂൾ - 50% പൂർത്തീകരിച്ചു. ലെറ്റർ ഓഫ് അവാർഡ് നൽകേണ്ടവ- ഗാന്ധി മ്യൂസിയം (കയർഫെഡ്-മധുര കമ്പനി), മ്യൂസിയം ഓഫ് ലേബർ മൂവ്മെൻറ്. ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ നാലാം ഘട്ടത്തിനായി 16-11-2020-ൽ 15.26 കോടി രൂപ കിഫ്ബി അനുവദിച്ചു. ഘടകം സീപെയർ സൂക്ഷ്മപരിശോധനയ്ക്കായി എസ്റ്റിമേറ്റ് ടെക്നിക്കൽ സാംഗ്ഷൻ (റ്റി.എസ്.) കമ്മിറ്റിക്ക് മുമ്പാകെയാണ്. ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ അഞ്ചാം ഘട്ടം 27-7-2020-ൽ 14.38 കോടി രൂപ കിഫ്ബി അനുവദിച്ചു. ഘടകങ്ങൾ - കനാൽ സൈഡ് ഡെവലപ്മെന്റ് ടെണ്ടർ നടപടി അവസാനഘട്ടത്തിലാണ്.

4. റെജുവിനേഷൻ ഓഫ് ആക്കുളം ലേക്ക് ആന്റ് ഇറ്റ്സ് വാട്ടർഷെഡ് റീ ബിൽഡിംഗ് കേരള - ദി സസ്റ്റെയിനബിൾ വേ; ഈ പദ്ധതിക്ക് 185.23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് (ജി.ഒ (ആർ.റ്റി.) നമ്പർ 515/ റ്റി.എസ്.എം. 3-12-2018, ജി.ഒ.(ആർ.റ്റി.) നമ്പർ350/2019/ റ്റി.എസ്.എം, 19-1-2019-ലെ പുതുക്കിയ ഭരണാനുമതി) ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനത്തിനായി 7-2-2020-ൽ 64.13 കോടി രൂപ കിഫ്ബി അനുവദിച്ചു. ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി വാട്ടർ & പവർ കൺസൾട്ടൻസി സർവ്വീസസ് (വാപ്കോസ്)-നെയാണ് തെരഞ്ഞെടുത്തത്. ആക്കുളം കായലും അനുബന്ധതോടുകളും ശുദ്ധീകരിച്ച് ടൂറിസം പ്രവർത്തനങ്ങൾക്ക് ഉതകത്തക്ക രീതിയിലുള്ള സുസ്ഥിരവും പരിസ്ഥിതിസൗഹാർദ്ദവുമായ വികസനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഡിസൈൻ, ബിൽഡ് & ഓപ്പറേറ്റ് (ഡി.ബി.ഒ.റ്റി.) മാതൃകയിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ആയതിന്റെ ടെണ്ടർ ചെയ്യുകയും 3 ഏജൻസികൾ ടെണ്ടറിൽ പങ്കെടുക്കുകയുമുണ്ടായി. അതിൽനിന്ന് ശ്രീ. അവാന്തികാ കോൺട്രാക്ടേഴ്സ് (ഐ)ലിമിറ്റഡ്, ഹൈദരാബാദ് എന്ന ഏജൻസി ക്വാളിഫൈ ചെയ്തു. എന്നാൽ കിഫ്ബി അംഗീകരിച്ച തുകയിൽ കൂടുതലാണ് ഫിനാൻഷ്യൽ ബിഡ്ഡിൽ ക്വാളിഫൈ ചെയ്ത ഏജൻസി ക്വാട്ട് ചെയ്തിരിക്കുന്നത്. തുടർന്ന് 22-7-2021-ൽ ടി ഏജൻസിയുമായി റേറ്റ് നെഗോസിയേഷൻ നടത്തുകയുണ്ടായി. ടി ഏജൻസി ക്വാട്ട് ചെയ്ത തുക പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള ഘടകങ്ങൾക്കനുസരിച്ച് പുന:ക്രമീകരിച്ച് എസ്.പി.വി.-ക്ക് നൽകാമെന്ന് കരാറുകാരൻ യോഗത്തിൽ അറിയിക്കുകയുണ്ടായി.

5. കോംപ്രിഹെൻസീവ് ഡെവലപ്മെന്റ് ഓഫ് മുഴപ്പിലങ്ങാട് & ധർമ്മടം ഇൻ കണ്ണൂർ ഡിസ്ട്രിക്ട് - ഈ പദ്ധതിക്കായി 13-11-2019-ൽ 233.71 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി 4 ക്യാരക്ടർ ഏരിയകളായി തരംതിരിച്ചാണ് നടപ്പാക്കുന്നത്. ഇതിൽ ഒന്നാം ക്യാരക്ടർ ഏരിയയ്ക്കുവേണ്ടി 1-12-2020-ൽ 52.541 കോടി രൂപ കിഫ്ബി അനുവദിച്ചു. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ പാത് വേ ആൻഡ് റീടെയിനിംഗ് വാൾ, സ്റ്റെപ്സ്, ഗ്രാസ് പാച്ച്, ട്രീസ്, ലാംപ് പോസ്റ്റ്, ടോയ്‌ലറ്റ് ബ്ലോക്ക്, കിയോസ്ക്, പാർക്കിംഗ് ഏരിയ, ആർട്ടിസ്റ്റ് പവലിയൻ, സ്കേറ്റ് പാർക്ക്, കിറ്റ്സ് പ്ലേ എക്വിപ്മെന്റ് തുടങ്ങിയവയാണ്. ഈ പദ്ധതിയുടെ എസ്.പി.വി. ആയി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) -നെയാണ് തെരഞ്ഞെടുത്തത്. സമുദ്ര പ്രതിരോധ മതിലിന്റെ ഘടനാപരമായ രൂപകല്പന, ഇ.ഐ.എ. പഠനം, മണ്ണ് പര്യവേഷണം, അവശിഷ്ട പഠനം തുടങ്ങിയവ അന്തിമഘട്ടത്തിലാണ്.

6. തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് - ഈ പദ്ധതിക്കായി 24-10-2019-ൽ 145.541 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി രണ്ട് ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി 78.162 കോടി രൂപ കിഫ്ബി അനുവദിച്ചു. പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 9-8-2020-ൽ 40.95 കോടി രൂപ കിഫ്ബി അനുവദിച്ചു. ഈ പദ്ധതിയിൽ 14 ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ എസ്.പി.വി. ആയി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.)-നെയാണ് തെരഞ്ഞെടുത്തത്.

എഗ്രിമെന്റ് ചെയ്ത പ്രവൃത്തികൾ- ജഗന്നാഥ ക്ഷേത്രം പിൻഡാലി കളരി ഹൗസ് കൊട്ടിയൂർ ശിവ ക്ഷേത്രം, ടൂറിസ്റ്റ്- അമിനിറ്റി സെന്റർ ഇല്ലിക്കുന്ന് ചർച്ച്, ആണ്ടല്ലൂർ കാവ്, മാക്റേരി സുബ്രമണ്യസ്വാമി ക്ഷേത്രം, ലോകനാർകാവ് ക്ഷേത്രം. ടെണ്ടർ അന്തിമ നടപടിക്രമങ്ങൾ നടന്നുവരുന്ന പ്രവൃത്തികൾ പഴശ്ശി പാലസ് (കോട്ടയം മലബാർ) കൊട്ടിയൂർ ശിവ ക്ഷേത്രം സ്ട്രീറ്റ്സ്കേപ്പ് തൃശില്ലേരി മഹാദേവ ക്ഷേത്രം, തിരുവങ്ങാട് രാമസ്വാമി ക്ഷേത്രം, തിരുനെല്ലി മഹാവിഷ്ണു ക്ഷേത്രം, ടെണ്ടർ ചെയ്ത പ്രവൃത്തികൾ ഓടത്തിൽ മോസ്ക് &പാരീസ് ഹോട്ടൽ, സ്ട്രീറ്റ് മുനിസിപ്പൽ സ്റ്റേഡിയം (റ്റി.എച്ച്.പി. ഓഫീസ്). കക്കുളങ്ങര മോസ്ക്-ഈ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 1-12-2020-ൽ 37.212 കോടി രൂപ കിഫ്ബി അനുവദിച്ചു. ഈ പദ്ധതിയിൽ 14 ഘടകങ്ങളാണുള്ളത്. ടെണ്ടർ അന്തിമ നടപടിക്രമങ്ങൾ നടന്നുവരുന്ന പ്രവർത്തികൾ - ശ്രീ പെരളശ്ശേരി ക്ഷേത്രം, കദിരൂർ സൂര്യനാരായണ ക്ഷേത്രം, ശ്രീ തച്ചോളിമാണിക്കോത്ത് ക്ഷേത്രം, പനമരം വടകര താഴെ അങ്ങാടി പഴശ്ശിരാജ സ്മൃതി മണ്ഡപം, വള്ളിയൂർക്കാവ് സ്ട്രീറ്റ്സ്കേപ്, ശ്രീ ചിറയ്ക്കകാവ് ഭഗവതി ക്ഷേത്രം, പുരളിമല ക്ഷേത്രം (മാലൂർ പുരളിമല ചിത്രപീഠം മുത്തപ്പൻ മഠപ്പുര). ടെണ്ടർ ചെയ്യേണ്ട ഘടകങ്ങൾ-പഴശ്ശി കോവിലകം (മട്ടന്നൂർ) (എൻ.ഒ.സി. ലഭ്യമാകണം), ശ്രീ മൃദംഗ ശൈലേശ്വരി ക്ഷേത്രം, തുടിക്കലം ശിവാ ക്ഷേത്രം, വള്ളിയൂർക്കാവ് കൺവെൻഷൻ സെന്റർ, ശ്രീ ഊർപഴശ്ശിക്കാവ് ക്ഷേത്രം അറയ്ക്കൽക്കെട്ട് - (എൻ.ഒ.സി. ലഭ്യമാകണം)

(ബി) സ്പൈസ് റൂട്ട് പൈതൃക ടൂറിസം എന്ന പദ്ധതി പൗരാണിക കാലത്ത് കേരളവുമായി വ്യാപാര ബന്ധത്തിലേർപ്പെട്ടിരുന്ന 32 രാജ്യങ്ങളുമായി ബന്ധപ്പെടുത്തി വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുവേണ്ടി വിവിധ രാജ്യങ്ങളുടെ അംബാസഡർമാരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു മീറ്റിംഗ് വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 2018-ൽ ഡൽഹിയിൽ ചേരുകയുണ്ടായി. തുടർന്ന് ബഹു. കേരള മുഖ്യമന്ത്രി പങ്കെടുത്തുകൊണ്ട് ഒരു യോഗം നെതർലാൻഡ് ഗവൺമെന്റുമായി 2019-ൽ നടത്തിയിരുന്നു. ഇതുകൂടാതെ വിവിധ

രാജ്യങ്ങളിലെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്പൈസ് റൂട്ട് കൊളോക്കിയം എന്ന രാജ്യാന്തര കോൺഫറൻസ് കൊച്ചിയിൽവച്ച് നടത്തുകയും ചെയ്തു. കൂടാതെ പ്രാചീനകാലത്ത് നിലനിന്നിരുന്ന കേരളത്തിലെ തുറമുഖങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് ഒരു ഹെറിറ്റേജ് ടൂറിസം പദ്ധതിയും വിഭാവന ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആലപ്പുഴ, തലശ്ശേരി ഹെറിറ്റേജ് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇവ പൂർത്തിയാക്കുന്ന മുറയ്ക്ക് സ്പൈസ് റൂട്ട് എന്ന ബൃഹദ് പദ്ധതി നടപ്പിലാക്കുന്നതാണ്.

(സി) സംസ്ഥാനത്തെ വിനോദസഞ്ചാര വ്യവസായം മുൻകാലങ്ങളിൽ ചില പ്രത്യേക സ്ഥലത്തുമാത്രം കേന്ദ്രീകരിച്ചാണ് നടന്നുവന്നിരുന്നത്. എന്നാൽ ഇന്ന് ആ രീതി മാറിയിട്ടുണ്ട്. കായൽ, കടൽത്തീരം, ഹിൽസ്റ്റേഷൻ എന്നിവ കേന്ദ്രീകരിച്ചുള്ള ടൂറിസം ഇന്ന് പ്രചുരപ്രചാരം നേടിക്കഴിഞ്ഞു. കേരളത്തിന്റെ ഓരോ ചെറിയ പ്രദേശവും ഇന്ന് ടൂറിസം കേന്ദ്രീകൃതമായിക്കഴിഞ്ഞു. ഉത്തരവാദിത്വ ടൂറിസം രംഗത്ത് നൂതനമായ വിഭവങ്ങൾ സഞ്ചാരികൾക്ക് മുന്നിൽ പ്രദർശിപ്പിക്കുന്നുണ്ട്. വില്ലേജ് ടൂറിസം എന്ന ആശയംതന്നെ വിനോദസഞ്ചാരം വികേന്ദ്രീകൃതമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. വയനാടും ഇടുക്കിയും കോവളവും മാത്രമല്ല കേരളത്തിൽ ഇന്ന് ശ്രദ്ധിക്കപ്പെടുന്ന ഡെസ്റ്റിനേഷനുകളായി ഉള്ളത്, കുമരകവും ഫോർട്ട് കൊച്ചിയും ബേക്കലും തുടങ്ങി സംസ്ഥാനത്തെ ഏത് സ്ഥലത്തും ഇന്ന് ടൂറിസം വഴി സഞ്ചാരികൾ എത്തുന്നുണ്ട്. സംസ്ഥാന ടൂറിസം വകുപ്പ് ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രചാരണ പരിപാടികൾ എല്ലാംതന്നെ സംസ്ഥാനത്തെ എല്ലാ പ്രദേശത്തും ടൂറിസം എത്തണം എന്ന ഉദ്ദേശ്യത്തോടുകൂടിയാണ്. ഹ്യൂമൻ ബൈ നേച്ചർ എന്ന പ്രചാരണ പരിപാടി സംസ്ഥാനത്തെ സാധാരണ ജനജീവിതവുമായി ബന്ധപ്പെട്ടുള്ളതായിരുന്നു. ഉത്തരവാദിത്വ ടൂറിസത്തിന്റെകൂടെ ഗ്രാമ ടൂറിസവും കൂടി ഉൾപ്പെടുത്തി കേരളത്തിലെ ഏത് ചെറിയ സ്ഥലത്തുമുള്ള ടൂറിസം സാധ്യതകൾകൂടി ഉൾപ്പെടുത്തിയാകും സംസ്ഥാന ടൂറിസം ഇനി മുന്നോട്ട് പോകുക. കേരളത്തിലെ ഓരോ പഞ്ചായത്തിലും ഒരു ടൂറിസം കേന്ദ്രം എങ്കിലും വികസിപ്പിക്കുക എന്ന ആശയത്തിൽ ഊന്നിയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഇന്ന് ആഗസ്റ്റ് 9 - അന്താരാഷ്ട്ര ആദിവാസി-ഗോത്ര ദിനമാണ്. ഇവിടത്തെ കാടുകൾ കാണാനായി നിരവധി ആഭ്യന്തര-വിദേശ ടൂറിസ്റ്റുകൾ വരുന്നുണ്ടെങ്കിലും കാടിന്റെ യഥാർത്ഥ അവകാശികളായ ആദിവാസ സമൂഹത്തിന് ഇതുകൊണ്ട് പ്രത്യേകിച്ച് മെച്ചം കിട്ടുന്നില്ലെന്നത് വസ്തുതയാണ്. കെനിയയിലെ മസായി മാരാ (Masai Mara)-ലെ മസായി ആദിവാസി വില്ലേജുകൾ സന്ദർശിക്കണമെങ്കിൽ 100 ഡോളർ കൊടുക്കണം. ഇതുപോലെ

നമ്മുടെ ആദിവാസി സംസ്കാരവും അവരുടെ കലാരൂപങ്ങളെയും പരിചയപ്പെടുത്തിക്കൊണ്ട് അവർക്കുകൂടി പ്രയോജനം ലഭിക്കുന്ന ഒരു പദ്ധതി കിഫ്ബി വഴി എസ്.സി./എസ്.ടി. വകുപ്പുമായിച്ചേർന്ന് നടപ്പിലാക്കുന്നതിന് ടൂറിസം വകുപ്പ് തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പ്രസ്തുത വിഷയത്തിൽ മറ്റ് വകുപ്പുകൾകൂടി ബന്ധപ്പെടുന്നതിനാൽ അവരുമായി ആലോചിക്കാം. ടൂറിസവുമായി ബന്ധപ്പെട്ട് മറ്റുചില വകുപ്പുമന്ത്രിമാരുമായി ചർച്ച നടത്തിയിട്ടുണ്ട്. ഫോറസ്റ്റ് ടൂറിസം അനന്തസാദ്ധ്യതകളുള്ളതാണ്, ഇതുസംബന്ധിച്ച് വനം വകുപ്പുമന്ത്രിയുമായി ചർച്ചകൾ നടത്തി ആവശ്യമായ മേഖലകളിൽ യോജിച്ചുപോകാമെന്ന് തീരുമാനിച്ചിട്ടുണ്ട്. ആഭ്യന്തര ടൂറിസം വികസന വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചകളിൽ വളരെ പോസിറ്റീവായ ചിലകാര്യങ്ങൾ എടുക്കാനാകുമെന്ന് തോന്നുന്നു. അതുപോലെ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് മന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്, ചിലകാര്യങ്ങൾ ആ മേഖലയിൽ കൊണ്ടുവരാൻ സാധിക്കുമെന്ന് തോന്നുന്നു. ഹൈഡൽ ടൂറിസത്തിന്റെ പ്രാധാന്യമുൾപ്പെടെയുള്ള കാര്യങ്ങൾ വൈദ്യുതി വകുപ്പുമന്ത്രിയോടും ചർച്ചചെയ്തിട്ടുണ്ട്. കൃഷി വകുപ്പുമന്ത്രിയുമായി ആ മേഖലയിലെ സാദ്ധ്യതകളെക്കുറിച്ച് സംസാരിക്കുന്നതാണ്. അതുപോലെ വെൽനെസ് ടൂറിസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചും ആരോഗ്യ വകുപ്പുമന്ത്രിയുമായും അഡ്വഞ്ചർ ടൂറിസത്തിന്റെയും സ്പോർട്സ് ടൂറിസത്തിന്റെയും സാദ്ധ്യതകളെക്കുറിച്ച് കായിക വകുപ്പുമന്ത്രിയുമായും ചർച്ചചെയ്യുകയും ചില കാര്യങ്ങൾ ആലോചിക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ വകുപ്പുമന്ത്രിയുമായി ടൂറിസത്തിന്റെ മറ്റുചില കാര്യങ്ങളെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. വ്യത്യസ്ത വകുപ്പുകളുമായി ബന്ധപ്പെടുത്തി ചെയ്യാവുന്ന കുറേയേറെ കാര്യങ്ങളുണ്ട്. ആ നിലയിൽത്തന്നെ ചർച്ച നടത്തുന്നതാണ്. നേരത്തെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ താമസസൗകര്യങ്ങളുൾപ്പെടെയുള്ള കാര്യങ്ങളിൽ വനം, ജലസേചന വകുപ്പുകളുടെ ഗസ്റ്റ് ഹൗസുകളുൾപ്പെടെ ഉപയോഗപ്പെടുത്തി എല്ലാനിലയിലും ടൂറിസത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനായി മറ്റുവകുപ്പുകളുടെകൂടി സഹായം ലഭ്യമാക്കിക്കൊണ്ടുപോകുന്ന രീതിയാണ് ടൂറിസം ഡിപ്പാർട്ട്മെന്റ് ഇപ്പോൾ ആലോചിക്കുന്നത്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, എന്റെ മണ്ഡലത്തിലെ കടമ്പ്രയാർ, തമ്മാനിമറ്റം ടൂറിസം പദ്ധതികൾ ഡി.ടി.പി.സി. വഴി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ തമ്മാനിമറ്റം പദ്ധതിക്ക് അന്തിമ അനുമതി നൽകുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അത് ആലോചിക്കാവുന്ന കാര്യമാണ്.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, പൈതൃക ടൂറിസത്തിന് സർക്കാർ മുൻഗണന നൽകുന്നത് എന്തുകൊണ്ടും സ്വാഗതാർഹമാണ്. ടൂറിസം വിപുലീകരണത്തിനായി പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പാരമ്പര്യ കേന്ദ്രങ്ങളെയും നമ്മുടെ സാമൂഹ്യ പരിവർത്തനത്തിനായി നടത്തിയ എണ്ണമറ്റ പോരാട്ടങ്ങളിലൂടെ ശ്രദ്ധേയമായ സമരകേന്ദ്രങ്ങളെയുംകൂടി ഉൾപ്പെടുത്തി ടൂറിസം പദ്ധതി പുതുക്കി ആവിഷ്കരിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് വളരെ പ്രസക്തമായ ചോദ്യവും നടപ്പിലാക്കേണ്ട കാര്യവുമാണ്. ട്രാവൻകൂർ ഹെറിറ്റേജ്, ആലപ്പുഴ ഹെറിറ്റേജ്, തലശ്ശേരി ഹെറിറ്റേജ് തുങ്ങിയ പദ്ധതികളൊക്കെ അതിന്റെ പൂർത്തീകരണഘട്ടത്തിലാണ്, പുതിയ ചിലകാര്യങ്ങൾ ആലോചിക്കുന്നുമുണ്ട്. പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട് ചിലകാര്യങ്ങൾ ടൂറിസം വകുപ്പ് ആലോചിച്ചിട്ടുണ്ട്. ഈ വിഷയത്തിന്റെ പ്രാധാന്യമുൾക്കൊണ്ട് കാര്യങ്ങൾ ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

ശ്രീ. എ. രാജ: സർ, പൈതൃക ടൂറിസം പദ്ധതി ഫലപ്രദമായി പ്രയോജനപ്പെടുത്താവുന്ന പ്രദേശമാണ് ഇടുക്കി. പ്രസ്തുത പദ്ധതിയിൽ ഇടുക്കി ജില്ലയെക്കൂടി ഉൾപ്പെടുത്തി വിനോദസഞ്ചാരികൾക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഒരു യോഗം വിളിച്ചുചേർത്തിരുന്നു. ഇത്തരം കാര്യങ്ങളെല്ലാം യോഗത്തിൽ ചർച്ച ചെയ്തിരുന്നു. പ്രസ്തുത വിഷയം ഇടുക്കിയിലെ ജനപ്രതിനിധികളുടെ യോഗത്തിലും ഉയർന്നുവന്നിരുന്നു, ആലോചിച്ച് കാര്യങ്ങൾ ചെയ്യുന്നതാണ്.

ശ്രീ. എച്ച്. സലാം: സർ, വാട്ടർ ടൂറിസവും അഡ്വഞ്ചർ ടൂറിസവും സഞ്ചാരികൾക്കേറെ പ്രിയപ്പെട്ടതാണ്. അണ്ടർവാട്ടർ ടൂറിസത്തിന് വളരെ അനുയോജ്യമാണ് നമ്മുടെ കേരളം, പ്രത്യേകിച്ച് ആലപ്പുഴ. ആലപ്പുഴയിൽ അണ്ടർവാട്ടർ സ്കൂബാ ഡൈവ്, വാട്ടർസ്പോർട്സ് തുടങ്ങിയവയുടെ സാദ്ധ്യതകൾ പരിശോധിച്ച് പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അക്കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. നിലവിൽ അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ ആക്ടിവിറ്റികൾ നടത്തുന്നത് ടൂറിസം വകുപ്പിന്റെ കീഴിലുള്ള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ

സൊസൈറ്റിയാണ്. അടുത്ത ദിവസം കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിൽ ഒരു കയാക്കിംഗ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ കാട്ടാക്കടയിൽ അഡ്വഞ്ചർ ടൂറിസം അക്കാഡമി സ്ഥാപിക്കുന്ന കാര്യം ആലോചനയിലുണ്ട്, പദ്ധതി നിർദ്ദേശം നേരത്തെ പരിഗണനയിലുള്ളതാണ്. സാങ്കേതികമായി ഇവയുടെയൊക്കെ പരിശോധന നടത്തുന്നതാണ്. ട്രക്കിംഗുൾപ്പെടെ ഇക്കോ ടൂറിസത്തിന്റെ സാദ്ധ്യതകളും പരിശോധിക്കുന്നതാണ്. ഇത്തരം വിഷയങ്ങളിൽ മറ്റുവകുപ്പുകളുമായി ആലോചിച്ച് കാര്യങ്ങൾ വളരെ പോസിറ്റീവായി മുന്നോട്ട് കൊണ്ടുപോകാവുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ പൂവാറിൽ നാന്നൂറോളം ആളുകൾ നേരിട്ടും അതിലേറെയാളുകൾ പരോക്ഷമായും ജോലി ചെയ്ത ജീവിക്കുന്ന ബോട്ട് സർവ്വീസ് മുടങ്ങിയിട്ട് ഒന്നര വർഷമായി. ഓണക്കാലത്തെങ്കിലും ബോട്ട് സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പ്രസ്തുത വിഷയത്തിൽ എന്തുചെയ്യാൻ സാധിക്കുമെന്ന് ആലോചിക്കാവുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പുനരധിവാസം

4 (*364) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശീയരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം, ഉപജീവനം, തൊഴിൽ സുരക്ഷ തുടങ്ങിയ കാര്യങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2015-ൽ വിഴിഞ്ഞം തുറമുഖ കമ്പനി സമർപ്പിച്ച ഉപജീവന ആഘാത നിർണ്ണയ സമിതി റിപ്പോർട്ടിലുൾപ്പെട്ട നഷ്ടപരിഹാര പുനരധിവാസ പാക്കേജിലെ ഏതൊക്കെ കാര്യങ്ങളാണ് ഇതിനകം നടപ്പിലാക്കിയത്; വ്യക്തമാക്കുമോ?

(എ&ബി) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിനുവേണ്ടി നടത്തിയ പാരിസ്ഥിതിക-സാമൂഹിക ആഘാത പഠന റിപ്പോർട്ടിൽ, പദ്ധതിമൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാവുന്ന വിഭാഗങ്ങൾക്കുള്ള ജീവനോപാധി നഷ്ടപരിഹാരത്തേയും പുനരധിവാസത്തേയുംകുറിച്ച് വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. ഇതിന്റെ തുടർച്ചയായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അവരുടെ പുനരധിവാസത്തിനുമായി വിശദമായ പാക്കേജ് തയ്യാറാക്കുന്നതിന് തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായ അഞ്ചംഗ Livelihood Impact Appraisal Committee (LIAC)-യും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിരുന്നു. ടി കമ്മിറ്റി ചുമതലപ്പെടുത്തിയ സബ് കമ്മിറ്റി രേഖാപരിശോധനയും സ്ഥലപരിശോധനയും നടത്തി അർഹരാണെന്ന് കണ്ടെത്തിയവർക്ക് സർക്കാർ നഷ്ടപരിഹാരം നൽകിവരുന്നു. ഈ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് പദ്ധതി പ്രദേശത്തെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി 12,50,000 രൂപ വീതവും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000 രൂപ വീതവും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000 രൂപ വീതവും ആകെ 262 പേർക്ക് 12.35 കോടി രൂപയും, കരമടിത്തൊഴിലാളികൾക്ക് 5,60,000 രൂപ വീതം 900 പേർക്ക് 52.61 കോടി രൂപയും അനുവദിച്ചു നല്കി. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി അധികദൂരം പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 23.02 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപയും നാല് സ്വയംസഹായ സംഘങ്ങളിലെ 33 ഗുണഭോക്താക്കൾക്ക് 8 ലക്ഷം രൂപയും അനുവദിച്ചുനല്കി. ഇപ്രകാരം പദ്ധതിയുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരമായി 94.14 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു. ഇനിയും നിലവിലുള്ള അപ്പീലുകൾ പരിശോധിക്കുന്നതിന് പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി നടപടി സ്വീകരിച്ചുവരുന്നു. അവർ നല്കുന്ന ശിപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) തുറമുഖ നിർമ്മാണത്തിന്റെ ഫലമായി മത്സ്യബന്ധനത്തിനിടെ അപകടങ്ങൾ സംഭവിക്കുന്നത് തടയുന്നതിന് ശാശ്വത നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

വിഴിഞ്ഞത്ത് നിർമ്മാണത്തിലിരിക്കുന്ന തുറമുഖം ശാസ്ത്രീയമായ പഠനങ്ങൾ നടത്തിയതിനുശേഷമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈയിടെയുണ്ടായ ചുഴലിക്കാറ്റുകളും തുടർന്നുണ്ടായ ഉയർന്ന തിരമാലകളും കാരണം ബോട്ടുകൾക്ക് നിയന്ത്രണം നഷ്ടപ്പെട്ട് അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് തുറമുഖ നിർമ്മാണംമൂലം സംഭവിച്ചതല്ലെന്നാണ് പ്രാഥമിക പഠനങ്ങൾ കാണിക്കുന്നത്. ഇത് സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആദിവാസി, തീരദേശ, പ്ലാന്റേഷൻ മേഖലകളിലെ കുട്ടികൾക്ക് പഠന സഹായം**

5 (*365) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>:
<u>ശ്രീമതി സി. കെ. ആശ</u>:
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:
<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി, തീരദേശ, പ്ലാന്റേഷൻ മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന സഹായം ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളുടെ സാമൂഹിക, സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കി പ്രത്യേക ഇടപെടൽ നടത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിദ്യാർത്ഥികൾക്ക് പഠനാവസരം ഉറപ്പുവരുത്താൻ ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടെ എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

(ബി&സി) സംസ്ഥാനത്ത് ആദിവാസി, തീരദേശ, പ്ലാന്റേഷൻ മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥികളുൾപ്പെടെയുള്ള എല്ലാ മേഖലകളിലുമുള്ള കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങളുടെയും ഇന്റർനെറ്റിന്റെയും ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. സർക്കാർ സ്ഥാപനങ്ങൾ,

പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ, സ്വകാര്യ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ-വിദ്യാർത്ഥി സംഘടനകൾ, ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ, പി.റ്റി.എ./എസ്.എം.സി. തുടങ്ങിയവരുടെ സഹകരണത്തോടെ ഒരു ലക്ഷത്തിൽപ്പരം ഡിജിറ്റൽ ഉപകരണങ്ങൾ ഇതിനകം കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വീടുകളിലിരുന്ന് ഡിജിറ്റൽ ക്ലാസ്സുകൾ കാണാൻ സൗകര്യമില്ലാത്ത കുട്ടികൾക്കായി അയൽപക്ക പഠന കേന്ദ്രങ്ങളും സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ ഊരുവിദ്യാകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളെ സഹായിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് എസ്.ടി. പ്രൊമോട്ടർമാരെയും നിയമിച്ചിട്ടുണ്ട്. മലയോര മേഖലകളിലും ഇടുക്കി, വയനാട്, പാലക്കാട് തുടങ്ങിയ ജില്ലകളിലെ ഉൾപ്രദേശങ്ങളിൽ വൈദ്യുതി, ഇന്റർനെറ്റ് കണക്ഷൻ, കേബിൾ കണക്ഷൻ ദൗർലഭ്യം നേരിടുന്നുണ്ട്. വൈദ്യുതി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെയും അനെർട്ടിന്റെയും സഹായത്തോടെ വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികളും ഇന്റർനെറ്റ് ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഇന്റർനെറ്റ് സർവ്വീസ് ദാതാക്കളുടെ സഹായത്തോടെ ടവറുകൾ സ്ഥാപിക്കുന്നതിന്റെയും നിലവിലുള്ള പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികളും യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നു. കൂടാതെ 2018-19 അദ്ധ്യയനവർഷം മുതൽ സംസ്ഥാനത്ത് ആദിവാസി, തീരദേശ, പ്ലാന്റേഷൻ മേഖലകളിൽനിന്നുള്ള വിദ്യാർത്ഥികൾക്കായി Special Enrichment Programme for the students in tribal, Coastal and Plantation areas എന്ന പേരിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

**ഭിന്നശേഷി സൗഹൃദ വിനോദസഞ്ചാര കേന്ദ്രങ്ങൾ**

6 (*366) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>:

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>:

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>:

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാരകേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എല്ലാ വിനോദസഞ്ചാരകേന്ദ്രങ്ങളും ഭിന്നശേഷി സൗഹൃദമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) പരിശോധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്കുകൂടി സൗകര്യപ്രദമായ വിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിനായി സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'ബാരിയർ ഫ്രീ കേരള ടൂറിസം'. ആദ്യ ഘട്ടത്തിൽ 9 കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയത്. ഇതുപ്രകാരം 120 കേന്ദ്രങ്ങളിലാണ് ഈ പ്രവൃത്തികൾ വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഭൂമിയുടെ ലഭ്യതക്കുറവ് പോലെയുള്ള കാരണങ്ങളാൽ വിഭാവനം ചെയ്ത എല്ലാ സ്ഥലങ്ങളിലും പദ്ധതിക്കനുസൃതമായ സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയാതെ വന്നതിനാൽ ഈ പദ്ധതി 84 കേന്ദ്രങ്ങളിലായി ചുരുക്കി 6.91 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 13-2-2021-ൽ നൽകുകയുണ്ടായി. ഇതിൽ ഒന്നാംഘട്ടമായി 69 കേന്ദ്രങ്ങളിലെ പദ്ധതികൾ പൂർത്തീകരിച്ചുകഴിഞ്ഞു. 15 കേന്ദ്രങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൈവരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാ സൂചകം, ഭിന്നശേഷി സൗഹൃദ ടോയിലറ്റ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിന് UNWTO-യുടെ Emerging Global Destination-Accessible Destination Award 2019 ടൂറിസം വകുപ്പിന് ലഭിക്കുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാരകേന്ദ്രങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മദ്യ, മയക്കുമരുന്ന് മാഫിയ ഉൾപ്പെടെയുള്ള സാമൂഹ്യവിരുദ്ധരുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ടൂറിസം പോലീസിനെ നിയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ബോധവത്കരണവും വിനോദസഞ്ചാരകേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മലയോര ഹൈവേ നിർമ്മാണം

7 (*367) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ഭൂമി വിട്ടുനൽകാത്തതിനാൽ തടസ്സപ്പെട്ടിരുന്ന മലയോര ഹൈവേയുടെ നിർമ്മാണം പുനരാരംഭിക്കാൻ സാധിച്ചിട്ടുണ്ടോ?

വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ തടസ്സപ്പെട്ടിരുന്ന റീച്ചുകളിൽ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ബി) മലയോര ഹൈവേ നിർമ്മാണത്തിനായി ഒരു ഹെക്ടറിലധികം വനഭൂമി ഏറ്റെടുക്കേണ്ട റീച്ചുകളിൽ ഭൂമിയേറ്റെടുക്കൽ സാദ്ധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

സാദ്ധ്യമായിട്ടില്ല. ഇത് പരിഹരിക്കുന്നതിനായി നാറ്റ്പാക്കും വനം വകുപ്പുമായി ചേർന്ന് പരിശോധന നടന്നുവരുന്നു. ഇതുപ്രകാരം വനം വകുപ്പ് നിർദ്ദേശിച്ച പുതിയ അലൈൻമെന്റ് പരിശോധിച്ചുവരുന്നു.

(സി) മലയോര ഹൈവേയുടെ മുഴുവൻ റീച്ചുകളിലെയും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ?

നിലവിൽ എല്ലാ പ്രവൃത്തികളും ത്വരിതപ്പെടുത്തിയിട്ടുണ്ട്.

## വിദ്യാഭ്യാസരംഗത്ത് അന്താരാഷ്ട്ര നിലവാരം

8 (*368) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസരംഗത്ത് അന്താരാഷ്ട്രനിലവാരം കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ ഓരോ ക്ലാസ്സിലെയും പഠിതാക്കൾ അന്താരാഷ്ട്രതലത്തിലുള്ള ധാരണയും നൈപുണ്യവും കൈവരിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. അതിനായി നിലവിലുള്ള സ്കൂൾ വിലയിരുത്തൽ സംവിധാനവും ദേശീയ പഠനനേട്ട സർവ്വേയും സാർവ്വദേശീയമായി നടത്തുന്ന വിദ്യാർത്ഥി വിലയിരുത്തൽ പരിപാടികളും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇത്തരം വിലയിരുത്തലിനായി 'സഹിതം' എന്ന ഒരു ഡിജിറ്റൽ പോർട്ടൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക വർഷത്തിനിടയിൽ നടക്കുന്ന പാദവാർഷിക, അർദ്ധവാർഷിക പരീക്ഷകളും വിലയിരുത്തലിനായി പ്രയോജനപ്പെടുത്തുന്നു.

(ബി) ദേശീയതലത്തിൽ സംസ്ഥാനത്തിന് വിദ്യാഭ്യാസമേഖലയിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ദേശീയ പഠനനേട്ട സർവ്വേയിലും നീതി ആയോഗിന്റെ വിദ്യാഭ്യാസ ഗുണനിലവാര സൂചിക അടിസ്ഥാനമാക്കി നടത്തിയ വിലയിരുത്തലിലും ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളത്തിന്റെ സ്ഥാനം. നീതി ആയോഗും യൂണിസെഫും സംയുക്തമായി പുറത്തിറക്കിയ എസ്.ഡി.ജി. ഇന്ത്യാ റിപ്പോർട്ടിലും ഗുണതാ വിദ്യാഭ്യാസത്തിൽ കേരളം 80 സ്കോറോടെ ഒന്നാം സ്ഥാനത്താണ്. നീതി ആയോഗ് അവസാനം പുറത്തിറക്കിയ സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇൻഡക്സിലും കേരളം ഒന്നാം സ്ഥാനത്താണ്.

(സി) പൊതുവിദ്യാലയങ്ങളിൽ നിലവിലുള്ളതും പുതുതായി നിയമിക്കപ്പെടുന്നതുമായ അദ്ധ്യാപകരുടെ മികവുയർത്താൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. അദ്ധ്യാപകർക്ക് Induction Training ആസൂത്രണം ചെയ്തുവരുന്നു. നിലവിലെ അദ്ധ്യാപക ശാക്തീകരണ പരിപാടികൾ പരിഷ്ക്കരിക്കാനും പദ്ധതിയുണ്ട്. സാങ്കേതിക വിദ്യാസംവിധാനങ്ങൾ പ്രയോജനപ്പെടുത്താനാവശ്യമായ പരിശീലനം കൈറ്റിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. പുതുതായി നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്കായി ഇൻഡക്ഷൻ ട്രെയിനിംഗ് നടത്താൻ ആവശ്യമായ മൊഡ്യൂളുകളും തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ വർദ്ധിച്ചുവരുന്നതിന് ആനുപാതികമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും അദ്ധ്യാപകരെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ടോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കാത്തതിനാൽ 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ സ്റ്റാഫ് ഫിക്സേഷൻ നടത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ 2019-20 അദ്ധ്യയനവർഷത്തെ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ചാണ് അദ്ധ്യാപക നിയമനം നടത്തിയിരിക്കുന്നത്. അധിക തസ്തിക അനുവദിച്ചിട്ടില്ല.

(ഇ) സംരക്ഷിത അദ്ധ്യാപകരുടെ താല്പര്യം പരിരക്ഷിച്ചുകൊണ്ടാണോ എയ്ഡഡ് വിദ്യാലയങ്ങളിൽ മാനേജർമാർ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകിയതെന്ന് വ്യക്തമാക്കാമോ?

സംരക്ഷിത അദ്ധ്യാപകരുടെ ജോലിയും ആനുകൂല്യങ്ങളും പരിരക്ഷിച്ചുകൊണ്ട് തന്നെയാണ് എയ്ഡഡ് വിദ്യാലയങ്ങളിൽ മാനേജർമാർ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നത്.

**ദേശീയ പാത 66-ന്റെ ഭൂമി ഏറ്റെടുക്കൽ**

9 (*369) ശ്രീ. വി. ജോയി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ഭൂമി ഏറ്റെടുക്കലിന്റെ ചെലവിന്റെ നാലിലൊന്ന് സംസ്ഥാനം ഏറ്റെടുത്തതിനെത്തുടർന്ന് ദേശീയ പാത 66 നാലുവരിയാക്കുന്ന പ്രവർത്തനം ത്വരിതപ്പെടുത്താൻ ദേശീയപാത അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ദേശീയപാത 66-ന്റെ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിന് സംസ്ഥാനം 25% ചെലവ് വഹിക്കുന്നത് സംബന്ധിച്ച് കിഫ്ബി, ദേശീയപാത അതോറിറ്റി, പൊതുമരാമത്ത് വകുപ്പ് എന്നിവരുൾപ്പെടുന്ന ത്രികക്ഷി കരാർ ഒപ്പുവയ്ക്കുകയും സംസ്ഥാന വിഹിതമായി ഇതുവരെ 40,84,63,00,872 രൂപ കിഫ്ബിയിൽനിന്ന് ദേശീയപാത അതോറിറ്റിയുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിലയിരുത്തുന്നതിനായി NHAI ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി State Level Committee യോഗങ്ങൾ റവന്യൂ വകുപ്പ് സമയബന്ധിതമായി നടത്തിവരുന്നു.

(ബി) പദ്ധതിക്കായുള്ള സ്ഥലമെടുപ്പിന്റെ പുരോഗതിയും വിവിധ റീച്ചുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

പദ്ധതിക്കായുള്ള സ്ഥലമെടുപ്പിന്റെ പുരോഗതിയും വിവിധ റീച്ചുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ദേശീയ പാത 212-ൽ ബന്ദിപ്പൂർ മേഖലയിലെ രാത്രിയാത്ര നിരോധനം സൃഷ്ടിക്കുന്ന തടസ്സം പരിഹരിക്കാൻ മേൽപ്പാലം നിർമ്മിക്കണമെന്നും അതിനായി വേണ്ടിവരുന്ന ചെലവിന്റെ പകുതി വഹിക്കാമെന്നുമുള്ള സംസ്ഥാന സർക്കാരിന്റെ നിലപാടിനോട് കേന്ദ്ര സർക്കാർ പ്രതികരണം അറിയിച്ചിട്ടുണ്ടോ?

ദേശീയ പാത 212-ൽ ബന്ദിപ്പൂർ മേഖലയിലെ രാത്രിയാത്ര നിരോധനം സൃഷ്ടിക്കുന്ന തടസ്സം പരിഹരിക്കാൻ മേൽപ്പാലം (Elevated structures) നിർമ്മിക്കണമെന്നും അതിനായി വേണ്ടിവരുന്ന ചെലവിന്റെ പകുതി സംസ്ഥാനം വഹിക്കാമെന്നും അറിയിച്ചുകൊണ്ട് ബഹു. കേരള മുഖ്യമന്ത്രി 22-8-2019-ൽ ബഹു. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ കേന്ദ്രസർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല.

**കേരള ഇൻലാൻഡ് വെസ്സൽ നിയമങ്ങൾ**

10 (*370) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. റ്റി. പി. രാമകൃഷ്ണൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ജലപാത യാഥാർത്ഥ്യമാകുന്നതോടെ ഉൾനാടൻ ജലഗതാഗതം ഏറെ വർദ്ധിക്കാനിടയുള്ള സാഹചര്യത്തിൽ ഉൾനാടൻ ജലപാതകളിലെ ഗതാഗതവും ജലയാനങ്ങളെയും നിയന്ത്രിക്കുന്നതിനായുള്ള കേരള ഇൻലാൻഡ് വെസ്സൽ നിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടിയെടുത്തിട്ടുണ്ടോ?

ഉണ്ട്. 15-9-2010-ലെ ജി.ഒ.(പി)നമ്പർ 5/2010/CSIND നമ്പർ ഉത്തരവ് പ്രകാരം കേരള ഉൾനാടൻ ജലഗതാഗതനിയമം നിലവിൽവന്നു. ഈ നിയമത്തിന്റെ ഇംപ്ലിമെന്റിംഗ് അതോറിറ്റി തുറമുഖ വകുപ്പ് ഡയറക്ടറാണ്. പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാലാനുസൃതമായ മാറ്റം വരുത്തേണ്ടതുള്ളതിനാൽ ഈ നിയമത്തിൽ ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിഗണിച്ചുവരികയാണ്.

(ബി) ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ള ജലയാനങ്ങൾ രജിസ്ട്രേഷനില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് ഹൗസ്ബോട്ടുകൾ അടക്കമുള്ള 2851 ഉൾനാടൻ ജലയാനങ്ങൾ കേരള ഉൾനാടൻ ജലയാന നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ആലപ്പുഴ കേന്ദ്രീകരിച്ച് അംഗീകാരമില്ലാത്ത ചില ബോട്ടുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പിടിച്ചു കെട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തുടരെയുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ ഉല്ലാസയാനങ്ങൾ ഉൾപ്പെടെ എല്ലാ ജലയാനങ്ങളും രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടെന്നും അവ സുരക്ഷാ സംവിധാനങ്ങളോടെയാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

രജിസ്റ്റർ ചെയ്യാത്ത ഹൗസ് ബോട്ടുകൾ, ശിക്കാരകൾ തുടങ്ങിയവ കണ്ടെത്തി ഉൾനാടൻ ജലഗതാഗത നിയമത്തിന്റെ അടിസ്ഥാനത്തിൽ അർഹമായവയ്ക്ക് രജിസ്ട്രേഷൻ നൽകാനും ബാക്കിയുള്ളവയുടെ വിവരം അടിയന്തരമായി സർക്കാരിൽ റിപ്പോർട്ട് ചെയ്യാനും മാരിടൈം ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജലയാനങ്ങളുടെ രജിസ്ട്രേഷൻ, സുരക്ഷാ സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ മാരിടൈം ബോർഡിന് നൽകിയിട്ടുണ്ട്.

(1) ഉൾനാടൻ ജലഗതാഗത യാനങ്ങളുടെ രജിസ്ട്രേഷനുവേണ്ടിയുള്ള വെബ്സൈറ്റ് ലോഞ്ച് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക.

(2) മത്സ്യബന്ധന വകുപ്പ് നടപ്പാക്കിയതുപോലെ ഹൗസ്ബോട്ടുകളെ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനും ഒരു ഓൺലൈൻ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുക.

(3) ഹൗസ്ബോട്ട് ഉടമകൾക്കും തൊഴിലാളികൾക്കും ട്രെയിനിംഗ് നൽകുക.

(4) രജിസ്റ്റർചെയ്ത ബോട്ടുകളിൽ മാത്രം യാത്ര നടത്തുന്നതിന് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഒരു മീഡിയ ക്യാമ്പെയിൻ നടത്തുക.

(5) ജലയാനങ്ങളുടെ സർവ്വീസുമായി ബന്ധപ്പെട്ട് ഒരു എൻഫോഴ്സ്മെന്റ് സംവിധാനം തുറമുഖവകുപ്പിന് മാത്രമായി നടപ്പാക്കാൻ കഴിയാത്തതിനാൽ പോലീസ്, റവന്യൂ, ഉൾനാടൻ ജലഗതാഗതം, പൊല്യൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഇൻസ്പെക്ഷനുകൾ നടത്തുക.

അനധികൃതമായി സർവ്വീസ് നടത്തുന്ന ഹൗസ്ബോട്ടുകളെ നിയന്ത്രിക്കുന്നതിന് ഇൻലാൻഡ് വെസ്സൽ റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ സർവ്വീസ് നടത്തുന്ന ജലയാനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ യാത്രാബോട്ടുകളിലും ഉല്ലാസയാനങ്ങളിലും ജീവൻരക്ഷ/അഗ്നിശമന ഉപകരണങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. ഈ ഉപകരണങ്ങൾ ഘടിപ്പിച്ച ബോട്ടുകൾക്ക് മാത്രമാണ് രജിസ്ട്രേഷനും സർവ്വേ സർട്ടിഫിക്കറ്റും നൽകുന്നത്. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച് ജീവനക്കാർക്ക് ബോധവൽക്കരണം നൽകിയിട്ടുണ്ട്. സുരക്ഷാ ഉപകരണങ്ങൾ ബോട്ടുകളിൽ സൂക്ഷിക്കാത്തത് ശ്രദ്ധയിൽപ്പെട്ടാൽ ഉടമകളിൽ നിന്നും പിഴ ഈടാക്കുകയും സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്യുന്നുണ്ട്.

## ഭൂമി തരംമാറ്റാനുള്ള നടപടി

11 (*371) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 25 സെന്റുവരെ വിസ്തീർണ്ണമുള്ള പാടമോ വയലോ ഫീസ് സൗജന്യത്തോടെ പുരയിടമോ പറമ്പോ ആക്കി മാറ്റുന്നതിനുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി വരുത്തി വിജ്ഞാപനം ചെയ്ത 21-4-2021-ലെ SRO 369/2021-ലുള്ള വ്യവസ്ഥകൾക്കനുസൃതമായി 25 സെന്റ് വരെ വിസ്തീർണ്ണമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിക്ക് സൗജന്യമായി തരംമാറ്റം അനുവദിക്കാവുന്നതാണ്. പ്രസ്തുത വിജ്ഞാപനത്തിലെ വ്യവസ്ഥകൾ ചുവടെ ചേർത്തിട്ടുള്ള പ്രകാരമാണ്:

(1) 25 സെന്റ് വരെയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിക്ക് തരംമാറ്റം സൗജന്യമായി അനുവദിക്കാം. 2017 ഡിസംബർ 30-ാം തീയതി പ്രാബല്യത്തിൽ 25 സെന്റിൽ അധികരിക്കാതെയുള്ള ഭൂമിക്കാണ് ഈ സൗജന്യം.

(2) 30-12-2017 വരെ ഒന്നായിക്കിടന്ന ഭൂമി, അതിനുശേഷം തിരിച്ച് 25 സെന്റോ അതിന് താഴെയോ വിസ്തീർണ്ണമുള്ള പ്ലോട്ടുകളാക്കിയിട്ടുണ്ടെങ്കിൽ, അവയ്ക്ക് മേൽപ്രകാരമുള്ള സൗജന്യം ബാധകമല്ല. അവ ഒന്നായി കണക്കാക്കിയാണ് ഫീസ് ഈടാക്കേണ്ടത്.

(3) 25 സെന്റിന് മുകളിൽ ഒരേക്കർ വരെയുള്ള ഭൂമിക്ക്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്ന വ്യത്യാസമില്ലാതെ, ഫെയർവാല്യുവിന്റെ 10% ഫീസ് നിരക്ക് ഈടാക്കേണ്ടതാണ്.

(4) ഒരേക്കറിന് മുകളിലുള്ള ഭൂമിക്ക്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്ന വ്യത്യാസമില്ലാതെ, ഫെയർവാല്യുവിന്റെ 20% ആയിരിക്കും ഫീസ് നിരക്ക്.

(5) തരംമാറ്റിയ ഭൂമിയിലുള്ള കെട്ടിട നിർമ്മാണത്തിന് നിലവിലുള്ള നിരക്ക് തുടരും.

(ബി) 2021 ഫെബ്രുവരി 25-നോ അതിന് ശേഷമോ സമർപ്പിക്കപ്പെട്ട അപേക്ഷകൾക്കായി മാത്രം പ്രസ്തുത ഉത്തരവ് നിജപ്പെടുത്തിയതിന്റെ ഉദ്ദേശ്യം വ്യക്തമാക്കാമോ?

21-4-2021-ലെ SRO 369/2021-ന് അടിസ്ഥാനമായ സ.ഉ.(സാധാ) നമ്പർ 1166/2021/റവ. നമ്പർ ഉത്തരവ് 25-2-2021-നാണ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന് 25-2-2021 മുതലാണ് പ്രാബല്യമുള്ളതെന്ന് ടി ഉത്തരവിലും ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 21-4-2021-ലെ SRO 369/2021-ലും വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനെത്തുടർന്നാണ് SRO 369/2021-ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണങ്ങൾ നൽകിയ 23-7-2021-ലെ റവ-പി1/117/2021-റവ സർക്കുലറിലും 25-2-2021-നോ അതിന് ശേഷമോ സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ മാത്രം ചട്ടത്തിൽ വരുത്തിയ ഭേദഗതി പ്രകാരമുള്ള ഫീസിളവ് ബാധകമാക്കിയാൽ മതിയെന്ന് അറിയിച്ചിട്ടുള്ളത്.

(സി) ഭൂമിയുടെ തരംമാറ്റൽ സംബന്ധിച്ചുള്ള നിരവധി അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യത്തിൽ 2021 ഫെബ്രുവരി 25-ന് മുൻപുള്ള അപേക്ഷകൾക്ക് പ്രസ്തുത ഉത്തരവ് ബാധകമാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്ത് വിജ്ഞാപനം ചെയ്ത SRO 369/2021-ലെ വ്യവസ്ഥകൾ പ്രകാരമുള്ള ഫീസിളവ്, 25-2-2021-നോ അതിന് ശേഷമോ സമർപ്പിക്കപ്പെട്ട അപേക്ഷകളിൽമാത്രം ബാധകമാക്കിയാൽ മതിയെന്ന് സ്പഷ്ടീകരണം നൽകിക്കൊണ്ട് 23-7-2021-ലെ പി1/117/2021-റവ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

**റോഡപകടങ്ങൾ ഒഴിവാക്കാൻ നടപടി**

12 (*372) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം:
ഡോ. എം. കെ. മുനീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയത സംസ്ഥാനത്ത് റോഡപകടങ്ങൾക്ക് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ അധീനതയിലുള്ള ഭൂരിഭാഗം റോഡുകളും പണ്ട് ഇടവഴികളും നടപ്പാതകളും ചെറിയ റോഡുകളും ആയിരുന്നവയാണ്. ഘട്ടംഘട്ടമായി ഭൂരിഭാഗം റോഡുകളേയും സ്ഥല ലഭ്യതയനുസരിച്ച് വീതി കൂട്ടി നവീകരിച്ച് വരികയാണെങ്കിലും ശാസ്ത്രീയമായി ഡിസൈൻ ചെയ്തല്ല നിർമ്മിച്ചിട്ടുള്ളത്. എന്നാൽ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ് (KSTP), കേരള റോഡ് ഫണ്ട് ബോർഡ് (KRFB), കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന റോഡുകൾ സ്ഥല ലഭ്യതയനുസരിച്ചോ/ സ്ഥലം ഏറ്റെടുത്തോ മണ്ണ് പരിശോധന നടത്തി IRC മാനദണ്ഡപ്രകാരം ശാസ്ത്രീയമായി ഡിസൈൻ ചെയ്താണ് നിർമ്മിച്ചുവരുന്നത്. പുതുതായി നിർമ്മിക്കുന്ന ദേശീയപാതകളിൽ കൺസൾട്ടന്റ് വഴി വിശദമായ പഠനം നടത്തിയാണ് ബൈപ്പാസുകളും അലൈൻമെന്റുകളും തീരുമാനിക്കുന്നത്. കൂടാതെ റോഡപകടങ്ങൾ കുറയ്ക്കാനും റോഡ് സേഫ്റ്റിക്കും, ഗവേഷണത്തിനും, ഡിസൈനിംഗിനുമായി നാറ്റ്പാക്, റോഡ് സേഫ്റ്റി അതോറിറ്റി, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുതലായ സ്ഥാപനങ്ങൾ മുഖേന പഠനവും നടത്തുന്നുണ്ട്.

(ബി) സംസ്ഥാനത്ത് അപകടസാദ്ധ്യതയുള്ള റോഡുകളുള്ള പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്. State Crime Records Bureau (SCRB)-ൽ നിന്നും ലഭിച്ച 2016-2018-ലെ റോഡപകട കണക്കുകളുടെ അടിസ്ഥാനത്തിൽ നടത്തിയ ശാസ്ത്രീയ പഠനത്തിൽ കേരളത്തിൽ 4430 അപകടസാധ്യത പ്രദേശങ്ങൾ നാറ്റ്പാക് കണ്ടെത്തിയിട്ടുണ്ട്. അവയിൽ നിന്നും അപകടസാധ്യത കൂടുതലുള്ള 340 High & Moderate risk പ്രദേശങ്ങൾ അഥവാ റോഡപകട ബ്ലാക്ക് സ്പോട്ടുകൾ 2019-ൽ നടന്ന പഠനത്തിൽ നാറ്റ്പാക് കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) എങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ റോഡുകളുടെ വളവ് മാറ്റിയും വീതി കൂട്ടിയും റോഡപകടങ്ങൾ ഒഴിവാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

മുൻഗണനാ പട്ടികയിലുള്ള സംസ്ഥാനപാതയിലെയും മറ്റ് പാതകളിലെയും തെരഞ്ഞെടുക്കപ്പെട്ട 75 റോഡപകട ബ്ലാക്ക് സ്പോട്ടുകളുടെ ഹ്രസ്വകാല പരിഹാര നടപടികളും ഡിസൈനുകളും അടങ്ങിയ റിപ്പോർട്ട് നാറ്റ്പാക് കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റിയും റോഡ് സുരക്ഷാസെല്ലും ചേർന്ന് പൊതുമരാമത്ത് വകുപ്പ് വഴി മേൽപ്പറഞ്ഞ തിരുത്തൽ നടപടികൾക്കായി എസ്റ്റിമേറ്റ് എടുക്കുകയും തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. ദേശീയപാതകളിലെ അപകട സാദ്ധ്യതയുടെ കണക്കുകളുടെ അടിസ്ഥാനത്തിൽ NHAI പരിഹാര നടപടികൾ കൈക്കൊണ്ടുവരുന്നു. പ്രസ്തുത ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയ റോഡ് ഭാഗങ്ങളിൽ സ്ഥലലഭ്യത/ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വളവ് നിവർത്തി വീതി കൂട്ടിയും വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനായി, വേഗത നിയന്ത്രണ ഉപാധികളായ റമ്പിൾസ് സ്ട്രിപ്പുകളും മറ്റ് റോഡ് സുരക്ഷാക്രമീകരണങ്ങളും ഏർപ്പെടുത്തി അപകടങ്ങൾ കുറയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സർവ്വേ നടപടികൾ കാര്യക്ഷമമാക്കൽ**

13 (*373) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരേഖാ സംവിധാനം കാര്യക്ഷമമാക്കുന്നതിന് സർവ്വേ വകുപ്പിന്റെ പ്രവർത്തനം നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഭൂരേഖാ സംവിധാനം കാര്യക്ഷമമാക്കുന്നതിന് സർവ്വേ വകുപ്പിന്റെ പ്രവർത്തനം നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായെങ്കിലും 87 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള വില്ലേജുകളെല്ലാം പരമ്പരാഗത സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്നതിനോ

സാധിക്കാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ 87 വില്ലേജുകൾ ഒഴികെയുള്ള 1579 വില്ലേജുകളും (റീസർവ്വേ ജോലികൾ പുരോഗതിയിലുള്ള വില്ലേജ് ഉൾപ്പെടെ) നൂതന സാങ്കേതിക വിദ്യയുടെ സഹായത്താൽ സർവ്വേ നടത്തി മാപ്പുകൾ ഡിജിറ്റലായി തയ്യാറാക്കുന്നതിനും ഭൂപരിപാലനത്തിന്റെ ഭാഗമായി മാപ്പ് ഉൾപ്പെടെയുള്ള സേവനം പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ബി) എല്ലാ ഭൂമിക്കും രേഖ എന്ന ആശയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്താൽ സർവ്വേ ചെയ്ത് സംസ്ഥാനത്തിന്റെ എല്ലാ ഭൂമികളുടെയും ഡിജിറ്റൽ ലാൻഡ് റിക്കാർഡുകൾ തയ്യാറാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനത്ത് മാന്വലായി നടന്നുവരുന്ന സർവ്വേ പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്താമോ?

റീസർവ്വെ പൂർത്തിയായ 909 വില്ലേജുകളിൽ 87 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള 822 വില്ലേജുകൾ പരമ്പരാഗത സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് മാന്വലായി സർവ്വെ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. പരമ്പരാഗത സർവ്വേ ഉപകരണങ്ങളായ ചെയിൻ, ക്രോസ്സ് സ്റ്റാഫ് എന്നിവ ഉപയോഗിച്ച് സർവ്വേ നടത്തിയിട്ടുള്ള 8 വില്ലേജുകളുടെ റിക്കാർഡുകൾ നാളതീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാരിന്റെ ആദ്യ നൂറുദിന കർമ്മപരിപാടിയിൽ സർവ്വേ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാരിന്റെ ആദ്യ 100 ദിന കർമ്മ പരിപാടിയിൽ സർവ്വേയും ഭൂരേഖയും വകുപ്പുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്:

(1) എട്ട് വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി സർവ്വേ അതിരടയാള നിയമം സെക്ഷൻ 13 പ്രസിദ്ധീകരിക്കുന്നതിനും, 5 വില്ലേജുകളുടെ ഫീൽഡ് ജോലി പൂർത്തിയാക്കി സർവ്വേ അതിരടയാള നിയമം സെക്ഷൻ 9(2) പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടി.

(2) മുൻകാലങ്ങളിൽ ഡിജിറ്റലായി സർവ്വേ മാപ്പുകൾ തയ്യാറാക്കിയിട്ടുള്ള 87 വില്ലേജുകളും റീസർവ്വേ പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്ന 8 വില്ലേജുകളും ചേർത്ത് 95 വില്ലേജുകളുടെ മാപ്പ് ഓൺലൈൻ ആപ്ലിക്കേഷനായ e-Map സോഫ്റ്റ്വെയറിൽ ലഭ്യമാക്കുന്നതിനുള്ള നടപടി.

(3) Continuously Operating Reference Stations (CORS) 28 എണ്ണം സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് സർവ്വേ ഓഫ് ഇന്ത്യ മുഖേന ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടി.

(4) Survey of Villages and Mapping with Improvised Technology in Village Areas (SVAMITVA) സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള നടപടി.

(ഇ) സർവ്വേ നടപടികൾ വേഗത്തിലാക്കുന്നതിനായി ഡിജിറ്റൽ സർവ്വേ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ആധുനിക സർവ്വേ ഉപകരണങ്ങളായ Global Positioning System (GPS), Electronic Total Station (ETS) എന്നിവ ഉപയോഗിച്ചുള്ള ഡിജിറ്റൽ റീസർവ്വേ പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. ടി ജോലികൾ കൂടുതൽ വേഗത്തിലും കൃത്യതയിലും നിർവ്വഹിക്കുന്നതിലേയ്ക്കായി Continuously Operating Reference Station (CORS) നെറ്റ്‌വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും Real-time kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വേ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ഇതിലേക്കായി ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന സംസ്ഥാനത്ത് CORS നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**സ്റ്റാർസ് പദ്ധതി**

14 (*374) <u>ശ്രീ. ലിന്റോ ജോസഫ്</u>:
<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>:
<u>ശ്രീ. ഐ. ബി. സതീഷ്</u>:
<u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെയുള്ള സ്റ്റാർസ് പദ്ധതിയിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; പദ്ധതിയിൽ എന്തെല്ലാം ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ?

ഉണ്ട്. സ്റ്റാർസ് പദ്ധതിക്ക് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കേരളം ഉൾപ്പെടെയുള്ള 6 സംസ്ഥാനങ്ങളിലെ പഠനബോധന പ്രക്രിയയും പഠന നേട്ടങ്ങളും ശാക്തികരിക്കുക (Strengthening teaching Learning and Results for States) എന്ന പദ്ധതി കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് വഴി നടപ്പിലാക്കാനുള്ള പ്രാരംഭ ചർച്ചകൾ പൂർത്തിയായിവരുന്നു. ഈ പദ്ധതി ലോക ബാങ്കിന്റെ സഹായത്തോടെ കേന്ദ്ര വിദ്യാഭ്യാസ വകുപ്പുവഴി സമഗ്ര ശിക്ഷാ കേരളയാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി പ്രീസ്കൂൾ വിദ്യാഭ്യാസം, പഠന വിലയിരുത്തൽ സമ്പ്രദായത്തിന്റെ മെച്ചപ്പെടുത്തൽ, അദ്ധ്യാപക ശാക്തീകരണം വഴിയുള്ള സ്കൂൾ നേതൃത്വവും പഠനബോധന പ്രക്രിയയുടെ ശാക്തീകരണവും തൊഴിൽ നൈപുണ്യവും വൊക്കേഷണൽ വിദ്യാഭ്യാസവും വിദ്യാഭ്യാസ മാനേജ്മെന്റും നിർവ്വഹണവും എന്നീ മേഖലകളിലാണ് സാമ്പത്തിക അക്കാദമിക സഹായങ്ങൾ ലഭ്യമാകുന്നത്. സ്റ്റാർസ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 2021-22 വർഷത്തെ സംസ്ഥാനത്തിന്റെ പദ്ധതി അംഗീകാരത്തിനായി കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഏകപക്ഷീയമായി പ്രഖ്യാപിച്ച വിദ്യാഭ്യാസ നയം 2020 പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമാണോ സ്റ്റാർസ് പദ്ധതി എന്ന് വ്യക്തമാക്കുമോ; പാഠ്യ പദ്ധതി നിർണ്ണയാവകാശം കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നത് സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ?

കേന്ദ്ര വിദ്യാഭ്യാസ നയത്തിൽ പ്രഖ്യാപിച്ച ചില പദ്ധതികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. പാഠ്യപദ്ധതി നിർണ്ണയാവകാശം കേന്ദ്രം ഏറ്റെടുക്കുകയാണെങ്കിൽ സംസ്ഥാനാവശ്യങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളിക്കുന്നതിൽ പ്രയാസം നേരിടുമെന്ന് കരുതുന്നു. ഇക്കാര്യത്തിലുള്ള കേന്ദ്രീകൃത സമീപനം ദോഷകരമാണ്.

(സി) പ്രസ്തുത നയം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നോ?

സമർപ്പിച്ചിട്ടുണ്ട്.

## സർക്കാർ ഭൂമിയുടെ വിസ്തൃതി കുറയുന്നത് തടയാൻ നടപടി

15 (*375) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വക ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ, സർക്കാർ ഭൂമി ഭൂരഹിതർക്ക് പതിച്ചുനൽകൽ, വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ ഭൂമി ഏറ്റെടുക്കൽ, പ്രകൃതിക്ഷോഭം എന്നിവമൂലം സർക്കാർ ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്നു.

(സി) ഭൂമിനഷ്ടം ഒഴിവാക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുക, എല്ലാ വില്ലേജുകളിലും റീസർവ്വെ നടത്തി സർക്കാർ ഭൂമി കണ്ടെത്തി അവ അതിർത്തി തിരിച്ച് സംരക്ഷിക്കുക, സർക്കാർ ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച വിവരം ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുക എന്നീ നടപടികളിലൂടെ ഭൂമി നഷ്ടം ഒഴിവാക്കാവുന്നതാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം സമയബന്ധിതമായി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഭൂമിയിലെ കയ്യേറ്റം തടയുന്നതിന് കേരള ഭൂസംരക്ഷണനിയമം 1957-ഉം 1958-ലെ അനുബന്ധ ചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-9-2018-ലെ സർക്കാർ ഉത്തരവ് (സാധാ) 3778/18/റവ. പ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ സ്ഥല പരിശോധനകൾ നടത്തി കയ്യേറ്റം തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കയ്യേറ്റം കണ്ടെത്തുന്നപക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായിത്തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**വിനോദസഞ്ചാര വികസന പദ്ധതികൾ**

16 (*376) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വികസനത്തിന്റെ ഭാഗമായി പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളുടെ ടൂറിസം സാധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അതത് ജില്ലകളിലെ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട സ്റ്റേക്ക്ഹോൾഡേഴ്സിനേയും പഞ്ചായത്ത് പ്രതിനിധികളെയും ഉൾപ്പെടുത്തി വിനോദസഞ്ചാര വകുപ്പുമന്ത്രി യോഗം നടത്തിവരുന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചുവരുന്നു. കൂടാതെ കേരളത്തിലെ മലയാള സാഹിത്യത്തിലെ അതികായന്മാരെക്കുറിച്ച് ഇവിടെ എത്തിച്ചേരുന്ന സഞ്ചാരികൾക്ക് മനസ്സിലാക്കാനും അതോടൊപ്പം കേരളത്തിലെ പ്രകൃതി വൈവിദ്ധ്യങ്ങളെ കോർത്തിണക്കിയും ബൃഹത് ടൂറിസം സർക്യൂട്ടുകൾ നടപ്പിലാക്കാൻ തീരുമാനിച്ചു. മലബാർ ലിറ്റററി സർക്യൂട്ട്, ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് എന്നീ സർക്യൂട്ടുകൾക്കായി 50 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിനായി പോസ്റ്റ് കോവിഡ് പ്രൊമോഷൻ ക്യാമ്പയിനുകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കോവിഡുമൂലം പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയിലെ നിക്ഷേപകർക്കും തൊഴിലാളികൾക്കും ആശ്വാസമായി കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ ഈ വർഷംകൂടി തുടരുന്നത് സംബന്ധിച്ച വിഷയം ആലോചനയിലാണ്. സംസ്ഥാനത്തെ വിവിധ ടൂറിസം വകുപ്പ് ക്ലാസിഫൈഡ് ആയുർവ്വേദ സെന്ററുകൾ, ഹോംസ്റ്റേ, സർവീസ്ഡ് വില്ല, റസ്റ്റോറന്റ്, അമ്യൂസ്മെന്റ് പാർക്ക്, അഡ്വഞ്ചർ ടൂറിസം ആക്ടിവിറ്റികൾ, ടൂർ ഓപ്പറേറ്റർമാർ എന്നിവർക്ക്

അവരുടെ അംഗീകാരം/ക്ലാസിഫിക്കേഷൻ കാലാവധി തീരുന്ന മുറയ്ക്ക് 2021 ഡിസംബർ 31 വരെ യാതൊരു ഉപാധികളുമില്ലാതെ നീട്ടിനൽകാൻ അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ടൂറിസം നിക്ഷേപകരുടെ പ്രശ്നങ്ങൾ കേൾക്കാനും ആയതിന്റെ പരിഹാരത്തിനുമായി ഈ മേഖലയിലെ സംരംഭകരുടെ ഒരു യോഗം 2021 മേയ് മാസം 27-ന് വിളിച്ചുചേർക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തുടർ കർമ്മ പദ്ധതികൾക്കായി ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര സഞ്ചാരികൾ എത്താനുള്ള തടസ്സം മുന്നിൽക്കണ്ട് ആഭ്യന്തര വിനോദസഞ്ചാരം പരിപോഷിപ്പിക്കാനുള്ള പദ്ധതികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ടൂറിസം രംഗവുമായി ബന്ധപ്പെട്ട എല്ലാവർക്കും ഊർജ്ജിത കോവിഡ് പ്രതിരോധ വാക്സിനേഷൻ ഡ്രൈവ് നടന്നുവരുന്നു. ആരോഗ്യ വകുപ്പുമായി ചേർന്ന് ടൂറിസം മേഖലയിൽ (ഹോട്ടൽ, റിസോർട്ട്) മുൻ നിരയിൽ പ്രവർത്തിക്കുന്ന 18-നും 45 വയസ്സിനും ഇടയിലുള്ള 20,000 ജീവനക്കാർക്ക് വാക്സിനേഷൻ നൽകിക്കഴിഞ്ഞു. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ടൂറിസ്റ്റ് ഗൈഡുകൾ, ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർ, ടൂർ ഓപ്പറേറ്റർമാർ, ഹോം സ്റ്റേകൾ, സർവ്വീസ്ഡ് വില്ലകൾ, ഗൃഹസ്ഥലി യൂണിറ്റുകൾ, ഹൗസ്ബോട്ടുകൾ, മോട്ടോർ ബോട്ടുകൾ എന്നിവയിലെ 18 വയസ്സിനുമുകളിലുള്ള ജീവനക്കാർക്ക് വാക്സിൻ നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുറഞ്ഞ കാലയളവിൽത്തന്നെ വിനോദസഞ്ചാര വികസനത്തിനായി വിവിധ പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ സഹായം അനുവദിക്കുന്നതിന് കേന്ദ്രം എന്തെങ്കിലും നിബന്ധന നിർദ്ദേശിച്ചിരുന്നുവോ; എങ്കിൽ വിശദമാക്കുമോ?

കേന്ദ്ര ടൂറിസം മന്ത്രാലയം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്കാണ് കേന്ദ്ര ടൂറിസം മന്ത്രാലയം അനുമതി നൽകുന്നത്. നിലവിൽ കേന്ദ്ര ടൂറിസം മന്ത്രാലയം അനുവദിച്ച താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സ്വദേശ് ദർശൻ സ്കീം; ഡെവലപ്മെന്റ് ഓഫ് ശബരിമല - എരുമേലി - പമ്പ-സന്നിധാനം ആസ് എ സ്പിരിച്വൽ സർക്യൂട്ട് ഇൻ പത്തനംതിട്ട; ഡെവലപ്മെന്റ് ഓഫ് ശ്രീപത്മനാഭ സ്വാമി ടെംബിൾ - ആറന്മുള - ശബരിമല ആസ് എ സ്പിരിച്വൽ സർക്യൂട്ട് ഇൻ കേരള; ഡെവലപ്മെന്റ് ഓഫ് റൂറൽ ടൂറിസം സർക്യൂട്ട് - മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട് ഇൻ കേരള അണ്ടർ സ്വദേശ് ദർശൻ സ്കീം; ഡെവലപ്മെന്റ് ഓഫ് സ്പിരിച്വൽ സർക്യൂട്ട് - ശിവഗിരി ശ്രീനാരായണഗുരു ആശ്രമം - അരുവിപ്പുറം - കുന്നുംപുറം ശ്രീസുബ്രഹ്മണ്യം - ചെമ്പഴന്തി ശ്രീനാരായണഗുരുകുലം ഇൻ കേരള.

കൂടാതെ, സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈയിൻ മലയാറ്റൂർ, ചേരമാൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ എന്നീ പിൽഗ്രിം ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി പദ്ധതികൾ അനുവദിക്കുന്നതിനായി ഈ രണ്ട് പദ്ധതികളുടെ കൺസെപ്റ്റ് നോട്ട് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പദ്ധതിയുടെ ഡി.പി.ആർ. സമർപ്പിക്കാൻ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈയിൻ മലയാറ്റൂർ എന്ന പദ്ധതിക്കായി 30 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി 20-2-2021-ൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് സ്കീമിൽ സമർപ്പിക്കുകയും ചെയ്തു. കൂടാതെ ചേരമാൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ ഇൻ കേരള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ 14-8-2019-ലെ കത്ത് പ്രകാരം ഏതെങ്കിലും രണ്ട് പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി സമർപ്പിക്കാൻ നിർദ്ദേശം ഉണ്ടാകുകയും അതിന്റെ അടിസ്ഥാനത്തിൽ ടൂറിസം ഡെവലപ്മെന്റ് അറ്റ് മലങ്കര ഡാം സറൗണ്ടിംഗ്സ് അറ്റ് ഇടുക്കി ഡാം എന്ന പദ്ധതിയുടെ ഡി.പി.ആർ. 14-6-2021-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. കൂടാതെ അതിരപ്പിള്ളി- മലയാറ്റൂർ-കാലടി-കോടനാട് നാച്ചുറൽ ബേസ്ഡ് ടൂറിസം സർക്യൂട്ട് എന്ന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) വിനോദസഞ്ചാര വികസനത്തിനുവേണ്ടി നിക്ഷേപം നടത്തേണ്ട സ്ഥലങ്ങളുടെ മുൻഗണന തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനം എന്താണെന്ന് വിശദീകരിക്കാമോ?

കേരളത്തിലെ അനന്തമായ ടൂറിസം സാദ്ധ്യതയുള്ളതും എന്നാൽ നാളിതുവരെ അവയുടെ സാധ്യത പ്രയോജനപ്പെടുത്താത്തതുമായ പുതിയ ടൂറിസം കേന്ദ്രങ്ങളെ കണ്ടെത്തി അവിടത്തെ അടിസ്ഥാനസൗകര്യവികസനം നടത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിലെ ടൂറിസം സാദ്ധ്യത പരിശോധിച്ച് നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ രണ്ട് സർക്യൂട്ട് ടൂറിസം പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. മലബാർ ലിറ്റററി സർക്യൂട്ട് - മലയാള സാഹിത്യത്തിലെ അതികായന്മാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ.വി. വിജയൻ, ശ്രീ. എം. ടി. വാസുദേവൻ നായർ എന്നിവരിലൂടെ പ്രശസ്തി നേടിയ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രാക്ക്, ഭാരതപ്പുഴയുടെ തീരങ്ങൾ, കൂടാതെ പൊന്നാനി, തൃത്താല എന്നീ സ്ഥലങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. ബയോ ഡൈവേഴ്സിറ്റി

സർക്യൂട്ട് - കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺട്രോതുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറമരുതിമല, ജടായുപ്പാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ബയോ ഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ടാണിത്. ഈ സർക്യൂട്ടുകൾക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റുമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത വിഷയത്തിൽ മലബാർ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ?

പരിഗണിക്കാവുന്നതാണ്. മലബാർ മേഖലയിലെ അനന്തമായ ടൂറിസം സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി മലബാർ ലിറ്ററി സർക്യൂട്ട് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതോടൊപ്പം നിലവിൽ 80.37 കോടി രൂപയുടെ കേന്ദ്ര ടൂറിസം അനുവദിച്ച മലനാട്- മലബാർ ക്രൂയിസ് ടൂറിസം എന്ന പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

### ഭൂരേഖകളുടെ കൃത്യത

17 (*377) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>:
<u>ശ്രീ. ഒ. ആർ. കേളു</u>:
<u>ശ്രീ. എം. നൗഷാദ്</u>:
<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) ഭൂരേഖകളുടെ കൃത്യതയ്ക്ക് എല്ലാ ഭൂവുടമകളുടെയും തണ്ടപ്പേർ നമ്പർ ആധാരവുമായി ലിങ്ക് ചെയ്യാനുള്ള പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുണ്ടോ; പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12-2-2020-ലെ സ.ഉ.(സാധാ) നമ്പർ 552/2020/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ യുണീക് തണ്ടപ്പേരിന്റെ Key Identifier ആയി ആധാർ seed ചെയ്യുന്നതിനായി യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുടെ സംസ്ഥാന നോഡൽ ഏജൻസിയായ കേരള ഐ.റ്റി. മിഷനുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. ആധാർ Sub AUA (Sub Authenticating Agency) ആയി റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുന്നതിനുള്ള അപേക്ഷയും അണ്ടർടേക്കിംഗും ഐ.റ്റി. മിഷൻ മുഖേന UIDAI-ക്ക് അയച്ചിട്ടുണ്ട്. ടി അനുമതി ലഭ്യമായാലുടൻ ഓൺലൈനായി ഭൂമി

കൈമാറ്റ നടപടികൾ ചെയ്യുന്നതിന് നിലവിൽ ഉപയോഗത്തിലുള്ള റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (ReLIS) ആവശ്യമായ സോഫ്റ്റ്‌വെയർ അപ്‌ഡേഷൻ ചെയ്യുന്നതിന് NIC-യുടെ സ്റ്റേറ്റ് ഇൻഫോമാറ്റിക്സ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. സംസ്ഥാനത്ത് എല്ലാ ഭൂവുടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. അതുവഴി ഒരു ഭൂവുടമയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാവുകയും ആയത് വഴി ജനങ്ങൾക്ക് സുഗമവും സുതാര്യവുമായി ഭൂമിസംബന്ധമായ ഇടപാടുകൾ നടത്തുന്നതിനും സാധിക്കും.

(ബി) ഭൂമി സംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളിലെ സോഫ്റ്റ്‌വെയർ ബന്ധിപ്പിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതോടൊപ്പംതന്നെ ഓൺലൈനായി പോക്കുവരവും സാദ്ധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഭൂമി സംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളിലെ സോഫ്റ്റ്‌വെയർ ബന്ധിപ്പിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതോടൊപ്പംതന്നെ ഓൺലൈൻ ആയി പോക്കുവരവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈനായി നികുതി അടയ്ക്കാനുള്ള സംവിധാനം പൂർണ്ണമായും പ്രാവർത്തികമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ 1666 വില്ലേജുകളിൽ 1656 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകളും 1607 വില്ലേജുകളിലെ തണ്ടപ്പേർ രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന ഓൺലൈനായി പോക്കുവരവും ഭൂനികുതി സ്വീകരിക്കുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

## ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ

18 (*378) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>:
<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:
<u>ശ്രീ. കെ. ബാബു (നെന്മാറ)</u>:
<u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിന് പ്രത്യേകമായി ആസൂത്രണം ചെയ്ത പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമെന്ന പ്രഖ്യാപിത നിലപാട് യഥാർത്ഥ്യമാക്കാൻ അദ്ധ്യാപന ഗുണനിലവാരം ഉയർത്തേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് നിരവധി പ്രവർത്തനങ്ങൾ സമഗ്രശിക്ഷാ കേരളം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. അവയിൽ പ്രധാനപ്പെട്ടവയാണ് ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ് എന്നീ പദ്ധതികൾ.

<u>ഹലോ ഇംഗ്ലീഷ്</u>:- ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ പറയാനും എഴുതാനും കുട്ടികളെ പ്രാപ്തമാക്കുന്നതിനായി എൽ.പി., യു.പി. ക്ലാസ്സുകളിൽ നടപ്പിലാക്കിയ പദ്ധതി ജേർണലുകൾ പ്രിന്റ് ചെയ്ത് സ്കൂളുകൾക്ക് നൽകി. അദ്ധ്യാപകർക്ക് പരിശീലനം നൽകി.

<u>ഹലോ വേൾഡ്</u>:- 2020-21 വർഷം കോവിഡ്-19 മൂലം വിദ്യാലയങ്ങൾ അടഞ്ഞുകിടന്നപ്പോൾ ഇംഗ്ലീഷ് ഭാഷാപഠനത്തിനായി എൽ.പി., യു.പി. ക്ലാസ്സുകളിലെ കുട്ടികൾക്ക് നൽകിയ ഡിജിറ്റൽ ഇന്ററാക്ടീവ് പഠന പാക്കേജ് ആണിത്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ ക്ലാസ്സ്തല വാട്ട്സാപ്പ് ഗ്രൂപ്പുകൾ വഴി അദ്ധ്യാപകർ നടത്തുകയും ചെയ്തു.

<u>ഇ-ക്യൂബ്</u>:- ഡിജിറ്റൽ സാദ്ധ്യതകൾ ഉൾപ്പെടുത്തി പഠനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഇ-ക്യൂബ് ഇംഗ്ലീഷ് എന്ന പേരിൽ ഒരു പദ്ധതി കൈറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി. ഇംഗ്ലീഷ് കഥകൾ കേൾക്കാനും സംസാരിക്കാനും നിരവധി അവസരങ്ങൾ ഒരുക്കുന്ന തലത്തിലുള്ള പ്രസ്തുത പരിപാടി നടന്നുവരുന്നു. കുട്ടികളുടെ ഇംഗ്ലീഷ് സംസാരിക്കാനുള്ള കഴിവ് മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) ഹൈദരാബാദിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസിന്റെ മാതൃകയിൽ സംസ്ഥാനത്ത് ഇംഗ്ലീഷ് ഭാഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിട്ടത് എന്തൊക്കെയെന്നും പ്രസ്തുത കേന്ദ്രങ്ങൾ സ്ഥാപിച്ചത് എവിടെയൊക്കെയെന്നും വ്യക്തമാക്കാമോ?

ഹൈദരാബാദിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ സംസ്ഥാനത്ത് ഡിസ്ട്രിക്റ്റ് സെന്റർ ഫോർ ഇംഗ്ലീഷ് എന്ന പേരിൽ 4 കേന്ദ്രങ്ങൾ ആരംഭിച്ചു. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലാണ് പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ പ്രസ്തുത കേന്ദ്രങ്ങൾ അതത് ജില്ലയിലെ ഡയറ്റുമായി ബന്ധിപ്പിച്ച് പ്രവർത്തിച്ചുവരുന്നു.

(സി) പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഏതൊക്കെ രീതിയിൽ സ്കൂളുകളിലെ ഇംഗ്ലീഷ് ഭാഷാ പഠന നിലവാരം മെച്ചപ്പെടുത്താൻ ഉപകരിച്ചുവെന്ന് വ്യക്തമാക്കാമോ?

സ്കൂളുകളിലെ ഇംഗ്ലീഷ് ഭാഷാ പഠന നിലവാരം ഉയർത്താനായി നിരവധി പദ്ധതികൾ പ്രസ്തുത കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിരുന്നു. ഇംഗ്ലീഷ് ഒളിമ്പ്യാഡ്, ഇംഗ്ലീഷ് കാർണിവെൽ തുടങ്ങിയ പരിപാടികളിലൂടെയും സമഗ്ര അദ്ധ്യാപക പരിശീലനത്തിലൂടെയും സർട്ടിഫിക്കറ്റ് കോഴ്സിലൂടെയും അദ്ധ്യാപനത്തിന്റെയും അധ്യയനത്തിന്റെയും ഗുണനിലവാരം ഉയർത്താൻ കഴിഞ്ഞു.

(ഡി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത ഭാഷാ കേന്ദ്രങ്ങൾ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ഹൈസ്കൂൾ, പ്രൈമറി ഇംഗ്ലീഷ് അദ്ധ്യാപകർക്കായി ഓൺലൈൻ പരിശീലനം ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷ് മുഖാന്തിരം നടത്തിയിട്ടുണ്ട്.

## സ്കൂളുകളിൽ മലയാള ഭാഷാ പഠനം

19 (*379) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പത്താംതരം വരെ മലയാള ഭാഷ പഠിപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

2-6-2018-ലെ സ.ഉ.(അച്ചടി) നമ്പർ 14/18/പൊ.വി.വ. പ്രകാരം സംസ്ഥാനത്തെ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിൽ മലയാളം ഒരു ഭാഷയായി പഠിപ്പിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള മലയാള ഭാഷാപഠന ചട്ടങ്ങൾ നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങൾ ഉൾപ്പെടെയുള്ള സി.ബി.എസ്.ഇ. സ്കൂളുകളിലും മലയാള ഭാഷാപഠനം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

2-6-2018-ലെ സ.ഉ.(അച്ചടി) നമ്പർ 14/18/പൊ.വി.വ.. പ്രകാരം സംസ്ഥാനത്തെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്കൂൾതല പരിശോധനകൾ നടത്താൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രീയ വിദ്യാലയങ്ങളിലെ അക്കാദമിക നിർവ്വഹണത്തിൽ ഇടപെടുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിലും സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്.

## വിദ്യാർത്ഥികളിലെ സ്പോർട്സ് അഭിരുചി

20 (*380) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതിയുടെയും പഠനാനുബന്ധ പ്രവർത്തനങ്ങളുടെയും ഭാഗമായി വിദ്യാർത്ഥികളിലെ സ്പോർട്സ് അഭിരുചി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരളത്തിൽ പാഠ്യപദ്ധതിയുടെ ഭാഗമായാണ് കായിക വിദ്യാഭ്യാസവും സ്പോർട്സും ഉൾപ്പെടുത്തിയിട്ടുള്ളത്. കുട്ടികളുടെ ശാരീരിക, മാനസിക, സാമൂഹിക വികാസമാണ് കായികപഠനം ലക്ഷ്യമിടുന്നത്. പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള വിദ്യാർത്ഥികളിൽ കായിക അഭിരുചി വളർത്തുന്നതിനായി സ്കൂൾ പാഠ്യപദ്ധതിയുടെയും പഠനാനുബന്ധ പ്രവർത്തനങ്ങളുടെയും ഭാഗമായി 38 കായിക ഇനങ്ങളിലായി മത്സരങ്ങൾ നടത്തിവരുന്നു. ഇത് സ്കൂൾ, സബ് ജില്ല, സംസ്ഥാന, ദേശീയ അന്തർദേശീയ തലം വരെ വിദ്യാർത്ഥികൾക്ക് മത്സരിക്കാനുള്ള സാധ്യത ഉറപ്പുനൽകുന്നു. കൂടാതെ പ്രൈമറി തലത്തിലെ കുട്ടികളെ കായികവിനോദങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായുള്ള പരിശീലനം നൽകുന്നതിന് സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ കായികാധ്യാപകരെ കരാർ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്. ഈ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ കോവിഡ് കാലത്തും ഓൺലൈനായി പരിശീലനങ്ങൾ യൂട്യൂബ് ചാനൽ വഴി സംഘടിപ്പിക്കുന്നു. 2020-21 വർഷം സർക്കാർ സ്കൂളുകൾക്ക് കായിക

ഉപകരണങ്ങൾ വാങ്ങുന്നതിന് സ്പോർട്സ് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ബാസ്കറ്റ്ബോൾ, അത്‌ലറ്റിക്സ്, ഫുട്ബോൾ, നീന്തൽ എന്നീ കായിക ഇനങ്ങളിൽ അടിസ്ഥാന പരിശീലന പദ്ധതികളായ ഹൂപ്സ്, സ്പ്രിന്റ്, കിക്കോഫ്, സ്പ്ലാഷ് എന്നീ പദ്ധതികളിൽ കായിക യുവജനകാര്യാലയം മുഖേന തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ അടിസ്ഥാന പരിശീലന പദ്ധതികളായ ജൂഡോക്ക, പഞ്ച് എന്നിവയും ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) വിദ്യാർത്ഥികളിൽ കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന് പരിപാടികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ആരോഗ്യ-കായിക പഠനം പ്രീ-പ്രൈമറി മുതൽ ഉദ്ഗ്രഥിതമായും യു.പി., എച്ച്.എസ്. ക്ലാസുകൾ സ്വതന്ത്രമായും എന്ന രീതിയിൽ കായിക പഠനം നടന്നുവരുന്നു. 5 മുതൽ 10 വരെ ക്ലാസുകളിലേയ്ക്ക് ടീച്ചർ ടെക്സ്റ്റ്, ആക്ടിവിറ്റി ബുക്കുകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ കോവിഡ് പശ്ചാത്തലത്തിൽ കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ കായിക വിദ്യാഭ്യാസത്തിന്റെ ഡിജിറ്റൽ ക്ലാസ്സുകൾ സംപ്രേഷണം ചെയ്തുവരുന്നു. കൂടാതെ സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രൈമറി വിദ്യാലയങ്ങളിൽ നിയമിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. ജെൻഡർ & ഇക്വിറ്റി ശീർഷകത്തിൽ പെൺകുട്ടികൾക്ക് കരാട്ടെ, തായ്ക്കൊണ്ടെ എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്.

(സി) ഇതിനായി കേന്ദ്രസഹായ പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്രസർക്കാർ പദ്ധതിയായ ഖേലോ ഇന്ത്യ സ്റ്റേറ്റ് സെന്റർ ഫോർ എക്സലൻസായി ജി.വി. രാജ സ്പോട്സ് സ്കൂൾ തെരഞ്ഞെടുത്തിട്ടുണ്ട്. അത്‌ലറ്റിക്സ്, ജൂഡോ, ബോക്സിംഗ് ഇനങ്ങളിലെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരമുള്ള പരിശീലനം നൽകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും പരിശീലകരേയും ഈ പദ്ധതി മുഖാന്തിരം നൽകിവരുന്നു.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഇതിന്റെ തുടർനടപടികൾ വിശദമാക്കാമോ?

ഉണ്ട്. കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. കുട്ടികളെ അവരുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നതിലൂടെ പ്രൊഫഷണൽ ഗെയിമുകളുടെ അടിസ്ഥാന കാര്യങ്ങളിലേക്ക് അവരെ പരിചയപ്പെടുത്തുക, അങ്ങനെ അവരെ സ്പോട്സിലും ഗെയിമുകളിലും പ്രത്യേക താല്പര്യമുള്ളവരാക്കുക, ഇതിലൂടെ ആരോഗ്യമുള്ളതും ഉത്തരവാദിത്വമുള്ളതുമായ പൗരന്മാരെ വാർത്തെടുക്കുക എന്നീ ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഈ പദ്ധതി നിലവിൽ സംസ്ഥാനത്തെ 14 ജില്ലകളിലെ 25 സെന്ററുകളിൽ നടപ്പാക്കുന്നുണ്ട്. കൂടുതൽ സ്കൂളുകളിലേയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നടപ്പിലാക്കുന്ന കേന്ദ്രങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

## ഭൂമിയുടെ തരംമാറ്റൽ

21 (*381) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) ഇരുപത്തിയഞ്ച് സെന്റ് വരെ വിസ്തീർണ്ണമുള്ള പാടമോ വയലോ ഫീസ് സൗജന്യത്തോടെ പുരയിടമോ പറമ്പോ ആക്കി മാറ്റുന്നതിനുള്ള ഉത്തരവിലെ അപാകതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

25 സെന്റ് വരെ വിസ്തീർണ്ണമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരംമാറ്റം സൗജന്യമായി അനുവദിച്ചുകൊണ്ട് വിജ്ഞാപനം ചെയ്ത 21-4-2021-ലെ S.R.O. 369/2021-ലുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 23-7-2021-ലെ റവ.പി1/117/2021-റവ സർക്കുലർ പ്രകാരം സ്പഷ്ടീകരണങ്ങൾ നൽകിയിട്ടുണ്ട്.

(ബി) നെൽവയൽ തണ്ണീർത്തട ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഇരുപത്തിയഞ്ച് സെന്റ് വരെയുള്ള ഭൂമി നികത്തുന്നതിനായുള്ള അപേക്ഷകൾ തീർപ്പാക്കാൻ കഴിയാതെ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന സ്ഥിതിവിശേഷം സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

25 സെന്റ് വരെ വിസ്തീർണ്ണമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിക്ക് സൗജന്യമായി തരംമാറ്റം അനുവദിക്കാമെന്നുള്ള വ്യവസ്ഥ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്ത 21-4-2021-ലെ SRO 369/2021-ലുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി ആർ.ഡി.ഒ.മാർ സ്പഷ്ടീകരണം/മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ആവശ്യങ്ങൾ പരിശോധിച്ച്, 23-7-2021-ലെ റവ-പി1/117/2021-റവ സർക്കുലർ പ്രകാരം സ്പഷ്ടീകരണങ്ങൾ നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ തരം മാറ്റ അപേക്ഷകളിൻമേൽ അടിയന്തിര നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിച്ചുവരുന്നതുമാണ്.

**മലയോര ഹൈവേ നിർമ്മാണം**

22 (*382) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. എം. മണി:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോരപ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള മലയോര ഹൈവേയുടെ നിർമ്മാണപ്രവർത്തനങ്ങൾ ജനങ്ങൾ സൗജന്യമായി ഭൂമി വിട്ടുനൽകിയിട്ടും വനം ഭൂമി വിട്ടുകിട്ടാത്തതിനാൽ മന്ദീഭവിക്കുന്നുണ്ടോ?

മന്ദീഭവിക്കുന്നുണ്ട്. വനമേഖലയിൽക്കൂടി കടന്നുപോകുന്ന ഇടങ്ങളിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത പാത നിർമ്മാണത്തിന്റെ എത്ര റീച്ചുകൾക്ക് കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്?

നിലവിൽ 21 റീച്ചുകൾക്കാണ് കിഫ്ബി സാമ്പത്തിക അനുമതി ലഭിച്ചിട്ടുള്ളത്.

(സി) മലയോര പ്രദേശത്തിന്റെ പാരിസ്ഥിതിക പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടുള്ളതാണോ നിർമ്മാണ രീതി എന്ന് അറിയിക്കുമോ?

മലയോര പ്രദേശത്തിന്റെ പാരിസ്ഥിതിക പ്രത്യേകതകൾ കണക്കിലെടുത്താണ് ഡി.പി.ആർ. തയ്യാറാക്കുന്നത്.

## പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം

23 (*383) <u>ശ്രീ. കെ. പ്രേംകുമാർ</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:
<u>ശ്രീ. മുരളി പെരുനെല്ലി</u>:
<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞംമൂലം അടിസ്ഥാന സൗകര്യത്തിലും അക്കാദമിക നിലവാരത്തിലും മികവ് സൃഷ്ടിക്കാനായെങ്കിലും സംസ്ഥാനത്തെ നാലിലൊന്നോളം പൊതുവിദ്യാലയങ്ങളിൽ മാനദണ്ഡപ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്തവയാണെന്നതിന്റെ കാരണം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ?

വിവിധ കാരണങ്ങളാൽ കാലാകാലങ്ങളിൽ ചില പൊതുവിദ്യാലയങ്ങളിൽ മാത്രം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-19 അധ്യയന വർഷത്തിൽ ഇത്തരത്തിൽ 3803 സ്കൂളുകളും 2019-20-ൽ 3848 സ്കൂളുകളും ഉണ്ടായിരുന്നു.

(ബി) ഇത്തരം സ്കൂളുകൾ ഓരോന്നിന്റെയും സാഹചര്യം വിലയിരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രവർത്തന ഫലമായി പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്.

(സി) അക്കാദമിക ഗുണമേന്മ വർദ്ധിപ്പിക്കാൻ പൊതുവേ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ മേഖലയിലെ അക്കാദമിക ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി നിരവധി കർമ്മപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. എസ്.സി.ഇ.ആർ.റ്റി. നടത്തുന്ന പ്രധാന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പാഠ്യപദ്ധതി വിനിമയത്തിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനായി 45000-ത്തിലധികം സ്മാർട്ട് ക്ലാസുകൾ സജ്ജമാക്കി. ഇതിലൂടെയുള്ള വിനിമയം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് അദ്ധ്യാപകരെയും കുട്ടികളെയും ഒരേപോലെ പിന്തുണയ്ക്കുന്ന ഓൺലൈൻ പ്ലാറ്റ്ഫോമായ 'സമഗ്ര' പോർട്ടലിന് അക്കാദമിക പിന്തുണ നൽകി.

(2) കോവിഡ് കാലത്ത് എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി വിക്ടേഴ്സ് ചാനൽ വഴിയുള്ള ഡിജിറ്റൽ ക്ലാസുകൾക്കുള്ള അക്കാദമിക പിന്തുണാ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടപ്പിലാക്കി.

(3) ഓരോ കുട്ടിയെയും നിരന്തരമായി വിലയിരുത്തുന്നതിനുള്ള 'സഹിതം' പോർട്ടലിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

(4) സവിശേഷ കഴിവുകളുള്ള വിദ്യാർത്ഥികൾക്കായി ബ്രെയിൽ ലിപിയിൽ ശബ്ദപുസ്തകങ്ങൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ 'ശ്രുതിപാഠം' എന്ന പേരിൽ ആരംഭിച്ചു. കാഴ്ച/കേൾവി/ ബുദ്ധിപരിമിതി വിദ്യാർത്ഥികൾക്കായി അനുരൂപീകരണ ക്ലാസുകൾ തയ്യാറാക്കി എസ്.സി.ഇ.ആർ.ടി.-യുടെ യൂട്യൂബ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോവിഡ് സാഹചര്യത്തിൽ ശ്രവണ പരിമിതിയുള്ള കുട്ടികൾ പഠിക്കുന്ന സവിശേഷ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് 'ഗണിനിപ്രഭ' എന്ന പേരിൽ സാങ്കേതിക പരിശീലനം നൽകി. ശ്രവണപരിമിതിയുള്ള കുട്ടികൾ പഠിക്കുന്ന സവിശേഷ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് 'മുദ്രികാപാഠം' പദ്ധതി നടപ്പിലാക്കി. 'ഇൻക്ലൂസീവ് സ്പോർട്സ് മാന്വൽ' തയ്യാറാക്കി നൽകി.

(5) എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പൊതുപരീക്ഷകളിൽ കുട്ടികൾക്ക് ആത്മവിശ്വാസം നൽകുന്ന തരത്തിൽ ഉള്ളടക്ക ഭാഗങ്ങളിൽനിന്നും പ്രധാനപ്പെട്ടവയെ ഫോക്കസ് ഏര്യാക്രമത്തിൽ ക്രമീകരിക്കുകയും അവയ്ക്ക് ഊന്നൽ നൽകുന്ന വിധത്തിൽ പരീക്ഷാ ചോദ്യങ്ങളുടെ ഘടന നിശ്ചയിക്കുകയും ചെയ്തു.

(6) അവധിക്കാലത്ത് സമഗ്ര അദ്ധ്യാപക പരിശീലനം നൽകുകയുണ്ടായി. അദ്ധ്യാപക പരിവർത്തന പരിപാടി എസ്.സി.ഇ.ആർ.ടി. ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ശാക്തീകരണത്തിനായി ആറ് മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സായ അദ്ധ്യാപക പരിവർത്തന പരിപാടി നടപ്പിലാക്കി. സർവ്വീസിൽ ആദ്യമായി പ്രവേശിക്കുന്ന അദ്ധ്യാപകർക്കായി ഇൻഡക്ഷൻ പരിശീലനം നൽകിവരുന്നു.

(7) പ്രീ-സ്കൂളുകളും സംസ്ഥാന ശിശുപരിചരണ വികാസകേന്ദ്രങ്ങളും നവീകരിച്ച് ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയായ ക്ലസ്റ്ററധിഷ്ഠിത പ്രീ-സ്കൂളിംഗിന് ആവശ്യമായ മാർഗ്ഗരേഖയും അതിന്റെ അവസ്ഥാപഠനത്തിനുള്ള ടൂളുകളും തയ്യാറാക്കി.

(8) കേരളത്തിലെ 8 മുതൽ 12 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ക്വിക്ക് റെസ്പോൺസ് കോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്.

(9) കുട്ടികളിൽ ഭരണഘടനാദത്തമായ അവകാശങ്ങളെക്കുറിച്ചും ഉത്തരവാദിത്തങ്ങളെക്കുറിച്ചും ലിംഗസമത്വം, ലിംഗനീതി എന്നിവയെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിന് 'നൈതികം' പദ്ധതി നടപ്പിലാക്കി.

(10) പൊതുവിദ്യാഭ്യാസം മുന്നോട്ടുവയ്ക്കുന്ന ശിശു കേന്ദ്രീകൃതമായ വിദ്യാഭ്യാസ കാഴ്ചപ്പാട് രക്ഷിതാക്കളിലെത്തിക്കാനും സമഗ്രമായ രക്ഷാകർത്തൃബോധവൽക്കരണ പരിപാടികൾക്കുമായി എസ്.സി.ഇ.ആർ.ടി. 'നന്മ പൂക്കുന്ന നാളേയ്ക്ക്' എന്ന കൈപ്പുസ്തകം തയ്യാറാക്കി. ഇതിലൂടെ രക്ഷിതാക്കളെയും പൊതുസമൂഹത്തെയും പൊതുവിദ്യാലയത്തിന്റെ നന്മയും മികവും ബോധ്യപ്പെടുത്തുന്നു.

(11) നേരിട്ടുള്ള അക്കാദമിക പിന്തുണ നൽകിക്കൊണ്ട് തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളെ മികവിലേയ്ക്കുയർത്തുന്നതിന് എസ്.സി.ഇ.ആർ.ടി. ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'വിദ്യാലയത്തിനൊപ്പം'.

(12) സംസ്ഥാനത്താകമാനം നടപ്പിലാക്കിയ നൂതനമായ പരീക്ഷണ/ ഗവേഷണപ്രവർത്തനങ്ങളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട അക്കാദമിക പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിനും അത് മറ്റ് വിദ്യാലയങ്ങളിലേയ്ക്കും അദ്ധ്യാപകരിലേയ്ക്കും വ്യാപിപ്പിക്കുന്ന തിനുമായി എസ്.സി.ഇ.ആർ.ടി. പൊതുവിദ്യാലയങ്ങളിലെ മികവാർന്ന പ്രവർത്തനങ്ങൾ 'മികവിന്റെ നേർസാക്ഷ്യങ്ങൾ' എന്ന പേരിൽ ഡോക്യുമെന്ററി ചെയ്ത് പ്രചരിപ്പിച്ചുവരുന്നു.

(13) കേരളത്തിലെ അപ്പർപ്രൈമറി വിദ്യാർഥികളുടെ ഇംഗ്ലീഷ് പഠനം കൂടുതൽ ആകർഷകമാക്കുക എന്ന ലക്ഷ്യത്തോടെ അപ്പർ പ്രൈമറി ഇംഗ്ലീഷ് അധിക വായനാസാമഗ്രികൾ തയ്യാറാക്കിയിട്ടുണ്ട്.

(14) സംസ്ഥാനത്തെ പ്രീ-സ്കൂൾ വിദ്യാഭ്യാസം ഏകോപിപ്പിക്കുന്നതിനും ശാസ്ത്രീയമായി പരിപോഷിപ്പിക്കുന്നതിനുമായി 'കളിപ്പാട്ടം' എന്ന പേരിൽ അദ്ധ്യാപകർക്കുള്ള ഒരു പ്രവർത്തന പുസ്തകം തയ്യാറാക്കി.

(15) മലയാളം, സംസ്കൃതം, അറബിക്, ഉറുദു എന്നീ ഭാഷകളുടെ പരിപോഷണം ലക്ഷ്യമാക്കി എസ്.സി.ഇ.ആർ.ടി. പ്രത്യേക ഗവേഷണപഠനങ്ങൾ നടത്തുകയും അതിന്റെയടിസ്ഥാനത്തിൽ പഴയ പാഠപുസ്തകങ്ങളിലെ പാഠഭാഗങ്ങൾ ക്രോഡീകരിച്ച് വിവിധ തലങ്ങളിലേക്കുള്ള വായനാ സാമഗ്രികൾ വികസിപ്പിച്ചിട്ടുണ്ട്.

(16) പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകളിലെ കുട്ടികളിൽ തൊഴിൽ നൈപുണി വികസിപ്പിക്കുന്ന തരത്തിൽ NSQF എന്ന പദ്ധതി 2018 മുതൽ കേരളത്തിൽ നടപ്പിലാക്കിത്തുടങ്ങി. ഇതിനായി എസ്.സി.ഇ.ആർ.ടി. മാർഗ്ഗരേഖ, പാഠ്യപദ്ധതി എന്നിവ വികസിപ്പിച്ചു.

(17) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി തലത്തിൽ ഗണിതശാസ്ത്ര ബോധനത്തിനായി ആധുനിക സോഫ്റ്റ്വെയർ ഉപയോഗിച്ചുള്ള ഐ.ടി. ഗണിത ലാബ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ വികസിപ്പിക്കുകയും 2019-20 അദ്ധ്യയന വർഷം മുതൽ എല്ലാ സ്കൂളുകളിലും ഐ.ടി. ഗണിത ലാബ് നടപ്പിലാക്കുകയും ചെയ്തു. ഇതോടെ ഹയർസെക്കണ്ടറിയിൽ ഗണിതശാസ്ത്രത്തിന് പ്രായോഗിക പരീക്ഷാ മൂല്യനിർണ്ണയം നടപ്പിലാക്കി.

(18) കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ സാമൂഹ്യാവബോധം വളർത്തുന്നതിനും സാമൂഹ്യശാസ്ത്രപ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുമായി എസ്.സി.ഇ.ആർ.ടി.-യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്ന പരിപാടിയാണ് 'സ്റ്റെപ്സ്'. ഗണിതപ്രതിഭകൾക്ക് അംഗീകാരവും പ്രോത്സാഹനവും നൽകുന്നതിനായി നടത്തിവന്നിരുന്ന പദ്ധതിയാണ് 'ന്യൂമാറ്റ്സ്'.

(19) ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ സവിശേഷമായ കഴിവുകൾ പരിഗണിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി 'ടാലന്റ് ലാബ്' എന്ന പദ്ധതി നടപ്പിലാക്കി.

(20) സെക്കണ്ടറിതലത്തിലെ ഇംഗ്ലീഷ് ഭാഷാപഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി 'റെലീഷ് ഇംഗ്ലീഷ്' എന്ന പേരിലുള്ള പദ്ധതി നടപ്പിലാക്കി.

(21) കേരളത്തിലെ 14 ജില്ലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന പ്രതിഭകളെ പങ്കെടുപ്പിച്ച് സംസ്ഥാന യോഗ ഒളിമ്പ്യാഡ് സംഘടിപ്പിച്ചു. കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി യോഗ പരിശീലനത്തിനാവശ്യമായ സമഗ്ര പാഠ്യപദ്ധതി എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി.

(22) കോവിഡ്-19 സാഹചര്യത്തിൽ അവധിക്കാല സന്തോഷങ്ങൾ, വായനാവസന്തം, അക്ഷരവൃക്ഷം എന്നീ പദ്ധതികൾ നടപ്പിലാക്കി.

(23) കുട്ടിയെ അറിയുക, കുട്ടിയുടെ പരിസരത്തെ അറിയുക, ശേഷികളും ശേഷീവ്യത്യാസങ്ങളും തിരിച്ചറിയുക എന്നീ ആശയങ്ങൾ കേന്ദ്രീകരിച്ച് രക്ഷിതാക്കൾക്കായി 'നന്മപൂക്കുന്ന നാളേയ്ക്ക്' എന്ന കൈപ്പുസ്തകം തയ്യാറാക്കി.

(24) കോവിഡ് കാലത്തെ മാനസിക-വൈകാരിക പ്രശ്നങ്ങൾ, പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പൊതുവിദ്യാലയങ്ങളിലെ മനഃശാസ്ത്ര പ്രശ്നങ്ങളും പരിഹാരവും അട്ടപ്പാടി മേഖലയിലെ ആദിവാസി വിദ്യാഭ്യാസ പ്രശ്നങ്ങൾ, ഗോത്രവർഗ്ഗ വിദ്യാർഥികൾക്കുള്ള അക്കാദമിക പഠനപിന്തുണ, പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാഭ്യാസം തുടങ്ങിയ ഗവേഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(25) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സേവനകാല തുടർ വിദ്യാഭ്യാസ പരിപാടിക്ക് ഒരു പുതിയ തുടക്കം എന്ന നിലയിൽ സമഗ്ര ഹയർ സെക്കണ്ടറി അദ്ധ്യാപക പരിവർത്തന (HSSTTP) പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി.

(26) വിദേശരാജ്യങ്ങൾ, മറ്റു സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബോർഡുകൾ തുടങ്ങിയവ നടത്തുന്ന സെക്കണ്ടറി/ ഹയർസെക്കണ്ടറി കോഴ്സുകൾ പൂർത്തിയാക്കി കേരളത്തിൽ തുടർപഠനത്തിനായി വരുന്ന വിദ്യാർഥികൾക്ക് തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള പരീക്ഷ (KEET) നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചു.

(27) ഡിപ്ലോമ ഇൻ എജ്യുക്കേഷൻ പാഠ്യപദ്ധതി പരിഷ്കരിച്ച് ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ (ഡി.എൽ.എഡ്.) എന്ന പേരിൽ സംസ്ഥാനത്ത് നടപ്പിലാക്കി. അദ്ധ്യാപക വിദ്യാഭ്യാസത്തിനുള്ള പ്രീ-സ്കൂൾ ഡിപ്ലോമ പാഠ്യപദ്ധതി പരിഷ്കരിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കും.

(28) സംസ്ഥാന സർക്കാരിന്റെ ഭാഷാനയം നടപ്പിലാക്കുന്നതിനായി ഒന്ന്, രണ്ട്, മൂന്ന്, നാല് ക്ലാസുകളിൽ തമിഴ്, കന്നഡ ഭാഷകൾ മാതൃഭാഷയായിട്ടുള്ള കുട്ടികൾക്ക് മലയാളം പഠിക്കുന്നതിന് പാഠപുസ്തകങ്ങളും അവയുടെ അദ്ധ്യാപക സഹായികളും എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ചിട്ടുണ്ട്.

(29) ഹയർ സെക്കണ്ടറി വിദ്യാർത്ഥികളെ മാതൃഭാഷയിലൂടെ ആശയങ്ങൾ എളുപ്പത്തിൽ സ്വാംശീകരിക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഹയർസെക്കണ്ടറിയിലെ പാഠപുസ്തകങ്ങളുടെ മലയാളപരിഭാഷ നിർവഹിച്ചു. 26 വിഷയങ്ങളിലായി 74 പുസ്തകങ്ങളുടെ പരിഭാഷ ഇതിനകം പൂർത്തിയായിട്ടുണ്ട്.

(30) കേരളത്തിലെ വിദ്യാലയങ്ങളിൽ ഒന്നാം ഭാഷയായി മലയാളം നിർബന്ധമാക്കിയതിനെ തുടർന്ന് പാഠപുസ്തകങ്ങളും മറ്റ് പഠനസാമഗ്രികളും തയ്യാറാക്കുമ്പോഴുള്ള റഫറൻസിനായി വിവിധ വിഷയങ്ങളിലെ സാങ്കേതികപദങ്ങളുടെ മലയാളപരിഭാഷ (സാങ്കേതികപദാവലി) തയ്യാറാക്കി എസ്.സി.ഇ.ആർ.ടി. വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തു.

**ഉത്തരവാദിത്ത ടൂറിസം മിഷൻ**

24 (*384) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി ദെലീമ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുന്ന പാക്കേജുകൾ എന്തൊക്കെയാണ്?

പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക, ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക, ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

ചെറുതും വലുതുമായ ഉത്തരവാദിത്ത ടൂറിസം അവബോധ ശില്പശാലകൾ; പരിശീലനങ്ങൾ; യൂണിറ്റ് രൂപീകരണം, അവയുടെ ഓൺലൈൻ രജിസ്ട്രേഷൻ; ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തൽ; വിവിധ എക്സ്പീരിയൻസ് ടൂർ പാക്കേജുകളുടെ രൂപീകരണം; അവയുടെ മാർക്കറ്റിംഗും പ്രൊമോഷനും; സംസ്ഥാനത്ത് ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം' (പെപ്പർ); മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ; കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനോടൊപ്പംതന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന എക്സ്പീരിയൻസ് എത്ത്നിക്/ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക് പദ്ധതി; ഗ്രാമീണ ടൂറിസം മേഖലയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ.

(ബി) ആർ.ടി. മിഷന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകളുടെ ശൃംഖല രൂപീകരിച്ചിട്ടുണ്ടോ?

ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന യൂണിറ്റുകളെ വിവിധ വിഭാഗങ്ങളായി തിരിച്ച് നാല് ഓൺലൈൻ പ്ലാറ്റ്ഫോമുകളിലായി - കേരള ആർ.ടി. നെറ്റ്‌വർക്ക്, ആർ.ടി. ആർട്ടിസ്റ്റ് നെറ്റ്‌വർക്ക്, ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി, എക്സ്പീരിയൻസ് എത്തിക്/ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക് എന്നീ നെറ്റ്‌വർക്കുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) വിനോദസഞ്ചാര വികസനത്തിന്റെ സാമ്പത്തികഫലം ലഘുനിക്ഷേപത്തിന് മാത്രം കഴിവുള്ള പാവപ്പെട്ടവരിലേയ്ക്ക് വിശേഷിച്ചും സ്ത്രീകളിലേയ്ക്ക് എത്തിക്കുന്നതിന് ആർ.ടി. മിഷന് സാധിക്കുന്നുണ്ടോ; ഇതിനായി ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ടൂറിസം മേഖലയിൽ പ്രാദേശിക ജനപങ്കാളിത്തം ഉറപ്പാക്കികൊണ്ട് ടൂറിസത്തിന്റെ ഗുണഫലങ്ങൾ പ്രാദേശിക ജനസമൂഹത്തിന് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കിവരുന്നത്. നിലവിലുള്ള സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട്, ഏറ്റവും കുറഞ്ഞ മുതൽമുടക്കിൽ ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്താനാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പരിശീലനം നൽകുന്നത്. നിലവിലെ തൊഴിലും വരുമാനവും നിലനിർത്തിക്കൊണ്ട് തന്നെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിലൂടെ അധിക വരുമാനം ലഭ്യമാക്കുക, അതിലൂടെ നമ്മുടെ കല, സംസ്കാരം, പാരമ്പര്യ തൊഴിലുകൾ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, പ്രാദേശിക ഭക്ഷണം സഞ്ചാരികൾക്ക് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകൾ ചെയ്തുവരുന്നത്. സംസ്ഥാനത്ത് ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആൻഡ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം' (പെപ്പർ); മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ; കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനോടൊപ്പംതന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന എക്സ്പീരിയൻസ് എത്ത്നിക്/ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക് പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ആകെയുള്ള 20019 യൂണിറ്റുകളിൽ 16013 (80%) എണ്ണം വനിതകളുടെ ഉടമസ്ഥതയിലുള്ളതോ വനിതകൾ നയിക്കുന്നതോ ആയ യൂണിറ്റുകളാണ്.

**ഓൺലൈൻ പഠന സൗകര്യങ്ങൾ**

25 (*385) <u>ശ്രീമതി കെ. കെ. രമ</u>:
<u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. ടി. ജെ. വിനോദ്</u>:
<u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഞ്ച് ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് അടിസ്ഥാനസൗകര്യങ്ങളില്ലെന്ന് റിപ്പോർട്ടുകൾ പുറത്തുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ മുഴുവൻ വിദ്യാർത്ഥികൾക്കും അദ്ധ്യയനം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓൺലൈൻ പഠനം നിലവിൽ ആരംഭിച്ചിട്ടില്ല. എന്നാൽ കോവിഡ്-19 പ്രതിസന്ധികളെ തുടർന്ന് സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ കഴിയാതിരുന്നത് സ്കൂൾ കുട്ടികളുടെ പഠനത്തെ ബാധിക്കാതിരിക്കുന്നതിന് 2020 ജൂൺ 1 മുതൽ 'ഫസ്റ്റ്ബെൽ' എന്ന പേരിൽ കൈറ്റ് വിക്ടേഴ്സിലൂടെ ഡിജിറ്റൽ ക്ലാസുകൾ ആരംഭിക്കുകയും സാധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും എല്ലാ കുട്ടികളിലും ഡിജിറ്റൽ ക്ലാസുകൾ എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കുകയും ചെയ്തു. ഈ വർഷവും ജൂൺ 1-ന് ആരംഭിച്ച ഡിജിറ്റൽ ക്ലാസുകൾ എല്ലാ വിഭാഗം കുട്ടികൾക്കും ലഭ്യമാക്കുന്നതിന് ക്രമീകരണം ഒരുക്കിയിട്ടുണ്ട്. ഈ വർഷം ഡിജിറ്റൽ ക്ലാസുകൾക്കൊപ്പം അദ്ധ്യാപകർ വിദ്യാർത്ഥികളുമായി നേരിട്ട് ആശയവിനിമയം നടത്തുന്ന രീതിയിൽ ഓൺലൈൻ ക്ലാസുകളും ഒരുക്കുന്നതിന് തീരുമാനിക്കുകയും അതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികളെ കണ്ടെത്തുന്നതിന് 'സമ്പൂർണ്ണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയറിലൂടെ വിവരശേഖരണം നടത്തുകയാണ് ആദ്യം ചെയ്തത്. പ്രസ്തുത കണക്കെടുപ്പിൽ 1 മുതൽ 12 വരെയുള്ള (പ്ലസ് വൺ ഒഴികെ) 12295 സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ പട്ടികവർഗ വിഭാഗത്തിലെ കുട്ടികൾ ഒഴികെയുള്ള 38,07,722 കുട്ടികളിൽ 22,44,573 കുട്ടികൾക്കും നിലവിൽ ഓൺലൈൻ പഠനത്തിന് സ്വന്തമായി ഉപകരണങ്ങളുണ്ട് എന്നാണ് കാണുന്നത്. ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികളിൽ 7,60,206 കുട്ടികൾക്ക് സ്വന്തമായി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ശേഷിയുണ്ട്. 3,31,347 കുട്ടികൾ ലോൺ സൗകര്യം ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങാൻ കഴിയുന്നവരാണ്. സമൂഹ സഹായത്തോടെ മാത്രം ഉപകരണങ്ങൾ ലഭ്യമാക്കേണ്ടുന്ന കുട്ടികളുടെ എണ്ണം 4,71,596 ആണ്. ഈ കുട്ടികൾക്കാണ് പ്രത്യേക വിദ്യാഭ്യാസ നിധി പ്രകാരം അതത് സ്കൂളുകൾ വഴി ഉപകരണങ്ങൾ ലഭ്യമാക്കുക. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സഹായം ലഭ്യമാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ മാതൃകയിൽ പ്രത്യേക സൗകര്യങ്ങളൊരുക്കാനുമായി 'വിദ്യാകിരണം' പോർട്ടൽ സജ്ജമാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 4-8-2021-ന് ഉദ്ഘാടനം ചെയ്തു. ഓൺലൈൻ ക്ലാസുകൾ ലഭ്യമാക്കാനുള്ള ജി-സ്യൂട്ട് പ്ലാറ്റ്ഫോം കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സജ്ജമാക്കുകയും 412 സ്കൂളുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഇത് നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണ്. പൂർണ്ണമായ അർത്ഥത്തിൽ ഓൺലൈൻ പഠനത്തിലേയ്ക്ക് മാറുന്നതിനുമുൻപ് മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ പ്രാപ്യത ഉറപ്പാക്കുന്നതിന് കൃത്യവും വിപുലവുമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

(ബി) ഡിജിറ്റൽ, ഓൺലൈൻ പഠനം ആരംഭിച്ചിട്ട് രണ്ടാമത്തെ അദ്ധ്യയന വർഷത്തിലും മുഴുവൻ വിദ്യാർഥികൾക്കും പഠന സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

2020-21 അദ്ധ്യയന വർഷത്തിൽ സ്കൂൾ തുറക്കാത്ത സാഹചര്യത്തിൽ വിക്ടേഴ്സ് ചാനൽ വഴി ഡിജിറ്റൽ ക്ലാസ്സുകളാണ് കുട്ടികൾക്ക് നൽകിയത്. അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ ടെലിവിഷൻ ഇല്ലാതെ വിക്ടേഴ്സ് ചാനൽവഴി ക്ലാസ്സുകൾ കാണാൻ കഴിയാത്ത കുട്ടികൾ ഉണ്ടായിരുന്നെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, സർക്കാരിതര ഏജൻസികൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, സ്കൂൾ അധികൃതർ, പി.ടി.എ./എസ്.എം.സി. തുടങ്ങിയവരുടെ സഹായസഹകരണത്തോടെ ടെലിവിഷൻ വിതരണം ചെയ്യുകയും കൂടാതെ അയൽപക്ക പഠന കേന്ദ്രങ്ങളും ഊരുവിദ്യാകേന്ദ്രങ്ങളും ഒരുക്കി എല്ലാ കുട്ടികൾക്കും ജൂൺ അവസാനത്തോടെ ഡിജിറ്റൽ പഠനം സാദ്ധ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ 2021-22 അദ്ധ്യയനവർഷം മുതൽ ഡിജിറ്റൽ ക്ലാസ്സുകളോടൊപ്പം ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുമ്പോൾ കൂടുതൽ ഡിജിറ്റൽ ഉപകരണങ്ങൾ ആവശ്യമായി വരുന്നുണ്ട്. ആയത് എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) കെ.എസ്.എഫ്.ഇ. മുഖേന ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിയിൽ അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് ആയത് ലഭ്യമാകാത്തതിനാലും കിട്ടിയവയുടെ പ്രവർത്തനക്ഷമതയിൽ പ്രശ്നങ്ങൾ നേരിടുന്നതിനാലും ഓൺലൈൻ പഠനത്തിൽ പങ്കെടുക്കാൻ സാധിക്കാത്തത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൂർണ്ണമായ അർത്ഥത്തിൽ ഓൺലൈൻ പഠനത്തിലേയ്ക്ക് മാറുന്നതിനായി മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി വിപുലമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

**ലാന്റ് ബാങ്കിംഗ് സംവിധാനം**

26 (*386) <u>ശ്രീ. എ. സി. മൊയ്തീൻ</u>:
<u>ശ്രീ. പി. മമ്മിക്കുട്ടി</u>:
<u>ശ്രീ. പി. ടി. എ. റഹീം</u>:
<u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ ഭൂമി വിവിധ ആവശ്യങ്ങൾക്കായി സർക്കാർ വകുപ്പുകൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 പ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിലും 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ പ്രകാരവും സംസ്ഥാനത്ത് റവന്യൂ ഭൂമി വിവിധ ആവശ്യങ്ങൾക്കായി സർക്കാർ വകുപ്പുകൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും പാട്ടത്തിന് നിശ്ചിത കാലയളവിൽ വാർഷിക പാട്ടത്തുക നിശ്ചയിച്ചുകൊണ്ട് പാട്ടത്തിന് നൽകിവരുന്നു. ഇത്തരത്തിൽ പാട്ടം അനുവദിച്ചിട്ടുള്ള കേസുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2-5-2011-ലെ ജി.ഒ.(എം.എസ്.) 276/2018/ആർ.ഡി., ജി.ഒ.(എം.എസ്.) 113/2019/ആർ.ഡി., സ.ഉ. (കൈയ്യെഴുത്ത്) നമ്പർ 174/11/റവന്യൂ-ലെ മാർഗ്ഗനിർദ്ദേശങ്ങളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലും സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് 28-1-2016-ലെ ജി.ഒ.(പി) 64/2016/ആർ.ഡി. പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് 06-2-2016-ലെ ജി.ഒ. (എം.എസ്.) 96/2016/ആർ.ഡി. എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും റവന്യൂ ഭൂമി വിവിധ ആവശ്യങ്ങൾക്കായി പാട്ടം അനുവദിച്ചുവരുന്നു.

(ബി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കുന്നതിനും പുതുക്കുന്നതിനും എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിച്ചുവരുന്നതെന്ന് അറിയിക്കുമോ?

പാട്ടക്കാലാവധി കഴിയുന്നതിന് മുമ്പുതന്നെ പാട്ടം പുതുക്കുന്നതിന് അപേക്ഷ നൽകേണ്ടതാണ്. പാട്ടക്കാലാവധി കഴിഞ്ഞ കേസുകളിൽ പാട്ട വ്യവസ്ഥ ലംഘിച്ചിട്ടില്ലായെങ്കിൽ പാട്ടകക്ഷിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പാട്ടംപുതുക്കുന്ന സമയത്ത് നിലനിൽക്കുന്ന പാട്ട നിരക്കുകളുടെ അടിസ്ഥാനത്തിൽ പാട്ടം പുതുക്കിനൽകിവരുന്നു. പാട്ടവ്യവസ്ഥ ലംഘിച്ച കേസുകളിലും പാട്ടക്കുടിശ്ശിക വരുത്തിയ കേസുകളിലും നിയമാനുസൃത നോട്ടീസ് നൽകി പാട്ട കക്ഷിയെ നേരിൽ കേട്ടശേഷം ജി.ഒ.(പി) 16/2020/ആർ.ഡി., ജി.ഒ.(പി) 17/2020/ആർ.ഡി. തീയതി 15-2-2020-ാം നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കുടിശ്ശിക ഒടുക്കുന്നതിന് അവസരം നൽകുകയും കുടിശ്ശിക ഒടുക്കാത്ത പക്ഷം ആവശ്യമെങ്കിൽ പാട്ടം റദ്ദ് ചെയ്ത് ഭൂമി സർക്കാരിലേയ്ക്ക് തിരികെ നിക്ഷിപ്തമാക്കുകയും ചെയ്യുന്നു. അത്തരം കേസുകളിൽ ടി തീയതിവരെ പാട്ടക്കുടിശ്ശിക കക്ഷിയിൽനിന്നും ഈടാക്കുന്നു. കുടിശ്ശിക ഒടുക്കാത്ത കേസുകളിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അന്യാധീനപ്പെട്ട് പോകുന്ന റവന്യൂ ഭൂമി കണ്ടെത്തി തിരിച്ചെടുക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് അറിയിക്കുമോ?

അന്യാധീനപ്പെട്ടുപോകുന്ന റവന്യൂഭൂമി കണ്ടെത്തി തിരിച്ചു പിടിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം കയ്യേറ്റ കക്ഷിക്ക് നിയമാനുസൃത നോട്ടീസ് നൽകി കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി തിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി 10-9-2018-ലെ സ.ഉ.(സാധാ) 3778/2018/റവ. നമ്പർ പ്രകാരം ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂസംരക്ഷണത്തിനായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും റവന്യൂതല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി റവന്യൂ ഡിവിഷൻതല മോണിറ്ററിംഗ് കമ്മിറ്റിയും വില്ലേജ് തലത്തിൽ വില്ലേജ് ജനകീയ സമിതികളും രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വികസന ആവശ്യങ്ങൾക്കായി ഭൂമിയുടെ ലഭ്യതക്കുറവ് അനുഭവപ്പെടുന്ന സംസ്ഥാനമെന്ന നിലയിൽ ലാൻഡ് ബാങ്കിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

25-6-2018-ലെ സ.ഉ.(എം.എസ്.) 236/2018/റവന്യൂ ഉത്തരവ് പ്രകാരം കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ, കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്നിവ സംയോജിപ്പിച്ചുകൊണ്ട് കേരള ലാൻഡ് റിക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ച് ഉത്തരവായിരുന്നു. അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി ഭൂമിയുടെ ലഭ്യത മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അതിഥി തൊഴിലാളികളുടെ ക്ഷേമം**

27 (*387) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിഥി തൊഴിലാളികൾക്ക് താമസസൗകര്യം, ഭക്ഷണം, വേതനം, ആരോഗ്യസുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് അതിഥി തൊഴിലാളികൾക്ക് നൽകേണ്ട താമസസൗകര്യം, ഭക്ഷണം, വേതനം, ആരോഗ്യ സുരക്ഷ എന്നിവ സംബന്ധിച്ച് 1979-ലെ ഇതര സംസ്ഥാന തൊഴിലാളി നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇവ എല്ലാ ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിനായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനാ വേളയിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഒരേ തൊഴിലിൽ ഏർപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ

തൊഴിലാളികൾക്കും തുല്യവേതനത്തിന് അർഹതയുണ്ട്. മിനിമം വേതനം ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന കാൾ സെന്റർ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലെ ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവിടങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ പരാതികൾ കേൾക്കാനും പരിഹരിക്കാനുമുള്ള സംവിധാനങ്ങളും ചെയ്തിട്ടുണ്ട്. ഇത്തരം സെന്ററുകളിൽ വിവിധ ഭാഷകൾ കൈകാര്യം ചെയ്യുവാൻ കഴിയുന്നവരെയാണ് നിയമിച്ചിരിക്കുന്നത്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകളും ബോധവത്കരണ ക്ലാസുകളും നടത്തിവരുന്നുണ്ട്. തൊഴിൽ ചൂഷണങ്ങൾക്കെതിരെ ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവത്കരണം നടത്തുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച പദ്ധതിയാണ് ആവാസ് പദ്ധതി. 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് അതിഥി തൊഴിലാളികൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്നിട്ടുള്ള പാർപ്പിട പദ്ധതിയാണ് 'ആലയ്'. അതിഥി തൊഴിലാളികളുടെ മോശപ്പെട്ട ജീവിത സാഹചര്യങ്ങൾ കണക്കിലെടുത്തും ഈ തൊഴിലാളികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് നൽകിയ സംഭാവനകൾ കണക്കിലെടുത്തും ഇത്തരം തൊഴിലാളികൾക്ക് താങ്ങാവുന്ന നിരക്കിൽ വൃത്തിയുള്ളതും സുരക്ഷിതവുമായ ഹോസ്റ്റൽ സൗകര്യം അപ്നാ ഘർ പ്രോജക്ടിലൂടെ വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) പാലക്കാട് കഞ്ചിക്കോട് പ്രവർത്തനമാരംഭിച്ച അപ്നാ ഘർ മാതൃകയിൽ എല്ലാ ജില്ലകളിലും അതിഥി തൊഴിലാളികൾക്ക് താമസസൗകര്യമൊരുക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ?

അതിഥി തൊഴിലാളികളുടെ മോശപ്പെട്ട ജീവിത സാഹചര്യങ്ങൾ കണക്കിലെടുത്തും ഈ തൊഴിലാളികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് നൽകിയ സംഭാവനകൾ കണക്കിലെടുത്തും ഇത്തരം തൊഴിലാളികൾക്ക് താങ്ങാവുന്ന നിരക്കിൽ വൃത്തിയുള്ളതും സുരക്ഷിതവുമായ ഹോസ്റ്റൽ സൗകര്യവുമാണ് അപ്നാ ഘർ പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ മറ്റ് സ്കീമുകൾ നടപ്പിലാക്കുന്നതിന് എറണാകുളം ജില്ലയിൽ കളമശ്ശേരിയിലും കോഴിക്കോട് കിനാലൂരിലും സ്ഥലം ഏറ്റെടുത്തിട്ടുള്ളതാണ്. പ്രസ്തുത സ്ഥലങ്ങളിൽ പദ്ധതി പൂർത്തീകരിക്കുന്നമുറയ്ക്ക് മറ്റ് ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്നതാണ്. 1971-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് അതിഥി തൊഴിലാളികൾക്ക് പാർപ്പിട

സൗകര്യം ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്നിട്ടുള്ള പാർപ്പിട പദ്ധതിയാണ് 'ആലയ് '. ഈ പദ്ധതി പ്രകാരം 6.5 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള അടുക്കള, ബെഡ് റൂം, വരാന്ത, ശുചിമുറി എന്നിവ ഉൾപ്പെടുന്ന പാർപ്പിടസൗകര്യം അതിഥി തൊഴിലാളികൾക്ക് ഉറപ്പുവരുത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇതിനായി സർക്കാർ നിയന്ത്രണത്തിലുള്ള വെബ്പോർട്ടലിലൂടെ കെട്ടിട ഉടമസ്ഥർക്ക് വിശദവിവരം നൽകാവുന്നതും ആയത് അതിഥി തൊഴിലാളികൾക്ക് വാടക നൽകി കരസ്ഥമാക്കാവുന്നതുമാണ്. നിലവിൽ കോട്ടയം ജില്ലയിലെ പായിപ്പാട്, എറണാകുളം ജില്ലയിലെ പെരുമ്പാവൂർ, പാലക്കാട് ജില്ലയിലെ പട്ടാമ്പി എന്നീ സ്ഥലങ്ങളിലാണ് ഈ പദ്ധതി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) രണ്ടാം ലോക്ഡൗണിനെ തുടർന്ന് പ്രതിസന്ധിയിലായ അതിഥി തൊഴിലാളികൾക്കായി നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

സംസ്ഥാനത്ത് ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾത്തന്നെ അതിഥി തൊഴിലാളികൾക്ക് ഭക്ഷണമെത്തിക്കുകയെന്ന സർക്കാർ നയം യുദ്ധകാലാടിസ്ഥാനത്തിൽ തൊഴിൽ വകുപ്പ് നടപ്പിലാക്കി. ആദ്യഘട്ടമെന്ന നിലയിൽ ഭക്ഷ്യ കിറ്റുകൾ എല്ലാ ജില്ലകളിലും വിതരണം ചെയ്തു. ആട്ട, ഉരുളക്കിഴങ്ങ്, അരി, എണ്ണ, ധാന്യങ്ങൾ തുടങ്ങി അതിഥി തൊഴിലാളികൾ സാധാരണയായി ഉപയോഗിക്കുന്ന ഭക്ഷ്യവസ്തുക്കളാണ് കിറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. പ്ലാന്റേഷൻ മേഖലയിൽ ഉൾപ്പെടെ 2,65,000-ത്തോളം ഭക്ഷ്യകിറ്റുകളാണ് അതിഥി തൊഴിലാളികൾക്കായി വിതരണം ചെയ്തത്. വിവിധ ജില്ലകളിൽ കോവിഡ് പോസിറ്റീവ് ആകുന്ന അതിഥി തൊഴിലാളികൾക്ക് ചികിത്സയും താമസവും ഒരുക്കുന്നതിനായി ഡൊമിസിലറി കെയർ സെന്ററുകളും, കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളും ആരംഭിച്ചു. അതിഥി തൊഴിലാളികളുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനും ആയത് പരിഹരിക്കുന്നതിനുമായി ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന കാൾ സെന്റർ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലെ ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവയ്ക്കുപുറമേ എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. ഇത്തരം സെന്ററുകളിൽ വിവിധ ഭാഷകൾ കൈകാര്യം ചെയ്യാൻ കഴിയുന്നവരെയാണ് നിയമിച്ചിരിക്കുന്നത്. സംസ്ഥാനത്തെ തൊഴിലാളികൾക്കും അതിഥി തൊഴിലാളികൾക്കും കോവിഡ് വാക്സിൻ നൽകുന്നതിനുള്ള ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. കോവിൻ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് വാക്സിനേഷൻ സ്വീകരിക്കാൻ അതിഥി തൊഴിലാളികളെ സജ്ജരാക്കിയിട്ടുണ്ട്.

(ഡി) അതിഥി തൊഴിലാളികളുടെ എണ്ണവും തൊഴിലും സംബന്ധിച്ച് കൃത്യമായ വിവരം ലഭിക്കുന്നതിന് രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ നൽകുമോ?

ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിന് ആവാസ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇവരുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 27-10-2016-ലെ സ.ഉ.(സാധാ) നമ്പർ 1325/16/തൊഴിൽ പ്രകാരം 01-11-2017 മുതലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. 13-1-2021 വരെ 509451 ഇതര സംസ്ഥാന തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 55556 തൊഴിലാളികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ 2020 ലോക്ഡൗണിനുശേഷം സംസ്ഥാനത്തേയ്ക്ക് തിരികെ വരുന്ന അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിന് ഒരു പോർട്ടൽ/ മൊബൈൽ ആപ്ലിക്കേഷൻ (അതിഥി ആപ്പ്) നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തേയ്ക്ക് കുടിയേറുന്നതിന് മുമ്പുതന്നെ അതിഥി തൊഴിലാളികളുടെ വിവരങ്ങൾ വകുപ്പിൽ ലഭ്യമാക്കാനും തൊഴിലുടമയ്ക്കും കരാറുകാർക്കും തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരവരുടെ തൊഴിലാളികളുടെ വിശദാംശങ്ങൾ സമർപ്പിക്കാനും അതിഥി ആപ്പിന്റെ പോർട്ടലിലൂടെ സാധിക്കുന്നു. വെബ്പോർട്ടലിന്റെയും ആപ്ലിക്കേഷന്റേയും വികസനം NIC മുഖേന നടന്നുവരുന്നു.

## റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏകോപനം

28 (*388) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല അതോറിറ്റി അടക്കമുള്ള വകുപ്പുകൾ അറ്റകുറ്റപ്പണികൾക്കായി റോഡുകൾ വെട്ടിപ്പൊളിക്കുന്ന സാഹചര്യത്തിൽ റോഡ് നിർമ്മാണത്തിന് മുമ്പുതന്നെ പൈപ്പ് ലൈനുകളും വൈദ്യുതി കേബിളുകളും പോസ്റ്റുകളും മാറ്റിസ്ഥാപിക്കാൻ ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപനം നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ജല അതോറിറ്റി അടക്കമുള്ള വകുപ്പുകൾ അറ്റകുറ്റപണികൾക്കായി പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്ന സാഹചര്യത്തിൽ റോഡ് നിർമ്മാണത്തിന് മുമ്പുതന്നെ പൈപ്പ്ലൈനുകളും വൈദ്യുതി കേബിളുകളും പോസ്റ്റുകളും മാറ്റിസ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപനം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് 5-1-2018-ലെ സ.ഉ.(സാധാ)നമ്പർ 30/2018/പൊ.മ.വ., 24-8-2018-ലെ ജി.ഒ. (ആർ.ടി.)നമ്പർ 1321/2018/പൊ.മ.വ. എന്നിവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. നിലവിൽ കെ.എസ്.ഇ.ബി.എൽ., കെ.ഡബ്ല്യു.എ. അടക്കമുള്ള സ്ഥാപനങ്ങളുടെ യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കുഴിക്കുന്നതിനുള്ള അനുമതികൾ എല്ലാംതന്നെ റൈറ്റ് ഓഫ് വേ (RoW) എന്ന ഓൺലൈൻ പോർട്ടൽ മുഖേനയാണ് നൽകിവരുന്നത്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തുക വഴി മറ്റ് വകുപ്പുകൾക്ക് അവശ്യംവേണ്ടുന്ന മുന്നൊരുക്കം നടത്താനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ 3-7-2021-ലെ ചീഫ് സെക്രട്ടറിയുടെ സർക്കുലർ നം.എച്ച്1/81/2021-പൊ.മ.വ. പ്രകാരം കെ.എസ്.ഇ.ബി.എൽ., വാട്ടർ അതോറിറ്റി എന്നിവയുടെ പ്രവൃത്തികളും RoW പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കി നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പുതന്നെ മറ്റ് വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുക വഴി നിർമ്മാണം പൂർത്തീകരിച്ച റോഡുകൾ തുടർന്ന് മറ്റ് ഏജൻസികൾ കുഴിക്കുന്നത് ഒഴിവാക്കാൻ സാധിക്കുന്നതാണ്. ദേശീയപാത വിഭാഗത്തിന്റെ കീഴിൽ വരുന്ന പ്രവൃത്തികൾ ആരംഭിക്കുന്നതിനുമുമ്പായി സംയുക്തമായി സ്ഥലസന്ദർശനം നടത്തി പദ്ധതി പ്രദേശത്ത് നിർമ്മാണത്തിന് തടസ്സമായി വരുന്ന കേബിളുകളും പൈപ്പ്ലൈനും പോസ്റ്റും മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകാറുണ്ട്. കൂടാതെ ഭൂമി കുഴിക്കൽ പോലുള്ള പ്രവൃത്തികൾ ചെയ്യുമ്പോൾ സേവനദാതാക്കളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്.

(ബി) നിർമ്മാണ പ്രവർത്തനത്തിലെ ആസൂത്രണ പിഴവുകളും നടത്തിപ്പിലെ പോരായ്മകളുംമൂലം പല പൊതുമരാമത്ത് പദ്ധതികളുടെയും നിർവ്വഹണത്തിൽ കാലതാമസവും അധികച്ചെലവും ഉണ്ടാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നിർമ്മാണപ്രവൃത്തികൾ ബന്ധപ്പെട്ട എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടെയും നേരിട്ടുള്ള മേൽനോട്ടത്തിലാണ് നടപ്പിലാക്കുന്നത്. പ്രവൃത്തികൾ കരാർ വ്യവസ്ഥകൾപ്രകാരം ഗുണനിലവാരം ഉറപ്പാക്കി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഉന്നത ഉദ്യോഗസ്ഥർ പ്രധാന പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിക്കുകയും മേൽ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ, റോഡുനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളുടെ യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കുന്നതിലുള്ള തടസ്സം, സ്ഥലമേറ്റെടുപ്പിനുള്ള തടസ്സങ്ങൾ യഥാസമയം തീർക്കാൻ കഴിയാത്തത്, പ്രതികൂല കാലാവസ്ഥ, കോടതി വ്യവഹാരങ്ങൾ, നിലവിലുള്ള കോവിഡ് മഹാമാരിയെ തുടർന്ന് നിലനിൽക്കുന്ന പ്രതിസന്ധികൾ എന്നിവ പ്രവൃത്തികളുടെ പുരോഗതിയെ ബാധിക്കാറുണ്ട്. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ വിവിധ തലങ്ങളിൽ അവലോകനയോഗം നടത്തുകയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും തടസ്സങ്ങൾ ദൂരീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പ്രവൃത്തികളിൽ കാലതാമസം വരുത്തുന്ന കരാറുകാർക്കെതിരെ എസ്.ബി.ഡി,. പൊതുമരാമത്ത് വകുപ്പ് മാന്വൽ എന്നിവ നിഷ്കർഷിച്ചപ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പ്രൈസ് സോഫ്റ്റ്വെയർ മുഖേനയാണ് എസ്റ്റിമേറ്റ്, ഇ-മെഷർമെന്റ് ബുക്ക്, ബില്ല്, റിവൈസ്ഡ് എസ്റ്റിമേറ്റ് തുടങ്ങിയവ തയ്യാറാക്കി അംഗീകരിക്കുന്നത്. ഇതുവഴി പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച് സുതാര്യത ഉറപ്പുവരുത്തുന്നതിനും നിരീക്ഷണം കാര്യക്ഷമമാക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി ആസൂത്രണം ചെയ്ത് പൂർത്തിയാക്കാനും സാധിക്കുന്നതാണ്. പ്രവൃത്തിയുടെ എല്ലാ ഘട്ടങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലുമാണ് നടപ്പിലാക്കിവരുന്നത്.

(സി) റവന്യൂ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, കെ.എസ്.ഇ.ബി.എൽ., വാട്ടർ അതോറിറ്റി തുടങ്ങിയവയുമായുള്ള ഏകോപനത്തിനായി സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

റവന്യൂ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, കെ.എസ്.ഇ.ബി.എൽ., വാട്ടർ അതോറിറ്റി തുടങ്ങിയവയുമായുള്ള ഏകോപനത്തിനായി പ്രത്യേക സമിതി രൂപീകരിച്ചിട്ടില്ല. റോഡ് നിർമ്മാണപ്രവർത്തനങ്ങളുടെ ഭാഗമായി സ്ഥലമേറ്റെടുപ്പ്, യൂട്ടിലിറ്റി മാറ്റിസ്ഥാപിക്കൽ എന്നിവ മൂലമുണ്ടാകുന്ന തടസ്സങ്ങൾ യഥാസമയം ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ അവലോകനയോഗം നടത്തി പരിഹരിച്ചുവരുന്നു.

## കരിയർ നയം

29 (*389) ശ്രീ. കെ. വി. സുമേഷ്:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ആഗോളവൽകൃത തൊഴിൽ വിപണിയുടെ ആവശ്യകത മനസ്സിലാക്കി ഉചിതമായ നൈപുണ്യശേഷി വികസന പരിപാടിയിലൂടെ തൊഴിലന്വേഷകരുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് കരിയർ നയം പ്രഖ്യാപിച്ചിട്ടുണ്ടോ?

ആഗോളവൽകൃത തൊഴിൽ വിപണിയുടെ ആവശ്യകത മനസ്സിലാക്കി ഉചിതമായ നൈപുണ്യശേഷി വികസന പരിപാടിയിലൂടെ തൊഴിൽ അന്വേഷകരുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് കരിയർ നയം കൊണ്ടുവരുന്നതിന്റെ ഭാഗമായി 9-12-2019-ൽ സർക്കാർ തലത്തിൽ ശില്പശാല സംഘടിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട കരട് കരിയർ നയം അന്തിമമായി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) ഗ്രാമവാസികളായ തൊഴിലന്വേഷകർക്ക് ഏറെ പ്രയോജനപ്രദമായ കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഗ്രാമവാസികളായ തൊഴിലന്വേഷകർക്ക് ഏറെ പ്രയോജനപ്രദമായ കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പദ്ധതിയായ കരിയർ ഡെവലപ്മെന്റ് സെന്റർ നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ പാലോട്, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കൊല്ലം ജില്ലയിലെ കൊട്ടാരക്കര, എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇവിടങ്ങളിൽ പൂർണ്ണമായ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(സി) ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം എത്രമാത്രം ഫലപ്രദമാകുന്നുണ്ടെന്ന് അറിയിക്കാമോ?

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പത്ത് എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്പ് എന്നിവ വിവിധ അസസ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭിക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കികൊടുക്കുന്നുണ്ട്.

## റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷൻ

30 (*390) <u>ഡോ. എം. കെ. മുനീർ</u>:
<u>ശ്രീ. യു. എ. ലത്തീഫ്</u>:
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളിലെ തണ്ടപ്പേര് രജിസ്റ്റർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) റവന്യൂ രേഖകൾ കാലപ്പഴക്കം കാരണം നശിച്ചുപോകുന്നതും സൂക്ഷിക്കുന്നതിലുണ്ടാകുന്ന വീഴ്ചകളും പലപ്പോഴും പൊതുജനങ്ങൾക്കും സർക്കാരിനും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നത് ഒഴിവാക്കുന്നതിന് ഇവ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കേണ്ടത് അത്യാവശ്യമാണെന്നതിനാൽ അടിയന്തരമായി ഇത്തരം രേഖകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ 1666 വില്ലേജുകളിൽ 1656 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകളും 1607 വില്ലേജുകളിലെ തണ്ടപ്പേർ രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന പോക്കുവരവ്, ഭൂനികുതി എന്നിവ ഓൺലൈനായി സ്വീകരിക്കുന്നതിനും തണ്ടപ്പേർ രജിസ്റ്റർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവ സ്കാൻ ചെയ്ത് ReLIS-മായി ബന്ധിപ്പിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. റവന്യൂ രേഖകൾ കാലപ്പഴക്കം കാരണം ഉപയോഗയോഗ്യമല്ലാതാകുന്നതും നശിച്ചുപോകുന്നതും ഒഴിവാക്കുന്നതിന്റെ മുന്നോടിയായി സംസ്ഥാനത്തെ മുഴവൻ വില്ലേജുകളിലെയും പ്രധാനപ്പെട്ട രേഖകളായ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി ഓൺലൈനായി സൂക്ഷിക്കുകയും ഈ രേഖകളുടെ ഓൺലൈൻ പരിശോധന സാധ്യമാക്കുകയും ചെയ്യുന്ന ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റം (DMS) എന്ന പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. കൂടാതെ സർവ്വേയും ഭൂരേഖയും വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള റീസർവ്വേ റിക്കാർഡുകളും മുൻ റിക്കാർഡുകളും ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെട്ടിടനിർമ്മാണത്തിന് മണ്ണുപരിശോധന

1(4011) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമുമ്പുള്ള മണ്ണ് പരിശോധനയ്ക്ക് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ണ് പരിശോധനയ്ക്കായി അക്രെഡിറ്റഡ്/എംപാനൽഡ് ഏജൻസികളെ ചുമതലപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ?

(എ&ബി) സംസ്ഥാനത്ത് കെട്ടിട നിർമ്മാണത്തിനായുള്ള മണ്ണുപരിശോധന, ഡിസൈൻ വിഭാഗത്തിന്റെ കീഴിലുള്ള റീജിയണൽ ഇൻവെസ്റ്റിഗേഷൻ ലാബും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗവുമാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപ്പിലാക്കുന്ന സോയിൽ ടെസ്റ്റ്, പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ചതിനുശേഷം മാത്രമാണ് ആരംഭിക്കുന്നത്. സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെ നോൺ പി.എം.സി. ആയി അക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

## റോഡിനുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിന് നടപടി

2(4012) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി, ടെലികോം കമ്പനികൾ, കെ.എസ്.ഇ.ബി.എൽ. എന്നിവ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിച്ച് പ്രവൃത്തി നടത്തുമ്പോൾ റോഡുകൾക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിച്ച് പൂർവ്വസ്ഥിതിയിലാക്കുന്നതിന് നിലവിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

വാട്ടർ അതോറിറ്റി, ടെലികോം കമ്പനികൾ, കെ.എസ്.ഇ.ബി.എൽ. തുടങ്ങിയ സേവനദാതാക്കൾ റോഡുകൾ കുഴിക്കുന്ന അവസരത്തിൽ അവ പൂർവ്വസ്ഥിതിയിലാക്കുന്നതിനാവശ്യമായ റെസ്റ്റൊറേഷൻ ചാർജ്ജുകൾ ഈടാക്കുന്നു. കൂടാതെ ഡിഫക്ട് ലയബിലിറ്റി കാലാവധിയിലുള്ള റോഡുകൾക്ക് കുഴിക്കാനുള്ള അനുമതി നൽകേണ്ടിവരുന്നത് ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ നിശ്ചിത തുക സെക്യൂരിറ്റിയായി ഈടാക്കുന്നു. കേബിൾ, പൈപ്പ് തുടങ്ങിയവ സ്ഥാപിച്ച് താല്ക്കാലിക റെസ്റ്റോറേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് റെസ്റ്റൊറേഷൻ പ്രവൃത്തികൾ ക്രമീകരിച്ച് റോഡ് പൂർവ്വസ്ഥിതിയിലാക്കിവരുന്നു. ദേശീയപാത വിഭാഗത്തിൽ നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപ്പണികൾ നടത്തി മെച്ചപ്പെടുത്തിയതുമായ റോഡുകൾ ഉടൻതന്നെ വെട്ടിമുറിച്ച് കേബിളുകളും പൈപ്പുകളും മറ്റ് യൂട്ടിലിറ്റികളും സ്ഥാപിക്കുന്നതിനായി അനുവാദം നൽകാറില്ല. ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 22-11-2016-ലെ കത്ത് നമ്പർ RW/NH-33044/2015/S & R പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻപ്രകാരം 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസും പെർഫോർമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചെലവിൽത്തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്.

(ബി) ഇത്തരം റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ആവശ്യമായ തുക ഈടാക്കി പൊതുമരാമത്ത് വകുപ്പുതന്നെ പ്രവൃത്തികൾ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

ബന്ധപ്പെട്ട ഏജൻസികൾ റെസ്റ്റൊറേഷൻ പ്രവൃത്തികൾ നേരിട്ട് നടപ്പിലാക്കുന്ന അവസരങ്ങളിൽ നിശ്ചിത തുക, സൂപ്പർവിഷൻ ചാർജ്, സെക്യൂരിറ്റി എന്നിവയായി വാങ്ങുകയും പ്രവൃത്തിയുടെ ഡിഫക്ട് ലയബിലിറ്റി കാലാവധിക്കുശേഷം സെക്യൂരിറ്റി വിടുതൽ ചെയ്ത് നൽകുകയും ചെയ്യുന്നു. ഭൂരിഭാഗം പ്രവൃത്തികളിലും ഏജൻസികളിൽനിന്നും ഈടാക്കുന്ന റെസ്റ്റൊറേഷൻ തുക ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് നേരിട്ടാണ് റെസ്റ്റൊറേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നത്.

**മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി തീർക്കാൻ നടപടി**

3(4013) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ കരാർ കാലാവധി അവസാനിക്കുന്നതുവരെ പ്രവൃത്തി നീട്ടിക്കൊണ്ടുപോവുകയും കരാറിൽനിന്നും പിൻവാങ്ങുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ പ്രവൃത്തി നീട്ടികൊണ്ടുപോകുന്ന അവസ്ഥ ചുരുക്കം ചില പ്രവൃത്തികളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ പ്രവൃത്തികളുടെ വർക്ക് ഷെഡ്യൂൾ നൽകാറുണ്ടോ; എങ്കിൽ വർക്ക് ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തി ചെയ്യാത്ത കരാറുകാരെ കാലാവധിക്കുമുൻപ് ഒഴിവാക്കാൻ കഴിയില്ലേയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ; ഇത്തരക്കാരെ ഒഴിവാക്കിയാൽ പ്രവൃത്തികൾ വീണ്ടും ടെണ്ടർ ചെയ്യാനും സമയബന്ധിതമായി പൂർത്തിയാക്കാനും കഴിയില്ലേയെന്ന് അറിയിക്കുമോ?

മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ പ്രവൃത്തികളുടെ വർക്ക് ഷെഡ്യൂൾ നൽകാറുണ്ട്. തൃപ്തികരമായ പുരോഗതിയില്ലാത്ത പ്രവൃത്തികളുടെ കരാറുകാരെ കാലാവധിക്കുമുമ്പ് കരാറുകാരന്റെ തന്നെ നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കുന്നതാണ്. എന്നാൽ നിലവിലുള്ള കോവിഡ് മഹാമാരിമൂലം പ്രവൃത്തി ചെയ്യേണ്ട സ്ഥലങ്ങൾ കണ്ടെയിൻമെന്റ് സോൺ, തൊഴിലാളിക്കുറവ്, കേരള വാട്ടർ അതോറിറ്റി/ കെ.എസ്.ഇ.ബി.എൽ. യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, കോവിഡുമൂലം ലോക്ക്ഡൗൺ, പ്രതികൂലമായ കാലാവസ്ഥ എന്നീ കാരണങ്ങൾകൊണ്ട് പ്രവൃത്തികളുടെ കാലാവധി നീട്ടിനൽകേണ്ടിവരുന്നുണ്ട്.

(സി) മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്താനും വിലയിരുത്താനും എന്ത് സംവിധാനമാണ് നിലവിലുള്ളത്?

പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരമുള്ള ഗുണനിലവാര പരിശോധന ഉറപ്പാക്കിയും ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലുമാണ് പ്രവൃത്തികൾ നടത്തുന്നത്. മരാമത്ത് പ്രവൃത്തികളുടെ പുരോഗതി എല്ലാമാസവും ജില്ലാതലത്തിലും സർക്കിൾ തലത്തിലും സംസ്ഥാന തലത്തിലും അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്.

(ഡി) പ്രവൃത്തി ചെയ്യാതെ നീട്ടിക്കൊണ്ടുപോകുന്ന കരാറുകാരെ കരാർ കാലാവധിക്ക് മുമ്പുതന്നെ ടെർമിനേറ്റ് ചെയ്യുന്നതിനും പൊതുമരാമത്ത് പ്രവൃത്തികൾ ഷെഡ്യൂൾ പ്രകാരം കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനാവശ്യമായ ഭേദഗതികൾ പി.ഡബ്ല്യു.ഡി. മാന്വലിലും ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും വരുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

വീഴ്ചവരുത്തുന്ന കരാറുകാരെ നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കുന്നതിനും പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനും പൊതുമരാമത്ത് മാന്വൽ, എസ്.ബി.ഡി. എന്നിവ പ്രകാരം നിലവിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ്

4(4014) <u>ശ്രീ. റോജി എം. ജോൺ</u>:
<u>ശ്രീ. എ. പി. അനിൽ കുമാർ</u>:
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളെക്കുറിച്ചുള്ള പരാതികൾ ഓൺലൈനായി അറിയിക്കുന്നതിനുള്ള പി.ഡബ്ല്യു.ഡി. ഫോർ യു ആപ്ലിക്കേഷൻ വികസിപ്പിച്ചത് ഏത് സ്ഥാപനമാണെന്നും പ്രസ്തുത ആപ്ലിക്കേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

പൊതുമരാമത്ത് വകുപ്പിൽ പി.ഡബ്ല്യു.ഡി. ഫോർ യു ആപ്ലിക്കേഷൻ TRL Professional & Software Services (India) LLP in JV with Experion Technologies (India) Pvt. Ltd. എന്ന സ്ഥാപനമാണ് വികസിപ്പിച്ചത്. പി.ഡബ്ല്യു.ഡി. ഫോർ യു ആപ്ലിക്കേഷനിൽ ലഭിക്കുന്ന പരാതികൾ കെ.എസ്.ടി.പി.-യുടെ പി.ഐ. സെൽ (പബ്ലിക് ഇൻഫർമേഷൻ സെൽ)-ൽ നിന്നും നിരത്തുവിഭാഗം സബ് ഡിവിഷൻ, നിരത്ത് പരിപാലന വിഭാഗം ഡിവിഷൻ ഓഫീസുകളിലേയ്ക്ക് കൈമാറുന്നു. തുടർന്ന് നിരത്തുവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പരാതി പരിഹരിച്ച്, നിരത്തുപരിപാലന വിഭാഗത്തിന് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരത്ത് പരിപാലന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പി.ഡബ്ല്യു.ഡി. ഫോർ യു ആപ്ലിക്കേഷനിൽ പരാതിക്കാരന് മറുപടി നൽകുകയും പരാതി ക്ലോസ് ചെയ്യുകയും ചെയ്യുന്നു.

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാണോ ഈ പ്രവൃത്തി നൽകിയത്; പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് ആപ്ലിക്കേഷനേക്കാൾ പ്രസ്തുത ആപ്ലിക്കേഷനുള്ള മേന്മ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; വിശദാംശം നൽകുമോ?

ലോക ബാങ്ക് വ്യവസ്ഥകൾക്ക് വിധേയമായി അന്താരാഷ്ട്ര ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ് ഈ സംരംഭങ്ങളെ സെലക്ട് ചെയ്തത്. പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് ആപ്ലിക്കേഷനേക്കാൾ പ്രസ്തുത ആപ്ലിക്കേഷനുള്ള മേന്മകൾ ചുവടെ ചേർക്കുന്നു.

1. പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ് പൊതുമരാമത്ത് വകുപ്പിന്റെ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമാണ്. ഇതിന്റെ രൂപകൽപ്പന, നടപ്പാക്കൽ, പരിപാലനം എന്നിവയ്ക്കായി 8 വർഷത്തേയ്ക്ക് വ്യക്തമായ കരാർ വ്യവസ്ഥകൾ നിലവിലുണ്ട്.

2. പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ് രൂപകൽപ്പന ചെയ്തു നടപ്പാക്കുന്നത് ലണ്ടൻ ആസ്ഥാനമായ ലോകപ്രസിദ്ധ ട്രാൻസ്പോർട്ട് ലബോറട്ടറീസ് യു.കെ. എന്ന സ്ഥാപനമാണ്. റോഡ് ആസ്തികളുടെ പരിപാലനത്തിനാവശ്യമായ സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ ഒരുക്കുന്നതിൽ ഇവർ മുൻനിരയിലുള്ളവരാണ്.

3. പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ് വഴി സമർപ്പിക്കുന്ന പരാതികളുടെ തൽസ്ഥിതി ആപ്പിലൂടെ തന്നെ പരാതിക്കാരന് അറിയുന്നതിന് സാധിക്കും.

(സി) പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് ആപ്ലിക്കേഷൻ പ്രവർത്തനക്ഷമമല്ലാതെയാകാനുള്ള കാരണം വെളിപ്പെടുത്തുമോ?

പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് ആപ്പിലെ സാങ്കേതിക പ്രശ്നങ്ങൾ കാരണം പരാതി സമർപ്പിക്കുന്നത് പലപ്പോഴും സാദ്ധ്യമല്ലാതായി. ആപ്പുവഴി കിട്ടുന്ന പരാതികൾ മോണിറ്റർ ചെയ്ത് അവ വേണ്ട രീതിയിൽ കൈകാര്യം ചെയ്യാനുള്ള ഓൺലൈൻ പോർട്ടൽ സൗകര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കായി ഒരുക്കിയിരുന്നില്ല.

## കൊയിലാണ്ടി മണ്ഡലത്തിലെ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവൃത്തികൾ

5(4015) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിൽ എവിടെയെല്ലാമാണ് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവൃത്തികൾ നടന്നുവരുന്നത്; വിശദമാക്കാമോ?

കുടുംബാരോഗ്യകേന്ദ്രം അരിക്കുളം, കൊയിലാണ്ടി താലൂക്ക് സപ്ലൈ ഓഫീസ്, ചെറുവണ്ണൂർ വില്ലേജ് ഓഫീസ്, താലൂക്കാശുപത്രി കൊയിലാണ്ടി, ജെ.എഫ്.സി.എം. കോടതി, എസ്.എ.ആർ.ബി.ടി.എം. കോളേജ് മുചുക്കുന്ന്, കൊയിലാണ്ടി മുനിസിപ്പാലിറ്റി, കോടതി സമുച്ചയം, സബ് ജയിൽ കൊയിലാണ്ടി എന്നിവിടങ്ങളിൽ പൊതുമരാമത്ത് വൈദ്യുതീകരണ അനുബന്ധ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഏതൊക്കെ പ്രവൃത്തികളാണ് ടെണ്ടർ ചെയ്തിട്ടുള്ളത്; ഏതെങ്കിലും പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുവാൻ ബാക്കിയുണ്ടോ; വിശദമാക്കാമോ?

നിലവിൽ ടെണ്ടറുകളൊന്നും ചെയ്തിട്ടില്ല. വാർഷിക പദ്ധതി 2018-19-ൽ ഉൾപ്പെട്ട ഗവൺമെന്റ് എൽ.പി. സ്കൂൾ കോതമംഗലത്തിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ ഫണ്ടിന്റെ അപര്യാപ്തതമൂലം സാങ്കേതികാനുമതി നൽകിയിട്ടില്ല. അതുപോലെ എൽ.എ.സി.-എ.ഡി.എസ് 2017-18-ൽ ഉൾപ്പെട്ട കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വൻമുഖം സ്കൂളിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ നിർവ്വഹണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാൽ സാങ്കേതികാനുമതി നൽകിയിട്ടില്ല.

(സി) കൊയിലാണ്ടി താലൂക്കാശുപത്രിയിലേയ്ക്കായി 250 കെ.വി.എ. വൈദ്യുതി സപ്ലൈ ലഭ്യമാക്കാൻ വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

കൊയിലാണ്ടി താലൂക്കാശുപത്രിയിൽ 160 കെ.വി.എ. ട്രാൻസ്ഫോമറും 125 കെ.വി.എ. ജനറേറ്ററും 2018-ൽ പൊതുമരാമത്ത് വൈദ്യുതി വിഭാഗം മുഖേന സ്ഥാപിച്ചിട്ടുണ്ട്. 250 കെ.വി.എ. ജനറേറ്ററിനുവേണ്ടിയുള്ള അപേക്ഷ ലഭിച്ചശേഷം എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും കെ.എസ്.ഇ.ബി.എൽ.-ന്റെ വൈദ്യുത ബിൽ പരിശോധിച്ചപ്പോൾ 78 കെ.വി.എ. മാത്രമാണ് മാക്സിമം ഡിമാൻഡായി വരുന്നത് എന്ന് കാണുകയുണ്ടായി. നിലവിലെ 160 കെ.വി.എ. തന്നെ വൈദ്യുതി ഭാരം താങ്ങാൻ പ്രാപ്തമാണ് എന്നതിനാൽ എസ്റ്റിമേറ്റ് നടപടികളുമായി മുന്നോട്ട് പോയിട്ടില്ല.

(ഡി) മണ്ഡലം പരിധിയിലെ ഏതെല്ലാം കെട്ടിടങ്ങളുടെ വൈദ്യുതീകരണമാണ് ഫണ്ടിന്റെ അപര്യാപ്തതമൂലം പൂർത്തീകരിക്കാതെ അവശേഷിക്കുന്നതെന്ന് വിശദീകരിക്കാമോ?

1. 2020/3334- വാർഷിക പദ്ധതി 2018-19 ഗവൺമെന്റ് എൽ.പി. സ്കൂൾ കോതമംഗലത്തിന്റെ വൈദ്യുതീകരണത്തിന് ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

2. S.A.R.B.T.M. കോളേജിലെ മെൻസ് ഹോസ്റ്റലിന്റെ വൈദ്യുതീകരണ പ്രവൃത്തികൾക്ക് ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**കെട്ടിടത്തിന്റെ വാല്യുവേഷൻ നിശ്ചയിക്കൽ**

6(4016) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് കാർഷിക കോളേജിനായി കണ്ടെത്തിയ കെട്ടിടത്തിന്റെ വാല്യുവേഷൻ നിശ്ചയിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ വാല്യുവേഷൻ നടപടി പൂർത്തീകരിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറ കാർഷിക കോളേജിനായി കണ്ടെത്തിയ കൊല്ലങ്കോട് മുതലമട 1 വില്ലേജിൽ ആട്ടയാമ്പതിയിൽ പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻറ് ടെക്നോളജി (പിസാറ്റ്) എന്ന പേരിൽ പ്രവർത്തിച്ചുവന്നിരുന്ന കെട്ടിടത്തിന്റെ വാല്യൂഷൻ റിപ്പോർട്ട് ജില്ലാ കളക്ടർ, പാലക്കാടിന് സമർപ്പിച്ചിട്ടുണ്ട്. വാല്യൂഷൻ തയ്യാറാക്കുന്നതിനായി ജില്ലാ കളക്ടർ നൽകിയ കത്തിൽ നെന്മാറ കാർഷിക കോളേജ് എന്നാണ് പറഞ്ഞിട്ടുള്ളത്.

**മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണം**

7(4017) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മലമ്പുഴ ഉദ്യാനത്തിന്റെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി ഗാർഡൻ ഫണ്ട് വിനിയോഗിച്ച് 2016 മുതൽ 2021 ജൂൺ മാസം വരെയുള്ള കാലയളവിൽ എന്തെല്ലാം പ്രവൃത്തികൾക്കാണ് ഡി.റ്റി.പി.സി. ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും ഭരണാനുമതി നൽകിയ തീയതിയും അനുവദിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ പ്രവൃത്തികളുടെ നിർമ്മാണ ചുമതല ആർക്കാണെന്ന് അറിയിക്കാമോ?

(എ-സി) പാലക്കാട് ജില്ലയിലെ മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ പ്രവർത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## മികച്ച ആർക്കിടെക്റ്റുകളുടെ സേവനം

8(4018) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഘട്ടത്തിനനുസരിച്ച് ആകർഷകമായ രീതിയിലും ഗുണഭോക്താക്കൾക്ക് സൗകര്യപ്രദമായ രീതിയിലും കെട്ടിടങ്ങൾ രൂപകൽപ്പന ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ മികച്ച ആർക്കിടെക്ടുകളുടെ സേവനം ഉപയോഗിക്കുന്നതിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) മികച്ച അംഗീകൃത ആർക്കിടെക്ടുകളുടെ ഒരു പാനൽ ഉണ്ടാക്കുന്നത് പരിഗണനയിലുണ്ടോ എന്നറിയിക്കുമോ?

(എ-സി) പൊതുമരാമത്ത് വകുപ്പിൽ കെട്ടിടങ്ങളുടെ രൂപകൽപ്പനയ്ക്കായി വാസ്തുശില്പ വിഭാഗം നിലവിലുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി കെട്ടിടങ്ങളുടെ രൂപഭംഗിയ്ക്കുകൂടി പ്രത്യേകം ഊന്നൽ നൽകിക്കൊണ്ടാണ് എല്ലാ കെട്ടിടങ്ങളും രൂപകൽപ്പന ചെയ്തുവരുന്നത്. കെട്ടിടങ്ങളുടെ ഉപയോഗ ക്ഷമതയ്ക്കൊപ്പം കലാപരമായ ഭംഗിക്ക് ആധാരമായ വാസ്തുശില്പകലയുടെ അടിസ്ഥാന തത്വങ്ങളെല്ലാം സമന്വയിപ്പിച്ചാണ് ഏത് രൂപകൽപ്പനയും തയ്യാറാക്കുന്നത്. കേരളത്തിന്റെ പ്രത്യേകമായ കാലാവസ്ഥയ്ക്ക് അനുസൃതമായ വാസ്തുശില്പ ശൈലി കാലാകാലങ്ങളായി ഇവിടെ രൂപപ്പെട്ടിട്ടുണ്ടെങ്കിലും ആധുനിക കാലഘട്ടത്തിന് ആവശ്യമായ ബഹുനില കെട്ടിടങ്ങളിൽ പുതിയ നിർമ്മാണ സങ്കേതങ്ങളും സാമഗ്രികളും അവസരോചിതമായി ഉൾപ്പെടുത്തേണ്ടതുണ്ട്. സുസ്ഥിരമായ കെട്ടിട നിർമ്മാണത്തിന് പ്രാധാന്യമേറിവരുന്ന ഈ കാലഘട്ടത്തിൽ കഴിയുന്നത്ര ഹരിത നിർമ്മാണ തത്വങ്ങൾ ഉൾക്കൊള്ളിച്ചാണ് എല്ലാ കെട്ടിടങ്ങളും

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

രൂപകൽപ്പന ചെയ്യുന്നത്. ഹരിത നിർമ്മാണ രൂപകൽപ്പനയിൽ പരിശീലനം നേടിയ ആർക്കിടെക്ടുമാരും സാങ്കേതിക ജീവനക്കാരും പൊതുമരാമത്ത് വകുപ്പിലുണ്ട്. നിലവിലുള്ള എല്ലാ കെട്ടിടനിർമ്മാണ ചട്ടങ്ങളും അഗ്നിസുരക്ഷാ ചട്ടങ്ങളും ഹെറിറ്റേജ് നിയമങ്ങളുമൊക്കെ പാലിച്ചുകൊണ്ട് ഭിന്നശേഷീ സൗഹൃദമായാണ് എല്ലാ കെട്ടിടങ്ങളുടെയും രൂപകൽപ്പന നിർവ്വഹിച്ചുവരുന്നത്. പുതിയ നിർമ്മാണ രീതികളിൽ അറിവ് നേടുന്നതിനായി പല പരിശീലന പരിപാടികളും നടത്തിവരുന്നുണ്ട്. പബ്ലിക് ആർക്കിടെക്ചർ എന്ന ആശയത്തെ അന്വർത്ഥമാക്കിക്കൊണ്ട് പൊതുജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ രീതിയിലാണ് എല്ലാ രൂപരേഖകളും തയ്യാറാക്കുന്നത്.

**ആലപ്പുഴ ദന്തൽ കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം**

9(4019) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ദന്തൽ കോളേജ് ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

4 കോടി രൂപ (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*)

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് അഡീഷണൽ ഓതറൈസേഷൻ വേണ്ടിവരുന്ന സാഹചര്യം എന്തെന്ന് വിശദമാക്കാമോ?

7380$m^2$ അളവിൽ മൂന്ന് നിലകളുള്ള കെട്ടിടമാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. എന്നാൽ ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. അതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) അഡീഷണൽ ഫണ്ട് ലഭിക്കുന്നതിനായി നൽകിയ ഫയലിന്റെ നിലവിലെ സ്ഥിതി എന്തെന്ന് ഫയലിന്റെ നമ്പർ സഹിതം വ്യക്തമാക്കാമോ?

13.5 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള എസ്റ്റിമേറ്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഗവൺമെന്റ് ഡെന്റൽ കോളേജ് പ്രിൻസിപ്പാളിന് സമർപ്പിച്ചിട്ടുണ്ട്. (AB1/ 470/2018 നമ്പർ ഫയൽ)

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) കെട്ടിടനിർമ്മാണം അടിയന്തരമായി ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പുതിയ കെട്ടിടത്തിനെ മൂന്ന് ബ്ലോക്കുകളായി തിരിച്ച് ലഭ്യമായ ഭരണാനുമതി തുക ഉപയോഗിച്ച് ഒരു ബ്ലോക്കിന്റെ നിർമ്മാണം നടത്തുന്നതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**മഞ്ചേശ്വരം ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജ് കെട്ടിടം**

10(4020) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി. മൂന്ന് കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഈ പ്രവൃത്തിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജ് കെട്ടിടത്തിന്റെ പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) 2019-20 ബഡ്ജറ്റിലെ അനുബന്ധം II, വാല്യം II പേജ് നമ്പർ 82, ഇനം നമ്പർ 1751 പ്രകാരം 300 ലക്ഷം (മുന്നൂറ് ലക്ഷം മാത്രം) രൂപയുടെ എസ്റ്റിമേറ്റ് കോളേജ് പ്രിൻസിപ്പൽ മുഖാന്തരം ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മഞ്ചേശ്വരം സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) ഇതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ ഭരണാനുമതി ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ; പ്രവൃത്തിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(സി&ഡി) മഞ്ചേശ്വരം സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ പ്രൊപ്പോസലുകൾ ഒന്നും ലഭിച്ചിട്ടില്ല.

**വാഹനങ്ങൾക്ക് ടോൾ ഇളവ്**

11(4021) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ബൈപ്പാസിന്റെ 5 കി.മീ. ചുറ്റളവിൽ താമസിക്കുന്നവരുടെ വാഹനങ്ങൾക്ക് ടോൾ ഇളവിന് പാസ് അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പാസ് ലഭിച്ച വാഹനങ്ങളിൽ ഫാസ്റ്റ് ടാഗ് സ്ഥാപിച്ചിട്ടുള്ളവർക്ക് ടോൾ തുക fastag അക്കൗണ്ടിൽനിന്ന് കുറയുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കൊല്ലം ബൈപ്പാസിന്റെ 5 കി.മീ. ചുറ്റളവിൽ താമസിക്കുന്നവരുടെ വാഹനങ്ങൾക്ക് ടോൾ ഇളവ് അനുവദിച്ചിട്ടില്ല.

**കാസർകോട് കല്ലഡുക്ക-ചെർക്കള റോഡിന്റെ നിർമ്മാണം**

12(4022) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ കല്ലഡുക്ക-ചെർക്കള റോഡിന്റെ പുതുക്കിയ പൂർത്തീകരണ കാലാവധി വ്യക്തമാക്കാമോ?

കാസർഗോഡ് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ നടന്നുവരുന്ന കല്ലഡുക്ക-ചെർക്കള റോഡിന്റെ പൂർത്തീകരണ കാലാവധി 24-10-2019 (12 മാസം) വരെ ആയിരുന്നു. എന്നാൽ പ്രസ്തുത തീയതിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ പൂർത്തീകരണ സമയം 31-12-2020 വരെയും തുടർന്ന് 30-6-2021 വരെയും കരാർ നീട്ടി നൽകിയിട്ടുണ്ട്.

(ബി) പുതുക്കിയ പൂർത്തീകരണ കാലാവധി അവസാനിച്ചിട്ടുണ്ടെങ്കിൽ ഇനിയും പുതുക്കി നൽകുമോയെന്ന് അറിയിക്കുമോ;

(സി) 12-7-2018-ന് ടെണ്ടർ ചെയ്ത പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെന്റ് തുകയായ 35.68 കോടി രൂപയിൽ 22.02 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചതിൽ, ബാക്കിയുള്ള പ്രവൃത്തികൾക്കായി കാലാവധി പുതുക്കി നൽകി നിലവിലുള്ള കരാറുകാരനെത്തന്നെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ പുതിയ സംവിധാനം കണ്ടെത്തുമോ;

(ഡി) നിർമ്മാണ പുരോഗതിയിലുള്ള അലംഭാവം നിമിത്തം നിലവിലുള്ള കരാറുകാരന് കിഫ്ബി സ്റ്റോപ്പ് മെമ്മോ നൽകിയ സാഹചര്യത്തിൽ ബാക്കിയുള്ള പ്രവൃത്തികൾ എപ്രകാരം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

(ബി-ഡി) മാർച്ച് 2021-ൽ കിഫ്ബി സ്റ്റോപ്പ് മെമ്മോ നല്കുകയും കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽനിന്നും നീക്കംചെയ്യാനും പുതിയ കരാർ വയ്ക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. സൈറ്റിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടും ജനങ്ങൾക്കുള്ള അസൗകര്യങ്ങൾ ഒഴിവാക്കാനും വേണ്ടി, ആവശ്യമെങ്കിൽ ഇൻസ്പെക്ഷൻ നടത്തി, ഒരവസരംകൂടി കരാറുകാരന് നൽകി പണി തുടരാനുള്ള അനുമതിക്കുവേണ്ടി കിഫ്ബിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ നിർദ്ദേശമനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഇ) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ റോഡിലെ കുറേ ഭാഗം സഞ്ചാരയോഗ്യമല്ലെന്നും കുളംപോലെയുള്ള കുണ്ടുംകുഴികളും നിറഞ്ഞ റോഡിനെക്കുറിച്ചുള്ള പരാതികളും സങ്കടങ്ങളും വാർത്താമാധ്യമങ്ങളിലും സാമൂഹികമാധ്യമങ്ങളിലും നിരന്തരം വന്നുകൊണ്ടിരിക്കുകയാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ ആകെ നീളം 19.194 കി.മീ. ആണ്. ഇതിൽ കി.മീ 48/370 മുതൽ 49/320 വരെയുള്ള 0.95 കി.മീ. ഭാഗമാണ് റോഡിൽ ശക്തമായ മഴയെ തുടർന്ന് നാശനഷ്ടങ്ങൾ സംഭവിച്ച് ഗതാഗതം ദുഷ്കരമായിട്ടുള്ളത്. പ്രസ്തുത ഭാഗം ഒഴിച്ച് ബാക്കിയുള്ള 18.244 കി.മീ. റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാണ്. സ്റ്റോപ്പ് മെമ്മോയിന്മേൽ കെ.ആർ.എഫ്.ബി. നൽകിയിരിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽ നിന്ന് തുടർനിർദ്ദേശം ലഭ്യമായാൽ മാത്രമേ തുടർപ്രവൃത്തികളിലുള്ള തീരുമാനത്തിൽ എത്താൻ സാധിക്കുകയുള്ളൂ.

## ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണം

13(4023) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിലെ പുതിയ ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തിക്കായി ആകെ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; ആയതിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ; പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

ആലപ്പുഴ മെഡിക്കൽ കോളേജിലെ പുതിയ ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണപ്രവൃത്തിക്കായി 1,500 ലക്ഷം രൂപയാണ് അനുവദിച്ചത്. പ്രവൃത്തി 5-7-2019-ൽ ആരംഭിച്ചു. ഒന്നാം നിലയുടെ റൂഫിംഗ് ജോലികൾ പുരോഗമിക്കുന്നു.

(ബി) പുതിയ ട്രോമാ കെയർ യൂണിറ്റിൽനിന്നും ആശുപത്രിയുടെ മെയിൻ ബ്ലോക്ക്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവയെ തമ്മിൽ ബന്ധിപ്പിക്കാനുള്ള ബ്രിഡ്ജ്/ഇടനാഴി സംവിധാനം രൂപരേഖയിൽ ഉൾപ്പെടുത്തിയിരുന്നോ?

ഇല്ല.

(സി) ഇല്ലെങ്കിൽ ഭരണാനുമതി നൽകിയ തുകയിലെ സേവിംഗ്സ് ഉപയോഗപ്പെടുത്തി പ്രസ്തുത സംവിധാനം നിർമ്മിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കെട്ടിട നിർമ്മാണം പൂർത്തീകരിച്ചാൽ മാത്രമേ സേവിംഗ്സ് ലഭ്യമാണോ എന്ന് അറിയാൻ കഴിയുകയുള്ളൂ.

## അങ്കമാലി പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിന്റെ ശോചനീയാവസ്ഥ

14(4024) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം) അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓഫീസ് കെട്ടിടം ചോർന്നൊലിച്ച് ഉപയോഗശൂന്യമായ അവസ്ഥയിലും ഷീറ്റിട്ട കെട്ടിടത്തിന്റെ മുകളിലൂടെ മരക്കൊമ്പുകൾ വീണ് അപകടാവസ്ഥയിലുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) ഉണ്ട്. 1980-കളിൽ നിർമ്മിതമായ ഒരു നില കെട്ടിടത്തിന്റെ മുകളിൽ ജി.ഐ. ഷീറ്റ് റൂഫിംഗ് ചെയ്ത് പാർട്ടീഷൻ ചെയ്താണ് അങ്കമാലി റോഡ്സ് സെക്ഷൻ കാര്യാലയം പ്രവർത്തിച്ചുവരുന്നത്. ആയതിനാൽ 2015-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട അങ്കമാലി സിവിൽ സ്റ്റേഷന്റെ കെട്ടിടത്തിൽ ഈ കാര്യാലയംകൂടി പ്രവർത്തിക്കുന്നതിനുള്ള സ്ഥലസൗകര്യം ഒരുക്കിയിട്ടുണ്ട്. എന്നിരുന്നാലും ഈ കാര്യാലയം നാളിതുവരെ സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേയ്ക്ക് മാറിയിട്ടില്ല. 2019-ലെ ശക്തമായ കാറ്റത്തും മഴയത്തും ഷീറ്റ് റൂഫിംഗിനും ചുറ്റുമതിലിനും

സാരമായ നാശനഷ്ടം സംഭവിച്ചതിനെ തുടർന്ന് യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി ഇവ പരിഹരിച്ചിട്ടുണ്ട്. ടി കാര്യാലയം പ്രവർത്തിക്കുന്നതിന് വിഘാതമായി നിലവിൽ ചോർച്ചയോ മറ്റ് ശോചനീയാവസ്ഥയോ ഇല്ലാത്തതുമാണ്. കൂടാതെ പ്രീ-മൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തി മരക്കൊമ്പുകൾ വെട്ടുകയും ചോർച്ച മാറ്റുകയും ചെയ്തിട്ടുണ്ട്.

(സി) അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന ടി ഓഫീസ് പൊളിച്ചുപണിയുന്നതിന് പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ തുക വകയിരുത്തി നൽകുന്നതിന് ഭരണാനുമതി നൽകുമോ; വിശദീകരിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

15(4025) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം അറിയിക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) പാലങ്ങൾ വിഭാഗത്തിനുകീഴിൽ Maintenance Estimate for Bridge in Changanassery Constituency in Kottayam District എന്ന പ്രവൃത്തിക്ക് Flood Damage Repairs-ൽ നിന്നും 17-9-2019-ലെ ഉത്തരവ് നമ്പർ AS/59C/19/107 പ്രകാരം 9,83,000 രൂപയ്ക്ക് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. കിഫ്ബി വിഭാഗത്തിനുകീഴിൽ ചങ്ങനാശ്ശേരി കവിയൂർ റോഡിന് 20-8-2016-ലെ ജി.ഒ.(ആർ.റ്റി.)നം. 1192/2016/പി.ഡബ്ല്യൂ.ഡി. ഉത്തരവുപ്രകാരം 15 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതിയും 18-9-2017-ലെ ഓർഡർ നം. എപിആർ-1/144/2017/കിഫ്ബി പ്രകാരം 32.77 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. ടി പ്രവൃത്തി 80% പൂർത്തീകരിച്ചു. DBM പ്രവൃത്തികൾ കഴിഞ്ഞു. BC, ട്രാഫിക് സിഗ്നലിങ് പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. കെ.എസ്.ടി.പി. വിഭാഗത്തിന് കീഴിൽ ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് നവീകരണ പ്രവൃത്തിയാണ് രണ്ടാംഘട്ടത്തിൽ നടപ്പിലാക്കിയത്. 47.70 കി.മീ. ദൂരത്തിലുള്ള പ്രസ്തുത

പ്രവൃത്തിയുടെ കരാർ തുക 293.58 കോടി രൂപയാണ്. 15-9-2014-ന് ഈ പ്രവൃത്തിയുടെ കരാർ ഒപ്പുവച്ചു. ഈ പ്രവൃത്തി ഉൾപ്പെടെ 13-2-2013-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നമ്പർ 16/2013/പി.ഡബ്ല്യൂ.ഡി. പ്രകാരം 2005 കോടി രൂപ അനുവദിച്ചു. 20-11-2014-ന് ആരംഭിച്ച പ്രസ്തുത പ്രവൃത്തി 1-4-2018-ന് പൂർത്തിയായി. ഇതുകൂടാതെ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തിയ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് വികസനത്തിനായി 17-8-2020-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 318/2020/പി&ഇ.എ. സർക്കാർ ഉത്തരവ് മുഖേന 671.66 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 27-10-2020-ന് ആരംഭിച്ച ഈ പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരുന്നു. നിരത്ത്, കെട്ടിട വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശവും ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകളും ഉള്ളടക്കം ചെയ്യുന്നു.*

## ആലപ്പുഴ ജനറൽ ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം

16(4026) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജനറൽ ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണത്തിന് അനുവദിച്ച തുക എത്രയാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

117 ലക്ഷം (നൂറ്റി പതിനേഴ ലക്ഷം) രൂപ അനുവദിച്ചിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമായി നാല് വർഷം കഴിഞ്ഞിട്ടും ടെണ്ടർ ചെയ്യാൻപോലും കഴിഞ്ഞിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

നാല് നിലകളിലായി 2051 ച.മീറ്റർ വിസ്തീർണമുള്ള കെട്ടിടമാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. കെട്ടിടനിർമ്മാണ നടപടികൾ പൂർത്തീകരിക്കുന്നതിന് തുക അപര്യാപ്തമായതിനാലാണ് ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കാത്തത്.

(സി) ഈ പ്രവൃത്തിക്ക് ഏത് സാഹചര്യത്തിലാണ് അഡീഷണൽ ഓതറൈസേഷൻ വേണ്ടി വരുന്നതെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) അഡീഷണൽ ഓതറൈസേഷനുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ എവിടെയാണ് ഉള്ളതെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ;

(ഇ) അഡീഷണൽ ഓതറൈസേഷൻ ലഭ്യമാക്കി കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

(സി-ഇ) ഈ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ അഡീഷണൽ ഓതറൈസേഷന്റെ ആവശ്യം നിലവിലില്ല. 535 ലക്ഷത്തിന്റെ (അഞ്ഞൂറ്റി മുപ്പത്തി അഞ്ച് ലക്ഷം) പുതുക്കിയ ഭരണാനുമതിക്കായി 6-2-2020-ൽ ജനറൽ ആശുപത്രി സൂപ്രണ്ടിന് സമർപ്പിച്ചിട്ടുണ്ട്. (ഫയൽ നമ്പർ. എബി 3-939/2017).

**വയനാട് തുരങ്കപാതയുടെ നിർമ്മാണം**

17(4027) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>:
<u>ശ്രീ. സജീവ് ജോസഫ്</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച വയനാട് തുരങ്കപാതയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുരങ്കപാതയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്?

(എ&ബി) വയനാട് തുരങ്കപാതയുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനും ടേൺ കീ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനുമുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിനെ (കെ.ആർ.സി.എൽ.) നിയോഗിച്ചിട്ടുണ്ട്. കൊങ്കൺ റെയിൽവേ സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസൽ പ്രകാരം ഈ പദ്ധതിക്കായി 658 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. കെ.ആർ.സി.എൽ., ഡി.പി.ആർ. തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പരിശോധനകൾ നടന്നുവരുന്നു.

(സി) തുരങ്കപാതകൾ നിർമ്മിക്കുന്നതിന് ഇന്ത്യൻ റോഡ് കോൺഗ്രസ് നിഷ്കർഷിച്ചിട്ടുള്ള പ്രാഥമിക ജിയോളജിക്കൽ/ജിയോടെക്നിക്കൽ പഠനം പ്രസ്തുത പാതയ്ക്കുവേണ്ടി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയത്; റിപ്പോർട്ട് ലഭ്യമാക്കുമോ?

പഠനം നടത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാഥമിക ജിയോളജിക്കൽ, ജിയോടെക്നിക്കൽ പഠനം എസ്.പി.വി. ആയ കെ.ആർ.സി.എൽ. M/s. Qmax Techno Consultants Pvt. Ltd. എന്ന സ്ഥാപനം വഴി നടപ്പിലാക്കി. ഡി.പി.ആറിൽ ഉൾപ്പെടുത്തി സമർപ്പിച്ച പഠനറിപ്പോർട്ട് പരിശോധനാ ഘട്ടത്തിലാണ്.

(ഡി) പ്രസ്തുത തുരങ്കപാതയ്ക്കുവേണ്ടി പരിസ്ഥിതി ആഘാത നിർണ്ണയ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയത്; അതിനുവേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; റിപ്പോർട്ടിലെ വിശദാംശം ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**കൊല്ലങ്കോട് ഫയർ സ്റ്റേഷൻ നിർമ്മാണം**

18(4028) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലങ്കോട് ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കുമോ?

കൊല്ലങ്കോട് ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്കും പ്ലാസ്റ്ററിംഗ് വർക്കും പൂർത്തീകരിച്ചിട്ടുണ്ട്. ടൈൽസ് വർക്കും പെയിന്റിംഗ് വർക്കും നടന്നുകൊണ്ടിരിക്കുന്നു. 30-11-2021-നുള്ളിൽ സിവിൽ വർക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**റോഡുകളുടെ അറ്റകുറ്റപ്പണി**

19(4029) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലമാകുമ്പോഴുള്ള സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശക്തമായ മഴയിൽ കുണ്ടുംകുഴിയുമായി മാറുന്ന വിധത്തിലുള്ള റോഡ് അറ്റകുറ്റപണി അവസാനിപ്പിക്കുന്നതിനും റോഡിലുണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും മെയിന്റനൻസ് നടത്താതെ തന്നെ കാലങ്ങളോളം റോഡ് ഉപയോഗപ്രദമാക്കുന്നതിനും സ്വീകരിക്കുന്ന പ്രവർത്തനങ്ങൾ വെളിപ്പെടുത്താമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡിലുണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും മെയിന്റനൻസ് നടത്താതെ റോഡ് ഉപയോഗപ്രദമാക്കുന്നതിനും താഴെപ്പറയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ വകുപ്പിൽ നടത്തിവരുന്നു.

റോഡുകളിലൂടെയുള്ള ശക്തമായ വെള്ളപ്പാച്ചിലിലും, വെള്ളക്കെട്ടുമൂലവും റോഡുകൾക്ക് തകരാർ സംഭവിക്കുന്നത് ഒഴിവാക്കുന്നതിനായി ഫണ്ട് ലഭ്യത കണക്കിലെടുത്ത് സ്ഥലലഭ്യത അനുസരിച്ചും ആവശ്യംവേണ്ട ഓടകളും കലുങ്കുകളും ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി പുനർ നിർമ്മാണ പ്രവർത്തനങ്ങളിൽ റോഡുകൾ ഉയർത്തുന്നതിനും നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു. ഔട്ട്പുട്ട് ആൻഡ് പെർഫോർമൻസ് ബേയ്സ്ഡ് റോഡ് കോൺട്രാക്ട് (OPBRC), റണ്ണിംഗ് കോൺട്രാക്ട് വഴി റോഡുകളുടെ അറ്റകുറ്റപ്പണികൾ നടന്നുവരുന്നുണ്ട്. ദീർഘകാലം ഈടുനിൽക്കുന്നതും പരിപാലന ചെലവ് കുറഞ്ഞതുമായ വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ, ഗതാഗത തിരക്കുള്ള നഗര പാതകൾ തുടങ്ങിയ സ്ഥലങ്ങളിൽ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ അധീനതയിലുള്ള റോഡുകളിൽ കാലാകാലങ്ങളിൽ നടത്തേണ്ട പരിപാലന പ്രവൃത്തികൾ പദ്ധതി കൺസൽട്ടന്റുമാർ നിർവ്വഹിച്ചുവരുന്നു. പണിപൂർത്തിയായ റോഡുകളിൽ ഈ വിധത്തിലുള്ള കുണ്ടുംകുഴികളും ഉണ്ടാവുകയാണെങ്കിൽ Emergency Maintenance Protocol അനുസരിച്ച് കൺസൽട്ടന്റ് മുഖാന്തരം നടന്നുവരുന്നു. ആർ.ബി.ഡി.സി.കെ.-യുടെ കീഴിലുള്ള റോഡ് നിർമ്മാണങ്ങൾക്ക് അഞ്ച് വർഷത്തെ Defect Liability Period ഉൾപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.റ്റി.പി. ലോകബാങ്കിന്റെയും ജർമ്മൻ ബാങ്കിന്റെയും ധനസഹായത്തോടെ റോഡ് പുനരുദ്ധാരണം നടത്തുന്ന സമയത്ത് വെള്ളക്കെട്ട്, കുഴികൾ തുടങ്ങിയവ കഴിയുന്നത്ര ഉണ്ടാകാതിരിക്കാനുള്ള യോജിച്ച സാങ്കേതിക വിദ്യകൾ നിലവിൽ പ്രവൃത്തി ഇനങ്ങളിൽ ഉൾക്കൊള്ളിക്കുന്നുണ്ട്. ദേശീയപാത വിഭാഗത്തിനുകീഴിൽ നൂതന സാങ്കേതികവിദ്യകളായ കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ്, NRMB, കയർ ഭൂവസ്ത്രം, ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, ഡെൻസ് ബിറ്റുമിനസ് മെക്കാഡം എന്നിവ ഉപയോഗിച്ച് റോഡുകൾ ബലപ്പെടുത്തിവരുന്നു. സി.ആർ.എഫ്. പദ്ധതികളിൽ ബിറ്റുമിനസ് കോൺക്രീറ്റിൽ പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(സി) ജലവിതരണ പൈപ്പുകൾ പൊട്ടുന്നതിലൂടെയോ സ്വകാര്യാവശ്യത്തിനായോ കേബിൾ ശൃംഖലയ്ക്കുവേണ്ടിയോ റോഡ് വെട്ടിപ്പൊളിക്കുന്ന സാഹചര്യത്തിൽ അറ്റകുറ്റപ്പണി നിർവ്വഹിക്കുന്നത് എപ്രകാരമാണെന്നും ആയത് കാലതാമസമില്ലാതെ നടത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

നിരത്ത് വിഭാഗത്തിനുകീഴിൽ നിലവിൽ കെ.എസ്.ഇ.ബി.എൽ., കെ.ഡബ്ല്യു.എ. അടക്കമുള്ള സ്ഥാപനങ്ങളുടെ യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കുന്നതിനു വേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കുഴിക്കുന്നതിനുള്ള അനുമതികൾ എല്ലാംതന്നെ റൈറ്റ് ഓഫ് വേ (RoW) എന്ന ഓൺലൈൻ പോർട്ടൽ മുഖേനയാണ് നൽകിവരുന്നത്. വാട്ടർ അതോറിറ്റി, ടെലികോം കമ്പനികൾ, കെ.എസ്.ഇ.ബി.എൽ. തുടങ്ങിയ സേവനദാതാക്കൾ റോഡുകൾ കുഴിക്കുന്ന അവസരത്തിൽ അവ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള റെസ്റ്റോറേഷൻ ചാർജ്ജുകൾ ഈടാക്കുന്നു. കൂടാതെ ഡിഫക്റ്റ് ലയബിലിറ്റി കാലാവധിയിലുള്ള റോഡുകൾ കുഴിക്കുന്നതിനുള്ള അനുമതി നൽകേണ്ടിവരുന്ന ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ നിശ്ചിത തുക സെക്യൂരിറ്റിയായി ഈടാക്കുന്നു. കേബിൾ, പൈപ്പ് തുടങ്ങിയവ സ്ഥാപിച്ച് താൽക്കാലിക റെസ്റ്റോറേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് റെസ്റ്റോറേഷൻ പ്രവൃത്തികൾ ക്രമീകരിച്ച് റോഡ് പൂർവ്വ സ്ഥിതിയിലാക്കിവരുന്നു. കേരള റോഡ് ഫണ്ട് ബോർഡിന്റെ അധീനതയിലുള്ള റോഡുകളിൽ ജലവിതരണ പൈപ്പുകൾ പൊട്ടുന്നതിലൂടെയോ, സ്വകാര്യ ആവശ്യത്തിനായോ കേബിൾ ശൃംഖലയ്ക്ക് വേണ്ടിയോ റോഡ് വെട്ടിപ്പൊളിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അതത് ഏജൻസികളിൽ നിന്നും വെട്ടിപ്പൊളിച്ച റോഡ് പൂർവ്വസ്ഥിയിലാക്കുന്നതിലേയ്ക്കായുള്ള ചാർജ്ജ് ബന്ധപ്പെട്ട വ്യക്തിയിൽ നിന്നോ, ഏജൻസികളിൽ നിന്നോ ഈടാക്കുന്നതാണ്. ആയത് കാലതാമസം കൂടാതെ അറ്റകുറ്റപ്പണികൾ ചെയ്ത് പൂർത്തീകരിച്ചുവരുന്നു. കൂടാതെ പുതുതായി ഏറ്റെടുത്ത സ്മാർട്ട് സിറ്റി പ്രോജക്ടിൽ ഡ്രെയിനേജ്, യൂട്ടിലിറ്റി കോറിഡോർ, വൈറ്റ്ടോപ്പിംഗ് തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനാൽ, ഈ വിധത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാവുകയില്ല. റോഡ് കട്ടിംഗ് ചെയ്യുന്ന സ്ഥാപനം/കക്ഷി തന്നെ അവരുടെ ചെലവിൽ റോഡ് പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണെന്ന നിബന്ധനയോടെയാണ് ദേശീയപാത വിഭാഗത്തിന് കീഴിൽ റോഡ് കട്ടിംഗിന് അനുമതി നൽകിവരുന്നത്. റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ചെസ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതികവിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) റോഡുകളുടെ ശോചനീയാവസ്ഥമൂലം ഉണ്ടാകുന്ന റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ തന്നെ അറ്റകുറ്റപ്പണികൾ നടപ്പിലാക്കി റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ട്. വാഹനയാത്രക്കർക്ക് മുന്നറിയിപ്പ് നൽകുന്നതിനായുള്ള സൂചന ബോർഡുകളും സ്ഥാപിക്കാറുണ്ട്. കെ.എസ്.റ്റി.പി. പദ്ധതികൾക്കായി ഏറ്റെടുക്കുന്ന റോഡുകൾ പ്രവൃത്തി പൂർത്തീകരണശേഷം മെയിന്റനൻസ് കാലാവധി കഴിഞ്ഞ് ബന്ധപ്പെട്ട പൊതുമരാമത്ത് വിഭാഗത്തെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. ഈ കാലയളവിനുള്ളിൽ കരാറുകാരൻ റോഡ് പരിപാലനം നടത്തുന്നതിനാൽ റോഡിന്റെ ശോചനീയാവസ്ഥ കാരണം റോഡപകടങ്ങൾ ഉണ്ടാകുന്നില്ല. ആർ.ബി.ഡി.സി.കെ.-യുടെ കീഴിലുള്ള റോഡുകൾ ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ മാനദണ്ഡമനുസരിച്ചുള്ള ഡിസൈനുകൾ ഉപയോഗിക്കുന്നതിനാൽ അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിന് സാധിക്കുന്നതാണ്.

**പയ്യന്നൂർ നഗരവികസനം**

20(4030) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ കെ.ആർ.എഫ്.ബി.-യുടെ കീഴിൽ പയ്യന്നൂർ നഗരവികസനത്തിനായി 100 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിക്കുകയുണ്ടായോ?

പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഏജൻസിക്കായി ടെണ്ടർ നടപടികൾ സ്വീകരിക്കുകയുണ്ടായോ?

സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ഡി) നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് പദ്ധതി ആരംഭിക്കുമോ?

(സി&ഡി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി വകുപ്പിന് കീഴിലുള്ള ഡിസൈൻ വിഭാഗത്തിനെ ചുമതലപ്പെടുത്തുകയും പ്രവൃത്തി പുരോഗമിച്ച് വരികയുമാണ്.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

21(4031) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചത്, ഭരണാനുമതിക്കായി സമർപ്പിച്ചവ, ബഡ്ജറ്റിൽ ഉൾപ്പെടുത്തിയവ, ടെണ്ടർ ചെയ്തവ, എഗ്രിമെന്റ് ചെയ്തിട്ടുള്ളവ, ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്തവ എന്നിങ്ങനെ തരംതിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നിട്ടുള്ള പ്രസ്തുത പ്രവൃത്തികളിൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടിവന്ന പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ-സി) വടക്കാഞ്ചേരി മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി കെ.എസ്.ടി.പി. നടപ്പാക്കുന്നത് തൃശ്ശൂർ-കുറ്റിപ്പുറം പാതയുടെ നവീകരണ പ്രവൃത്തിയാണ്. ഈ പ്രവൃത്തിക്ക് 316.82 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. KfW ജർമ്മൻ ബാങ്കിന്റെ ധനസഹായത്തോടെയാണ് ടി പ്രവൃത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. 218.44 കോടി രൂപയ്ക്ക് കരാർ ഒപ്പുവച്ചു. മണ്ഡലത്തിലെ പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ ഒന്നുംതന്നെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ പെടുത്തിയിട്ടില്ല.

## പാലാ മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം

22(4032) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21-ലെ ബഡ്ജറ്റിൽ അനുമതി നൽകി 20% ഫണ്ട് അനുവദിച്ചതും പാലാ നിയോജകമണ്ഡലത്തിലെ നൂറ് വർഷത്തോളം കാലപ്പഴക്കവുമുള്ളതുമായ ആറ് സ്കൂളുകളുടെ നവീകരണം സമയബന്ധിതമായി പൂർത്തീകരിക്കുമോ; പ്രസ്തുത സ്കൂളുകളുടെ നവീകരണം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

2020-21-ലെ ബഡ്ജറ്റിൽ അനുമതി നൽകിയ ആറ് സ്കൂളുകളുടെയും നവീകരണം ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക്, സാങ്കേതികാനുമതി നൽകി സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. ടി ആറ് പ്രവൃത്തികളിൽ നാല് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുവിദ്യാഭ്യാസ വകുപ്പിന് ഭരണാനുമതിക്കായി നൽകിയിട്ടുണ്ട്. ബാക്കി രണ്ട് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## റീബിൽഡ് കേരള പദ്ധതിയിലെ പൊതുമരാമത്ത് പ്രവൃത്തികൾ

23(4033) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഭരണാനുമതി ലഭിച്ചവ ഏതൊക്കെയെന്നും പ്രവൃത്തി ആരംഭിച്ചവ ഏതൊക്കെയെന്നും വിശദമാക്കുമോ;

(സി) അടുത്ത ഘട്ടത്തിൽ പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ-സി) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ വരുന്ന പ്രവൃത്തി തിരുവനന്തപുരം എയർപോർട്ട് ശംഖുമുഖം റോഡ് പുനരുദ്ധാരണമാണ്. ഈ പ്രവൃത്തിയുടെ ഒന്നാംഘട്ടമായ ഡയഫ്രം വാൾ നിർമ്മാണത്തിന് 639 ലക്ഷം രൂപയുടെയും രണ്ടാംഘട്ടമായ റോഡിനുള്ള 166 ലക്ഷം രൂപയുടെ (മൊത്തം 805 ലക്ഷം രൂപ) പുതുക്കിയ ഭരണാനുമതി ആർ.കെ.ഐ. മുഖാന്തരം 12-1-2021-ൽ നൽകുകയുണ്ടായി. ഒന്നാംഘട്ട പ്രവൃത്തി ആരംഭിച്ചുവെങ്കിലും പ്രതികൂല കാലാവസ്ഥ കണക്കിലെടുത്ത് നിർത്തിവച്ചിട്ടുണ്ട്. ആയത് ആഗസ്റ്റ് മാസം അവസാനത്തോടെ പുനരാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒന്നാംഘട്ടം പൂർത്തിയാക്കിയശേഷം രണ്ടാംഘട്ടം ആരംഭിക്കുന്നതാണ്. പാലം വിഭാഗത്തിനുകീഴിൽ നടത്തിവരുന്ന പ്രധാന പ്രവൃത്തികൾ:

1) ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ശാർങ്ങക്കാവ് പാലത്തിന്റെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

2) പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഐരാവൺ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

3) എറണാകുളം ജില്ലയിലെ തൃക്കാക്കര, കുന്നത്തുനാട് നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ബ്രഹ്മപുരം പാലത്തിന്റെ ഫൗണ്ടേഷനും സബ്സ്ട്രക്ചറും ഉപയോഗപ്പെടുത്തി പാലത്തിന്റെ ഉയരം കൂട്ടി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ആർ.കെ.ഐ.-യിൽ സമർപ്പിച്ചിട്ടുണ്ട്.

കെട്ടിടം, കെ.എസ്.ടി.പി. വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പറമ്പിൽ സർക്കാർ യു.പി. സ്കൂൾ കെട്ടിടനിർമ്മാണം

24(4034) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ പറമ്പിൽ ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്നറിയിക്കാമോ?

നിലവിൽ തടസ്സമില്ല.

(ബി) പ്രസ്തുത പ്രവൃത്തിക്ക് അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് 100 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(സി) പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ?

സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ഭാഗിക സാങ്കേതികാനുമതി നൽകി. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ഡി) പ്രസ്തുത നിർമ്മാണപ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നറിയിക്കാമോ?

പ്രസ്തുത നിർമ്മാണ പ്രവൃത്തി 2022 ജൂലൈ മാസത്തിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം

25(4035) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ടൈപ്പ് 1 ക്വാർട്ടേഴ്സുകളുള്ള ഫ്ലാറ്റ് നിർമ്മിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് ഉത്തരവിന്റെ പകർപ്പ് സഹിതം വ്യക്തമാക്കാമോ?

സർക്കാർ ജീവനക്കാർക്ക് ടൈപ്പ്-1 ക്വാർട്ടേഴ്സുകൾക്കുള്ള ഫ്ലാറ്റ് നിർമ്മിക്കുന്നതിന് തിരുവനന്തപുരം, ഇടുക്കി, ആലപ്പുഴ, പാലക്കാട് എന്നീ

ജില്ലകളിലായി മൊത്തം 1,455.68 ലക്ഷം (ആയിരത്തി നാനൂറ്റി അമ്പത്തി അഞ്ച് ലക്ഷത്തി അറുപത്തിയെട്ടായിരം) രൂപയാണ് അനുവദിച്ചിട്ടുള്ളത്. മറ്റുള്ള ജില്ലകളിൽ ഇപ്പോൾ പ്രവൃത്തികളൊന്നും അനുവദിച്ചിട്ടില്ല. ഇതിൽ ഇടുക്കി ജില്ലയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി ടൈപ്പ്-I, ടൈപ്പ് II, ടൈപ്പ് III എന്നീ ക്വാർട്ടേഴ്സുകൾക്ക് മൊത്തമായി 12 കോടി രൂപയുടെ ഒറ്റ ഭരണാനുമതിയാണുള്ളത്. അതിൽ 3 കോടി (മൂന്ന് കോടി) രൂപയാണ് ടൈപ്പ്-I ക്വാർട്ടേഴ്സിനായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത്. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; എന്നുമുതലാണ് നിലവിലെ സ്ഥിതി തുടരുന്നതെന്നും എന്നുവരെയാണ് കരാർ കാലാവധിയെന്നും അറിയിക്കാമോ;

(സി) നിർമ്മാണം അടിയന്തരമായി പുനരാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ബി&സി) തിരുവനന്തപുരം ഹരിഹർ നഗറിലെ പുതിയ ഫാമിലി ക്വാർട്ടേഴ്സിന്റെ മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം കാര്യാലയത്തിൽ തയ്യാറാക്കിവരികയാണ്. പാലക്കാട് മണ്ണാർക്കാട് പൊതുമരാമത്ത് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. ഇടുക്കി ജില്ലയിലെ ക്വാർട്ടേഴ്സിന്റെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിശോധനയിലാണ്. ആലപ്പുഴ ജില്ലയിലെ സ്റ്റാഫ് ക്വാർട്ടേഴ്സിലെ മൂന്ന് ബ്ലോക്കുകളിൽ രണ്ട് ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. മൂന്നാം ബ്ലോക്കിന്റെ സ്ട്രക്ച്ചർ പൂർത്തീകരിച്ചു. ഫിനിഷിംഗ് ജോലികൾ പുരോഗമിക്കുന്നു. 26-10-2020-ൽ കരാറുകാരൻ മരണപ്പെട്ടതുമൂലം പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്. പൂർത്തീകരണ കാലാവധി 18 മാസമായിരുന്നു. കാലാവധി 30-11-2020-ന് അവസാനിച്ചു. കോൺട്രാക്ടർ മരണപ്പെട്ടതിനാൽ നിലവിലുള്ള കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. റദ്ദ് ചെയ്തതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇരിക്കൂർ മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

26(4036) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിലെ നിരത്തുവിഭാഗം, കെട്ടിട വിഭാഗം, ബ്രിഡ്ജസ് വിഭാഗം, നാഷണൽ ഹൈവേ വിഭാഗം എന്നിവയുടെ കീഴിൽ ഏതൊക്കെ പ്രവൃത്തികളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ, പ്രവൃത്തി ആരംഭിച്ചവ ഏത് ഘട്ടത്തിലാണ് എന്നിങ്ങനെ തരംതിരിച്ച് വിശദമാക്കാമോ?

(എ&ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി ആരംഭിച്ചവ ആലക്കോട് പാലം (10% പൂർത്തീകരിച്ചു), അലക്സ് നഗർ-കാഞ്ഞിലേരി പാലം (45% പൂർത്തീകരിച്ചു) എന്നിവയാണ്. ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത പ്രവൃത്തി അട്ടൂർക്കടവ് പാലത്തിന്റേതാണ്. ടി പാലത്തിന്റെ സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിരത്ത്, കെട്ടിടം, ദേശീയപാത, കിഫ്ബി വിഭാഗങ്ങൾക്കുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കെട്ടിടങ്ങൾക്കുള്ള സിവിൽ-ഇലക്ട്രിക്കൽ പ്രവൃത്തികൾ

27(4037) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ കെട്ടിടങ്ങൾക്കുള്ള സിവിൽ-ഇലക്ട്രിക്കൽ പ്രവൃത്തികൾ ഒരേസമയം ടെണ്ടർ ചെയ്യാൻ കഴിയാത്തത് കൊണ്ടുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പിൽ ഭൂരിഭാഗം പ്രവൃത്തികളുടെയും സിവിൽ ഇലക്ട്രിക്കൽ ജോലികൾ ഒരുമിച്ച് തീർന്നുവരുന്നുണ്ട്. നിലവിൽ 5 കോടി രൂപയ്ക്കുമുകളിൽ നിർമ്മാണ തുകയുള്ള പ്രവൃത്തികൾക്ക് കോമ്പോസിറ്റ് ടെണ്ടർ നടപ്പാക്കി സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഒരുമിച്ച് ടെണ്ടർ ചെയ്ത് വരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കോഴിക്കോട് ജില്ലയിലെ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽ സ്റ്റാഫ് സ്ട്രെങ്ത് പ്രകാരമുള്ള ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിഭാഗത്തിൽ സർക്കാർ കെട്ടിടങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പരിശോധനയ്ക്കുമുള്ള എത്ര ഫയലുകൾ തീർപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; കൂടുതൽ ജീവനക്കാരെ നിയമിച്ചുകൊണ്ട് തീർപ്പാക്കാനുള്ള ഫയലുകളിൽ അടിയന്തര തുടർനടപടികൾ സ്വീകരിക്കുമോ?

കോഴിക്കോട് ജില്ലയിൽ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിനുള്ള 5 ഓഫീസുകളിലുമായി വിവിധ തസ്തികകളിൽ 11 ഒഴിവുകളുണ്ട്. കോഴിക്കോട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ ജീവനക്കാരുടെ അപര്യാപ്തതയുള്ളതിനാൽ 33 എസ്റ്റിമേറ്റുകൾ തയ്യാറാക്കാനുണ്ട്. എന്നിരുന്നാലും നിലവിലെ ജീവനക്കാരെ വച്ച് ഫയലുകൾ തീർപ്പാക്കിവരുന്നു. കൂടാതെ കോഴിക്കോട് ജില്ലയിലെ വേക്കൻസി നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കടുത്തുരുത്തി ബസ് ബേ നിർമ്മാണം**

28(4038) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ബസ് ബേയുടെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ട് നടപ്പാക്കുന്നതിന് രണ്ട് വർഷത്തെ കാലതാമസം വരുത്തുകയും യഥാർത്ഥ്യമാക്കാൻ കഴിയാതെവന്നതുമായ സ്ഥിതിവിശേഷത്തിന് പരിഹാരം കണ്ടെത്തുമോ;

(സി) പദ്ധതി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടും വകുപ്പുതലത്തിൽ യാതൊരു നടപടിയും കൈക്കൊള്ളാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ബസ് ബേ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ ചെയ്ത പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

(എ-ഡി) കടുത്തുരുത്തി ബസ് ബേയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ ആവശ്യമായതിനാൽ ആയതിനുള്ള പ്രവൃത്തിയുടെ (5.4 ലക്ഷം രൂപ) ടെണ്ടർ നടപടികൾ പൊതുമരാമത്ത് നിരത്ത് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കടുത്തുരുത്തിയുടെ കാര്യാലയത്തിൽ നിന്നും പൂർത്തീകരിക്കുകയും തുടർ നടത്തിപ്പിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പാലങ്ങൾ) സബ്ഡിവിഷനിലേക്ക് കൈമാറി നൽകുകയും ടി വിഭാഗം ലഭ്യമായിട്ടുള്ള ഡിസൈൻ പ്രകാരം ഡി.പി.ആർ. തയ്യാറാക്കി വരികയാണ്.

## ആലത്തൂർ മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

29(4039) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചവയിൽ ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

നിരത്ത് വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചവയിൽ ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കെട്ടിട വിഭാഗത്തിനുകീഴിൽ ഭിന്നശേഷിക്കാർക്കുള്ള ബാരിയർ ഫ്രീ ഫെസിലിറ്റി നൽകുന്ന പ്രവൃത്തി എസ്റ്റിമേറ്റ് തുക 14 ലക്ഷം കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. കുഴൽമന്ദം ഐ.ടി.ഐ.-യിലെ ഓഡിറ്റോറിയത്തിൽ ഫാൾസ് സീലിംഗ് നൽകുന്ന പ്രവൃത്തി (എസ്റ്റിമേറ്റ് തുക 9 ലക്ഷം രൂപ) നടന്നുകൊണ്ടിരിക്കുന്നു. രണ്ടാഴ്ചയ്ക്കകം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പാലങ്ങൾ വിഭാഗത്തിനുകീഴിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ചുള്ളിമാട് പാലം, കുളിയാട്ടുകടവ് പാലത്തിന്റെ അറ്റകുറ്റപ്പണികൾ എന്നിവയാണ്. ചുള്ളിമാട് പാലം പ്രവൃത്തി നിലവിൽ 40 % പൂർത്തീകരിച്ചിട്ടുണ്ട്. പുന്നപ്പാടം മമ്പാട് കോസ് വേ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കിഫ്ബി വിഭാഗത്തിനുകീഴിൽ കണ്ണാടി പന്നിക്കോട് റോഡിന് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 24.09 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായുള്ള വിവരശേഖരണം നടത്തിവരുന്നു. മലയോര ഹൈവേ പദ്ധതിക്ക് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ആലത്തൂർ നിയോജക മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന കൊല്ലംകോട് വടക്കാഞ്ചേരി മലയോര ഹൈവേയ്ക്ക് സാമ്പത്തികാനുമതി ലഭിക്കുന്നതിനായി DPR കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. 12 മീ. വീതിയിൽ ഫ്രീ സറണ്ടർ ആയി ഭൂമി വിട്ടുകിട്ടുമെന്നുള്ള രേഖകൾ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ലഭ്യമാക്കണമെന്ന് കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പല പ്രദേശങ്ങളിലും ഫ്രീ സറണ്ടർ ആയി സ്ഥലം ലഭ്യമല്ലാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ഫ്രീ സറണ്ടർ ആയി ഭൂമി വിട്ടുകിട്ടുമെന്ന രേഖകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പറക്കുന്നം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിന് 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകുകയും 2021-ൽ പുതുക്കിയിട്ടുള്ളതുമാണ്. സാമ്പത്തികാനുമതിക്കായി DPR കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഭരണാനുമതിക്കായി സമർപ്പിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയെന്നും അറിയിക്കാമോ?

ഭരണാനുമതിക്കായി പ്രവൃത്തികൾ ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

30(4040) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മലയോര ഹൈവേയുടെ കുടപ്പനമൂട്-വാഴിച്ചൽ റീച്ചിൽ കുടപ്പനമൂട് മുതൽ വാഴിച്ചൽ വരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ അലൈൻമെന്റിൽ മാറ്റംവരുത്തി ആരംഭിക്കണമെന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്തെടുത്ത തീരുമാനം നടപ്പിലാക്കുന്നതിൽ വരുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നടപ്പിലാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസങ്ങളുണ്ടോ; ആയതിന്റെ വിവരം അറിയിക്കാമോ;

(ബി) കുടപ്പനമൂട്-അമ്പൂരി-വാഴിച്ചൽ റീച്ച് സ്ഥലലഭ്യത ഇല്ലാത്തതിനാൽ ഒഴിവാക്കി പകരം കുടപ്പനമൂട്-വാഴിച്ചൽ റീച്ച് ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത പ്രൊപ്പോസലിന്റെ ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

(എ-സി) കുടപ്പനമൂട് - അമ്പൂരി - വാഴിച്ചൽ റീച്ചിൽ (7.85 കി.മീ.) സ്ഥലലഭ്യത ഇല്ലാത്തതിനാൽ അതൊഴിവാക്കി കുടപ്പനമൂട് നിന്നും വാഴിച്ചൽ വരെ നെടുമങ്ങാട് - ഷൊർളക്കോട് സ്റ്റേറ്റ് ഹൈവേയിലൂടെ തന്നെ 4 കി.മീ. ദൂരം ഉൾപ്പെടുത്തി അലൈൻമെന്റ് പുതുക്കണമെന്ന് ആവശ്യപ്പെട്ടുള്ള ബഹു. എം.എൽ.എ.-യുടെ കത്ത് പി.എം.യു. പ്രോജക്ട് ഡയറക്ടറുടെ കാര്യാലത്തിൽ 6-8-2021-ൽ ലഭിച്ചിട്ടുണ്ട്. അലൈൻമെന്റ് പുതുക്കുന്നതിനുള്ള ടി പ്രൊപ്പോസൽ NATPAC-ന് നൽകി സാധ്യതാ പഠനം നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്.

**ബി.എം.& ബി.സി. ടാറിങ്ങിന്റെ ചെലവ്**

31(4041) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ റോഡ് ഒരു കിലോമീറ്റർ ദൂരത്തിൽ സർഫസ് മാത്രം 5.5 മീറ്റർ വീതിയിൽ ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം ചെയ്യുന്നതിന് ശരാശരി എസ്റ്റിമേറ്റ് തുക എത്രയെന്ന് വ്യക്തമാക്കാമോ?

നിലവിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നത് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലുള്ള വ്യത്യസ്ത കോസ്റ്റ് ഇൻഡക്സുകൾ പ്രകാരമാണ്. ആയതിനാൽ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ വിവിധ നിരക്കുകളാണ് നിർമ്മാണ പ്രവൃത്തികളിൽ നിലനിൽക്കുന്നത്. റോഡിൽ ഒരു കിലോമീറ്റർ ദൂരത്തിൽ സർഫസ് മാത്രം 5.5 മീറ്റർ വീതിയിൽ ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം ചെയ്യുന്നതിന് ദേശീയപാത വിഭാഗത്തിന് ശരാശരി 45 ലക്ഷം രൂപയും നിരത്ത് വിഭാഗത്തിന് ശരാശരി 40 ലക്ഷം രൂപയും (നികുതികൾക്കു പുറമേ) വേണ്ടിവരുന്നു.

(ബി) പ്രസ്തുത റോഡിൽ ഒരു കിലോമീറ്റർ ദൂരം ഇരുവശങ്ങളിലും ഒരു മീറ്റർ വീതം ഐറിഷ് ഡ്രെയ്ൻ സംവിധാനം ചെയ്യുന്നതിന് ശരാശരി എസ്റ്റിമേറ്റ് തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഒരു കിലോമീറ്റർ ദൂരം ഇരുവശങ്ങളിലും ഒരു മീറ്റർ വീതം ഐറിഷ് ഡ്രെയ്ൻ സംവിധാനം ചെയ്യുന്നതിന് ദേശീയപാത വിഭാഗത്തിന് 28 ലക്ഷം രൂപയും നിരത്ത് വിഭാഗത്തിന് 27.50 ലക്ഷം രൂപയും (നികുതികൾക്ക് പുറമേ) ആണ് ശരാശരി എസ്റ്റിമേറ്റ് തുക.

(സി) റോഡിന്റെ സംരക്ഷണാർത്ഥവും ഉയർന്നുനിൽക്കുന്ന വശങ്ങളിൽ നിന്ന് വാഹനം താഴെ വീണ് അപകടം കുറയ്ക്കുന്നതിനുമായി നിർമ്മിക്കുന്ന ഐറിഷ് ഡ്രെയ്നിന്റെ ചെലവ് ലാഭിക്കാൻ ടാറിംഗ് ചെയ്യുന്ന പേവിംഗ് മെഷീനിൽ ഒരു സേഫ്റ്റി എഡ്ജ് പേവിങ് ഷൂ ഘടിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ നടപടി സ്വീകരിക്കുമോ?

റോഡിന്റെ വശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കി റോഡ് നിലനിൽപ്പ് ഉറപ്പാക്കുന്നതിന് ഓട നിർമ്മാണം പ്രായോഗികമല്ലാതെ വരുമ്പോഴാണ് ഐറിഷ് ഡ്രെയിൻ തെരഞ്ഞെടുക്കുന്നത്; അപകടം കുറക്കുന്നതിനല്ല. റോഡിന്റെ വശങ്ങളിലെ നിരപ്പില്ലായ്മ പരിഹരിക്കുന്നതിനായി പ്രവൃത്തികളിൽ വശങ്ങളിൽ മണ്ണിട്ട് നികത്തി ഉപരിതലം ടാർ സർഫസിന്റെ നിരപ്പിലാക്കി നീരൊഴുക്ക് ഉറപ്പാക്കുകയും അപകടം ഒഴിവാക്കുകയും ചെയ്തുവരുന്നു. ആയതിനാൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി സേഫ്റ്റി എഡ്ജ് സംബന്ധിച്ച പഠനം നടത്തേണ്ട സാഹചര്യമുണ്ടായിട്ടില്ല.

### വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണം

32(4042) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി റിംഗ് റോഡ് നിർമ്മിക്കുന്നതിനുവേണ്ടി പത്ത് കോടി രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇതുസംബന്ധിച്ച് സ്വീകരിച്ച മുഴുവൻ നടപടികളും അറിയിക്കുമോ?

(എ&ബി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണത്തിന് കിഫ്ബി പ്രവൃത്തിയായി 10 കോടി രൂപക്ക് ഭരണാനുമതി നൽകിയിരുന്നതും തുടർന്ന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ചെയ്യുകയും ചെയ്തിരുന്നു. ആയത് പ്രകാരം നിലവിൽ 3.50 മീറ്റർ മുതൽ 8.00 മീറ്റർ വരെ വീതിയുള്ള വളാഞ്ചേരി അങ്ങാടിപ്പുറം റോഡിനെയും എൻ.എച്ച്. 66-നെയും തമ്മിൽ ബന്ധിപ്പിക്കുന്ന വൈക്കത്തൂർ മീമ്പാറ മുനിസിപ്പൽ റോഡ് (1.380 കി.മീ.), നിലവിൽ 3.50 മീറ്റർ മുതൽ 4.50 മീറ്റർ വരെ വീതിയുള്ള വളാഞ്ചേരി തിരുവേഗപ്പുറ റോഡിനെയും എൻ.എച്ച്. 66-നെയും തമ്മിൽ യോജിപ്പിക്കുന്ന മൂച്ചിക്കൽ ബൈപ്പാസ് മുനിസിപ്പൽ റോഡ് (0.381 കി.മീ.) എന്നിവ വീതി കൂട്ടി 15 മീറ്റർ വീതിയിൽ റോഡ് പ്രവൃത്തി ചെയ്യുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ സ്ഥലദൗർലഭ്യം കാരണം പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ അപ്രായോഗികമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

### പി.ഡബ്ല്യു.ഡി. റോഡുകളുടെ മെക്കാഡം ടാറിംഗ്

33(4043) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ പി.ഡബ്ല്യു.ഡി. റോഡുകളിൽ എത്ര കിലോമീറ്റർ റോഡാണ് മെക്കാഡം ടാർ (ബി.എം.&ബി.സി.) ചെയ്ത് പൂർത്തീകരിച്ചിട്ടുള്ളതെന്ന് മണ്ഡലം തിരിച്ച് വിവരം ലഭ്യമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ റിക്ക് ലിമിറ്റഡിന് കീഴിൽ 83 കി.മീ. റോഡുകൾ ബി.എം.&ബി.സി. ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ:

(1) വെള്ളനാട്-ചെറ്റച്ചൽ റോഡ് (21.9 കി.മീ)-തിരുവനന്തപുരം ജില്ല-അരുവിക്കര മണ്ഡലം.

(2) കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡ് (36.1 കി.മീ) - കോട്ടയം ജില്ല -പാലാ, പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി മണ്ഡലങ്ങൾ.

(3) ഉപ്പള-കനിയാന റോഡ് (15.6 കി.മീ)-കാസർഗോഡ് ജില്ല - കാസർഗോഡ്, മഞ്ചേശ്വരം മണ്ഡലങ്ങൾ.

(4) വിദ്യാനഗർ-സീതാംഗോളിറോഡ് (9.40 കി.മീ)-കാസർഗോഡ് ജില്ല - കാസർഗോഡ്, മഞ്ചേശ്വരം മണ്ഡലങ്ങൾ.

നിരത്ത്, ദേശീയപാത, കെ.എസ്.റ്റി.പി. വിഭാഗങ്ങൾക്ക് കീഴിലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇനി എത്ര കിലോമീറ്റർ പി.ഡബ്ല്യു.ഡി. റോഡാണ് ബി.എം.& ബി.സി. നിലവാരത്തിൽ പരിഷ്കരിക്കാനുള്ളതെന്നുള്ള വിവരം ലഭ്യമാക്കാമോ?

നിരത്ത് വിഭാഗത്തിന് കീഴിലുള്ള ഏകദേശം 17,000 കി.മീ. പി.ഡബ്ല്യു.ഡി. റോഡും ദേശീയപാത വിഭാഗത്തിനുകീഴിലുള്ള 59 കിലോമീറ്റർ റോഡും, കെ.എസ്.റ്റി.പി.യുടെ കീഴിലുള്ള 482 കി.മീ. റോഡും കൂടി ബി.എം.& ബി.സി. നിലവാരത്തിൽ ആക്കേണ്ടതുണ്ട്.

**ഏനാമാവ് ജംഗ്ഷനിലെ റോഡ് വികസനം**

34(4044) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് പാതയിൽ ഗതാഗതക്കുരുക്ക് രൂക്ഷമായ ഏനാമാവ് ജംഗ്ഷനിലെ ഇടുങ്ങിയ റോഡ് വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 19-12-2019-ലെ സ.ഉ.(സാധാ) 9956/2019/ധന. നമ്പർ ഉത്തരവ് പ്രകാരം ലഭിച്ച പ്രത്യേകാനുമതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് 25,000 രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പല പ്രാവശ്യം ടെണ്ടറും, റീ-ടെണ്ടറും ഇ-ക്വട്ടേഷനും റീ-ക്വട്ടേഷനും നടത്തിയിട്ടുള്ളതാണ്. എന്നാൽ ഇപ്പോൾ മാന്വൽ റീ-ക്വട്ടേഷൻ നടത്തി ലഭിച്ച സിംഗിൾ ക്വട്ടേഷന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത റോഡ് വികസനം പ്രാവർത്തികമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### മണപ്ര-എടത്വ റോഡ് നവീകരണം

35(4045) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമുടി പഞ്ചായത്തിലേയ്ക്കുള്ള ഏറ്റവും പ്രധാന ഗതാഗത മാർഗ്ഗമായ മണപ്ര-എടത്വ റോഡ് മണ്ണിട്ട് ഉയർത്തി നവീകരിക്കാത്തതുമൂലം ഉണ്ടാകുന്ന യാത്രാക്ലേശം രൂക്ഷമായതിനാൽ പ്രസ്തുത റോഡിന്റെ നവീകരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

മണപ്ര-എടത്വ റോഡിൽ മണപ്ര മുതൽ പുല്ലങ്ങടി വരെ 2.150 കി.മീ. റോഡ് 2018-ൽ പൊതുമരാമത്ത് വകുപ്പ് ഫോർമേഷൻ ചെയ്ത് പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇതിനുശേഷം വരുന്ന റീച്ചിനായി നിലവിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ബി) പ്രസ്തുത റോഡിന്റെ നവീകരണം സമയബന്ധിതമായി തീർക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

### കൊണ്ടോട്ടി മണ്ഡലത്തിൽ റോഡിനായി സ്ഥലമേറ്റെടുക്കൽ

36(4046) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിൽ ഫാറൂഖ് കോളേജ്-വാഴക്കാട് റോഡിൽ ചിറ്റാരിക്കുന്ന് മുതൽ ഊർക്കടവ് വരെ ഭാഗത്ത് റോഡിനുവേണ്ടി സ്ഥലമേറ്റെടുക്കുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നോ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

14-7-2009-ലെ സ.ഉ.(സാധാ) നമ്പർ 1045/2009/പൊ.മ.വ. പ്രകാരം ഫാറൂക്ക് കോളേജ് - വാഴക്കാട് റോഡ് ഭൂമി ഏറ്റെടുത്ത് നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു.

(ബി) സ്ഥലമേറ്റെടുപ്പിന്റെ ഏതെല്ലാം ഘട്ടം പൂർത്തിയാക്കിയെന്നും ഇനി എന്തെല്ലാമാണ് പൂർത്തിയാക്കാനുള്ളതെന്നും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിക്ക് റവന്യൂ വകുപ്പിന്റെ ഭരണാനുമതി ലഭ്യമാക്കിയശേഷം റിക്വസിഷൻ സമർപ്പിച്ചിരുന്നതും തുടർന്ന് സർവ്വേ നിയമ പ്രകാരമുള്ള 6(1) വിജ്ഞാപനം 14-3-2013-ന് പുറത്തിറക്കിയിരുന്നതുമാണ്. എന്നാൽ ഭൂമി വില സംബന്ധിച്ച നെഗോസിയേഷനിൽ തീരുമാന മാകാത്തതിനാൽ തുടർപ്രവർത്തനങ്ങളൊന്നുംതന്നെ നടന്നിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ ഭൂമി ഏറ്റെടുക്കലിന്റെ ഭരണാനുമതി കാലഹരണപ്പെട്ടതിനാൽ പുതിയ ഭരണാനുമതി ഉത്തരവ് നൽകിയശേഷം മാത്രമേ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി) കാലാവധി കഴിഞ്ഞ ഭരണാനുമതി പുതുക്കുന്നതിനുവേണ്ടി മലപ്പുറം പൊതുമരാമത്ത് നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 2020 ഡിസംബർ 9-ാം തീയതി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

### വള്ളിക്കുന്ന് മണ്ഡലത്തിലെ റോഡ് നവീകരണ പ്രവൃത്തികൾ

37(4047) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് പോകുന്ന പരപ്പനങ്ങാടി-പാറക്കടവ്, തിരൂരങ്ങാടി-മുട്ടിച്ചിറ എന്നീ പൊതുമരാമത്ത് റോഡുകൾ, ലാൻഡ് അക്വിസിഷനിലൂടെ വീതികൂട്ടി ആവശ്യമായ സ്ഥലം ഉയർത്തി വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കുവാൻ ഡ്രൈനേജ് സ്ഥാപിക്കുന്നതടക്കമുള്ള നവീകരണ പ്രവൃത്തികൾക്ക് തുക അനുവദിച്ച് നൽകുമോ;

(ബി) ഇത് സംബന്ധിച്ച് വകുപ്പുതലത്തിൽ ലഭിച്ച നിവേദനങ്ങളിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

(എ&ബി) പ്രസ്തുത റോഡുകളിലെ താഴ്ന്ന ഭാഗങ്ങൾ പരിശോധിച്ച് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണം എന്നാവശ്യപ്പെട്ട് ബഹു. വള്ളിക്കുന്ന് എം.എൽ.എ. മുൻ സർക്കാരിന്റെ കാലത്ത് ബഹു. മരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ റിപ്പോർട്ടിനായി മഞ്ചേരി നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ബഹു. മന്ത്രി നിർദ്ദേശം നൽകിയിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് ബഹു. മന്ത്രിയുടെ ഓഫീസിലേയ്ക്ക് റിപ്പോർട്ട് നൽകിയിരുന്നു. ടി വിഷയം സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയ്ക്കായി ലഭിച്ചിട്ടില്ല.

## പാലക്കാട് ജില്ലയിൽ കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് നവീകരിച്ച റോഡുകൾ

38(4048) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പാലക്കാട് ജില്ലയിൽ കേന്ദ്ര റോഡ് ഫണ്ട് (സി.ആർ.എഫ്.) ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് നവീകരിച്ച റോഡുകൾ ഏതെല്ലാമാണെന്ന് മണ്ഡലംതിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക അറിയിക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## റോഡുകളുടെ നിർമ്മാണ പുരോഗതി

39(4049) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പിന് കീഴിലെ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അവലോകനയോഗം മണ്ഡലാടിസ്ഥാനത്തിലും മന്ത്രിതലത്തിലും നടത്താറുണ്ട്. യോഗത്തിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും സമയബന്ധിതമായി ആയത് പൂർത്തീകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തലശ്ശേരി-വളവുപാറ റോഡ്, കൂത്തുപറമ്പ് റിംഗ് റോഡ്, കീഴ്ലൂടം-കല്ലിക്കണ്ടി റോഡ്, ഉവ്വക്കുന്ന്-സെൻട്രൽ പൊയിലൂർ റോഡ്, പെരിങ്ങത്തൂർ-മുക്കിൽ പീടിക റോഡ് തുടങ്ങിയവയുടെ നിർമ്മാണപുരോഗതിയും നിലവിലുള്ള സ്ഥിതിയും വിശദമാക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസങ്ങളുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്നും ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്നും വിശദമാക്കാമോ?

(ബി&സി) നിരത്ത് വിഭാഗത്തിന് കീഴിൽ ഉവക്കുന്ന് - സെൻട്രൽ പൊയിലൂർ റോഡ് - ഡ്രെയിനേജ് പ്രവൃത്തി പൂർത്തിയായി. പെരിങ്ങത്തൂർ - മുക്കിൽ പീടിക റോഡ് - ജി.എസ്.ബി., ഡബ്ല്യൂ.എം.എം. പ്രവൃത്തികൾ പൂർത്തിയായി. ബി.എം. പ്രവൃത്തി ആരംഭിക്കേണ്ടതുണ്ട്. ബസ് ഷെൽട്ടർ പൊളിച്ച് മാറ്റുന്നതുമായി ബന്ധപ്പെട്ട് തർക്കം നിലനിൽക്കുന്നതിനാൽ ഉവക്കുന്ന് - പൊയിലൂർ റോഡ് പ്രവൃത്തി താൽക്കാലികമായി തടസപ്പെട്ടിരിക്കുകയാണ്. പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. കെ.എസ്.റ്റി.പി. വിഭാഗത്തിന് കീഴിൽ തലശ്ശേരി - വളവുപാറ റോഡ് നവീകരണ പ്രവൃത്തിയിൽ കൂത്തുപറമ്പ് ടൗണിലെ ട്രാഫിക് ഐലന്റ് നിർമ്മാണം, തെക്കിലങ്ങാടിയിലെ ഡിവൈഡർ, ഹാൻഡ് റെയിൽസ്, ഓട നിർമ്മാണം എന്നീ പണികൾ നിലവിൽ പുരോഗതിയിലാണ്. കിഫ്ബി വിഭാഗത്തിന് കീഴിൽ കൂത്തുപറമ്പ് റിംഗ് റോഡ് പ്രവൃത്തിക്ക് 32.08 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായി. LoA നൽകുന്നതിന് ആവശ്യമായ രേഖകൾ കിഫ്ബിക്ക് സമർപ്പിക്കുന്ന ഘട്ടത്തിലാണ്. കീഴ്ലൂടം കല്ലികണ്ടി റോഡ് 60% പ്രവൃത്തി പൂർത്തീകരിച്ചു. 6.2 കി.മീ. DBM, 4.4 കി.മീ. BC പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ പൂർത്തീകരണത്തിന് നിലവിൽ തടസ്സങ്ങളില്ല.

(ഡി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ചെറ്റക്കണ്ടി- വിളക്കോട്ടൂർ- സെൻട്രൽ പൊയിലൂർ-ചമതക്കാട്- വടക്കേപൊയിലൂർ റോഡ്, പാനൂർ- കൈവേലിക്കൽ- കുന്നോത്തുപറമ്പ് റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

നിലവിൽ പ്രസ്തുത റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

**കൊല്ലങ്കോട്-ആനമാറി റോഡ് നിർമ്മാണം**

40(4050) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെല്ലിയാമ്പതി റോഡിന്റെ പ്രവൃത്തികൾ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി നടത്തുന്നതുകൊണ്ട് പ്രസ്തുത റോഡിന് അനുവദിച്ചിരുന്ന 4.5 കോടി രൂപയുടെ പ്രവൃത്തി കൊല്ലങ്കോട്-ആനമാറി റോഡിലേയ്ക്ക് മാറ്റുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം നൽകുമോ?

27-11-2018-ലെ സ.ഉ.(സാധാ) നമ്പർ1842/2018/പൊ.മ.വ. പ്രകാരം 450 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ 'Reconstruction of damaged retaining wall and construction of breast wall at various chainages between km 8/000 to 26/000 of Nenmara - Nelliyampathy road' എന്ന പ്രവൃത്തിക്ക് പകരമായി 'Improvements with BM&BC between km 0/000 to 4/500 of Anamari - Kuttipadam road' എന്ന പ്രവൃത്തിക്ക് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ആശാൻ കലുങ്ക് പ്രദേശം അപകടരഹിതമാക്കുന്നതിന് നടപടി**

41(4051) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കെ.പി. റോഡിന്റെ ഭാഗമായ ആശാൻ കലുങ്ക് പ്രദേശത്ത് സ്ഥിരമായി അപകടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രദേശം അപകടരഹിതമാക്കുന്നതിന് നിരത്ത് വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രദേശത്ത് ആവശ്യമായ സൈൻ ബോർഡുകളും സ്പീഡ് ബ്രേക്കറുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) കായംകുളം - പത്തനാപുരം റോഡിൽ ബി.സി. ഓവർലേ ചെയ്ത് സഞ്ചാരയോഗ്യമാക്കി പ്രസ്തുത ഭാഗത്ത് സൂചനാ ബോർഡുകളും സ്റ്റഡുകളും റംബിൾ സ്ട്രിപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. എന്നിരുന്നാലും ഈ ഭാഗത്ത് അപകടം കൂടുതൽ നടക്കുന്നതിനാൽ റോഡ് വീതി കൂട്ടുക, ഇരുവശങ്ങളും ഇന്റർലോക്ക് ചെയ്യുക, സൈഡ് കെട്ടുക അപകടകരമായ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുക എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ഡി) പ്രസ്തുത പ്രദേശത്ത് സർവ്വേ നടപടികൾ സ്വീകരിക്കുന്നതിനും അപകടകരമായ നിലയിൽ സ്ഥിതി ചെയ്യുന്ന പരസ്യബോർഡുകൾ ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ടി ഭാഗം അളന്ന് തിട്ടപ്പെടുത്തുന്നതിനായി ആലപ്പുഴ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചീഫ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. അപകടകരമായ നിലയിൽ സ്ഥിതിചെയ്യുന്ന പരസ്യ ബോർഡ് നീക്കം ചെയ്യുന്നതിനായി പാലമേൽ പഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പിട്ടുപീടിക-മാങ്ങോട് റോഡ് പ്രവൃത്തി**

42(4052) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്തുന്ന പിട്ടുപീടിക-മാങ്ങോട് റോഡിന്റെ പ്രവർത്തനം ഏത് ഘട്ടം വരെയായെന്ന് വിശദമാക്കുമോ?

Improvements to Pittupeedika - Mylar Road - Mangode road km 0/000 to 4/300 of Nenmara LAC in Palakkad District എന്ന പ്രവൃത്തിക്ക് 22-9-2020-ന് കരാറിലേർപ്പെടുകയും 29-9-2020-ന് സൈറ്റ് കരാറുകാരന് കൈമാറുകയും ചെയ്തിരുന്നു. എന്നാൽ കോവിഡ് ലോക്ക്ഡൗൺ മൂലം മെറ്റീരിയൽസിന്റെയും തൊഴിലാളികളുടെയും ലഭ്യതക്കുറവും കാരണം പ്രവൃത്തി മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ കോൺക്രീറ്റ് വർക്കുകൾ (Retaining wall/Side Protection, Culverts etc.) പുരോഗമിച്ചുവരുന്നുണ്ട്. ഇതിൽ 400 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തികളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രവൃത്തിയിൽ നാല് കൾവർട്ടുകൾ പുനർനിർമ്മിക്കേണ്ടതുണ്ട്. ഇതിൽ രണ്ട് കൾവർട്ടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും മറ്റുള്ളവ പുരോഗമിച്ചുവരികയുമാണ്. മഴക്കാലത്തിനുശേഷം പ്രസ്തുത പ്രവൃത്തിയുടെ ബി.എം. & ബി.സി. പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 30-8-2021 വരെ നീട്ടിനൽകുന്നതിനായി കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മഴക്കാലത്തിനുശേഷം മാത്രമേ ടി പ്രവൃത്തിയുടെ ബി.എം.&ബി.സി. പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ 2022 മാർച്ച് മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

## റോഡ് ടാറിങ്ങിന് ഷ്രെഡഡ് പ്ലാസ്റ്റിക്

43(4053) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ടാറിംഗിന് നിശ്ചിത ശതമാനം ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഇന്ത്യൻ റോഡ് കോൺഗ്രസ് IRCSP 98/2013 " Guidelines for the use of waste plastic in hot bituminous Mixes" എന്ന കോഡ് പ്രകാരം ഷ്രെഡ് പ്ലാസ്റ്റിക്, ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ട്. 11-8-2016-ലെ എച്ച്2/89/2016-പി.ഡബ്ല്യൂ.ഡി. നമ്പർ സർക്കാർ കത്ത് പ്രകാരം റോഡ് നിർമ്മാണം, അറ്റകുറ്റപ്പണികൾ, പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾ നടത്തുമ്പോൾ റബ്ബറൈസ്ഡ് ബിറ്റുമിൻ (NRMB), വേസ്റ്റ് പ്ലാസ്റ്റിക്, കയർ, ജിയോ ടെക്സ്റ്റയിൽസ് തുടങ്ങിയവ ആവശ്യാനുസരണം പരമാവധി സ്ഥലങ്ങളിൽ ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിലേയ്ക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH 3044/24/2015 S&R(R) തീയതി 9-11-2015 പ്രകാരം ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരപരിധിയിലുള്ള 50 കി.മീ. ചുറ്റളവിനകത്ത് വരുന്ന ദേശീയപാതകളുടെ റീസർഫസിംഗിൽ ഉപയോഗിക്കുന്ന ബിറ്റുമിനസ് ഹോട്ട് മിക്സിൽ ചേർക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇത് പരിശോധിക്കാനും വിലയിരുത്താനും സംസ്ഥാനതല നിരീക്ഷണ സമിതി രൂപവത്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇത് പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും സംസ്ഥാനതല നിരീക്ഷണ സമിതി രൂപവൽക്കരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ഇത് പാലിച്ചുവെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബാദ്ധ്യസ്ഥരാണ്.

(സി) റോഡ് ടാറിംഗിന് ഇത്തരം പ്ലാസ്റ്റിക് ഉപയോഗിക്കുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ദൃഢത, ഉറപ്പ്, വെള്ളംമൂലമുണ്ടാകുന്ന കേടുപാടുകളിൽനിന്നുള്ള ഉയർന്ന പ്രതിരോധശേഷി എന്നിവ പ്ലാസ്റ്റിക് റോഡുകളുടെ ഗുണങ്ങളാണ്. കൂടാതെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതുമൂലം ഇവ പരിസ്ഥിതി സൗഹൃദമാകുന്നു.

**ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ**

44(4054) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി സംസ്ഥാനത്തെ റോഡുകൾ കുഴിക്കുന്നത് കാരണം പുതിയ റോഡുകൾ പോലും ഗതാഗതയോഗ്യമല്ലാതാകുന്നത് പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ച് കർമ്മപദ്ധതി തയ്യാറാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) റോഡുകൾ തുടർച്ചയായി തകരുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടവും ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) സംസ്ഥാനത്ത് ജലഅതോറിറ്റി അടക്കമുള്ള വകുപ്പുകൾ അറ്റകുറ്റപ്പണികൾക്കായി പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്ന സാഹചര്യത്തിൽ റോഡ് നിർമ്മാണത്തിന് മുമ്പുതന്നെ പൈപ്പ്ലൈനുകളും വൈദ്യുതി കേബിളുകളും, പോസ്റ്റുകളും മാറ്റിസ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപനം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് 5-1-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 30/2018/പൊ.മ.വ., 24-8-2018-ലെ ജി.ഒ.(ആർ.ടി) നമ്പർ1321/2018/പൊ.മ.വ. എന്നിവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. നിലവിൽ കെ.എസ്.ഇ.ബി.എൽ., കെ.ഡബ്ല്യൂ.എ. അടക്കമുള്ള സ്ഥാപനങ്ങളുടെ യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കുഴിക്കുന്നതിനുള്ള അനുമതികൾ എല്ലാംതന്നെ റൈറ്റ് ഓഫ് വേ (RoW) എന്ന ഓൺലൈൻ പോർട്ടൽ നിരത്ത് വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തുക വഴി മറ്റ് വകുപ്പുകൾക്ക് ആവശ്യംവേണ്ടുന്ന മുന്നൊരുക്കം നടത്താനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്.

കൂടാതെ 3-7-2021-ലെ ചീഫ് സെക്രട്ടറിയുടെ സർക്കുലർ നമ്പർ എച്ച്1/81/2021-പൊ.മ.വ. പ്രകാരം കെ.എസ്.ഇ.ബി.എൽ., വാട്ടർ അതോറിറ്റി എന്നിവയുടെ പ്രവൃത്തികളും RoW പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കി നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പുതന്നെ മറ്റ് വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുക വഴി നിർമ്മാണം പൂർത്തീകരിച്ച റോഡുകൾ തുടർന്ന് മറ്റ് ഏജൻസികൾ കുഴിക്കുന്നത് ഒഴിവാക്കാൻ സാധിക്കുന്നതാണ്. മുകളിൽ സൂചിപ്പിച്ച പ്രകാരം വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കുക വഴി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടവും ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കുന്നതാണ്.

## മാതിരപ്പിള്ളി-കോഴിപ്പിള്ളി ന്യൂബൈപ്പാസിന്റെ നിലവിലെ സ്ഥിതി ബന്ധപ്പെട്ട്

45(4055) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മൂന്നാർ ദേശീയ പാത എൻ.എച്ച്. 85-ൽ മാതിരപ്പിള്ളി മുതൽ കോഴിപ്പിള്ളി വരെയുള്ള മൂന്നര കി.മീ. ദൂരം വരുന്ന മാതിരപ്പിള്ളി-കോഴിപ്പിള്ളി ബൈപ്പാസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബൈപ്പാസ് പദ്ധതി ഭാരത്മാല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മൂന്നാർ മുതൽ കൊച്ചി വരെ 120 കി.മീ. ദൂരത്തിലുള്ള ഡി.പി.ആർ. ആയതിനാൽ നിർമ്മാണത്തിന് താമസം നേരിടുന്നതിനാൽ മാതിരപ്പിള്ളി-കോഴിപ്പിള്ളി ബൈപ്പാസ് നിർമ്മാണം സ്റ്റാന്റ് എലോൺ പ്രോജക്ടായി നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് എൻ.എച്ച്. വിംഗ് റിക്വസ്റ്റ് ലെറ്റർ നല്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) മേൽ സാഹചര്യത്തിൽ പ്രസ്തുത മാതിരപ്പിള്ളി കോഴിപ്പിള്ളി ബൈപ്പാസ് നിർമ്മാണം സ്റ്റാന്റ് എലോൺ പ്രോജക്ടായി നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഇ) മാതിരപ്പിള്ളി-കോഴിപ്പിള്ളി ബൈപ്പാസ്സ് ഉൾപ്പെടുത്തി എൻ.എച്ച്. 85-ൽ മറ്റകുഴി മുതൽ മൂന്നാർ വരെയുള്ള ഭാഗം പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ട് വരിപ്പാതയായി വികസിപ്പിക്കാനുള്ള ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിക്കവേ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 19-9-2017-ലെ കത്ത് പ്രകാരം ഡി.പി.ആർ. പഠനം നിർത്തിവയ്ക്കാനും ഭാരത്മാല പരിയോജനയിൽ ഉൾപ്പെട്ട എൻ.എച്ച്.85 നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറാനുള്ള നിർദ്ദേശം ലഭിച്ചതിൻപ്രകാരം ബന്ധപ്പെട്ട രേഖകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 12-5-2020-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ S.O. 1507(E) പ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് കൈമാറാൻ നിർദ്ദേശം ലഭിച്ച ദേശീയപാതകളുടെ പട്ടികയിൽ എൻ.എച്ച്.85-ഉം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ബൈപ്പാസ് ഭാരത്മാല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അധികാരികൾ അറിയിച്ചിട്ടുണ്ട്. പദ്ധതി സ്റ്റാന്റ് എലോൺ പ്രോജക്റ്റായി നടപ്പിലാക്കുന്നതിന് നയപരമായ തീരുമാനം എടുത്തിട്ടില്ല.

## റോഡുകളുടെ പരിഷ്കരണം

46(4056) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ പൊതുമരാമത്ത് റോഡുകളിലും റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കിവരുന്ന ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ചുള്ള ഉപരിതലം പുതുക്കുന്ന പ്രവൃത്തികളിൽ എല്ലാം തന്നെ നാച്ച്വറൽ റബ്ബർ മോഡിഫൈഡ് NRMB ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. NRMB-യുടെ ദൗർലഭ്യം ഉണ്ടാകുന്ന അവസരങ്ങളിൽ മാത്രമാണ് നോർമൽ ബിറ്റുമിൻ ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നത്.

(ബി) പാലങ്ങൾക്കും റോഡുകൾക്കുംവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം സംബന്ധിച്ചുള്ള തർക്കങ്ങൾ വേഗം പരിഹരിച്ച് പരിഷ്കരണങ്ങൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച തർക്കങ്ങൾ ദ്രുതഗതിയിൽ പരിഹരിക്കുന്നതിന് നിലവിൽ ജനപ്രതിനിധികൾ, തദ്ദേശവാസികൾ, റവന്യൂ അധികാരികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തികളുമായി ബന്ധപ്പെട്ട റോഡുകളുടെ അലൈൻമെന്റ് മുൻകൂട്ടി നിശ്ചയിച്ച് ഏറ്റെടുക്കേണ്ട സ്ഥലങ്ങൾ കണ്ടെത്തി ഉചിതമായ നഷ്ടപരിഹാരത്തുക താമസംവിനാ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുംവഴി സ്ഥലമേറ്റെടുക്കൽ പ്രക്രിയ വേഗത്തിലാക്കാനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു.

## മലയോര ഹൈവേ നിർമ്മാണം

47(4057) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ മലയോരഹൈവേ എത്ര റീച്ചുകളായാണ് പണികഴിപ്പിക്കുന്നതെന്ന് വിശദമാക്കാമോ?

ഇടുക്കി ജില്ലയിൽ മലയോര ഹൈവേ 5 റീച്ചുകളായാണ് പണി കഴിപ്പിക്കുന്നത്.

(ബി) ഓരോ റീച്ചും എവിടെ മുതൽ എവിടെ വരെയാണ്; ഓരോന്നും സംബന്ധിച്ച് വിശദാംശം നൽകാമോ?

ആദ്യത്തെ റീച്ച് - പീരുമേട് ദേവികുളം റോഡ് (കുട്ടിക്കാനം മുതൽ ചപ്പാത്ത്) ചെയിനേജ് 0/000 to 19/000). രണ്ടാമത്തെ റീച്ച് - പീരുമേട് ദേവികുളം റോഡ് പുളിയന്മല മുതൽ ചപ്പാത്ത് ചെയിനേജ് 19/000 to 40/050, തൊടുപുഴ പുളിയന്മല റോഡ് ചെയിനേജ് 85/500 to 92/167. മൂന്നാമത്തെ റീച്ച് - മൂന്നാർ കുമളി റോഡ് (മൈലാടുംപാറ പുളിയന്മല). നാലാമത്തെ റീച്ച് - ഇരുട്ടുകാനം ആനച്ചാൽ ഏലക്കൽ രാജാക്കാട് മൈലാടുംപാറ. അഞ്ചാമത്തെ റീച്ച് - കല്ലാർ പെരുമ്പൻകുത്ത് മാങ്കുളം.

(സി) മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; ഇതുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കാമോ?

(1) പീരുമേട് ദേവികുളം റോഡ് (കുട്ടിക്കാനം മുതൽ ചപ്പാത്ത് ചെയിനേജ് 0/000 to 19/000)- ഫോർമേഷൻ പ്രവൃത്തി 25% പൂർത്തീകരിച്ചിട്ടുണ്ട്.

(2) പീരുമേട് - ദേവികുളം പുളിയന്മല മുതൽ ചപ്പാത്ത് ചെയിനേജ് 19/000 to 40/050, തൊടുപുഴ പുളിയന്മല റോഡ് ചെയിനേജ് 85/500 to 92/167-84.53 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്.

(3) മൂന്നാർ-കുമളി റോഡ് (മൈലാടുംപാറ പുളിയന്മല)റീച്ചിന്റെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. ബി.എം & ബി.സി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ ടി റോഡ് ഡിഫക്ട് ലയബിലിറ്റി പീരിയഡിലാണ്. കുത്തുങ്കൽ മുതൽ മൈലാടുംപാറ വരെ ശബരിമല പ്രവൃത്തിയിൽ ഉൾപ്പെടുത്തി ബി.എം & ബി.സി. പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്.

(4) ഇരുട്ടുകാനം ആനച്ചാൽ ഏലക്കൽ രാജാക്കാട് - മൈലാടുംപാറ റീച്ച് ഇരുട്ടുകാനം മുതൽ എലക്കൽ വരെയുള്ള 10.5 km ദൂരം BM & BC പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ഡിഫക്റ്റ് ലയബിലിറ്റി പീരിയഡിൽ ഉള്ളതുമാണ്. ഏലക്കൽ പാലം മുതൽ വലിയ മുല്ലക്കാനം വരെയുള്ള പാതയുടെ ഡി.പി.ആർ. PPU-വിൽ തയ്യാറാക്കിവരുന്നു. വലിയ മുല്ലക്കാനം മുതൽ കുഞ്ചുങ്കൽ വരെയുള്ള 6.05 km റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നതും കുഞ്ചുങ്കൽ മുതൽ മൈലാടുംപാറ വരെ ശബരിമല പ്രവൃത്തിയിൽ ഉൾപ്പെടുത്തി BM & BC പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്.

(5) കല്ലാർ പെരുമ്പൻകുത്ത് മാങ്കുളം റീച്ചിൽ കുറത്തിക്കുടി മുതൽ പെരുമ്പൻകുത്ത് വരെ 8 km നീളത്തിൽ വനഭൂമി വിട്ടുകിട്ടാനുണ്ട്. 10 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിനായി വനം വകുപ്പിന് ഓൺലൈനിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. 12 മീറ്റർ വീതിയിൽ ഭൂമി ലഭ്യമാകാത്ത സ്ഥലങ്ങളിൽ BM & BC നിലവാരത്തിൽ പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്.

(ഡി) പുളിയൻമല-മയിലാട്ടുംപാറ, മയിലാട്ടുംപാറ-ഏലക്കൽ പാലം എന്നീ റീച്ചുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

മൂന്നാർ കുമളി റോഡ് (മൈലാടുംപാറ പുളിയന്മല) പ്രസ്തുത റീച്ചിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത റോഡ് ഡിഫക്റ്റ് ലയബിലിറ്റി പീരിയഡിൽ ആയതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. മയിലാട്ടുംപാറ എലക്കൽ പാലം എന്ന റീച്ചിൽ ഉൾപെടുന്ന ഏലക്കൽ പാലം മുതൽ വലിയ മുല്ലക്കാനം വരെയുള്ള പാതയുടെ ഡി.പി.ആർ. PPU-വിൽ തയ്യാറാക്കിവരുന്നു. വലിയ മുല്ലക്കാനം മുതൽ കുഞ്ചുങ്കൽ വരെയുള്ള 6.05 കി.മീ. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ നടത്തി വരുന്നതായും കുഞ്ചുങ്കൽ മുതൽ മൈലാടുംപാറ വരെ ശബരിമല പ്രവൃത്തിയിൽ ഉൾപ്പെടുത്തി ബി.എം & ബി.സി പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്.

(ഇ) മേല്പറഞ്ഞ രണ്ട് റീച്ചുകൾക്കും അനുവദിച്ച തുക സംബന്ധിച്ച വിശദാംശം നൽകാമോ?

മേൽപ്പറഞ്ഞ രണ്ട് റീച്ചുകൾക്കും സാമ്പത്തികാനുമതി ലഭ്യമായിട്ടില്ല.

## പരപ്പനങ്ങാടി ടിപ്പുസുൽത്താൻ റോഡ് പുനർനിർമ്മാണം

48(4058) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി ടിപ്പുസുൽത്താൻ റോഡിന്റെ ഒരു ഭാഗം വർഷങ്ങൾക്കുമുമ്പ് പ്രളയത്തിൽ ഒലിച്ചുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭാഗം പുനർനിർമ്മിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് ഇനിയും പൂർത്തീകരിക്കാനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(എ&ബി) ഉണ്ട്. തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി-ടിപ്പുസുൽത്താൻ റോഡ് കി.മീ. 3/900 മുതൽ 4/100 ചാപ്പപ്പടി ഭാഗം, 2018-19 വർഷങ്ങളിലെ പ്രളയത്തിൽ, കടൽക്ഷോഭം കാരണം 200 മീറ്ററോളം നീളത്തിൽ സൈഡ് പ്രൊട്ടക്ഷൻ വാളും ബി.എം.&ബി.സി.-യും തകർന്നിരുന്നു. ഈ ഭാഗത്ത് കടൽഭിത്തി നിർമ്മിച്ച് റോഡ് നിർമ്മിച്ചാൽ മാത്രമേ റോഡ് തകരാതെ നിൽക്കുകയുള്ളൂ. നിലവിൽ ഈ ഭാഗത്ത് പുലിമുട്ടിന്റെ പ്രവൃത്തി തുറമുഖ വകുപ്പ് നടത്തിവരുന്നുണ്ട്. റോഡ് താൽക്കാലികമായി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. പുലിമുട്ടിന്റെ പ്രവൃത്തി പൂർത്തിയാക്കുന്നമുറയ്ക്ക് റോഡ് പ്രവൃത്തിക്കായുള്ള തുടർനടപടികൾ കൈക്കൊള്ളാൻ കഴിയുന്നതാണ്.

## അതിർത്തിശ്ശേരി - ദേവസ്വംതുരുത്ത് റോഡിന്റെയും കലുങ്കിന്റെയും നിർമ്മാണം

49(4059) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ തലവടി പഞ്ചായത്തിൽ തലവടി മൂന്നാം വാർഡിൽ അതിർത്തിശ്ശേരി മുതൽ ദേവസ്വംതുരുത്ത് വരെ റോഡും കലുങ്കും നിർമ്മിക്കുന്നതിനുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പ്രാധാന്യം മനസ്സിലാക്കി അടിയന്തരമായി നവീകരണ പ്രവർത്തനങ്ങൾ നടത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; വിശദവിവരം അറിയിക്കുമോ?

(എ&ബി) ടി പ്രവൃത്തി 2021-22-ലെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ നൽകി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ക്കുത്താട്ടുകുളം റോഡ് വികസന പദ്ധതി

50(4060) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ കിഫ്ബി റോഡ് വികസന പദ്ധതിയുടെ ഭാഗമായ 15.6 കിലോമീറ്റർ നീളമുള്ള മൂവാറ്റുപുഴ-കൂത്താട്ടുകുളം റോഡ് വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്ന തെന്നും എന്ന് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി സ്ഥലമേറ്റെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകാമോ; പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

(എ-സി) ഈ പ്രവൃത്തിക്ക് 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ 487.22 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു. കിഫ്ബി സ്ഥല പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ നൽകിയ സാങ്കേതിക അവലോകന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള വസ്തുതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി സാമ്പത്തികാനുമതി നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സാമ്പത്തികാനുമതി ലഭ്യമാകുന്നമുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാവുന്നതാണ്.

## സംസ്ഥാനപാതയരികിലെ മാലിന്യനിക്ഷേപം

51(4061) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവീകരിച്ച പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയിൽ പൊന്തൻപുഴ വനമേഖല വരുന്ന ഭാഗങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

പുനലൂർ - മൂവാറ്റുപുഴ സംസ്ഥാനപാതയിൽ പൊന്തൻപുഴ വനം വരുന്ന ഭാഗങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(ബി) മാലിന്യനിക്ഷേപം തടയുന്നതിന് റോഡ് നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വനമേഖലയിൽ വരുന്ന പ്രസ്തുത റോഡിന്റെ ഇരുവശങ്ങളിലും സുരക്ഷാവേലി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ റോഡ് നവീകരണ പ്രവൃത്തിയിൽ വനമേഖലയിൽ വരുന്ന റോഡിന്റെ ഇരുവശങ്ങളിലും സുരക്ഷാവേലി സ്ഥാപിക്കുന്ന പണി നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

**പൊതുമരാമത്ത് റോഡുകളിലെ പൈപ്പ് ലൈനുകൾ**

52(4062) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജലജീവൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് അഞ്ചുവർഷം ഗ്യാരണ്ടിയുള്ള ബി.എം.&ബി.സി. റോഡുകളാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം റോഡുകൾ മുറിക്കുന്നതിനും നന്നാക്കുന്നതിനുമുള്ള ഉത്തരവാദിത്തം കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

നിലവിൽ കെ.എസ്.ഇ.ബി.എൽ., കേരള വാട്ടർ അതോറിറ്റി എന്നിവ അടക്കമുള്ള സ്ഥാപനങ്ങളുടെ യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കുഴിക്കുന്നതിനുള്ള അനുമതികളെല്ലാംതന്നെ റൈറ്റ് ഓഫ് വേ (RoW) എന്ന ഓൺലൈൻ പോർട്ടൽ മുഖേന നിബന്ധനകൾ പാലിച്ചാണ് നൽകിവരുന്നത്. സർക്കാർ വലിയ തുക ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കുന്ന പദ്ധതി ചുരുങ്ങിയ കാലയളവിനുള്ളിൽ മറ്റ് വകുപ്പുകളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിനുവേണ്ടി കുഴിക്കാൻ അനുമതി നൽകുന്നത് വാഹന ഗതാഗതത്തിന് തടസ്സമാവുകയും അപകടങ്ങൾമൂലം മനുഷ്യജീവനുകൾ നഷ്ടപ്പെടുകയും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നതിനാൽ ഡി.എൽ.പി. നിലനിൽക്കുന്ന റോഡുകൾക്ക് ഒഴിച്ചുകൂടാനാകാത്ത സാഹചര്യങ്ങളിൽ മാത്രം നിലവിലെ ഡി.എൽ.പി. കാലയളവിലേയ്ക്കുള്ള സെക്യൂരിറ്റി തുക, റെസ്റ്റൊറേഷൻ ചാർജ് എന്നിവ ബന്ധപ്പെട്ട ഏജൻസികളിൽനിന്ന് ഈടാക്കി റോഡ് കുഴിക്കുന്നതിനുള്ള അനുമതി നൽകാറുണ്ട്. ഈ വിഷയത്തിൽ യൂട്ടിലിറ്റി ഡിപ്പാർട്ടുമെന്റുകൾ ചുരുങ്ങിയത് അഞ്ച്

വർഷത്തേയ്ക്കെങ്കിലും പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്യുകയും റോഡ് പ്രവൃത്തി തുടങ്ങുന്നതിന് മുമ്പുതന്നെ അനുമതി വാങ്ങി പൂർത്തീകരിക്കുകയും ചെയ്താൽ ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കുന്നതാണ്. യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിനുവേണ്ടി റോഡ് കുഴിക്കുന്നത് ബന്ധപ്പെട്ട ഏജൻസികളാണ്. യൂട്ടിലിറ്റികൾ സ്ഥാപിച്ചശേഷം താൽക്കാലിക റെസ്റ്റൊറേഷൻ പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും തുടർന്ന് പൊതുമരാമത്ത് വകുപ്പ് റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് ടെണ്ടർ വിളിച്ച് റെസ്റ്റോറേഷൻ പ്രവൃത്തികൾ ക്രമീകരിച്ച് കരാറുകാരെക്കൊണ്ട് പൂർത്തിയാക്കുകയുമാണ് ചെയ്തുവരുന്നത്.

(സി) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ പൈപ്പിട്ട സ്ഥലങ്ങളിൽ ഇത്തരം റോഡുകളിൽ ഇന്റർകണക്ഷൻ നൽകാൻ സാധിക്കാത്ത കാര്യം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഇത്തരം ആവശ്യങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലെ റോഡുകളുടെ അവസ്ഥ, വാഹന ഗതാഗതത്തിനുള്ള സൗകര്യം, അപകട സാദ്ധ്യത തുടങ്ങിയവ കണക്കിലെടുത്ത് അനുമതികൾ മാനദണ്ഡങ്ങൾക്കനുസൃതമായി നൽകാറുണ്ട്. മൺസൂൺ കാലത്ത് റോഡ് കുഴിക്കുന്നതിനുള്ള അനുമതി നൽകാറില്ല.

(ഡി) ഇക്കാര്യത്തിൽ ഒരു പൊതുമാനദണ്ഡം സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിനുള്ള അനുമതികൾ പൊതുമാനദണ്ഡം അനുസരിച്ചാണ് നൽകിവരുന്നത്.

**റബ്ബറൈസ്ഡ് റോഡുകൾ**

53(4063) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ റോഡുകളിൽ റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ചുള്ള പ്രതല നവീകരണത്തിനായി NRMB (നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ) ആണ് സാധാരണയായി ഉപയോഗിച്ചുവരുന്നത്.

(ബി) നിലവിൽ ഇത്തരം ടാറിംഗ് നടത്തിയിട്ടുള്ള റോഡുകളുടെ ഈട് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ശരാശരി എത്രകാലം ഇവ കേടുകൂടാതെ നിലനിൽക്കുമെന്നാണ് കണ്ടെത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ?

പ്രത്യേകിച്ച് പഠനം നടത്തിയിട്ടില്ല. കാലാവസ്ഥാ വ്യതിയാനം, ഗതാഗത തീവ്രത എന്നിവമൂലം ഇത്തരം റോഡുകൾ ശരാശരി ഏഴുവർഷം നിലനിൽക്കുന്നതായി കാണുന്നു.

(സി) ഇത്തരം ടാറിംഗ് വിജയകരമാണെങ്കിൽ കൂടുതൽ റോഡുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

എല്ലാ റോഡുകളും ഘട്ടംഘട്ടമായി ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് നടപടി**

54(4064) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് പുതിയ നിർമ്മാണരീതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

പ്രകൃതി സൗഹൃദവും നവീന സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയിട്ടുള്ളതുമായ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ നടപ്പിലാക്കിവരുന്നു. റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേകതരം പൾവറൈസറും ചേർത്ത് കുഴച്ച് ഈ ഭാഗത്തുതന്നെ പുനരുപയോഗിക്കുകയും ചെയ്യുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി പ്രകൃതി വിഭവങ്ങളുടെ ചൂഷണം വലിയ അളവിൽ കുറയ്ക്കുന്നതിന് സാധിക്കുന്നു. പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ്

നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിക്കൊണ്ട് സ്വാഭാവിക റബ്ബർ, കയർ-ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിൽ ഉപയോഗിച്ചുവരുന്നു. ഇതിലൂടെ പരിസ്ഥിതിക്ക് ഹാനികരമായ പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതോടൊപ്പം ഈടുറ്റ റോഡുകളുടെ നിർമ്മാണം നടപ്പിലാക്കാനും സാധിക്കുന്നു. കെട്ടിടനിർമ്മാണം, പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഹരിതനിർമ്മാണ നയത്തിന് രൂപം നൽകിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ഊർജ്ജോപയോഗത്തിനുവേണ്ടി സൗരോർജ്ജത്തെ ഉപയോഗപ്പെടുത്തുകയും പുതുതായി നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങളിലും മഴവെള്ള സംഭരണികൾ നിർമ്മിച്ച് ജലദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കുകയും ചെയ്യുന്നു. കൂടാതെ വസ്തുക്കളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുകയും കെട്ടിട നിർമ്മാണത്തിനായി മരങ്ങൾ മുറിക്കുന്നത് പരമാവധി ഒഴിവാക്കുകയും ചെയ്യുന്നു. പ്രാദേശികമായി ലഭ്യമാക്കുന്ന നിർമ്മാണ സാമഗ്രികൾ പരമാവധി ഉപയോഗിച്ചാണ് നിർമ്മാണം നടത്തുന്നത്. ഭൂമിയുടെ പ്രകൃത്യാലുള്ള ചെരിവ് നിലനിർത്തിക്കൊണ്ടുള്ള നിർമ്മാണ രീതികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. നിലവിൽ കെട്ടിട വിഭാഗത്തിനുകീഴിൽ 15 കോടി രൂപയ്ക്ക് മുകളിലുള്ള കെട്ടിടനിർമ്മാണ പദ്ധതികൾ പൊതുമരാമത്ത് വകുപ്പിന്റെ എൺവയോൺമെന്റ് & സോഷ്യൽ മാനേജ്മെന്റ് യൂണിറ്റിൽ സമർപ്പിച്ച് പ്രസ്തുത പദ്ധതികൊണ്ടുണ്ടാകുന്ന പാരിസ്ഥിതിക ആഘാതനിർണ്ണയം നടത്തുകയും ആയത് തരണം ചെയ്യുന്നതിനായി പരിസ്ഥിതി പരിപാലന പദ്ധതി തയ്യാറാക്കുകയും ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. പാലങ്ങൾ വിഭാഗം ചെയ്യുന്ന പ്രവൃത്തികളിൽ പുനരുപയോഗ സാധ്യതയുള്ള പാറ ഉപയോഗിച്ചുള്ള നീരൊഴുക്കിന് വിഘാതം തട്ടാതെയുള്ള ഗാബിയോൺ വാൾ, DR വാൾ എന്നിവ ഉൾപ്പെടുത്തിയുള്ള നിർമ്മാണ രീതി അവലംബിക്കാറുണ്ട്. കയർ ജിയോടെക്സ്റ്റൈൽ പോലുള്ള തികച്ചും പരിസ്ഥിതി സൗഹൃദ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് സോയിൽ സ്റ്റെബിലൈസേഷൻ, എംബാങ്ക്മെന്റ് പ്രൊട്ടക്ഷൻ എന്നിവ നടത്തിവരുന്നു. പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനായി പാലത്തിന്റെ സ്പാനുകളുടെ നീളം വർദ്ധിപ്പിക്കുകയും പുഴയുടെ ഒഴുക്കിനേയും ആവാസവ്യവസ്ഥയേയും തടസ്സപ്പെടാത്തവിധം പരിസ്ഥിതി സൗഹൃദമായി നിർമ്മാണം നടത്തുകയും ചെയ്യുന്നു.

(ബി) എല്ലാ മഴക്കാലത്തും തകരുന്ന റോഡുകൾ ഏതെല്ലാമാണെന്ന് വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ?

എല്ലാ മഴക്കാലത്തും തകരുന്ന റോഡുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ പുനർനിർമ്മാണത്തിന് ആവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കിവരുന്നു.

## ദേശീയ പാത വികസനം

55(4065) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് വക സ്ഥലം പരസ്യ കമ്പനികളും മറ്റും അന്യായമായി കയ്യേറി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ദേശീയപാതാ വിഭാഗത്തിന്റെ വക സ്ഥലം അന്യായമായി കയ്യേറുമ്പോൾ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം നോട്ടീസ് നൽകുകയും അതിൻപ്രകാരം പരസ്യ ബോർഡുകൾ എടുത്തുമാറ്റാത്തവർക്കെതിരെ പോലീസ് സാന്നിദ്ധ്യം ആവശ്യമുള്ളപക്ഷം അത് ലഭ്യമാക്കി കയ്യേറ്റങ്ങൾ നീക്കം ചെയ്യാറുമുണ്ട്.

(ബി) ദേശീയ പാത വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു*.

## പാലക്കാട് ജില്ലയിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് നവീകരിച്ച റോഡുകൾ

56(4066) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2021 വരെയുള്ള കാലയളവിൽ പാലക്കാട് ജില്ലയിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് നവീകരിച്ച റോഡുകൾ ഏതെല്ലാമാണെന്നുള്ളതിന്റെ മണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കാമോ?

2016 മുതൽ 2021 വരെയുള്ള കാലയളവിൽ പാലക്കാട് ജില്ലയിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് നവീകരിച്ച റോഡുകളും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും മണ്ഡലം തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കിഴക്കമ്പലം-നെല്ലാട് റോഡിന്റെ ശോച്യാവസ്ഥ

57(4067) ശ്രീ. പി.വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് പുനരുദ്ധാരണ പ്രവൃത്തി ചെയ്യുന്നതിന് കരാർ നൽകിയ കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലം-നെല്ലാട് റോഡ് അത്യന്തം ശോച്യാവസ്ഥയിലും അപകടസാദ്ധ്യതയുള്ളതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ കരാറുകാരനെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തിയിൽനിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) വളരെയധികം ഗതാഗതത്തിരക്കുള്ളതും സംസ്ഥാന പാതയിൽ ഉൾപ്പെട്ടതുമായ പ്രസ്തുത റോഡ് അറ്റകുറ്റപ്പണി ചെയ്ത് സഞ്ചാരയോഗ്യമാക്കുന്നതിന് സമർപ്പിച്ച എസ്റ്റിമേറ്റ് അംഗീകരിച്ച് റോഡിന്റെ ഉപരിതലം പുതുക്കുന്നതിനുള്ള പ്രവൃത്തികൾ അടിയന്തരമായി നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ?

കിഫ്ബി പ്രവൃത്തിയിൽ ഉൾപ്പെടുത്തി കരാർ നൽകി നടപ്പിലാക്കിക്കൊണ്ടിരുന്ന പ്രവൃത്തിയായതിനാൽ പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റിന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിക്കുന്നതല്ല. കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽനിന്നും ഒഴിവാക്കിയതിനാൽ പ്രവൃത്തി പുനഃക്രമീകരിക്കുന്നതിന് ബാക്കി എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## മലയോര ഹൈവേയുടെ അലൈൻമെന്റ് മാറ്റം

58(4068) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യത്യസ്ത റീച്ചുകൾക്കിടയിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ മലയോര ഹൈവേയ്ക്ക് തുടർച്ച ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജനവാസകേന്ദ്രങ്ങളിൽ ആവശ്യമായ വീതിയിൽ സ്ഥലം വിട്ടുകിട്ടുന്നതിനുള്ള പ്രയാസം പരിഹരിക്കാൻ എന്തെങ്കിലും മാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ;

(സി) ഇത്തരം റീച്ചുകളിൽ അലൈൻമെന്റ് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(ബി&സി) മലയോര ഹൈവേ കടന്നുപോകുന്ന സ്ട്രെച്ചുകളിൽ ജനങ്ങളിൽനിന്ന് ഫ്രീ സറണ്ടറായാണ് ഭൂമി ഏറ്റെടുക്കുന്നത്. ഇവ ലഭ്യമാക്കുന്നതിന് ബുദ്ധിമുട്ടുള്ള റീച്ചുകളിൽ ജനപ്രതിനിധികളുടെ സഹായത്തോടെ ഭൂമി ഏറ്റെടുത്ത് പ്രവൃത്തികൾ നടന്നുവരുന്നു. ഫ്രീ സറണ്ടറായി ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ അലൈൻമെന്റ് മാറ്റുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്.

### എ.സി. റോഡിന്റെ സമാന്തര റോഡുകളുടെ നവീകരണം

59(4069) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.സി. റോഡ് നവീകരണത്തിനായി അടച്ചതിനാൽ, സമാന്തരമായി ഉപയോഗിക്കുന്ന ഇരുപത്തിയൊന്ന് റോഡുകളുടെ നവീകരണം ഏറ്റവും വേഗത്തിൽ ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകൾ പരിഷ്കരിക്കുമ്പോൾ അവ ഉയർത്തി സൈഡ് കെട്ടി സംരക്ഷിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) സമാന്തര റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കും ആവശ്യമുള്ള സ്ഥലങ്ങൾ ഉയർത്തുന്നതിനും സൈഡ് കെട്ടി സംരക്ഷിക്കുന്നതും ഉൾപ്പെടെയുള്ള പ്രൊപ്പോസലിന് SLTF വർക്ക് പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ ആവശ്യകതയും കണക്കാക്കി എസ്റ്റിമേറ്റിന് അംഗീകാരം കൊടുത്ത് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

60(4070) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ; ഇതിൽ മാറ്റം/ഇളവ് വരുത്തുന്ന കാര്യം ആലോചനയിലുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് നിലവിൽ ഏറ്റെടുക്കുന്നില്ല. ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## കൊടുങ്ങല്ലൂർ ബൈപ്പാസിന്റെ ശോചനീയാവസ്ഥ

61(4071) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 66-ലെ കൊടുങ്ങല്ലൂർ എൻ.എച്ച്. ബൈപ്പാസിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

കൊടുങ്ങല്ലൂർ ബൈപ്പാസിലെ പ്രീ മൺസൂൺ പ്രവൃത്തികൾ ഏകദേശം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ഏൽപ്പിച്ചിട്ടുള്ള പ്രസ്തുത റോഡിലെ അറ്റകുറ്റപ്പണികൾ ദേശീയപാത വിഭാഗംവഴി നടപ്പിലാക്കാൻ NHAI നിർദ്ദേശം നൽകുകയും ആയതിനാവശ്യമായ തുക ദേശീയപാതാ വിഭാഗത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

## അച്ചൻകോവിൽ-പ്ലാപ്പള്ളി റോഡ്

62(4072) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടനകേന്ദ്രമായ ശബരിമലയിലേയ്ക്കുള്ള പ്രധാന പാതയായ അച്ചൻകോവിൽ-പ്ലാപ്പള്ളി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും ആയതിനാവശ്യമായ നടപടിക്രമങ്ങളും വിശദമാക്കാമോ;

(ബി) പുതുവൽ-മങ്ങാട് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായിട്ടുണ്ടെന്നും ആയത് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

(എ&ബി) അച്ചൻകോവിൽ - പ്ലാപ്പള്ളി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 25 കോടി രൂപയും പുതുവൽ-മങ്ങാട് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 31 കോടി രൂപയും അനുവദിച്ച് തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ഡി.പി.ആർ.-ൽ മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ പ്രകാരം ഈ പ്രവൃത്തികളുടെ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തിക അനുമതി നേടുന്ന മുറയ്ക്ക് ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

## പാലാ മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണ പുരോഗതി

63(4073) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിൽ 6-12-2020-ലെ ജി.ഒ.(ആർ.റ്റി.) 925/2020/പി.ഡബ്ള്യൂ.ഡി. പ്രകാരം അനുവദിച്ച തീക്കോയി-അടുക്കം-മേലടുക്കം, ആലമറ്റം-എലിവാലി, അളനാട് -ഉള്ളനാട് -കൊടുമ്പിടി, തലനാട്- ഇലവുംപാറ-ചൊവ്വൂർ, ഇടമറുക് പള്ളി-രണ്ടാർമുന്നി-വാകക്കാട്, കാഞ്ഞിരംകവല-മേച്ചാൽ-നരിമറ്റം എന്നീ റോഡുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

1. തീക്കോയി - അടുക്കം - മേലടുക്കം പ്രവൃത്തിയുടെ പ്രാഥമിക ലെവൽസ് പുരോഗമിക്കുന്നു.

2. ആൽമറ്റം - എലിവാലി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

3. അളനാട് - ഉള്ളനാട് - കൊടുമ്പിടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

4. തലനാട് - ഇലവുംപാറ - ചൊവ്വൂർ റോഡിൽ പി.എം.ജി.എസ്.വൈ. സ്കീമിൽ ഒരു പ്രവൃത്തിയുടെ നിർമ്മാണം നടന്നുവരുന്നു. പ്രവൃത്തി പൂർത്തിയാക്കി പഞ്ചായത്തിൽനിന്നും സൈറ്റ് തിരികെ ലഭിച്ചാൽ മാത്രമേ പുതിയ പ്രവൃത്തി ടെണ്ടർ ചെയ്യാൻ സാധിക്കുകയുള്ളൂ.

5. ഇടമറുക്- രണ്ടാർമുനി - വാകക്കാട് റോഡ് പ്രവൃത്തിയുടെ കരാർ ഉടമ്പടി ആയിട്ടുണ്ട്.

6. കാഞ്ഞിരംകവല – മേച്ചാൽ - നരിമറ്റം റോഡ് പ്രവൃത്തി ആരംഭിച്ച് പ്രാഥമിക ലെവൽസ് പുരോഗമിക്കുന്നു.

## തലശ്ശേരി-മൈസൂർ പാത നിർമ്മാണം

64(4074) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാനപാതകളുടെ വികസനം ലക്ഷ്യമിട്ട് മുൻ സർക്കാർ നടത്തിവന്നിരുന്ന പ്രവൃത്തിയുടെ ഭാഗമായി തലശ്ശേരി-മൈസൂർ പാതയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

തലശ്ശേരി - മൈസൂർ പാതയുമായി ബന്ധപ്പെട്ട് കെ.എസ്.ടി.പി. നടത്തി വരുന്ന തലശ്ശേരി - വളവുപാറ റോഡ് പുനരുദ്ധാരണ പ്രവൃത്തിയിൽ കൂട്ടുപുഴ പാലം, എരഞ്ഞോളി പാലം എന്നിവ ഒഴികെയുള്ളവയുടെ പണി പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പാലങ്ങളുടെ പണി 2021 സെപ്റ്റംബർ മദ്ധ്യത്തോടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ ആയത് എന്തെന്ന് വ്യക്തമാക്കുമോ?

നിലവിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിന് തടസ്സങ്ങളൊന്നും നേരിടുന്നില്ല.

(സി) പ്രസ്തുത പാത യാഥാർത്ഥ്യമാകുന്നതോടെ ഉത്തരമലബാർ മേഖലയിലെ റോഡ് ഗതാഗതം, ടൂറിസം, വ്യാവസായിക രംഗങ്ങൾ എന്നിവയിൽ ഉണ്ടായേക്കാവുന്ന വികസനം സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ?

മേൽപ്പറഞ്ഞ പാത പൂർത്തിയാകുന്നതോടെ കണ്ണൂർ വിമാനത്താവളത്തിലേയ്ക്കുള്ള കണക്ടിവിറ്റി, റോഡ് ഗതാഗത സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതുമുഖേന ടൂറിസം രംഗത്തും മറ്റും അഭിവൃദ്ധിയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) തലശ്ശേരി-മൈസൂർ പാതയുടെ നിർമ്മാണച്ചെലവ് കണക്കാക്കിയിട്ടുണ്ടോ; പദ്ധതിക്കുള്ള തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ചൊവ്വ – മട്ടന്നൂർ - കൂട്ടുപുഴ - വളവുപാറ - വിരാജ്പേട്ട - മടിക്കേരി - മൈസൂർ റോഡിന്റെ കേരളത്തിലൂടെ കടന്നുപോകുന്ന ഭാഗം ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണച്ചെലവ് കണക്കാക്കിയിട്ടില്ല.

## കരമന-കളിയിക്കാവിള റോഡ്

65(4075) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരമന-കളിയിക്കാവിള റോഡ് (മൂന്നാം ഘട്ടം) നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; നിർമ്മാണ പ്രവർത്തനങ്ങൾ എന്നുമുതൽ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ദേശീയപാത 66-ൽ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള 17.4 കി.മീ. ഭാഗം കരമന – കളിയിക്കാവിള ദേശീയപാത നാലുവരിപ്പാതയുടെ രണ്ടാംഘട്ട വികസനത്തിൽ ഉൾപ്പെടുന്നതാണ്. പ്രസ്തുത ഭാഗത്തിന്റെ വികസനത്തിനായി പൊതുമരാമത്ത് പി.പി.യു. വിഭാഗം തയ്യാറാക്കിയ കരട് അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയുടെ കൃത്യമായ അളവുകൾ ലഭ്യമാക്കുന്നതിനായി KIIFB-യുടെ Technical Resource Team-ന്റെ സഹായം അനുവദിച്ച് നൽകുന്നതിനായി KIIFB-യ്ക്കും സർവ്വേ നടത്തുന്നതിന് KRFB-യ്ക്കും കത്ത് നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് PPU വിഭാഗവുമായി ചർച്ച നടത്തിയിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലയിലെ റോഡുകൾ

66(4076) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ ദേശീയ-സംസ്ഥാന-ജില്ലാ റോഡുകളുടെയും ബൈപ്പാസുകളുടെയും വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനപാതയായ എം.സി. റോഡിന്റെ വെട്ടുറോഡ് മുതൽ നിലമേൽ വരെയുള്ള 29.35 കി.മീ. ഭാഗം തിരുവനന്തപുരം ജില്ലയിൽവരുന്നു. ഇത് കെ.എസ്.ടി.പി.-യുടെ അധീനതയിൽപ്പെട്ടതാണ്. RICK Ltd-ന് കീഴിൽ വെള്ളനാട് - ചെറ്റച്ചൽ (21.9 കി.മീ.) റോഡാണ് തിരുവനന്തപുരം ജില്ലയിൽ വരുന്നത്. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൻകീഴിൽ കടമ്പാട്ടുകോണം (കി.മീ. 520/400) മുതൽ കളിയിക്കാവിള (590/100) വരെയുള്ള ഭാഗമാണ് വരുന്നത്. നിരത്ത്, എൻ.എച്ച്.എ.ഐ., കെ.ആർ.എഫ്.ബി. വിഭാഗങ്ങളിലെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാലാഴി-പുത്തൂർമഠം റോഡ് വികസനം

67(4077) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം മണ്ഡലത്തിലെ പാലാഴി-പുത്തൂർമഠം റോഡ് വികസനത്തിന് സ്ഥലമെടുപ്പിനായി 2-3-2013-ലെ ജി.ഒ.(ആർ.ടി.)നമ്പർ 313/13/പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. ലാൻഡ് അക്വിസിഷനുവേണ്ടി 2019-ൽ ഭാഗികമായി പെഗ് മാർക്കിംഗ് നടത്തുകയുണ്ടായി. എന്നാൽ നാട്ടുകാരുടെ എതിർപ്പുകാരണം അത് പൂർണ്ണമാക്കാൻ സാധിച്ചിട്ടില്ല. പയ്യടിമീത്തൽ മുതൽ പുത്തൂർമഠം വരെയുള്ള അവസാന ഭാഗത്താണ് പെഗ് മാർക്കിംഗ് ചെയ്യാനായി സാധിച്ചിട്ടുള്ളത്. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം സർവ്വേ വകുപ്പ് എഫ്.എം.ബി. ഇന്റർപെലേഷൻ നടത്തിയിട്ടുണ്ട്. ആകെ 283.65 ആർ സ്ഥലം ആണ് എറ്റെടുക്കേണ്ടതായിട്ടുള്ളത്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകൾ ശേഖരിച്ചുവരുന്നു.

## പൂഞ്ഞാർ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

68(4078) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നിലവിൽ ഏതെല്ലാം പൊതുമരാമത്ത് റോഡുകൾക്കാണ് ഫണ്ട് അനുവദിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നിലവിൽ ഫണ്ട് അനുവദിച്ചിരിക്കുന്ന പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അപകടങ്ങളിലും കേസ്സുകളിലുംപെടുന്ന വാഹനങ്ങൾ നീക്കം ചെയ്യൽ

69(4079) ശ്രീ. കെ. ജെ. മാക്സി:

ശ്രീ. എം. മുകേഷ്:

ശ്രീമതി കാനത്തിൽ ജമീല:

ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകളുടെ അരികിൽ വർഷങ്ങളായി നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം വാഹനങ്ങൾ നീക്കം ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ അരികിൽ വർഷങ്ങളായി നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങൾ കണ്ടെത്തി ആയത് നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് വകുപ്പിന്റെ സഹകരണത്തോടുകൂടി ഇത്തരം വാഹനങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള പോലീസ് ഡിപ്പാർട്ട്മെന്റിന്റെ 26.08.2020-ലെ ഡി.ജി.പി.-യുടെ സർക്കുലർ നമ്പർ 25/2020/PHQ പ്രകാരം പോലീസ് സ്റ്റേഷൻ പരിസരങ്ങളുടെ സമീപം പൊതുനിരത്തിൽ സൂക്ഷിച്ചിരിക്കുന്ന തൊണ്ടി ഉരുപ്പടികൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ എത്രയും പെട്ടെന്ന് നീക്കം ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) അപകടങ്ങളിലും കേസ്സുകളിലുംപെടുന്ന വാഹനങ്ങൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട നിയമക്കുരുക്കുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ?

അപകടങ്ങളിലും കേസ്സുകളിലുംപെടുന്ന വാഹനങ്ങൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികൾ ആഭ്യന്തര വകുപ്പ് മുഖാന്തരം സ്വീകരിച്ചുവരുന്നുണ്ട്.

**റോഡുകളുടെ വശങ്ങളിലെ അനധികൃത കയ്യേറ്റങ്ങളും നിർമ്മാണങ്ങളും**

70(4080) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ സെക്ഷനുകൾക്ക് കീഴിലായിവരുന്ന പി.ഡബ്ല്യൂ.ഡി. റോഡുകളുടെ വശങ്ങളിലെ അനധികൃത നിർമ്മാണങ്ങളും കൃഷിയും പരസ്യബോർഡുകളും അതോടൊപ്പം നിർമ്മാണ സാമഗ്രികൾ, തടികൾ എന്നിവ സൂക്ഷിക്കുന്നതിനായുള്ള കയ്യേറ്റങ്ങളും കാരണം ദിനംപ്രതി നിരവധി റോഡപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡുകളുടെ വശങ്ങളിലെ അനധികൃത നിർമ്മാണങ്ങളും കൃഷിയും പരസ്യബോർഡുകളും തടി/നിർമ്മാണ സാമഗ്രികൾ തുടങ്ങിയവ നീക്കംചെയ്യുന്നതിന് ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. 30-7-2021-ൽ ഒന്നാംഘട്ട Eviction നടത്തി.

(ബി) പ്രസ്തുത അനധികൃത കയ്യേറ്റങ്ങൾ അടിയന്തര പ്രാധാന്യത്തോടെ ഒഴിപ്പിക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ നീക്കംചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കാമോ; മണ്ഡലത്തിലെ ചെറുതും വലുതുമായ മുഴുവൻ പൊതുമരാമത്ത് റോഡുകളിലേയും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സ്ഥലം പി.ഡബ്ല്യൂ.ഡി.-യുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

അനധികൃത നിർമ്മാണങ്ങൾ/കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റോഡുകളിലെ കാലഹരണപ്പെട്ട ഡ്രെയിനേജുകൾ പുനർനിർമ്മിക്കുന്നതിനും സ്ലാബുകൾ മാറ്റിസ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാറശ്ശാല ആശുപത്രി ജംഗ്ഷനിലെ പൊട്ടിയ സ്ലാബുകൾ മാറ്റി പുതിയ സ്ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. മാമ്പഴക്കര റോഡിൽ ch.3/600 മുതൽ 4/600 വരെ ഓട ചെയ്തിട്ടുണ്ട്. ബാക്കിയുള്ള അടിയന്തര പ്രാധാന്യമുള്ള അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

**നെക്രാംപാറ-അർളട്ടക്ക-പൂണ്ടൂർ-നാരമ്പാടി-ഏത്തടുക്ക റോഡ് നിർമ്മാണം**

71(4081) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ നെക്രാംപാറ-അർളട്ടക്ക-പൂണ്ടൂർ-നാരമ്പാടി-ഏത്തടുക്ക റോഡിന് തത്വത്തിലുള്ള ഭരണാനുമതി ലഭിച്ചത് എപ്പോഴാണെന്നും തുക എത്രയാണെന്നും വ്യക്തമാക്കാമോ?

10-7-2017-ലെ സ.ഉ.(സാധാ)നമ്പർ 942/2017/പൊ.മ.വ പ്രകാരം 15 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി നൽകി. പ്രസ്തുത ഉത്തരവ് 12-2-2021-ലെ സ.ഉ.(സാധാ)നമ്പർ188/2021/പൊ.മ.വ. പ്രകാരം റീവാലിഡേറ്റ് ചെയ്യുകയുണ്ടായി.

(ബി) പ്രസ്തുത റോഡിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

സാമ്പത്തികാനുമതി ലഭിച്ചിട്ടില്ല.

(സി) കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും അനുമതി എപ്പോൾ ലഭിക്കുമെന്നും വ്യക്തമാക്കാമോ?

പ്രവൃത്തിയുടെ വിശദമായ പദ്ധതി രേഖ കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിന് കിഫ്ബി നൽകിയ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിന്റെ മറുപടി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. അത് കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കിഫ്ബിയിൽ പ്രഖ്യാപിച്ച ഈ റോഡ് കിഫ്ബിയിൽത്തന്നെ ഉൾപ്പെടുത്തി പൂർത്തിയാക്കാനാണോ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ ഏത് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കിഫ്ബിയിൽത്തന്നെ ഉൾപ്പെടുത്തി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) ഈ റോഡിന്റെ പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കിഫ്ബിയിൽനിന്ന് സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### എറണാകുളം ജില്ലയിൽ പണി പൂർത്തീകരിച്ച പാലങ്ങൾ

72(4082) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പണി പൂർത്തീകരിച്ചതും എന്നാൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാത്തതുമായ എത്ര പാലങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിൽ പണി പൂർത്തീകരിച്ചതും എന്നാൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാത്തതുമായ പാലങ്ങൾ ഒന്നുംതന്നെയില്ല.

(ബി) പണി പൂർത്തീകരിച്ചതും എന്നാൽ അപ്രോച്ച് റോഡുകളുടെ നിർമ്മാണം വൈകുന്നതുമൂലം തുറക്കാൻ കഴിയാത്തതുമായ എത്ര പാലങ്ങളുണ്ടെന്ന് അറിയിക്കാമോ?

പണി പൂർത്തീകരിച്ചതും എന്നാൽ അപ്രോച്ച് റോഡിന്റെ നിർമ്മാണം വൈകുന്നതുംമൂലം തുറക്കാൻ കഴിയാത്ത 5 പാലങ്ങളാണുള്ളത്.

(സി) പാലത്തിന്റെ പണി പൂർത്തീകരിച്ചിട്ടും അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

അപ്രോച്ച് റോഡിനായി ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ റവന്യൂ വകുപ്പുമായി ചേർന്ന് ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് നടന്നുവരുന്നു. എന്നാൽ തണ്ണീർത്തടത്തിൽ ഉൾപ്പെട്ടുവരുന്ന ഭൂമിയേറ്റെടുക്കൽ നടപടികൾക്ക് കൃഷി വകുപ്പിന്റെ അനുമതി ലഭ്യമാക്കേണ്ടതിനാൽ കാലതാമസം നേരിടുന്നുണ്ട്. ആയതിനാവശ്യമായ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കി നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയും.

### പാലങ്ങളുടെ നിർമ്മാണപുരോഗതി

73(4083) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാലങ്ങളുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പിന് കീഴിലെ പാലം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കരിയാട്-തുരുത്തിമുക്ക് പാലം, കല്ലിക്കണ്ടി പാലം, കല്ലാച്ചേരിക്കടവ് പാലം, ചിറ്റാരിത്തോട് പാലം, പത്തായക്കല്ല് പാലം, കൊല്ലുക്കൽ പാലം, കല്ലറ-കുരുന്താറ്റിൽ പാലം തുടങ്ങിയവയിൽ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചവയുടെ നിർമ്മാണ പുരോഗതിയും ഭരണാനുമതി ലഭിക്കാത്തവയുടെ സ്ഥിതിയും വിശദമാക്കാമോ?

<u>നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ</u>

1. <u>കരിയാട് - തുരുത്തിമുക്ക് പാലം</u> - P6, P7, P8-ന്റെ പൈലിംഗ് പൂർത്തീകരിച്ചു. P5-ന്റെ പൈലിംഗ് പുരോഗമിക്കുന്നു. P6, P7, P8-ന്റെ പൈലിംഗ് ക്യാപ്പ് പൂർത്തീകരിച്ചു.

2. <u>കല്ലുകണ്ടി പാലം</u> - ടെണ്ടർ നടപടി പൂർത്തീകരിച്ചു. കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

3. <u>കല്ലുച്ചേരികടവ് പാലം</u> - കിഫ്ബിയിൽനിന്നും 10.14 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയും സാങ്കേതികാനുമതിക്കുവേണ്ടി എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

4. <u>കുരുന്തട്ടിൽ പാലം</u> - കിഫ്ബിയിൽ ഉൾപ്പെടുത്തി 25 കോടി രൂപയ്ക്ക് തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ Tentative Design Drawing ലഭിച്ചിരുന്നുവെങ്കിലും അലൈൻമെന്റ് ഉൾനാടൻ ജലപാതയുടെ അലൈൻമെന്റിൽ ഉൾപ്പെട്ടതിനാൽ ഡിസൈൻ പുതുക്കുകയും ആയതിന്റെ പുതുക്കിയ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കാത്ത ചിറ്റാരിത്തോട് പാലം, പത്തായക്കല്ല് പാലം, കൊല്ലുക്കൽ പാലം പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പാലങ്ങളുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കാമോ; ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

പ്രസ്തുത പാലങ്ങളുടെ പൂർത്തീകരണത്തിന് തടസ്സങ്ങളൊന്നുമില്ല.

(ഡി) ജില്ലാ പഞ്ചായത്ത് റോഡിൽ സ്ഥിതിചെയ്യുന്ന പുത്തൂർ ആനപ്പാലവും പുത്തൂർ ചെമ്മരിത്തോട് പാലവും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ, എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ഈ വിഷയം വകുപ്പിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ല.

**വഴിക്കടവ് പാലം പുനർനിർമ്മാണം**

74(4084) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി-പുന്നക്കൽ റോഡിൽ കാലപ്പഴക്കംമൂലം തകർച്ചയിലായ വഴിക്കടവ് പാലം പുനർനിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പാലം പുനർനിർമ്മിക്കുന്നതിനുവേണ്ടി 478 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 13-7-2021-ന് നടന്ന അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കമ്മിറ്റി പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**തുരുത്തിമുക്ക്-കരിയാട് പാലം**

75(4085) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരിയേയും കൂത്തുപറമ്പ് മണ്ഡലത്തിലെ കരിയാടിനെയും ബന്ധിപ്പിക്കുന്ന തുരുത്തിമുക്ക്-കരിയാട് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കരിയോട് - തുരുത്തിമുക്ക് പാലത്തിന്റെ P6, P7, P8 പിയറിന്റെ പൈലിംഗ് പൂർത്തീകരിച്ചു. P5 പിയറിന്റെ പൈലിംഗ് പുരോഗമിക്കുന്നു. P6, P7, P8 പിയറിന്റെ പൈലിംഗ് ക്യാപ്പ് പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് നിലവിൽ എന്തെങ്കിലും തടസ്സം ഉണ്ടോ; വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ തടസ്സങ്ങൾ പരിഹരിക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

(ബി&സി) നിലവിൽ തടസ്സങ്ങളില്ല. സ്ഥലമേറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

## കോരായിക്കടവ് പാലം നിർമ്മാണം

76(4086) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കോരായിക്കടവ് പാലം നിർമ്മിക്കുന്നതിനായി കിഫ്ബിയിൽനിന്നും എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ?

ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തോരായിൽക്കടവ് പാലം നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ നിന്ന് 18.24 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകിയിട്ടില്ല.

(ബി) എത്ര സ്പാനുകളായാണ് പ്രസ്തുത പാലം നിർമ്മിക്കാനുദ്ദേശിക്കുന്നത്; എസ്റ്റിമേറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

26 മീറ്ററിന്റെ 4 സ്പാനുകളും 26.575 മീറ്ററിന്റെ 2 സ്പാനുകളും 25.625 മീറ്ററിന്റെ 2 സ്പാനുകളും 55 മീറ്ററിന്റെ ഒരു സ്പാനും ഉൾക്കൊള്ളുന്ന 265.05 മീറ്റർ നീളമുള്ള പാലമാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) പാലത്തിന്റെ ഭൂമിയേറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

സ്ഥലം ഏറ്റെടുക്കുന്നതിനായി 33.93 ലക്ഷം രൂപ, സാമ്പത്തികാനുമതി തുകയിൽ നീക്കിവയ്ക്കപ്പെട്ടിട്ടുള്ളതാണ്. 1,69,690 രൂപ കണ്ടിജൻസി ചാർജ് ഇനത്തിൽ കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഭാഗമായി കിഫ്ബി എൽ.എ. തഹസീൽദാർ 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു.

## കല്ലാച്ചേരി കടവ് പാലം നിർമ്മാണം

77(4087) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ എടച്ചേരിയേയും കുത്തുപറമ്പ് മണ്ഡലത്തിലെ കടവത്തൂരിനേയും ബന്ധിപ്പിക്കുന്ന കല്ലാച്ചേരി കടവ് പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

കല്ലാച്ചേരിക്കടവ് പാലം നിർമ്മാണത്തിനായി 10 കോടി രൂപയ്ക്ക് തത്വത്തിലുള്ള ഭരണാനുമതിയും തുടർന്ന് കിഫ്ബിയിൽനിന്നും 10.14 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് പാലം നിർമ്മാണത്തിന് അനുബന്ധ റോഡിന്റെ കോഴിക്കോട് ജില്ലയുടെ ഭാഗത്ത് സ്ഥലമേറ്റെടുക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. എന്നാൽ കണ്ണൂർ ഭാഗത്ത് സ്ഥലമുടമകളുടെ എതിർപ്പ് കാരണം സ്ഥലമേറ്റെടുപ്പ് തുടങ്ങാൻ സാധിച്ചിട്ടില്ല. ഭൂമി ലഭ്യമാകാത്തത് സാങ്കേതികാനുമതിക്കും തുടർന്നുള്ള ടെണ്ടർ നടപടികളിലും കാലതാമസം നേരിടുന്നതിന് കാരണമാകുന്നുണ്ട്. സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**റെയിൽവേ മേൽപ്പാലങ്ങൾക്കായി അനുവദിച്ച തുകകൾ**

78(4088) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ റെയിൽവേ മേൽപ്പാലങ്ങൾ(ആർ.ഒ.ബി.)-ക്കായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ 5 വർഷം ആർ.ഒ.ബി.-കളുടെ നിർമ്മാണത്തിനും ഭൂമി ഏറ്റെടുക്കലിനുമായി ആർ.ബി.ഡി.സി.കെ.-ക്ക് 2,067 കോടി രൂപയുടെയും കെ.ആർ.ഡി.സി.എൽ.-ന് ആർ.ഒ.ബി.-കളുടെ വിശദ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി 1.89 കോടി രൂപയുടെയും ഭൂമി ഏറ്റെടുക്കുന്നതിനായി 5.30 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സെമി ഹൈസ്പീഡ് റെയിൽവേയുടെ അലൈൻമെന്റ് പൂർത്തീകരിക്കാത്തതിനാൽ മലബാറിൽ അനുവദിച്ച എല്ലാ റെയിൽവേ മേല്പാലങ്ങളുടെയും ടെണ്ടർ നടപടി ഉൾപ്പെടെ തടസ്സപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

മലബാർ മേഖലയിൽ വരുന്ന ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ചിട്ടുള്ള 11 മേൽപ്പാലങ്ങളുടെയും കെ.ആർ.ഡി.സി.എൽ. ഏറ്റെടുത്ത് നടത്തുന്ന 10-ഓളം ആർ.ഒ.ബി.-കളുടെയും നിർമ്മാണം സിൽവർലൈൻ അലൈൻമെന്റ് ബാധിക്കുന്നുണ്ടെങ്കിലും ടെണ്ടർ നടപടികൾ തടസ്സപ്പെട്ടിട്ടില്ല.

## തോരായിക്കടവ് പാലം നിർമ്മാണം

79(4089) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തോരായിക്കടവ് പാലം നിർമ്മാണത്തിന്റെ ഭാഗമായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയേറ്റെടുക്കൽ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വിശദീകരിക്കാമോ?

(എ&ബി) ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തോരായിക്കടവ് പാലം നിർമ്മിക്കുന്നതിനായി 18.24 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി 33.93 ലക്ഷം രൂപ സാമ്പത്തികാനുമതി തുകയിൽ നീക്കിവച്ചിട്ടുണ്ട്. 1,69,690 രൂപ കണ്ടിജൻസി ചാർജായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കലിന്റെ ഭാഗമായി 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾ കിഫ്ബി എൽ.എ. തഹസിൽദാരുടെ കാര്യാലയത്തിൽ പുരോഗമിക്കുന്നു.

(സി) കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിൽ കിഫ്ബി പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ, പ്രത്യേക ഭൂമി ഏറ്റെടുക്കൽ വിഭാഗമാണോ ചെയ്തുവരുന്നതെന്ന് അറിയിക്കുമോ; എങ്കിൽ ഓരോ പ്രവൃത്തിയുടെയും പേര്, നിലവിലെ പുരോഗതി എന്നീ ക്രമത്തിൽ വിശദമാക്കാമോ?

കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിൽ വരുന്ന കിഫ്ബി പ്രവൃത്തികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ കിഫ്ബി എൽ.എ. തഹസിൽദാർ ആണ് സ്വീകരിക്കുന്നത്. കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിൽ വരുന്ന പ്രവൃത്തികളുടെ പേരും നിലവിലെ പുരോഗതിയും ചുവടെ ചേർക്കുന്നു.

1. <u>അകലപ്പുഴ പാലം നിർമ്മാണം</u> - പ്രസ്തുത പാലത്തിന് 30 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹികാഘാത പഠനം ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിക്കുന്നു. ഏറ്റെടുക്കേണ്ട ഭൂമിയിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുകയാണ്. ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായി 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

2. <u>നടേരിക്കടവ് പാലം നിർമ്മാണം</u> - പ്രസ്തുത പാലത്തിന് 23.03 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുള്ളതാണ്. 167 സെൻറ് സ്ഥലം പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കുന്നതിനുവേണ്ടി ഇതിൽനിന്നും 37.14 ലക്ഷം രൂപ നീക്കിവച്ചിട്ടുള്ളതാണ്. ഏറ്റെടുക്കേണ്ട സ്ഥലങ്ങളുടെ വിശദവിവരങ്ങൾ ഉൾപ്പെടുന്ന അപേക്ഷ ഭൂമി ഏറ്റെടുക്കലിനായുള്ള സർക്കാർ ഉത്തരവ് നൽകുന്നതിനായി സർക്കാരിൽ ലഭ്യമായത് പരിശോധിച്ചുവരുന്നു.

3. <u>കൊല്ലം നെല്ലിയാടി മേപ്പയ്യൂർ റോഡ് നിർമ്മാണം</u> - പ്രസ്തുത പാലത്തിന് 38.96 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുള്ളതാണ്. 395.4 സെന്റ് സ്ഥലം പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കുന്നതിനുവേണ്ടി ഇതിൽനിന്നും 5,09,80,000 രൂപ നീക്കിവച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിനായി സർക്കാർ ഉത്തരവ് നൽകുന്നതിന് വേണ്ടിയുള്ള വിവരശേഖരണം നടന്നുവരുന്നു.

## പുന്നപ്പാടം മമ്പാട് പാലത്തിന്റെ നിർമ്മാണ പുരോഗതി

80(4090) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ പുന്നപ്പാടം മമ്പാട് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) നിലവിൽ ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരു വർഷവും ആറ് മാസവുമാണ്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്.

## പാലങ്ങളുടെ നിർമ്മാണപ്രവൃത്തിക്കായി നിക്ഷേപിച്ച മണ്ണ്

81(4091) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയായ പല പാലങ്ങളുടെയും നിർമ്മാണപ്രവൃത്തി നടത്തുന്നതിനായി നിക്ഷേപിച്ച മണ്ണ്, നിർമ്മാണത്തിനു ശേഷം നീക്കംചെയ്യാത്തതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് പാലം പണി പൂർത്തിയായ ഉടനെ നിക്ഷേപിച്ച മണ്ണ് മാറ്റുന്നതിനുള്ള നിർദ്ദേശം കരാറുകാർക്ക് നൽകുമോ; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിർമ്മാണം പൂർത്തിയായ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി നടത്തുന്നതിനായി നിക്ഷേപിച്ച മണ്ണ് പണി പൂർത്തിയായ ഉടനെ നീക്കംചെയ്യാനുള്ള നിർദ്ദേശം കരാറുകാർക്ക് നൽകാറുണ്ട്.

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പാലങ്ങളുടെ നിർമ്മാണം പൂർത്തിയായതിനുശേഷം മണ്ണ് പൂർണ്ണമായും നീക്കംചെയ്യാതെ അവശേഷിക്കുന്നുണ്ട്; മണ്ണ് നീക്കം ചെയ്യാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇരിണാവ് പാലം, മാട്ടൂൽ മടക്കര പാലം എന്നിവ നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടും മണ്ണ് നീക്കംചെയ്യാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ ഇരിണാവ് പാലം നിർമ്മാണം ഏറ്റെടുത്ത് പൂർത്തിയാക്കിയ കരാറുകാരന് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മാട്ടൂൽ - മടക്കര പാലത്തിന്റെ സൈറ്റ് പരിശോധിച്ചതിൽ അബട്ട്മെന്റിനോട് ചേർന്ന് മണ്ണ് കാണുന്നുണ്ട്. മഴക്കാലമായതിനാൽ പുഴയിൽ ജലനിരപ്പ് കൂടുതൽ ഉള്ളതുകൊണ്ട് പിയറുകൾക്ക് ചുറ്റും മണ്ണുണ്ടോയെന്ന് വ്യക്തമാകുന്നില്ല. ഫൗണ്ടേഷനോട് ചേർന്നുള്ള മണ്ണ് നീക്കംചെയ്യുന്നത് പാലത്തിന് ദോഷകരമായി ബാധിക്കുമോ എന്ന് അറിയുന്നതിനായി പുഴയിൽ സൗണ്ടിംഗ് ടെസ്റ്റ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ തീരദേശ ഹൈവേയുടെ അലൈൻമെന്റ്**

82(4092) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തീരദേശ ഹൈവേയുടെ അലൈൻമെന്റ് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേയുടെ അംഗീകരിച്ച അലൈൻമെന്റ് ചുവടെ ചേർക്കുന്നു.

രണ്ട് തെങ്ങ് പാലം - വലിയ പറമ്പ - അഴീത്തലപാലം - നീലേശ്വരം - അഴിത്തല - കാഞ്ഞങ്ങാട് കടപ്പുറം - നോർത്ത് കോട്ടച്ചേരി - പാലകുന്ന് - ഉദുമ പഞ്ചായത്ത് ഓഫീസ് - ഉദുമ കടപ്പുറം നൂമ്പിൽ (ഉദുമ) പാലം - ചെമ്പരിക്ക ബീച്ച് - കീഴൂർ ബീച്ച് - കാസർഗോഡ് തുറമുഖം - കാസർഗോഡ് ലൈറ്റ് ഹൗസ് - സി.പി.സി.ആർ.ഐ. - പന്നിക്കുന്ന് - ആരിക്കാടി - ഷിറിയ പാലം - ഉപ്പള - ഉപ്പളഗേറ്റ് - ഹൊസബെട്ട് പാലം - കണ്ണ്വതീർത്ഥ ബീച്ച് - തുമിനാട് - ദേശീയപാത കുഞ്ചത്തൂർ.

(ബി) പ്രസ്തുത ഹൈവേയുടെ അലൈൻമെന്റ് കാലതാമസം കൂടാതെ തീരുമാനിച്ച് ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാവുന്നതാണ്.

(സി) പ്രസ്തുത അലൈൻമെന്റ് പ്രകാരം ഏതെല്ലാം സ്ഥലങ്ങളിൽ പാലങ്ങൾ വേണ്ടിവരുമെന്ന് അറിയിക്കാമോ; ആയതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ നിലവിലെ തീരദേശ ഹൈവേ അലൈൻമെന്റിൽ വരുന്ന പാലങ്ങൾ ചുവടെ ചേർക്കുന്നു:

1. രണ്ട് തെങ്ങ് പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് റിപ്പോർട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഡിസൈൻ വിംഗിന് സമർപ്പിച്ചിട്ടുണ്ട്.
2. അഴിത്തല പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് റിപ്പോർട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഡിസൈൻ വിംഗിന് സമർപ്പിച്ചിട്ടുണ്ട്.
3. ഉദുമ (നമ്പിൽ പാലം) - ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് റിപ്പോർട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഡിസൈൻ വിംഗിന് സമർപ്പിച്ചിട്ടുണ്ട്.
4. കാസർഗോഡ് പാലം - ഇൻവെസ്റ്റിഗേഷൻ അവസാനഘട്ടത്തിലാണ്.
5. ഷിറിയ പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് റിപ്പോർട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഡിസൈൻ വിംഗിന് സമർപ്പിച്ചിട്ടുണ്ട്.
6. ഹൊസബട്ട പാലം - പ്രവൃത്തി ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നടത്തിവരുന്നു.

**ചെർപ്പുങ്കൽ പാലത്തിന്റെ നിർമ്മാണ പുരോഗതി**

83(4093) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ, കടുത്തുരുത്തി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ചെർപ്പുങ്കൽ പാലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പാലാ, കടുത്തുരുത്തി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ചെർപ്പുങ്കൽ പാലം കരാർ നൽകി 21-12-2019-നാണ് ആരംഭിച്ചത്. സബ് സ്ട്രക്ചറിന്റെ പ്രവൃത്തി 90% പൂർത്തീകരിച്ചിട്ടുണ്ട്. സൂപ്പർ സ്ട്രക്ച്ചറിന്റെ നിർമ്മാണത്തിനായി 1.12, 1.13 എന്നീ ഇനങ്ങളിലെ ഡെക്ക് സ്ലാബും ബീമുകളും നിർമ്മാണത്തിനാവശ്യമായ ക്വാണ്ടിറ്റികൾ എസ്റ്റിമേറ്റിൽ കുറവായിരുന്നതിനാൽ ആവശ്യമായ അളവുകൾ ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ഈ ഇനങ്ങൾക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത തുക സാങ്കേതികാനുമതി തുകയേക്കാൾ 221 ശതമാനവും 302 ശതമാനവും അധികമായതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് സർക്കാരിൽ ലഭ്യമാകുകയും പരിശോധനയ്ക്കുശേഷം എഗ്രീഡ് അളവുകളെക്കാൾ 25% അധികരിച്ച ഇനങ്ങൾക്ക് കരാറുകാരന്റെ ക്വാട്ടഡ് നിരക്ക് (എഗ്രീഡ് നിരക്ക്) ലോക്കൽ മാർക്കറ്റ് നിരക്കിനെക്കാൾ അധികമായതിനാൽ കരാറുകാരന്റെ ആവശ്യം അംഗീകരിക്കാൻ കഴിയുകയില്ലെന്ന് തീരുമാനമെടുക്കുകയും ചെയ്തിരുന്നു. ക്വാട്ട് ചെയ്ത നിരക്ക് ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ നൽകിയ WP(C) No. 8492-ലെ 9-4-2021 വിധിയുടെ അടിസ്ഥാനത്തിൽ 15-6-2021-ൽ കരാറുകാരന്റെ ഭാഗം സർക്കാർ തലത്തിൽ കേട്ടിട്ടുള്ളതാണ്. ഇതിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

### ബ്ലാവനയിൽ പുതിയ പാലം

84(4094) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിൽ ബ്ലാവനയിൽ പുതിയ പാലം പണിയുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ബ്ലാവന-കല്ലേലിമേട് എന്നിവ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് പുതിയ പാലം നിർമ്മിക്കുന്നതിന് കേന്ദ്ര വന സംരക്ഷണ നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റ് വെബ്സൈറ്റിൽ സമർപ്പിക്കുകയും ബന്ധപ്പെട്ട അതോറിറ്റി പ്രസ്തുത അപേക്ഷ സൂക്ഷ്മ പരിശോധന നടത്തുകയും ചില തിരുത്തലുകൾ ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ പുനർസമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത പാലം നിർമ്മാണത്തിനായി മണ്ണ് പരിശോധനയ്ക്കുള്ള ഭരണാനുമതി ലഭ്യമാകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ബി) നലവച്ചപാറ, കുഞ്ചിപ്പാറ, മീൻകുളം, മാപ്പിളപ്പാറ, മാണിക്കുടി തുടങ്ങിയ ആദിവാസി ഊരുകളിലായി ആയിരത്തിയഞ്ഞൂറിലധികം പേരും കുടിയേറ്റ പ്രദേശമായ കല്ലേലിമേടിൽ മുന്നൂറിലധികം പേരും അധിവസിക്കുന്ന കല്ലേലിമേട് വാർഡിലേക്ക് നിലവിൽ കടത്ത് കടന്നുമാത്രമേ പോകാൻ കഴിയൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവരുടെ ബുദ്ധിമുട്ടുകളും അതോടൊപ്പം ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുംകൂടി പരിഗണിച്ച് വനം വകുപ്പുമായി കൂടിയാലോചിച്ച് ബ്ലാവന കടവിൽ പുതിയ പാലം നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്ര വനസംരക്ഷണ നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമായാൽ മാത്രമേ പുതിയ പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ, ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

### റെയിൽവേ മേൽപ്പാലം നിർമ്മാണം

85(4095) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ മങ്കര, കളികാവ് റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(എ&ബി) കോങ്ങാട് മണ്ഡലത്തിലെ മങ്കര, കളികാവ് റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കാനുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് കെ.ആർ.ഡി.സി.എൽ. ഉദ്യോഗസ്ഥരും തഹസിൽദാരും സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

### കേച്ചേരിപ്പാലത്തിന്റെ നിർമ്മാണം

86(4096) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ ചൂണ്ടൽ പഞ്ചായത്തിലെ കേച്ചേരിപ്പാലത്തിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വെളിപ്പെടുത്താമോ?

7-12-2018-ൽ നിർമ്മാണം ആരംഭിച്ചു. എസ്റ്റിമേറ്റ് തുക 3,24,54,871 രൂപ.

(ബി) പ്രസ്തുത പാലത്തിന്റെ എത്ര ശതമാനം പ്രവൃത്തികളാണ് ഇതുവരെ കഴിഞ്ഞിട്ടുള്ളതെന്നും ബാക്കിയുള്ള പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ?

40% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പുഴയിലെ വെള്ളം കൃഷി ആവശ്യം കഴിഞ്ഞ് താഴ്ത്താൻ കഴിഞ്ഞാൽ മാത്രമേ ഉവാനൂർ സൈഡിലുള്ള പ്രവൃത്തികൾ ചെയ്യാൻ സാധിക്കുകയുള്ളൂ.

(സി) കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി എന്നാണ് പൂർത്തീകരിക്കേണ്ടതെന്ന് അറിയിക്കാമോ?

കരാർ പ്രകാരം 6-6-2020 ആണ് പൂർത്തീകരിക്കേണ്ട കാലാവധി. ഇപ്പോൾ 31-12-2021 വരെ കരാർ കാലാവധി നീട്ടിനൽകിയിട്ടുണ്ട്.

(ഡി) പാലത്തിന്റെ നിർമ്മാണം വേഗത്തിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

കേച്ചേരി പുഴയുടെ പാലം വരുന്ന ഭാഗത്ത് upstream-ലും down stream-ലും ഓരോ തടയണകൾ ഉണ്ട്. മൺസൂൺ സമയത്ത് ഈ തടയണകൾ തുറന്നു വിടുകയും ആയതിനുശേഷം മാർച്ച് വരെ ഈ രണ്ട് തടയണകളും അടച്ച് പാലം നിർമ്മിക്കുന്ന റീച്ചിൽ വെള്ളം സ്റ്റോർ ചെയ്ത് കൃഷി ആവശ്യത്തിന് ഉപയോഗിക്കുകയും ചെയ്യുന്നു. ആയതുകൊണ്ട് ഒരു വർഷത്തിൽ മാർച്ച്, ഏപ്രിൽ, മേയ് മാസത്തിൽ മാത്രമേ ഫൗണ്ടേഷൻ പ്രവൃത്തികൾ ചെയ്യാൻ സാധിക്കുകയുള്ളൂ. 2018 ഡിസംബറിൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് പ്രവൃത്തിയുടെ പ്രാരംഭ നടപടികളായ നിലവിലുള്ള ഇരുമ്പുപാലം പൊളിച്ചുമാറ്റി. ഫൗണ്ടേഷൻ ഡിസൈനിൽ വന്ന മാറ്റംമൂലം റീ-ഡിസൈൻ ചെയ്ത് ഡ്രോയിംഗ് ലഭിച്ച് സെന്റർ പിയർ ഫൗണ്ടേഷൻ ചെയ്യേണ്ടിവന്നു. 2020-ൽ മാർച്ച് 23 മുതൽ ഏപ്രിൽ 24 വരെ കോവിഡ്-19 ലോക്ക്ഡൗൺമൂലം പ്രവൃത്തി മന്ദഗതിയിലായതുകൊണ്ടും മേയ് മാസത്തിൽ മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി upstream തടയണ തുറന്നുവിട്ടതുകൊണ്ടും കരാറുകാരുടെ റിംഗ് ബണ്ടും സർവ്വീസ് റോഡും പൊളിക്കേണ്ടി വന്നു. 2021-ൽ മാർച്ചിൽ കൃഷി കഴിഞ്ഞ് വെള്ളം ഇറക്കിവിട്ടതിനുശേഷം ഫൗണ്ടേഷൻ പ്രവൃത്തികൾ അവസാനിപ്പിച്ചു. എന്നാൽ മേയ് 15-നുണ്ടായ ചുഴലിക്കാറ്റുമൂലമുണ്ടായ മഴയിൽ വീണ്ടും upstream തടയണ തുറന്നുവിട്ടതുമൂലം ഒരു സൈഡിലുള്ള അബട്ട്മെന്റ് വാളിന്റെ പ്രവൃത്തി ചെയ്യാൻ സാധിച്ചിട്ടില്ല. ഓരോ ഫൗണ്ടേഷനുകളിലുമായി നാലുവീതം സ്റ്റെപ്പ് ആയിട്ടാണ് ഫൗണ്ടേഷൻ ചെയ്യേണ്ടിയിരുന്നത്. വെള്ളം താഴ്ന്നുകിട്ടുന്ന സമയങ്ങളിലെല്ലാം പ്രവൃത്തി ചെയ്ത് ഇപ്പോൾ തൃശ്ശൂർ സൈഡിലുള്ള സ്പാനിലെ പ്രവൃത്തികൾ പൂർണ്ണമായും ചെയ്തുതീർക്കാനാണ് ശ്രമിക്കുന്നത്. വെള്ളം താഴ്ന്നുകിട്ടുന്ന മുറയ്ക്ക് വളരെ പെട്ടെന്നുതന്നെ ഉവാനൂർ സൈഡിലെ പ്രവൃത്തികൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

## മണികണ്ഠംചാൽ ചപ്പാത്തിൽ പുതിയ പാലം

87(4097) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ മണികണ്ഠംചാൽ ചപ്പാത്തിൽ പുതിയ പാലം പണിയുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ പാലം പണിയുന്നതിന് നടപടി സ്വീകരിക്കുമോ;

പരിഗണനയിലുണ്ട്. നിലവിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി പ്രസ്തുത പാലം ഉയർത്തി നിർമ്മിക്കുന്നതിനുള്ള ഡിസൈൻ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് മഴക്കാലത്തും സഞ്ചാരയോഗ്യമായ പാലം നിർമ്മിക്കണമെന്ന് 2019-ൽ ന്യൂനപക്ഷ കമ്മീഷൻ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരവ് ഇറക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ന്യൂനപക്ഷ കമ്മീഷന്റെ 7-9-2018-ലെ MCOP370/2018/EKM നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുന്നതിന് വനം വകുപ്പിന്റെ അനുമതി തേടുകയും തുടർന്ന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത ഉത്തരവിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരവ് ഇറക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ന്യൂനപക്ഷ കമ്മീഷന്റെ 7-9-2018-ലെ MCOP370/2018/EKM നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുന്നതിന് വനം വകുപ്പിന്റെ അനുമതി തേടുകയും തുടർന്ന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ മണ്ണ് പരിശോധനയ്ക്ക് സാമ്പിൾ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുശേഷം എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാകും.

## വൈക്കം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

88(4098) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മണ്ഡലത്തിലെ മൂലക്കടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കലിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

വൈക്കം മണ്ഡലത്തിലെ മൂലക്കടവ് പാലത്തിന് 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും തുടർന്ന് 19.22 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 99.24 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി 1.534 കോടി രൂപ സാമ്പത്തികാനുമതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുന്നതിനായി 2 ലക്ഷം രൂപയുടെ കണ്ടിൻജൻസി ചാർജ് റവന്യൂ വകുപ്പിന് അടയ്ക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ അക്കരപ്പാടം പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമിയേറ്റെടുക്കലിനായി നാളിതുവരെ നടത്തിയ നടപടികൾ വ്യക്തമാക്കുമോ;

(സി) അക്കരപ്പാടം പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(ബി&സി) അക്കരപ്പാടം പാലത്തിന് 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 15.318 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 39.27 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 80 ലക്ഷം രൂപ സാമ്പത്തികാനുമതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 19.10.2019-ൽ ഈ പ്രവൃത്തിക്കായി 1,50,000 രൂപ കണ്ടിൻജൻസി ചാർജായി കിഫ്ബിയിൽനിന്ന് നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് സാമൂഹിക ആഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട് അംഗീകരിച്ച്, കോട്ടയം ജില്ല കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. സ്പെഷ്യൽ തഹസീൽദാർ (LA-KIIFB)-യുമായി PWD ഉദ്യോഗസ്ഥർ സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്. ഭൂമി ഏറ്റെടുപ്പുനടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കാൻ 74-ാമത് ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## മുണ്ടക്കൽ പാലം നിർമ്മാണം

89(4099) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് മണ്ഡലത്തിലെ കൈനകരി പഞ്ചായത്തിൽ ആയിരക്കണക്കിന് തീർത്ഥാടകർ എത്തിച്ചേരുന്ന വിശുദ്ധ ചാവറ അച്ചന്റെ ജന്മഗൃഹം സ്ഥിതി ചെയ്യുന്നിടത്തും നൂറുകണക്കിന് വിദ്യാർത്ഥികൾ പഠിക്കുന്ന എസ്.എൻ.ഡി.പി. സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തേയ്ക്കും റോഡ് മാർഗ്ഗം എത്തിച്ചേരുന്നതിന് ആശ്രയിക്കാവുന്ന ഒരേ ഒരു മാർഗ്ഗമായ മുണ്ടക്കൽ പാലത്തിന്റെ പണി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ തടസ്സങ്ങളാണ് നിലനിൽക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അപ്രോച്ച് റോഡ്, മറ്റ് അനുബന്ധ ജോലികൾ എന്നിവ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

(എ&ബി) കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവും കുട്ടനാട്ടിലെ മണ്ണിന്റെ ഘടനയുംമൂലം മുണ്ടക്കൽ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് കാലതാമസം വന്നിട്ടുണ്ട്. എന്നാൽ ടാറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വള്ളിയൂർകാവ്-കമ്മന പാലം

90(4100) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിലെ വള്ളിയൂർക്കാവ്, കമ്മന എന്നീ സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലം പുതുക്കി പണിയുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) വള്ളിയൂർക്കാവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിച്ചാലുടൻ പാലത്തിന്റെ രൂപകല്പനയ്ക്കായി കൈമാറുന്നതാണ്. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടി സ്വീകരിക്കാനാകും.

## ചെലവ് പങ്കിടൽ വ്യവസ്ഥയിൽ നിർമ്മിക്കുന്ന മേല്പാലങ്ങൾ

91(4101) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെലവ് പങ്കിടൽ വ്യവസ്ഥയിൽ റെയിൽവേയുമായി സഹകരിച്ച് നടപ്പ് സാമ്പത്തിക വർഷം എത്ര മേല്പാലങ്ങളാണ് സംസ്ഥാന സർക്കാർ നിർമ്മിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ; പ്രസ്തുത പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം റെയിൽവേയിൽനിന്ന് എത്ര രൂപ സംസ്ഥാനത്തിന് ലഭിക്കുമെന്നാണ് കണക്കാക്കുന്നത്?

ചെലവ് പങ്കിടൽ വ്യവസ്ഥയിൽ റെയിൽവേയുമായി സഹകരിച്ച് ആർ.ബി.ഡി.സി.കെ. 8 റെയിൽവേ മേൽപ്പാലങ്ങളും കെ.ആർ.ഡി.സി.എൽ. 27 റെയിൽവേ മേൽപ്പാലങ്ങളുമാണ് നിർമ്മിക്കുന്നത്. ഈ പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആർ.ബി.ഡി.സി.കെ.-ക്ക് റെയിൽവേയിൽനിന്നും 70 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 27 ആർ.ഒ.ബി.-കളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നടപ്പ് സാമ്പത്തിക വർഷം കെ.ആർ.ഡി.സി.എൽ.-ന് റെയിൽവേയിൽനിന്നും 2,40,15,000 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷം സംസ്ഥാനത്ത് റെയിൽവേ ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

കഴിഞ്ഞ അഞ്ച് സാമ്പത്തികവർഷം ആർ.ബി.ഡി.സി.കെ.-യ്ക്ക് റെയിൽവേയിൽ നിന്നും 21.25 കോടി രൂപ ചെലവ് പങ്കിടൽ വ്യവസ്ഥയിൽ ലഭിച്ചിട്ടുണ്ട്.

## മഞ്ചേരി മണ്ഡലത്തിലെ ചിറയക്കോട് പാലം

92(4102) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ അവസാന ബഡ്ജറ്റിൽ മഞ്ചേരി മണ്ഡലത്തിലെ ചിറയക്കോട് പാലത്തിനായി തുക വകയിരുത്തിയിരുന്നോ; എങ്കിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദവിവരം ലഭ്യമാക്കുമോ?

2021-22 വർഷത്തെ ബഡ്ജറ്റിൽ 800 ലക്ഷം അടങ്കൽ തുകയുള്ള ടി പദ്ധതിക്ക് 160 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പാലം നിർമ്മാണത്തിനായി നേരത്തെ ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്ന അലൈൻമെന്റിലൂടെ സ്ഥലം ലഭ്യമല്ല എന്ന് അറിയിച്ചതിനാൽ എടപ്പറ്റ ഗ്രാമപഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്തിലൂടെ പാലം നിർമ്മിക്കുന്നതിനായി പുതിയ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## നെല്ലിക്കുന്ന് പാലത്തിന്റെ പുനരുദ്ധാരണം

93(4103) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി ഒലിപ്പുഴ റോഡിൽ ജീർണ്ണാവസ്ഥയിലിരിക്കുന്ന നെല്ലിക്കുന്ന് പാലത്തിന്റെ പുനരുദ്ധാരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത പാലത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു. നെല്ലിക്കുന്ന് പാലത്തിന്റെ സംരക്ഷണഭിത്തി കെട്ടുന്നതിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വയനാട് ജില്ലയിലെ തകർന്ന പാലങ്ങൾ

94(4104) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ തകർന്ന പാലങ്ങളുടെ പട്ടിക പൊതുമരാമത്ത് വകുപ്പിന്റെ കൈവശം ഉണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ആയത് ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

1. ചൂരൽമല പാലം

2. ചെറുപുഴ(പനമരം) പാലം

3. കരിന്തിരിക്കടവ് പാലം

4. നായ്ക്കട്ടി പാലം

5. ബാവലി പാലം

6. 41-ാം മൈൽ പാലം

7. ആനപ്പാറ പാലം

(സി) പ്രസ്തുത ജില്ലയിൽ ഇത്തരത്തിൽ തകർച്ച നേരിടുന്ന പാലങ്ങൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

തകർച്ച നേരിടുന്ന പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. എല്ലാ പാലങ്ങളുടെയും ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചു. ചൂരൽമല പാലം പ്രവൃത്തിക്ക് ഭരണാനുമതി നൽകി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെറുപുഴ പാലം (പനമരം), കരിന്തിരിക്കടവ് പാലം, നായ്ക്കട്ടി പാലം എന്നിവയുടെ രൂപകൽപ്പന പൂർത്തീകരിച്ചു. എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ബാവലി പാലം, 41-ാം മൈൽ പാലം, ആനപ്പാറ പാലം എന്നിവയുടെ രൂപകൽപ്പന പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ നടന്നുവരുന്നു.

(ഡി) ഇത്തരം പാലങ്ങൾ നവീകരിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ചൂരൽമല പാലത്തിന് ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മറ്റ് പാലങ്ങൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

**പള്ളിപ്പുറം കോൺവെന്റ് പാലത്തിന്റെ നിർമ്മാണ പുരോഗതി**

95(4105) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം കോൺവെന്റ് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

നിലവിൽ പാലത്തിന്റെ ഫൗണ്ടേഷൻ സബ് സ്ട്രക്ച്ചർ പ്രവൃത്തികൾ പൂർത്തീകരിച്ചു. ബീമിന്റെ നിർമ്മാണ പ്രവൃത്തി നടന്നുവരുന്നു. 60% നിർമ്മാണ പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 329 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ അനുമതി ലഭ്യമായതനുസരിച്ച് ലാൻഡ് അക്വിസിഷനായി, ബന്ധപ്പെട്ട രേഖകൾ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി കളക്ടർക്ക് കൈമാറിയിട്ടുണ്ട്

(സി) പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

2022 ഫെബ്രുവരിയിൽ പാലം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ലെവൽ ക്രോസ്സുകൾക്ക് പകരം മേൽപ്പാലം

96(4106) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള പ്രധാന പാതകളിലെ ലെവൽ ക്രോസ്സുകൾക്ക് പകരം മേൽപ്പാലം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ സംസ്ഥാനത്തെ എത്ര ലെവൽ ക്രോസ്സുകളിൽ മേൽപ്പാലം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിന്റെ പുരോഗതി വിശദമാക്കാമോ; മേൽപ്പാലങ്ങൾ പൂർത്തീകരിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

(എ&ബി) കേരളത്തിലെ ലെവൽ ക്രോസുകൾ ഒഴിവാക്കുന്നതിന് "ബാരിയർ ഫ്രീ റോഡ് നെറ്റ്‌വർക്ക് ലെവൽ ക്രോസ് ഫ്രീ കേരള" എന്ന പദ്ധതി ഉണ്ട്. പ്രാരംഭ ഘട്ടത്തിൽ 10 മേൽപ്പാലങ്ങളാണ് "ബാരിയർ ഫ്രീ റോഡ് നെറ്റ്‌വർക്ക് ലെവൽ ക്രോസ് ഫ്രീ കേരള" പദ്ധതിയിൽ നിർമ്മിക്കുന്നത്. ഇവയുടെ നിർമ്മാണം Design Build Transfer Mode-ൽ ടെണ്ടർ ചെയ്ത് M/s SPL Infrastructure Pvt. Ltd. എന്ന കമ്പനിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 3 മാസത്തെ ഡിസൈൻ പിരീഡ് ഉൾപ്പെടെ 12 മാസമാണ് കാലാവധി. പദ്ധതിയുടെ ഡിസൈൻ വർക്കുകളും പൈൽ ടെസ്റ്റിനുള്ള പ്രവൃത്തികളും നടന്നു വരുന്നു.

(സി) പ്രസ്തുത പദ്ധതി കിഫ്ബിയുടെ ധനസഹായത്തോടെയാണോ നടപ്പിലാക്കുന്നത്; നിർമ്മാണത്തിന്റെ എല്ലാ ഘട്ടങ്ങളിലും കിഫ്ബി നേരിട്ട് പരിശോധന നടത്താറുണ്ടോ; വിശദീകരിക്കുമോ;

പദ്ധതി കിഫ്ബിയുടെ ധനസഹായത്തോടെയാണ് നടപ്പാക്കുന്നത്. കിഫ്ബി പരിശോധനകൾ നടത്താറുണ്ട്.

(ഡി) പദ്ധതിയുടെ പൂർത്തീകരണത്തിന് കേന്ദ്ര സർക്കാരിന്റെയോ റെയിൽവേയുടെയോ എന്തെങ്കിലും സഹായമുണ്ടോ; വിശദീകരിക്കുമോ?

പദ്ധതിയിൽപ്പെട്ട 10 പാലങ്ങളിൽ 7 എണ്ണം റെയിൽവേയുമായി ചെലവ് പങ്കിടൽ വ്യവസ്ഥയിൽ നടപ്പാക്കുന്നതാണ്. ഇവയുടെ ഭൂമി ഏറ്റെടുക്കൽ ഒഴികെയുള്ള നിർമ്മാണ ചെലവിന്റെ 50% റെയിൽവേയിൽനിന്ന് ലഭിക്കും.

## വലിയഴീക്കൽ പാലം നിർമ്മാണം

97(4107) ശ്രീ രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ നിർമ്മിക്കുന്ന വലിയഴീക്കൽ പാലത്തിന്റെ നിർവ്വഹണ പുരോഗതി അറിയിക്കാമോ?

90% പൂർത്തീകരിച്ചു. പാലത്തിന്റെ കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ കോൺക്രീറ്റ്, പാലത്തിന്റെ കൈവരി നിർമ്മാണം, നടപ്പാത നിർമ്മാണം എന്നിവ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പാലം എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

പാലത്തിന്റെ നിർമ്മാണം 2021 സെപ്റ്റംബർ മാസം പൂർത്തീകരിക്കത്തക്ക വിധത്തിൽ പുരോഗമിക്കുന്നു.

## മാവേലിക്കര സെക്ഷൻ ഓഫീസിലെ ഓവർസീയർ ഗ്രേഡ് III-ലെ ഒഴിവ്

98(4108) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര സെക്ഷൻ ഓഫീസിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ഓവർസിയർ ഗ്രേഡ് III തസ്തികയിൽ ഒഴിവുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാരണത്താൽ കെട്ടിട വിഭാഗത്തിന്റെ പ്രവൃത്തികൾ സമയ ബന്ധിതമായി നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിലുള്ള രണ്ട് ഒഴിവുകളിൽ ഒന്നിൽ നിയമനം നടത്തിയിട്ടുണ്ട്. ഒരു ഒഴിവ് പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ളതാണ്. നിലവിൽ അതിന് റാങ്ക് ലിസ്റ്റ് ഇല്ല.

## എഞ്ചിനീയർമാരുടെ തസ്തികകൾ സൃഷ്ടിക്കൽ

99(4109) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപംകൊണ്ട കുന്നംകുളം താലൂക്കിലെ പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തസ്തികകളും (നിരത്ത്-കെട്ടിടം) അനുബന്ധ തസ്തികകളും സൃഷ്ടിച്ച് പുതിയ ഓഫീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തലപ്പിള്ളി താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ടാണ് വകുപ്പിന്റെ എഞ്ചിനീയറിംഗ് പ്രവൃത്തികൾ ഇപ്പോഴും നടക്കുന്നത് എന്നതിനാൽ ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) പുതുതായി രൂപംകൊണ്ട കുന്നംകുളം താലൂക്കിലെ മരാമത്ത് പ്രവൃത്തികൾ തലപ്പിള്ളി താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ടാണ് ഇപ്പോഴും നടക്കുന്നത് എന്ന കാര്യം ജനപ്രിതിനിധികൾ ഉൾപ്പടെയുള്ളവർ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കുന്നംകുളം താലൂക്കിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത്, കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക തസ്തികകളിലെ ഒഴിവുകൾ

100(4110) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ചീഫ് എഞ്ചിനീയർ മുതൽ ഓവർസിയർ ഗ്രേഡ്-III (സിവിൽ വിഭാഗം) വരെയുള്ള തസ്തികകളിൽനിന്നും സൂപ്പർ ആനുവേഷൻ മുഖേന 2021 മേയ് മുതൽ 2024 ജൂൺ വരെ വിരമിക്കുന്നവരുടെ എണ്ണം മാസം തിരിച്ച് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിലെ ചീഫ് എഞ്ചിനീയർ മുതൽ ഓവർസീയർ ഗ്രേഡ്-III സിവിൽ തസ്തികയിലെ സൂപ്പർ ആനുവേഷൻ മുഖേന വിരമിക്കുന്നവരുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത കാലയളവിലെ വിരമിക്കൽ ഒഴിവുകളിൽ എത്രയെണ്ണം വീതമാണ് പി.എസ്.സി. മുഖേന നേരിട്ട് നിയമനം നടക്കുന്ന ഓരോ എൻട്രി കേഡർ തസ്തികയിലേയ്ക്കും ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത തസ്തികയിൽ ഉൾപ്പെടുന്ന വിരമിക്കൽ ഒഴിവുകളിൽ മൂന്നാംതരം ഓവർസീയർ തസ്തികയിൽ മൂന്ന് ഒഴിവുകളിൽ പി.എസ്.സി. മുഖേന നേരിട്ട് നിയമനം നടക്കുന്നതാണ്. മറ്റ് എൻട്രി കേഡർ തസ്തികകളിലേയ്ക്ക് ഇതര തസ്തികകളിൽനിന്നും റേഷ്യോ പ്രൊമോഷൻ നൽകേണ്ടതുള്ളതിനാൽ നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാവുന്ന ഒഴിവുകൾ മുൻകൂട്ടി കണക്കാക്കാൻ കഴിയില്ല.

(സി) 2021 ജനുവരി മുതൽ 15-7-2021 വരെ ഏതൊക്കെ തീയതികളിൽ എത്രവീതം ഒഴിവുകൾ ഓവർസീയർ ഗ്രേഡ്-III (സിവിൽ) തസ്തികയുമായി ബന്ധപ്പെട്ട് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഓവർസീയർ ഗ്രേഡ് III (സിവിൽ) തസ്തികയിൽ 18-2-2021-ൽ ഒരൊഴിവും 2-3-2021-ൽ 17 ഒഴിവും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിലെ തസ്തികകളിൽ സ്റ്റാഫ് സ്ട്രെങ്ത് വിപുലീകരണം**

101(4111) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ഓവർസീയർ ഗ്രേഡ് II മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള സാങ്കേതിക തസ്തികകളിൽ സ്റ്റാഫ് സ്ട്രെങ്ത് വിപുലീകരിക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഫയലിലാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെയുള്ള സാങ്കേതിക തസ്തികകളിൽ സ്റ്റാഫ് സ്ട്രെങ്ത് വിപുലീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എ 4/66/2018/പൊ.മ.വ. നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നു. എന്നാൽ ഇലക്ട്രോണിക്സ് വിഭാഗത്തിൽ ഓവർസീയർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല. വൈദ്യുത വിഭാഗത്തിൽ ഇടുക്കി, കോന്നി, കണ്ണൂർ മെഡിക്കൽ കോളേജുകളിലും കാസർഗോഡ് കോവിഡ് ആശുപത്രിയിലും (ടാറ്റാ ഹോസ്പിറ്റൽ) ഓവർസീയർ ഗ്രേഡ്-II മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള തസ്തികകൾ സൃഷ്ടിക്കുന്ന ശിപാർശ എ 4/174/2020/ പൊ.മ.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

**കൊടുവള്ളി മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ**

102(4112) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുവള്ളി നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന വിവിധ പൊതുമരാമത്ത് പദ്ധതികളുടെ പേരുവിവരം, അനുവദിച്ച തുക, അവയുടെ പ്രവർത്തനപുരോഗതി എന്നിവ ഇനം തിരിച്ച് ലഭ്യമാക്കുമോ?

കൊടുവള്ളി നിയോജകമണ്ഡലത്തിൽ പാലം വിഭാഗത്തിനുകീഴിൽ കരിങ്കുറ്റിക്കടവ് പാലത്തിന് 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പടനിലം പാലം പ്രവൃത്തിക്ക് 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതിയുടെ കാലാവധി കാലഹരണപ്പെട്ടതിനാൽ പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. നടമ്മൽക്കടവ് പാലം പ്രവൃത്തിക്ക് 840 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. നേരത്തെ അക്വയർ ചെയ്ത സ്ഥലത്തോ അല്ലെങ്കിൽ പുറമ്പോക്കോ ആയ സ്ഥലം കയ്യേറ്റമുണ്ടെന്ന് കണ്ടെത്തിയതിനാൽ അത് ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുക്കംകടവ് പാലം പ്രവൃത്തിക്ക് 63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിസൈൻ ലഭ്യമാക്കുന്നതിലേയ്ക്കായി 1.90 ലക്ഷം രൂപയുടെ അഡീഷണൽ

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ദേശീയപാത വിഭാഗത്തിനുകീഴിൽ 2019-20 കേന്ദ്ര വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും 35.42 കോടി രൂപയുടെ ഭരണാനുമതിയും സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച ദേശീയപാത 766-ൽ കി.മീ. 25/00 മുതൽ 45/00 വരെയുള്ള റോഡിന്റെ ബലപ്പെടുത്തൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു. കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ട കൊയിലാണ്ടി - താമരശ്ശേരി - മുക്കം റോഡ് വികസന പ്രവൃത്തിക്ക് 225.68 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്. നിരത്ത്, കെട്ടിടം, കിഫ്ബി വിഭാഗങ്ങൾക്കുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## മലപ്പുറം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

103(4113) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ നടന്നുവരുന്ന വിവിധ പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ പുരോഗതി എന്തെന്നും വെളിപ്പെടുത്തുമോ?

മലപ്പുറം മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കെ.എസ്.ടി.പി. നടപ്പാക്കുന്ന പദ്ധതിയാണ് കൊയിലാണ്ടി-എടവണ്ണ റോഡ് നവീകരണ പ്രവൃത്തി. 23-11-2020-ന് ആരംഭിച്ച പ്രവൃത്തി നിലവിൽ 11% പൂർത്തീകരിച്ചിട്ടുണ്ട്. നിരത്ത്, കെട്ടിട വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു*.

(ബി) ഇതുമായി ബന്ധപ്പെട്ട കഴിഞ്ഞ മൂന്നുവർഷത്തെ വിവരങ്ങൾ വിവിധ വിഭാഗങ്ങൾ തിരിച്ച് നൽകാമോ?

പാലം വിഭാഗത്തിനുകീഴിൽ തലാപ്പ് കടവ് - ആശാരിപ്പടി പാലത്തിന്റെ തകർന്ന പൈപ്പ് കൾവെർട്ടിന്റെ പുനർനിർമ്മാണവും അപ്രോച്ച് റോഡിന്റെ റീ ടാറിംഗ് ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിനുകീഴിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ Improvements with BM&BC

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

to By-lane road of Malappuram-Kottappadi-Cherattukuzhi-Munduparamba road connecting NH-966 in Malappuram District (88,26,937), Improvements with BM&BC to By-lane road of NH 966 at Km 49/850 towards Malappuram Collectorate in Malappuram District (47,16,018) എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും 2018-19 സി.ആർ.എഫ്. സ്കീമിൽ 6.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച മുണ്ടുപറമ്പ - കാവുങ്കൽ ബൈപ്പാസ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി, കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 71.59 കോടി രൂപയുടെ ഭരണാനുമതിയും സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച ദേശീയപാത 966-ന്റെ കി.മീ. 15/656 (കി.മീ. 27/500 മുതൽ കി.മീ 29/100 വരെ ഒഴിവാക്കി) മുതൽ 54/000 വരെയുമുള്ള ഭാഗം ബലപ്പെടുത്തുന്ന പ്രവൃത്തി എന്നിവയും പൂർത്തീകരിച്ചു. കിഫ്ബി വിഭാഗത്തിനുകീഴിൽ കോട്ടയ്ക്കൽ-കോട്ടപ്പടി റോഡിന് 18.85 കോടി രൂപയുടെ സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും നൽകുകയും 11-5-2020-ൽ പണി പൂർത്തീകരിക്കുകയും ചെയ്തു. നിരത്ത്, കെട്ടിട വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു*.

(സി) പൂർത്തീകരിക്കാത്ത ഓരോ പ്രവൃത്തിയും സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ?

പൂർത്തീകരിക്കാത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**മാവേലിക്കര മിച്ചൽ ജംഗ്ഷൻ വികസനം**

104(4114) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മിച്ചൽ ജംഗ്ഷൻ വികസനത്തിന് ബഡ്ജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായുള്ള അലൈൻമെന്റ് സ്കെച്ച് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ പുരോഗമിക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിയുടെ പകർപ്പ്, നോട്ടിഫിക്കേഷൻ തീയതി, ഗസറ്റ് തീയതി, സർവ്വേയുടെ വിശദവിവരം എന്നിവ ലഭ്യമാക്കുമോ?

ഭരണാനുമതിയുടെ പകർപ്പ് അനുബന്ധം-I ആയി ചേർക്കുന്നു*. നോട്ടിഫിക്കേഷൻ 2020 മാർച്ച് 16 നമ്പർ 2/5935/2019, ഗസറ്റ് തീയതി 2019 ജൂൺ 26 നമ്പർ ബി-1,799/2019, എൽ.എ.ആർ.ആർ. ആക്ട് 2013 സെക്ഷൻ 11/1 പ്രകാരം പ്രാരംഭ വിജ്ഞാപനത്തിനുശേഷം മാത്രമേ സർവ്വേ നടപടികൾ ആരംഭിക്കുകയുള്ളൂ. നിലവിൽ പ്രാരംഭ വിജ്ഞാപനം ആയിട്ടില്ല.

(സി) പദ്ധതി പ്രദേശത്ത് എത്ര മീറ്റർ നീളത്തിലും വീതിയിലുമാണ് കല്ലിട്ട് അതിർത്തി തിരിച്ചതെന്നറിയിക്കാമോ; പ്രസ്തുത അതിർത്തിക്കുള്ളിലുള്ള ഭൂമിയിൽത്തന്നെ ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നീളം കിഴക്ക് - 225 മീ., വടക്ക് - 135 മീ., പടിഞ്ഞാറ് - 120 മീ., തെക്ക് -130 മീ റോഡിന്റെ വീതി അംഗീകരിച്ച അലൈൻമെന്റ് പ്രകാരംതന്നെ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സാമൂഹികാഘാത പഠനം നടത്തിയ ഏജൻസി ഏതെന്ന് അറിയിക്കുമോ ; ആയതിന്റെ പഠന റിപ്പോർട്ട് ലഭ്യമാക്കുമോ?

ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ഹഷിമുദ്ദീൻ കുഞ്ഞ്, ഷഫീന മൻസിൽ, കുന്നിക്കോട് പി.ഒ., കൊല്ലം നടത്തിയ പഠന റിപ്പോർട്ട് അനുബന്ധം-II ആയി ചേർക്കുന്നു*.

(ഇ) വിദഗ്ദ്ധ സമിതി രൂപീകരണത്തിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ; വിദഗ്ദ്ധ സമിതി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

എൽ.എ.ആർ.ആർ. ആക്ട് 2013 സെക്ഷൻ 7(2) പ്രകാരമാണ് വിദഗ്ദ്ധ സമിതിയുടെ രൂപീകരണം, എസ്.ഐ.എ. സ്റ്റഡി റിപ്പോർട്ട് വിദഗ്ദ്ധ സമിതി തള്ളിക്കൊണ്ട് ശിപാർശ ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. ജില്ലാ കളക്ടർ ടി ശിപാർശ അംഗീകരിക്കുകയും പുതിയ എസ്.ഐ.എ. പഠനത്തിന് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

(എഫ്) പ്രസ്തുത പദ്ധതി 2021 നവംബർ മാസത്തിന് മുമ്പായി പൂർത്തീകരിക്കാൻ കഴിയുമോ; വ്യക്തമാക്കുമോ?

ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തീരദേശ ഹൈവേ**

105(4115) ശ്രീ. വി. ജോയി:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട തീരദേശ ഹൈവേ യാഥാർത്ഥ്യമാകുന്നതിലൂടെ സംസ്ഥാനത്തെ ഗതാഗത വികസന രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത തീരദേശ ഹൈവേ പദ്ധതിയുടെ പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ഏത് ഏജൻസിയെയാണ് നിശ്ചയിച്ചതെന്ന് വ്യക്തമാക്കാമോ?

(എ&ബി) തിരുവനന്തപുരം ജില്ലയിലെ പൂവാർ മുതൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം വരെ 14 മീറ്റർ വീതിയിൽ തീരപ്രദേശത്തിലൂടെ കടന്നുപോകുന്ന ഹൈവേ സൈക്കിൾ ട്രാക്കോടുകൂടിയ കേരളത്തിലെ ആദ്യത്തെ ഹൈവേ പദ്ധതിയാണ്. 657 കി.മീ. വരുന്ന ഹൈവേ 9 ജില്ലകളിലെ തീരമേഖലകളിലൂടെ കടന്നുപോകുന്നു. ഈ ഹൈവേ യാഥാർത്ഥ്യമാകുന്നതിലൂടെ വല്ലാർപാടം, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിലേയ്ക്ക് എളുപ്പത്തിൽ എത്തിപ്പെടാൻ സാധിക്കും. ചരക്കുനീക്കവും മത്സ്യബന്ധന വികസനവും പദ്ധതിയുടെ മറ്റൊരു പ്രത്യേകതയാണ്. തീരദേശ ഹൈവേ നിലവിൽ വരുന്നതിലൂടെ ദേശീയ പാതയിലെ തിരക്ക് കുറയ്ക്കാനാകും. സൈക്കിൾ ട്രാക്കോടുകൂടിയ തീരദേശ ഹൈവേ വിനോദസഞ്ചാര മേഖലയെക്കൂടി ലക്ഷ്യം വച്ചാണ് വിഭാവന ചെയ്യുന്നത്. ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള റോഡ് ഫണ്ട് ബോർഡിനെയാണ് നിശ്ചയിച്ചിരിക്കുന്നത്.

(സി) പദ്ധതി പൂർത്തീകരണത്തിന് നിലവിൽ തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ; എന്നത്തേയ്ക്ക് ഹൈവേ പൂർത്തിയാക്കാൻ പറ്റുമെന്ന് വ്യക്തമാക്കാമോ?

പദ്ധതി പൂർത്തീകരണത്തിന് നിലവിൽ തടസ്സങ്ങളില്ല. എന്നിരുന്നാലും 14 മീറ്റർ RoW വേണമെന്ന കിഫ്ബി മാനദണ്ഡം പാലിക്കേണ്ടതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. 6 റീച്ചുകളിൽ കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളതും 2 റീച്ചുകളിൽ പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്. 4 റീച്ചുകളിൽ ലാൻഡ് അക്വിസിഷൻ നടപടികൾ നടന്നുവരികയാണ്.

## കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാംഘട്ടം

106(4116) ശ്രീ. എം. മുകേഷ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്കിന്റെ വായ്പാസഹായത്തോടെ നടത്തുന്ന കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) രണ്ടാംഘട്ട പദ്ധതിയിൽ എത്ര പാക്കേജുകളാണുള്ളത്; വിശദാംശം നൽകാമോ?

(എ-സി)ലോക ബാങ്കിന്റെ ധനസഹായമുള്ള ഈ പദ്ധതി 363 കി.മി. റോഡുകളുടെ അപ്ഗ്രഡേഷൻ പണികളും റോഡ് സുരക്ഷാ പ്രവർത്തനങ്ങളും പൊതുമരാമത്ത് വകുപ്പ് ബലപ്പെടുത്താനുള്ള ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെംഗ്തനിംഗ് പ്രവർത്തനങ്ങളും ഉൾപ്പെടുന്നതാണ്. കെ.എസ്.ടി.പി. പദ്ധതിയുടെ Component തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

COMPONENT-A

1. കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ്-27.78 കി.മീ-പ്രവൃത്തി പൂർത്തീകരിച്ചു
2. പിലാത്തറ - പാപ്പിനിശ്ശേരി റോഡ്-20.90 കി.മീ-പ്രവൃത്തി പൂർത്തീകരിച്ചു
3. തലശ്ശേരി-കളറോഡ് റോഡ്-28.80 കി.മീ-ഇരഞ്ഞോളി പാലം, കൂട്ടുപുഴ പാലം എന്നിവയുടെ പണി പൂർത്തീകരിക്കാനുണ്ട്.
4. കളറോഡ്-വളവുപാറ റോഡ്-25.20 കി.മീ-ഇരഞ്ഞോളി പാലം, കൂട്ടുപുഴ പാലം എന്നിവയുടെ പണി പൂർത്തീകരിക്കാനുണ്ട്.
5. ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ്-45.70 കി.മീ-പ്രവൃത്തി പൂർത്തീകരിച്ചു.

6. ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ്-40.96 കി.മീ-പ്രവൃത്തി പൂർത്തീകരിച്ചു.

7. തിരുവല്ല ബൈപ്പാസ് (ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ്)-2.3 കി.മീ-പ്രവൃത്തി പൂർത്തീകരിച്ചു.

8. തിരുവല്ല ടൗൺ-1.90 കി.മീ-പ്രവൃത്തി പൂർത്തീകരിച്ചു.

9. പൊൻകുന്നം-തൊടുപുഴ റോഡ്-50 കി.മീ-പ്രവൃത്തി പൂർത്തീകരിച്ചു.

10. പെരുമ്പിലാവ് -പെരിന്തൽമണ്ണ റോഡ്-39.37 കി.മീ-പ്രവൃത്തി പൂർത്തീകരിച്ചു.

11. പുനലൂർ പൊൻകുന്നം (82 കീ.മി) ഇ.പി.സി. മാതൃകയിൽ മൂന്ന് പാക്കേജുകളായി തിരിച്ചിരിക്കുന്നു. - പ്രവൃത്തി പുരോഗമിച്ചുവരുന്നു. i.പുനലൂർ മുതൽ കോന്നി വരെ-29.84 കി.മീ.

ii.കോന്നി മുതൽ പ്ലാച്ചേരി വരെ-30.16 കി.മീ.

iii. പ്ലാച്ചേരി മുതൽ പൊൻകുന്നം വരെ -22.17 കി.മീ.

COMPONENT-D

1. ചെമ്മണ്ണാർ ഗ്യാപ്പ് -29.44 കീ.മി-പ്രവൃത്തി പുരോഗമിച്ചുവരുന്നു.

2. പൈനാവ്- താന്നിക്കണ്ടം -അശോകകവല റോഡ് -21 കീ.മി-പ്രവൃത്തി പുരോഗമിച്ചുവരുന്നു.

3. അടൂർ-ചെങ്ങന്നൂർ റോഡ് -23.804 കീ.മി. - പ്രവൃത്തി പുരോഗമിച്ചു വരുന്നു.

COMPONENT- B

റോഡ് സുരക്ഷാ പദ്ധതിയുടെ ഭാഗമായി കഴക്കൂട്ടം - വെഞ്ഞാറമൂട് - അടൂർ (80 കീ.മി.) റോഡിന്റെ ഉപരിതലം പുതുക്കി എല്ലാ റോഡ് സുരക്ഷാ ക്രമീകരണങ്ങളും ഏർപ്പെടുത്തി പണി പൂർത്തീകരിച്ചു. റോഡ് സുരക്ഷാ മാനേജ്മെന്റിന്റെ ഭാഗമായി സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയെ ശക്തിപ്പെടുത്തൽ, റോഡ് സുരക്ഷയിൽ ഏർപ്പെട്ടിരിക്കുന്ന വകുപ്പിൽ റോഡ് സുരക്ഷാ സെല്ലുകൾ രൂപീകരിച്ച് അവയെ സജ്ജമാക്കൽ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ സുരക്ഷാപാതകൾ നിർമ്മിക്കൽ പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

COMPONENT- C

പൊതുമരാമത്ത് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി പൊതുജന പങ്കാളിത്തത്തോടെ റോഡുകളുടെ സുരക്ഷയും പരിരക്ഷാ പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ റോഡ് സുരക്ഷാപ്രവർത്തനങ്ങളുടെയും പൊതുമരാമത്ത് വകുപ്പിന്റെ സ്റ്റേറ്റ് മാനേജ്മെന്റിനേയും ഒരു ഉന്നത സാങ്കേതിക വിദ്യാകേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) എം. സി. റോഡ് സുരക്ഷിത ഇടനാഴിയാക്കി മാറ്റുന്നതിന് വേണ്ടിയുള്ള കഴക്കൂട്ടം-അടൂർ അപകടരഹിത മാതൃകാറോഡ് നിർമ്മാണം പൂർത്തീകരിച്ചോ; ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ?

ടി റോഡ് നിർമ്മാണം പൂർത്തീകരിച്ചു. നിലവിൽ റോഡ് മെയിന്റനൻസ് ഘട്ടത്തിലാണ്. പ്രസ്തുത പ്രവൃത്തിയുടെ ഫലപ്രാപ്തി (Monitoring and Evaluation) വിലയിരുത്തുന്നതിനായി നാറ്റ്പാക്കുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. പഠനം നടന്നുവരുന്നു.

**വൈപ്പിൻ-മുനമ്പം റോഡ്**

107(4117) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള റോഡ് സുരക്ഷാ പദ്ധതിയായ ചലഞ്ച് ഫണ്ടിൽനിന്നും വൈപ്പിൻ-മുനമ്പം റോഡിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ ആരാണ് ഏറ്റെടുത്തിട്ടുള്ളതെന്നും എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(സി) റോഡ് സുരക്ഷാ പ്രവൃത്തികളുടെ ഭാഗമായി വൈപ്പിൻ-മുനമ്പം റോഡിൽ ബസ് ഷെൽറ്ററുകൾ, ട്രാഫിക് സിഗ്നലിംഗ് സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതും ഓട നിർമ്മിക്കുന്നതും എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

(എ-സി)പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ അധികാര പരിധിയിൽ വരുന്ന വൈപ്പിൻ പള്ളിപ്പുറം റോഡിൽ Budget Work - 2019-20- Improvements to Vyppin Pallippuram road Ch. 0/000 to 29/500 എന്ന പ്രവൃത്തിക്ക് 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ റോഡ് സേഫ്റ്റി ഇനങ്ങൾ ഒന്നുംതന്നെ ഉൾപ്പെടുത്തിയിട്ടില്ല. ചലഞ്ച് ഫണ്ടിൽനിന്നും ഈ റോഡിനായി തുകയൊന്നും അനുവദിച്ചിട്ടില്ല.

## പാലക്കാട് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

108(4118) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നും ഇതിൽ നിർമ്മാണം ആരംഭിച്ചവ ഏതൊക്കെ എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതികളിൽ ഇതുവരെ ആരംഭിക്കാൻ കഴിയാത്തവയുടെ വിശദാംശം കാരണം സഹിതം അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയതും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് കെ.ആർ.എഫ്.ബി.-യുടെ കീഴിലുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയും* റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ (ആർ.ബി.ഡി.സി.കെ.) കീഴിലുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയും ചേർക്കുന്നു*.

## തീരദേശ ഹൈവേ നിർമ്മാണം

109(4119) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ സി. ആർ. മഹേഷ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ ഹൈവേ നിർമ്മാണം നിലവിൽ എത്ര റീച്ചുകളിലാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിൽ രണ്ട് റീച്ചുകളിലാണ് നടക്കുന്നത്.

(ബി) ഏതൊക്കെ റീച്ചുകളിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കാനുണ്ടെന്ന് അറിയിക്കാമോ?

ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നതേയുള്ളൂ. ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞാൽ മാത്രമേ ഏതൊക്കെ റീച്ചുകളിൽ സ്ഥലമേറ്റെടുപ്പ് ആവശ്യമുണ്ടെന്ന് അറിയാൻ സാധിക്കൂ.

(സി) കിഫ്ബി അംഗീകരിച്ച പദ്ധതിയിൽ സ്ഥലമെടുപ്പിനുള്ള തുക ഉൾപ്പെടുത്തിയിരുന്നോ; വ്യക്തമാക്കുമോ?

കിഫ്ബി സാമ്പത്തികാനുമതി നൽകിയ ആറ് റീച്ചുകളിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) നിലവിൽ ഏതൊക്കെ റീച്ചുകൾക്ക് സ്ഥലം എടുക്കാൻ തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

നിലവിൽ കിഫ്ബി സ്ഥലം ഏറ്റെടുക്കാൻ തുക അനുവദിച്ചിട്ടുള്ള റീച്ചുകൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം ജില്ലയിലെ പള്ളിത്തുറ മുതൽ ഒന്നാം പാലം, വർക്കല വരെയുള്ള തീരദേശ ഹൈവേയുടെ നിർമ്മാണം.
2. മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ ജംഗ്ഷൻ വരെയുള്ള (റീച്ച് - 1 - 0/000 മുതൽ 15/000 വരെ) തീരദേശ ഹൈവേയുടെ നിർമ്മാണം.
3. മലപ്പുറം ജില്ലയിലെ താനൂർ മൊഹിയുദ്ദീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെയുള്ള (റീച്ച് - 3- 23/190 മുതൽ 27/040 വരെ) തീരദേശ ഹൈവേയുടെ നിർമ്മാണം
4. കോഴിക്കോട് ജില്ലയിലെ കൊടിക്കൽ മുതൽ കോളാവിപാലം വരെയുള്ള തീരദേശ ഹൈവേയുടെ നിർമ്മാണം.
5. കോഴിക്കോട് ജില്ലയിലെ കുഞ്ഞാലിമരക്കാർ പാലം മുതൽ കോട്ടക്കൽക്കടവ് വരെയുള്ള തീരദേശ ഹൈവേയുടെ നിർമ്മാണം.
6. കണ്ണൂർ ജില്ലയിലെ പാലക്കോട് മുതൽ കുന്നരു സിറ്റി, രണ്ടുതെങ്ങു വരെയുള്ള തീരദേശഹൈവേയുടെ നിർമ്മാണം.

(ഇ) സ്ഥലം ഏറ്റെടുക്കുന്നതിന് തുക ആവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പ് കിഫ്ബിക്ക് നൽകിയ റിപ്പോർട്ടിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക കിഫ്ബിയിൽനിന്നും അനുവദിക്കുന്നത്, കിഫ്ബിക്ക് സമർപ്പിക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

110(4120) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉൾപ്പെടെ പ്രയോജനപ്പെടുത്തി നിർമ്മിച്ച കെട്ടിടങ്ങളുടെയും റോഡുകളുടെയും പാലങ്ങളുടെയും വിവരങ്ങൾ തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ ഭരണാനുമതി ലഭിച്ചവ, ഭരണാനുമതിക്കായി സമർപ്പിച്ചവ, ബഡ്ജറ്റിൽ ഉൾപ്പെടുത്തിയവ, ടെണ്ടർ ചെയ്തവ, എഗ്രിമെന്റ് ചെയ്തിട്ടുള്ളവ, ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്തവ എന്നിങ്ങനെ തരംതിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെ പുതുക്കിയ ഭരണാനുമതി നൽകേണ്ടിവന്ന പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## തുറവൂർ-ഓച്ചിറ ദേശീയപാത വികസനം

111(4121) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറവൂർ മുതൽ ഓച്ചിറ വരെയുള്ള ദേശീയ പാതയുടെ വികസനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

തുറവൂർ മുതൽ ഓച്ചിറ വരെയുള്ള ദേശീയ പാതയുടെ വികസനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത പ്രദേശത്തെ സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചോ; വ്യക്തമാക്കാമോ?

സ്ഥലം ഏറ്റെടുക്കൽ നടപടി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു*.

## സ്ഥലമേറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നൽകാൻ നടപടി

112(4122) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുമ്പോൾ പാതയോരത്തെ കെട്ടിട ഉടമകൾക്ക് പുറമെ അവിടെ വാടകയ്ക്ക് കടയും സ്ഥാപനങ്ങളും നടത്തുന്നവർക്കും നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേശീയപാതയ്ക്ക് സ്ഥലമേറ്റെടുക്കുമ്പോൾ ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമകൾക്ക് 2013-ലെ RFCTLARR നിയമപ്രകാരമുള്ള നഷ്ടപരിഹാരമാണ് നൽകുന്നത്. പുനരധിവാസവും പുനഃസ്ഥാപനവും പ്രസ്തുത നിയമത്തിന്റെ ഷെഡ്യൂൾ 2 പ്രകാരമാണ് നൽകുന്നത്. ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act, 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നല്കുന്നതിനായി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 29-12-2017-ലെ ജി.ഒ. (എം.എസ്.) 448/2017/RD (State Rehabilitation Policy) പ്രകാരം കുടിയൊഴിപ്പിക്കുന്ന കച്ചവടക്കാരെ/കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കൂടുതൽ തുക ഉൾപ്പെടുത്തിക്കൊണ്ട് റവന്യൂ വകുപ്പ് ഉത്തരവായിട്ടുണ്ട്. എന്നാൽ ദേശീയപാതയ്ക്കുവേണ്ടി സ്ഥലമേറ്റെടുക്കുന്ന അവസരങ്ങളിൽ LARR Act-ന്റെ ഷെഡ്യൂൾ 2 പ്രകാരമുള്ള നഷ്ടപരിഹാരമാണ് ദേശീയ പാത അതോറിറ്റി നൽകിവരുന്നത്

## റസ്റ്റ് ഹൗസുകളുടെ പുനരുദ്ധാരണം

113(4123) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ ചങ്കുവെട്ടി റസ്റ്റ് ഹൗസ്, കുറ്റിപ്പുറം റസ്റ്റ് ഹൗസ് എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായുള്ള പുതുക്കിയ എസ്റ്റിമേറ്റും പ്ലാനും അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ?

കോട്ടക്കൽ ചങ്കുവെട്ടി റസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന് ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയിരുന്നു. കുറ്റിപ്പുറം റസ്റ്റ് ഹൗസിന്റെ പുനരുദ്ധാരണത്തിന് നിലവിൽ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടില്ല.

(ബി) പ്രസ്തുത റസ്റ്റ് ഹൗസുകൾ പുനരുദ്ധരിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭിയ്ക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകൾ

114(4124) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിലുള്ള പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

കാസർഗോഡ് - 8

കണ്ണൂർ- 10+2 ഐ.ബി.

വയനാട്- 7

കോഴിക്കോട് - 10

മലപ്പുറം - 18

പാലക്കാട് - 14

തൃശ്ശൂർ - 9

എറണാകുളം - 16

ഇടുക്കി - 9+2 ഐ.ബി.

കോട്ടയം - 11

ആലപ്പുഴ - 7

പത്തനംതിട്ട - 9 (ശബരിമല ക്യാമ്പ് ഷെഡ് ഉൾപ്പെടെ)

കൊല്ലം - 12

തിരുവനന്തപുരം - 9

(ബി) റസ്റ്റ് ഹൗസുകളുടെ നവീകരണത്തിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ട്. റസ്റ്റ് ഹൗസുകൾ ആധുനീകരിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകിവരുന്നു. റസ്റ്റ്ഹൗസ് ജീവനക്കാർക്ക് യൂണിഫോമുകൾ നടപ്പിലാക്കിയിട്ടുണ്ട്. ക്യാന്റീൻ നടത്തിപ്പിന് സൗകര്യമുള്ളിടത്തും സ്ഥലപ്രാധാന്യമുള്ളതുമായ റസ്റ്റ് ഹൗസുകളിലും ഭക്ഷണശാലകൾ ആരംഭിച്ചിട്ടുണ്ട്. റസ്റ്റ് ഹൗസും പരിസരവും മറ്റും വൃത്തിയായി നല്ല രീതിയിൽ പരിപാലിച്ചുപോരുന്നു. പൊതുജനങ്ങളുടെ സൗകര്യാർത്ഥം റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തുകയും അതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗും നൽകിക്കഴിഞ്ഞു. കൂടാതെ നവീകരണ പ്രവൃത്തികൾ നടന്നുവരുന്ന റസ്റ്റ് ഹൗസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് റസ്റ്റ് ഹൗസുകളുടെ നടത്തിപ്പിലും പ്രവർത്തനത്തിലും ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ?

റസ്റ്റ് ഹൗസുകളുടെ നവീകരണത്തിലൂടെ താമസക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനും അതിലൂടെ വരുമാന വർദ്ധനവിനും ലക്ഷ്യമിടുന്നു. കൂടാതെ ഉന്നതനിലവാരത്തിലുള്ള റസ്റ്റ് ഹൗസുകൾ പൊതുജനങ്ങൾക്കും ജീവനക്കാർക്കും പ്രധാന വ്യക്തികൾക്കും കുറഞ്ഞ ചെലവിൽ കൂടുതൽ സൗകര്യത്തോടെ താമസസൗകര്യം ഒരുക്കുകയും ചെയ്യുക എന്നതും ലക്ഷ്യമിടുന്നു. കൂടുതൽ പരിസ്ഥിതി സൗഹൃദവും ടൂറിസം വികസനത്തിന് യോജിച്ചതും എല്ലാ ജനങ്ങളേയും ആകർഷിക്കുന്ന രീതിയിലുള്ള മാറ്റങ്ങളാണ് റസ്റ്റ് ഹൗസുകളുടെ പ്രവർത്തനത്തിൽ ലക്ഷ്യമിട്ടിട്ടുള്ളത്. റസ്റ്റ് ഹൗസുകൾ പുനരുദ്ധീകരിക്കുന്നതിന്റെ ഭാഗമായി 27-7-2021-ൽ മന്ത്രിതലത്തിൽ യോഗം കൂടുകയും റസ്റ്റ് ഹൗസുകളെ ഗസ്റ്റ് ഹൗസുകളിലേതിന് സമാനമായി നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി റസ്റ്റ് ഹൗസുകളുടെ ആധുനികവൽക്കരണത്തിനും പരിപാലനത്തിനുമായുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കാൻ കെ.റ്റി.ഡി.സി മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## കാട്ടാക്കടയിൽ റസ്റ്റ് ഹൗസ് നിർമ്മാണം

115(4125) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കടയിൽ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാനാകും; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല. ഫൗണ്ടേഷനടക്കമുള്ള സ്ട്രക്ചറൽ ഡ്രോയിംഗ് പൂർത്തിയാക്കി ഡിസൈൻ വിഭാഗത്തിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ബി) മലയിൻകീഴ് മേപ്പൂക്കടയിൽ പി.ഡബ്ല്യു.ഡി. സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ എന്ന് പൂർത്തിയാക്കാനാകും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മലയിൻകീഴ് മേപ്പൂക്കടയിൽ പി.ഡബ്ല്യൂ.ഡി. സമുച്ചയ നിർമ്മാണത്തിന് സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി ആർച്ചിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം ടി കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കിവരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് വർക്ക് ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

**എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം**

116(4126) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിൽ ഇലക്ട്രോണിക്സ് വിഭാഗത്തിലെ യോഗ്യതയുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്ക് എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റംവഴി നിയമനം ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

പൊതുമരാമത്ത് വകുപ്പിന്റെ സ്പെഷ്യൽ റൂളുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ അംഗീകൃത സർവ്വീസ് സംഘടനകളുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂളുകൾ ഭേദഗതി വരുത്തുന്നതിനുള്ള ശിപാർശകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തിലെ എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികയുടെ 10% ഒഴിവുകളിലേയ്ക്ക് വകുപ്പിലെ യോഗ്യരായ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് നിയമനം നൽകുന്നതിന് ഉതകുന്ന രീതിയിൽ (3-2-1967-ലെ ജി.ഒ.(എം.എസ്.) നമ്പർ 26/67/പി.ഡബ്ല്യൂ.ഡി) സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശയും ഉൾപ്പെട്ടിട്ടുണ്ട്. ഇത് ഉൾപ്പെടെയുള്ള എല്ലാ ശിപാർശകളും സർക്കാർ പരിശോധിച്ചുവരികയാണ്.

**വണ്ടൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

117(4127) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെ വണ്ടൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി)2016 മുതൽ 2021 വരെ വണ്ടൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പ് അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും ചുവടെ ചേർത്തിരിക്കുന്നു.

1. പള്ളിശ്ശേരി അമ്പലക്കടവ് കുതിരംപൊയിൽ റോഡ്-പ്രസ്തുത റോഡിന് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകുകയും ഡി.പി.ആർ. കിഫ്ബിയിൽ സാമ്പത്തികാനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2. മുണ്ടേങ്ങര പുള്ളിപ്പാടം ഓടയിക്കൽ വെട്ടിക്കുന്ന് റോഡ്-പ്രസ്തുത റോഡിന് 16 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി നിർദ്ദേശിച്ച പ്രകാരം ഡി.പി.ആർ. പുനർസമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. പുലമന - തളിയംകുണ്ട്- വാണിയമ്പലം റോഡ്-പ്രസ്തുത റോഡിന് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 21.4 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പിനുള്ള റവന്യൂ വകുപ്പിന്റെ ഭരണാനുമതി ലഭിച്ചത് പ്രകാരം സ്ഥലം ഏറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.

**ഇടുക്കി ജില്ലയിൽ അനുവദിച്ച കിഫ്ബി റോഡുകൾ**

118(4128) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ ഇടുക്കി ജില്ലയിൽ അനുവദിച്ച കിഫ്ബി റോഡുകൾ സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും പേര്, ഡി.പി.ആർ. സമർപ്പിച്ച തീയതി, അനുവദിച്ചിട്ടുള്ള തുക എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) ഓരോ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

(എ-സി) ഇടുക്കി ജില്ലയിൽ 2016-17, 2017-18 വർഷങ്ങളിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തീരദേശ ഹൈവേയുടെ ഭരണാനുമതി

119(4129) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശഹൈവേയുടെ പയ്യന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട ഭാഗത്തിന്റെ ഭരണാനുമതി ആയിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണ് ഭരണാനുമതി ആയത്; അതിന്റെ തുടർനടപടികൾ ഏത് ഘട്ടം വരെ ആയിയെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിൽ പാലക്കോട് മുതൽ രണ്ടുതെങ്ങ് വരെ 11 കി.മീ. നീളത്തിലാണ് തീരദേശ ഹൈവേ നിർമ്മിക്കുന്നത്. ഇതിൽ പാലക്കോട് മുതൽ കുന്നരു വരെ 4.65 കി.മീ. റീച്ചിന് 34.71 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല.

(ബി) രണ്ടാം റീച്ചിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ നടപടി വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ മറ്റു റീച്ചുകളിൽ തീരദേശ ഹൈവേയ്ക്കുവേണ്ടി ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല. ഡി.പി.ആർ. തയ്യാറാക്കുന്നതിനായി കൺസൾട്ടൻസിയെ നിയോഗിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) പ്രസ്തുത പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിന്റെ ഭാഗമായി വരുന്ന രണ്ട് പാലങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കണ്ണൂർ ജില്ലയിലെ മറ്റ് റീച്ചുകളിൽ തീരദേശ ഹൈവേയ്ക്കുവേണ്ടി ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല. ഡി.പി.ആർ. തയ്യാറാക്കുന്നതിനായി കൺസൾട്ടൻസിയെ നിയോഗിക്കുന്ന കാര്യം പരിഗണനയിലാണ്.

## ഷൊർണ്ണൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്ന മലയോര ഹൈവേ

120(4130) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലൂടെ മലയോര ഹൈവേ കടന്നു പോകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഹൈവേയുടെ നിർമ്മാണപ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ; ഇതിന്റെ അടങ്കൽ തുക എത്രയെന്ന് അറിയിക്കുമോ?

(എ&ബി) ഷൊർണ്ണൂർ മണ്ഡലത്തിലൂടെ മലയോര ഹൈവേ കടന്നുപോകുന്നില്ല.

(സി) പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാലഹരണപ്പെട്ട ചട്ടങ്ങൾ മാറ്റി ഈസ് ഓഫ് സർവ്വീസ് ഡെലിവറി എന്ന നയം നടപ്പിലാക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് സമയബന്ധിതമായി പരിഷ്കരിക്കാറുണ്ട്.

## മുസിരിസ് പൈതൃക പദ്ധതി

121(4131) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പള്ളിപ്പുറം വില്ലേജിൽ മുസിരിസ് പൈതൃക പദ്ധതിയുമായി ബന്ധപ്പെട്ട് മിശ്രഭോജൻ സ്മാരകം നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് 6-12-2017-ലെ സ.ഉ.(സാധാ) നമ്പർ 589/2017 പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മിശ്രഭോജൻ സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടി 3 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ലാൻഡ് അക്വിസിഷൻ അവാർഡ് പാസ്സാക്കുകയും സ്ഥലം തഹസീൽദാർ കൈവശത്തിലെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. സ്ഥലം ടൂറിസം വകുപ്പിന് കൈമാറുന്നതിന് സ്പെഷ്യൽ തഹസിൽദാർ നടപടി സ്വീകരിച്ചുവരുന്നു.

## പൂഞ്ഞാർ മണ്ഡലത്തിൽ ടൂറിസം സർക്യൂട്ട് പദ്ധതി

122(4132) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലുള്ള പ്രകൃതിരമണീയമായ സ്ഥലങ്ങൾ ഉൾപ്പെടുത്തി ഒരു ടൂറിസം സർക്യൂട്ട് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിശോധിക്കാവുന്നതാണ്.

(ബി) പ്രകൃതിരമണീയ ടൂറിസം കേന്ദ്രങ്ങളായ മാർമല അരുവി, അരുവിക്കച്ചാൽ വെള്ളച്ചാട്ടം, മുതുകോരമല, വേങ്ങത്താനം അരുവി, കോലാഹലമേട്, തങ്ങൾപാറ, ചക്കിപ്പാറ, അടിവാരം കൊട്ടത്താവളം വെള്ളച്ചാട്ടം, കല്ലുവെട്ടാംകുഴി, പെരിങ്ങളം ചട്ടമ്പിപ്പെരുവഞ്ചിറ, ചോലത്തടം മുത്തനള്ളരുവി, കൈപ്പള്ളി കളത്വ എന്നിവ സംരക്ഷിക്കുന്നതിനും അവിടങ്ങളിൽ ടൂറിസ്റ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിശോധിക്കാവുന്നതാണ്.

(സി) എരുമേലി കേന്ദ്രമാക്കി പിൽഗ്രിം ടൂറിസം പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

"എരുമേലി പിൽഗ്രിം ഹബ് "എന്ന 2 കോടി രൂപയുടെ പദ്ധതി കോട്ടയം ഡി.ടി.പി.സി. വാപ്കോസ് ലിമിറ്റഡ് മുഖേന നടപ്പിലാക്കുകയും 9-2-2021-ൽ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തിട്ടുള്ളതാണ്.

**ടൂറിസം അതിജീവന പദ്ധതി**

123(4133) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ കടുത്ത പ്രതിസന്ധി നേരിടുന്ന വിനോദസഞ്ചാര മേഖലയുടെ അതിജീവനത്തിനായി നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് കോവിഡ് വ്യാപനംമൂലം സ്തംഭനാവസ്ഥയിലായ ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനതല ബാങ്കേഴ്സ് സമിതിവഴി ടൂറിസം രംഗത്തുള്ള

നിക്ഷേപകർക്കും തൊഴിലെടുക്കുന്നവർക്കുംവേണ്ടി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം എന്നീ വായ്പാ പദ്ധതികളും ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നീ ധനസഹായ പദ്ധതികളും നടപ്പിലാക്കിവരുന്നു. ടൂറിസം മേഖലയുടെ പുനരുജ്ജീവനത്തിനായി ഒന്നാം കോവിഡ് തരംഗത്തിനുശേഷം നടത്തിയ പോസ്റ്റ് കോവിഡ് പ്രൊമോഷൻ ക്യാമ്പയിൻ ഏറെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. അതിന്റെ തുടർച്ചയായി വിവിധ പ്രൊമോഷൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്ന കാര്യം ആലോചനയിലാണ്. മാത്രമല്ല കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഹോംസ്റ്റേകൾ, സർവ്വീസ്ഡ് വില്ല, ആയുർവ്വേദ സെന്ററുകൾ, റസ്റ്റോറന്റുകൾ, ഹൗസ് ബോട്ടുകൾ എന്നിവ ഉൾപ്പെടെ എല്ലാ ടൂറിസം വകുപ്പ് അംഗീകൃത/ക്ലാസിഫൈഡ് യൂണിറ്റുകൾക്കും അവയുടെ അംഗീകാരം തീരുന്ന മുറയ്ക്ക് 2020 ജനുവരി മുതൽ 2021 ഡിസംബർ 31 വരെ നിബന്ധനകളില്ലാതെ പുതുക്കിനൽകാനും തീരുമാനമായിട്ടുണ്ട്. കൂടാതെ, കേരളത്തിലെ ടൂറിസം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ സഹായിക്കുന്നതിനായി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ബി) വിനോദസഞ്ചാര മേഖലയുടെ അതിജീവനത്തിനായുള്ള അടിയന്തര നടപടി എന്ന നിലയ്ക്ക് ആരോഗ്യവകുപ്പുമായി സഹകരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമ്പൂർണ്ണ വാക്സിനേഷൻ യജ്ഞത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിനോദസഞ്ചാര മേഖലയുടെ അതിജീവനത്തിനായുള്ള അടിയന്തര നടപടിയായി കണ്ട് ടൂറിസം കേന്ദ്രങ്ങളിൽ സമ്പൂർണ്ണ വാക്സിനേഷൻ പദ്ധതി നടപ്പാക്കുന്നതിനായി ആദ്യ ഘട്ടത്തിൽ വയനാട് ജില്ലയിലെ വൈത്തിരി, മേപ്പാടി എന്നിവിടങ്ങളാണ് തെരഞ്ഞെടുത്തിരുന്നത്. അതിൽ വൈത്തിരിയിൽ വാക്സിനേഷൻ പ്രക്രിയ പൂർത്തിയായിട്ടുണ്ട്. മേപ്പാടിയിൽ വാക്സിനേഷൻ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. അടുത്തഘട്ടമായി കുമരകം, ഫോർട്ട് കൊച്ചി, ആലപ്പുഴ, വർക്കല, കോവളം എന്നിവിടങ്ങളിലാണ് സമ്പൂർണ്ണ വാക്സിനേഷൻ പദ്ധതി നടപ്പാക്കുക. എറണാകുളത്ത് ടൂറിസം വകുപ്പും ആരോഗ്യ വകുപ്പും ടൂറിസം വ്യവസായത്തിൽ പ്രവർത്തിക്കുന്ന സംരംഭകരുമായി സഹകരിച്ച് ഒരു മെഗാ വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. ഈ രീതിയിൽ കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിലും ഇത്തരം വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്തെ സുരക്ഷിതമായ വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ബോധവത്കരണവും വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ, പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാദ്ധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റു ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാന മേർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകൾ എന്നിവരുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പ് നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം ഒരു മുഖ്യ അജണ്ടയായി ഉൾക്കൊള്ളിച്ചുകൊണ്ട് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കോവിഡ് രോഗവ്യാപനത്തോടെ പ്രതിസന്ധിയിലായ ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി കോവിഡാനന്തര ടൂറിസം എന്ന രീതിയിൽ വില്ലേജ് ടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോവിഡ് രോഗവ്യാപനത്തോടെ പ്രതിസന്ധിയിലായ ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി കോവിഡാനന്തര ടൂറിസം എന്ന രീതിയിൽ വില്ലേജ് ടൂറിസം എന്ന പേരിൽ ഒരു പദ്ധതി പരിഗണനയിലില്ല. എന്നാൽ ടൂറിസം

വികസനത്തിന്റെ ഭാഗമായി പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളുടെ ടൂറിസം സാദ്ധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ടൂറിസം മേഖലയുടെ വാണിജ്യവിപണന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഡിജിറ്റൽ ടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ടൂറിസം മേഖലയുടെ വാണിജ്യ വിപണന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് വകുപ്പ് ഡിജിറ്റൽ ടൂറിസം രംഗവും ഏറെ ഉപയോഗപ്പെടുത്തുന്നുണ്ട്. ടൂറിസം വകുപ്പ് നടത്തിവരുന്ന ഡിജിറ്റൽ പ്രചരണ പരിപാടികളും ഇതിന് ഉദാഹരണമാണ്. ഫേസ്ബുക്ക്, യുട്യൂബ്, ട്വിറ്റർ, ഇൻസ്റ്റഗ്രാം എന്നീ മാധ്യമങ്ങളും ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. സോഷ്യൽ മീഡിയ ഓൺലൈൻ ടൂറിസം പ്രചരണവും വകുപ്പ് നടത്തി വരുന്നുണ്ട്. പുതിയ ഒ.ടി.ടി. സംവിധാനവും പ്രചരണ രംഗത്ത് ഉപയോഗിച്ചുവരുന്നുണ്ട്.

**ഗുരുവായൂർ മണ്ഡലത്തിൽ കായൽ ടൂറിസം പദ്ധതി**

124(4134) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വിനോദസഞ്ചാരത്തിന് ഏറെ സാദ്ധ്യതയുള്ള ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ചക്കംകണ്ടം, ചേറ്റുവ തുടങ്ങിയ കായൽ പ്രദേശങ്ങളെ ഉൾപ്പെടുത്തി കായൽ ടൂറിസം പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) നിലവിൽ പരിഗണനയിലില്ല. പ്രസ്തുത പദ്ധതിയുടെ ടൂറിസം സാദ്ധ്യത പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന വിനോദസഞ്ചാര പദ്ധതികൾ**

125(4135) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന വിനോദസഞ്ചാര പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ?

സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന വിനോദസഞ്ചാര പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*. (സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം-1 ആയും, കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം-2 ആയും ഉള്ളടക്കം ചെയ്യുന്നു).

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള ടൂറിസം പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

കേന്ദ്ര സഹായത്തോടെ കൂടുതൽ തീർത്ഥാടക ടൂറിസം പദ്ധതികൾ ലഭിക്കുന്നതിനായി പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി 30 കോടി രൂപയുടെ സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈയിൻ, മലയാറ്റൂർ എന്ന പദ്ധതിയുടെ ഡി.പി.ആർ. കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 182 കോടി രൂപയുടെ മലങ്കര ഡാം സറൗണ്ടിംഗ്സ് അറ്റ് ഇടുക്കി ഡാം എന്ന പദ്ധതിയുടെ ഡി.പി.ആർ. കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ പ്രസാദ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ തീർത്ഥാടന കേന്ദ്രങ്ങൾ ഏതെല്ലാം; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ?

പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്രത്തിൽ എത്തിച്ചേരുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 4,614.20 ലക്ഷം രൂപയുടെ അനുമതി ലഭിക്കുകയും ടി പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു.

## ഡി.ടി.പി.സി.-യുടെ സഹകരണത്തോടെയുള്ള സ്വകാര്യ അമ്യൂസ്മെന്റ് പാർക്കുകൾ

126(4136) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ടി.പി.സി.-യുടെ സഹകരണത്തോടെ സ്വകാര്യ അമ്യൂസ്മെന്റ് പാർക്കുകൾ പ്രവർത്തിക്കുന്നുണ്ടോ; അവയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദമാക്കാമോ?

ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ ഡി.ടി.പി.സി.-യുടെ സഹകരണത്തോടെ സ്വകാര്യ അമ്യൂസ്മെന്റ് പാർക്കുകൾ പ്രവർത്തിച്ചിരുന്നു. ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള വിജയ് ബീച്ച് ചിൽഡ്രൻസ് പാർക്കിലെ ഒരു ഭാഗം അക്വാസ്പേസ് എന്റർടെയ്ൻമെന്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്ന സ്ഥാപനത്തിന് 1-9-2015 മുതൽ 7.80 ലക്ഷം രൂപ വാർഷിക വാടക നിരക്കിൽ അഞ്ചുവർഷത്തേയ്ക്ക് വാടകയ്ക്ക് നൽകിയിരുന്നു. ആകെ അഞ്ച് കോടിയോളം രൂപ ചെലവിട്ടാണ് ഈ സംരംഭകർ 2016-ൽ പാർക്ക് ആരംഭിച്ചത്; പാർക്കിന്റെ പ്രതിമാസ പ്രവർത്തന ചെലവ് 20 ലക്ഷത്തോളം രൂപയായിരുന്നു. പാർക്കിൽനിന്ന് പ്രതീക്ഷിച്ച വരുമാനം ലഭിക്കാതെ സംരംഭം അടച്ചുപൂട്ടൽ ഭീഷണിയിലായതും കരാർ കാലാവധിക്കുള്ളിൽ വായ്പ തിരിച്ചടയ്ക്കാനാവാതെ കെ.എഫ്.സി.-യിൽനിന്ന് ജപ്തി ഭീഷണി നേരിട്ടതും കരാർ കാലാവധി ദീർഘിപ്പിച്ചാൽ വായ്പാ കാലാവധി നീട്ടി നൽകാമെന്ന കെ.എഫ്.സി.-യുടെ വാഗ്ദാനം പരിഗണിച്ചും അക്വാസ്പേസ് എന്റർടെയ്ൻമെന്റിന് അഞ്ചു വർഷത്തേയ്ക്കുകൂടി കരാർ കാലാവധി ദീർഘിപ്പിച്ച് നൽകാൻ 7-11-2017-ൽ ചേർന്ന ഡി.ടി.പി.സി. എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിച്ചു. 'കോവിഡ്-19' മഹാമാരിയെ തുടർന്ന് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതോടെ ആലപ്പുഴ വിജയ് പാർക്കിനൊപ്പം അക്വാസ്പേസ് എന്റർടെയ്ൻമെന്റിന്റെ പ്രവർത്തനങ്ങളും നിർത്തിവച്ചിരുന്നു. പിന്നീട് പ്രവർത്തനം പുനരാരംഭിക്കാനായി അറ്റകുറ്റപ്പണികൾ ആരംഭിച്ചിരുന്നെങ്കിലും 'കോവിഡ്-19' മഹാമാരിയുടെ രണ്ടാം തരംഗത്തെ ത്തുടർന്നുള്ള നിയന്ത്രണങ്ങൾമൂലം പാർക്ക് വീണ്ടും അടച്ചിട്ടിരിക്കുകയാണ്. ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ അധീനതയിലുള്ള ഹിൽവ്യൂ പാർക്കിൽ വാഴത്തോപ്പ് സർവ്വീസ് സഹകരണ ബാങ്കിന്റെ സഹകരണത്തോടെയാണ് അമ്യൂസ്മെന്റ് പാർക്ക് ആരംഭിച്ചത്. 'കോവിഡ്-19' മഹാമാരിയെ തുടർന്ന് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതോടെ 27-4-2021 മുതൽ പാർക്ക് അടഞ്ഞുകിടക്കുകയാണ്. തൃശ്ശൂർ ഡി.ടി.പി.സി.-യുടെ നിയന്ത്രണത്തിലുള്ള വിലങ്ങൻകുന്ന് വിനോദസഞ്ചാര കേന്ദ്രത്തിലും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിനുകീഴിലെ തളിക്കുളം 'സ്നേഹതീരം' പാർക്കിലും അമ്യൂസ്മെന്റ് പാർക്കുകൾ നടത്താൻ കരാർ നൽകിയിട്ടുണ്ട്. എന്നാൽ 'കോവിഡ്-19' മഹാമാരിയെ തുടർന്നുള്ള നിയന്ത്രണങ്ങൾമൂലം ഈ പാർക്കുകൾ അടച്ചിട്ടിരിക്കുകയാണ്. മലപ്പുറം ഡി.ടി.പി.സി.-യുടെ സഹകരണത്തോടെ കോട്ടക്കുന്ന്, പടിഞ്ഞാറേക്കര ബീച്ച്, താനൂർ ഒട്ടുമ്പുറം ബീച്ച്, കുറ്റിപ്പുറം നിളയോരം പാർക്ക്, ആഢ്യൻപാറ എന്നിവിടങ്ങളിൽ അമ്യൂസ്മെന്റ് പാർക്കുകൾ പ്രവർത്തിച്ചിരുന്നു. 'കോവിഡ്-19' മഹാമാരിമൂലം 22-4-2021 മുതൽ ഈ പാർക്കുകളെല്ലാം അടച്ചിരിക്കുകയാണ്.

(ബി) വിനോദസഞ്ചാര മേഖലയിൽ ആരംഭിക്കുകയും കോവിഡ് മഹാമാരിയെ തുടർന്ന് അടച്ചുപൂട്ടൽ ഭീഷണി നേരിടുകയും ചെയ്യുന്ന ഇത്തരം സംരംഭങ്ങൾക്ക് ഡി.ടി.പി.സി.-യുമായുള്ള എഗ്രിമെന്റ് കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ?

പരിശോധിക്കാവുന്നതാണ്.

**തിരുവനന്തപുരം ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ**

127(4137) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ടൂറിസം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ വേളി ടൂറിസ്റ്റ് വില്ലേജ്, കോവളം ബീച്ച് എന്നിവയുടെ പരിപാലനം ടൂറിസം വകുപ്പ് നേരിട്ട് നടത്തുന്നു.

(ബി) പ്രസ്തുത ജില്ലയിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാമാണ്; പുതിയ കേന്ദ്രങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്:

1. ആക്കുളം ടൂറിസ്റ്റ് വില്ലേജ്
2. ശംഖുംമുഖം സുനാമി പാർക്ക്
3. നെയ്യാർ ഡാം ബോട്ട് ക്ലബ്ബ്
4. കാപ്പിൽ പ്രിയദർശിനി ബോട്ട് ക്ലബ്ബ്
5. പൊൻമുടി കുട്ടികളുടെ പാർക്ക്
6. കല്ലാർ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ
7. വാമനപുരം ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെൻറർ

പുതിയതായി ഏറ്റെടുത്ത കേന്ദ്രങ്ങൾ

1. സൈലന്റ് വാലി സൺബാത്ത് പാർക്ക്, കോവളം
2. ശാസ്താംപാറ ടൂറിസ്റ്റ് പ്രോജക്ട്- വിളപ്പിൽ, കാട്ടാക്കട

പുതിയതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന കേന്ദ്രങ്ങൾ

1. ഈരാറ്റിൻപുറം റോക്ക് പാർക്ക്, മാമ്പഴക്കര
2. കടലുകാണി പാറ, കാരേറ്റ്.

## ടൂറിസം മേഖലയിലെ വരുമാനം

128(4138) ശ്രീ എം രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ടൂറിസം മേഖലയിൽനിന്നും ഉണ്ടായ വരുമാനമെത്രയെന്ന് വ്യക്തമാക്കാമോ?

വിനോദസഞ്ചാര രംഗത്തെ വരുമാനം കണക്കാക്കുന്നത് കലണ്ടർ വർഷത്തെ അടിസ്ഥാനമാക്കിയാണ്. സംസ്ഥാനത്തെ ടൂറിസം മേഖലയിൽ നിന്നും 2020 കലണ്ടർ വർഷത്തിൽ വിദേശനാണ്യ വരുമാനം 2,799.85 കോടി രൂപയും ആകെ വരുമാനം (വിദേശ നാണ്യ വരുമാനം ഉൾപ്പെടെ) 11,335.96 കോടി രൂപയും ആണ് ലഭിച്ചത്.

(ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് പ്രസ്തുത വരുമാനത്തിൽ എത്ര ശതമാനത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ഉത്തരവാദിത്ത ടൂറിസം മിഷൻ

129(4139) ശ്രീ. എം. എം. മണി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും പാർശ്വവൽകൃത ജനവിഭാഗങ്ങളുടെയും സാമ്പത്തിക സ്വാശ്രയത്വവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിന് ഉത്തരവാദിത്ത വിനോദസഞ്ചാര പരിപാടിവഴി സാധ്യമാകുന്നുണ്ടോ; ആയതിനായി എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽപ്പെട്ടവരെയും പ്രാദേശിക സമൂഹത്തെയും ഈ പരിപാടിയിൽ കണ്ണിചേർക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ വിശദമാക്കാമോ?

(എ&ബി) ടൂറിസം മേഖലയിൽ പ്രാദേശിക ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ടൂറിസത്തിന്റെ ഗുണഫലങ്ങൾ പ്രാദേശിക ജനസമൂഹത്തിന് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കിവരുന്നത്. നിലവിലുള്ള സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട്, ഏറ്റവും കുറഞ്ഞ മുതൽമുടക്കിൽ ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്താനാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പരിശീലനം നൽകുന്നത്. നിലവിലെ തൊഴിലും വരുമാനവും നിലനിർത്തിക്കൊണ്ടുതന്നെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിലൂടെ അധിക വരുമാനം ലഭ്യമാക്കുക, അതിലൂടെ നമ്മുടെ കല, സംസ്കാരം, പാരമ്പര്യ തൊഴിലുകൾ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, പ്രാദേശിക ഭക്ഷണം സഞ്ചാരികൾക്ക് ലഭ്യമാക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകൾ ചെയ്തുവരുന്നത്. നിലവിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികളും പ്രവർത്തനങ്ങളും സ്ത്രീകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് നടപ്പിലാക്കുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ വിഭാഗങ്ങളിലായി ആകെയുള്ള 20019 യൂണിറ്റുകളിൽ 16013 (80%) എണ്ണം വനിതകളുടെ ഉടമസ്ഥതയിൽ ഉള്ളതോ വനിതകൾ നയിക്കുന്നതോ ആണ്. ഇവരെല്ലാം പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള സൂക്ഷ്മ/ചെറുകിട സംരംഭങ്ങൾ നടത്തുന്നവരാണ്. ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന എക്സ്പീരിയൻസ് എത്തിക്ക്/ലോക്കൽ ക്യുസീൻ നെറ്റ്വർക്ക് സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണ്. മിഷൻ നടത്തുന്ന തുണി സഞ്ചി, പേപ്പർ ബാഗ്, പപ്പടം, മെഴുകുതിരി. സോപ്പ്, വിവിധ കരകൗശല വസ്തുക്കൾ എന്നിവയുടെയെല്ലാം നിർമ്മാണത്തിനുള്ള പരിശീലനങ്ങൾ പ്രാദേശിക സമൂഹത്തിലെ സാധാരണക്കാരായ വീട്ടമ്മമാർ ഉൾപ്പെടുന്ന വനിതകളെ വിവിധ തരത്തിൽ ടൂറിസം രംഗവുമായി ബന്ധിപ്പിക്കുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രാപ്തരാക്കുന്നു. പരിശീലനം ലഭിച്ചവരെ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ടൂറിസം രംഗവുമായി ഓൺലൈനായും ഓഫ്ലൈനായും ബന്ധിപ്പിക്കുകയും ചെയ്യുന്നു. കലാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പ്രാദേശിക ഗ്രൂപ്പുകളെ, പ്രത്യേകിച്ച് തിരുവാതിര പോലെ പ്രാദേശിക കലാരൂപങ്ങൾ അവതരിപ്പിക്കുന്ന സ്ത്രീകളുടെ പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവരെ ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തുകൊണ്ട് ഉത്തരവാദിത്ത ടൂറിസം മിഷന്റെ കലാകാരൻമാർക്കുള്ള ഓൺലൈൻ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യുന്നു. ഇതുവഴി ടൂറിസ്റ്റുകൾക്കും ടൂറിസം സ്ഥാപനങ്ങൾക്കും മാത്രമല്ല കലയിൽ താൽപ്പര്യമുള്ള ആർക്കുവേണമെങ്കിലും ഈ യൂണിറ്റുകളുടെ പ്രോഗ്രാം ബുക്ക് ചെയ്യാവുന്നതാണ്. ഇങ്ങനെ വിവിധ തരത്തിൽ സ്ത്രീകൾക്ക് ടൂറിസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുള്ള അവസരങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ

ഒരുക്കിനൽകുന്നുണ്ട്. അംഗപരിമിതർക്കായി ആക്സസിബിൾ ടൂറിസം മാർഗ്ഗരേഖ രൂപീകരിക്കുകയും കോവളം ടൂറിസം കേന്ദ്രത്തിലെ ആക്സസിബിലിറ്റിയെ സംബന്ധിച്ച ഒരു പഠനം നടത്തുകയും ഈ രംഗത്ത് പ്രവർത്തിക്കുന്ന ഹെൽപ്പിംഗ് ഹാൻഡ് ഓർഗനൈസേഷൻ എന്ന സംഘടനയുമായി ചേർന്ന് ആക്സസിബിൾ കൈറ്റ്ഫെസ്റ്റ് നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) പാരിസ്ഥിതിക, സാംസ്കാരിക ആഘാതങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ മുൻകരുതൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഓരോ പ്രദേശത്തും നിലനിൽക്കുന്ന പ്രാദേശിക നിബന്ധനകൾക്ക് അനുസരിച്ച് മാത്രമാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നത്. പ്രത്യേകിച്ച് ആചാരങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിനോദസഞ്ചാരികൾക്ക് മുന്നിൽ പ്രദർശിപ്പിക്കാവുന്ന കലാരൂപങ്ങളായ രംഗകലകൾ മാത്രമാണ് വിനോദസഞ്ചാരികൾക്കായി നടത്തപ്പെടുന്നത്. അനുഷ്ഠാന കലകൾ ആസ്വദിക്കാൻ താൽപ്പര്യമുള്ള വിനോദസഞ്ചാരികളെ അവ നടക്കുന്ന ഇടങ്ങളിലേയ്ക്ക് കൊണ്ടുപോകുകയും പ്രവേശനമുള്ള ഇടങ്ങളിൽ അതാത് പ്രദേശത്തെ നിബന്ധനകൾ പാലിച്ചുകൊണ്ട് അവർക്ക് പ്രസ്തുത കലാരൂപം ആസ്വദിക്കാനുള്ള സൗകര്യം ഒരുക്കുകയും ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതികളിലൂടെ സാധ്യമാകുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ ഒരിക്കലും ഉത്സവങ്ങൾ, പെരുന്നാളുകൾ പോലെയുള്ള ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായ പരിപാടികൾ വിനോദ സഞ്ചാരികൾക്കായി പുനഃസൃഷ്ടിക്കാറില്ല, അതത് പരിപാടികൾ നടക്കുന്ന സമയത്ത് അനുയോജ്യമായ രീതിയിൽ താൽപ്പര്യമുള്ള വിനോദസഞ്ചാരികൾക്ക് അത് കാണുന്നതിനും പങ്കുചേരുന്നതിനുമുള്ള സാഹചര്യം ഉണ്ടാക്കുകയാണ് ചെയ്യുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളെല്ലാം പാരിസ്ഥിതിക ഉത്തരവാദിത്തത്തിന് പ്രാധാന്യം നൽകിക്കൊണ്ടാണ് നടക്കുന്നത്. അതിന്റെ ഭാഗമായി ടൂറിസം കേന്ദ്രങ്ങളിലും ടൂറിസം അക്കോമഡേഷൻ യൂണിറ്റുകളിലും മിയാവാക്കി മാതൃകയിൽ വനവൽക്കരണം, ഹോംസ്റ്റഡ് ഫാമിംഗ് എന്നിവയും പ്രോത്സാഹിപ്പിക്കുന്നു.

**ഉത്തരവാദിത്ത ടൂറിസം പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി**

130(4140) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിൽ ആവാടുതുറ ക്ഷേത്രത്തിനുസമീപം വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിലുള്ള അൻപത് സെന്റ് ഭൂമിയിൽ

സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിരുന്നെങ്കിലും കടൽത്തീരത്തുനിന്ന് പാലിക്കേണ്ടിയിരുന്ന ചുരുങ്ങിയ ദൂരമായ അഞ്ഞൂറ് മീറ്റർ പാലിച്ചിട്ടില്ലെന്ന കാരണത്താൽ നഗരസഭ സ്റ്റോപ്പ് മെമ്മോ നൽകി നിർമ്മാണം നിർത്തിവച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവളം മണ്ഡലത്തിൽ ആവാടുതുറ ക്ഷേത്രത്തിനുസമീപം വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിലുള്ള അൻപത് സെന്റ് ഭൂമിയിൽ സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിരുന്നുവെങ്കിലും സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭിച്ചിട്ടില്ല എന്ന കാരണത്താൽ നഗരസഭ സ്റ്റോപ്പ് മെമ്മോ നൽകുകകയും പ്രസ്തുത പദ്ധതി നിർത്തിവയ്ക്കേണ്ടതായി വന്നിട്ടുമുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനും സാംസ്കാരിക കേന്ദ്രം ഉത്തരവാദിത്ത ടൂറിസം പരിശീലന കേന്ദ്രമാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

**പാറന്നൂർ ചിറ വിനോദസഞ്ചാര കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് നടപടി**

131(4141) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ പാറന്നൂർ ചിറ വിനോദസഞ്ചാര കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ?

ഇല്ല.

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ബാധകമല്ല.

(സി) ഇല്ലെങ്കിൽ പാറന്നൂർ ചിറ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി സാധ്യതാ പഠനം നടത്തുന്നതിനും രൂപരേഖ തയ്യാറാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

പാറന്നൂർ ചിറ ടൂറിസം പദ്ധതിയുടെ സാധ്യതാ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ജൈവ വൈവിദ്ധ്യ സർക്ക്യൂട്ട്

132(4142) ശ്രീ. പി. എസ് സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ജൈവ വൈവിദ്ധ്യ സർക്യൂട്ട് പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ?

2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ജൈവ വൈവിദ്ധ്യ സർക്യൂട്ട് പദ്ധതിയുടെ DPR തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ തെരെഞ്ഞെടുക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ബി) പുനലൂർ നിയോജകമണ്ഡലത്തിലെ മലമേൽപാറ, കുളത്തൂപ്പുഴ എന്നീ പ്രദേശങ്ങളുടെ ടൂറിസം വികസന സാധ്യത കണക്കിലെടുത്ത് പ്രസ്തുത പ്രദേശങ്ങളെക്കൂടി നിർദ്ദിഷ്ട പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പരിശോധിക്കാവുന്നതാണ്. നിലവിൽ കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺട്രോതുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറമരുതിമല, ജടായുപാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു ബയോ ഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ടാണ് ഇപ്പോൾ നടത്താൻ ഉദ്ദേശിക്കുന്നത്.

## കെ.ടി.ഡി.സി. ഹോട്ടലുകളുടെ നവീകരണം

133(4143) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി. ഹോട്ടലുകളുടെ നവീകരണം ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കെ.ടി.ഡി.സി. ഹോട്ടലുകളുടെ നവീകരണം ലക്ഷ്യമിട്ട് ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇത് സഞ്ചാരികൾക്കും ടൂറിസ്റ്റുകൾക്കും ആകർഷകമാകുന്ന രീതിയിൽ സൗകര്യങ്ങൾ ഒരുക്കി യൂണിറ്റുകളുടെ മോടി വർദ്ധിപ്പിച്ചു.

1. കെ.ടി.ഡി.സി.-യുടെ എല്ലാ പ്രീമിയവും ബഡ്ജറ്റുമായ ഹോട്ടലുകൾ നവീകരിക്കാൻ തീരുമാനിച്ചു.
2. മാസ്കറ്റ് ഹോട്ടലിന്റെ 36 മുറികൾ നവീകരിക്കുകയും സ്റ്റാർ ക്ലാസിഫിക്കേഷൻ ലഭിക്കുകയും ചെയ്തു.
3. ചൈത്രം ഹോട്ടലിന്റെ മുറികൾ മൊത്തമായി നവീകരിച്ചു. ഗ്രാന്റ് ചൈത്രം എന്ന് നാമകരണം ചെയ്ത് വിപണനം ചെയ്തുവരുന്നു.

4. വാട്ടർസ്കേപ്പ്, കുമരകത്തിന്റെ നവീകരണം 12.65 കോടി രൂപ ചെലവിൽ നടത്തി.

5. പൊന്മുടിയിൽ 320 ലക്ഷം രൂപയ്ക്ക് 15 കോട്ടേജുകൾ കമ്മിഷൻ ചെയ്തു.

6. കണ്ണൂരിലെ ടാമറിന്റ് ഈസി ഹോട്ടൽ 292 ലക്ഷം രൂപ മുടക്കി നവീകരിക്കുകയും ഇതിനെ 'ലൂം ലാന്റ്' എന്ന് നാമകരണം ചെയ്തു വിപണനം ചെയ്തുവരുന്നു.

7. മാസ്കറ്റ് ഹോട്ടലിന്റെ കൺവെൻഷൻ സെന്ററിന്റെയും റിസപ്ഷന്റെ നവീകരണത്തിനും ഒരു പുതിയ റൂഫ് ടോപ്പ് റെസ്റ്റോറന്റ് പണിയുന്നതിനുമായി 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിന്റെ ടെണ്ടർ നടപടി ആരംഭിക്കുകയും ചെയ്തു. റൂഫ് ടോപ്പ് റെസ്റ്റോറന്റിൻെറ പണി പുരോഗമിക്കുന്നു.

8. ആലപ്പുഴയിൽ 2 കോടി രൂപ മുതൽമുടക്കിൽ ടാമറിന്റ് ഈസി ഹോട്ടൽ നവീകരിച്ച് റിപ്പിൾ ലാന്റ് എന്ന് നാമകരണം ചെയ്ത് വിപണനം ചെയ്തുവരുന്നു.

9. വേളിയിൽ ഫ്ളോട്ടിംഗ് റെസ്റ്റോറന്റ് നവീകരിക്കാൻ 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പണി പൂർത്തിയാക്കുകയും 'ഫ്ലോട്ടില്ല' എന്ന് നാമകരണം ചെയ്ത് വിപണനം ചെയ്തുവരുന്നു.

10. സുപ്രീം കോടതി ഉത്തരവിൻ പ്രകാരം അടച്ചുപൂട്ടിയ ബിയർ പാർലറുകൾക്കുപകരം പുതിയ ബിയർ പാർലറുകൾ തുറന്നു.

11. കണ്ണൂരിലെ മുഴപ്പിലങ്ങാടിയിലും കോഴിക്കോട് ബീച്ചിലും സ്റ്റാർ ഹോട്ടലുകൾ തുടങ്ങാൻ തടസ്സമായിരുന്ന ലാന്റ് അക്യുസിഷൻ നടപടികൾ പൂർത്തിയായി. ഉടനെത്തന്നെ സ്റ്റാർ ഹോട്ടലുകളുടെ പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

12. തണ്ണീർമുക്കം റിസോർട്ടിന്റെ നവീകരണത്തിന് 4 കോടി രൂപയുടെ ഭരണാനുമതി നൽകി.

13. കെ.ടി.ഡി.സി.-യുടെ ചിരകാല ആവശ്യമായ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന് ഭരണാനുമതി നൽകി. അതിന്റെ നടപടികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു.

14. ടൂറിസം ഡെസ്റ്റിനേഷനുകളുടെ മാനേജ്മെന്റിൽ കെ.ടി.ഡി.സി.-യെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

15. കെ.ടി.ഡി.സി.-യിലെ ഉദ്യോഗസ്ഥർക്ക് സമ്പൂർണ്ണമായ ട്രെയിനിംഗ് കൊടുക്കാനുള്ള നടപടികൾ ആരംഭിച്ചു.

16. 792 ലക്ഷം രൂപ മുടക്കി മൂന്നാറിലെ ടീ കൗണ്ടി റിസോർട്ട് നവീകരണം നടന്നുവരുന്നു.

17. കെ.ടി.ഡി.സി.-യുടെ മോട്ടൽ ആരാമുകൾ, ടാമറിന്റ് റെസ്റ്റോറന്റുകൾ, മറ്റ് പാതയോര റെസ്റ്റോറന്റുകൾ എന്നിവ 'ആഹാർ റെസ്റ്റോറന്റ്' എന്ന് നാമകരണം ചെയ്ത് വിപണനം ചെയ്യാൻ തീരുമാനിക്കുകയും അതിന്റെ ഭാഗമായി കായംകുളം, പാറശ്ശാല, വടകര, ശ്രീകൃഷ്ണപുരം, മുണ്ടക്കയം, നെല്ലപ്പാറ എന്നിവിടങ്ങളിൽ തുടങ്ങിയിട്ടുമുണ്ട്. കൂടാതെ ഗുരുവായൂർ, എരിമയൂർ, കുറ്റിപ്പുറം എന്നിവിടങ്ങളിലും തുറക്കുന്നു.

(ബി) ചാനൽ മാനേജർ സോഫ്റ്റ്‌വെയർ സംവിധാനം ഒരുക്കുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; ഏതൊക്കെ ഹോട്ടലുകളിൽ ഈ സംവിധാനം നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

ഓൺലൈൻ ട്രാവൽ ഏജൻസികളുടെ കെ.ടി.ഡി.സി. ഹോട്ടലുകളിൽ റൂം ബുക്കിംഗ് തത്സമയം ലഭ്യമാക്കുന്നതിനായി ചാനൽ മാനേജർ സോഫ്റ്റ്‌വെയർ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഇതുവഴി രാജ്യത്തെയും വിദേശത്തെയും വിനോദസഞ്ചാരികളെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് കൂടുതലായി ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും വിദേശ ഓൺലൈൻ ട്രാവൽ ഏജൻസികളായ Booking.com, Agoda, Expedia-യും പ്രമുഖ ഇന്ത്യൻ ഓൺലൈൻ ട്രാവൽ ഏജൻസികളായ Make my trip, Goibibo, Travel guru, Yathra എന്നിവയിലൂടെയെല്ലാം പ്രചാരണവും വിൽപ്പനയും നടത്തുന്നുണ്ട്. അതുമൂലം ആഗോളതലത്തിൽ പ്രചാരണം ലഭിക്കുന്നുണ്ട്. ചാനൽ മാനേജർ സോഫ്റ്റ്‌വെയർ ഓൺലൈൻ ട്രാവൽ ഏജൻസികളുടെ ബുക്കിംഗ് തത്സമയം എടുക്കുന്നതിനുപുറമെ മികച്ച നിരക്കിൽ ഹോട്ടൽ മുറികൾ ഉപഭോക്താവിന് നൽകുന്നതിന് സഹായിക്കുന്നു. ഇത് ഓൺലൈൻ ബിസിനസ് കൂടാൻ സഹായകമാകുന്നു. കെ.ടി.ഡി.സി.-യുടെ 24 ഹോട്ടലുകളിലാണ് ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഒരു പഞ്ചായത്തിൽ ഒരു ടൂറിസ്റ്റ് കേന്ദ്രം

134(4144) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-ന്റെ പ്രത്യേക സാഹചര്യത്തിൽ ആഭ്യന്തര ടൂറിസം വികസനത്തിനായി ഒരു പഞ്ചായത്തിൽ ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനെങ്കിലും വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വികസനത്തിന്റെ ഭാഗമായി പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളുടെ ടൂറിസം സാദ്ധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അതത് ജില്ലകളിലെ ജില്ലാകളക്ടറുടെ സാന്നിദ്ധ്യത്തിൽ അവിടെയുള്ള ബന്ധപ്പെട്ട സ്റ്റേറ്റ് ഹോൾഡേഴ്സിനേയും പഞ്ചായത്ത് പ്രതിനിധികളേയും ഉൾപ്പെടുത്തി സർക്കാർ യോഗം നടത്തിവരുന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചുവരുന്നു. 'ഡെസ്റ്റിനേഷൻ ചലഞ്ച്' എന്ന പേരിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കിവരുന്നു.

(ബി) ഇത്തരം ഡെസ്റ്റിനേഷനുകളിൽ കൂടുതൽ തൊഴിൽ സാധ്യത സൃഷ്ടിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം സാധ്യതകൂടി പരിഗണിക്കുന്നതിന് സർക്കാർ തയ്യാറാകുമോയെന്ന് വെളിപ്പെടുത്താമോ?

വിവിധ ടൂറിസം സംരംഭകത്വ വികസന പദ്ധതികൾ ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) ഒരു പഞ്ചായത്തിൽ ഒരു ടൂറിസ്റ്റ് കേന്ദ്രം എന്ന രീതിയിൽ ടൂറിസം വികസനം സാദ്ധ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാം തരത്തിലുള്ള സൗകര്യങ്ങളാണ് വിനോദസഞ്ചാരവകുപ്പിന് ലഭ്യമാക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## തലശ്ശേരി പൈതൃക ടൂറിസം പദ്ധതി

135(4145) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ശ്രീമൂകാംബിക ക്ഷേത്രം ഓഡിറ്റോറിയം തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ശ്രീമൂകാംബികാ ക്ഷേത്രം ഓഡിറ്റോറിയം തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## പൈതൃക ടൂറിസം വ്യാപിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ

136(4146) ഡോ. കെ. ടി. ജലീൽ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നവോത്ഥാന മുന്നേറ്റ ചരിത്രം ലോകത്തിന് മുന്നിലെത്തിക്കുന്നതിനും പൈതൃക ടൂറിസം പദ്ധതികൾ വ്യാപിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തിന്റെ നവോത്ഥാന മുന്നേറ്റ ചരിത്രം ലോകത്തിന്റെ മുന്നിലെത്തിക്കുന്നതിനും പൈതൃക ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ളൊരു പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി. ഈ പദ്ധതിക്കുവേണ്ടി രൂപീകരിച്ചിട്ടുള്ള മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ് എന്ന കമ്പനിയുടെ കീഴിൽ മുസിരിസ് ഹെറിറ്റേജ് പദ്ധതിക്കുപുറമേ ആലപ്പുഴ പൈതൃക പദ്ധതി, പൊന്നാനി പൈതൃക പദ്ധതി. തങ്കശ്ശേരി പൈതൃക പദ്ധതി എന്നിവയും പൈതൃക ടൂറിസം വ്യാപിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ തലശ്ശേരി പൈതൃക പദ്ധതി, ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി എന്നിവയും വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) വിനോദസഞ്ചാരികളെ നവോത്ഥാന മുന്നേറ്റ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും നവോത്ഥാന മൂല്യങ്ങൾ പ്രദർശിപ്പിക്കുന്നതിനുമാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ?

മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ് എന്ന സ്ഥാപനം നവോത്ഥാന മുന്നേറ്റ ചരിത്രം വിനോദസഞ്ചാരികളിൽ എത്തിക്കുന്നതിനുവേണ്ടി പറവൂരിൽ സഹോദരൻ അയ്യപ്പൻ, കേസരി ബാലകൃഷ്ണപിള്ള എന്നിവരുടെ പേരിൽ മ്യൂസിയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കേശവദേവിന്റെ ഭവനം ഏറ്റെടുത്ത് മ്യൂസിയം

നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂരിൽ അബ്ദുൽറഹ്മാൻ സാഹിബിന്റെ പേരിൽ മ്യൂസിയം നിർമ്മിച്ചിട്ടുണ്ട്. പി.എ.സയ്യദ് മുഹമ്മദിന്റെ സ്മാരകമായി കമ്മ്യൂണിറ്റി സെന്റർ നിർമ്മാണ ഘട്ടത്തിലുമാണ് ആലപ്പുഴയിൽ പുന്നപ്ര വയലാർ സമരവുമായി ബന്ധപ്പെടുത്തി ലേബർ മ്യൂസിയവും, മഹാത്മാഗാന്ധി മ്യൂസിയവും, നോർട്ടൻ മ്യൂസിയവും നിർമ്മാണ ഘട്ടത്തിലാണ്. കേരളവുമായി വാണിജ്യ ബന്ധം പുലർത്തിയിരുന്ന 32 രാജ്യങ്ങളെ ബന്ധപ്പെടുത്തി ഒരു സ്പൈസ് റൂട്ട് പ്രോജക്ട്, മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ് വിഭാവനം ചെയ്യുന്നുണ്ട്. അതിന്റെ പ്രാഥമിക നടപടികൾ ആരംഭിച്ചു കഴിഞ്ഞു. സ്പൈസ് റൂട്ട് പ്രോജക്ട് നിലവിൽ വരുന്നതോടുകൂടി ധാരാളം ടൂറിസ്റ്റുകൾ ഈ പ്രദേശത്ത് എത്തുന്നതിനും അവരുടെ മുന്നിൽ നവോത്ഥാന മൂല്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും ഈ മ്യൂസിയങ്ങൾ മുഖേന സാധ്യമാകും.

(സി) ഇത്തരം കേന്ദ്രങ്ങളോടനുബന്ധിച്ച് ക്ലാസ്സിക്കൽ കലകളുടെയും നാടൻ കലാരൂപങ്ങളുടെയും പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സിൽ ക്ലാസ്സിക്കൽ കലകളുടെയും നാടൻ കലാരൂപങ്ങളുടെയും പ്രദർശനങ്ങൾ നടത്തുന്നതിനുവേണ്ടി കോട്ടപ്പുറത്ത് ആംഫി തിയേറ്ററും, ഗോതുരുത്തിൽ പെർഫോമൻസ് സെന്ററും, പി.എ.സയ്യദ് മുഹമ്മദ്സ്മാരകത്തിലുള്ള ഹാളും, മതിലകം ബംഗ്ലാക്കടവ് കമ്മ്യൂണിറ്റി ഹാളും, പതിനെട്ടരയാളം കമ്മ്യൂണിറ്റി ഹാളും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ചേന്ദമംഗലത്തിലുള്ള ഷോപ്പ് ബിൾഡിംഗ്സ്, പൈതൃക കരകൗശല വിദഗ്ധർക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും വില്പനയ്ക്കുംവേണ്ടി അനുവദിച്ചിട്ടുള്ളതാണ്. ക്ഷേത്രകലകൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുവേണ്ടി പാലിയം ഊട്ടുപുരയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

**മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി**

137(4147) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പറവൂർ/കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെയും അതിന് സമീപത്തുള്ള 11 പഞ്ചായത്തുകളിലെയും പൈതൃക സ്മാരകങ്ങളും സ്ഥലങ്ങളും കണ്ടെത്തി അവ സംരക്ഷിക്കുകയും മ്യൂസിയങ്ങളും മറ്റും നിർമ്മിച്ച് ഈ പ്രദേശം ഒരു പൈതൃക ടൂറിസം കേന്ദ്രമായി വളർത്തിയെടുക്കുകയും ചെയ്യുക എന്നുള്ളതാണ് മുസിരിസ്

പൈതൃക പദ്ധതിയുടെ ലക്ഷ്യം. ഇതുമൂലം പ്രദേശവാസികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്ക് പൈതൃകത്തെ സംബന്ധിച്ച് അറിവ് പകരുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

(ബി) ഇന്ത്യയിലെ ഏറ്റവും പുരാതനമായതും പോർച്ചുഗീസുകാർ നിർമ്മിച്ചതുമായ വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം കോട്ടയും കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഡച്ചുകാരുടെ ആസ്ഥാനമന്ദിരമായ കെട്ടിടവും പുരാതനമായ അമ്പലങ്ങളും പള്ളികളും മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാനും പദ്ധതിയുടെ ഭാഗമാക്കാനും നടപടികൾ സ്വീകരിക്കുമോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(ബി&സി) മുസിരിസ് പൈതൃക പദ്ധതിയിൽ വൈപ്പിൻ നിയോജക മണ്ഡലത്തിലെ പള്ളിപ്പുറം പഞ്ചായത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. കുഴുപ്പിള്ളി പഞ്ചായത്ത് ഉൾപ്പെടുത്തിയിട്ടില്ല. ആയത് പരിശോധിക്കാവുന്നതാണ്. പള്ളിപ്പുറം പഞ്ചായത്തിൽ മുസിരിസ് മഞ്ഞുമാതാ പള്ളിയിലും പള്ളിപ്പുറം കോട്ടയുടെ മുമ്പിലും ഓരോ ടോയ്‌ലെറ്റ് കോംപ്ലക്സ് പണി കഴിപ്പിച്ചിട്ടുണ്ട്. കോട്ടയുടെ മതിൽകെട്ടിന് പുറത്ത് പണികഴിപ്പിച്ചിട്ടുള്ള ജെട്ടിയോടനുബന്ധിച്ച് ലാൻഡ് സ്കേപ്പിംഗ് നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സഹോദരൻ അയ്യപ്പൻ സ്മാരകത്തിൽ അദ്ദേഹത്തിന്റെ വീട് പുനരുദ്ധരിക്കുകയും ലാൻഡ് സ്കേപ്പിംഗ് നടത്തുകയും ചെയ്തു. സഹോദരൻ അയ്യപ്പൻ സ്മാരകത്തിന് മുമ്പിലായി ഒരു ബോട്ട്ജെട്ടി സ്ഥാപിച്ചു. സഹോദരൻ അയ്യപ്പൻ ഓഡിറ്റോറിയവും നവീകരിച്ചു. ഓഫീസ് കെട്ടിടത്തിൽ മുകളിലെ നിലകളിൽ സഹോദരൻ അയ്യപ്പൻ മ്യൂസിയം സ്ഥാപിച്ചു. മിശ്രഭോജനത്തിന്റെ സ്മാരകത്തിനായി 3 സെന്റ് സ്ഥലം തുണ്ടിടപറമ്പിൽ പൊന്നും വിലകൊടുത്ത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ചെറായി ശ്രീവരാഹം ക്ഷേത്രം, പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്ഷേത്ര ഭാരവാഹികളിൽനിന്ന് കൺസെന്റ് ലഭിക്കാൻ താമസിക്കുന്നതിനാൽ കൺസർവേഷൻ നടപടികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും അനുവാദം ലഭിക്കുകയാണെങ്കിൽ പള്ളിപ്പുറത്ത് പോലീസ് ഡിപ്പാർട്ട്മെന്റിന്റെ കൈവശത്തിലുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ഒരു ഇന്റർപ്രറ്റേഷൻ സെന്ററും/പോലീസ് മ്യൂസിയവും മുനമ്പം ബീച്ചിൽ വികസന പ്രവർത്തനങ്ങൾ, മഞ്ഞുമാതാപള്ളി മുതൽ പള്ളിപ്പുറം കോട്ടവരെ പുഴയരികിൽക്കൂടി ഒരു നടപ്പാത എന്നിവ നടപ്പാക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

## ശാസ്താംപാറ അഡ്വഞ്ചർ അക്കാഡമി

138(4148) ശ്രീ. ഐ. ബി. സതീഷ്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംപാറ അഡ്വഞ്ചർ അക്കാഡമി ആരംഭിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്തെന്നും തുടർനടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) സാഹസിക ടൂറിസം മേഖലയിൽ ആവശ്യമുള്ള മാനവശേഷി ഉറപ്പുവരുത്തുന്നതിനായി ഒരു അഡ്വഞ്ചർ ടൂറിസം അക്കാഡമി സ്ഥാപിക്കുന്നതിന് വിനോദ സഞ്ചാര വകുപ്പ് തീരുമാനിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽശാല ഗ്രാമപഞ്ചായത്തിൽപ്പെട്ട വിളപ്പിൽശാല വില്ലേജിലെ ബ്ലോക്ക് നമ്പർ 2, സർവ്വേ നമ്പർ 341/1 ഉൾപ്പെട്ട ആകെ പുറമ്പോക്ക് 4.85 ഹെക്ടർ റവന്യൂ ഭൂമി അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കുന്നതിന് വിനോദസഞ്ചാര വകുപ്പിന് ഉപയോഗാനുമതി നൽകികൊണ്ട് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ്-19 കാരണം സംസ്ഥാനത്ത് ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഈ സമയത്ത് ഇക്കാര്യത്തിൽ നയപരമായ ഒരു തീരുമാനം കൈക്കൊള്ളുന്നതിനായി അഡ്വഞ്ചർ ടൂറിസം അക്കാഡമിയുടെ വിശദാംശങ്ങൾ, ആവശ്യകത, കോഴ്സുകളുടെ വിശദാംശം, തസ്തിക സൃഷ്ടിക്കൽ, സാമ്പത്തിക ബാദ്ധ്യത, ആവർത്തനച്ചെലവ് തുടങ്ങിയവ വ്യക്തമാക്കി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ടൂറിസം ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## വാമനപുരം മണ്ഡലത്തിലെ തിരിച്ചിട്ടപാറയിൽ ടൂറിസം പദ്ധതികൾ

139(4149) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ തിരിച്ചിട്ടപാറയിൽ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് ആലോചനയുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ പദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

നിലവിൽ പദ്ധതികളൊന്നും വകുപ്പിന്റെ പരിഗണനയിലില്ല. പ്രസ്തുതസ്ഥലത്തെ ടൂറിസം സാദ്ധ്യത പരിശോധിച്ച് പദ്ധതി ആവിഷ്കരിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

## ഏനാമാവ് നെഹ്റു പാർക്കിന്റെ നവീകരണം

140(4150) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലുള്ള ഏനാമാവ് നെഹ്റു പാർക്കിന്റെ നവീകരണത്തിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ?

ഏനാമാവ് നെഹ്റു പാർക്കിന്റെ നവീകരണത്തിനായി 98 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ബി) ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പാർക്കിൽ എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ?

താഴെപ്പറയുന്ന പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്.

1. പവലിയൻ
2. കഫറ്റേരിയ
3. വാച്ച്മെൻ കൗണ്ടർ
4. ഫെൻസിംഗ്
5. സ്റ്റേജ്
6. പാത്ത് വേ
7. കുട്ടികളുടെ പാർക്ക് നവീകരണം
8. ക്ലോക്ക് റൂം നവീകരണം
9. ടോയ്‌ലെറ്റ് ബ്ലോക്ക്.

(സി) നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

1. പടിപ്പുര, കഫ്റ്റേരിയ, പവലിയൻ, വാച്ച്മെൻ ക്യാബിൻ, ടിക്കറ്റ് കൗണ്ടർ എന്നിവയുടെ പ്രവൃത്തികൾ 90 %

2. ക്ലോക്ക് റൂം 30%

3. കുട്ടികളുടെ പാർക്ക് നവീകരണം 40%

4.ടോയ്‌ലെറ്റ് ബ്ലോക്ക് 50%

5. ഫെൻസിംഗ്, സ്റ്റേജ് പാത്ത് വേ എന്നിവ 90% പൂർത്തിയായിവരുന്നു.

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്നാണ് ആരംഭിച്ചതെന്നും കരാർ പ്രകാരം എന്നാണ് പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതെന്നും വ്യക്തമാക്കാമോ?

നിർമ്മാണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രവുമായി ഡി.റ്റി.പി.സി. 24-1-2021-നാണ് കരാർ ഒപ്പുവച്ചത്. അന്നുമുതൽ 10 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കണമെന്നാണ് കരാർ ഉടമ്പടി.

(ഇ) സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടി എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ?

സർക്കാരിന്റെ നൂറുദിന പരിപാടിയുമായി ബന്ധപ്പെട്ട് ഉദ്ഘാടനം ചെയ്യുന്ന പദ്ധതികളിൽ ഏനാമാവ് നെഹ്റു പാർക്ക് ഉൾപ്പെടുത്തി പ്രവൃത്തികൾ പുരോഗമിക്കുന്നു.

**ചിമ്മിനി ഡാം ഗാർഡൻ**

141(4151) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാമിനോട് ചേർന്ന് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്ത്, നിലവിലുള്ള ഗാർഡൻ മനോഹരമാക്കുന്നതിനും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ അടിസ്ഥാനസൗകര്യ വികസനങ്ങൾ ഒരുക്കുന്നതിനും ടൂറിസം വകുപ്പ് മുൻകയ്യെടുത്ത് നടപടി സ്വീകരിക്കുമോ?

ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യവികസന സാദ്ധ്യത പരിശോധിക്കാവുന്നതാണ്.

(ബി) ഇതിന്റെ ഭാഗമായി വനം, ജലവിഭവം, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് പ്രകൃതി സൗഹൃദ ടൂറിസം പദ്ധതിക്ക് നടപടി സ്വീകരിക്കുമോ?

ഈ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് നടപടി സ്വീകരിക്കാവുന്നതാണ്.

(സി) ചിമ്മിനി ഡാം ഗാർഡൻ, മുനിയാട്ട് കുന്ന്, കോഴിമുട്ടപ്പാറ, പുലിക്കണ്ണി മുളങ്കാട്, കുണ്ടായി ഗുഹ തുടങ്ങിയ കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ഒരു ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിക്കാവുന്നതാണ്.

## കുറ്റിപ്പുറം നിളയോരം വിനോദസഞ്ചാര പദ്ധതി

142(4152) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം നിള പാർക്ക് നവീകരണം സംബന്ധിച്ച് വിനോദസഞ്ചാര വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കുറ്റിപ്പുറം നിളയോരം പാർക്ക് നവീകരണം എന്ന നിലവിലുള്ള പദ്ധതിയുടെ പ്രവൃത്തികൾ 80% പൂർത്തീകരിച്ചിട്ടുള്ളതും ബാക്കിയുള്ള പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കുന്നതിന് പദ്ധതി നിർവഹണ ഏജൻസിയായ മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ബി) കുറ്റിപ്പുറം നിളയോരം വിനോദസഞ്ചാര പദ്ധതി എന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ?

കുറ്റിപ്പുറം നിളയോരം വിനോദസഞ്ചാര പദ്ധതിയുടെ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

(സി) സെക്രട്ടേറിയറ്റിലെ വിനോദസഞ്ചാര വകുപ്പിലെ പ്രസ്തുത ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; വ്യക്തമാക്കുമോ?

കുറ്റിപ്പുറം നിളയോരം വിനോദസഞ്ചാര പദ്ധതിയുമായി ബന്ധപ്പെട്ട് എം.എൽ.എ. സർക്കാരിന് സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ടൂറിസം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന ടൂറിസം പദ്ധതികൾ**

143(4153) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന ടൂറിസം പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇവയിൽ പ്രവൃത്തി പൂർത്തിയായത്, പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നത്, ടെണ്ടർ നടപടി പൂർത്തീകരിച്ചത്, ഭരണാനുമതി ലഭിച്ചത് ഏതൊക്കെ പദ്ധതികൾക്കാണെന്ന് തരംതിരിച്ച് വിശദമാക്കുമോ?

(എ&ബി) മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന ടൂറിസം പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കിദൂരിൽ മിയാവാക്കി വനവൽക്കരണ പദ്ധതി നടപ്പിലാക്കിവരുന്നു.
2. കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി കുമ്പള ഗ്രാമ പഞ്ചായത്തിലെ കിദൂർ, ആരിക്കാടി എന്നിവിടങ്ങളിൽ ഗ്രാമീണ ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ ടൂറിസം മേഖലയിൽ പരിഗണനയിലുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിൽ ടൂറിസം മേഖലയിൽ പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പൊസടിഗുംബെ ഹിൽ ടൂറിസം പദ്ധതി.
2. കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി കണ്വതീർത്ഥ ബീച്ച് സൗന്ദര്യവൽക്കരണ പദ്ധതി.

(ഡി) ഒരു പഞ്ചായത്തിൽ ഒരു ടൂറിസം പദ്ധതിയെങ്കിലും വികസിപ്പിക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു ടൂറിസം പദ്ധതിയെങ്കിലും വികസിപ്പിക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിവരങ്ങൾ ക്രോഡീകരിച്ചുവരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ജില്ലയിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഓൺലൈൻ യോഗം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുകയും ജില്ലയിലെ എല്ലാ പഞ്ചായത്തിലും ഒരു

ടൂറിസം കേന്ദ്രം എന്ന ആശയവുമായി ബന്ധപ്പെട്ട അപേക്ഷകൾ ജില്ലാ കളക്ടറുടെ ഇ-മെയിൽ വിലാസത്തിൽ ലഭ്യമായത് ക്രോഡീകരിച്ചുവരുന്നു. മഞ്ചേശ്വരം എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ യോഗം ചേർന്ന് ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച തുടർനടപടികൾ ചർച്ച ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**വർക്കല മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ**

144(4154) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദീകരിക്കാമോ?

വർക്കല മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) വർക്കല പാപനാശം ബീച്ച് സൗന്ദര്യവൽകരണത്തിന് സ്വീകരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്നും ആയതിന്റെ നിലവിലെ അവസ്ഥയെന്താണെന്നും വിശദമാക്കാമോ?

ഡെവലപ്പിംഗ് ബീച്ച് ടൂറിസം അറ്റ് വർക്കല ഭരണാനുമതി തുക 8,99,32,191 നിർവ്വഹണ ഏജൻസി - സംസ്ഥാന നിർമ്മിതി കേന്ദ്ര നിലവിലെ അവസ്ഥ- പുരോഗമിക്കുന്നു. പുരോഗതി 25% പദ്ധതി ഘടകങ്ങൾ

1. പാത്ത് വേ- 20%
2. സൈനേജ്
3. സീറ്റിംഗ്
4. പോണ്ട് റെനോവേഷൻ
5. ടെൻസെയിൽ റൂഫ്
6. വേസ്റ്റ് ബിൻ
7. ബയോ ടോയ്‌ലെറ്റ്
8. വാച്ച് ടവർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

9. ജി. ഐ. ബ്രിഡ്ജ്

10. യാർഡ് ലൈറ്റ് നിർവ്വഹണ ഏജൻസി പദ്ധതിയുടെ ഒരു ഘടകമായ ജി.ഐ. ബ്രിഡ്ജ് മാത്രമാണ് പൂർത്തീകരിച്ചത്. പാത്ത് വേ നിർമ്മാണ ഘട്ടത്തിൽ, പരിസ്ഥിതി സംരക്ഷണ പ്രവർത്തകരുടെ എതിർപ്പുകാരണം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

## നിലമ്പൂർ ടൂറിസം കരട് മാസ്റ്റർ പ്ലാൻ

145(4155) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് സംസ്ഥാന ടൂറിസം വകുപ്പിൽ സമർപ്പിച്ച നിലമ്പൂർ ടൂറിസം കരട് മാസ്റ്റർ പ്ലാനിൽ (സസ്റ്റൈനബിൾ ടൂറിസം മാസ്റ്റർ പ്ലാൻ ഫോർ നിലമ്പൂർ റീജിയൺ) സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; 2016 ഫെബ്രുവരിയിൽ ഏതൊക്കെ രേഖകളാണ് പദ്ധതിയുമായി ബന്ധപ്പെട്ട് ടി.സി.എസ്. ടൂറിസം വകുപ്പിന് സമർപ്പിച്ചതെന്ന് അറിയിക്കാമോ?

2016 ഫെബ്രുവരിയിൽ ടാറ്റാ കൺസൾട്ടൻസി സർവ്വീസ് കരട് മാസ്റ്റർപ്ലാൻ വിനോദസഞ്ചാര ഡയറക്ടറേറ്റിൽ സമർപ്പിച്ചതിനെതുടർന്ന് 24-2-2016-ൽ പ്രസ്തുത ഏജൻസിയുടെ പ്രതിനിധികളുമായി ചർച്ച ചെയ്യുകയും മാസ്റ്റർപ്ലാൻ പരിശോധിച്ച് ചില മാറ്റങ്ങൾ ഉൾപ്പെടുത്തി അവസാന കരട് സമർപ്പിക്കാൻ വിനോദസഞ്ചാര ഡയറക്ടർ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ഇതുവരെ ലഭിച്ചിട്ടില്ല. 2016 ഫെബ്രുവരിയിൽ സമർപ്പിച്ചിരുന്ന കരട് മാസ്റ്റർ പ്ലാനിന്റെ രണ്ട് വാല്യങ്ങൾ, അവയുടെ സോഫ്റ്റ് കോപ്പി അടങ്ങിയ സിഡി എന്നിവയാണ് ഏജൻസി സമർപ്പിച്ചിരുന്നത്.

(ബി) ഇതുമായി ബന്ധപ്പെട്ട ഫയലുകൾ ഇപ്പോൾ എവിടെയാണെന്നും ഫയൽ നമ്പരുകളും ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥനും സെക്ഷനും ഏതെന്ന് അറിയിക്കുമോ?

ടൂറിസം ഡയറക്ടറേറ്റിലാണ് ഈ ഫയൽ ഇപ്പോഴുള്ളത്. ഫയൽ നമ്പർ P1(P5)- 7576/2013, ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥൻ - പ്ലാനിംഗ് ഓഫീസർ, പ്ലാനിംഗ് & ഡെവലപ്മെന്റ് സെക്ഷൻ, ടൂറിസം ഡയറക്ടറേറ്റ്.

(സി) നിലമ്പൂരിലെയും പരിസരപ്രദേശങ്ങളിലെയും വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനായി ടി.സി.എസ്. തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; ഈ പദ്ധതി പൂർണ്ണമായോ, ഭാഗികമായോ, ഘട്ടം

ഘട്ടമായോ നടപ്പാക്കാൻ സർക്കാർ സന്നദ്ധമാണോ എന്ന് വ്യക്തമാക്കാമോ; പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി തുടർ നടപടികൾ സ്വീകരിക്കുമോ?

ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് സമർപ്പിച്ച കരട് മാസ്റ്റർ പ്ലാനിൽ താഴെപ്പറയുന്ന പ്രദേശങ്ങളിലെ വികസന പദ്ധതികൾ ഉൾപ്പെടുന്നുണ്ട്.

1. മുട്ടിക്കടവ് ഫാം

2. നിലമ്പൂർ ടൗണും പരിസരവും

3. ആഢ്യൻപാറ വെള്ളച്ചാട്ടം

4. കക്കാടംപൊയ്യിൽ & കോഴിപ്പാറ വെള്ളച്ചാട്ടം

5. മുണ്ടേരി സീഡ് ഫാം

6. നെടുങ്കയം

7. ട്രൈബൽ ഹെറിറ്റേജ് സെന്റർ, കാറ്റുലെ

8. പൂക്കോട്ടുപാടം - ടി.കെ. കോളനി

9. കാവ് വികസനം

10. വഴിക്കടവ് നാടുകാണിപുരം

11. നിലമ്പൂർ പാട്ടുത്സവം, ഫെയർ & ഫെസ്റ്റിവൽസ് - പ്രസ്തുത മാസ്റ്റർ പ്ലാൻ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരിശോധിക്കാവുന്നതാണ്.

**വണ്ടൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പ്രവൃത്തികൾ**

146(4156) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടൂർ നിയോജക മണ്ഡലത്തിലെ എത്ര സ്കൂളുകൾക്കാണ് 2016 മുതൽ കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ സ്കൂളുകൾക്ക് എത്ര രൂപ വീതം അനുവദിച്ചുവെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(സി) ചില സ്കൂളുകളിൽ തുക അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ തടസ്സംനേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയും വേഗം പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

(എ-സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണത്തിന് തെരഞ്ഞെടുത്ത സ്കൂളുകളും അവയ്ക്ക് കിഫ്ബി അനുവദിച്ച തുകയും നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത തുവ്വൂർ ഗവ.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത ജി.ജി.വി.എച്ച്.എസ്.എസ്. വണ്ടൂർ, ജി.എച്ച്. എസ്.എസ്. തിരുവാലി, ജി.എച്ച്. എസ്.എസ് കരുവാരക്കുണ്ട്, ജി.എച്ച്.എസ്.എസ്. അഞ്ചച്ചാവടി എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. ജി.എച്ച്.എസ്.എസ്. വാണിയമ്പലം സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി രണ്ടാം ഘട്ടത്തിൽ അനുവദിച്ച ജി.എച്ച്.എസ്.എസ്. നീലഞ്ചേരി, വി.എം.ജി.എച്ച്.എസ്.എസ്. വണ്ടൂർ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത കാട്ടുമുണ്ട ഈസ്റ്റ് ജി.യു.പി.എസ്., ജി.എച്ച്.എസ്.എസ്. പോരൂർ, കാളികാവ് ബസാർ ജി.എം.യു.പി.എസ്. എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കരുവാരക്കുണ്ട് ജി.എൽ.പി.എസിന്റെ നിർമ്മാണത്തിനുള്ള ഡിപിആർ കിഫ്ബിയുടെ പരിഗണനയിലാണ്. പഴയ കടക്കൽ ജി.എം.യു.പി.എസ്., ജി.എച്ച്.എസ്.എസ്. കാപ്പിൽക്കാരാട്, തുവ്വൂർ ജി.എൽ.പി.എസ് എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടി പൂർത്തിയാക്കി കരാർ ഒപ്പുവച്ചിട്ടുണ്ട്.

## ഇരിക്കൂർ മണ്ഡലത്തിലെ സ്കൂൾ മന്ദിരങ്ങളുടെ നിർമ്മാണം

147(4157) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ നിയോജക മണ്ഡലപരിധിയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഇരിക്കൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർമ്മാണം പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

5 കോടി രൂപ കിഫ്ബി ഫണ്ടിൽ അനുവദിച്ച ശ്രീകണ്ഠപുരം ഗവ.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി കിഫ്ബി ഫണ്ടിൽ അനുവദിച്ച ഇരിക്കൂർ ഗവ.എച്ച്.എസ്.എസിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. ചുഴലി ഗവ. എച്ച്. എസ്.എസ്., ശ്രീപുരം ഗവ. എച്ച്. എസ്.എസ്. എന്നീ സ്കൂളുകളുടെ ഡിപിആർ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. 1 കോടി രൂപ കിഫ്ബി ഫണ്ടിൽ അനുവദിച്ച ജി.എച്ച്.എസ്. രായരോം, ജി.വി.എച്ച്.എസ്.എസ് കാർത്തികപുരം, ജി.എച്ച്.എസ്. എസ്. കണിയഞ്ചാൽ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ജി.എച്ച്.എസ്.നെടുങ്ങോം - ഡിപിആർ കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടി സ്വീകരിച്ചു. ജി.എച്ച്.എസ്.എസ്. ഉളിക്കൽ - ഡിപിആർ കിഫ്ബി അംഗീകരിച്ചു. വർക്ക് അവാർഡ് ചെയ്ത് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) മണ്ഡലത്തിൽ എസ്.ഡി.എഫ്., ആസ്തി വികസന ഫണ്ട്, കിഫ്ബി, നബാർഡ്, പ്ലാൻഫണ്ട് എന്നിവ ഉപയോഗിച്ച് പൂർത്തീകരിച്ചതും നിർമ്മാണം നടന്നു വരുന്നതുമായ സ്കൂൾ മന്ദിരങ്ങളുടെ പേര് വിവരം നൽകാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

1. 9-2-2018-ൽ മലപ്പട്ടം കുഞ്ഞിക്കണ്ണൻ സ്മാരക ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് 278 ലക്ഷം രൂപ അനുവദിച്ചു. ആയതിന്റെ പ്രവൃത്തി പൂർത്തീകരിച്ചു.

2. 10-3-2020 -ൽ നെടുങ്ങോം ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് കെട്ടിട നിർമ്മാണത്തിന് 400 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

3. 19-10-2019-ൽ ചുഴലി ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് കെട്ടിട നിർമ്മാണത്തിന് 100 ലക്ഷം രൂപ അനുവദിച്ചു. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

4. 2018-19 സാമ്പത്തിക വർഷത്തിലെ ലാബ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഇരിക്കൂർ മണ്ഡലത്തിൽ കണ്ണൂർ ഉളിക്കൽ ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് സയൻസ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

5. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ചുഴലി ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചു.

6. നുച്യാട് ജി.യു.പി.എസ്. -ന് 2017-18 വർഷത്തിൽ 94 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഗ്രൗണ്ട് ഫ്ലോർ റൂഫ് കോൺക്രീറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ട്.

7. നരിക്കോട്ടുമല ജി.എൽ.പി.എസ്.-ന് 2019-20 വർഷത്തിൽ 100 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(സി) ഐ.ടി. @സ്കൂൾ പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

2001-ൽ രൂപീകരിച്ച ഐ.ടി @സ്കൂൾ പ്രോജക്ട് സ്കൂളുകളിൽ പൊതുവായി നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളും ഇരിക്കൂർ മണ്ഡലത്തിലെ സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഐടി@സ്കൂൾ പ്രോജക്ട് 2017 മുതൽ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന പേരിൽ പ്രത്യേക സർക്കാർ കമ്പനിയായി പ്രവർത്തിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി

ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളും സ്കൂളിലെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും കൈറ്റാണ് നടപ്പിലാക്കിയത്. ഇരിക്കൂർ മണ്ഡലത്തിലെ 25 സെക്കണ്ടറി - ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്യാമ്പസ്സുകളിൽ ഹൈടെക് പദ്ധതിയുടെ ഭാഗമായി 503 ലാപ്ടോപ്പ്, 383 പ്രോജക്ടർ, 360 പ്രോജക്ട് മൗണ്ടിംഗ് കിറ്റ്, 276 വൈറ്റ് സ്ക്രീൻ, 41 43" ടെലിവിഷൻ, 41 മൾട്ടി ഫംഗ്ഷൻ പ്രിന്റർ, 41 ഡി.എസ്.എൽ.ആർ. ക്യാമറ, 41 വെബ്ക്യാം, 367 യു.എസ്.ബി. സ്പീക്കർ എന്നിവയും 95 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലായി 505 ലാപ്ടോപ്പ്, 215 പ്രൊജക്ടർ, 499 യു.എസ്.ബി. സ്പീക്കർ എന്നിവ ലഭ്യമാക്കുകയും എല്ലാ സർക്കാർ, എയ്ഡഡ് സെക്കണ്ടറി-ഹയർ സെക്കണ്ടറി സ്കൂളുകളിലും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ടിവിറ്റി ഉപകരണങ്ങൾക്കും സൗകര്യങ്ങൾക്കുമൊപ്പം 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടലും അതുപയോഗിക്കുന്നതിനുള്ള അദ്ധ്യാപക പരിശീലനവും നൽകിയിട്ടുണ്ട്.

## പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

148(4158) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഏതൊക്കെ സ്കൂളുകൾക്ക് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രകാരം കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും അറിയിക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രകാരം 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 141 സ്കൂളുകൾക്കും 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 386 സ്കൂളുകൾക്കും 1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 446 സ്കൂളുകൾക്കും കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ടിൽ തുക അനുവദിച്ച സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) കെട്ടിട നിർമ്മാണങ്ങളുടെ പുരോഗതി എത്രത്തോളമാണെന്നും അവ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കുമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ പദ്ധതികളിൽ ഉൾപ്പെട്ട സ്കൂളുകളുടെ നിർമ്മാണത്തിന്റെ പുരോഗതി ചുവടെ ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5 കോടി രൂപ കിഫ്ബി ഫണ്ട് - ഒരു നിയോജക മണ്ഡലത്തിൽ 1 സ്കൂൾ വീതം തെരഞ്ഞെടുത്തു. ആകെ സ്കൂളുകൾ - 141 എണ്ണം. ഇവയിൽ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചത് 108 എണ്ണം. (108 സ്കൂളുകളിലായി 110 സ്കൂൾ കെട്ടിടങ്ങൾ)

3 കോടി രൂപ കിഫ്ബി ഫണ്ട് - (1000 കുട്ടികളിൽ കൂടുതലുള്ള സർക്കാർ വിദ്യാലയങ്ങൾ) ആകെ സ്കൂളുകൾ-386 എണ്ണം (ഒന്നാം ഘട്ടത്തിൽ അനുവദിച്ച 220 + രണ്ടാം ഘട്ടത്തിൽ അനുവദിച്ച 166)

3 കോടി രൂപ കിഫ്ബി ഫണ്ടിൽ അനുവദിച്ച നിർമ്മാണങ്ങൾ 5 എസ്.പി.വി.-കൾ മുഖാന്തരമാണ് നടന്നു വരുന്നത്. 2017-18 ൽ അനുവദിച്ച 220 സ്കൂളുകളിൽ 96 സ്കൂളുകളുടെ SPV യായി കൈറ്റിനെ ചുമതലപ്പെടുത്തി. 74 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 67 സ്കൂളുകളുടെ എസ്.പി.വി.-യായി ഇൻകലിനെ ചുമതലപ്പെടുത്തി. 39 സ്കൂളുകളുടെ നിർമ്മാണ നടപടികൾ ഇൻകൽ സ്വീകരിച്ചു വരുന്നു. ഈ സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 67 സ്കൂളുകളിൽ 28 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള ചുമതല കിലക്ക് കൈമാറി. 50 സ്കൂളുകളുടെ നിർമ്മാണം വാപ്കോസിനെ ചുമതലപ്പെടുത്തി. 2 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി. ശേഷിക്കുന്ന 48 സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 7 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയതിൽ ഫിഷറീസ് മേഖലയിൽ ഉൾപ്പെട്ട കേരളപുരം ഗവ. ഹൈസ്കൂളിന്റെ നിർമ്മാണത്തിന്റെ എസ്.പി.വി.-യായി തീരദേശ വികസന കോർപ്പറേഷന് നൽകുകയും ശേഷിക്കുന്ന 6 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള SPV- യായി കിലയെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 2018-19 ൽ അനുവദിച്ച 166 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള SPV യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

1 കോടി രൂപ കിഫ്ബി ഫണ്ട് - 1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 446 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും നിർമ്മാണത്തിനുള്ള SPV-യായി കിലയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതിൽ 397 സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. 321 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ 145 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള കരാർ ഒപ്പുവച്ച് നിർമ്മാണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 54 സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

**വൈക്കം മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

149(4159) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വൈക്കം നിയോജകമണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് പദ്ധതികൾ അനുവദിച്ചിട്ടുള്ളത്; സ്കൂളുകളുടെ പേരുവിവരങ്ങൾ, അനുവദിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ പ്ലാനും എസ്റ്റിമേറ്റുമാണ് അംഗീകാരത്തിനായി ഇപ്പോൾ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വൈക്കം നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭൗതിക സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്ത സ്കൂളുകളുടെ പേര് വിവരങ്ങളും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭൗതിക സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്ത വൈക്കം ഗവ. ബോയ്സ് ഹൈസ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭൗതിക സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്ത തലയോലപ്പറമ്പ് എ.ജെ.ജെ.എം.ജി. എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തീകരിച്ചു. വെച്ചൂർ ഗവ.ഡി.വി.എച്ച്.എസ്.-ന്റെ നിർമ്മാണത്തിനുള്ള ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഗവ. ഗേൾസ് എച്ച്.എസ്.എസ്. വൈക്കം, ഗവ.എച്ച്.എസ്.എസ്. കുലശേഖരമംഗലം. എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. സാങ്കേതിക അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

**സ്കോളർഷിപ്പ് തുക ലഭ്യമാക്കാൻ നടപടി**

150(4160) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവമ്പാടി ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ 2019-20, 2020-21 വർഷങ്ങളിലെ എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ്

വിജയികൾക്കുള്ള സ്കോളർഷിപ്പ് തുക ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ സ്കോളർഷിപ്പ് തുക അടിയന്തരമായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

പ്രസ്തുത സ്കൂളിലെ കുട്ടികളിൽ സ്കോളർഷിപ്പിന് അർഹരായവരുടെ ആധികാരികത ഉറപ്പുവരുത്തി റിക്വയർമെന്റ് സമർപ്പിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കിഫ്ബി വഴി പൊതുവിദ്യാലയങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുക**

151(4161) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്ക് കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾക്കായി കിഫ്ബി വഴി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്ക് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾക്കായി 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ, ഫണ്ടിലുൾപ്പെടുത്തി 2,075.5 കോടി രൂപയുടെ നിർമ്മാണത്തിന് കിഫ്ബിയിൽനിന്നും ധനാനുമതി നൽകിയിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ കിഫ്ബി വഴി വിദ്യാലയങ്ങൾക്ക് എത്ര തുക അനുവദിച്ചുവെന്നും ഇതുവഴി എത്ര വിദ്യാലയങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കിഫ്ബിവഴി 27 വിദ്യാലയങ്ങൾക്കായി 88.51 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 5 കോടി രൂപ, 3 കോടി രൂപ, പദ്ധതിയിലുൾപ്പെട്ട 11 വിദ്യാലയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## വിദ്യാർത്ഥികളുടെ കഴിവുകൾ ഉയർത്തിക്കൊണ്ടുവരാനുള്ള പദ്ധതികൾ

152(4162) ശ്രീ. കെ. യു. ജനീഷ് കുമാർ :
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :
ശ്രീമതി ഒ. എസ്. അംബിക :
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യത്യസ്ത കാരണങ്ങളാൽ പഠനത്തിൽ മികവ് പുലർത്താൻ കഴിയാതെപോയ വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ ഉയർത്തിക്കൊണ്ടുവരാൻ പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സമഗ്രശിക്ഷാ കേരളയുടേയും നേതൃത്വത്തിൽ പഠനമികവിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വിപുലമായ പ്രവർത്തനങ്ങളാണ് ഓരോ അക്കാദമിക വർഷവും നടത്തിവരുന്നത്. സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ നടത്തിവരുന്ന പഠന പരിപോഷണ പരിപാടികൾ (Learning Enhancement Programmes) ഇത്തരം കുട്ടികൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ്. മലയാള ഭാഷയിൽ പഠന പിന്തുണ നൽകുന്നതിന് -മലയാളത്തിളക്കം, ഇംഗ്ലീഷ് ഭാഷയിൽ പഠന പിന്തുണ നൽകുന്നതിന്-ഹലോ ഇംഗ്ലീഷ്/ഹലോ വേൾഡ്, ഹിന്ദി ഭാഷയിൽ പഠന പിന്തുണ നൽകുന്നതിന്-സുരീലിഹിന്ദി, ഗണിത ശാസ്ത്രത്തിൽ പഠനപിന്തുണ നൽകുന്നതിന് ഗണിതവിജയം, ശാസ്ത്രത്തിൽ പഠന പിന്തുണ നൽകുന്നതിന് -ശാസ്ത്രപഥം എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങളിൽ പ്രത്യേകം പഠനപോഷണ പരിപാടികൾ നടത്തുകയും പ്രസ്തുത പ്രവർത്തനങ്ങൾ ഇത്തരം കുട്ടികൾക്ക് പ്രയോജനപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. സംസ്ഥാനത്തെ അക്കാദമിക് നിലവാരത്തിൽ പിന്നാക്കം നിൽക്കുന്ന 20 ഗവൺമെന്റ് ഹയർസെക്കണ്ടറി വിദ്യാലയങ്ങളെ തെരഞ്ഞെടുത്ത് വിദ്യാർത്ഥികളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമിട്ട് നടത്തിവരുന്ന പദ്ധതിയാണ് Quality Improvement Programme (QIP) മേൽ സ്കൂളിലെ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പ്രത്യേക പരിശീലനവും നൽകിവരുന്നു.

(ബി) പഠന പരിമിതി കണ്ടെത്തുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുകയോ മാനദണ്ഡങ്ങൾ രൂപീകരിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പഠന പുരോഗതി കണ്ടെത്തുന്നതിന് പ്രധാനമായും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നടത്തുന്ന നാഷണൽ അച്ചീവ്മെന്റ് സർവ്വേ (NAS), സമഗ്രശിക്ഷാ കേരള നടത്തുന്ന സ്റ്റേറ്റ് അച്ചീവ്മെന്റ് സർവ്വേ (SAS) സംസ്ഥാനം നടത്തുന്ന വാർഷിക അസെസ്സ്മെന്റുകൾ എന്നീ ശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിക്കുന്നു.

(സി) കുട്ടികളുടെ കഴിവുകൾ ഉയർത്തിക്കൊണ്ടുവരാനായി എന്തെല്ലാം പരിഹാര ബോധന രീതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; ഇതിനായി ചുമതലപ്പെട്ട അദ്ധ്യാപകർക്കുള്ള പരിശീലനം ലഭ്യമാക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പിന്റെയും സമഗ്രശിക്ഷാ കേരളയുടേയും നേതൃത്വത്തിൽ പഠനമികവിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വിപുലമായ പ്രവർത്തനങ്ങളാണ് ഓരോ അക്കാദമിക വർഷവും നടത്തിവരുന്നത്. സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ നടത്തിവരുന്ന പഠന പരിപോഷണ പരിപാടികൾ (Learning Enhancement Programmes) ഇത്തരം കുട്ടികൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ്. മലയാള ഭാഷയിൽ പഠന പിന്തുണ നൽകുന്നതിന് - മലയാളത്തിളക്കം, ഇംഗ്ലീഷ്ഭാഷയിൽ പഠന പിന്തുണ നൽകുന്നതിന് -ഹലോ ഇംഗ്ലീഷ്/ഹലോ വേൾഡ്, ഹിന്ദി ഭാഷയിൽ പഠന പിന്തുണ നൽകുന്നതിന് - സുരീലിഹിന്ദി, ഗണിതശാസ്ത്രത്തിൽ പഠനപിന്തുണ നൽകുന്നതിന്-ഗണിതവിജയം, ശാസ്ത്രത്തിൽ പഠന പിന്തുണനൽകുന്നതിന് - ശാസ്ത്രപഥം. എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങളിൽ പ്രത്യേകം പഠന പോഷണ പരിപാടികൾ നടത്തുകയും പ്രസ്തുത പ്രവർത്തനങ്ങൾ ഇത്തരം കുട്ടികൾക്ക് പ്രയോജനപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയുംചെയ്യുന്നു. സംസ്ഥാനത്തെ അക്കാദമിക് നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന 20 ഗവൺമെൻറ് ഹയർ സെക്കണ്ടറി വിദ്യാലയങ്ങളെ തെരഞ്ഞെടുത്ത് വിദ്യാർത്ഥികളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമിട്ട് നടത്തിവരുന്ന പദ്ധതിയാണ് Quality Improvement Programme (QIP) മേൽ സ്കൂളിലെ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പ്രത്യേക പരിശീലനവും നൽകിവരുന്നു. ഇതിനായി ഓരോ വിഷയത്തിനും സംസ്ഥാനതലത്തിൽ വിദഗ്ധരുടെ മേൽനോട്ടത്തിൽ വിശദവും ശാസ്ത്രീയവുമായ മൊഡ്യൂളുകൾ തയ്യാറാക്കി, അതത് വിഷയങ്ങളിലെ അദ്ധ്യാപകർക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്യുന്നു.

## ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നടപ്പിലാക്കുന്ന പദ്ധതികൾ

153(4163) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സ്കൂളുകളിൽ കിച്ചൺ കം സ്റ്റോർ സ്ഥാപിക്കുന്നതിന് പദ്ധതി**

154(4164) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം കിച്ചൺ കം സ്റ്റോർ നിർമ്മിക്കുന്നതിന് കേരളത്തിന്റെ നാൽപ്പതും കേന്ദ്രത്തിന്റെ അറുപതും ശതമാനം വിഹിതം ചേർത്തുള്ള തുക അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

തുക അനുവദിച്ചിട്ടുണ്ട്.

(ബി) അനുവദിച്ചിട്ടുണ്ടെങ്കിൽ എന്നാണെന്നും ആയത് എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ എച്ച്.എം.മാരുടെയും അക്കൗണ്ടിലേയ്ക്ക് അയച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം കിച്ചൺ കം സ്റ്റോർ നിർമ്മിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതമുൾപ്പെടെയുള്ള 13,766.69 ലക്ഷം രൂപയുടെ ഫണ്ടിന്റെ വിനിയോഗത്തിനായി 24-2-2021-ൽ സർക്കാർ ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17-3-2021-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമപ്രകാരം പ്രസ്തുത ഫണ്ട് ട്രഷറി അലോട്ട്മെന്റായി വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖാന്തരം ബന്ധപ്പെട്ട സ്കൂളുകൾക്ക് ലഭ്യമാക്കുകയും ട്രഷറി അലോട്ട്മെന്റായി ലഭിക്കുന്ന പ്രസ്തുത ഫണ്ട് 2021 മാർച്ച് മാസം മുൻകൂറായി മാറി സ്കൂളുകളുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പ്രഥമാദ്ധ്യാപകർക്ക് അനുമതി നൽകുകയും ചെയ്തിരുന്നു. ആകെ അലോട്ട് ചെയ്ത 13,766.69 ലക്ഷം രൂപയിൽ കുറച്ച് രൂപയുടെ ബില്ലുകൾ ചില സ്കൂളുകൾമാറി തങ്ങളുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം ബില്ലുകളും 2020-21 സാമ്പത്തികവർഷത്തിന്റെ അവസാനദിനങ്ങളിൽ സമർപ്പിക്കപ്പെട്ടതിനാൽ ട്രഷറിയിൽ പാസ്സാക്കപ്പെടാത്ത 12,471.48 ലക്ഷം രൂപ ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ഇപ്രകാരം പണം അക്കൗണ്ടിലേയ്ക്ക് അയച്ചിട്ടുള്ളത് തിരിച്ച് പിടിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം കിച്ചൺ കം സ്റ്റോർ നിർമ്മിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതമുൾപ്പെടെയുള്ള 13,766.69 ലക്ഷം രൂപയുടെ ഫണ്ടിന്റെ വിനിയോഗത്തിനായി 24-2-2021-ൽ സർക്കാർ ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17-3-2021-ലെ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമപ്രകാരം പ്രസ്തുത ഫണ്ട് ട്രഷറി അലോട്ട്മെന്റായി വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖാന്തിരം ബന്ധപ്പെട്ട സ്കൂളുകൾക്ക് ലഭ്യമാക്കുകയും ട്രഷറി അലോട്ട്മെന്റായി ലഭിക്കുന്ന പ്രസ്തുത ഫണ്ട് 2021 മാർച്ച് മാസം മുൻകൂറായിമാറി സ്കൂളുകളുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പ്രഥമാദ്ധ്യാപകർക്ക് അനുമതി നൽകുകയും ചെയ്തിരുന്നു. ആകെ അലോട്ട് ചെയ്ത 13,766.69 ലക്ഷം രൂപയിൽ കുറച്ച് രൂപയുടെ ബില്ലുകൾ ചില സ്കൂളുകൾ മാറി തങ്ങളുടെ സ്പെഷ്യൽ ടി.എസ്.ബി.- അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം ബില്ലുകളും 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാന ദിനങ്ങളിൽ സമർപ്പിക്കപ്പെട്ടതിനാൽ ട്രഷറിയിൽ പാസ്സാക്കപ്പെടാത്ത 12,471.48 ലക്ഷം രൂപ ഇലക്ട്രോണിക്ക് ലെഡ്ജർ അക്കൗണ്ടിലേയ്ക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട്.

**മലബാർ മേഖലയിൽ അഞ്ച് ജില്ലകളിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ**

155(4165) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ അഞ്ച് ജില്ലകളിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഗണിച്ച് സർക്കാർ പുറപ്പെടുവിച്ച G.O.(P) No. 107/07/G.Edn ഉത്തരവ് പിൻവലിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇറക്കിയ ഉത്തരവ് മാറ്റുന്നതിനുമുമ്പ് വിദഗ്ധ സമിതിയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോയെന്നറിയിക്കാമോ?

(എ&ബി) വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

**എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനത്തിലെ ഉയർന്ന പ്രായപരിധിയിൽ ഇളവ്**

156(4166) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 അധ്യയനവർഷം എല്ലാ യോഗ്യതയും നേടി എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനം കാത്തിരുന്ന നിരവധി ഉദ്യോഗാർത്ഥികൾക്ക് കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ നിയമനങ്ങൾ നടക്കാതെ വന്നതിനാൽ പ്രായപരിധി കഴിഞ്ഞതായ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിൽ ഈ പ്രശ്നം പരിഹരിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) 2021-22 നടപ്പുവർഷം നിയമനങ്ങൾ നടക്കുമ്പോൾ അദ്ധ്യാപക നിയമനത്തിന്റെ മാനദണ്ഡത്തിലെ ഉയർന്ന പ്രായപരിധിയായ നാൽപ്പത് വയസ്സ് പൂർത്തിയായി കഴിഞ്ഞതിനാൽ ഇവരെ അദ്ധ്യാപക നിയമനത്തിന് പരിഗണിക്കുന്നില്ലെന്ന പ്രശ്നം പരിഹരിക്കുന്നതിനായി അനുഭാവപൂർണമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2020-21 അദ്ധ്യയന വർഷം നിയമനം ലഭിച്ചവർക്ക് കോവിഡ്-19 കാരണം നിയമനാംഗീകാരം ലഭിക്കാതെപോയ അദ്ധ്യാപകർക്ക് വയസ്സിളവ് നൽകണമെന്ന ആവശ്യം പരിശോധിച്ചുവരുന്നു.

**ഓൺലൈൻ പഠനം നടത്താൻ കഴിയാത്ത കുട്ടികൾ**

157(4167) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2020-21 അദ്ധ്യയന വർഷത്തിൽ പഠനോപകരണങ്ങൾ ഇല്ലാത്തതിന്റെ പേരിൽ ഓൺലൈൻ പഠനം നടത്താൻ കഴിയാത്ത എത്ര കുട്ടികൾ ഉണ്ടായിരുന്നെന്ന് വ്യക്തമാക്കാമോ;

2020-21 അദ്ധ്യയന വർഷത്തിൽ സ്കൂൾ തുറക്കാത്ത സാഹചര്യത്തിൽ വിക്ടേഴ്സ് ചാനൽ വഴി ഡിജിറ്റൽ ക്ലാസ്സുകളാണ് കുട്ടികൾക്ക് നൽകിയത്. അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ ടെലിവിഷൻ ഇല്ലാത്ത വിക്ടേഴ്സ് ചാനൽവഴി ക്ലാസ്സുകൾ കാണാൻ കഴിയാത്ത കുട്ടികൾ ഉണ്ടായിരുന്നെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, സർക്കാരിതര ഏജൻസികൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, സ്കൂൾ അധികൃതർ, പി.ടി.എ/എസ്.എം.സി. തുടങ്ങിയവരുടെ സഹായ സഹകരണത്തോടെ ടെലിവിഷൻ വിതരണം ചെയ്യുകയും കൂടാതെ അയൽപക്ക പഠന കേന്ദ്രങ്ങളും, ഊരു വിദ്യാ കേന്ദ്രങ്ങളും ഒരുക്കി എല്ലാ കുട്ടികൾക്കും ജൂൺ അവസാനത്തോടെ ഡിജിറ്റൽ പഠനം സാധ്യമാക്കുകയും ചെയ്തിരുന്നു.

**ഹയർ സെക്കണ്ടറി പഠനം**

158(4168) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷ റിസൾട്ടിന് ആനുപാതികമായി ഉപരിപഠനത്തിനുള്ള സീറ്റുകൾ പര്യാപ്തമാണോയെന്ന് വിശകലനം ചെയ്യുന്ന സാഹചര്യത്തിൽ ഐ.ടി.ഐ.-കളിലെ ദ്വിവത്സര കോഴ്സുകൾക്ക് പ്ലസ് ടു തുല്യത ഉണ്ടെന്ന കേന്ദ്രസർക്കാർ ഉത്തരവിന്റെ സാധുതകൂടി പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലായെങ്കിൽ ആവശ്യമായ തുടർ ക്രമീകരണങ്ങൾക്ക് വകുപ്പുതല മേധാവിയെ ചുമതലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ഐ.ടി.ഐ. കോഴ്സുകൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് (NIOS) -ന്റെ സീനിയർ സെക്കണ്ടറി കോഴ്സിന് തുല്യമായി പരിഗണിക്കുന്നത് സംബന്ധിച്ച കേന്ദ്രസർക്കാർ നിർദ്ദേശം SCERT ഡയറക്ടർ അദ്ധ്യക്ഷനായ ഇക്വലൻസി സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിക്കുകയും ഇവകളുടെ കോഴ്സ് ഘടനയും ഉദ്ദേശവും വ്യത്യസ്തമായതിനാൽ തുല്യത നൽകേണ്ടെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ ഈ വിഷയം ഒരിക്കൽക്കൂടി പരിശോധിക്കണമെന്ന തൊഴിൽ വകുപ്പിന്റെ അഭ്യർത്ഥന പ്രകാരം വിഷയം വീണ്ടും പരിശോധിച്ചുവരുന്നു.

## വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നടപടി

159(4169) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോടൊപ്പം വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നടപടി ആവശ്യമാണെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. ഇതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മാർഗ്ഗരേഖ ഭാഗം -2 (അക്കാദമിക മികവിലൂടെ വിദ്യാലയ മികവ്) പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ സമപ്രായക്കാരായ ലോകത്തെവിടെയുമുള്ള വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവും സ്വന്തം സാധ്യതയുടെ പരമാവധി ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) ഇക്കാര്യത്തിൽ ഗുണപരമായ മാറ്റം ഉണ്ടായിട്ടുണ്ടോയെന്ന് വിലയിരുത്തുന്നതിനുള്ള സംവിധാനം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

എസ്.സി.ഇ.ആർ.ടി. മികവുകളുടെ ഡോക്യുമെന്റേഷൻ നടത്തിയിട്ടുണ്ട്. വിലയിരുത്തലിനായി 'സഹിതം' പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. വിവിധ മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണങ്ങളും നടത്തി നിലവിലെ മൂല്യനിർണ്ണയ ഉപാധികൾ, പ്രവർത്തന കാർഡുകൾ, പഠനപുരോഗതി വിലയിരുത്തൽ രേഖ എന്നിവയ്ക്ക് പുറമെ National Achievement Survey, State Achievement Survey എന്നിവ വഴി വിദ്യാഭ്യാസ നിലവാരം പരിശോധിക്കുന്നുണ്ട്.

## ഭക്ഷ്യധാന്യ വിതരണം

160(4170) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകൾ, ഫിഷറീസ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ ഉൾപ്പടെയുള്ള എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും കോവിഡ് പശ്ചാത്തലത്തിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നുണ്ടോ; വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽവരുന്ന സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലകളിലെ വിദ്യാലയങ്ങൾ (സ്പെഷ്യൽ സ്കൂളുകൾ ഉൾപ്പെടെ), ടെക്നിക്കൽ ഹൈസ്കൂളുകൾ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ എന്നിവിടങ്ങളിലെ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി സ്കൂൾ തുറക്കുന്നതുവരെ ഭക്ഷ്യധാന്യങ്ങളും ഭക്ഷ്യകിറ്റുകളും വിതരണം ചെയ്തുവരുന്നത്. സ്പോർട്സ് ഹോസ്റ്റലുകൾ, ഫിഷറീസ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരാത്തതിനാൽ, ടി സ്കൂളുകളിലെ കുട്ടികൾക്ക് ടി പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുന്നില്ല.

## മലയാള പഠന നിയമം

161(4171) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം ഒരു വിഷയമായി പഠിപ്പിക്കണമെന്ന 2017-ലെ മലയാള പഠനനിയമം നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത നിയമത്തിന് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; ഏതെല്ലാം സ്കൂളുകളിലാണ് ഈ നിയമം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും ഈ നിയമം നടപ്പിലാക്കുന്നതിന് 2-6-2018-ലെ സ.ഉ.(അച്ചടി) നമ്പർ 14/18/പൊ.വി.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് പരിശോധന നടത്താൻ നിയമത്തിൽ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ആയതിന് അദ്ധ്യാപക പാനൽ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

2018-ലെ മലയാളഭാഷാ പഠന ചട്ടങ്ങൾക്കനുസൃതമായി സ്കൂളുകളിൽ മലയാള ഭാഷാപഠനം നടപ്പിലാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ചുമതലയാണ്. ചട്ടത്തിൽ വ്യവസ്ഥ ചെയ്തുള്ള പ്രകാരം പരിശോധന നടത്തുന്നതിനായി ഹൈസ്കൂൾ വിഭാഗത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉൾപ്പെട്ട അദ്ധ്യാപകരുടെ പാനലും പ്രൈമറി വിഭാഗത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉൾപ്പെട്ട അദ്ധ്യാപകരുടെ പാനലും രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്.

**സ്കൂൾ പാചക തൊഴിലാളികളുടെ പ്രശ്നങ്ങൾ**

162(4172) ശ്രീ. എം രാജഗോപാലൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീമതി ദെലീമ :
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ വ്യാപനം കാരണം തൊഴിൽ ചെയ്യാൻ കഴിയാതെയും വരുമാനമില്ലാതെയും ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്കൂൾ പാചക തൊഴിലാളികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂളുകളിലെ പാചകത്തൊഴിലാളികൾ വരുമാനം നിലച്ച് വലിയ പ്രതിസന്ധിയിലായ കാര്യം ഗൗരവമായി കാണുമോ;

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരും സ്കൂൾ പാചക തൊഴിലിനെ മാത്രം ആശ്രയിച്ച് കഴിയുന്നവരുമായ തൊഴിലാളികളുടെ ജീവസന്ധാരണം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകുമോ?

(ബി&സി) കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ വേനൽ അവധി ഉൾപ്പെടെയുള്ള കാലയളവിലേയ്ക്ക് പ്രതിമാസം 1,600 രൂപ സമാശ്വാസമായി സ്കൂൾ പാചക തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്നുണ്ട്.

**ഹയർ സെക്കണ്ടറി - വൊക്കേഷണൽ ഹയർ സെക്കന്ററി ഏകീകരണം**

163(4173) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പുകളുടെ ഏകീകരണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(ബി) ഏകീകരണത്തിന്റെ ഭാഗമായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളടക്കമുള്ള നിലവിലുള്ള ഓഫീസ് സംവിധാനങ്ങൾ പുന:ക്രമീകരിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പുനഃസംഘടനയിൽ നിലവിൽ വരുന്ന പുതിയ ഓഫീസ് സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ-സി) 31-5-2019-ലെ സ.ഉ.(കൈ)നമ്പർ 53/2019/പൊ.വി.വ.. പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, വിദ്യാഭ്യാസ ഉപ ഡയറക്ടറാഫീസുകൾ എന്നിവയും ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും തൽസ്ഥിതിയിൽ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ (മുമ്പുള്ള ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്) നിയന്ത്രണത്തിൽ പ്രവർത്തിക്കാൻ ഉത്തരവായിട്ടുണ്ട്. അതുപ്രകാരം നിലവിൽ ഹൈസ്കൂൾ തലത്തിലുള്ള ഓഫീസ് സംവിധാനം ഹയർ സെക്കണ്ടറി വിഭാഗത്തിനുകൂടി ബാധകമായ രീതിയിൽ പൊതു ഓഫീസ് ആയി പ്രവർത്തിക്കുന്നതാണ്.

**വിദ്യാലയങ്ങൾ തുറക്കുന്നത് സംബന്ധിച്ച്**

164(4174) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ അധ്യയന വർഷം കോവിഡ് മാനദണ്ഡങ്ങൾക്ക് വിധേയമായി ഭാഗികമായോ പൂർണ്ണമായോ വിദ്യാലയങ്ങളിൽ പഠനം ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കോവിഡ് വ്യാപനം നിയന്ത്രണ വിധേയമായിട്ടില്ലാത്ത സാഹചര്യത്തിൽ സ്കൂളുകൾ തുറക്കുന്ന കാര്യം ഇപ്പോൾ ആലോചനയിലില്ല.

**അൺ-ഇക്കണോമിക് സ്കൂളുകൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം**

165(4175) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജക മണ്ഡലത്തിലെ അൺ-ഇക്കണോമിക് സ്കൂളുകളിൽ കഴിഞ്ഞ അദ്ധ്യയനവർഷം പഠിച്ചിരുന്ന കുട്ടികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; ഈ അദ്ധ്യയനവർഷം പ്രസ്തുത സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വടകര നിയോജക മണ്ഡലത്തിലെ അൺ-ഇക്കണോമിക് സ്കൂളുകളിൽ കഴിഞ്ഞ അദ്ധ്യയന വർഷം പഠിച്ചിരുന്ന കുട്ടികളുടെ എണ്ണവും ഈ അദ്ധ്യയന വർഷം പ്രസ്തുത സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനയും പട്ടികയായി ചുവടെ ചേർക്കുന്നു.*

(ബി) ഒരു സ്കൂൾ അൺ-ഇക്കണോമിക് സ്കൂൾ ആയി പ്രഖ്യാപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഒരു സ്റ്റാന്റേർഡിലെ ശരാശരി കുട്ടികളുടെ എണ്ണം 15-ൽ കുറവുള്ള സ്കൂളുകളാണ് മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങൾ എന്ന് 12-6-18-ലെ സ. ഉ (എം.എസ്) നമ്പർ 83/2018/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അൺഎക്കണോമിക്ക് എന്ന പ്രയോഗം നിലവിൽ ഉപയോഗിക്കുന്നില്ല. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകൾ എന്നാണ് ഇപ്പോൾ ഉപയോഗിക്കുന്നത്.

(സി) പ്രസ്തുത മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നകാര്യം പരിഗണിക്കുന്നുണ്ടോ?

ഇല്ല.

(ഡി) സ്കൂളുകൾ അൺ-ഇക്കണോമിക്ക് ആയി പ്രഖ്യാപിക്കുന്നതിനുള്ള കണക്കുകൾ എടുത്തത് എന്നാണെന്ന് അറിയിക്കുമോ?

അവസാനമായി കണക്കെടുത്തത് 2019-20-ലെ 6-ാം സാദ്ധ്യായ ദിവസത്തിലെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്.

(ഇ) കണക്കെടുപ്പിനുശേഷം ഇക്കണോമിക് ആയി മാറിയ സ്കൂളുകൾ പിന്നീട് കണക്ക് എടുക്കാത്തത് കാരണം ഇപ്പോഴും അൺ-ഇക്കണോമിക്ക് ആയി തുടരുന്ന സാഹചര്യം നിലവിലുണ്ടോ;

ഉണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) എങ്കിൽ സ്കൂളുകളിലെ മറ്റെല്ലാ പ്രവർത്തനങ്ങളും ഓൺലൈനായി ചെയ്യുന്ന നിലയ്ക്ക് ഈ കണക്കെടുപ്പും ഓൺലൈനായി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഇല്ല. കോവിഡ്-19 കാരണം സ്കൂളുകൾ തുറക്കാത്ത സാഹചര്യത്തിൽ കുട്ടികളുടെ കണക്ക് ഫിസിക്കലായി കണക്കാക്കാൻ സാധിക്കില്ല. ആയതിനാൽ 2019-20-ലെ തസ്തിക നിർണ്ണയം തന്നെയാണ് ഈ വർഷവും നിലനിർത്തിയിരിക്കുന്നത്.

## 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം

166(4176) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനായി നിയോഗിച്ച ഡോ.എം.എ.ഖാദർ കമ്മീഷൻ, റിപ്പോർട്ട്- ഭാഗം 2 സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഇല്ല.

(ബി) സർക്കാർ തത്വത്തിൽ അംഗീകരിച്ച, മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം വിദഗ്ധ സമിതി റിപ്പോർട്ട് ഭാഗം-1 അനുസരിച്ച് ഏതെല്ലാം നിർദ്ദേശങ്ങൾ ഇതിനോടകം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

31-5-2019-ലെ സ.ഉ(കൈ) നമ്പർ 53/2019/പൊ.വി.വ. പ്രകാരം 12-ാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും നിലവിലുണ്ടായിരുന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർസെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് എന്നീ മൂന്ന് ഡയറക്ടറേറ്റുകളേയും സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷനെന്ന പൊതു സംവിധാനം രൂപീകരിക്കുകയും മേൽപ്പറഞ്ഞ മൂന്ന് ഡയറക്ടറേറ്റുകളേയും ഏകോപിപ്പിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിധിയിൽ കൊണ്ടുവരികയും ചെയ്തു.

## വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ

167(4177) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ ഏതൊക്കെയാണ്; അറിയിക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തരം നൽകുന്ന സ്കോളർഷിപ്പുകൾ താഴെവിവരിക്കുന്നു.

സംസ്ഥാന സ്കോളർഷിപ്പുകൾ

1. എൽ.എസ്.എസ്.

2. യു.എസ്.എസ്.

3. മുസ്ലീം/നാടാർ/ആംഗ്ലോ ഇൻഡ്യൻ/ മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്

4. സംസ്കൃത സ്കോളർഷിപ്പ്

5. നാഷണൽ സ്കോളർഷിപ്പ്

6. സൈനിക സ്കൂൾ സ്കോളർഷിപ്പ്

കേന്ദ്ര സ്കോളർഷിപ്പുകൾ

1. ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ്

2. നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ്

3. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രീ-മെട്രിക് സ്കോളർഷിപ്പ്

(ബി) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വിഭാഗങ്ങൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ എത്ര തുക വിതരണം ചെയ്തു; വിശദവിവരം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ഒറ്റപ്പാലം മണ്ഡലത്തിൽ ഫണ്ട് അനുവദിച്ച സ്കൂളുകൾ**

168(4178) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി ഫണ്ട് അനുവദിച്ചിട്ടുള്ള സ്കൂളുകൾ എത്രയാണെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഫണ്ട് അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

5 കോടി രൂപ - കിഫ്ബി ഫണ്ട്- 1 സ്കൂൾ

3 കോടി രൂപ - കിഫ്ബി ഫണ്ട് - 2 സ്കൂൾ

1 കോടി രൂപ - കിഫ്ബി ഫണ്ട് - 3 സ്കൂൾ

(ബി) ഇവയിൽ പ്രവൃത്തി പൂർത്തിയായവ ഉണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നും അറിയിക്കാമോ?

കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഒന്നുംതന്നെ ഇതുവരെ പൂർത്തിയായിട്ടില്ല.

(സി) പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന സ്കൂളുകൾ എത്രയാണെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്താമോ;

(ഡി) ഇതുവരെ പ്രവൃത്തി ആരംഭിക്കാത്ത സ്കൂളുകളുണ്ടെങ്കിൽ അവ ഏതെല്ലാമെന്നും എന്നത്തേയ്ക്ക് പ്രവൃത്തി തുടങ്ങാൻ സാധിക്കുമെന്നും വിശദമാക്കാമോ?

(സി&ഡി) 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട പുലാപ്പറ്റ എ.എൻ.കെ.എം. ഗവ.എച്ച്. എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയായിവരുന്നു.

3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്. കടമ്പൂർ സ്കൂളിന്റെ ഡി.പി.ആർ.- അംഗീകരിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഒറ്റപ്പാലം ജി.എച്ച്.എസ്.എസ്.-ന്റെ ഡി.പി.ആർ.- പുനഃപരിശോധിച്ചുവരുന്നു. ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്. മുന്നൂർക്കോട് സ്കൂളിന്റെ ഡി.പി.ആർ.- കിഫ്ബി അംഗീകരിച്ച് നിർമ്മാണം ആരംഭിച്ചു. ജി.യു.പി.എസ്.കടമ്പഴിപ്പുറം സ്കൂളിന്റെ ഡി.പി.ആർ.- കിഫ്ബി അംഗീകരിച്ച് നിർമ്മാണം ആരംഭിച്ചു. 18% ത്തോളം നിർമ്മാണം പൂർത്തീകരിച്ചു. ജി.എച്ച്.എസ്. മാണിക്ക്യപ്പറമ്പ് സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് നിർമ്മാണം ആരംഭിച്ചു. 20% ത്തോളം നിർമ്മാണം പൂർത്തീകരിച്ചു.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സ്കൂളുകൾക്ക് യാത്രാ സൗകര്യം**

169(4179) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മുതൽ 2021 വരെ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ സ്കൂളുകൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിന് എം.എൽ.എ.- ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2018 മുതൽ 2021 വരെ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ പ്രത്യേക വികസന നിധിയിൽനിന്ന് ജി.എൽ.പി.എസ്. ഹോസ്ദുർഗ് തെരുവത്ത്, ജി.എച്ച്.എസ്. കാലിച്ചാനടുക്കം എന്നീ സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിന് 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ ജി.എച്ച്.എസ്. ചാമുണ്ടിക്കുന്ന്, ജി.എച്ച്.എസ്. അട്ടേങ്ങാനം, ജി.എച്ച്.എസ്.എസ്. ബളാംതോട്, ജി.എച്ച്.എസ്.എസ്. കാഞ്ഞിരപൊയിൽ എന്നീ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിന് 15 ലക്ഷം രൂപ വീതവും ജി.എൽ.പി.എസ്. ചിത്താരി സൗത്തിന് ബസ് വാങ്ങുന്നതിന് 10 ലക്ഷം രൂപയും എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും ജി.എച്ച്.എസ്.എസ്. തായന്നൂർ, എം.പി.എസ്.ജി.വി.എച്ച്.എസ്.എസ്. ബെള്ളിക്കൊത്ത് എന്നീ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിന് 15 ലക്ഷം രൂപ വീതവും ജി.എൽ.പി.എസ്. പറക്ലായിക്ക് ബസ് വാങ്ങുന്നതിന് 10 ലക്ഷം രൂപയും ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(ബി) അനുവദിച്ച ഫണ്ടുകൾ ഉപയോഗിച്ച് സ്കൂളുകൾക്ക് വാഹന സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ എത്ര വിദ്യാലയങ്ങൾക്കാണ് വാഹനം ഇനിയും ലഭ്യമാകാത്തതെന്ന് വിശദീകരിക്കാമോ?

അനുവദിച്ച ഫണ്ടുകൾ ഉപയോഗിച്ച് ജി.എച്ച്.എസ്. കാലിച്ചാനടുക്കം, ജി.എൽ. പി.എസ്. ഹോസ്ദുർഗ് തെരുവത്ത് എന്നീസ്കൂളുകൾക്ക് ബസ് നൽകിയിട്ടുണ്ട്. ജി.എച്ച്.എസ്.ചാമുണ്ടിക്കുന്ന്,ജി.എച്ച്. എസ് അട്ടേങ്ങാനം, ജി.എച്ച്.എസ്.എസ് ബളാംതോട്, ജി.എച്ച്.എസ്.എസ് കാഞ്ഞിരപൊയിൽ എന്നീ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിന് 15 ലക്ഷം രൂപ വീതവും ജി.എൽ.പി.എസ്. ചിത്താരി സൗത്തിന് ബസ് വാങ്ങുന്നതിന് 10 ലക്ഷം രൂപയും ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച് ഉത്തരവായെങ്കിലും തുക അനുവദിച്ച് നൽകാൻ സാധിക്കാത്തതിനാൽ സ്കൂൾ ബസ് വാങ്ങാൻ കഴിഞ്ഞില്ല.

ജി.എച്ച്.എസ്.എസ്. തായന്നൂർ, എം.പി.എസ്. ജി.വി.എച്ച്.എസ്.എസ് ബെള്ളിക്കൊത്ത് എന്നീ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിന് 15 ലക്ഷം രൂപ വീതവും ജി.എൽ.പി.എസ്. പറക്ലായിക്ക് ബസ് വാങ്ങുന്നതിന് 10 ലക്ഷം രൂപയും ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കുകയും തുക ലഭിക്കുകയും ചെയ്തുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ വാഹനം വാങ്ങാൻ സാധിച്ചിട്ടില്ല.

(സി) വാഹനം അനുവദിക്കുന്നതിന് ഫണ്ട് നൽകിയിട്ടും ഇക്കാര്യത്തിൽ കാലതാമസം നേരിട്ടത് എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(ഡി) കാലതാമസത്തിന് ഉത്തരവാദികളായവർക്കെതിരെ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുമോ?

(സി&ഡി) 2020 ഏപ്രിലിനുശേഷം ബി.എസ് 6 മോഡൽ എഞ്ചിനുള്ള വാഹനങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യാവൂയെന്നും സുപ്രീം കോടതി വിധിയുള്ളതിനാലും 32 സീറ്റുകളുള്ള ബി.എസ് 6 മോഡൽ എഞ്ചിൻ ബസിന് ഏറ്റവും കുറഞ്ഞത് 18 ലക്ഷം രൂപ വിലയുള്ളതിനാലും സ്കൂൾ പ്രധാനാദ്ധ്യാപകൻ സമർപ്പിച്ച എസ്റ്റിമേറ്റിന് അനുസരിച്ച് ബസ് വാങ്ങാൻ സാധിച്ചില്ല. അനുവദിച്ച തുകയിലൊതുങ്ങി 25 സീറ്റുള്ള ബസ് വാങ്ങാൻ പർച്ചേസ് കമ്മിറ്റിയിൽ തീരുമാനിച്ചു. 15 ലക്ഷം രൂപ വീതം അനുവദിച്ച ജി.എച്ച്.എസ്. ചാമുണ്ടിക്കുന്ന്, ജി.എച്ച്.എസ്.എസ്.തായന്നൂർ, ജി.എച്ച്.എസ്. അട്ടേങ്ങാനം, ജി.എച്ച്.എസ്.എസ്. ബളാംതോട്, എം.പി.എസ്.ജി.വി.എച്ച്.എസ്.എസ് ബെള്ളിക്കൊത്ത്, ജി.എച്ച്.എസ്.എസ്. കാഞ്ഞിരപൊയിൽ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിനായി താരതമ്യേന വില കുറവുള്ള SML IZUZU കമ്പനിയുടെ ബസ്സിന് 16-2-2021-ന് GEM മുഖേന ഓർഡർ നൽകിയിരുന്നെങ്കിലും മുഴുവൻ തുകയും നൽകിയാൽ മാത്രമേ കമ്പനിയിൽനിന്നും വാഹനം ഡെലിവറി ചെയ്യുകയുള്ളൂവെന്ന് അവർ അറിയിച്ചിരുന്നു. GEM മുഖേന പർച്ചേസ് ചെയ്ത വാഹനങ്ങൾക്ക് ആകെ 90 ലക്ഷം രൂപ SML IZUZU കമ്പനിക്ക് നൽകണമായിരുന്നു. ടി തുക നൽകാൻ സാധിക്കാത്തതിനാലാണ് കാലതാമസം നേരിട്ടത്. അതിനാൽ ടി തുക 31-3-2021 ന് സറണ്ടർ ചെയ്തിട്ടുണ്ട്. 10 ലക്ഷം രൂപയുടെ ബസ്/വാൻ GEM സൈറ്റിൽ ഇല്ലാത്തതിനാൽ 10-3-2021 ന് ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു. എന്നാൽ ഇ-ടെണ്ടറിൽ ആരും പങ്കെടുത്തിട്ടില്ല. ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും കോവിഡിന്റെ പശ്ചാത്തലത്തിൽ ലോക്ഡൗൺ ഉള്ളതിനാലും റീ ടെൻഡർ ചെയ്യുവാൻ സാധിച്ചിരുന്നില്ല. റീ ടെൻഡർ ചെയ്യുന്നതിനും തുക ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽപ്പറഞ്ഞ സാങ്കേതിക കാരണങ്ങളാലാണ് സ്കൂളുകൾക്ക് വാഹനം വാങ്ങാനുള്ള കാലതാമസം നേരിട്ടത്.

## ഹരിപ്പാട് മണ്ഡലത്തിലെ ആയപറമ്പ് സ്കൂളിലെ പുതിയ കെട്ടിട നിർമ്മാണം

170(4180) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ആയപറമ്പ് ഗവ.സ്കൂളിലെ പുതിയ കെട്ടിടനിർമ്മാണ പ്രവത്തനങ്ങൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

ഹരിപ്പാട് മണ്ഡലത്തിലെ ആയപറമ്പ് ഗവ.സ്കൂളിലെ പ്രവർത്തനങ്ങൾക്കായി ആദ്യഘട്ടത്തിൽ 1.90 കോടി രൂപ ചെലവിൽ ഹയർ സെക്കണ്ടറി കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 2018 നവംബറിൽ കെട്ടിട നിർമ്മാണം ആരംഭിച്ചു. എന്നാൽ മണ്ണിന്റെ ഉറപ്പിനെ സംബന്ധിച്ച് നിർവ്വഹണ എജൻസിയായ പൊതുമരാമത്ത് വകുപ്പ് സംശയം പ്രകടിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സോയിൽ ടെസ്റ്റ് നടത്താൻ നിർദ്ദേശിക്കുകയും പരിശോധനയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പ്ലാൻ പുന:ക്രമീകരിക്കുകയും ഫണ്ടിന്റെ അപര്യാപ്തതമൂലം നിർമ്മാണ പ്രവർത്തനം മുമ്പോട്ട് കൊണ്ടുപോകാൻ സാധിക്കാതെ വരികയും ചെയ്തു. തുടർന്ന്, 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത സ്കൂളിന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും കെട്ടിട നിർമ്മാണത്തിനുള്ള തുടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## തവനൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

171(4181) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മൂന്ന് കോടി രൂപയുടേയും ഒരു കോടി രൂപയുടേയും സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള നിർവ്വഹണ ഏജൻസിയായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ തവനൂർ മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിലാണ് മൂന്ന് കോടി രൂപ ചെലവിലും ഒരു കോടി രൂപ ചെലവിലും കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ?

(ബി&സി) തവനൂർ മണ്ഡലത്തിൽ മൂന്ന് കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകൾ ചുവടെ ചേർക്കുന്നു.

- ജി.എച്ച്.എസ്.എസ്.കാടഞ്ചേരി,
- ജി.യു.പി.എസ്.പുറത്തൂർ,
- കെ.എം.ജി.വി.എച്ച്.എസ്.എസ്. തവനൂർ,
- ജി.എച്ച്.എസ്.എസ്. എടപ്പാൾ ഇതിൽ എടപ്പാൾ ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തീകരിച്ചു. ശേഷിക്കുന്ന മൂന്ന് സ്കൂളുകളുടേയും ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. 1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകൾ ചുവടെ ചേർക്കുന്നു.
- ജി.യു.പി.എസ്.ചമ്രവട്ടം
- കെ.എം. ജി. യു.പി.എസ്.തവനൂർ
- ചമ്രവട്ടം ജി.യു.പി.എസ്.-ന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്.

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കരാർ ചമച്ച് 9 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാവുന്ന നടപടികളിലാണ്.

**ഒരു വിദ്യാലയത്തിൽ ഒരു നീന്തൽകുളം**

172(4182) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു നിയോജകമണ്ഡലത്തിലെ ഒരു വിദ്യാലയത്തിൽ ഒരു നീന്തൽകുളം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പാലക്കാട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സർക്കാർ സ്കൂളുകളിൽ നീന്തൽകുളം സ്ഥാപിക്കുന്ന പദ്ധതി നിലവിൽ പരിഗണനയിലില്ല.

## വടക്കാഞ്ചേരി മണ്ഡലത്തിലെ സ്കൂളുകളുടെ വികസനം

173(4183) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകൾക്കാണ് ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകൾക്ക് അനുവദിച്ച തുക എത്രയെന്നും അത് എങ്ങനെയാണ് വിനിയോഗിക്കുന്നതെന്നും വിശദമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശവും പ്രസ്തുത സ്കൂളുകൾക്ക് കിഫ്ബി അനുവദിച്ച തുകയും അതിന്റെ വിനിയോഗവും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ വടക്കാഞ്ചേരി ഗവ. ബോയ്സ്.എച്ച്.എസ്.എസിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ വടക്കാഞ്ചേരി ഗവ. ഗേൾസ്.എച്ച്.എസ്.-ന്റെ നിർമ്മാണം പൂർത്തീകരിച്ചു. 1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ സി.എം.ജി.എച്ച്. എസ്.കുറ്റൂർ സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. നിർമ്മാണം ആരംഭിക്കുന്നതിനായി എസ്.പി.വി.-യായ കിലയ്ക്ക് സ്ഥലം കൈമാറിയിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു. ഗവ. എച്ച്.എസ്. എസ്. മച്ചാട് സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ചെലവായ തുക സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട എസ്.പി.വി.-കൾ കിഫ്ബിക്ക് നൽകി ആവശ്യമായ പരിശോധന നടത്തിയാണ് തുക വിനിയോഗിക്കുന്നത്.

(സി) കിഫ്ബിയിൽ നിന്നല്ലാതെ 2016-21 കാലഘട്ടത്തിൽ മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിലെ സ്കൂളുകളുടെ വികസനത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ 2 സ്കൂളുകൾക്ക് പ്ലാൻ ഫണ്ടിൽനിന്നും കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വർഷം | അനുവദിച്ച തുക |
|---|---|---|---|
| 1 | ജി.യു.പി.എസ്. അടാട്ട് | 2017-18 | 100 ലക്ഷം |
| 2 | ജി.ജി.എൽ. പി.എസ്. വടക്കാഞ്ചേരി | 2019-20 | 100 ലക്ഷം. |

**കലാകായിക-പ്രവൃത്തി പരിചയാദ്ധ്യാപകരുടെ ശമ്പളം**

174(4184) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള സമഗ്ര ശിക്ഷ കേരളം പദ്ധതി പ്രകാരം നിയമനം ലഭിച്ച കലാ-കായിക-പ്രവൃത്തി പരിചയാദ്ധ്യാപകർക്ക് 2017-18 വർഷങ്ങളിൽ യാത്രാബത്തയും ഇ.പി.എഫ്.-ഉം അടക്കം 29,000 രൂപയോളം ശമ്പളം ലഭിച്ചുകൊണ്ടിരുന്നതിൽ ഇപ്പോൾ കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കേന്ദ്ര സർക്കാർ വിഹിതം വെട്ടിക്കുറച്ചതിന്റെ ഭാഗമായിട്ടാണോ ഇവർക്ക് ലഭിച്ചിരുന്ന ശമ്പളത്തിൽ കുറവ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പളമായി കേന്ദ്രസർക്കാർ 29,000 രൂപയാണ് 2017-18 വർഷത്തിൽ നൽകിയിരുന്നത്. എന്നാൽ 2018-19-ൽ കേന്ദ്രസർക്കാർ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പളം 7,000 രൂപയായി വെട്ടിക്കുറച്ചു. (ഈ തുകയുടെ കേന്ദ്ര വിഹിതം 4,200 രൂപയും സംസ്ഥാന വിഹിതം 2,800 രൂപയുമാണ്). ഈ തുക വളരെ കുറവായതിനാൽ സമഗ്ര ശിക്ഷാ കേരളത്തിന്റെ ആവശ്യപ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ച തുകയുടെ സംസ്ഥാന വിഹിതത്തിന് പുറമേ 7,000 രൂപ കൂടി അനുവദിക്കുകയും മാസശമ്പളമായി 14,000 രൂപയുമാണ് പ്രസ്തുത അദ്ധ്യാപകർക്ക് നൽകി വരുന്നത്. 2021-22 വർഷം കേന്ദ്ര സർക്കാർ പ്ലാൻ അപ്രൂവൽ ബോർഡ് മീറ്റിംഗിൽ 10,000 രൂപയാണ് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് ശമ്പളമായി തീരുമാനിച്ചിട്ടുള്ളത്. മുൻവർഷത്തെപ്പോലെ കൂടുതൽ തുക നൽകുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) വെട്ടിക്കുറച്ച ശമ്പളം വർദ്ധിപ്പിച്ച് കിട്ടുന്നതിന് അഭ്യർത്ഥിച്ചുകൊണ്ട് പ്രസ്തുത അദ്ധ്യാപകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ഡി) പ്രസ്തുത അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുമോ?

(സി&ഡി) വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

**സമഗ്ര ശിക്ഷ കേരള പദ്ധതികൾ**

175(4185) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ സമഗ്ര ശിക്ഷ കേരള പദ്ധതികൾക്ക് എത്ര തുകയാണ് കേന്ദ്രം വകയിരുത്തിയതെന്ന് വ്യക്തമാക്കുമോ?

73,363.34 ലക്ഷം രൂപ

(ബി) പ്രസ്തുത കാലയളവിൽ പദ്ധതിയിൽ എത്ര ശതമാനം തുക ചെലവഴിച്ചുവെന്നറിയിക്കാമോ;

9.34%

(സി) തദ്ദേശസ്വയം ഭരണ വിഹിതം ലഭിക്കേണ്ടത് എത്ര രൂപയെന്നും ലഭിച്ചത് എത്ര രൂപയെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

കിട്ടേണ്ടത് 20,177.76 ലക്ഷം രൂപ

| ജില്ല | കിട്ടിയ തുക (ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 202.02 |
| കൊല്ലം | 127 |
| പത്തനംതിട്ട | 63 |
| ആലപ്പുഴ | 125.21 |
| കോട്ടയം | 123.57 |
| ഇടുക്കി | 69.74 |
| എറണാകുളം | 150.61 |
| തൃശ്ശൂർ | 97.50 |
| പാലക്കാട് | 254.51 |
| മലപ്പുറം | 153.91 |

| | |
|---|---|
| കോഴിക്കോട് | 211.51 |
| വയനാട് | 35 |
| കണ്ണൂർ | 574.74 |
| കാസർഗോഡ് | 92.69 |
| ആകെ | 2,281.01 |

(ഡി) 2020-21 വർഷത്തിൽ യൂണിഫോം അലവൻസ് സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ജില്ലകൾക്ക് എത്ര രൂപ വീതം വിതരണം ചെയ്തുവെന്നറിയിക്കാമോ?

ഉണ്ട്.

| ജില്ല | തുക (ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 361.96 |
| കൊല്ലം | 220.04 |
| പത്തനംതിട്ട | 66.85 |
| ആലപ്പുഴ | 155.92 |
| കോട്ടയം | 70.93 |
| ഇടുക്കി | 78.7 |
| എറണാകുളം | 140.61 |
| തൃശ്ശൂർ | 143.3 |
| പാലക്കാട് | 292.13 |
| മലപ്പുറം | 647.85 |
| കോഴിക്കോട് | 266.12 |
| വയനാട് | 135.29 |
| കണ്ണൂർ | 153.14 |
| കാസർഗോഡ് | 218.08 |
| ആകെ | 2,950.92 |

(ഇ) 2021-22 വർഷത്തിൽ പഠന പരിപോഷണ പരിപാടിക്ക് പദ്ധതിയുണ്ടോ; എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. എന്നിവയ്ക്കുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് സമഗ്രശിക്ഷാ കേരള കഴിഞ്ഞ വർഷങ്ങളിൽ നടത്തിവന്നതും ഈ വർഷം തുടരുന്നതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പെരുവ ഗവ. സ്കൂളിലെ നിർമ്മാണ പ്രവൃത്തി**

176(4186) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവ ഗവ. സ്കൂളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണവുമായി ബന്ധപ്പെട്ട് എൺപത്തിയെട്ട് ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് എസ്. പി. വി. ആയി നിശ്ചയിച്ചിട്ടുള്ള കൈറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയത് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കാണ് സമർപ്പിച്ചിട്ടുള്ളത്; ഫയൽ നമ്പർ ലഭ്യമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എ. ഡി. എഫിൽ നിന്നും അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് കളക്ടറേറ്റിൽ നിന്നും സാംഗ്ഷൻ ലഭിക്കുന്നതിന് തടസ്സമുണ്ടോ; ഒരിക്കൽ അനുമതി കിട്ടിയ വർക്കിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന് വീണ്ടും ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; അറിയിക്കുമോ?

(എ&ബി) പെരുവ ഗവൺമെന്റ് സ്കൂളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 6.62 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. ടി സ്കൂളിന് 7,50,49,660 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് കൈറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി ഉത്തരവ് നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിൽ കത്ത് നൽകിയിട്ടുണ്ട്. ആയത് എം2/266/2021/പൊ.വി.വ. എന്ന ഫയലിൽ പരിശോധനയിലാണ്.

**സമഗ്ര ശിക്ഷാ കേരളം പദ്ധതി**

177(4187) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്ത് സമഗ്ര ശിക്ഷാ കേരളം പദ്ധതി വഴി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കുന്ന നിരവധി പരിപാടികളിൽ താഴെത്തട്ടിൽ പ്രവർത്തിക്കുന്ന ട്രെയ്നർമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ വിവിധ തലങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യം**

178(4188) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതിപ്രകാരം ഇതിനകം എത്ര സ്കൂളുകൾക്ക് സഹായം അനുവദിച്ചുവെന്ന് അറിയിക്കാമോ?

പദ്ധതിയിനത്തിൽ നിന്നും 1049 സ്കൂളുകൾക്കും, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടിൽ നിന്നും 973 സ്കൂളുകൾക്കും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തുക അനുവദിച്ചിട്ടുണ്ട്

(ബി) എന്തൊക്കെ ഭൗതിക സൗകര്യങ്ങളാണ് പ്രസ്തുത സ്കൂളുകളിൽ ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഓരോ സ്കൂളിന്റെയും ആവശ്യകതയനുസരിച്ച് ക്ലാസ്സ് മുറികൾ, ലൈബ്രറി, ലാബ്, ആഡിറ്റോറിയം, ടോയ്ലെറ്റ് ബ്ലോക്ക്, കിച്ചൺ ബ്ലോക്ക്, ചുറ്റുമതിൽ ഇൻഡോർ/ഔട്ട് ഡോർ കളിസ്ഥലം എന്നിവയുടെ നിർമ്മാണത്തിനാണ് ഭരണാനുമതി നൽകുന്നത്.

(സി) പ്രസ്തുത പദ്ധതിക്കായി കിഫ്ബിയിൽ നിന്നും ഇതിനകം എന്തു തുക ലഭിച്ചുവെന്ന് അറിയിക്കുമോ?

പൊതുവിദ്യാലയങ്ങൾക്ക് കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി 2075.5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കിഫ്ബിയിൽ നിന്നും ധനാനുമതി നൽകിയിട്ടുണ്ട്.

## ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള പഠനോപകരണങ്ങൾ

179 (4189) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഓൺലൈൻ വിദ്യാഭ്യാസ ത്തിനാവശ്യമായ പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത ആദിവാസി മേഖലയിലുള്ള എത്ര വിദ്യാർത്ഥികളുണ്ടെന്ന് പഠിക്കുന്ന ക്ലാസ്സ്, സ്കൂൾ, പഞ്ചായത്ത് എന്നിവ തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ?

ഇതുമായിബന്ധപ്പെട്ട് പ്രത്യേക പ്രൊഫോർമയിൽ തയ്യാറാക്കിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഇവർക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളും പദ്ധതികളും വിശദമാക്കാമോ; കൈറ്റ് വഴി സ്കൂളുകൾക്ക് വിതരണം ചെയ്ത എത്ര കമ്പ്യൂട്ടറുകളാണ് പ്രസ്തുത മണ്ഡലത്തിലെ ആദിവാസി മേഖലയിലുള്ള വിദ്യാർത്ഥികൾക്ക് താത്ക്കാലികമായി വിതരണം ചെയ്തതെന്ന് സ്കൂൾ, പഞ്ചായത്ത് തിരിച്ച് വിശദാംശം അറിയിക്കാമോ;

ഇവർക്കായി മതിയായ അയൽപക്കപഠനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉൾവനങ്ങളിലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ലഭിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇവർക്ക് വൈദ്യുതി, ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിവയുടെ അഭാവമാണോ പഠനോപകരണത്തിന്റെ അഭാവമാണോ ഉള്ളതെന്നും വിശദമാക്കാമോ; ഏതെല്ലാം ആദിവാസി മേഖലയിലാണ് പ്രശ്നങ്ങൾ ഉള്ളതെന്നും ഇത് പരിഹരിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികളും ഇടപെടലുകളും അറിയിക്കാമോ?

വൈദ്യുതി, ഇന്റർനെറ്റ് കണക്ടിവിറ്റി, ഡിജിറ്റൽ പഠനോപകരണങ്ങൾ എന്നിവയുടെ അഭാവമുണ്ട്. വാണിയമ്പുഴ, കുമ്പളപ്പാറ, തരിപ്പപ്പൊട്ടി, വട്ടിക്കല്ല്, പുലിമുണ്ട, പാണപ്പുഴ, താളിപ്പുഴ തുടങ്ങിയ ആദിവാസി മേഖലകളിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. വൈദ്യുതി, ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിവയുടെ അഭാവം പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി യ്ക്കും, ബി.എസ്.എൻ.എൽ-നും വിവരങ്ങൾ നൽകുകയും ആയത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാഠ്യപദ്ധതി പരിഷ്കരണം

180(4190) ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. പ്രമോദ് നാരായൺ:

ഡോ. എൻ. ജയരാജ്:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ. പി. സ്കൂൾ തലംമുതൽ പന്ത്രണ്ടാം ക്ലാസ് തലംവരെയുള്ള കരിക്കുലം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് എൽ. പി. തലംമുതൽ ഹയർസെക്കണ്ടറി വരെയുള്ള പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന കരിക്കുലം ഫ്രെയിം വർക്ക് വികസിപ്പിക്കുന്നതിനായുള്ള പ്രാരംഭ ചർച്ചകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനം സ്വന്തം നിലയ്ക്ക് പാഠ്യപദ്ധതി പരിഷ്കരിക്കാനാണോ അതോ കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ചുള്ള പാഠ്യപദ്ധതി തയ്യാറാക്കാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനം സ്വന്തം നിലയ്ക്ക് പാഠ്യപദ്ധതി പരിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനായി സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ കാഴ്ചപ്പാടിനും സമീപനത്തിനും അനുസൃതമായ കേന്ദ്ര നിർദ്ദേശങ്ങളും പരിഗണിക്കുന്നതാണ്.

(സി) പാഠ്യപദ്ധതിയുടെ കരട് രൂപം തയ്യാറാക്കി കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കരട് രൂപം തയ്യാറാക്കി നൽകിയിട്ടില്ല.

## മാതൃഭാഷ പഠനം

181(4191) ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. ടി..ഐ. മധുസൂദനൻ

ശ്രീ എം എസ് അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകുതിയോളം വിദ്യാർത്ഥികളുടെ അദ്ധ്യയന മാധ്യമം മാതൃഭാഷ അല്ലെന്ന പ്രശ്നം പരിഹരിക്കാൻ വേണ്ട ഇടപെടലുകൾ ഉണ്ടാകുമോ?

അദ്ധ്യയന മാധ്യമം മാതൃഭാഷയിൽ നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്.

(ബി) മാതൃഭാഷയ്ക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് ഇംഗ്ലീഷിന് പ്രാധാന്യം നൽകുന്നതോടൊപ്പം പ്രീ പ്രൈമറി, പ്രൈമറി തലത്തിലെങ്കിലും അദ്ധ്യയനം നിർബന്ധമായും മാതൃഭാഷയിലാക്കുന്ന കാര്യം പരിശോധിക്കുമോ?

എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പ്രീ-സ്കൂൾ പാഠ്യപദ്ധതി സമീപനത്തിൽ അദ്ധ്യായന മാധ്യമം മാതൃഭാഷയിലായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പ്രൈമറിതലത്തിലും അദ്ധ്യയന മാധ്യമം മാതൃഭാഷയിലായിരിക്കണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്.

(സി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മാതൃഭാഷാ പഠനം നിർബന്ധമാക്കാൻ നിർദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

2017-ലെ മലയാളഭാഷ പഠന ആക്റ്റ് പ്രകാരം കേരള സംസ്ഥാനത്ത് പ്രീ-പ്രൈമറി തലംമുതൽ ഹയർ സെക്കന്ററിതലം വരെ മാതൃഭാഷയായ മലയാളപഠനം നിർബന്ധമാക്കിയിട്ടുണ്ട്. മലയാളഭാഷാ പഠന ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് സ്കൂൾ തല പരിശോധനകൾ നടത്താൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## എച്ച്.എസ്.എസ്.ടി. തസ്തികയിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനം

182(4192) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം പി.എസ്.സി.-യെ ചുമതലപ്പെടുത്തി ഉത്തരവിറക്കിയിരുന്നോ; ഇപ്രകാരം ഉത്തരവ് ഇറക്കാനുള്ള സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

1-12-2015-ലെ സ.ഉ.(കൈ) നമ്പർ 296/2015/പൊ.വി.വ.. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എച്ച്.എസ്.എസ്.റ്റി./എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) തസ്തികയിലേയ്ക്കുള്ള 25% തസ്തികമാറ്റ ഒഴിവുകളിലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം 70:20:5:5 എന്ന അനുപാതത്തിൽ എച്ച്.എസ്.എ, യു.പി.എസ്.എ./ എൽ.പി.എസ്.എ., മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർ സെക്കണ്ടറി വിഭാഗം), ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിലേയ്ക്കായി നിജപ്പെടുത്തുകയും പ്രസ്തുത നിയമനം

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിന് കാലതാമസം നേരിടുന്നതിനാൽ അക്കാദമിക് താൽപര്യം കണക്കിലെടുത്ത് ബൈ ട്രാൻസ്ഫർ നിയമനം സീനിയോരിറ്റി അടിസ്ഥാനമാക്കി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന നടത്തുന്നതിന് 30-1-2021-ലെ സ.ഉ (അച്ചടി)നമ്പർ 2/2021/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അടിസ്ഥാനമാക്കി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എച്ച്.എസ്.എ., യു.പി.എസ്.എ./ എൽ.പി.എസ്.എ., മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർ സെക്കണ്ടറി വിഭാഗം), ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽനിന്നും ഓൺലൈനായി എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനങ്ങൾക്കായി അപേക്ഷ ക്ഷണിക്കുകയും പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ്, മോഡിഫൈഡ് പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് എന്നിവ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ OA (EKM) 41/2016 നമ്പർ കേസിന്മേലുള്ള 1-2-2021-ലെ ബഹു.കോടതി ഉത്തരവിൽ 1-12-2015 ലെ സ.ഉ(കൈ) നമ്പർ 296/2015/ പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് കോടതി set aside ചെയ്തിട്ടുണ്ട്.

**ഉച്ചഭക്ഷണവിതരണത്തിലെ ക്രമക്കേട്**

183(4193) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തിരിപ്പാല ജി.വി.എച്ച്.എച്ച്.എസ്.-ൽ 2013-2019 കാലയളവിൽ ഉച്ചഭക്ഷണ വിതരണ പദ്ധതിയിൽ പാൽ, അരി എന്നിവയുടെ വിതരണത്തിലെ ക്രമക്കേട് സംബന്ധിച്ച് ജില്ലാവിദ്യാഭ്യാസ ഓഫീസർ, പാലക്കാട് ജില്ലാപഞ്ചായത്ത്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ ഓഡിറ്റ് വിഭാഗം മുതലായവരുടെ റിപ്പോർട്ടുകളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

പത്തിരിപ്പാല ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 2013-2019 കാലയളവിലെ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉച്ചഭക്ഷണ പദ്ധതിയുടെ ചുമതലയുണ്ടായിരുന്ന അദ്ധ്യാപകന് വേലവിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2013-2018 കാലയളവിൽ ടി സ്കൂളിൽ സേവനത്തിൽ ഉണ്ടായിരുന്ന പ്രധാന അദ്ധ്യാപകർക്കെതിരെ നിയമ നടപടി സ്വീകരിക്കാനും പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) ഹർത്താൽ ദിനങ്ങളായ 16-10-2017, 30-7-2018, 10-9-2018, 10-10-2018 എന്നീ തീയതികളിലും യഥാക്രമം 738, 578, 739, 686 വിദ്യാർത്ഥികൾക്ക് വീതം ഉച്ചഭക്ഷണം, പാൽ എന്നിവ വിതരണം ചെയ്തതായും പാൽ-പലചരക്ക് സാധനങ്ങൾ നിലവിലില്ലാത്ത സ്റ്റോറുകളുടെ പേരിൽ വ്യാജ ബിൽ ഉണ്ടാക്കി ക്രമക്കേട് നടത്തിയതുമായുള്ള പാലക്കാട് ജില്ലാ പഞ്ചായത്ത് നിയോഗിച്ച അന്വേഷണക്കമ്മിറ്റിയുടെ കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ അന്വേഷണം സമയബന്ധിതമായി നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വെളിപ്പെടുത്താമോ?

(ബി&സി) പാലക്കാട് ജില്ലാ പഞ്ചായത്ത് നിയോഗിച്ച അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്റ്റാറ്റ്യൂട്ടറി പെൻഷനിലേയ്ക്ക് മാറിയ ഹയർസെക്കണ്ടറി ജീവനക്കാർ

184(4194) <u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ൽ മലബാർ മേഖലയിൽ എത്ര ഹയർസെക്കണ്ടറി സ്കൂളുകളും ഇതിൽ എത്ര അദ്ധ്യാപകരുടെയും ലാബ് അസിസ്റ്റന്റുമാരുടെയും തസ്തികകളും അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

20-7-2010 -ലെ ജി.ഒ.(എം.എസ്) നമ്പർ 128/10/ പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലും മലബാർ മേഖലയിലെ ആറ് ജില്ലകളിലുംപെട്ട 178 സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ പുതുതായി ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ച് ഉത്തരവായിരുന്നു. ആയതിൽ മലബാർ മേഖലയിൽ 141 ഹയർ സെക്കണ്ടറി സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലും മലബാർ മേഖലയിലും സൃഷ്ടിക്കപ്പെട്ട അദ്ധ്യാപക, ലാബ് അസിസ്റ്റന്റ് തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. Total No. of Post created- HSST (Jr) - 2102, HSST - 141, Principal - 146, Lab Assistant - 272, Upgradation of HSST (Jr) to HSST - 1234, Upgradation of HSST to Principal - 27

(ബി) പുതിയതായി ഹയർസെക്കണ്ടറി സ്കൂൾ അനുവദിക്കുമ്പോൾ എപ്പോഴാണ് അദ്ധ്യാപകരുടെയും ലാബ് അസിസ്റ്റന്റുമാരുടെയും തസ്തിക അനുവദിക്കേണ്ടതെന്നും എപ്പോഴാണ് അവ അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

ജൂനിയർ തസ്തികകൾ അനുവദിച്ചത് ഒന്നാം വർഷവും സീനിയർ തസ്തികകളും ലാബ് അസിസ്റ്റന്റ് തസ്തികകളും അനുവദിച്ചത് രണ്ടാം വർഷവുമാണ്. 6-8-2011-ലെ സ.ഉ.(എം.എസ്) നമ്പർ 168/2011/ പൊ.വി.വ., 24-10-2011-ലെസ.ഉ. (എം.എസ്.) നമ്പർ 211/2011, 23-2-2013-ലെ സ.ഉ.(എം.എസ്) നമ്പർ 76/2013/ പൊ.വി.വ., 15-5-2013-ലെ സ.ഉ.(എം.എസ്) നമ്പർ165/2013/പൊ.വി.വ. എന്നിവ പ്രകാരമാണ് തസ്തികകൾ അനുവദിച്ചത്.

(സി) ഈ സ്കൂളുകളിൽ പിന്നീട് അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ടോയെന്നും ഈ ബാച്ചുകളിൽ തസ്തിക അനുവദിച്ചത് എപ്പോഴാണെന്നും വ്യക്തമാക്കുമോ?

അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. 31-8-2013-ലെ ജി.ഒ. (എം.എസ്) നമ്പർ.246/2013/ പൊ.വി.വ., 1-2-2014-ലെ സ.ഉ.(എം.എസ്) നമ്പർ 26/2014/പൊ.വി.വ., 5-8-2013-ലെ സ.ഉ.(എം.എസ്) നമ്പർ 226/2013/ പൊ.വി.വ., 15-7-2013-ലെ സ.ഉ.(എം.എസ്) നമ്പർ211/2013/പൊ.വി.വ., 23-10-2020-ലെ ജി.ഒ.(എം.എസ്)നമ്പർ 166/2020/ പൊ.വി.വ., 20-8-2019-ലെ ജി.ഒ.(എം.എസ്) നമ്പർ 125/2019/പൊ.വി.വ., 6-2-2019-ലെ സ.ഉ.(കൈ) നമ്പർ14/2019/പൊ.വി.വ., 17-10-2018-ലെ സ.ഉ.(കൈ) നമ്പർ 153/2018/ പൊ.വി.വ., 21-8-2017-ലെ സ.ഉ.(കൈ) നമ്പർ 106/2017/പൊ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരമാണ് തസ്തികകൾ അനുവദിച്ചിട്ടുള്ളത്.

(ഡി) ഈ സ്കൂളുകളിലെ അദ്ധ്യാപകർ, ലാബ് അസിസ്റ്റന്റുമാർ എന്നിവരിൽ എത്രപേർ സ്റ്റാറ്റ്യൂട്ടറി, കോൺട്രിബ്യൂട്ടറി പെൻഷനുകളിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സ്റ്റാറ്റ്യൂട്ടറി പെൻഷൻ - 1154, കോൺട്രിബ്യൂട്ടറി പെൻഷൻ - 539

(ഇ) കോടതി ഉത്തരവിലൂടെ സ്റ്റാറ്റ്യൂട്ടറി പെൻഷനിലേയ്ക്ക് മാറിയ ജീവനക്കാർ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ; കോടതി ഉത്തരവ് ഉണ്ടായിട്ടും സ്റ്റാറ്റ്യൂട്ടറി പെൻഷനിലേയ്ക്ക് മാറിയിട്ടും കോൺട്രിബ്യൂട്ടറി പെൻഷനിലേയ്ക്ക് തുക ഈടാക്കുന്ന എത്ര ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ?

കോടതി ഉത്തരവിലൂടെ സ്റ്റാറ്റ്യൂട്ടറി പെൻഷനിലേയ്ക്ക് മാറിയ ജീവനക്കാർ- 36

സ്റ്റാറ്റ്യൂട്ടറിയിലേയ്ക്ക് മാറിയിട്ടും കോൺട്രിബ്യൂട്ടറി പെൻഷനിലേയ്ക്ക് തുക ഈടാക്കുന്ന ജീവനക്കാർ - 62

(എഫ്) കോടതി ഉത്തരവിലൂടെ സ്റ്റാറ്റ്യൂട്ടറി പെൻഷനിലേയ്ക്ക് മാറിയ ജീവനക്കാർക്ക് നീതി നടപ്പാക്കാൻ സർക്കാർ നടപടി എവിടെവരെയായെന്ന് അറിയിക്കുമോ?

സ.ഉ(സാധാ)നമ്പർ 3181/2020/പൊ.വി.വ. തീയതി 29-11-2020 പ്രകാരം, 23-2-2013-ലെ സ.ഉ.(എം.എസ്) നമ്പർ 76/2013/പൊ.വി.വ. തീയതി പ്രകാരം സൃഷ്ടിച്ച ജീവനക്കാരെ എൻ.പി.എസ്.-ൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതോടൊപ്പംതന്നെ പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പങ്കാളിത്ത പെൻഷൻ സ്കീമിലേയ്ക്ക് പിടിച്ച തുക 23-8-2016-ലെ സ.ഉ.(പി) നമ്പർ 120/2016/ഫിൻ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയ നടപടികൾ സ്വീകരിച്ച് തിരികെ നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചേളാരി ജി.വി.എച്ച്.എസ്.എസ്. കെട്ടിടനിർമ്മാണം**

185(4195) <u>ശ്രീ. അബ്ദുൽ ഹമീദ് പി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വീതികൂട്ടി വികസിപ്പിക്കുമ്പോൾ വള്ളിക്കുന്ന് മണ്ഡലത്തിലെ ചേളാരി ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ പൊളിച്ചുനീക്കുന്ന കെട്ടിടങ്ങൾക്ക് പകരം കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പൊളിച്ചുമാറ്റുന്ന കെട്ടിടങ്ങൾക്ക് പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രത്യേക ഫണ്ടുകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

(എ-സി) പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. പൊളിച്ച് മാറ്റുന്ന കെട്ടിടങ്ങൾക്ക് പകരം കെട്ടിടം നിർമ്മിക്കുന്നതിന് പ്രത്യേക ഫണ്ടുകളൊന്നും നിലവിലില്ല.

## ഹയർസെക്കണ്ടറി പുതിയ ബാച്ചുകൾ ആരംഭിക്കുന്നതിന് നടപടി

186(4196) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ അദ്ധ്യയന വർഷം കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതെങ്കിലും സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പുതിയ പ്ലസ് ടു ബാച്ചുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

## എച്ച്.എസ്.എസ്.ടി തസ്തികയിലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം

187(4197) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിന് പി.എസ്.സി.-യെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചതിനു ശേഷം ഇക്കാര്യത്തിനായി പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്ന വേക്കൻസികൾ തിരികെ വിളിച്ച് സീനിയോറിറ്റി അനുസരിച്ച് പ്രമോഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ഇപ്രകാരം തിരിച്ചെടുക്കുന്നത് ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) 1-12-2015-ലെ സ.ഉ(കൈ) നമ്പർ 296/2015/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എച്ച്.എസ്.എസ്.റ്റി./എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) തസ്തികയിലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം 70:20:5:5 എന്ന അനുപാതത്തിൽ എച്ച്.എസ്.എ., യു.പി.എസ്.എ./എൽ.പി.എസ്.എ., മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർ സെക്കണ്ടറി വിഭാഗം), ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിലേയ്ക്കായി നിജപ്പെടുത്തുകയും പ്രസ്തുത നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിന് കാലതാമസം നേരിടുന്നതിനാൽ അക്കാദമിക് താൽപര്യം കണക്കിലെടുത്ത് ബൈ ട്രാൻസ്ഫർ നിയമനം സീനിയോറിറ്റി അടിസ്ഥാനമാക്കി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന നടത്തുന്നതിന് 30-1-2021-ലെ സ.ഉ. (അച്ചടി)നമ്പർ 2/2021/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചുവെങ്കിലും OA(EKM)

41/2016 നമ്പർ കേസിന്മേലുള്ള 1-2-2021-ലെ ബഹു. ഹൈക്കോടതി ഉത്തരവിൽ 1-12-2015-ലെ സ.ഉ(കൈ) നമ്പർ 296/2015/പൊ.വി.വ. ഉത്തരവ് കോടതി set aside ചെയ്തിട്ടുണ്ട്. 30-1-2021-ലെ സ.ഉ(പി) 2/2021/പൊ.വി.വ..-ൽ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ തിരികെ എടുത്ത് നികത്തണമെന്ന് ഉത്തരവ് നൽകിയിട്ടില്ല. 28-12-2020-നശേഷം സംജാതമാകുന്ന ഒഴിവുകൾ PSC-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്.

### പ്ലസ്ടു വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്

188(4198) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, സ്കൗട്ട് & ഗൈഡ്സ് എന്നീ ഇനങ്ങളിലുള്ള ഗ്രേസ് മാർക്ക് പ്ലസ് ടു വിദ്യാർത്ഥികൾക്ക് കൊടുക്കുന്നത് പരിഗണനയിലുണ്ടോ?

2020-21 അദ്ധ്യയന വർഷത്തെ പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ബി) കോവിഡിന്റെ കാലഘട്ടത്തിൽ സ്തുത്യർഹമായ സേവനം ചെയ്ത കുട്ടികൾക്ക് ഗ്രേസ് മാർക്ക് പരിഗണിക്കാതിരിക്കുന്നത് സാമൂഹിക നീതിയുടെയും മനുഷ്യാവകാശത്തിന്റെയും ലംഘനമായി കാണുന്നുണ്ടോ; ഇത് പരിഹരിച്ച് വിദ്യാർത്ഥികൾക്ക് അർഹമായ ഗ്രേസ് മാർക്ക് നൽകുന്നത് പരിഗണിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ഇല്ല. 2020-21 അദ്ധ്യയന വർഷത്തെ പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഇത്തവണ ഗ്രേസ് മാർക്ക് നൽകുന്ന വിഷയം പരിഗണനയിലില്ല. കോവിഡ്-19 മഹാമാരി കാരണം ഗ്രേസ് മാർക്ക് ലഭിക്കേണ്ട പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് നടത്താൻ കഴിയാതെവന്ന സാഹചര്യത്തിലാണ് ഇത്തവണ ഗ്രേസ് മാർക്ക് നല്കുന്ന കാര്യം പരിഗണിക്കാതിരുന്നത്.

### ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം

189(4199) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് വർഷം പൂർത്തിയാക്കിയ ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരെ സീനിയർ അദ്ധ്യാപകരാക്കി ഉയർത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരെ പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് പരിഗണിക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം 2:1 എന്ന അനുപാതത്തിൽ യോഗ്യരായ എച്ച്.എസ്.എസ്.ടി.-മാരിൽനിന്നും എച്ച്.എം.-മാരിൽനിന്നുമാണ്. ടി ആളുകൾക്ക് മിനിമം 12 വർഷത്തെ അദ്ധ്യാപന പരിചയം യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. എച്ച്.എസ്.എസ്.ടി. തസ്തികയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലും അദ്ധ്യാപന പരിചയത്തിന്റെ അടിസ്ഥാനത്തിലുമാണ് മേൽ നിയമനം നടത്തുന്നത്. എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് എച്ച്.എസ്.എസ്.ടി. സീനിയർ തസ്തിക. സീനിയർ തസ്തികയിലേയ്ക്ക് പ്രൊമോഷന് മതിയായ ജൂനിയർ അദ്ധ്യാപകർ ഇല്ലാതാകുമ്പോൾ മാത്രമാണ് 3:1 അനുപാതത്തിൽ അത് പി.എസ്.സി. വഴി നേരിട്ടുള്ള നിയമനത്തിനും HSA/UPSA/LPSA-ൽ നിന്നുമുള്ള ബൈട്രാൻസ്ഫർ നിയമനത്തിനും നൽകുന്നത്. എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയായ എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിൽനിന്നുമാണ് അടുത്ത പ്രൊമോഷൻ തസ്തികയായ പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നത്. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ തസ്തികയിൽനിന്നും നേരിട്ട് പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള നിയമനം സാധ്യമല്ല.

(സി) ഹയർ സെക്കണ്ടറി ജൂനിയർ, സീനിയർ അദ്ധ്യാപകരുടെ ശമ്പളത്തിൽ എത്ര വ്യത്യാസമാണ് ഉള്ളതെന്നും ഈ രണ്ട് തസ്തികകളിലെയും നിയമനത്തിനുള്ള യോഗ്യതകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ജൂനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിലിനെക്കാൾ (45,600-95,600) കൂടുതലായിരിക്കും സീനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിൽ (55,200-1,15,300). എന്നിരുന്നാലും ജൂനിയർ അദ്ധ്യാപകന്റെ സേവന കാലയളവ് പരിഗണിച്ച് 8 വർഷം ആകുമ്പോൾ ഹയർ ഗ്രേഡും (55,200-1,15,300) 15 വർഷം ആകുമ്പോൾ സെലക്ഷൻ ഗ്രേഡും (56,500-1,18,100) അനുവദിച്ചു നല്കുന്നു. ഹയർ സെക്കണ്ടറി ജൂനിയർ, സീനിയർ അദ്ധ്യാപകരുടെ യോഗ്യതകൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എസ്.എസ്.എൽ.സി. പാസ്സായി വരുന്ന മുഴുവൻ കുട്ടികൾക്കും പുതിയ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

190(4200) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എസ്.എസ്.എൽ.സി. പാസ്സായ എല്ലാ കുട്ടികൾക്കും ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ. കോഴ്സുകൾക്ക് ചേരുന്നതിനുള്ള സീറ്റുകളും പശ്ചാത്തല സൗകര്യങ്ങളും നിലവിലുണ്ടോ; വിശദമാക്കുമോ?

സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് മേഖലയിലെ സീറ്റുകൾ പരിഗണിക്കുമ്പോൾ പ്രവേശന നടപടികൾ അവസാനിച്ച് കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല. വി. എച്ച്. എസ്. ഇ.-യിൽ ആകെ 33030 സീറ്റുകൾ ഉണ്ട്. എല്ലാ വർഷവും പ്ലാൻ ഫണ്ടിൽ അടിസ്ഥാന സൗകര്യ വികസനത്തിനും ലബോറട്ടറികളുടെ നവീകരണത്തിനും തുക വകയിരുത്തുന്നുണ്ട്.

(ബി) നടപ്പ് വിദ്യാഭ്യാസ വർഷം പ്ലസ് വൺ, വി.എച്ച്.എസ്.ഇ. വിഭാഗങ്ങളിലായി സീറ്റുകളും ബാച്ചുകളും വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ആലോചിക്കുന്നുണ്ട്.

(സി) ഹൈസ്കൂളുകളെ ഹയർ സെക്കണ്ടറി സ്കൂളുകളായി ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ?

31-7-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 143/2014/പൊ.വി.വ.. പ്രകാരം 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

i. താഴെപ്പറയുന്ന മുൻഗണനാ ക്രമത്തിലായിരിക്കണം അധിക ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കേണ്ടത്.

1. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ.

2. കോർപ്പറേറ്റ് മാനേജ്മെന്റ് നടത്തുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ.

3. വ്യക്തിഗത/ട്രസ്റ്റ് മാനേജ്മെന്റുകൾ നടത്തുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ.

ii. ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കുമ്പോൾ കൂടുതൽ സീറ്റുകൾ ആവശ്യമായി വരുന്ന റവന്യൂ ജില്ലയ്ക്കായിരിക്കും മുൻഗണന നൽകുക.

iii. സർക്കാർ മേഖലയിൽ അധിക ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ സമർപ്പിക്കേണ്ടതാണ്. എയ്ഡഡ് മേഖലയിൽ അധിക ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഹയർ സെക്കണ്ടറി സ്കൂൾ മാനേജർമാർ സമർപ്പിക്കേണ്ടതാണ്.

iv. അപേക്ഷകൾ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ നിശ്ചയിക്കുന്ന മാതൃകയിലുള്ള ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്.

v. അപേക്ഷകൾ ബന്ധപ്പെട്ട ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുഖേന ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രിൻസിപ്പൽമാർ/മാനേജർമാർ സമർപ്പിക്കേണ്ടതാണ്.

vi. എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽനിന്നുള്ള അപേക്ഷകൾ സംസ്ഥാന ട്രഷറിയിൽ 0202-1-102-97 (03) other receipts എന്ന അക്കൗണ്ട് ഹെഡ്ഡിൽ 500 രൂപ അപേക്ഷ ഫീസായി അടച്ചതിന്റെ ചലാൻ സഹിതം സമർപ്പിക്കേണ്ടതാണ്. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽനിന്നുള്ള അപേക്ഷകൾക്ക് ഫീസുണ്ടായിരിക്കുന്നതല്ല.

vii. അപേക്ഷിക്കുന്ന സ്കൂളിന് താഴെപ്പറയുന്ന ഭൗതിക സൗകര്യങ്ങൾ ഉണ്ടായിരിക്കണം. സ്ഥല സൗകര്യം-കുറഞ്ഞത് 1.2 ഹെക്ടർ കെട്ടിട സൗകര്യം-കെ.ഇ.ആർ. വ്യവസ്ഥകൾ പ്രകാരം ക്ലാസ് റൂം സൗകര്യം-ഒരു ബാച്ചിന് 9x6x3.70 മീറ്റർ, ഭാഷാ വിഭാഗത്തിന് 6x6x3.70 മീറ്റർ ലബോറട്ടറി സൗകര്യം-ഓരോ സയൻസ് വിഷയത്തിനും 12x6x3.70 മീറ്റർ വീതം. കൂടാതെ നിശ്ചിത ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കണം.

viii. സർക്കാർ മേഖലയിലുള്ള സ്കൂളിന് മുകളിൽ പറഞ്ഞ ഭൗതിക സൗകര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തേ ണ്ടതാണ്.

5-4-2016-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ75/2016/പൊ.വി.വ.. പ്രകാരം സംസ്ഥാനത്ത് പുതിയ സ്കൂളുകളും/അധിക ബാച്ചുകളും അനുവദിക്കുന്നതിലേയ്ക്കായി പ്രാദേശിക, സംസ്ഥാന തലത്തിൽ വിദ്യാഭ്യാസ ആവശ്യകത വിലയിരുത്തി സർക്കാർ ഉത്തരവാകണമെന്ന് തീരുമാനമായി. ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ആവശ്യകത വിലയിരുത്തുന്നതിനായി പ്രാദേശിക സംസ്ഥാനതല കമ്മിറ്റികൾ രൂപീകൃതമാകുകയും ടി കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷത്തേയും വിദ്യാഭ്യാസ ആവശ്യകത വിലയിരുത്തി പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ/അധിക ബാച്ചുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ആയത് പ്രകാരം മേൽ പരാമർശിച്ച മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാറാവുന്നതാണ്.

(ഡി) ഹയർസെക്കണ്ടറിയിലും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലും ന്യൂജനറേഷൻ തൊഴിലധിഷ്ഠിത കോഴ്സുകൾ കൂടുതലായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

2020-21 അധ്യയന വർഷംമുതൽ ദേശീയ നൈപുണ്യ വികസന ചട്ടക്കൂട് (എൻ.എസ്.ക്യൂ.എഫ്.) പദ്ധതി പ്രകാരം ദേശീയാംഗീകാരമുള്ള സ്കിൽ കോഴ്സുകളാണ് വി.എച്ച്.എസ്.ഇ.-യിൽ പരിശീലിപ്പിക്കുന്നത്. ആധുനികമായ സാങ്കേതിക വിദ്യകളുടെ ആവിർഭാവമുണ്ടാകുമ്പോഴും കോഴ്സുകൾ പുതുക്കുമ്പോഴും ഏറ്റവുംപുതിയ ജോബ് റോളുകൾ പഠനത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മുൻ വർഷമുണ്ടായിരുന്ന 46 എൻ.എസ്.ക്യൂ.എഫ്. ജോബ് റോളുകളിൽ 4 എണ്ണത്തിൽ വ്യതിയാനങ്ങളുണ്ടാകുകയും പുതിയ 6 ജോബ് റോളുകൾ ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഈ പ്രക്രിയ തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്.

**ഓൺലൈൻ ഗെയിം**

191(4201) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പബ്ജി നിരോധിച്ചതിനുശേഷം സൗജന്യ ഓൺലൈൻ ഗെയിമിനോട് കുട്ടികൾ അമിത താല്പര്യം കാണിക്കുന്നത് നിരുത്സാഹപ്പെടുത്തുവാൻ വിദ്യാഭ്യാസവകുപ്പ് ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുമോ?

ഓൺലൈൻ/ഡിജിറ്റൽ പഠനം നടത്തുമ്പോൾ കുട്ടികൾ ശ്രദ്ധിക്കേണ്ട സൈബർ സുരക്ഷ സംബന്ധിച്ച് രക്ഷിതാക്കൾക്കും കുട്ടികൾക്കും അദ്ധ്യാപകർ മുഖേന മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഓൺലൈൻ ഗെയിമുകൾ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തിയിട്ടില്ല.

## വടകര മണ്ഡലത്തിലെ പ്ലസ് വൺ സീറ്റുകൾ

192(4202) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽനിന്ന് ഈ വർഷം പത്താം ക്ലാസ് പാസ്സായ കുട്ടികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ?

വടകര നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽനിന്നും ഈ വർഷം 2422 കുട്ടികളാണ് എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായിട്ടുള്ളത്.

(ബി) പ്രസ്തുത മണ്ഡലത്തിലെ സ്കൂളുകളിൽ നിലവിൽ ലഭ്യമായ പ്ലസ് വൺ സീറ്റുകളുടെ എണ്ണം എത്രയാണ്; വിഷയങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) വടകര മണ്ഡലത്തിൽനിന്നും പത്താംക്ലാസ് പാസായ കുട്ടികൾക്ക് മുഴുവൻ അവരുടെ ഇഷ്ടാനുസരണമുള്ള വിഷയങ്ങൾ പഠിക്കുന്നതിന് ഇത്രയും എണ്ണം സീറ്റുകൾ മതിയാകും എന്ന് കരുതുന്നുണ്ടോയെന്ന് അറിയിക്കുമോ?

(ബി&സി) വടകര നിയോജകമണ്ഡലത്തിൽ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് മേഖലകളിലായി സയൻസ് വിഭാഗത്തിൽ 1000 സീറ്റുകളും ഹ്യുമാനിറ്റീസ് വിഭാഗത്തിൽ 400 സീറ്റുകളും കോമേഴ്സ് വിഭാഗത്തിൽ 700 സീറ്റുകളുംകൂടി 2100 സീറ്റുകളാണ് ലഭ്യമായിട്ടുള്ളത്. പ്രസ്തുത മണ്ഡലത്തിൽ സർക്കാർ/എയ്ഡഡ്/സ്കൂളുകളിൽ 20% മാർജിനൽ സീറ്റ് വർദ്ധനവ് ഏർപ്പെടുത്തുമ്പോൾ ആകെ 2470 സീറ്റുകൾ ലഭ്യമാണ്. ആയതിനാൽ സീറ്റുകൾ പര്യാപ്തമാണ്.

(ഡി) എങ്കിൽ പ്രസ്തുത മണ്ഡലത്തിലെ സ്കൂളുകളിൽ പ്ലസ് വൺ സീറ്റുകളും ബാച്ചുകളും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ?

20% മാർജിനൽ സീറ്റ് വർദ്ധനവ് വരുത്തുന്നകാര്യം പരിഗണിക്കുന്നുണ്ട്.

## കലഞ്ഞൂർ സ്കൂളിലെ ഹയർ സെക്കണ്ടറി ബ്ലോക്കിന്റെ നിർമ്മാണം

193(4203) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കലഞ്ഞൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ഹയർ സെക്കണ്ടറി ബ്ലോക്കിന്റെ രണ്ടാം നില പൂർത്തീകരിക്കാനുള്ള നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഹയർ സെക്കണ്ടറി ബ്ലോക്കിന്റെ രണ്ടാം നിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

## മുട്ടുങ്ങൽ എൽ.പി സ്കൂൾ

194(4204) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയുടെ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് മുട്ടുങ്ങൽ എൽ.പി. സ്കൂളിന്റെ സ്ഥലവും ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

മുട്ടുങ്ങൽ എൽ.പി. സ്കൂളിന്റെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഈ സ്കൂൾ അൺഇക്കണോമിക്ക് സ്കൂളുകളുടെ വിഭാഗത്തിൽ പെട്ടതാണോയെന്ന് അറിയിക്കുമോ; ഇവിടെ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലായി നിലവിൽ ജോലി ചെയ്യുന്നവരുടെ വിവരം അറിയിക്കുമോ?

പ്രസ്തുത സ്കൂൾ അൺഇക്കണോമിക്ക് വിഭാഗത്തിൽപ്പെടുന്നു. ടി സ്കൂളിൽ 37 കുട്ടികൾ പഠിക്കുന്നു. 4 അദ്ധ്യാപകർ, ഒരു നഴ്സറി ടീച്ചർ, ഒരു പാചക തൊഴിലാളി എന്നിവർ നിലവിൽ ജോലി ചെയ്തുവരുന്നു.

(സി) ഈ സ്ഥാപനം മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ടി സ്കൂൾ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കണ്ണിവയൽ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

195(4205) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കണ്ണിവയൽ ടീച്ചേഴ്സ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ (ചിറ്റാരിക്കൽ) 2006-2011 വർഷത്തിൽ കെട്ടിട നിർമ്മാണത്തിനായി മൂന്ന് കോടി പത്ത് ലക്ഷം രൂപ അനുവദിച്ചിട്ടും നിർമ്മാണപ്രവൃത്തി ആരംഭിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് പദ്ധതിയിനത്തിൽ ഭരണാനുമതി നൽകിയിട്ടില്ല.

## ചേളാരി ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ കെട്ടിട നിർമ്മാണം

196(4206) ശ്രീ. അബ്ദുൽ ഹമീദ്. പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ചേളാരി സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിന് പ്ലാൻ ഫണ്ടിൽനിന്ന് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് നിർമ്മാണം ആരംഭിച്ച കെട്ടിട നിർമ്മാണം പുനരാരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അടിയന്തരമായി ഇക്കാര്യത്തിൽ വകുപ്പുതല ഇടപെടലുകൾ നടത്തി സ്കൂൾ കെട്ടിട നിർമ്മാണം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിലോ വകുപ്പുതലത്തിലോ ഫയലുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. വിദ്യാഭ്യാസ മന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഫയൽ നമ്പർ ഉൾപ്പെടെ വിവരങ്ങൾ നൽകാമോ?

(എ-ഡി) പൊതുവിദ്യാഭ്യാസ വകുപ്പിലെ എം2/13/2020/പൊ.വി.വ. നമ്പർ ഫയലിൽ പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു.

## പനയാൽ ജി.എൽ.പി. സ്കൂൾ സ്ഥലം കയ്യേറ്റം

197(4207) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ജി.എൽ.പി.എസ്. പനയാലിന് എത്ര ഏക്കർ സ്ഥലമാണുള്ളതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത സ്കൂളിന്റെ സ്ഥലം സ്വകാര്യ വ്യക്തി കയ്യേറിയതുമായി ബന്ധപ്പെട്ട പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ-സി) കാസർഗോഡ് ജില്ലയിലെ പനയാൽ ഗവൺമെന്റ് എൽ.പി. സ്കൂളിന് 1981-ലെ രേഖകൾ പ്രകാരം 3 ഏക്കർ 81 സെന്റ് സ്ഥലം ഉണ്ടെങ്കിലും അടുത്തകാലത്ത് നടത്തിയ ലാൻഡ് സർവ്വേ പ്രകാരം 61 സെന്റ് മാത്രമേ

നിലവിലുള്ളൂ. പ്രസ്തുത വകുപ്പിന്റെ സ്ഥലം സ്വകാര്യ വ്യക്തി കയ്യേറിയതുമായി ബന്ധപ്പെട്ട പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സ്കൂൾ വികസന സമിതി യോഗം ചേരുകയും വിജിലൻസ് അന്വേഷണം ആവശ്യപ്പെടുന്നതിനോ കോടതിയെ സമീപിക്കുന്നതിനോ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

## ഹരിപ്പാട് കേന്ദ്രീയവിദ്യാലത്തിന്റെ പ്രതിസന്ധി

198(4208) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന നാഷണൽ തെർമൽ കോർപ്പറേഷന്റെ കീഴിലുള്ള കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ കേന്ദ്രസർക്കാർ/എൻ.ടി.പി.സി. നീക്കം നടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനം തടസ്സംകൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് എന്ത് നടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും ഇനി എന്തെല്ലാം തുടർനടപടികളാണ് ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദീകരിക്കാമോ;

(സി) എൻ.ടി.പി.സി. കേന്ദ്രീയവിദ്യാലയത്തിന്റെ പ്രവർത്തനം ഒരു സിവിൽ സെക്ടർ കെ.വി. സ്കൂളായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സംസ്ഥാന സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി&സി) എൻ.ടി.പി.സി.-യുടെ സ്പോൺസർഷിപ്പോടുകൂടി പ്രവർത്തിച്ചു വരുന്ന കേന്ദ്രീയ വിദ്യാലയത്തിന്റെ തുടർന്നുള്ള പ്രവർത്തനത്തിന് 2022 മാർച്ചിനുശേഷം സാമ്പത്തിക സഹായം നൽകാൻ നിർവാഹമില്ല എന്നതാണ് എൻ.ടി.പി.സി. അധികൃതരുടെ നിലപാട്. സ്ഥലവും കെട്ടിടവും സംസ്ഥാന സർക്കാർ എൻ.ടി.പി.സി.-യിൽനിന്നും ഏറ്റെടുത്ത് കേന്ദ്രീയ വിദ്യാലയ സമിതിക്ക് ലീസിന് നൽകുന്നപക്ഷം വിദ്യാലയം പ്രോജക്റ്റ് സെക്ടറിൽനിന്നും സിവിൽ സെക്ടറിലേയ്ക്ക് മാറ്റിനടത്താൻ ധാരണയായിട്ടുണ്ട്. ഭൂമി കൈമാറാനുള്ള നടപടികൾ പൂർത്തീകരിക്കുംവരെ കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനം തുടർന്നുകൊണ്ടു പോകുന്നതിന് കേന്ദ്രീയ വിദ്യാലയ സമിതിയും എൻ.ടി.പി.സി.യും നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) എൻ.ടി.പി.സി. കേന്ദ്രീയവിദ്യാലയത്തിലെ അനിശ്ചിതത്വം പരിഹരിക്കുന്നതിന് എം.എൽ.എ., എം.പി. എന്നിവരുടെ സാന്നിദ്ധ്യത്തിൽ എൻ.ടി.പി.സി.-യിലേതടക്കം ഉയർന്ന ഉദ്യോഗസ്ഥരുടെ ഒരു മീറ്റിംഗ് വിളിച്ചു ചേർത്ത് തുടർ നടപടികൾ സ്വീകരിക്കുന്നകാര്യം സർക്കാർ പരിഗണിക്കുമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ബാലുശ്ശേരി മണ്ഡലത്തിൽ സ്കൂൾ ബസ്സ് അനുവദിച്ച സ്കൂളുകൾ**

199(4209) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് സ്കൂൾ ബസ്സുകൾ അനുവദിച്ചിട്ടുള്ളത്; ബസ്സുകൾ അനുവദിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; ഇതിൽ ഏതൊക്കെ സ്കൂളുകൾക്കാണ് ബസ്സ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

4-7-2017-ലെ സ.ഉ(അച്ചടി)86/17/ധന ഉത്തരവ് പ്രകാരം ആസ്തി വികസന പദ്ധതിയിൻ കീഴിൽ ബഹു. എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനും പ്രസ്തുത പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും 2017-18 സാമ്പത്തിക വർഷം മുതൽ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ഗവൺമെന്റ് യു.പി. സ്കൂൾ ഒള്ളൂർ, ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കായണ്ണ, ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ശിവപുരം എന്നീ സ്കൂളുകൾക്കാണ് വാഹനം അനുവദിച്ചിട്ടുള്ളത്. ബസ്സുകൾ അനുവദിച്ചുകൊണ്ടുള്ള ജില്ലാ കളക്ടറുടെ നടപടി ക്രമങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. ഇതിൽ ഗവൺമെന്റ് യു.പി. സ്കൂൾ ഒള്ളൂർ, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ശിവപുരം എന്നീ സ്ഥാപനങ്ങൾക്ക് ബസ് നൽകിയിട്ടുണ്ട്. കായണ്ണ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് വാഹനം നൽകിയിട്ടില്ല.

(ബി) കായണ്ണ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന് ബസ് വാങ്ങുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എം.എൽ.എ. ഫണ്ട് അനുവദിച്ച് ഉത്തരവായിട്ടും സ്കൂളിന് ബസ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്കൂളിന് ബസ് വാങ്ങുന്നതിനായി ഏത് ഏജൻസിയാണ് ടെണ്ടർ നടപടിയിൽ എഗ്രിമെന്റ് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോപ്പുലർ മെഗാ മോട്ടോഴ്സ് (പി) ലിമിറ്റഡ് എൻ.എച്ച്. 17, ഫറോക്ക് ചുങ്കം, രാമനാട്ടുകര, കോഴിക്കോട് എന്ന ഏജൻസിയാണ് പ്രസ്തുത പ്രവൃത്തിയുടെ നടപടിയിൽ എഗ്രിമെന്റ് വച്ചിട്ടുള്ളത്.

(സി) കായണ്ണ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന് ബസ് വാങ്ങുന്നതിനായി അനുവദിച്ച എം.എൽ.എ. ഫണ്ട് ടെണ്ടർ എടുത്ത ഏജൻസിക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ തീയതി സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കായണ്ണ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന് ബസ് വാങ്ങുന്നതിനായുള്ള ടെണ്ടർ എടുത്ത ഏജൻസിയായ പോപ്പുലർ മെഗാ മോട്ടോഴ്സ് (പി) ലിമിറ്റഡിന് 12-3-2020-ന് ഫണ്ട് കൈമാറിയിരുന്നു. വാഹനങ്ങളുടെ എഞ്ചിൻ ബി.എസ്. 4-ൽനിന്നും ബി.എസ്. 6 ആക്കി മാറ്റാനുള്ള കേന്ദ്ര സർക്കാർ തീരുമാന പ്രകാരം ബി.എസ്. 4 എഞ്ചിൻ വിഭാഗത്തിലുള്ള വാഹനത്തിനായി അനുവദിച്ച തുക ബി.എസ്. 6 വിഭാഗം വാഹനം വാങ്ങുന്നതിന് പര്യാപ്തമല്ലെന്ന് പോപ്പുലർ മെഗാ മോട്ടോഴ്സ് (പി) ലിമിറ്റഡ് അറിയിക്കുകയും അനുവദിച്ച തുകയായ 14,98,933 രൂപ 19-7-2021-ന് തിരികെ വാങ്ങുകയും ചെയ്തിട്ടുണ്ട്. ബി.എസ്. 6 വിഭാഗം സ്കൂൾ ബസ്സിന് അധിക തുക ആവശ്യമുള്ളതിനാൽ, ടി അധിക തുക അനുവദിക്കുന്ന മുറയ്ക്ക് ടി പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുമെന്ന് ജില്ലാതല പർച്ചേസ് കമ്മിറ്റികൂടി ചർച്ച ചെയ്യുകയും റീ ടെണ്ടർ നടത്താമെന്ന തീരുമാനമെടുത്തിട്ടുമുണ്ട്.

## വാമനപുരം മണ്ഡലത്തിലെ സ്കൂളുകൾക്കായി അനുവദിച്ച പ്രവൃത്തികൾ

200(4210) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2020 വരെയുള്ള സർക്കാർ കാലയളവിൽ വാമനപുരം നിയോജകമണ്ഡലത്തിലെ വിവിധ സ്കൂളുകൾക്കായി അനുവദിച്ച പ്രവൃത്തികൾ എന്തൊക്കെയെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്ര വീതമെന്നും അറിയിക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) വാമനപുരം നിയോജകമണ്ഡലത്തിലെ വിവിധ സ്കൂളുകൾക്കായി അനുവദിച്ച നിർമ്മാണപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ന്യൂനപക്ഷ പദവിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

201(4211) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നിലവിൽ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് ന്യൂനപക്ഷ പദവി അനുവദിച്ച് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നിലവിൽ ന്യൂനപക്ഷ പദവി അനുവദിച്ച സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ന്യൂനപക്ഷ പദവി സംബന്ധിച്ച സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകിയിട്ടുള്ള മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ?

നിലവിൽ അപേക്ഷകളൊന്നും തന്നെയില്ല.

(സി) പ്രസ്തുത അപേക്ഷകളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

## റിസോഴ്സ് അദ്ധ്യാപകർ

202(4212) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ഭിന്നശേഷിയുള്ള കുട്ടികളെ പഠിപ്പിക്കുന്ന റിസോഴ്സ് അദ്ധ്യാപകർ ആകെ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ?

സമഗ്രശിക്ഷ കേരളം എലിമെന്ററി വിഭാഗം (റിസോഴ്സ് ടീച്ചേഴ്സ്) സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് - 1221, സെക്കണ്ടറി വിഭാഗം (റിസോഴ്സ് ടീച്ചേഴ്സ്) സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് - 1083,

ആകെ-304.

(ബി) ഈ അദ്ധ്യാപകർ ഏതെല്ലാം പ്രോജക്ടുകളുടെ കീഴിലാണ് സേവനം അനുഷ്ഠിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സമഗ്രശിക്ഷ കേരളയുടെ കീഴിൽ സേവനം അനുഷ്ഠിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ അദ്ധ്യാപകരുടെ തസ്തിക നിർണ്ണയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിലുള്ള സ്കൂൾ എഡ്യൂക്കേഷൻ & ലിറ്ററസി വകുപ്പിന്റെ സമഗ്ര ശിക്ഷ പ്ലാൻ അപ്രൂവൽബോർഡ് (കരാർ വ്യവസ്ഥയിൽ) അതത് വർഷം അംഗീകരിച്ചിട്ടുള്ള എണ്ണം അദ്ധ്യാപകരെ നിയമിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ തസ്തിക നിർണ്ണയം നടത്താനാവില്ല.

### ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് പ്രൊമോഷൻ

203(4213) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഹയർ ഗ്രേഡ് പ്രൊമോഷൻ നൽകാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

1-7-17 മുതൽ 31-12-17 വരെ കാലയളവിലുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജൂനിയർ സൂപ്രണ്ടുമാർക്ക് ഹയർ ഗ്രേഡ് നൽകി 15-2-2021-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ തീയതിക്ക് ശേഷമുള്ളവർക്ക് ഗ്രേഡ് പ്രൊമോഷൻ നൽകുന്നതിന് പ്രൊവിഷണൽ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അന്തിമ ലിസ്റ്റ് 2021 ആഗസ്റ്റ് മാസംതന്നെ പ്രസിദ്ധീകരിച്ച് ഗ്രേഡ് പ്രൊമോഷൻ നൽകുന്നതാണ്.

(ബി) നിലവിൽ എത്രപേർക്ക് ഹയർ ഗ്രേഡ് പ്രൊമോഷൻ നൽകാനുണ്ടെന്നും പ്രസ്തുത പ്രൊമോഷൻ ഉത്തരവ് എന്നത്തേയ്ക്ക് പുറപ്പെടുവിക്കുമെന്നും വിശദമാക്കാമോ?

ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ള ജീവനക്കാരുടെ പുതിയ സീനിയോറിറ്റി പട്ടിക ഫൈനലൈസ് ചെയ്തതിനുശേഷം മാത്രമേ എത്ര പേർക്ക് ഹയർ ഗ്രേഡ് സ്ഥാനക്കയറ്റം നൽകാനുണ്ട് എന്നുള്ള വിവരം അറിയാൻ സാധിക്കുകയുള്ളൂ. അടുത്ത ഹയർ ഗ്രേഡ് പ്രൊമോഷൻ ഉത്തരവ് 2021 ആഗസ്റ്റ് മാസംതന്നെ പ്രസിദ്ധീകരിക്കുന്നതാണ്.

### എയ്ഡഡ് അദ്ധ്യാപകരുടെ നിയമനാംഗീകാരം

204(4214) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിന് 2021-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവ് പ്രകാരം സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

എയ്ഡഡ് സ്കൂളുകളിൽ 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിൽ അദ്ധ്യാപക ബാങ്കിലുള്ള സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം, സംരക്ഷിതാദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട കെ.ഇ.ആർ. വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിയമനാംഗീകാരം ലഭിക്കാതെ തുടരുന്നവരുടെ നിയമനാംഗീകാരം എന്നിവ സംബന്ധിച്ച് 6-2-2021-ലെ സ.ഉ.(പി) നമ്പർ 4/2021/പൊ.വി.വ.. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നിയമനാംഗീകാരങ്ങൾ നൽകാൻ എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകി. എയ്ഡഡ് സ്കൂളുകളിലെ റെഗുലർ ഒഴിവുകളിൽ നടത്തുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ എച്ച്2/19500/2019/ഡി.ജി.ഇ. ഒഴിവുകളിൽ 15-7-2021 മുതൽനടത്തുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ 6-7-2021 ലെ സ.ഉ.(സാധാ) നമ്പർ 3287/2021/പൊ.വി.വ.. പ്രകാരം സർക്കാർ നിർദ്ദേശം നൽകി. ഈ സർക്കാർ ഉത്തരവ് സമന്വയ മുഖേന നടപ്പിലാക്കുന്നതിന് എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മേൽ ഉത്തരവ് പ്രകാരം എയ്ഡഡ് മേഖലയിൽ എത്ര അദ്ധ്യാപകർക്ക് നിയമനാംഗീകാരം നല്കിയിട്ടുണ്ട്; ആയതിന്റെ എണ്ണം ജില്ല തിരിച്ച് നൽകാമോ?

ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) ഇനിയും നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകർ എത്ര പേരുണ്ടെന്ന് എൽ.പി., യു.പി., ഹൈസ്കൂൾ എന്നിങ്ങനെ തരംതിരിച്ച് കണക്ക് ലഭ്യമാക്കാമോ?

നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) എയ്ഡഡ് മേഖലയിൽ എത്ര സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നതിനാണ് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2019-20 അധ്യയന വർഷത്തിൽ ആകെ 3386 സംരക്ഷിത അദ്ധ്യാപകരാണ് ഉണ്ടായിരുന്നത്. 2020-21, 2021-22 എന്നീ അധ്യയന വർഷങ്ങളിൽ തസ്തിക നിർണ്ണയം നടത്താത്തതിനാൽ അദ്ധ്യാപക ബാങ്ക് പുതുക്കിയിട്ടില്ല. അദ്ധ്യാപക ബാങ്കിലുള്ള എല്ലാ അദ്ധ്യാപകർക്കും സ്ഥിരമായോ/താത്ക്കാലികമായോ പുനർവിന്യാസം നൽകിയിട്ടുണ്ട്. ഏറ്റവും പുതിയ കണക്കനുസരിച്ച് 3035 സംരക്ഷിത അദ്ധ്യാപകരാണ് ബാങ്കിലുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഹയർ സെക്കണ്ടറി മേഖലയിലെ അദ്ധ്യാപക ക്ഷാമം

205(4215) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ വിരമിക്കൽ ഒഴിവുകൾ നികത്തുന്നതിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭരണപരമായ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അദ്ധ്യാപക നിയമന നടപടികളിൽ കഴിഞ്ഞ കുറെ വർഷങ്ങളായി കാലതാമസം വരുന്നത് ഹയർസെക്കണ്ടറി മേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് അടക്കം വിദ്യാഭ്യാസ രംഗത്തെ ഗുരുതരമായി ബാധിക്കാനിടയുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാർ ഹയർ സെക്കണ്ടറിയിലും മോഡൽ റസിഡൻഷ്യൽ സ്കൂളിലും പുതിയ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇക്കാര്യത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ മേഖലയിലെ അദ്ധ്യാപകക്ഷാമം പഠന നിലവാരത്തെ ബാധിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാനുള്ള എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥിരം അദ്ധ്യാപകരില്ലാത്ത ഹയർ സെക്കണ്ടറി ബാച്ചുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ച് അദ്ധ്യയനം നടത്തിവരുന്നുണ്ട്.

(ഇ) ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കുന്നതിലും പ്രൊമോഷൻ നൽകുന്നതിലും ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്)-ന്റെ 23-7-2018-ലെ സർക്കുലർ നമ്പർ 1/310/2018/ഉ.ഭ.പ.വ., കെ. എസ്. & എസ്. എസ്. ആർ. രണ്ടാം ഭാഗം ചട്ടം 28 (b) എന്നിവ പ്രകാരമുള്ള വ്യവസ്ഥകളും നടപടി ക്രമങ്ങളും വർഷങ്ങളായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് പാലിക്കാറില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 8-6-2021-ലെ സ.ഉ. (കെ)നമ്പർ 13/2021/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം വിവിധ എച്ച്. എസ്. എസ്. (ജൂനിയർ) തസ്തികയിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

8-6-2021-ലെ സ.ഉ.(കൈ) നമ്പർ 13/2021/ഉ.ഭ.പ.വ. പ്രകാരം HSST (Jr.) തസ്തികയിൽ 691 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ HSST(Jr.) തസ്തികകളിൽ പ്രതീക്ഷിത ഒഴിവുകളായി 103 വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കോങ്ങാട് മണ്ഡലത്തിലെ ഓൺലൈൻ വിദ്യാഭ്യാസം

206(4216) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പൂഞ്ചോല, കാണിവായ് എന്നീ സ്ഥലങ്ങളിൽ മൊബൈൽ നെറ്റ്‌വർക്ക് ലഭിക്കാത്തതിനാൽ ആദിവാസി മേഖലയിൽ ഉൾപ്പെട്ട 300-ഓളം കുട്ടികൾക്ക് ഓൺലൈൻ ക്ലാസിൽ പങ്കെടുക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അപാകത പരിഹരിച്ച് പ്രസ്തുത വിദ്യാർത്ഥികൾക്ക് ഓൺലൈൻ വിദ്യാഭ്യാസ സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പൂഞ്ചോല, കാണിവായ് എന്നീ സ്ഥലങ്ങളിൽ മൊബൈൽ നെറ്റ്‌വർക്ക് ലഭിക്കാത്തത് നൂറോളം വിദ്യാർത്ഥികൾക്കാണ്. ഈ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭിന്നശേഷിക്കാർക്ക് സംവരണം

207(4217) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്കുള്ള സംവരണം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ബാധകമാക്കിയിട്ടുണ്ടോ;

ഇല്ല.

(ബി) ഉണ്ടെങ്കിൽ ഇത്തരം സ്ഥാപനങ്ങളിൽ നിയമനം നടത്താൻ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

18-11-18-ലെ സ.ഉ.(പി)നമ്പർ 18/2018/സാ.നി.വ. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തുന്നതിനായി കെ.ഇ ആക്റ്റ് വകുപ്പ് 11-ലും കെ.ഇ.ആർ അധ്യായം 14 എ റൂൾ 1-ലും ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരുന്നു.

**ഉദുമ മണ്ഡലത്തിലെ സ്കൂളുകളുടെ പ്രവൃത്തി**

208(4218) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഒരു കോടി രൂപ അനുവദിച്ചിട്ടുള്ള പദ്ധതിയിൽ എത്ര സ്കൂളുകളുടെ പ്രവൃത്തികളാണ് ടെണ്ടർ ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഉദുമ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഒരു കോടി രൂപ അനുവദിച്ചിട്ടുള്ള പദ്ധതിയിൽ നിലവിൽ 15 സ്കൂളുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 3 സ്കൂളുകൾക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ശേഷിക്കുന്ന 12 സ്കൂളുകളുടേയും ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. 11 സ്കൂളുകൾക്കും ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം തുടങ്ങാവുന്ന സ്ഥിതിയിൽ എത്ര പ്രവൃത്തികളുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ

കിഫ്ബിയുടെ അനുമതി ലഭ്യമായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച സ്കൂളുകൾ ചുവടെ ചേർക്കുന്നു.

- ജി.എച്ച്.എസ്.എസ്.ബേത്തൂർപ്പാറ
- ജി.എച്ച്. എസ്.എസ്.കല്ലിയോട്ട്
- ജി.യു.പി.എസ്. കോളിയടുക്കം
- ജി.യു.പി.എസ്. മൂളിയാർ മാപ്പിള
- ജി.എച്ച്.എസ്.ബാരെ

- ജി.എച്ച്.എസ്. തച്ചങ്ങാട്
- ജി.എച്ച്.എസ്.കൊളത്തൂർ
- ജി.എഫ്.എച്ച്.എസ്.എസ്.ബേക്കൽ
- ജി.എച്ച്. എസ്.എസ്.ചന്ദ്രഗിരി
- ജി.എച്ച്.എസ്. അമ്പലത്തറ
- ജി.വി.എച്ച്. എസ്.എസ്. ദേലംപാടി എന്നിവയാണ്.

**തട്ടേക്കാട് ദുരന്തത്തിൽ മരിച്ചവർക്ക് സ്മാരകം**

209(4219) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2007-ൽ എറണാകുളം ജില്ലയിലെ അങ്കമാലി വിദ്യാഭ്യാസ ഉപജില്ലയിൽ എളവൂർ സെന്റ് ആന്റണീസ് യു.പി. സ്കൂളിൽനിന്ന് വിനോദയാത്രയ്ക്ക് പോയവേളയിൽ തട്ടേക്കാട് ബോട്ട് അപകടത്തിൽ പതിനഞ്ച് വിദ്യാർത്ഥികളും മൂന്ന് അദ്ധ്യാപകരും മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. 2007 ഫെബ്രുവരി 20-ന് തട്ടേക്കാട് വച്ചുനടന്ന ബോട്ട് അപകടത്തിൽ എളവൂർ സെന്റ് ആന്റണീസ് യു.പി.സ്കൂളിൽനിന്നും പഠനത്തിന്റെ ഭാഗമായി വിനോദ യാത്രയ്ക്ക് പോയ സംഘത്തിലെ 15 കുട്ടികളും 3 അദ്ധ്യാപകരും മരണപ്പെടുക യുണ്ടായി.

(ബി) മരണപ്പെട്ട വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും സ്മരണക്കായി സ്മാർട്ട് ക്ലാസ്സ് മുറിക്കും ലൈബ്രറി കെട്ടിടത്തിനുമായി പ്ലാൻ/നോൺ പ്ലാൻ ഫണ്ടിൽനിന്ന് പ്രത്യേകം ഭരണാനുമതി ലഭ്യമാക്കുന്നതിന് നിയമസഭാംഗം നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) 2007-ൽ അന്നത്തെ സർക്കാർ പ്രഖ്യാപിച്ച സ്മാരകം നാളിതുവരെയായി യാഥാർത്ഥ്യമായിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ സ്മരണയ്ക്കായി പ്രസ്തുത സ്കൂളിന് ഒരു സ്മാർട്ട് ക്ലാസ്സ് മുറിയും ലൈബ്രറിയും നിർമ്മിക്കണമെന്ന അഭ്യർത്ഥന പരിഗണിച്ച് ആയതിന് വിദ്യാഭ്യാസ വകുപ്പ് പ്രത്യേകാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

## ഭിന്നശേഷി വിദ്യാർത്ഥികളുടെ കായികാരോഗ്യം

210(4220) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ കായികാരോഗ്യത്തിനുവേണ്ടി സ്കൂളുകളിൽ സ്പോർട്സ് ഗെയിംസ് നടത്തുന്നുണ്ടോ; വിശദമാക്കാമോ;

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് മാത്രമായി സ്പോർട്സ് ഗെയിംസ് നടത്തുന്നില്ല. എന്നാൽ നിലവിൽ നടത്തപ്പെടുന്ന സ്പോർട്സ് ഗെയിംസിൽ ഭിന്നശേഷിയുള്ള കുട്ടികൾക്ക് അനുയോജ്യമായവയിൽ പങ്കെടുക്കാവുന്നതാണ്.

(ബി) ഇല്ലായെങ്കിൽ അത്തരം സ്പോർട്സ് ഗെയിംസ് നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

പൊതുവിദ്യാലയങ്ങളിൽ നടക്കുന്ന സ്പോർട്സ് ഗെയിംസിനുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ മാന്വൽ പരിഷ്കരിച്ച് ഭിന്നശേഷി കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിലേയ്ക്ക് മാറ്റേണ്ടതുണ്ട്. എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ വിവിധ കാറ്റഗറികളിൽപ്പെടുന്ന ഭിന്നശേഷി കുട്ടികൾക്ക് പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സ്പോർട്സ് ഗെയിംസിൽ പുതിയ ഇനങ്ങൾ രൂപകല്പന ചെയ്യുകയും അവ നടപ്പിലാക്കുന്നതിനുവേണ്ട മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇത് പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്.

(സി) പ്രസ്തുത വിദ്യാർത്ഥികളുടെ കായികാരോഗ്യത്തിനുവേണ്ടി നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

പൊതുവിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ട കായിക അദ്ധ്യാപകർ, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് എന്നിവരുടെ പിന്തുണയോടെ സ്കൂൾതലത്തിലും ബി.ആർ.സി. തലത്തിലും ഭിന്നശേഷികുട്ടികൾക്കായി കായിക പരിശീലനം നടത്തിവരുന്നു.

## ഉപരിപഠനത്തിന് അർഹരായ കുട്ടികൾ

211(4221) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷത്തെ പ്ലസ് ടു പരീക്ഷയിൽ ഉപരിപഠനത്തിന് യോഗ്യത നേടിയ എത്ര കുട്ടികളുണ്ടെന്ന് ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

2021 മാർച്ചിലെ പ്ലസ് ടു പരീക്ഷയിൽ ഉപരിപഠനത്തിന് യോഗ്യരായ വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | ഉപരിപഠനത്തിന് അർഹരായവർ |
|---|---|
| തിരുവനന്തപുരം | 27579 |
| കൊല്ലം | 24583 |
| പത്തനം തിട്ട | 9778 |
| ആലപ്പുഴ | 19157 |
| കോട്ടയം | 18737 |
| ഇടുക്കി | 9340 |
| എറണാകുളം | 28980 |
| തൃശ്ശൂർ | 29970 |
| പാലക്കാട് | 26262 |
| കോഴിക്കോട് | 34464 |
| മലപ്പുറം | 51543 |
| വയനാട് | 7878 |
| കണ്ണൂർ | 27053 |
| കാസർഗോഡ് | 11665 |

**കോവിഡ് കാലത്തെ കെ-ടെറ്റ് പരീക്ഷ**

212(4222) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലഘട്ടത്തിൽ കെ-ടെറ്റ് പരീക്ഷ എത്ര പ്രാവശ്യം നടന്നുവെന്ന് വ്യക്തമാക്കാമോ?

കോവിഡ് കാലഘട്ടത്തിൽ 2020 ഡിസംബറിൽ നടത്താൻ നിശ്ചയിച്ചിരുന്ന കെ-ടെറ്റ് പരീക്ഷ 2021 ജനുവരി 9- ന് കാറ്റഗറി (I, II), ജനുവരി 17- ന് കാറ്റഗറി (III, IV) എന്നിവ നടക്കുകയും ആയതിന്റെ റിസൾട്ട് മാർച്ച് 17-ന് പ്രസിദ്ധീകരിക്കുകയും ചെയ്തു.

(ബി) ഈ കാലയളവിൽ എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക നിയമനം ലഭിച്ചവർക്ക് കെ-ടെറ്റ് പരീക്ഷ പാസ്സാകണമെന്നുള്ള ഉത്തരവിൽ ഇളവ് ദീർഘിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുവരെയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 2019-20 വർഷംവരെ നിയമിതരായ അദ്ധ്യാപകർക്ക് കെ-ടെറ്റ് പരീക്ഷ പാസ്സാകുന്നതിന് 2020-21 സ്കൂൾ വർഷാവസാനംവരെ സമയപരിധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

## പ്രീ സ്കൂൾ നവീകരണം

213(4223) ശ്രീ. അബ്ദുൽ ഹമീദ്. പി:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീ സ്കൂൾ മേഖലയുടെ പ്രവർത്തനം നവീകരിച്ച് ശക്തിപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

പ്രീ-സ്കൂൾ മേഖലയുടെ ശാസ്ത്രീയമായ നവീകരണത്തിനായി കുട്ടികൾക്കും അദ്ധ്യാപകർക്കും പഠന വിനിമയ സാമഗ്രികളായ പ്രീ-സ്കൂൾ പാഠ്യപദ്ധതി, പ്രീ-സ്കൂൾ അദ്ധ്യാപക സഹായി-കളിപ്പാട്ടം, പ്രീ-സ്കൂൾ കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകവും വിനിമയ സഹായിയും-കളിത്തോണി എന്നിവ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. കോവിഡ്-19 സാഹചര്യത്തിൽ കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകമായ കളിത്തോണിയിലെ വർക്ക് ഷീറ്റുകൾ രക്ഷിതാക്കളുടെ പിന്തുണയോടെ സൗഹാർദ്ദപരമായ ഗൃഹാന്തരീക്ഷത്തിൽ ചെയ്യുന്നതിന് അദ്ധ്യാപകരെ സജ്ജരാക്കുന്നതിനുള്ള പ്രശിക്ഷാ 2021 ഓൺലൈൻ പ്രീ-സ്കൂൾ അദ്ധ്യാപക പരിവർത്തനപരിപാടി എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ 'സിസ്റ്റമാറ്റൈസിംഗ് ഓഫ് പ്രീ-സ്കൂളിംഗ് എഡ്യൂക്കേഷൻ' പദ്ധതി പ്രകാരം പ്രതിവർഷം പ്ലാൻ ഫണ്ടിൽനിന്നും തുക വകയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന പ്രീ-പ്രൈമറികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ടി പദ്ധതിയിൽനിന്നും തുക വിനിയോഗിച്ചുവരുന്നു.

(ബി) പ്രീ-പ്രൈമറി തലവും അങ്കണവാടികളിലെ പഠനപ്രവർത്തനവും ഏകോപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

പ്രീ-സ്കൂളുകളിലെയും അങ്കണവാടികളിലെയും സേവനങ്ങൾ പരസ്പരം പങ്കുവച്ചുകൊണ്ട് ജൈവികമായ ഏകോപനം നടക്കുന്നതിന് സഹായകരമായ

ക്ലസ്റ്റർ അധിഷ്ഠിത പ്രീസ്കൂളിംഗ് എന്ന പദ്ധതി സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിൽ 414 പ്രീ-സ്കൂൾ ക്ലസ്റ്ററുകളെ കേന്ദ്രീകരിച്ച് പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കിവരുന്നു. ഇതിനാവശ്യമായ മാർഗ്ഗരേഖ, അവസ്ഥാപഠനത്തിനുള്ള ചോദ്യാവലി, അദ്ധ്യാപകർ, ആയമാർ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവർക്ക് പരിശീലനം നൽകുന്നതിനുള്ള പരിശീലന പാക്കേജ് 'സംപ്രീതം' എന്നിവ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്.

## സർക്കാർ സ്കൂളുകൾക്ക് കളിസ്ഥലം

214(4224) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല സർക്കാർ സ്കൂളുകൾക്കും കളിസ്ഥലം ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുമ്പോൾ കളിസ്ഥലം ഇല്ലാത്ത സ്കൂളുകളിൽ സർക്കാർ - പൊതുജന പങ്കാളിത്തത്തോടെ കളിസ്ഥലം നിർമ്മിക്കുന്നതിന് പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

കായിക യുവജനക്ഷേമ വകുപ്പുമായിചേർന്ന് വിദ്യാലയങ്ങളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) എല്ലാ സ്കൂളുകളിലും കായിക അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## വയനാട് ജില്ലയിലെ പ്ലസ് ടു വിദ്യാർത്ഥികൾ

215(4225) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 അദ്ധ്യയന വർഷം വയനാട് ജില്ലയിൽ പ്ലസ് വൺ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

2020 അദ്ധ്യയന വർഷം വയനാട് ജില്ലയിൽ ഹയർ സെക്കണ്ടറി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം സ്കൂൾ തിരിച്ച് അനുബന്ധം-I-ൽ ചേർത്തിരിക്കുന്നു.* വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രവേശനം നേടിയ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാർത്ഥികളുടെ എണ്ണം സ്കൂൾ തിരിച്ച് ചുവടെ ചേർക്കുന്നു.

ജി.വി.എച്ച്.എസ്.എസ്. അമ്പലവയൽ-122

ഗവ.സാർവജന വി.എച്ച്.എസ്.എസ്., സുൽത്താൻ ബത്തേരി-91

ജി.വി.എച്ച്.എസ്.എസ്, കൽപ്പറ്റ-91

ജി.വി.എച്ച്.എസ്.എസ്. & ടി.എച്ച്.എസ്, സുൽത്താൻ ബത്തേരി-119

ജി.വി.എച്ച്.എസ്.എസ്, മാനന്തവാടി-60

ജി.വി.എച്ച്.എസ്.എസ്, വാകേരി-58

ജി.വി.എച്ച്.എസ്.എസ്, വെള്ളാർമല-59

ജി.വി.എച്ച്.എസ്.എസ്, കരിങ്കുറ്റി-61

വയനാട് ഓർഫനേജ് വി.എച്ച്.എസ്, മുട്ടിൽ-90

ഡി.വി.വി.എച്ച്.എസ്, വെളിയമ്പ്രം-50

(ബി) 2021 അദ്ധ്യയനവർഷം പ്രസ്തുത ജില്ലയിൽ പ്ലസ് ടു പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

വയനാട് ജില്ലയിലെ സ്കൂളുകളിൽനിന്നും 2021 സെപ്റ്റംബർ 6-ന് ആരംഭിക്കുന്ന ഒന്നാം വർഷ ഹയർ സെക്കണ്ടറി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളതും, 2022-ലെ ഹയർ സെക്കണ്ടറി പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതുമായ മൊത്തം വിദ്യാർത്ഥികളുടെ എണ്ണം സ്കൂൾ തിരിച്ച് അനുബന്ധം II-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.* വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ എണ്ണം സ്കൂൾ തിരിച്ച് ചുവടെ ചേർക്കുന്നു.

ജി.വി.എച്ച്.എസ്.എസ്. അമ്പലവയൽ-122

ഗവ.സാർവജന വി.എച്ച്.എസ്.എസ്., സുൽത്താൻ ബത്തേരി-91

ജി.വി.എച്ച്.എസ്.എസ്, കൽപ്പറ്റ-91

ജി.വി.എച്ച്.എസ്.എസ്. &ടി.എച്ച്.എസ്, സുൽത്താൻ ബത്തേരി-119

ജി.വി.എച്ച്.എസ്.എസ്, മാനന്തവാടി-60

ജി.വി.എച്ച്.എസ്.എസ്, വാകേരി-58

ജി.വി.എച്ച്.എസ്.എസ്, വെള്ളാർമല-59

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജി.വി.എച്ച്.എസ്.എസ്, കരിങ്കുറ്റി-61

വയനാട് ഓർഫനേജ് വി.എച്ച്.എസ്, മുട്ടിൽ-90

ഡി.വി.വി.എച്ച്.എസ്, വെളിയമ്പ്രം-50

(സി) 2020 അദ്ധ്യയന വർഷം പ്രസ്തുത ജില്ലയിൽ പ്ലസ് വൺ പ്രവേശനം നേടിയ പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

2020 അദ്ധ്യയന വർഷം പ്രസ്തുത ജില്ലയിൽ ഹയർ സെക്കണ്ടറി പ്രവേശനം നേടിയ പട്ടിക വർഗ്ഗവിദ്യാർത്ഥികളുടെ എണ്ണം സ്കൂൾ തിരിച്ച് അനുബന്ധം I-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.* വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ജി.വി.എച്ച്.എസ്.എസ്, അമ്പലവയൽ-9

ഗവ.സാർവജന വി.എച്ച്.എസ്.എസ്, സുൽത്താൻ ബത്തേരി-5
ജി.വി.എച്ച്.എസ്.എസ്, കൽപ്പറ്റ-5

ജി.വി.എച്ച്.എസ്.എസ്.& ടി.എച്ച്.എസ്, സുൽത്താൻ ബത്തേരി-1

ജി.വി.എച്ച്.എസ്.എസ്, മാനന്തവാടി-1

ജി.വി.എച്ച്.എസ്.എസ്, വാകേരി-0

ജി.വി.എച്ച്.എസ്.എസ്, വെള്ളാർമല-1

ജി.വി.എച്ച്.എസ്.എസ്, കരിങ്കുറ്റി-2

വയനാട് ഓർഫനേജ് വി.എച്ച്.എസ്, മുട്ടിൽ-0

ഡി.വി.വി.എച്ച്.എസ്, വെളിയമ്പ്രം-3

(ഡി) 2021 അദ്ധ്യയന വർഷം പ്രസ്തുത ജില്ലയിൽ പ്ലസ് ടു പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

വയനാട് ജില്ലയിലെ സ്കൂളുകളിൽനിന്നും 2021 സെപ്റ്റംബർ 6-ന് ആരംഭിക്കുന്ന ഒന്നാം വർഷ ഹയർ സെക്കണ്ടറി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളതും 2022-ലെ ഹയർ സെക്കണ്ടറി പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതുമായ പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം സ്കൂൾ തിരിച്ച് അനുബന്ധം-II ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.* വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ എണ്ണം സ്കൂൾ തിരിച്ച് ചുവടെ ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജി.വി.എച്ച്.എസ്.എസ്, അമ്പലവയൽ-9

ഗവ.സാർവജന വി.എച്ച്.എസ്.എസ്, സുൽത്താൻ ബത്തേരി-5

ജി.വി.എച്ച്.എസ്.എസ്, കൽപ്പറ്റ-5

ജി.വി.എച്ച്.എസ്.എസ്.& ടി.എച്ച്.എസ്, സുൽത്താൻബത്തേരി-1

ജി.വി.എച്ച്.എസ്.എസ്, മാനന്തവാടി-1

ജി.വി.എച്ച്.എസ്.എസ്, വാകേരി- 0

ജി.വി.എച്ച്.എസ്.എസ്, വെള്ളാർമല-1

ജി.വി.എച്ച്.എസ്.എസ്, കരിങ്കുറ്റി-2

വയനാട് ഓർഫനേജ് വി.എച്ച്.എസ്, മുട്ടിൽ-0

ഡി.വി.വി.എച്ച്.എസ്, വെളിയമ്പ്രം-3

(ഇ) ഇത്തരത്തിൽ പ്ലസ് വൺ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ പ്ലസ് ടു ക്ലാസ്സിൽ ഇല്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പ്ലസ് വൺ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളിൽ ചിലർ പിന്നീട് മറ്റുകോഴ്സുകൾക്ക് ചേരുന്നതിനും മറ്റുസംസ്ഥാനങ്ങളിൽ വിവിധ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്നതിനും പ്ലസ് വൺ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതായി കാണുന്നുണ്ട്. രണ്ടാം വർഷം സ്കൂൾ ട്രാൻസ്ഫർ വാങ്ങി മറ്റൊരു സ്കൂളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളും ഉണ്ട്.

**ഉപരിപഠനത്തിന് യോഗ്യത നേടിയ കുട്ടികൾ**

216(4226) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉപരിപഠനത്തിന് എത്ര കുട്ടികൾ യോഗ്യത നേടിയെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇവർക്ക് ഒരോ ജില്ലയിലും ഹയർസെക്കണ്ടറി തലത്തിൽ നിലവിൽ എത്ര സീറ്റ് ലഭ്യമാണെന്നും ഇപ്പോൾ പ്രഖ്യാപിച്ച സീറ്റ് വർദ്ധനവുകൊണ്ട് ഒരോ ജില്ലയിലും എത്ര സീറ്റുകളുടെ വർദ്ധനവ് ഉണ്ടാകുമെന്നുമുള്ള കണക്കുകൾ ജില്ല തിരിച്ച് വിശദമാക്കുമോ?

(എ&ബി) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉപരിപഠനത്തിന് യോഗ്യത നേടിയ കുട്ടികളുടേയും ഇവർക്ക് ഓരോ ജില്ലയിലും ഹയർസെക്കണ്ടറി തലത്തിൽ നിലവിൽ എത്ര സീറ്റ് ലഭ്യമാണെന്നും മാർജിനൽ വർദ്ധനവ് വരുത്തുമ്പോൾ ലഭ്യമാകുന്ന സീറ്റുകളുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇപ്പോഴത്തെ വർദ്ധനവ് ഒരോ ജില്ലയിലെയും ഉപരിപഠനത്തിന് പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ?

സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് മേഖലയിലെ സീറ്റുകൾ പരിഗണി ക്കുമ്പോൾ പ്രവേശന നടപടികൾ അവസാനിച്ച് കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല.

**എസ്.എസ്.എൽ.സി. രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി**

217 (4227) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ എസ്.എസ്.എൽ.സി. രേഖകൾ സൂക്ഷിക്കുകയും എല്ലാ വർഷവും ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്ന പരീക്ഷാഭവന്റെ പ്രവർത്തനങ്ങൾ ആധുനികവത്ക്കരിക്കേണ്ടത് അനിവാ ര്യമാണെന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

പരീക്ഷാ ഭവൻ നടത്തുന്ന എല്ലാ പരീക്ഷകളുടേയും രജിസ്ട്രേഷൻ മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെ ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടത്തുന്നത്. പരീക്ഷാഭവനിലെ ഫയൽ മാനേജ്മെന്റ് സിസ്റ്റം PBMS എന്ന സോഫ്റ്റ്‌വെയർ മുഖാന്തരമാണ് നടന്നുവരുന്നത്. പരീക്ഷാഭവൻ പ്രവർത്തനങ്ങൾ ആധുനികവത്ക രിക്കുന്നതുമായി ബന്ധപ്പെട്ട് തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകൾ ഡിജി ലോക്കറിൽ ലഭ്യമാക്കിയിട്ടുണ്ട്. 2016 മുതലുള്ള സർട്ടിഫിക്കറ്റുകൾ ഡിജി ലോക്കറിൽ ലഭ്യമാണ്. 2001 മുതലുള്ള എസ്.എസ്.എൽ.സി. പരീക്ഷാ ഡാറ്റ കമ്പ്യൂട്ടറൈസ്ഡ് ആയിട്ടാണ് ശേഖരിച്ചിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പരീക്ഷാഭവനിലെത്തുന്ന അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കാൻ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

സേവനാവകാശ നിയമപ്രകാരം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തിരുത്തലുകൾക്കും ഡ്യൂപ്ലിക്കേറ്റിനും 2001-ന് ശേഷമുള്ളവയ്ക്ക് 60 ദിവസവും 2001-ന് മുമ്പുള്ളവയ്ക്ക് 90 ദിവസവുമാണ് സമയപരിധി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ നിശ്ചിത കാലപരിധി കണക്കിലെടുക്കാതെ അപേക്ഷകന്റെ അടിയന്തര ആവശ്യം പരിഗണിച്ച് അപേക്ഷ ലഭിച്ചാലുടൻതന്നെ തീർപ്പു കൽപ്പിച്ച് നൽകിവരുന്നു. അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിലേയ്ക്കായി PBMS എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഫയൽ നീക്കം നടത്തുന്നത്. കൂടാതെ ഫയൽ നീക്കം വേഗത്തിൽ ആക്കുന്നതിലേയ്ക്കായി പരീക്ഷാ ഭവനിൽ ലഭിക്കുന്ന അപേക്ഷകൾ PBMS എന്ന സോഫ്റ്റ്‌വെയർ മുഖേന ബന്ധപ്പെട്ട സെക്ഷനുകളിൽ തുല്യവിതരണം നടത്തി വരുന്നു.

(സി) സർട്ടിഫിക്കറ്റ് രജിസ്റ്ററും മറ്റ് രേഖകളും നാശനഷ്ടം കൂടാതെ സൂക്ഷിക്കുന്നതിനും അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും ഉതകുന്നതരത്തിൽ അവ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ആവശ്യമായ നടപടി സ്വീകരിക്കുമോ?

2001-ന് മുൻപുള്ള സർട്ടിഫിക്കറ്റ് വിവരങ്ങളും മറ്റ് രേഖകളും നാശനഷ്ടം കൂടാതെ സൂക്ഷിക്കുന്നതിനായി ഡിജിറ്റൈസ് ചെയ്യുന്ന നടപടികൾ പരിഗണനയിലാണ്.

**ഉപരിപഠനത്തിന് അർഹത നേടിയ കുട്ടികൾ**

218(4228) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉപരിപഠനത്തിന് അർഹത നേടിയ കുട്ടികളുടെയും ഉപരി പഠനത്തിനുള്ള സീറ്റുകളുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉപരിപഠനത്തിന് അർഹത നേടിയ കുട്ടികളുടേയും ഉപരിപഠനത്തിനുള്ള സീറ്റുകളുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഗുണമേന്മയുള്ള നൈപുണ്യ വിദ്യാഭ്യാസ പരിശീലനം

219(4229) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയിൽ ഗുണമേന്മയുള്ള നൈപുണ്യ വിദ്യാഭ്യാസ പരിശീലനം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയിൽ ഗുണമേന്മയുള്ള നൈപുണ്യ വിദ്യാഭ്യാസ പരിശീലനം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. ദേശീയ നൈപുണ്യ യോഗ്യത ചട്ടക്കൂട് (NSQF) അനുസരിച്ചുള്ള അന്തർദ്ദേശീയ ഗുണമേന്മ ഉറപ്പുതരുന്ന പുതിയ 48 വിഷയങ്ങൾ ഉൾപ്പെടുന്ന വൊക്കേഷണൽ പാഠ്യപദ്ധതി.

2. അതത് തൊഴിൽ മേഖലകളിലെ വിദഗ്ദ്ധരും തൊഴിലാളികളുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള അവസരം.

3. കോവിഡ്-19 ലോക്ക്ഡൗൺ സാഹചര്യത്തിൽ വെർച്വൽ ഫീൽഡ് വിസിറ്റുകൾ.

4. എല്ലാ വിദ്യാർത്ഥികൾക്കും നിർബന്ധിത ഓൺ ദ ജോബ് ട്രെയിനിംഗ്.

5. എല്ലാ സ്കൂളുകളിലും പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്ററുകൾ (PTC).

6. ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുവേണ്ടി അതത് സ്കിൽ സെക്ടർ കൗൺസിലുകൾ നിയോഗിക്കുന്ന ബാഹ്യ ഏജൻസികൾ വിദ്യാർത്ഥികളുടെ സ്കിൽ അസെസ്സ്മെന്റുകൾ നടത്തിയ ശേഷമാണ് സ്കിൽ സർട്ടിഫിക്കറ്റുകൾ നൽകുന്നത്.

## സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ തസ്തിക

220(4230) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2015-16 വർഷങ്ങളിൽ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയതായി അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകളിൽ ഒരു ബാച്ചിൽ അൻപത് കുട്ടികളിൽ കുറവായതിനാൽ പുതിയ സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്ത എത്ര സ്കൂളുകൾ ഉണ്ടെന്ന് ബാച്ച് തിരിച്ച് നൽകുമോ?

2014-15 : 11 എണ്ണം

2015-16 : 15 എണ്ണം.

(ബി) നടപ്പ് വർഷം എസ്.എസ്.എൽ.സി. വിജയ ശതമാനം ഉയർന്ന നിലയിലായതിനാൽ കുറഞ്ഞത് അൻപത് കുട്ടികൾ പ്രവേശനം നേടുന്ന സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ബാച്ചുകളിൽ പുതിയ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ;

(സി) മലയോര, പിന്നാക്ക, പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിലും പട്ടികജാതി-പട്ടികവർഗ്ഗ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് അൻപത് കുട്ടികൾ വേണം എന്ന വ്യവസ്ഥയിൽ ഇളവ് നൽകി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(ബി&സി) 31-7-2014-ലെ സ.ഉ.(സാധാ)നമ്പർ143/14/പൊ.വി.വ.. പ്രകാരം തുടർച്ചയായ മൂന്ന് വർഷം മതിയായ എണ്ണം വിദ്യാർത്ഥികളുള്ള (പ്ലസ് വൺ-നും പ്ലസ് ടു-വിനും 50 കുട്ടികൾ വീതം) സ്കൂളുകളെയാണ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കുന്നത്. ഈ വ്യവസ്ഥയിൽ ഇളവ് നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**എൽ.പി.-യു.പി. അദ്ധ്യാപകരുടെ റെഗുലറൈസേഷൻ**

221(4231) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ചില ജില്ലകളിൽ എൽ.പി.-യു.പി. അദ്ധ്യാപകരുടെ പ്രൊബേഷൻ നടപടികളോ റെഗുലറൈസേഷൻ നടപടികളോ പൂർത്തിയാക്കുന്നതിന് നാലും അഞ്ചും വർഷം എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാനാവശ്യമായ കർശന നടപടി സ്വീകരിക്കാമോ?

പി.എസ്.സി. വെരിഫിക്കേഷനുശേഷം ലഭിക്കുന്ന സാക്ഷ്യപത്രത്തിന്റെയും ജില്ലാ പോലീസ് മേധാവിയിൽനിന്നും ലഭിക്കുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് അദ്ധ്യാപകരുടെ സേവനം റെഗുലറൈസ് ചെയ്യുന്നത്. റെഗുലറൈസേഷൻ നടപടികൾ പൂർത്തിയാക്കിയ അദ്ധ്യാപകരുടെ നിരീക്ഷണകാലം പൂർത്തിയാക്കാനുള്ള അപേക്ഷകൾ സ്കൂൾ മേധാവി മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് മുൻപാകെ ലഭിക്കുന്ന സമയത്ത് സാങ്കേതികവും നിയമപരവുമായ തടസ്സങ്ങൾ ഇല്ല എന്ന് ഉറപ്പാക്കി പ്രൊബേഷൻ ഡിക്ലയർ ചെയ്ത് നൽകുന്നുണ്ട്. കോവിഡ് -19 മഹാമാരിയുമായി ബന്ധപ്പെട്ട് കടുത്ത നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാലും ആയതിന്മേൽ പൂർണ്ണമായ ഇളവുകൾ ലഭിക്കാത്തതിനാലും അക്കാലയളവിലുള്ള പ്രൊബേഷൻ/ റെഗുലറൈസേഷൻ നടപടികളിൽ സ്വാഭാവിക കാലതാമസം ഉണ്ടായിട്ടുണ്ട്.

## ഫുൾടൈം ബെനിഫിറ്റ് തസ്തികയിലെ സ്ഥാനക്കയറ്റം

222(4232) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഫുൾടൈം ബെനിഫിറ്റ് തസ്തികയിൽ ജോലി ചെയ്തുവരുന്ന പാർട്ട് ടൈം വിത്ത് ഫുൾടൈം ബെനിഫിറ്റ് അദ്ധ്യാപകരിൽ (ജൂനിയർ ലാംഗ്വേജ് ടീച്ചർ ഹിന്ദി) പ്രസ്തുത തസ്തികയിൽ 2012 മുതൽ ജോലി ചെയ്തുവരുന്നവർക്ക് ഫുൾടൈം ലാംഗ്വേജ് ടീച്ചർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ കൊടുക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഫുൾടൈം ഹിന്ദി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് യോഗ്യരായ അദ്ധ്യാപകരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ആയതിൽനിന്ന് സ്ഥാനക്കയറ്റം നൽകുകയും ചെയ്യുന്നുണ്ട്. നിലവിൽ ഈ ലിസ്റ്റിലെ ആദ്യ 4 പേർക്കാണ് സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത്. അർഹതപ്പെട്ട ഒഴിവുകൾ ലഭിക്കുന്ന മുറയ്ക്ക് ടി ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതാണ്.

(ബി) തിരുവനന്തപുരം ജില്ലയിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ(ഹിന്ദി) തസ്തികയിൽ ഏത് വർഷം വരെയുള്ളവർക്കാണ് പ്രൊമോഷൻ കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആദ്യ 4 പേർക്കാണ് സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത്. 30-7-2021- ലെ എ3/22564/2018/ഡി.ജി.ഇ ഉത്തരവ് പ്രകാരം 19-2-2004-ൽ പാർട്ട്ടൈം ഹിന്ദി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച അദ്ധ്യാപികയ്ക്കാണ് സ്ഥാനക്കയറ്റം നൽകിയത്.

(സി) ഫുൾടൈം ബെനിഫിറ്റ് തസ്തികയിലെ അദ്ധ്യാപകന് മതിയായ യോഗ്യതകൾ ഉണ്ടെങ്കിൽ ഫുൾടൈം തസ്തികയിലെ അദ്ധ്യാപകനോടൊപ്പം പ്രൊമോഷന് അർഹതയുണ്ടോ; വ്യക്തമാക്കാമോ; അർഹതയുണ്ടെങ്കിൽ തിരുവനന്തപുരം ജില്ലയിൽ ഏത് വർഷംവരെ ജോലിയിൽ പ്രവേശിച്ചവർക്കാണ് പ്രൊമോഷൻ കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

അർഹതയില്ല. പാർട്ട്ടൈം ലാംഗ്വേജ് ഹിന്ദി തസ്തികയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ 5 വർഷം പൂർത്തിയാക്കുകയും 8 പിരീഡ് ലഭ്യമാകുമ്പോൾ ടി അദ്ധ്യാപകർക്ക് ഫുൾടൈം ബെനിഫിറ്റ് നൽകുന്നു. എന്നിരുന്നാലും ടി അദ്ധ്യാപകർ പാർട്ട്ടൈം തസ്തികയിലാണ് തുടരുന്നത്. അതിനാൽ ഫുൾടൈം തസ്തികയിലെ അദ്ധ്യാപകരോടൊപ്പം പ്രൊമോഷന് അർഹതയില്ല.

(ഡി) നിലവിൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ(ഹിന്ദി) തസ്തികയിൽ ഫുൾടൈം ബെനിഫിറ്റിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകർക്ക് പ്രൊമോഷൻ കൊടുക്കാൻ കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; ഈ പ്രൊമോഷന് നിലവിൽ യോഗ്യരായ അദ്ധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കി യിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് തന്നെ അർഹതപ്പെട്ടയെണ്ണം സ്ഥാനക്കയറ്റത്തിനായി നൽകുന്നുണ്ട്. നിലവിൽ പാർട്ട്ടൈം ലാംഗ്വേജ് ഹിന്ദി, ഫുൾടൈം ലാംഗ്വേജ് ഹിന്ദി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനായി അദ്ധ്യാപകരുടെ ലിസ്റ്റ് നിലവിലുള്ളതും 4 പേർക്ക് നൽകിയിട്ടുള്ളതുമാണ്.

(ഇ) 2007 ജനുവരിമാസം ജോയിൻ ചെയ്ത പാർട്ട് ടൈം ജൂനിയർ ലാംഗേജ് ടീച്ചർമാർക്ക് (ഹിന്ദി) ഫുൾടൈം ലാംഗേജ് ടീച്ചർമാരായി പ്രൊമോഷൻ കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

നിലവിൽ 4 പേർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. 19-2-2004-ൽ പ്രവേശിച്ച അധ്യാപികയ്ക്ക് ആണ് അവസാനം നൽകിയിട്ടുള്ളത്. അർഹതപ്പെട്ട ഒഴിവുകൾ ലഭിക്കുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതാണ്.

(എഫ്) കേരളത്തിലെ മറ്റ് ജില്ലകളിൽ ഏത് വർഷംവരെ ജോയിൻ ചെയ്തവർക്കാണ് ഫുൾടൈം അദ്ധ്യാപകരായി പ്രൊമോഷൻ കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൊല്ലം - 2006, പത്തനംതിട്ട - 2000, കോട്ടയം - 2005, ആലപ്പുഴ - 2004, ഇടുക്കി - 2002, എറണാകുളം - 2013, തൃശ്ശൂർ - 2004, പാലക്കാട് - 2017, മലപ്പുറം - 2012, കോഴിക്കോട് - 2014, വയനാട് - 2014, കണ്ണൂർ - 2004, കാസർഗോഡ് - 2005.

**ഗവണ്മെന്റ് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ ഒഴിവുകൾ**

223(4233) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം നൽകുമോ?

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 225 |
| കൊല്ലം | 182 |
| പത്തനംതിട്ട | 76 |
| ആലപ്പുഴ | 107 |
| കോട്ടയം | 75 |
| ഇടുക്കി | 31 |
| എറണാകുളം | 116 |
| തൃശ്ശൂർ | 73 |
| പാലക്കാട് | 139 |
| മലപ്പുറം | 209 |
| കോഴിക്കോട് | 151 |
| വയനാട് | 51 |
| കണ്ണൂർ | 104 |
| കാസർഗോഡ് | 89 |
| ആകെ | 1,628 |

(ബി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത തസ്തികയിൽ ഒഴിവുകൾ നിലവിൽ വന്നതെന്നാണെന്ന് അറിയിക്കുമോ?

2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ.

(സി) യഥാസമയം ഈ ഒഴിവുകൾ നികത്താതിരുന്നതുമൂലം അദ്ധ്യാപകർക്ക് അർഹതപ്പെട്ട പ്രൊമോഷൻ ലഭിക്കാതിരുന്നിട്ടുണ്ടോ; വിശദമാക്കുമോ?

ഹെഡ്മാസ്റ്റർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിന് സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയത് ട്രിബ്യൂണൽ സ്റ്റേ ചെയ്യുകയുണ്ടായി. ആയത് നീക്കി, ഹെഡ്മാസ്റ്റർ തസ്തിക പ്രൊമോഷൻ നടത്തുന്നതിന് അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രധാനാദ്ധ്യാപകരുടെ അഭാവംമൂലം സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ തടസ്സം നേരിട്ടിട്ടുണ്ടോയെന്നും ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നോ എന്നും വ്യക്തമാക്കുമോ?

പ്രൈമറി പ്രഥമാദ്ധ്യാപകർ ഇല്ലാത്ത എല്ലാ എൽ.പി./യു.പി. സ്കൂളുകളിലും സീനിയർ അദ്ധ്യാപകർക്ക് പ്രൈമറി പ്രഥമാദ്ധ്യാപകന്റെ ചുമതല നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ പ്രഥമാദ്ധ്യാപകർ ഇല്ലാത്ത സാഹചര്യം സ്കൂളുകളിലെ അക്കാദമിക്/ അഡ്മിനിസ്ട്രേഷൻ ഉൾപ്പടെയുള്ള ദൈനംദിനപ്രവർത്തനങ്ങളെ ബാധിക്കുന്നില്ല.

(ഇ) നിലവിലുള്ള ഒഴിവുകളിൽ പ്രമോഷൻ നൽകുന്നതിനും വിദ്യാലയങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഹെഡ്മാസ്റ്റർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിന് സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയത് ട്രിബ്യൂണൽ സ്റ്റേ ചെയ്യുകയുണ്ടായി. ആയത് നീക്കി, ഹെഡ്മാസ്റ്റർ തസ്തിക പ്രൊമോഷൻ നടത്തു ന്നതിന് അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

**ഹയർ സെക്കണ്ടറി ബാച്ചുകളിൽ തസ്തിക സൃഷ്ടിക്കൽ**

224(4234) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കുന്നതിലും പ്രൊമോഷൻ നല്കുന്നതിലും 23-7-2018-ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) സർക്കുലർ നമ്പർ 1/310/2018 ഉഭപവ, 1958-ലെ കെ.എസ്.&എസ്.എസ്.ആർ. രണ്ടാം ഭാഗം ചട്ടം 28(ബി) എന്നിവ പ്രകാരമുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും വർഷങ്ങളായി പാലിക്കാറില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഭരണപരമായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും മനഃപൂർവ്വമായ വീഴ്ച വരുന്നതായി കണ്ടെത്തിയിട്ടില്ല.

(ബി) 2014 മുതൽ ഗവ. ഹയർ സെക്കണ്ടറിയിലും മോഡൽ റസിഡൻഷ്യൽ സ്കൂളിലുമുൾപ്പെടെ അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകളിൽ എത്ര തസ്തിക സൃഷ്ടിക്കാനുണ്ടെന്നും പ്രസ്തുത സ്കൂളുകളിൽ സ്ഥിരാദ്ധ്യാപകർ ഇല്ലാത്തതിനാൽ കുട്ടികൾ കൊഴിഞ്ഞുപോകുന്നുണ്ടെന്നുമുള്ള വസ്തുതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാ മോ?

2014 മുതൽ അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകളിൽ മതിയായ എണ്ണം വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ, സൃഷ്ടിക്കാത്ത 209 തസ്തികകളാണുള്ളത്. മോഡൽ

റസിഡൻഷ്യൽ സ്കൂളുകളിൽ 95 തസ്തികകൾ സൃഷ്ടിക്കാനുണ്ട്. സ്ഥിരാദ്ധ്യാപകർ ഇല്ലാത്തതിനാൽ കുട്ടികൾ കൊഴിഞ്ഞുപോകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥിരം അദ്ധ്യാപകരില്ലാത്ത ഹയർ സെക്കണ്ടറി ബാച്ചുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ച് അദ്ധ്യയനം നടത്തിവരുന്നുണ്ട്.

(സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്വൈസ്-സി) വകുപ്പിന്റെ 8-6-2021-ലെ സ.ഉ. (കൈ)നം.13/2021/ഉഭപവ ഉത്തരവ് പ്രകാരം വിവിധ എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിൽ എത്ര ഒഴിവുകളാണ് ഡീകേഡർ ചെയ്ത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർസെക്കണ്ടറി വിഭാഗത്തിൽ HSST (Jr) തസ്തികകൾ ഡീ കേഡർ ചെയ്ത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട സാഹചര്യമില്ല. HSST തസ്തികകളിലെ ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

(ഡി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ കഴിഞ്ഞ കുറേ വർഷങ്ങളായി വിരമിക്കൽ ഒഴിവുകൾ നികത്തുന്നതിൽ രണ്ട് വർഷത്തിന്മേലുള്ള അസാധാരണമായ കാലതാമസം വരുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പൊതുവിദ്യാഭ്യാസ രംഗത്തിനെ ഗുരുതരമായി ബാധിക്കാൻ ഇടയുള്ളതിനാൽ ഈ പ്രവണത അവസാനിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഇക്കാര്യത്തിൽ ഭരണപരമായ കാലതാമസം നേരിടുന്നുണ്ട്. കാലതാമസം ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തിക

225(4235) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിലെ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിലേയ്ക്ക് 2022 ജൂലൈ 31 വരെ വരാൻ സാദ്ധ്യതയുള്ള പ്രൊമോഷൻ/ റിട്ടയർമെന്റ് ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ?

| | |
|---|---|
| സാദ്ധ്യതയുള്ള പ്രൊമോഷൻ ഒഴിവ് | - 3 |
| റിട്ടയർമെന്റ് ഒഴിവ് | - 2 |
| ആകെ | - 5 |

**പ്രധാനാദ്ധ്യാപക ഒഴിവ്**

226(4236) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-2021, 2021-22 അദ്ധ്യയന വർഷങ്ങളിൽ എത്ര ഗവണ്മെന്റ് സ്കൂളുകളിൽ പ്രധാനാധ്യാപക ഒഴിവുണ്ട് എന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

2020-2021 അദ്ധ്യയന വർഷം 407 ഹൈസ്കൂൾ പ്രധാനാദ്ധ്യാപകരുടെയും 989 പ്രൈമറി പ്രധാനാദ്ധ്യാപകരുടെയും ഒഴിവുകളുണ്ടായിരുന്നു. 2021-22 അദ്ധ്യയന വർഷം 306 ഹൈസ്കൂൾ പ്രധാനാദ്ധ്യാപകരുടെയും (30-7-2021 വരെ) 646 പ്രൈമറി പ്രധാനാദ്ധ്യാപകരുടെയും ഒഴിവുകളുണ്ട്.

(ബി) 2022 ജനുവരി മുതൽ ഡിസംബർ വരെ വിരമിക്കുന്ന ഗവണ്മെന്റ് അപ്പർ പ്രൈമറി വിഭാഗം മലയാളം മീഡിയം അദ്ധ്യാപകരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

356.

**അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം**

227(4237) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് ഏതെല്ലാം ചട്ടങ്ങൾ പാലിച്ചാണെന്ന് വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് ഒരു അദ്ധ്യയന വർഷം ആകെയുണ്ടാകുന്ന ഒഴിവിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നീക്കി വച്ചിട്ടുള്ളതിൽ 60% ജനറൽ സീനിയോരിറ്റിയും 20% പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിനും 20% സഹതാപാർഹ സ്ഥലംമാറ്റത്തിനുമായാണ് നീക്കിവച്ചിട്ടുള്ളത്. ഇതിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷ അയയ്ക്കുമ്പോൾ ജോലി ചെയ്യുന്ന ജില്ലയിൽ പ്രസ്തുത തസ്തികയിലെ സർവ്വീസ് ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിലാണ് സീനിയോരിറ്റി കണക്കാക്കുന്നത്.

(ബി) മറ്റ് വകുപ്പുകളിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അനുപാതം പത്ത് ശതമാനം മാത്രമുള്ളപ്പോൾ അദ്ധ്യാപകർക്ക് ഇരുപത്തിയഞ്ച് ശതമാനമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അദ്ധ്യാപക തസ്തികയിലുള്ളവർക്ക് മാതൃ ജില്ലയിലേയ്ക്ക് ട്രാൻസ്ഫർ ലഭിക്കുന്നതിന് അന്തർജില്ലാ സ്ഥലംമാറ്റത്തെ മാത്രമേ ആശ്രയിക്കാൻ കഴിയുകയുള്ളുവെന്ന പ്രത്യേക സാഹചര്യം നിലനിൽക്കുന്നതുകൊണ്ടാണ് വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലമാറ്റത്തിനുള്ള അനുപാതം 25% ആയി നിശ്ചയിച്ചിട്ടുള്ളത്.

(സി) നിലവിൽ ഏതെങ്കിലും ജില്ലയിൽ എച്ച്.എസ്.എ.-മാരുടെ അന്തർജില്ലാ സ്ഥലംമാറ്റം അനുവദനീയമായ അനുപാതത്തിൽനിന്നും അധികരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇത് സംബന്ധിച്ച ഏതെങ്കിലും ഫയൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലമാറ്റവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ലഭ്യമാക്കിയ ശിപാർശകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സജീവ പരിഗണനയിലുണ്ട്.

## എൽ.പി.എസ്.ടി. ഒഴിവുകൾ

228(4238) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വിവിധ സർക്കാർ സ്കൂളുകളിലായി എത്ര എൽ.പി.എസ്.ടി. ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും അറിയിക്കാമോ; വിശദവിവരം ലഭ്യമാക്കാമോ?

35 ഒഴിവുകൾ നിലവിലുണ്ട്. അതിൽ നിയമാനുസൃതമായി 28 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രൈമറി സ്കൂളുകളിലെ പ്രഥമാദ്ധ്യാപക സ്ഥാനക്കയറ്റത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ; പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന എൽ.പി.എസ്.ടി. തസ്തികയിലെ അദ്ധ്യാപകരുടെ വിവരങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കാമോ?

1. തിരുവനന്തപുരം - സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹൈസ്കൂൾ ടീച്ചർമാരും പി.ഡി. ടീച്ചർമാരും ഉൾപ്പെട്ടിട്ടുണ്ട്. എൽ.പി.സ്കൂൾ ടീച്ചർമാരെ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

2. കൊല്ലം - അന്തിമ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

3. പത്തനംതിട്ട -അന്തിമ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

4. ആലപ്പുഴ - സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹൈസ്കൂൾ ടീച്ചർമാരും പി.ഡി. ടീച്ചർമാരും ഉൾപ്പെട്ടിട്ടുണ്ട്. എൽ.പി.സ്കൂൾ ടീച്ചർമാരെ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

5. കോട്ടയം- സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹൈസ്കൂൾ ടീച്ചർമാരും പി.ഡി. ടീച്ചർമാരും ഉൾപ്പെട്ടിട്ടുണ്ട്. എൽ.പി.സ്കൂൾ ടീച്ചർമാരെ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

6. ഇടുക്കി - റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൽ 14 എൽ.പി.സ്കൂൾ ടീച്ചർമാർ ഉൾപ്പെട്ടിട്ടുണ്ട്.

7. എറണാകുളം - സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹൈസ്കൂൾ ടീച്ചർമാരും പി.ഡി. ടീച്ചർമാരും ഉൾപ്പെട്ടിട്ടുണ്ട്. എൽ.പി.സ്കൂൾ ടീച്ചർമാരെ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

8. തൃശ്ശൂർ - സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹൈസ്കൂൾ ടീച്ചർമാരും പി.ഡി. ടീച്ചർമാരും ഉൾപ്പെട്ടിട്ടുണ്ട്. എൽ.പി.സ്കൂൾ ടീച്ചർമാരെ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

9. പാലക്കാട് - അന്തിമ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

10. മലപ്പുറം - അന്തിമ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

11. കോഴിക്കോട് - സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൽ 31 എൽ.പി.സ്കൂൾ ടീച്ചർമാർ ഉൾപ്പെട്ടിട്ടുണ്ട്.

12. വയനാട് - സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൽ 23 എൽ.പി.സ്കൂൾ ടീച്ചർമാർ ഉൾപ്പെട്ടിട്ടുണ്ട്.

13. കണ്ണൂർ - സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹൈസ്കൂൾ ടീച്ചർമാരും പി.ഡി. ടീച്ചർമാരും ഉൾപ്പെട്ടിട്ടുണ്ട്. എൽ.പി.സ്കൂൾ ടീച്ചർമാരെ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

14. കാസർഗോഡ് - അന്തിമ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലിസ്റ്റ് പ്രസിദ്ധീകരിച്ച ജില്ലകളുടെ സീനിയോറിറ്റി ലിസ്റ്റ് ശേഖരിച്ചുവരുന്നു.

(സി) ആറ് മാസത്തിൽ കൂടുതലായി ശൂന്യവേതനാവധിയിൽ ഉൾപ്പെട്ടിട്ടുള്ള അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ?

ഇത്തരത്തിൽ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ശ്രീമതി വീണാ വർഗ്ഗീസിന്റെ എൽ.പി.എസ്.ടി. നിയമനം

229(4239) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട തുറവൂർ സെന്റ് അഗസ്റ്റിൻസ് യു.പി. സ്കൂളിൽ എൽ.പി.എസ്.ടി. ആയി നിയമിച്ച ശ്രീമതി വീണാ വർഗ്ഗീസിന്റെ നിയമനം അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് അങ്കമാലി എ.ഇ.ഒ.-യുടെ 22-2-2020-ലെ സി/8350/2019 നമ്പർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

51 A അവകാശികളായ ശ്രീമതി റിമി ജേക്കബ്, ശ്രീമതി പ്രിൻസി കെ. ആർ., എന്നിവരുടെ യു.പി.എസ്.ടി. നിയമനവും 51 B അവകാശിയായ ശ്രീമതി സോനാ ഡേവിസിന്റെ എച്ച്.എസ്.ടി. നിയമനവും അംഗീകരിക്കാത്തതാണ് ശ്രീമതി വീണാ വർഗ്ഗീസിന്റെ നിയമനം അംഗീകരിക്കാത്തതിന് കാരണം. അങ്കമാലി ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ 22-2-2020-ലെ നമ്പർ സി/8350/2019 നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത വിഷയത്തിൽ നിയമന അംഗീകാരം ലഭിക്കുന്നതിന് ശ്രീമതി വീണാ വർഗ്ഗീസ് സർക്കാർ സംഘടിപ്പിച്ച അദാലത്തിൽ അപ്പീൽ അപേക്ഷ നൽകിയിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയുടെ പകർപ്പും അതിന് ഉപ വിദ്യാഭ്യാസ ഓഫീസർ നൽകിയ മറുപടിയുടെ പകർപ്പും ലഭ്യമാക്കാമോ?

ഉപജില്ല വിദ്യാഭ്യാസ ആഫീസർ അദാലത്തിൽ നൽകിയ മറുപടിയുടെ പകർപ്പ് അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത വിഷയത്തിൽ ശ്രീമതി വീണാ വർഗ്ഗീസിന്റെ നിയമനം അംഗീകരിക്കാത്തതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ചൂണ്ടിക്കാണിച്ച കാരണങ്ങൾ ബാധകമായ മറ്റുള്ളവരുടെ കാര്യത്തിൽ അങ്കമാലി ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ 21-4-2021-ലെ ബി2/12779/2019, 20-4-2021-ലെ സി.8868/2021, സി.7993/2021 എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം പരിഹരിച്ചിരിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മേൽ ഉത്തരവുകളുടെ പകർപ്പ് അങ്കമാലി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ മറുപടിക്കൊപ്പം ഹാജരാക്കിയത് അനുബന്ധം-III (i), (ii) & (iii) ആയി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ശ്രീമതി വീണാ വർഗ്ഗീസിന്റെ നിയമനം അംഗീകരിക്കുന്നതിന് തടസ്സമായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ച കാര്യം പരിഹരിച്ച സ്ഥിതിക്ക് അദാലത്തിൽ ശ്രീമതി വീണാ വർഗ്ഗീസ് നൽകിയ അപ്പീൽ അപേക്ഷ പരിഗണിച്ച് നിയമന അംഗീകാരം നൽകുന്നതിനുള്ള നിർദ്ദേശം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകുമോ; വിശദാംശം ലഭ്യമാക്കാമോ?

ശ്രീമതി വീണാ വർഗ്ഗീസിന്റെ നിയമനം അംഗീകരിക്കുന്നതിന് കാരണമായ സീനിയർ അദ്ധ്യാപകരുടെ നിയമനം അംഗീകരിച്ചതായി അങ്കമാലി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ശ്രീമതി വീണാ വർഗ്ഗീസിന്റെ നിയമനം അംഗീകരിക്കാവുന്നതാണ്.

(ഇ) ശ്രീമതി വീണാ വർഗ്ഗീസിന്റെ എൽ.പി.എസ്.ടി. ആയിട്ടുള്ള നിയമനം അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് വേഗത്തിൽ തീർപ്പാക്കാൻ അടിയന്തര നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കാമോ?

ശ്രീമതി വീണാ വർഗ്ഗീസിന്റെ നിയമനം അംഗീകരിക്കുന്നതിന് നിർദ്ദേശം അങ്കമാലി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകാവുന്നതാണ്.

**ഏകാദ്ധ്യാപക വിദ്യാലയങ്ങൾ**

230(4240) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

270 എണ്ണം.

തിരുവനന്തപുരം - 13, കൊല്ലം - 2, ഇടുക്കി - 62, എറണാകുളം - 5, തൃശ്ശൂർ - 1, പാലക്കാട് - 25, മലപ്പുറം - 45, കോഴിക്കോട് - 15, വയനാട് - 36, കണ്ണൂർ -14, കാസർഗോഡ് - 52.

(ബി) അദ്ധ്യാപകരില്ലാത്ത ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ വിവരം ലഭ്യമാക്കുമോ; അദ്ധ്യാപകരില്ലാത്ത വിദ്യാലയങ്ങളിൽ അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

അദ്ധ്യാപകർ ഇല്ലാത്ത ഏകാദ്ധ്യാപക വിദ്യാലയങ്ങളില്ല.

(സി) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ വിവരം ലഭ്യമാക്കുമോ; ഇതിൽ അദ്ധ്യാപകരില്ലാത്തവ എത്ര; വിശദമായ വിവരം ലഭ്യമാക്കുമോ?

കോട്ടക്കൽ നിയോജക മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ ഇല്ല.

**കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിലെ ഒഴിവുകൾ**

231(4241) <u>ശ്രീ. അബ്ദുൽ ഹമീദ് പി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിൽനിന്നും യു.പി.എസ്.എ. തസ്തികയിൽ 2022 ജനവരി 1 മുതൽ 2025 ഡിസംബർ 31 വരെ വിരമിക്കുന്ന അദ്ധ്യാപകരുടെ പേര്, ജോലി നോക്കുന്ന സ്ഥലം, വിരമിക്കൽ തീയതി, എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധം -I ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത ജില്ലയിൽ 2020 ജനവരി 1 മുതൽ 2021 ജൂൺ 30 വരെ യു.പി.എസ്.എ. തസ്തികയിൽനിന്നും വിരമിച്ച അദ്ധ്യാപകരുടെ പേരും വിരമിക്കൽ തീയതിയും വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധം -II ആയി ചേർക്കുന്നു.*

(സി) പ്രസ്തുത ജില്ലയിലെ സർക്കാർ പ്രൈമറി സ്കൂളുകളിൽ എത്ര പ്രഥമ അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ടെന്നും ഒഴിവുകൾ നിലവിലുള്ള സ്കൂളുകളുടെ പേര് വിവരങ്ങളും ലഭ്യമാക്കുമോ?

75 പ്രഥമാദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധം-III ആയി ചേർക്കുന്നു.*

**മലപ്പുറം ജില്ലയിലെ അദ്ധ്യാപക ഒഴിവുകൾ**

232(4242) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർക്കാർ, എയ്ഡഡ് വിഭാഗങ്ങളിൽ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ നിലവിലുള്ള അദ്ധ്യാപകരുടെയും പ്രധാന അദ്ധ്യാപകരുടെയും ഒഴിവുകൾ എത്രയാണ്; തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ ഒഴിവുകൾ

| ക്രമ നമ്പർ | തസ്തിക | ഒഴിവുകൾ |
|---|---|---|
| 1 | എൽ.പി.എസ്.ടി. | 477 |
| 2 | യു.പി.എസ്.ടി. | 61 |
| 3 | എച്ച്.എസ്.ടി. (ഗണിതം) | 35 |
| 4 | എച്ച്.എസ്.ടി. (നാച്ചുറൽ സയൻസ്) | 14 |
| 5 | എച്ച്.എസ്.ടി.(ഇംഗ്ലീഷ്) | 9 |
| 6 | എച്ച്.എസ്.ടി. (പി.എസ്) | 145 |
| 7 | എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) | 40 |
| 8 | എച്ച്.എസ്.ടി. (മലയാളം) | 18 |
| 9 | എച്ച്.എസ്.ടി. (ഹിന്ദി) | 41 |
| 10 | എച്ച്.എസ്.ടി. (അറബിക്) | 56 |
| 11 | എച്ച്.എസ്.ടി. (ഉറുദു) പാർട്ട്ടൈം | 3 |
| 12 | എച്ച്.എസ്.ടി. (സംസ്കൃതം) | 4 |
| 13 | എച്ച്.എസ്.ടി. (സംസ്കൃതം) പാർട്ട്ടൈം 2 | |
| 14 | എച്ച്.എസ്.ടി. (അറബിക്) പാർട്ട്ടൈം | 1 |
| 15 | ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) | 7 |
| 16 | ജൂനിയർ ലാംഗ്വേജ് ടീച്ചർ ഉറുദു (ഫുൾടൈം) | 1 |
| 17 | ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) | 5 |
| 18 | പ്രൈമറി ഹെഡ്മാസ്റ്റർ | 209 |
| ആകെ | | 1128 |

എച്ച്.എസ്.എസ്.ടി. എച്ച്.എസ്.എസ്.ടി ഒഴിവുകൾ - 156

എച്ച്.എസ്.എസ്.ടി ജൂനിയർ ഒഴിവുകൾ - 124

മലപ്പുറം ജില്ലയിലെ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽനിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് എച്ച്.എസ്.എസ്.ടി. തസ്തികയിൽ 41 ഒഴിവുകളും എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിൽ 31 ഒഴിവുകളും നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എയ്ഡഡ് വിദ്യാലയങ്ങളിൽ പുതിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്താൻ നിർദ്ദേശം നല്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ 894 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എയ്ഡഡ് വിദ്യാലയങ്ങളിൽ പുതിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്താൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈൻ പഠന പ്രവർത്തനങ്ങളും സ്കൂൾ ഭരണ നിർവഹണവും തടസ്സപ്പെടാതിരിക്കാൻ നിയമന നടപടികൾ ത്വരിത പ്പെടുത്താൻ നിർദേശം നൽകുമോ എന്നറിയിക്കാമോ?

6-7-2021-ലെ സ.ഉ.(സാധാ)നമ്പർ 3287/ 2021/പൊ.വി.വ പ്രകാരം സർക്കാർ സ്കൂളുകളിൽ നിയമന ഉത്തരവ് ലഭിച്ചവരെ 15-7-2021 മുതൽ സേവനത്തിൽ പ്രവേശിപ്പിക്കാനും നിലവിൽ അഡ്വൈസ് മെമ്മോ ലഭിച്ചവർക്കും അടിയന്തരമായി നിയമന ഉത്തരവ് നൽകി സേവനത്തിൽ പ്രവേശിപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പൊതു വിദ്യാഭ്യാസ വകുപ്പിൽ സമാന തസ്തികകൾ**

233(4243) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ എ.എ., എ.ഒ., എ.പി.എഫ്.ഒ. ഉൾപ്പെടെയുള്ള സമാന തസ്തികകളിൽ എത്ര ഒഴിവുകളുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ തസ്തികകളിൽ ഒഴിവ് വന്ന തീയതി വെളിപ്പെടുത്താമോ;

(സി) ഈ തസ്തികകൾ താഴെ തട്ടിലുള്ളവരുടെ സ്ഥാനക്കയറ്റം വഴി നികത്തപ്പെടുമ്പോൾ എൽ.ഡി. ക്ലർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(എ-സി) പൊതുവിദ്യാഭ്യാസ വകുപ്പിൽ എ.എ./എ.ഒ./എ.പി.എഫ്.ഒ. തസ്തികയിൽ 18 ഒഴിവുകൾ ഉണ്ടായിരുന്നു. 1-5-2021, 1-6-2021, 21-6-2021, 29-6-2021 എന്നീ തീയതികളിൽ യഥാക്രമം 1, 15, 1, 1 എന്ന ക്രമത്തിലാണ് ഒഴിവുകളുണ്ടായത്. എന്നാൽ 30-7-2021-ലെ സ.ഉ. (കൈ)നമ്പർ 171/2021/പൊ.വി.വ.. പ്രകാരം ടി തസ്തികകൾ എൻട്രി കേഡറായ ക്ലർക്ക് തസ്തികയിലേയ്ക്ക് താത്ക്കാലികമായി തരംതാഴ്ത്തിയിട്ടുണ്ട്. ഇപ്രകാരം തരംതാഴ്ത്തിയശേഷം ഉണ്ടാകുന്ന ഒഴിവുകൾ വിവിധ ജില്ലകളിലെ പ്രവേശന തസ്തികയായ ക്ലർക്ക് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം കിട്ടാൻ യോഗ്യത നേടിയ ജീവനക്കാരുടെ എണ്ണം കണക്കാക്കി അന്തർജില്ലാ സ്ഥലംമാറ്റം, ആശ്രിത നിയമനം, ബൈ ട്രാൻസ്ഫർ നിയമനം എന്നിവയ്ക്ക് നിയമപ്രകാരം മാറ്റിവയ്ക്കേണ്ട ഒഴിവുകൾ മാറ്റിവച്ചശേഷമുള്ള ഒഴിവുകൾ കണക്കാക്കി 1-8-2021-ൽ നിലവിൽ വരുന്ന പ്രതീക്ഷിത ഒഴിവായി അതത് ജില്ലാ പബ്ലിക് സർവ്വീസ് കമ്മിഷന് റിപ്പോർട്ട് ചെയ്യുന്നതിന് സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

**നിയമന നിരോധനം**

234 (4244) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്, ഇൻസ്ട്രക്ടർ, ടീച്ചർ എന്നീ തസ്തികകളിൽ നിയമന നിരോധനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ദേശീയതലത്തിലുള്ള NSQF അധിഷ്ഠിതമായ വൊക്കേഷണൽ കോഴ്സുകൾ നിലവിൽ വന്നതിനാൽ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്, വൊക്കേഷണൽ ഇൻസ്ട്രക്ടർ, വൊക്കേഷണൽ ടീച്ചർ എന്നീ തസ്തികകളിലെ സ്ഥിര നിയമനങ്ങൾ നിർത്തലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികകളിൽ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ചിട്ടും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടില്ല എന്ന് അറിയിക്കാമോ; നല്കിയിട്ടില്ലായെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമന ഉത്തരവ് നൽകിയിട്ടില്ല എങ്കിൽ അത് എന്നത്തേക്ക് നൽകുവാൻ കഴിയും എന്നറിയിക്കാമോ?

(ബി&സി) ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്, വൊക്കേഷണൽ ഇൻസ്ട്രക്ടർ, വൊക്കേഷണൽ ടീച്ചർ എന്നീ തസ്തികകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് ആർക്കുംതന്നെ നിയമന ഉത്തരവ് നൽകാത്ത സാഹചര്യം ഇല്ല.

(ഡി) 14-6-2018-ലെ 155/എസ്.സി.3/2018/പൊ.വി.വ. നമ്പർ കത്തിലൂടെ നൽകിയിരിക്കുന്ന പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമന നിരോധന നിർദ്ദേശം, നിയമനം സംബന്ധിച്ച ഒരു സർക്കാർ തീരുമാനം ആ തീരുമാന തീയതിക്കുശേഷം ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് മാത്രമേ ബാധകമാക്കാവൂ എന്ന പൊതു ചട്ടത്തിന്റെ ലംഘനം അല്ലേയെന്ന് പരിശോധിച്ച് വ്യക്തമാക്കാമോ?

സർക്കാർ നിർദ്ദേശം വന്ന തീയതി മുതൽ നിലവിൽ വരുന്ന ഒഴിവുകളിലേയ്ക്ക് മാത്രമേ ബാധകമാവൂ എന്ന് പ്രത്യേകം പരാമർശിച്ചിട്ടില്ല.

(ഇ) എൻ.എസ്.ക്യൂ.എഫ്. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്, ഇൻസ്ട്രക്ടർ, ടീച്ചർ തസ്തികകളിൽ നിലവിലെ ആകെ അനുവദനീയ തസ്തികകളുടെ എണ്ണത്തിൽ കുറവുണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

NSQF പദ്ധതി നടപ്പിലാക്കിയപ്പോൾ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്, വൊക്കേഷണൽ ഇൻസ്ട്രക്ടർ, വൊക്കേഷണൽ ടീച്ചർ എന്നീ തസ്തികകളിലെ എണ്ണം സംബന്ധിച്ച് പുനഃക്രമീകരണം നടത്തിയിട്ടില്ല.

**ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകർ**

235(4245) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സീനിയർ, ജൂനിയർ വിഭജനത്തിന് അടിസ്ഥാനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ജോലിഭാരത്തിന്റെ അടിസ്ഥാനത്തിലാണ് ജൂനിയർ, സീനിയർ കാറ്റഗറി കണക്കാക്കുന്നത്. ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ പരമാവധി 14 പിരീഡുകൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ സീനിയർ അദ്ധ്യാപകന് 25 പിരീഡുകൾ അദ്ധ്യാപനം നടത്തേണ്ടതുണ്ട്.

(ബി) ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾ ആകുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ?

സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം 2:1 എന്ന അനുപാതത്തിൽ യോഗ്യരായ എച്ച്.എസ്.എസ്.ടി.-മാരിൽനിന്നും എച്ച്.എം.-മാരിൽനിന്നുമാണ്. പ്രിൻസിപ്പാൾ തസ്തികയിലെ യോഗ്യത സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നോ/കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച മറ്റു യൂണിവേഴ്സിറ്റികളിൽനിന്നോ ഉള്ള 50%-ൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദം,

2. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നോ/ കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നോ ഉള്ള ബി.എഡ് ബിരുദം.

പ്രൊമോഷൻ വഴിയുള്ള നിയമനത്തിന് കുറഞ്ഞത് 12 വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയവും (ഹയർ സെക്കണ്ടറി തലത്തിലുള്ള അദ്ധ്യാപന പരിചയത്തിന് മുൻഗണന) ബൈട്രാൻസ്ഫർ വഴിയുള്ള നിയമനത്തിന് കുറഞ്ഞത് 12 വർഷത്തെ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി അംഗീകൃത അദ്ധ്യാപന പരിചയവും ആവശ്യമാണ്.

(സി) നിലവിലെ യോഗ്യത പ്രകാരം ജൂനിയർ അദ്ധ്യാപകന് പ്രിൻസിപ്പാൾ ആകുന്നതിനുള്ള സാദ്ധ്യത കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഒരേ യോഗ്യതയും സീനിയർ അദ്ധ്യാപകരോടൊപ്പം എല്ലാ ദിവസവും ക്ലാസ്സിലും സ്കൂളിലും ഹാജരാകുകയും ചെയ്തിട്ടും ഇവർക്ക് ഈ അവസരം നിഷേധിക്കുന്നത് വിവേചനം ആണെന്ന് കരുതുന്നുണ്ടോ?

(സി&ഡി) ഇല്ല. സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം 2:1 എന്ന അനുപാതത്തിൽ യോഗ്യരായ എച്ച്.എസ്.എസ്.ടി മാരിൽ നിന്നും എച്ച്.എം മാരിൽ നിന്നുമാണ്. ടി ആളുകൾക്ക് മിനിമം 12 വർഷത്തെ അദ്ധ്യാപന പരിചയം യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. എച്ച്.എസ്.എസ്.ടി തസ്തികയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലും അദ്ധ്യാപന പരിചയത്തിന്റെ അടിസ്ഥാന ത്തിലുമാണ് മേൽ നിയമനം നടത്തുന്നത്. എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് എച്ച്.എസ്.എസ്.ടി. സീനിയർ തസ്തിക. സീനിയർ തസ്തികയിലേയ്ക്ക് പ്രൊമോഷന് മതിയായ ജൂനിയർ അദ്ധ്യാപകർ ഇല്ലാതാകുമ്പോൾ മാത്രമാണ് 3:1 അനുപാതത്തിൽ അത് പി.എസ്.സി. വഴിയുള്ള നേരിട്ടുള്ള നിയമനത്തിനും HSA/UPSA/LPSA -ൽ നിന്നുമുള്ള ബൈട്രാൻസ്ഫർ നിയമനത്തിനും നൽകുന്നത്. എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയുടെ

പ്രൊമോഷൻ തസ്തികയായ എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിൽ നിന്നുമാണ് അടുത്ത പ്രൊമോഷൻ തസ്തികയായ പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നത്. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ തസ്തികയിൽനിന്നും നേരിട്ട് പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള നിയമനം സാദ്ധ്യമല്ല.

(ഇ) ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ?

'ഡി ' - യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## ഡയറ്റ് സ്കൂൾ അദ്ധ്യാപകനിയമനം

236(4246) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഡയറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച സ്പെഷ്യൽ റൂൾ പ്രകാരം അദ്ധ്യാപകനിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഡയറ്റ് സ്പെഷ്യൽ റൂൾ പ്രകാരം ലക്ചറർ തസ്തികയുടെ നിയമന നടപടികൾ ആരംഭിച്ചപ്പോൾ ഇതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത ഹർജിയിൽ 89 ലക്ചറർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനെ ബഹു. കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. സ്റ്റേ ഒഴിവാക്കി നിയമന നടപടികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഡയറ്റ് സ്പെഷ്യൽ റൂൾസ് പ്രകാരം നിലവിലുള്ള ഡയറ്റ് അദ്ധ്യാപകരുടെ ഗ്രേഡ് ആനുകൂല്യം ഉൾപ്പെടെയുള്ള സർവ്വീസ് അവകാശങ്ങൾ സംരക്ഷിച്ചുനൽകുന്നതിനുള്ള നടപടികൾ വിശദീകരിക്കാമോ?

നിലവിലുള്ള ഡയറ്റ് അദ്ധ്യാപകരെ പുതുക്കിയ സ്പെഷ്യൽ റൂൾ പ്രകാരമുള്ള സമാന തസ്തികയിലേയ്ക്ക് പുനഃക്രമീകരിച്ച് സർവ്വീസ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിനുശേഷം മാത്രമേ ഗ്രേഡ് ആനുകൂല്യം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കാൻ കഴിയുകയുള്ളൂ.

(സി) 2018 മുതൽ ഡെപ്യൂട്ടേഷനിൽ ഡയറ്റ് ലക്ചറർമാരായി നിയമിക്കപ്പെട്ട സ്കൂൾ അദ്ധ്യാപകരെ ലക്ചറർമാരായി സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ; എങ്കിൽ വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

## ഗവ. പ്രൈമറി സ്കൂളുകളിലെ ഹെഡ്മാസ്റ്ററുടെ ഒഴിവുകൾ

237(4247) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവ.പ്രൈമറി സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എപ്പോഴേയ്ക്ക് നിയമനങ്ങൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്രൈമറി ഹെഡ് മാസ്റ്റർ പ്രൊമോഷൻ സംബന്ധിച്ച നടപടികൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിട്ടുണ്ട്. സ്റ്റേ നീക്കുന്നതുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

## വി.എച്ച്.എസ്.സി. അസിസ്റ്റന്റ് ഡയറക്ടറുടെ നിയമനം

238(4248) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.സി. അസിസ്റ്റന്റ് ഡയറക്ടറുടെ നിയമനത്തിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; പ്രസ്തുത നിയമനത്തിന് അർഹമായ സർവ്വീസ് കാലം ടീച്ചിംഗ്, നോൺ ടീച്ചിംഗ് മേഖല തിരിച്ച് വ്യത്യസ്തമാണോ എന്ന് വ്യക്തമാക്കാമോ?

വി.എച്ച്.എസ്.ഇ. അസിസ്റ്റന്റ് ഡയറക്ടറുടെ നിയമനത്തിന്റെ മാനദണ്ഡം ഉൾക്കൊള്ളുന്ന കേരള വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യുക്കേഷൻ സ്റ്റേറ്റ് സർവ്വീസ് റൂൾസിന്റെ പ്രസക്ത ഭാഗം അനുബന്ധമായി ചേർക്കുന്നു.*

(ബി) അസിസ്റ്റന്റ് ഡയറക്ടറുടെ നിയമനത്തിന് സീനിയർ സൂപ്രണ്ട് തസ്തികയിൽ മാത്രം പത്ത് വർഷത്തെ സർവ്വീസ് വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ?

വി.എച്ച്.എസ്.ഇ. അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് ടെക്നിക്കൽ ഓഫീസർ/വൊക്കേഷണൽ ടീച്ചർ തസ്തികയിലിലോ/തസ്തികകളും കൂടിയോ, റിസർച്ച് അസിസ്റ്റന്റ്/നോൺ വൊക്കേഷണൽ ടീച്ചർ തസ്തികയിലോ/ തസ്തികകളും കൂടിയോ, സീനിയർ സൂപ്രണ്ട് തസ്തികയിലോ ഏറ്റവും കുറഞ്ഞത് 10 വർഷത്തെ സർവ്വീസ് ആവശ്യമാണ്.

---

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കഴിഞ്ഞ പത്ത് വർഷത്തിനിടെ വകുപ്പിൽ നോൺ ടീച്ചിംഗ് വിഭാഗമായ സീനിയർ സൂപ്രണ്ട്, അക്കൗണ്ട്സ് ഓഫീസർ തസ്തികകളിൽ നിന്ന് എത്ര പേർക്ക് അസിസ്റ്റന്റ് ഡയറക്ടർ നിയമനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

മൂന്ന് പേർക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(ഡി) കഴിഞ്ഞ പത്ത് വർഷത്തിനിടെ വകുപ്പിൽ അദ്ധ്യാപക തസ്തികകളിൽ നിന്ന് എത്രപേർക്ക് അസിസ്റ്റന്റ് ഡയറക്ടർ നിയമനം ലഭിച്ചുവെന്ന് അറിയിക്കാമോ?

3 പേർക്ക്.

(ഇ) നോൺ ടീച്ചിംഗ് വിഭാഗത്തിലെ സൂപ്പർവൈസറി തസ്തികകളായ ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, അക്കൗണ്ട്സ് ഓഫീസർ എന്നിവയിലെ മൊത്തം സർവ്വീസ് കണക്കിലെടുത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയുടെ നിയമനത്തിന് പരിഗണിക്കുന്നതിന് സ്പെഷ്യൽ റൂൾ ഭേദഗതിക്ക് നടപടി സ്വീകരിക്കുമോ?

വി.എച്ച്.എസ്.ഇ. സ്പെഷ്യൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട് 16-7-2021-ലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഒരു ശിപാർശ സർക്കാരിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**സമഗ്രശിക്ഷാ കേരളയിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ നേരിടുന്ന പ്രതിസന്ധി**

239(4249) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിക്ഷാ കേരളയിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ നേരിടുന്ന പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ടോ;വിശദമാക്കാമോ?

ഉണ്ട്. സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ 2017-18-ൽ ലഭിച്ചുകൊണ്ടിരുന്ന ശമ്പളത്തിൽ തുടർ വർഷങ്ങളിൽ കുറവുണ്ടായിട്ടുണ്ട്.

(ബി) കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചിട്ടും പ്രസ്തുത തസ്തികയിലെ ജീവനക്കാരുടെ ശമ്പളം വെട്ടിച്ചുരുക്കാൻ ഇടയായ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ?

സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പളമായി കേന്ദ്ര സർക്കാർ 29,000 (ഇരുപത്തി ഒൻപതിനായിരം രൂപ) രൂപയാണ് 2017-18 വർഷത്തിൽ നൽകിയിരുന്നത്. എന്നാൽ 2018-19-ൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ പ്ലാൻ അപ്രൂവൽ ബോർഡ് മീറ്റിംഗ് തീരുമാന പ്രകാരം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പളം 7,000 രൂപയായി നിജപ്പെടുത്തി.(ഈ തുകയുടെ കേന്ദ്ര വിഹിതം

4,200 രൂപയും സംസ്ഥാന വിഹിതം 2,800 രൂപയുമാണ്) ഈ തുക വളരെ കുറവായതിനാൽ സമഗ്രശിക്ഷാ കേരളത്തിന്റെ ആവശ്യപ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ച തുകയ്ക്ക് പുറമെ 7,000രൂപ (ഏഴായിരം രൂപ) കൂടി സംസ്ഥാന സർക്കാർ അനുവദിക്കുകയും മാസശമ്പളമായി 14,000 രൂപയുമാണ് പ്രസ്തുത അദ്ധ്യാപകർക്ക് നൽകിവരുന്നത്.

(സി) ഇത്തരത്തിൽ ശമ്പളം വെട്ടിക്കുറക്കുന്നതിന് ആധാരമായ ചട്ടങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; അല്ലെങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പ്ലാൻ അപ്രൂവൽ ബോർഡ് അംഗീകരിക്കുന്ന തുകയാണ് ശമ്പള ഇനത്തിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് നൽകിവരുന്നത്. കേന്ദ്ര വിഹിതത്തിനു പുറമെ മുൻവർഷത്തെപോലെ കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തുല്യ ജോലിക്ക് തുല്യ വേതനം എന്ന നീതി നടപ്പിലാക്കുന്നതിലേയ്ക്കായി 2017-ൽ നിലവിലുണ്ടായിരുന്ന ശമ്പള രീതി പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത ശമ്പളം പുനഃസ്ഥാപിക്കണമെന്ന് നിരന്തരമായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ച് വരികയാണ്.

### എസ്.സി.ഇ.ആർ.ടി.-യിൽ റിസർച്ച് ഓഫീസർമാരുടെ ഒഴിവുകൾ

240(4250) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എസ്.സി.ഇ.ആർ.ടി.-യിൽ റിസർച്ച് ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; അതിൽ സ്ഥിരനിയമനം ലഭിച്ച അദ്ധ്യാപകർ എത്രയാണ്; സ്ഥിര നിയമനം അല്ലാത്ത തസ്തികകൾ ഏതൊക്കെ വിഷയത്തിലാണ്?

എസ്.സി.ഇ.ആർ.ടി.-യിൽ നിലവിൽ റിസർച്ച് ഓഫീസർമാരുടെ 8 ഒഴിവുകളാണുള്ളത്. ഇതിൽ സ്ഥിരനിയമനം ലഭിച്ച അദ്ധ്യാപകർ ആരും തന്നെയില്ല. എസ്.സി.ഇ.ആർ.ടി.-യിൽ അദ്ധ്യാപക നിയമനം നടത്തുന്നത് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ്. വിഷയത്തെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു :

1. സ്പെഷ്യൽ എഡ്യൂക്കേഷൻ

2. ഇൻ സർവ്വീസ് ടീച്ചർ എഡ്യൂക്കേഷൻ

3. ഇക്കണോമിക്സ്

4. പൊളിറ്റിക്കൽ സയൻസ്

5. ബയോളജി

6. ആർട്ട് എഡ്യൂക്കേഷൻ

7. ഉറുദു

8. കന്നഡ.

(ബി) ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന റിസർച്ച് ഓഫീസർമാരുടെ വിശദാംശം ലഭ്യമാക്കാമോ; അവരുടെ കാലാവധി എപ്പോൾ അവസാനിക്കുമെന്ന റിയിക്കാമോ?

അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന റിസർച്ച് ഓഫീസർമാരുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

## അദ്ധ്യാപക നിയമനം

241(4251) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 അദ്ധ്യയന വർഷം സർക്കാർ/എയ്ഡഡ് മേഖലയിൽ എത്ര അദ്ധ്യാപകർക്ക് നിയമനം നല്കിയിട്ടുണ്ടെന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സർക്കാർ സ്കൂളുകളിൽ നിയമിതരായവരുടെ എണ്ണം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 321 |
| 2 | കൊല്ലം | 288 |
| 3 | പത്തനംതിട്ട | 89 |
| 4 | ആലപ്പുഴ | 153 |
| 5 | കോട്ടയം | 25 |

*അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| (1) | (2) | (3) |
|---|---|---|
| 6 | ഇടുക്കി | 107 |
| 7 | എറണാകുളം | 261 |
| 8 | തൃശ്ശൂർ | 136 |
| 9 | പാലക്കാട് | 320 |
| 10 | മലപ്പുറം | 502 |
| 11 | കോഴിക്കോട് | 121 |
| 12 | വയനാട് | 109 |
| 13 | കണ്ണൂർ | 253 |
| 14 | കാസർഗോഡ് | 119 |

എയ്ഡഡ് മേഖലയിലെ നിയമനം സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | മാനേജർമാർ നടത്തിയ നിയമനങ്ങളുടെ എണ്ണം | വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിച്ച എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | 556 | 3 |
| 2 | കൊല്ലം | 445 | 9 |
| 3 | പത്തനംതിട്ട | 285 | 6 |
| 4 | ആലപ്പുഴ | 490 | 1 |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | കോട്ടയം | 775 | 0 |
| 6 | ഇടുക്കി | 270 | 6 |
| 7 | എറണാകുളം | 579 | 1 |
| 8 | തൃശ്ശൂർ | 901 | 0 |
| 9 | പാലക്കാട് | 710 | 0 |
| 10 | മലപ്പുറം | 1251 | 38 |
| 11 | കോഴിക്കോട് | 1142 | 2 |
| 12 | വയനാട് | 118 | 0 |
| 13 | കണ്ണൂർ | 836 | 12 |
| 14 | കാസർഗോഡ് | 199 | 0 |
| | ആകെ | 8557 | 78 |

(ബി) പ്രസ്തുത വർഷം അദ്ധ്യാപകരുടെ ഓൺലൈൻ ട്രാൻസ്ഫറിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

അപേക്ഷ ക്ഷണിച്ചിട്ടില്ല.

**സാക്ഷരതാ പ്രസ്ഥാനം**

242(4252) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന് മാതൃകയാകും വിധം സമ്പൂർണ്ണ സാക്ഷരത കൈവരിച്ച സംസ്ഥാനത്ത് തുടർ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് സാക്ഷരതാ പ്രസ്ഥാനം ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചെങ്കിലും ആദിവാസി-തീരദേശ-ഭാഷാ ന്യൂനപക്ഷ മേഖലകളിൽ നിരക്ഷരതയുടെ തുരുത്തുകൾ ഇപ്പോഴും അവശേഷിക്കുന്നുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. സംസ്ഥാനത്ത് ഇപ്പോഴും 18 ലക്ഷത്തോളം നിരക്ഷരർ അവശേഷിക്കുന്നതായും കണക്കുകളുണ്ട്. നിരക്ഷരത കൂടുതലുള്ള ഈ മേഖലകൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് പ്രത്യേക പദ്ധതികൾ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരികയാണ്. 1991-ലെ സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിനുശേഷം ഏറ്റവുമധികം നിരക്ഷരരെ സാക്ഷരരാക്കാൻ കഴിഞ്ഞത് 2016-21 കാലഘട്ടത്തിലാണ്. 108057 പേരാണ് ഈ കാലഘട്ടത്തിൽ സാക്ഷരരായത്. നവസാക്ഷരർക്ക് തുടർ വിദ്യാഭ്യാസത്തിനായി തുല്യതാകോഴ്സുകൾ നടത്തിവരുന്നു. നാലാംതരം, ഏഴാംതരം, പത്താംതരം, ഹയർ സെക്കണ്ടറി എന്നീ തുല്യതാ കോഴ്സുകൾ നിലവിലുണ്ട്. കൂടാതെ അച്ചീഹിന്ദ്, പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ് എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളും നടപ്പിലാക്കിവരുന്നു.

(ബി) സാക്ഷരതാ പ്രസ്ഥാനത്തെ പുതിയ ഒരു നവോത്ഥാന പ്രസ്ഥാനമായി രൂപപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിവിധ സാമൂഹ്യ സാക്ഷരതാപരിപാടികൾ സാക്ഷരതാ മിഷൻ നടപ്പിലാക്കി വരുന്നു. പരിസ്ഥിതി സാക്ഷരത, ഭരണഘടനാ സാക്ഷരത, ലിംഗസമത്വബോധന പരിപാടിയുടെ ഭാഗമായി നവോത്ഥാനത്തിലെ സ്ത്രീമുന്നേറ്റങ്ങൾ എന്ന പ്രദർശനവും പ്രഭാഷണങ്ങളും എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിരുന്നു. സംസ്ഥാന വ്യാപകമായി ഭരണഘടനാ സാക്ഷരതാ സന്ദേശയാത്രനടത്തി. "ഇന്ത്യ എന്ന റിപ്പബ്ലിക് "എന്ന പേരിൽ പ്രദർശനം സംഘടിപ്പിച്ചു. കോവിഡിന്റെ പശ്ചാത്തലത്തിൽ സാമൂഹ്യ മാദ്ധ്യമ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് നവോത്ഥാനം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ അവബോധം രൂപീകരിക്കാനുള്ള പ്രവർത്തനം നടത്തിവരുന്നു.

(സി) രാജ്യത്തോടും സമൂഹത്തോടും കൂറുള്ള പുതിയ തലമുറയെ വാർത്തെടുക്കാൻ സാക്ഷരതാ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിരക്ഷരരോ സ്കൂൾ വിദ്യാഭ്യാസത്തിൽനിന്ന് കൊഴിഞ്ഞുപോയവരോ ആയ പതിനഞ്ച് വയസ്സുമുതൽ പ്രായമുള്ളവരാണ് സാക്ഷരതാ മിഷന്റെ പഠിതാക്കൾ. ഇവർക്കുള്ള പാഠപുസ്തകങ്ങളിൽ സാമൂഹ്യപ്രതിബദ്ധതയ്ക്കും ഭരണഘടനാ മൂല്യങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സാക്ഷരതാ-തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സ്കൂൾ-കോളേജ് വിദ്യാർത്ഥികളുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്തി വരുന്നു. അതിഥി തൊഴിലാളികൾക്കിടയിൽ

സർവ്വേ നടത്താനും അവരെ സാക്ഷരരാക്കാനുമായി പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ മാത്രം മുന്നൂറോളം കോളേജ് വിദ്യാർത്ഥികൾ പ്രവർത്തിച്ചു. തിരുവനന്തപുരം നഗരസഭയുമായി സഹകരിച്ച് നടപ്പിലാക്കുന്ന അക്ഷരശ്രീ പദ്ധതിയുടെ സർവ്വേ പ്രവർത്തനങ്ങളിൽ അയ്യായിരത്തോളം സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ പങ്കെടുത്തു. യുവാക്കളിൽ സാമൂഹ്യപ്രതിബദ്ധത രൂപപ്പെടുത്താൻ ഇത്തരം പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്. കൂടാതെ, സാമൂഹ്യ സാക്ഷരതാ പരിപാടിയിലൂടെ യുവാക്കളിൽ സാമൂഹ്യബോധം വളർത്താൻ ശ്രമിക്കുന്നുണ്ട്. വിവിധ സാക്ഷരതാ പദ്ധതികളിൽ ഇൻസ്ട്രക്ടർമാരായി പാർശ്വവത്കൃത മേഖലയിലെ നാലായിരത്തോളം യുവാക്കൾ കഴിഞ്ഞ 5 വർഷത്തിനിടയിൽ പ്രവർത്തിച്ചു. ഇവർക്ക് നൽകിയ പരിശീലനങ്ങളിൽ സാമൂഹ്യപ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ വിപുലീകരിക്കാനും ശക്തമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അനിമൽ കീപ്പർ തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ

243(4253) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് ഡയറക്ടറുടെ 8-11-2019-ലെ ഉത്തരവിന് വിരുദ്ധമായി സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാത്ത അനിമൽ കീപ്പർ തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ സംസ്ഥാനത്തെ ഏതെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

8-11-2019-ൽ അനിമൽ കീപ്പർ തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ ചേർത്ത് നൽകുന്നത് സംബന്ധിച്ച് എംപ്ലോയ്മെന്റ് ഡയറക്ടർ ഉത്തരവുകൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. തൊഴിൽപരിചയം തെളിയിക്കുന്നതിനുള്ള തൊഴിൽ പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃക 29-7-1994-ലെ G.O.(MS) No.45/94/ തൊഴിൽ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ടി മാതൃകയിൽ തന്നെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് നൽകണമെന്ന് എല്ലാ ഉദ്യോഗദായകർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മ്യൂസിയം മൃഗശാല വകുപ്പിൽനിന്നും ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സർട്ടിഫിക്കറ്റുകൾ ഉത്തരവിന് വിരുദ്ധമായിട്ടുള്ളതിനാൽ സർക്കാർ നിർദ്ദേശിച്ച മാതൃകയിൽതന്നെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് നൽകണമെന്ന് നിർദ്ദേശിച്ചു കൊണ്ട് ടി സാക്ഷ്യപത്രത്തിന്റെ പകർപ്പ് നൽകിയിരുന്നു. വ്യാജമല്ലാത്ത എല്ലാവിധ സർട്ടിഫിക്കറ്റുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഉദ്യോഗാർത്ഥികൾക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ് എന്നതിനാൽ മ്യൂസിയം മൃഗശാല വകുപ്പിൽ അനിമൽ കീപ്പർ തസ്തികയിലെ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ഉദ്യോഗാർത്ഥികൾ ലഭ്യമാക്കിയ വിടുതൽ സർട്ടിഫിക്കറ്റുകൾ താഴെപ്പറയുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ

ചെയ്തുനൽകിയിട്ടുണ്ട്.

1. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരുവനന്തപുരം
2. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കാട്ടാക്കട
3. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, നെയ്യാറ്റിൻകര
4. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തൃശ്ശൂർ
5. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കൊടുങ്ങല്ലൂർ
6. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തലപ്പള്ളി
7. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ആലത്തൂർ

(ബി) ഇത്തരത്തിൽ തിരുവനന്തപുരം ജില്ലയിലെ എത്രപേർ എംപ്ലോയ്മെന്റ് ഓഫീസുകളിൽ ഇത്തരം സർട്ടിഫിക്കറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; ഇത്തരത്തിൽ സർട്ടിഫിക്കറ്റുകൾ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെയും തെറ്റായി രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥരുടെയും പേരുവിവരവും തസ്തികയും വെളിപ്പെടുത്താമോ?

തിരുവനന്തപുരം ജില്ലയിൽ 14 പേർ അനിമൽ കീപ്പർ തസ്തികയിൽ ജോലി ചെയ്ത വിടുതൽ സർട്ടിഫിക്കറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ വിടുതൽ സർട്ടിഫിക്കറ്റുകൾ ചേർത്ത് നൽകിയത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.* നെയ്യാറ്റിൻകര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (തിരുവനന്തപുരം) മുൻപാകെ ഫയൽ ചെയ്തിരുന്ന 24-1-2019-ലെ OA 2227/2018 നമ്പർ ഉത്തരവിൻ പ്രകാരം ശ്രീ. ശരത്. ജെ. എസ് (Reg.No.10/3662) എന്ന ഉദ്യോഗാർത്ഥി ഹാജരാക്കിയ കീപ്പർ തസ്തികയിലെ സർട്ടിഫിക്കറ്റ് 5-3-2019-ൽ ചേർത്ത് നൽകിയിട്ടുണ്ട്. അതുപോലെതന്നെ ശ്രീ. മധുസൂദനൻ നായർ (Reg.No.2018/327) എന്ന ഉദ്യോഗാർത്ഥി ഹാജരാക്കിയ സർട്ടിഫിക്കറ്റ് എംപ്ലോയ്മെന്റ് ഡയറക്ടറുടെ 6-1-2020-ലെ DE/4800/2019 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്ഡ് പേഴ്സൺ (തൊഴിലിൽ തുടരുന്ന വ്യക്തി) എന്ന പേരിൽ 9-1-2020-ൽ ചേർത്ത് നൽകിയിട്ടുണ്ട്.

(സി) നിയമവിരുദ്ധമായി ഇത്തരം സർട്ടിഫിക്കറ്റുകൾ ചേർത്തു നൽകിയ ഉദ്യോഗാർത്ഥികൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള അച്ചടക്ക നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തെറ്റായി സർട്ടിഫിക്കറ്റ് ചേർത്ത 5 ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്തു. അവശേഷിക്കുന്ന രജിസ്ട്രേഷനുകളിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നിയമവിരുദ്ധമായ സർട്ടിഫിക്കറ്റുകൾ ചേർക്കുകമൂലം അനർഹരായവർക്ക് തൊഴിൽ ലഭിക്കുന്ന സാഹചര്യം ഇല്ലാതാക്കാൻ നടപടികൾ സ്വീകരിക്കുമോ?

KS&SSR റൂൾ 10 (ab)-യിൽ ഫാക്ടറി തൊഴിലാളികളുടെ കാര്യത്തിലൊഴികെ ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്തത് തൊഴിൽ പരിചയമായി കണക്കാക്കേണ്ടതില്ലായെന്ന് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഹാജരാക്കുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ ചേർത്ത് നൽകുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ സബ് ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്.

## തൊഴിലിടങ്ങൾ സ്ത്രീസൗഹൃദമാക്കൽ

244(4254) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിലിടങ്ങൾ സ്ത്രീസൗഹൃദമാക്കുന്നതിനും തുല്യപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിനും തൊഴിലാളികൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങളും മറ്റും മുടക്കം കൂടാതെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പിൽ ജില്ലാ തലം മുതൽ അനുരഞ്ജന യോഗങ്ങൾക്കായി ഇൻഡസ്ട്രിയൽ റിലേഷൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. 2018-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി നിയമം വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലിസ്ഥലത്ത് ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ജീവനക്കാർക്ക് ഇരിപ്പിടം നൽകുന്നത് തൊഴിലുടമയുടെ ഉത്തരവാദിത്വം ആണെന്ന് തൊഴിലുടമകളെ ബോധവൽക്കരിക്കുന്നതിനായി തൊഴിൽ വകുപ്പ് ലഘുലേഖകൾ വിതരണം നടത്തിയിട്ടുണ്ട്. ടി നിയമ പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാവുന്നതും അപ്രകാരം ജോലി

ചെയ്യിക്കുന്ന പക്ഷം 5 ജീവനക്കാരെങ്കിലും ഉള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ജോലി സ്ഥലത്തുനിന്നും താമസസ്ഥലം വരെയുള്ള യാത്രാസൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണ്. 1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിൽ അവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകുക, ലിംഗ സമത്വം ഉറപ്പുവരുത്തി സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷാ പദ്ധതി നടപ്പാക്കുക, സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പു വരുത്തുക തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. 2017-ലെ പ്രസവാനുകൂല്യ (ഭേദഗതി) നിയമ പ്രകാരം പ്രസവാവധി 12 ആഴ്ച എന്നത് 26 ആഴ്ച എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ ഈ ഭേദഗതി കേരള സംസ്ഥാനത്തെ സ്വകാര്യ/അൺ-എയ്ഡഡ് സ്കൂളുകളിലെയും സ്വാശ്രയ കോളേജുകളിലെയും സ്ത്രീ ജീവനക്കാർക്കും ബാധകമാ ക്കിയിട്ടുണ്ട്. ടി വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് എൻഫോഴ്സ്മെന്റ് വിഭാഗം ഉറപ്പ് വരുത്തുന്നുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നിയമമാണ് 'The Sexual Harassment of Women at Workplace (Prevention, Prohibition And Redressal) Act, 2013'. ഈ നിയമപ്രകാരം ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിൽ ഉടമകളുടെ ഉത്തരവാദിത്തമാണ്. ഈ വ്യവസ്ഥ 1961-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ സ്ഥാപന പരിശോധനാ വേളയിൽ ഏതെങ്കിലും സ്ഥാപനത്തിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽ പ്പെട്ടാൽ ആയത് രൂപീകരിക്കാനുള്ള നിർദ്ദേശം തൊഴിലുടമകൾക്ക് നൽകാറുണ്ട്. കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള ഗ്രേഡിംഗ് സമ്പ്രദായത്തിൽ, സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി എടുത്തിട്ടുണ്ട്. കൂടാതെ ഇതിന്റെ ചോദ്യാവലിയിൽ സ്ത്രീ സുരക്ഷ, യാത്രാ സൗകര്യം, പ്രസവാവധി ആനുകൂല്യങ്ങൾ, ഹോസ്റ്റൽ സൗകര്യം എന്നിവ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച ചോദ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**കോവിഡ്മൂലം തൊഴിൽ മേഖലയിലെ പ്രതിസന്ധി**

245(4255) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ മേഖലയെ കോവിഡ് മഹാമാരി എപ്രകാരം ബാധിച്ചു എന്ന് തൊഴിൽ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (KILE) മുഖേന തൊഴിൽ നഷ്ടം സംബന്ധിച്ച് പഠനം നടത്തിവരുന്നു.

(ബി) എങ്കിൽ കൂലിപ്പണിക്കാർ, തട്ടുകടക്കാർ, ഓട്ടോ-ടാക്സി, ലോട്ടറി മേഖലാ തൊഴിലാളികൾ ഉൾപ്പെടെ ഉപജീവനം മുട്ടിയതായി കണക്കാക്കിയവർ എത്രയെന്നും ഇവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയെന്നും ഇവരുടെ തൊഴിൽ മെച്ചപ്പെടുത്താൻ എന്തെല്ലാം തുടർ സഹായ പദ്ധതികൾക്ക് ലക്ഷ്യമിടുന്നുവെന്നും വ്യക്തമാക്കുമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ വകുപ്പിന്റെ പരിധിയിലുള്ള ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള എല്ലാ തൊഴിലാളികൾക്കും ഒന്നാംഘട്ട ധനസഹായം നൽകുന്നതിനായി സർക്കാർ 357,38,97,840 രൂപ അനുവദിച്ചു. ആയതിൽ 1849785 തൊഴിലാളികൾക്കായി 187,22,54,000 രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ടാംഘട്ട കോവിഡ് ധനസഹായ വിതരണത്തിനായി 210,32,98,000 രൂപ അനുവദിച്ചിട്ടുള്ളതും ആയതിന്റെ വിതരണം നടന്നുവരുന്നതുമാകുന്നു.

**കോവിഡ് പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടം**

246(4256) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ തൊഴിൽ നഷ്ടം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

കോവിഡ്-19 രണ്ടാം തരംഗംമൂലം ഉണ്ടായിട്ടുള്ള അടിയന്തര സാഹചര്യം നേരിടുന്നതിന് പൊതു/സ്വകാര്യ മേഖലയിലും നിർമ്മാണ മേഖല, തോട്ടം മേഖല എന്നിവിടങ്ങളിലെയും സ്ഥാപനങ്ങളുടെ ഉടമകൾക്കും ഫാക്ടറി ഉടമകൾക്കും നിർദ്ദേശം നൽകിയതിൻ പ്രകാരം ടി കാലയളവിൽ സ്ഥാപനങ്ങളിൽ യാതൊരു തരത്തിലുള്ള ലേ-ഓഫ്, ലോക്കൗട്ട്, റിട്രെഞ്ച്മെന്റ്, ടെർമിനേഷൻ തുടങ്ങിയ

നടപടികൾ ഒന്നുംതന്നെ സ്വീകരിക്കാൻ പാടുള്ളതല്ല. കൂടാതെ കാഷ്വൽ, ടെമ്പററി, ബദലി, കോൺട്രാക്ട്, ട്രെയിനി, ദിവസ വേതനം അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരെ പിരിച്ചുവിടാനോ, അവരുടെ വേതനത്തിൽ കുറവ് വരുത്താനോ പാടുള്ളതല്ല. തർക്കമുണ്ടെങ്കിൽ ഇക്കാര്യത്തിൽ തൊഴിലുടമ, കോൺട്രാക്ടർ എന്നിവരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിന് ജില്ലാ ലേബർ ഓഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ട്.

(ബി) തൊഴിൽ നഷ്ടം സംഭവിക്കുന്നവർക്ക് പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി ജോലി നൽകാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ് സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ടവർക്ക് പുതിയ മേഖലകൾ കണ്ടെത്തി സ്വയം തൊഴിൽ ചെയ്യുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരമുള്ള സ്വയം തൊഴിൽ പദ്ധതികൾ പ്രകാരം വായ്പാ/ സബ്സിഡി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടാതെ, ഇപ്രകാരം തൊഴിൽ നഷ്ടപ്പെട്ടവർക്ക് സ്വകാര്യ മേഖലയിൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും എംപ്ലോയബിലിറ്റി സെന്റർ നടത്തുന്ന ജോബ് ഫെയറുകളിൽ പങ്കെടുക്കാവുന്നതുമാണ്. എംപ്ലോയബിലിറ്റി സെന്റർ/കരിയർ ഡെവലപ്മെന്റ് സെന്റർ/മോഡൽ കരിയർ സെന്ററുകളുമായി ബന്ധപ്പെട്ടാൽ നിലവിലെ സാഹചര്യത്തിൽ പുതിയ തൊഴിൽ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് കരിയർ ഗൈഡൻസ് സേവനങ്ങളും ലഭ്യമാകുന്നതാണ്.

**സങ്കൽപ് പദ്ധതി**

247(4257) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കിൽസ് അക്വിസിഷൻ ആൻഡ് നോളജ് അവെയർനസ് ഫോർ ലൈവ്ലിഹുഡ് പ്രൊമോഷൻ പദ്ധതി (SANKALP) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ സവിശേഷതകളും പ്രവർത്തന രീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കാമോ?

ഉണ്ട്. ലോക ബാങ്കിന്റെ സഹായത്തോടുകൂടി കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സങ്കൽപ് (SANKALP-Skill Acquisition and Knowledge Awareness for Livelihood Promotion). നൈപുണ്യ വികസന മിഷൻ എന്ന നിലയിൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ആണ് ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത്. നൈപുണ്യ വികസനത്തിനുള്ള സംവിധാ

നങ്ങൾ ശക്തിപ്പെടുത്തുക, രാജ്യത്തുടനീളമുള്ള യുവാക്കൾക്ക് ഗുണനിലവാരമുള്ളതും വിപണിയിൽ അനുയോജ്യമായതുമായ പരിശീലനം ഉറപ്പുവരുത്തുക, സംസ്ഥാനത്തെ നൈപുണ്യവികസന പദ്ധതികളെ ഏകോപിപ്പിക്കുക, സ്ത്രീകൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡേഴ്സ് തുടങ്ങിയ വിഭാഗങ്ങൾക്ക് നൈപുണ്യവികസനത്തിലൂന്നിയ തൊഴിലധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയവയാണ് ടി പദ്ധതിയുടെ ലക്ഷ്യം. ജില്ലാ കളക്ടർ ചെയർമാനായ ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റികൾ ജില്ലകളുടെ സവിശേഷതകൾക്കും ആവശ്യങ്ങൾക്കും അനുയോജ്യമായി തയ്യാറാക്കുന്ന ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാനുകളെ (DSDP) ഏകോപിപ്പിച്ചുകൊണ്ട് ഒരു സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് പ്ലാൻ (SSDP) തയ്യാറാക്കുകയും ഇത് നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിക്കുകയും അംഗീകാരം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവഹണം നടപ്പിലാക്കുകയും ചെയ്യുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഫണ്ട് ലഭ്യതയും വിതരണവും ഏത് വിധത്തിലാണെന്ന് വിശദമാക്കാമോ?

സങ്കൽപ് പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റി രൂപീകരിച്ചു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഡിസ്ട്രിക്ട് സ്കിൽ കോ-ഓർഡിനേറ്റർമാരെ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്. ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസറുടെ കാര്യാലയവുമായി യോജിച്ചാണ് ജില്ലാ കോ-ഓർഡിനേറ്റർമാർ പ്രവർത്തിച്ചു വരുന്നത്. 2020-21 വർഷത്തേയ്ക്കുള്ള ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ (DSDP) കേന്ദ്ര സർക്കാരിന്റെ DSDP അവാർഡിന് പരിഗണിക്കുന്നതിനായി 13 ജില്ലകൾ സമർപ്പിച്ചു. 2021-22 വർഷത്തേയ്ക്കുള്ള ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ (DSDP) ജില്ലകൾ തയ്യാറാക്കി വരുന്നുണ്ട്. ജില്ലകൾ സമർപ്പിക്കുന്ന പ്ലാനുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് പ്ലാൻ (SSDP) തയ്യാറാക്കുകയും 2021-22-ൽ പ്രസ്തുത പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നതാണ്. ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റിയുടെ ചുമതലകളും ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങളും ബോദ്ധ്യപ്പെടുത്തുന്നതിനായി KASE-ഉം കേന്ദ്ര സർക്കാരും സംയുക്തമായി ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റി മെമ്പർമാർക്ക് വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. സങ്കൽപ് പദ്ധതിയുടെ ഭാഗമായി കിലയുമായി (KILA) സഹകരിച്ചുകൊണ്ട് ആഗസ്റ്റ് - ഒക്ടോബർ മാസങ്ങളിൽ (2021) ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റി അംഗങ്ങൾക്ക് പരിശീലനം നല്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഡിസ്ലിക്ട് സ്കില്ലിംഗ് കമ്മിറ്റിയുമായി സഹകരിച്ചുകൊണ്ട് ടി പദ്ധതിയുമായി ബന്ധപ്പെട്ടുള്ള മറ്റ് പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. സങ്കൽപ് പദ്ധതിയുടെ പ്രവർത്തനത്തിനുള്ള ഫണ്ടിൽ 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉൾപ്പെട്ടിരിക്കുന്നു. ഈ തുക കേന്ദ്ര സർക്കാർ വഴി സംസ്ഥാന സർക്കാരിലേയ്ക്കും അതുവഴി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) SANKALP പദ്ധതിക്കായുള്ള പി.എഫ്.എം.എസ്. (PFMS) ബാങ്ക് അക്കൗണ്ടിലേയ്ക്കും ലഭിക്കുന്നു. SANKALP പദ്ധതിയുടെ ആദ്യ ഗഡുവായി Rs.10,15,50,000 രൂപ (പത്തു കോടി പതിനഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. കൂടാതെ സങ്കൽപ് പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയ്ക്ക് മാത്രമായി 16.67 ലക്ഷം രൂപ ആസ്പിറേഷണൽ ഡിസ്ലിക്ട് പ്രോഗ്രാം (Aspirational District Programme) ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. ആയത് ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജില്ലാ സ്കിൽ കമ്മിറ്റികളുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഡിസ്ലിക്ട് സ്കില്ലിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും ചുവടെ ചേർക്കുന്നു:

1. ഡിസ്ലിക്ട് സ്കില്ലിംഗ് കമ്മിറ്റി യോഗങ്ങൾ കൂടുക

2. ഡിസ്ലിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ (DSDP) തയ്യാറാക്കുക.

3. ഹ്രസ്വകാല നൈപുണ്യ പരിശീലനവുമായി ബന്ധപ്പെട്ട് ജില്ലയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

4. വിവിധ വ്യാവസായിക പങ്കാളികളുമായി സഹകരിച്ചുകൊണ്ട് ഹ്രസ്വകാല നൈപുണ്യ പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ നല്കുന്നതിനായുള്ള ആവശ്യമായ ഇടപെടലുകൾ നടത്തുക.

5. ഹ്രസ്വകാല സ്കിൽ ട്രെയിനിംഗുമായി ബന്ധപ്പെട്ട് സംസ്ഥാനം നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങളുടെ ജില്ലയിലെ മേൽനോട്ടം വഹിക്കുകയും വിലയിരുത്തുകയും ചെയ്യുക.

6. സങ്കൽപ് പദ്ധതിയുടെ അനുമതി ഉത്തരവിൽ പറയുന്ന മറ്റ് പ്രവർത്തനങ്ങൾ സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസുമായി (KASE) സഹകരിച്ചുകൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കുക.

(ഡി) ജില്ലാ സ്കിൽ കമ്മിറ്റിയിൽ ഉൾപ്പെടുന്ന സർക്കാർ വകുപ്പുകളും മറ്റ് വകുപ്പുകളും ഏതെന്ന് വ്യക്തമാക്കാമോ?

ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ സ്കിൽ കമ്മിറ്റിയിൽ ബന്ധപ്പെട്ട ജില്ലയുടെ താഴെപ്പറയുന്ന സർക്കാർ വകുപ്പുകളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ അംഗങ്ങളാണ്:

1. ആസൂത്രണ വകുപ്പ്

2. പൊതുവിദ്യാഭ്യാസ വകുപ്പ്

3. സാമൂഹ്യ നീതി വകുപ്പ്

4. തൊഴിലും നൈപുണ്യവും വകുപ്പ്

5. എംപ്ലോയ്മെന്റ് & ട്രെയിനിംഗ് വകുപ്പ്

6. യുവജന ക്ഷേമ വകുപ്പ്

7. തദ്ദേശഭരണ വകുപ്പ്

8. ഫിഷറീസ് വകുപ്പ്

9. പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്

10. വ്യവസായ വകുപ്പ്

11. ലീഡ് ബാങ്ക്

12. നബാർഡ്.

**ശരണ്യ പദ്ധതി**

248(4258) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>:
<u>ശ്രീ. കെ. പി. മോഹനൻ</u>:
<u>ശ്രീ. മാത്യു ടി. തോമസ്</u>:
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പ് മുഖേന വനിതകൾക്കായി നടപ്പിലാക്കുന്ന ശരണ്യ സ്വയം തൊഴിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത അശരണരായ വനിതകൾക്ക് സ്വയം തൊഴിൽ

കണ്ടെത്തുന്നതിനും അതുവഴി സ്വയംപര്യാപ്തമാകുന്നതിനും സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം പലിശരഹിത സ്വയം തൊഴിൽ വായ്പ അനുവദിച്ചുനൽകുന്ന പദ്ധതിയാണ് ശരണ്യ. ഈ പദ്ധതി 24-7-10-ലെ സ.ഉ.(അച്ചടി) നമ്പർ 81/2010/തൊഴിൽ പ്രകാരം നിലവിൽ വന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യ രോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, ക്യാൻസർ, മാനസിക രോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കന്മാരുള്ള വനിതകൾ എന്നിവരെയാണ് ഈ പദ്ധതിയിൽ
ഉൾപ്പെടുത്തിട്ടുള്ളത്.

അർഹത-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും വിദ്യാർത്ഥി അല്ലാത്തതും 18-നും 55-നും മദ്ധ്യേ പ്രായമുള്ളതും (അവിവാഹിതരായ സ്ത്രീകൾക്ക് 30 വയസ്സ് കഴിഞ്ഞിരിക്കണം) കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാത്തതുമായ മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള വനിതകൾക്ക് അപേക്ഷിക്കാവുന്നതാണ്.

വായ്പ/സബ്സിഡി-ഒരു വ്യക്തിക്ക് പരമാവധി 50,000 രൂപ വരെ പലിശ രഹിത വായ്പ അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച്, ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 50% പരമാവധി 25,000 രൂപ സബ്സിഡിയാണ്. 50,000 രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% Flat rate നിരക്കിൽ പലിശ ഈടാക്കുന്നതാണ്. സംരംഭം നല്ല രീതിയിൽ നടത്തിക്കൊണ്ട് പോകുകയും ആദ്യ വായ്പയുടെ 50% എങ്കിലും തിരിച്ചടയ്ക്കുകയും ചെയ്യുന്നവർക്ക് സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പാ തുകയുടെ 80%-ൽ കവിയാത്ത തുക തുടർ വായ്പയായി കുറഞ്ഞ പലിശ നിരക്കിൽ ഒരിക്കൽ മാത്രം അനുവദിക്കുന്നതാണ്. വായ്പ ലഭിക്കുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ പ്രാഥമിക പരിശോധനയ്ക്കുശേഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സമിതിക്ക് സമർപ്പിക്കും. ജില്ലാതല സമിതി അപേക്ഷകരെ കൂടിക്കാഴ്ചയ്ക്ക് വിളിക്കുകയും അപേക്ഷ പരിശോധിച്ച് അവരുടെ അർഹത ഉറപ്പുവരുത്തുകയും ചെയ്ത ശേഷം വായ്പയ്ക്ക് ശിപാർശ ചെയ്യും. അപ്രകാരം വായ്പയ്ക്ക് ശിപാർശ ചെയ്യപ്പെട്ട അപേക്ഷകർക്ക് ഒരാഴ്ചത്തെ സംരംഭകത്വ വികസന പരിശീലനത്തിന് ശേഷമാണ് വായ്പ അനുവദിക്കുന്നത്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഈ പദ്ധതിയിൽ എത്ര ഉപഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചുവെന്നും ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ശരണ്യ പദ്ധതി പ്രകാരം 16663 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ വായ്പ അനുവദിച്ചുനൽകിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത പദ്ധതിയിൽ അപേക്ഷിച്ചശേഷം രോഗബാധിതനായി കിടപ്പിലായിരുന്ന ഭർത്താവ് മരണപ്പെട്ടുപോയിട്ടും ധനസഹായം ലഭ്യമാകാത്ത അപേക്ഷകരുള്ള വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അപേക്ഷ സമർപ്പിച്ചശേഷം ശയ്യാവലംബൻ/ നിത്യരോഗിയായ ഭർത്താവ് മരണപ്പെട്ട ഒരു അപേക്ഷക കൊല്ലം ജില്ലയിൽ ഉള്ളതായി എംപ്ലോയ്മെന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ടെങ്കിൽ അത്തരത്തിലുള്ളവർക്ക് മുൻഗണനയോടെ ധനസഹായം അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

അത്തരം അപേക്ഷകർക്ക് മുൻഗണന നൽകി വായ്പ അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ലാത്തതാണ്.

**പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി**

249(4259) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഇന്നുവരെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പത്ര-ദൃശ്യ-ഓൺലൈൻ മാദ്ധ്യമങ്ങൾക്ക് പ്രധാനമായും അച്ചടി മാദ്ധ്യമങ്ങൾക്കും പഞ്ചായത്ത് തലം വരെ പ്രാദേശിക ലേഖകർ ഉണ്ട്. മാദ്ധ്യമ സ്ഥാപനങ്ങൾ പലതും താത്കാലിക അടിസ്ഥാനത്തിലാണ് ഇവരിൽനിന്ന് വാർത്തകൾ ശേഖരിക്കുന്നത്. '2008-ലെ അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം)' പ്രകാരം 2-2-2016-ലെ ജി. ഒ.(പി) നമ്പർ 24/2016/ തൊഴിൽ ഉത്തരവ് മുഖേന കേരള അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമായി ചേരാനുള്ള അവകാശം പ്രാദേശിക പത്രപ്രവർത്തകർക്ക് നിലവിലുണ്ട്. വർക്കിംഗ് ജേർണലിസ്റ്റ്

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(കണ്ടീഷൻസ് ഓഫ് സർവീസ് & മിസ്സലേനിയസ് പ്രൊവിഷൻസ്) ആക്ട് 1955-ന്റെ പരിധിയിൽ വരാത്തവരും, ഫ്രീലാൻസ് പത്രറിപ്പോർട്ടർ, സ്ട്രിംഗർ തുടങ്ങി പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഈ സ്കീമിൽ അംഗത്വമെടുക്കാവുന്നതാണ്. ഈ ക്ഷേമപദ്ധതി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. പ്രാദേശിക മാദ്ധ്യമപ്രവർത്തകർക്ക് 2008-ലെ അൺ-ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമ (കേന്ദ്രനിയമം) പ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകാൻ അവസരമുണ്ട്. കേരളത്തിലെ പത്ര-ദൃശ്യ-ഡിജിറ്റൽ മാദ്ധ്യമരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത തൊഴിലാളികൾക്ക് 19-8-2019-ലെ സ.ഉ. (സാധാ) നമ്പർ 1005/2019/തൊഴിൽ പ്രകാരം ടി പദ്ധതിയിൽ അംഗങ്ങളായി ചേരാൻ സൗകര്യമുണ്ട്. ഈ പദ്ധതിയിൽ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻ-പേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വ കാലയളവിനുള്ളിൽ പരമാവധി 10,000 രൂപ ചികിത്സാ സഹായമായി ലഭിക്കും.

(ബി) പ്രാദേശിക മാദ്ധ്യമ പ്രവർത്തകരെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സാംസ്കാരിക ക്ഷേമനിധിയിൽ പ്രാദേശിക മാദ്ധ്യമ പ്രവർത്തകരെ ഉൾപ്പെടുത്താനാകുമോ എന്ന കാര്യത്തിൽ അഭിപ്രായവും തീരുമാനവും അറിയിക്കേണ്ടത് സാംസ്കാരിക വകുപ്പാണ്. ഈ വിഷയം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**തോട്ടം മേഖല നേരിടുന്ന പ്രതിസന്ധി**

250(4260) ശ്രീ. വാഴൂർ സോമൻ:
ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടം മേഖല നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പഠനം നടത്താൻ നിയോഗിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) കേരളത്തിലെ തോട്ടം മേഖലയിലെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് റിട്ട. ജസ്റ്റീസ് കൃഷ്ണൻ നായർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം;

1. കേരളത്തിൽ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള തോട്ടം നികുതി റദ്ദ് ചെയ്യുന്നതിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. 1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്ട് റദ്ദാക്കുന്നതിനുവേണ്ടി 2019-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. കേരളത്തിൽ കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് (1991-ലെ 15) റദ്ദാക്കുവാൻ സർക്കാർ തീരുമാനിക്കുകയും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2019 -ലെ കേരള കാർഷികാദായ നികുതി ( റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

3. തോട്ടങ്ങളിൽ എല്ലാ ലയങ്ങളെയും കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിരുന്നു. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ വസ്തു നികുതിയിൽനിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4. റീ പ്ലാന്റേഷനുവേണ്ടി റബ്ബർ മരം മുറിച്ചുമാറ്റുമ്പോൾ ഈടാക്കിയിരുന്ന സീനിയറേജ് തുക പൂർണ്ണമായി ഒഴിവാക്കികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5. തോട്ടം തൊഴിലാളികളെ സർക്കാരിന്റെ പാർപ്പിട പദ്ധതിയായ ലൈഫിൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസ ഗൃഹങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തോട്ടം മേഖലയിലെ എല്ലാ ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്കും സൗജന്യമായി വീട് നിർമ്മിച്ചു നൽകുക എന്ന സർക്കാർ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ തൊഴിൽ വകുപ്പ്

നടത്തിയ പ്രാഥമിക സർവ്വേ ലിസ്റ്റ് ഭവനം ഫൗണ്ടേഷന് കൈമാറിയിട്ടുള്ളതും മൂന്നാർ മേഖലയിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട തോട്ടം തൊഴിലാളികൾക്കുള്ള വീടുകളുടെ നിർമ്മാണം തുടങ്ങുകയും പൂർത്തീകരിച്ച 5 വീടുകൾ തൊഴിലാളികൾക്ക് കൈമാറിയിട്ടുള്ളതുമാണ്.

6. തോട്ടം മേഖലയിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ പുതിയ സോഷ്യൽ സെക്യൂരിറ്റി കോഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സോഷ്യൽ സെക്യൂരിറ്റി കോഡ് പ്രാബല്യത്തിൽ വരുന്നതോടുകൂടി തോട്ടം മേഖലയും ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

7. പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തോട്ടങ്ങളുടെ പാട്ടം പുതുക്കി നിശ്ചയിക്കുന്ന വിഷയം റവന്യൂ, നിയമ വകുപ്പുകളുടെ സജീവ പരിഗണനയിലാണ്.

8. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രജൈൽ) ആക്ടിന്റെ പരിധിയിൽനിന്നും തോട്ടങ്ങളെ ഒഴിവാക്കി.

9. ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങളുടെ ഭൂമി നിലവിലുള്ള ഭൂപരിഷ്കരണ നിയമ പ്രകാരം സർക്കാർ ഉടമസ്ഥതയിൽ ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാൻ തീരുമാനിച്ചു.

10. തൊഴിലാളികളുടെ വേതന പരിഷ്കരണം സംബന്ധിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

11. പ്ലാന്റേഷൻ മേഖലയുടെ പ്രശ്ന പരിഹാരത്തിന് സർക്കാർ സമഗ്രമായ ഒരു തോട്ടം നയം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(സി) സമഗ്രമായ പ്ലാന്റേഷൻ നയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത നയം നടപ്പിലാക്കുന്നതിലൂടെ തോട്ടം മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്നാണ് സർക്കാർ വിലയിരുത്തുന്നതെന്ന് അറിയിക്കാമോ?

തോട്ടം മേഖലയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സർക്കാർ സമഗ്രമായ ഒരു തോട്ടം നയം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ചുവടെ പറയുന്നവയാണ് പ്ലാന്റേഷൻ പോളിസിയുടെ പ്രധാന ലക്ഷ്യങ്ങളും കർമ്മ പദ്ധതികളും.

1. തോട്ടങ്ങൾ തോട്ടങ്ങളായി നിലനിർത്തുകയും തൊഴിലും വ്യവസായവും സംരക്ഷിക്കുകയും ചെയ്യും.

2. തോട്ടം മേഖല ലാഭകരമാക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഭരണപരമായ നടപടി സ്വീകരിക്കും.

3. സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കും. തൊഴിലാളികളെ സംരക്ഷിക്കും.

4. ചികിത്സാ സൗകര്യങ്ങൾ :- തോട്ടം മേഖലയിൽ ഇ.എസ്.ഐ.സ്കീം നടപ്പിലാക്കും.

5. തോട്ടം തൊഴിലാളികൾക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെ സ്വന്തം വീട്.

6. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കും.

7. സർക്കാർ നിയന്ത്രണത്തിലുള്ള തോട്ടങ്ങൾ ലാഭകരമാക്കുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പുവരുത്തുന്നതിനും പ്രത്യേക കർമ്മ പദ്ധതി നടപ്പിലാക്കും.

8. തോട്ടം തൊഴിലാളികളുടെ പരിശീലനത്തിനും നൈപുണ്യ വികസനത്തിനും പ്രത്യേക ഊന്നൽ നൽകും.

9. പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തോട്ടങ്ങളിൽ വിവിധ സമാശ്വാസ പ്രവർത്തനങ്ങൾക്കും കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കും.

10. തോട്ടം മേഖലയിലെ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിൽ തോട്ടം മേഖലയെ ഉൾപ്പെടുത്തും.

11. തോട്ടം വിളകൾക്ക് ന്യായമായ വില കിട്ടാൻ സാദ്ധ്യമായ ഇടപെടൽ നടത്തും.

12. തോട്ടം മേഖല ഉൾപ്പെട്ട പരിസ്ഥിതി സംരക്ഷണം.

13. തോട്ടങ്ങളിൽ ചെറുകിട മഴവെള്ള സംഭരണികൾ ഉപയോഗിച്ച് ജലസംരക്ഷണം ഉറപ്പാക്കും.

14. തോട്ടങ്ങളിൽ കൃഷിക്കോ അനുബന്ധ പ്രവർത്തനങ്ങൾക്കോ അനുയോജ്യമല്ലാത്ത ഭാഗങ്ങളിൽ സാമൂഹ്യ വനവൽക്കരണ പദ്ധതി ആവിഷ്കരിക്കും.

15. തോട്ടങ്ങളിൽ സൗരോർജ്ജം, കാറ്റ്, ബയോഗ്യാസ് എന്നിവയിൽ നിന്നുള്ള വൈദ്യുതോൽപ്പാദനം ആരംഭിക്കുന്നതിന് സാധ്യതാ പഠനം നടത്തും

16. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിവിധ വകുപ്പുകളുമായുള്ള ആശയവിനിമയത്തിനും ഏകോപനത്തിനുമായി പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കും

17. തോട്ടം തൊഴിലാളികളുടെ വേതനം കൃത്യമായ ഇടവേളകളിൽ പുതുക്കി നിശ്ചയിക്കും.

18. പൊതുവായ വ്യവസായ സംരംഭങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും തോട്ടം മേഖലയ്ക്കുകൂടി ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

19. എല്ലാ തോട്ട വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കും.

20. കീടങ്ങളുടെ നിയന്ത്രണവും കീടനാശിനി പ്രയോഗവും.

21. തോട്ടം തൊഴിലാളികളുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തും.

22. തോട്ടങ്ങളിൽ വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾക്ക് പരിഹാരം കാണുന്നതിന് വനം വന്യജീവി വകുപ്പുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിക്കും.

**ക്ഷേമനിധി ബോർഡുകളുടെ ഏകീകരണം**

251(4261) ശ്രീ. ഡി. കെ. മുരളി:

ശ്രീ. എച്ച്. സലാം:

ശ്രീ. ടി. ഐ. മധുസൂദനൻ:

ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ ഏകീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഏകീകരണം പൂർത്തിയാക്കി ക്ഷേമനിധി ബോർഡുകളുടെ സംസ്ഥാന, ജില്ലാ കേന്ദ്രങ്ങൾ ഏകീകരിക്കുന്നതിനും ജീവനക്കാരെ പുനർവിന്യസിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ;

(സി) ഏകീകരിച്ച ബോർഡുകളുടെ ക്ഷേമനിധി വിഹിതവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഏകീകരിക്കുന്നതിനും കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(എ-സി) തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളെ സംയോജി പ്പിക്കുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ക്ഷേമനിധി ബോർഡുകൾക്ക് സ്വന്തമായി കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ഇപ്പോൾ പരിഗണനയിലില്ല.

(ഇ) സ്വന്തമായി കെട്ടിടങ്ങളില്ലാത്ത ജില്ലാ കേന്ദ്രങ്ങളിൽ നിലവിൽ സൗകര്യമുള്ള സർക്കാർ കെട്ടിടങ്ങളിലേയ്ക്ക് ക്ഷേമനിധി ബോർഡുകൾ മാറ്റിസ്ഥാപിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജില്ലാ കേന്ദ്രങ്ങളിലെ സർക്കാർ കെട്ടിടങ്ങളുടെ ലഭ്യത അനുസരിച്ച് മറ്റ് സൗകര്യങ്ങൾകൂടി പരിഗണിച്ച് ഇക്കാര്യത്തിൽ തീരുമാനം കൈകൊള്ളുന്നതാണ്.

## ക്ഷേമനിധി ബോർഡുകൾ

252(4262) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള ക്ഷേമനിധി ബോർഡുകൾ ഏതൊക്കെയാണെന്നും അവയുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിലുള്ള ക്ഷേമനിധി ബോർഡുകളുടെ പേരുകൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലവിലുള്ള ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിലുണ്ടായിരുന്ന ഏതൊക്കെ ക്ഷേമനിധി ബോർഡുകളാണ് ലയിപ്പിച്ചതെന്നും ഇത്തരത്തിൽ ലയിപ്പിക്കാനുണ്ടായ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡുമായും കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായും സംയോജിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. അംഗങ്ങളുടേയും പെൻഷൻകാരുടെയും എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവുമൂലവും വർദ്ധിച്ചുവരുന്ന ഭരണച്ചെലവുമൂലവും ഒട്ടുമിക്ക ക്ഷേമനിധി ബോർഡുകളും സാമ്പത്തിക പ്രതിസന്ധിയിലായതുകാരണമാണ് ബോർഡുകൾ സംയോജിപ്പിക്കാൻ തീരുമാനിച്ചത്.

(ഡി) ഇങ്ങനെ ലയിപ്പിക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടം എന്താണെന്ന് വ്യക്തമാക്കാമോ?

ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിച്ച് ശാക്തീകരിക്കുകവഴി ബോർഡുകൾ സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിനും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കഴിയും.

**ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളികളുടെ പ്രശ്നങ്ങൾ**

253(4263) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വർക്ക്ഷോപ്പ് വർക്കേഴ്സ് ക്ഷേമനിധിയിൽ അംശദായം അടച്ച തൊഴിലാളികൾക്ക് ഉചിതമായ ആനുകൂല്യം ലഭിക്കുന്ന കാര്യം പരിശോധിക്കുമോ?

കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ തൊഴിലാളികൾക്ക് നിലവിൽ റീഫണ്ട് ആനുകൂല്യത്തിന് പുറമെ 5,000 രൂപ മരണാനന്തര ധനസഹായവും 10,000 രൂപ ചികിത്സാ ധനസഹായവുമാണ് നിലവിൽ നല്കിവരുന്നത്. കൂടാതെ കേരള വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി കൂടുതൽ ആനുകൂല്യങ്ങൾ നിലവിലുള്ള കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ടി ലയനം പൂർത്തിയാകുന്ന മുറയ്ക്ക് കേരള വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്.

(ബി) ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

കേരള വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിച്ചശേഷം പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന മുറയ്ക്ക് തൊഴിലാളികൾക്ക് പെൻഷൻ ലഭ്യമാവുന്നതാണ്.

(സി) ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളെ അവശ്യസർവ്വീസ് ആയി പ്രഖ്യാപിക്കുമോ; ഈ തൊഴിലാളികളെ സംരംഭക സഹായ പദ്ധതിയിൽ ഉൾപ്പെടുത്തുമോ?

കോവിഡുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ നീക്കം ചെയ്യപ്പെട്ട നിലവിലെ സാഹചര്യത്തിൽ ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളെ ആവശ്യസർവ്വീസ് ആയി പരിഗണിക്കേണ്ട ആവശ്യമില്ല. കൂടാതെ നിലവിൽ സംരംഭക സഹായ പദ്ധതി പ്രകാരം ഉത്പാദന സംരംഭങ്ങൾക്കാണ് ധനസഹായം നൽകിവരുന്നത് എന്നതിനാൽ നിലവിൽ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികളെ സംരംഭക സഹായ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർവാഹമില്ല.

(ഡി) സ്ക്രാപ്പേജ് പോളിസിയിൽ തൊഴിൽനഷ്ടം വരുന്ന തൊഴിലാളികളെ സംരക്ഷിക്കുമോ; ഈ വിഭാഗം തൊഴിൽ മേഖലയിലുള്ള വർക്ക്ഷോപ്പുകളുടെ പൊല്യൂഷൻ സർട്ടിഫിക്കറ്റ് നടപടി ക്രമങ്ങൾ ലളിതമാക്കുമോ?

സ്ക്രാപ്പേജ് പോളിസിക്ക് രൂപം നല്കിയിരിക്കുന്നത് കേന്ദ്രസർക്കാരാണ്. ടി പോളിസി പ്രാബല്യത്തിൽ വരുമ്പോൾ തൊഴിൽനഷ്ടം വരുമോ എന്നതു സംബന്ധിച്ച് തൊഴിൽ വകുപ്പ് പഠനം നടത്തിയിട്ടില്ല. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി വർക്ക്ഷോപ്പ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്ന പ്രക്രിയ ലഘൂകരിക്കാനുള്ള നടപടികൾ കേരള മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്.

## പ്രവാസികളായ തൊഴിലാളികൾ

254(4264) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളായ വിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഒഡെപെക്-ൽ വിദേശ തൊഴിൽദാതാക്കളുടെ ആവശ്യപ്രകാരം വരുന്ന ഒഴിവുകൾ ഒഡെപെക്കിന്റെ വെബ് പോർട്ടലായ www.odepc.kerala.gov.in- ൽ ലഭ്യമാണ്. യോഗ്യത, പ്രായം, പ്രവൃത്തി പരിചയം തുടങ്ങിയ മാനദണ്ഡങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്ത് ഉദ്യോഗാർത്ഥികൾക്ക് സമയപരിധിക്കുള്ളിൽ അപേക്ഷിക്കാവുന്നതാണ്. തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തി നാട്ടിലോ, വിദേശത്തോ തൊഴിൽ തേടുന്ന വിദഗ്ധ അർദ്ധ-വിദഗ്ധ പ്രവാസികളെയും തൊഴിൽ നൽകാൻ സന്നദ്ധരായ തൊഴിൽ ദാതാക്കളെയും പരസ്പരം ബന്ധിപ്പിക്കുന്നതിന് നോർക്ക സ്കിൽ റിപ്പോസിറ്ററി പോർട്ടൽ ആരംഭിച്ചു. വിവിധ മേഖലകളിലെ തൊഴിൽദാതാക്കൾക്ക് പ്രസ്തുത പോർട്ടൽ മുഖാന്തരം പ്രവാസികളുടെ തൊഴിൽ വൈദഗ്ധ്യം അനുസരിച്ച് അവർക്കാവ ശ്യമായ മേഖലകളിൽ തൊഴിൽ ലഭ്യമാക്കാൻ കഴിയുന്ന വിധത്തിലാണ് മേൽ പോർട്ടൽ വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) ഇത്തരം തൊഴിലാളികൾക്ക് ഓൺലൈൻ വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എങ്ങനെ രജിസ്റ്റർ ചെയ്യാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ; പ്രായം, പ്രവൃത്തി പരിചയം എന്നിവയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

www.eemployment.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്ത് 90 ദിവസത്തിനകം അസ്സൽ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാക്കി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാവുന്നതാണ്. 14 വയസ്സ് പൂർത്തിയാക്കിയ എല്ലാ ഉദ്യോഗാർത്ഥികൾക്കും അവരുടെ സ്ഥിരം താമസസ്ഥലം ഉൾപ്പെടുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഉയർന്ന പ്രായപരിധി ബാധകമല്ല. വിദേശത്ത് ജോലി ചെയ്തതായി കാണിക്കുന്ന അസ്സൽ തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുമ്പോൾ സാധുവും സ്വീകാര്യവുമാണെങ്കിൽ ആയത് രജിസ്റ്റർ ചെയ്തു നൽകുന്നതാണ്.

(സി) ഇവരുടെ തൊഴിൽ വൈദഗ്ധ്യം കേരളത്തിലെ തൊഴിൽ മേഖലയിൽ എങ്ങനെയാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

നിലവിൽ ഇതുസംബന്ധിച്ച പദ്ധതികളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

**കാറ്ററിംഗ് തൊഴിലാളികൾക്ക് ലൈസൻസും ക്ഷേമനിധിയും**

255(4265) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്ററിംഗ് തൊഴിലാളികൾക്ക് ലൈസൻസ്, ക്ഷേമനിധി എന്നിവ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള പാചക തൊഴിലാളി ക്ഷേമപദ്ധതി കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ലയിപ്പിച്ചിട്ടുള്ളതിനാൽ കാറ്ററിംഗ് തൊഴിലാളി കൾക്കായി പ്രത്യേക ക്ഷേമ പദ്ധതി രൂപീകരിക്കേണ്ട ആവശ്യമില്ല. ഒരു പദ്ധതിയിലും അംഗമായിട്ടില്ലാത്ത എല്ലാ കാറ്ററിംഗ് തൊഴിലാളികൾക്കും കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാ കാവുന്നതാണ്. കാറ്ററിംഗ് തൊഴിലാളികൾക്ക് ലൈസൻസ് ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

മറ്റൊരു ക്ഷേമപദ്ധതിയിലും അംഗത്വം നേടിയിട്ടില്ലാത്ത കാറ്ററിംഗ് തൊഴിലാളികൾക്ക് 2-2-2016-ലെ സ.ഉ (അച്ചടി) നമ്പർ 24/2016/തൊഴിൽ പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന അസംഘടിത തൊഴിലാളി സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടാവുന്നതാണ്. അംഗങ്ങളാകുന്ന മുറയ്ക്ക് ടി തൊഴിലാളികൾക്ക് അർഹതയ്ക്കനുസരിച്ച് പദ്ധതി നിഷ്കർഷിക്കുന്ന ആനുകൂല്യങ്ങളായ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യം, വിദ്യാഭ്യാസ ആനുകൂല്യം, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം എന്നിവ ലഭിക്കുന്നതാണ്.

**ലൈറ്റ് & സൗണ്ട് മേഖലയിലുള്ളവർക്ക് ക്ഷേമനിധി ബോർഡ്**

256(4266) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലൈറ്റ് & സൗണ്ട് മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലുടമകൾക്കും തൊഴിലാളികൾക്കുമായി ക്ഷേമനിധി ബോർഡ് നിലവിലു ണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരമൊരു ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

(എ&ബി) സംസ്ഥാനത്ത് ലൈറ്റ് & സൗണ്ട് മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി പ്രത്യേക ക്ഷേമനിധി ബോർഡ് നിലവിലില്ല. എന്നാൽ ടി മേഖലയിലെ തൊഴിലാളികൾക്ക് കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകാവുന്നതാണ്.

**കൂടുതൽ തൊഴിലവസരങ്ങൾ**

257(4267) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കാർഷികേതര മേഖലയിൽ കൂടുതൽ വിദഗ്ദ്ധ/അവിദഗ്ദ്ധ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വഴി നടപ്പിലാക്കിവരുന്ന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി വഴി അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനം, കരിയർ ഡെവലപ്പ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ എന്നിവ വഴി കരിയർ സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ഇതിനുപുറമെ കാർഷികേതര മേഖലയിലെ കൂടുതൽ വിദഗ്ദ്ധ/അവിദഗ്ദ്ധ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ എന്നിവ മുഖേന ജോബ് ഫെയറുകളും പ്ലേസ്മെന്റ് ഡ്രൈവുകളും മേഖലാടിസ്ഥാനത്തിൽ നിയുക്തി ജോബ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കൾ ഉത്പാദന വിതരണ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി ഐ.ടി.ഐ. ട്രെയിനികളുടെ നൈപുണ്യ ശേഷി, തൊഴിൽ സാധ്യത എന്നിവ വർദ്ധിപ്പിക്കാൻ വിവിധ ഐ.ടി.ഐ.കളിൽ പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

**തൊഴിൽ വകുപ്പിൻ കീഴിലെ പ്രധാന സ്ഥാപനങ്ങൾ**

258(4268) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തൊഴിൽ വകുപ്പിൻ കീഴിലെ പ്രധാന സ്ഥാപനങ്ങൾ എത്രയെന്നും അവയിലെ തൊഴിലാളികൾ എത്രയെന്നും എത്ര ഒഴിവുകൾ പ്രസ്തുത മേഖലയിൽ നിലവിലുണ്ട് എന്നും വ്യക്തമാക്കുമോ?

സംസ്ഥാന തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രധാനമായും 178 മേഖലകളിലായി കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജിസ്ട്രേഷൻ എടുത്ത 3,53,592 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു; ഈ സ്ഥാപനങ്ങളിലായി 13,29,183 തൊഴിലാളികൾ ജോലി ചെയ്യുന്നു. കൂടാതെ ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ കീഴിൽ 24,442 ഫാക്ടറികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി ഫാക്ടറികളിൽ 6,98,592 തൊഴിലാളികൾ ജോലി ചെയ്ത് വരുന്നു. പ്രസ്തുത മേഖലകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരം ലഭ്യമല്ല.

(ബി) പ്രസ്തുത മേഖലയിലെ പരാതികളിലും അപേക്ഷകളിലും രജിസ്ട്രേഷൻ/ രജിസ്ട്രേഷൻ പുതുക്കൽ എന്നിവകളിലും സമയബന്ധിതമായ നടപടികൾ വകുപ്പിൽ നടപ്പാക്കാനായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും പുതുക്കുന്നതിനും പൂർണ്ണമായും ഓൺലൈൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. ലേബർ കമ്മീഷണറുടെ www.lc.kerala.gov.in എന്ന വെബ്സൈറ്റിൽ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം അപേക്ഷ നൽകുന്ന അപേക്ഷകർക്ക് അപേക്ഷ സമർപ്പിച്ച അന്നുതന്നെ രജിസ്ട്രേഷൻ എടുക്കാവുന്നതാണ്. ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷകർ സ്വന്തമായിതന്നെ അപേക്ഷ സമർപ്പിച്ച് സർട്ടിഫിക്കറ്റ് എടുക്കുന്ന തരത്തിൽ ഓട്ടോമേറ്റഡ് റിന്യൂവൽ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ തൊഴിൽ വകുപ്പിൽ പ്രവർത്തിക്കുന്ന കോൾ സെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങൾക്കും പരാതികൾക്കും പരിഹാരം കാണാവുന്നതുമാണ്. ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ സേവനാവകാശത്തിൽ പരാമർശിക്കുന്ന എല്ലാ സേവനങ്ങളും FABOS എന്ന ഓൺലൈൻ സംവിധാനം മുഖേന ലഭ്യമാകുന്നുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ വിശദവിവരങ്ങൾ**

259(4269) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ആകെ എത്ര പേരാണ് തൊഴിലിനായി പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

37,70,767 (29-7-2021 വരെയുള്ള കണക്കനുസരിച്ച്).

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തതിൽ പത്താം ക്ലാസ്സ് തോറ്റവർ, ജയിച്ചവർ, പ്ലസ്ടു, ഡിഗ്രി, പി.ജി. ജയിച്ചവർ, ബി.എഡ്. യോഗ്യതയുള്ളവർ എന്നിങ്ങനെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

പത്താംതരം താഴെ - 1868, പത്താം തരം - 35,35,186, ഹയർ സെക്കന്ററി - 19,78,740, ബിരുദം - 6,66,045, ബിരുദാനന്തര ബിരുദം - 1,60,008, ബി.എഡ് ബിരുദം - 90,120.

(സി) എം.ബി.ബി.എസ്., എഞ്ചിനീയറിംഗ്, നഴ്സിംഗ്, എം.ബി.എ, ആയുർവ്വേദ, ഹോമിയോ ഡോക്ടർമാർ, എം.സി.എ. ബിരുദധാരികൾ, നിയമ, കാർഷിക, വെറ്ററിനറി ബിരുദധാരികൾ എന്നീ വിഭാഗങ്ങളിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം ഇനം തിരിച്ച് ലഭ്യമാക്കാമോ?

ഡോക്ടർ (ആധുനിക വൈദ്യം) - 1548, ആയുർവ്വേദം - 4223, ഹോമിയോ - 2278, എഞ്ചിനീയറിംഗ് ബിരുദം (വിവിധം)-53796, നിയമ ബിരുദം - 819, വെറ്ററിനറി സയൻസ് ബിരുദം - 739, കാർഷിക ബിരുദം - 861, നഴ്സിംഗ് - 21,778, എം.ബി.എ. ബിരുദം - 8,412, എം.സി.എ. ബിരുദം - 4,579.

**ഐ. ടി. ഐ.-കളുടെ നവീകരണം**

260(4270) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. റ്റി. ഐ. -കളുടെ പ്രാധാന്യം കണക്കിലെടുത്ത് അവയുടെ നിലവാരം ഉയർത്തുന്നതിനും തെരഞ്ഞെടുക്കപ്പെട്ടവയെ അന്താരാഷ്ട്ര നിലവാരത്തി ലേയ്ക്കുയർത്തുന്നതിനും പദ്ധതിയുണ്ടോ?

പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചാക്ക, കോഴിക്കോട് ഐ.ടി.ഐ.-കളെയും കിഫ്ബി ധനസഹായത്തോടെ ധനുവച്ചപുരം, കൊയിലാണ്ടി, മലമ്പുഴ, ഏറ്റുമാനൂർ, കണ്ണൂർ, ചെങ്ങന്നൂർ, കട്ടപ്പന, ചാലക്കുടി, കയ്യൂർ, ചന്ദനത്തോപ്പ് എന്നീ 10 ഐ.ടി.ഐ.-കളെയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ പ്രോഗ്രാമിന്റെ മാനദണ്ഡം അനുസരിച്ച് വിവിധ യൂണിറ്റുകൾക്ക് എൻ.സി.വി.ടി. അഫിലിയേഷൻ നേടിയെ ടുക്കാൻ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; എത്ര യൂണിറ്റുകൾക്ക് പ്രസ്തുത അഫിലിയേഷൻ നേടിയെടുക്കാനായിട്ടുണ്ട്; വ്യക്തമാക്കുമോ?

NSQF പാഠ്യപദ്ധതി പ്രകാരമുള്ള ട്രേഡുകൾക്ക് എൻ.സി.വി.ടി. അഫിലിയേഷൻ നേടിയെടുക്കുന്നതിന് ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ നിശ്ചിത മാനദണ്ഡപ്രകാരമുള്ള ഉപകരണങ്ങളും യന്ത്ര സാമഗ്രികളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയതിനു ശേഷം ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ (DGT) അഫിലിയേഷൻ പോർട്ടൽ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നു. തുടർന്ന് ഡി.ജി.റ്റി.-യുടെ നിർദ്ദേശാനുസരണം ഡി.ജി.റ്റി. പ്രതിനിധി, വകുപ്പ് പ്രതിനിധി, ഇൻഡസ്ട്രിയൽ പ്രതിനിധി, വകുപ്പിനു പുറത്തു നിന്നുള്ള ഒരു സാങ്കേതിക വിദഗ്ദ്ധൻ എന്നിവരടങ്ങുന്ന ഒരു ജോയിന്റ് ഇൻസ്പെക്ഷൻ കമ്മിറ്റി ഡി.ജി.റ്റി.-യുടെ നിർദ്ദേശാനുസരണം സ്ഥാപനത്തിൽ പരിശോധന നടത്തുകയും അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള ട്രേഡ്/യൂണിറ്റുകളുടെ ഭൗതിക സാഹചര്യങ്ങൾ എന്നിവ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, സിലബസ് എന്നിവയുടെ അടിസ്ഥാനത്തിൽ തൃപ്തികരമാണോ എന്ന് പരിശോധിക്കുകയും ചെയ്യുന്നു. ആയതിന്റെ അടിസ്ഥാനത്തിലുള്ള പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി വ്യാവസായിക പരിശീലന വകുപ്പിന്റെ ശിപാർശകളുൾപ്പെടെ ഡി.ജി.റ്റി.-ക്ക് നൽകുയും ചെയ്യുന്നു. ഡി.ജി.റ്റി. ടി റിപ്പോർട്ട് എൻ.സി.വി.ടി. അഫിലിയേഷൻ സബ് കമ്മിറ്റി മീറ്റിംഗിൽ പരിഗണനയ്ക്കെടുത്ത് അഫിലിയേഷൻ നൽകുകയോ നിരാകരിക്കുകയോ ചെയ്യുന്നു. മേൽ നടപടികളാണ് അഫിലിയേഷൻ നേടിയെടുക്കുന്നതിനായി കൈക്കൊണ്ടുവരുന്നത്. ഇതിൻപ്രകാരം സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.-കളിലെ വിവിധ NSQF അധിഷ്ഠിത ട്രേഡുകളുടെ 627 യൂണിറ്റുകൾക്ക് NCVET അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്.

(സി) കാലഹരണപ്പെട്ട കോഴ്സുകൾ ഒഴിവാക്കുന്നതിനും തൊഴിൽ സാദ്ധ്യത കൂടിയ കോഴ്സുകൾ ആരംഭിക്കാനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

വിവിധ ഐ.ടി.ഐ.-കളിൽനിന്ന് ലഭ്യമായ ശിപാർശകളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിന് വകുപ്പിലെ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് ഉൾപ്പെട്ട ഒരു ടീമിനെ വ്യാവസായിക പരിശീലന വകുപ്പിൽ നിയോഗിച്ചിട്ടുണ്ട്.

(ഡി) പ്ലേസ്മെന്റ് സെല്ലുകളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ?

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കളിൽ പരിശീലനം പൂർത്തിയാക്കിയ ട്രെയിനികൾക്ക് പ്ലേസ്മെന്റ് ലഭ്യമാക്കുന്നതിലേയ്ക്കായി ഡയറക്ടേറ്റ് തലത്തിൽ പ്ലേസ്മെന്റ് സെൽ ആരംഭിച്ച് സ്റ്റേറ്റ്, നാഷണൽ, ഇന്റർനാഷണൽ തലത്തിലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്ലേസ്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2018 കാലയളവിൽ 10836 ട്രെയിനികൾക്കും 2019 കാലയളവിൽ 10913 ട്രെയിനികൾക്കും പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്. 2020-ൽ കോവിഡ് പശ്ചാത്തലത്തിൽ പ്രതീക്ഷിച്ച പുരോഗതി ഉണ്ടായിട്ടില്ല.

## ഐ.ടി.ഐ.കളിൽ പുതിയ കമ്പ്യൂട്ടർ കോഴ്സുകൾ

261(4271) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിലും സമാന വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പുതിയ കംപ്യൂട്ടർ അധിഷ്ഠിത ന്യൂജനറേഷൻ കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം കോഴ്സുകളാണ് അനുവദിക്കുകയെന്ന് വിശദമാക്കാമോ;

(ബി) കൂത്തുപറമ്പ് മണ്ഡലത്തിലെ കൂത്തുപറമ്പ് ഐ.ടി.ഐ.-യിൽ പ്രസ്തുത ന്യൂജനറേഷൻ കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം കോഴ്സുകളാണ് അനുവദിക്കുകയെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ കമ്പ്യൂട്ടർ അധിഷ്ഠിത ന്യൂജനറേഷൻ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് സർക്കാർ പരിശോധിക്കുന്നതാണ്.

## പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിനുള്ള നടപടി

262(4272) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ എത്ര ഐ.ടി.ഐ.-കളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; നിലവിലുള്ള ഐ.ടി.ഐ.-കൾ ഏതൊക്കെ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലാണ് പ്രവർത്തിക്കുന്നതെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ?

വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ നിലവിൽ 104 സർക്കാർ ഐ.ടി.ഐ.-കൾ പ്രവർത്തിച്ചുവരുന്നു. ആയതിൽ 81 ഐ.ടി.ഐ.-കൾ ബ്ലോക്ക് പഞ്ചായത്തുകളിലും 23 ഐ.ടി.ഐ.-കൾ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയുടെ പരിധിയിലും പ്രവർത്തിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകളിൽ സ്ഥിതിചെയ്യുന്ന ഐ.ടി.ഐ.-കളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ ഐ.ടി.ഐ.-കൾ ഇല്ലാത്ത നിയമസഭാ മണ്ഡലങ്ങളിൽ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കുറ്റ്യാടി മണ്ഡലത്തിലെ ഐ.ടി.ഐ.-കൾക്ക് സ്വന്തമായി കെട്ടിടം**

263(4273) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ, വില്ല്യാപ്പള്ളി ഐ.ടി.ഐ.-കൾക്ക് സ്വന്തമായി കെട്ടിടമുണ്ടോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ, വില്ല്യാപ്പള്ളി (വടകര) ഐ.ടി.ഐ.-കൾക്ക് സ്വന്തമായി കെട്ടിടം ഇല്ല. മേൽ ഐ.ടി.ഐ.-കൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണ പദ്ധതികൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; ഏത് ഏജൻസി വഴിയാണ് നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

മണിയൂർ, വില്ല്യാപ്പള്ളി (വടകര) ഐ.ടി.ഐ.-കൾക്ക് നിലവിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് യഥാക്രമം 6.9 കോടി രൂപ, 6.96 കോടി രൂപയുടെ ശിപാർശ സർക്കാരിലേയ്ക്ക് ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു. ഭരണാനുമതി ഉത്തരവ് നല്കുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രസ്തുത നിർമ്മാണങ്ങൾ പൂർത്തിയാക്കുന്നതാണ്.

**പള്ളിപ്പാട് സർക്കാർ ഐ.ടി.ഐ.-യുടെ വികസനം**

264(4274) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ പള്ളിപ്പാട് പ്രവർത്തിക്കുന്ന സർക്കാർ ഐ.ടി.ഐ.-യുടെ തുടർ വികസനത്തിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

പള്ളിപ്പാട് സർക്കാർ ഐ.ടി.ഐ.-യുടെ തുടർ വികസനത്തിനായുള്ള ശിപാർശകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പ്രസ്തുത ഐ.ടി.ഐ.-യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന്മേൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(സി) ഐ.ടി.ഐ-യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പ്രവൃത്തിക്ക് ഭരണാനുമതി നൽകുമോ എന്ന് വ്യക്തമാക്കാമോ?

(ബി&സി) പള്ളിപ്പാട് ഐ.ടി.ഐ.-യുടെ രണ്ടാംഘട്ട കെട്ടിട നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയ 2,92,90,000 രൂപയുടെ എസ്റ്റിമേറ്റ് വ്യാവസായിക പരിശീലന വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള ശിപാർശ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

**ഐ.ടി.ഐ.-കളിലെ ട്രേഡുകൾ**

265(4275) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ. ഐ.ടി.ഐ.-കളിലെ ട്രേഡുകളും യൂണിറ്റുകളും മറ്റ് ഐ.ടി.ഐ.-കളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിനോ റീവാമ്പ് ചെയ്യുന്നതിനോ നിർത്തലാക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വ്യാവസായിക പരിശീലന വകുപ്പിനുകീഴിലുള്ള സർക്കാർ ഐ.ടി.ഐ.-കളിൽ കാലഹരണപ്പെട്ട ട്രേഡുകൾ കാലാകാലങ്ങളിൽ റീവാമ്പ് ചെയ്ത് തൊഴിൽ സാദ്ധ്യത കൂടിയ പുതിയ ട്രേഡുകൾ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ട്രേഡുകളും യൂണിറ്റുകളും നിർത്തലാക്കുന്നതിനും മറ്റ് ഐ.ടി.ഐ.-കളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിനുമുള്ള ശിപാർശകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) തീരദേശമേഖലയിൽ സ്ഥിതിചെയ്യുന്ന ചാക്ക ഗവ. ഐ.ടി.ഐ.-യിൽ കൂടുതൽ ട്രേഡുകളും യൂണിറ്റുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ചാക്ക ഗവ. ഐ.ടി.ഐ.-യിൽ കൂടുതൽ ട്രേഡുകളും യൂണിറ്റുകളും ആരംഭിക്കുന്നതിനുള്ള ശിപാർശ വ്യാവസായിക പരിശീലന വകുപ്പിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

## സീതാംഗോളി ഐ.ടി.ഐ.

266(4276) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ സീതാംഗോളി ഐ.ടി.ഐ.-യിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ഈ വർഷം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

സീതാംഗോളി ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, വെൽഡർ എന്നീ രണ്ട് ട്രേഡുകൾ ആണ് നിലവിലുള്ളത്. ടി ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനാവശ്യമായ ഭൗതിക സാഹചര്യം നിലവിലില്ലാത്തതിനാൽ നടപ്പ് സാമ്പത്തിക വർഷം പുതിയ കോഴ്സുകൾ തുടങ്ങാൻ സാധിക്കുകയില്ല.

(ബി) സീതാംഗോളി ഐ.ടി.ഐ.-യിൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ സൗകര്യങ്ങളുടെ കുറവാണ് ഇവിടെയുള്ളതെന്ന് വിശദമാക്കുമോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

സീതാംഗോളി ഐ.ടി.ഐ.-യിൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത നിലവിലുണ്ട്. നിലവിലെ മെയിൻ ബിൽഡിംഗിലെ മൂന്ന് മുറികളിൽ ഓഫീസും വെൽഡർ ക്ലാസ്സ് റൂമും ഡ്രാഫ്റ്റ്സ്മാൻ സിവിൽ CAD ലാബുമാണുള്ളത്. CAD ലാബിൽത്തന്നെയാണ് ഡ്രാഫ്റ്റ്സ്മാൻ സിവിൽ ക്ലാസ്സും നടക്കുന്നത്. രണ്ട് ട്രേഡിനുംകൂടി ഒരു വർക്ക്ഷോപ്പ് ബിൽഡിംഗ് മാത്രമാണുള്ളത്. കൂടാതെ ഓഫീസ്, പ്രിൻസിപ്പാൾ റൂം, സ്റ്റോർ റൂം, ഐ.ടി. ലാബ് എന്നിവയൊന്നും നിലവിലെ കെട്ടിടത്തിൽ ഇല്ല. ടി അസൗകര്യങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ആയവ കൂടി ഉൾപ്പെടുത്തിക്കൊണ്ട് കെട്ടിടത്തിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

(സി) സീതാംഗോളി ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ ഭരണാനുമതി എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

സീതാംഗോളി ഐ.ടി.ഐ.-യ്ക്ക് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് 2.92 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വ്യാവസായിക പരിശീലന വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ശിപാർശ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നല്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## ദ്വിമുഖ പരിശീലന രീതി

267(4277) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഐ.ടി.ഐ. പഠനത്തോടൊപ്പംതന്നെ വ്യവസായ സ്ഥാപനങ്ങളിൽ നേരിട്ട് പ്രായോഗിക പരിശീലനം നൽകുന്ന ദ്വിമുഖ പരിശീലന രീതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഐ.ടി.ഐ.-കളിൽ ദ്വിമുഖ പരിശീലന പദ്ധതി (Dual System of Training Scheme) നടപ്പിലാക്കുന്നത് സംബന്ധിച്ച് ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

## കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് കോഴ്സിന്റെ തത്തുല്യ യോഗ്യത

268(4278) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.-കളിൽ നടത്തിവരുന്ന കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (COPA) എന്ന ട്രേഡിലുള്ള ഒരു വർഷം ദൈർഘ്യമുള്ള എൻ.ടി.സി. കോഴ്സ് സർട്ടിഫിക്കറ്റ്, കെ.ജി.ടി.ഇ. നടത്തുന്ന ഇംഗ്ലീഷ് & മലയാളം ടൈപ്പ്റൈറ്റിംഗ് ലോവർ & കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിന് തുല്യമായി അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിലും നൈപുണ്യവും (സി) വകുപ്പിന്റെ 30-3-2017-ലെ G.O. (MS)No.21/2017/LBR എന്ന ഉത്തരവ് പിന്നീട് ഭേദഗതി വരുത്തുകയോ ആയതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കോടതി ഉത്തരവുണ്ടാവുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) 30-3-2017-ലെ പ്രസ്തുത ഉത്തരവ് ഇപ്പോഴും പ്രാബല്യത്തിലുണ്ടോ; വ്യക്തമാക്കാമോ?

(എ-സി) 30-3-2017 ലെ സ.ഉ. (എം.എസ്) നം.21/2017/തൊഴിൽ പ്രകാരം കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (COPA) ട്രേഡിലുള്ള എൻ.ടി.സി./ എസ്.ടി.സി. യോഗ്യത, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, കെ.ജി.ടി.ഇ. ഇംഗ്ലീഷ് & മലയാളം ടൈപ്പ്റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് കോഴ്സുകളുടെ ഉയർന്ന യോഗ്യതയായും ഡാറ്റാ എൻട്രി ഓപ്പറേറ്റർ ട്രേഡിലുള്ള

എൻ.ടി.സി./ എസ്.ടി.സി. യോഗ്യത കെ.ജി.ടി.ഇ. ഇംഗ്ലീഷ് & മലയാളം ടൈപ്പ്റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് എന്നീ കോഴ്സുകളുടെ തത്തുല്യ യോഗ്യതയായും പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 15-12-2020-ലെ സ.ഉ.(കൈ) നമ്പർ 56/2020/തൊഴിൽ പ്രകാരം കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (COPA) ട്രേഡിലുള്ള എൻ.ടി.സി./ എസ്.ടി.സി. യോഗ്യത, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, കെ.ജി.ടി.ഇ. (ഇംഗ്ലീഷ് & മലയാളം) ടൈപ്പ്റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് എന്നീ കോഴ്സുകളുടെ ഉയർന്ന യോഗ്യതയാണ് എന്ന ഭാഗം ഒഴിവാക്കി ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* ഈ വിഷയം സംബന്ധിച്ച് കോടതി ഉത്തരവുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 30-3-2017-ലെ സ.ഉ (എം.എസ്) നമ്പർ 21/2017/തൊഴിൽ ഉത്തരവ് മേൽ പ്രതിപാദിച്ച ഭേദഗതികളോടെ നിലവിലുണ്ട്.

**അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്കുള്ള പദ്ധതികൾ**

269(4279) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അംഗപരിമിതരായ എത്ര ഉദ്യോഗാർത്ഥികൾക്ക് ഏതെല്ലാം വിഷയങ്ങളിൽ വൊക്കേഷണൽ & കരിയർ ഗൈഡൻസ് നൽകിയിട്ടുണ്ട്; ഉണ്ടെങ്കിൽ ഇതുകൊണ്ട് എത്ര ഉദ്യോഗാർത്ഥികൾക്ക് എന്തൊക്കെ പ്രയോജനം ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഭിന്നശേഷിക്കാരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തരം ആകെ 4902 അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് വൊക്കേഷണൽ & കരിയർ ഗൈഡൻസ് നൽകിയിട്ടുണ്ട്. ഉപരിപഠന സാധ്യതകൾ, വിവിധതരം ജോലി സാദ്ധ്യതകൾ, സ്വയം തൊഴിൽ സാധ്യതകൾ, മത്സര പരീക്ഷാ പരിശീലനം എന്നിവയുമായി ബന്ധപ്പെട്ട വിവിധ ക്ലാസുകളിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾക്കെല്ലാംതന്നെ പ്രസ്തുത വിഷയങ്ങളെക്കുറിച്ച് അറിവ് ലഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികളുടെ വൈകല്യം, യോഗ്യതകൾ, താൽപ്പര്യം, കഴിവ്, മനോഭാവം എന്നിവ പരിഗണിച്ച് രജിസ്റ്റർ ചെയ്തവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ ഏതെല്ലാം ഓഫീസുകളിൽ ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

---

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നെയ്യാറ്റിൻകര, തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഭിന്നശേഷിക്കാരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗാർത്ഥികളുടെ വൈകല്യം, യോഗ്യത, എന്നിവ പരിഗണിച്ചുള്ള ഡാറ്റാ ബാങ്ക് ലഭ്യമാണ്. താൽപ്പര്യം, കഴിവ്, മനോഭാവം എന്നിവ പരിഗണിച്ച് രജിസ്റ്റർ ചെയ്തവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ഇതുവരെ അംഗപരിമിതരായ ഉദ്യോഗാർത്ഥികളെ വിവിധ മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുപ്പിക്കുന്നതിന്റെ ഭാഗമായി എത്രപേരെ അവരുടെ യോഗ്യതകളുടെയും കഴിവിന്റെയും അടിസ്ഥാനത്തിൽ ജോലിക്ക് പ്രാപ്തരാക്കാൻ കഴിഞ്ഞിട്ടുണ്ട്; അവരുടെ പേരുവിവരം ഉൾപ്പെടെ ഓഫീസ് തിരിച്ച് വെളിപ്പെടുത്തുമോ?

അംഗപരിമിതരായ ഉദ്യോഗാർത്ഥികളെ വിവിധ മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുപ്പിക്കുന്നതിന്റെ ഭാഗമായി കൈവല്യ പദ്ധതി പ്രകാരം 2016-17-ൽ 198 പേർക്കും 2017-18 -ൽ 183 പേർക്കും 2018-19-ൽ 382 പേർക്കും 2019-20 ൽ 286 പേർക്കും ചേർത്ത് ആകെ 1049 ഉദ്യോഗാർത്ഥികൾക്ക് മത്സരപ്പരീക്ഷകൾക്കുള്ള പരിശീലനം നൽകിയിട്ടുണ്ട്. ഇവരുടെ പേരുവിവരം ഉടൻ ലഭ്യമല്ല.

(ഡി) രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളിൽനിന്നും പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്ക് അനുയോജ്യമായ ഒഴിവുകൾ കണ്ടെത്തി യഥാസമയം അപേക്ഷ നൽകുന്നതിന് പ്രോത്സാഹിപ്പിക്കുന്ന നടപടികൾ ഏതെല്ലാം സ്പെഷ്യൽ എംപ്ലോയ്മെന്റ് ഓഫീസർമാർ സ്വീകരിച്ചിട്ടുണ്ടെന്ന് ഓഫീസ് തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

1. <u>ഭിന്നശേഷിക്കാരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, നെയ്യാറ്റിൻകര-</u> പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്ക് അനുയോജ്യമായ രീതിയിൽ എസ്.എസ്.എൽ.സി. യോഗ്യതയുള്ള തസ്തികയിലേയ്ക്കും 2017-18 കാലയളവിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കും 2018-19 കാലയളവിൽ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയിലേയ്ക്കും 2019-20 കാലയളവിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കും നെയ്യാറ്റിൻകര ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെയും കാട്ടാക്കട ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെയും ഉദ്യോഗാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു മാസം നീണ്ടു നിന്ന മത്സരപ്പരീക്ഷ പരിശീലനം നൽകിയിട്ടുണ്ട്.

2. ഭിന്നശേഷിക്കാരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരുവനന്തപുരം - ' കൈവല്യ ജ്യോതിസ് പ്രകാരം 33 ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിനായി പി.എസ്.സി. ഓൺലൈൻ വൺ ടൈം രജിസ്ട്രേഷൻ, അപേക്ഷ സമർപ്പിക്കൽ, ഹാൾടിക്കറ്റ് ഡൗൺ ലോഡ് ചെയ്യൽ തുടങ്ങിയ പ്രവർത്തനങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്.

3. ഭിന്നശേഷിക്കാരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കൊല്ലം - ടി കാര്യാലയത്തിൽ ഹാജരാകുന്ന ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്ക് അനുയോജ്യമായ ഒഴിവുകൾ കണ്ടെത്തി യഥാസമയം അപേക്ഷ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകിവരുന്നുണ്ട്.

4. ഭിന്നശേഷിക്കാരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോട്ടയം - രജിസ്ട്രേഷൻ/പുതുക്കൽ സമയത്തും ജോലിസംബന്ധമായ കാര്യങ്ങൾക്ക് അന്വേഷണം നടത്തുന്നതിനും ടി ഓഫീസുമായി ബന്ധപ്പെടുന്നവർക്ക് വിവിധ മത്സരപ്പരീക്ഷകളെക്കുറിച്ചും അവയ്ക്ക് തയ്യാറാകുന്നതിന് വേണ്ട നടപടികളെക്കുറിച്ചും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

5. ഭിന്നശേഷിക്കാരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, എറണാകുളം - പി.എസ്.സി. വഴി വരുന്ന ഒഴിവുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഓഫീസ് സന്ദർശിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് നൽകുകയും അപേക്ഷ സമർപ്പിക്കുന്നതിനുള്ള സഹായത്തിനായി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന പി.എസ്.സി. ഫെസിലിറ്റേഷൻ സെന്ററുകൾ സന്ദർശിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

6. ഭിന്നശേഷിക്കാരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോഴിക്കോട് - ടി കാര്യാലയത്തിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളെ അവരുടെ യോഗ്യത അനുസരിച്ച് പി.എസ്.സി. ഒഴിവുകൾ വരുന്നമുറയ്ക്ക് ഫോൺ മുഖേന വിളിച്ചുവരുത്തി ഒഴിവ് സംബന്ധിച്ച വിവരങ്ങൾ അറിയിക്കുകയും ആയതിന്റെ വിവരങ്ങൾ നോട്ടീസ് ബോർഡിൽ പതിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി കോച്ചിംഗിനായി ഒരു വാട്സ് ആപ്പ് ഗ്രൂപ്പിന് രൂപം നൽകിയിട്ടുണ്ട്.

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ഇതുവരെ ഭിന്നശേഷി വിഭാഗത്തിലെ ഉദ്യോഗാർത്ഥികളുടെ കപ്പാസിറ്റി ബിൽഡിംഗിന്റെ ഭാഗമായി എംപ്ലോയ്മെന്റ് വകുപ്പിന് പുറമെ മറ്റ് സമാന സ്വഭാവമുള്ള വകുപ്പുകളുമായി ചേർന്ന് സ്വയം തൊഴിൽ പരിശീലനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സംരംഭങ്ങൾ ഏതെല്ലാം ഓഫീസുകളിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഓഫീസ്, സംരംഭം എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

തിരുവനന്തപുരത്തെ ഭിന്നശേഷിക്കാരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 2018-19 സാമ്പത്തിക വർഷത്തിൽ RSETI യുമായി സഹകരിച്ച് 12 ഉദ്യോഗാർത്ഥികൾക്ക് പേപ്പർ ബാഗ് നിർമ്മാണത്തിൽ 10 ദിവസം നീണ്ടുനിന്ന ട്രെയിനിംഗ് ക്ലാസ് സംഘടിപ്പിച്ചു.

(എഫ്) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ഇതുവരെ സ്വയം തൊഴിൽ വായ്പ ലഭിച്ച ശേഷം എത്ര പേർക്ക് സംരംഭം ആരംഭിക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഓഫീസ് തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

സംസ്ഥാനത്താകെ കെസ്റു, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ് ജോബ് ക്ലബ്, നവജീവൻ എന്നീ പദ്ധതികൾ പ്രകാരം സ്വയം തൊഴിൽ വായ്പ ലഭിച്ചശേഷം സംരംഭം ആരംഭിക്കാത്ത ആരുംതന്നെ ഇല്ല. കൈവല്യ, ശരണ്യ പദ്ധതികൾ പ്രകാരം സ്വയം തൊഴിൽ വായ്പ ലഭിച്ചശേഷം സംരംഭം ആരംഭിക്കാത്തവരുടെ വിവരങ്ങൾ ഓഫീസ് അടിസ്ഥാനത്തിലുള്ളത് അനുബന്ധം ആയി ചേർക്കുന്നു.*

(ജി) അംഗപരിമിതരായ ഉദ്യോഗാർത്ഥികളുടെ ഉന്നമനത്തിന് ഉതകുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടർ തലത്തിൽ കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ 1-11-2016-ലെ സർക്കാർ ഉത്തരവ് G.O.(P) 174/16/LBR ലെ വ്യവസ്ഥകൾ പ്രകാരം ഏതെല്ലാം തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചുവെന്ന് വിശദാംശങ്ങൾ സഹിതം വെളിപ്പെടുത്തുമോ; എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലെ ഡി.ഡി.(എ.ഇ. ആൻഡ് പി.എച്ച്.)എന്തെല്ലാം തുടർ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് കൂടി വിശദമാക്കാമോ?

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കായി 1-11-2016-ലെ G.O.(P) No. 174/16/LBR ഉത്തരവ് പ്രകാരം നടപ്പാക്കിയ 'കൈവല്യ' പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയ്ക്ക് സർക്കാരിൽനിന്നും വിനിയോഗ അനുമതി ലഭ്യമാക്കി, സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാർ നൽകിയിട്ടുള്ള പ്രൊപ്പോസലിനനുസരിച്ച് സ്വയം തൊഴിൽ വായ്പാ വിതരണത്തിനും മറ്റ് ഘടക പദ്ധതികളായ വൊക്കേഷണൽ & കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി എന്നിവയുടെ നടത്തിപ്പിനും പദ്ധതി പ്രവർത്തനങ്ങൾക്കുമായി യഥാസമയം തുക വിതരണം നടത്തുകയും ഫണ്ട് വിനിയോഗം മോണിറ്റർ ചെയ്യുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈവല്യ പദ്ധതിയുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾ മുഖേനയും സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖേനയും ലഭിച്ചിട്ടുള്ള പരാതികൾ/നിവേദനങ്ങൾ യഥാസമയം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങളുടെയെല്ലാം ഏകോപന ചുമതലകൾ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടറും ഡെപ്യൂട്ടി ഡയറക്ടർ (എ.ഇ.&പി.എച്ച്.)-ഉം ആണ് നിർവ്വഹിക്കുന്നത്. 30-9-2020-ലെ സ.ഉ.(കൈ)നമ്പർ 42/2020/തൊഴിൽ പ്രകാരം, കൈവല്യ പദ്ധതിയിൻ കീഴിൽ കുടിശ്ശികയായിരുന്ന 7449 സ്വയം തൊഴിൽ വായ്പാ അപേക്ഷകൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനുമായി സഹകരിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മുഖേന തീർപ്പാക്കുന്നതിനായി പദ്ധതി ആവിഷ്കരിക്കുകയും പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. ആയതുവഴി നാളിതുവരെ 6938 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ വായ്പ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ആദ്യ ഭിന്നശേഷി സൗഹൃദ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (മോഡൽ കൈവല്യ സെന്റർ) കായംകുളം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തിക്കുന്നു. ഇവിടെ വീൽചെയർ ഉൾപ്പെടെ വിപുലമായ സജ്ജീകരണങ്ങളോടുകൂടിയ തൊഴിൽ പരിശീലനം നല്കുന്നതിനാവശ്യമായ ക്ലാസ് മുറികൾ, അഭ്യസ്തവിദ്യരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സരപ്പരീക്ഷ പരിശീലനം നല്കുന്നതിനാവശ്യമായ ക്ലാസ് മുറികൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പ് "അതിജീവനം" എന്ന പേരിൽ ഒരു തൊഴിൽ മേള സംഘടിപ്പിച്ചുവരുന്നു. എറണാകുളം, കൊല്ലം, കോഴിക്കോട്, തിരുവനന്തപുരം, എന്നീ ജില്ലകളിൽ സംഘടിപ്പിച്ച മേളകളിൽ 2475-ഓളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും 124പേർക്ക് ജോലി ലഭിക്കുകയും ചെയ്തു.

## അംഗപരിമിതർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

270(4280) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ 2021 വരെ സംസ്ഥാനത്തെ അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്കുവേണ്ടിയുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്ര ഉദ്യോഗാർത്ഥികൾക്ക് വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപന ങ്ങളിലേയ്ക്ക് സ്ഥിരം/താൽക്കാലിക ഒഴിവുകൾക്ക് നിയമനം ലഭിച്ചുവെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

ഭിന്നശേഷിക്കാരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) അംഗപരിമിതരായ എത്ര ഉദ്യോഗാർത്ഥികളാണ് പ്രസ്തുത എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; വൈകല്യം തരംതിരിച്ച് വിദ്യാഭ്യാസ യോഗ്യതകൾ അനുസരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ഭിന്നശേഷിക്കാരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള രജിസ്ട്രേഷൻ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള എന്തെല്ലാം കാര്യങ്ങളാണ് ഇത്തരം ഓഫീസുകളിൽ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളിൽ നിന്നും എത്ര ശതമാനം പേർക്ക് വർഷം തോറും തൊഴിൽ ലഭിക്കുന്നുവെന്ന് വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.*

## നെയ്യാറ്റിൻകര കരിയർ ഡെവലപ്പ്മെന്റ് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ

271(4281) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തിക്കുന്ന കരിയർ ഡെവലപ്പ്മെന്റ് സെന്റർ (സി.ഡി.സി.) പ്രവർത്തനം ആരംഭിച്ചതുമുതൽ നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് വൊക്കേഷണൽ & കരിയർ ഗൈഡൻസ് നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ?

തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റിന്റെ എക്സ്റ്റൻഷൻ സെന്ററായി നെയ്യാറ്റിൻകര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തിക്കുന്ന കരിയർ ഗൈഡൻസ് സെന്റർ (സി.ഡി.സി.) 2018 മേയ് മാസം 23-ന് പ്രവർത്തനം ആരംഭിച്ചത് മുതൽ നാളിതുവരെ (31-7-2021) 13136 ഉദ്യോഗാർത്ഥികൾക്ക് വൊക്കേഷണൽ & കരിയർ ഗൈഡൻസ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇപ്രകാരം എത്ര ഉദ്യോഗാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ, തൊഴിൽ അവസരങ്ങൾ ഏതെല്ലാം സ്ഥാപനങ്ങളിൽ ലഭിച്ചിട്ടുണ്ടെന്ന് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽവച്ച് നടത്തിയ വൊക്കേഷണൽ & കരിയർ ഗൈഡൻസ് ക്ലാസ്സുകളിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് നിരവധി സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസ അവസരങ്ങൾക്ക് അർഹരായിട്ടുണ്ട്. സി.ഡി.സി.-യിൽ രജിസ്റ്റർ ചെയ്ത 193 ഉദ്യോഗാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ തൊഴിലവസരങ്ങൾ ലഭിച്ചിട്ടുണ്ട്. അഗ്രിക്കൾച്ചർ കോളേജ് (വെള്ളായണി), ഈസ്റ്റ് പോയിന്റ് കോളേജ് (ബാംഗ്ലൂർ), രാജഗിരി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, (എറണാകുളം), ഗവൺമെന്റ് ലോ കോളേജ് (തിരുവനന്തപുരം), ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് (പാപ്പനംകോട്), എൻ.എസ്.എസ്. ലോ കോളേജ് (കൊട്ടിയം, കൊല്ലം), മാർ ഇവാനിയസ് കോളേജ് (തിരുവനന്തപുരം), മാർ ബസേലിയസ് കോളേജ് ഓഫ് സയൻസ് & ടെക്നോളജി (തിരുവനന്തപുരം), എൽ.ബി.എസ്. കോളേജ് ഫോർ വുമൺ (പൂജപ്പുര) എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 47 ഉദ്യോഗാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു*.

(സി) മികച്ച നിലവാരത്തിലുള്ള കരിയർ ഗൈഡൻസ് നൽകുന്നതിന് യോഗ്യരായ ജീവനക്കാരെ പ്രസ്തുത സ്ഥാപനത്തിൽ നിയമിച്ചിട്ടുണ്ടോ; പ്രസ്തുത ജീവനക്കാരുടെ യോഗ്യതകൾ എന്തെല്ലാമാണ്?

മികച്ച നിലവാരത്തിലുള്ള കരിയർ ഗൈഡൻസ് നൽകുന്നതിന് യോഗ്യരായ ജീവനക്കാരെ നെയ്യാറ്റിൻകര സി.ഡി.സി.-യിൽ നിയമിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര കരിയർ ഡെവലപ്മെന്റ് സെന്ററിൽ അസിസ്റ്റന്റ് സെന്റർ മാനേജർ കം കരിയർ കൗൺസലറെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നത് വരെയുള്ള കാലയളവിലേയ്ക്ക് ആവശ്യം വേണ്ടുന്ന സന്ദർഭങ്ങളിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്ററിൽ കരിയർ കൗൺസലറായി സേവനം ചെയ്തുവരുന്ന, മനഃശാസ്ത്ര വിഷയത്തിൽ ബിരുദാനന്തര ബിരുദവും പ്രവൃത്തിപരിചയവുമുള്ള കൗൺസലറിന്റെ സേവനം നെയ്യാറ്റിൻകര സി.ഡി.സി.-യിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർ സയൻസിൽ ബി.ടെക് യോഗ്യതയുള്ള ഐ.ടി. ഓഫീസർ കം കരിയർ ഗൈഡൻസ് അസിസ്റ്റന്റിനെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കരിയർ ഗൈഡൻസ് നൽകുന്നതിന് യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥർ വൊക്കേഷണൽ & കരിയർ ഗൈഡൻസ് ക്ലാസ്സുകൾ എടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. ഗസ്റ്റ് ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് പുറമേ വകുപ്പിലെ തന്നെ ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ താൽപ്പര്യവും കഴിവും വകുപ്പിലെ പരിശീലനം ലഭിച്ചിട്ടുള്ളവരുമായ ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു.

(ഇ) സി.ഡി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്താനും എല്ലാ വിഭാഗം ഉദ്യോഗാർത്ഥികൾക്കും കരിയർ ഗൈഡൻസ് ലഭിക്കുന്നതിനും നടപടി സ്വീകരിക്കാമോ?

നിലവിൽ മെച്ചപ്പെട്ട പ്രവർത്തനം നടത്തിവരുന്നു. തുടർന്ന് എല്ലാ വിഭാഗം ഉദ്യോഗാർത്ഥികൾക്കും കരിയർ ഗൈഡൻസ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം

272(4282) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർട്ട്ടൈം സ്വീപ്പർ പോലുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനത്തിനായി കാർഡുകൾ അയയ്ക്കുന്ന ഘട്ടത്തിൽ പാലിക്കുന്ന സംവരണ നിയമങ്ങൾ ഏത് രീതിയിൽ എന്ന് വിശദമാക്കാമോ?

21-12-1970-ലെ ജി.ഒ (പി) 413/70/PD, 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് എന്നിവ പ്രകാരം വിവിധ ഓഫീസുകളിൽ നിന്ന് അറിയിക്കുന്ന പാർട്ട്ടൈം സ്വീപ്പർ ഒഴിവുകൾ പൂൾ ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പരിപാലിച്ചുപോരുന്ന സംവരണ ക്രമം (Communal rotation roster) പ്രകാരവും സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലും സാമുദായിക സംവരണ തത്വങ്ങൾ കർശനമായി പാലിച്ച്, തുടർനടപടി സ്വീകരിച്ച് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ നാമനിർദ്ദേശപട്ടിക ഉദ്യോഗദായകർക്ക് നൽകുന്നു. ഉദ്യോഗദായകർക്ക് നൽകുന്ന ലിസ്റ്റിന്റെ നിയമനഫലം ലഭ്യമാകുമ്പോൾ ആയത് പരിശോധിച്ച് ബന്ധപ്പെട്ട സമുദായങ്ങൾക്ക് ടി സംവരണം ലഭിക്കുന്നുണ്ടോയെന്നത് ഉറപ്പുവരുത്തുകയും ഏതെങ്കിലും ഒരു സമുദായത്തിന് റിസർവ് ചെയ്ത വേക്കൻസിക്ക് ഉദ്യോഗാർത്ഥികളെ ലഭ്യമല്ലെങ്കിൽ ടി വേക്കൻസി മറ്റ് സമുദായങ്ങൾക്ക് ഡി റിസർവ് ചെയ്യുകയും തുടർന്ന് ഇപ്രകാരം ഡി റിസർവ് ചെയ്യുന്ന സമുദായത്തിന്റെ ടേൺ ഭാവിയിൽ ഉണ്ടാകുമ്പോൾ നഷ്ടപ്പെട്ട സമുദായത്തിന് നൽകി കുറവ് പരിഹരിക്കുകയും ചെയ്യുന്നു. ഇപ്രകാരം എല്ലാ സമുദായങ്ങൾക്കും അർഹതപ്പെട്ട തൊഴിലവസരം ഉറപ്പുവരുത്തുന്നു.

(ബി) ഒരൊഴിവിന് എത്രപേർക്ക് ഇന്റർവ്യൂ കാർഡുകൾ അയയ്ക്കാറുണ്ടെന്ന് വ്യക്തമാക്കാമോ?

ഒരൊഴിവിന് ഒൻപത് പേർ എന്ന അനുപാതത്തിൽ നാമനിർദ്ദേശപട്ടിക തയ്യാറാക്കി എംപ്ലോയ്മെന്റ് വകുപ്പ് ഉദ്യോഗദായകർക്ക് നൽകുന്നു. ആയതിൽ നിന്നും ഉദ്യോഗദായകരാണ് നിയമന നടപടികൾ പൂർത്തിയാക്കുന്നത്.

(സി) പാർട്ട്ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് എത്ര വയസ്സുവരെയുള്ള ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂ കാർഡ് അയയ്ക്കാറുണ്ടെന്ന് വിശദമാക്കാമോ?

പാർട്ട്ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് 50 വയസ്സുവരെയുള്ള ഉദ്യോഗാർത്ഥികളെ പരിഗണിച്ച് നാമനിർദ്ദേശപട്ടിക തയ്യാറാക്കി എംപ്ലോയ്മെന്റ് വകുപ്പ് ഉദ്യോഗദായകർക്ക് നൽകുന്നു. ആയതിൽനിന്നും ഉദ്യോഗദായകരാണ് നിയമന നടപടികൾ പൂർത്തിയാക്കുന്നത്.

(ഡി) വിധവകൾ, നിയമാനുസരണം വിവാഹബന്ധം വേർപെടുത്തപ്പെട്ടവർ, മതപരിവർത്തനം നടത്തിയ പിന്നാക്ക-പട്ടികജാതി വിഭാഗക്കാർ, അവിവാഹിതരും ഒറ്റയ്ക്ക് താമസിക്കുന്നവരുമായ സ്ത്രീകൾ എന്നിവർക്ക് പ്രത്യേകം ഇന്റർവ്യൂ നടത്തി നിയമനം നൽകുന്ന രീതി സർക്കാർ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

നിലവിൽ സ്വീകരിക്കുന്നില്ല.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനം

273(4283) ശ്രീ തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്വകാര്യ മേഖലയിൽ ഉൾപ്പെടെ തൊഴിൽ നൽകുന്നതിന് ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നൈപുണ്യ പോഷണത്തിലൂടെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്വകാര്യ മേഖലയിലേതുൾപ്പെടെയുള്ള തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന ജോബ്ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ച് വരുന്നുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനം പരിഷ്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ എല്ലാ സാമ്പ്രദായിക രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗതവിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ റെക്കോർഡുകൾ സ്കാൻ ചെയ്ത് ഡിജിറ്റലൈസ് ചെയ്യുന്ന പ്രവർത്തനങ്ങളും നടന്നുവരികയാണ്. എംപ്ലോയ്മെന്റ് വകുപ്പിന്റെ പ്രധാനപ്പെട്ട സേവനങ്ങളിലൊന്നായ വേക്കൻസി മോഡ്യൂൾ ഓൺലൈനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഉദ്യോഗദായകർക്ക് ഓൺലൈൻ ആയി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയും ഉദ്യോഗാർത്ഥികൾക്ക് ഒഴിവുകളിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടത് സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധ വിവരങ്ങളും ഓൺലൈനായി അറിയാൻ കഴിയുന്നതുമായ വിധത്തിലാണ് ടി മോഡ്യൂൾ സജ്ജമാക്കി വരുന്നത്. ഓൺലൈൻ സേവനങ്ങൾ ഗ്രാമീണ മേഖലയിലെ സാധാരണക്കാരിലേയ്ക്ക് എത്തിക്കുന്നതിനായി സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഒരു മൊബൈൽ ആപ്പ് വികസിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലേതുൾപ്പെടെയുള്ള തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ വകുപ്പിൽ പ്രവർത്തിക്കുന്നുണ്ട്.

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

274(4284) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവർ എത്രകാലമായി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവരാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആകെ രജിസ്റ്റർ ചെയ്തവർ 37,71,437. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-I ആയി ചേർക്കുന്നു.* (2-8-2021 വരെയുള്ള കണക്കനുസരിച്ച്) 1-1-1980 മുതൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ ഇതിൽ ഉൾപ്പെടുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഏതെല്ലാം തൊഴിലുകൾക്കുവേണ്ടി രജിസ്റ്റർ ചെയ്തവരാണിവരെന്നും ഇവരുടെ വിദ്യാഭ്യാസ യോഗ്യതകൾ എന്താണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതകൾ നിരവധിയാണ്. ഉയർന്ന വിദ്യാഭ്യാസ യോഗ്യത നേടി രജിസ്റ്റർ ചെയ്തവരെ ടി വിദ്യാഭ്യാസ യോഗ്യതയ്ക്ക് താഴെ യോഗ്യത ആവശ്യമായ ഒഴിവുകളിലേയ്ക്കും ചട്ടപ്രകാരം ജോലിക്ക് പരിഗണിക്കുന്നതാണ്. പ്രധാനപ്പെട്ട വിദ്യാഭ്യാസ യോഗ്യതകൾ നേടിയ ഉദ്യോഗാർത്ഥികളുടെ വിവരം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

(ഡി) തൊഴിൽ ലഭിക്കാനുള്ള പ്രായപരിധി കഴിയാറായവർ എത്ര പേരുണ്ടെന്നും പ്രൊഫഷണലുകൾ, അംഗപരിമിതർ എന്നിവർ എത്രയുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധം-III ആയി ചേർത്തിരിക്കുന്നു.*

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സംവിധാനം നിലവിൽ വന്നതെപ്പോഴാണെന്നും ഈ സംവിധാനം ഉണ്ടായതിനുശേഷം എക്സ്ചേഞ്ചുകളിൽ തൊഴിലിനായി പേര് രജിസ്റ്റർ ചെയ്ത് അനന്തമായി കാത്തിരുന്നതിനുശേഷം പ്രായപരിധി കഴിഞ്ഞത് കാരണം തൊഴിൽ ലഭിക്കാത്തവർ സംസ്ഥാനത്ത് എത്രയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

1956-ലാണ് കേന്ദ്രസർക്കാർ നിയന്ത്രണത്തിൽനിന്ന് സംസ്ഥാന സർക്കാരിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനം കൈമാറിയത്. 1957 ഏപ്രിൽ ഒന്നിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കേരള സർക്കാരിന്റെ നിയന്ത്രണത്തിൽ വന്നു. കേരള സർക്കാർ, കേരള അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി പരിഗണിക്കപ്പെടുന്ന ഉയർന്ന പ്രായപരിധി 50 വയസ്സ് ആയി നിജപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പ്രായപരിധി കഴിഞ്ഞ ഉദ്യോഗാർത്ഥികളെ തൊഴിലിനായി പരിഗണിക്കാൻ നിർവ്വാഹമില്ല. മേൽ പറഞ്ഞ ഉദ്യോഗാർത്ഥികളെ സ്വകാര്യമേഖലയിലെ ഒഴിവുകൾക്ക് പരിഗണിക്കുന്നതിന് തടസ്സമില്ല. വകുപ്പ് മുഖേന നടപ്പിലാക്കുന്ന സ്വയംതൊഴിൽ പദ്ധതികളായ ശരണ്യ, കൈവല്യ എന്നിവയ്ക്ക് 55 വരെ പ്രായപരിധി ഉള്ളവരെയും നവജീവൻ പദ്ധതിയിൽ 65 വരെയും പ്രായമുള്ള ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നുണ്ട്. 50 വയസ് പൂർത്തിയായതിനെ തുടർന്ന് പ്രായപരിധി പിന്നിട്ടവരുടെ ലഭ്യമായ വിവരം അനുബന്ധം IV ആയി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

275(4285) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി മുതൽ നാളിതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന എത്ര തൊഴിലവസരങ്ങൾ നികത്താൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവയിൽ സ്ഥിരം, താൽക്കാലിക തൊഴിലവസരങ്ങൾ എത്ര വീതമെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

(എ&ബി) 1-1-2016 മുതൽ 31-3-2021 വരെയുള്ള കാലയളവിൽ വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ 53997 ഒഴിവുകൾ [സ്ഥിരം-10814, താൽക്കാലികം- 43183] എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തിയിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലെ 107440 ഒഴിവുകളും ഇക്കാലയളവിൽ നികത്തുക യുണ്ടായി. 1-4-2021 മുതൽ നാളിതുവരെയുള്ള വിവരങ്ങളും ജില്ല തിരിച്ചുള്ള വിവരങ്ങളും ശേഖരിച്ചുവരുന്നു.

(സി) ഇക്കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടായിരുന്നുവെന്നും അവയിൽ നിയമനം നടത്തുകയുണ്ടായോയെന്നും വ്യക്തമാക്കുമോ?

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിനുകീഴിൽ 2016 ജനുവരി മുതൽ നാളിതുവരെ 573 ഒഴിവുകൾ ഉണ്ടാകുകയും ആയതിൽ 567 ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുകയും ചെയ്തു. ബാക്കിയുള്ള 6 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

## അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

276(4286) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-11-2016-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 174/2016/തൊഴിൽ പ്രകാരം സംസ്ഥാനത്തെ അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് വേണ്ടിയുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി (തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട്) എന്നീ ഓഫീസുകൾ മുഖേന കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് ഏതെല്ലാം വിഷയങ്ങളിൽ വൊക്കേഷണൽ & കരിയർ ഗൈഡൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുകൊണ്ട് എത്ര ഉദ്യോഗാർത്ഥികൾക്ക് പ്രയോജനം ഉണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പ്രയോജനങ്ങൾ ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഉദ്യോഗാർത്ഥികളുടെ വൈകല്യം, യോഗ്യതകൾ, താത്പര്യം, കഴിവ്, മനോഭാവം എന്നിവ പരിഗണിച്ച് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ ഏതെല്ലാം ഓഫീസുകളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

വൊക്കേഷണൽ & കരിയർ ഗൈഡൻസിൽ പങ്കെടുത്ത ഉദ്യോഗാർത്ഥി കളെയും കൈവല്യ ഘടക പദ്ധതികളിൽ പങ്കെടുക്കാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് 200 പേരുടെ ഡാറ്റാ ബാങ്ക് നെയ്യാറ്റിൻകര ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തയ്യാറാക്കിയിട്ടുണ്ട്. കൊല്ലം, എറണാകുളം ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗാർത്ഥികളുടെ കഴിവ്, മനോഭാവം എന്നിവ പരിഗണിച്ചുകൊണ്ടുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കരിയർ ഡെവലപ്മെന്റ് സെന്ററുകൾ

277(4287) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ അനുബന്ധമായി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്; കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് പ്രവർത്തി ക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെകുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുയോജ്യമായ തൊഴിലും നേടിയെടുക്കാൻ സഹായിക്കും എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനിക സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏത് പ്രശ്നത്തിനും പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, വോക്ക്-ഇൻ-ഇന്റർവ്യൂ, മത്സരപ്പരീക്ഷാ പരിശീല നങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്മെന്റ് സെന്ററിൽനിന്നും ലഭിക്കുന്നതാണ്.

(ബി) ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത സെന്ററുകൾ പ്രവർത്തിക്കു ന്നതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ പാലോട്, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ, കൊല്ലം ജില്ലയിലെ കൊട്ടാരക്കര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

(സി) പുതുതായി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ആരംഭിക്കുന്നതിന് എന്തൊക്കെ മാനദണ്ഡ ങ്ങളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

എല്ലാ ജില്ലകളിലും സിഡിസി-കൾ ആരംഭിക്കുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. കോഴിക്കോട്, പാലക്കാട്, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ സി.ഡി.സി.-കൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറയിലും കൊല്ലം ജില്ലയിൽ കൊട്ടാരക്കരയിലും സി.ഡി.സി.-കളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. മറ്റ് ജില്ലകളിൽ സ്ഥലം/സർക്കാർ കെട്ടിടത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റെൻഷൻ യൂണിറ്റുകളായി ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കൊപ്പമാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കാറുള്ളത്. സർക്കാർ വക കെട്ടിടത്തിൽ 3000-4000 ചതുരശ്ര അടി സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയ്ക്കനുസരിച്ച കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കാൻ സാധിക്കുന്നതാണ്.

## തൊഴിൽരഹിതരുടെ എണ്ണം

278(4288) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് തൊഴിൽരഹിതരുടെ കണക്ക് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലായെങ്കിൽ ആയതുസംബന്ധിച്ച് ഒരു വിശദമായ കണക്കെടുക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ആകെ ഉദ്യോഗാർത്ഥികളുടെ എണ്ണം 29-7-2021 വരെയുള്ള കണക്കനുസരിച്ച് 3770767 ആകുന്നു. വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ചത് അനുബന്ധമായി ചേർക്കുന്നു.*

## കരിയർ ഡെവലപ്മെന്റ് സെന്ററുകൾ

279(4289) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് വകുപ്പിന് കീഴിൽ എത്ര കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത സെന്ററുകളിൽനിന്ന് ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം സേവനങ്ങളാണ് നൽകുന്നതെന്നും സെന്റർ തിരിച്ച് വിവരം ലഭ്യമാക്കാമോ?

നിലവിൽ വകുപ്പിന് കീഴിൽ ആറ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നു.

| ജില്ല | സെന്ററുകൾ |
|---|---|
| തിരുവനന്തപുരം | പാലോട്, നെയ്യാറ്റിൻകര |
| ആലപ്പുഴ | കായംകുളം |
| എറണാകുളം | തൃപ്പൂണിത്തുറ |
| പാലക്കാട് | ചിറ്റൂർ |
| കോഴിക്കോട് | പേരാമ്പ്ര |

*അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ അറിവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനായി ആധുനിക സാങ്കേതിക വിദ്യയും നവീന കരിയർ ഡെവലപ്‌മെന്റ് ആശയങ്ങളും സമന്വയിപ്പിച്ച് ഔപചാരിക പരിഹാരം നൽകുന്ന കേന്ദ്രമാണ് കരിയർ ഡെവലപ്‌മെന്റ് സെന്ററുകൾ. വ്യക്തിഗത മാർഗ്ഗനിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിംഗ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസ്സുകൾ, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മോക്ക് ഇന്റർവ്യൂ, മത്സരപ്പരീക്ഷാ പരിശീലനങ്ങൾ എന്നിവ കരിയർ ഡെവലപ്‌മെന്റ് സെന്ററുകൾ വഴി ലഭിക്കുന്നു. ആയത് കൂടാതെ കോഴിക്കോട് പേരാമ്പ്ര കരിയർ ഡെവലപ്‌മെന്റ് സെന്റർ മുഖേന ബിരുദ വിദ്യാർത്ഥികൾക്ക് രാജ്യത്തെ മികവിന്റെ കേന്ദ്രങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനായി " ധനുസ്സ്" എന്ന പേരിൽ ഒരു സമഗ്ര പരിശീലന പദ്ധതിയും കൊളീജിയറ്റ് വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.

(ബി) കഴിഞ്ഞ അഞ്ചുവർഷം എത്ര ഉദ്യോഗാർത്ഥികൾക്ക് ദേശീയപ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങളുടേയും കോഴ്സുകളുടെയും വിവരം സെന്റർ തിരിച്ച് ലഭ്യമാക്കാമോ?

കഴിഞ്ഞ അഞ്ചുവർഷം സി.ഡി.സി.-കൾ മുഖേന ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിച്ച ഉദ്യോർത്ഥികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കോഴിക്കോട് മേഖലയിലെ സി.ഡി.സി.-ക്ക് വയനാട് ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുമോയെന്ന് അറിയിക്കാമോ?

വയനാട് ജില്ലയിലെ ഉദ്യോഗാർത്ഥിക്ക് കോഴിക്കോട് മേഖലയിലെ കരിയർ ഡെവലപ്‌മെന്റ് സെന്റർവഴി ഉന്നതവിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി നിലവിൽ പദ്ധതികളൊന്നുമില്ല; എന്നാൽ വയനാട് ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് കോഴിക്കോട് മേഖലയിലെ കരിയർ ഡെവലപ്‌മെന്റ് സെന്റർവഴി കരിയർ സേവനങ്ങൾ ലഭിക്കുന്നതിന് തടസ്സമില്ല.

(ഡി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്കുവേണ്ടി സുൽത്താൻബത്തേരി കേന്ദ്രീകരിച്ച് സി.ഡി.സി. സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് വേണ്ടി സുൽത്താൻ ബത്തേരി കേന്ദ്രീകരിച്ച് കരിയർ ഡെവലപ്‌മെന്റ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി നിലവിൽ പദ്ധതികളൊന്നും തന്നെയില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ചവറ ഐ.ഐ.ഐ.സി.**

280(4290) ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണമേഖലയിൽ രാജ്യാന്തര നിലവാരത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ചവറയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷന്റെ പ്രവർത്തനം പ്രതിസന്ധിയിലായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനമോ നിയമനമോ ഉറപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(എ&ബി) കോവിഡ്കാല പ്രതിസന്ധി ലോകത്തെ വിദ്യാഭ്യാസ മേഖലയെ ആകെ ബാധിച്ച അവസരത്തിൽ ഐ.ഐ.ഐ.സി.-യെയും വളരെ സാരമായി തന്നെ ബാധിച്ചു. 2019-2020 കാലഘട്ടങ്ങളിൽ പഠിച്ചിറങ്ങിയ വിദ്യാർത്ഥികളുടെ ജോലി ഉറപ്പാക്കാൻ ബുദ്ധിമുട്ടുകൾ നേരിട്ടു. 2020 മാർച്ച് മുതലുള്ള പതിനഞ്ച് മാസങ്ങളിൽ ആകെ നാല് മാസമാണ് സ്ഥാപനത്തിന് തുറന്നുപ്രവർത്തിക്കാൻ സാധിച്ചത്. പ്രായോഗിക പരിശീലന ക്ലാസ്സുകളും തൊഴിലിടങ്ങളിൽ നിന്നുള്ള നേരിട്ടുള്ള പരിശീലനവുമായിരുന്നു ഐ.ഐ.ഐ.സി.-യെ മറ്റു സ്ഥാപനങ്ങളിൽനിന്ന് വ്യത്യാസപ്പെടുത്തുന്നത്. ഈ ഘട്ടത്തിലും ഓൺലൈൻ പഠന പരിപാടികളിലൂടെ തിയറി ക്ലാസ്സുകളും നിർമ്മാണ തൊഴിലിടങ്ങൾ ഉപയോഗപ്പെടുത്തി പ്രായോഗിക പരിശീലനങ്ങളും പൂർത്തിയാക്കാൻ സാധിച്ചു.

(സി) പ്രസ്തുത സ്ഥാപനത്തെ സർക്കാർ ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) ഒരു മികവിന്റെ കേന്ദ്രമാണ് IIIC. അന്താരാഷ്ട്ര സ്ഥാപനങ്ങളും വ്യാവസായിക കൂട്ടായ്മകളും വിദഗ്ദ്ധരുമായി ചേർന്ന് നൈപുണ്യ വികസനത്തിനും തൊഴിൽ സാദ്ധ്യതയ്ക്കുമായി ദീർഘകാലം നിലനിൽക്കുന്ന ബന്ധം സ്ഥാപിക്കുക എന്നതാണ് മികവിന്റെ കേന്ദ്രങ്ങളിലൂടെ ലക്ഷ്യമാക്കുന്നത്. ഇത്തരം മാതൃകകളിലെല്ലാംതന്നെ ഇതിനാവശ്യമായ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ

KASE നൽകുകയാണ് ചെയ്യുന്നത്. എന്നാൽ പരിശീലനം, സർട്ടിഫിക്കേഷൻ, വിദേശ രാജ്യങ്ങളിൽ ഉൾപ്പെടെയുള്ള നിയമനം എന്നിവ വ്യാവസായിക പങ്കാളികളുടെ ചുമതലയാണ്. ആയതിനാൽ KASE-ന്റെ മികവിന്റെ കേന്ദ്രങ്ങൾ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പിലൂടെയാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥാപനത്തെ സർക്കാർ ഏറ്റെടുക്കേണ്ട സാഹചര്യം നിലവിലില്ല.

**അഗ്രോ മെഷിനറി പവർ എഞ്ചിനീയറിംഗ് കോഴ്സ്**

281(4291) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്ക് ആവശ്യമായ ഉപകരണങ്ങളെക്കുറിച്ച് പഠിപ്പിക്കുന്ന എൻ.എസ്.ക്യൂ.എഫ്. കോഴ്സായ അഗ്രോ മെഷിനറി പവർ എഞ്ചിനീയറിംഗ് (മെക്കാനിക്കൽ സർവ്വീസസ് അഗ്രോമെഷിനറി) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത കോഴ്സ് കൂടുതൽ സ്കൂളുകളിൽ അനുവദിക്കാൻ തയ്യാറാകുമോ?

3 സ്കൂളുകളിൽ അനുവദിച്ചിട്ടുണ്ട്. കൂടുതൽ സ്കൂളുകളിൽ അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) കാറ്റഗറി നമ്പർ 153/2014 മെക്കാനിക്കൽ സർവീസിംഗ് അഗ്രോമെഷിനറി എന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഒരു ഉദ്യോഗാർത്ഥിക്കുപോലും നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(സി) മെക്കാനിക്കൽ സർവീസിംഗ് അഗ്രോമെഷീനറി കോഴ്സ് പുതിയതായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

**ആരോഗ്യ കാരണങ്ങളാലുള്ള ട്രാൻസ്ഫർ**

282(4292) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷം എംപ്ലോയ്മെന്റ് വകുപ്പിൽ പൊതുമാനദണ്ഡങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി എത്ര ഉദ്യോഗസ്ഥർക്ക് ആരോഗ്യ കാരണങ്ങളാൽ ട്രാൻസ്ഫർ നൽകിയിട്ടുണ്ട്; പ്രസ്തുത ഉദ്യോഗസ്ഥരുടെ പേര് വിവരം വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം വ്യവസ്ഥകളും ഉത്തരവുകളും അനുസരിച്ചാണ് പ്രസ്തുത ട്രാൻസ്ഫറുകൾ നൽകിയിട്ടുള്ളത്?

(എ&ബി) എംപ്ലോയ്മെന്റ് വകുപ്പിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ പൊതു മാനദണ്ഡങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടില്ല.

(സി) മെഡിക്കൽ ഗ്രൗണ്ടിൽ ട്രാൻസ്ഫർ നൽകുവാനുള്ള അധികാരം ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത്; വ്യക്തമാക്കാമോ; മേൽപ്പറഞ്ഞ കാലയളവിൽ നൽകിയിട്ടുള്ള ട്രാൻസ്ഫറുകൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പുനഃപരിശോധിക്കാമോ എന്നും ആയതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

അതത് തസ്തികകളുടെ നിയമനാധികാരികൾക്കാണ് സ്ഥലംമാറ്റം അനുവദിക്കാനുള്ള അധികാരം നിക്ഷിപ്തമായിട്ടുള്ളത്. എംപ്ലോയ്മെന്റ് ജോയിന്റ് ഡയറക്ടർ മുതൽ ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ വരെയുള്ള തസ്തികകളിൽ സർക്കാരും എംപ്ലോയ്മെന്റ് ഓഫീസർ മുതൽ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ വരെയുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് ഡയറക്ടറും ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികയിൽ എംപ്ലോയ്മെന്റ് ജോയിന്റ് ഡയറക്ടറുമാണ് നിയമനാധികാരികൾ. ബാക്കിയുള്ള മറ്റെല്ലാ തസ്തികകളിലും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറാണ് നിയമനാധികാരി. വകുപ്പിൽ പൊതു മാനദണ്ഡങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടില്ല.

## തോട്ടട ഇ.എസ്.ഐ. ആശുപത്രി

283(4293) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ നിയോജകമണ്ഡലത്തിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്ന നിരവധി രോഗികൾ ഇവിടെ ഡയാലിസിസ് യൂണിറ്റ് ഇല്ലാത്തതിനാൽ പുറത്തുപോയി ഡയാലിസിസ് ചെയ്യേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ ഇത്തരം രോഗികൾക്ക് പ്രയോജനപ്പെടുംവിധം പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

തോട്ടട ഇ.എസ്.ഐ. ആശുപത്രിയിൽ നിന്ന് ഒരു മാസം ശരാശരി 3 രോഗികൾക്ക് മാത്രമാണ് ഡയാലിസിസ് വേണ്ടിവരുന്നത്. പരിരക്ഷിത വ്യക്തികൾക്ക് ക്യാഷ്ലെസ്സായി സൂപ്പർസ്പെഷ്യാലിറ്റി സേവനങ്ങൾ ലഭിക്കുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷൻ എംപാനൽ ചെയ്തിരിക്കുന്ന കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിലേയ്ക്ക് ഡയാലിസിസ് രോഗികൾക്ക് മാസത്തിൽ

ഒറ്റത്തവണയായി റഫറൻസ് നൽകുന്നുണ്ട്. നിലവിൽ കാർഡിയോളജി, നെഫ്രോളജി, ഓങ്കോളജി, ന്യൂറോളജി യൂണിറ്റുകൾ ഉൾപ്പെടുത്തി തോട്ടട ഇ.എസ്.ഐ. ആശുപത്രിയെ സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

## മാനന്തവാടി ഇ.എസ്.ഐ. ഡിസ്പെൻസറി

284(4294) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാനന്തവാടിയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അത് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ?

മാനന്തവാടിയിൽ ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ 15-9-2017-ലെ സ.ഉ(കൈ) നം.75/2017/തൊഴിൽ പ്രകാരം അനുമതി നൽകുകയും ആയതിന്റെ പ്രവർത്തനത്തിനാവശ്യമായ 9 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ വാടക കെട്ടിടം കണ്ടെത്തി ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കെട്ടിടം കണ്ടെത്തുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷൻ ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നു. ഇക്കാര്യത്തിൽ CPP Portal വഴി 18-12-2020-ന് ക്ഷണിച്ച അഞ്ചാമത്തെ റീ ടെണ്ടറിൽ ആരുംതന്നെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ അനുയോജ്യമായ വാടക കെട്ടിടം കണ്ടെത്താനായിട്ടില്ല.

## കക്കയം ഹൈഡൽ പ്രോജക്ടിനുവേണ്ടി ഭൂമി പോക്കുവരവ് നടത്തുന്നത്

285(4295) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം കെ. എസ്. ഇ. ബി. എൽ. ഹൈഡൽ പ്രോജക്ടിനുവേണ്ടി അക്വയർ ചെയ്ത നമ്പർ 3/66 പ്രകാരമുള്ള ഭൂമി പോക്കുവരവ് നടത്തി റവന്യൂ രേഖകളിൽ മാറ്റംവരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമിയുടെ പോക്കുവരവ് നടത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. റവന്യൂ വകുപ്പിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് അറിയിക്കാമോ?

(എ&ബി) കക്കയം കെ.എസ്.ഇ.ബി.എൽ. ഹൈഡൽ പ്രോജക്ടിനുവേണ്ടി അക്വയർ ചെയ്ത നമ്പർ 3/66 പ്രകാരമുള്ള ഭൂമി പോക്കുവരവ് ചെയ്യുന്നതിന് കെ.എസ്.ഇ.ബി.എൽ. എക്സിക്യൂട്ടീവ് എഞ്ചിനീയർ 04/08/2021-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി പോക്കുവരവ് നടത്തി കുടിശ്ശിക സഹിതം നികുതി സ്വീകരിക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ഭൂമി പോക്കുവരവ് നടത്തി റവന്യൂ രേഖകളിൽ മാറ്റം വരുത്താത്തതിനാൽ കക്കയത്ത് കെ.എസ്.ഇ.ബി.എൽ. ഭൂമിയിൽ പ്രവർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രം നവീകരിക്കാൻ കഴിയാത്തത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണം**

286(4296) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൻപ്രകാരം നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്. 17-9-2020-ലെ സ.ഉ(ആർ.റ്റി) നമ്പർ 2898/2020/റവ പ്രകാരം എറണാകുളം ജില്ലയിൽ കറുകുറ്റി അങ്കമാലി വില്ലേജുകളിൽ ഉൾപ്പെട്ട 749.71 ആർ സ്ഥലം അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തിനായുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും RFCTLARR Act 2013 പ്രകാരം പൊന്നുംവില ഓഫീസറായി എറണാകുളം കിഫ്ബി സ്പെഷ്യൽ തഹസീൽദാരെ നിയമിച്ചിട്ടുള്ളതാണ്. പ്രസ്തുത ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായിട്ടുള്ള 4(1) വിജ്ഞാപനം 2-8-2021-ലെ സ.ഉ (അച്ചടി) 105/2021/റവ (3-8-2021-ലെ അസാധാരണ ഗസറ്റ് നമ്പർ 2298) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത ബൈപ്പാസിന്റെ അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

(സി) ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കുന്നതിനായി കണ്ടിൻജൻസി ചാർജായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ടിൻജൻസി ചാർജിനത്തിൽ 50 ലക്ഷം രൂപ വർക്ക് ഡെപ്പോസിറ്റിൽ നിക്ഷേപിച്ചിട്ടുള്ളതാണ്.

(ഡി) ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 4(1) വിജ്ഞാപനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായിട്ടുള്ള 4(1) വിജ്ഞാപനം 2-8-2021-ലെ സ.ഉ. (അച്ചടി) 105/2021/റവ (3-8-2021-ലെ അസാധാരണ ഗസറ്റ് നമ്പർ 2298) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

(ഇ) ബൈപ്പാസിനായി ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിന് ഇനി എന്തെല്ലാം നടപടികൾ ഉണ്ടെന്നും ഇതിനായി എത്ര കാലതാമസം ഉണ്ടാകുമെന്നും വിശദമാക്കാമോ;

(എഫ്) ഭൂമി ഏറ്റെടുക്കൽ വേഗത്തിൽ പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

(ഇ&എഫ്) RFCTLARR Act 2013 പ്രകാരം സാമൂഹ്യാഘാത വിലയിരുത്തൽ പഠനം, പ്രാഥമിക വിജ്ഞാപനം, സർവ്വേ നടപടികൾ, ഡ്രാഫ്റ്റ് ഡിക്ലറേഷൻ, ബേസിക് വാല്യൂവേഷൻ റിപ്പോർട്ട് തയ്യാറാക്കൽ, നിയമപ്രകാരമുള്ള ഉടമസ്ഥാവകാശം തീരുമാനിക്കൽ, നഷ്ടപരിഹാരത്തുക ലഭ്യമാക്കുക, ഭൂമി ഏറ്റെടുക്കുക മുതലായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുള്ളതാണ്. നിയമാനുസൃതമായി അനുവദനീയമായ ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ പൊന്നുംവില നടപടികൾ പൂർത്തിയാക്കുന്നതാണ്.

**ഭൂമിയുടെ തരംമാറ്റം**

287(4297) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുപത്തിയഞ്ച് സെന്റ് വരെയുള്ള പാടമോ വയലോ ഫീസ് സൗജന്യത്തോടെ പുരയിടമോ പറമ്പോ ആക്കി മാറ്റുന്നതിനുള്ള എത്ര ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്; ഏതെല്ലാമെന്ന് അറിയിക്കാമോ; അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

25-2-2021-ലെ സ.ഉ(സാധാ) നമ്പർ1166/2021/റവ ഉത്തരവ് ആണ് പുറപ്പെടുവിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്ത് 21-4-2021-ലെ SRO 369/2021 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. തുടർന്ന് SRO 369/2021-ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി റവന്യൂ ഡിവിഷണൽ ആഫീസർമാർ സ്പഷ്ടീകരണം ആവശ്യപ്പെടുകയും ആയത് പ്രകാരം സ്പഷ്ടീകരണങ്ങൾ നല്കികൊണ്ട് 23-7-2021-ലെ റവ.പി1/117/2021-റവ സർക്കുലർ പുറപ്പെടുവിച്ചിട്ടുമുണ്ട്. 25-2-2021-ലെ സ.ഉ(സാധാ)നമ്പർ1166/2021/റവ ഉത്തരവ്, 21-4-2021-ലെ SRO 369/2021, 23-7-2021-ലെ റവ-പി1/117/2021-റവ സർക്കുലർ എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇത് സംബന്ധിച്ച ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് നാളിതുവരെ ഇരുപത്തിയഞ്ച് സെന്റ് വരെയുള്ള പാടമോ വയലോ ഫീസ് സൗജന്യത്തോടെ പുരയിടമാക്കി മാറ്റുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) ഇപ്രകാരം ലഭിച്ച എത്ര അപേക്ഷകളിൽ ഇരുപത്തിയഞ്ച് സെന്റ് വരെയുള്ള പാടമോ വയലോ ഫീസ് സൗജന്യം നൽകി തീർപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഇത് ആകെ എത്ര ഏക്കർ പാടമോ വയലോ ആയ ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ?

567 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. ആകെ വിസ്തീർണ്ണത്തിന്റെ വിവരം പൂർണ്ണമായി ലഭ്യമായിട്ടില്ല.

(ഡി) ഈ ഉത്തരവുകളുടെ മറവിൽ അനധികൃതമായി പാടമോ വയലോ തരംമാറ്റിയത് സംബന്ധിച്ച് നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് പറയാമോ?

പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഇ) ഈ വിഷയത്തിൽ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഇറക്കിയ സർക്കുലറുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

സ.ഉ(സാധാ)നമ്പർ 1166/2021/റവ ഉത്തരവ്, 21-4-2021-ലെ SRO 369/2021, 23-7-2021-ലെ റവ-പി1/117/2021-റവ സർക്കുലർ എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ഭൂമിയുടെ ന്യായവില നിർണ്ണയിച്ചതിലെ അപാകതകൾ**

288(4298) <u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില നിർണ്ണയിച്ചതിലെ അപാകത കാരണം പൊതുജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ട്.

(ബി) എങ്കിൽ അപാകതകൾ പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില സമഗ്രമായി പുനഃനിർണ്ണയിക്കുമെന്ന 2018-ലെ ബജറ്റിലെ പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ?

---

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. 14-8-2018-ലെ സ.ഉ(കൈ) നമ്പർ 302/18/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തൊട്ടാകെ ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കുന്നതിന് അനുമതി നൽകിയും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

(സി) ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

14-8-2018-ലെ സ.ഉ(കൈ) നമ്പർ 302/18/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തൊട്ടാകെ ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കുന്നതിന് അനുമതി നൽകിയും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും സർക്കാർ ഉത്തരവായിട്ടുള്ളതാണ്. സംസ്ഥാനത്തൊട്ടാകെ പുനർനിർണ്ണയ ജോലികൾ ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഓരോ താലൂക്കിലെയും നാലിൽ ഒന്ന് വില്ലേജുകളിൽ വീതം ഘട്ടംഘട്ടമായി ന്യായവില നിർണ്ണയിക്കേണ്ടതാണെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചിട്ടുള്ളതും ന്യായവില പുനർനിർണ്ണയിക്കുന്നതിന് ആവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിലെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ ശിപാർശ സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ഡി) പരിഷ്കരിച്ച ഭൂമിയുടെ ന്യായവില എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

14-8-2018-ലെ സ.ഉ(കൈ) നമ്പർ 302/18/റവ നമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച രീതിയിൽ സംസ്ഥാനത്തൊട്ടാകെ ഭൂമിയുടെ ന്യായവില പുനർനിർണ്ണയ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് പരിഷ്കരിച്ച ഭൂമിയുടെ ന്യായവില നടപ്പാക്കുന്നതാണ്.

**കുണ്ടറ മണ്ഡലത്തിലെ സാന്ത്വന സ്പർശം അദാലത്ത്**

289(4299) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന സാന്ത്വന സ്പർശം അദാലത്തിലേയ്ക്ക് കുണ്ടറ നിയോജകമണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അതിൽ എത്രയെണ്ണത്തിനാണ് തീർപ്പ് കൽപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന സാന്ത്വന സ്പർശം അദാലത്തിലേയ്ക്ക് കൊല്ലം ജില്ലയിൽ ആകെ 10504 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും അവയിൽ 8445 എണ്ണം തീർപ്പാക്കിയിട്ടുള്ളതുമാണ്. 2059 കേസുകളിൽ നടപടി സ്വീകരിച്ചു വരുന്നു. നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

**ഇ-സർട്ടിഫിക്കറ്റ്**

290(4300) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിക്കുന്ന ഇ-സർട്ടിഫിക്കറ്റുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സർട്ടിഫിക്കറ്റുകളും അവ അനുവദിക്കുന്നതിനുള്ള സമയപരിധിയും വ്യക്തമാക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അവ ഓരോന്നും അനുവദിക്കുന്നതിനുള്ള സമയപരിധി എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർട്ടിഫിക്കറ്റുകളും അവ അനുവദിക്കുന്നതിനുള്ള സമയപരിധിയും വ്യക്തമാക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ദേശീയ കുടുംബക്ഷേമ പദ്ധതി**

291(4301) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ ഏകവരുമാനദായകൻ മരണപ്പെട്ടാൽ ആശ്രിതർക്ക് ദേശീയകുടുംബക്ഷേമ പദ്ധതി പ്രകാരം എത്ര രൂപയാണ് നൽകുന്നത്?

ഇരുപതിനായിരം രൂപ.

(ബി) ഇതിനായി അപേക്ഷ സമർപ്പിക്കേണ്ട വിധം, അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മുഖ്യ വരുമാനക്കാരൻ മരണപ്പെട്ട തീയതിക്ക് ശേഷം രണ്ട് മാസത്തിനുള്ളിൽ നിർദ്ദിഷ്ട ഫോറത്തിൽ ബന്ധപ്പെട്ട തഹസീൽദാർക്ക് അപേക്ഷ സമർപ്പിക്കണം.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർദ്ദിഷ്ട സമയപരിധിയായ രണ്ട് മാസത്തിനുശേഷവും മരണതീയതിക്ക് ശേഷം ഒരു വർഷത്തിനും ഇടയിലുള്ള കാലയളവിൽ സമർപ്പിക്കുന്ന അപേക്ഷകൾ, കാലതാമസം സംബന്ധിച്ച് സമർപ്പിക്കുന്ന മാപ്പപേക്ഷയുടെ നിജസ്ഥിതി ജില്ലാ കളക്ടർ പരിശോധിച്ച് പരിഗണിക്കുന്നതിന് ഉത്തരവ് നൽകുന്നതാണ്. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ താഴെപ്പറയുന്നവയാണ്;

1. കുടുംബം ബി.പി.എൽ. ആണെന്ന് തെളിയിക്കുന്ന രേഖ.
2. മരണ സർട്ടിഫിക്കറ്റ്( സാക്ഷ്യപ്പെടുത്തിയ പകർപ്പ്)
3. പരേതന്റെ തിരിച്ചറിയൽ രേഖ
4. പരേതന്റെ വയസ്സ് തെളിയിക്കുന്ന രേഖ (പ്രായം 18-നും 59-നും ഇടയിൽ)
5. അപേക്ഷകന്റെ തിരിച്ചറിയൽ രേഖ
6. അപേക്ഷകനും കുടുംബവും കഴിഞ്ഞ മൂന്ന് വർഷമായി ജില്ലയിൽ സ്ഥിരതാമസക്കാരാണെന്ന് തെളിയിക്കുന്ന രേഖ
7. റേഷൻ കാർഡിന്റെ പകർപ്പ്
8. ആധാർ കാർഡിന്റെ പകർപ്പ്
9. അപേക്ഷകന്റെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, അപേക്ഷയും രേഖകളും, രണ്ട് സെറ്റ് വീതം സമർപ്പിക്കണം.

(സി) കൊയിലാണ്ടി താലൂക്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ഈ സഹായത്തിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

352 അപേക്ഷകൾ ലഭിച്ചു. കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകാത്തതിനാൽ ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) ഈ പദ്ധതി പ്രകാരം സഹായം നൽകുന്നത് കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ചാണോ; ഫണ്ടിന്റെ ലഭ്യതക്കുറവ്, ധനസഹായം കുടിശ്ശികയാകുന്നതിന് കാരണമാകുന്നുണ്ടോ; വ്യക്തമാക്കാമോ?

അതെ. 2016 വർഷം മുതൽ പാസ്സാക്കിയ അപേക്ഷകളിൽ ഫണ്ട് ലഭ്യമാകാത്തതിനാൽ ധനസഹായം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

## ഭൂമി കയ്യേറ്റം

292(4302) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയ്യേറ്റക്കാരിൽ നിന്ന് ഭൂമി ഒഴിപ്പിച്ചെടുക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ?

സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ഉം 1958-ലെ അനുബന്ധ ചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-9-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3778/2018/റവ പ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ച് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയർ സ്ഥലപരിശോധനകൾ നടത്തി കയ്യേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതും കയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായിതന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ടി സർക്കാർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിലേയ്ക്കായി ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർനടപടികൾ സ്വീകരിച്ചു വരുന്നു. 8-11-2008-ന് ശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമ പ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കയ്യേറ്റ കേസുകളിന്മേൽ ഉണ്ടാകുന്ന അപ്പീൽ/റിവിഷൻ ഹർജികളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഒഴികെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനം വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കയ്യേറ്റം കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരം ലഭ്യമായിട്ടുള്ളതാണ്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കയ്യേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കയ്യേറ്റം ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട

ഉദ്യോഗസ്ഥന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറി വരുന്നു. കേരള ഭൂസംരക്ഷണ നിയമം പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തരവും ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറിവരുന്നു.

(ബി) ഹൈക്കോടതിയിൽ നടക്കുന്ന മിച്ചഭൂമി കേസുകളിൽ തീർപ്പുണ്ടാക്കുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ച നിയമാനുസൃത നടപടികൾ അറിയിക്കുമോ; ഈ കേസുകളുടെ വിശദാംശങ്ങൾ നൽകാമോ?

കേരള ഭൂപരിഷ്കരണ നിയമവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളുടെ വിവരം, ജില്ലകളിൽ നിന്നും ലഭിച്ചു വരുന്ന ആനുകാലികങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഫയൽ ചെയ്ത 56 കേസുകളും, കക്ഷികൾ ഫയൽ ചെയ്ത 216 കേസുകളും ഉള്ളതായി കാണുന്നു. സർക്കാർ ഫയൽ ചെയ്ത കേസുകളിൽ അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശ പ്രകാരം യഥാസമയം അഫിഡവിറ്റ് ഫയൽ ചെയ്യുന്നുണ്ട്. സ്റ്റേറ്റ് എതിർ കക്ഷിയായ കേസുകളിൽ Counter Affidavit ഫയൽ ചെയ്യുന്നതിന് അതത് കാര്യാലയങ്ങൾക്ക് നിർദ്ദേശം നൽകി വരുന്നുണ്ട്. Statement of Facts നൽകേണ്ട കേസുകളിൽ യഥാസമയം നൽകുന്നുണ്ട്. മേൽപ്പറഞ്ഞ കേസുകളിൽ സർക്കാരിനെതിരെ വിധി വരുന്ന കേസുകളിൽ മേൽ കോടതിയിൽ സർക്കാർ അപ്പീൽ ഫയൽ ചെയ്യുന്നതിന് നടപടി എടുക്കുന്നുണ്ട്. ബഹു. ഹൈക്കോടതിയുടെ website-ൽ case status നിരീക്ഷിക്കുകയും ദീർഘകാലമായി വിചാരണയ്ക്കെടുക്കാത്ത കേസുകളിൽ അടിയന്തരമായി തുടർ നടപടി സ്വീകരിക്കുന്നതിനുവേണ്ടി അഡ്വക്കേറ്റ് ജനറലിന് കത്ത് നൽകി വരികയും ചെയ്യുന്നു.

(സി) കയ്യേറ്റങ്ങൾക്ക് കൂട്ട് നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും കയ്യേറ്റങ്ങൾ തടയുന്നതിൽ ജാഗ്രതക്കുറവ് കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കയ്യേറ്റങ്ങൾക്ക് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും കയ്യേറ്റങ്ങൾ തടയുന്നതിൽ ജാഗ്രതക്കുറവ് കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെയും ശ്രദ്ധയിൽപ്പെട്ട കേസുകളിന്മേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) കഴിഞ്ഞ സർക്കാർ എസ്ചീറ്റ് ആയ ഭൂമി ഏറ്റെടുത്തതിന്റെ വിവരങ്ങൾ അറിയിക്കുമോ?

കഴിഞ്ഞ സർക്കാർ എസ്ചീറ്റ് ആയ ഭൂമി ഏറ്റെടുത്തതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സംസ്ഥാനത്തെ ഭൂരഹിതർ

293(4303) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഭൂരഹിതരുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഭൂരഹിതർക്കും ഭവനരഹിതർക്കും വീട് നൽകുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ സർവ്വെ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ഭൂരഹിതരുടെ കണക്ക് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ഭൂരഹിതരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 55379 |
| 2 | കൊല്ലം | 37965 |
| 3 | പത്തനംതിട്ട | 7881 |
| 4 | ആലപ്പുഴ | 19604 |
| 5 | കോട്ടയം | 16475 |
| 6 | ഇടുക്കി | 21814 |
| 7 | എറണാകുളം | 37961 |
| 8 | തൃശ്ശൂർ | 35695 |
| 9 | പാലക്കാട് | 36894 |
| 10 | മലപ്പുറം | 24872 |
| 11 | കോഴിക്കോട് | 17553 |
| 12 | വയനാട് | 7759 |
| 13 | കണ്ണൂർ | 8856 |
| 14 | കാസർഗോഡ് | 12387 |
| | ആകെ | 341095 |

(ബി) മിച്ചഭൂമി, വനം എന്നിവയുമായി ബന്ധപ്പെട്ട കേസുകളിൽ കുടിയൊഴിപ്പിക്കപ്പെടുന്ന കർഷകർക്ക് വാസസ്ഥലത്തിനായി മിനിമം ഭൂമി അനുവദിച്ച് നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ പ്രത്യേക പദ്ധതികൾ ഒന്നുമില്ല.

**വിനോദ നഗർ ഭൂദാന കോളനിവാസികൾക്ക് പട്ടയം**

294(4304) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട അയ്യല്ലൂർ വിനോദനഗർ ഭൂദാന കോളനിയിലുള്ള കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കിയിട്ടുണ്ടോ?

ഇരിട്ടി താലൂക്ക് കൊളാരി അംശം അയലൂർ ദേശം റിസ 35-ൽ വിനോദ നഗർ കോളനിയിലെ 37 കുടുംബങ്ങൾക്ക് ഭൂദാൻ പതിച്ചു നൽകൽ ചട്ടങ്ങൾ 1962 പ്രകാരം 37 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്.

(ബി) അൻപതോളം കുടുംബങ്ങൾ താമസിക്കുന്ന പ്രസ്തുത കോളനി നിവാസികൾക്ക്, ബാങ്ക് വായ്പ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇത്തരത്തിൽ സിദ്ധിച്ച ഭൂമി പരമ്പരാഗതമായി അനുഭവിക്കാവുന്നതും എന്നാൽ അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണ്. ബാങ്ക് വായ്പ നൽകാവുന്ന വിധത്തിൽ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

**പട്ടയം ലഭ്യമാക്കാൻ നടപടി**

295(4305) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-30 വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഭൂരഹിതർക്കായി നടപ്പിലാക്കിയ '4 സെന്റ് കോളനി പദ്ധതി' പ്രകാരം വസ്തു ലഭിച്ചവർക്ക് ഇപ്പോഴും പ്രസ്തുത ഭൂമി പരമ്പരാഗതമായി കൈമാറ്റം ചെയ്യാമെന്നല്ലാതെ പട്ടയം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവർക്ക് പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) നാല് സെന്റ് കോളനി പദ്ധതി പ്രകാരം വസ്തു ലഭിച്ചവരിൽ പട്ടയം ലഭിക്കാത്തവർക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട പഞ്ചായത്തിന്റെ അനുവാദപത്രികയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ 20-5-1997-ലെ ജി.ഒ (എം.എസ്.) 355/97/ആർ.ഡി, 30-6-2015-ലെ ജി.ഒ. (എം.എസ്) 289/2015/റവ എന്നീ ഉത്തരവുകളിൽ ലക്ഷം വീട് പദ്ധതി, മറ്റ് ഗ്രാമീണ ഭൂരഹിത തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരവും ഭൂമി അനുവദിക്കപ്പെട്ടവർ അന്യാധീനപ്പെടുത്തിക്കഴിഞ്ഞ സ്ഥലത്തിന്റെ നിലവിലുള്ള കൈവശക്കാർ അർഹരും, സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ടവരാണെങ്കിലും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ അംഗീകരിക്കുന്ന പക്ഷം പട്ടയം നൽകാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ആയവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ പഞ്ചായത്ത് വ്യക്തികളിൽ നിന്നും വിലയ്ക്ക് വാങ്ങി നാല് സെന്റ് കോളനിക്കായി നൽകിയ ഭൂമിയിൽ പല പഞ്ചായത്തുകളിലും ആവശ്യമായ രേഖകൾ ലഭ്യമല്ലാത്ത അവസ്ഥയുണ്ട്. ഇത്തരം ഭൂമികൾ സർക്കാരിൽ നിക്ഷിപ്തമാക്കി പട്ടയം നൽകുന്നതിന് സാധ്യമാണോ എന്ന വിഷയം പരിശോധിക്കുന്നതാണ്.

### മലയോര പട്ടയം നൽകുന്നതിന് നടപടി

296(4306) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വർഷങ്ങളായി കഴിഞ്ഞുവരുന്ന അർഹരായ മുഴുവൻ പേർക്കും മലയോര പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി തൃശ്ശൂർ ജില്ലയിൽ അർഹരായ മുഴുവൻ പേർക്കും മലയോര പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ 1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ച് വരുന്നവർക്ക് 1993 ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന സാങ്കേതിക തടസ്സങ്ങൾ നീക്കിക്കൊണ്ട് സ.ഉ(കൈ). 189/2019/ റവ. തീയതി 22-6-2019, സ.ഉ(കൈ). 90/2020/റവ. തീയതി 6-3-2020 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം നൽകിയ പ്രത്യേക അനുമതികളുടെ അടിസ്ഥാനത്തിലും പതിവ് നടപടികൾ തുടർന്നു വരുന്നു. കേന്ദ്രാനുമതി ലഭിച്ചവരിൽ 4920 അപേക്ഷകളിലായി 1419.7716 ഹെക്ടർ ഭൂമി ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാത്രം 1949 വനഭൂമി പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതും ആയതും ചാലക്കുടി താലൂക്കിൽ വിതരണം ചെയ്ത 7 പട്ടയങ്ങളും ഉൾപ്പടെ 956 പട്ടയങ്ങളാണ് കൃഷി ആവശ്യത്തിനായി പതിച്ചു കൊടുത്തിട്ടുള്ളത്.

ഇതിന് പുറമേ സംയുക്ത പരിശോധന കഴിഞ്ഞ് കേന്ദ്ര സർക്കാർ അംഗീകാരം ലഭിക്കാൻ ശേഷിക്കുന്ന വനഭൂമിക്ക് നിലവിലെ നിർദ്ദേശാനുസരണം Forest Conservation Act പ്രകാരം സംയുക്ത പരിശോധന ലിസ്റ്റ് പ്രകാരമുള്ള ഭൂമിയുടെ Site, Lay out plan, Total Station ഉപയോഗിച്ച് തയാറാക്കിയ Geo Reference Map എന്നിവ തയ്യാറാക്കി ജില്ലയ്ക്ക് വേണ്ടി www.forestclearance.nic.in എന്ന website വഴി അപേക്ഷിക്കുന്നതിനുള്ള ജി.പി.എസ് സർവ്വേ മറ്റ് അനുബന്ധ സാങ്കേതിക ജോലികൾ പുരോഗമിച്ചു വരുന്നു. ഇത്തരത്തിലുള്ള 2800-ൽ പരം ഫയലുകളിലെ (3300-ൽ പരം സ്കെച്ചുകൾ) സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് വരുന്നു. ആയത് പൂർത്തീകരിച്ച് കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമിയ്ക്കും പട്ടയം അനുവദിക്കുന്നതാണ്.

(ബി) എത്ര പേർക്കാണ് മലയോര പട്ടയം നൽകുന്നതിന് തയ്യാറായിട്ടുള്ളതെന്നും, എന്നത്തേക്ക് പട്ടയം വിതരണം ചെയ്യാൻ കഴിയുമെന്നും അറിയിക്കാമോ?

1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ചു വരുന്നവർക്ക് തൃശ്ശൂർ ജില്ലയിൽ കേന്ദ്ര സർക്കാർ അനുമതി ലഭിച്ചിട്ടുള്ള വനഭൂമിക്ക് 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം നാളിതുവരെ 4920 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. ശേഷിക്കുന്ന അപേക്ഷകളിൽ പതിവു നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയങ്ങൾ വിതരണം ചെയ്യാവുന്നതാണ്.

(സി) സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതി ലഭിച്ച് വിതരണത്തിന് തയ്യാറായിട്ടുള്ള അപേക്ഷകൾ എത്രയാണെന്നും സംയുക്ത പരിശോധന നടത്താൻ ഇനി എത്ര അപേക്ഷകൾ ഉണ്ടെന്നും കേന്ദ്രാനുമതി ലഭിക്കുന്നതിനായി നൽകിയിട്ടുള്ളത് എത്രയാണെന്നും വിശദമാക്കാമോ?

സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതി ലഭിച്ച് വിതരണത്തിന് തയ്യാറായിട്ടുള്ള 203 പട്ടയങ്ങൾ നിലവിലുണ്ട്. 1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ചുവരുന്നവരിൽ തൃശ്ശൂർ ജില്ലയിൽ സംയുക്ത പരിശോധന പൂർത്തിയാക്കി കേന്ദ്ര അനുമതിക്കായി (4119 കൈവശക്കാർ) 2005-ൽ സമർപ്പിച്ചിട്ടുള്ള ലിസ്റ്റുകൾ തുടർനടപടികൾ ഇല്ലെന്നും പ്രസ്തുത ഭൂമിയും കൂടി ഉൾപ്പെടുത്തി ഒറ്റ അപേക്ഷയാണ് ജില്ലയിൽനിന്നും സമർപ്പിക്കേണ്ടതെന്ന് വനംവകുപ്പിൽ നിന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ നിർദ്ദേശാനുസരണം ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം സംയുക്ത പരിശോധന ലിസ്റ്റ് പ്രകാരമുള്ള ഭൂമിയുടെ site, Lay Out plan, Total Station ഉപയോഗിച്ച് തയാറാക്കിയ Geo Reference Map എന്നിവ തയ്യാറാക്കി ജില്ലയ്ക്കുവേണ്ടി www.forestclearance.nic.in എന്ന website വഴി അപേക്ഷിക്കുന്നതിനുള്ള ജി.പി.എസ് സർവ്വെ, മറ്റു സാങ്കേതിക ജോലികൾ എന്നിവ പുരോഗമിച്ചു വരുന്നു. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമിക്കും പട്ടയം അനുവദിക്കാവുന്നതാണ്.

## ശ്രീ. മാത്യു പാനിപ്പരമ്പിൽ പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ

297(4307) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്ക് ചെമ്പ് വില്ലേജിൽ ശ്രീ. മാത്യു, പാനിപ്പരമ്പിൽ വീട് എന്ന വ്യക്തി, ടിയാൻ വർഷങ്ങളായി താമസിക്കുന്ന പുരയിടത്തിന്റെ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നോ; അപേക്ഷ സമർപ്പിച്ചെങ്കിൽ അതിന്റെ തീയതി വ്യക്തമാക്കുമോ?

3-3-2015-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) ശ്രീ. മാത്യുവിന്റെ അപേക്ഷയിന്മേൽ പഞ്ചായത്തിന്റെയും പി.ഡബ്ല്യു.ഡി-യുടേയും എൻ.ഒ.സി ലഭിച്ചിരുന്നോ എന്ന് അറിയിക്കുമോ; എൻ.ഒ.സി ലഭിച്ചിരുന്നെങ്കിൽ വീണ്ടും എൻ.ഒ.സി ആവശ്യപ്പെട്ടത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

ലഭിച്ചിട്ടില്ല.

(സി) ഒരിക്കൽ ലഭിച്ച എൻ.ഒ.സി വീണ്ടും ആവശ്യപ്പെടുന്നത് ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

(ഡി) പ്രസ്തുത വ്യക്തിയുടെ ഈ അപേക്ഷയിൻമേലുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കാമോ ?

ചെമ്പ് വില്ലേജിൽ സർവ്വേ 58/12/സി-യിൽപ്പെട്ട 0.47 ആർ വസ്തു പതിച്ച് നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ NOC ആവശ്യപ്പെട്ട് ചെമ്പ് പഞ്ചായത്ത്, പൊതുമരാമത്ത് വകുപ്പ് എന്നിവർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. പൊതുമരാമത്ത് വകുപ്പ് നിരത്തിൽ നിന്ന് 80 മീറ്റർ മാറി, ചെമ്പ് പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള വസ്തു ആയതിനാൽ NOC നൽകുന്നതിന് സാധിക്കുകയില്ല എന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്ന് മറുപടി ലഭ്യമായിട്ടില്ല.

### പട്ടയം ലഭിക്കേണ്ടവരുടെ അപേക്ഷകൾ

298(4308) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്കിൽ പട്ടയം ലഭിക്കേണ്ടവരുടെ എത്ര അപേക്ഷകൾ ഉണ്ടെന്ന വിവരം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

കുന്നംകുളം താലൂക്കിൽ മിച്ചഭൂമി പട്ടയത്തിന് ചിറമനങ്ങാട് വില്ലേജിൽ 209 അപേക്ഷകളും, LA പട്ടയത്തിന് 32 അപേക്ഷകളും ലഭ്യമായിട്ടുള്ളതാണ്. LA പട്ടയത്തിന്റെ വില്ലേജ് തിരിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

വെള്ളാറ്റഞ്ഞൂർ - 9, കരിക്കാട് -10, വേലൂർ - 1, ചിറനെല്ലൂർ -1, നെല്ലുവായ് - 4, കടങ്ങോട് - 7.

(ബി) 2016-2021 കാലയളവിൽ കുന്നംകുളം താലൂക്കിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തു എന്ന വിവരം വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

കുന്നംകുളം താലൂക്ക് രൂപീകൃതമായ 2018 മാർച്ച് 31 മുതൽ 1964 ലെ ചട്ടങ്ങൾ പ്രകാരം 12 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. വില്ലേജ് തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.

വെള്ളാറ്റഞ്ഞൂർ - 6, ചെമ്മത്തിട്ട - 1, പെരുമ്പിലാവ് - 4, വേലൂർ - 1.

1995-ലെ ഭൂമി പതിവ് ചട്ടപ്രകാരം 49 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വില്ലേജ് തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.

കുന്നംകുളം - 39, ചൊവ്വന്നൂർ -10.

(സി) പട്ടയം ലഭിക്കേണ്ടവരുടെ അപേക്ഷകളിൽ കാലതാമസം കൂടാതെ പട്ടയം ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പട്ടയവിതരണം കാര്യക്ഷമമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി സമയബന്ധിതമായ നടപടി സ്വീകരിച്ചു വരുന്നു. നിലവിൽ 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിവ് നിയമത്തിനുകീഴിലുള്ള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണ് പട്ടയം അനുവദിക്കുന്നത്. സർക്കാർ ഭൂമി പതിച്ചു നൽകുന്നതിന് ഭൂമി പതിവ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പട്ടയ അപേക്ഷകളിൽ കാലതാമസമില്ലാതെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നിർദേശം നൽകിയിട്ടുള്ളതാണ്. പട്ടയ അപേക്ഷകളിൽ നിയമാനുസൃതമായിട്ടുള്ളവയിൽ ഭൂമി പതിവ് നിയമപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് അർഹരായവർക്ക് എത്രയും വേഗം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടയം ലഭിക്കുന്നതിന് അപേക്ഷകൾ**

299(4309) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് പേരും മേൽവിലാസവും സഹിതം വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ?

കാട്ടാക്കട നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ പട്ടയം ലഭിയ്ക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ വില്ലേജ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വില്ലേജ് | പട്ടയത്തിനുള്ള അപേക്ഷകരുടെ എണ്ണം |
|---|---|---|
| 1. | കുളത്തുമ്മൽ | 51 |
| 2. | വിളപ്പിൽ | 61 |
| 3. | വിളവൂർക്കൽ | 24 |
| 4. | മലയിൻകീഴ് | 33 |
| 5. | മാറനല്ലൂർ | 71 |
| 6. | ആകെ | 240 |

പേരും മേൽ വിലാസവും വില്ലേജ് തിരിച്ച് അനുബന്ധമായി സമർപ്പിക്കുന്നു.*

**നേര്യമംഗലം എസ്.എൻ.ഡി.പി യോഗത്തിന്റെ കൈവശമുള്ള സ്ഥലം**

300(4310) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലം വില്ലേജിൽ സർവ്വെ നമ്പർ 1329/3, 1393/2, 1130/1 എന്നീ നമ്പറുകളിൽപെട്ട 25 സെന്റ് സ്ഥലം നേര്യമംഗലം എസ്.എൻ.ഡി.പി യോഗത്തിന്റെ കൈവശം ഇരിക്കുന്നതാണെന്നും ആയത് പതിച്ച് കിട്ടണമെന്നും ആവശ്യപ്പെട്ട് എസ്.എൻ.ഡി.പി നേര്യമംഗലം പ്രസിഡന്റ് നല്കിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എറണാകുളം കളക്ടറേറ്റിൽ നിന്നും DCEEKM/4330/2020 - L2 എന്ന നമ്പറിൽ ഉള്ള ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

SNDP ശാഖ സെക്രട്ടറി എറണാകുളം കളക്ടറേറ്റിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിശോധിച്ച് ഉചിതമായ തീരുമാനമെടുത്ത് അപേക്ഷകനെ അറിയിക്കുവാൻ 21-4-2021-ലെ 52/എ 3/2020/റവ നമ്പർ സർക്കാർ കത്ത് പ്രകാരം ജില്ലാ കളക്ടറോട് നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ എറണാകുളം ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം

301(4311) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിലേജ് ഓഫീസുകളിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി സീകരിക്കുമോ?

പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുമോ എന്നറിയിക്കാമോ?

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതായിരിക്കും.

## പട്ടയം, കൈവശരേഖ വിതരണം

302(4312) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷം മുതൽ നാളിതുവരെ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം, കൈവശരേഖ എന്നിവ നൽകിയെന്ന് പട്ടിക തിരിച്ച് വിശദമാക്കാമോ?

32 പേർക്ക് പട്ടയവും 2 പേർക്ക് കൈവശരേഖയും നൽകിയിട്ടുണ്ട്. ടിയാളുകളുടെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) മണ്ഡലത്തിൽ പട്ടയം, കൈവശരേഖ എന്നിവയ്ക്കായി എത്ര അപേക്ഷകൾ തീർപ്പ് കൽപ്പിക്കാനുണ്ട് എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

പട്ടയത്തിനായി 58 അപേക്ഷകളും, കൈവശരേഖയ്ക്കായി 23 അപേക്ഷകളും തീർപ്പുകൽപ്പിക്കാനുണ്ട്.

(സി) പട്ടയം, കൈവശരേഖ എന്നിവ അനുവദിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഭൂമി പതിവ് കമ്മിറ്റി പുന:സംഘടിപ്പിച്ച് വിജ്ഞാപനം ചെയ്യാത്തതിനാൽ പട്ടയത്തിനുള്ള അപേക്ഷകൾക്ക് അനുമതി നൽകാൻ കഴിഞ്ഞിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഭൂമി പതിച്ച് നൽകുന്നതിലെ നിയമ തടസ്സങ്ങൾ

303(4313) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിറ്റാണ്ടുകളായി ഭൂമി കൈവശം വച്ച് പോരുന്നതും പ്രസ്തുത ഭൂമിയിൽ വീട് നിർമ്മിച്ച് താമസിക്കുന്നതും കൃഷി ചെയ്തു വരുന്നതുമായ ധാരാളം പേർക്ക് നിക്ഷിപ്ത ഭൂമി പതിച്ച് നൽകുന്നതിൽ നിലനിൽക്കുന്ന നിയമ തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

1-1-1977 ന് മുൻപ് വനഭൂമിയിൽ കുടിയേറി കൈവശം വച്ച് വരുന്നവരുടെ കുടിയേറ്റം ക്രമീകരിച്ച് പട്ടയം നൽകുന്നതിനായി 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. അപ്രകാരമുള്ള ഭൂമി വനം - റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി, ജില്ലാ കളക്ടർമാർ നിർദ്ദേശാനുസരണമുള്ള സ്കെച്ച് തയ്യാറാക്കി ഓൺലൈനായി വനം വകുപ്പിന്റെ സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും, കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമിക്ക് 1993 ലെ പ്രത്യേക ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം അനുവദിക്കാവുന്നതുമാണ്.

(ബി) ഇപ്രകാരമുള്ള ഭൂമിയിൽ വർഷങ്ങളായി വീട് വച്ച് താമസിക്കുന്നവർക്ക് വീട് നമ്പർ ലഭിക്കാത്ത സാഹചര്യവും ഭൂനികുതി അടയ്ക്കാൻ പറ്റാത്ത സാഹചര്യവും നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഇപ്രകാരമുള്ള ഭൂമിയിൽ പട്ടയം ലഭിക്കാത്ത ഭൂമിക്ക് ഭൂനികുതി ഒടുക്കുവാനും, വീടുകൾക്ക് നമ്പർ നൽകുവാനും സാധിക്കാത്തതാണ്. എന്നാൽ പ്രസ്തുത ഭൂമി പതിച്ച് നൽകുവാൻ കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം വിതരണം ചെയ്യുന്നതും, അതോടുകൂടി മേൽ പറഞ്ഞ ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുന്നതുമാണ്. ആയതിലേയ്ക്കായി വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായ കേസുകളിൽ ജില്ലാ കളക്ടർമാർ സ്കെച്ച് തയ്യാറാക്കി ഓൺലൈനായി വനം വകുപ്പിന്റെ സൈറ്റിൽ വിശദാംശങ്ങൾ അപ്‌ലോഡ് ചെയ്യുന്ന നടപടി പുരോഗമിച്ചു വരുന്നതാണ്. പത്തനംതിട്ട, പാലക്കാട് ജില്ലകളിൽ ഓൺലൈൻ സബ്മിഷൻ പൂർത്തിയായിട്ടുള്ളതാണ്.

(സി) സർവ്വേയുടെ ഭാഗമായി വനം വകുപ്പും റവന്യൂ വകുപ്പും നടത്തിയിരുന്ന ജോയിന്റ് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഇത്തരം ഭൂമി കൈവശം വച്ച് വരുന്നവർക്ക് പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1-1-1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറിയവരുടെ കുടിയേറ്റം ക്രമീകരിക്കുന്നതിനായി 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്. ആയതിലേയ്ക്കായി പ്രസ്തുത ഭൂമി വനം- റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി നിർദ്ദേശാനുസരണമുള്ള സ്കെച്ച് തയ്യാറാക്കി ബന്ധപ്പെട്ട ജില്ലാ കളക്ടർ ഓൺലൈനായി വനം വകുപ്പിന്റെ സൈറ്റിൽ വിശദാംശങ്ങൾ അപ്‌ലോഡ് ചെയ്യുകയും കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമിക്ക് 1993 ലെ പ്രത്യേക ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം അനുവദിക്കുന്നതുമാണ്. പ്രസ്തുത പ്രവൃത്തി ഇത്തരം കേസുകൾ ബാധകമല്ലാത്ത ആലപ്പുഴ, കാസർഗോഡ് ജില്ലകൾ ഒഴികെയുള്ള ജില്ലകളിൽ പുരോഗമിച്ചു വരുന്നതും, പത്തനംതിട്ട, പാലക്കാട് ജില്ലകളിൽ ഓൺലൈൻ സബ്മിഷൻ പൂർത്തിയായിട്ടുള്ളതുമാണ്.

(ഡി) 1976-1977 കാലഘട്ടത്തിൽ നടത്തിയ റീസർവ്വേയുടെ അടിസ്ഥാനത്തിൽ വൈത്തിരി താലൂക്കിലെ ഏതെല്ലാം വില്ലേജുകളിലെ ഇപ്രകാരം കൈവശം വച്ചിരുന്ന സ്ഥലങ്ങളാണ് വനഭൂമി ആയി പ്രഖ്യാപിച്ചിരിക്കുന്നത്; ആയത് മൂലം കൽപ്പറ്റ നിയോജകമണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്കാണ് ഇനിയും പട്ടയം ലഭിക്കാത്തതായ പ്രശ്നം നേരിടുന്നത്; വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിലെ വെള്ളരിമല, കോട്ടപ്പടി, തൃക്കൈപ്പറ്റ, മൂപ്പൈനാട് എന്നീ വില്ലേജുകളിലായി കടച്ചിക്കുന്ന്, നീലിമല, കുന്നമംഗലംവയൽ, ചുളിക്ക, ജയ് ഹിന്ദ്, താഞ്ഞിലോട് തുടങ്ങിയ സ്ഥലങ്ങളിലാണ് ഈ പ്രശ്നമുള്ളത്. കോട്ടപ്പടി വില്ലേജിൽ 54 അപേക്ഷയും വെള്ളരിമല വില്ലേജിൽ 39, തൃക്കൈപ്പറ്റ 112, മൂപ്പൈനാട് 459 ഉൾപ്പെടെ ആകെ 664 അപേക്ഷകൾ സംയുക്ത പരിശോധനയിൽ അംഗീകരിച്ചിട്ടുണ്ട്.

(ഇ) 1-1-1977-ന് മുൻപ് ഇത്തരം ഭൂമി കൈവശം വച്ചിരുന്നവർക്ക് ജോയിന്റ് വെരിഫിക്കേഷന് ശേഷവും പട്ടയം ലഭിക്കാത്തതായ പ്രശ്നം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ചു വരുന്നവരിൽ ഈ കാര്യം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയവരുടെ സംയുക്ത പരിശോധനയും, അംഗീകരിച്ച അപേക്ഷകരുടെ ഗൂഗിൾ മാപ്പിംഗ് ജോലിയും പൂർത്തീകരിച്ചതാണ്. കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിൽ ഡാറ്റ അപ്‌ലോഡ് ചെയ്യുന്നതിന് സ്കെച്ച് ആവശ്യമായതിനാൽ ഇതിൽ ഒപ്പു വയ്ക്കുന്നതിനായി വനം വകുപ്പിന് കൈമാറിയിട്ടുണ്ട്. സ്കെച്ച് ഒപ്പ് വച്ച് വനം വകുപ്പിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. ആയത് ഉടനെ ലഭ്യമാക്കി അപ്‌ലോഡിംഗ് പൂർത്തിയാക്കാവുന്നതും, കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്ന നടപടി സ്വീകരിക്കാവുന്നതുമാണ്.

**കർഷകർക്ക് പട്ടയം**

304(4314) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര കർഷകർക്ക് പട്ടയം നൽകിയിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കർഷകർ/കാർഷിക ആവശ്യത്തിന് നൽകിയിട്ടുള്ള പട്ടയങ്ങളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 23 |
| 2 | കൊല്ലം | 697 |
| 3 | പത്തനംതിട്ട | 74 |
| 4 | ആലപ്പുഴ | 55 |
| 5 | കോട്ടയം | 28 |
| 6 | ഇടുക്കി | 35024 |
| 7 | എറണാകുളം | 39 |
| 8 | തൃശ്ശൂർ | 956 |
| 9 | പാലക്കാട് | 1710 |
| 10 | മലപ്പുറം | ഇല്ല |
| 11 | കോഴിക്കോട് | 9506 |
| 12 | വയനാട് | 345 |
| 13 | കണ്ണൂർ | 234 |
| 14 | കാസർഗോഡ് | 48 |

(ബി) പട്ടയത്തിനായി അപേക്ഷിച്ചവരിൽ ഇനി എത്ര പേർക്ക് പട്ടയം നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 3748 |
| 2 | കൊല്ലം | 236 |
| 3 | പത്തനംതിട്ട | 517 |
| 4 | ആലപ്പുഴ | 157 |
| 5 | കോട്ടയം | 186 |
| 6 | ഇടുക്കി | 52845 |
| 7 | എറണാകുളം | 1779 |
| 8 | തൃശ്ശൂർ | 5249 |
| 9 | പാലക്കാട് | 143 |
| 10 | മലപ്പുറം | 16 |
| 11 | കോഴിക്കോട് | 14757 |
| 12 | വയനാട് | 2796 |
| 13 | കണ്ണൂർ | 166 |
| 14 | കാസർഗോഡ് | 757 |

**കാലവർഷക്കെടുതി പ്രവൃത്തികളുടെ നിർവ്വഹണം**

305(4315) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലവർഷക്കെടുതി (ഫ്ലഡ്) പ്രവൃത്തികളുടെ നിർവ്വഹണം നിലവിൽ സങ്കീർണ്ണമായതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനായി ബി.ഡി.ഒ.യ്ക്ക് പകരം അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ സെക്രട്ടറി/അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രകൃതിക്ഷോഭങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നല്കുന്ന പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അതത് തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ടാണ് നിർവ്വഹണം നടത്തുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ടി ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടുവരുന്ന ബ്ലോക്ക് പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗമാണ് പ്രവൃത്തി നടപ്പാക്കുന്നത്. ആയതിനാൽ ടി പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള ചുമതല അതത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (ബി.ഡി.ഒ)-മാർക്കാണ്. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന റോഡുകളുടെ പുനരുദ്ധാരണത്തിനും സർക്കാർ ഭരണാനുമതി നല്കാറുണ്ട്. ഇത്തരം പ്രവൃത്തികൾ തർക്കങ്ങളില്ലാതെ നടപ്പാക്കുന്നതിനുള്ള ഭരണപരമായ സൗകര്യം കൂടി പരിഗണിച്ചാണ് ഇത്തരം തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. അതോടൊപ്പം ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം ഉണ്ടായാൽ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ള മറ്റൊരു ഉദ്യോഗസ്ഥനെക്കൊണ്ട് പ്രവൃത്തി സമയബന്ധിതമായി നിർവ്വഹിക്കുന്നതിനും സാധിക്കുമെന്നതിനാൽ നിലവിലെ രീതിയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലില്ല.

**പ്രകൃതി ദുരന്തങ്ങൾക്കുള്ള ധനസഹായം**

306(4316) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ പ്രകൃതി ദുരന്തങ്ങളിൽ വടക്കാഞ്ചേരി മണ്ഡലത്തിലുണ്ടായ നാശനഷ്ടങ്ങൾ, വീട് നഷ്ടപ്പെട്ടവർ, കൃഷിനാശം സംഭവിച്ചവർ തുടങ്ങിയവ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട എത്ര പേർക്ക് ധനസഹായം നൽകിയെന്നും എത്ര പേർക്ക് വീട് വച്ച് നൽകിയെന്നും മറ്റ് എന്തൊക്കെ സഹായങ്ങൾ നൽകിയെന്നും വ്യക്തമാക്കാമോ?

(എ&ബി) പ്രകൃതി ദുരന്തങ്ങൾ മൂലമുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച വിവരങ്ങളും ധനസഹായം അനുവദിച്ച വിവരങ്ങളും നിയോജക മണ്ഡല അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ കൂടി വിവരം ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണം

307(4317) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ ഉരുൾപൊട്ടൽ ദുരന്തത്തെത്തുടർന്ന് നിലമ്പൂർ നിയോജകമണ്ഡലത്തിലെ കവളപ്പാറയിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് സർക്കാർ സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് തുക അനുവദിച്ചതെന്ന് അറിയിക്കാമോ; ഓരോ കുടുംബത്തിനും അനുവദിച്ച തുകയും, ഇതിനകം എത്ര കുടുംബങ്ങൾക്ക് തുക കൈമാറിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2019 വർഷത്തെ ഉരുൾപൊട്ടൽ ദുരന്തത്തെ തുടർന്ന് കവളപ്പാറയിലെ 32 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 10 ലക്ഷം രൂപ വീതമാണ് ഓരോ കുടുംബത്തിനും അനുവദിച്ചിട്ടുള്ളത്. ആകെയുള്ള 32 കുടുംബങ്ങൾക്കും സ്ഥലം വാങ്ങുന്നതിനായി ആറ് ലക്ഷം രൂപ വീതം വിതരണം ചെയ്യുകയും അത് വിനിയോഗിച്ച് 32 പട്ടികവർഗ്ഗ കുടുംബങ്ങളും ഭൂമി വാങ്ങിയിട്ടുള്ളതുമാണ്. 32 കുടുംബങ്ങൾക്കും ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടുന്ന 13 കുടുംബങ്ങൾക്ക് 'റീബിൽഡ് ആപ്പ്' വഴിയാണ് ഭവന നിർമ്മാണത്തിനുള്ള തുക നേരിട്ട് വിതരണം ചെയ്തിട്ടുള്ളത്. 19 കുടുംബങ്ങൾക്ക് നിലമ്പൂർ തഹസിൽദാർ മുഖേന ഭവന നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തി തുക വിതരണം ചെയ്ത് വരുന്നു. ഇതിനകം 5 കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ വീതവും 7 കുടുംബങ്ങൾക്ക് 95,100 രൂപ വീതവും 7 കുടുംബങ്ങൾക്ക് 2,95,100 രൂപ വീതവും ഭവന നിർമ്മാണത്തിനായി തുക വിതരണം ചെയ്തിട്ടുണ്ട്.

(ബി) കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവനനിർമ്മാണ ചുമതല ഏതെങ്കിലും ഏജൻസികളെയോ സംഘങ്ങളെയോ ഔദ്യോഗികമായി ഏൽപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഏൽപ്പിച്ചിട്ടുണ്ടെങ്കിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഏത് വകുപ്പാണ് ഇതിനായി സംഘങ്ങളെ ചുമതലപ്പെടുത്തിയതെന്നും അറിയിക്കാമോ?

കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണ ചുമതല ഏജൻസികളെ ഏൽപ്പിച്ചിട്ടില്ല.

(സി) കവളപ്പാറയില പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവനനിർമ്മാണം പോത്തുകല്ല് പഞ്ചായത്ത് സ്കിൽ ഡെവലപ്മെന്റ് മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനം ഏറ്റെടുത്ത് നിർമ്മാണം ആരംഭിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സൊസൈറ്റിക്ക് വേണ്ടി ആരാണ് നിർമ്മാണ കരാറിൽ ഒപ്പു വച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവനനിർമ്മാണം നീണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര വിസ്തീർണ്ണത്തിലാണ് ഓരോ വീടുകളും നിർമ്മിക്കുന്നതെന്നും ആയതിന് കരാർ പ്രകാരം എത്ര തുകയാണ് ചെലവഴിക്കേണ്ടതെന്നും എത്ര സമയം കൊണ്ട് നിർമ്മാണം പൂർത്തിയാക്കുമെന്നാണ് കരാറിലുള്ളതെന്നും അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗുണഭോക്താക്കൾ സ്വന്തം ഉത്തരവാദിത്വത്തിലാണ് ഭവന നിർമ്മാണം നടത്തുന്നത്. ഓരോ ഭവനങ്ങളുടേയും പ്ലാനും വിസ്തീർണവും നിശ്ചയിക്കുന്നത് ഗുണഭോക്താക്കൾ മാത്രമാണ്.

(ഇ) എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വേണ്ടിയാണ് ഉപ്പട ആനക്കല്ലിൽ ഭൂമി വാങ്ങിയതെന്ന് അറിയിക്കാമോ; നിലവിൽ എത്ര ഭൂമിയിൽ എത്ര കുടുംബങ്ങൾക്കു വേണ്ടിയാണ് ഭവന നിർമ്മാണം നടക്കുന്നതെന്നും ആയതിന്റെ വിശദാംശങ്ങളും നൽകാമോ; ഇതിൽ ആരുടെയെങ്കിലും ഭവനനിർമ്മാണം ആനക്കല്ലിൽ നടക്കുന്നില്ലെങ്കിൽ ആയതിന്റെ കാരണവും വിശദമാക്കാമോ?

സ്ഥലം വാങ്ങുന്നതിന് സർക്കാരിൽ നിന്നും നേരിട്ട് ലഭിച്ച തുക വിനിയോഗിച്ച് 32 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉപ്പട ആനക്കല്ലിൽ ഭൂമി വാങ്ങിയിട്ടുണ്ട്. ഒരു ഗുണഭോക്തൃ കുടുംബം 0.0384 ഹെക്ടർ ഭൂമിയും മറ്റ് 31 കുടുംബങ്ങൾ 0.0405 ഹെക്ടർ ഭൂമി വീതവുമാണ് വാങ്ങിയിട്ടുള്ളത്. 13 കുടുംബങ്ങൾക്ക് റീബിൽഡ് ആപ്പ് വഴി ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. റീബിൽഡ് ആപ്പിൽ ഉൾപ്പെടാത്ത 19 ഗുണഭോക്താക്കളുടെ വീടുകളുടെ തറ നിർമ്മാണത്തിന് 95,100 രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. തറ നിർമ്മാണം പൂർത്തീകരിച്ച ഏഴ് ഗുണഭോക്തൃ കുടുംബങ്ങൾക്ക് അടുത്ത നിർമ്മാണ ഘട്ടത്തിനായി 2 ലക്ഷം രൂപ വീതവും നൽകിയിട്ടുണ്ട്. ഭവന നിർമ്മാണം നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കവളപ്പാറ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം**

308(4318) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2019-ൽ ഉണ്ടായ പോത്തുകൽ കവളപ്പാറ ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള സർക്കാർ ധനസഹായം എത്രയെന്ന് വിശദമാക്കാമോ; എത്ര കുടുംബങ്ങൾക്ക്, എത്ര തുക വീതമാണ് ലഭ്യമാക്കിയതെന്നും അറിയിക്കാമോ?

2019-ൽ ഉണ്ടായ പോത്തുകൽ കവളപ്പാറ ദുരന്തത്തിൽ മരണപ്പെട്ടതും കാണാതായതുമായ 59 പേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ വീതം സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) കവളപ്പാറ ദുരന്തത്തിൽ എത്ര പേർക്കാണ് ഭൂമിയും വീടും നഷ്ടമായതെന്ന് അറിയിക്കാമോ; ഭൂമി വാങ്ങാനും വീട് നിർമ്മിക്കുവാനും കവളപ്പാറയിലെ എത്ര പേർക്ക്, എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കവളപ്പാറ ദുരന്തത്തിൽ 50 കുടുംബങ്ങൾക്ക് ഭൂമിയും വീടും നഷ്ടപ്പെട്ടു. ഇവർക്ക് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിനായി 10 ലക്ഷം രൂപ വീതം (സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയും വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപയും) അനുവദിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. 46 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. 4 ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ ധനസഹായതുക വിതരണം ചെയ്തിട്ടില്ല. വസ്തു വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുള്ള മേൽ 46 ഗുണഭോക്താക്കളിൽ 11 പേർക്ക് പ്രമുഖ വ്യവസായി ശ്രീ. എം. എ. യൂസഫലി വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് വീട് പുനർ നിർമ്മിക്കുന്നതിനുള്ള ധനസഹായമായ 4 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(സി) ഭൂമിയും വീടും വാസയോഗ്യമല്ലാതായതിനാൽ സർക്കാർ ധനസഹായം നൽകി കവളപ്പാറയിലെ എത്ര കുടുംബങ്ങളെയാണ് മാറ്റിത്താമസിപ്പിച്ചതെന്ന് അറിയിക്കാമോ; ഈ ധനസഹായം ഗുണഭോക്താക്കൾക്ക് ഇതിനകം കൈമാറിയിട്ടുണ്ടോയെന്നും അറിയിക്കാമോ?

ഭൂമിയും വീടും വാസയോഗ്യമല്ലാതായ 77 കുടുംബങ്ങൾക്കായി സ്ഥലം വാങ്ങി വീടു നിർമ്മിക്കുന്നതിന് സർക്കാർ 10 ലക്ഷം രൂപ വീതം അനുവദിച്ചതിൽ നിന്നും 76 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഒരു ഗുണഭോക്താവിന് വാസയോഗ്യമായ വേറെ സ്ഥലം ഉള്ളതിനാൽ സ്ഥലം വാങ്ങുന്നതിനുള്ള തുക അനുവദിച്ചിട്ടില്ല. മേൽ പറഞ്ഞ ഗുണഭോക്താക്കളിൽ റീ ബിൽഡ് ആപ്പിൽ ഉൾപ്പെട്ട 20 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള സഹായം വിതരണം ചെയ്യുകയും 11 ഗുണഭോക്താക്കൾക്ക് 1,2,3 ഗഡുക്കൾ വിതരണം ചെയ്യുകയും 22 ഗുണഭോക്താക്കൾക്ക് പ്രമുഖ വ്യവസായി ശ്രീ.എം.എ യൂസഫലി വീട് നിർമ്മിച്ചു നൽകുകയുമുണ്ടായി. ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് വീടു നിർമ്മാണ പുരോഗതി അനുസരിച്ച് ഗഡുക്കളായി തുക അനുവദിച്ച് വരുന്നു.

(ഡി) കവളപ്പാറ ദുരന്തം നടന്ന സ്ഥലത്ത് എത്ര ഏക്കർ ഭൂമിയാണ് ദുരന്തബാധിതർക്ക് നഷ്ടമായതെന്ന് വ്യക്തമാക്കാമോ; ഈ ഭൂമി, ദുരന്തത്തിൽ മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്ക് കൃഷിഭൂമിയായി ഉപയോഗിക്കുവാൻ സാധിക്കുമോയെന്നറിയിക്കാമോ; ഇതിന് സർക്കാർ അനുമതി നൽകുമോ; വ്യക്തമാക്കാമോ ?

ഏകദേശം എട്ട് ഏക്കറോളം ഭൂമിയാണ് ദുരന്തബാധിതർക്ക് നഷ്ടമായത്. ഇവിടെ നാമമാത്ര കൃഷികൾ ചെയ്തു വരുന്നുണ്ട്. കവളപ്പാറ ദുരന്തം നടന്ന സ്ഥലം കൃഷി ഭൂമിയായി അനന്തരാവകാശികൾക്ക് അനുവദിക്കുവാൻ കഴിയുമോ എന്നത് സർക്കാർ പരിശോധിക്കുന്നതാണ്.

## പ്രകൃതി ദുരന്തങ്ങളിൽ നഷ്ടപരിഹാരം

309(4319) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പ്രളയത്തിലും മഴക്കെടുതിയിലും കടൽ കയറ്റത്തിലും നഷ്ടപരിഹാരം ആവശ്യപ്പെട്ട് കൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് അറിയിക്കാമോ; പ്രസ്തുത അപേക്ഷകളിൽ സഹായ വിതരണ നടപടികൾ ഏതുവരെയായി എന്നതിന്റെ വിശദമായ വിവരങ്ങൾ നൽകാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡല പരിധിയിൽ നിന്നും കഴിഞ്ഞ പ്രകൃതി ക്ഷോഭത്തിലും കടൽകയറ്റത്തിലും സംഭവിച്ച കെടുതികൾക്ക് ദുരിതാശ്വാസ സഹായം ആവശ്യപ്പെട്ട് 160 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 80 അപേക്ഷകളിൽ തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചു വരുന്നു.

**എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ**

310(4320) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർ 2019 ജനുവരി 30-ന് സെക്രട്ടേറിയറ്റ് പടിക്കൽ നടത്തിയ പട്ടിണി സമരത്തെത്തുടർന്ന് സമരക്കാരുമായുണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതിൽ ഏതൊക്കെ വാഗ്ദാനങ്ങളാണ് നാളിതുവരെ നടപ്പിലാക്കിയിട്ടുള്ളത്; ഏതൊക്കെ ഉറപ്പുകളാണ് നടപ്പാക്കാനുള്ളത്?

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ദുരിതബാധിതർക്ക് ജീവനോപാധി കണ്ടെത്തുന്നതിനും ചികിത്സാസഹായം ലഭ്യമാക്കുന്നതിനും അടിയന്തരനടപടി സ്വീകരിക്കുമോ; വെളിപ്പെടുത്താമോ?

എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും കേരളത്തിലും കർണ്ണാടകത്തിലുമായി സ്പെഷ്യലൈസ് ചെയ്ത 17 ആശുപത്രികളിൽ സൗജന്യ ചികിത്സ നല്കി വരുന്നു. കൂടാതെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ദുരിതബാധിതർക്കായി സ്നേഹസാന്ത്വനം, സ്പെഷ്യൽ ആശ്വാസകിരണം എന്നീ പദ്ധതികളിലൂടെ പ്രതിമാസ ധനസഹായ വിതരണം, ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, ആംബുലൻസുകളുടെ സേവനം എന്നിവയും ലഭ്യമാക്കുന്നുണ്ട്.

**മങ്കട നിയോജകമണ്ഡലത്തിൽ പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടം നേരിട്ടവർക്ക് ധനസഹായം**

311(4321) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ പ്രകൃതിക്ഷോഭത്തിൽ വീടുകൾക്ക് നാശനഷ്ടം നേരിട്ട എത്ര പേർക്ക് ധനസഹായം വിതരണം ചെയ്യാൻ ബാക്കിയുണ്ട്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മങ്കട നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നാശനശഷ്ടത്തിന്റെ തോത് കണക്കാക്കി റിപ്പോർട്ട് സമർപ്പിച്ച 38 പേർക്ക് പ്രകൃതിക്ഷോഭ ധനസഹായം അനുവദിക്കാൻ ബാക്കിയുണ്ട്.

(ബി) എത്ര രൂപയുടെ ധനസഹായമാണ് ഭാഗികമായും പൂർണ്ണമായും വീടുകൾക്ക് നാശനഷ്ടം നേരിട്ടവർക്ക് നൽകിവരുന്നത്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നും ഭാഗിക ഭവന നാശത്തിന് 5,200 രൂപയും പൂർണ്ണ നാശത്തിന് 95,100 രൂപയുമാണ് നിലവിൽ അനുവദിച്ച് വരുന്നത്.

(സി) പ്രകൃതിക്ഷോഭത്തിൽ മറ്റ് നാശനഷ്ടങ്ങൾ നേരിട്ട എത്ര പേർക്ക് എന്തെല്ലാം സഹായം നൽകാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിലെ വില്ലേജുകളിൽ ഉൾപ്പെട്ട കിണർ നാശം സംഭവിച്ച 4 പേർക്ക് ധനസഹായം അനുവദിക്കാൻ ബാക്കിയുണ്ട്.

**റിവർ മാനേജ്മെന്റ് ഫണ്ട്**

312(4322) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി എത്ര പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ നിയോജക മണ്ഡലത്തിൽ ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ തേർളായി ദ്വീപിന്റെ പുൽക്കാട് കടവു മുതൽ ചിറമ്മൽ കടവു വരെയുള്ള ഭാഗം സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിയുടെ 62 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ മാത്രമാണ് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളത്.

(ബി) അതിൽ എത്ര പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

ചെങ്ങളായി ഗ്രാമപഞ്ചായത്തിനെ തേർളായി ദ്വീപിന്റെ പുൽക്കാട് കടവു മുതൽ ചിറമ്മൽ കടവു വരെയുള്ള ഭാഗം സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിയുടെ 62 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് 28-12-2018-ലെ സ.ഉ (സാധാ) നമ്പർ 5325/2018/റവ.നമ്പർ പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്.

## നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

313(4323) ശ്രീ. റോജി എം. ജോൺ:

ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് രൂപീകരണം പൂർത്തിയായോ; നിലവിലെ സ്ഥിതി അറിയിക്കാമോ?

സംസ്ഥാനത്തുള്ള 1077 കൃഷി ഭവനുകളിൽ, ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കേണ്ടതായ 1061 കൃഷി ഭവനുകളിലും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) വർഷങ്ങൾക്കുമുമ്പ് നികത്തപ്പെട്ടതും ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി, റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ഭവന നിർമ്മാണത്തിന് അനുമതി ലഭിക്കാത്ത പ്രശ്നം അടിയന്തരമായി പരിഹരിക്കാൻ നടപടിയെടുക്കുമോ?

വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിനായുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ട്, 30-12-2017 തീയതി മുതൽ പ്രാബല്യത്തോടെ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ടി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ പ്രകാരം, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിച്ച്, അനുവദനീയമായവയ്ക്ക്, റവന്യൂ രേഖകളിൽ തരംമാറ്റ അനുമതി നൽകുന്നുണ്ട്.

## നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

314(4324) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം 12-8-2008-ന് മുമ്പ് നികത്തിയ ഭൂമിയിൽ വീട് വയ്ക്കുന്നതിനുള്ള അനുമതി ലഭിക്കാതെ സാധാരണക്കാരായ ഭൂവുടമകൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, 2008-ന് മുമ്പ് നികത്തിയതും ഡാറ്റാബാങ്കിൽ ഉൾപ്പെടാത്ത, വിജ്ഞാപനം ചെയ്യപ്പെടാത്ത, ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച്, ടി നിയമവും ആയതിന്റെ അടിസ്ഥാനത്തിലുള്ള

ചട്ടങ്ങളും പ്രകാരം അർഹതയുള്ളവയ്ക്ക്, തരം മാറ്റത്തിനായുള്ള അനുമതി നൽകി വരുന്നുണ്ട്. കൂടാതെ അർഹരായ ഭൂഉടമകൾക്ക് ടി നിയമപ്രകാരം, വിജ്ഞാപനം ചെയ്യപ്പെടാത്ത 10 സെന്റ് വരെയുള്ള ഭൂമിയിൽ അനുവാദം കൂടാതെ 120 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിനുള്ളിലുള്ള വീട് നിർമ്മിക്കാവുന്നതാണ്.

(ബി) ലൈഫ് മിഷനിൽ ഉൾപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിന് നിയമത്തിൽ ഇളവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട നെൽവയലിന്റെ ഉടമസ്ഥരുടെ, വീട് വയ്ക്കുന്നതിനായുള്ള അപേക്ഷകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കാൻ അതത് ജില്ലാതല അധികൃത സമിതികൾക്കും, അപ്പീലുകൾ അടിയന്തരമായി തീർപ്പാക്കാൻ ജില്ലാകളക്ടർമാർക്കും 3-12-2018-ലെ 787/പി1/18/റവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, 4.04 ആർ വിസ്തൃതിയിലുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ 120 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വീട് വയ്ക്കുമ്പോൾ, ടി ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനായുള്ള യാതൊരു അനുമതിയും നിലവിൽ ആവശ്യമില്ല. 21-4-2021-ലെ SRO 369/2021 പ്രകാരം, 25 സെന്റ് വരെയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റം സൗജന്യ നിരക്കിൽ അനുവദിക്കാനും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഇത്തരം ഇളവുകൾ ലൈഫ് മിഷൻ പദ്ധതി പോലുള്ളവയുടെ ഗുണഭോക്താക്കളായ നാമമാത്ര ഭൂവുടമകൾക്ക് ഉപകാരപ്രദമാണ്.

## റോഡിന് ഭൂമി ഏറ്റെടുക്കൽ

315(4325) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡിന് 3.641 ഹെക്ടർ ഭൂമി, ലാന്റ് അക്വസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി വിശദീകരിക്കാമോ; അക്വസിഷൻ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കോഴിക്കോട് മാനാഞ്ചിറ - വെള്ളിമാടുകുന്ന് റോഡിന് 3.641 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 4(1) വിജ്ഞാപനം 30-7-2021-ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പ്രസിദ്ധീകരിക്കുന്നതിനായി എൽ.എ.ഒ.-ക്ക് അയക്കുകയും, തുടർനടപടികൾ സ്വീകരിക്കുന്നതിനായി നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഈ കാര്യത്തിൽ എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ചുള്ള സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് നടന്നുവരുന്നത്. ഏറ്റെടുക്കൽ നടപടികളിൽ മറ്റു തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സാമൂഹ്യാഘാതപഠനം നടത്തുന്നതിന് യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷൻ, എറണാകുളം എന്ന ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ട്. സാമൂഹ്യാഘാത പഠന റിപ്പോർട്ട് ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് വിദഗ്ദ്ധ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പാലങ്ങൾക്ക് ഭൂമി ഏറ്റെടുക്കൽ**

316(4326) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തൊണ്ടിലക്കടവ്, പടനിലം, നടമ്മൽകടവ് എന്നീ പാലങ്ങൾക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ട് എത്ര വർഷം വീതമായി എന്ന് വ്യക്തമാക്കാമോ?

തൊണ്ടിലക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട അർത്ഥന 31-1-2017-ലാണ് ലഭിച്ചിട്ടുള്ളത്. പടനിലം പാലം അനുബന്ധറോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലിനുള്ള അർത്ഥന ലഭിച്ചത് 27-10-2018 തീയതിയിലും, ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചത് 31-1-2019 തീയതിയിലുമാണ്. നടമ്മൽക്കടവ് പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടു പുതിയ ആക്ട് പ്രകാരമുള്ള ഫോറം നമ്പർ 2-ലുള്ള അർത്ഥന ലഭിച്ചത് 9-11-17-ലാണ്.

(ബി) അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാത്തത് കാരണം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ തുടങ്ങാൻ കഴിയാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഓരോ പാലത്തിന്റെ കാര്യത്തിലും ഭൂമി പൊതുമരാമത്ത് വകുപ്പിന് എന്ന് കൈമാറാൻ സാധിക്കുമെന്ന് അറിയിക്കാമോ?

തൊണ്ടിലക്കടവ് പാലം അനുബന്ധറോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട 4(1) വിജ്ഞാപനം 29-6-2019 തീയതിയിലും, 11(1) 16/6/2020 തീയതിയിലും, 19(1) പ്രഖ്യാപനം 9-7-2021 തീയതിയിലും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നടമ്മൽക്കടവ് പാലം അനുബന്ധറോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട 4(1) വിജ്ഞാപനം 24-10-2019 തീയതിയിലും 11(1) വിജ്ഞാപനം 27-10-2020 തീയതിയിലും ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ചപ്പോൾ, പരാതിക്കാർ പുറമ്പോക്ക് കൈവശം വക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പുറമ്പോക്കിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികളാണ് നടന്നു വരുന്നത്. ആയത് അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പടനിലം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട 4(1) വിജ്ഞാപനം 14-10-2019 തീയതിയിലും 11(1) വിജ്ഞാപനം 7-7-2020 തീയതിയിലും 19(1) പ്രഖ്യാപനം 04-11-2020 തീയതിയിലും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതാണ്. മേൽ പദ്ധതികൾക്കായി LARR Rules 2015 ചട്ടം 4(6) പ്രകാരമുള്ള നഷ്ടപരിഹാരത്തുക അർത്ഥനാധികാരി കെട്ടിവച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറക്ക് നടപടിക്രമങ്ങൾ പാലിച്ച് സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്.

**പള്ളിക്കമണ്ണടി പാലത്തിനായുള്ള സ്ഥലമേറ്റെടുക്കൽ**

317(4327) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ ഇത്തിക്കരയാറിന് കുറുകെ ആദിച്ചനല്ലൂർ, ചാത്തന്നൂർ എന്നീ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട പള്ളിക്കമണ്ണടി പാലം നിർമ്മിക്കുന്നതിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ റവന്യൂ വകുപ്പിലെ ലാൻഡ് അക്വിസിഷൻ വിഭാഗം ഇതിനകം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പള്ളിക്കമണ്ണടി പാലം നിർമ്മിക്കുന്നതിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് പ്രകാരം ആരംഭിച്ചിട്ടുണ്ട്.

(ബി) സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

PWD Roads, സബ് ഡിവിഷൻ, കൊല്ലം അർത്ഥനാധികാരിയായിട്ടുള്ള ഈ പദ്ധതിക്കുവേണ്ടി കൊല്ലം ജില്ലയിലെ മീനാട്, ആദിച്ചനല്ലൂർ എന്നീ വില്ലേജുകളിൽ നിന്നായി 55.32 ആർ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. LARR Act, 2013 പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് 4(1) വിജ്ഞാപനം 16-7-2021-ലെ 2107-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സർവ്വെ നടപടികൾ ആരംഭിച്ചിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനം നടന്നുവരുന്നതുമാണ്.

**പാലാ ബൈപാസ് സ്ഥലം ഏറ്റെടുക്കൽ**

318(4328) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ബൈപാസ് രണ്ടാം റീച്ചിൽ സിവിൽ സ്റ്റേഷന് മുൻവശം മുതൽ സെന്റ്. മേരീസ് സ്കൂൾ വരെയുള്ള ഭാഗം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പാലാ ബൈപാസ് സിവിൽ സ്റ്റേഷൻ മുൻ വശം മുതൽ സെന്റ് മേരീസ് സ്കൂൾ വരെയുള്ള ഭാഗത്ത് ബ്ലോക്ക് നമ്പർ 80/51-ൽ റീ സർവ്വെ നമ്പർ 15/3 ൽപ്പെട്ട 0.0324 ഹെക്ടർ സ്ഥലവും റീ സർവ്വേ നമ്പർ 19/6 ൽപ്പെട്ട 0.0126 ഹെക്ടർ സ്ഥലവും ഒഴികെ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ളതാണ് .

(ബി) പാലാ ബൈപാസ് സ്ഥലം ഏറ്റെടുക്കുന്നതിന് പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ബാംഗ്ലൂർ കോടതിയിൽ നിന്ന് ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക കോർട്ട് ഡെപ്പോസിറ്റ് ആക്കി വസ്തു ഏറ്റെടുക്കുന്നതിന് നിലവിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കാമോ; തടസ്സമില്ലെങ്കിൽ വസ്തു ഏറ്റെടുക്കുന്നത് സമയബന്ധിതമായി പൂർത്തീകരിക്കുമോ?

പാലാ ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ളാലം വില്ലേജിൽ ബ്ലോക്ക് നമ്പർ 80/51 ൽ റീ സർവ്വെ നമ്പർ 15/3 ൽപ്പെട്ട 0.0324 വസ്തുവിന്റെ നഷ്ടപരിഹാരമായി റവന്യൂ നിക്ഷേപത്തിൽ സൂക്ഷിച്ചിട്ടുള്ള 65,28,223 രൂപ പിൻവലിച്ച് നൽകുന്നതിന് പ്രസ്തുത വസ്തുവിന്റെ അവകാശികൾ രേഖകൾ ഹാജരാക്കാത്തതുമൂലം സാധിച്ചിട്ടില്ല. ടി തുക കോർട്ട് ഡെപ്പോസിറ്റ് ആക്കി വസ്തു ഏറ്റെടുക്കുന്നതിന് നിയമതടസ്സമില്ല. ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പാലാ ബൈപാസ് റോഡിന്റെ മൂന്നാം റീച്ചിൽ മരിയൻ ആശുപത്രിയുടെയും പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിന്റെയും ഇടയിലുള്ള, ശ്രീ.പി.എം.സാജൻ ഗീതാഞ്ജലി എന്ന വ്യക്തിയുടെ വസ്തുവിന്റെ വില സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഏറ്റെടുക്കുന്നതിന്റെ മിച്ചം വരുന്ന വസ്തു കൂടി ഏറ്റെടുക്കണമെന്നുള്ള ശ്രീ.സാജന്റെ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പാലാ ആർ.വി. ജംഗ്ഷൻ മുതൽ പുലിയന്നൂർ വരെയുള്ള പാരലൽ റോഡ് നിർമ്മാണത്തിനായി പുലിയന്നൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 80 ൽ റീ സർവ്വെ നമ്പർ 7/33-1, 7/44-1-ൽപ്പെട്ട 5.47 ആർ വസ്തു ഏറ്റെടുക്കുന്നതിനായി 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലൂടെ നടപടികൾ സ്വീകരിച്ചതിനെതിരെ സ്ഥലമുടമ ശ്രീ പി.എം. സാജൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും, ബഹുമാനപ്പെട്ട ഹൈകോടതി ഉത്തരവിൽ 2013-ലെ LARR നിയമപ്രകാരം നഷ്ട പരിഹാരത്തുക തിട്ടപ്പെടുത്തുവാൻ നിർദേശിച്ചതിൽ ശ്രീ. പി. എം. സാജന്റെ പേരിൽ നഷ്ട പരിഹാരത്തുക തിട്ടപ്പെടുത്തുന്നതിലേക്കായി BVR, DVS എന്നിവ പൊന്നും വില ഓഫീസർ സമർപ്പിച്ചിട്ടുള്ളതും, ആയത് പരിശോധിച്ച് ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതുമാണ്. ശ്രീ. പി. എം. സാജൻ സർക്കാരിൽ സമർപ്പിച്ച പരാതിയിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം മുഖേന അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വില നിർണ്ണയത്തിൽ ചില അപാകതകൾ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് വിലനിർണ്ണയം പുനഃപരിശോധിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. കൂടാതെ വില നിർണ്ണയത്തിലെ അപാകത പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. എം. സാജൻ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C) 15340/2021 ഫയൽ ചെയ്തിട്ടുള്ളതും അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്. ശ്രീ. പി. എം. സാജന്റെ പേരിൽ പൊന്നുംവില വസ്തുവിനോട് ചേർന്ന് അവശേഷിക്കുന്ന സ്ഥലം കൂടി പൊതുമരാമത്ത് വകുപ്പിന് വേണ്ടി ഏറ്റെടുക്കാവുന്നതാണെന്ന് അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് നിരത്ത് വിഭാഗം കോട്ടയം റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും ആയതിനായി അർത്ഥന സമർപ്പിച്ചിട്ടില്ലാത്തതിനാൽ അർത്ഥന സമർപ്പിക്കുന്നതിന് 6-3-2021-ൽ കോട്ടയം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പാലാ ബൈപാസ് സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുമോ?

സ്ഥലം ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ പൊന്നുംവില ഓഫീസർമാർ സ്വീകരിച്ചു വരുന്നതും ആവശ്യമായ നിർദ്ദേശം കോട്ടയം ജില്ലാ കളക്ടറേറ്റിൽ നിന്നും നൽകിവരുന്നതുമാണ്.

## വെങ്ങളം-അഴിയൂർ ദേശീയപാത

319(4329) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെങ്ങളം - അഴിയൂർ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, പന്തലായനി, വിയ്യൂർ, മൂടാടി, നന്തി, തിക്കോടി, പയ്യോളി, ഇരിങ്ങൽ എന്നീ വില്ലേജുകളിലെ ഏറ്റെടുക്കേണ്ട ഭൂമികളിൽ എത്ര ശതമാനം പണം കൈമാറി ഏറ്റെടുത്തുവെന്നത് പട്ടികയാക്കി ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു (പട്ടിക-I).*

(ബി) മേൽ വില്ലേജുകളിലായി ഇതിനകം എത്ര ഭൂവുടമകൾക്ക്, എത്ര രൂപ നഷ്ടപരിഹാരമായി നൽകിയെന്ന് വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു (പട്ടിക-II).*

(സി) മേൽ വില്ലേജുകളിൽ നിന്നായി ആകെ എത്ര ഭൂവുടമകൾക്കാണ് പണം കൈമാറാൻ ബാക്കിയുള്ളത്; ആയതിന് എത്ര രൂപ നഷ്ടപരിഹാര ചെലവ് പ്രതീക്ഷിക്കുന്നുണ്ട്; വിശദമാക്കുമോ?

പണം കൈമാറാൻ ബാക്കിയുള്ള ഭൂവുടമകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു (പട്ടിക-III) രേഖകൾ ഹാജരാക്കാത്ത 708 ഭൂവുടമകളിൽ നിന്നായി 13.137 ഹെക്ടർ ഭൂമി ഡെഫർ ചെയ്തത് ദേശീയപാത വികസന അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ആയതിനുള്ള നഷ്ട പരിഹാരസംഖ്യ മാറ്റിവച്ചിട്ടുണ്ട് ബാക്കിയുള്ള മുഴുവൻ ഭൂവുടമകൾക്കും നഷ്ടപരിഹാര സംഖ്യ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## എൽ.പി.എസ്.സി. -യുടെ വികസനം

320(4330) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് വലിയമലയിൽ എൽ.പി.എസ്.സി-യുടെ വികസനത്തിനായി ഭൂമി ഏറ്റെടുക്കലിനായുള്ള പ്രാരംഭ വിജ്ഞാപനം എന്നാണ് പ്രഖ്യാപിച്ചതെന്ന് അറിയിക്കുമോ; എൽ.പി.എസ്.സി-യുടെ വികസനത്തിനായി ഈ സ്ഥലം എൽ.പി.എസ്.സി-ക്ക് ആവശ്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നെടുമങ്ങാട് വലിയമലയിൽ LPSC-യുടെ വികസനവുമായി ബന്ധപ്പെട്ട് 15-5-2019-ലെ അസാധാരണ ഗസറ്റ് നമ്പർ 1177 പ്രകാരം പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. LPSC-യുടെ വികസനത്തിനായി പ്രസ്തുത സ്ഥലം ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഏറ്റെടുക്കൽ നപടികൾ ആരംഭിച്ചിട്ടുള്ളത്.

(ബി) എങ്കിൽ സ്ഥലം ഏറ്റെടുക്കൽ നിയമത്തിലെ 19 (1) വകുപ്പ് പ്രകാരം സർക്കാരിന്റെ പ്രഖ്യാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ?

പൊന്നും വില നടപടികളുമായി ബന്ധപ്പെട്ടുള്ള 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തിയിട്ടില്ല. പൊന്നും വില നിയമത്തിന്റെ (LARR Rules, 2015) ചട്ടം 4(6) പ്രകാരം ഏറ്റെടുക്കലിന്റെ മുഴുവൻ തുകയും അർത്ഥനാധികാരി ലഭ്യമാക്കാത്തതിനാലാണ് 19(1) പ്രകാരമുള്ള പ്രഖ്യാപനം പ്രസിദ്ധപ്പെടുത്താൻ സാധിക്കാത്തത്.

(സി) ഇതുസംബന്ധിച്ച് ഐ.എസ്.ആർ.ഒ-യും എൽ.പി.എസ്.സി-യും ഈ പ്രഖ്യാപനങ്ങൾ നീട്ടി വയ്ക്കാൻ പറയുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച് അവർ സർക്കാരിലേക്ക് നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് Department of Space-ൽ നിന്നും ഫണ്ട് അനുവദിക്കുന്ന മുറക്ക് മാത്രമേ തുക കൈമാറുവാൻ സാധിക്കുകയുള്ളു എന്ന് അറിയിച്ചു കൊണ്ട് 23-9-2020, 13-4-2021 തീയതികളിൽ അർത്ഥനാധികാരി കത്ത് നൽകിയിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

## പാലാ കളരിയാമക്കൽ പാലം അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ച്

321(4331) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ - ഭരണങ്ങാനം ചെർപ്പുങ്കൽ റോഡിലെ കളരിയാമക്കൽ പാലം ജലവിഭവ വകുപ്പ് പൂർത്തീകരിച്ചെങ്കിലും അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായിട്ടില്ലാത്തതിനാൽ പാലം ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആയതിനാൽ സ്ഥലം ഏറ്റെടുത്ത് നിലവിലുള്ള മറ്റുറോഡുകളുമായി ബന്ധിപ്പിച്ച് പാലം ഉപയോഗയോഗ്യമാക്കുന്നതിന് സർക്കാർ അനുവദിച്ച 13.39 കോടി രൂപ വിനിയോഗിച്ച് പാലം ഗതാഗതയോഗ്യമാക്കുമോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കളരിയാമക്കൽ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി പൊതുമരാമത്ത് നിരത്ത് വകുപ്പിൽ നിന്നും 13-1-2021-ലാണ് കോട്ടയം ജില്ലാ കളക്ടർക്ക് റിക്വിസിഷൻ ലഭ്യമാക്കുകയും പ്രസ്തുത അർത്ഥന പ്രകാരം കളരിയാമക്കൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി പൊന്നും വില ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ) പാലായെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതുമാണ്. സ്ഥലമെടുപ്പ് സംബന്ധിച്ച അനുമതി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ അർത്ഥനാധികാരി പൊതുമരാമത്ത് വകുപ്പ് മുഖേന ലഭ്യമാക്കുന്ന മുറക്ക് അനുമതി ഉത്തരവ് പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മാക്കെകടവ്-നേരെകടവ് പാലം

322(4332) <u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മാക്കെകടവ്-നേരെകടവ് പാലത്തിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമകൾക്കുള്ള പുനരധിവാസ പാക്കേജ് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മാക്കേക്കടവ്-നേരെകടവ് പാലത്തിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന ഭൂമിയിലെ ബാധിതർക്കുള്ള പുനരധിവാസ പാക്കേജ് 19-7-2021 തീയതിയിൽ പുനരധിവാസ കമ്മീഷണർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ഏറ്റുമാനൂർ - എറണാകുളം റോഡിലെ വളവ് നികത്തുന്നതിന് നടപടി

323(4333) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ - എറണാകുളം റോഡിലെ വളവുകൾ നികത്തുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികൾ ഇഴഞ്ഞു നീങ്ങുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

മീനച്ചിൽ താലൂക്കിലെ കാണക്കാരി വില്ലേജ് വൈക്കം താലൂക്കിലെ കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിൽ ഉൾപ്പെട്ടു വരുന്ന 1.9652 ഹെക്ടർ സ്ഥലം LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിലേയ്ക്ക് കോട്ടയം പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ അർത്ഥന സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയിട്ടുള്ളതുമാണ്. ഏറ്റെടുക്കേണ്ട ഭൂരിഭാഗം സ്ഥലങ്ങളിലും അലൈൻമെന്റ് സ്റ്റോണുകൾ സ്ഥാപിച്ചിട്ടുള്ളതായും സ്റ്റോണുകൾ സ്ഥാപിക്കുവാൻ സാധിക്കാത്ത സ്ഥലങ്ങൾ മാർക്ക് ചെയ്തിട്ടുള്ളതായും 17-6-21-ൽ അർത്ഥനാധികാരി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പ് സംബന്ധിച്ച അനുമതി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ അർത്ഥനാധികാരി പൊതുമരാമത്ത് വകുപ്പ് മുഖേന ലഭ്യമാക്കുന്ന മുറക്ക് അനുമതി ഉത്തരവ് പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കലുമായി മുന്നോട്ട് പോകുന്നതാണ്.

(ബി) പ്രസ്തുത സ്ഥലമെടുപ്പിനായി എത്ര ഗുണഭോക്താക്കൾക്ക് നഷ്ട പരിഹാരം കൊടുക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ സ്ഥലമെടുപ്പ് പ്രാരംഭ ഘട്ടത്തിലാകയാൽ ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) പ്രസ്തുത പ്രവർത്തനങ്ങൾ നിലവിൽ ആരുടെ മേൽ നോട്ടത്തിലാണ് നടക്കുന്നതെന്നും സ്ഥലം ഏറ്റെടുക്കുന്ന പദ്ധതിയിൽ നഷ്ടപരിഹാരത്തുക വകയിരുത്തിയിട്ടുണ്ടോയെന്നും അറിയിക്കാമോ?

ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ), പാലായുടെ കാര്യാലയം മുഖേനയാണ് നടന്നു വരുന്നത്. പ്രസ്തുത പദ്ധതിക്കുവേണ്ടി കണ്ടിൻജൻസി ചാർജ്ജിനത്തിൽ 50 ലക്ഷം രൂപ അർത്ഥനാധികാരി ലഭ്യമാക്കിയിട്ടുള്ളതായി പൊന്നും വില ഓഫീസർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നഷ്ടപരിഹാര തുക തിട്ടപ്പെടുത്തിയിട്ടില്ല.

## ചൂർണ്ണിക്കരയിൽ പൊതുകളിസ്ഥലത്തിനായി ഭൂമി പതിച്ച് നൽകുന്നതിന് അനുമതി

324(4334) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിൽ, ചൂർണ്ണിക്കര പഞ്ചായത്തിലെ അശോക ടെക്സ്റ്റൈൽസിൽ നിന്നും ഏറ്റെടുത്തതും നിലവിൽ കളിസ്ഥലമായി ഉപയോഗിച്ചു വരുന്നതുമായ ഭൂമി, പഞ്ചായത്തിന് പൊതുകളിസ്ഥലമായി ഉപയോഗിക്കുന്നതിനായി പതിച്ച് നൽകുന്നതിനോ, താൽക്കാലിക ഉപയോഗത്തിന് അനുമതി നൽകുന്നതിനുമായോ ബന്ധപ്പെട്ട എൻ2/109/2017/ റവന്യൂ നമ്പർ ഫയലിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ എന്നത്തേയ്ക്ക് അന്തിമ ഉത്തരവ് ലഭ്യമാകുമെന്നും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ?

(എ&ബി) ആലുവ നിയോജകമണ്ഡലത്തിൽ, ചൂർണ്ണിക്കര പഞ്ചായത്തിലെ അശോക ടെക്സ്റ്റൈൽസിൽ നിന്നും ഏറ്റെടുത്തതും നിലവിൽ കളിസ്ഥലമായി ഉപയോഗിച്ചു വരുന്നതുമായ ഭൂമി, പഞ്ചായത്തിന് പൊതുകളിസ്ഥലമായി ഉപയോഗിക്കുന്നതിനായി പതിച്ചു നൽകുന്ന വിഷയം എൻ2/109/2017/റവന്യൂ ഫയലിൽ പരിശോധിച്ചുവരുന്നു. ആയത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

**മങ്കട മണ്ഡലത്തിലെ മിച്ചഭൂമി**

325(4335) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ മിച്ചഭൂമി ലഭ്യമാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ലഭ്യമാണ്. മങ്കട നിയോജകമണ്ഡലത്തിൽ കോട്ടൂർ വില്ലേജിൽ കിളിയമണ്ണിൽ മൊയ്തുഹാജിയിൽ നിന്ന് മിച്ചഭൂമിയായി പ്രഖ്യാപിച്ച 23.036 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ഉത്തരവായിട്ടുണ്ട്. ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണ്. ടി ഭൂമി മുഴുവനും അന്യകൈവശത്തിലാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഉപയോഗത്തിലല്ലാത്ത സർക്കാർ ഭൂമി ഉണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ ഉപയോഗത്തിലില്ലാത്ത സർക്കാർ ഭൂമി ഇല്ല.

**പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സർക്കാർഭൂമി**

326(4336) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. നജീബ് കാന്തപുരം</u>:
<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ട വ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

പാട്ട വ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള പാട്ടതുക ഈടാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ഈടാക്കുന്നതിനും പാട്ട കക്ഷിക്ക് നിയമാനുസൃതമായി നോട്ടീസ് നൽകി തുക ഒടുക്കു വരുത്താത്ത പക്ഷം കക്ഷിയിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ ആയത് ഈടാക്കുന്നതിനും ആവശ്യമായ കേസുകളിൽ പാട്ടം റദ്ദ് ചെയ്ത് ടി ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിനും വ്യവസ്ഥ ചെയ്തു 1964-ലെ ഭൂമി പതിവ് ചട്ടത്തിലും 1995-ലെ മുനിസിപ്പൽ കോർപറേഷൻ ഏരിയയിലെ ഭൂമി പതിവ് ചട്ടത്തിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതു പ്രകാരം പാട്ട കുടിശിക പിരിച്ചെടുക്കുന്നതിനും പാട്ട വ്യവസ്ഥ ലംഘിച്ച സർക്കാർ ഭൂമികൾ തിരിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു .

(ബി) പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ കൊല്ലം ഈസ്റ്റ് വില്ലേജിൽ ബ്ലോക്ക് 152-ൽ സർവ്വെ 27-ൽ 34.34 ആർ, കൊല്ലം താലൂക്കിൽ മുണ്ടയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 149-ൽ റീസർവ്വെ 90-ൽ 16.90 ആർ. ,കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 231-ൽ റീസർവ്വെ 10-ൽ 12.88 ആർ എന്നീ സ്ഥലങ്ങൾ ലീസ് വ്യവസ്ഥ ലംഘിച്ചതിനാൽ സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുള്ളതാണ്. കോട്ടയം ജില്ലയിൽ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പാട്ടം റദ്ദ് ചെയ്യുന്നതിനായി ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ചേർത്തല തെക്ക് വില്ലേജിൽ ലൂം ക്രാഫ്റ്റ് എന്ന സ്ഥാപനം ഏറ്റെടുത്തിട്ടുണ്ട്. ചേർത്തല താലൂക്കിൽ കൊക്കോതമംഗലം വില്ലേജിൽ M/s മാക്ഡവൽ കമ്പനി (യുണൈറ്റഡ് സ്പിരിറ്റ്) എന്ന സ്ഥാപനവും ഏറ്റെടുത്തിരുന്നതും ആയതിനെതിരെ ഡബ്ല്യൂ.പി.(സി)- 23316/17, ഡബ്ല്യൂ.പി(സി)- 26656/20 നമ്പർ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും കേസുകൾ നിലവിലുള്ളതുമാണ്.

## കയ്യൂർ-ചീമേനി പഞ്ചായത്തിൽ ബസ്റ്റാന്റ് കം കംഫർട്ട് സ്റ്റേഷൻ

327(4337) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്യൂർ-ചീമേനി പഞ്ചായത്തിന്റെ ആവശ്യത്തിന് ബസ്റ്റാന്റ് കം കംഫർട്ട് സ്റ്റേഷൻ പണിയാൻ പഞ്ചായത്തിനകത്തുള്ള പ്ലാന്റേഷൻ കോർപ്പറേഷൻ കൈവശം വച്ച് പോരുന്ന ഭൂമിയിൽ നിന്നും 2 1/2 ഏക്കർ ഭൂമി ലീസായി/പാട്ടമായി അനുവദിക്കാൻ ഉത്തരവാകുകയും ലീസ് തുക നിശ്ചയിച്ച് ഉത്തരവായിട്ടും ഭൂമി വിട്ട് നൽകാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

കയ്യൂർ- ചീമേനി ഗ്രാമപ്പഞ്ചായത്തിന്റെ ആവശ്യത്തിന് ബസ് സ്റ്റാൻഡ് - കം- കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിന് പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള സർക്കാർ ഭൂമിയിൽനിന്നും രണ്ടര ഏക്കർ പാട്ടത്തിന് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്.

## പാറശ്ശാല മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള പ്രവൃത്തികൾ

328(4338) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെ പാറശ്ശാല നിയോജകമണ്ഡലത്തിലെ പെരുങ്കടവിള, പാറശ്ശാല ബ്ലോക്കുകളിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്കാണ് റവന്യൂ വകുപ്പ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്; വിശദവിവരങ്ങൾ അറിയിക്കാമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.* ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിനും അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ അറിയിക്കാമോ;

---

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പ്രവൃത്തികളിൽ ഏതിനൊക്കെ കളക്ടറേറ്റിലെ ദുരന്തനിവാരണ വകുപ്പിന്റെ നിർവ്വഹണാനുമതി ലഭിച്ചു, ഏതിനൊക്കെ ഇനിയും ലഭിക്കാനുണ്ട് തുടങ്ങിയ വിവരം ഇനംതിരിച്ച് ലഭ്യമാക്കാമോ?

(ബി&സി) വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) പ്രസ്തുത പദ്ധതിയിൽ, ഒറ്റ പ്രവൃത്തിക്ക് പത്ത് ലക്ഷം രൂപ മാത്രം വിനിയോഗിക്കാം എന്ന മാനദണ്ഡം പ്രസ്തുത പ്രവൃത്തി പൂർണ്ണമായും പൂർത്തിയാക്കുന്നതിന് തടസ്സമാകുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരു പ്രവൃത്തിക്ക് വിനിയോഗിക്കാവുന്ന പരമാവധി തുക വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിൽ ഗ്രാമീണ റോഡുകൾക്ക് കിലോമീറ്ററിന് 60,000 രൂപയും (അറുപതിനായിരം രൂപ മാത്രം) സ്റ്റേറ്റ് ഹൈവേ/ മേജർ ജില്ലാ റോഡുകൾക്ക് ഒരു ലക്ഷം രൂപയും മാത്രമാണ് അടിയന്തര പുനരുദ്ധാരണ പ്രവൃത്തികൾക്കായി വിനിയോഗിക്കാനാകുന്നത്. എന്നാൽ സംസ്ഥാനത്ത് നിലവിൽ പത്ത് ലക്ഷം രൂപ വരെ റോഡുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും വിനിയോഗിച്ചു വരുന്നു. ആയത് നിലവിലുള്ള കേന്ദ്ര മാനദണ്ഡങ്ങൾക്ക് ഉപരിയായതിനാൽ നിലവിൽ തുക ഉയർത്തുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലില്ല.

## വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം

329(4339) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വിവിധ വില്ലേജ് ഓഫീസുകൾക്ക് പുതിയതായി കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം അറിയിക്കുമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കൂവപ്പള്ളി, കൂട്ടിക്കൽ, പൂഞ്ഞാർ തെക്കേക്കര, ഈരാറ്റുപേട്ട എന്നീ വില്ലേജുകളിൽ സ്മാർട്ട് വില്ലേജ് ഓഫീസുകൾ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് മുണ്ടക്കയം വില്ലേജ് ഓഫീസിന്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതിയ കെട്ടിടം പണിയുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തെ നിർവ്വഹണ ഏജൻസിയായി തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത കെട്ടിട നിർമ്മാണങ്ങൾ ത്വരിതപ്പെടുത്തുന്നതിലേയ്ക്കായി കൃത്യമായ ഇടവേളകളിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ സംഘടിപ്പിച്ചു വരുന്നു.

### വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം

330(4340) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം, നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം എന്നിവയ്ക്കായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളുടെ നിർമ്മാണ-നവീകരണ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

(എ&ബി) പുതുക്കാട് മണ്ഡലത്തിൽ വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം, നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം എന്നിവയ്ക്കായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### ചുനക്കര വില്ലേജ് ഓഫീസ്

331(4341) ശ്രീ. എം. എസ്. അരുൺകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ ചുനക്കര വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം അതീവ ശോചനീയാവസ്ഥയിൽ ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ചുനക്കര വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ചുനക്കര വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) ചുനക്കര വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി മാറ്റുന്നത് പരിശോധിക്കുന്നതാണ്.

**പയ്യന്നൂർ താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം**

332(4342) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി രണ്ട് കോടി അമ്പത് ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ടോ; വർക്ക് ഓർഡർ നൽകിയ തീയതി വ്യക്തമാക്കാമോ?

കരാറുകാരന് 23-12-2020-ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

പ്രവൃത്തി നടത്തേണ്ട സ്ഥലത്തെ മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള നടപടിക്രമം തുടരുന്നതിനാലാണ് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കാത്തത്.

(സി) പുതിയ കെട്ടിടം നിർമ്മിക്കേണ്ട സ്ഥലം കരാറുകാരന് റവന്യൂ വകുപ്പ് കൈമാറിയിട്ടുണ്ടോ?

ഇല്ല.

(ഡി) പ്രസ്തുത സ്ഥലത്തെ മരത്തിന്റെ വില നിശ്ചയിച്ച്, അവ മുറിച്ച് മാറ്റുന്നതിന് സോഷ്യൽ ഫോറസ്ട്രിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ തീയതി വ്യക്തമാക്കാമോ?

ഉണ്ട്. കണ്ണൂർ അസി.ഫോറസ്റ്റ് കൺസർവേറ്ററുടെ 22/07/20 തീയതിയിലെ ജി.826/20(1) (എൽ.ഡിസ്) നമ്പർ കത്ത് പ്രകാരം വില നിശ്ചയിച്ചിട്ടുണ്ട്.

(ഇ) പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടത്തേണ്ടത് ആരാണെന്നും, ടെണ്ടർ നടപടി വൈകുന്നത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

കോഴിക്കോട് പൊതുമരാമത്ത് കെട്ടിടവിഭാഗം ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നുമാണ് ടെണ്ടർ നടപടി സ്വീകരിക്കേണ്ടത്. ടെണ്ടർ നടപടി പൂർത്തിയായി 18 മാസ കാലാവധിയോടെ പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 12-1-2021-ന് കരാറുകാരൻ എഗ്രിമെന്റ് വച്ചിട്ടുണ്ട്.

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

333(4343) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വില്ലേജ് ഓഫീസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇനി ഏതൊക്ക വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

പായിപ്പാട്, വാഴപ്പള്ളി കിഴക്ക്, വാഴപ്പള്ളി പടിഞ്ഞാറ്, തൃക്കൊടിത്താനം എന്നീ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുണ്ട്.

(സി) മുൻസർക്കാരിന്റെ കാലഘട്ടത്തിൽ ഏതൊക്കെ വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

വാഴപ്പള്ളി കിഴക്ക് വില്ലേജ് ഓഫീസിന് ചുറ്റുമതിൽ പണിയുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമായി 2020-21 സാമ്പത്തിക വർഷം പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിരുന്നതും ടി തുക നിർവ്വഹണ ഏജൻസിയായ പി.ഡബ്ല്യൂ.ഡി. യിൽ വർക്ക് ഡിപ്പോസിറ്റ് ചെയ്തിട്ടുള്ളതുമാണ്. ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.*

## മലപ്പുറം റവന്യൂ ടവർ നിർമ്മാണം

334(4344) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ കലക്ടറേറ്റ് നിലവിൽ പ്രവർത്തിക്കുന്നത് ബ്രിട്ടീഷുകാരുടെ കാലത്തെ ബാരക്കിലാണ് എന്നതും ഇപ്പോഴത്തെ സാഹചര്യത്തിൽ കലക്ടറേറ്റ് പ്രവർത്തിക്കുന്നതിന് നിലവിലെ സൗകര്യം അപര്യാപ്തമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ജില്ലാ കലക്ടറുടെ ചേമ്പർ നിലനിർത്തിക്കൊണ്ട് സിവിൽ സ്റ്റേഷനിൽ റവന്യൂ ടവർ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രൊപ്പോസൽ സർക്കാരിന് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേലുള്ള നടപടി ഏതുവരെയായി എന്ന് വിശദീകരിക്കാമോ?

(ബി&സി) മലപ്പുറം റവന്യൂ ടവർ നിർമ്മിക്കുന്നതിന് 65 കോടിയുടെ എസ്റ്റിമേറ്റ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ നിന്നും ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് പരിഗണിക്കുകയുണ്ടായില്ല.

### വില്ലേജ് ഓഫീസുകളുടെ നവീകരണം

335(4345) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

മലപ്പുറം മണ്ഡലത്തിൽ നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുള്ള വില്ലേജ് ഓഫീസുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്മാർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ വില്ലേജ് ഓഫീസുകളും നവീകരിക്കുന്നതിനും മികച്ച സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഓരോ സാമ്പത്തിക വർഷവും വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന്/അറ്റകുറ്റപ്പണിക്ക് ഫണ്ട് അനുവദിക്കുന്നത്. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ വില്ലേജാഫീസുകളും വില്ലേജാഫീസിൽ നിന്നും നൽകിവരുന്ന സേവനങ്ങളും സ്മാർട്ടാകുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

### സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയും കെട്ടിടങ്ങളും

336(4346) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയും കെട്ടിടങ്ങളും കാട് കയറി നശിക്കുന്നതും അവ സാമൂഹ്യവിരുദ്ധരുടെ വിഹാരകേന്ദ്രങ്ങളായി മാറുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലക്കാട് ജില്ലയിലെ അഗളി വില്ലേജിൽ സർവ്വെ 1105/1, 1105/3-ൽപ്പെട്ട സർക്കാർ ഭൂമിയും അതിലുള്ള കെട്ടിടവും കാട് കയറി നശിക്കുന്നതായും വയനാട് ജില്ലയിൽ തിരുനെല്ലി, വാളാട്, ചെറുകാട്ടൂർ, കണിയാമ്പറ്റ എന്നീ വില്ലേജുകളിൽപ്പെട്ട സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയും കെട്ടിടങ്ങളും കാട് കയറിക്കിടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിവരശേഖരണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കാട് കയറി നശിച്ചിട്ടുള്ള സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയുടെയും കെട്ടിടങ്ങളെയും സംബന്ധിച്ച വസ്തുതകളുടെ ഡേറ്റാ ബെയ്സ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. എന്നാൽ പാലക്കാട്, വയനാട് ജില്ലകളിൽ ശ്രദ്ധിക്കപ്പെട്ട കാടു കയറിയ സർക്കാർ ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വില്ലേജ്, സർവ്വെ നമ്പർ | റിമാർക്സ് |
|---|---|---|
| 1. | തിരുനെല്ലി<br>Sy.254/3 0.49 | അവിവാഹിതരായ ആദിവാസി അമ്മമാർക്ക് വേണ്ടി ട്രൈബൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം |
| 2. | വാളാട് B1.1 Sy.84 | റവന്യൂ ക്വാർട്ടേഴ്സ് |
| 3. | ചെറുകാട്ടൂർ B1.56 Re Sy. 372/33 0.0243 | പഴയ ചെറുകാട്ടൂർ വില്ലേജ് ഓഫീസ് കെട്ടിടം |
| 4. | കണിയാമ്പറ്റ B1.14 Re Sy. 172/1-ൽ 0.032 ഹെക്ടർ | കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 172/2 ൽ 0.0070 ഹെക്ടർ അധീനതയിലുള്ള ഭൂമിയും കെട്ടിടവും നിലവിൽ ഉപയോഗ യോഗ്യമല്ല. |
| 5. | അഗളി സർവ്വേ 1105/1, 1105/3 | ഭൂമിയും കെട്ടിടവും |

(സി) ഇത്തരം ഭൂമിയും കെട്ടിടങ്ങളും ഉപയോഗപ്രദമാക്കുന്നതിനും ജനോപകാരപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സർക്കാർ വക ഭൂമിയോ കെട്ടിടങ്ങളോ അന്യാധീനമായി കൈവശപ്പെടുത്തിയിട്ടുള്ളതായോ സർക്കാർ അറിവോടുകൂടിയല്ലാതെ ഉപയോഗ പ്രദമാക്കിയിട്ടുള്ളതായോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സർക്കാർ വക കെട്ടിടങ്ങൾ അനധികൃതമായി കയ്യേറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സർക്കാർ വക ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. സർക്കാർ ഭൂമി കയ്യേറിയവർക്കെതിരെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ഉം 1958-ലെ അനുബന്ധചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സർവ്വേയർ (ഗ്രേഡ് II) തസ്തികയിലേക്ക് കാറ്റഗറി നമ്പർ 415/2015 ആയി നടന്ന പരീക്ഷ സംബന്ധിച്ച്

337(4347) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയർ (ഗ്രേഡ് II) തസ്തികയിലേക്ക് കാറ്റഗറി നമ്പർ 415/2015 ആയി നടന്ന പരീക്ഷയുടെ റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധപ്പെടുത്തിയത്; റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; വിശദമാക്കാമോ?

സർവ്വേയർ ഗ്രേഡ്-2 (കാറ്റഗറി നമ്പർ 415/2015) തസ്തികയുടെ റാങ്ക് ലിസ്റ്റ് 2-5-2018-ന് നിലവിൽവന്നു. നാളിതുവരെ 465 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.

(ബി) വകുപ്പിലെ തുടർച്ചാനുമതി എന്ന സാങ്കേതിക പ്രശ്നം മൂലം റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും ഒരു വർഷത്തോളം നിയമനങ്ങൾ നടക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-ൽ ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം സർവ്വെയും ഭൂരേഖയും വകുപ്പിൽ 635 സർവ്വെയർ തസ്തികകളുൾപ്പെടെ 942 തസ്തികകൾക്ക് തുടർച്ചാനുമതി നൽകുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് 25-10-2019-ലെ സ.ഉ.(സാധാ)2979/2019/റവ ഉത്തരവ് പ്രകാരം വകുപ്പിലെ ടി 942 തസ്തികകളുൾപ്പെടെ ആകെ 2999 താത്കാലിക തസ്തികകൾക്ക് 1-10-2019 മുതൽ 30-9-2020 വരെ തുടർച്ചാനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത കാലയളവിലെ 90 ഒഴിവുകൾ ഉൾപ്പെടെ കേരള പി.എസ്.സി.ക്ക് 16-11-2019 തീയതിയിൽ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് സ്ഥാനക്കയറ്റം മുഖേന ഉണ്ടായ 11 സർവേയർ ഒഴിവുകൾ 22-7-2021 ലും, എട്ട് ഒഴിവുകൾ 27-7-2021 ലും,

31-7-2021 ലെ സ.ഉ.(കൈ)നം.142/2021/റവ ഉത്തരവ് പ്രകാരം ഡ്രാഫ്റ്റ്സ്മാൻ തസ്തികകൾ സർവേയർ തസ്തികകളാക്കി മാറ്റിയത് മുഖേനയുണ്ടായ 110 ഒഴിവുകൾ 1-8-2021-നം, തുടർന്ന് വകുപ്പിലുണ്ടായ രണ്ട് ഒഴിവുകൾ 3-8-2021-നം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. അതോടൊപ്പം KAT-ന്റെ അന്തിമവിധിക്കു വിധേയമായി 194 ഒഴിവുകൾ താൽക്കാലികമായി 3-8-2021 നം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. മേൽ പരാമർശിച്ച 465-നു പുറമേ സർവേയർ തസ്തികയുടെ 325 ഒഴിവുകൾ കൂടി റാങ്ക് ലിസ്റ്റിന്റെ കാലപരിധിക്കുള്ളിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. ഇതിനു മുമ്പ് അപേക്ഷ ക്ഷണിച്ചത് ഏത് വർഷമാണ്; റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയത് എന്നാണെന്നും കാലാവധി അവസാനിച്ചത് എന്നാണെന്നും എത്ര പേർക്ക് നിയമനം നൽകിയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത തസ്തികയിലേക്ക് 14-11-2005-ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 215/2005 ആയാണ് മുൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. 15-11-2008-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലാവധി 14-5-2013-ൽ അവസാനിച്ചു. ആകെ 898 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.

**ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം**

338(4348) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 25-2-2017-ലെ സ.ഉ.(പി) നമ്പർ 3/2017/ഉ.ഭ.പ.വ. ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റങ്ങൾക്ക് 26-8-2020-ലെ സ.ഉ.(സാധാ)നമ്പർ 2723/2020/റവ, 30-7-2021-ലെ സ.ഉ.(സാധാ) നമ്പർ 2485/2021/ റവ എന്നീ ഉത്തരവുകൾ പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കമായി ചേർത്തിട്ടുണ്ട്.)*

(ബി) ഇല്ലെങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുമോ; വ്യക്തമാക്കാമോ?

ബാധകമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പയ്യോളി ടെക്നിക്കൽ ഹൈസ്കൂൾ കാമ്പസിൽ ജലസംഭരണി

339(4349) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ (എൽ) വകുപ്പിൽ നിന്നും നം.42/എൽ2/2020/റവ., 16-9-2020 തീയതി പ്രകാരമുള്ള കത്ത് കോഴിക്കോട് ജില്ലാ കലക്ടർക്ക് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ലഭിച്ചിട്ടുണ്ട്.

(ബി) പയ്യോളി ടെക്നിക്കൽ ഹൈസ്കൂൾ കാമ്പസിൽ ജലസംഭരണി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേരളവാട്ടർ അതോറിറ്റി എം.ഡി. നിർദ്ദിഷ്ട മാതൃകയിലുള്ള അർത്ഥനാ പത്രം കോഴിക്കോട് ജില്ലാ കലക്ടർക്ക് നൽകിയിട്ടുണ്ടോ?

അർത്ഥനാ പത്രം സമർപ്പിച്ചിട്ടില്ല.

(സി) നൽകിയിട്ടില്ലായെങ്കിൽ പ്രസ്തുത അർത്ഥനാ പത്രത്തിന്റെ മാതൃകയുടെ പകർപ്പ് ലഭ്യമാക്കാമോ?

പാട്ടത്തിനുള്ള അപേക്ഷാ ഫോറം (form.5)-ന്റെ മാതൃക ഇതോടൊന്നിച്ച് ലഭ്യമാക്കുന്നു.*

(ഡി) അർത്ഥനാ പത്രത്തോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പാട്ടത്തിനുള്ള അപേക്ഷയുടെ മൂന്ന് പകർപ്പുകൾ ലഭ്യമാക്കിയ ശേഷം തഹസിൽദാർ മുഖാന്തരം അന്വേഷണം നടത്തി ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കാവുന്നതും, ഭൂമി പാട്ടത്തിന് അനുവദിക്കാവുന്നതുമാണ്.

## വയക്കര വില്ലേജ് വിഭജനം

340(4350) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ വിസ്തൃതിയിൽ ഏറ്റവും വലുതായ വയക്കര വില്ലേജ് രണ്ട് പഞ്ചായത്തുകളിലായി വരുന്നത് ജനങ്ങൾക്ക് വലിയ പ്രയാസം ഉണ്ടാക്കുന്നതിനാൽ പ്രസ്തുത വില്ലേജ് വിഭജിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വില്ലേജുകളുടെ വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**തമ്മാനിമറ്റത്തെ തൂക്കുപാലത്തിന്റെ പുനർനിർമ്മാണം**

341(4351) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതും 2018-ലെ മഹാപ്രളയത്തിൽ തകർന്നതുമായ പൂതൃക്ക പഞ്ചായത്തിലെ തമ്മാനിമറ്റത്ത് മൂവാറ്റുപുഴയാറിലെ തൂക്കുപാലം പുനർനിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

തമ്മാനിമറ്റം തൂക്കുപാലത്തിന്റെ നിർമ്മാണം ദുരന്ത പ്രതികരണ നിധി ഉപയോഗിച്ച് മൂവാറ്റുപുഴ പി.ഡബ്ല്യൂ.ഡി (റോഡ്സ് & ബ്രിഡ്ജസ്) വിഭാഗത്തിന്റെ കീഴിൽ Kerala Electrical and Allied Engineering Co.Ltd. (KEL), മാമലയാണ് നടത്തിയിട്ടുള്ളത്. ഇത്തരം നിർമ്മിതികൾ കേന്ദ്ര/സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡത്തിന് വിരുദ്ധമായതിനാൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക വിനിയോഗിച്ചതിന് അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)ന്റെ തടസ്സവാദം നിലനിൽക്കുന്നുണ്ട്. കേന്ദ്ര/സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം, പ്രകൃതി ദുരന്തത്തിൽ തകർന്ന തൂക്കുപാലത്തിന്റെ അടിയന്തര പുനരുദ്ധാരണം മാത്രമേ ഈ തുക വിനിയോഗിച്ച് സാധ്യമാകുകയുള്ളൂ. പുനർനിർമ്മിക്കാൻ ഈ ഫണ്ട് വിനിയോഗിക്കാൻ കഴിയുകയില്ല.

**പൊതുജനങ്ങൾ നൽകിയ അപേക്ഷകൾ**

342(4352) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി സബ്കളക്ടർ ഓഫീസിൽ പൊതുജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി നൽകിയ എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

3329 അപേക്ഷകൾ

(ബി) അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഓഫീസ് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. താഴെപ്പറയുന്ന ബുദ്ധിമുട്ടുകൾ നിലവിൽ നേരിടുന്നുണ്ട്. വയനാട് ജില്ല മുഴുവൻ പ്രവർത്തന പരിധി ഉള്ള മാനന്തവാടി റവന്യൂ ഡിവിഷണൽ ഓഫീസിൽ 1980-ൽ നിശ്ചയിച്ച സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളത്. മറ്റ് ഓഫീസുകളിൽനിന്ന് താൽക്കാലിക അടിസ്ഥാനത്തിൽ നിയോഗിക്കുന്ന ജീവനക്കാരെ ഉപയോഗിച്ചാണ് ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നത്. റവന്യൂ ഡിവിഷണൽ ഓഫീസിന് പുറമേ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി, വൈത്തിരി താലൂക്ക് ലാൻഡ് ബോർഡ്, ഫുഡ് സേഫ്റ്റി അഡ്ജൂഡിക്കേഷൻ ഓഫീസർ, മെയിന്റനൻസ് ട്രിബ്യൂണൽ, മെമ്പർ സെക്രട്ടറി ജില്ലാ നിർമ്മിതി കേന്ദ്രം, മാനേജിംഗ് ഡയറക്ടർ, പ്രിയദർശിനി ട്രാൻസ്പോർട്ട്, പ്രിയദർശിനി പ്ലാന്റേഷൻസ്, പ്രസിഡന്റ് എൻ-ഊര് സൊസൈറ്റി എന്നീ ഓഫീസുകളും പ്രസ്തുത കാര്യാലയത്തിൽ പ്രവർത്തിച്ച് വരുന്നുണ്ട്. കെട്ടിട നികുതി അപ്പീൽ, കേരള തണ്ണീർത്തട നിയമം 2008, കേരള തണ്ണീർത്തട (ഭേദഗതി) നിയമം 2018, കെ.എൽ.സി.കെ.എൽ.ആർ നിയമം എന്നിവ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും മറ്റും ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിന് സ്ഥലപരിശോധന നിർബന്ധമായതും വളരെയധികം സമയമെടുക്കുന്നതുമാണ്. കോവിഡ് സാഹചര്യത്തിൽ സബ് ഓഫീസുകളിൽ നിന്നും സമയബന്ധിതമായി റിപ്പോർട്ടുകൾ ലഭിയ്ക്കുന്നതിലെ വീഴ്ചകൾ ഫയൽ തീർപ്പാക്കുന്നതിന് കാലതാമസം ഉണ്ടാക്കുന്നുണ്ട്.

(സി) പൊതുജനങ്ങളുടെ അപേക്ഷകൾ ഏറ്റവും കൂടുതലുള്ളത് മാനന്തവാടി സബ് കളക്ടർ ഓഫീസിന്റെ ഏത് സെക്ഷനിലാണെന്ന് വ്യക്തമാക്കുമോ?

പൊതുജനങ്ങളുടെ അപേക്ഷകൾ ഏറ്റവും കൂടുതലുള്ളത് മാനന്തവാടി സബ് കളക്ടർ ഓഫീസിന്റെ "സി" സെക്ഷനിലാണ്.

(ഡി) അപേക്ഷകൾ കാലങ്ങളായി കെട്ടിക്കിടക്കുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കോവിഡ് വ്യാപനവും നിയമസഭാ തെരഞ്ഞെടുപ്പും മൂലം നിർത്തിവച്ചിരുന്ന ഫയൽ തീർപ്പാക്കൽ അദാലത്തുകൾ ഈ മാസം മുതൽ ഓൺലൈനായി നടത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്.

**മഞ്ചേശ്വരം താലൂക്കിലെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നതിന് നടപടി**

343(4353) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ നിരവധി ഗ്രൂപ്പ് വില്ലേജുകൾ പ്രവർത്തിക്കുന്നത് കാരണം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത താലൂക്കിൽ നിലവിൽ എത്ര ഗ്രൂപ്പ് വില്ലേജുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

14 ഗ്രൂപ്പ് വില്ലേജുകളാണുള്ളത്.

(സി) പ്രസ്തുത താലൂക്കിലെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത താലൂക്കിലെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജ് ഓഫീസുകൾ ഈ വർഷം തന്നെ തുടങ്ങാൻ കഴിയുമോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(സി-ഇ) സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ ഗ്രൂപ്പുവില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ഭൂരഹിതർ, ഭവനരഹിതർ എന്നിവരുടെ എണ്ണം**

344(4354) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡല പരിധിയിൽ നിലവിലുള്ള ഭൂരഹിതർ, ഭവനരഹിതർ എന്നിവരുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഉണ്ട്. ഭൂരഹിതർ - 1156 ഭവന രഹിതർ - 163

| തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | നിലവിലുള്ള ഭൂരഹിതർ | നിലവിലുള്ള ഭവന രഹിതർ |
|---|---|---|
| നെല്ലനാട് | 125 | 2 |
| പുല്ലമ്പാറ | 57 | 16 |
| വാമനപുരം | 39 | 3 |
| ആനാട് | 154 | 0 |
| നന്ദിയോട് | 136 | 67 |
| പനവൂർ | 110 | 0 |
| പാങ്ങോട് | 156 | 49 |
| പെരിങ്ങമ്മല | 287 | 21 |
| ആകെ | 1156 | 163 |

**പട്ടയം ലഭിച്ച ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

345(4355) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിച്ച ഭൂമിയിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്; ഇത് സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും ബാധകമാണോ?

1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കൃഷിക്കും താമസത്തിനും സമീപ വസ്തുവിന്റെ ഗുണപരമായ അനുഭവത്തിനുമാണ് പട്ടയം അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ പതിനാല് ജില്ലകളിലും ഇത് ഒരു പോലെ ബാധകമാണ്.

(ബി) ഇത്തരം ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ടോ; ഇത് എല്ലാ ജില്ലകൾക്കും ബാധകമാണോ?

ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ, കെഡിഎച്ച്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നീ എട്ട് വില്ലേജുകൾ അടങ്ങുന്ന മൂന്നാർ പ്രദേശത്ത് കാർഷികാവശ്യങ്ങൾക്കായി പതിച്ചു കൊടുത്ത ഭൂമിയിൽ വ്യാപകമായ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ, മൂന്നാർ പ്രദേശത്ത് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണെന്ന് WP(C) 1801/2010 കേസിലെ 21-1-2010 ഇടക്കാല ഉത്തരവിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചു. പ്രസ്തുത ഹൈക്കോടതി ഉത്തരവിനെ തുടർന്ന് 9-6-2016-ലെ ഇടുക്കി ജില്ലാ കളക്ടറുടെ സർക്കുലർ പ്രകാരം ഇടുക്കി ജില്ലയിലെ ടി എട്ട് വില്ലേജുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട കേസിലെ സുപ്രീംകോടതിയുടെ വിധി എല്ലാ ജില്ലകളിലും നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രീമതി ലാലി ജോർജ്ജ് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 17983/2019 നമ്പർ കേസിൽ ബഹു.ഹൈക്കോടതിയുടെ 25-6-2020-ലെ ഉത്തരവിൽ റവന്യൂ വകുപ്പ് നൽകുന്ന കൈവശ സർട്ടിഫിക്കറ്റുകളിൽ ഭൂമി എന്താവശ്യത്തിനാണ് പതിച്ചു നൽകിയതെന്ന് വ്യക്തമാക്കണമെന്ന് നിർദ്ദേശിക്കുകയും ഇതിനെതിരെ സർക്കാർ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി തള്ളുകയും തുടർന്ന് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട് possession certificate-നുള്ള അപേക്ഷയിൽ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമി, കേരള ലാൻഡ് അസ്സൈൻമെന്റ് ആക്ട് 1960 പ്രകാരം ഒരു പ്രത്യേക ആവശ്യത്തിനായി പതിച്ചു നൽകിയതാണോ/ അല്ലയോ എന്ന വിഷയം കൂടി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ പരിശോധിക്കേണ്ടതാണെന്നും ഭൂമി പതിവ് ചട്ട പ്രകാരം ഒരു പ്രത്യേക ആവശ്യത്തിന് പതിച്ചു നൽകിയ ഭൂമിയാണെങ്കിൽ ആ വിവരം കൂടി രേഖപ്പെടുത്തി മാത്രമേ ബന്ധപ്പെട്ട റവന്യൂ അധികാരികൾ possession certificate അനുവദിക്കുവാൻ പാടുള്ളൂവെന്നും നിർദ്ദേശം നൽകി 2-12-2020-ൽ സ.ഉ(എം.എസ്).290/2020/റവ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവ് എല്ലാ ജില്ലയിലും ബാധകമാണ്.

## റവന്യൂ വകുപ്പിന്റെ ഭൂമിയിൽ കൃഷി ചെയ്യുന്നതിന് നടപടി

346(4356) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മീനച്ചിൽ താലൂക്കിൽ തലനാട് വില്ലേജിൽ റവന്യൂ വകുപ്പിനു കീഴിലുള്ള സർവ്വെ നമ്പർ 484/2-ൽ 1.87 ഹെക്ടർ സ്ഥലത്ത് എന്തെങ്കിലും കൃഷി നിലവിലുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ തലനാട് വില്ലേജിൽ ബ്ലോക്ക്-59-ൽ റീസർവ്വേ നമ്പർ 484/2-ൽപ്പെട്ട 1.87 ഹെക്ടർ സ്ഥലത്ത് നിലവിൽ കൃഷി ഒന്നും ചെയ്തിട്ടില്ല. 2019-20 വർഷം വരെ ടി വസ്തുവിൽ കപ്പകൃഷി ചെയ്യുന്നതിന് ലേലം ചെയ്ത് നൽകിയിരുന്നു. കോവിഡ്-19-ന്റെ സാഹചര്യത്തിൽ 2020-21 വർഷത്തിൽ ലേലം നടന്നിട്ടില്ലാത്തതാണ്.

(ബി) കേരള സർക്കാർ ജി..ഒ. 1009/2020/എൽ.എസ്.ജി.ഡി. പ്രകാരം സുഭിക്ഷകേരളം തരിശ് കൃഷി പ്രോത്സാഹന പദ്ധതി അനുസരിച്ച് റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലത്ത് വാഴ, പച്ചക്കറി എന്നീ കൃഷികൾ നടത്തുന്നതിന് കൃഷി വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ടി സ്ഥലത്ത് ജലസേചന സൗകര്യം ഇല്ലാത്തതിനാൽ വാഴ, പച്ചക്കറി കൃഷി നടത്തുന്നതിന് അനുയോജ്യമല്ല.

## ഇ.ഡബ്ല്യൂ.എസ്. സർട്ടിഫിക്കറ്റ്

347(4357) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തിക പിന്നോക്കാവസ്ഥ അനുഭവിക്കുന്നവർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നല്കപ്പെടേണ്ടതായ ഇ.ഡബ്ല്യൂ.എസ്. സർട്ടിഫിക്കറ്റ് സീറോ മലബാർ ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ സ്കൂൾ സർട്ടിഫിക്കറ്റിൽ സീറോ മലബാർ എന്ന് രേഖപ്പെടുത്താത്ത കാരണത്താൽ ഇ.ഡബ്ല്യൂ.എസ്. സർട്ടിഫിക്കറ്റ് ചില റവന്യൂ ഉദ്യോഗസ്ഥർ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശം നല്കി അർഹരായ മുഴുവൻ സീറോ മലബാർ ക്രിസ്ത്യൻ വിഭാഗങ്ങൾക്കും പ്രസ്തുത സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) നിലവിൽ SC, ST, OBC, OEC തുടങ്ങിയ സംവരണ പട്ടികകളിലൊന്നും ഉൾപ്പെടാത്ത സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന എല്ലാ വിഭാഗങ്ങൾക്കും സാമ്പത്തിക സംവരണത്തിന് (EWS reservation) അർഹതയുണ്ടായിരിക്കുന്നതാണ്. കേരളത്തിൽ നിലവിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കാത്ത സംവരണേതര വിഭാഗങ്ങളെ ഉൾപ്പെടുത്തി പൊതുഭരണ (ഏകോപന) വകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ പട്ടികയിൽ ക്രമ നമ്പർ 163 ആയി രേഖപ്പെടുത്തിയിട്ടുള്ളത് 'സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്)' എന്നാണ്. 'റോമൻ കാത്തലിക്' എന്ന് സ്കൂൾ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയവർക്ക് സാക്ഷ്യപത്രം ലഭിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പട്ടികയിൽ ക്രമ നമ്പർ 163-ലെ രേഖപ്പെടുത്തൽ 'സിറിയൻ കാത്തലിക്/റോമൻ കാത്തലിക്/ സീറോ മലബാർ കാത്തലിക്' എന്നിങ്ങനെ പരിഷ്കരിച്ച് ഉത്തരവാകുന്നതിലേക്ക് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. അതേ സമയം നിലവിലെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് മാത്രമേ EWS സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. ജാതി-മത വ്യത്യാസം കൂടാതെ ഇപ്പോൾ സംവരണം ലഭിക്കാത്ത എല്ലാ വിഭാഗങ്ങളിലെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ, EWS സംവരണത്തിന് അർഹരാണ്. മുന്നോക്ക കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ഉൾപ്പെടാത്തതും നിലവിൽ എസ്.സി./എസ്.ടി., ഒ.ബി.സി. സംവരണമൊന്നും ലഭിക്കാത്ത വിഭാഗങ്ങളും EWS സംവരണത്തിന് അർഹരാണ്.

## റിവർ ബാങ്ക് മാപ്പിങ്ങും സാന്റ് ഓഡിറ്റിങ്ങും

348(4358) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പ്രധാന നദിയായ പയസ്വിനി അഥവാ ചന്ദ്രഗിരിപ്പുഴയുടെ റിവർ ബാങ്ക് മാപ്പിങ്ങും സാൻഡ് ഓഡിറ്റിങ്ങും ആരംഭിച്ചതും അവസാനിച്ചതും എപ്പോഴാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ പ്രധാന നദിയായ പയസ്വിനി അഥവാ ചന്ദ്രഗിരിപ്പുഴയെ രണ്ട് ഭാഗങ്ങളായി തിരിച്ചാണ് റിവർ ബാങ്ക് മാപ്പിംഗും, സാൻഡ് ആഡിറ്റിംഗും നടത്തിയിട്ടുള്ളത്. ചന്ദ്രഗിരി പാർട്ട്-1-ന്റെ സാന്റ് ആഡിറ്റിംഗ്, റിവർബാങ്ക് മാപ്പിംഗ് 21-4-2012-ലെ G.O (Ms) No.161/2012/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആരംഭിക്കുകയും അതിൽ സാൻഡ് ഓഡിറ്റിങ്ങ് 6-6-2015-ലെ G.O(Ms) No.228/2015/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും റിവർ ബാങ്ക് മാപ്പിംഗ് മാർച്ച് 2015-ലും പൂർത്തീകരിച്ചിരുന്നു. ചന്ദ്രഗിരി പാർട്ട്-2 ന്റെ സാന്റ് ആഡിറ്റിംഗ്, റിവർ ബാങ്ക് മാപ്പിംഗ് എന്നിവ 24-10-2017-ലെ G.O(Ms) No.355/2017/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആരംഭിക്കുകയും, അതിൽ സാന്റ് ആഡിറ്റിംഗ്, 18-6-2020-ലെ G.O (Rt) No.2223/2020/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത പുഴയുടെ റിവർ ബാങ്ക് മാപ്പിംഗ് അന്തിമ ഘട്ടത്തിലാണ്.

(ബി) ഇതിനു നേതൃത്വം നൽകിയ ടീം ഏതാണെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ ഭാരത് സേവക് സമാജ് എന്ന സ്ഥാപനമാണ് ചന്ദ്രഗിരിപ്പുഴയുടെ റിവർ ബാങ്ക് മാപ്പിംഗും, സാന്റ് ആഡിറ്റിംഗും ഐ.എൽ.ഡി.എം-ലെ റിവർ മാനേജ്മെന്റ് സെന്ററിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം നടത്തിയിട്ടുള്ളത്.

(സി) പ്രസ്തുത നദിയുടെ റിവർ ബാങ്ക് മാപ്പിങ്ങും, സാന്റ് ഓഡിറ്റിങ്ങും നടന്നിരുന്നോ എന്ന് വ്യക്തമാക്കാമോ?

1. ചന്ദ്രഗിരി (പാർട്ട്-1)-ന്റെ സാന്റ് ആഡിറ്റിംഗ് കാനത്തൂർ-എരിഞ്ഞിപ്പുഴ-കുട്ടികോളെ റോഡ് ബ്രിഡ്ജ് (ബേഡഡുക്ക പഞ്ചായത്ത്) മുതൽ നൈമാർമൂല-പെരുമ്പള കടവ് വരെയുള്ള 21 കി.മീ. ചന്ദ്രഗിരി (പാർട്ട്-1)-ന്റെ റിവർ ബാങ്ക് മാപ്പിംഗ് പല്ലംകോട് പാലം മുതൽ (ദേലംപാടി പഞ്ചായത്ത്) മുതൽ നൈമാർമൂല-പെരുമ്പള കടവ് വരെയുള്ള 38.8 കി.മീ.

2. ചന്ദ്രഗിരി (പാർട്ട്-2)-ന്റെ സാന്റ് ആഡിറ്റിംഗ് കാസർഗോഡ് ജില്ലയിലെ വാവടുക്കം പാലം മുതൽ പയസ്വിനി പുഴയിൽ ചേരുന്നതു വരെയുള്ള 20 കി.മീ ചന്ദ്രഗിരി (പാർട്ട്-2)-ന്റെ റിവർബാങ്ക് മാപ്പിംഗ് പാണത്തൂർ പാലം മുതൽ പയസ്വിനി പുഴയിൽ ചേരുന്നതു വരെയുള്ള 47 കി.മീ എന്നീ രണ്ട് ഭാഗങ്ങളായി ചെയ്തിട്ടുണ്ട്.

(ഡി) റിവർ ബാങ്ക് മാപ്പിംഗ് എന്നത് കൊണ്ടുദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമാക്കാമോ?

നദീതീര ജൈവ ഭൗതിക വ്യവസ്ഥയുടെ തൽസ്ഥിതി സംബന്ധിച്ച വിവരശേഖരണമാണ് റിവർ മാപ്പിംഗിലൂടെ ഉദ്ദേശിക്കുന്നത്. നദീതീരത്തെ ഭൗതിക പ്രത്യേകതകൾ, ഭൂപ്രകൃതി പ്രത്യേകതകൾ, ഭൂനിയോഗ വിവരങ്ങൾ, മനുഷ്യനിർമ്മിതികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ കഡസ്ട്രൽ തലത്തിൽ ശേഖരിച്ച് ഡിജിറ്റൽ ഭൂപടങ്ങൾ തയ്യാറാക്കുന്ന പ്രവർത്തനം ഇതിലുൾപ്പെടുന്നു.

(ഇ) പ്രസ്തുത പുഴയിലെ മണലിന്റെ ലഭ്യതയെക്കുറിച്ച് എന്താണ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ചന്ദ്രഗിരി, പാർട്ട്-1-ന്റെ സാന്റ് ഓഡിറ്റിംഗ് റിപ്പോർട്ടിൽ നിയമാനുസൃതം ഖനനം നടത്താവുന്ന മണൽ ലഭ്യത ഇല്ലായെന്നുള്ളതാണ് പ്രധാന കണ്ടെത്തൽ. ചന്ദ്രഗിരി, പാർട്ട്-2-ന്റെ റിപ്പോർട്ട് പ്രകാരം നിയന്ത്രിത അളവിൽ ഖനനം നടത്താവുന്ന മണൽ ലഭ്യത കണ്ടെത്തിയിട്ടുണ്ട്.

(എഫ്) സാന്റ് ഓഡിറ്റിംഗ് നടക്കാത്ത എത്ര കടവുകൾ കാസർഗോഡ് ജില്ലയിൽ ഉണ്ട്; ഇവിടങ്ങളിലെ സാന്റ് ഓഡിറ്റിംഗ് നടപടികൾ എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

കടവിന്റെ അടിസ്ഥാനത്തിലല്ല സാന്റ് ഓഡിറ്റിംഗ് നടക്കുന്നത്. കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരി, ഷിറിയ & എൽകാന, ഉപ്പള, മൊഗ്രാൽ എന്നീ നദികളുടെ സാന്റ് ആഡിറ്റ് പൂർത്തിയായിട്ടുണ്ട്.

**മലയോര മേഖലയിലെ കർഷകരുടെ റവന്യൂ രേഖ തിരുത്തുന്നതിന് നടപടി**

349(4359) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോരമേഖലയിലെ ചില പ്രദേശങ്ങളിലെ നാമമാത്ര കർഷകരുടെ ഭൂമി, തോട്ടം പുരയിടം എന്ന് രേഖകളിൽ ഉൾപ്പെട്ടിരിക്കുന്നതുമൂലം ഭവനനിർമ്മാണത്തിനും ക്രയവിക്രയത്തിനും വസ്തുവിന്മേൽ വായ്പയെടുക്കുന്നതിനും തടസ്സമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുമോ?

ഭൂപരിഷ്കരണ നിയമത്തിലെ 81(1) വകുപ്പ് പ്രകാരം ഒഴിവ് അനുവദിച്ച ഭൂമികളിൽ കെട്ടിട പെർമിറ്റ്, വൈദ്യുത കണക്ഷൻ, വാട്ടർ കണക്ഷൻ തുടങ്ങിയവ ലഭിക്കുന്നതിന് തടസ്സമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് കേരള ഭൂപരിഷ്കരണ നിയമം ശരിയായി വ്യാഖ്യാനിച്ചുകൊണ്ടും അനുപ്രകാരം റവന്യൂ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കിക്കൊണ്ടും കരട് സർക്കുലർ തയ്യാറാക്കി നിയമപരമായ സാംഗത്യം പരിശോധിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്.

**പട്ടയം ലഭിച്ച ഭൂമിയിന്മേലുള്ള തർക്കം**

350(4360) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്കിൽ തെക്കിൽ വില്ലേജിൽ റീസർവ്വേ നമ്പർ 142/1-ൽ എൽ.എ./57/88 നമ്പർ പട്ടയ പ്രകാരം ശ്രീമതി യു. കെ. ആയിഷാബിക്ക് ലഭിച്ച ഭൂമിയിന്മേലുള്ള തർക്കം സംബന്ധിച്ച് സർവ്വേ വിജിലൻസ് പരിശോധന നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് താലൂക്കിൽ തെക്കിൽ വില്ലേജിൽ റീസർവ്വേ നമ്പർ 142/1-ൽ എൽ.എ./57/88 നമ്പർ പട്ടയ പ്രകാരം ശ്രീമതി യു. ബി. ആയിഷയ്ക്ക് ലഭിച്ച ഭൂമിയിന്മേലുള്ള തർക്കം സംബന്ധിച്ച് സർവ്വേ വിജിലൻസ് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കാസർഗോഡ് താലൂക്കിൽ തെക്കിൽ വില്ലേജിൽ റീസർവ്വേ നമ്പർ 142/1-ൽ എൽ.എ./57/88 നമ്പർ പട്ടയ പ്രകാരം ശ്രീമതി യു. ബി. ആയിഷയ്ക്ക് ലഭിച്ച ഒരേക്കർ സ്ഥലത്തിൽ 12-4-2016-ന് താലൂക്ക് സർവ്വേയറിന്റെ നേതൃത്വത്തിൽ ഭൂമി സർവ്വേ ചെയ്ത് അളവിൽ മാറ്റം വരുത്തി 90 3/4 സെന്റ് ആക്കി തഹസിൽദാർക്ക് 4-5-2016-ന് L3-1052/16 നമ്പർ കത്ത് ആയി കൊടുത്തതായും പട്ടയഭൂമിയിൽ കുറവ് വരുത്തി സർക്കാർ ഭൂമിയായി KLC നടപടി സ്വീകരിക്കുവാൻ ഇടയായത് സർവ്വെയറുടെ നടപടി മൂലമാണന്നതിനാലാണ് ടിയാന് എതിരെ നിയമ നടപടി സ്വീകരിക്കണമെന്ന് ശ്രീമതി യു. ബി. ആയിഷ പരാതി സമർപ്പിച്ചിരുന്നത്. പ്രസ്തുത പരാതിയിന്മേൽ കോഴിക്കോട് സർവ്വേ റീജിയണൽ ജോയിന്റ് ഡയറക്ടർ മുഖാന്തരം നടത്തിയ സ്ഥലപരിശോധന അടക്കമുള്ള റിപ്പോർട്ടും ലഭ്യമായ റെക്കാർഡുകളും പരിശോധിച്ചാണ് സർവ്വേ വിജിലൻസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്; ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

തഹസിൽദാർക്ക് ഉചിതവും നിയമാനുസൃതവുമായ തീരുമാനം എടുക്കുന്നതിനുതകുന്ന രീതിയിൽ വ്യക്തമായ റിപ്പോർട്ട് നൽകിയില്ലായെന്നതിനാൽ ടിയാനെതിരെ നിയമാനുസൃത വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ ടിയാനെ ജില്ലാ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും റീ-സർവ്വേ എ.ഡി.യുടെ കാര്യാലയത്തിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

(സി) ഒരു ചെറിയ തർക്കമായിട്ട് പോലും നിയമാനുസൃതമായ തീരുമാനം എടുക്കാവുന്ന രീതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ റിപ്പോർട്ട് നല്കാതിരുന്നതിനാൽ വൃദ്ധയായ ശ്രീമതി യു. കെ. ആയിഷാബിക്കും സർക്കാരിനും ഉണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടിക്ക് പുറമെ സർക്കാരിനും പാവപ്പെട്ട വൃദ്ധയായ സ്ത്രീക്കും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം ടിയാനിൽ നിന്ന് ഈടാക്കി നൽകാനുള്ള നടപടിയും സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

പരാതിക്ക് ആസ്പദമായ വിഷയത്തിൽ സർക്കാരിനോ, ശ്രീമതി ആയിഷാബിയ്ക്കോ, സാമ്പത്തിക നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടില്ല.

**കോട്ടയം ജില്ലയിലെ റീസർവ്വേ നടപടികളുടെ പുരോഗതി**

351(4361) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഏതെല്ലാം താലൂക്കുകളിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി, വൈക്കം, മീനച്ചിൽ, കോട്ടയം, കാഞ്ഞിരപ്പള്ളി എന്നീ അഞ്ച് താലൂക്കുകളിലായി ആകെ 100 വില്ലേജുകളാണുള്ളത്. ഇതിൽ ചങ്ങനാശ്ശേരി, മീനച്ചിൽ, കോട്ടയം, കാഞ്ഞിരപ്പള്ളി എന്നീ താലൂക്കുകളിലെ 82 വില്ലേജുകൾ പൂർണ്ണമായും, വൈക്കം താലൂക്കിലെ ആറ് വില്ലേജുകൾ ഉൾപ്പെടെ ആകെ 88 വില്ലേജുകളുടെ റീസർവ്വെ നടപടികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി) വൈക്കം താലൂക്കിലെ ഏതെല്ലാം വില്ലേജുകളിലെ റീസർവ്വേ പൂർത്തിയായെന്ന് വ്യക്തമാക്കുമോ; പ്രസ്തുത താലൂക്കിൽ ഇപ്പോൾ നടന്നുവരുന്ന റീസർവ്വേ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വൈക്കം താലൂക്കിലെ കടുത്തുരുത്തി, കോതനല്ലൂർ, മാഞ്ഞൂർ, മുളക്കുളം, മുട്ടുച്ചിറ, ഞീഴൂർ എന്നീ ആറ് വില്ലേജുകളുടെ റീസർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ടി താലൂക്കിലെ വടയാർ വില്ലേജിന്റെ റീസർവ്വെ നടപടികൾ പുരോഗതിയിലാണ്. ആയതിന്റെ ഭാഗമായി സർവ്വെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## ഉദുമ സബ്‌രജിസ്ട്രാർ ഓഫീസിൽ നിന്നും 1281-ാം നമ്പർ ആധാര പ്രകാരമുള്ള സ്ഥലം

352(4362) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്കിൽ കുറ്റിക്കോൽ വില്ലേജിൽ 1976 സെപ്തംബർ 1-ന് ഉദുമ സബ്‌രജിസ്ട്രാർ ഓഫീസിൽ നിന്നും 1281-ാം നമ്പർ ആധാര പ്രകാരമുള്ള R.S.No.149/1-ൽപ്പെട്ട 1.06 ഏക്കർ സ്ഥലം നിലവിൽ ആരുടെ കൈവശമാണുള്ളതെന്നറിയിക്കാമോ?

കാസർഗോഡ് താലൂക്കിലെ കുറ്റിക്കോൽ വില്ലേജിൽ 1976 സെപ്റ്റംബർ 1-ന് ഉദുമ സബ് രജിസ്റ്റർ ഓഫീസിൽ നിന്നും 1281-നമ്പർ ആധാരത്തിൽ വിവരിച്ചിട്ടുള്ള പ്രകാരമുള്ള R.S. No:149/1-ൽപെട്ട 1.06 ഏക്കർ സ്ഥലം ശ്രീ.മുഹമ്മദ് കുഞ്ഞിയിൽ നിന്ന് സെക്രട്ടറി, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (എം), കുറ്റിക്കോൽ ലോക്കൽ കമ്മിറ്റി വിലയ്ക്ക് വാങ്ങിയിട്ടുള്ളതാണ്.

(ബി) എത്ര വർഷമായിട്ട് ഇതിന് നികുതി അടച്ചുവരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ?

നിലവിൽ ടി ഭൂമിയിൽ കെ. എൽ. സി. കേസ് ഉള്ളതിനാൽ നികുതി അടയ്ക്കുന്നില്ല.

(സി) സ്ഥലം അളന്നു നൽകുമ്പോൾ സ്കെച്ചിൽ വന്ന പിഴവ് പരിഹരിച്ച് നൽകണമെന്നാവശ്യപ്പെട്ട് സ്ഥലം ഉടമ നൽകിയ ഹർജിയിൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് റീസർവ്വേ നടത്തി സ്കെച്ച് മാറ്റി നൽകി പ്രശ്നം പരിഹരിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അയിയിക്കാമോ?

(സി&ഡി) ഈ ഭൂമി സംബന്ധിച്ച് കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ നിലവിലുള്ളതാണ്. കാസർഗോഡ് റവന്യൂ ഡിവിഷണൽ ഓഫീസറുടെ അപ്പീൽ തീർപ്പാക്കികൊണ്ടുള്ള ഉത്തരവിന്മേൽ സമർപ്പിക്കപ്പെട്ട റിവിഷൻ ഹർജിയിൽ അപ്പീൽ തീരുമാനം പുനഃപരിശോധിക്കുന്നതിനായി ഉത്തരവാക്കുകയും കേസ് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് മടക്കി അയക്കുകയും ചെയ്ത പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ നടപടി തുടർന്നുവരുന്നതുമാണ്.

## റീസർവ്വേ പൂർത്തീകരിക്കാത്ത വില്ലേജുകൾ

353(4363) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ പൂർത്തീകരിക്കാത്ത എത്ര വില്ലേജുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 757 വില്ലേജുകളുടെ റീസർവ്വെ ജോലികൾ പൂർത്തിയാക്കുവാൻ ശേഷിക്കുന്നുണ്ട്.

(ബി) റീസർവ്വെ നടപടികൾ പൂർത്തീകരിക്കുന്നതിന് എന്തുകൊണ്ടാണ് കാലതാമസം നേരിടുന്നത് എന്ന് വ്യക്തമാക്കാമോ?

റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിലുള്ള ജീവനക്കാരെ വിവിധ താലൂക്കുകളിലെ LRM, സ്പെഷ്യൽ സർവ്വെ, പട്ടയ സർവ്വെ കൂടാതെ സർക്കാരിന്റെ വിവിധ വികസന പദ്ധതികളുമായി ബന്ധപ്പെട്ട സർവ്വെ ജോലികൾക്കായി നിയോഗിക്കുന്നതിനാൽ സംസ്ഥാനത്തെ റീസർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നു. എന്നാൽ ആധുനിക സർവ്വെ സാങ്കേതിക വിദ്യയായ Continuously Operating Reference Station (CORS) നെറ്റ് വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും Realtime kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനുമായി സർവ്വെ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വെയറുടെ കൂടി സേവനം വിനിയോഗിച്ച് സർവ്വെ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും പദ്ധതിക്കാവശ്യമായ തുക Rebuild Kerala Initiative (RKI)-ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ശിപാർശ പരിഗണനയിലുമാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ റീസർവ്വെ ജോലികൾ കൂടുതൽ വേഗത്തിൽ പൂർത്തിയാക്കുവാൻ കഴിയുന്നതാണ്.

(സി) സർക്കാർ പുറമ്പോക്ക് ഭൂമിയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക്, കന്നുകാലി മേച്ചിൽപ്പുറം, തോടുകൾ, കുളങ്ങൾ, നീർച്ചാലുകൾ തുടങ്ങിയവയും സംരക്ഷിക്കുന്നതിന് സർവ്വേ വിഭാഗം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

റീസർവ്വെ നടപടികളുടെ പരമമായ ലക്ഷ്യം സർക്കാർ ഉടമസ്ഥതയിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക്, പൊതു ഉപയോഗത്തിലുള്ള റോഡ്, തോട്, കുളം, നീർച്ചാലുകൾ തുടങ്ങിയ പുറമ്പോക്ക്

ഭൂമികളുടെ സംരക്ഷണമാണ്. ആയതിനാൽ നിലവിലെ റവന്യൂ റിക്കാർഡുകളുടെയും, അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ പുറമ്പോക്ക്, നാളത് പുറമ്പോക്ക് ഭൂമികൾ വിസ്തീർണ്ണത്തിലും അളവിലും കുറവ് വരുന്നില്ലായെന്ന് ഉറപ്പ് വരുത്തിയതിനു ശേഷമാണ് സ്വകാര്യ വസ്തുക്കൾ സർവ്വെ ചെയ്യുന്നത്. കൂടാതെ വില്ലേജ് റിക്കാർഡുകൾ പ്രകാരമുള്ള പുറമ്പോക്കിൽ കുറവ് വന്നിട്ടില്ലായെന്ന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ മുഖേന ഉറപ്പുവരുത്തിയതിനു ശേഷമാണ് സർവ്വെ & ബൗണ്ടറീസ് ആക്ട് സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതും റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുകയും ചെയ്യുന്നത്. പ്രസ്തുത നടപടികളാണ് പുറമ്പോക്ക് ഭൂമികളുടെ സംരക്ഷണത്തിന് സർവ്വെ വകുപ്പ് സ്വീകരിച്ചു വരുന്നത്.

## കണ്ണൂർ താലൂക്കിൽ റീസർവ്വേ

354(4364) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ താലൂക്കിൽ റീസർവ്വേ നടന്ന വില്ലേജുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

കണ്ണൂർ താലൂക്കിൽ ആകെയുള്ള 28 വില്ലേജുകളിൽ ഒരു വില്ലേജിന്റെയും റീസർവ്വെ ജോലികൾ ആരംഭിച്ചിട്ടില്ല.

(ബി) റീസർവ്വേ നടപടികൾ പൂർത്തിയാവാത്ത സാഹചര്യം സൃഷ്ടിച്ചിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റീസർവ്വേ നടപടി ഊർജ്ജിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആധുനിക സർവ്വെ സാങ്കേതിക വിദ്യയായ Continuously Operating Reference Station (CORS) നെറ്റ് വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും Real-time kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവെയറുടെ കൂടി സേവനം വിനിയോഗിച്ച് സർവ്വെ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും പദ്ധതിക്കാവശ്യമായ തുക Rebuild Kerala Initiative (RKI) ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ശിപാർശ പരിഗണനയിലുമാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കണ്ണൂർ താലൂക്കിൽ ഉൾപ്പെടെ റീസർവ്വെ ജോലികൾ കൂടുതൽ കൃത്യതയോടും, സമയബന്ധിതമായും പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

## സർക്കാർ ഭൂമികൾ

355(4365) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യത്തിന് ലഭ്യമാക്കുന്ന സർക്കാർ ഭൂമികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സർക്കാർ പുറമ്പോക്ക്, മിച്ചഭൂമിയായി ഏറ്റെടുത്തത്, പൊതു ആവശ്യങ്ങൾക്കായി നീക്കി വച്ചിട്ടുള്ള ഭൂമി മുതലായവയാണ് സർക്കാർ ഭൂമികൾ.

(ബി) ഏതെല്ലാം പൊതു ആവശ്യങ്ങൾക്കാണ് ഇങ്ങനെയുള്ള ഭൂമികൾ ലഭ്യമാവുക എന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കും ഭൂരഹിതർക്ക് പതിച്ച് നൽകുന്നതിനുമാണ് ഇത്തരം ഭൂമികൾ ലഭ്യമാകുന്നത്.

(സി) പൊതു ആവശ്യത്തിന് ലഭ്യമാക്കാവുന്ന കാസർകോട് ജില്ലയിലെ സ്ഥലത്തിന്റെ വിസ്തീർണ്ണം, സർവ്വേ നമ്പർ അടക്കമുള്ള വിശദാംശങ്ങൾ വില്ലേജ് തിരിച്ച് നൽകാമോ?

പൊതു ആവശ്യത്തിന് ലഭ്യമാക്കാവുന്ന കാസർകോട് ജില്ലയിലെ സ്ഥലത്തിന്റെ വിസ്തീർണ്ണം, സർവ്വേ നമ്പർ അടക്കമുള്ള വിശദാംശങ്ങൾ വില്ലേജ് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

## പ്രളയത്തിൽ നശിച്ച രേഖകളുടെ കണക്കെടുപ്പ്

356(4366) ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിൽ നശിച്ചതും കേടുപറ്റിയതുമായ രേഖകളുടേയും പ്രമാണങ്ങളുടെയും കണക്കെടുപ്പ് ഭൂരേഖ വകുപ്പ് നടത്തിയിട്ടുണ്ടോ?

ഇല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവ വീണ്ടെടുക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

സർവ്വെയും ഭൂരേഖയും വകുപ്പ് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ വകുപ്പിന്റെ പക്കലുള്ള അമൂല്യവും പുനർനിർമ്മിക്കാൻ കഴിയാത്തതുമായ റിക്കാർഡുകൾ സംരക്ഷിക്കുന്നതിനായി ഇവ സ്കാൻ ചെയ്ത് ഓൺലൈൻ പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, വകുപ്പിലെ മുഴുവൻ രേഖകളും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## ഭൂപരിഷ്കരണ നിയമം പ്രകാരം ഏറ്റെടുത്ത ഭൂമി

357(4367) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ മലപ്പുറം ജില്ലയിൽ വിതരണം ചെയ്യുന്നതിനായി ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുത്ത മൂന്ന് സെന്റ് വീതമുള്ള പ്ലോട്ടുകൾ നിലവിലുണ്ടോ; ഇങ്ങനെ കണ്ടെത്തിയതിൽ വിതരണം ചെയ്യാത്ത എത്ര പ്ലോട്ടുകളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ?

മലപ്പുറം ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന മൂന്ന് സെന്റ് വീതമുള്ള 121 പ്ലോട്ടുകൾ നിലവിലുണ്ട്. ഇവയുടെ താലൂക്ക് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1) | തിരൂരങ്ങാടി താലൂക്ക് | - | 4 പ്ലോട്ടുകൾ |
| 2) | പെരിന്തൽമണ്ണ താലൂക്ക് | - | 9 പ്ലോട്ടുകൾ |
| 3) | കൊണ്ടോട്ടി താലൂക്ക് | - | 16 പ്ലോട്ടുകൾ |
| 4) | ഏറനാട് താലൂക്ക് | - | 57 പ്ലോട്ടുകൾ |
| 5) | നിലമ്പൂർ താലൂക്ക് | - | 15 പ്ലോട്ടുകൾ |
| 6) | തിരൂർ താലൂക്ക് | - | 20 പ്ലോട്ടുകൾ |
| | ആകെ | - | 121 പ്ലോട്ടുകൾ |

(ബി) ഈ ഭൂമി ലൈഫ് പദ്ധതിയിലൂടെ വിതരണം ചെയ്യുവാൻ നിർദ്ദേശം നല്കിയിരുന്നോയെന്ന് അറിയിക്കുമോ?

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഗുണഭോക്താക്കൾ അനർഹരായതു മുഖേന വിതരണം ചെയ്തിട്ടില്ലാത്ത പ്ലോട്ടുകൾ ലൈഫ് മിഷൻ പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകിയിരുന്നു.

(സി) ലൈഫ് പദ്ധതിയിൽ ഭൂമി വിതരണം ചെയ്യുവാനുള്ള സംവിധാനമില്ലാത്തതിനാൽ ഈ പ്ലോട്ടുകൾ കഴിഞ്ഞ അഞ്ച് വർഷമായി വിതരണം ചെയ്യാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമി ഭൂപരിഷ്കരണ നിയമംമൂലം വിതരണം ചെയ്യുവാൻ ഉത്തരവ് നല്കി, ദീർഘനാളത്തെ ഈ പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്ലോട്ടുകൾ വിതരണം ചെയ്യുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും പട്ടയം നൽകുന്നതും സംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

**തണ്ണീർത്തടം നികത്തൽ ക്രമവത്ക്കരിക്കുന്ന പ്രവർത്തനങ്ങൾ**

358(4368) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർത്തടം നികത്തൽ ക്രമവത്ക്കരിക്കുന്നത് സംബന്ധിച്ച അവ്യക്തതകളും ഒപ്പം കോടതി നിർദ്ദേശങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ കോടതി നിർദ്ദേശങ്ങൾക്കും സർക്കാർ പരിശോധനകൾക്കും വിധേയമായി ക്രമവത്ക്കരിക്കാൻ സ്വീകരിച്ച വരുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

(എ&ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, തണ്ണീർത്തടങ്ങൾ പരിവർത്തനപ്പെടുത്തുന്നതിനു പൂർണ്ണ നിരോധനമുള്ളതാണ്. എന്നാൽ ഡാറ്റാബാങ്കിൽ നെൽവയലായോ തണ്ണീർത്തടമായോ ഉൾപ്പെടാത്തതും, റവന്യൂ രേഖകളിൽ നെൽവയാലോ തണ്ണീർതടമായോ ഉൾപ്പെടുത്തിയിട്ടുള്ളതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി ക്രമവത്കരിക്കുന്നതുമായി ബന്ധപ്പെട്ട്, 30-12-2017 മുതൽ പ്രാബല്യത്തോടെ, നിയമം ഭേദഗതി ചെയ്തിട്ടുള്ളതും, ആയതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 27 എ വകുപ്പ് കൂട്ടിച്ചേർത്തിട്ടുള്ളതുമാണ്. മേൽ പ്രകാരം ക്രമവൽക്കരിക്കുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കുന്ന അപേക്ഷകളിൽ, അനുവദനീയമായവയ്ക്ക്, ടി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, മതിയായ ഫീസ് അടവാക്കിയാണ്

തരംമാറ്റ അനുമതി നൽകുന്നത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) 14312/19 നമ്പർ കേസിലെ 8-1-2021-ലെ ഉത്തരവിനനുസൃതമായി പുറപ്പെടുവിച്ച 25-2-21-ലെ സ.ഉ. (സാധാ) 1166/21/റവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ചട്ടങ്ങൾ ഭേദഗതി ചെയ്തു കൊണ്ട്, 21-4-2021-ലെ SRO 369/2021 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. SRO 369/2021-ലെ വ്യവസ്ഥകൾ പ്രകാരം 25 സെന്റ് വരെയുള്ള ഭൂമിയുടെ തരം മാറ്റം സൗജന്യമായും ഒരേക്കർ വരെ ഫെയർവാല്യൂവിന്റെ 10% അടവാക്കിയും ഒരേക്കറിനു മുകളിൽ ഫെയർവാല്യൂവിന്റെ 20% അടവാക്കിയും തരം മാറ്റം അനുവദിക്കാവുന്നതാണ്. റവന്യൂ ഡിവിഷണൽ ഓഫീസർമാർ ആവശ്യപ്പെട്ടത് പ്രകാരം, 21-4-2021-ലെ SRO 369/2021-ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട്, 23-7-2021-ലെ റവ-പി1/117/2021-റവ സർക്കുലർ മുഖേന സ്പഷ്ടീകരണങ്ങൾ നല്കിയിട്ടുള്ളതുമാണ്.

(സി) ഇതുസംബന്ധിച്ച എത്ര അപേക്ഷകൾ സർക്കാരിന് ലഭ്യമായി; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ, ചട്ടം 12 പ്രകാരം, 27 റവന്യൂ ഡിവിഷണൽ ആഫീസുകളായി, ഫാറം നമ്പർ 6-ലും 7-ലുമായി ലഭിച്ച 31957 അപേക്ഷകൾ നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**പെരിന്തൽമണ്ണ ആർ.ഡി.ഒ.ഓഫീസിലെ ഭൂമി തരം മാറ്റൽ അപേക്ഷകൾ**

359(4369) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസിൽ ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര അപേക്ഷകൾ തീർപ്പാക്കി; എത്ര അപേക്ഷകളിൽ അനുമതി നൽകി; എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്; ഏത് തീയതി മുതലുള്ള അപേക്ഷകളാണ് നടപടി സ്വീകരിക്കാൻ ബാക്കിയുള്ളത്; വിശദമാക്കുമോ?

പെരിന്തൽമണ്ണ റവന്യൂ ഡിവിഷൻ ഓഫീസിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് നാളിതുവരെ 2277 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 634 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. 1643 അപേക്ഷകൾ തീർപ്പാക്കുവാൻ ബാക്കിയുണ്ട്. 349 അപേക്ഷകളിൽ അനുമതി നൽകിയിട്ടുണ്ട്. നടപടി സ്വീകരിക്കാത്ത അപേക്ഷകൾ നിലവിലില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഭൂമി തരം മാറ്റൽ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് അനുസരിച്ച് ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപേക്ഷകളിൽ കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം ചെയ്ത SRO 369/2021 ലെ വ്യവസ്ഥകൾ സംബന്ധിച്ച് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ഉണ്ടായിരുന്ന ചില സംശയങ്ങൾക്ക് 23-7-2021-ലെ Rev.P-1/117/2021 നമ്പർ സർക്കുലറിലൂടെ സ്പഷ്ടീകരണം നല്കിയിട്ടുള്ളതും അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

**ഗൃഹശ്രീ പദ്ധതി**

360 (4370) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ ഭവന നിർമ്മാണ രംഗത്ത് നടപ്പാക്കിയ ഗൃഹശ്രീ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ എന്നറിയിക്കാമോ?

ഉണ്ട്.

(ബി) ഗൃഹശ്രീ പദ്ധതിയിൽ വ്യക്തികൾ എത്ര വീടുകൾ സ്പോൺസർ ചെയ്തിരുന്നു എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഗൃഹശ്രീ പദ്ധതിക്കായി 2013 മുതൽ നാളിതുവരെ 479 വ്യക്തികൾ 503 വീടുകൾക്ക് സ്പോൺസർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഗൃഹശ്രീ പദ്ധതി തുടരാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഗൃഹശ്രീ ഭവന പദ്ധതിയ്ക്ക് 2020-21 വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയ 2000 ലക്ഷം രൂപയ്ക്ക് 18-12-2020-ലെ സ.ഉ. (സാധാ)നം.46/2020/ഭവനം ഉത്തരവ് പ്രകാരം ഭരണാനുമതിയും 12-2-2021-ലെ സ.ഉ.(സാധാ)നമ്പർ 8/2021/ഭവനം ഉത്തരവ് പ്രകാരം പ്രസ്തുത തുക റിലീസ് ചെയ്യുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിലും പ്രസ്തുത പദ്ധതിക്കായി 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള തുക അനുവദിക്കുന്ന കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പുതിയ ഭവന പദ്ധതികൾ**

361 (4371) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം പുതിയ ഭവന പദ്ധതികൾ ആണ് ഹൗസിങ് ബോർഡ് മുഖാന്തരം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

സംസ്ഥാനത്ത് ഹൗസിംഗ് ബോർഡ് മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഭവനപദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ആശ്വാസ് വാടക വീട് പദ്ധതി- സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരുപ്പുകാർക്കും മിതമായ വാടക നിരക്കിൽ താമസ സൗകര്യം ലഭിക്കുന്നതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക് സമീപം നടപ്പിലാക്കുന്ന പദ്ധതിയാണിത്.

2. ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കുള്ള ഭവന പദ്ധതി കേരളത്തിലെ സാധാരണ ജനങ്ങളെ പാർപ്പിട മേഖലയിലെ സ്വകാര്യ സംരംഭകരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനും എല്ലാവർക്കും സുരക്ഷിത ഭവനം എന്ന കേരള സർക്കാരിന്റെ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആവിഷ്കരിക്കുന്ന നൂതന പദ്ധതിയാണിത്. പദ്ധതി പ്രദേശം ഉൾപ്പെടുന്ന പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ദുർബല വിഭാഗത്തിൽപ്പെട്ട മൂന്ന് മുതൽ ആറ് ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയിൽപ്പെടുന്ന (EWS Category) ഭൂ-ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് സർക്കാർ ധനസഹായത്തോടെയാണ് ഭവന നിർമ്മാണ ബോർഡ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി ഭൂമിക്കനുസരിച്ച് വീടുകളോ ഫ്ളാറ്റുകളോ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

3. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ വനിത ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുകയെന്നതാണ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിയുടെ ലക്ഷ്യം. ഇതുവരെ ബോർഡ് വിവിധ ജില്ലകളിലായി 11 ഹോസ്റ്റലുകൾ ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോട്ടയം, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ നിർമ്മിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

4. സൗഹൃദം പാർപ്പിട പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന 2-2-2021-ലെ സ.ഉ(കൈ)നം.2/2021/ഭവനം നമ്പർ ഉത്തരവ് പ്രകാരം പുതിയ പാർപ്പിട പദ്ധതിയായ സൗഹൃദം പദ്ധതി നടപ്പാക്കുന്നതിനു ഭരണാനുമതി

നല്കിയിട്ടുണ്ട്. എന്നാൽ പുതിയ ബോർഡ് ഭരണസമിതി അധികാരം ഏൽക്കുന്നതോടെ സാഹചര്യങ്ങൾ വിലയിരുത്തി ടി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കഴിഞ്ഞ അഞ്ചുവർഷക്കാലം സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കിയ ഭവനപദ്ധതികൾ സംബന്ധിച്ച വിശദവിവരം നൽകാമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലം സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കിയ ഭവനപദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(സി) ഷൊർണ്ണൂർ മണ്ഡലത്തിൽ ഹൗസിംഗ് ബോർഡിന്റെ ഭവന പദ്ധതി സംബന്ധിച്ച് വിശദവിവരം നൽകാമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ വെള്ളിനേഴി ഗ്രാമ പഞ്ചായത്തിൽ 58 ഗുണഭോക്താക്കൾക്ക് എം.എൻ. ലക്ഷം ഭവന പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഭവന നിർമ്മാണ ബോർഡ് നൽകിയിട്ടുണ്ട്.

(ഡി) ലൈഫ് മിഷൻ പദ്ധതിയുമായി ഏറ്റവും കൂടുതൽ ക്രിയാത്മകമായി ഇടപെടാൻ കഴിയുന്ന ഭവനനിർമ്മാണ വകുപ്പ് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പുതിയ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല .

## ഗൃഹശ്രീ ഭവന പദ്ധതി

362(4372) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ ഗൃഹശ്രീ ഭവന പദ്ധതിയിൽ നാളിതുവരെ എത്രപേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽ ഗൃഹശ്രീ ഭവന പദ്ധതിയിൽ നാളിതുവരെ 537 പേർക്ക് ധനസഹായം നൽകി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| സ്റ്റേജ് I | - 73 എണ്ണം | 2013-2014 |
| സ്റ്റേജ് II | - 122 എണ്ണം | 2014-2015 |
| സ്റ്റേജ് III | - 342 എണ്ണം | 2015-2016 |
| ആകെ | - 537 എണ്ണം | |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഭവന നിർമ്മാണ ബോർഡിലെ കരാർ ജീവനക്കാർ**

363(4373) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇരുപത് വർഷത്തിലധികമായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ഇരുപത് വർഷത്തിലധികമായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ നിലവിലില്ല.

(സി) കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്നവർക്ക് ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ ലഭ്യമാണോ; ഇല്ലായെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ ലഭ്യമല്ല. സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ കൺസോളിഡേറ്റഡ് പേയിലാണ് നിശ്ചിത കാലയളവിലേയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമനങ്ങൾ നടത്തുന്നത്. പ്രസ്തുത നിയമനങ്ങളുടെ കരാർ വ്യവസ്ഥയിൽ ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) കരാർ ജീവനക്കാർക്ക് കാലോചിതമായ ശമ്പള വർദ്ധനവ് ലഭ്യമാക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ 20-1-2016-ലെ 10-ാം ശമ്പള പരിഷ്കരണ ഉത്തരവിൽ വിവിധ വകുപ്പുകളിലെ കരാർ/ദിവസക്കൂലി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട താല്ക്കാലിക ജീവനക്കാരുടെ പ്രതിഫലം വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു. ഇതേ തുടർന്ന് 31-10-19-ലെ ബോർഡ് യോഗതീരുമാന പ്രകാരം 2019 നവംബർ മാസം മുതൽ ലാസ്റ്റ് ഗ്രേഡ് എംപ്ലോയീസ്, അസിസ്റ്റന്റ് ഗ്രേഡ്-II, ടൈപ്പിസ്റ്റ് ഗ്രേഡ്-II, ഡ്രൈവർ ഗ്രേഡ്-II, സെക്യൂരിറ്റി ഗാർഡ്/വാച്ചർ, ലിഫ്റ്റ് ഓപ്പറേറ്റർ എന്നീ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായ കരാർ ജീവനക്കാർക്ക് ശമ്പള വർദ്ധനവ് നല്കിയിട്ടുണ്ട്. കൂടാതെ, സെക്യൂരിറ്റി ഗാർഡ് തസ്തികയിലെ കരാർ ജീവനക്കാർക്ക് 9-2-2021-ലെ ബോർഡ് യോഗ തീരുമാന പ്രകാരം പ്രതിമാസ വേതന നിരക്കിൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്.

## വൃന്ദാവൻ ഹൗസിംഗ് അക്കോമഡേഷൻ സ്കീമിലെ ഫ്ലാറ്റുകളുടെ ശോചനീയാവസ്ഥ

364(4374) ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1980-ൽ ഹൗസിംഗ് ബോർഡ് നിർമ്മിച്ച് കൈമാറ്റം ചെയ്ത തിരുവനന്തപുരം പട്ടം വില്ലേജിലെ വൃന്ദാവൻ ഹൗസിംഗ് അക്കോമഡേഷൻ സ്കീമിലെ ഫ്ലാറ്റുകളുടെ ഇപ്പോഴത്തെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വൃന്ദാവൻ ഹൗസിംഗ് അക്കോമഡേഷൻ സ്കീമിലെ ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി അലോട്ട്മെന്റ് കഴിഞ്ഞിട്ടുള്ളതിനാൽ ഫ്ലാറ്റുകളുടെ തുടർപരിപാലനം ഫ്ലാറ്റ് ഉടമകൾ തന്നെ ചെയ്യേണ്ടതുണ്ട്. തുടർ പരിപാലന ജോലികൾ ഭവന നിർമ്മാണ ബോർഡിന്റെ പരിധിയിൽ വരുന്നതല്ല.

(ബി) പ്രസ്തുത ഫ്ലാറ്റുകളും അനുബന്ധ സ്ഥലങ്ങളും പൂർണമായും ഫ്ലാറ്റുടമകൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് ഇതിനുള്ള തടസ്സമെന്ന് വിശദമാക്കാമോ?

ടി പദ്ധതിയിലെ ഫ്ലാറ്റുകൾ പൂർണ്ണമായും കൈമാറിയിട്ടുണ്ട്. എന്നാൽ അനുബന്ധ സ്ഥലങ്ങൾ ഫ്ലാറ്റ് ഉടമകൾക്ക് രേഖാമൂലം കൈമാറ്റം ചെയ്തിട്ടില്ല. KSHB (Formation of Allottees) Association Regulations, 2000-ൽ നിഷ്കർഷിക്കുന്ന രീതിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന അസോസിയേഷൻ നിലവിലില്ലാത്തതിനാലാണ് പൊതു സ്ഥലം അസോസിയേഷന് കൈമാറാത്തത്. എല്ലാ ഫ്ലാറ്റ് ഉടമകളും വിലയാധാരം വാങ്ങി അംഗീകൃത അസോസിയേഷൻ രൂപീകരിച്ചാൽ മാത്രമേ പൊതു സ്ഥലം രേഖാമൂലം കൈമാറ്റം ചെയ്യാൻ കഴിയുകയുള്ളൂ.

(സി) അപകടാവസ്ഥയിലുള്ള ഫ്ലാറ്റുകൾ പുനർനിർമ്മിച്ച നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഭവന നിർമ്മാണ ബോർഡ്, ഗുണഭോക്താക്കൾക്ക് ഫ്ലാറ്റുകൾ അലോട്ട് ചെയ്തു കഴിഞ്ഞാൽ കെട്ടിടങ്ങൾക്ക് കാലാകാലങ്ങളിൽ വരുന്ന അറ്റകുറ്റപ്പണികൾ നടത്തേണ്ടത് ഫ്ലാറ്റുടമകളും, ഫ്ലാറ്റ് കെട്ടിട സമുച്ചയവുമായി ബന്ധപ്പെട്ട പൊതു ഇടങ്ങളിലെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടത് ഫ്ലാറ്റ് ഉടമകളുടെ അസോസിയേഷനുമാണ്.

**സംസ്ഥാനത്തെ ഭവന നിർമ്മാണ പദ്ധതികൾ**

365(4375) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികളാണ് പ്രാബല്യത്തിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയെയും സംബന്ധിച്ച് വിശദവിവരം നൽകാമോ?

(എ&ബി) സംസ്ഥാനത്ത് ഭവന നിർമ്മാണ ബോർഡ് മുഖേനയും വിവിധ വകുപ്പുകൾ മുഖേനയും നടപ്പിലാക്കി വരുന്ന വിവിധ ഭവന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വീടുകൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം**

366(4376) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ 2016-21 കാലയളവിൽ ദുരന്തങ്ങളിൽ വീടുകൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ച എത്ര പേർക്ക് സാമ്പത്തിക സഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും ആയതിന് എത്ര രൂപ ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2016-21 കാലയളവിലെ ദുരന്തങ്ങളിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 2114 പേർക്ക് 2,95,61,900 (രണ്ട് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി അറുപത്തി ഒന്നായിരത്തി തൊള്ളായിരം രൂപ) ചെലവഴിച്ചിട്ടുണ്ട്.

---

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സംസ്ഥാനത്ത് തുറമുഖ വകുപ്പ് വഴി നൽകുന്ന ലൈസൻസുകൾ**

367(4377) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുറമുഖ വകുപ്പ് വഴി നൽകുന്ന ലൈസൻസുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

2010-ലെ കേരള ഉൾനാടൻ ജലഗതാഗത നിയമം അനുസരിച്ച് ഹൗസ് ബോട്ടുകളിലും മറ്റ് ഉൾനാടൻ ജലയാനങ്ങളിലും ജോലി ചെയ്യുന്നതിനാവശ്യമായ ലസ്കർ, സ്രാങ്ക്, മാസ്റ്റർ, എഞ്ചിൻ ഡ്രൈവർ, സ്രാങ്ക് കം ഡ്രൈവർ, സർവീസ് മാസ്റ്റർ, എഞ്ചിനീയർ എന്നീ ലൈസൻസുകൾ കേരള മാരിടൈം ബോർഡ് നൽകി വരുന്നു. ഇതു കൂടാതെ തുറമുഖ പരിധിക്കുള്ളിലെ ജലയാനങ്ങളിൽ ജോലി ചെയ്യുന്നതിനായി 1970-ലെ ഹാർബർ ക്രാഫ്റ്റ് ചട്ട പ്രകാരം മാസ്റ്റർ, സ്രാങ്ക്, എഞ്ചിൻ ഡ്രൈവർ എന്നീ ലൈസൻസുകളും മാരിടൈം ബോർഡ് ആണ് നൽകുന്നത്. കേരള ഉൾനാടൻ ജലഗാതഗത നിയമം അനുസരിച്ച് ഹൗസ് ബോട്ടുകൾ, അവ നിർമ്മിക്കുന്നതിനുള്ള ബോട്ട് യാഡുകൾ, ബോട്ട് ജെട്ടികൾ എന്നീ ലൈസൻസുകളും മാരിടൈം ബോർഡാണ് നൽകുന്നത്.

(ബി) തുറമുഖ വകുപ്പ് വഴി നൽകിയിരുന്ന ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസ് വിതരണം നിർത്തിവച്ചതിന്റെ കാരണം വ്യക്തമാക്കാമോ?

2010-ലെ കേരളാ ഉൾനാടൻ ജലഗതാഗത നിയമം, 1970-ലെ ഹാർബർ ക്രാഫ്റ്റ് റൂൾ എന്നിവ പ്രകാരമാണ് തുറമുഖ വകുപ്പ് ലൈസൻസുകൾ നൽകി വരുന്നത്. ടി നിയമങ്ങളിൽ ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) എന്ന ലൈസൻസ് നിലവിലില്ല. എന്നാൽ ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് നൽകിയ ലൈസൻസുകൾ ബോർഡ് പുതുക്കി നൽകുന്നുണ്ട്.

(സി) ബോട്ട് മാസ്റ്റർ (ക്യാഷ് കളക്ടർ) ലൈസൻസ് നിലവിൽ പുതുക്കി നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

കനാൽ ഇൻസ്പെക്ടർ നൽകിയ സർട്ടിഫിക്കറ്റുകൾ കൈവശമുള്ളവർക്ക് അത് കെ.ഐ.വി. യിലേക്ക് മാറ്റി നൽകുകയും ആയത് കാലാവധി തീരുന്ന മുറക്ക് പുതുക്കി നൽകുകയും ചെയ്തുവരുന്നു.

(ഡി) നിലവിൽ എത്ര ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസ് തുറമുഖ വകുപ്പ് വഴി പുതുക്കി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് നൽകിയ 579 ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസുകൾ, കേരള മാരിടൈം ബോർഡ് വഴി പുതുക്കി നൽകിയിട്ടുണ്ട്.

(ഇ) പുതുതായി ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസ് വിതരണം ചെയ്യുന്നതിന് ഏതെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ?

കേരളാ ഇൻലാന്റ് വെസ്സൽ റൂൾ 2010-ൽ ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) എന്ന ലൈസൻസ് നൽകുന്നതിന് ബോട്ട് മാസ്റ്ററുടെ ഡ്യൂട്ടി, യോഗ്യത എന്നിവ നിശ്ചയിച്ച്, കെ.ഐ.വി റൂളിൽ ആവശ്യമായ ഉൾപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാൽ, ലൈസൻസ് നൽകുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഈ ആവശ്യത്തിന് ഉൾനാടൻ ജലഗതാഗത നിയമമനുസരിച്ചുള്ള ലൈസൻസുകൾ നൽകുന്നു.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

368(4378) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണം എത്ര ശതമാനം പൂർത്തിയായി; ബാക്കി എപ്പോൾ പൂർത്തിയാകും എന്ന് അറിയിക്കാമോ?

പാറ വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ 17 ശതമാനം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബഹു. ഹരിത ട്രൈബ്യൂണലിന്റെ (NGT) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലനിൽക്കുന്ന പാറയുടെ രൂക്ഷമായ ദൗർലഭ്യം പരിഗണിച്ച് സാധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും പാറ ലഭ്യമാക്കി എത്രയും വേഗം നിർമ്മാണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് റെയിൽവേ ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനായി കൊങ്കൺ റെയിൽ കോർപ്പറേഷൻ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് (DPR) ദക്ഷിണ മേഖല റെയിൽവേയുടെ അംഗീകാരത്തിനായി 2019 മെയ് മാസത്തിൽ സമർപ്പിച്ചിരുന്നു. ടി DPR-ന്റെ ഭാഗമായുള്ള Engineering Scale Plan ദക്ഷിണ റെയിൽവേ 2021 മെയ് മാസത്തിൽ അംഗീകരിക്കുകയുണ്ടായി. നിലവിൽ പദ്ധതിയുടെ Estimate മായി ബന്ധപ്പെട്ട സൂക്ഷ്മ പരിശോധന ദക്ഷിണ റയിൽവെ നടത്തിവരികയാണ്.

(സി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെട്ട് തദ്ദേശവാസികൾക്ക് നൽകിയിട്ടുള്ള പുനരധിവാസ പാക്കേജ് പ്രകാരമുള്ള ആനുകൂല്യങ്ങൾ വിഴിഞ്ഞം, വിഴിഞ്ഞം ഹാർബർ മേഖല, അടിമലത്തുറ എന്നിവിടങ്ങളിലുള്ള നിരവധിപേർക്ക് ഇനിയും ലഭ്യമാകാനുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് ആനുകൂല്യങ്ങൾ എപ്പോൾ നൽകാൻ സാധിക്കും എന്ന് അറിയിക്കാമോ?

ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ, കരമടി തൊഴിലാളികൾ, റിസോർട്ട് ജീവനക്കാർ എന്നിവർക്കുള്ള ജീവനോപാധി നഷ്ടപരിഹാരം വിതരണം ചെയ്തു കഴിഞ്ഞു. മോട്ടോർ ഘടിപ്പിച്ച യാനം വിഭാഗക്കാർക്ക് 2 വർഷക്കാലയളവിലേക്ക് സൗജന്യ മണ്ണെണ്ണയും വിതരണം ചെയ്തിട്ടുണ്ട്. കട്ടമര ഉടമസ്ഥരുടെ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികളാണ് ഇപ്പോൾ നടന്നുവരുന്നത്.

**കൊല്ലത്ത് നിന്ന് യാത്ര കപ്പൽ സർവ്വീസ്**

369(4379) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്തിലെ ചരക്ക് ഗതാഗത സർവ്വീസ് ഫലപ്രദമായി നടപ്പിലാക്കുന്നതിനും യാത്ര കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനും കൊല്ലം തുറമുഖത്ത് സ്ഥിരമായ എമിഗ്രേഷൻ ക്ലിയറൻസ് സൗകര്യം ഏർപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ എന്തെല്ലാം ഉപാധികളാണ് മുന്നോട്ട് വച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും അനുകൂലമായ അനുമതി ലഭ്യമാക്കുന്നതിന് സംസ്ഥാന ആഭ്യന്തര വകുപ്പ് മുഖേന ആവശ്യമായ ഇടപെടൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം തുറമുഖത്ത് പാസഞ്ചർ ഷിപ്പ് സർവ്വീസ് ആരംഭിക്കുന്നതിനായി, തുറമുഖത്തെ ഇമിഗ്രേഷൻ സൗകര്യമുള്ള എൻട്രി & എക്സിറ്റ് പോയിന്റായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയ ത്തിന്റെ വിജ്ഞാപനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

1) ആവശ്യമായ സ്ഥലസൗകര്യവും, അടിസ്ഥാനസൗകര്യങ്ങളും

2) ആവശ്യമായ Manpower

3) Residential Accommodation

തിരുവനന്തപുരം FRRO-യുടെ നിർദ്ദേശപ്രകാരം നടത്തിയ പരിശോധനയിൽ നിർദ്ദേശിച്ച പ്രകാരം, ഒരു കൗണ്ടർ തുടങ്ങുന്നതിനുള്ള സൗകര്യം കൊല്ലം തുറമുഖത്തെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് ഓഫീസിന്റെ മുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. എമിഗ്രേഷന്റെ ആറ് കൗണ്ടറുകൾക്കായുള്ള ഗേറ്റ് ഹൗസിന്റെ നിർമ്മാണം ഏകദേശം 75% പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് ഐ.എസ്.പി.എസ് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിക്കുന്നു. നിർദ്ദിഷ്ട എമിഗ്രേഷൻ ചെക്ക്പോസ്റ്റിന്റെ എമിഗ്രേഷൻ പ്രവർത്തനം ഏറ്റെടുക്കുന്നതിനും Man power ലഭ്യമാക്കുന്നതിനായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാനും ഉദ്യോഗസ്ഥരെ നൽകാനും സംസ്ഥാന ആഭ്യന്തര വകുപ്പ്, കേന്ദ്ര മന്ത്രാലയത്തെ സമ്മതം അറിയിച്ചിട്ടുണ്ട്.

**ചരക്ക് ഇടനാഴി പദ്ധതി**

370(4380) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി തുറമുഖത്തുനിന്ന് ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലേക്കുള്ള ചരക്ക് നീക്കവും തുടർന്ന് കൊല്ലത്തേയ്ക്കുള്ള സേവനം നീട്ടലും ഉൾപ്പെട്ട പദ്ധതി പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്, വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശ കപ്പൽ ചരക്കുഗതാഗതം പുന:രാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 3-7-2021 മുതൽ സർവ്വീസുകൾ നടത്തിവരുന്നു. തീരദേശ കപ്പൽ ഗതാഗതം കൊച്ചിയിൽ നിന്ന് കൊല്ലത്തേക്ക് നീട്ടുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു.

(ബി) പ്രസ്തുത ചരക്ക് ഇടനാഴി പദ്ധതി കേന്ദ്ര സർക്കാർ ഏറ്റെടുത്തുവോ; എങ്കിൽ അതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടവും കേന്ദ്ര സർക്കാർ സഹായങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ചരക്ക് ഇടനാഴി പദ്ധതി കേന്ദ്ര സർക്കാർ ഏറ്റെടുത്തത് സംബന്ധിച്ച് ഔദ്യോഗികമായ അറിയിപ്പുകൾ ലഭ്യമായിട്ടില്ല.

(സി) ഇതുവഴി ബേപ്പൂർ, അഴീക്കൽ, കൊച്ചി, കൊല്ലം തുറമുഖങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങളും തൊഴിലാളികൾക്ക് ലഭ്യമാകുന്ന തൊഴിലുറപ്പും സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

തീരദേശ കപ്പൽ ഗതാഗതം വഴി ചരക്ക് കൈകാര്യം ചെയ്യുമ്പോൾ തുറമുഖത്തിന്റെ വരുമാനം വർദ്ധിക്കും. മാത്രമല്ല നിലവിൽ റോഡ് വഴി കൈകാര്യം ചെയ്തു കൊണ്ടിരിക്കുന്ന ചരക്കുകൾ റോഡിൽ നിന്നുമാറി തീരദേശ കപ്പൽ ഗതാഗതം വഴിയാകുമ്പോൾ റോഡിലെ തിരക്കും അപകടങ്ങളും ഗണ്യമായി കുറയും. തീരദേശകപ്പൽ ഗതാഗതം വഴി ചരക്കുകൾ കൈകാര്യം ചെയ്യുമ്പോൾ പരിസ്ഥിതി മലിനീകരണം വളരെ കുറവായിരിക്കും. തീരദേശ കപ്പൽ ഗതാഗതത്തിന്റെ ഭാഗമായി കണ്ടെയ്നർ ചരക്കുകൾ എത്തുന്നതുമൂലം പ്രസ്തുത തുറമുഖങ്ങളിൽ തൊഴിലവസരങ്ങൾ വർദ്ധിക്കും.

## അഴീക്കലിൽ ആധുനിക മണൽ പ്ലാന്റ്

371(4381) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖ പരിധിയിൽ ആധുനിക മണൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കേരള മാരിടൈം ബോർഡിന്റെയോ തുറമുഖ വകുപ്പിന്റെയോ പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇവ സ്ഥാപിക്കുന്നതിന് പ്രാരംഭ ഘട്ടത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ&ബി) അഴീക്കലിൽ, പൊന്നാനിയിലെ മണൽ ശുദ്ധീകരണ ശാലയുടെ മാതൃകയിലുള്ള ഒരു മണൽ ശുദ്ധീകരണ പ്ലാന്റ് അഴീക്കൽ തുറമുഖത്ത് പി.പി.പി. വ്യവസ്ഥയിൽ സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. സുതാര്യമായ ടെണ്ടർ പ്രക്രിയയിലൂടെ മികച്ച ഒരു ഏജൻസിയെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിനാണ് കേരള മാരിടൈം ബോർഡിനെ ചുമതല പ്പെടുത്തിയിട്ടുള്ളത്. ഇതിനായി DPR, Tender document, Transactory advisery എന്നിവയ്ക്കായി 26,00,000 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഏജൻസിയെ കണ്ടെത്തുന്നതിനായി മാരിടൈം ബോർഡ് RFP ക്ഷണിച്ചിട്ടുണ്ട്.

(സി) മണൽ പ്ലാന്റ് അഴീക്കൽ തുറമുഖത്ത് സ്ഥാപിക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

മണൽ ശുദ്ധീകരിക്കുന്നതിന് കടവുകൾക്ക് സമീപം പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കേരളാ മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിൽ ലഭ്യമല്ല. ഇക്കാര്യത്തിൽ മാരിടൈം ബോർഡ് തുടർനടപടി സ്വീകരിച്ചുവരുന്നു.

## വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റോഡ്

372(4382) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റോഡിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിലെ തടസ്സങ്ങൾ എന്തെന്ന് വിശദമാക്കാമോ;

(ബി) വർദ്ധിച്ചുവരുന്ന അപകടങ്ങളും യാത്രാക്ലേശവും കണക്കിലെടുത്ത് ഈ റോഡിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ റോഡ് കടന്നുപോകുന്ന മുളവുകാട് വടക്കേ അറ്റത്ത് നിർമ്മിച്ചിട്ടുള്ള തുരങ്ക പാതയും ബോൾഗാട്ടിയിൽ നിന്നും തുരങ്കപാതയിലൂടെ മുളവുകാടേക്ക് പ്രവേശിക്കുന്നതിനുള്ള അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ&സി) വിവരം ശേഖരിച്ചു വരുന്നു.

## തിരുവമ്പാടിയിൽ കുടിയേറ്റ സ്മാരക പാർക്കും മ്യൂസിയവും

373(4383) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ തിരുവമ്പാടിയിൽ കുടിയേറ്റ സ്മാരക പാർക്കും മ്യൂസിയവും സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) ആയതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

(എ&ബി) ഈ വിഷയം പരിശോധിച്ചിട്ടില്ല. യാതൊരു നിർദ്ദേശവും നിലവിലില്ല.

## ചങ്ങനാശ്ശേരി പൈതൃക മ്യൂസിയം

374 (4384) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി പൈതൃക മ്യൂസിയത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരിയിൽ ഒരു കലാ സാംസ്കാരിക കേന്ദ്രവും പൈതൃക മ്യൂസിയവും ആരംഭിക്കുന്നതിന് 1,42,16,812 രൂപ നൽകി ചങ്ങനാശ്ശേരിയിലുള്ള കുമാരമംഗലത്തുമന ഏറ്റെടുത്ത് അതിന്റെ ഘടനാ സംരക്ഷണ ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ അടുത്ത ഘട്ടത്തിൽ ആരംഭിക്കുന്നതാണ്.

(ബി) മ്യൂസിയം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

നിലവിൽ വകുപ്പിന്റെ ഒരു സ്ഥിരം ജീവനക്കാരനെ കുമാരമംഗലത്തുമനയുടെ ചാർജ്ജ് ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സന്ദർശകരെ മ്യൂസിയത്തിൽ പ്രവേശിപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ സന്ദർശന സമയം അറിയിക്കുമോ;

(ഡി) പൈതൃക മ്യൂസിയത്തിന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

(സി&ഡി) മ്യൂസിയം സജ്ജീകരണം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവേശനം അനുവദിക്കുന്നതാണ്.

## ജില്ലാ പൈതൃക മ്യൂസിയങ്ങൾ

375(4385) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എ. രാജ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന് കീഴിലുള്ള പുരാവസ്തു മ്യൂസിയങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; ഓരോ ജില്ലയുടെയും പ്രത്യേകമായ പൈതൃകം കാത്ത് സൂക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കേരള പുരാവസ്തു വകുപ്പിന് കീഴിലുള്ള പുരാവസ്തു മ്യൂസിയങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പത്മനാഭപുരം കൊട്ടാരം, തക്കല, തമിഴ്നാട്

2. കോയിക്കൽ കൊട്ടാരം, നെടുമങ്ങാട്

3. കൊട്ടാരക്കര തമ്പുരാൻ മ്യൂസിയം

4. വേലുത്തമ്പി ദളവ മ്യൂസിയം, മണ്ണടി

5. കൃഷ്ണപുരം കൊട്ടാരം, കായംകുളം

6. ഹിൽ പാലസ് മ്യൂസിയം, തൃപ്പൂണിത്തുറ

7. ശക്തൻ തമ്പുരാൻ മ്യൂസിയം, തൃശ്ശൂർ

8. പഴശ്ശിരാജാ മ്യൂസിയം, കോഴിക്കോട്

9. കുഞ്ഞാലി മരക്കാർ സ്മാരക മ്യൂസിയം, വടകര

10. ചുവർ ചിത്രകലാ മ്യൂസിയം (ജില്ലാ പൈതൃക മ്യൂസിയം ) തൃശ്ശൂർ

11. പഴശ്ശികുടീരം മ്യൂസിയം, വയനാട്.

മേൽപ്പറഞ്ഞവ കൂടാതെ വകുപ്പിന് കീഴിലുള്ള താഴെ പറയുന്ന ജില്ലാ പൈതൃക മ്യൂസിയങ്ങളും സ്മാരക മ്യൂസിയങ്ങളും സന്ദർശകർക്കായി തുറന്നു നൽകിയിട്ടുണ്ട്.

1. ജില്ലാ പൈതൃക മ്യൂസിയം, പാലക്കാട്

2. ജില്ലാ പൈതൃക മ്യൂസിയം, ഇടുക്കി

3. ജില്ലാ പൈതൃക മ്യൂസിയം, എറണാകുളം

4. ഗാന്ധി സ്മൃതി മ്യൂസിയം, പയ്യന്നൂർ

ഓരോ ജില്ലയിലും അതതു ജില്ലയുടെ തനതു പൈതൃകം കാത്തുസൂക്ഷിക്കുന്നതിനായി വകുപ്പ് ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിച്ചു വരുന്നു. വയനാട്, മലപ്പുറം, തിരുവനന്തപുരം എന്നീ ജില്ലകളിൽ മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ശേഷിക്കുന്ന ജില്ലകളിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) പുരാവസ്തു വകുപ്പിന് കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; ആയതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പുരാവസ്തു വകുപ്പിന് കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ വകുപ്പിന്റെ ഘടനാ സംരക്ഷണ വിഭാഗമാണ് നടത്തിവരുന്നത്. ഒരു സ്മാരകത്തിനെ വകുപ്പ്, 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമ പ്രകാരം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുമ്പോൾ, പ്രസ്തുത

സ്മാരകം എപ്രകാരമാണോ അതേ അവസ്ഥയിൽ സംരക്ഷിച്ച് നിലനിർത്തുകയാണ് വകുപ്പിന്റെയും പ്രത്യേകിച്ച് ഘടനാസംരക്ഷണ വിഭാഗത്തിന്റെയും പ്രധാന ധർമ്മം. ഓരോ സംരക്ഷിത സ്മാരകത്തിനും സംരക്ഷണം ആവശ്യമായി വരുന്ന സന്ദർഭങ്ങളിലാണ് സംരക്ഷണ ജോലികൾ നടത്താറുള്ളത്. ജീർണ്ണാവസ്ഥയിലേക്ക് മാറിക്കൊണ്ടിരുന്ന സംരക്ഷിത സ്മാരകങ്ങളിൽ സംരക്ഷണ പ്രവൃത്തികൾ നടത്തി പൂർവ്വസ്ഥിതിയിലാക്കുന്നത് വകുപ്പിന്റെ ഒരു തുടർ പ്രവർത്തിയാണ്. നിലവിൽ 185 സംരക്ഷിത സ്മാരകങ്ങളുണ്ട്. ഓരോ സ്മാരകത്തിലും പ്രവൃത്തികൾ ആരംഭിച്ചാൽ നിശ്ചിതസമയത്തിനകം ആയത് പൂർത്തിയാക്കുന്നതിന് വകുപ്പ് ശ്രദ്ധിക്കാറുണ്ട്.

(സി) പുരാവസ്തു മ്യൂസിയങ്ങളും പൈതൃക മ്യൂസിയങ്ങളും കാലോചിതമായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

പുരാവസ്തു മ്യൂസിയങ്ങളും പുതിയതായി സജ്ജീകരിക്കുന്ന പൈതൃക മ്യൂസിയങ്ങളും കാലോചിതമായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഇതിൽ മ്യൂസിയങ്ങളുടെയും ഗ്യാലറികളുടെയും നവീകരണം, ആവശ്യമായ ഇടങ്ങളിൽ ഡിജിറ്റൽ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, സന്ദർശകർക്ക് ആധുനിക രീതിയിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയ്ക്ക് പ്രാധാന്യം നൽകിയാണ് പദ്ധതികൾ നടപ്പാക്കിവരുന്നത്.

**വിഴിഞ്ഞം ഗുഹാക്ഷേത്രം**

376(4386) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഗുഹാക്ഷേത്രത്തിന്റെ പൗരാണികത നിലനിർത്തി ക്ഷേത്രം നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ;

(ബി) കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ വിഴിഞ്ഞം ഗുഹാക്ഷേത്രത്തിന്റെ വികസനത്തിന് വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

(എ&ബി) വിഴിഞ്ഞം ഗുഹാക്ഷേത്രം കേന്ദ്ര പുരാവസ്തു വകുപ്പിനുകീഴിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമാണ്. ഇതിന്റെ സംരക്ഷണ ചുമതല കേന്ദ്ര പുരാവസ്തു വകുപ്പിന് ആകയാൽ, പ്രസ്തുത സ്മാരകത്തിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട നടപടികൾ കേന്ദ്ര പുരാവസ്തു വകുപ്പാണ് സ്വീകരിച്ചുവരുന്നത്. കേരള പുരാവസ്തു വകുപ്പിന് ഇക്കാര്യത്തിൽ പ്രത്യേക നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ലാത്തതാണ്.

**തക്കല പത്മനാഭപുരം കൊട്ടാരം**

377(4387) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെ തക്കല പത്മനാഭപുരം കൊട്ടാരത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഈ തുക വിനിയോഗിച്ച് ഏതൊക്കെ പ്രവൃത്തികളാണ് ചെയ്തതെന്ന് അറിയിക്കുമോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2016-17 മുതൽ 2020-21 വരെ തക്കല പത്മനാഭപുരം കൊട്ടാരത്തിന്റെ സംരക്ഷണം, മ്യൂസിയത്തിലെ സന്ദർശക സൗകര്യമൊരുക്കൽ, സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തൽ, പരിസരവികസനം എന്നിവയ്ക്കായി ആകെ 4,12,07,002 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2016-2017

1) മ്യൂസിയത്തിന്റെ വികസനവും CCTV എന്നിവ സ്ഥാപിക്കൽ - 22,83,870

2) രാസസംരക്ഷണ പ്രവർത്തനം സുരക്ഷാ ഉപകരണങ്ങൾ - 2,06,883

2017-2018

1. മ്യൂസിയം വികസനം, സന്ദർശകർക്ക് സൗകര്യങ്ങൾ ഒരുക്കൽ, പരിസരം മോടിപിടിപ്പിക്കൽ, ഡോക്യുമെന്റേഷൻ എന്നിവ - 1,31,83,442
2. രാസസംരക്ഷണ പ്രവർത്തനങ്ങൾ സുരക്ഷ ഉപകരണങ്ങൾ എന്നിവ - 22,98,319
3. ഘടനാ സംരക്ഷണ പ്രവർത്തനങ്ങൾ - 41,01,459

2018-2019

1. ഗ്യാലറികളുടെ നവീകരണം, ഇലക്ട്രോണിക് ബ്രോഷർ തയ്യാറാക്കൽ, ബാരിയർ ഫ്രീ പദ്ധതി - 1,06,74,750
2. ഘടനാ സംരക്ഷണ പ്രവൃത്തികൾ - 50,07,640

2019-2020

1. പരിസരം മോടിപിടിപ്പിക്കലും പുൽത്തകിടി നിർമ്മാണത്തിനും.- 3,29,864
2. ഘടനാ സംരക്ഷണം- 29,88,919

2020-2021 Walky Talky സ്ഥാപിക്കുന്നതിലേക്ക്- 1,31,856

(ബി) പ്രസ്തുത കൊട്ടാരത്തിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ; ഇതിൽ കരാർ വ്യവസ്ഥയിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ ഇനം തിരിച്ച് അറിയിക്കാമോ?

തക്കല പത്മനാഭപുരം കൊട്ടാരത്തിൽ നിലവിൽ 95 ജീവനക്കാർ ജോലി നോക്കി വരുന്നു. ഇവ താഴെപ്പറയും പ്രകാരം ആണ്.

I. സ്ഥിരം ജീവനക്കാർ - 15

II. ഡെപ്യൂട്ടേഷൻ (കേരള പോലീസ് ഉദ്യോഗസ്ഥർ) - 09

1. പാർട്ട് ടൈം സ്വീപ്പർ (സ്ഥിരം) - 12

III. ദിവസവേതന ജോലിക്കാർ

1. ഫുൾടൈം -43

2. പാർട്ട് ടൈം - 16

(സി) ഇതിൽ കരാർ ജീവനക്കാർക്ക് ഏത് മാസം വരെയുള്ള വേതനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഇവർക്ക് ശമ്പളം കൃത്യമായി നൽകുന്നതിന് തടസ്സം നേരിട്ടിട്ടുണ്ടോ; എങ്കിൽ ശമ്പളം കൃത്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശം അറിയിക്കാമോ?

നിലവിൽ കരാർ ജീവനക്കാർ ആരും തന്നെ മ്യൂസിയത്തിൽ ജോലി നോക്കുന്നില്ല.

**സർക്കാർ അധീനതയിലുള്ള താളിയോല പുരാരേഖകൾ**

378(4388) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ അധീനതയിൽ എത്ര താളിയോല പുരാരേഖകൾ സൂക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന പുരാരേഖാ വകുപ്പിൽ 3 റിപ്പോസിറ്ററികളിലായി പതിനയ്യായിരത്തോളം ചുരുണകളും ഗ്രന്ഥങ്ങളുമായി ഒരു കോടിയിലധികം താളിയോലരേഖകൾ സൂക്ഷിക്കുന്നു.

(ബി) പ്രസ്തുത പുരാരേഖകൾ വിദ്യാർത്ഥികൾക്ക് ഗുണകരമാകുന്ന തരത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ടോ; എങ്കിൽ എങ്ങനെയെന്ന് വിശദമാക്കാമോ?

വിദ്യാർത്ഥികൾക്ക് ഗവേഷണാനുമതി നൽകി ഇത്തരം രേഖകൾ പരിശോധിക്കുന്നതിനുള്ള അവസരം നൽകുന്നുണ്ട്. കൂടാതെ പ്രധാനപ്പെട്ട രേഖകളുടെ പ്രദർശനം സ്കൂളുകളിലും കോളേജുകളിലും മറ്റ് പൊതു സ്ഥലങ്ങളിലും നടത്താറുണ്ട്. ഈ ചരിത്രരേഖകളെ അധികരിച്ചുള്ള പ്രശ്നോത്തരി മത്സരങ്ങൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചുവരുന്നു. തെരഞ്ഞെടുത്ത ചരിത്രരേഖകൾ പുസ്തകരൂപത്തിൽ വകുപ്പ് പ്രസിദ്ധീകരിക്കുന്നുണ്ട്. രേഖകളുടെ പ്രാധാന്യത്തെ ക്കുറിച്ചുള്ള അവബോധം വിദ്യാർത്ഥികളിൽ ഉണർത്തുന്നതിലേയ്ക്കാവശ്യമായ സെമിനാറുകൾ, ക്ലാസ്സുകൾ, പഠന യാത്രകൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. ഏറ്റവും നല്ല പൈതൃക സംരക്ഷണ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ജില്ലയിലെ ഒരു സ്കൂളിന് ഗ്രാന്റ് നൽകി വരുന്നു. കൂടാതെ സംസ്ഥാനത്തെ ഏറ്റവും നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്ന സ്കൂളുകളിലെ ഹെരിറ്റേജ് ക്ലബ്ബുകൾക്ക് ഹെരിറ്റേജ് അവാർഡും നൽകി വരുന്നു.

(സി) പ്രസ്തുത പുരാരേഖകളിലെ രേഖപ്പെടുത്തലുകൾ വിദ്യാർത്ഥികൾക്കും ചരിത്രാന്വേഷകർക്കും പറഞ്ഞു കൊടുക്കുന്നതിന് വിദഗ്ധരായ എത്ര ജീവനക്കാർ വകുപ്പിൽ സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ചരിത്രാന്വേഷികൾക്കും വേണ്ട മാർഗ്ഗനിർദ്ദേശവും രേഖകളെ സംബന്ധിച്ച അറിവും പകർന്നു നൽകുന്നു. കൂടാതെ വകുപ്പിലെ മൂന്ന്ട്രാൻസ്ലിറ്ററേറ്റർമാർ പഴയ ലിപിയിലെ രേഖകളുടെ ലിപ്യന്തരണവും വെരിഫിക്കേഷനും നടത്തിവരുന്നു. വകുപ്പ് നടത്തുന്ന പുരാലിഖിത പഠന പരിശീലനം പാസ്സായതിനുശേഷമാണ് മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നത്. അതിനാൽ പ്രസ്തുത ജീവനക്കാരും വിദ്യാർത്ഥികൾക്ക് രേഖകൾ സംബന്ധിച്ച അറിവ് പകർന്ന് കൊടുക്കുന്നതിൽ വൈദഗ്ധ്യമുള്ളവരാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II അനുമോദനം

### ടോക്യോ ഒളിമ്പിക്സ് മെഡൽ ജേതാക്കൾക്ക് അഭിനന്ദനം

മി. സ്പീക്കർ: ടോക്യോ ഒളിമ്പിക്സിലെ അത്‌ലറ്റിക്സ് മത്സരത്തിൽ ഇന്ത്യ ചരിത്രത്തിലാദ്യമായി സ്വർണ്ണമെഡൽ നേടിയിരിക്കുന്നു. പുരുഷവിഭാഗം ജാവലിൻ ത്രോയിൽ ശ്രീ. നീരജ് ചോപ്രയാണ് 87.58 മീറ്റർ എറിഞ്ഞ് ഇന്ത്യയ്ക്ക് അഭിമാനകരമായ വിജയം സമ്മാനിച്ചത്. ശ്രീ. അഭിനവ് ബിന്ദ്രയ്ക്കുശേഷം ഇന്ത്യ വ്യക്തിഗത ഇനങ്ങളിൽ നേടുന്ന ആദ്യത്തെ സ്വർണ്ണ മെഡൽ കൂടിയാണിത്. ആധുനിക ഒളിമ്പിക്സിൽ ഇന്ത്യ നേടുന്ന ആദ്യത്തെ അത്‌ലറ്റിക്സ് മെഡലെന്ന നിലയിൽ എത്രയോ തലമുറകളുടെ സ്വപ്നമാണ് ശ്രീ.നീരജ് ചോപ്ര ടോക്യോയിൽ സാക്ഷാത്ക്കരിച്ചത്. രാജ്യത്തിന് അഭിമാനകരമായ വിജയം സമ്മാനിച്ച ശ്രീ. നീരജ് ചോപ്രയെയും പുരുഷ വിഭാഗം 65 കിലോ ഫ്രീസ്റ്റൈൽ ഗുസ്തിയിൽ വെങ്കലം നേടിയ ശ്രീ. ബെജറംഗ് പൂനിയയെയും ഈ സഭ അഭിനന്ദിക്കുന്നു. രണ്ടുമാസംമുമ്പ് പരിക്കേറ്റിരുന്ന ശ്രീ. ബെജറംഗ് പൂനിയയോട് ഡോക്ടർമാർ വിശ്രമിക്കാൻ നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ രാജ്യത്തിനുവേണ്ടി മത്സരിച്ച് അദ്ദേഹം മെഡൽ നേടി. ഇരുവർക്കും തുടർന്നും മികച്ച വിജയങ്ങൾ ആശംസിക്കുന്നു. ടോക്യോ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച വിജയങ്ങൾ നേടിയ എല്ലാ കായിക താരങ്ങളെയും ഈ സഭ അഭിനന്ദിക്കുന്നു.

## III. അടിയന്തരപ്രമേയം

### ദുരന്തബാധിതരുടെ പുനരധിവാസവും നഷ്ടപരിഹാരവും

മി. സ്പീക്കർ: വയനാട് ജില്ലയിലെ പുത്തുമലയിലും മലപ്പുറം ജില്ലയിലെ കവളപ്പാറയിലും ഇടുക്കി ജില്ലയിലെ പെട്ടിമുടിയിലുമുണ്ടായ ദുരന്തങ്ങളിലും മരിച്ചവരുടെ കുടുംബങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്കും നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പുവരുത്താത്തതും കാലവർഷം ശക്തമാകുന്ന പശ്ചാത്തലത്തിൽ ഉരുൾപൊട്ടൽ ഭീതി നിലനില്ക്കുന്നതുമായ പ്രദേശങ്ങളിൽനിന്ന് ജനങ്ങളെ മാറ്റിപാർപ്പിക്കാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. സിദ്ദിഖ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2018-ലും 2019-ലും അതിതീവ്രമായ പ്രകൃതിദുരന്തങ്ങളെയാണ് യഥാർത്ഥത്തിൽ നാം നേരിട്ടത്. അപ്രതീക്ഷിതമായിട്ടുണ്ടായ മേൽദുരന്തങ്ങളെ നേരിടുന്നതിന് വിപുലമായ, ജനക്ഷേമകരമായ നടപടികൾ കേരള സർക്കാർ എല്ലാപേരുടെയും സഹായത്തോടെ തുടർന്ന് നടപ്പിലാക്കി. ഈ രണ്ട് ദുരന്തങ്ങളുണ്ടാകുമ്പോൾ മലയാളിയുടെ ആർക്കൈവ്സിൽപോലും ഒരു ദുരന്തത്തെ നേരിട്ടതിന്റെ അനുഭവങ്ങൾ യഥാർത്ഥത്തിൽ നമ്മുടെ മുന്നിലുണ്ടായിരുന്നില്ല. പക്ഷെ മലയാളി ജാതി-മത-രാഷ്ട്രീയ-വർണ്ണ-വർഗ്ഗ-ലിംഗ വ്യത്യാസമില്ലാതെ എല്ലാപേരുടെയും സഹായത്തോടുകൂടി ഒരുമിച്ച് നിൽക്കാൻ തീരുമാനിച്ച അത്യപൂർവ്വമായ അതിജീവനത്തിന്റെയും പ്രതിരോധത്തിന്റെയും ചരിത്രം ഈ ദുരന്തങ്ങളുമായി ബന്ധപ്പെട്ട് നമ്മുടെ മുന്നിലുണ്ട്. 2018 സെപ്റ്റംബർ 19-ാം തീയതി ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങളെ ശ്ലാഘിക്കുന്ന അനുഭവമുണ്ടായി. കേരളം നടത്തിയ പ്രവർത്തനങ്ങളെ ഐക്യരാഷ്ട്രസഭയുടെ പ്രകൃതിദുരന്ത കോൺഫറൻസിലുൾപ്പെടെ വളരെ ശ്രദ്ധയോടെയാണ് ലോകരാജ്യങ്ങൾ നോക്കിക്കണ്ടത്. ഒരു സമൂഹമെന്ന നിലയിൽ അഭിമാനിക്കാവുന്ന പ്രവർത്തനങ്ങൾ ദുരിതാശ്വാസ പ്രവർത്തനങ്ങളെ സംബന്ധിച്ച് UNICEF പ്രതിനിധികൾപോലും രേഖപ്പെടുത്തിയ അനുഭവം കേരളത്തിനുമുന്നിലുണ്ട്. ഈ നൂറ്റാണ്ടിലെ ഏറ്റവുംവലിയ പ്രളയത്തെയാണ് 2018-ൽ കേരളം നേരിട്ടതെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ല. 450 പേരുടെ ജീവൻ നഷ്ടപ്പെട്ടു. 16,107 വീടുകൾ പൂർണ്ണമായും 2,46,303 വീടുകൾ ഭാഗികമായും തകർന്നതുൾപ്പെടെ 2,62,410 വീടുകളാണ് വിവിധ തോതുകളിൽ തകർച്ചനേരിട്ട ദുരന്തത്തിൽപ്പെട്ടത്. 2019-ൽ 151 പേരെ മരണത്തിലേയ്ക്ക് നയിച്ച ഈ ദുരന്തം പ്രധാനമായും വടക്കൻ ജില്ലകളെയാണ് തീവ്രമായി ബാധിച്ചത്. യഥാർത്ഥത്തിൽ 3,309 വീടുകൾ പൂർണ്ണമായും 58,935 വീടുകൾ ഭാഗികമായും തകർന്നതുൾപ്പെടെ 62,244 വീടുകളാണ് തകർന്ന വീടുകളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. 2018-19-ൽ 19.45 കോടി രൂപയും 2019-20-ൽ 9.1 കോടി രൂപയും 2020-21-ൽ 4.3 കോടി രൂപയും മരണപ്പെട്ടവരുടെ ആശ്രിതർക്ക് വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് 2018-19-ൽ 490.74 കോടി രൂപയും 2019-20-ൽ 676.04 കോടി രൂപയും 2020-21-ൽ 64.1 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ദേശീയതലത്തിൽ ദുരന്തപ്രതികരണ മേഖലയിൽ നിയമ ചർച്ചകൾവരെ ഉളവാക്കുന്ന വിധത്തിൽ കേരളത്തിന് ലഭ്യമാകേണ്ടിയിരുന്ന ഒട്ടനവധി വിദേശസഹായങ്ങൾ കേന്ദ്രസർക്കാർ ഇടപെട്ട് തടയുകയുണ്ടായി. യു.എ.ഇ. സർക്കാർ കേരളത്തിന് നൽകാമെന്ന് പറഞ്ഞ സഹായംപോലും സാങ്കേതിക പ്രശ്നങ്ങൾമൂലം നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടായി. രാജ്യത്ത് ഉയർന്നതോതിൽ ദുരിതാശ്വാസ സഹായം നൽകുന്ന സംസ്ഥാനമാണ് കേരളം.

കേന്ദ്രം അംഗീകരിച്ചതിന് പുറമെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഒട്ടനവധി സഹായങ്ങൾ ദുരന്തബാധിതർക്കും ദുരന്തം ബാധിക്കാൻ സാദ്ധ്യതയുള്ളവർക്കും അവരുടെ പ്രദേശങ്ങൾക്കും വേണ്ടി നൽകിയ ഒരു ചരിത്രമാണ് നാം അക്ഷരാർത്ഥത്തിൽ സൃഷ്ടിച്ചത്. തകർന്ന വീടുകൾക്ക് കേന്ദ്രസഹായമായി നൽകുന്നത് മലയോര മേഖലയിൽ 1,01,900 രൂപയും തീരപ്രദേശത്ത് 95,100 രൂപയുമാണ്. പക്ഷെ കേന്ദ്ര മാനദണ്ഡത്തിൽനിന്ന് വ്യത്യസ്തമായി കേരളത്തിൽ 4,00,000 രൂപവരെ നൽകാവുന്ന സ്ഥിതിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഇതിനുപുറമെ വാസയോഗ്യമല്ലാത്ത സാഹചര്യം നേരിട്ടവർക്ക് ചുരുങ്ങിയത് 3 സെന്റ് ഭൂമിയെങ്കിലും വാങ്ങാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് സഹായം നൽകിയ ചരിത്രവുമുണ്ട്. ദുരന്തം ബാധിച്ചവരെ മാത്രമല്ല, എല്ലാ പ്രദേശങ്ങളിലും വസിക്കുന്നവരെയും കേന്ദ്ര ജിയോളജിക്കൽ സർവ്വേയും മറ്റ് വിദഗ്ധ സംഘങ്ങളെയും ഉൾപ്പെടുത്തി Vulnerability Linked Relocation പദ്ധതി നടപ്പിലാക്കി, പത്ത് ലക്ഷം രൂപവരെ മാറ്റിത്താമസിപ്പിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ഒരു പക്ഷേ മൂവായിരത്തോളം കുടുംബങ്ങൾക്ക് സുരക്ഷിത വാസസ്ഥലങ്ങൾ നൽകുന്ന ഒരു പദ്ധതി രാജ്യത്ത് ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനം കേരളമായിരിക്കും. ചെറുകിട വ്യവസായങ്ങൾ ദുരന്തബാധിതമായാൽ യാതൊരു സഹായവും നൽകാൻ കേന്ദ്ര മാനദണ്ഡത്തിൽ അനുമതിയില്ല. അവർക്കുവേണ്ടി 'ഉജ്ജീവനം' പദ്ധതി കേരള ഗവൺമെന്റ് നടപ്പിലാക്കി. ദുരന്തബാധിതരായ ഭിന്നശേഷിക്കാർക്ക് 'പ്രത്യുത്ഥാനം' പദ്ധതി നടപ്പിലാക്കി ദേശീയ തലത്തിലൊരു മാതൃകയാണ് സൃഷ്ടിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് കവളപ്പാറയിലും പുത്തുമലയിലും പെട്ടിമുടിയിലുമുണ്ടായതും എല്ലാപേർക്കും ദുഃഖവുമുണ്ടാക്കിയതുമായ ഭീകര ദുരന്തങ്ങളാണ്. 06-08-2020-ലാണ് പെട്ടിമുടി ദുരന്തമുണ്ടായത്. 66 പേർ മരണമടയുകയും 4 പേരെ കാണാതാവുകയും ചെയ്തു. 12 പേരെ ദുരന്തത്തിൽനിന്ന് വിവിധ പ്രവർത്തനങ്ങളിലൂടെ രക്ഷപ്പെടുത്തിയിട്ടുണ്ട്. 66 കുടുംബങ്ങളിൽ 46 കുടുംബങ്ങൾക്കുള്ള അഞ്ച് ലക്ഷം രൂപ ഇതിനകം സഹായമായി നൽകിക്കഴിഞ്ഞു. 20 പേരുടെ പ്രശ്നം നമ്മുടെ മുന്നിലുണ്ടായിരുന്നു. അതിൽ 18 പേരുടെ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് ഗസറ്റിൽ ഉൾപ്പെടുത്താൻ കഴിഞ്ഞതുകൊണ്ട് അവരുടെ സഹായങ്ങൾ ഈ ആഴ്ചതന്നെ, സഭ തീരുന്നതിനുമുമ്പായി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തമിഴ്നാട്ടിൽനിന്നുള്ള 2 പേർക്ക് അവരുടെ രേഖകൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നതുകൊണ്ട് ചില തടസ്സങ്ങളുണ്ട്, അത് പൂർത്തീകരിക്കാനുള്ള നടപടികൾ എടുക്കാവുന്നതാണ്. പുനരധിവാസവുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ ഭൂമിയിൽ ഒരുകോടി രൂപ മുടക്കി TATA വീട് വച്ചുനൽകുന്ന സ്ഥിതിയുണ്ടായി. ദുരന്തത്തിൽ ഉറ്റവർ നഷ്ടപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾക്കാവശ്യമായ തുക ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ പ്രത്യേക ദുരിതാശ്വാസനിധിയിൽനിന്ന് അനുവദിക്കാനുള്ള സഹായവും ലഭ്യമാക്കി. 59 പേർക്ക് ജീവൻ നഷ്ടപ്പെട്ടതാണ് കവളപ്പാറയിലെ അതിഭീകരമായ ദുരന്തം. അവരുടെ ആശ്രിതർക്ക് ദുരന്തനിവാരണ നിധിയിൽനിന്ന് നൽകേണ്ട എല്ലാ സഹായങ്ങളും ഇതിനോടകം കൊടുത്തുതീർത്തിട്ടുണ്ട്. മൊത്തം 127 കുടുംബങ്ങളെ കവളപ്പാറയിൽനിന്ന് പുനരധിവസിപ്പിക്കേണ്ട സ്ഥിതി വന്നിട്ടുണ്ട്. ഇതിൽ 33 പേർക്ക് ശ്രീ. എം. എ. യൂസഫ് അലിയുടെ സഹായത്തോടുകൂടി വീടുകൾ നിർമ്മിച്ച് നൽകുകയുണ്ടായി. അതുൾപ്പെടെ 65 കുടുംബങ്ങളെ പൂർണ്ണമായി പുനരധിവസിപ്പിച്ചുകഴിഞ്ഞു. 58 പേരുടെ ഭവനനിർമ്മാണം നടന്നുവരികയാണ്, അതിനുള്ള തുക സർക്കാർ വിവിധ ഗഡുക്കളായി ഘട്ടംഘട്ടമായി എ, ബി, സി, ഡി. മുറയ്ക്ക് അനുവദിച്ചുവരുന്നു. നാല് പേർക്ക് സ്ഥലം വാങ്ങുന്നതിന് ചെറിയ തടസ്സങ്ങളുണ്ടായിട്ടുണ്ട്, അതിവേഗം അത് പരിഹരിക്കാവുന്നതാണ്. 67 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങാനായി 4.02 കോടി രൂപയും വീട് വയ്ക്കുന്നതിനായി 4 ലക്ഷം രൂപ വീതവുമാണ് അനുവദിച്ചിട്ടുള്ളത്. സ്ഥലം വാങ്ങാനോ കണ്ടെത്താനോ ഏതെങ്കിലും രീതിയിൽ തടസ്സം നേരിടുന്നവരുണ്ടെങ്കിൽ ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ അത് പൂർത്തീകരിക്കാനാവും. ഇതുപോലെ വലിയ ദുരന്തമുണ്ടായ ഒരിടമാണ് പുത്തുമല. 12 പേർ മരിച്ചു, 5 പേരെ കാണാതായി, 63 പേരുടെ വീടുകൾ പൂർണ്ണമായും നഷ്ടപ്പെടുന്ന സാഹചര്യവുമുണ്ടായി. മരണപ്പെട്ടവരുടെ ആശ്രിതർക്ക് സഹായം നൽകാൻ എല്ലാ സഹായങ്ങളും പദ്ധതികളും സർക്കാർ ആവിഷ്കരിച്ചു. വിദഗ്ദ്ധ സമിതിയും റീബിൽഡ് കേരള ഇനിഷ്യേറ്റീവുംകൂടി പഠനം നടത്തിയതിൽനിന്നും 95 കുടുംബങ്ങളെയാണ് മേൽപ്രദേശത്തുനിന്ന് മാറ്റിത്താമസിപ്പിക്കാനാലോചിച്ചത്. അതിൽ 45 പേർക്ക് സർക്കാർ ധനസഹായമായ പത്തുലക്ഷം രൂപ നൽകി. അവർ മറ്റിടങ്ങളിൽ വീടെടുത്ത് മാറാനുള്ള സംവിധാനം ഇതിനകമുണ്ടായിട്ടുണ്ട്. ബാക്കിവരുന്ന 50 കുടുംബങ്ങൾക്ക് നാലുലക്ഷം രൂപ അവരുടെ ബാങ്ക് അക്കൗണ്ടിൽ സർക്കാർ നിക്ഷേപിക്കുകയുണ്ടായി. ദുരിത പുനരധിവാസ പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ തരത്തിൽ 'ഹർഷം' എന്ന പദ്ധതി; മാതൃഭൂമി ചാരിറ്റബിൾ ട്രസ്റ്റിന്റെകൂടി ഭൂമി അനുവദിക്കപ്പെട്ട്, അവിടെ 56 പ്ലോട്ടുകളായി ഒരു ചെറുപ്രദേശവും ഹെൽത്ത് സെന്ററും കമ്മ്യൂണിറ്റി സെന്ററും കുടിവെള്ള സൗകര്യവും അങ്കണവാടിയുമെല്ലാമുൾപ്പെടുത്തി പണി നടന്ന് വരികയാണ്. 18 വീടുകളുടെ നിർമ്മാണം പൂർണ്ണമായും കഴിഞ്ഞിട്ടുണ്ട്. 20 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ബാക്കിവരുന്ന 15 വീടുകളിൽ നേരത്തെയുണ്ടായിരുന്ന സി.എസ്.ആർ. ഫണ്ടുപയോഗിച്ച് ചെയ്യാമെന്ന് പറഞ്ഞിരുന്ന സഹായം മാറ്റപ്പെട്ട സാഹചര്യത്തിൽ മലബാർ ചാരിറ്റബിൾ ട്രസ്റ്റിന്റെ സഹായത്തോടെ ആ നിർമ്മാണ പ്രവർത്തനവും പൂർത്തീകരിക്കുകയാണ്. ആഗസ്റ്റ് മാസത്തോടെ 38 വീടുകൾ

പൂർത്തീകരിക്കാനാകും. ബാക്കി വീടുകൾ സെപ്റ്റംബർ മാസത്തോടുകൂടി പൂർത്തീകരിക്കാനാകുമെന്നാണ് ഇപ്പോൾ ലഭിക്കുന്ന വിവരം. ഏതെങ്കിലും കാരണവശാൽ ദുരന്തബാധിതരായ ആരെയെങ്കിലും വിട്ടുപോയതായി സൂചിപ്പിച്ചാൽ എല്ലാവർക്കും സർക്കാരിന്റെ കരുതലും സ്നേഹവും അനുഭവവേദ്യമാകുന്ന തരത്തിലുള്ള നടപടികൾ തുടരും. 2018-ലെ പ്രളയം കേരളത്തിൽ ആസൂത്രണവും പദ്ധതി നടപ്പിലാക്കലുമുൾപ്പെടെയുള്ള കാര്യങ്ങളിൽ പുതിയ വീക്ഷണകോണുതന്നെ ആവശ്യമാണെന്ന് എല്ലാവരെയും ബോദ്ധ്യപ്പെടുത്തിയതാണ്. നവകേരളം സൃഷ്ടിക്കുന്നതിന്റെയും പ്രകൃതിയെയും മനുഷ്യനെയും ചൂഷണംചെയ്യാത്ത രീതിയിൽ ഭൂമിയിൽ മനുഷ്യൻ വസിക്കേണ്ടതിന്റെയും ആവശ്യകത നമുക്കേവർക്കും ബോദ്ധ്യപ്പെട്ടതാണ്. കാലാവസ്ഥാ വ്യതിയാനം അതീവരൂക്ഷമായി കേരളത്തെ ഗ്രസിക്കുന്നുവെന്ന സത്യം ഇനിയും തള്ളിക്കളയാനാകില്ല. അതുകൊണ്ടുതന്നെ ഭൂവിനിയോഗത്തിൽ കാലികമായ മാറ്റങ്ങളാണാവശ്യം. ഇതെല്ലാം പരിഗണിച്ചുകൊണ്ടാണ് നവകേരള സൃഷ്ടിക്കായി റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പ്രോഗ്രാം നടത്തിവരുന്നത്. 2019 മുതൽ കേരളം ദുരന്തനിവാരണത്തിനായി അടിസ്ഥാനതലത്തിൽ നിരവധി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളെ ഈ മേഖലയിൽ ശാക്തീകരിച്ച് ദുരന്തനിവാരണ പ്രവർത്തനങ്ങൾ നേരിടാൻ പ്രാപ്തമാക്കി രാജ്യത്ത് ഏറ്റവും വിപുലമായ സന്നദ്ധസേന രൂപീകരിക്കപ്പെട്ട സംസ്ഥാനമായി കേരളം മാറി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ 'നമ്മൾ നമുക്കായി' എന്ന പദ്ധതി ദേശീയതലത്തിൽ ശ്രദ്ധനേടി. 36 വകുപ്പുകളെ കോർത്തിണക്കിക്കൊണ്ട് ദുരന്തപ്രതികരണ മാർഗ്ഗരേഖകളുൾപ്പെടുത്തി ഓറഞ്ച് ബുക്ക് പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ദേശീയ മാതൃകയെന്ന നിലയിൽ വേൾഡ് ബാങ്ക് പോലും പ്രകീർത്തിച്ച ഒരു പ്രവൃത്തിയാണിത്. താലൂക്ക് തലത്തിൽവരെ ദുരന്തപ്രതികരണ സംവിധാനമായിട്ടുള്ള ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം നടപ്പിലാക്കിയ ഏകസംസ്ഥാനവും കേരളമാണ്. എല്ലാ സന്നദ്ധ സംഘടനകളെയും ഏകോപിപ്പിച്ചുകൊണ്ട് ഇന്റർ ഏജൻസി ഗ്രൂപ്പ് പ്രവർത്തിച്ചുവരികയാണ്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ ഉണ്ടാകാൻ സാദ്ധ്യതയുള്ളപ്പോഴെല്ലാം മേൽസംവിധാനങ്ങളെ കൂട്ടിയിണക്കി സുഗമമായ മുൻകരുതലാണ് നടപ്പിലാക്കിവരുന്നത്. ഇവരെല്ലാം പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഉദ്യോഗസ്ഥർക്ക് തുടർപരിശീലനം ഉറപ്പാക്കുന്നതിനും എല്ലാ ആഴ്ചകളിലും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഇടപെടുന്നുണ്ട്. മുന്നൊരുക്കമെന്നനിലയിൽ ദേശീയ ദുരന്തപ്രതികരണ സേനയുടെ 9 ടീം ഇപ്പോൾത്തന്നെ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. പ്രാദേശിക മുന്നറിയിപ്പുകൾ നൽകുന്നതിനുള്ള സംവിധാനം തദ്ദേശ ഭരണസ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കിയിട്ടുണ്ട്. നദികളിൽനിന്നും എക്കലും ചെളിയും നീക്കംചെയ്യുന്നതിന് 'Room For The River' എന്ന പദ്ധതി നടപ്പിലാക്കിവരികയാണ്. കേരളത്തിലെ

പ്രധാനപ്പെട്ട എല്ലാ അണക്കെട്ടുകളുടെയും റൂൾ കർവ്വുകളും എമർജൻസി ആക്ഷൻ പ്ലാനുകളും തയ്യാറാക്കുകയും പ്രവർത്തനക്ഷമത പരിശോധിക്കുകയും നിരന്തരം നിരീക്ഷിക്കുകയും ചെയ്തുവരികയാണ്. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ സംസ്ഥാനം മുഴുവൻ സിവിൽ ഡിഫൻസ് സേന 3000 വോളന്റിയർമാരെ ഉൾപ്പെടുത്തി നടപ്പിലാക്കി. ഉരുൾപൊട്ടൽ തീവ്രമായി ബാധിക്കുന്ന ഹൈ ഹസാർഡ് സോണുകളിൽ വെടിമരുന്നുപയോഗിച്ച് പാറപൊട്ടിക്കുന്നത് തടഞ്ഞു കൊണ്ട് തീരുമാനമിറക്കി, പ്ലാന്റേഷൻ മേഖലയിലുള്ള സന്നദ്ധ പ്രവർത്തകർക്കായി പ്രത്യേക പരിശീലന പദ്ധതി നടപ്പിലാക്കി. കേരളത്തിലാവശ്യമായ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങളില്ലെന്നത് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും നൂറ് പ്ലോട്ടുകൾ ഇതിനായി കണ്ടെത്തി കേന്ദ്രസർക്കാരിന് നൽകുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്കുപുറമേ പ്രാദേശികമായ കാലാവസ്ഥ മനസ്സിലാക്കുന്നതിന് പരീക്ഷണാടിസ്ഥാനത്തിൽ സ്വകാര്യ ഏജൻസികളുടെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്. കേരളത്തിലെ 17 ഇടങ്ങളിൽ താല്ക്കാലിക ദുരിതാശ്വാസ അഭയ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും ഇവയിൽ പത്തെണ്ണത്തിന്റ പ്രവർത്തനം ഇപ്പോൾത്തന്നെ ആരംഭിക്കുകയും ചെയ്തു. വ്യാപകമായ ദുരന്ത മുന്നറിയിപ്പുകൾ നൽകുന്നതിന് 'Early Warning Dissemination System' പദ്ധതി നടപ്പിലാക്കിവരികയാണ്. ഈ നടപടികളിലൊന്നും സർക്കാർ ഒറ്റയ്ക്കാണെന്ന ധാരണ ഗവൺമെന്റിനില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ജാതി-മത-വർണ്ണ-വർഗ്ഗ-ലിംഗ വ്യത്യാസമില്ലാതെ എല്ലാവിഭാഗം മനുഷ്യരെയും പങ്കാളികളാക്കിക്കൊണ്ട് നാടിനെ സംരക്ഷിക്കുകയെന്ന കരുതലും സ്നേഹവുമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ല. ഏതുതരത്തിലുള്ള നിർദ്ദേശങ്ങളും സ്വീകരിക്കാൻ സർക്കാർ തയ്യാറാണ്. ഈ സാഹചര്യത്തിൽ സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ഒരുകാര്യവുമില്ല എന്ന കാര്യമറിയിക്കുകയാണ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, 2019-ലും 2020-ലും പുത്തുമലയിലും കവളപ്പാറയിലും പെട്ടിമുടിയിലും മരണമടഞ്ഞ ഹതഭാഗ്യരുടെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടാണ് ഈ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നത്. മരണമടഞ്ഞവരും കാണാതായവരുമായ ആളുകളെക്കുറിച്ച് ഇന്ന് ജീവിച്ചിരിക്കുന്ന ആളുകളുടെ ആവലാതികളോടും വേവലാതികളോടും മനസ്സിന്റെ ദുഃഖത്തോടുമൊപ്പം ചേർന്നുനിന്നുകൊണ്ടാണ് ഇവിടെ സംസാരിക്കുന്നത്. മണ്ണിനടിയിൽ കിടക്കുന്ന ഉറ്റവരെകാത്ത് ഇപ്പോഴും നെടുവീർപ്പിടുന്ന നിരവധി ആളുകൾ, ഒരായുസ്സിന്റെ മുഴുവൻ സമ്പാദ്യവും മലയെടുത്തതിന്റെ അന്ധാളിപ്പിൽ തരിച്ചുനിൽക്കുന്നവർ, ഇനി എവിടെപ്പോകുമെന്ന് ഒരു നിശ്ചയവുമില്ലാതെ പുനരധിവാസ ക്യാമ്പുകളിൽ ഇപ്പോഴും കഴിയുന്നവർ, ഉരുൾ താണ്ഡവമാടി തകർത്ത ജീവിതങ്ങളുടെ നിലവിളികൾ നിലയ്ക്കാതെ ഇപ്പോഴും തുടരുകയാണ്. അവരെ തീരത്തെത്തിക്കാനോ

പ്രകൃതിയുടെ താളം വീണ്ടെടുക്കാനോ ഇപ്പോഴും സാധിച്ചിട്ടില്ല. ഈ നെടുവീർപ്പുകൾ പുത്തുമലയിൽനിന്നും കവളപ്പാറയിൽനിന്നും പെട്ടിമുടിയിൽനിന്നും കേൾക്കാം. പുത്തുമലയിൽ 2019 ആഗസ്റ്റ് 8-ാം തീയതി ഉരുൾപൊട്ടി പതിനേഴ് പേർ മരിച്ചതിൽ 5 പേരെ ഇതുവരെ കണ്ടുകിട്ടിയിട്ടില്ല. രണ്ടുവർഷമായിട്ടും ഒരു വീടുപോലും കൈമാറാൻ സാധിച്ചിട്ടില്ല എന്നതാണ് പുത്തുമലയിലെ അനുഭവം. കവളപ്പാറയിൽ ആഗസ്റ്റ് 8-ാം തീയതി 59 ആളുകൾ മരിച്ചു. അതിൽ 11 പേരുടെ മൃതദേഹം ഇതുവരെ കിട്ടിയിട്ടില്ല. അവിടെ സാമ്പത്തിക-ഭവന സൗകര്യങ്ങളൊരുക്കുന്നത് ഇതുവരെ പൂർത്തീകരണത്തിലേയ്ക്കെത്തിയിട്ടില്ല. പെട്ടിമുടിയിൽ 06.08.2020-ന് 70 പേർ മരിച്ചു. അതിൽ 4 പേരുടെ മൃതദേഹങ്ങൾ ഇപ്പോഴും കിട്ടിയിട്ടില്ല. സാമ്പത്തികസഹായം കൊടുക്കുന്നതുൾപ്പെടെയുള്ള ദുരിതാശ്വാസ പ്രവർത്തനം അവിടെയും പൂർത്തീകരിച്ചിട്ടില്ല. ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് 2005-ൽ ഡിസാസ്റ്ററിനെക്കുറിച്ച് പറയുന്നുണ്ട്. '" Disaster" means a catastrophe, mishap, calamity or grave occurrence in any area, arising from natural or manmade causes, or by accident or negligence which results in substantial loss of life or human suffering or damage …' ഇത് ഡിസാസ്റ്ററിന്റെ ഡെഫനിഷനാണ്. ഡിസാസ്റ്റർ മാനേജ്മെന്റിനെക്കുറിച്ച് Section 2(e) - യിൽ പറയുന്നുണ്ട്. " disaster management" means a continuous and integrated process of planning, organising, coordinating and implementing measures which are necessary or expedient for– (i) prevention of danger or threat of any disaster; (ii) mitigation or reduction of risk.......' അങ്ങനെ തുടങ്ങി കുറെ കാര്യങ്ങൾ. കേരളത്തിൽ ഈ മഹാദുരന്തങ്ങളുണ്ടായപ്പോൾ അവിടെ പ്രോപ്പറായ കോ-ഓർഡിനേഷനോ പ്ലാനിംഗോ ഓർഗനൈസിംഗോ ദുരിതാശ്വാസ പ്രവർത്തനങ്ങളോ കൃത്യതയോടുകൂടി നടന്നില്ല എന്നത് സാന്ദർഭികമായി ചൂണ്ടിക്കാണിക്കുന്നു. സെക്ഷൻ 12-ൽ Guidelines for minimum standards of relief-നെക്കുറിച്ച് പറയുന്നു. അതിലെ രണ്ടാമത്തെ ക്ലോസിൽ പറയുന്നത് ' ( ii) the special provisions to be made for widows and orphans; (iii) ex gratia assistance on account of loss of life as also assistance on account of damage to houses and for restoration of means of livelihood; (iv) such other relief as may be necessary.' ഇതെല്ലാം ഒരു സർക്കാരിന്റെ ബാദ്ധ്യതയാണ്, ഉത്തരവാദിത്വമാണെന്ന് സൂചിപ്പിക്കാനാണ് ഞാനിത് പറഞ്ഞത്. സെക്ഷൻ 18 (2) (g)-ൽ, ' review the development plans of the different departments of the State and ensure that prevention and mitigation measures are integrated therein' എന്നാണ് പറയുന്നത്. ആറുമാസംകൊണ്ട് സമ്പൂർണ്ണമായ പുനരധിവാസം നടത്താമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരെല്ലാവരും അതത് ഇടങ്ങളിൽപോയി പ്രഖ്യാപിച്ചിട്ട് രണ്ടുവർഷം കഴിഞ്ഞിട്ടും പുനരധിവാസം ഇതുവരെ പൂർത്തീകരിക്കാതെ പണം

കിട്ടാത്തവരും വീട് കിട്ടാത്തവരും അഭയാർത്ഥി ക്യാമ്പുകളിൽ നിൽക്കുമ്പോൾ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ ഉത്തരവാദിത്വംപോലും നിർവ്വഹിക്കുന്നതിൽ സർക്കാർ ദയനീയമായി പരാജയപ്പെട്ടു. കവളപ്പാറയിൽ സർവ്വതും നഷ്ടപ്പെട്ട 32 എസ്.ടി. കുടുംബങ്ങൾ ഇപ്പോഴും പോത്തുകല്ലിലെ സ്വകാര്യ ക്യാമ്പിലും വാടകവീട്ടിലുമായി താമസിക്കുകയാണ്. വാടകവീടുകളിൽ താമസിക്കുന്നവരുടെ വാടകപോലും കൊടുക്കാത്തവരാണ് ഈ സർക്കാർ. കവളപ്പാറയിൽ ഇവരുടെ പുനരധിവാസത്തിന് ബഹുമാനപ്പെട്ട ഹൈക്കോടതി ഇടപെടേണ്ടിവന്നു. ചെമ്പൻകൊല്ലിയിൽ ഫെഡറൽ ബാങ്ക് അവരുടെ സി.എസ്.ആർ. പ്രകാരം നിർമ്മിച്ച വീടുകൾ കൈമാറുന്നതുസംബന്ധിച്ച് എം.എൽ.എ.-യും കളക്ടറും തമ്മിൽ സംഘട്ടനമുണ്ടായപ്പോൾ ഇരകൾക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോകേണ്ടിവന്നു. മുത്തപ്പൻകുന്ന് ഇടിഞ്ഞാണ് കവളപ്പാറ ദുരന്തമുണ്ടാകുന്നത്. അവിടെ ഉരുൾപൊട്ടൽ നടന്നതിനുശേഷം ഇപ്പോഴും മൂന്ന് ജല ചാനലുകൾ ബാക്കിനിൽക്കുകയാണ്. അതിന്റെ ദുരന്തങ്ങൾ ഇപ്പോഴും വരുമോ എന്നുള്ള ഭയം നിൽക്കുകയാണ്. ഇരുപത്തിനാല് എസ്.ടി. കുടുംബങ്ങളുൾപ്പെടെ അറുപത്തിയൊൻപത് കുടുംബങ്ങൾ അവിടെ താമസിക്കുന്നു. തങ്ങളുടെ ജീവൻ അപകടത്തിലാണെന്നുള്ള കാര്യം കാണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഡിസാസ്റ്റർ മാനേജ്മെന്റിനുമൊക്കെ അവർ കത്ത് നൽകി. അവരെ മാറ്റിത്താമസിപ്പിക്കാനുള്ള ഒരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. കഴിഞ്ഞ ദിവസം പുത്തുമല ദുരന്തത്തിന്റെ നേർസാക്ഷികളെ നേരിട്ട് കണ്ടിട്ടാണ് ഇങ്ങോട്ട് വരുന്നത്. അവിടെ നടപടികൾ സ്പീഡപ് ചെയ്യാൻ സ്പോൺസർമാരുടെ മീറ്റിംഗ് നടത്തിയിരുന്നു. നിങ്ങൾ ആറുമാസം പറഞ്ഞെങ്കിലും ഇപ്പോൾ രണ്ടുവർഷം കഴിഞ്ഞു. നീണ്ട വർഷത്തെ കാത്തിരിപ്പിനുശേഷം ജനിച്ച മൂന്നുവയസ്സുകാരൻ മിസ്ബാഹ്, റാണി, ഷൈല, അജിത, നബീസ, ഹാജിറ തുടങ്ങിയ വനിതകളുമുൾപ്പെടെ പതിനേഴ് പേരുടെ ജീവനെടുത്ത മഹാദുരന്തമാണ് അവിടെ നടന്നത്. പത്ത് ലക്ഷം രൂപ കിട്ടാത്തവർ ഇപ്പോഴുമുണ്ട്. ലിസ്റ്റ് തന്നാൽ ആ തുക നൽകാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആ പേരുകൾ ഇവിടെ പറയണമെങ്കിൽ പറയാം എന്നുള്ളതുകൂടി സൂചിപ്പിക്കുന്നു. സമയക്കുറവുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. ജനകീയ കമ്മിറ്റി ഒരു ശിപാർശ നൽകി. പഞ്ചായത്ത് പ്രസിഡന്റ് സി.പി.ഐ.(എം.) പ്രവർത്തകനും കൺവീനർ പഞ്ചായത്ത് സെക്രട്ടറിയുമായിരുന്നു. എല്ലാ പാർട്ടി പ്രവർത്തകരും ആ കമ്മിറ്റിയിലുണ്ടായിരുന്നു. ആ കമ്മിറ്റി ഒരു റിപ്പോർട്ട് നൽകിയപ്പോൾ അതിന്റെ താളംതകർത്ത് പലരെയും കൂട്ടിച്ചേർക്കുകയും ചിലരെ ഒഴിവാക്കുകയും ചെയ്തു. നിങ്ങൾ ഒരു കാര്യമറിയണം. "എൽ.ഡി.എഫ്. വരും, എല്ലാം ശരിയാകും" എന്നതായിരുന്നു കഴിഞ്ഞ ഗവൺമെന്റിന്റെ മുദ്രാവാക്യം. ആറ് മാസംകൊണ്ട് നിങ്ങൾക്ക് എല്ലാം ശരിയാക്കിത്തരുമെന്നാണ് ഇവരോട് പറഞ്ഞത്. ആറ് മാസംകൊണ്ട് അവരെ നിങ്ങൾ ശരിയാക്കി. രണ്ടുവർഷം കഴിഞ്ഞിട്ടും അവർ അഭയാർത്ഥി ക്യാമ്പിൽ

നിൽക്കുമ്പോൾ ഈ സർക്കാരിന്റെ സമീപനമെന്താണെന്നുള്ളത് പ്രത്യേകമായി ചോദിക്കാൻ ആഗ്രഹിക്കുന്നു. ദുരന്തബാധിതർക്ക് ലഭിക്കേണ്ട പതിനായിരം രൂപ ലഭിക്കാത്തവരും അപകടകരമായ സ്ഥലത്ത് താമസിക്കുന്നവരുമുണ്ട്, കവളപ്പാറയിൽ മാത്രമല്ല, പുത്തുമലയിൽ വീടിന് വാടക കൊടുക്കാൻ കാശില്ലാതെ ശ്രീ. സക്കീർ, ശ്രീ. അബു എന്നീ രണ്ടാളുകൾ landslide prone area-യിലേയ്ക്ക് വീണ്ടും താമസം മാറ്റുകയാണ്. അവിടെ സ്പോൺസർമാരുണ്ട്. അവിടെ പണം കൊടുത്തവരെയൊക്കെ പ്രത്യേകം പരാമർശിക്കുന്നു. മാതൃഭൂമി സ്ഥലം കൊടുത്തു. പീപ്പിൾസ് ഫൗണ്ടേഷൻ, എസ്.വൈ.എസ്., ആക്ടോൺ, തണൽ, സി.സി.എഫ്., മലബാർ ഗോൾഡ് ചാരിറ്റബിൾ ട്രസ്റ്റ്, അതുപോലെ കവളപ്പാറയിൽ ശ്രീ. എം. എ. യൂസഫലി, പീപ്പിൾസ് ഫൗണ്ടേഷൻ, ബിൽഡിംഗ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ, ക്രൈസ്തവ പള്ളികൾ, പെട്ടിമുടിയിൽ ടാറ്റ കമ്പനി ഉൾപ്പെടെ എല്ലാവരും സ്പോൺസർഷിപ്പുമായി വന്നു, അവരെ പ്രത്യേകം അഭിനന്ദിക്കുന്നു. ദൗത്യം നിർവ്വഹിക്കാൻ അവരെ അസിസ്റ്റ് ചെയ്യണ്ടേ? അതിനായി വേണ്ടരീതിയിലുള്ള അവലോകനമോ കോ-ഓർഡിനേഷനോ ഒന്നും തന്നെയുണ്ടായില്ല. പൂർത്തീകരിച്ച വീടുകളിൽ കറന്റും കുടിവെള്ളവുമില്ല. സ്പോൺസർമാർക്ക് നിർമ്മാണ സാമഗ്രികളെത്തിക്കാൻ റോഡില്ല. പുത്തുമലയിലെ അനുഭവമാണിത്. പുത്തൻകൊല്ലിയിലെ സൈറ്റ് നിങ്ങൾ പോയി നോക്കണം. അവിടേയ്ക്ക് സാധനങ്ങൾ കൊണ്ടുപോകാൻ റോഡില്ല. പുത്തൂർവയലിൽ പതിനേഴ് കുടുംബങ്ങൾക്ക് ഒരു സ്ഥലം നിശ്ചയിച്ചു, അവരവിടെ താമസിക്കുകയാണ്. പക്ഷേ അവിടേയ്ക്ക് സാധനസാമഗ്രികൾ കൊണ്ടുപോകാൻ റോഡുപോലുമില്ല. ആളുകളെല്ലാം വാടക വീടുകളിൽ താമസിക്കുകയാണ്, ആ വാടക കൊടുക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു നടപടിയും ഇതുവരെ എടുത്തില്ല. പ്രകൃതിദുരന്തത്തെ നമുക്ക് നേരിടാം. പക്ഷേ, നിങ്ങൾ അതിനേക്കാൾ വലിയ ദുരന്തം ഈ കേരളത്തിൽ സൃഷ്ടിക്കുകയാണ്. പ്രകൃതിദുരന്തത്തെ നേരിട്ടവരെ സംരക്ഷിക്കേണ്ട സർക്കാർതന്നെ അവരെ അഭയാർത്ഥികളാക്കി മാറ്റുന്ന ഗൗരവമായ സാഹചര്യമാണുള്ളത്. ഒരു കാര്യംകൂടി പറയാം. പുത്തുമല ഗവ. എൽ. പി. സ്കൂൾ landslide prone area-യിലാണ് സ്ഥിതി ചെയ്യുന്നത്. അവിടെനിന്ന് കുട്ടികളെ ഏലവയൽ അങ്കണവാടിയിലേയ്ക്ക് മാറ്റി. രണ്ട് കൊല്ലമായിട്ടും ആദിവാസികളുൾപ്പെടെയുള്ള കുട്ടികൾ പഠിക്കുന്ന ഈ കലാലയത്തിന് സ്ഥലം വാങ്ങാനോ സ്കൂളുണ്ടാക്കാനോ ഉള്ള പ്രാഥമിക നടപടിപോലും സർക്കാർ സ്വീകരിച്ചിട്ടില്ല. ഇന്ന് അങ്കണവാടി, പ്രീ-കെ.ജി., എൽ.പി. സ്കൂളിന്റെ അഞ്ച് ക്ലാസ്സുകൾ എന്നിവ ഒന്നിച്ച് ഒരു അങ്കണവാടിയിൽ പ്രവർത്തിക്കുകയാണ്. ഈ കുരുന്നുകളോട് ഇതിനേക്കാൾ വലിയ ക്രൂരത വല്ലതുമുണ്ടോ; കാർഷികഭൂമി പുനഃക്രമീകരിച്ച് കിട്ടാനുള്ള നടപടിയുണ്ടായിട്ടില്ല. ഉരുൾപൊട്ടൽ പ്രദേശത്തെ തോടുകളുടെയും നടപ്പാതയുടെയും നടപ്പാലങ്ങളുടെയും പുനർനിർമ്മാണം നടന്നിട്ടില്ല. ഏലവയൽ ബൈപ്പാസ് പാലം തകർന്നതും സ്കൂളും പുനഃക്രമീകരിച്ചില്ല. പുത്തുമല പൂച്ചക്കാട് സദാനത്തിൽ ഇസ്ലാം

സംഘത്തിന്റെ മുസ്ലീം പള്ളി തകർന്നതും പുനർനിർമ്മിച്ചില്ല. പുത്തുമല ശ്രീചാമുണ്ഡേശ്വരി ക്ഷേത്രവും തകർന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെ എല്ലാവർക്കും ആ ക്ഷേത്രം പുനരുദ്ധരിക്കാൻ നിവേദനം നൽകിയെങ്കിലും ഒരു നടപടിയുമുണ്ടായില്ല. നവോത്ഥാന മതിലിന്, അയ്യനെ തകർക്കാൻ, ആചാരക്രമങ്ങളെ തകർക്കാൻ നിങ്ങൾ അൻപത് ലക്ഷം രൂപ കൊടുക്കുമ്പോൾ ദുരന്തത്തിൽ തകർന്ന ഒരു അമ്പലത്തെ കാക്കാൻ നയാപൈസ നൽകിയിട്ടില്ല.

മി. സ്പീക്കർ: അങ്ങ് വിഷയം അവതരിപ്പിച്ചുകഴിഞ്ഞു എന്ന് കരുതുന്നു. ദയവായി അവസാനിപ്പിക്കണം.

ശ്രീ. ടി. സിദ്ദിഖ്: സർ, അവസാനിപ്പിക്കാം. പൊളിഞ്ഞുവീഴാറായ എസ്റ്റേറ്റ് പാഡികളിൽ താമസിക്കുന്നവരുടെ കാര്യത്തിലും ഒരു നടപടിയും സ്വീകരിക്കപ്പെട്ടില്ല. പുത്തൂർവയലിൽ പതിനേഴ് ആളുകൾക്ക് സ്പോൺസർമാരെ നൽകിയിട്ടില്ല. പതിനായിരം രൂപ നൽകിയിട്ടില്ല. പറഞ്ഞ പണം ദുരന്തബാധിതർക്കെത്തിച്ചില്ല.

മി. സ്പീക്കർ: അത് പറഞ്ഞുകഴിഞ്ഞു. ആവർത്തിക്കുകയാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, തകർന്ന പോസ്റ്റോഫീസും സ്കൂളും പുനർനിർമ്മിച്ചില്ല. രണ്ട് വർഷമായിട്ടും ഒരു വീടുപോലും നൽകിയില്ല, അമ്പലവും പള്ളിയുമില്ല. വെള്ളവും വെളിച്ചവും നൽകാൻ സാധിച്ചില്ല. ദുരന്ത നിവാരണത്തിന്റെ ഭാഗമായി റോഡുകളും കൃഷിഭൂമിയും പുനഃക്രമീകരിക്കാൻ നടപടിയില്ല. ഒരു ഏകോപനവും ഇവർ നടത്തിയില്ല. ഉരുൾപൊട്ടലിനെ തുടർന്ന് കുറിച്യർമല സ്കൂൾ ഒരു മദ്രസയിൽ പ്രവർത്തിക്കുകയാണ്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ഗൗരവത്തോടുകൂടി ചർച്ച ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളെല്ലാം ഗവൺമെന്റ് ഗൗരവത്തോടെ കണ്ടിട്ടുള്ളതും അതത് ഘട്ടങ്ങളിൽ അതിനാവശ്യമായ നടപടികളെടുത്തിട്ടുള്ളതാണെന്നും അംഗത്തിന് അറിയാവുന്നതാണെന്ന് കരുതുന്നു. അങ്ങ് ഇതിനെ രാഷ്ട്രീയവൽക്കരിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചതേയില്ല. കാരണം, ഇത് അത്തരമൊരു പ്രശ്നമല്ല. 2018-ൽ ആദ്യത്തെ പ്രളയമുണ്ടാകുമ്പോൾ അതിനുമുമ്പ് ഒരു മഹാപ്രളയത്തെ നേരിട്ടതിന്റെ അനുഭവസാക്ഷ്യങ്ങളോ രേഖകളോ ഒന്നുമില്ലാതിരുന്നിട്ടും എല്ലാ വിഭാഗം ആളുകളെയും കൂട്ടിച്ചേർത്തുകൊണ്ട് അതിനെ നേരിടുന്നതിൽ ഗവൺമെന്റിന്റെ ശ്രദ്ധ വലുതായിരുന്നു. കേരള ചരിത്രത്തിൽ നമ്മുടെ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രളയം എന്ന അർത്ഥത്തിലാണ് ആദ്യത്തെ പ്രളയമെന്ന് സൂചിപ്പിച്ചത്. ഞാൻ അതിന്റെ

വിശദീകരണങ്ങൾ വീണ്ടും വീണ്ടും പറയുന്നില്ല. എല്ലാ വിഭാഗം ആളുകളെയും കൂട്ടിച്ചേർത്തുകൊണ്ട് ആ ദുരന്തത്തെ നേരിടാൻ കേരളം ശ്രമിച്ചുവെന്നതിന്റെ പേരിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും യുണിസെഫും ഐക്യരാഷ്ട്ര സഭയും ലോകത്തിൽ കണ്ട എല്ലാ പ്രതിരോധ സംവിധാനങ്ങളിലും ഏറ്റവും മികച്ചതെന്ന് കേരളത്തെക്കുറിച്ച് പറഞ്ഞു. ഇത് ഞങ്ങൾ ഒറ്റയ്ക്കവകാശപ്പെടുന്നില്ല, എല്ലാവരുംചേർന്ന് നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമല്ലേ? അതിനെ എങ്ങനെയാണ് നിഷേധിക്കാൻ കഴിയുക? ഇക്കാര്യത്തിൽ ചട്ടങ്ങളിൽ പറയുന്നതുപോലെ ഒരു ഓർഗനൈസേഷനോ കോ-ഓർഡിനേഷനോ നടന്നിട്ടില്ലെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞല്ലോ. ഇവിടെ ദേശീയ ദുരന്തനിധിയുടെ ചട്ടങ്ങളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും വാദിച്ചു. ദേശീയ ദുരന്തനിവാരണ നിധിയുടെ മാനദണ്ഡമനുസരിച്ച് വാടക കൊടുക്കാൻ നിവൃത്തിയുണ്ടോ? എന്തുകൊണ്ടാണത് വായിക്കാതെ പോയത്? ദേശീയ ദുരന്ത നിവാരണ നിധിയിൽ കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന അപകടകരമായ നടപടികളെക്കുറിച്ച്, നമ്മളെ ഒറ്റപ്പെടുത്തുന്നതിനെക്കുറിച്ച് ഒരക്ഷരവും പറയാതെപോയത് സത്യത്തിൽ വളരെ പ്രയാസകരമായ കാര്യമാണെന്ന് ഇവിടെ സൂചിപ്പിക്കാതിരിക്കാൻ കഴിയില്ല. ഞാൻ തർക്കത്തിന് പോകുന്നില്ല. ഇവിടെ വായിച്ച നിബന്ധനകളനുസരിച്ച് 1,01,900 രൂപയാണ് മലയോര മേഖലയിൽ വീട് നഷ്ടപ്പെട്ടവർക്കായി കേന്ദ്ര ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിക്കാൻ പ്രഖ്യാപിച്ചിട്ടുള്ളത്. ആ ചട്ടങ്ങളാണ് അദ്ദേഹമിവിടെ വായിച്ചത്. തീരദേശ മേഖലയിൽ 95,100 രൂപയാണ് ഒരു വീട് തകർന്നാൽ അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ആ മാനദണ്ഡങ്ങളെ മാറ്റിനിർത്തിക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക നിധി ഉപയോഗിച്ച്, നഷ്ടപ്പെടുന്ന ഓരോ വീടിനും നാലുലക്ഷം രൂപ കൊടുക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. എന്താണ് അതിവിടെ പ്രതിപാദിക്കപ്പെടാതെ പോയത്? ഞാൻ അതൊന്നും വിശദീകരിച്ച് പറയുന്നില്ല. ഈ ദുരന്തമുണ്ടായപ്പോൾ നടന്നതെന്താണ്? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെയുമുൾപ്പെടുത്തി ചെല്ലാവുന്ന ഇടങ്ങളിലെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോയി. ഗവൺമെന്റ് നേരിട്ട് ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു. രാഷ്ട്രീയത്തിനതീതമായി എൽ.എൽ.എ.-മാരും തദ്ദേശഭരണ സ്ഥാപനങ്ങളും ക്ലബ്ബുകളും പ്രസ്ഥാനങ്ങളുമെല്ലാം ഒരുമിച്ചുനിന്നില്ലേ? ഓരോ ജില്ലയിലും മന്ത്രിമാർ പ്രത്യേക ചുമതലയെടുത്ത് പ്രശ്നങ്ങൾ പരിശോധിച്ച് ചെല്ലാവുന്നിടത്തെല്ലാമെത്തി ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടന്നല്ലോ; ചിലയിടങ്ങളിൽ തിരച്ചിൽ നിർത്തിയതിനെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിച്ചു. അദ്ദേഹം അറിയാതെയാകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. കാരണം, അങ്ങ് കേരളത്തിലെ ഒരു

യുവജനപ്രസ്ഥാനത്തിന് നേതൃത്വം നൽകിയിരുന്ന ആളാണ്. അന്ന് ഓരോ സ്ഥലത്തെയും ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ തിരച്ചിലവസാനിപ്പിച്ചത് എങ്ങനെയാണ്? ഞങ്ങളെല്ലാവരും അവിടെ പോയതാണ്. ഇനി നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ല എന്ന് ആ മേഖലയിലെ ജനങ്ങളെല്ലാം ദിവസങ്ങളോളം പ്രഖ്യാപിച്ച സ്ഥലങ്ങളിൽ, മറ്റൊരു നിവൃത്തിയുമില്ലാതെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കേണ്ടിവന്നു. നാം അതിനെ ദേശീയ ദുരന്തമായി കണ്ടു. അത്രയും ഭീകരമായ ഒരു ഘട്ടമുണ്ടായപ്പോഴാണ് നാം അവിടെ ഇത്തരമൊരു നിലപാടെടുത്തത്. അങ്ങനെ കാണാതായവരെ മുഴുവൻ സിവിൽ ഡെത്താക്കാൻ നിയമപരമായി ഏഴ് വർഷത്തെ കാലാവധി വേണമെന്നുള്ളതുകൊണ്ട് അത് കണക്കാക്കാതെ മരണപ്പെട്ടവരെയുൾപ്പെടുത്തി പ്രത്യേകമായ ധനസഹായം ശേഖരിക്കാൻ തീരുമാനിക്കുകയും ഇടപെടുകയും ചെയ്തിട്ടുണ്ട്. പെട്ടിമുടിയിലുണ്ടായ ഒരു ചെറിയ പ്രയാസം അങ്ങനെ പരിഹരിക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മലപ്പുറം ജില്ലയിലെ മുത്തപ്പൻകുന്നിൽ ചില ആളുകളെ പുനരധിവസിപ്പിക്കാൻ സാധിച്ചില്ല. അങ്ങ് സൂചിപ്പിച്ച അതേ നിബന്ധനകൾ വച്ചതുകൊണ്ടാണ് ആ പ്രശ്നമുണ്ടായത്. ജിയോളജി ഡിപ്പാർട്ട്മെന്റ് Vulnerability Linked Relocation-ൽ മാപ്പ് ചെയ്യാത്ത ഒരു സ്ഥലത്തേയ്ക്ക് നിയമം അനുശാസിക്കുന്ന വിധത്തിൽ അത് കൊടുക്കാൻ കഴിയാത്ത പ്രശ്നം വന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. എ. എൻ. ഷംസീർ, അങ്ങ് ഇന്ന് മാസ്ക് തീരെ ഉപേക്ഷിച്ചതായാണ് കാണുന്നത്. മറ്റ് പല അംഗങ്ങളും മാസ്ക് താടിയിൽ വച്ചിരിക്കുന്നത് കാണുന്നുണ്ട്. ഇത് എല്ലാവർക്കും ബാധകമാണ്. സഭാനടപടികൾ വെബ്കാസ്റ്റ് ചെയ്യുന്നതിനാൽ ടെലിവിഷൻ ചാനലിലൂടെ ആളുകൾ കാണുന്നതാണ്. തെറ്റായ ഒരു സന്ദേശം നൽകരുത്.

<u>ശ്രീ. കെ. രാജൻ</u>: സർ, താങ്കളിവിടെ സൂചിപ്പിച്ചതുപോലെ മുത്തപ്പൻകുന്നിന്റെ ഓരത്ത് താമസിക്കുന്ന ആളുകൾക്കേതെങ്കിലും തരത്തിലുള്ള പ്രയാസങ്ങളുണ്ടെങ്കിൽ അവരെ മാറ്റിപാർപ്പിക്കാനായി വീണ്ടും സ്ഥലം പരിശോധിച്ച് ആവശ്യമായ നടപടികളെടുക്കാൻ ജിയോളജി ഡിപ്പാർട്ടുമെന്റിനോട് നിർദ്ദേശിക്കുന്നതാണ്. താങ്കൾ പുത്തുമലയിൽ പലതവണ പോയി എന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. പക്ഷേ വിവരങ്ങൾ തെറ്റായി പറയുന്നത് ശരിയല്ല. അവിടെ ശ്രീ. എൻ. പി. അബുവിന്റെയും ശ്രീ. എൻ. പി. സക്കീറിന്റെയും പ്രശ്നം ഈ 95 വീട്ടുകാരിൽപ്പെടാത്തതാണ്. ലിസ്റ്റ് പ്രകാരം പുത്തുമലയിലെ 95 വീട്ടുകാരിൽ 45 പേർക്ക് 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്. അല്ലാത്ത വിഷയങ്ങളുണ്ടെങ്കിൽ ആ ലിസ്റ്റ് ഞാൻ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാണ്. ബാക്കിവരുന്ന 50 പേരിൽ 18 പേരുടെ വീടുകളിപ്പോൾ തയ്യാറായിട്ടുണ്ട്. അങ്ങ് ആ

വീടുകളിൽ പോയതാണ്. 19 വീടുകൾ തയ്യാറായി വരികയാണ്. മറ്റ് തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ ആഗസ്റ്റ് 31-നകം പൂർത്തീകരിക്കാൻ കഴിയുമെന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. ബാക്കിവരുന്ന 15 വീടുകൾ തയ്യാറാകാത്തതിന്റെ കാര്യം അങ്ങേയ്ക്കറിയാം. CARE Foundation Calicut-ആണ് അവിടെ വീടുകൾ നിർമ്മിക്കാമെന്നറിയിച്ചിരുന്നത്. പക്ഷേ അവർ അതിൽനിന്ന് പിന്മാറിയതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ജില്ലാഭരണകൂടത്തിന്റെ സഹായത്തോടെ മലബാർ ഗോൾഡ് ചാരിറ്റബിൾ ട്രസ്റ്റിനോട് പ്രസ്തുത വീട് നിർമ്മാണം ഏറ്റെടുക്കാൻ പൊതുനിർദ്ദേശം നൽകി. അതുകൊണ്ടാണ് രണ്ടുവർഷം തികയുന്ന ദിവസത്തിനുള്ളിൽ അത് പൂർത്തീകരിക്കാൻ കഴിയാത്തത്. ടി പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ആ വീടുകളും ഇപ്പോൾ പണിതുകൊണ്ടിരിക്കുകയാണ്. പ്രത്യേകം സൂചിപ്പിക്കപ്പെട്ട ഏതെങ്കിലും പ്രശ്നമുണ്ടെങ്കിൽ സർക്കാരിന് അക്കാര്യത്തിൽ തുറന്ന സമീപനമാണ്. ബഹുമാനപ്പെട്ട അംഗമുന്നയിക്കപ്പെട്ട ഏതെങ്കിലും ഒരു പ്രശ്നത്തിൽ സാധുതയില്ലാത്തവയുണ്ടെങ്കിൽ അതിനെ എതിർക്കപ്പെടാതിരിക്കാൻ കഴിയില്ല. അദ്ദേഹമിവിടെ സൂചിപ്പിച്ച കാര്യങ്ങൾക്കെല്ലാം ഞാൻ രാഷ്ട്രീയമായി മറുപടി പറയുന്നില്ല. പക്ഷേ ഒരുകാര്യം കേരള നിയമസഭ എപ്പോഴും ഓർത്തിരിക്കേണ്ടതുണ്ട് എന്ന് ഞാൻ സവിനയം അഭ്യർത്ഥിക്കുകയാണ്. കേരളം നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രളയത്തെ നേരിടുമ്പോൾ നാം എങ്ങനെയാണ് നിന്നത്? കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തെ സംബന്ധിച്ച് എത്ര തവണയാണ് ഈ സഭ ചർച്ചചെയ്തത്. ഈ നാട്ടിലെ ജനങ്ങൾക്ക് എല്ലാം നഷ്ടപ്പെട്ടു. അരുമയായി കൊണ്ടുനടന്ന ആടിനെ വിറ്റും കാശുകുടുക്കകൾ പൊട്ടിച്ചും പണം സമാഹരിച്ചു. ഇതുതന്നെ വീണ്ടും ഞങ്ങൾക്ക് പറയേണ്ടിവന്നത് ആ സാഹചര്യത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നതു കൊണ്ടാണ്. മീൻ വിൽക്കുന്നവർ, ബീഡി തെറുക്കുന്നവർ, കാശ് കുടുക്കയുണ്ടാക്കുന്നവർ, ചെറിയ ചെറിയ പണികൾക്ക് പോകുന്നവർ അവരെല്ലാം ഹൃദയം തുറന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പണംകൊടുത്തപ്പോൾ കേരളത്തിന്റെ പൊതുസമീപനമെന്തായിരുന്നു? മഹാഭൂരിപക്ഷം വരുന്ന മലയാളിയും ഒരുമിച്ചുനിന്ന് ആ പ്രവർത്തനത്തെ നേരിട്ടു. കേരളം പ്രളയത്തിൽ ദുരന്തമനുഭവിച്ചുകൊണ്ടിരിക്കുന്ന സമയത്ത് സാമ്പത്തികമായി വരണ്ട മനസ്സായിരുന്നു കേരളത്തിലെ സാധാരണക്കാർക്കുണ്ടായിരുന്നത്. ആ മനസ്സിലേയ്ക്ക് ആദ്യത്തെ മഴ പെയ്തത് യു.എ.ഇ. ഗവൺമെന്റ് അവരുടെ സഹായം കേരളത്തിന് തരാമെന്ന് തീരുമാനിച്ചപ്പോഴല്ലേ. നിയമം പറഞ്ഞ് അത് വേണ്ടെന്നുവയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചു. കേരളത്തിലെ 18 മന്ത്രിമാർ വിവിധ സ്ഥലങ്ങളിൽപ്പോയി മലയാളികളോട് പണമാവശ്യപ്പെടാൻ തീരുമാനിച്ചു.

മുഖ്യമന്ത്രിയുടേത് ഒഴികെ ബാക്കി 17 മന്ത്രിമാരുടെയും യാത്ര തടസ്സപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചപ്പോൾ എന്തായിരുന്നു നാട്ടിലെ എല്ലാവരുടെയും തീരുമാനം? സാലറി ചലഞ്ചിനെ ചോദ്യം ചെയ്ത അനുഭവങ്ങളില്ലേ? അതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയെത്തന്നെ ആക്രമിക്കുന്ന സംഭവമുണ്ടായില്ലേ. പക്ഷേ വ്യാപകമായ ഇടപെടലുകൾ നടത്തി കേരളം ഒരു മനസ്സായി നിന്നതിന്റെ അനുഭവങ്ങളുമുണ്ട്. ഞാനിവിടെ പറഞ്ഞതിനുപുറമെ CMLRRP (Chief Minister's Local Road Rebuild Project) എന്ന പേരിൽ കേരളത്തിൽ പ്രളയത്തിൽ തകർന്ന സ്ഥലങ്ങളിൽ പുതിയ പ്രാദേശിക ഭരണകൂടങ്ങൾക്ക് റോഡ് നൽകിക്കൊണ്ട് കേരളം അക്കാര്യത്തിൽ ലോകത്തിന്റെ മുമ്പിൽ ശ്രദ്ധ നേടിയെന്ന കാര്യം പറയാതിരിക്കാൻ കഴിയില്ല. രാജ്യത്തിന്റെ വിവിധ മേഖലകളിൽ പ്രളയവും ചുഴലിക്കാറ്റും ഭൂകമ്പവുമുണ്ടാകുമ്പോൾ സാധാരണക്കാരായ സ്ത്രീകൾ കങ്കാരുവിനെപ്പോലെ തങ്ങളുടെ തോളിലെ സാരിയിൽ മുലകുടിക്കുന്ന കുട്ടികളെ കിടത്തി എന്തെങ്കിലും തരണേയെന്ന് കൈനീട്ടി ആവശ്യപ്പെട്ടുകൊണ്ട് യാചകരെപ്പോലെ വരുന്ന സാധാരണക്കാർ ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിലുണ്ട്. കേന്ദ്ര ഗവൺമെന്റ് സാലറി ചലഞ്ചും ദുരിതാശ്വാസ നിധിയും തടസ്സപ്പെടുത്തിയിട്ടും മൂക്ക് താഴോട്ട് നീണ്ട മൂന്നരക്കോടി മലയാളിയെ പിച്ചതെണ്ടാൻ അന്യസംസ്ഥാനത്തേയ്ക്ക് വിടാതെ സംരക്ഷിച്ചത് ഈ ഗവൺമെന്റാണ്. ഈ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങൾ ലോകം മുഴുവൻ ആദരിക്കുമ്പോൾ ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക കുറവുണ്ടായാൽ അത് പരിഹരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. ഇക്കാര്യത്തിൽ തുറന്ന മനസ്സാണ് ഗവൺമെന്റിനുള്ളത്. സഭ നിർത്തിവച്ച് ഇക്കാര്യം ചർച്ചചെയ്യേണ്ട ആവശ്യമില്ലെന്ന് വീണ്ടും ഞാൻ സർക്കാരിനുവേണ്ടി അറിയിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ വിഷയം അവതരിപ്പിച്ച ശ്രീ. ടി. സിദ്ദിഖ് ഇത് രാഷ്ട്രീയവൽക്കരിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയായി പറഞ്ഞു. അദ്ദേഹം പറഞ്ഞതിൽ രാഷ്ട്രീയവൽക്കരിച്ചു കൊണ്ടുള്ള ഒരു സെന്റൻസ് കാണിച്ചുതരാൻ പറ്റുമോ? നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന പുനർനിർമ്മാണ ദുരന്തനിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിന് പറ്റിയ ചില തെറ്റുകൾ ഞങ്ങൾ ചൂണ്ടിക്കാണിച്ചു, അതിനല്ലേ നമ്മൾ നിയമസഭയിൽ വരുന്നത്? സർക്കാർ പൂർത്തിയാക്കാത്ത ചില വിഷയങ്ങൾ

ഞങ്ങൾ അവതരിപ്പിച്ചു. അതിന് കേരളത്തിലെ മൂന്നരക്കോടി ജനങ്ങളെ അന്യസംസ്ഥാനങ്ങളിലേയ്ക്ക് പിച്ചതെണ്ടാൻ വിട്ടില്ലെന്നൊക്കെ പറഞ്ഞുള്ള മൈതാന പ്രസംഗമാണോ മറുപടി. ഞങ്ങളുടെ ആരോപണങ്ങളും ആക്ഷേപങ്ങളും വളരെ സ്പെസിഫിക്കാണ്. 2018-2019-ൽ തുടർച്ചായി നടന്ന രണ്ട് മഹാപ്രളയങ്ങൾക്കുശേഷം നവകേരള പ്രഖ്യാപനമുൾപ്പെടെയുള്ള വാഗ്ദാനങ്ങളുടെ പെരുമഴ കേരളത്തിലുണ്ടായി. സർക്കാർ ഒന്നും ചെയ്തില്ലെന്നൊന്നും പറഞ്ഞില്ല. പക്ഷേ ചെയ്തുകൊണ്ടിരുന്ന പ്രവർത്തനങ്ങൾ സർക്കാർ പാതിവഴിയിൽ ഉപേക്ഷിച്ചുവെന്നാണ് ഞങ്ങളുടെ ആക്ഷേപം. ദുരന്തനിവാരണ പ്രവർത്തനങ്ങൾ, പുനർനിർമ്മാണ പ്രവർത്തനങ്ങൾ, risk mitigation project-കൾ, തുടർച്ചയായി ദുരന്തങ്ങളുണ്ടാകുമ്പോൾ ദുരന്തലഘൂകരണത്തിനുവേണ്ടി നടത്തുന്ന ശാസ്ത്രീയമായ കാര്യങ്ങൾ ഇതെല്ലാം പരാജയപ്പെട്ട് നിൽക്കുന്ന ഒരു പൊസിഷനാണ് ഇപ്പോഴുള്ളത്. കവളപ്പാറ ദുരന്തം സംഭവിച്ചിട്ട് രണ്ട് വർഷം പൂർത്തിയായി. അത് നിങ്ങൾ മനസ്സിലാക്കണം. രണ്ട് വർഷം പൂർത്തിയായിട്ടും 32 പട്ടികവർഗ്ഗ കുടുംബങ്ങളുൾപ്പെടെ 56 പേർ ഓഡിറ്റോറിയത്തിലും തെരുവിലും വാടക വീടുകളിലും താമസിക്കുകയാണ്. കൃത്യമായ വാടകപോലും കൊടുക്കുന്നില്ലെന്നാണ് ഞങ്ങൾ പരാതിപ്പെട്ടത്. അവർക്ക് പരാതിയുണ്ട്, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അവർ പരാതി കൊടുത്തിട്ടുണ്ട്. ഇപ്പോഴും അപകടകരമായ മേഖലയിൽ 69 കുടുംബങ്ങൾ നിൽക്കുന്നു. Risk mitigation-ന്റെ ബേസിക് പ്രിൻസിപ്പിളെന്താണ്? Evacuation ആണ്. അപകടകരമായ മേഖലയിൽനിന്നും ആളുകളെ evacuate ചെയ്യുകയാണ് ഒരു ഗവൺമെന്റ് ആദ്യം ചെയ്യേണ്ടത്. അപകടകരമായ മേഖലയെന്ന് ജിയോളജിക്കൽ സർവ്വേയിലൂടെ വ്യക്തമാക്കിയ സ്ഥലത്തുനിന്ന് ഈ 69 കുടുംബങ്ങളെയും മാറ്റിപാർപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ എന്തിനാണ് ഒരു ഗവൺമെന്റ്; എന്തിനാണ് ഒരു ഭരണകൂടം? അതല്ലേ ചോദ്യം. അത്തരം കാര്യങ്ങൾ പറയുമ്പോൾ സ്പെസിഫിക്കായി മറുപടി പറയാതെ മൂന്നരക്കോടി, കേരളം മുഴുവൻ പോയി, മത്സ്യത്തൊഴിലാളികളുണ്ടായിരുന്നു, എല്ലാവരും ഒരുമിച്ചുനിന്നു തുടങ്ങി നിരന്തരം ആവർത്തിക്കുന്ന അടിസ്ഥാനമില്ലാത്ത വാചകങ്ങൾ ആവർത്തിച്ചിട്ട് എന്താണ് കാര്യം? മണ്ണിടിച്ചിൽമൂലമാണല്ലോ ദുരന്തമുണ്ടായത്. ദുരന്തത്തിലുണ്ടായ മണ്ണ് ഈ പ്രദേശത്ത് കിടക്കുകയാണ്. ഇതുവരെ അത് മാറ്റാൻപോലും സാധിച്ചിട്ടില്ല. അത് മാറ്റിയാൽ മാത്രമെ പാവപ്പെട്ടവർക്ക് ആ ഭൂമി പണയംവച്ച് വായ്പ വാങ്ങാൻ പറ്റുകയുള്ളൂ. നിങ്ങൾ കൊടുക്കുന്ന തുകകൂടി ചേർത്ത് ഒരു വീട് വയ്ക്കണമെങ്കിൽ സ്വന്തം സ്ഥലത്തെ മണ്ണ് മാറ്റണം. ആവശ്യപ്പെട്ടിട്ട് രണ്ട് വർഷമായെങ്കിലും ഇതുവരെ അതിന് കഴിഞ്ഞിട്ടില്ല. ഇത്തരം കാര്യങ്ങൾ ഞങ്ങൾ പറയണ്ടേ. കവളപ്പാറയിൽ എത്രമാത്രം പ്രശ്നങ്ങളുണ്ടെന്നറിയണം. താങ്കൾ പുതിയ മന്ത്രിയാണ്, വ്യക്തിപരമായി കുറ്റപ്പെടുത്തുകയല്ലല്ലോ. കവളപ്പാറയിലെ മുപ്പത്തിയഞ്ച് കർഷകരുടെ 25 ഏക്കർ കൃഷിഭൂമി മണൽക്കൂമ്പാരമായി മാറിയിരിക്കുകയാണ്. സർക്കാർ സഹായമൊന്നും ഇവർക്കിതുവരെയും ലഭിച്ചിട്ടില്ല. നഷ്ടപ്പെട്ട കൃഷിഭൂമിയുടെ പേരിലെടുത്ത വായ്പകൾ

എഴുതിത്തള്ളാൻ നടപടിയും സ്വീകരിച്ചിട്ടില്ലാത്തതിനാൽ അവരെല്ലാം കടക്കെണിയിലുമാണ്. അവരുടെ കൃഷിയിടങ്ങളിലേയ്ക്കാണ് മണ്ണുവന്നുവീണത്. കവളപ്പാറ ദുരന്തം നടന്ന പോത്തുകൽ ഗ്രാമപഞ്ചായത്തിൽമാത്രം 47 ഹെക്ടർ കൃഷി ഭൂമി മണ്ണിടിഞ്ഞുവീണും മഴവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയും നാമാവശേഷമായിട്ടുണ്ട്. നാളിതുവരെ ഒരുസഹായവും നൽകിയിട്ടില്ല. മണ്ണ് വന്നടിഞ്ഞ് 69 ഹെക്ടർ കൃഷിസ്ഥലം കൃഷിയോഗ്യമല്ലാതായിട്ടുണ്ട്. 591 വ്യാപാരികൾക്കും വ്യവസായികൾക്കുമായി 52 കോടി രൂപയുടെ നഷ്ടമുണ്ടായി. കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായിട്ടും ഒരു സർക്കാർ വകുപ്പും അവരെ സഹായിച്ചിട്ടില്ല. വ്യവസായ വകുപ്പ് പ്രഖ്യാപിച്ച 'ഉജ്ജീവൻ' പദ്ധതിയുടെ ആനുകൂല്യം ഒരാൾക്കുപോലും ലഭിച്ചിട്ടില്ല. 2018-ലെ ദുരന്തത്തിൽ എറണാകുളം ജില്ലയിൽ ആകെ മുപ്പത്തിയാറുപേരുടെ പേരാണ് പ്രഖ്യാപിച്ചത്. ഇങ്ങനെ പദ്ധതികൾ പ്രഖ്യാപിച്ച് ആളുകളെ കബളിപ്പിക്കുന്നതെന്തിനാണ്? ഉജ്ജീവൻ പദ്ധതിയുടെ ഗുണം ഏതെങ്കിലും സ്ഥലത്ത് ദുരന്തബാധിതരായവർക്ക് ലഭിച്ചിട്ടുണ്ടോ? ഈ ദുരന്തത്തിൽ ഒലിച്ചുപോയ പാലം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. പുത്തുമലയിലെ പുനരധിവാസ നടപടികൾ ഏതുവരെയായി? പുത്തുമലയിൽ ദുരന്തത്തിൽപ്പെട്ട ആളുകൾ ഇപ്പോഴും വാടകവീട്ടിലാണ് താമസിക്കുന്നത്. വീട്ടുവാടക നൽകുന്നതിനും വീടുകളിലെ നഷ്ടപ്പെട്ട വസ്തുക്കൾ ശരിയാക്കികൊടുക്കുന്നതിനുമുള്ള ഒരുനടപടിയും സ്വീകരിച്ചിട്ടില്ല. പുത്തുമലയിലെ ദുരന്തത്തിൽ, ആ പ്രദേശത്തെ വീടുകൾ, റോഡുകൾ, പാലങ്ങൾ, അങ്കണവാടികൾ, സ്കൂളുകൾ, അമ്പലം, പള്ളി, പോസ്റ്റ്ഓഫീസ്, കുടിവെള്ള സംവിധാനം, വൈദ്യുതി തുടങ്ങിയവയുൾപ്പെടെ തകർന്നിട്ടും ഈ പ്രദേശത്തിന്റെ പുനർനിർമ്മാണത്തിന് എന്തുനടപടിയാണ് ഏകോപിതമായി സ്വീകരിച്ചത്? ഇതൊക്കെ നടക്കുന്നുണ്ടോയെന്ന് അന്വേഷിക്കണം. പുത്തുമലയിൽ സ്ഥലംനഷ്ടപ്പെട്ട ഇരുപത്തിയേഴോളം പേർക്ക് ഇതുവരെ ധനസഹായം നൽകിയിട്ടില്ല. അർഹരായ പലരേയും ഒഴിവാക്കിയപ്പോൾ അനർഹരായ ചിലർക്ക് പ്രാധാന്യം കൊടുത്ത് സഹായം നൽകിയെന്നുള്ള ആക്ഷേപമുയരുന്നുണ്ട്. അവിടെയും കുറച്ചുപേർ ഇപ്പോഴും അപകടമേഖലയിൽ താമസിക്കുകയാണ്. പെട്ടിമുടിയിൽ ദുരന്തത്തിൽ മരിച്ച എഴുപതിൽ നാൽപ്പത്തിയാറുപേരുടെ ആശ്രിതർക്കുമാത്രമാണ് സർക്കാർ പ്രഖ്യാപിച്ച ധനസഹായം കൈമാറിയത്. ഇതുവരെയും കണ്ടുകിട്ടാത്ത നാലുപേർ ഒഴിച്ച് ബാക്കി അറുപത്തിയാറിൽ ഇരുപത് കുടുംബങ്ങൾക്ക് ഇനിയും ധനസഹായം ലഭിച്ചിട്ടില്ല. ധനസഹായം നൽകാൻ ഇത്രയും വൈകുന്നതെന്താണ്; ഈ ദുരന്തങ്ങൾ സംഭവിച്ചിട്ട് എത്രനാൾ കഴിഞ്ഞു. ഇവിടെ പ്രഖ്യാപിച്ച റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ എന്താണ് നടക്കുന്നത്? 7,405 കോടി രൂപയ്ക്കാണ് ഇതുവരെ അനുമതി നൽകിയത്. പ്രസ്തുത പദ്ധതി നിലവിൽ വന്നിട്ട് മൂന്ന് വർഷമായി. 7,405 കോടി രൂപ നൽകിയതിൽ ഇതുവരെ നടപ്പിലാക്കിയത് ആകെ 460 കോടി രൂപയുടെ പദ്ധതി മാത്രമാണ്. ലോകബാങ്കിന്റെ ആദ്യഗഡു 250 മില്യൻ ഡോളർ ലഭിച്ചു (1,779 കോടി രൂപ). ഈ തുക റീ-ബിൽഡ് കേരളയ്ക്ക്

ലഭിച്ചിട്ടുണ്ടോയെന്ന് ചോദിച്ചപ്പോൾ, അത് ട്രഷറിയിൽ സൂക്ഷിച്ചുവയ്ക്കാൻ കഴിയുന്ന പണമല്ലെന്നാണ് മറുപടി പറഞ്ഞത്. കേന്ദ്ര ഗവൺമെന്റുവഴിയാണ് ഈ തുക സംസ്ഥാനത്തിന് ലഭിച്ചത്. ഏഴ് ദിവസത്തിനകം ടി തുക റീ-ബിൽഡ് മിഷന് കൈമാറണമെന്നും അല്ലെങ്കിൽ അന്നുമുതലുള്ള പലിശ കേന്ദ്രസർക്കാരിന് നൽകണമെന്നും കേന്ദ്രഗവൺമെന്റയച്ച കത്തിൽ പറഞ്ഞിട്ടുണ്ട്. സർക്കാർ ഇതുവരെ ഈ പണം കൊടുത്തിട്ടുണ്ടോ? അതിന് ബഡ്ജറ്റ് സപ്പോർട്ടുണ്ടെന്ന് പറഞ്ഞതിനാൽ ഞാൻ ബഡ്ജറ്റ് പരിശോധിച്ചു. ബഡ്ജറ്റിൽ എല്ലാവർഷവും 1,000 കോടി രൂപവീതം ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഒരു രൂപപോലും ചെലവാക്കിയിട്ടില്ല. പ്രളയ ദുരിതാശ്വാസത്തിന്റെ, ദുരന്ത നിവാരണത്തിന്റെ പേരിൽ ലോകബാങ്കിൽ നിന്ന് 1,780 കോടി രൂപയാണ് നൽകിയത്. തിരിച്ചുകൊടുക്കാനുള്ള കാശല്ലേയിത്; അതിൽ ഗ്രാന്റുണ്ട്, കടമുണ്ട്, പലിശ കൊടുക്കണം. രണ്ടാമത്തെ ഗഡു 250 മില്യൻ ഡോളർ ലഭിക്കണം. പക്ഷേ ഇതുവരെ ഒരു രൂപപോലും ചെലവാക്കിയിട്ടില്ല. പിന്നെ എന്തുകാര്യത്തിന് വേണ്ടിയാണ് ചെലവാക്കുന്നത്? റീ-ബിൽഡ് കേരളയിലെ ധൂർത്തിനെക്കുറിച്ച് പറയാൻ പോയാൽ അതിനുമാത്രമേ സമയമുണ്ടാകുകയുള്ളൂ. അത്രമാത്രം ധൂർത്താണ് നടക്കുന്നത്. ഓഫീസ് വാടക പ്രതിമാസം 1,63,000 രൂപയാണ്. ഇതുവരെ 48 ലക്ഷം രൂപയാണ് അതിനുവേണ്ടി ചെലവായത്. ഓഫീസ് ഫർണിഷിംഗിന് 50 ലക്ഷം രൂപ. കൺസൾട്ടൻസി ഫീസ്, കോൺക്ലേവ് - 4 കോടി 34 ലക്ഷം രൂപ. റീ-ബിൽഡ് കേരളയിൽ നടക്കുന്നത് ധൂർത്താണ്. ഈ ധൂർത്ത് നടക്കുമ്പോൾ, കോഴിക്കോട് താലൂക്കിൽമാത്രം 2019-ലെ പ്രളയത്തിൽ വെള്ളം കയറിയതിനെതുടർന്ന് വീടൊഴിഞ്ഞ് പോകേണ്ടിവന്ന 2,557 പേർക്ക് ഇതുവരെ ധനസഹായം കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയാണിത്. റീ-ബിൽഡ് കേരളയുടെ ജോലിയെന്താണ്? 2019-ലെ നഷ്ടപരിഹാരത്തുക നൽകിയിട്ടില്ല. നിലമ്പൂർ താലൂക്കിൽ 2019-ലെ പ്രളയത്തോടനുബന്ധിച്ച് ഭൂമിയും വീടും നഷ്ടപ്പെട്ട 40 കുടുംബങ്ങൾക്ക് ഇതുവരെ ഒരുസഹായവും നൽകിയില്ലെന്ന് മന്ത്രിതന്നെ സഭയിൽ പറഞ്ഞു. 2018-ലെ പ്രളയത്തിൽ വയനാട് ജില്ലയിൽ വീടും സ്ഥലവും നഷ്ടപ്പെട്ടത് 411 പേർക്കാണ്. ഇതുവരെയും സഹായം ലഭിക്കാത്ത നിരവധി ആളുകൾ വീണ്ടും നിൽക്കുകയാണ്. ഇതെല്ലാസ്ഥലത്തും ആവർത്തിക്കപ്പെടുകയാണ്. 2018-ലും 2019-ലും നടന്ന ദുരന്തത്തിൽ നഷ്ടപരിഹാരം ലഭിക്കേണ്ടവർക്ക് ഇതുവരെയും ലഭിച്ചില്ലെങ്കിൽ അവരുടെ സ്ഥിതി എന്താണ്? അവരുടെ വീട് തകർന്നുപോയി, അവരുടെ കൃഷി ഭൂമിയും ഉപജീവനമാർഗ്ഗങ്ങളും നഷ്ടപ്പെട്ടു. കേന്ദ്ര ഗവൺമെന്റിന്റെ ദുരന്തനിവാരണ സ്കീമിലെ തുകയല്ല ഇവിടെ കൊടുക്കുന്നതെന്ന ഒറ്റകാര്യം മാത്രമാണ് ഇതിനെസംബന്ധിച്ചുള്ള മറുപടിയിൽ പറഞ്ഞത്. താങ്കൾ പറഞ്ഞത് ശരിയാണ്. സർവ്വകക്ഷി യോഗത്തിന്റെ ഭാഗമായി ഇത് സ്പെഷ്യൽ സ്കീമായി തീരുമാനിച്ചതല്ലേ? വെറുതെ അല്ലല്ലോ. കേന്ദ്രസർക്കാരിന്റെ ഫണ്ട് മാത്രമാണോ ലഭിച്ചത്. ലോകത്തിലുള്ള എല്ലാ മലയാളികളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനകൾ

നൽകിയില്ലേ; അയ്യായിരത്തിലധികം കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് വന്നില്ലേ? പണമില്ലാത്തത് കൊണ്ടാണോ ഇത് നടത്താത്തത്? ലോക ബാങ്കിൽനിന്നും ലഭിച്ച തുക കൈയിലിരിക്കുകയാണ്, പ്രളയ ദുരിതാശ്വാസത്തിന് ലഭിച്ച പണം സർക്കാർ മറ്റുകാര്യങ്ങൾക്ക് ചെലവാക്കി. പണമില്ലാത്തതുകൊണ്ടല്ല ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ചെലവാക്കാത്തത്. പണമുണ്ട്, എന്നാൽ ചെലവാക്കുന്നില്ല, അതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ പദ്ധതികളെല്ലാം പാതിവഴിയിൽ ഉപേക്ഷിച്ചുവെന്ന്. ഇപ്പോൾ അത് ഫോക്കസിലില്ല. ഫോക്കസിലുള്ള കാര്യങ്ങളുടെ പുറകെ പോയി. സർക്കാർ അങ്ങനെ ചെയ്യാൻ പാടില്ല. ഒരു സർക്കാർ അത് തുടങ്ങിവച്ചാൽ പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി ദുരിതാശ്വാസ പ്രവർത്തനങ്ങൾ മുഴുവൻ ചെയ്ത് അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പാക്കേജ് ഭംഗിയായി നടപ്പിലാക്കണം. അതിനുള്ള പല രേഖകളും ശരിയായില്ലെന്നാണ് പറഞ്ഞത്. രേഖകൾ ശരിയാക്കേണ്ടത് റവന്യൂ വകുപ്പാണ്. രണ്ട് വർഷമായിട്ടും രേഖകൾ ശരിയാക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെന്തിനാണ് റവന്യൂ വകുപ്പ്? രേഖകൾ ശരിയാക്കി പാവപ്പെട്ടവന്റെ ഭൂമിയുടെ പട്ടയം നൽകാനും മറ്റുസാങ്കേതിക വിഷയങ്ങൾ പരിഹരിക്കാനും കഴിയുന്നില്ല. ഞാൻ ചോദിക്കട്ടെ, മലപ്പുറത്തെ കവളപ്പാറയിൽ നിലമ്പൂർ എം.എൽ.എ.-യും കളക്ടറും തമ്മിലുണ്ടായ സംഘർഷം ഒത്തുതീർപ്പാക്കുന്നതിനോ പരിഹരിക്കുന്നതിനോ ശ്രമിച്ചോ? എം.എൽ.എ.-യും കളക്ടറും തമ്മിലുള്ള ഏറ്റുമുട്ടൽ കാരണം എന്തുമാത്രം ദുരിതമാണ് അവിടെയുള്ള പാവങ്ങൾക്കുണ്ടായത്. കവളപ്പാറയിലെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ മുഴുവൻ വൈകിയത് നിലമ്പൂർ എം.എൽ.എ.-യും മലപ്പുറം ജില്ലാകളക്ടറും തമ്മിലുള്ള തർക്കങ്ങൾ കാരണമാണ്. അതവസാനിപ്പിക്കാൻ ഗവൺമെന്റ് എന്നനിലയിൽ ശ്രമിച്ചോ; നിങ്ങളിടപെട്ട് അതിന് പരിഹാരമുണ്ടാക്കിയോ; അവിടെ ഒരു കാര്യവും ചെയ്യാൻ ആ എം.എൽ.എ. കളക്ടറെ സമ്മതിച്ചിട്ടില്ല. ഞാൻ എം.എൽ.എ.-മാരെക്കുറിച്ച് സാധാരണ ആക്ഷേപങ്ങൾ ഉന്നയിക്കാറില്ല, ഉന്നയിക്കാൻ പാടില്ല. അവർ തമ്മിലുള്ള സംഘർഷത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ആരുടെ ഭാഗത്താണ് ശരിയെന്നതിനെക്കുറിച്ച് തർക്കിക്കാൻ ഞാൻ പോകുന്നില്ല. പക്ഷേ എം.എൽ.എ.-യും ജില്ലാകളക്ടറും ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് നിരന്തരമായി പത്രപ്രസ്താവനകളും തർക്കങ്ങളും നടക്കുമ്പോൾ അത് പരിഹരിക്കാനധികാരമുള്ള മന്ത്രിയോ അല്ലെങ്കിൽ മുഖ്യമന്ത്രിയോ ബന്ധപ്പെട്ട ആളുകളോയില്ലേ; ആ പ്രശ്നം ഒത്തുതീർപ്പാക്കാത്തതിന്റെ ദോഷഫലമുണ്ടായത് അവിടത്തെ പാവപ്പെട്ടവർക്കാണ്. നിങ്ങൾ പറഞ്ഞല്ലോ ജനങ്ങളെ പിച്ചതെണ്ടാൻ വിട്ടില്ലെന്ന്. എറണാകുളത്ത് ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകിയ പണം ആരാണ് തട്ടിക്കൊണ്ടുപോയത്, പ്രളയ തട്ടിപ്പ് നടത്തിയത് ആരാണ്? ഇതുമായി ബന്ധപ്പെട്ട് ഞാൻ രാഷ്ട്രീയം പറയുന്നതല്ല. തട്ടിപ്പ് നടത്തിയ ആളുകളെ മുഴുവൻ സംരക്ഷിച്ചതാരാണ്? ഒരു ജീവനക്കാരന്റെ തലയിൽ എല്ലാ കുറ്റവും കെട്ടിവച്ച് യഥാർത്ഥ പ്രതികളെ മുഴുവൻ രക്ഷപ്പെടുത്തി. ഒന്നര കൊല്ലമായി എറണാകുളം

ജില്ലയിൽ അതുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ക്ലോസ് ചെയ്ത് വച്ചിരിക്കുകയാണ്. രണ്ടാമത്തേയും മൂന്നാമത്തേയും ഗഡുവടക്കം ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ആ ജില്ലയിൽ ഒരാൾക്കും പണം ലഭിക്കുന്നില്ല. നിങ്ങൾ ആ പ്രശ്നം പരിഹരിച്ചോ? നിങ്ങൾ ഒരു പരിഹാരവുമുണ്ടാക്കിയിട്ടില്ല. അക്കാര്യമാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്.

Risk mitigation project വളരെ പ്രധാനപ്പെട്ടതാണ്. ദുരന്തങ്ങൾ നിരന്തരമായുണ്ടാകുകയാണ്. വാണിംഗ് സിസ്റ്റം ഏർപ്പെടുത്തണം. ഡാം മാനേജ്മെന്റ് സംവിധാനം മെച്ചപ്പെടുത്തണം. ധാരാളം അബദ്ധങ്ങൾ സർക്കാരിന് സംഭവിച്ചു. അവ ഇനിയൊരു ദുരന്തമുണ്ടാകുമ്പോൾ ആവർത്തിക്കാതിരിക്കാനുള്ള ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കണം. ഇതൊന്നും ചെയ്യാതെ ദുരന്തനിവാരണ പ്രവർത്തനങ്ങളും Risk mitigation പ്രവൃത്തികളും പുനർനിർമ്മാണ പ്രവർത്തനങ്ങളുമെല്ലാം പാതിവഴിയിൽ ഉപേക്ഷിച്ച് പാവപ്പെട്ടവനെ അവന്റെ വിധിക്ക് വിട്ടുകൊടുത്തിട്ടാണ് നിങ്ങൾ പോയിരിക്കുന്നത്. ഈ നടപടിയിൽ പ്രതിഷേധിച്ചും ഈ സുപ്രധാനമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചും ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി )

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അടിയന്തര പ്രമേയത്തിന് ആധാരമായ വിഷയം ശ്രീ. ടി. സിദ്ദിഖ് ഇവിടെ അവതരിപ്പിച്ചത് വളരെ സ്പെസിഫിക്കായിട്ടാണ്. അതായത്, പുത്തുമല, കവളപ്പാറ, പെട്ടിമുടി എന്നിവിടങ്ങളിലെ ദുരന്തങ്ങളിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് സഹായം നൽകുന്ന കാര്യങ്ങൾ ഇഴഞ്ഞുനീങ്ങുന്നതിന്റെ പ്രശ്നം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽക്കൊണ്ടുവരാനാണ് ശ്രീ. ടി. സിദ്ദിഖ് ശ്രമിച്ചത്. ദുരന്തമുണ്ടാകുന്നതിന്റെ കാരണവും താത്വികമായ വശങ്ങളും പണംകിട്ടുന്ന കാര്യങ്ങളും ദുരിതാശ്വാസ നിധിയിലേയ്ക്ക് വരുന്നതും പോകുന്നതുമായ നിരവധി കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി വളരെയധികം സമയമെടുത്ത് പറഞ്ഞു. പക്ഷേ, ഈ പാവങ്ങൾക്ക് ഒരു സഹായവും ലഭിച്ചിട്ടില്ല. ഞങ്ങൾ പറയുന്നത് ബഹുമാനപ്പെട്ട മന്ത്രി വിശ്വസിക്കേണ്ടതില്ല. അടുത്ത ദിവസങ്ങളിലെ ചാനലുകളിൽ ഇതുസംബന്ധിച്ച വിഷയം പ്രത്യക്ഷപ്പെട്ടിരുന്നത് അങ്ങ് കണ്ടിട്ടില്ലെങ്കിൽ വിശദാംശങ്ങൾ ശേഖരിക്കണം. ആദിവാസികളുൾപ്പെടെയുള്ളവർ ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിൽ നരകിച്ച് കഴിയുകയാണ്. കേരളത്തിലെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഇത്രയധികം പണംവന്നുവെന്ന് എല്ലാവർക്കും അറിയാവുന്നതല്ലേ? അവിടെയുള്ള ടോയ്‌ലറ്റും വൃത്തിഹീനമായ സാഹചര്യങ്ങളും കണ്ടാൽ പേടിയാകും. ടോയ്‌ലെറ്റിനുള്ളിൽ പറക്കുന്ന കൊതുകുകളും ലാർവകളുമെല്ലാം ചാനലുകളിൽ കാണിച്ചിരുന്നു. ഈ ദുരന്തദിനത്തിൽ അവിടത്തെ

സ്ഥിതിഗതികൾ കേരളത്തിലെ മുഴുവൻ ചാനലുകളിലും കാണിച്ച കൂട്ടത്തിൽ ഞാനും കണ്ടതാണ്. അങ്ങയോട് ആരും പറഞ്ഞിട്ടില്ലേയെന്ന് എനിക്കറിയില്ല. റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരും വില്ലേജ് ഓഫീസറുമൊക്കെയുണ്ടെങ്കിലും എന്തുകൊണ്ടാണ് ആ ടോയ്‌ലെറ്റെങ്കിലും വൃത്തിയാക്കിക്കാത്തത്? കോടിക്കണക്കിന് രൂപ ഉണ്ടായിട്ടുപോലും ഇത് ശ്രദ്ധിക്കാനുള്ള ഉദ്യോഗസ്ഥർ അവിടെയില്ലേ? ഞങ്ങളുടെ സ്ഥിതി വളരെ ദയനീയമാണെന്നും പറയുന്നത് കേൾക്കാൻ ആരുമില്ലെന്നും പ്രായമായ ഒരു ആദിവാസി അമ്മ ചാനലിലൂടെ പറയുകയാണ്. ആളുകളുടെ സ്പെസിഫിക്കായ പ്രശ്നമെന്താണെന്നാൽ അവർക്ക് പണം കിട്ടിയില്ല, പുനരധിവാസമായിട്ടില്ല എന്നതാണ്. നിലമ്പൂരിലെ കാര്യം എല്ലാവർക്കും അറിയാവുന്നതല്ലേ? ഈഗോ പ്രോബ്ലം കാരണം നിലമ്പൂരിൽ തർക്കംമൂത്ത് ഒരുകൊല്ലം ഒന്നും ചെയ്തില്ല. പാവങ്ങളുടെ കാര്യത്തിൽ ഈഗോ പ്രോബ്ലമുണ്ടാകാമോ? അവിടെയുള്ള എല്ലാ നടപടികളും പരസ്യമായി വാർത്താ മാദ്ധ്യമങ്ങളിൽ വന്നതാണ്. ശ്രീ. എം. എ. യൂസഫലി സംഭാവന ചെയ്ത കാര്യമൊക്കെ നേരത്തെ പറഞ്ഞല്ലോ; അത്തരത്തിലുള്ള കാര്യങ്ങളൊക്കെ കുഴപ്പത്തിലായി, ഇതുവരെ ഒന്നും നടന്നിട്ടില്ല. ഏട്ടിലെ പശു ലോകോത്തര മാതൃകാപശുവാണെന്ന് പറഞ്ഞാൽ അത് പുല്ല് തിന്നുമോ; അതുകൊണ്ട് യാതൊരു കാര്യവുമില്ലല്ലോ? അതുപോലെ, ഇവിടെ പറഞ്ഞ രണ്ടുമൂന്ന് കാര്യങ്ങൾക്ക് ഉടനെ പരിഹാരം ആവശ്യമാണ്. മരിച്ചവരുടെ കുടുംബങ്ങൾക്കുള്ള സഹായം, നാശനഷ്ടം സംഭവിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും നഷ്ടപരിഹാരം കൊടുക്കാത്തത്, പുനരധിവാസം ഉറപ്പുവരുത്തൽ എന്നിവയൊന്നും ചെയ്യാതെ ലോകത്തുള്ള മറ്റ് കാര്യങ്ങളൊക്കെ പറഞ്ഞാൽ എന്താണ് പ്രയോജനം. ബഹുമാനപ്പെട്ട മന്ത്രി ഇതിന് ശരിയായ മറുപടി പറഞ്ഞിട്ടില്ല. ഞങ്ങൾ അടിയന്തരപ്രമേയം അവതരിപ്പിച്ച സാഹചര്യത്തിലെങ്കിലും അതിനൊരു മറുപടിയും നടപടിയുമുണ്ടാകണമെന്നാണ് അപേക്ഷ. അങ്ങനെയൊന്നും ഇതുവരെ കാണാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി )

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, കഴിഞ്ഞ മാസം വരെ സർക്കാർ പ്രളയ സെസ് പിരിച്ചു. ഫണ്ടില്ലാത്തതല്ല പ്രശ്നമെന്ന് പ്രതിപക്ഷനേതാവും പറഞ്ഞു. ബാക്കിയുള്ള കാര്യങ്ങളെ സംബന്ധിച്ചെല്ലാം ഇവിടെ വിശദമായി പറഞ്ഞു. പെട്ടിമുടിയിലെ ആളുകൾ ഇപ്പോഴും വളരെ ഭീതിയിൽ കഴിയുകയാണ്. ഇനിയും മലയിടിയാൻ സാദ്ധ്യതയുള്ള സ്ഥലമായതിനാൽ അവരെ റീഹാബിലിറ്റേറ്റ് ചെയ്യണം. റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽപ്പോലും റീഹാബിലിറ്റേഷൻ നടന്നിട്ടില്ല. അടിയന്തര സഹായമായി ഗവൺമെന്റ് സ്ഥലം കൊടുക്കുകയും ടാറ്റ കമ്പനി കുറേ വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. അവരുടെ സഹായമെല്ലാം നമുക്ക്

ആവശ്യമാണെന്നത് സംശയമില്ലാത്ത കാര്യമാണ്. പക്ഷേ, പുനരധിവാസം ശരിയായി നടന്നിട്ടില്ല എന്നത് വസ്തുതയാണ്, അതിന്റെ വേഗത വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടത് ഗൗരവമായി എടുക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) തോട്ടം തൊഴിലാളികളുടെ പെൻഷൻ പ്രായം ഏകീകരണം

ശ്രീ. വാഴൂർ സോമൻ: സർ, കേന്ദ്രത്തിൽ മാറിമാറി വന്ന ഗവൺമെന്റുകൾ ആവിഷ്കരിച്ച് നടപ്പാക്കിയ ആഗോളവൽക്കരണ- ഉദാരവൽക്കരണ നയങ്ങൾ, ആസിയാൻ കരാർ തുടങ്ങിയവയെല്ലാം തോട്ടം മേഖലയെ കഴിഞ്ഞ 30 വർഷമായി അഗാധമായ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് സഖാവ് പിണറായി വിജയൻ സർക്കാർ തോട്ടം മേഖലയ്ക്ക് ഒരു പുതിയ പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. ആ പാക്കേജിലെ ഏറ്റവും പ്രധാനപ്പെട്ടതും തൊഴിലാളികൾക്കനുകൂലമായിട്ടുള്ളതുമായ തീരുമാനമാണ് പെൻഷൻ പ്രായം 60 വയസ്സായി ഉയർത്തുക എന്നുള്ളത്. ഇതുസംബന്ധിച്ചാണ് എന്റെ ശ്രദ്ധക്ഷണിക്കൽ പ്രമേയം.

കേരളത്തിലെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്നവരുടെ പെൻഷൻ പ്രായം 60 വയസ്സായി ഏകീകരിക്കുന്നതിന് സർക്കാർ ഇറക്കിയ ഉത്തരവിനോട് പി.എൽ.സി.-യിൽ തോട്ടമുടമകൾ യോജിപ്പ് പ്രകടിപ്പിച്ചെങ്കിലും അവർ അതിനെതിരെ ഹൈക്കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ്. ആയതിനാൽ കഴിഞ്ഞ 20 വർഷമായി തോട്ടങ്ങളിൽ പുതിയ തൊഴിലാളികളെ നിയമിക്കുന്നതിനോ താല്കാലികക്കാരെ സ്ഥിരപ്പെടുത്തുന്നതിനോ കഴിഞ്ഞിട്ടില്ല. തോട്ടം മേഖലയിൽ ഓരോ മൂന്നുവർഷം കഴിയുമ്പോഴും 15 ശതമാനം തൊഴിലാളികൾ പിരിഞ്ഞുപോകുകയും പകരമായി തൊഴിലാളികളുടെ ആശ്രിതരെ നിയമിക്കുകയോ താല്കാലികക്കാരെ സ്ഥിരപ്പെടുത്തുകയോ ചെയ്തുകൊണ്ട് ഒഴിവുകൾ നികത്തുകയും ചെയ്തിരുന്നു. എന്നാൽ, സംസ്ഥാനത്തുടനീളം തോട്ടമുടമകൾ ഈ കീഴ്വഴക്കങ്ങൾ കാറ്റിൽ പറത്തിക്കൊണ്ട് അതിഥി തൊഴിലാളികളെ കുറഞ്ഞ കൂലിയും പരിമിതമായ ജീവിത സൗകര്യങ്ങളും നൽകി ജോലിക്ക് നിയമിച്ചിരിക്കുകയാണ്. ഇവരോട് വളരെ മനുഷ്യത്വരഹിതമായ പെരുമാറ്റമാണ് തോട്ടമുടമകൾ നടത്തുന്നത്. ഇടുക്കി ഉൾപ്പെടെയുള്ള മേഖലകളിലെ തോട്ടങ്ങളിൽ 58 വയസ്സ് കഴിഞ്ഞ് ജോലിയിൽനിന്ന് വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിയിട്ടില്ല.

കാഷ്വൽ ജീവനക്കാരായി തുടർന്നും ഇവർ ജോലി ചെയ്യുകയുമാണ്. ഇത്തരത്തിൽ മനുഷ്യാവകാശ ലംഘനം നടത്തുന്ന തോട്ടം ഉടമകളുടെ പ്രവൃത്തി നിയന്ത്രിക്കുന്നതിനും തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ പെൻഷൻ പ്രായം 60 വയസ്സായി ഏകീകരിക്കുന്നതിനുംവേണ്ടി ഇറക്കിയ സർക്കാർ ഉത്തരവ് എത്രയുംവേഗം നടപ്പിലാക്കണമെന്നും തോട്ടം തൊഴിലാളികളുടെ ശോച്യാവസ്ഥ പരിഹരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. പ്രധാനപ്പെട്ട മറ്റൊരു കാര്യം, കേരളത്തിലും തമിഴ്നാട്ടിലും ഹാരിസൺസ് മലയാളത്തിന്റെയും കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസ് കമ്പനിയുടെയും തോട്ടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തമിഴ്നാട്ടിലെ തോട്ടമുടമകൾ പെൻഷൻ പ്രായം 60 വയസ്സ് എന്നത് അംഗീകരിച്ചിട്ടുണ്ട്. കേരളത്തിലാണ് അത് അംഗീകരിക്കാത്തത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, തോട്ടം മേഖലയിലെ പ്രശ്നങ്ങൾ വളരെ ഗൗരവമുള്ളവയാണ്. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടി ജസ്റ്റിസ് കൃഷ്ണൻ നായർ ഏകാംഗ കമ്മീഷനെ നിയമിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണൻ ആ റിപ്പോർട്ട് സമഗ്രമായി പഠിക്കുകയും അതിന്റെയടിസ്ഥാനത്തിൽ ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. തോട്ടം മേഖലയുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് കരട് പ്ലാന്റേഷൻ പോളിസി തയ്യാറാക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തോട്ടമുടമകളിൽനിന്നും തൊഴിലാളികളിൽനിന്നും തോട്ടം മേഖലയുമായി ബന്ധപ്പെട്ട മറ്റുള്ളവരിൽനിന്നും സ്വീകരിക്കുകയും ഇത്തരത്തിൽ ലഭിച്ച അഭിപ്രായങ്ങൾകൂടി പരിശോധിച്ച് പ്ലാന്റേഷൻ പോളിസിക്ക് സർക്കാർ 22-01-2021-ലെ ഗവൺമെന്റ് ഉത്തരവ് 06/2021/തൊഴിൽ പ്രകാരം അന്തിമരൂപം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രായോഗിക പരിജ്ഞാനമുള്ള തൊഴിലാളികളെ നിലനിർത്തുന്നതിനും തോട്ടം മേഖലയ്ക്ക് കരുത്തു പകരുന്നതിനുമായി തോട്ടംതൊഴിലാളികളുടെ പെൻഷൻ പ്രായം 60 ആയി നിജപ്പെടുത്തണമെന്ന് വിഭാവന ചെയ്തിട്ടുള്ളതും സർക്കാർ അംഗീകരിച്ചതും പ്ലാന്റേഷൻ നയത്തിന്റെ അടിസ്ഥാനത്തിലാണ്. തോട്ടം തൊഴിലാളികളുടെ വിരമിക്കൽ പ്രായം 58-ൽനിന്നും 60 ആയി ഉയർത്തി 18-2-2021-ൽ ജി.ഒ.(കൈ) നം.21/2021 ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിനെതിരെ The Association of Planters of Kerala കോടതിയെ സമീപിച്ച് സ്റ്റേ വാങ്ങുകയും പ്രസ്തുത സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പിന്റെ ഭാഗത്തുനിന്നും നടന്നുവരികയുമാണ്. ആയത് സംബന്ധിച്ച് WP(C)No.5277/2021 കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ കാര്യവിവരണ പത്രിക നൽകിയിട്ടുണ്ട്. കൂടാതെ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ഈ വിഷയം ചർച്ചചെയ്ത് സമവായത്തിനുള്ള ശ്രമങ്ങൾ നടന്നുവരികയും ചെയ്യുന്നുണ്ട്.

11.00 AM]

ശ്രീ. വാഴൂർ സോമൻ: സർ, കേരളത്തിലും തമിഴ്നാട്ടിലും പ്രവർത്തിക്കുന്ന തോട്ടങ്ങളിൽ തമിഴ്നാട്ടിൽ ഈ നിയമവും തീരുമാനവും നടപ്പാക്കുകയും കേരളത്തിൽ നടപ്പാക്കാതിരിക്കുകയും ചെയ്യുന്ന കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സർക്കാർ നടപ്പിലാക്കാൻ തയ്യാറാണ്. സർക്കാർ തയ്യാറാണെന്നതിന്റെ തെളിവാണല്ലോ വിരമിക്കൽ പ്രായം 58 എന്നുള്ളത് 60 വയസ്സാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. തോട്ടം ഉടമകളുടെ സംഘടന കോടതിയിൽ കേസ്സിനുപോയി, കോടതിയിലാണ് ഇപ്പോൾ കേസ് നിലനിൽക്കുന്നത്. ഈ വിഷയം നടപ്പിലാക്കുന്നതിന് ഗവൺമെന്റിന് തുറന്ന മനസ്സാണുള്ളത്. കേസ് എത്രയും പെട്ടെന്ന് തീർക്കാനുള്ള ശ്രമം നടത്തുന്നതോടൊപ്പം കേസ് കൊടുത്തിട്ടുള്ള തോട്ടമുടമകളുടെ ഒരു യോഗം ഗവൺമെന്റ് മുൻകയ്യെടുത്ത് വിളിച്ചുകൂട്ടി ആ പ്രശ്നം പരിഹരിക്കാൻ കഴിയുമോ എന്നതുസംബന്ധിച്ചും പരിശോധിക്കാം.

(2) ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിലെ അപാകത

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 2016-ലെ RPwD (Rights of Persons with Disabilities Act) ആക്ട് പ്രകാരം ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനുവേണ്ടി കേരള സാമൂഹ്യനീതി വകുപ്പ് പുറത്തിറക്കിയ ജി.ഒ. (അച്ചടി) നം.12/2019 എന്ന ഉത്തരവ് കെ.എസ്.&എസ്.എസ്.ആർ. 17(2)ബി (ii)-ന് വിരുദ്ധമാണ്. അതോടൊപ്പം ഇതിലെ 1, 26, 51, 76 എന്നീ റൊട്ടേഷൻ പോയിന്റുകൾ ഭിന്നശേഷിക്കാർക്ക് നൽകണമെന്നുള്ളത് ഗുരുതരമായ ഭവിഷ്യത്ത് കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ ഉണ്ടാക്കുന്നതുമാണ്. കാരണം 12 ശതമാനത്തിൽനിന്നും മുസ്ലീം സംവരണം 10 ശതമാനമായി ചുരുങ്ങാൻ പോവുകയാണ്. നേരത്തെ ഭിന്നശേഷിക്കാർക്ക് 3 ശതമാനം സംവരണം 1995-ലെ ആക്ട് പ്രകാരം വന്നപ്പോൾ അന്ന് 1, 34, 67 ടേണുകളായിരുന്നു ഔട്ട് ഓഫ് ടേണായി 1, 1A, 34, 34A, 67, 67A എന്ന രീതിയിൽ നടപ്പിലാക്കിയത്. ഇങ്ങനെ ഭിന്നശേഷിക്കാർക്ക് സംവരണം കൊടുത്തപ്പോൾ 2016-ൽത്തന്നെ സർക്കാർ നിയോഗിച്ച ഒരു കമ്മിറ്റി അത് നിയമവിരുദ്ധമാണെന്ന് കണ്ടെത്തുകയുണ്ടായി. കാരണം അത് അൻപത് ശതമാനത്തിലധികം സംവരണം പാടില്ലെന്ന് പറയുന്ന സുപ്രീം കോടതി വിധിക്കെതിരായിരുന്നു. ഇങ്ങനെ ഔട്ട് ഓഫ് ടേൺ ആയി നടപ്പിലാക്കുമ്പോൾ, 103 നിയമനങ്ങൾ നടക്കുമ്പോൾ അതിൽ 51.46 ശതമാനം സംവരണമായി വരുന്നു. ഇത് പുനഃപരിശോധിക്കണമെന്ന കേന്ദ്രസർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ നേരത്തെപറഞ്ഞ 31-10-2019-ൽ ഇറക്കിയ ഉത്തരവ് പ്രകാരം ഔട്ട് ഓഫ് ടേണായി 1, 26, 51, 76 എന്നീ

ടേണുകളാണ് കൊടുക്കാൻ പറഞ്ഞിട്ടുള്ളത്. ഇത് മുസ്ലീം സമുദായത്തിന്റെ സംവരണം 12-ൽനിന്നും 10 ആയി കുറയ്ക്കുന്നു. ഇതിലെ 26, 76 ടേണുകൾ മുസ്ലീം സമുദായത്തിന്റെ സംവരണ ടേണുകളാണ്. അതിൽ തിരുത്തൽ അത്യാവശ്യമാണ്. ഇതിനുപകരമായി 100 പോയിന്റുകളുടെ റോസ്റ്ററുകൾ പ്രസിദ്ധീകരിക്കുന്നതിനുപകരം 25-ന്റെ ബ്ലോക്കുകളാക്കി നിർണ്ണയിക്കുകയും അതിൽ വെർട്ടിക്കലായി സംവരണത്തിന്റെ ടേണുകൾ നിശ്ചയിക്കുന്നതോടൊപ്പം ഹൊറിസോണ്ടലായി അത് കൊടുക്കുകയും ചെയ്തുകഴിഞ്ഞാൽ ഈ അപാകത പരിഹരിക്കാൻ കഴിയും. ഇത് അടിയന്തരമായി തിരുത്തേണ്ടതാണ്. കഴിഞ്ഞ ദിവസം ഞാൻ മുഖ്യമന്ത്രിക്ക് നൽകിയ ചോദ്യത്തിന് മറുപടിയായി തന്നിരിക്കുന്നത്, ഇത് ഔട്ട് ഓഫ് ടേണായതുകൊണ്ട് സമുദായ സംവരണത്തെ ബാധിക്കുകയില്ല എന്ന മറുപടിയാണ്. എനിക്ക് നൽകിയ മറുപടി തെറ്റാണ്. ഇത് ഔട്ട് ഓഫ് ടേണല്ല. കാരണം ടി ഉത്തരവിൽ പറഞ്ഞിരിക്കുന്നത് നാല് ശതമാനമായി ഈ സംവരണം ഉയർത്തുകയും ആയത് 100 പോയിന്റ് നിയമന റോസ്റ്ററിലെ 1, 26, 51, 76 എന്നീ ടേണുകൾ, എന്നുപറഞ്ഞ് ഉത്തരവാകുന്നുവെന്നുമാണ്. അതുകൊണ്ട് ഇത് അടിയന്തരമായി സർക്കാർ രേഖകളിൽ തിരുത്തണമെന്നഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 1995-ലെ ഭിന്നശേഷി നിയമം സെക്ഷൻ 33 പ്രകാരം സർക്കാർ എസ്റ്റാബ്ലിഷ്മെന്റുകളിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് 3 ശതമാനം സംവരണം വ്യവസ്ഥ ചെയ്തിരുന്നു. ഈ സംവരണം 33, 66, 99 എന്നീ ക്രമത്തിൽ ഔട്ട് ഓഫ് ടേണായാണ് നടപ്പാക്കിവന്നിരുന്നത്. 19.04.2017-ൽ പ്രാബല്യത്തിൽവന്ന The Rights of Persons with Disabilities Act, 2016-ലെ 34-ാം വകുപ്പുപ്രകാരം ഭിന്നശേഷിക്കാർക്ക് സർക്കാർ എസ്റ്റാബ്ലിഷ്മെന്റുകളിലെ നിയമനങ്ങളിൽ 4 ശതമാനം സംവരണം ഉറപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. The RPwD Act, 2016-ലെ വ്യവസ്ഥകൾ നടപ്പാക്കി ഭിന്നശേഷിക്കാർക്ക് 4 ശതമാനം സംവരണം നടപ്പിലാക്കുന്നതിനുവേണ്ടി കേരള പബ്ലിക് സർവീസ് കമ്മീഷനുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സർവ്വീസിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാരുടെ സംവരണം 3 ശതമാനത്തിൽനിന്നും 4 ശതമാനമായി ഉയർത്തിയും നിയമനങ്ങളിലെ ഭിന്നശേഷിക്കാരുടെ ടേൺ 1, 26, 51, 76 എന്ന ക്രമത്തിൽ നിശ്ചയിച്ചും 31-10-2019-ൽ സാമൂഹ്യ നീതി വകുപ്പ് ഉത്തരവ് ഇറക്കിയിരുന്നു. അതുപ്രകാരം ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിനെ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കൂടുതൽ വ്യക്തത ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിന്യായത്തിന്റെയും കേന്ദ്ര ആക്ടിന്റെയും അടിസ്ഥാനത്തിൽ

ഭിന്നശേഷി സംവരണം നടപ്പിലാക്കുന്ന കാര്യം വിശദമായി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയേയും പി.&എ.ആർ.ഡി. സെക്രട്ടറിയേയും ചുമതലപ്പെടുത്തിയിരിക്കുകയാണ്. തുടർന്ന് ഈ വിഷയം സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി 6-7-2021-ന് വിളിച്ചുചേർത്ത യോഗത്തിൽ ഈ വിഷയത്തിന്മേൽ ചില സുപ്രധാന സംഗതികളിലും സാങ്കേതികമായ കാര്യങ്ങളിലും നിയമ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പുകളുടെ അഭിപ്രായം ആരായാൻ തീരുമാനിച്ചിരുന്നു. നിയമ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പുകളുടെ അഭിപ്രായം ലഭ്യമാകുന്നമുറയ്ക്ക് ഒരു സമുദായത്തിന്റെയും സംവരാണാനുകൂല്യങ്ങൾ നഷ്ടപ്പെടുത്താതെ 2016-ലെ ഭിന്നശേഷി അവകാശ ആക്ടിന് അനുസൃതമായി ഭിന്നശേഷിക്കാർക്കുള്ള 4 ശതമാനം സംവരണം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇതുവരെ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ നിയമനങ്ങളിൽ സംവരണ സമുദായത്തിന് നഷ്ടപ്പെട്ട സംവരണം നികത്തുന്ന കാര്യത്തിൽ സർക്കാർ എന്ത് നിലപാടെടുക്കും? 1995-ലെ ആക്ട് പ്രകാരം ഭിന്നശേഷിക്കാർക്കും കുറെ പോയിന്റുകൾ നഷ്ടപ്പെട്ടിട്ടുണ്ട്, അവരുടെയും നിയമനം നഷ്ടപ്പെട്ടിട്ടുണ്ട്; ഈ രണ്ട് കാര്യത്തിനും ഗവൺമെന്റ് എന്തു നിലപാടാണ് എടുക്കാൻ പോകുന്നത്?

ഡോ. ആർ. ബിന്ദു: സർ, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ അവരുടെ നിത്യജീവിതത്തിൽ നാനാമുഖമായ പ്രശ്നങ്ങൾ അഭിമുഖീകരിച്ച് മുന്നോട്ട് പോകുന്നവരാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയും കേന്ദ്ര ആക്ടും വ്യവസ്ഥ ചെയ്യുന്നതുപ്രകാരമുള്ള സംവരണാനുകൂല്യം അവർക്ക് ലഭ്യമാക്കേണ്ടതാണ്. അതേസന്ദർഭത്തിൽ നിലവിൽ സംവരണാനുകൂല്യങ്ങൾ ലഭിക്കുന്ന എല്ലാ വിഭാഗങ്ങളുടെയും സംവരണം നിലനിർത്തി മുന്നോട്ടുപോകാനും സർക്കാരിന് നിഷ്കർഷയുണ്ട്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഈ രണ്ടുപ്രശ്നങ്ങളും നന്നായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പ് മറ്റൊരു ഓർഡർ 13-12-2020-ൽ ഇറക്കിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഈ വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അന്തിമഘട്ടത്തിലാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നിയമ-ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പുകളുടെ നിർദ്ദേശങ്ങൾകൂടി സ്വീകരിച്ചുകൊണ്ട് കൃത്യമായ രീതിയിലുള്ള ഒരു തീരുമാനം ആ വിഷയത്തിൽ കൈക്കൊള്ളുന്നതാണ്. ഭിന്നശേഷി വിഭാഗത്തിനും അതുപോലെ നിലവിൽ ആനുകൂല്യം ലഭ്യമായി വരുന്ന എല്ലാ സംവരണ വിഭാഗങ്ങൾക്കും ആനുകൂല്യം നിലനിർത്താൻ കഴിയുന്ന വിധത്തിൽ എങ്ങനെ ഈ പ്രശ്നം പരിഹരിക്കാമെന്നത് സർക്കാർ പരിശോധിച്ചുവരികയാണ്.

# V സബ്മിഷൻ

## (1) സേവന-വേതന വ്യവസ്ഥകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വളരെ മെച്ചപ്പെട്ട നിലയിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹോം ഗാർഡ്സിന്റെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കണമെന്നതാണ് സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. പത്ത് വർഷത്തിലധികമായി ഹോം ഗാർഡ്സ് സംസ്ഥാനത്ത് വലിയ ഉത്തരവാദിത്വം നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. 2010 മുതലാണ് ഹോം ഗാർഡ്സിനെ വിവിധ മേഖലകളിൽ വ്യാപകമായി പ്രവർത്തിക്കുന്നതിന് നിയോഗിച്ചിട്ടുള്ളത്. അവർക്ക് 750 രൂപയാണ് ദിവസവേതനമായി നിലവിൽ നൽകിക്കൊണ്ടിരിക്കുന്നത്. ഇവരെ സംബന്ധിച്ചിടത്തോളം സൈനിക സേവനത്തിനുശേഷം തുച്ഛമായ പെൻഷൻ മാത്രം കിട്ടുന്നൊരു വിഭാഗമെന്നുള്ള നിലയിൽ തങ്ങളുടെയും കുടുംബത്തിന്റെയും രക്ഷയ്ക്കുവേണ്ടിയാണ് ഈ ജോലി ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നത്. ഈ വിഭാഗത്തിൽപ്പെട്ടവരുടെ കാര്യത്തിൽ യാതൊരു പരിരക്ഷയോ ഇൻഷ്വറൻസ് സംവിധാനമോ, മറ്റുസൗകര്യങ്ങളോ ഇല്ലെന്നുള്ള കാര്യവും നമുക്കറിയാവുന്നതാണ്. 63 വയസ്സുവരെയാണ് ഇവർക്ക് ജോലി ചെയ്യാൻ അവസരമുള്ളത്. 63-ാം വയസ്സിൽ ഇവർ പിരിഞ്ഞുപോകുന്ന സന്ദർഭത്തിൽ സ്വാഭാവികമായും മറ്റുപല വിഭാഗങ്ങൾക്ക് ലഭിക്കാറുള്ളതുപോലെ സാമ്പത്തിക സഹായമോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാതെ പിരിഞ്ഞുപോകേണ്ടിവരുന്നൊരു സാഹചര്യമാണുള്ളത്. വെയിലത്തും മഴയത്തും റോഡിലാണ് വ്യാപകമായി ഇവർ ജോലിചെയ്യുന്നത്. സാഹസിക പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഈ വിഭാഗത്തെ സംബന്ധിച്ചിടത്തോളം കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പാക്കി അവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കണമെന്നും പ്രത്യേക പരിരക്ഷ എന്നനിലയിൽ ഇൻഷ്വറൻസ് സംവിധാനം ഉൾപ്പെടെ നടപ്പിലാക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് പരിശോധിക്കണമെന്നുമാണ് എനിക്ക് സബ്മിഷനായി അവതരിപ്പിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഹോം ഗാർഡുകളുടെ വേതനം കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും പ്രതിദിനം 750 രൂപ നിരക്കിൽ പരമാവധി പ്രതിമാസ വേതനം 21,840 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 1-2-2021-ന് ഉത്തരവായിട്ടുണ്ട്. 1,000 രൂപയായിരുന്ന യൂണിഫോം അലവൻസ് 1,500 രൂപയായി വർദ്ധിപ്പിച്ച് 1-7-2021-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രക്ഷാപ്രവർത്തനങ്ങളിൽ അപകടമരണങ്ങൾ സംഭവിക്കാനുള്ള സാദ്ധ്യതകൾ പരിഗണിച്ച് സംസ്ഥാന

ഇൻഷ്വറൻസ് വകുപ്പ് നേരിട്ട് നടത്തുന്ന Group Personal Accident Insurance (GPAIS) സ്കീമിൽ ഉൾപ്പെടുത്തുന്നതിന് 25-01-2021-ൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. Provident fund, ESI ആനുകൂല്യങ്ങൾ എന്നിവ കൈപ്പറ്റി കേന്ദ്ര സേനയിലും മറ്റും സേവനമനുഷ്ഠിച്ച് വിരമിച്ചവരായതിനാൽ വീണ്ടും ഈ ആനുകൂല്യം നിലവിൽ ഹോം ഗാർഡുകൾക്ക് അനുവദിക്കപ്പെട്ടിട്ടില്ല.

(2) ഏലംകുളം ബാലചന്ദ്രന് നഷ്ടപരിഹാരം

ശ്രീ. നജീബ് കാന്തപുരം: സർ, കഴിഞ്ഞ ജൂൺ 16-ാം തീയതി എന്റെ നിയോജകമണ്ഡലമായ പെരിന്തൽമണ്ണയിൽ ദാരുണമായൊരു സംഭവമുണ്ടായി. അന്ന് രാത്രി ഏകദേശം പത്തുമണിക്കുശേഷം നഗരമദ്ധ്യത്തിൽ പത്തോളം മുറികളുള്ള ഗിഫ്റ്റ് ഷോപ്പ് പൂർണ്ണമായും കത്തി നശിക്കുകയും ഏകദേശം 60 ലക്ഷം രൂപയുടെ സാധനങ്ങൾ നഷ്ടപ്പെടുകയും ചെയ്തു. എന്റെ നിയോജകമണ്ഡലത്തിലെ ഏലംകുളം പഞ്ചായത്തിലെ എളാട്ട് ചെമ്മാട്ട് വീട്ടിൽ ശ്രീ. ബാലചന്ദ്രൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള കടയായിരുന്നു ഇത്. നേരം പുലരുംവരെ കടയുടെ തീ അണയ്ക്കാൻ ഫയർ ഫോഴ്സും നാട്ടുകാരും വലിയ ശ്രമം നടത്തി. നേരം പുലർന്നപ്പോൾ നാടിനെ നടുക്കിയ മറ്റൊരു സംഭവം കൂടിയുണ്ടായി. ശ്രീ. ബാലചന്ദ്രന്റെ മകളെ ദാരുണമായി കൊലചെയ്യുകയും ആ പെൺകുട്ടിയുടെ അനുജത്തിയെ ഭീകരമായി കുത്തി പരിക്കേൽപ്പിക്കുകയും ചെയ്യുകയുണ്ടായി. നമ്മുടെ നാട്ടിൽ ഇന്ന് പെൺകുട്ടികൾക്കെതിരെ നടക്കുന്ന അതിഭീകരമായ ആക്രമണ പരമ്പരയുണ്ട്. പെൺകുട്ടികൾ കൊല്ലപ്പെടുന്നത് തുടർക്കഥയാകുകയാണ്. പ്രണയനൈരാശ്യത്തെത്തുടർന്നാണ് ഇത്തരത്തിലുള്ള കൊലപാതകങ്ങൾ നടക്കുന്നതെന്നാണ് റിപ്പോർട്ട് ചെയ്യുന്നത്. കഴിഞ്ഞദിവസം നെല്ലിക്കുഴിയിലെ ദന്തഡോക്ടറായ മാനസയുടെ കൊലപാതകവും നമ്മെ വേദനിപ്പിക്കുകയും നടുക്കമുണ്ടാക്കുകയും ചെയ്തതാണ്. എന്റെ നിയോജകമണ്ഡലത്തിലുണ്ടായ ഈ സംഭവത്തിൽ വളരെ ശുഷ്കാന്തിയോടുകൂടി പോലീസ് ഇടപെടുകയും നാട്ടിലെ ഒരു ഓട്ടോ ഡ്രൈവർ വളരെ സമർത്ഥമായി ഈ പ്രതിയെ പിടികൂടി പോലീസിൽ ഏൽപ്പിക്കുകയും ചെയ്തു. നാട്ടിൽ വലിയ ആദരവാണ് ശ്രീ. അബ്ദുള്ള എന്ന ഓട്ടോ ഡ്രൈവർക്ക് ലഭിച്ചത്. നമ്മുടെ നാട്ടിൽ പെൺകുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നു. ഏറ്റവും സങ്കടകരമായ കാര്യം ഇവിടെ പെൺകുട്ടി കൊല്ലപ്പെടുന്നത് മാത്രമല്ല, ഒരു മനുഷ്യന്റെ ജീവനോപാധി മുഴുവനും നഷ്ടമായി. അദ്ദേഹം ഇരുപത് വർഷമായി പെരിന്തൽമണ്ണയിലെ നല്ലൊരു വ്യാപാരിയാണ്. പാവപ്പെട്ട കുട്ടികൾ കടയിൽ വന്നാൽ സൗജന്യമായി കളിക്കോപ്പുകൾ നൽകുന്നൊരു വലിയ മനസ്സിന്റെ ഉടമകൂടിയാണ് അദ്ദേഹം. 20 വർഷമായി അദ്ദേഹം അദ്ധ്വാനിച്ചുണ്ടാക്കിയ സർവ്വതും നഷ്ടപ്പെട്ടുപോയിരിക്കുന്നു. അദ്ദേഹത്തിന്റെ എൽ.എൽ.ബി.-ക്ക് പഠിക്കുന്ന മകൾ മരണപ്പെട്ടിരിക്കുന്നു.

രണ്ടാമത്തെ മകൾക്ക് ഗുരുതരമായി പരിക്കേറ്റ് കൈകൾ ചലനമറ്റിരിക്കുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച് ഒരു പരാതി നേരത്തെ ഞാൻ നൽകിയിരുന്നു. ഇത് മറ്റ് കേസ്സുകളെക്കാൾ പ്രാധാന്യത്തോടെ കണ്ട് ഈ കുടുംബത്തിന് നിലനിൽക്കാൻ ആവശ്യമായ ധനസഹായം നൽകണമെന്നുകൂടി ബഹുമാന്യനായ മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മലപ്പുറം പെരിന്തൽമണ്ണ ഏലംകുളം ചെമ്മാട്ട് ശ്രീ. ബാലചന്ദ്രന്റെ മകൾ 21 വയസ്സുള്ള ദൃശ്യയെ 17-06-2021-ന് മഞ്ചേരി സ്വദേശിയായ ശ്രീ. വിനീഷ് എന്ന യുവാവ് വീട്ടിൽ അതിക്രമിച്ച് കയറി മൃഗീയമായി കുത്തിക്കൊലപ്പെടുത്തിയ സംഭവമുണ്ടായി. ദൃശ്യയുടെ സഹോദരി ദേവശ്രീയെയും പ്രതി മാരകമായി കുത്തി പരിക്കേൽപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട് ഐ.പി.സി. 450, 302, 307 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 411/2021 ആയി പെരിന്തൽമണ്ണ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രതിയായ ശ്രീ. വിനീഷിനെ അന്നേ ദിവസംതന്നെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്. പ്രണയാഭ്യർത്ഥന നിഷേധിച്ചതാണ് ഈ ക്രൂരകൃത്യത്തിന് പ്രേരിപ്പിച്ചതെന്ന് പ്രതി കുറ്റസമ്മതം നടത്തിയിട്ടുണ്ട്. ശ്രീ. ബാലചന്ദ്രന്റെ ഉടമസ്ഥതയിൽ പെരിന്തൽമണ്ണയിൽ പ്രവർത്തിച്ചുവന്ന കച്ചവടസ്ഥാപനം 16-6-2021-ന് രാത്രി കത്തിച്ചതിനും പ്രതി കുറ്റസമ്മതം നടത്തിയിട്ടുണ്ട്. ഈ സംഭവത്തിൽ ഐ.പി.സി 452, 436 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 412/2021 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീ. ബാലചന്ദ്രന്റെ കച്ചവട സ്ഥാപനം തീവച്ച് നശിപ്പിച്ചതിൽ 50 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചതായി മൊഴി നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ നാശനഷ്ടം കണക്കാക്കുന്നതിന് പെരിന്തൽമണ്ണ പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗം നടപടിയെടുത്തുവരികയാണ്.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പരിഷ്കൃത സമൂഹത്തിന് ഒരിക്കലും നീതീകരിക്കാനാകാത്ത മൃഗീയമായ കൊലപാതകമാണ് നടന്നത്. ദുരഭിമാന കൊലകൾപോലെ ശക്തമായി എതിർക്കപ്പെടേണ്ട ഒന്നാണിത്. ഒരാൾ എങ്ങനെ ജീവിക്കണമെന്നും ആരോടൊപ്പം ജീവിക്കണമെന്നും തീരുമാനിക്കുന്നതിനുള്ള അവകാശം ഒരോരുത്തർക്കുമുണ്ട്. അതിനെ മറികടന്ന് മറ്റൊരാളുടെ മേൽ തങ്ങളുടെ ഇംഗിതം അടിച്ചേൽപ്പിക്കുന്ന രീതി ഒരു കാരണവശാലും അംഗീകരിക്കാനാകില്ല. പ്രണയമെന്നത് മറ്റൊരാളുടെ ജീവനെടുക്കാനോ, അപായപ്പെടുത്താനോ ഉള്ള അധികാര രൂപമല്ല. ഇത്തരം ജനാധിപത്യപരമായ ജീവിത കാഴ്ചപ്പാടിലേയ്ക്ക് ജനതയെ ആകെ ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. പരസ്പരസമ്മതത്തോടെ രൂപപ്പെടേണ്ട ബന്ധത്തെ കൊലപാതകങ്ങളിൽ എത്തിക്കുന്ന പ്രവണതകളെ ചെറുക്കുന്നതിനുള്ള

നടപടികളെല്ലാം നമുക്ക് സ്വീകരിക്കാനുമാകണം. അതോടൊപ്പം ഇത്തരം ചെയ്തികൾ ചെയ്യുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരികയും മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്യുകയെന്നതും പ്രധാനമാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(3) <u>വടക്കഞ്ചേരിയിൽ എക്സൈസ് റേഞ്ച് ഓഫീസ്</u>

<u>ശ്രീ. പി. പി. സുമോദ്</u>: സർ, തരൂർ മണ്ഡലത്തിന്റെ കേന്ദ്രമായ വടക്കഞ്ചേരിയിൽ പുതിയ എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കണമെന്നതാണ് എന്റെ സബ്മിഷൻ. എന്റെ മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളായ വടക്കഞ്ചേരി, കണ്ണമ്പ്ര, പുതുക്കോട്, കാവശ്ശേരി, തരൂർ എന്നിവ ആലത്തൂർ റേഞ്ച് പരിധിയിലാണ് ഉൾപ്പെടുന്നത്. ബാക്കിവരുന്ന നാല് പഞ്ചായത്തുകളായ വണ്ടാഴി, കിഴക്കഞ്ചേരി, ആലത്തൂർ, മേലാർക്കോട് എന്നീ പഞ്ചായത്തുകൾ ആലത്തൂർ മണ്ഡലത്തിലുമാണ്. ഇതിൽ പുതുക്കോട്, കണ്ണമ്പ്ര, വടക്കഞ്ചേരി, തരൂർ എന്നീ പഞ്ചായത്തുകൾ തൃശ്ശൂർ ജില്ലയുമായി അതിർത്തി പങ്കിടുന്നവയാണ്. കിഴക്കഞ്ചേരി, വണ്ടാഴി തുടങ്ങിയ പഞ്ചായത്തുകൾ മലയോരപ്രദേശങ്ങൾ കൂടിയാണ്. മലമ്പ്രദേശങ്ങളും ദേശീയപാതയും വരാൻപോകുന്ന ടോൾ പ്ലാസയും നിരവധി ഗ്രാമങ്ങളും സ്ഥിതിചെയ്യുന്ന ആലത്തൂർ റേഞ്ച് പരിധി ഏറെ വിസ്തൃതിയുള്ള പ്രദേശമാണ്. ആയതിനാൽ ആലത്തൂർ എക്സൈസ് റേഞ്ച് ഓഫീസ് വിഭജിച്ച് വടക്കഞ്ചേരി കേന്ദ്രമായി ഒരു എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയോട് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ.എം. വി. ഗോവിന്ദൻ മാസ്റ്റർ</u>): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നം ഇതിനുമുമ്പും ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. സംസ്ഥാനത്ത് ആകെ 138 എക്സൈസ് റേഞ്ച് ഓഫീസുകളും 69 എക്സൈസ് സർക്കിൾ ഓഫീസുകളും നിലവിലുണ്ട്. പാലക്കാട് ജില്ലയിൽ 5 സർക്കിൾ ഓഫീസുകളും 13 റേഞ്ച് ഓഫീസുകളും നിലവിലുണ്ട്. സംസ്ഥാനത്ത് പല റേഞ്ച് ഓഫീസുകളുടേയും അധികാരപരിധി വളരെ വിസ്തൃതമാണ്. ഇത്തരം വിസ്തൃതി കൂടിയ റേഞ്ചുകൾ വിഭജിക്കുന്നതിനുള്ള ആവശ്യം ഇപ്പോൾ ഉയർന്നുവരുന്നുണ്ട്. നിലവിലെ എക്സൈസ് റേഞ്ച് ഓഫീസുകളുടെ വിഭജനവുമായും 37 പുതിയ എക്സൈസ് റേഞ്ചുകളുടെ രൂപീകരണവുമായും ബന്ധപ്പെട്ട ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. ആലത്തൂർ റേഞ്ചിന്റെ അധികാരപരിധി 366.9

ചതുരശ്ര കിലോമീറ്ററാണ്. ഇതിന്റെ പരിധിയിൽ 16 വില്ലേജുകളും 9 പഞ്ചായത്തുകളുമുണ്ട്. പുതുതായി 37 എക്സൈസ് റേഞ്ചുകൾ രൂപീകരിക്കുന്നതിനും ആലത്തൂർ റേഞ്ച് വിഭജിച്ച് പുതുതായി വടക്കഞ്ചേരി റേഞ്ച് രൂപീകരിക്കുന്നതിനുമുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ചുവരുന്നു.

(4) പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജ്

ശ്രീ. ഷാഫി പറമ്പിൽ: സർ, - All India Institute of Medical Sciences-ന്റെ മാതൃകയിൽ കേരളത്തിന് അഭിമാനമായി വിഭാവന ചെയ്തൊരു സ്ഥാപനമാണ് പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജ്. ഇൻഡ്യയിൽ മറ്റൊരിടത്തുമില്ലാത്ത വിധത്തിൽ പട്ടികജാതി വിഭാഗങ്ങളുടെ മെഡിസിൻ പഠനത്തിന് ഏറ്റവും വലിയ സൗകര്യമൊരുക്കുന്നതോടൊപ്പം ഈ മെഡിക്കൽ കോളേജിൽനിന്നും ഒറ്റവർഷം 70-ലധികം വിദ്യാർത്ഥികൾക്ക് പഠിച്ചിറങ്ങാനുമുള്ള സാഹചര്യമൊരുങ്ങുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടെ വരികയും മെഡിക്കൽ കോളേജിന്റെ തുടർപ്രവർത്തനത്തെയും എല്ലാ വിഭാഗം ആളുകളുടെ ആവശ്യങ്ങളെയും സംബന്ധിച്ച് ദീർഘനേരം കേട്ട് അവലോകനം നടത്തുകയുമുണ്ടായി. കഴിഞ്ഞ മൂന്നുമാസമായി അവിടത്തെ ഡോക്ടേഴ്സ് ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിഞ്ഞിട്ടില്ല എന്നത് അങ്ങേയ്ക്കും അറിയാവുന്നതാണ്. ഹൗസ് സർജൻസി ചെയ്യുന്ന കുട്ടികളുടെ സ്റ്റൈപ്പൻഡും മുടങ്ങിക്കിടക്കുകയാണ്. അതുപോലെ നോൺ-അക്കാഡമിക്കൽ, മറ്റ് ജീവനക്കാർ എന്നിവരുടെ ശമ്പളം ഉൾപ്പെടെയുള്ളവ പ്രയാസങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ്. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതുണ്ട്. പാലക്കാടിന്റെ ആരോഗ്യ സ്വയംപര്യാപ്തതയ്ക്ക് ആ മെഡിക്കൽ കോളേജിന്റെ അനിവാര്യത എത്രത്തോളമാണെന്ന് അങ്ങേയ്ക്ക് നേരിട്ടറിയാവുന്നതുമാണ്. അതുകൊണ്ട് പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കാൻ എത്രയുംപെട്ടെന്ന് 550 ബെഡ്ഡുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി അതിന്റെ പ്രവർത്തനം ആരംഭിക്കണം. അതിന്റെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് പ്ലാൻ ഫണ്ടിൽനിന്നും കൊടുക്കാനുള്ള പരിമിതികളെ സംബന്ധിച്ച് എല്ലാവർക്കുമറിയാം. എല്ലാ വിഭാഗങ്ങൾക്കും ഇവിടെ ചികിത്സ ഓപ്പണാണ്. അതിനൊരു റിസർവേഷനുമില്ല. ഈ മെഡിക്കൽ കോളേജ് തുടങ്ങുന്ന സമയത്ത് പ്രതിപക്ഷത്തുനിന്നുയർന്ന ഏറ്റവും പ്രധാനപ്പെട്ടൊരു ആവശ്യം നോൺ-പ്ലാൻ ഫണ്ടിൽനിന്നും ഈ മെഡിക്കൽ കോളേജിന് ബഡ്ജറ്ററി സപ്പോർട്ട് വേണമെന്നതാണ്. സഭ അന്നത് അംഗീകരിച്ചതും കൊടുക്കാമെന്ന് സമ്മതിച്ചതും ഘട്ടം വരുമ്പോൾ അത് പരിഗണിക്കാമെന്ന്

അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുൾപ്പെടെ പറഞ്ഞതുമാണ്. ഇപ്പോൾ കഴിഞ്ഞ രണ്ടുമൂന്ന് വർഷത്തിലധികമായി നോൺ-പ്ലാൻ ഫണ്ടിൽ ആകെ നീക്കിവയ്ക്കുന്നത് ആയിരം രൂപയാണ്. അടിയന്തരമായി ബഡ്ജറ്ററി സപ്പോർട്ട് പാലക്കാട് മെഡിക്കൽ കോളേജിന് കൊടുത്ത് നോൺ-പ്ലാൻ ഫണ്ടിൽനിന്നും അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് മീറ്റ് ചെയ്യാനുള്ള തീരുമാനം സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. വികസന പ്രവർത്തനങ്ങൾക്കും മറ്റനേകം ഡിപ്പാർട്ടുമെന്റുകൾക്കും പ്രവർത്തനങ്ങൾക്കും കിഫ്ബി ഫണ്ട് അനുവദിക്കുന്നുണ്ട്. കേരളം അഭിമാനത്തോടെ എടുത്തുകാണിക്കേണ്ട മാതൃകയായ പാലക്കാട് മെഡിക്കൽ കോളേജിനുവേണ്ടി ഒരു രൂപയുടെ ഫണ്ടുപോലും ഇതുവരെ ചെലവഴിക്കപ്പെട്ടിട്ടില്ല എന്നത് ഖേദകരമായൊരു കാര്യമാണ്. അതോടൊപ്പം എത്രയുംപെട്ടെന്ന് ജീവനക്കാർക്ക് ശമ്പളം കൊടുക്കണം, മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി ശമ്പളം കൂടുതൽ കിട്ടുന്ന മറ്റ് പല ഓപ്ഷൻസും വേണ്ടെന്നുവച്ച് പാലക്കാട് മെഡിക്കൽ കോളേജിനോടൊപ്പം നിന്നയാളുകളാണ്. പാലക്കാട് ജനതയുടെയാകെ ആവശ്യമാണ് ആരോഗ്യരംഗത്തെ സ്വയംപര്യാപ്തത. അവിടത്തെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പട്ടികജാതി വിഭാഗങ്ങളുടെ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനും മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അടിയന്തരമായ ഇടപെടൽ ഗവൺമെന്റിന്റെയും അങ്ങയുടെയും ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, 2014-ൽ ശ്രീ. എ. പി. അനിൽ കുമാർ വകുപ്പുമന്ത്രിയായിരുന്ന സമയത്താണ് പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ഒരു മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചത്. 2019-ൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ സ്ഥിരാംഗീകാരം നേടിയെടുത്തു. ഈ മെഡിക്കൽ കോളേജ് കേരള ആരോഗ്യ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഓരോ വർഷവും 100 കുട്ടികളെയാണ് പ്രവേശിപ്പിക്കുന്നത്. എസ്.സി. വിഭാഗത്തിൽ 70-ഉം എസ്.ടി. വിഭാഗത്തിൽ 2-ഉം മെറിറ്റിൽ 13-ഉം നാഷണൽ ക്വാട്ടയിൽ 15-ഉം കുട്ടികൾ പഠിക്കുന്നു. രണ്ട് ബാച്ചുകൾ കോഴ്സ് പൂർത്തീകരിച്ചുകഴിഞ്ഞു. അഞ്ച് ബാച്ചുകളുടെ പഠനമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. എട്ടാമത്തെ ബാച്ചിന്റെ അഡ്മിഷൻ ആരംഭിക്കാൻ പോകുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ഇപ്പോഴും സജ്ജമായിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർക്കുമറിയാം, അദ്ദേഹവും ഞാനും 24-7-2021-ൽ മെഡിക്കൽ

കോളേജിൽ വിവിധ വകുപ്പുകളുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി. എല്ലാ സജ്ജീകരണങ്ങളോടുംകൂടി പ്രവർത്തനം തുടങ്ങാൻ ഇനിയും കാലതാമസം നേരിടേണ്ടിവരും. ആറ് മാസംകൊണ്ട് പ്രവർത്തനം പൂർത്തീകരിക്കാമെന്നാണ് ആ യോഗത്തിൽ പറഞ്ഞിരുന്നത്, അതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പാലക്കാട് ഒറ്റപ്പാലം സബ്കളക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. അവർ എല്ലാ ആഴ്ചകളിലും അതിന്റെ പരിശോധന നടത്തിവരുന്നുണ്ട്. അതുകൂടാതെ പട്ടികജാതി വികസന വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, വൈദ്യുതി വകുപ്പ്, വാട്ടർ അതോറിറ്റി, നാഷണൽ ഹൈവേ അതോറിറ്റി തുടങ്ങി വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ഷാഫി പറമ്പിൽ ഇവിടെ സൂചിപ്പിച്ചതുപോലെ ഇൻഡ്യയിലെതന്നെ ഏറ്റവും മികച്ച ഒരു മെഡിക്കൽ കോളേജായി ഇതിനെ മാറ്റണം എന്നതന്നെയാണ് വകുപ്പ് ആഗ്രഹിക്കുന്നത്. നാഷണൽ ഹൈവേ അതോറിറ്റി കൂടി ഇതിലെ പങ്കാളിയാകേണ്ടതുണ്ട് എന്ന് ചർച്ചചെയ്തപ്പോൾ മനസ്സിലാക്കിയിട്ടുണ്ട്. അതുപോലെ ആരോഗ്യ വകുപ്പിന്റെ നല്ല സഹകരണവും വേണം. അതിനാൽ എത്രയുംവേഗം പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടിയാണ് ആരംഭിച്ചിരിക്കുന്നത്.

1-7-2021-ലാണ് ഇവിടെ ഐ.പി. ആക്കിയത്. എന്നാൽ ഒ.പി. മാത്രമായിട്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഐ.പി. ആക്കിയെങ്കിലും പൂർണ്ണതോതിൽ ഐ.പി. ആക്കാൻ കഴിയുന്നൊരു സാഹചര്യമല്ല. എത്രയും പെട്ടെന്ന് 500 ബെഡ്ഡുള്ള കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചാൽ മാത്രമേ ഐ.പി. സുഗമമായി പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂ. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മറ്റൊരു കാര്യം, അവിടെ അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് വഹിക്കുന്നത് പ്ലാൻ ഫണ്ടിൽനിന്നുമാണ് എന്നതാണ്. പട്ടികജാതിക്കാരുടെ മറ്റ് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കേണ്ട സംഖ്യയാണ് അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജായി ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. ഇത് നോൺ-പ്ലാനിൽനിന്നും ലഭിക്കേണ്ടതാണെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നോൺ-പ്ലാനിൽനിന്നും അവിടത്തെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കുള്ള പണം കണ്ടെത്താനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. സ്റ്റാഫിന് ശമ്പളം കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നിവിടെ സൂചിപ്പിക്കുകയുണ്ടായി. അടുത്ത ദിവസംതന്നെ 10 കോടി രൂപ അവിടത്തെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും മറ്റ് ജീവനക്കാർക്കും സ്റ്റൈപ്പന്റുൾപ്പെടെ കൊടുക്കാൻ അനുവദിച്ചിട്ടുണ്ട്, അത് അവിടെ ലഭിച്ചിട്ടുമുണ്ട്. അവരുടെ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. ഈ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് അതിന്റെ പ്രയോജനം എല്ലാ വിഭാഗം ജനങ്ങൾക്കും ലഭിക്കാൻ കഴിയുന്ന ഒരു സാഹചര്യം സൃഷ്ടിക്കാനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

## (5) വിധവാ പെൻഷൻ

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഗവൺമെന്റ് സ്ത്രീസുരക്ഷയെക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചുമൊക്കെ വാചാലമായി സംസാരിക്കുന്ന സന്ദർഭത്തിൽ ത്തന്നെയാണ് സ്ത്രീകൾക്കിടയിൽ ഏറ്റവും പ്രയാസമനുഭവിക്കുന്ന, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് കഴിഞ്ഞ കാലങ്ങളിൽ കൊടുത്തുകൊണ്ടിരുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ നിർത്തലാക്കുവാനുള്ള തീരുമാനവുമെടുത്തിട്ടുള്ളത്. ധനകാര്യ വകുപ്പ് പുറത്തിറക്കിയ 11-12-2019-ലെയും 23-9-2020-ലെയും ഉത്തരവുകൾ പ്രകാരം വിധവാ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന നിരവധി സ്ത്രീകൾക്ക് പെൻഷൻ നിഷേധിച്ചിരിക്കുകയാണ്. ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട് ഏഴുവർഷം കഴിഞ്ഞ, പുനർവിവാഹം ചെയ്തിട്ടില്ലാത്തവർക്ക് വില്ലേജ് ഓഫീസർമാർ നല്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായപരിധി നിശ്ചയിക്കാതെ വിധവാ പെൻഷൻ നല്കിയിരുന്നു. നിയമപരമായി വിവാഹമോചനം നടത്തിയ സ്ത്രീകൾക്കും മാനദണ്ഡങ്ങൾക്കുവിധേയമായി വിധവാ പെൻഷൻ കഴിഞ്ഞകാലങ്ങളിലൊക്കെ നല്കിക്കൊണ്ടിരുന്നു. എന്നാൽ, രണ്ടുവിഭാഗങ്ങൾക്കും നല്കിയിരുന്ന വിധവാ പെൻഷൻ 11-12-2019-ലെ ധനകാര്യ വകുപ്പിന്റെ 97-ാം നമ്പർ സർക്കുലർ പ്രകാരം നിഷേധിച്ചിരിക്കുകയാണ്. ഇതിനെത്തുടർന്ന് സർക്കാരിന് നിരവധി ആക്ഷേപങ്ങൾ വരികയും എല്ലാ ഭാഗത്തുനിന്നും ഇത് ശരിയായ നടപടിയല്ലെന്ന് പറയുകയുമുണ്ടായി. പ്രതിഷേധത്തെത്തുടർന്ന് 23-9-2020-ൽ സാമൂഹ്യസുരക്ഷാ പെൻഷൻ നല്കുന്നതിനുള്ള മാനദണ്ഡം വീണ്ടും പുതുക്കി നിശ്ചയിക്കുകയും ആ ഉത്തരവ് പ്രകാരം ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട് ഏഴുവർഷം കഴിഞ്ഞതും പുനർവിവാഹിതർ ആയിട്ടില്ലാത്തവരുമായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്ക് മറ്റ് മാനദണ്ഡങ്ങൾ പ്രകാരം വില്ലേജ് ഓഫീസർമാർ നല്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ ലഭിക്കുന്നതിന് അർഹരാണ് എന്ന ഉത്തരവ് കൊണ്ടുവന്നു. അന്ന് അത് പുതുക്കിയപ്പോൾ 50 വയസ്സിന് മുകളിലുള്ളവർക്കാണ് നല്കിയത്. അതിനാൽ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട് ഏഴുവർഷം കഴിഞ്ഞതും പുനർവിവാഹം ചെയ്തിട്ടില്ലാത്തവരുമായ സ്ത്രീകൾക്ക് വില്ലേജ് ഓഫീസർമാർ നല്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായപരിധിയില്ലാതെ, അമ്പത് വയസ്സിന് താഴെയാണെങ്കിലും, വിധവാ പെൻഷൻ അനുവദിക്കണമെന്നും ഇതുവരെ കിട്ടിക്കൊണ്ടിരുന്ന പെൻഷൻ പുനഃസ്ഥാപിക്കണമെന്നും നിയമപരമായി വിവാഹ മോചിതരായ സ്ത്രീകൾക്കും വിധവാ പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നുമാണ്. നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന വിധവാ പെൻഷൻ നഷ്ടപ്പെടുന്ന ഒരു സ്ഥിതി വർത്തമാന കാലഘട്ടത്തിലുണ്ടാകുന്നത് ഒരു ഗവൺമെന്റിനും ഭൂഷണമല്ല. അതുകൊണ്ട് പെൻഷൻ പുന:സ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ. പി. അനിൽ കുമാർ ഉന്നയിച്ച സബ്മിഷന് മറുപടിയായി പറയാനുള്ളത്, അർഹരായ മുഴുവൻ വിധവകൾക്കും പെൻഷൻ ലഭിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നാണ്. അങ്ങ് പറഞ്ഞതുപോലെതന്നെ ഭർത്താവ് ഉപേക്ഷിച്ച് ഏഴുവർഷം കഴിഞ്ഞവരും പുനർവിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്കുകൂടി വിധവാ പെൻഷൻ അനുവദിച്ചുനല്കിയിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: ഞാൻ സബ്മിഷന് മറുപടി പറഞ്ഞു തുടങ്ങിയല്ലോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഇവിടെ ശ്രീ. എ. പി. അനിൽ കുമാർ സബ്മിഷൻ നോട്ടീസ് കൊടുത്തത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കാണ്. ധനകാര്യ വകുപ്പുമന്ത്രി ഇല്ലാത്തതിനാൽ അദ്ദേഹം പാർലമെന്ററികാര്യ വകുപ്പുമന്ത്രിയെ ചുമതലപ്പെടുത്തി. ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്. അപ്പോൾ ഇനി മറുപടി പറയേണ്ടത് അദ്ദേഹമാണ്. ഇത് ഓർഡറിലല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇത് കൂട്ടുത്തരവാദിത്വമുള്ള ഗവൺമെന്റാണ്. മറുപടി പറയാൻ തുടങ്ങിയതിനുശേഷമാണ് ധനകാര്യ വകുപ്പുമന്ത്രി സഭയിലേയ്ക്ക് വന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തെ ചുമതലപ്പെടുത്തിയിട്ട് മറ്റൊരു മീറ്റിംഗിന് പോയിരുന്നതാണ്. മറുപടി പറഞ്ഞ് പകുതിയായപ്പോഴാണ് അദ്ദേഹം വന്നത്. ബഹുമാനപ്പെട്ട മന്ത്രിക്ക് തുടരാം.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ധനകാര്യ വകുപ്പുമന്ത്രി അത്യാവശ്യമായിട്ടുള്ള ഒരു കാര്യത്തിന് പോയതാണ്. അപ്പോഴേയ്ക്കും ഈ സബ്മിഷൻ വന്നു. നിയമപരമായി വിവാഹമോചനം നേടിയവരെയും ഭർത്താവ് ഉപേക്ഷിച്ച എല്ലാ പ്രായത്തിലുള്ളവരെയും വിധവകളായി കണക്കാക്കാൻ കഴിയില്ല. ഇവർ വിധവയുടെ നിർവ്വചനത്തിൽ വരുന്നില്ല. വിധവ അല്ലാത്തവർക്ക് വിധവാ പെൻഷൻ അനുവദിക്കുന്നത് അനധികൃതമായി കൈക്കലാക്കാനും തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കാനും ഇടവരുത്തും. അറുപത് വയസ്സുകഴിഞ്ഞ എല്ലാവർക്കും പെൻഷൻ കൊടുക്കുന്ന പദ്ധതിയുണ്ട്. വിധവയാണെങ്കിൽ കൊടുക്കും. നിയമപരമായി വിവാഹമോചനം നേടിയവർക്ക് വിധവാ പെൻഷൻ കൊടുക്കാൻ കഴിയില്ല. ഏഴുവർഷമായി ഭർത്താവ് സ്ഥലത്തില്ല; അബ്സ്കോണ്ടിംഗാണ്; അങ്ങനെയുള്ളവർക്ക് പെൻഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

അമ്പത് വയസ്സ് കഴിഞ്ഞാൽ അവർക്ക് പെൻഷൻ കിട്ടാനുള്ള എല്ലാ സാദ്ധ്യതയുമുണ്ട്, അത് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നു. എല്ലാവർക്കും ക്ഷേമപെൻഷൻ ഉറപ്പുവരുത്തുകയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യം. അനർഹരായ ആളുകൾ വിധവാ പെൻഷൻ വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, അതിന്റെകൂടി അടിസ്ഥാനത്തിലാണ് ഈ തീരുമാനം എടുത്തത്. അതുകൊണ്ട് അർഹരായ മുഴുവൻ വിധവകൾക്കും പെൻഷൻ കൊടുക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും. അനർഹരായവർക്ക് ഈ പെൻഷൻ ലഭിക്കുന്നത് തടയുകയും ചെയ്യും. അതിനുവേണ്ടിയാണ് ഈ ഉത്തരവ് ഇറക്കിയിരിക്കുന്നത്. അതുകൊണ്ട് ഇത് പുനഃപരിശോധിക്കേണ്ട ആവശ്യം ഇപ്പോഴില്ല.

## (6) ധനസഹായം

ശ്രീ. എം. നൗഷാദ്: സർ, മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസക്കാലത്ത് തൊഴിലിന് പോകാൻ കഴിയാത്ത കാലഘട്ടത്തിൽ അവർക്ക് ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിനുവേണ്ടി നല്കുന്ന സഹായമാണ് സമ്പാദ്യ സമാശ്വാസ പദ്ധതി. ഇത് 1992-ൽ തുടങ്ങിയതാണ്. ഈ പദ്ധതിയിലൂടെ ഗുണഭോക്തൃ വിഹിതമായി 1,500 രൂപയും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വിഹിതമായി 3,000 രൂപയും ചേർത്ത് 4,500 രൂപയാണ് അവർക്ക് നല്കുന്നത്. കടലോര മത്സ്യത്തൊഴിലാളികൾക്ക് മേയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലുമാണ് ഈ തുക വിതരണം ചെയ്യുന്നത്. അത് ഇപ്പോൾ കൃത്യമായി ലഭിക്കുന്നില്ലെന്ന പരാതിയാണുള്ളത്. ഈ കോവിഡ് കാലഘട്ടത്തിൽ നമുക്കറിയാം, പഞ്ഞമാസം മാത്രമല്ല അതിന് മുമ്പുതന്നെ തൊഴിലിന് പോകാൻ കഴിയുന്നില്ല. പ്രകൃതിക്ഷോഭംമൂലവും കടലിൽപ്പോകാൻ കഴിയാത്ത സാഹചര്യമുണ്ട്. ഈ സാഹചര്യത്തിൽ, സമ്പാദ്യ സമാശ്വാസ പദ്ധതിയിൽനിന്നുള്ള ആനുകൂല്യം അവർക്ക് വളരെയേറെ പ്രയോജനകരമാണ്. അത് കൃത്യമായി ലഭിക്കുന്നില്ലെന്നുള്ള പരാതിയാണുണ്ടായിട്ടുള്ളത്. കേരളത്തിൽ 179316 തൊഴിലാളികളാണ് ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. 2025-ൽ ഈ പദ്ധതി അവസാനിപ്പിക്കാനായി അഞ്ചുവർഷത്തേയ്ക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ഒരു ഉത്തരവുണ്ടായിട്ടുണ്ടെന്ന് പറയപ്പെടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 179316 മത്സ്യത്തൊഴിലാളികൾ ഇവിടെയുണ്ടെങ്കിലും അതിലുൾപ്പെടുത്താനായി അനുവദിച്ചിട്ടുള്ള ടാർജറ്റ്, 40000 ആണ്. മത്സ്യത്തൊഴിലാളികൾക്കൊന്നും ഇത് നൽകേണ്ട, അതിനെക്കുറിച്ച് ചിന്തിക്കേണ്ട എന്ന രീതിയിൽ തികച്ചും തൊഴിലാളിവിരുദ്ധ നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. അതുകൊണ്ട്

ഇത് കൃത്യമായി വിതരണം ചെയ്യുന്നതിനും തൊഴിലാളികളോടൊപ്പംനിന്ന് പ്രവർത്തിക്കുന്ന സർക്കാരെന്ന നിലയിൽ കേന്ദ്രസർക്കാരിന്റെ നിലപാടുകൾ തിരുത്തിക്കുന്നതിനുംവേണ്ടിയുള്ള ഇടപെടലുകൾ നടത്തുന്നതിനും പരിശ്രമിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എം. നൗഷാദ് ഉന്നയിച്ച ഈ സബ്മിഷൻ അതീവ ഗൗരവമായി നിയമസഭ മൊത്തത്തിൽ പരിശോധിച്ച് ശക്തമായ ഇടപെടൽ നടത്തേണ്ട വിഷയമാണ്. പഞ്ഞമാസക്കാലയളവിൽ തൊഴിൽ നഷ്ടമുണ്ടാകുന്നതുമൂലമുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി 1992 മുതൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സമ്പാദ്യ സമാശ്വാസ പദ്ധതി. മത്സ്യത്തൊഴിലാളികളിൽനിന്നും നിശ്ചിത തുക (1,500 രൂപ) ഓരോവർഷവും പദ്ധതിയിൽ അംഗമാകുന്നവരിൽനിന്നും ഗുണഭോക്തൃ വിഹിതമായി ശേഖരിച്ച് ബാങ്കുകളിൽ നിക്ഷേപിക്കുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യവിഹിതമായി 3,000 രൂപയും ചേർത്ത് 4,500 രൂപ മൂന്നുതവണകളായി കടലോര മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് മേയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലുമായി തിരികെ നല്കും. 2021-22 വർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 2020-21 വർഷം തുക സമാഹരിക്കുകയും 2021-22 വർഷം ധനസഹായം വിതരണം ചെയ്യുകയുമാണ് ചെയ്തുവരുന്നത്. മറൈൻ ഇൻലാൻഡ് മേഖലയിലാകെ, ഇവിടെ ശ്രീ. എം. നൗഷാദ് പറഞ്ഞതുപോലെ, 179376 ഗുണഭോക്താക്കളിൽ നിന്നായി 25,51,35,000 രൂപ വിഹിതമായി സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതിയിലുൾപ്പെട്ട മറൈൻ ഗുണഭോക്താക്കൾക്ക് പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം ഒന്നും രണ്ടും ഗഡു ധനസഹായം ഇതിനോടകം അനുവദിച്ചുകഴിഞ്ഞു. ഉൾനാടൻ ഗുണഭോക്താക്കൾക്ക് മാർഗ്ഗനിർദ്ദേശപ്രകാരം ഒന്നാംഗഡു വിതരണം ചെയ്തിട്ടുണ്ട്. മറൈൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ മാസം നൽകാനുള്ള കേന്ദ്ര വിഹിതമാണ് ഇനിയും നൽകാനുള്ളത്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ആഗസ്റ്റ്-സെപ്തംബർ മാസം നൽകാനുള്ള കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ അനുവദിക്കേണ്ടതുണ്ട്. ആഗസ്റ്റ് മാസത്തെ സംസ്ഥാന വിഹിതം ഉൾനാടൻ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പദ്ധതി പ്രകാരം മറൈൻ ഗുണഭോക്താക്കൾക്ക് ജൂലൈ മാസത്തിൽ നൽകേണ്ട മൂന്നാം ഗഡുവും ഇൻലാൻഡ് ഗുണഭോക്താക്കൾക്ക് സെപ്തംബർ മാസം നൽകേണ്ട മൂന്നാം ഗഡുവും വിതരണം ചെയ്യാൻ ആവശ്യമായ 25,51,35,000 രൂപയുടെ കേന്ദ്ര

സഹായം ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിലേയ്ക്ക് യഥാസമയം പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സഹായം ലഭ്യമായിട്ടില്ല. ഇത് ഗൗരവമായി ഇടപെടേണ്ട ഒരു പ്രശ്നമാണ്. കഴിഞ്ഞ രണ്ട് വർഷമായി കേന്ദ്ര സർക്കാർ സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് സാമ്പത്തിക സഹായം അനുവദിച്ചില്ലെങ്കിലും സംസ്ഥാന ഗവൺമെന്റ് 54.84 കോടി രൂപ അനുവദിച്ച് മത്സ്യത്തൊഴിലാളികളെ സഹായിക്കുന്ന സമീപനം സ്വീകരിച്ചിട്ടുണ്ട്. 98.26 കോടി രൂപയാണ് സമ്പാദ്യ സമാശ്വാസ പദ്ധതിപ്രകാരം കേരളത്തിന് കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കേണ്ട കുടിശ്ശിക തുക. ശ്രീ. എം. നൗഷാദ് പറഞ്ഞത് വളരെ ഗൗരവമായ വിഷയമാണ്. നീല വിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി 2020-21 മുതൽ പ്രധാന മന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിൽനിന്ന് 24-4-2021-ൽ വിവിധ സംസ്ഥാനങ്ങളിലെ ഫിഷറീസ് സെക്രട്ടറിമാർക്ക് ലഭ്യമാക്കിയ കത്തിൽ രാജ്യമൊട്ടാകെയുള്ള 18 മുതൽ 60 വയസ്സുവരെയുള്ള ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആറ് ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി അഞ്ച് വർഷത്തേയ്ക്ക് പദ്ധതി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. യഥാർത്ഥ ഗുണഭോക്താക്കളെ അതത് സംസ്ഥാനങ്ങൾ തെരഞ്ഞെടുക്കേണ്ടതാണെന്നും 2021-22-ൽ പദ്ധതി ആനുകൂല്യത്തിന് കേരളത്തിൽ ലഭ്യമാക്കിയിട്ടുള്ള ടാർജറ്റ് പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. കേന്ദ്രസർക്കാർ ലഭ്യമാക്കിയ ടാർജറ്റ് പ്രകാരം കേരളത്തിലെ 40000 മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. അതനുസരിച്ച് 40000 പേർക്ക് നിജപ്പെടുത്തി പ്രൊപ്പോസൽ ലഭ്യമാക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളി എ.പി.എൽ. ആണോ ബി.പി.എൽ. ആണോ എന്ന് നോക്കിയല്ല ഈ പദ്ധതി നടപ്പാക്കാൻ കഴിയുന്നത്. തീരദേശത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഗണിച്ചും എല്ലാ വിഭാഗം മത്സ്യത്തൊഴിലാളികളെയും പ്രത്യേകിച്ച് ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടമുണ്ടാകുമെന്ന വസ്തുത കണക്കിലെടുത്തും കടലോരം, ഉൾനാടൻ ഭേദമില്ലാതെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും മത്സ്യം വിൽക്കുന്ന വനിതകൾക്കും നിലവിൽ സംസ്ഥാനത്തെ പദ്ധതിയുടെ ആനുകൂല്യം നൽകുന്നുണ്ട്. അതിന്റെ കണക്കുപ്രകാരം ഏതാണ്ട് 179000-ത്തോളം മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ഈ പദ്ധതി 40000 ആയി വെട്ടിക്കുറയ്ക്കുമ്പോൾ വലിയ തോതിലുള്ള ക്രൈസിസ് കേരളത്തിന്റെ തീരമേഖലയിൽ വരാൻപോകുന്നു. ഇതിനെതിരായി ശക്തമായ നിലപാട് സ്വീകരിക്കേണ്ടതായിട്ടുണ്ട്. കേന്ദ്ര വിഹിതം 40,000 മത്സ്യ ത്തൊഴിലാളികൾക്കായി നിജപ്പെടുത്തിയുള്ള കേന്ദ്ര തീരുമാനം ഉചിതമല്ല. ഈ

ആനുകൂല്യം പദ്ധതിയിൽ അംഗമാകുന്ന എല്ലാ ഗുണഭോക്താക്കൾക്കും അനുവദിക്കണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ഇതിന് പ്രതിപക്ഷവും ഭരണപക്ഷവും യോജിച്ച് നിലപാട് സ്വീകരിക്കണം. ഈ വിഹിതം നൽകുന്നതിനുവേണ്ടിയുള്ള ശക്തമായ സ്വാധീനം കേന്ദ്ര സർക്കാരിന്റെമേൽ ചെലുത്തുന്നതിന് ബഹുമാനപ്പെട്ട എം.പി.-മാരുടെ ശ്രദ്ധയിൽ ഇക്കാര്യങ്ങൾ കൊണ്ടുവന്നിട്ടുണ്ടെന്നുള്ളതാണ് മറുപടിയായി പറയാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(7) ആലുവ ജില്ലാ ആശുപത്രി

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ നിയോജകമണ്ഡലത്തിലെ ആലുവ താലൂക്കാശുപത്രി 2018-ൽ ജില്ലാ ആശുപത്രിയായി ഉയർത്തിയെങ്കിലും നിലവിൽ ഇപ്പോഴും താലൂക്കാശുപത്രിയുടെ നിലവാരത്തിലുള്ള സ്റ്റാഫ് പാറ്റേണാണ് നിലനിൽക്കുന്നത്. ഈ ആശുപത്രിയിൽ ആവശ്യമായ ജീവനക്കാർക്കുള്ള അധിക തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടി 2018-നുശേഷം പലപ്പോഴായി നിയമസഭയുടേയും അതത് സമയത്തുള്ള ആരോഗ്യ വകുപ്പുമന്ത്രിമാരുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഇതുവരെ സ്റ്റാഫ് പാറ്റേൺ ഉയർത്താൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. പാവപ്പെട്ട സാധാരണക്കാരായ ആളുകൾ ആലുവ ജില്ലാ ആശുപത്രിയെ ആശ്രയിച്ചാണ് അവരുടെ ചികിത്സയും മറ്റ് കാര്യങ്ങളുമായി മുമ്പോട്ടുപോകുന്നത്. ജില്ലാ ആശുപത്രിയായി ഉയർത്തിയെങ്കിൽത്തന്നെയും ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ ഇല്ലാത്തതുകൊണ്ട് സ്വാഭാവികമായും ചികിത്സയ്ക്ക് അസൗകര്യമുള്ളതായി പലപ്പോഴും വലിയ പരാതി ഉയരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. കേരളത്തിൽത്തന്നെ മാതൃകയായി പ്രവർത്തിക്കുന്ന ഡയാലിസിസ് സെന്ററാണ് ഇവിടെയുള്ളത്. അവിടെ ടെക്നീഷ്യന്റെ രണ്ട് തസ്തികകൾ അനുവദിച്ചിട്ടുണ്ട്, നാളിതുവരെ നിയമനം നടത്തിയിട്ടില്ല. നഴ്സിംഗ് അസിസ്റ്റന്റ്-മൂന്ന്, ഹോസ്പിറ്റൽ അറ്റൻഡന്റ്-മൂന്ന്, പാർട്ട് ടൈം സ്വീപ്പർ-രണ്ട് എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. കേരളത്തിലെതന്നെ ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്ററാണ് ആലുവയിലുള്ളത്. അവിടെ താൽക്കാലിക ജീവനക്കാരെ നിയമിച്ചാണ് മുമ്പോട്ടുപോകുന്നത്. അവിടേയ്ക്ക് രണ്ട് സ്ഥിരം ജീവനക്കാരെ ആവശ്യമുണ്ട്. ദിവസേന പോസ്റ്റ്മോർട്ടങ്ങൾ നടക്കുന്ന ആശുപത്രിയാണ്. അവിടെ ഉണ്ടായിരുന്ന ഫോറൻസിക് സർജനെ എറണാകുളത്തേയ്ക്ക് മാറ്റിയതിനുശേഷം ആ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ഇവിടെ ഫോറൻസിക് സർജൻ ഉണ്ടാകേണ്ടത് ഏറ്റവും അനിവാര്യമാണ്. ജില്ലാ ആശുപത്രിയുടെ നിലവാരത്തിൽ ഉയരണമെങ്കിൽ അവിടെ ഏകദേശം 170-ഓളം പുതിയ തസ്തികകളാണ് വേണ്ടത്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടുകൊണ്ട് ജില്ലാ ആശുപത്രിയുടെ തസ്തികകൾ അനുവദിച്ചു തരണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

ഒരു കാര്യം അധീഷണലായി പറയട്ടെ. എന്റെ പിതാവ് കഴിഞ്ഞ തിങ്കളാഴ്ച രാവിലെ എട്ടേമുക്കാലിന് മരണപ്പെട്ടു. ഞാനിത് ഇവിടെ സൂചിപ്പിക്കാനുള്ള കാരണം അദ്ദേഹം മരണപ്പെടുന്നതിന് രണ്ട് ദിവസം മുമ്പാണ് കോവിഡ് സ്ഥിരീകരിച്ചത്. കോവിഡില്ലാതെ എന്റെ പിതാവിനെ ഒരു സ്വകാര്യ ആശുപത്രിയിലാണ് കൊണ്ടുപോയത്. അവിടെ രണ്ടുതവണ ടെസ്റ്റ് ചെയ്തപ്പോഴും നെഗറ്റീവായിരുന്നു. ഐ.സി.യു.-വിലേയ്ക്ക് മാറ്റിയതിനുശേഷം ശനിയാഴ്ചയാണ് കോവിഡ് പോസിറ്റീവാണെന്ന് പറഞ്ഞത്. ഒരുപക്ഷെ എന്റെ പിതാവ് മരണപ്പെട്ടത് പല രോഗങ്ങളും അദ്ദേഹത്തെ ബാധിച്ചതിനാലായിരിക്കും. പക്ഷേ കോവിഡ് രോഗി അല്ലാത്ത ഒരാൾ സ്വകാര്യ ആശുപത്രിയിൽ ചെന്നതിനുശേഷം കോവിഡ് പോസിറ്റീവായി മാറുന്നു. പലപ്പോഴും പല ആളുകളേയും വലിയ പ്രയാസത്തിലാക്കുന്ന കാര്യമാണിത്. ആ ഹോസ്പിറ്റലിലെ ട്രീറ്റ്മെന്റൊക്കെ നല്ലതാണ്. മന:പൂർവ്വം അവർ കോവിഡ് വരുത്തിയെന്ന് ആക്ഷേപിക്കുന്നില്ല. കേരളത്തിലെ പല ഹോസ്പിറ്റലുകളിലും അനാസ്ഥയുണ്ടാകുന്നതായി ആളുകൾ പരാതിപ്പെടാറുണ്ട്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇങ്ങനെയുള്ള അനാസ്ഥ ആവർത്തിക്കാൻ പാടില്ലെന്നുള്ള ഒരു ഡയറക്ഷൻ ഒരു സ്റ്റേറ്റ്മെന്റിലൂടെയോ, സർക്കുലറിലൂടെയോ നൽകണമെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാന്യനായ അംഗത്തിന്റെ പിതാവ് കുറച്ചുദിവസങ്ങൾക്ക് മുമ്പാണ് അന്തരിച്ചത്. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുകയാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം ഗൗരവമായെടുത്ത് പരിശോധിക്കുന്നതാണ്, അതിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. ഇവിടെ ഉന്നയിച്ച വിഷയം ആലുവ ജില്ലാ ആശുപത്രിയുമായി ബന്ധപ്പെട്ടാണ്. 2011-ലാണ് എറണാകുളം ജില്ലയിലെ ആലുവ താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയത്. 217 അംഗീകൃത കിടക്കകളാണ് ഈ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ളത്. കോവിഡിനുമുമ്പുള്ള ശരാശരി പ്രതിദിന ഒ.പി. 1500-ഉം ഐ.പി. 130-ഉം ആയിരുന്നു. നേരത്തെ അവിടെ ശരാശരി 120 പ്രസവങ്ങൾ പ്രതിമാസം നടക്കാറുണ്ടായിരുന്നു. കോവിഡ് കാലത്തുള്ള പ്രതിദിന ഒ.പി. അഞ്ഞൂറിനും അറുന്നൂറിനും ഇടയിലും ഐ. പി. നൂറ്റി ഇരുപതുമാണ്. ജില്ലയിലെ പ്രധാന കോവിഡ് ആശുപത്രികൂടിയായി ഇപ്പോൾ ഇത് പ്രവർത്തിക്കുന്നുണ്ട്. ഒപ്പം നോൺ കോവിഡ് ചികിത്സയുമുണ്ട്. കോവിഡ് ചികിത്സയ്ക്കുമാത്രമായി 100 ഓക്സിജൻ കിടക്കകളുടെ സൗകര്യമൊരുക്കിയിട്ടുണ്ട്. 5

ഐ.സി.യു.-കളിലായി 48 ബെഡ്ഡുകളും ഓക്സിജൻ സപ്പോർട്ടുള്ള 52 കിടക്കകളുമാണുള്ളത്. അതുകൂടാതെ ഐ.സി.യു. വെന്റിലേറ്റർ ഉൾപ്പെടെ 58 വെന്റിലേറ്ററുകൾ 23 ഇൻവേസിവ് വെന്റിലേറ്റർ, 33 നോൺ ഇൻവേസിവ് വെന്റിലേറ്റർ എന്നിവയുണ്ട്. കോവിഡ് രോഗികൾക്കായി രണ്ട് ഡയാലിസിസ് മെഷീനുകളുണ്ട്. കോവിഡ് ആശുപത്രിയിലേയ്ക്ക് മാത്രമായി 350-ഓളം താല്ക്കാലിക ജീവനക്കാരെ കോവിഡ് ബ്രിഗേഡിൽനിന്നും നിയമിച്ചിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായി 27 ഡോക്ടർമാർ, 10 ഹെഡ് നഴ്സ്, 37 സ്റ്റാഫ് നഴ്സ്, 23 നഴ്സിംഗ് അസിസ്റ്റന്റ്, 23 ഹോസ്പിറ്റൽ അറ്റൻഡന്റ്, 6 ലാബ് ടെക്നീഷ്യൻ എന്നിവരുൾപ്പെടെ ആകെ 168 സ്ഥിരം ജീവനക്കാരാണ് ഈ ആശുപത്രിയിലുള്ളത്. ഇതുകൂടാതെ എൻ.എച്ച്.എം. മുഖേന 8 മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ 26 താല്ക്കാലിക ജീവനക്കാരുമുണ്ട്. എച്ച്.എം.സി. നിയമിച്ച 65 താല്ക്കാലിക ജീവനക്കാർ വേറെയുമുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി - 1 തസ്തികയും ലാബ് ടെക്നീഷ്യൻ - 2 തസ്തികയും ഡയാലിസിസ് ടെക്നീഷ്യൻ - 2 തസ്തികയും സൃഷ്ടിച്ചിരുന്നു. ആലുവ ജില്ലാശുപത്രിയിൽ ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഇ.എൻ.ടി., ഒഫ്താൽമോളജി, അനസ്തേഷ്യ, സൈക്യാട്രി, ഡെർമറ്റോളജി, റേഡിയോളജി തുടങ്ങി വിവിധ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. മറ്റ് സേവനങ്ങൾ സംബന്ധിച്ച് ഞാനിവിടെ വിശദീകരിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സർക്കാർ മേഖലയിലുള്ള ഏക എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷനുള്ള ബ്ലഡ് ബാങ്കാണ് ആലുവ ജില്ലാ ആശുപത്രിയിലുള്ളത്. മാത്രമല്ല ഹീമോഫീലിയ രോഗികൾക്കായുള്ള ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്റർ ആലുവ ജില്ലാ ആശുപത്രിയിലാണ് പ്രവർത്തിക്കുന്നത്. ഇത് സംസ്ഥാനത്തെ ആദ്യത്തേതും മാതൃകാ സ്ഥാപനമാണ്. ഇവിടെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 5 കോടി രൂപ ഉപയോഗിച്ച് പുതിയ ഒ. പി. ബ്ലോക്കും അതുപോലെ എൻ.എച്ച്.എം.-ൽനിന്ന് ലഭ്യമായ 37 ലക്ഷം രൂപ ഉപയോഗിച്ച് ഐസൊലേഷൻ വാർഡ് പുതുക്കിപ്പണിയുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ 'ലക്ഷ്യ' നിലവാരത്തിൽ ലേബർ റൂം ട്രാൻസ്ഫർമേഷൻ, എമർജൻസി ഓപ്പറേഷൻ തിയേറ്റർ ശക്തിപ്പെടുത്തൽ എന്നിവയ്ക്കായി തയ്യാറാക്കിയ ഏതാണ്ട് 2 കോടി രൂപയ്ക്കുള്ള (1.98 കോടി രൂപ) പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ എത്രയുംവേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രധാനപ്പെട്ട വിഷയം

സംബന്ധിച്ച്, ആരോഗ്യസ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനപ്പുറം ഓരോ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നയമാണ് ആർദ്രം മിഷനിലൂടെ ആരോഗ്യ വകുപ്പ് തുടർന്നുവരുന്നത്. ഈ ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കാൻ കഴിയുമോ എന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്. പ്രധാനപ്പെട്ട കാര്യം, അനുവദിച്ച തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ, പ്രത്യേകം പരിശോധിച്ച് നിയമനം നടത്തുന്നതാണ്

## (8) റോഡ് നിർമ്മാണം

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2018 ജൂലൈ മാസം 12-ാം തീയതി അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ നിർമ്മാണോദ്ഘാടനം നടത്തിയ കുണ്ടറ-മുളവന-ചിറ്റുമല-മൺറോതുരുത്ത് റോഡിന്റെ നിർമ്മാണ പ്രവൃത്തി മൂന്ന് കരാറുകാരാണ് ഏറ്റെടുത്തിരുന്നത്. അതിൽ രണ്ട് കരാറുകാർ പിന്മാറി. ഇപ്പോൾ ഒരു കരാറുകാരനായി മാറി. അവിടെ കുറേയധികം പ്രവൃത്തികൾ നടന്നു. ഇനി കൂടുതൽ ഭാഗത്തിന്റെ വർക്ക് നടക്കേണ്ടതായിട്ടുണ്ട്. കിഴക്കേ കല്ലട – മൺറോതുരുത്ത് - കുണ്ടറ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഈ പ്രധാനപ്പെട്ട റോഡിന്റെ നിർമ്മാണം നാളിതുവരെ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ അവിടത്തെ ജനങ്ങളെല്ലാം ഈ വിഷയം ഉന്നയിക്കുകയുണ്ടായി. കിഴക്കേ കല്ലട, മൺറോതുരുത്ത് പഞ്ചായത്തുകളിലെ കുറച്ച് വോട്ട് അങ്ങനെ നഷ്ടപ്പെട്ടു. ഈ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മൂന്നുതവണ ഞാൻതന്നെ മുൻകയ്യെടുത്ത് റിവ്യൂ മീറ്റിംഗ് നടത്തി. അപ്പോഴെല്ലാം ഈ കരാറുകാരൻ നാളെ തുടങ്ങുമെന്ന് പറയുന്നതല്ലാതെ നാളിതുവരെ തുടങ്ങിയില്ല. എം.എൽ.എ. വിളിച്ചാൽ കരാറുകാരൻ ഫോൺ എടുക്കില്ല, കൊല്ലം റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ വിളിച്ചാലും അദ്ദേഹം ഫോൺ എടുക്കില്ല. ഇങ്ങനെയൊരു കരാറുകാരൻ എന്റെ മണ്ഡലത്തിൽവന്ന് വർക്ക് എടുത്തു. ആക്ഷേപങ്ങളല്ലാതെ മറ്റൊന്നുമില്ല. എം.എൽ.എ.-മാർ മന്ത്രിമാരുടെ അടുത്തുപോയി അംഗീകാരം വാങ്ങിക്കൊണ്ടുവരുന്ന വർക്കുകളാണ്. ഇത് ഈ കരാറുകാരനറിയാമോ? ഞങ്ങളെന്ത് പ്രയാസപ്പെട്ട് കൊണ്ടുവരുന്ന വർക്കുകളാണ്.

കാശില്ലെങ്കിൽ വർക്കെടുക്കാൻ വരരുത്. ഇങ്ങനെ കുറച്ച് കരാറുകാരുണ്ട്. കാശില്ലാതെ വർക്കെടുക്കും, പകുതിയാക്കി പോകും. അവിടെ റോഡ് വീതി കൂട്ടണം. എം.എൽ.എ.-യും അന്നത്തെ പഞ്ചായത്ത് പ്രസിഡന്റും അവിടത്തെ രാഷ്ട്രീയ പാർട്ടി നേതാക്കന്മാരടക്കം രണ്ടര കിലോമീറ്ററോളം ദൂരംവരുന്ന ഇരുവശത്തുമുള്ള വീടുകളിൽ എം.എൽ.എ. തന്നെ നേരിട്ടുപോയി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ റോഡ് വീതികൂട്ടുന്നതിന് വസ്തു നൽകാമെന്ന് അവർ പറഞ്ഞു. കരാറുകാരൻ നിസ്സംഗത കാണിക്കുന്നതുകൊണ്ട് ഈ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് കുണ്ടറ-മുളവന-ചിറ്റുമല-മൺറോതുരുത്ത് റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് നിലവിലുള്ള കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് പുതിയ കരാറുകാരനെ വച്ച് കാലതാമസം കൂടാതെ വർക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞ അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. എന്റെ മണ്ഡലത്തിൽനിന്നാണ് ഈ റോഡ് ആരംഭിക്കുന്നത്. അടിയന്തരമായി വർക്ക് ആരംഭിക്കുന്നതിന് നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വളരെ ഗൗരവമുള്ള വിഷയമാണ് ശ്രീ. കോവൂർ കുഞ്ഞുമോൻ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. 2016-17-ൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ റോഡ് പ്രവൃത്തിക്ക് ഭരണാനുമതി നൽകി. 23.94 കോടി രൂപയ്ക്ക് ഒറ്റ കരാറായി തോപ്പിൽ കൺസ്ട്രക്ഷൻ ഏജൻസിക്ക് പ്രവൃത്തിയുടെ കരാർ നൽകി. ഈ പ്രവൃത്തി 2019-ൽ അവസാനിക്കേണ്ടതായിരുന്നു. ഞാൻ അതിന്റെ ജി.ഒ. പരിശോധിച്ചു. ഈ ബഡ്ജറ്റിൽ 76 റോഡുകൾക്ക് 1,271 കോടി രൂപയുള്ള ഭരണാനുമതി കൊടുത്തിരുന്നു, അത് പൂർത്തീകരിച്ചു. പക്ഷേ, ഇവിടെ സൂചിപ്പിച്ച റോഡിന്റെ വിഷയം നിലനിൽക്കുന്നുണ്ട്. 35 ശതമാനം പ്രവൃത്തി മാത്രമാണ് അവിടെ പൂർത്തീകരിച്ചിട്ടുള്ളത്. ഫീൽഡ് ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കരാർ കാലാവധി സാധാരണ പിഴ ഈടാക്കി ദീർഘിപ്പിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പുവയ്ക്കാൻപോലും ടി കരാറുകാരൻ അലംഭാവം കാണിച്ചു. ഇതൊരിക്കലും അംഗീകരിക്കാൻ കഴിയാത്തതാണ്. കരാറുകാരനെ നിയമപരമായി ഒഴിവാക്കി പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(9) കണ്ണൂർ - മൈസൂർ റോഡ്

ശ്രീ. എ. എൻ. ഷംസീർ: സർ, വളരെയധികം പ്രാധാന്യമുൾക്കൊള്ളുന്ന ഒരു പ്രാചീന നഗരം (ഹെറിറ്റേജ് ടൗൺ) ആണ് തലശ്ശേരി. തലശ്ശേരിയേയും കർണ്ണാടകയുടെ ഭാഗമായ കൂർഗിനെയും ബന്ധിപ്പിക്കുന്ന റോഡാണ് തലശ്ശേരി - കൂർഗ് റോഡ്. ഈ റോഡ് ദേശീയപാതയാക്കി ഉയർത്തണമെന്നത് നിരവധി വർഷത്തെ ആവശ്യമാണ്. 1978-ൽ കേന്ദ്രഗവൺമെന്റ് തലശ്ശേരി-ചിത്രദുർഗ്ഗ റോഡ് നാഷണൽ ഹൈവേയായി പ്രഖ്യാപിച്ചെങ്കിലും പിന്നീടത് നടന്നില്ല. തലശ്ശേരി നഗരത്തിന്റെ പ്രാധാന്യം വർദ്ധിക്കുന്നു. കാരണം, 200 വർഷം പിന്നിട്ട ജില്ലാ കോടതി തലശ്ശേരിയിലാണ്. മലയാള ഭാഷയ്ക്ക് നിഘണ്ടു സമ്മാനിച്ച ഹെർമൻ ഗുണ്ടർട്ടിന്റെ സ്റ്റോറി ടെല്ലിംഗ് മ്യൂസിയത്തിന്റെ നിർമ്മാണം തലശ്ശേരിയിൽ അവസാനഘട്ടത്തിലാണ്. അത്യാധുനിക ചികിത്സാ കേന്ദ്രമായ മലബാർ ക്യാൻസർ സെന്റർ തലശ്ശേരിയിലാണ്. അത് ഇന്ത്യയിലെ അറിയപ്പെടുന്ന ക്യാൻസർ ചികിത്സാ കേന്ദ്രമാണ്. പിൽഗ്രിം ടൂറിസത്തിന്റെ ഭാഗമായ ഓടത്തിൽ പള്ളി, സെന്റ് ആംഗ്ലിക്കൻ ചർച്ച്, ശ്രീരാമസ്വാമി ടെമ്പിൾ, ജഗന്നാഥ ടെമ്പിൾ ഇവയെല്ലാം ഉൾക്കൊള്ളുന്ന ടൂറിസ്റ്റ് ഡെസ്റ്റിനേഷനാണ് തലശ്ശേരി. ഈ തലശ്ശേരി അതിവേഗത്തിൽ വളർന്ന് മുന്നേറുമ്പോൾ തലശ്ശേരി - കൂർഗ് റോഡ് ദേശീയപാതയാക്കി ഉയർത്തണമെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ.)-ന്റെ തലശ്ശേരി യൂണിറ്റ് ഉൾപ്പെടെ നിരവധി സംഘടനകൾ ആവശ്യപ്പെട്ടിരുന്നു. സമീപകാലത്താണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഇടപെട്ട് കണ്ണൂർ - മൈസൂർ റോഡ് ദേശീയപാതയാക്കി ഉയർത്തിയത്. കണ്ണൂർ-മൈസൂർ റോഡ് ദേശീയപാതയാക്കി ഉയർത്തിയപ്പോൾ തലശ്ശേരി-കൂർഗ് റോഡ് ദേശീയപാതയാക്കാൻ സാധിച്ചില്ല. മൈസൂരിൽനിന്നും തമിഴ്നാടിന്റെ ഭാഗമായ ഗൂഡല്ലൂരിൽനിന്നുമുൾപ്പെടെ നിരവധി ആളുകൾ മലബാർ ക്യാൻസർ സെന്ററിൽ ചികിത്സയ്ക്കായി വരുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ തലശ്ശേരി - കൂർഗ് റോഡുകൂടി ദേശീയപാതയാക്കി മാറ്റണം. തലശ്ശേരിയിൽനിന്നും മട്ടന്നൂരിലേയ്ക്ക് കേവലം 20 കിലോമീറ്റർ മാത്രമാണ് ദൂരം. ആ ഒരു ഭാഗംകൂടി കണ്ണൂർ - മൈസൂർ റോഡിൽ ഉൾപ്പെടുത്തിയാൽ തലശ്ശേരി - കൂർഗ് റോഡിനെയും ദേശീയപാതയാക്കി ഉയർത്താൻ സാധിക്കും. അത് തലശ്ശേരിക്കാരുടെ ചിരകാല സ്വപ്നമാണ്. അത് യാഥാർത്ഥ്യമാക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ ബഹുമാനപ്പെട്ട മന്ത്രി ശക്തമായി ഇടപെടണം. തലശ്ശേരി - കൂർഗ് റോഡുകൂടി, നിലവിൽ പ്രഖ്യാപിക്കപ്പെട്ട കണ്ണൂർ - മൈസൂർ ദേശീയപാതയുടെ ഭാഗമാക്കി ഉയർത്താൻ, തലശ്ശേരി - മട്ടന്നൂർ റീച്ചുകൂടി ഉൾപ്പെടുത്തിയാൽ അത് യാഥാർത്ഥ്യമാകും. അതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ശക്തമായ ഇടപെടലുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ അഭിപ്രായത്തോട് ഞങ്ങളും യോജിക്കുകയാണ്. ഇത് മട്ടന്നൂർ, പേരാവൂർ എം.എൽ.എ.-മാരുടെയുംകൂടി ആവശ്യമാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. എ. എൻ. ഷംസീർ ഉന്നയിച്ച പ്രശ്നം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട വിഷയമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിഥിൻ ഗഡ്ഗരിയുമായി നടത്തിയ ചർച്ചയിലാണ് കണ്ണൂർ-മൈസൂർ റോഡ് ദേശീയപാതയായി അംഗീകരിക്കണമെന്ന ആവശ്യം കേന്ദ്രം അംഗീകരിച്ചത്. ഇതിന്റെ വിശദാംശങ്ങൾ കേന്ദ്രത്തിൽനിന്ന് ലഭ്യമായി വരുന്നതേയുള്ളൂ. തലശ്ശേരി-കൂർഗ് പാതയിൽ തലശ്ശേരി മുതൽ വളവുപാറവരെ (കേരള ബൗണ്ടറിയിൽ) കെ.എസ്.ടി.പി. പദ്ധതിയിലുൾപ്പെടുത്തി റോഡ് വീതികൂട്ടി നവീകരണം പൂർത്തിയാക്കി വരികയാണ്. എന്നിരുന്നാലും മൈസൂരിൽനിന്നും ചൊവ്വ വഴി കണ്ണൂരിലേയ്ക്ക് ദേശീയപാത വരുന്നപക്ഷം, അതിന്റെ അനുബന്ധ ഭാഗമായി മട്ടന്നൂർ മുതൽ തലശ്ശേരി വരെ ദേശീയപാതയിൽ ഉൾപ്പെടുത്തണമെന്ന ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ശ്രദ്ധയിൽപ്പെടുത്താനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്. 1978-ൽ സെൻട്രൽ ഗവൺമെന്റ് ഈ പാത തലശ്ശേരി -ചിത്രദുർഗ്ഗ നാഷണൽ ഹൈവേയായി പ്രഖ്യാപിച്ചിരുന്നെങ്കിലും എന്തുകൊണ്ടോ അത് നടപ്പായിട്ടില്ലെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇക്കാര്യം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

12 noon]

(10) പാലം നിർമ്മാണം

ശ്രീമതി ഒ. എസ്. അംബിക: സർ, ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ തീരദേശഗ്രാമമാണ് വക്കം. മൂന്ന് ഭാഗങ്ങളും വെള്ളത്താൽ ചുറ്റപ്പെട്ട വക്കത്തെ നിർദ്ദിഷ്ട തീരദേശ ഹൈവേ കടന്നുപോകുന്ന കായിക്കരയുമായി ബന്ധിപ്പിക്കുന്ന പാലമാണ് വക്കം-കായിക്കര കടവ് പാലം. മഹാകവി കുമാരനാശാന്റെ ജന്മ ഗ്രാമമാണ് കായിക്കര. ഐ.എൻ.എ. വക്കം അബ്ദുൽ ഖാദറും സാമൂഹിക പരിഷ്കർത്താവായ വക്കം മുഹമ്മദ് അബ്ദുൽഖാദർ മൗലവിയും ജനിച്ച ഗ്രാമമാണ് വക്കം. ഇത്തരത്തിലും ഈ ഗ്രാമത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. അതിനാൽ കൾച്ചറൽ സർക്യൂട്ടായി പരിഗണിക്കാവുന്ന സ്ഥലമാണ്. പാലം നിർമ്മാണത്തിനായി കിഫ്ബി ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടുണ്ട്. ഇതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുത്ത് പൊന്നുംവില നടപടി പുരോഗമിക്കുന്നു. പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കി പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം ഉടൻ ആരംഭിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ വക്കം-കായിക്കര കടവ് പാലം പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിന് 10-07-2017-ൽ 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. ഈ കാലഘട്ടത്തെ സർക്കാർ ഉത്തരവ് പ്രകാരം 67 പാലങ്ങളും ഫ്ലൈഓവറും നിർമ്മിക്കുന്നതിനുവേണ്ടി 2,345 കോടി രൂപ അനുവദിച്ചിരുന്നു. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. ഭൂമി ഏറ്റെടുക്കുന്നതിന് 5.5 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. കിഫ്ബിയിൽനിന്നും 18-04-2020-ൽ കണ്ടിൻജെൻസി ചാർജ്ജ് ഇനത്തിൽ 10,32,286 രൂപ നൽകുകയും തിരുവനന്തപുരം ജനറൽ സിവിൽ സ്റ്റേഷൻ സ്പെഷ്യൽ തഹസീൽദാർ (എൽ.എ.)-യ്ക്ക് ഈ തുക കൈമാറുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 20-2-2021-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. അതിന്റെ രൂപരേഖ തഹസീൽദാർ (എൽ.എ.)-യ്ക്ക് മാർച്ച് മാസത്തിൽ കൈമാറിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതാണ്. കിഫ്ബിയിൽനിന്നും പദ്ധതിക്കാവശ്യമായ സാമ്പത്തികാനുമതിക്കുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## VI ക്രമപ്രശ്നം

### സമിതി റിപ്പോർട്ടുകൾ സഭയിൽ ചർച്ചചെയ്യുന്നത് സംബന്ധിച്ച്

ഡോ. എം. കെ. മുനീർ: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 205 (ബി) സംബന്ധിച്ചുള്ള ഒരു വിഷയമാണ് അങ്ങയുടെ ശ്രദ്ധയിൽ ക്രമപ്രശ്നമായി ഉന്നയിക്കുന്നത്.

" 205 (ബി) റിപ്പോർട്ടിലെ വിഷയത്തിന്മേലുള്ള ചർച്ച. -

(1) സ്പീക്കർക്ക് ഒരു കമ്മിറ്റിയുടെ റിപ്പോർട്ടിലെ വിഷയമായിരുന്ന വേണ്ടത്ര പൊതുപ്രാധാന്യമുള്ള ഒരു സംഗതിയിന്മേൽ ചർച്ച നടത്തുന്നതിന് ആഴ്ചയിൽ ഒരു ദിവസത്തിൽ ഒരു മണിക്കൂർ നീക്കിവയ്ക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ഒരു സംഗതിയിന്മേൽ ചർച്ച വേണമെന്നാഗ്രഹിക്കുന്ന ഒരു അംഗം, ആ സംഗതി ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന ദിവസത്തിന് മൂന്ന് പൂർണ്ണ ദിവസങ്ങൾക്കുമുൻപായി സെക്രട്ടറിക്ക് രേഖാമൂലമായ നോട്ടീസ് നൽകേണ്ടതാണ്.

(3) സ്പീക്കർ ആ സംഗതി ചർച്ചയ്ക്ക് വയ്ക്കുവാൻ വേണ്ടത്ര പൊതുപ്രാധാന്യ മുള്ളതാണോ എന്ന് തീരുമാനിക്കേണ്ടതാണ്."

നിയമസഭയുടെ മുന്നിൽ ധാരാളം കമ്മിറ്റി റിപ്പോർട്ടുകൾ വന്നുപോകുകയാണ്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ടുകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഇവിടെ വിശദമായി വിശദീകരിക്കേണ്ടതുണ്ട്. അല്ലെങ്കിൽ പൊതുപ്രാധാന്യമുള്ള വിഷയങ്ങൾ ബഹുമാനപ്പെട്ട സ്പീക്കർക്ക് അനുമതി നൽകി ഒരു മണിക്കൂർ ചർച്ച ചെയ്യാവുന്നതാണ്. ഉദാഹരണമായി സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി 2021 ജനുവരി 18-ാം തീയതി പത്തൊമ്പതാമത് റിപ്പോർട്ടും 20-ാം തീയതി ഇരുപതാമത് റിപ്പോർട്ടും സഭയിൽ സമർപ്പിച്ചത് വായിച്ചുനോക്കിയപ്പോൾ വളരെ പ്രാധാന്യമുള്ള ഒരു വിഷയമായിതോന്നി. പ്രത്യേകിച്ച് ട്രാൻസ്ജെൻഡർ വിഭാഗത്തെ സംബന്ധിച്ച വിഷയങ്ങളുടെ ആഴത്തിലുള്ള പഠനമാണ് അതിലുള്ളത്. നിയമസഭാ കമ്മിറ്റികൾ നിയമസഭയുടെ പ്രതിരൂപമാണ്. ധാരാളം യാത്രകൾ ചെയ്തും പലരെയും തെളിവെടുപ്പിനായി വിളിപ്പിച്ചും സ്ഥല സന്ദർശനം നടത്തിയും വളരെയധികം ബുദ്ധിമുട്ടി തയ്യാറാക്കുന്ന ഒരു റിപ്പോർട്ട് വെറുതെ ഇവിടെവച്ച്, യാതൊരു ചർച്ചയുമില്ലാതെ ആരും കാണാത്ത ഒരു കടലാസ്സായി മാറുന്നത് അതിദയനീയമാണ്. പതിമൂന്നാം കേരള നിയമസഭയിലും പതിനാലാം കേരള നിയമസഭയിലുമായി രണ്ട് കമ്മിറ്റി റിപ്പോർട്ടുകൾ മാത്രമാണ് 10 വർഷംകൊണ്ട് ഇവിടെ ചർച്ച ചെയ്തിട്ടുള്ളത്. ഒന്ന്, ശ്രീ. റ്റി. എൻ. പ്രതാപനും മറ്റൊന്ന് ശ്രീ. കെ. സി. ജോസഫ് അവർകളും കൊണ്ടുവന്ന എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടേയും മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ സംബന്ധിച്ച കമ്മിറ്റിയുടേയും റിപ്പോർട്ടുകൾ സംബന്ധിച്ച ചർച്ചയാണ് നടന്നത്. പരിസ്ഥിതി സംബന്ധിച്ച് നല്ലൊരു റിപ്പോർട്ട് നമ്മുടെ കയ്യിലുണ്ട്. മുതിർന്ന പൗരന്മാരെ സംബന്ധിക്കുന്ന കമ്മിറ്റി റിപ്പോർട്ടുണ്ട്. ബഹുമാന്യനായ അങ്ങ് ഈ കീഴ്വഴക്കം തുടങ്ങുമോയെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അങ്ങയുടെ കാലഘട്ടത്തിൽ കുറച്ച് നല്ല റിപ്പോർട്ടുകൾ ഇവിടെ ചർച്ച ചെയ്യപ്പെടട്ടെ. അങ്ങയുടെ പദവിയുടെ അധികാരം ഉപയോഗിച്ചുകൊണ്ട് അനുകൂലമായ റൂളിംഗ് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ബഹുമാനപ്പെട്ട അംഗം ഡോ. എം.കെ. മുനീർ പറഞ്ഞ വിഷയത്തിനോട് കൂട്ടിച്ചേർത്താണ് പറയാനുള്ളത്. വളരെ ഫലപ്രദമായി സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടുന്ന ഒട്ടേറെ നിയമസഭാ സമിതികളുണ്ട്. റിപ്പോർട്ടുകൾ തയ്യാറാക്കാൻവേണ്ടി ഉദ്യോഗസ്ഥർ എടുക്കുന്ന പ്രയത്നവും വളരെ വലുതാണ്. അദ്ദേഹം സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഞാൻ പ്രസ്തുത കമ്മിറ്റിയിലെ അംഗമായിരുന്നു. ഇപ്പോൾ ചെയർപേഴ്സണായി പ്രവർത്തിക്കുന്നുണ്ട്. ട്രാൻസ്ജെൻഡേഴ്സിന്റെ പ്രശ്നങ്ങൾ കേൾക്കുകയും നിരവധി തെളിവെടുപ്പുകൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വളരെ വിശദമായ റിപ്പോർട്ടാണ് സമിതി സഭയുടെ മുന്നിൽ സമർപ്പിച്ചിട്ടുള്ളത്. സൂചിപ്പിച്ച വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട്

ബഹുമാനപ്പെട്ട സഭാംഗം ഉന്നയിച്ച വിഷയത്തെ എല്ലാ അർത്ഥത്തിലും പിന്തുണയ്ക്കുകയാണ്. ഇത്തരം റിപ്പോർട്ടുകൾ ആഴ്ചയിൽ ഒരു മണിക്കൂർ ചർച്ച ചെയ്യുന്നതിനുള്ള അവസരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട അംഗങ്ങളായ ഡോ. എം.കെ. മുനീർ, ശ്രീമതി യു. പ്രതിഭ എന്നിവർ ചൂണ്ടിക്കാണിച്ചത് പ്രധാനപ്പെട്ട കാര്യമാണ്. നിയമസഭാ ചട്ടത്തിലെ 205 (ബി) പ്രകാരം നിയമസഭാ സമിതികൾ തയ്യാറാക്കുന്ന റിപ്പോർട്ടുകളിൽ ഏറ്റവും പ്രധാനപ്പെട്ട റിപ്പോർട്ടുകളെങ്കിലും സഭയിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്നാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. വളരെ പ്രധാനപ്പെട്ട കാര്യമാണിത്. ഓരോ നിയമസഭാ സമിതിയും നിരവധി സമയമെടുത്ത് ചർച്ചചെയ്തും പഠനം നടത്തിയുമാണ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നത്. അത്തരം റിപ്പോർട്ടുകളിലെ പ്രധാനപ്പെട്ട കാര്യങ്ങൾപോലും നിയമസഭയിൽ ചർച്ച ചെയ്യപ്പെടുന്നില്ലെന്നുള്ളത് ഒട്ടേറെ കാലമായുള്ള പരാതിയാണ്. തീർച്ചയായിട്ടും അതിന് പരിഹാരമുണ്ടാക്കാൻ കഴിയേണ്ടതാണ്. ചട്ടം 205(ബി) പ്രകാരമുള്ള ചർച്ചയ്ക്ക് പലപ്പോഴും സമയപരിമിതിയാണ് തടസ്സമാകുന്നത്. പതിനഞ്ചാം കേരള നിയമസഭയുടെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന രണ്ടാം സമ്മേളനം ആഗസ്റ്റ് മാസം പതിനെട്ടുവരെ കൂടാൻ തീരുമാനിച്ചിരുന്നതാണ്. എന്നാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ സമയം വെട്ടിച്ചുരുക്കേണ്ടിവന്നു. അങ്ങനെയാണ് പല സന്ദർഭങ്ങളിലും സംഭവിക്കുന്നത്. അങ്ങനെ വരുമ്പോൾ ഇവിടെ പരാമർശിക്കപ്പെട്ട, ഒരു മണിക്കൂർ ചർച്ച എന്നത് നടത്താൻ കഴിയാതെ വരികയാണ്. ആ ചർച്ച നടത്തുന്നതുമൂലം നിയമസഭയ്ക്കും നിശ്ചിത വകുപ്പുകൾക്കും പ്രസക്തിയുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നിയമസഭാ സമിതികൾ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യണമെന്നുതന്നെയാണ് സർക്കാരിന്റെ അഭിപ്രായം. മുഴുവൻ റിപ്പോർട്ടുകളും ചർച്ചചെയ്യാൻ കഴിയുമോയെന്ന കാര്യം സംശയമാണ്. ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ചകൾ നടത്തുന്നതിന് സർക്കാർ അനുകൂല നിലപാടാണ് സ്വീകരിക്കുന്നത്. തയ്യാറാക്കുന്ന റിപ്പോർട്ടുകളൊന്നും വെളിച്ചം കാണുന്നില്ലെന്ന ധാരണ പൂർണ്ണമായും ശരിയല്ലെന്നാണ് പറയാനുള്ളത്. വിവിധ റിപ്പോർട്ടുകൾ ഓരോ വകുപ്പും പരിശോധിക്കുന്നുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉയർന്നുവരുന്ന കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഓരോ വകുപ്പും ശ്രമിക്കുന്നുമുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ നിയമസഭയിൽകൂടി ചർച്ച ചെയ്യുകയാണെങ്കിൽ കൂടുതൽ ഗുണകരമായി മാറുമെന്നുതന്നെയാണ് സർക്കാരിന്റെ അഭിപ്രായം.

**റൂളിംഗ്**

മി. സ്പീക്കർ : ഓർഡർ... ഓർഡർ....

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 205 (ബി) പ്രകാരം സഭാ സമിതികളുടെ റിപ്പോർട്ടിൽ വിഷയമായിരുന്ന പൊതുപ്രാധാന്യമുള്ള സംഗതിയിന്മേൽ ചർച്ച ചെയ്യുന്നതിന് ആഴ്ചയിൽ ഒരു ദിവസം ഒരു മണിക്കൂർ നീക്കിവയ്ക്കാവുന്നതാണ്. എന്നാൽ ഈ അവസരം വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിഞ്ഞ കാലങ്ങളിൽ നമുക്ക് കഴിയാതിരുന്നത് സംബന്ധിച്ചാണ് ഡോ. എം. കെ. മുനീർ ക്രമപ്രശ്നത്തിലൂടെ ഇവിടെ ഉന്നയിച്ചത്. ഇക്കാര്യത്തിനായി നോട്ടീസ് നൽകിയിരുന്ന ബഹുമാനപ്പെട്ട അംഗം ശ്രീമതി യു. പ്രതിഭയും വിഷയത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ഇവിടെ വിശദീകരിക്കുകയുണ്ടായി. ഇത്തരം ചർച്ചകൾ സഭയിൽ നടക്കേണ്ടത് സംബന്ധിച്ച സർക്കാർ നിലപാട് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ വിശദീകരിച്ചു. സർക്കാരിന് ഇക്കാര്യത്തിൽ അനുകൂല നിലപാടാണുള്ളതെന്ന് അറിയുന്നത് തികച്ചും സന്തോഷകരമായ കാര്യമാണ്. നമ്മുടെ സഭയുടെ നടപടിക്രമങ്ങളിൽ കാലികമായ മാറ്റങ്ങൾ ശിപാർശ ചെയ്യുന്നതിനായി പന്ത്രണ്ടാം കേരള നിയമസഭയിൽ 2009-ൽ രൂപീകരിക്കപ്പെട്ട അഡ്ഹോക് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സമിതി റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യുന്നതിനായി സഭാ നടപടി ചട്ടങ്ങളിൽ ഒരു പുതിയ വ്യവസ്ഥ ചട്ടം 205 (ബി) ആയി കൂട്ടിച്ചേർക്കപ്പെട്ടത്. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ, പുതിയ വ്യവസ്ഥ നിലവിൽ വന്നെങ്കിലും കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷത്തിനിടയിൽ കേവലം രണ്ട് റിപ്പോർട്ടുകൾ മാത്രമേ സഭയിൽ ചർച്ച ചെയ്യാൻ അവസരം ലഭിച്ചിട്ടുള്ളൂ. സഭാ ദിനങ്ങളുടെ എണ്ണം പരിമിതപ്പെട്ടതും സഭയിൽ നിർവ്വഹിക്കപ്പെടേണ്ട ഗവൺമെന്റ് ബിസിനസ്സുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടിവരികയും ചെയ്യുന്ന സാഹചര്യത്തിലാണ് ഇക്കാര്യത്തിനായി വേണ്ടത്ര സമയം കണ്ടെത്താൻ കഴിയാതെ വരുന്നതെന്ന് കാണാവുന്നതാണ്. ഇക്കാര്യത്തിൽ കൂടുതൽ സമയം ലഭ്യമാകത്തക്ക വിധത്തിൽ ഇനി വരുന്ന സഭാ സമ്മേളനങ്ങളുടെ കാര്യപരിപാടികൾ ക്രമപ്പെടുത്താൻ യോജിപ്പോടുകൂടിയുള്ള ഒരു നീക്കം ഉണ്ടാകേണ്ടതുണ്ട്. അതിനായി പരിശ്രമിക്കാമെന്നാണ് ചെയറിന് ഇക്കാര്യത്തെക്കുറിച്ച് പറയാനുള്ളത്.

## VII അറിയിപ്പ്

<u>ധനകാര്യ ബില്ലിന് ഭേദഗതി നൽകുന്നതിനുള്ള സമയം</u>

<u>മി. സ്പീക്കർ</u>: 2021 ആഗസ്റ്റ് 12-ാം തീയതി സഭ മുമ്പാകെ വരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബില്ലുകളുടെ വകുപ്പുകൾക്കുള്ള ഭേദഗതികൾ നൽകേണ്ട അവസാന സമയം ഇന്ന് ഉച്ചകഴിഞ്ഞ്

3.00 മണി വരെയാണ് നിശ്ചയിച്ചിരുന്നത്. പ്രസ്തുത സമയം ദീർഘിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ആവശ്യമുന്നയിച്ച സാഹചര്യത്തിൽ ഭേദഗതികൾ നൽകേണ്ട സമയം ഇന്ന് വൈകുന്നേരം 6.00 മണിയായി ദീർഘിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ....

മി. സ്പീക്കർ: അങ്ങ് സമർപ്പിച്ച നോട്ടീസ് അനുവദിക്കുന്നില്ല. അത് വെള്ളിയാഴ്ച അങ്ങ് ഉന്നയിച്ചതും ഡിസ്പോസ് ചെയ്തതുമാണ്. ഭേദഗതികൾ നൽകുന്നതിനുള്ള സമയം ദീർഘിപ്പിച്ചിട്ടുണ്ട്.

## VIII ധനകാര്യം

### 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2021-22 | | | | | | |
|---|---|---|---|---|---|---|---|---|
| | | 25-1-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 10-6-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| VIII | എക്സൈസ് | 125,01, 84,000 | - | 93,76, 38,000 | - | 156,27, 30,000 | - | 156,27, 30,000 |
| XX | ശുദ്ധജലവിതരണവും ശുചീകരണവും | 136,59, 94,000 | 371,71, 66,000 | 102,44, 95,000 | 278,78, 76,000 | 170,74, 92,000 | 464,64, 58,000 | 635,39, 50,000 |
| XXII | നഗരവികസനം | 633,14, 40,000 | 61,67, 00,000 | 474,85, 79,000 | 46,25, 27,000 | 791,43,00,000 | 77,08, 76,000 | 868,51, 76,000 |
| XXIX | കൃഷി | 1172,90, 94,000 | 93,99, 78,000 | 879,68, 23,000 | 70,49, 83,000 | 1466,13, 69,000 | 117,49, 73,000 | 1583,63,42,000 |
| XXXV | പഞ്ചായത്ത് | 311,12, 43,000 | 106,66, 67,000 | 233,34, 32,000 | 80,00, 01,000 | 388,90, 54,000 | 133,33, 34,000 | 522,23, 88,000 |
| XXXVI | ഗ്രാമവികസനം | 1417,56, 14,000 | 462,60, 33,000 | 1063,17, 11,000 | 346,95, 26,000 | 1771,95, 18,000 | 578,25, 42,000 | 2350, 20,60,000 |
| XXXVIII | ജലസേചനം | 156,08,46,000 | 115,41,67,000 | 117,06,35,000 | 86,56,25,000 | 195,10,57,000 | 144,27, 09,000 | 339,37, 66,000 |

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയെയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയെയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 156,27,30,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മദ്യോപഭോഗം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 156,27,30,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ചെക്ക്പോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 156,27,30,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യാജമദ്യം, മറ്റു ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ കടത്ത് തടയാൻ ചെക്ക്പോസ്റ്റുകൾ ആധുനികവൽക്കരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 156,27,30,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ കടത്ത് തടയുന്നതിന് കർശന പരിശോധനകൾ നടത്തുന്നതിനായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്:</u> സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 156,27,30,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 156,27,30,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യാജമദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ കടത്ത് തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 156,27,30,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിദ്യാലയങ്ങളുടെ പരിസരങ്ങളിലെ മദ്യ-മയക്കുമരുന്ന് വ്യാപാരം തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 156,27,30,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മദ്യശാലകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ :</u> സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 156,27,30,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ലഹരി വസ്തുക്കൾ കൈവശംവയ്ക്കുന്നതും ഉപയോഗിക്കുന്നതും തടയാൻ ശക്തമായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u> സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 156,27,30,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണം ശക്തിപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 156,27,30,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരകേന്ദ്രങ്ങളിൽ കഞ്ചാവ് മാഫിയ സജീവമായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 156,27,30,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരങ്ങൾ മയക്കുമരുന്ന് മാഫിയയുടെ നിയന്ത്രണത്തിലായിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 156,27,30,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലിനുള്ളിൽനിന്നുകൊണ്ട് ക്രിമിനലുകൾ ലഹരികച്ചവടം നിയന്ത്രിക്കുകയും ലഹരിമരുന്ന് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 156,27,30,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ബിവറേജസ് ഔട്ട്ലെറ്റുകളിൽ വേണ്ടത്ര സൗകര്യം ഒരുക്കണമെന്ന ഹൈക്കോടതി നൽകിയതായി പറയപ്പെടുന്ന പരാമർശം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീമതി കെ. കെ. രമ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2039-00-800-96 എന്ന സംസ്ഥാന എക്സൈസ് അക്കാഡമി ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 82,00,000 രൂപ 80,00,000 രൂപയായി കുറവുചെയ്യേണ്ടതാണ് (മറ്റു സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്ക് മയക്കുമരുന്നുകൾ എത്തുന്നത് തടയാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സർ, എക്സൈസ് എന്ന VIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2039-00-001-96 എന്ന വ്യാജമദ്യത്തിനെതിരെ നടപടി എടുക്കുന്നതിനുള്ള ഫണ്ട്

ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 5,50,000 രൂപ 2,00,000 രൂപയായി കുറവുചെയ്യേണ്ടതാണ് (കഞ്ചാവ് മാഫിയ സജീവമായതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 156,27,30,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. ടി. തോമസ്

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. സനീഷ്കുമാർ ജോസഫ്

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. അൻവർ സാദത്ത്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജലവിതരണവും ശുചീകരണവും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ഡോ. എം. കെ. മുനീർ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 635,39,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജൽജീവൻ മിഷൻ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് :സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 635,39,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജൽജീവൻ മിഷൻ പദ്ധതിയിൽ മുൻവർഷങ്ങളിൽ കേന്ദ്രസർക്കാർ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 635,39,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വാട്ടർ അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 635,39,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 635,39,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വാട്ടർ അതോറിറ്റിയുടെ നഷ്ടം നികത്തുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 635,39,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഇരുപത്തിനാലുമണിക്കൂറും ഗുണമേന്മയുള്ള ശുദ്ധജലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 635,39,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുടിവെള്ളപൈപ്പുകൾ പൊട്ടി ജലം പാഴായിപ്പോകുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 635,39,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജലസ്രോതസ്സുകളുടെ മലിനീകരണം തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 635,39,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് കുടിവെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 635,39,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തീരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 635,39,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂഗർഭ ജലനിരപ്പ് ഉയർത്തി സ്ഥിരതയോടെ നിലനിർത്തുന്നതിന് മഴവെള്ളസംഭരണി ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>മിതവ്യയ വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീമതി കെ. കെ. രമ</u> : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2215-01-190-99 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുളള 1,00,00,000 രൂപ 90,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (നദീജലം മലിനമാകുന്നത് തടയാൻ കഴിയാത്തതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2215-01-800-47 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുളള 10,00,00,000 രൂപ 9,00,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗ്രാമീണ

മേഖലകളിൽ പ്രത്യേകിച്ച് മത്സ്യത്തൊഴിലാളി മേഖലകളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം നേരിടുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 635,39,50,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. സനീഷ്കുമാർ ജോസഫ്

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. അൻവർ സാദത്ത്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. പി. ടി. തോമസ്

ശ്രീ. മോൻസ് ജോസഫ് .

ധനാഭ്യർത്ഥന നമ്പർ XXII – നഗരവികസനം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 868,51,76,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരപ്രദേശങ്ങളിലെ വായുമലിനീകരണം തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 868,51,76,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരങ്ങളിൽ മാലിന്യസംസ്കരണത്തിന് അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 868,51,76,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരസഭാ പ്രദേശങ്ങളിൽ ആധുനിക രീതിയിലുള്ള ശ്മശാനങ്ങളും മാലിന്യ പ്ലാന്റുകളും സ്ഥാപിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 868,51,76,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരപ്രദേശങ്ങളിലെ കെട്ടിട നിർമ്മാണ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 868,51,76,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരവികസനത്തിന് കൂടുതൽ കേന്ദ്രസഹായം നേടിയെടുക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 868,51,76,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തെരുവുനായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 868,51,76,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരപ്രദേശങ്ങളിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 868,51,76,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരപ്രദേശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 868,51,76,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരപ്രദേശങ്ങളിൽ കൊതുകുകൾ പെരുകുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 868,51,76,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരസഭകൾക്ക് ലഭിക്കേണ്ട വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 868,51,76,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരസഭകൾ വഴി നടപ്പാക്കുന്ന പട്ടികജാതി ക്ഷേമപദ്ധതിക്കുള്ള ഫണ്ട് വെട്ടിച്ചതായ വിഷയത്തിൽ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 868,51,76,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരസഭകളുടെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുടെ കുറവ് പരിഹരിച്ച് പൊതുജനങ്ങൾക്കുള്ള സേവനം കൃത്യമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത് : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 868,51,76,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 868,51,76,000 രൂപയിൽനിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീമതി കെ. കെ. രമ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. സനീഷ്‍കുമാർ ജോസഫ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. പി. ടി. തോമസ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോജി എം. ജോൺ.

ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. സണ്ണി ജോസഫ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1583,63,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധിയും വിലത്തകർച്ചയും കൃഷിനാശവും കാരണം ദുരിതമനുഭവിക്കുന്ന കർഷകർക്ക് ആശ്വാസം പകരുന്ന നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1583,63,42,000 രൂപ ഒരു രൂപയായി

കുറവുചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധിയിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1583,63,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിള ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ വിളകൾ ഉൾപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1583,63,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1583,63,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ടൗട്ടെ ചുഴലിക്കാറ്റിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1583,63,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാട്ടുപന്നികൾമൂലം വ്യാപകമായ കൃഷിനാശം ഉണ്ടാകുന്നത് ഫലപ്രദമായി തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതായി പറയപ്പെടുന്ന വിഷയത്തിൽ ഉണ്ടായ ഹൈക്കോടതി പരാമർശം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1583,63,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1583,63,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കടക്കെണിയിലായ കർഷകരെ സഹായിക്കാൻ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ</u> : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1583,63,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കീടനാശിനികളുടെ അമിതമായ ഉപയോഗം നിയന്ത്രിക്കണമെന്നും മാരകമായ എൻഡോസൾഫാൻ ഉൾപ്പെടെയുള്ളവയുടെ വിൽപ്പനയും ഉപയോഗവും തടയണമെന്നുമുള്ള ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1583,63,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നെല്ലുസംഭരണം കാര്യക്ഷമമായി നടക്കാത്തതും സംഭരിച്ച നെല്ലിന് കർഷകന് പണം ലഭ്യമാക്കാത്തതുമായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1583,63,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പച്ചക്കറികളുടെയും സംഭരണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1583,63,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1583,63,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് ('കേരഗ്രാമം പദ്ധതി' കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u> : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1583,63,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീമതി കെ. കെ. രമ : സർ, കൃഷി എന്ന XXIX-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2435-01-101-85 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 20,00,00,000 രൂപ നീക്കം ചെയ്യേണ്ടതാണ് (കാർഷികോൽപ്പന്നങ്ങളുടെ വിലസ്ഥിരതയ്ക്കായി ശാശ്വതമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1583,63,42,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. പി. ടി. തോമസ്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ടി. സിദ്ദിഖ്

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. റോജി എം. ജോൺ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. സി. ആർ. മഹേഷ്.

## ധനാഭ്യർത്ഥന നമ്പർ XXXV – പഞ്ചായത്ത് നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 522,23,88,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് മഹാമാരി മൂലം പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 522,23,88,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തൊഴിലുറപ്പുപദ്ധതിയിൽ കൂടുതൽ തൊഴിൽദിനങ്ങൾ നൽകാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 522,23,88,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തൊഴിലുറപ്പുപദ്ധതിയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 522,23,88,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്തുകൾക്കുള്ള വിഹിതം കൃത്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 522,23,88,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങളും പദ്ധതിച്ചെലവും നടക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 522,23,88,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്തുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്താത്തതിനാൽ കൊതുകുജന്യ രോഗങ്ങൾ വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 522,23,88,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്തുകളിലെ കൊതുകുനശീകരണ പ്രവർത്തനങ്ങൾ പര്യാപ്തമല്ലാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 522,23,88,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്തുകളിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 522,23,88,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ നികത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 522,23,88,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് നടപ്പിലാക്കുന്നതിലെ ആസൂത്രണമില്ലായ്മമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കകൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 522,23,88,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ മുഖേനയാക്കുന്നതിനുള്ള നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 522,23,88,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ലൈഫ് മിഷൻ ഭവന പദ്ധതിയിൽ അനർഹർ ഉൾപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 522,23,88,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വലിയ വിസ്തീർണ്ണമുള്ള പഞ്ചായത്തുകൾ വിഭജിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u> :സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 522,23,88,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കത്താത്ത തെരുവുവിളക്കുകൾ മാറ്റുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u> : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 522,23,88,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തെരുവുനായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിന് ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## <u>സൂചക വെട്ടിക്കുറയ്ക്കൽ</u>

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 522,23,88,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. സജീവ് ജോസഫ്

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. ടി. തോമസ്

ശ്രീ. അൻവർ സാദത്ത്

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീമതി കെ. കെ. രമ

ധനാഭ്യർത്ഥന നമ്പർ XXXVI - ഗ്രാമവികസനം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ഡോ. എം. കെ. മുനീർ : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2350,20,60,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രധാനമന്ത്രി ആവാസ് യോജന ഭവന നിർമ്മാണ പദ്ധതിയുടെ പ്രയോജനം കൂടുതൽ പേർക്ക് ലഭിക്കുവാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2350,20,60,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2350,20,60,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേന്ദ്രാവിഷ്കൃത പദ്ധതികളുടെ യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിൽ കാലതാമസം വരുന്നതിനാൽ കേന്ദ്ര സഹായം ലഭിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2350,20,60,000 രൂപ

ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമവികസന പ്രവർത്തനങ്ങൾക്ക് നബാർഡ് സഹായം കാര്യക്ഷമമായി വിതരണം ചെയ്യുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2350,20,60,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമീണ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ ദാരിദ്ര്യലഘൂകരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2350,20,60,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമീണ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2350,20,60,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മതിയായ തുക അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2350,20,60,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ബ്ലോക്ക്പഞ്ചായത്തുവഴിയുള്ള ആനുകൂല്യങ്ങൾ കൂടുതൽ പേർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2350,20,60,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്വന്തമായി കെട്ടിടമില്ലാത്ത ബ്ലോക്ക് പഞ്ചായത്തുകൾക്ക് കെട്ടിടം നിർമ്മിച്ചുനൽകണമെന്ന ആവശ്യം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2350,20,60,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ബ്ലോക്ക്പഞ്ചായത്തിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2350,20,60,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംയോജിത നീർത്തട പരിപാലന പദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2350,20,60,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. മോൻസ് ജോസഫ്

ശ്രീമതി കെ. കെ. രമ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. പി. ടി. തോമസ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. സജീവ് ജോസഫ്

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. റോജി എം. ജോൺ

ഡോ. മാത്യു കുഴൽനാടൻ

ധനാഭ്യർത്ഥന നമ്പർ XXXVIII- ജലസേചനം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. ഉബൈദുള്ള : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 339,37,66,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയ പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 339,37,66,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നദികൾ, തോടുകൾ, കായലുകൾ എന്നിവ മലിനമാക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 339,37,66,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കടലാക്രമണം തടയാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 339,37,66,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നദീതീരങ്ങളുടെ കയ്യേറ്റം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 339,37,66,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജല ഉപഭോഗം കുറയ്ക്കുന്നതിന് തുള്ളിനന പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

339,37,66,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജലസേചന വകുപ്പിന്റെ ഡാമുകളിൽ ചെളിയും മണലും അടിഞ്ഞുകിടക്കുന്നത് നീക്കംചെയ്യാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 339,37,66,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ വൈദ്യുതിചാർജ് കുടിശ്ശിക ഒടുക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 339,37,66,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അന്തർ സംസ്ഥാന കരാറുകളിൽ സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ പുനരവലോകനം നടത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 339,37,66,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജലസേചന പദ്ധതികളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 339,37,66,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂഗർഭ ജലസംരക്ഷണം, റീചാർജ്ജിംഗ് പദ്ധതികൾ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 339,37,66,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മഴക്കുഴികളിലൂടെ മഴവെള്ളം സംഭരിക്കുന്ന പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 339,37,66,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രളയത്തിനുശേഷം നദികളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കംചെയ്ത് നദികളുടെ സ്വാഭാവിക ഒഴുക്ക് പുന:സ്ഥാപിക്കാൻ ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമാകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 339,37,66,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. മോൻസ് ജോസഫ്

ശ്രീമതി കെ. കെ. രമ

ശ്രീ. സനീഷ്കുമാർ ജോസഫ്

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. സജീവ് ജോസഫ്

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. അൻവർ സാദത്ത്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. ടി. ജെ. വിനോദ് .

മി. സ്പീക്കർ: ഇന്ന് ഏഴ് ധനാഭ്യർത്ഥനകൾ ഒരുമിച്ചാണ് ചർച്ച ചെയ്യുന്നത്. മൂന്ന് ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടിയുമുണ്ട്. ചർച്ചയിൽ പങ്കെടുക്കുന്ന എല്ലാവരും കർശനമായും സമയം പാലിക്കണം. ബഹുമാനപ്പെട്ട മന്ത്രിമാരും സമയ പരിധിക്കകത്ത് നിൽക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ജോയി]

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, എക്സൈസ്, ശുദ്ധജല വിതരണവും ശുചീകരണവും, നഗരവികസനം, കൃഷി, പഞ്ചായത്ത്, ഗ്രാമവികസനം, ജലസേചനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. എക്സൈസ് വകുപ്പ് എല്ലാ മേഖലകളിലും പുരോഗതിയും നേട്ടവും കൈവരിച്ച് നിൽക്കുന്ന സന്ദർഭമാണിത്. കേരളത്തിൽ ലഹരിവർജ്ജനം എൽ.ഡി.എഫ്. ഗവൺമെന്റ് നയമായി അംഗീകരിച്ചിട്ടുണ്ട്. കേരളത്തിലെ കള്ള് ചെത്ത് വ്യവസായം പരമ്പരാഗത വ്യവസായങ്ങളുടെ പട്ടികയിൽപ്പെടുന്നതാണ്. ആയിരക്കണക്കിന് തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്തുവരുന്നുണ്ട്. കള്ള് വ്യവസായം ഗുരുതര പ്രതിസന്ധി നേരിടുകയാണ്. കള്ള് വ്യവസായത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ശാസ്ത്രീയമായ പഠനങ്ങളും നിലപാടും ആവശ്യമായ സന്ദർഭം തന്നെയാണിത്. ഈ സാഹചര്യത്തിലും നിലവിലുള്ള കള്ള് വ്യവസായത്തെ തകർക്കുന്നതിന് ഇടവരുത്തുന്ന സമീപനം ചില ഉടമകളും ഉദ്യോഗസ്ഥരും സ്വീകരിച്ചുവരുന്നത് ഗൗരവത്തോടുകൂടിത്തന്നെ കാണേണ്ടതുണ്ട്. കള്ളിൽ സ്പിരിറ്റ് ചേർത്ത് കൊള്ളയടിക്കുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. ഈ പ്രശ്നം നേരിടുന്ന കാര്യത്തിൽ എക്സൈസ് വകുപ്പും ഗവൺമെന്റും ഫലപ്രദമായ നടപടികളും മാതൃകാപരമായ നിലപാടും സ്വീകരിച്ചിട്ടുണ്ടെന്ന കാര്യം ഈ സന്ദർഭത്തിൽ പ്രത്യേകം ചൂണ്ടിക്കാണിക്കുകയാണ്. ആധുനികവൽക്കരണത്തിലൂടെയും പരിഷ്കരണത്തിലൂടെയും മാത്രമേ കള്ള് വ്യവസായത്തെ മാറ്റിക്കൊണ്ടുവരാനും തൊഴിലാളികളെ രക്ഷിക്കാനും സാധിക്കുകയുള്ളൂ. മൂല്യവർദ്ധിത ഉൽപ്പന്ന മേഖലയിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഇത് സാദ്ധ്യമാക്കുന്ന നിലയിലാണ് ടോഡി ബോർഡ് രൂപീകരണവും അതിന്റെ പ്രവർത്തനവും സംബന്ധിച്ച ബിൽ നമ്മുടെ മുമ്പിൽ നിൽക്കുന്നത്. ബിൽ ലിസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും നിയമസഭയിൽ അവതരിപ്പിച്ച് നിയമമാക്കുന്ന നടപടികളിലേയ്ക്ക് പോയിട്ടില്ല. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധ പതിയണമെന്ന് കേരളത്തിലെ പതിനായിരക്കണക്കിന് തൊഴിലാളികളുടെ ജീവിതത്തെ മുൻനിർത്തി ആവർത്തിച്ച് ആവശ്യപ്പെടുകയാണ്.

എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ എൻഫോഴ്സ്മെന്റ് സർവ്വകാല റെക്കോർഡായി തുടരുകയാണ്. അതാണ് ഈ വകുപ്പ് കൈവരിച്ച നേട്ടങ്ങളിൽ വളരെ പ്രധാനം. നാല് മേഖലകളിൽ യു.ഡി.എഫ്.-ന്റെയും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെയും കാലത്ത് നടന്നിട്ടുള്ള പ്രവർത്തനങ്ങളുടെ ഒരു താരതമ്യ പരിശോധന നടത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. 2011 മുതൽ 2016 വരെയുള്ള 5 വർഷത്തിൽ കേരളത്തിൽ രജിസ്റ്റർ ചെയ്ത അബ്കാരി കേസുകൾ 72,770 ആണ്. 2016-21 കാലഘട്ടത്തിൽ രജിസ്റ്റർ ചെയ്ത അബ്കാരി കേസുകൾ 86,224 ആണ്. മയക്കുമരുന്നിനെതിരായ കേസ്സുകളാണ് എൻ.ഡി.പി.എസ്. നിയമത്തിനുകീഴിൽ വരുന്നത്. എൻ.ഡി.പി.എസ്. നിയമത്തിൽ നമുക്ക് തർക്കമുണ്ട്, ഭേദഗതി വരുത്തേണ്ടതുണ്ട്, നിലവിലുള്ള നിയമം ഫലപ്രദമല്ല. കൂടുതൽ ഫലപ്രദമാക്കുന്നതിനാവശ്യമായ നിയമ ഭേദഗതികൾ കേന്ദ്ര ഗവൺമെന്റിൽ ഇടപെട്ട് വരുത്തേണ്ടതുണ്ടെന്ന നിലപാട് കഴിഞ്ഞ ഘട്ടത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. 2011-2016-ൽ മയക്കുമരുന്നിനെതിരെ എടുത്ത കേസുകൾ 4,880 എണ്ണമാണ്. എൽ.ഡി.എഫ്.-ഗവൺമെന്റിന്റെ കാലത്ത് എടുത്തിട്ടുള്ള കേസുകൾ 28,003 എണ്ണമാണ്. കേസ്സുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് 473 ശതമാനം വരും. ഇത് എൻഫോഴ്സ്മെന്റിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ ഫലമാണ്. യു.ഡി.എഫ് കാലത്ത് പുകയില ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട കേസ് എടുത്തിട്ടുള്ളത് 11,602 എണ്ണമായിരുന്നു. 2016-21 കാലഘട്ടത്തിൽ 3,44,918 കേസാണ് നടക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 3,809 കിലോ കഞ്ചാവാണ് കസ്റ്റഡിയിൽ പിടിച്ചെടുത്തിട്ടുള്ളത്. കഴിഞ്ഞ അഞ്ച് വർഷം, 12,319 കിലോ കഞ്ചാവാണ് പിടിച്ചെടുത്തിട്ടുള്ളത്. ഇതെല്ലാം എങ്ങനെയാണ് സാദ്ധ്യമാകുന്നത്? കേരളത്തിൽ മൂന്ന് സ്ക്വാഡുകളാണ് എൻഫോഴ്സ്മെന്റ് മേഖലയിൽ പ്രവർത്തിച്ചിരുന്നത്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു പുതിയ സ്ക്വാഡുകൂടി ഈ മേഖലയിൽ രൂപീകരിക്കുകയുണ്ടായി. ഈ സ്ക്വാഡുകളുടെ പ്രവർത്തനത്തിന്റെ ഫലമായാണ് ഇത്രയും വലിയ ലഹരിവേട്ട നടത്തുന്നത്, ഇപ്പോഴും അത് തുടരുകയാണ്. സ്ക്വാഡുകളുടെ ഫലപ്രദമായ പ്രവർത്തനത്തിന്റെ ഫലമായാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്. മയക്കുമരുന്ന്, ഡ്രഗ്സ് തുടങ്ങിയവയുടെ കണക്കെടുത്താൽ വലിയ തോതിലാണ് വന്നുചേരുന്നതെന്ന് മനസ്സിലാകും. ഈ രംഗത്തുള്ള ഉദ്യോഗസ്ഥരെ വിശ്വാസത്തിലെടുത്ത് അവരെ ചുമതലയേൽപ്പിച്ച് പ്രവർത്തിപ്പിക്കാനുള്ള ശ്രമമാണ് ഇതിന്റെ ഭാഗമായി ഗവൺമെന്റ് നടത്തിയിട്ടുള്ളത്. ഈ രംഗത്ത് പ്രവർത്തിച്ചവർ അവരുടെ കഴിവ് തെളിയിച്ചിട്ടുണ്ട്. ഈ നാടിനുവേണ്ടി സേവനമനുഷ്ഠിച്ചിട്ടുള്ള എക്സൈസ്

ഉദ്യോഗസ്ഥരെ ഈ സന്ദർഭത്തിൽ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഈ നടപടികൾ അവർ ഇനിയും തുടരേണ്ടതുണ്ട്. എൻഫോഴ്സ്മെന്റുമായി ബന്ധപ്പെട്ട സ്ക്വാഡ് പ്രവർത്തനം എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഫലപ്രദമായി കേരളത്തിൽ ഇനിയും നടപ്പിലാക്കേണ്ടതുണ്ടെന്ന് തന്നെയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ഇവിടെ മദ്യനിരോധനത്തെ മുൻനിർത്തി നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനുള്ള സമീപനമാണ് സ്വീകരിച്ചത്. രാജ്യത്തിനകത്തും ലോകത്തെമ്പാടുമുള്ള അനുഭവങ്ങളുടെയെല്ലാം അടിസ്ഥാനത്തിലാണ് കേരള ഗവൺമെന്റ് ലഹരി വർജ്ജനമെന്ന നിലപാട് മുന്നോട്ടുവയ്ക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ ലഹരിവ്യാപനം വിപുലമായി രൂപപ്പെട്ട അനുഭവം നമ്മുടെ മുന്നിലുണ്ട്. ലഹരി വർജ്ജനത്തിൽ ഊന്നൽ നൽകിയിട്ടുള്ള നയം ഈ ഗവൺമെന്റ് സ്വീകരിക്കുന്നതുകൊണ്ട് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നുവെന്നതുതന്നെയാണ് സ്ഥിതി. ഇപ്പോൾ ലഹരിവസ്തുക്കളുടെ വ്യാപനം വലിയ തോതിൽ തടയുന്നതിന് സഹായകരമായ നടപടികൾ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുണ്ട്. കണക്ക് പരിശോധിച്ചാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞുവരുന്നതായാണ് കാണുന്നത്. ചില പ്രധാനപ്പെട്ട പ്രശ്നങ്ങൾകൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യങ്ങൾ എൻഫോഴ്സ്മെന്റിൽ ഫലപ്രദമായി നടപ്പാക്കണമെന്നുണ്ടെങ്കിൽ എക്സൈസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് പുതിയ ഓഫീസുകളും തസ്തികകളും സൃഷ്ടിച്ചു. ആറ് താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ സ്ഥാപിച്ചിട്ടുണ്ട്. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി ഒരു സബ്മിഷന് മറുപടി പറഞ്ഞപ്പോൾ, 37 റേഞ്ച് ഓഫീസുകൾ പ്രവർത്തിപ്പിക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന് മുന്നിലുണ്ടെന്ന് പറഞ്ഞത് പ്രാവർത്തികമാക്കണം. 8 താലൂക്കുകളിൽ സർക്കിൾ ഓഫീസുകൾ തുടങ്ങേണ്ടതുണ്ട്, അത് പ്രാവർത്തികമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ദേവികുളത്തും നിലമ്പൂരും ജനമൈത്രി സ്ക്വാഡുകൾ രൂപീകരിക്കുകയുണ്ടായി. വനിതകൾക്കായി 138 പുതിയ തസ്തികകൾ അക്കാലത്ത് സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്തു. ഇതിൽ എടുത്തുപറയേണ്ട കാര്യം, ട്രൈബൽ വിഭാഗത്തിൽപ്പെട്ട 25 ആദിവാസികളെ എക്സൈസ് സേനയിൽ അംഗങ്ങളാക്കുന്ന നിലപാട് സ്വീകരിച്ചു എന്നതാണ്. എക്സൈസ് മേഖലയിൽ പ്രത്യേകിച്ച് ട്രൈബൽ മേഖലകളിൽ ജനമൈത്രി എക്സൈസിന്റെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതുണ്ട്, സേനയുടെ അംഗബലം കൂട്ടിയെങ്കിൽ മാത്രമേ അത് സാദ്ധ്യമാകുകയുള്ളൂ. ട്രൈബൽ മേഖലയിൽനിന്ന് നേരത്തെ 25 പേരെ

നിയമിച്ചതുപോലെ 200 യുവതീയുവാക്കളെക്കൂടി എക്സൈസ് സേനയിലേയ്ക്ക് നിയമനം നടത്തുന്നതിനാവശ്യമായ പ്രത്യേക നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാകണം. ഗൗരവതരമായ കേസുകൾ പരിശോധിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ക്രൈം ബ്രാഞ്ച് രൂപീകരിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. പഴക്കംചെന്ന വാഹനങ്ങളെല്ലാം മാറ്റുകയും പുതിയ വാഹനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പുതിയ 300 വാഹനങ്ങൾ ഇപ്രകാരം നൽകിയിട്ടുണ്ട്. എറണാകുളത്ത് ടവർ നിർമ്മാണം പൂർത്തിയാക്കി. പാലക്കാട്ടും കോട്ടയത്തും പുതിയ എക്സൈസ് ടവർ സ്ഥാപിച്ചു. തൃശ്ശൂരിൽ ടവർ നിർമ്മാണം ആരംഭിച്ചു. ബോധവത്ക്കരണം ലക്ഷ്യം വച്ച് 'വിമുക്തി' എന്ന പ്രസ്ഥാനം ഫലപ്രദമായി പ്രവർത്തിച്ചുവരികയാണ്. എല്ലാ ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുണ്ട്. താലൂക്കടിസ്ഥാനത്തിൽ ഡീ-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതുണ്ട്. അവിടെ കിടത്തി ചികിത്സിക്കാനാവശ്യമായ സംവിധാനങ്ങളെല്ലാമുണ്ട്. കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിൽ കൗൺസിലിംഗ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതെല്ലാം ഫലപ്രദമായി ഇനിയും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കണം. പഞ്ചായത്തിൽ വാർഡുതലങ്ങളിലും അയൽക്കൂട്ടതലങ്ങളിലും ലഹരിവർജ്ജനത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുമെന്ന നിലപാട് സ്വാഗതാർഹമാണ്. ഇക്കാര്യങ്ങളെല്ലാം നടത്താൻ ഇപ്പോൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് 6 കോടിയിൽപ്പരം രൂപ മാത്രമാണ്. ഈ തുകകൊണ്ട് വിമുക്തിക്കുവേണ്ടി കാര്യങ്ങൾ ചെയ്യാൻ സാധിക്കില്ല. വിമുക്തിക്കുവേണ്ടി തുക കൂടുതൽ ഉൾപ്പെടുത്തി ആവശ്യമായ കാര്യങ്ങൾ ചെയ്യണം. ഇക്കാര്യങ്ങളെല്ലാം ചെയ്തുകഴിഞ്ഞാൽ ഗവൺമെന്റിന് വരുമാനം വർദ്ധിപ്പിക്കാനും സമൂഹത്തിന്റെ ഭാവി ലക്ഷ്യംവച്ചുകൊണ്ടുള്ള നിയന്ത്രണങ്ങളിലേയ്ക്കും മറ്റ് നടപടികളിലേയ്ക്കും പോകാനും സാധിക്കും. ബോധവൽക്കരണത്തിലൂടെ ലഹരി വർജ്ജനം സാദ്ധ്യമാക്കുന്ന നടപടികൾ സ്വീകരിക്കണം. ഇതെല്ലാം പരിഗണിച്ച് എല്ലാ താലൂക്കുകളിലും സർക്കിൾ ഓഫീസുകളും ആവശ്യത്തിന് റേഞ്ച് ഓഫീസുകളും സ്ഥാപിക്കണം. സേനയുടെ അംഗബലം വർദ്ധിപ്പിക്കണം. പുതിയ വാഹനങ്ങളും ഇവർക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ ആയുധങ്ങളും നൽകണം. Toddy Board രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. ട്രൈബൽ വിഭാഗത്തിൽനിന്നും 200 അംഗങ്ങളെക്കൂടിയെടുത്ത് ഇക്കാര്യത്തിൽ പുതിയ നിലപാട് സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഞാൻ ഇവിടെ ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന വിഷയം, നമ്മുടെ സംസ്ഥാനത്തെ കർഷകരുടെ അവസ്ഥയാണ്. ഒരു സർക്കാരിനെയും കുറ്റപ്പെടുത്താനോ രാഷ്ട്രീയമായി ആരെയും ആക്ഷേപിക്കാനോ അല്ല ഞാനിത് പറയുന്നത്. കാലാകാലങ്ങളിൽ വന്ന എല്ലാ സർക്കാരുകളും അതിനുത്തരവാദികളാണ്. നമ്മുടെ നാട്ടിലെ കർഷകരുടെ ഇന്നത്തെ അവസ്ഥയ്ക്കൊരു മാറ്റമുണ്ടാകണമെങ്കിൽ ഈ സഭയിലിരിക്കുന്ന എല്ലാവരുംകൂടി വിചാരിച്ചാൽ മാത്രമേ സാധ്യമാവുകയുള്ളൂ. അന്നം തരുന്നവരും രാജ്യസേവകരും പ്രകൃതി സംരക്ഷകരുമാണെന്ന് നാം കർഷകരെക്കുറിച്ച് പറയാറുണ്ട്, ഇതെല്ലാം ശരിയാണ്. പക്ഷേ എല്ലാ ചർച്ചകളിലും എക്കാലത്തും കർഷകരോട് അവഗണനയാണുണ്ടായിട്ടുള്ളതെന്ന് പറയാൻ എനിക്ക് വിഷമമുണ്ട്. ഓരോ ഘട്ടങ്ങളിലെയും ബഡ്ജറ്റ് അലോക്കേഷൻ പരിശോധിച്ചാൽ തുക കുറഞ്ഞുവരുന്നത് കാണാം. ‘ It's not about money, but it's all about attitude’ - പണം കൊടുത്തോ ഇല്ലയോ എന്നുള്ളതല്ല, സർക്കാരെന്ന നിലയിൽ കർഷകനോടുള്ള സമീപനമെന്താണ് എന്നതാണ് ചോദ്യം. അത് വിശദമാക്കാൻ ആഗ്രഹിക്കുകയാണ്. എന്റെ കൈവശമുള്ളത് ഒരു ഫയലാണ് (ഒരു ഫയൽ ഉയർത്തിക്കാണിച്ചു). Conflict of interest ഉള്ളതുകൊണ്ട് സഭയുടെ മുന്നിൽ ഞാനിത് പറയുകയാണ്. എന്റെ മുന്നിൽ വന്നൊരു കേസിന്റെ ഫയലാണിത്. എം.എൽ.എ. ആകാൻ അവസരം കിട്ടിയപ്പോൾ ഇതിവിടെ ഉന്നയിക്കണ മെന്നാഗ്രഹിച്ചു. ഒരു കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്ത് ഭക്ഷണമില്ലാതെ, പട്ടിണിമൂലം ആളുകൾ മരിച്ചപ്പോൾ കേരള സർക്കാർ ഇവിടത്തെ കർഷകരോട് പറഞ്ഞ ഒരു അപേക്ഷയാണ് 'Grow More Food' എന്ന ആഹ്വാനം. വാഴയോ കപ്പയോ ചേനയോ കൃഷി ചെയ്ത് നമ്മുടെ സംസ്ഥാനത്തെ ആളുകൾക്ക് കഴിക്കാനുള്ള ഭക്ഷണം എങ്ങനെയെങ്കിലുമുണ്ടാക്കണം. അതിനായി നിങ്ങൾ മലഞ്ചെരിവുകളിലേയ്ക്കോ മലങ്കാടുകളിലേയ്ക്കോ എങ്ങോട്ടുവേണമെങ്കിലും പൊയ്ക്കൊള്ളൂ. ഞങ്ങൾ ആ ഭൂമി നിങ്ങൾക്ക് തരുമെന്നുപറഞ്ഞു. അങ്ങനെയാണ് കുടിയേറ്റ കർഷകനുണ്ടായത്. ആർക്കും എവിടെയും പോയി കൃഷി ചെയ്യാമായിരുന്നു. പക്ഷേ മലമ്പനിയെയും മലമ്പാമ്പിനെയും കാട്ടുമൃഗങ്ങളെയും പേടിച്ച് അന്ന് ആരും പോയില്ല. നിങ്ങൾ പോയി ഭക്ഷണമുണ്ടാക്കൂ എന്ന് സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് മലമ്പാമ്പിനെയും കാട്ടുമൃഗങ്ങളെയും വെല്ലുവിളിച്ച് അന്ന് അവിടെ പോയി കുടിയേറിയവരാണ് കുടിയേറ്റ കർഷകർ. അവരെക്കുറിച്ച് പറയുമ്പോൾ ഇന്ന് എല്ലാവർക്കും ആക്ഷേപവും പുച്ഛവുമാണ്. അങ്ങനെയുള്ള ഒരു കേസാണ് എന്റെ മുന്നിൽ വന്നത്. എന്റെ കൈവശമുള്ള എല്ലാ രേഖകളും ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിൽ പറയുന്നത്, അവിടെ ഹൈറേഞ്ച്

മാസിക എന്ന പേരിൽ നടത്തിയിരുന്ന ഒരു പ്രസ്സും 30 സെന്റ് സ്ഥലവും ആദ്യം സർക്കാർ ഏറ്റെടുക്കുകയായിരുന്നു. അതിനുപകരം സ്ഥലം തരാമെന്ന് സർക്കാർ പറഞ്ഞത് 1973-ലാണ്. ആ കാലഘട്ടത്തിലെ മത്ത്യാസ് എന്നൊരു കുടിയേറ്റ കർഷകന്റെ 30 സെന്റ് സ്ഥലം സർക്കാർ ആവശ്യത്തിന് ഏറ്റെടുത്തശേഷം പകരം ഭൂമി നൽകാമെന്ന് വാഗ്ദാനം ചെയ്തു. 1983-ലാണ് അതിന്റെ ഓർഡർ പാസ്സായത്. 1973 മുതൽ മത്ത്യാസ് ആ ഭൂമിക്കുവേണ്ടി നടക്കാൻ തുടങ്ങി. അവസാനം 2014-ൽ അതുസംബന്ധിച്ച് വന്ന ഒരു വാർത്ത, " നീതി തേടി നാല് പതിറ്റാണ്ട്. ഇത് ശ്രീ. ചാക്കോച്ചന്റെ സങ്കട ജീവിതം" ഇത് എന്തുകൊണ്ടാണെന്നറിയാമോ; ശ്രീ. ചാക്കോച്ചൻ ആരാണെന്നറിയാമോ? ഇതിനിടെ മത്ത്യാസ് മരണപ്പെട്ടു. ആ സമയത്തൊന്നും അദ്ദേഹത്തിന് പകരം ഭൂമി നൽകിയില്ല. മത്ത്യാസിന്റെ നിയമപരമായ അവകാശിയായ ശ്രീ. ചാക്കോച്ചൻ എന്നുവിളിക്കുന്ന മകൻ ആ നിയമപോരാട്ടം ഏറ്റെടുത്തു. ആ മകന് ഇന്ന് 65 വയസ് കഴിഞ്ഞു. അദ്ദേഹത്തിന് ഒരു ആൻജിയോപ്ലാസ്റ്റിയും ആൻജിയോഗ്രാമും കഴിഞ്ഞു. പത്രങ്ങൾ ധാരാളം എഴുതി. ഞാൻ രണ്ട് ഹെഡ്ഡിംഗുകൾ മാത്രം വായിക്കാം. 'നീതി തേടി നാല് പതിറ്റാണ്ട്. ഇത് ശ്രീ. ചാക്കോച്ചന്റെ സങ്കട ജീവിതം. ഹൈക്കോടതി ഏഴുവട്ടം അംഗീകരിച്ചിട്ടും ഉദ്യോഗസ്ഥരുടെ നീതി നിഷേധം. ഈ അനുഭവം ആർക്കും ഉണ്ടാകരുതേ'. ഇത് ഞാൻ എഴുതിയതല്ല. നിരവധി പത്രങ്ങളിൽ വന്ന വാർത്തയാണ്. അതുകൊണ്ടാണ് യഥാർത്ഥത്തിൽ കർഷകനോടുള്ള നമ്മുടെ ആറ്റിറ്റ്യൂഡ് മാറണമെന്ന് ഞാൻ പറയാനുള്ള കാരണം. ഇതൊരു കുടിയേറ്റ കർഷകന്റെ മാത്രം കാര്യമല്ല. ഞാൻ പലയാവർത്തി ഇവിടെ പറഞ്ഞതാണ്. ഇപ്പോൾ കോവിഡ് മഹാമാരി വന്നു. 20,000 കോടി രൂപയുടെ രണ്ട് പാക്കേജുകൾ പ്രഖ്യാപിച്ചു. അതിൽ ഒരു രൂപപോലും കർഷകന് നൽകിയില്ല. അവർക്കാർക്കും പ്രയാസം ഉണ്ടാകാത്തതുകൊണ്ടാണോ; നമ്മുടെ കണ്ണ് തുറപ്പിക്കുന്നതുപോലെ ഇടുക്കിയിലെ ഒരു കർഷകൻ എഴുതി വച്ചില്ലേ 'വൃക്കകൾ വിൽക്കാനുണ്ട്' എന്ന്. അവന്റെ യഥാർത്ഥ ജീവിതാവസ്ഥയാണ്. ഇനി കൂട്ട കർഷക ആത്മഹത്യകൾ ഉണ്ടാകാതെ നമ്മുടെ കണ്ണ് തുറക്കില്ല. ഞാൻ അതിന്റെ ബാക്ക്ഗ്രൗണ്ട് പശ്ചാത്തലം പറഞ്ഞുവെന്ന് മാത്രം. സമയം പോകുന്നതുകൊണ്ട് ഞാൻ എന്റെ വിഷയത്തിലേയ്ക്ക് വരികയാണ്. പക്ഷേ എനിക്ക് പ്രതീക്ഷയുടെ നേരിയൊരു കിരണം തോന്നിയത്, നമ്മുടെ ഇത്തവണത്തെ ബഡ്ജറ്റ് അവതരണത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ ചില കാര്യങ്ങളാണ്. യഥാർത്ഥ രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടെങ്കിൽ, അദ്ദേഹം പറഞ്ഞ കാര്യങ്ങളോട് ആത്മാർത്ഥതയുണ്ടെങ്കിൽ, കഴിഞ്ഞ കാലങ്ങളിലെ അപ്രോച്ചിനെക്കുറിച്ച് നമ്മളൊന്ന് ആലോചിക്കണം. കർഷകന് നേരത്തെ ഒരുപാട് സബ്സിഡിയും പ്രോത്സാഹനവും നൽകുമായിരുന്നു. ഇപ്പോൾ

അത്തരത്തിൽ പ്രോത്സാഹനം നൽകുന്ന സബ്സിഡികളെല്ലാം വെട്ടിക്കുറച്ച് ഇല്ലാതാക്കി. എന്തിനേറെ പറയണം. വളത്തിന് സബ്സിഡിയുണ്ടായിരുന്നു. കർഷകന് ആകെ കൊടുത്തിരുന്നത് അതാണ്. വളത്തിന്റെ സബ്സിഡി കേന്ദ്ര സർക്കാർ എടുത്തുകളഞ്ഞു. സബ്സിഡിയുള്ള വളങ്ങളുടെ എണ്ണം കേന്ദ്ര സർക്കാർ നിജപ്പെടുത്തി. എല്ലാനിലയ്ക്കും അവനെ വരിഞ്ഞുമുറുക്കുകയാണ്. പിന്നെ ആകെയൊരു ആശ്വാസമുണ്ടായിരുന്നത് എം.എസ്.പി. ആണ്. തറവില അല്ലെങ്കിൽ താങ്ങുവില എന്നത്. അതിന്റെയൊരു ഉദാഹരണം പറയാം. ഞാൻ വരുന്നത് മൂവാറ്റുപുഴയിൽ നിന്നാണ്. കൈതച്ചക്കയ്ക്കുള്ള താങ്ങുവില 15 രൂപയാണ്. ഒരു കിലോ കൈതച്ചക്ക ഉണ്ടാക്കണമെങ്കിൽ കർഷകൻ 22-24 രൂപ മുടക്കണം. ഇങ്ങനെ ആരോടെങ്കിലും ചെയ്യാൻ കഴിയുമോ? കഴിഞ്ഞ പ്രാവശ്യം കോവിഡ് മഹാമാരി വന്നതിന്റെ ഫലമായി 8 രൂപയ്ക്കുപോലും കൈതച്ചക്കയെടുക്കാൻ ആളില്ലായിരുന്നു. ആവശ്യക്കാർ ആരെങ്കിലുമുണ്ടെങ്കിൽ അവരോട് പറിച്ചുകൊണ്ട് പോകാൻ പറഞ്ഞു. ഞാൻ കൊടുത്ത കോവിഡ് കിറ്റിൽ സൗജന്യമായി ഈ കൈതച്ചക്ക ഉൾപ്പെടുത്തി. ഒരു രൂപപോലും കൊടുക്കേണ്ടി വന്നില്ല. ഞാൻ യൂത്ത് കോൺഗ്രസ് പ്രവർത്തകരോട് പറഞ്ഞ് അവർ അവിടെക്കയറി പറിച്ചെടുത്ത് കൊടുത്തു. അത്ര ദയനീയമാണ് കർഷകന്റെ അവസ്ഥ. പക്ഷേ ഇതെല്ലാം നിരാശപ്പെടുത്തുന്ന ചിത്രമാണ്. എങ്കിലും ഞാൻ ആത്മാർത്ഥമായി പറയുന്നു, ഇന്ന് കേരളത്തിന്റെ ഇക്കണോമിയുടെ 53 ശതമാനം സർവ്വീസ് സെക്ടറിലാണ്. അതുകൂടാതെ മറ്റ് മേഖലകളിലെല്ലാം തളർച്ചയാണ്. കർഷകർ ഈ നാടിനുവേണ്ടി, Grow More Food നടപ്പിലാക്കിയെന്നുമാത്രമല്ല, 1970-ലും 1980-ലും ഈ സംസ്ഥാനത്തിന് സാമ്പത്തിക ഉത്തേജനം നൽകിയതും കർഷകരാണ് എന്നത് നമ്മൾ മറന്നുപോകരുത്. സംസ്ഥാനത്തിന്റെ സാമ്പത്തിക നട്ടെല്ലിന് ഊർജ്ജം നൽകിയത് കർഷകരാണ്. പക്ഷേ ഇന്ന് വീണ്ടുമൊരു പ്രതിസന്ധിയിൽ നമ്മുടെ സംസ്ഥാനം എത്തിനിൽക്കുമ്പോൾ ഞാൻ 100 ശതമാനവും ആത്മാർത്ഥമായി പറയാൻ ആഗ്രഹിക്കുന്നു, ഇനി അടുത്തകാലത്ത് ഏതെങ്കിലുമൊരു ഇക്കണോമിക് ആക്ടിവിറ്റി പ്രൊഡക്ടീവാകുകയും അതുവഴി സംസ്ഥാനത്തിന് പണം തരാൻ കഴിയുകയും ചെയ്യുന്നത് കാർഷിക മേഖലയ്ക്കായിരിക്കുമെന്ന്. അതിന് രാഷ്ട്രീയ ഇച്ഛാശക്തിവേണം. അതിന് നടപടികൾ ഉണ്ടാകണം. അദ്ദേഹം ബഡ്ജറ്റിൽ പ്രസംഗിച്ച കാര്യമുണ്ട്. Value added Products, അത് ശരിയാണ്. അതിന്റെ ഒരു ഉദാഹരണംകൂടി പറയാം. നേരത്തെ സൂചിപ്പിച്ച കൈതച്ചക്കയുടെ കാര്യംതന്നെയെടുക്കാം. യു.ഡി.എഫ്. - എൽ.ഡി.എഫ്. സർക്കാർ മുപ്പതും നാൽപ്പതും കോടിയോളം രൂപ മുടക്കിയ ഒരു കമ്പനി അവിടെയുണ്ടെന്നത് ശരിയാണ്. പക്ഷേ രാഷ്ട്രീയ വിഷയങ്ങളിൽപ്പെട്ട് അവിടെ ഇന്ന് പ്രൊഡക്ഷൻ നടക്കുന്നില്ല. നിരവധി കാർഷിക സെമിനാറുകളിലൊക്കെ പങ്കെടുത്തപ്പോൾ ഞാൻ

കേട്ടിട്ടുള്ളതിൽവച്ച് ഏറ്റവും നല്ലൊരു കാര്യമുണ്ട്. നമ്മുടെയൊരു സിവിൽ സർവ്വീസ് ഉദ്യോഗസ്ഥൻതന്നെ പറഞ്ഞൊരു മുദ്രാവാക്യമാണ്. കർഷകൻ ആഗ്രഹിക്കുന്നത് വേറൊന്നുമല്ല. 'A decent income with dignity'. അവന് മതിയായ വരുമാനവും മാന്യതയുമാണ് ആവശ്യം. മൊറട്ടോറിയം അല്ലെങ്കിൽ ടാക്സ് എക്സംപ്ഷൻ അനുവദിക്കണം. വലിയ കോർപ്പറേറ്റുകൾക്ക് എത്രയോ ലക്ഷം കോടി രൂപയാണ് നമ്മൾ കൊടുക്കുന്നത്. കാരണമെന്താണ്; അവന്റെ പ്രവർത്തനം നിന്നാൽ ഇക്കണോമി ഷേക്ക് ചെയ്യപ്പെടുമെന്നുള്ള പേടിയാണ്. അതുകൊണ്ട് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംഘടിത ലോബികളായിട്ടുള്ളവർക്കുവേണ്ടി പറയാനും പ്രവർത്തിക്കാനും തയ്യാറാകും. കർഷകനുവേണ്ടി പറയാൻ ആളില്ല. പക്ഷേ ഈ ഇക്കോണമിയുടെ വലിയൊരു ബേസ് കർഷകന്റേതാണ് എന്നത് നമ്മൾ വിസ്മരിക്കരുത്. ഒരുകാര്യം ഈ സർക്കാരിന് ചെയ്യാൻ കഴിയും. കർഷകന്റെ മക്കൾക്ക് എഡ്യൂക്കേഷൻ ലോൺ കിട്ടാൻ എന്ത് പ്രയാസമാണ്! ബാക്കിയുള്ളവരെ സംബന്ധിച്ച് ഒരുപാട് സാദ്ധ്യതയുണ്ട്. വിദ്യാതരംഗിണി, വിദ്യാലക്ഷ്മി പോലെയുള്ള വായ്പകളുടെയൊന്നും പ്രയോജനം കർഷകരിൽ എത്തില്ല. കേവലം നമ്മുടെ സഹകരണ ബാങ്കുകളിലുള്ള കാർഷിക വായ്പയ്ക്ക് ഒരു മൊറട്ടോറിയം പ്രഖ്യാപിക്കേണ്ടതല്ലേ? ഇനി ഇവിടെ കർഷക ആത്മഹത്യ നടന്നാൽ മാത്രമേ നമ്മുടെ കണ്ണ് തുറക്കൂ എന്നുള്ള അവസ്ഥ മാറണം. ഇന്ന് എത്രയോ പുതിയ സാദ്ധ്യതകളുണ്ട്. മറ്റ് രാജ്യങ്ങൾ ചെയ്യുന്നത് നമ്മൾ നോക്കണം. മറ്റ് രാജ്യങ്ങൾ കർഷകരെ താങ്ങിനിർത്തുന്നതിന് കാരണമുണ്ട്. കാരണം, അവർ ഭക്ഷണം ഉൽപ്പാദിപ്പിക്കുന്നു എന്നത് മാത്രമല്ല, അവരുടെ സോഷ്യൽ ക്യാപിറ്റൽ എന്നത് വളരെ വലുതാണ്, അത് നമ്മളാരും കൗണ്ട് ചെയ്യുന്നില്ല. സോഷ്യൽ ക്യാപിറ്റൽ എങ്ങനെയാണ്? പ്രകൃതി സംരക്ഷണത്തിനുവേണ്ടി സ്വാഭാവികമായി ചെടികൾ വച്ചുപിടിപ്പിക്കുന്നവരോ അല്ലെങ്കിൽ മരങ്ങൾ നട്ടുവളർത്തുന്നവരോ ആണ് കർഷകർ. അവർ മണ്ണിൽ അദ്ധ്വാനിക്കുന്നവരാണ്. അവർക്ക് രോഗങ്ങൾ കുറവായിരിക്കും. മാത്രമല്ല, പ്രകൃതി സംരക്ഷണത്തിന്റെയും രാജ്യ സേവനത്തിന്റെയും പാതയിലാണവർ. ആ സോഷ്യൽ ക്യാപിറ്റൽ നമ്മൾ കാണുന്നില്ല. മറിച്ച് കേവലം സംഖ്യകളുടെ പേരിൽമാത്രം ഈ കാർഷികവൃത്തിയെ നോക്കുന്നത് ശരിയല്ല. ആഗ്രോമെട്രോണിക്സ് എന്നൊരു പുതിയ കോഴ്സുണ്ട്. അത് നമ്മുടെ ഈ സംസ്ഥാനത്ത് കൊണ്ടുവരണം. കാർഷിക സർവ്വകലാശാലയും കൃഷി, ധനകാര്യം, ഭക്ഷ്യം എന്നീ വകുപ്പുകളും അതിനാവശ്യമായ നിലപാടുകൾ സ്വീകരിക്കണം. നല്ല ഭക്ഷണം നമുക്ക് ആവശ്യമാണ്. നല്ല ഭക്ഷണത്തിനുവേണ്ടി നമ്മുടെ നാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് മാർക്കറ്റ് ഉണ്ടാക്കിക്കൊടുത്താൽ, വിൽക്കാനുള്ളൊരു സാഹചര്യം കർഷകന് കൊടുത്താൽ, നമുക്കുള്ള മാർക്കറ്റുകൾ ഉപയോഗപ്പെടുത്താനുള്ളൊരു സാദ്ധ്യതയുണ്ടായാൽ

തീർച്ചയായും ഇവിടത്തെ കർഷകരുടെ കാര്യത്തിൽ മാറ്റംവരും. മുന്നോട്ടുള്ള യാത്രയിൽ സാമ്പത്തികമായി സംസ്ഥാനത്തെ കരകയറ്റാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ സർക്കാർ ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടത്, ഏറ്റവും കൂടുതൽ ഊന്നൽ നൽകേണ്ടത് കാർഷിക മേഖലയ്ക്കാണെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുന്നു. നന്ദി.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണയ്ക്കുകയാണ്. ടോക്കിയോ ഒളിമ്പിക്സിൽ ഇന്ത്യയുടെ ശ്രീ. നീരജ് ചോപ്ര വളരെ അഭിമാനകരമായ നേട്ടമാണ് കരസ്ഥമാക്കിയത്. ഇന്ന് നമ്മുടെ നിയമസഭ അദ്ദേഹത്തിന് ആദരവ് പ്രകടിപ്പിക്കുകയുണ്ടായി. രാജ്യത്തിന്റെ യശസ്സ് വാനോളമുയർത്തിയ ശ്രീ. നീരജ് ചോപ്ര ഒരു കർഷക പുത്രൻ കൂടിയാണ് എന്നത് നമുക്കെല്ലാവർക്കും അഭിമാനമുണ്ടാക്കുന്ന കാര്യമാണ്. നമ്മുടെ രാജ്യത്ത് ഒരു കർഷക സമരം നടക്കുകയാണ്. ഇന്ന് ക്വിറ്റ് ഇന്ത്യാ ദിനം കൂടിയാണ്. പാർലമെന്റിന് മുന്നിൽ ആ സമരം തുടരുകയാണ്. ആ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് രാജ്യത്തുടനീളം ശക്തമായ സമര പരിപാടികളാണ് നടന്നുകൊണ്ടിരിക്കുന്നത്. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ വേണ്ടത്ര ചർച്ചകളില്ലാതെയാണ് പാർലമെന്റ് മൂന്ന് കർഷക നിയമങ്ങൾ പാസ്സാക്കിയത്. കരാർ കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. വിപണി കോർപ്പറേറ്റുകൾക്ക് കയ്യടക്കുന്നതിനുവേണ്ടിയുള്ള അവസരമാണ് കേന്ദ്ര സർക്കാർ ഒരുക്കിക്കൊടുത്തത്. താങ്ങുവില നഷ്ടപ്പെടുന്ന അവസ്ഥയാണ് കർഷകനുണ്ടായത്. അവശ്യസാധന നിയമത്തിൽ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷപോലും അപകടത്തിലാക്കിക്കൊണ്ട് കോർപ്പറേറ്റുകളെ സഹായിക്കുക എന്നുള്ള നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. കൃഷി, കൃഷിഭൂമി എന്നിവയെല്ലാം കോർപ്പറേറ്റുകൾക്ക് അടിയറവ് വയ്ക്കുന്ന കേന്ദ്ര സർക്കാരിന്റെ കർഷകവിരുദ്ധ നയങ്ങൾക്കെതിരായുള്ള ഉജ്ജ്വലമായ സമരമാണ് നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്. കർഷകരെ ഇവർ എങ്ങനെയാണ് നേരിട്ടത്; അവരുടെ വഴികൾ അടച്ചു, ജലപീരങ്കി പ്രയോഗിച്ചു, അവർക്കുനേരെ നിറയൊഴിച്ചു, അവരെ രാജ്യദ്രോഹികളെന്നും തീവ്രവാദികളെന്നും വിളിച്ചു. കർഷകർക്ക് രാജ്യ ദ്രോഹികളാകാനോ തീവ്രവാദികളാകാനോ കഴിയില്ല. മണ്ണിന്റെ മണമുള്ള, ജനങ്ങളെ അന്നമൂട്ടുന്ന കർഷകനാണ് യഥാർത്ഥ രാജ്യസ്നേഹി. അല്ലാതെ കർഷകരെ അധിക്ഷേപിക്കുന്ന വർഗ്ഗീയവാദികളായ കേന്ദ്ര ഭരണകർത്താക്കളല്ല. 500-ൽ അധികം ആളുകളാണ് ആ കർഷക സമരത്തിൽ പങ്കെടുത്ത് മരണപ്പെടുന്ന സാഹചര്യമുണ്ടായത്. കാർഷിക മേഖലയുടെ തകർച്ചയെ സംബന്ധിച്ചൊക്കെ ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്

ഇത് പറയാനുള്ള ധാർമ്മിക അവകാശമുണ്ടോ? കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ശ്രീ. രാഹുൽ ഗാന്ധി ട്രാക്ടറിൽ പാർലമെന്റിന്റെ മുന്നിലേയ്ക്ക് വന്ന കാഴ്ച കണ്ടു, നല്ല കാര്യമാണ്. അത് കണ്ടപ്പോൾ ചിലപ്പോൾ കോൺഗ്രസ്സുകാർക്ക് കുളിര് കോരിയിട്ടുണ്ടാകും. ആഗോള വൽക്കരണത്തിന്റെയും സബ്സിഡിയുടെയുമൊക്കെ കാര്യം അദ്ദേഹം പറഞ്ഞു. സബ്സിഡി ഇല്ലാതാക്കിയത്, കാർഷികവിരുദ്ധ നയങ്ങൾക്ക് ഈ രാജ്യത്ത് തുടക്കം കുറിച്ചത് കോൺഗ്രസ്സല്ലേ? ഇവർ ആഗോളവൽക്കരണ നയം നടപ്പിലാക്കി. അന്ന് തുടങ്ങിയതാണ് കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. ഗാട്ട് കരാർ നടപ്പിലാക്കി കാർഷിക മേഖലയിൽ വലിയ പ്രതിസന്ധിയുണ്ടാക്കി. ആസിയാൻ കരാർ നടപ്പിലാക്കാൻ പോയപ്പോൾ ഈ രാജ്യത്തെ കർഷക പ്രസ്ഥാനങ്ങളും ഇടതുപക്ഷവും പറഞ്ഞു, നിങ്ങൾ അത് നടപ്പിലാക്കരുതെന്ന്. ഇവർ എന്താണ് അപ്പോൾ പറഞ്ഞത്? ഇവർ പറഞ്ഞത് 'നിങ്ങൾ ഇടതുപക്ഷം കർഷകർക്കെതിരാണ്. കർഷകരെ നന്നാവാൻ അനുവദിക്കില്ല' എന്നാണ്. ആസിയാൻ കരാർ നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കാർഷിക മേഖലയുടെ വൻ തകർച്ചയാണ് നമ്മുടെ രാജ്യത്ത് ഉണ്ടായത്. കർഷകർ ആത്മഹത്യ ചെയ്യുന്ന സാഹചര്യമുണ്ടായി. നമ്മുടെ കേരളം ആസിയാൻ രാജ്യങ്ങളുടെ കാലാവസ്ഥയുള്ള രാജ്യമാണ്, അവിടത്തെ കാർഷിക ഉൽപ്പന്നങ്ങളാണ് ഇവിടെയുള്ളത്. ആ കാർഷിക ഉൽപ്പന്നങ്ങൾക്ക് വില കിട്ടാത്ത സാഹചര്യമുണ്ടായി, റബ്ബർ, കുരുമുളക്, ഏലം ഉൾപ്പെടെയുള്ള കാർഷിക ഉൽപ്പന്നങ്ങൾക്ക്, നാണ്യവിളകൾക്ക് വില കിട്ടാത്ത സാഹചര്യമുണ്ടാക്കിയത് കോൺഗ്രസ്സല്ലേ? കോൺഗ്രസ്സ് നടപ്പിലാക്കിയ ആ സാമ്പത്തിക നയങ്ങളാണ് ബി.ജെ.പി. പിന്തുടരുന്നത്. ബി.ജെ.പി. രാജ്യത്ത് അധികാരത്തിൽ വരാൻ അവസരമുണ്ടാക്കിയത് കോൺഗ്രസ്സല്ലേ? കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്ന് ബി.ജെ.പി. പറഞ്ഞു, വരുമാനം ഇരട്ടിയാക്കിയില്ലെന്നുമാത്രമല്ല, കർഷകരുടെ വരുമാനം കുറയുന്ന സാഹചര്യവുമുണ്ടായി. മാത്രമല്ല, നമ്മുടെ രാജ്യത്ത് കർഷക ആത്മഹത്യകൾ വർദ്ധിക്കുന്ന സാഹചര്യമാണ് ഉണ്ടായത്. ഈ രാജ്യത്തെ കർഷക വിരുദ്ധ നിലപാടിന്റെ കാര്യത്തിൽ കോൺഗ്രസ്സും ബി.ജെ.പി.-യും അനിയൻ ബാവയും ചേട്ടൻ ബാവയുമാണ്. അവിടെയാണ് ഒരു സംസ്ഥാന സർക്കാരിന്റെ ഇച്ഛാശക്തിയോടുകൂടിയുള്ള നടപടികളെ നമ്മൾ കാണേണ്ടത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കർഷകർക്കുവേണ്ടി ശക്തമായ നിലപാട് സ്വീകരിച്ച ഗവൺമെന്റാണ്. ഒരു കർഷക ഗവൺമെന്റാണ് ഇടതുപക്ഷ ഗവൺമെന്റെന്നുപറഞ്ഞാൽ അതിശയോക്തിയില്ല. എൽ.ഡി.എഫ്. സർക്കാർ നിരവധിയായിട്ടുള്ള പ്രവർത്തനങ്ങളാണ് കാർഷികമേഖലയ്ക്കുവേണ്ടി നടപ്പിലാക്കിയത്. കാർഷിക കടാശ്വാസ കമ്മീഷൻ നേരത്തെ രൂപീകരിച്ചത്

ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്താണ്. നെൽവയൽ നീർത്തട സംരക്ഷണ നിയമം നടപ്പിലാക്കിക്കൊണ്ട് കാർഷിക മേഖലയെ സംരക്ഷിക്കുന്നതിനുള്ള നിലപാടെടുത്തത് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരാണ്. ധാരാളം ക്ഷേമനിധികൾ കേരളത്തിലുണ്ട്. കർഷകർക്കൊരു ക്ഷേമനിധി വേണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിലെ കർഷകർക്കുവേണ്ടി രാജ്യത്തിനാകെ മാതൃകയായി ഒരു കർഷക ക്ഷേമനിധി ബോർഡ് കൊണ്ടുവന്നത്. പഴം, പച്ചക്കറി എന്നിവയുടെ താങ്ങുവില സംബന്ധിച്ച ചർച്ചകൾ ഉണ്ടാകാറുണ്ട്. ഇന്ത്യയിൽത്തന്നെ മാതൃകയായി പഴത്തിനും പച്ചക്കറിക്കും താങ്ങുവില ഏർപ്പെടുത്താൻ നിലപാട് സ്വീകരിച്ച ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. 'സുഭിക്ഷ കേരളം പദ്ധതി'- കോവിഡ് കാലത്ത് ഭക്ഷണം കിട്ടാൻ വളരെ ആശങ്കയോടെനിന്ന സമയത്ത് കേരളത്തിലെ പ്രിയങ്കരനായ മുഖ്യമന്ത്രി ജനങ്ങളോട് പറഞ്ഞു, ഞങ്ങൾ 'സുഭിക്ഷ കേരളം' പദ്ധതി പ്രഖ്യാപിക്കുന്നു. എല്ലാപേരും മണ്ണിലേയ്ക്കും പാടത്തേയ്ക്കും ഇറങ്ങണം, കൃഷി വ്യാപിപ്പിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. മുൻ കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ജനങ്ങൾ മുഴുവൻ ഏറ്റെടുത്തു. കേരളത്തിൽ മുമ്പൊരിക്കലും ഉണ്ടാകാത്ത തരത്തിലുള്ള കാർഷിക മുന്നേറ്റമാണ് നമുക്ക് കാണാൻ കഴിഞ്ഞത്. അതാണ് ഒരു ഗവൺമെന്റിന്റെ ഇച്ഛാശക്തി. ഇവിടെ കാർഷികോൽപ്പാദനം വർദ്ധിച്ചുവെന്ന യാഥാർത്ഥ്യം നിങ്ങൾ കാണാതിരുന്നിട്ട് കാര്യമുണ്ടോ? ഇത് കണക്കുകളാണ്. അവരുടെ കാലത്ത് (2016-17) 4.52 ലക്ഷം ടൺ നെല്ല് ഉൽപ്പാദനമാണ് ഉണ്ടായിരുന്നതെങ്കിൽ, 2020-21-ൽ 7.26 ലക്ഷം ടണ്ണായി അത് വർദ്ധിപ്പിക്കാൻ കഴിഞ്ഞു. 65749 ഹെക്ടർ ഭൂമിയിൽ കൃഷി വ്യാപിപ്പിക്കാനുള്ള നടപടിയും ഉണ്ടായി. പച്ചക്കറിയുടെ കാര്യത്തിലും ഈ വർദ്ധനവ് വരുത്താൻ കഴിഞ്ഞു. ഇന്ത്യയിൽത്തന്നെ നെല്ല് സംഭരണത്തിന് ഏറ്റവും കൂടുതൽ പണം കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് നടപടിയെടുത്ത ഗവൺമെന്റാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ്. 150 രൂപ 170 ആയി വർദ്ധിപ്പിച്ചത് എൽ.ഡി.എഫ്. സർക്കാരാണ്. അത് വീണ്ടും വർദ്ധിപ്പിക്കുമെന്നുള്ള നിർദ്ദേശമാണ് എൽ.ഡി.എഫ്.-ന്റെ പ്രകടനപ്പത്രികയിൽ മുന്നോട്ടുവച്ചിരിക്കുന്നത്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും നിങ്ങൾ തകർത്തുവെങ്കിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളേയും ലാഭകരമാക്കി മാറ്റുന്ന നടപടി സ്വീകരിച്ചതുൾപ്പെടെ നിരവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

ഇവിടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെ സംബന്ധിച്ച കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അഞ്ച് അഗ്രോപാർക്കുകൾ സ്ഥാപിച്ചുകൊണ്ട് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് പ്രോത്സാഹനം കൊടുക്കുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. തേൻ, വാഴപ്പഴം എന്നിവയ്ക്കായി നാലഞ്ച് അഗ്രോപാർക്കുകളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. മരച്ചീനി വളരെ പ്രധാനപ്പെട്ട ഒരു കാർഷിക വിളയാണ്. മരച്ചീനി ഉൽപ്പാദനം കൂടിയപ്പോൾ അത് സംഭരിക്കാനുള്ള നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നൽകുകയുണ്ടായി. മരച്ചീനിയിൽനിന്ന് ബന്ധപ്പെട്ട് മൂല്യവർദ്ധിത ഉല്പന്നങ്ങളടക്കം ഉണ്ടാക്കിയെടുക്കുന്നതിനുവേണ്ടി ഒരു അഗ്രോപാർക്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റു പല സംസ്ഥാനങ്ങളിലും കശുമാങ്ങ, ജാതിക്കത്തോട്, കാന്താരി മുളക്, ഏത്തപ്പഴം ഇതിൽനിന്നെല്ലാം പലതരത്തിലുള്ള വൈൻ ഉൾപ്പെടെയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അത് കർഷകരെ സഹായിക്കുന്നതിന് വേണ്ടിയുള്ള നടപടികളാണ്. പഴം, പച്ചക്കറി എന്നിവയുടെ താങ്ങുവില വർദ്ധിപ്പിക്കുന്ന കാര്യം ഗൗരവമായി ആലോചിക്കണം. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കാനും അവർക്ക് കൃത്യമായ വില ലഭിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കണം. കൃഷി വകുപ്പിൻകീഴിൽ ഓയിൽ പാം, S.F.C.K. (State Farming Corporation of Kerala), P.C.K. (The Plantation Corporation of Kerala Ltd) തുടങ്ങിയ നിരവധി പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. റബ്ബർ ഉൾപ്പെടെയുള്ള കാർഷിക ഉൽപ്പന്നങ്ങൾക്ക് വിലകുറഞ്ഞ സാഹചര്യത്തിൽ വൈവിദ്ധ്യവൽക്കരണം നടപ്പിലാക്കിക്കൊണ്ട് ഈ പൊതുമേഖലാ സ്ഥാപനങ്ങളെ കൂടുതൽ ലാഭകരമാക്കി മാറ്റുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

എല്ലാവർക്കും കുടിവെള്ളമെത്തിക്കുകയെന്നുള്ള ശക്തമായ നിലപാടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. പുനലൂർ എന്നുപറഞ്ഞാൽ കുടിവെള്ളത്തിന്റെ നാട് എന്നാണർത്ഥം. പുനലൂരിൽനിന്ന് ഒട്ടനവധി സ്ഥലങ്ങളിലേയ്ക്ക് കുടിവെള്ളമെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കല്ലടയാറ്റിൽ വേനൽക്കാലത്ത് വെള്ളത്തിന്റെ ദൗർലഭ്യം പലപ്പോഴും ഉണ്ടാകുന്നു. കല്ലടയാറ്റിൽ ഒരു തടയണ നിർമ്മിച്ചുകൊണ്ട്, അതിനുള്ള പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ ആരംഭിക്കേണ്ടതുണ്ട്. ഈ വിഷയം നേരത്തെതന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്, അദ്ദേഹത്തിനറിയാവുന്ന കാര്യവുമാണ്. പുനലൂരിൽ ഒരു പുതിയ കുടിവെള്ള പദ്ധതി ആരംഭിക്കണം. അതിന്റെ പ്രാധാന്യവും പ്രസക്തിയുമെല്ലാം ബഹുമാനപ്പെട്ട മന്ത്രിക്കറിയാം, അതുൾപ്പെടെയുള്ള കാര്യങ്ങൾകൂടി പരിഗണിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി ഞാൻ പിന്തുണയ്ക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ജനകീയാസൂത്രണത്തിന്റെ രജതജൂബിലി ആഘോഷങ്ങളുമായി ബന്ധപ്പെട്ട് ബഹുമാന്യനായ പഞ്ചായത്ത് വകുപ്പുമന്ത്രി എല്ലാ പഞ്ചായത്തുകളിലേയ്ക്കും 29-07-2021-ന് കത്തയച്ചിട്ടുണ്ട്. 1988-89 കാലഘട്ടങ്ങളിൽ രാജീവ് ഗാന്ധിയുടെ പരിശ്രമഫലമായി 73, 74 എന്നീ ഭരണഘടനാ ഭേദഗതികൾ അംഗീകരിച്ച് അധികാരം ജനങ്ങളിലേയ്ക്ക് എത്തിച്ച പ്രവർത്തനമാണ് ജനകീയാസൂത്രണ സംവിധാനമെന്ന് പറയുന്നത്. കേരളത്തിൽ 1996-ലാണ് ജനകീയാസൂത്രണം ആരംഭിച്ചത്. അധികാരം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി അന്ന് നല്ല പ്രവർത്തനം നടത്തിയെന്നത് മറക്കുന്നില്ല. പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചു. അതിൽ നമുക്ക് അഭിമാനമുണ്ട്. അതിന് എല്ലാപേരുടേയും പിന്തുണയുണ്ടായിരുന്നു. കേരള നിയമസഭയിൽ എം.പി.എം. അഹമ്മദ് കുരിക്കൾ പഞ്ചായത്ത് മന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് അധികാര വികേന്ദ്രീകരണത്തിനുള്ള ശ്രമങ്ങൾ നടത്തി മുന്നോട്ട് പോയിരുന്നത്. ഇന്ന് അധികാര വികേന്ദ്രീകരണം നടത്തിയത് ഞങ്ങളാണെന്ന് പറഞ്ഞുകൊണ്ട് മുന്നോട്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനും അങ്ങേയ്ക്കും ചരിത്രം പരിശോധിച്ചാൽ ഇപ്പോൾ അത് വളരെ പരിതാപകരമായ അവസ്ഥയിലാണെന്ന് കാണാൻ കഴിയും. ജനകീയാസൂത്രണം അധികാരം ജനങ്ങളിലേയ്ക്ക് എത്തിക്കുകയെന്ന് പറഞ്ഞ് തുടങ്ങിയതാണെങ്കിലും ഇന്ന് അധികാരം മുഴുവൻ കേന്ദ്രീകരിക്കുന്ന നിലപാടാണ് കാണാൻ സാധിക്കുന്നത്.

എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് ഒരുകാര്യം മാത്രംപറയുന്നു. മദ്യശാലകൾ ആരംഭിക്കാൻ പഞ്ചായത്തിനുണ്ടായിരുന്ന അധികാരം എടുത്തുകളഞ്ഞ് അത് ഗവൺമെന്റിൽ നിക്ഷിപ്തമാക്കി. ഗവൺമെന്റാണ് ഇപ്പോൾ തീരുമാനിക്കുന്നത്. അതിന്റെ ഫലമായി രാജ്യത്തുതന്നെ ഏറ്റവും കൂടുതൽ മയക്കുമരുന്ന് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത് കേരളത്തിലാണെന്ന് അന്വേഷണ ഏജൻസികൾ വളരെ വ്യക്തമായി പറഞ്ഞിരിക്കുകയാണ്. ഞാൻ അതിന്റെ വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല.

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി നടത്തിയിരുന്ന ഒരുപാട് പദ്ധതികൾ തിരിച്ചുകൊണ്ടുവന്ന് അധികാര കേന്ദ്രീകരണം നടത്തി വിവിധ മിഷനുകൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കേരളത്തിൽ ആരംഭിച്ചു. ഹരിതകേരളം, ലൈഫ് മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ആർദ്രം മിഷൻ എന്നിവയാണവ. ഒരു നിർവ്വഹണ ഏജൻസിപോലെ പഞ്ചായത്തുകളെ കണ്ടുകൊണ്ട് ഈ മിഷനുകളുടെയൊക്കെ പ്രവർത്തനം നടത്താൻ പഞ്ചായത്തുകളെ ഏൽപ്പിച്ചുവെന്ന കൃത്യമായ വസ്തുതയാണ് അതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്.

1.00 PM]

സമയം ഏറെയാകുമെന്നതിനാൽ ഇതുസംബന്ധിച്ച വിശദീകരണത്തിലേയ്ക്ക് കടക്കുന്നില്ല. ഇത്തരം മിഷനുകൾ നടത്തുന്നതിനുള്ള ഏജൻസിയായി പഞ്ചായത്തുകളെ തരംതാഴ്ത്തി അവയുടെ അധികാരം എടുത്തുകളഞ്ഞു. ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള അധികാരം നേരത്തെ ഗ്രാമസഭകളിലൂടെ പഞ്ചായത്തുകൾക്കായിരുന്നു. ഗ്രാമസഭകളിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുണ്ടായിരുന്ന അധികാരം ഒഴിവാക്കി ലൈഫ് മിഷൻ, പി.എം.എ.വൈ. (Pradhan Mantri Awaas Yojana) ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കിയപ്പോൾ, അധികാര വികേന്ദ്രീകരണം എവിടെയെന്ന് അതിന്റെ രജത ജൂബിലി ആഘോഷം നടത്തുമ്പോൾ ജനങ്ങൾക്ക് മുമ്പിൽ പറയാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കണം. സുഭിക്ഷ കേരളം, ടേക്ക് എ ബ്രേക്ക്, നിലാവ് തുടങ്ങിയ അനവധി പദ്ധതികളുണ്ടെങ്കിലും അവയുടെ നിർവ്വഹണം പ്രസ്തുത ഏജൻസികൾക്കപ്പുറത്ത് പഞ്ചായത്തുകളുടെ പരിപൂർണ്ണ നേതൃത്വത്തിലാണ്. എന്നാൽ അതിനായി പ്രത്യേകം ഫണ്ട് പഞ്ചായത്തുകൾക്ക് നൽകുന്നുമില്ല. പഞ്ചായത്തുകളുടെ തനതുഫണ്ടിൽനിന്നും തുക ചെലവഴിച്ച് ജനങ്ങൾക്കുവേണ്ടി ചെയ്യേണ്ട പ്രവൃത്തികൾക്ക് അനുവാദം ലഭിക്കാതെ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്ന ഗവൺമെന്റ് ഏജൻസിയായി പഞ്ചായത്തുകൾ താഴ്ന്നുപോകുമ്പോൾ അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് പറയുന്നതിൽ അർത്ഥമില്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ പരിഗണിച്ചുകൊണ്ട് ഒരു ജാഗ്രതാ സമിതി ഉണ്ടാക്കാനായി തീരുമാനിച്ചത് കഴിഞ്ഞ യു.ഡി.എഫ്. മന്ത്രിസഭയുടെ കാലത്താണ്. അന്നത്തെ മന്ത്രി, ഡോ. എം. കെ. മുനീർ ഇവിടെയുണ്ട്. പഞ്ചായത്ത് മെമ്പർ, വക്കീൽ, വനിതാ പോലീസ് ഉദ്യോഗസ്ഥ എന്നിവർ അംഗങ്ങളായ ആ സമിതിക്ക് സ്റ്റാറ്റ്യൂട്ടറി പവർ ഉണ്ടാകണമെന്ന് അദ്ദേഹം ഉദ്ദേശിച്ചതായാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. നിയമപരമായ അധികാരമുള്ള ആ സമിതിക്ക് നാട്ടിലും വീടുകളുടെ അകത്തളങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങളെക്കുറിച്ച് പരിശോധിക്കാനും വിശകലനം ചെയ്യാനും അക്രമികൾക്കെതിരെ നടപടി സ്വീകരിക്കാനുമുള്ള അധികാരം നൽകുന്ന നിലപാട് സ്വീകരിച്ചിരുന്നു. എന്നാൽ ഇന്ന് ആ ബിൽ ഫ്രീസറിൽ വച്ച് പുറത്തെടുക്കാതെ നിൽക്കുന്ന അവസ്ഥയിലാണ്. ആ ബിൽ പുറത്തെടുത്ത് നിയമമാക്കി നടപ്പിലാക്കിയാൽ നാട്ടിലിന്ന് കാണുന്ന, സ്ത്രീകളുടെയും കുട്ടികളുടെയും നേർക്കുള്ള അതിക്രമങ്ങൾക്ക് ഒട്ടേറെ പരിഹാരം കാണാൻ സാധിക്കുമെന്ന് സൂചിപ്പിക്കാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്.

പദ്ധതി വർഷത്തെ സ്പിൽ ഓവർ തുക സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് എല്ലാവർക്കും അറിയാവുന്നതിനാൽ ഞാൻ വിശദീകരിക്കുന്നില്ല. സാമ്പത്തിക വർഷം ബാക്കിവരുന്ന തുക സ്പിൽ ഓവർ ആയി ലഭിക്കേണ്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രത്യേക അവകാശം ഇന്ന് പഞ്ചായത്തുകൾക്കില്ല. സ്പിൽ ഓവർ തുക ലഭ്യമായിരുന്നത് ഏകപക്ഷീയമായി നിർത്തലാക്കിയതും പ്രസ്തുത തുക ക്യാരി ഓവറായി കൊണ്ടുപോകാനുള്ള തീരുമാനമെടുത്തതും കഴിഞ്ഞ അഞ്ചുവർഷം കൊണ്ടാണ്. ട്രഷറി ബിൽ 'ക്യൂവിൽ' എന്ന ഒരു നിലപാട് ഇന്ന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ട്. ട്രഷറികളിൽനിന്നും പണം ലഭ്യമാകുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇല്ലാത്തതുകൊണ്ട് പഞ്ചായത്തുകൾ അനുഭവിക്കുന്ന പ്രയാസങ്ങൾ അങ്ങേയ്ക്ക് വളരെ വ്യക്തമായി അറിയാം. ഇക്കാര്യത്തിൽ അടിയന്തരമായി തീരുമാനം ഉണ്ടാകണം. കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിക്കപ്പെട്ട ധാരാളം പദ്ധതികളുണ്ട്. ജനങ്ങളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട അത്തരം പദ്ധതികൾ പരിപൂർണ്ണമായും എല്ലാവരുടെയും സഹകരണത്തോടെ നടപ്പിലാക്കേണ്ടതുതന്നെയാണ്. പക്ഷേ ഇത്തരം പദ്ധതികളിലൊക്കെ നടപ്പിലാക്കുന്ന പ്രവർത്തനംമാത്രം ഏറ്റെടുത്തുകൊണ്ട് പഞ്ചായത്തുകൾ മുമ്പോട്ടു പോകുന്ന അവസ്ഥാവിശേഷമാണുള്ളത്. ബ്രേക്ക് ദി ചെയിൻ, ഡിസ്ഇൻഫെക്ഷൻ, ക്വാറന്റൈൻ തുടങ്ങി ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ പഞ്ചായത്തുകൾക്ക് പ്രയാസമുണ്ടാക്കുന്നുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഈ സമയത്ത് താഴേത്തട്ടിലുള്ള ജനങ്ങൾക്ക് ഭരണഘടനാനുസൃതമായി അധികാരം ലഭിച്ചിരുന്ന സന്ദർഭത്തെ ഒഴിവാക്കിക്കൊണ്ട് പഞ്ചായത്തിനെ ഗവൺമെന്റിന്റെ ഏജൻസിയാക്കിമാറ്റുന്ന നിലപാടിൽ മാറ്റംവരുത്തണമെന്നും പഞ്ചായത്തുകൾക്ക് അധികാരം കൃത്യമായി നൽകണമെന്നും ആവശ്യപ്പെടുകയാണ്. ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. ആശ്രിത നിയമനത്തിന്റെ അനുപാതം 20:1 എന്ന നിലയ്ക്ക് സൂപ്പർ ന്യൂമററി തസ്തികകൾ ഒഴിവാക്കിക്കൊണ്ട് നടപ്പിലാക്കേണ്ടതാണെങ്കിലും ഇതിൽ ധാരാളം അപാകതകൾ നഗരസഭകളിലും മറ്റ് ഏജൻസികളിലുമൊക്കെ നടന്നുകൊണ്ടിരിക്കുന്നത് പരിഹരിക്കാനാവശ്യമായ നടപടികൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കുടിവെള്ള, ജലസേചന പദ്ധതികളിൽ ശരിയായ പരിപാലന മുണ്ടാകുന്നില്ലെന്നും സംസ്ഥാനത്തെ ആയിരക്കണക്കിന് ജലസ്രോതസ്സുകൾ നശിക്കുന്ന അവസ്ഥ നിലവിലുണ്ടെന്നുമുള്ള കാര്യങ്ങളാണ് വകുപ്പുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഇവയുടെ പരിപാലനത്തിനായി ജലവിഭവ വകുപ്പിന് വ്യക്തമായ പദ്ധതികളില്ലാത്തതിന്റെ പോരായ്മയുണ്ട്. കുളങ്ങൾ, അരുവികൾ, ചാലുകൾ,

കിണറുകൾ, തോടുകൾ മുതലായ ജലസ്രോതസ്സുകളെ സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ ഒരു സർവ്വേ നടത്തേണ്ടതും അവയെല്ലാം സംരക്ഷിക്കുന്നതിനാവശ്യമായ ഒരു പദ്ധതിയും മാസ്റ്റർ പ്ലാനും സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വാട്ടർ അതോറിറ്റിയിലേയ്ക്കുള്ള തുക അടയ്ക്കാത്ത ഉപഭോക്താക്കൾക്ക് കൃത്യമായി ഡിസ്കണക്ഷൻ നോട്ടീസ് നൽകി തുക പിരിച്ചെടുത്തിരുന്നുവെങ്കിൽ വാട്ടർ അതോറിറ്റി കൊണ്ടുവന്ന ചാർജ്ജ് വർദ്ധനവ് ഒഴിവാക്കാമായിരുന്നു. വാട്ടർ അതോറിറ്റിക്ക് 1,111.54 കോടിയിലധികം രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ഇതിൽ ഗാർഹിക ഉപഭോക്താക്കളിൽനിന്നും 242.71 കോടി രൂപയും ഗാർഹികേതര ഭാഗമായി 859.89 കോടി രൂപയും വ്യവസായ മേഖലകളിൽനിന്നും 9.94 കോടി രൂപയും ലഭിക്കാനുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ശാക്തീകരണത്തിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂർ ശിപാർശചെയ്ത ശാക്തീകരണ നടപടികൾ അടിയന്തരമായി നടപ്പിലാക്കണം എന്നാവശ്യപ്പെടുകയാണ്. ഇത്തരത്തിൽ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ഇന്നനുഭവിക്കുന്ന പ്രശ്നങ്ങൾക്കൊക്കെ പരിഹാരം കാണുന്നതിനായി പഞ്ചായത്തുകളെ സാമ്പത്തികമായി സഹായിക്കുന്ന നടപടി സ്വീകരിക്കണം. അതോടൊപ്പം പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനായി പഞ്ചായത്തുകളിൽ ആവശ്യമായ ഉദ്യോഗസ്ഥരെ ലഭിക്കാത്ത വളരെ പ്രയാസകരമായ അവസ്ഥ നിലവിലുണ്ട്. പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെ നൽകുകയും കുറ്റമറ്റരീതിയിൽ അവ നടപ്പിലാക്കുന്നതിന് അധികാരവികേന്ദ്രീകരണ ജനാധിപത്യത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് അധികാരം നൽകിക്കൊണ്ട് സ്വയംപര്യാപ്തമായ ഭരണകേന്ദ്രങ്ങളാക്കി മാറ്റാനുള്ള നടപടി ഈ രജതജ്രൂബിലി ആഘോഷത്തിന്റെ ഭാഗമായെങ്കിലും ഉണ്ടാകണം എന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, നമ്മളെയെല്ലാം തീറ്റിപ്പോറ്റുന്നതും നമുക്കാവശ്യമായ അരിയും ഗോതമ്പും പച്ചക്കറികളും പാലും മറ്റും ഉത്പാദിപ്പിക്കുന്നതും കർഷകരാണ്. കർഷകനില്ലെങ്കിൽ നമുക്ക് ജീവിക്കാൻ കഴിയില്ല. പക്ഷേ കർഷകന്റെ സ്ഥിതി പരിതാപകരമാണ്. കേരളത്തിൽ ഇരുപത്തിയഞ്ച് ലക്ഷം ഹെക്ടർ കൃഷിഭൂമിയുണ്ട്. ഉത്പാദനം, സംസ്കരണം (മൂല്യവർദ്ധിത വസ്തുക്കളാക്കി മാറ്റുക), വിപണനം എന്നീ മൂന്ന് കാര്യങ്ങൾ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ മണ്ണിന്റെ ഗുണനിലവാരം എവിടെ നിൽക്കുന്നുവെന്ന കാര്യം നാം ഗൗരവമായി ചിന്തിക്കേണ്ടതാണ്. ഇവിടെ ശ്രദ്ധിക്കേണ്ട മൂന്ന് ഘടകങ്ങളുണ്ട്. അതിൽ ഒന്നാമത്തേത് മണ്ണിന്റെ PH-ആണ്.

മണ്ണിന്റെ ' ideal PH' 7 ആണ്. എന്നാൽ കേരളത്തിലെ പ്രളയങ്ങളെല്ലാം കഴിഞ്ഞപ്പോൾ അത് 5 -ലേയ്ക്ക് താഴ്ന്നിരിക്കുകയാണ്, അത് വർദ്ധിപ്പിക്കണം. മണ്ണ് പരിശോധിക്കാൻ ലബോറട്ടറികളിലേയ്ക്കൊന്നും പോകേണ്ടതില്ല, ഇപ്പോൾ PH മീറ്ററുകൾ വിപണിയിൽ ലഭ്യമാണ്. അത് മണ്ണിൽ കുത്തിനോക്കിയാൽ PH കൃത്യമായി കാണിക്കും. അത് ഏഴാണെങ്കിൽ മാത്രമേ വളം വലിച്ചെടുത്ത് ചെടികൾ വളരുകയുള്ളൂ. PH മീറ്ററുകൾ നമ്മുടെ എത്ര കൃഷിഭവനുകളിലുണ്ട്? ചോദ്യോത്തരവേളയിൽ ഇതേ ചോദ്യത്തിന് മറുപടിയായി, 'ഇപ്പോൾ ഒരിടത്തുമില്ല, കൊടുക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്' എന്ന ഉത്തരമാണ് ലഭ്യമായത്. PH മീറ്റർ ഉപയോഗിച്ചാൽ കർഷകന് ലാബിൽ കൊണ്ടുപോയി മണ്ണ് പരിശോധിക്കാതെതന്നെ റിസൾട്ട് കിട്ടും. രണ്ടാമത്തെ കാര്യം മണ്ണിന്റെ ജൈവാംശമാണ്. മൂന്ന് ശതമാനമെങ്കിലും ജൈവാംശം ഉണ്ടെങ്കിൽ മാത്രമേ ഉത്പാദനം ഉണ്ടാകുകയുള്ളൂ. എന്നാൽ ഇന്ന് അത് വളരെ താഴെയാണ്. അതിന്റെ ഫലമായി മഴപെയ്താൽ വെള്ളം മണ്ണിലേയ്ക്ക് താഴുന്നതിനുപകരം ഒഴുകിപ്പോകുകയാണ്. മണ്ണിന്റെ ജലസംഭരണശേഷി വർദ്ധിപ്പിക്കാനും വേനലിനെ അതിജീവിക്കാനും ജൈവാംശം വർദ്ധിപ്പിക്കണം. അതുപോലെ മണ്ണിലെ മെഗ്നീഷ്യത്തിന്റെ അളവ് വളരെ താഴ്ന്നുപോയിരിക്കുന്നു. ഇക്കാര്യങ്ങളെല്ലാം നേരെയാക്കിയാൽ മാത്രമേ ഉത്പാദനം വർദ്ധിക്കുകയുള്ളൂ.

നമ്മുടെ കൃഷിഭൂമിയിൽ ഏറ്റവുമധികം കൃഷി ചെയ്യുന്നത് തെങ്ങാണ്. തെങ്ങ് എണ്ണത്തിൽ വളരെ കൂടുതലാണെങ്കിലും ഉത്പാദനക്ഷമതയിൽ ആന്ധ്രയ്ക്കും തമിഴ്നാടിനും കർണ്ണാടകയ്ക്കും പിന്നിലായാണ് കേരളത്തിന്റെ സ്ഥാനം. തേങ്ങയുടെ ഉത്പാദനം വർദ്ധിപ്പിക്കണമെങ്കിൽ തീർച്ചയായും മണ്ണിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കണം. വിത്തുഗുണം പത്തുഗുണം എന്നാണല്ലോ പറയാറുള്ളത്. അതുകൊണ്ട് നല്ലയിനം തെങ്ങിൻതൈകൾ നട്ട് തേങ്ങയുടെ ഉത്പാദനം വർദ്ധിപ്പിക്കണം. സ്വാമിനാഥൻ കമ്മീഷൻ മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിച്ച 23 ഇനങ്ങളിൽ കേരളത്തിൽ തേങ്ങയ്ക്ക് 28 രൂപ മാത്രമാണുള്ളത്. ആ തുക തരാൻ കേന്ദ്ര ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. സംസ്ഥാന ഗവൺമെന്റ് അതിൽ കൂടുതൽ മുടക്കി ആ 28 രൂപയും വാങ്ങിക്കത്തക്കവണ്ണം വലിയതോതിലുള്ള സംഭരണമുണ്ടാകണം. ഇപ്പോൾ ഒരു കിലോ പച്ചത്തേങ്ങയ്ക്ക് 34 രൂപ വിലയുണ്ട്. അതിന്റെ വില കൂട്ടിനിശ്ചയിക്കാൻ നമുക്കവകാശമുണ്ട്. ഡീസെൻട്രലൈസ്ഡ് പ്രൊക്യുവർമെന്റ് പ്രോഗ്രാം 1997-ൽ കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചതനുസരിച്ച് തേങ്ങയുടെ സംഭരണവില വർദ്ധിപ്പിച്ചുകൊണ്ട് കൃഷിക്കാരെ സംരക്ഷിക്കാൻ കഴിയും. അതുപോലെ തേങ്ങയുടെ മൂല്യവർദ്ധിത വസ്തുക്കളെന്ന് പറയുന്നത് 200-ഓളം ഐറ്റംസാണ്. ഫിലിപ്പൈൻസിലാണ് ഏറ്റവുംകൂടുതൽ തെങ്ങ്

കൃഷിയുള്ളത്. ഇവിടെ എത്രയുണ്ട്? വെർജിൻ കോക്കനട്ട് ഓയിൽ - നാലിരട്ടിയോ അഞ്ചിരട്ടിയോ വില കിട്ടുന്നതാണ്. വൻതോതിൽ കയറ്റുമതി സാദ്ധ്യതയുണ്ട്. ഇവിടെ നമുക്ക് ഉണ്ടാക്കാൻ കഴിയുന്നുണ്ടോ? വെളിച്ചെണ്ണയിൽ ഫാറ്റ് കൂടുതലാണെന്നുപറഞ്ഞ് അമേരിക്കക്കാർ വെർജിൻ കോക്കനട്ട് ഓയിൽ 3-4 തുള്ളി കഴിച്ചിട്ടാണ് രാവിലത്തെ ഭക്ഷണം കഴിക്കുന്നത്. അത്തരത്തിലുള്ള മൂല്യവർദ്ധിത വസ്തുക്കൾ തേങ്ങയിൽനിന്ന് ഉല്പാദിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഹോളണ്ട് സമുദ്രനിരപ്പിൽനിന്ന് താഴെയുള്ള സ്ഥലമാണ്. ഏറ്റവും കൂടുതൽ ഉല്പാദനക്ഷമതയുള്ള രാജ്യമായി മാറിയിരിക്കുന്നു. കുട്ടനാട്ടിലെ ആവർത്തിച്ചുള്ള വെള്ളപ്പൊക്ക പ്രശ്നം പരിഹരിക്കാൻ, വർഷങ്ങൾ കൊണ്ടുണ്ടാക്കിയ തോട്ടപ്പള്ളി സ്പിൽവേ വഴി പമ്പ, അച്ചൻകോവിൽ എന്നീ രണ്ട് നദികളിലെ വെള്ളം ഒഴുക്കിവിടേണ്ടതാണ്. 300 മീറ്റർ വീതിയാണ് അവിടെയുള്ളത്. പക്ഷെ അങ്ങോട്ടുള്ള വീയപുരത്തുനിന്നുള്ള ലീഡിംഗ് ചാനൽ 10 കി. മീറ്റർ ആണ്. അതിന്റെ വീതി 70 മീറ്ററായി ചുരുക്കിയിരിക്കുന്നു. അത് വീണ്ടും 300 മീ. വീതിയിലാക്കി പമ്പയിലെയും അച്ചൻകോവിലിലെയും വെള്ളം തോട്ടപ്പള്ളിയിലേയ്ക്ക് ഒഴുക്കിവിട്ടാൽ കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ കഴിയും. ഞാൻ ജലസേചന വകുപ്പുമന്ത്രിയായിരുന്നപ്പോൾ സ്കീം തയ്യാറാക്കി. ബഹുമാനപ്പെട്ട അംഗം തോമസ് ഐസക്കും അത് പ്രഖ്യാപിച്ചു, അത് നടപ്പിലാക്കാൻ കഴിഞ്ഞില്ല. ശ്രീ. റോഷി അഗസ്റ്റിനോട് എനിക്ക് പറയാനുള്ളത് തോട്ടപ്പള്ളി സ്പിൽവേ ഫലപ്രദമാക്കണം. വീയപുരത്തെ ലീഡിംഗ് ചാനലിന്റെ വീതിയും ആഴവും വർദ്ധിപ്പിച്ച് ഈ രണ്ട് നദികളിലെ വെള്ളം തോട്ടപ്പള്ളിയിലേയ്ക്ക് ഒഴുക്കിയാൽ കുട്ടനാട്ടിലെ ജനങ്ങൾ രക്ഷപ്പെടും, കുട്ടനാട് നമ്മുടെ വലിയ സമ്പത്താണ്. ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u> : സർ, ഇന്ന് ഇവിടെ അവതരിപ്പിച്ച ഏഴ് ധനാഭ്യർത്ഥനകളെയും ഞാൻ പിൻതാങ്ങുന്നു. എനിക്കുമുമ്പ് സംസാരിച്ച പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഇവിടെ ഒരു കാര്യം ചൂണ്ടിക്കാണിച്ചു. അധികാരവികേന്ദ്രീകരണം ഇല്ലായ്മ ചെയ്യുകയാണെന്ന നിലയിലാണ് അദ്ദേഹം സംസാരിച്ചത്. ഭരണഘടനാ ഭേദഗതി 73, 74 പ്രകാരം രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്താണ് ബിൽ പാസ്സാക്കിയത്. അത് കൃത്യമായി നടപ്പിലാക്കിയിട്ടില്ല. അധികാരവികേന്ദ്രീകരണം ശരിയായ രീതിയിൽ നടപ്പിലാക്കിയിട്ടുള്ള ഏക സംസ്ഥാനം കേരളമാണെന്ന് പറയാതിരിക്കാൻ കഴിയില്ല. ഞാൻ ആൾ ഇന്ത്യ മേയർ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി

സെക്രട്ടറിയാണ്. അവിടെ നടക്കുന്ന മീറ്റിംഗുകളിൽ നമ്മുടെ അധികാരങ്ങളും നമുക്ക് ലഭിക്കുന്ന തുകയും പറഞ്ഞപ്പോൾ അവർ അതിശയിച്ചുപോയി. രാജീവ്ഗാന്ധിതന്നെ അന്ന് പറഞ്ഞിരുന്നത് മഹാത്മാ ഗാന്ധിയുടെ ഗ്രാമസ്വരാജ് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിലേയ്ക്കാണ് ഇത് കൊണ്ടുപോകുന്നതെന്നാണ്. ഇന്നും രാജസ്ഥാൻ, പഞ്ചാബ്, എന്നീ സംസ്ഥാനങ്ങളിൽ കോൺഗ്രസ് ഭരിക്കുന്നുണ്ട്. എവിടെയെങ്കിലും എന്തെങ്കിലും അധികാരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നല്കിയിട്ടുണ്ടോ? ഇവിടെ പൂർണ്ണമായും അധികാരം നല്കിയിട്ടില്ലേ? പദ്ധതി വിഹിതത്തിന്റെ 35-40 ശതമാനം തുക കൃത്യമായി കൈമാറുകയാണ്. കേരളത്തിൽ ഇത്രയധികം വികസനമുണ്ടാക്കാൻ സാധിച്ചത് തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയതിന്റെ ഭാഗമായാണ്. എല്ലാ നിലയിലും എല്ലാം നല്കാൻ സാധിച്ചിട്ടുള്ളത് ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ ഇരുന്നതുകൊണ്ടുമാത്രമാണ്. എല്ലാ മേഖലകളുമെടുത്ത് പരിശോധിച്ചാൽ നമുക്കത് മനസ്സിലാക്കാൻ കഴിയും. യു.ഡി.എഫ്. സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പിനെ ഗ്രാമവികസനം, പഞ്ചായത്ത്, നഗരകാര്യം എന്നീ മൂന്ന് വകുപ്പുകളായി വിഭജിച്ചു. അതിൽനിന്ന് വ്യത്യസ്തമായി കഴിഞ്ഞ ഗവൺമെന്റ് അഞ്ച് വകുപ്പുകൾകൂടി ഇതിനോടൊപ്പം കൂട്ടിച്ചേർത്തു. ഞാൻ 1979 മുതൽ 2005 വരെ തദ്ദേശസ്വയംഭരണ വകുപ്പിൽ തുടർച്ചയായി ഇരുന്ന ആളാണ്. അതിനുശേഷം 2015 മുതൽ 2020 വരെയുമുണ്ടായിരുന്നു. അധികാരവികേന്ദ്രീകരണം തുടങ്ങിയ കാലത്ത് ഞാൻ ഡെപ്യൂട്ടി മേയറാണ്. ഞങ്ങൾക്ക് ചിന്തിക്കാൻപോലും കഴിയാത്തത്രയും പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ പറ്റിയ കാലഘട്ടമായിരുന്നു അത്. കാരണം നാല് ഗഡുക്കളായി കൃത്യമായി പണം നല്കിയിരുന്നു. കോഴിക്കോട് കോർപ്പറേഷനിൽ മാത്രം ഏകദേശം 160-180 കോടി രൂപയാണ് ഒരു വർഷം നല്കിയത്. ചിന്തിക്കാൻപോലും പറ്റുന്ന അവസ്ഥയായിരുന്നില്ല. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്താണ് ഇങ്ങനെ പറഞ്ഞതെന്നെനിക്ക് മനസ്സിലായില്ല. അദ്ദേഹം അവിടെ ഇരുന്നിട്ടുണ്ടെന്ന് തോന്നുന്നില്ല. അല്ലെങ്കിൽ ആ ഒരു അർത്ഥത്തിൽ അദ്ദേഹം ഇത് പറയാൻ സാദ്ധ്യതയില്ല. കാരണം എല്ലാ തലത്തിലും പൂർണ്ണമായ അധികാരമുണ്ടായിരുന്നു. മറ്റ് സംസ്ഥാനങ്ങളിലെ മേയർമാരൊക്കെ വലിയ ആളുകളും വലിയ ധനാഢ്യന്മാരുമാണ്. ഞാനൊരു പരിപാടിക്ക് പോയപ്പോൾ ഞെട്ടിപ്പോയി സ്റ്റേജിൽ മേയർ താഴെയും കമ്മീഷണർ മുകളിലും ഇരിക്കുന്നു. നിങ്ങൾ എന്താണ് ഈ കാണിക്കുന്നത്, ഇങ്ങനെയാണോ ചെയ്യേണ്ടത് എന്ന് ഞാൻ ചോദിക്കുകയും നിങ്ങൾ കേരളത്തിൽ വന്നാൽ എങ്ങനെയാണ് വേണ്ടതെന്ന് കാണാൻ കഴിയുമെന്നും പറയുകയും ചെയ്തു. സെക്രട്ടറി ഒഴികെ ഏത് ഉദ്യോഗസ്ഥനെയും സസ്പെൻഡ് ചെയ്യാനുള്ള അധികാരം

കൗൺസിലിന് പൂർണ്ണമായുമുണ്ട്. ഇതൊക്കെ വേറെ എവിടെയെങ്കിലും കൊടുത്തിട്ടുണ്ടോ? ഗാന്ധിജി വിഭാവനം ചെയ്തത് സത്യത്തിൽ എവിടെയാണ് എത്തി നില്ക്കുന്നതെന്ന് അവരോട് ചോദിക്കേണ്ടതാണ്. നമുക്ക് ഒരുപാട് കാര്യങ്ങളാണ് ചെയ്യാൻ സാധിച്ചിട്ടുള്ളത്. നാല് മിഷൻ രൂപീകരിച്ചതുൾപ്പെടെ എല്ലാം നടപ്പിലാക്കിയത് ആരാണ്? നമ്മൾ താഴെത്തട്ടിലുള്ള ജനങ്ങളുമായിട്ടല്ലേ ഏറ്റവും കൂടുതൽ സമ്പർക്കത്തിലേർപ്പെടുന്നത്? ഗ്രാമസഭകളും വാർഡ് സഭകളും എപ്പോഴും വിളിച്ചുകൂട്ടുന്നില്ലേ? എല്ലാം കൃത്യമായി ഇപ്പോഴും നടക്കുന്നുണ്ട്. കോവിഡ് വന്നപ്പോൾ ഇതിന്റെ മുഴുവൻ പ്രവർത്തനങ്ങളും നടത്തിയത് ആരാണ്? തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശക്തമായ ഇടപെടലുകളാണ് അക്കാര്യത്തിലുണ്ടായത് എന്നതിൽ ഒരു സംശയവുമില്ല. എഫ്.എൽ.ടി.സി.-കൾ രൂപീകരിക്കുന്ന കാര്യത്തിലുൾപ്പെടെ ചെറിയ തോതിലല്ല ഇടപെട്ടത്. ഭക്ഷണമെത്തിക്കുന്ന ആവശ്യത്തിലേയ്ക്കായി എത്ര ജനകീയ ഹോട്ടലുകളാണ് തുറക്കാൻ സാധിച്ചത്. ഒരു പ്രയാസവുമില്ലാതെ നമുക്ക് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചു. മുനിസിപ്പാലിറ്റികൾ കൂടുതലും ഭരിക്കുന്നത് യു.ഡി.എഫ്. ആണ്. അതിലൊന്നും ഗവൺമെന്റ് ഒരു വിവേചനവും കാണിച്ചിട്ടില്ല. എല്ലാവർക്കും കൃത്യമായി പണം നല്കി. കൃത്യമായ അധികാരങ്ങൾ നല്കി. വലിയ മാറ്റമല്ലേ യഥാർത്ഥത്തിൽ ഉണ്ടായത്? ഇന്ത്യയ്ക്ക് മാതൃകയായിട്ടുള്ള ഒന്നാണ് യഥാർത്ഥത്തിൽ നടപ്പിലാക്കിയത്.

മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത് ബിൽഡിംഗ് പെർമിറ്റ് നല്കുന്നതിലെ അഴിമതി സംബന്ധിച്ചാണ്. ബിൽഡിംഗ് പെർമിറ്റ് നല്കുന്നതിൽ ഏറ്റവും മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച സുലേഖ ഇന്റലിജൻസ് സോഫ്റ്റ്‌വെയർ കോഴിക്കോട് കോർപ്പറേഷനിലാണ് ആദ്യമായി കൊണ്ടുവന്നത്. മലബാർ ചേംബർ ഓഫ് കൊമേഴ്സാണ് മുഴുവൻ ചെലവും വഹിച്ചിട്ടുള്ളത്. വരച്ചുകൊടുക്കുന്ന പ്ലാനിൽ ചട്ടങ്ങളിൽനിന്നും എന്തെങ്കിലും വ്യതിചലനമുണ്ടെങ്കിൽ അപ്പോൾത്തന്നെ റിജക്ട് ചെയ്യുന്ന സംവിധാനമാണത്. അല്ലെങ്കിൽ തോന്നിയ രീതിയിൽ പ്ലാൻ വരച്ചുകൊടുത്ത് പലവിധ പ്രശ്നങ്ങളുണ്ടാക്കുമായിരുന്നു. ഇക്കാര്യത്തിൽ ഒരു നിർദ്ദേശംകൂടി വയ്ക്കാനുണ്ട്. ആർക്കിടെക്റ്റുകളായാലും എൽ.ബി.എസ്. ആയാലും റൂൾസിന് വിരുദ്ധമായി പ്ലാൻ വരച്ചുകൊടുക്കാൻ പാടില്ല. പക്ഷേ അതാണ് പലപ്പോഴും ചെയ്യുന്നത്. നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന്റെ പ്രധാന കാരണം അതാണ്. IBPMS (Intelligent Building Plan Management System) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഇപ്പോൾ കൃത്യമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അതുകൂടി പൂർണ്ണമായാൽ ഈ മേഖലയിൽ നടക്കുന്ന അഴിമതികൾ ഇല്ലാതാക്കുന്നതിന് സാധിക്കും.

തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രാഥമിക ചുമതല ശുചീകരണമാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് ആദ്യമായി കോഴിക്കോട് കോർപ്പറേഷനിൽ വേസ്റ്റ് ടു എനർജി എന്ന പ്രോജക്റ്റ് നടപ്പിലാക്കി. പ്രവൃത്തി പൂർത്തിയായാൽ സമീപ പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും ഉൾപ്പെടുത്തി മുന്നൂറ് ടൺ മാലിന്യം ഒരു ദിവസം സംസ്കരിക്കാനുള്ള നടപടികളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. സ്ട്രീറ്റ് ലൈറ്റുകളുടെ കാര്യം എടുത്തുപറയേണ്ടതുണ്ട്. അതുപോലെ 'നിലാവ്' പദ്ധതിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. കർണ്ണാടകയിലുള്ള CUNIX എന്ന കമ്പനിയെ ഏൽപ്പിച്ചിരിക്കുകയാണ്. എനർജി ചാർജ്ജ് കൊടുക്കുന്നതിൽ ഒരു സെക്ഷനിൽ രണ്ടുലക്ഷം രൂപയുടെ വ്യത്യാസമാണ് വരുന്നത്. കുടുംബശ്രീ രൂപീകരിച്ചു. അഡീഷണൽ ചീഫ് സെക്രട്ടറി ഇവിടെയുണ്ട്; അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ചില ചെറിയ കേസുകൾ പരാജയപ്പെട്ടുപോയിട്ടുണ്ടെന്നത് ശരിയാണ്. പക്ഷേ നൂറിൽ നാലെണ്ണത്തിൽ എന്തെങ്കിലും പ്രശ്നങ്ങൾ പറ്റിയാൽ അത് ആകെ മോശമാണെന്ന് പറയാൻ സാധിക്കുമോ? എത്രപേർക്കാണ് ജീവിതമുണ്ടാക്കി കൊടുക്കാൻ സാധിച്ചിട്ടുള്ളത്; എത്ര മേഖലകളിലാണ് പ്രവർത്തിക്കാൻ കഴിഞ്ഞത്? സ്ത്രീകൾക്ക് ചില കാര്യങ്ങളൊന്നും ചെയ്യാൻ കഴിയുമെന്ന് ഒരു കാലഘട്ടത്തിൽ നമുക്കറിയില്ലായിരുന്നു. എന്നാൽ ഇന്ന് ആ ധാരണ മാറ്റിയെടുക്കാൻ സാധിച്ചിട്ടുണ്ട്.

എക്സൈസ് വകുപ്പിലെ വിമുക്തി മിഷനിൽ ചെറിയ പ്രവർത്തനമല്ല കാഴ്ചവച്ചിട്ടുള്ളത്. ലഹരി വലിയതോതിൽ സമൂഹത്തെ വേട്ടയാടിക്കൊണ്ടിരിക്കുന്ന, ഭാവി തലമുറയെ നശിപ്പിക്കുന്ന നിലയിലേയ്ക്ക് വളർന്നുകൊണ്ടിരിക്കുന്ന കാഴ്ച കാണാൻ സാധിക്കും. കർശനമായ ഇടപെടലുകൾ നടത്തി അത് തടയുന്നതിന് എല്ലാവരുടെയും സഹകരണം ആവശ്യമാണ്.

ജലസേചന വകുപ്പിനെ സംബന്ധിച്ചിടത്തോളം കോഴിക്കോട് ശുദ്ധജലവിതരണത്തിൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിലാണ് വെള്ളം കിട്ടിയിരുന്നത്. ഇപ്പോൾ ജൈക്കയുടെ വരവോടുകൂടി, അതിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്തതോടുകൂടി വെള്ളത്തിലെ പ്രഷർ കൂടിയതുകൊണ്ട് നിരവധി സ്ഥലങ്ങളിൽ പൈപ്പ് പൊട്ടിയൊലിക്കുന്ന അവസ്ഥയുണ്ട്. അതൊരു ചെറിയ പ്രശ്നമല്ല ഉണ്ടാക്കുന്നത്; റോഡുകളും തകർന്നുപോകുന്നു. പണമില്ലാത്തതുകാരണം പൊട്ടിയ പൈപ്പുകൾ റിപ്പെയർ ചെയ്യാൻ സാധിക്കാത്ത അവസ്ഥ പലപ്പോഴും ഉണ്ടാകാറുണ്ട്. അതുപോലെ പൂനൂർ പുഴയുടെ ഒരു വലിയഭാഗത്ത് മരങ്ങളും മറ്റുപലതും വീണ് അടഞ്ഞുകിടക്കുന്നതുകാരണം മഴ പെയ്താൽ വെള്ളം കയറുന്ന അവസ്ഥയുണ്ട്. ആ ഭാഗത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും കുറച്ചുകൂടി ആഴം കൂട്ടുകയും

ചെയ്താൽ ആ പ്രശ്നങ്ങൾ മുഴുവൻ പരിഹരിക്കാൻ സാധിക്കും. എല്ലാ നിലയിലും രാജ്യത്തിന് മാതൃകയായിട്ടുള്ള നിലയിൽ നമുക്ക് മുന്നോട്ട് പോകാൻ കഴിയും. ഈ ധനാഭ്യർത്ഥനയെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, എക്സൈസിനകത്ത് വെള്ളം ചേർത്ത് പഞ്ചായത്തിൽ കയറി കൃഷിഭവനിൽനിന്നും തൈയും വാങ്ങി ജലസേചനം നടത്താനുള്ള സമയമില്ലാത്തതുകൊണ്ട് ജലസേചന വകുപ്പിനെ കുറിച്ച് മാത്രം സംസാരിക്കാനാണ് ഉദ്ദേശിക്കുന്നത്. 'മീനുകളുടെ ആകാശവും പറവകളുടെ ലോകവും' എന്ന അർഷാദ് ബത്തേരിയുടെ ഒരു കഥയുണ്ട്. അക്വേറിയത്തിലെ മീനുകളെ പുഴയുടെ സ്വാതന്ത്ര്യത്തിലേയ്ക്ക് എത്തിക്കാൻവേണ്ടി രണ്ടുകുട്ടികൾ നടത്തിയ ശ്രമമാണ് അതിൽ പറയുന്നത്. പക്ഷേ അവർ അവിടെ ചെന്നപ്പോൾ ആ പുഴ അവിടെ ഇല്ലായിരുന്നു. പുഴകളെ നിങ്ങൾ എവിടെയാണ് എന്ന് ചോദിച്ചുകൊണ്ടാണ് കഥ അവസാനിക്കുന്നത്. ഒരു പക്ഷേ കുട്ടികളുടെ രോദനമാണ് അതിൽ കാണാൻ കഴിയുന്നത്. ഒരു കാലഘട്ടത്തിൽ പുഴകൾക്കുണ്ടായിരുന്ന സൗന്ദര്യമെല്ലാം നഷ്ടപ്പെട്ട് മലിനമാക്കപ്പെട്ട ഒരു കാലഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ കുട്ടികളുടെ രോദനത്തിന് ഒരുപാട് അർത്ഥതലങ്ങളുണ്ട്. ഞാനും ഒരു തലമുറയുമെല്ലാം ഇന്നും ആസ്വദിക്കുന്ന 'പെരിയാറേ നീ പർവ്വതനിരയുടെ പനിനീരാണ് ' എന്ന് പറഞ്ഞ പഴയ ഗാനം ഇപ്പോഴും കേൾക്കാറുണ്ട്. പെരിയാർ ഇന്ന് പനിനീരാണോ എന്നുള്ളത് ഞാൻ പറയേണ്ട കാര്യമില്ല. മലകളും പുഴകളുമെല്ലാം ഭൂമിയുടെ സ്ത്രീധനങ്ങളാണെന്ന് പാടിയ വയലാറിനെപോലുള്ള കവികൾ ഒരു കാലഘട്ടത്തിൽ മലയാളത്തിന്റെ ഭാവഭംഗിയുള്ള കവിതകളിലൂടെ പുഴകളെയും പ്രകൃതിയെയും സ്നേഹിക്കുകയും ഒരു തലമുറയെ അതിനോട് കൂട്ടിച്ചേർത്ത് നിർത്താൻ ശ്രമിച്ചവരുമാണ്. ഭൂമിയുടെ ചോരയാണ് വെള്ളമെന്നുപറഞ്ഞ പ്രശസ്തനായ എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. ഇന്ന് ആ കാലമെല്ലാം പോയി. പ്രകൃതി യഥാർത്ഥത്തിൽ ഒരുപാട് മാറി. പുഴകളെല്ലാം മലിനപ്പെട്ടിരിക്കുകയാണ്. അതെല്ലാം കയ്യേറ്റങ്ങളുടെ ഭാഗമായി മാറുന്നു. നദികൾക്ക് യഥാർത്ഥത്തിൽ അതിരുകളില്ല എന്നതാണ് പ്രശ്നം. അതിന്റെ അതിരുകൾ പഞ്ചായത്തുകളുടെയും റവന്യൂ, ഇറിഗേഷൻ വകുപ്പുകളുടെ കൈവശവുമാണ്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്, വനങ്ങൾക്ക് ജെണ്ട കെട്ടുന്നതുപോലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് പുഴയെ അതിന്റെ സ്വാഭാവികതയിലേയ്ക്ക് ഒഴുക്കിവിടാനുള്ള ശ്രമം അങ്ങയുടെ കാലഘട്ടത്തിൽ തീർച്ചയായും ഉണ്ടാകണമെന്നാണ്. നമ്മൾ എപ്പോഴും നദികളെക്കുറിച്ച് മാത്രമാണ് പറയുന്നത്. യഥാർത്ഥത്തിൽ നദികളെയല്ല ആദ്യം സംരക്ഷിക്കേണ്ടത്. നദികളിലേയ്ക്ക് ഒഴുകിവരുന്ന ചെറിയ അരുവികളുടെ

സംരക്ഷണത്തിലൂടെ മാത്രമേ പുഴയിലെ മാലിന്യത്തെ ഇല്ലാതാക്കാൻ കഴിയുകയുള്ളൂ. ഞാൻ ഇതിന്റെ ഏറ്റവും വലിയ ഉദാഹരണം കോട്ടയത്ത് കണ്ടതാണ്. മീന്തലയാർ - മീനച്ചിലാർ പ്രോജക്ടുമായി ബന്ധപ്പെടുത്തി അരുവികൾ സംരക്ഷിച്ചുകൊണ്ട് മീനച്ചിലാറിലെ മാലിന്യത്തെ ഒരു പരിധിവരെ തടയാൻ നടത്തുന്ന വലിയ ശ്രമമുണ്ട്. അതിന്റെ മറ്റൊരു പ്രത്യേകത ഉത്തരവാദിത്വ ബോധമുള്ള ജനകീയ ഇടപെടൽ അവിടെയുണ്ടായി എന്നുള്ളതാണ്. കൃഷിയുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് നൽകുന്ന പ്രവർത്തനങ്ങളും പഴയ തോടുകളെ പുനരുജ്ജീവിപ്പിച്ച നടപടികളും മാതൃകാപരമാണ്. അതോടൊപ്പം യഥാർത്ഥത്തിൽ ആരാണ് നദിയുടെ അവകാശിയെന്ന് ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് വെള്ളം, റവന്യൂ വകുപ്പിന് മണൽ, വശങ്ങളിലൊക്കെയുള്ളത് പഞ്ചായത്തിന് എന്നിങ്ങനെ വ്യക്തമായൊരു അവകാശി ഇല്ലാത്ത അവസ്ഥയുണ്ട്. അതുകൊണ്ട് ഇതിന്റെ അവകാശം കൃത്യമായി സ്ഥാപിക്കണം. ജലസേചന വകുപ്പിനുകീഴിൽ ധാരാളം ഡാമുകളുണ്ട്. ഒരു കാലഘട്ടത്തിൽ മലമ്പുഴ പ്രദേശത്ത് തുടങ്ങിയതുപോലെ ഡാമുകളിലെല്ലാം ആ പ്രദേശത്തിന്റെ സംസ്കാരികതയെ ഉൾക്കൊള്ളുന്ന, ഹൈഡൽ ടൂറിസം പോലെയുള്ള, കെ.എസ്.ഇ.ബി.എൽ. ചെയ്യുന്നതുപോലെയുള്ള പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള നടപടി തീർച്ചയായും ഉണ്ടാകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്. ശ്രീ. പി. ജെ. ജോസഫ് സംസാരിച്ചപ്പോൾ മണിമലയാറിനെ അദ്ദേഹം വിസ്മരിച്ചുപോയി. യഥാർത്ഥത്തിൽ മണിമലയാറുംകൂടി ചേർന്നാണ് കുട്ടനാട്ടിൽ വെള്ളത്തിന്റെ പ്രശ്നമുണ്ടാക്കുന്നത്. ഒന്നാംമൈൽ മുതൽ പള്ളുരുത്തി വരെയുള്ള ഭാഗം വീതി കൂട്ടിയെങ്കിൽ മാത്രമേ കുട്ടനാട്ടിലെ പ്രശ്നം പരിഹരിക്കാൻ കഴിയൂ. അക്കാര്യത്തിൽ ഇടപെടലുണ്ടാകണം. പീച്ചിയിൽ വലിയൊരു ഇൻസ്റ്റിസ്റ്റ്യൂട്ട് ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ പുഴകളെയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ വിവിധ പ്രവർത്തനങ്ങളെയും കുറിച്ച് നാളെകളിൽ കുട്ടികൾക്ക് അറിയുന്നതിനായി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നല്ലൊരു മ്യൂസിയം സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞുവെന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എന്റെ നിയോജക മണ്ഡലത്തിലെ മണിമലയാറുമായി ബന്ധപ്പെട്ട് 26 പദ്ധതികളുണ്ട്. എരുമേലിയിൽ സീസൺ കാലത്ത് വരുന്ന മലിനജലം വളരെ കൂടുതലാണ്. അതുകൊണ്ട് പുഴയിലെ മലിനജലം നിയന്ത്രിക്കാനുള്ള സംവിധാനം ഉണ്ടാക്കിയെടുക്കുക എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്.

എന്റെ നിയോജകമണ്ഡലത്തിൽ മൂന്ന് പഞ്ചായത്തുകൾക്കുവേണ്ടി വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് 130 കോടി രൂപയുടെ പദ്ധതി

നടപ്പിലാക്കിയിട്ടുണ്ട്. അതിനുള്ള അംഗീകാരം എത്രയും വേഗം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. ജലസേചനരംഗത്ത് ആദ്യമായൊരു നിർദ്ദേശമുണ്ടാക്കിയത് കെ. എം. മാണി സാറാണ്. അദ്ദേഹത്തിന്റെ പേരിൽ ജലസേചന സാമൂഹ്യ പദ്ധതിക്ക് നേതൃത്വം നൽകിയ സംസ്ഥാന ഗവൺമെന്റിനെ ഞാൻ വളരെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കഴിഞ്ഞദിവസം വാട്ടർ സോഴ്സ് സന്ദർശിച്ചത് ഞാൻ കാണാനിടയായി. പുഴകളിലെ മാലിന്യം ഇല്ലാതാക്കാനുള്ള നല്ലൊരു പദ്ധതി എന്ന നിലയിൽ സംസ്ഥാനത്ത് വാട്ടർ സോഴ്സ് സ്കീം നടപ്പാക്കാൻ കഴിയുമോയെന്നുള്ളത് പരിശോധിക്കണം. സമയപരിധിമൂലം മറ്റുകാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. കാലാവസ്ഥാവ്യതിയാന കാലഘട്ടത്തിൽ ഏതാണ്ട് ആറുമാസത്തോളമായി വെള്ളവുമായി ബന്ധപ്പെട്ട് ജനങ്ങൾ വളരെയേറെ ദുരിതത്തിലാണെന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ള മറ്റൊരു കാര്യം. ജലജീവൻ മിഷനുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുമ്പോൾ സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടികളുണ്ടാകണം. പ്രജകൾ അനുഭവിച്ച വരൾച്ച സ്വന്തം ദുഃഖമായി കരുതിയ ലോമപാദരുടെ കഥ പുരാണങ്ങളിലുണ്ട്. തീർച്ചയായും അത്തരം ലോമപാദന്മാരുടെ കഥയുടെ കാലം അവസാനിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ കാലഘട്ടത്തിൽ ഋഷ്യശൃംഗന്മാരായി കടന്നുവന്ന് വീണ്ടും ഈ പുഴയേയും പ്രകൃതിയേയുമെല്ലാം പുനരുജ്ജീവിപ്പിക്കാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ഞാൻ ഈ ഏഴ് ധനാഭ്യർത്ഥനകളെയും ശക്തമായി പിന്തുണയ്ക്കുകയാണ്. പ്രാദേശിക സർക്കാരുകൾ പ്രാദേശിക വികസന രംഗത്ത് ലോകോത്തര മാതൃക സൃഷ്ടിച്ച ജനകീയാസൂത്രണത്തിന് 25 വയസ്സ് പൂർത്തിയാകുന്ന പ്രത്യേക സന്ദർഭമാണ് കേരളത്തിൽ നിലവിലുള്ളത്. ജനകീയാസൂത്രണം ആരംഭിക്കുന്ന ഘട്ടത്തിൽ ഗ്രാമസഭകളെയും ആ സംവിധാനത്തെയും വലിയ പരിഹാസമായിരുന്നു. അധികാരവും സമ്പത്തും വിഭവങ്ങളും നാട്ടിലെ പ്രാദേശിക സർക്കാരുകൾക്ക് നൽകി സാധാരണക്കാരന്റെ വികസന സ്വപ്നങ്ങൾക്ക് നിറംപകർന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ആ വികസന കാഴ്ചപ്പാടാണ്. എന്തൊരു വലിയ മാറ്റമാണ് നമ്മുടെ നാട്ടിലുണ്ടായത്. സയൻസ്, ടെക്നോളജി എന്നിവയുടെ വളർച്ചയും സമൂഹത്തിലുണ്ടായിരിക്കുന്ന വലിയ മാറ്റത്തിനുമനുസരിച്ച് 25 വർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ കാലഘട്ടത്തിന് യോജിച്ച രീതിയിൽ ജനകീയാസൂത്രണത്തെ പുതിയ ആശയങ്ങളുമായി ചേർത്ത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററോട് ഞാൻ

അഭ്യർത്ഥിക്കുന്നത്. വലിയ മാറ്റം നമ്മുടെ നാട്ടിലുണ്ടായില്ലേ? ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ഒരാളാണ് ഞാൻ. തദ്ദേശഭരണ സ്ഥാപനങ്ങളെ ഇത്രമേൽ മുഖവിലയ്ക്കെടുത്ത് അവർക്ക് ആത്മാഭിമാനവും അന്തസ്സും നൽകിയ ഒരു കാലയളവ് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഈ കേരളത്തിലുണ്ടായോ? നാല് മിഷനുകളിലൂടെ ഇവിടെ നടപ്പിലാക്കിയത് നിസ്സാരമായ കാര്യങ്ങളാണോ? കോവിഡ് വന്ന സന്ദർഭത്തിൽ മറ്റ് സംസ്ഥാനത്ത് പഠിക്കുന്ന കുട്ടികൾ ഉൾപ്പെടെ ഇവിടേയ്ക്ക് വരുമ്പോൾ പുലർച്ചയ്ക്ക് സ്വന്തം മക്കൾ വരുന്നതുപോലെ കാത്തിരുന്ന് അവരെ സ്വീകരിച്ച് ഒബ്സർവേഷൻ കേന്ദ്രങ്ങളിലേയ്ക്ക് കൊണ്ടുപോയത് പഞ്ചായത്ത് പ്രസിഡന്റുമാരും മെമ്പർമാരുമാണ് എന്ന കാര്യം ഞാൻ ഓർക്കുന്നു. ജനങ്ങളും പഞ്ചായത്ത് ഭരണാധികാരികളും ചേർന്ന് കക്ഷിരാഷ്ട്രീയത്തിനതീതമായി ഉണ്ടാക്കിയെടുത്ത ഒരു വലിയ സൗഹൃദം വികസന രംഗത്തുണ്ടാക്കിയത് വലിയ മാറ്റമാണ്. കഴിഞ്ഞ അഞ്ച് വർഷം എന്തെല്ലാം വിഷയങ്ങൾ കേരളത്തിലുണ്ടായി. ആ സന്ദർഭങ്ങളിലെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗ്രാമപഞ്ചായത്തുകളെ മുഖവിലയ്ക്കെടുത്ത് ചുമതലകൾ ഏൽപ്പിച്ചതിന്റെ ഭാഗമായിട്ടാണ് ആ പ്രതിസന്ധികളെ വളരെ കൃത്യമായി നേരിടാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വികസന കാഴ്ചപ്പാടിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റവും ശക്തമായി നിന്നത്. ഞാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന സന്ദർഭം ഓർമ്മയുണ്ട്. മൂന്ന് വർഷത്തെ സ്പിൽ ഓവറായിരുന്നു അന്നുണ്ടായിരുന്നത്. ഇന്ന് കേരളത്തിലെ ഏതെങ്കിലും ഒരു തദ്ദേശഭരണ സ്ഥാപനത്തിന് ആ ഒരു നിലയുണ്ടോ? സാമ്പത്തിക വർഷം എന്നത് ഏപ്രിൽ മാസം 1 എന്ന നിലയിലേയ്ക്ക് നിജപ്പെടുത്തിയിട്ടില്ലേ? മാർച്ച് മാസംവയ്ക്കുന്ന പദ്ധതിക്ക് അംഗീകാരം കിട്ടുന്നതിന് ആഗസ്റ്റ് മാസമാകും, അതുകഴിഞ്ഞ് ആ പദ്ധതി നടപ്പിലാക്കുമ്പോൾ വീണ്ടും നാല് മാസമെടുക്കുമായിരുന്നു. ആസൂത്രണത്തിലും നടത്തിപ്പിലും ശ്രദ്ധേയമായ മാറ്റമുണ്ടാക്കാൻ കഴിഞ്ഞത് കഴിഞ്ഞ അഞ്ച് വർഷമാണ്. കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാകുന്ന എന്ന നിലയിലേയ്ക്ക് പോയി. യു.ഡി.എഫ്. ഗവൺമെന്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 30,602 കോടി രൂപ അനുവദിച്ച സ്ഥാനത്ത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 52,752 കോടി രൂപയാണ് അനുവദിച്ചത്. ഒരു പൈസയും വെട്ടിക്കുറച്ചിട്ടില്ല. സാമ്പത്തിക പ്രതിസന്ധിയുണ്ടായ ഘട്ടത്തിലും ട്രഷറിയിൽ കൃത്യമായി ബിൽ മാറുന്ന സാഹചര്യമുണ്ടായി. മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി 339 പുഴകൾ നവീകരിക്കുകയും 43,133 നീർച്ചാലുകൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. 14,843 കിണറുകളെയും 15,843 കുളങ്ങളെയും നവീകരിച്ചു. ഇത് കേരളത്തിലുണ്ടാക്കിയത് നിസ്സാര മാറ്റമാണോ? തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രകൃതി സൗഹൃദമായി

ഉണ്ടാക്കിയെടുത്ത മാറ്റം. വീട് നിർമ്മിക്കാൻ എന്തിനാണ് ലൈഫ് മിഷൻ എന്ന് ഇവിടെ ലൈഫ് മിഷനെക്കുറിച്ച് പരിഹസിച്ചല്ലോ; നേരത്തെയും ഭവന പദ്ധതികൾ ഉണ്ടായിരുന്നില്ലേ? എന്നാൽ ഒരാൾക്ക് വീട് അനുവദിച്ചാൽ അത് പൂർത്തിയാകുന്നുവെന്ന് സ്വന്തം വീടിന്റെ ഉത്തരവാദിത്വത്തിലെന്നപോലെ ഗ്രാമപഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിൽ ഉറപ്പാക്കുന്നു. ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ഇത്രയും വീടുകൾ ഈ സംസ്ഥാനത്ത് നിർമ്മിക്കാൻ കഴിഞ്ഞില്ലേ? ഐക്യകേരളം രൂപീകരിച്ചത് മുതൽ ഇങ്ങോട്ട് ഭവന പദ്ധതികളുടെ ഭാഗമായി അനുവദിച്ച വീടുകൾ പൂർത്തീകരിക്കാൻ കഴിയില്ലെന്ന് കരുതിയ സാധാരണക്കാരന്റെ 52,464 വീടുകളും പൂർത്തീകരിച്ചത് ശ്രീ. പിണറായി വിജയന്റെ ഗവൺമെന്റാണ്. അങ്ങനെ ഒരു വികസന പദ്ധതി ജനകീയാസൂത്രണത്തിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഭാഗമായി ഏറ്റവും ശ്രദ്ധേയമായി കേരളത്തിൽ നടപ്പിലാക്കിയില്ലേ? പദ്ധതി നിർവ്വഹണത്തിലും ആസൂത്രണത്തിലും ശക്തമായ അടുക്കം ചിട്ടയും ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയോട് ഞാൻ പറയുന്നത് ഗ്രാമങ്ങളാണ് ഒരു നാടിന്റെ കരുത്ത് എന്നാണ്. വലതുപക്ഷ സാമ്പത്തിക നയങ്ങളുടെ കടുത്ത ആക്രമണമുണ്ടായപ്പോഴും ഈ ഗ്രാമങ്ങളുടെ ശക്തിയുടെ ഭാഗമായിട്ടാണ് നമുക്ക് ഒരു പരിധിവരെ പിടിച്ചുനിൽക്കാൻ കഴിഞ്ഞത്. നമ്മുടെ ഗ്രാമങ്ങളെ സ്വയംപര്യാപ്തതയിലേയ്ക്ക് നയിക്കണം. അതിനാവശ്യമായ ആസൂത്രിത പ്രക്രിയ ഈ സംസ്ഥാനത്ത് ഉണ്ടാക്കിയെടുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ഇടപെടണം എന്നുകൂടി ഞാനഭ്യർത്ഥിക്കുകയാണ്. നമുക്കതിന് കഴിയും. മെച്ചപ്പെട്ട സ്ത്രീ-പുരുഷ സൗഹൃദമുണ്ടാക്കണം. മെച്ചപ്പെട്ട നിലയിലേയ്ക്ക് ആ സൗഹൃദം വളരാൻ കഴിയുന്ന ഒരു സാഹചര്യം പ്രാദേശികതലത്തിൽ ഉണ്ടാക്കിയെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയും. ആ തലത്തിലേയ്ക്ക് പോകാൻ കഴിയുന്ന പദ്ധതികൾ ആസൂത്രണം ചെയ്യാൻ സാദ്ധ്യമായ നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ മാറ്റിത്തീർക്കണം. പഞ്ചായത്തുകളുടെ വലിപ്പവും ഭൂമിശാസ്ത്രവും രീതികളും അനുസരിച്ച് നോൺ റോഡ് മെയിന്റനൻസ് ഉൾപ്പെടെയുള്ള ഫണ്ടുകൾ അനുവദിക്കുന്നതിൽ കാലാനുസൃതമായ പരിശോധന നടത്തി ആവശ്യമായ നിലപാട് സ്വീകരിക്കണം എന്നുകൂടി ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കാർഷിക മേഖലയിലുണ്ടായിട്ടുള്ള മാറ്റമെന്താണ്? കാർഷിക മേഖലയെ നേരത്തെ ഇവിടെ പരിഹസിച്ചു. നേരത്തെ ബഹുമാനപ്പെട്ട പി. എസ്. സുപാൽ പ്രസംഗിച്ചപ്പോൾ ഒരു കാര്യം പറഞ്ഞു. ഇന്ത്യൻ കാർഷിക മേഖലയെ

തകർത്തതിന്റെ പ്രധാനപ്പെട്ട രാഷ്ട്രീയ ഉത്തരവാദിത്വമുള്ള ഒരു രാഷ്ട്രീയ പാർട്ടിയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സെന്ന്. എത്രയോ കരാറുകൾ ഒപ്പുവച്ചു. അന്ന് കേരളത്തിലെ ഇടതുപക്ഷക്കാരെല്ലാം പറഞ്ഞപ്പോൾ, ആസിയാൻ കരാറിന്റെ പേരിൽ ജാഥ നടത്തുമ്പോൾ കമ്മ്യൂണിസ്റ്റുകാരെ നോക്കി പരിഹസിച്ചവർ ഇപ്പോൾ റബ്ബറിനും മറ്റും വിലയില്ല എന്നുപറഞ്ഞ് ഈ നിയമസഭയിൽ സംസാരിക്കുന്നില്ലേ; അതിന്റെ കാരണമെന്താണ്? കഴിഞ്ഞ അഞ്ച് വർഷം കേരളത്തിലെ കാർഷിക മേഖലയിലുണ്ടായ ഉണർവെന്താണ്; എത്ര വലിയ മുന്നേറ്റമാണുണ്ടായത്. 1,56,000 ഹെക്ടർ ഭൂമിയിൽ നടന്നിരുന്ന കൃഷി കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് 2,86,000 ഹെക്ടറായി വർദ്ധിപ്പിച്ചു. വലിയ ഉൽപ്പാദന വർദ്ധനവ് കേരളത്തിലുണ്ടായി. പരമാവധി 3,15,000 ഹെക്ടർ മാത്രമേ തിരിച്ചുപിടിക്കാൻ കഴിയൂ. കോവിഡ് ഇല്ലായിരുന്നെങ്കിൽ ആ ഘട്ടത്തിലേയ്ക്ക് എത്തുമായിരുന്നു. കാർഷിക മേഖലയിൽ വലിയ മുന്നേറ്റവും വികസന വളർച്ചയുമുണ്ടായി. പച്ചക്കറിക്ക് തറവില നിശ്ചയിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് ഈ സംസ്ഥാനം മാറി. ഇരട്ടിയിലേറെ ഹെക്ടർ ഭൂമിയിൽ പച്ചക്കറി കൃഷി നടന്നു. ആവശ്യത്തിന് ജോലിക്കാരെ കിട്ടാനില്ല എന്നതാണ് കാർഷിക മേഖലയിൽ നാം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, യന്ത്രവത്കരണമാണ് (mechanisation) കാർഷിക മേഖലയിലെ മുന്നേറ്റത്തിന് ഏറ്റവും അനിവാര്യമായിട്ടുള്ളതെന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്.

ജലസേചന വകുപ്പിൽ കഴിഞ്ഞ അഞ്ച് വർഷം എത്ര മെച്ചപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കാൻ കഴിഞ്ഞു. ഡാമുകളുടെ ആധുനികവത്കരണത്തിനും ശുദ്ധജലം ലഭ്യമാക്കുന്നതിനുംവേണ്ടിയുള്ള നടപടികളുണ്ടായി. ജൽജീവൻ മിഷന്റെ ഭാഗമായി രണ്ടായിരത്തിലേറെ കോടി രൂപയുടെ പദ്ധതിയുണ്ട്. ഈ അഞ്ചുവർഷം ആ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ബഹുമാനപ്പെട്ട മന്ത്രി നല്ലതുപോലെ പരിശ്രമിക്കുമെന്നറിയാം. ശുദ്ധജലം എല്ലാ വീടുകളിലും ലഭ്യമാക്കുക എന്ന കാര്യം പൂർത്തീകരിക്കാൻ കഴിഞ്ഞാൽ കേരളത്തിൽ ഏറ്റവും പ്രധാനപ്പെട്ട നേട്ടമായി അത് മാറും. വളരെ മെച്ചപ്പെട്ട നിലയിലേയ്ക്ക് ഈ മേഖലയെ മാറ്റിത്തീർക്കാൻ കഴിയുന്ന കാഴ്ചപ്പാടുകൾ മുന്നോട്ടുവയ്ക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടായി.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ 'മുടിയനായ പുത്രൻ' എന്ന് വിശേഷിപ്പിച്ച് കഴിഞ്ഞ ദിവസങ്ങളിലൊക്കെ ഞങ്ങളെ ഇവിടെ പരിഹസിച്ചു. അന്വേഷണ ഏജൻസിയും സ്വർണക്കടത്തുമൊക്കെ പറഞ്ഞ് ഞങ്ങളെ ആക്ഷേപിച്ചു. ഞങ്ങൾ ആരെയും കുത്തിനോവിക്കാനും ആക്ഷേപിക്കാനും പുറപ്പെടുന്നില്ല. പക്ഷേ കഴിഞ്ഞ അഞ്ച് വർഷം ശ്രീ. പിണറായി വിജയനായിരുന്നില്ല മുഖ്യമന്ത്രിയെങ്കിൽ ഈ കേരളത്തിന്റെ അനുഭവം എന്താകുമായിരുന്നുവെന്ന് 'മുടിയനായ പുത്രനെ'ന്ന്

വിശേഷിപ്പിക്കുന്നവർ ആലോചിക്കുന്നത് നല്ലതാണ്. അങ്ങനെ ഒരു ഗവൺമെന്റും മുഖ്യമന്ത്രിയും സ്വീകരിച്ച നിലപാടിലൂടെയാണ് ഈ കേരളം പിടിച്ചുനിന്നതെന്ന് നിങ്ങൾ ആലോചിക്കണം. രാഷ്ട്രീയ വൈരനിര്യാതന ബുദ്ധിയോടെ ഞങ്ങൾ മുന്നോട്ടുപോകുകയില്ല. നിങ്ങൾ പഠിച്ച സ്കൂളിലല്ല ഞങ്ങൾ പഠിച്ചത്. അതുകൊണ്ട് ഞങ്ങൾ ആ അർത്ഥത്തിലുള്ള കാര്യങ്ങൾ ഇപ്പോൾ പറയുന്നില്ല. ഈ ഏഴ് ധനാഭ്യർത്ഥനകളെയും പിന്തുണച്ചുകൊണ്ട് ശക്തമായ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിന് എല്ലാ അഭിനന്ദനങ്ങളും അറിയിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ത്രിതല പഞ്ചായത്ത്, കുടിവെള്ളം, ജലസേചനം, കൃഷി എന്നീ മേഖലകളിലും എക്സൈസ് രംഗത്തും ഈ സർക്കാർ ഗുണപരമായ നേട്ടങ്ങളാണ് കഴിഞ്ഞ കാലങ്ങളിൽ കൈവരിച്ചിട്ടുള്ളത്. ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നുവെന്ന് പറഞ്ഞ മഹാത്മജിയുടെ സ്വപ്നമായിരുന്നു ഗ്രാമസ്വരാജ്. സ്വയംപര്യാപ്തതയും അധികാരവും ജനങ്ങൾതന്നെ നിർവ്വഹിക്കുന്നതായ അധികാരവികേന്ദ്രീകരണം ഇത്രമാത്രം ആഴത്തിൽ ഇന്ത്യയിൽ നടപ്പിലാക്കിയിട്ടുള്ളത് കേരളത്തിൽ മാത്രമേയുള്ളൂ. എനിക്ക് വേണ്ടപ്പെട്ട മൂന്ന് മന്ത്രിമാരാണ് ഇതിൽ വന്നിരിക്കുന്നത്. ഏത്തവാഴയുടെ ചുവട്ടിൽ പാളയങ്കോടനുണ്ടാകില്ലായെന്ന് നമ്മുടെ നാട്ടിൽ പറയുന്നതുപോലെ ആദരണീയനായ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിലെ മന്ത്രിമാരുടെ ശക്തിയും ബലവും നേരിട്ട് അറിഞ്ഞിട്ടുള്ള വ്യക്തിയാണ്, അതുകൊണ്ട് തീർച്ചയായും വളരെയധികം പ്രതീക്ഷയോടുകൂടിയാണ് ഇവർ മൂന്നുപേരെയും ഞങ്ങൾ കുട്ടനാട്ടുകാർ കാണുന്നത്. കുട്ടനാട് എന്ന് പറയുമ്പോൾ കേരളത്തെക്കുറിച്ച് മൊത്തം സംസാരിക്കണം. 140 എം.എൽ.എ.-മാരും ഇവിടെയുണ്ട്. എനിക്ക് കൂടുതലായി കുട്ടനാടിനെക്കുറിച്ചേ പറയാൻ കഴിയൂ. കാരണം, കൃഷി വകുപ്പുമന്ത്രി എന്റെ ദേശമായ ആലപ്പുഴക്കാരനാണ്. അദ്ദേഹം കുട്ടനാട് സന്ദർശിച്ച് ആവശ്യമായ നടപടി സ്വീകരിച്ചു. സാധാരണ എല്ലാവരും മന്ത്രിമാരെ അങ്ങോട്ടാണ് വിളിക്കുന്നത്, എന്നാൽ മന്ത്രി ഇങ്ങോട്ടാണ് വിളിക്കുന്നത്. സാധാരണ എല്ലാവരും മന്ത്രിയെ വിളിച്ചാൽ മന്ത്രി എടുക്കുന്നില്ലെന്നാണ് പരാതി പറയുന്നത്. പക്ഷേ ഇവിടെ മന്ത്രി എം.എൽ.എ.-യെ വിളിച്ചിട്ട് എം.എൽ.എ. എടുക്കുന്നില്ലെന്നാണ് മന്ത്രി എന്നോട് പറഞ്ഞത്. ഞങ്ങൾ ആലപ്പുഴക്കാർക്ക് ഒരു പ്രത്യേകയുണ്ട്, പരസ്പരം സ്നേഹമുള്ള ആൾക്കാരാണ്. കാരണം ഞങ്ങളുടെ ജീവിതം മുഴുവൻ വെള്ളത്തിലായതുകൊണ്ടായിരിക്കാം. ഒരുപാട് പ്രതീക്ഷയോടുകൂടി ഞങ്ങൾ കുട്ടനാട്ടുകാർ കാണുന്ന മന്ത്രിമാരാണ് ഇവരെന്നാണ് എനിക്ക് മന്ത്രിമാരെ കുറിച്ച് പറയാനുള്ളത്. നമുക്കൊരു പ്രശ്നമുണ്ടെങ്കിൽ നമ്മൾ വിളിക്കുമ്പോൾ അവർ

ഫോണെടുക്കുകയും മറുപടി തരികയും ആവശ്യാനുസരണം അവർ നമ്മുടെ ദേശത്തെയും ആൾക്കാരെയും സന്ദർശിച്ച് അവർക്ക് ആശ്വാസം പകരുകയും ചെയ്യുന്നത് കുട്ടനാടിനെ സംബന്ധിച്ച് വലിയൊരു സംഭവം തന്നെയാണ്. ഞാൻ കഴിഞ്ഞ ദിവസം ആദരണീയനായ റോഷി അഗസ്റ്റിൻ മന്ത്രിയെയുംകൂട്ടി കുട്ടനാട്ടിലെ വേണാട്ടുകാട് എന്ന സ്ഥലത്തുചെന്നു. വേണാട്ടുകാടുണ്ടായ കാലം മുതൽ ഒരു മന്ത്രിയും അങ്ങോട്ട് വന്നിട്ടില്ലെന്നാണ് അവിടെയുള്ളവർ പറഞ്ഞത്. അതുകൊണ്ട് ഒരു പ്രത്യേക പുരസ്കാരം ശ്രീ.റോഷി അഗസ്റ്റിന് കൊടുക്കാൻ അവർ തയ്യാറെടുക്കുകയാണ്. അദ്ദേഹം ഒരു വള്ളത്തിലാണ് വന്നത്. ഒരു മന്ത്രി കടന്നുവന്ന് ദേശത്തിന്റെ അവസ്ഥ നേരിൽ കണ്ട് അവരുടെ പ്രയാസം മനസ്സിലാക്കി നിങ്ങളുടെ പ്രശ്നം പരിഹരിച്ച് ആവശ്യമായ രീതിയിലുള്ള കാര്യങ്ങൾ നടപ്പിലാക്കിത്തരുമെന്ന് ആ വള്ളത്തിൽ ഇരുന്നുകൊണ്ടുതന്നെ അവരോട് പറഞ്ഞു. ഒരു സംശയവും അതിൽ ഞങ്ങൾക്കില്ല, കാരണം അദ്ദേഹം ശക്തനായ മന്ത്രിതന്നെയാണ്. നല്ല രീതിയിൽ സഹായിക്കാൻ കഴിയുമെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. നമുക്ക് എപ്പോഴും സഹജീവികളോട് പ്രത്യേകത തോന്നുമല്ലോ. എനിക്ക് എന്റെ പുറകിലിരിക്കുന്ന വൈക്കം എം.എൽ.എ. ശ്രീമതി സി. കെ. ആശയോട് വലിയ സ്നേഹം തോന്നാൻ കാരണം അവർ സബ്മിഷനായി ഒരു കാര്യം ഇവിടെ കൊണ്ടുവന്നപ്പോൾ ശ്രീമതി സി. കെ. ആശയെ ഞാൻ രണ്ട് പ്രാവശ്യം പേരെടുത്തുവിളിച്ചു. പുള്ളിക്കാരി കേട്ടില്ല, മൈൻഡ് ചെയ്തില്ല. അവർ വേറെയൊരു ചിന്തയിലായിരുന്നു. സബ്മിഷൻ അവതരിപ്പിക്കുന്ന കൂട്ടത്തിൽ താറാവ് കർഷകരുടെ കാര്യംകൂടി പറയണമെന്ന് ഞാൻ പറഞ്ഞു. അന്ന് എഴുന്നേറ്റുനിന്ന് പറഞ്ഞ കാര്യങ്ങൾ മുഴുവൻ താറാവിനെക്കുറിച്ചും താറാവ് കൃഷിയെക്കുറിച്ചും അതിന്റെ പ്രശ്നങ്ങളെക്കുറിച്ചും മാത്രമാണ്. അതിന് ശ്രീമതി സി. കെ. ആശയോട് എപ്പോഴും എനിക്ക് നന്ദിയുണ്ട്. നമ്മുടെ ഹൃദയത്തിന്റെ വികാരം അല്ലെങ്കിൽ ആഗ്രഹം മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കാൻ കഴിയുന്ന ആൾക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്ന് പറയാതിരിക്കാൻ കഴിയില്ല. കുട്ടനാട്ടിൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് വെള്ളത്തിനടിയിലാണെന്നാണ് എനിക്ക് എക്സൈസ് മന്ത്രിയോട് പറയാനുള്ളത്. അവിടെ പ്രവർത്തിക്കുന്ന ഓഫീസ് വളരെയധികം ദുരിതപൂർണ്ണമാണ്. കഴിഞ്ഞ ദിവസം ഞാൻ അവിടെ സന്ദർശിച്ചിരുന്നു. രണ്ടരക്കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് പറഞ്ഞു. അതിന്റെ മുന്നോട്ടുള്ള പോക്കിന് ദയവായി അങ്ങ് ഉത്തരവിടണം. ഏതെങ്കിലും രീതിയിൽ ഉദ്യോഗസ്ഥതലത്തിൽ കെട്ടിൽപ്പെട്ട് കിടക്കുകയാണെങ്കിൽ ആ ചുവപ്പുനാട അഴിച്ചുവിടാനുള്ള ഒരു മനസ്സ് കുട്ടനാട്ടുകാരോട് കാണിക്കണം. രണ്ട് ഡിവിഷനായി തിരിക്കണമെന്നുള്ള ഒരു അഭിപ്രായംകൂടി ഈ സമയത്ത് അങ്ങയുടെ മുന്നിൽ വയ്ക്കുകയാണ്.

ആദരണീയനായ ഞങ്ങളുടെ ജലസേചന വകുപ്പുമന്ത്രിയോട് പറയാനുള്ളത്, നമ്മൾ ഒരുപാട് പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. നാല് വശവും വെള്ളത്താൽ ചുറ്റപ്പെട്ട സ്ഥലമാണ് കുട്ടനാട്. അത് ഞാൻ നേരത്തെ പറഞ്ഞ കാര്യമാണ്. ഞങ്ങൾക്ക് കുടിക്കാൻ വെള്ളമില്ല. അവിടെ പൈപ്പ്ലൈൻ ഇട്ടിരിക്കുന്ന രീതി നിയമസഭയിൽ ഞാൻ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പൈപ്പ്ലൈൻ ഇട്ടിട്ടുണ്ട്, പക്ഷേ തപ്പിനോക്കിയിട്ട് കണ്ടില്ലെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അങ്ങ് അവിടെ വന്ന് പരിശോധിക്കുകയും അവസ്ഥ ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇനിയും അത് വൈകിപ്പിക്കാൻ സാധിക്കില്ല. ആദരണീയനായ മുഖ്യമന്ത്രി കിഫ്ബിയിൽ 291 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കുട്ടനാട്ടുകാരുടെ ചിരകാലാഭിലാഷമായ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടി എന്ത് ത്യാഗവും സഹിക്കാൻ എം.എൽ.എ. എന്ന നിലയിൽ ഞാൻ സന്നദ്ധനാണ്. അങ്ങയുടെ അടിയന്തരമായ ഇടപെടൽ ഈ വിഷയത്തിലുണ്ടാകണം. നീരേറ്റുപുറം പ്ലാന്റ് അപ്ഗ്രേഡ് ചെയ്യുന്നതോടൊപ്പം പൈപ്പ്ലൈനിട്ട 13 പഞ്ചായത്തിലെയും കുടിവെള്ളക്ഷാമം പരിഹരിക്കണം. പഞ്ചായത്തുകൾ കൂടുതലുള്ള സ്ഥലമാണ് കുട്ടനാട്, ആലപ്പുഴ ജില്ലയിലെ മറ്റുള്ള എട്ട് എം.എൽ.എ.-മാരെക്കാളും കൂടുതൽ പഞ്ചായത്തുകളുള്ളതുമാണ്, 13 എണ്ണം. ഞാൻ കുറച്ച് സമയത്ത് പ്രസംഗം അവസാനിപ്പിക്കുന്നതാണ്. കാരണം മൂന്ന് മന്ത്രിമാരോടും പറയാനുള്ള ഏകദേശം കാര്യങ്ങളെല്ലാം ഞാൻ പറഞ്ഞുകഴിഞ്ഞു. കൃഷി വകുപ്പുമന്ത്രിയോടും ജലസേചന വകുപ്പുമന്ത്രിയോടും എക്സൈസ് വകുപ്പുമന്ത്രിയോടും ഞാൻ എന്റെ ആവശ്യങ്ങൾ പറഞ്ഞു. മൂന്നുപേരോടും വിഷയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. തീർച്ചയായും അവർ അത് പരിഗണിക്കുമെന്നുള്ള ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്. കാരണം, ഞങ്ങൾക്ക് ശക്തനായ ഒരു മുഖ്യമന്ത്രിയുണ്ട്. അദ്ദേഹം ഞങ്ങളുടെ ആവശ്യങ്ങൾ അറിയുന്ന ആളാണ്. തീർച്ചയായും കുട്ടനാട്ടുകാരായ ഞങ്ങളെ നല്ല രീതിയിൽ സഹായിക്കുന്ന മുഖ്യമന്ത്രിയാണ് നമ്മുടേതെന്ന് ഏത് സമയവും പറയാം. എപ്പോഴും മുഖ്യമന്ത്രിയെക്കുറിച്ച് എന്തിനാണ് പറയുന്നതെന്ന് പലരും എന്നോട് ചോദിച്ചിട്ടുണ്ട്. വേറെ ആരെക്കുറിച്ചാണ് ഇവിടെ പറയാനുള്ളത്; ഇവിടെ ഞങ്ങൾക്ക് പറയാൻ മുഖ്യമന്ത്രി മാത്രമേയുള്ളൂ. കിഫ്ബി വന്നപ്പോഴാണ് കുട്ടനാട്ടിൽ കുടിവെള്ളം വന്നത്. ഈ പദ്ധതി വന്നപ്പോഴാണ് പാലങ്ങളും നല്ല റോഡുകളും വന്നത്. ഇന്ന് ഞങ്ങൾ രക്ഷപ്പെട്ടു വരുന്നതേയുള്ളൂ. ഇനി അഞ്ച്

വർഷങ്ങൾ ഞങ്ങളുടെ മുമ്പിലുണ്ട്. അഞ്ച് വർഷങ്ങൾക്കൊണ്ട് കുട്ടനാട്ടുകാരായ ഞങ്ങൾക്ക് നേടാൻ പറ്റുന്ന എല്ലാ കാര്യങ്ങളും നേടണമെന്നുള്ളത് ഞങ്ങളുടെ വലിയ ആഗ്രഹവും ആവേശവുമാണ്. ഞങ്ങളുടെ എല്ലാവിധ സപ്പോർട്ടും സഹായവും ഉണ്ടാകുമെന്നതിൽ ഒരു സംശയവുമില്ല. ഞങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ മുന്നോട്ടുപോകുന്ന ഒരു സർക്കാരാണ് ഞങ്ങൾക്കുള്ളത്. അതിനർത്ഥം ഞങ്ങൾ പറയുന്ന കണക്കിന് പോകുമെന്നല്ല. നമ്മുടെ ആഗ്രഹമെന്താണോ അത് സാധിച്ചുതരുന്ന ഒരു ഗവൺമെന്റാണ്. തീർച്ചയായും എല്ലാവിധ സപ്പോർട്ടുമുണ്ട്. ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നതോടൊപ്പം ഈ മൂന്ന് മന്ത്രിമാരും ഞങ്ങൾക്ക് പ്രത്യേക പരിഗണന നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ ഈ ഏഴ് ധനാഭ്യർത്ഥനകളെയും പിന്തുണയ്ക്കുകയാണ്. കേരളം ലോകത്തിന് ഒരുപാട് മാതൃകകൾ സമ്മാനിച്ചിട്ടുണ്ട്. അതിൽ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് ജനകീയാസൂത്രണ പ്രസ്ഥാനം. അതിന്റെ സിൽവർ ജൂബിലി വാർഷികം നാം ഇപ്പോൾ ആഘോഷിക്കുകയാണ്. ജനകീയാസൂത്രണം ആരംഭിച്ചപ്പോൾ അധികാരങ്ങളില്ലാതാക്കുന്ന മന്ത്രിയെന്നാണ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായ സഖാവ് പാലോളി മുഹമ്മദ് കുട്ടിയെക്കുറിച്ച് അന്ന് കലാകൗമുദിയിൽ എഴുതിയത്. അന്ന് പ്രിയപ്പെട്ട ശ്രീ. കെ. രാധാകൃഷ്ണൻ എസ്.സി. വകുപ്പിലെ ഫണ്ട് പൂർണ്ണമായും തദ്ദേശഭരണ സംവിധാനങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ചെലവഴിച്ചത്. ഇവിടെ ജില്ലാ കൗൺസിലുകൾ രൂപീകരിച്ചപ്പോൾ അതിനെ പിരിച്ചുവിട്ട ആളുകൾ ഇപ്പോൾ അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് സംസാരിക്കുമ്പോൾ നമുക്ക് പരിഹാസ്യതയല്ലാതെ വേറെയൊന്നുമില്ല. വനിതകൾക്ക് 50 ശതമാനം സംവരണമുള്ള നിലയിൽ നഗരപാലിക/പഞ്ചായത്ത് രാജ് നിയമത്തിൽ മാറ്റംവരുത്തിയ ഒരു സംസ്ഥാനമായി കേരളം മാറുകയുണ്ടായി. അധികാരവികേന്ദ്രീകരണത്തിന്റെ 25 വർഷങ്ങൾ പിന്നിടുമ്പോൾ 20 ലക്ഷം ആളുകൾക്കാണ് തദ്ദേശഭരണ സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് വീടുകൾ നൽകിയത് എന്നുള്ള കാര്യം പ്രത്യേകം ഓർക്കണം. കഴിഞ്ഞ അഞ്ചുവർഷം സമാനതകളില്ലാത്ത നേട്ടങ്ങൾ ഈ മേഖലയിലുണ്ടായിട്ടുണ്ട്. ഞാൻ അതൊക്കെ വിസ്താരഭയത്താൽ ഒഴിവാക്കുകയാണ്. പ്രിയപ്പെട്ട ശ്രീ. എ. സി. മൊയ്തീൻ ഉൾപ്പെടെയുള്ള ആളുകൾ തദ്ദേശസ്വയംഭരണ വകുപ്പ് കൈകാര്യം ചെയ്തപ്പോഴുണ്ടായ നേട്ടങ്ങൾ നിങ്ങൾക്കറിയാം. ലൈഫ് പദ്ധതിയിൽ 2,65,000 വീടുകൾ നൽകിയെന്ന് മാത്രമല്ല തൊഴിലുറപ്പ് പദ്ധതിയെ

ലൈഫ് പദ്ധതിയുമായി ക്ലബ് ചെയ്ത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിലുറപ്പ് ഫണ്ട് ചെലവഴിച്ച സംസ്ഥാനമായി കേരളത്തെ മാറ്റിയെടുത്തു. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി കേരളത്തിൽ മാത്രമുള്ള ഒരു പ്രത്യേക പദ്ധതിയാണ്. വേറെ എവിടെയും അത്തരമൊരു പദ്ധതിയുണ്ടാക്കാൻ കഴിഞ്ഞില്ല. അതുപോലെ ഇ-ടെണ്ടറിലൂടെ ഏകദേശം 265.62 കോടി രൂപയുടെ നേട്ടമുണ്ടാക്കാൻ കഴിയുന്ന രീതിയിൽ കരാറുകാർക്കിടയിൽ നിലനിന്നിരുന്ന അഴിമതി ഒരു വലിയ അളവിൽ മാറ്റിയെടുക്കാൻ കഴിഞ്ഞു. പ്രളയകാലത്ത് തദ്ദേശഭരണ സംവിധാനങ്ങൾ കൈവരിച്ചിട്ടുള്ള നേട്ടങ്ങളെ സംബന്ധിച്ച് സഭയിൽ ബഹുമാനപ്പെട്ട കെ. വി. സുമേഷ് ഉൾപ്പെടെയുള്ള അംഗങ്ങൾ പറഞ്ഞു. കോവിഡ് കാലത്തെ ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങളെ ഉയർത്തിപ്പിടിക്കുമ്പോഴും ആ മേഖലയിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേട്ടങ്ങളെ വേണ്ടത്ര പരിഗണിച്ചിട്ടില്ലെന്നൊരു പരിഭവമുണ്ട്. അത് സമൂഹ അടുക്കള, ജനകീയ ഹോട്ടലുകൾ, ആർ.ആർ.ടി.-യുടെ പ്രവർത്തനങ്ങൾ, ക്വാറന്റൈൻ സംവിധാനങ്ങൾ തുടങ്ങി എല്ലാ മേഖലകളിലും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സമാനതകളില്ലാത്ത ഇടപെടൽ കാണാൻ സാധിക്കും. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളൊക്കെ കുറേ അധികാരങ്ങൾ പഞ്ചായത്തുകൾക്ക് നൽകുന്നതിനെക്കുറിച്ചുള്ള വിലാപങ്ങളാണ് പറഞ്ഞത്. എന്നാൽ അധികാരങ്ങൾ നൽകിയതുവഴി തദ്ദേശ സ്വയംഭരണ സംവിധാനങ്ങളെ പ്രാദേശിക സർക്കാരെന്ന നിലയിൽ മാറ്റിയതിൽ ഇടതുപക്ഷ സർക്കാരുകൾക്ക് വലിയ പങ്കുണ്ട്. ആകസ്മികമായിട്ടാണെങ്കിലും ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ ഓഫീസിൽ പോയപ്പോൾ ജനകീയാസൂത്രണത്തിന്റെ സിൽവർ ജൂബിലിയുടെ ആലോചനാ യോഗത്തിൽ കിലയുടെ മുൻഡയറക്ടറും കോൺഗ്രസ് നേതാവും പഞ്ചായത്ത് പ്രസിഡന്റുമൊക്കെയായിരുന്ന പ്രൊഫ. പി. പി. ബാലൻ സംസാരിക്കുന്നത് കേട്ടു. കേരളീയർക്കാണ് ജനകീയാസൂത്രണത്തെക്കുറിച്ച് വലിപ്പമില്ലാത്തതെന്നും ലോകത്തിലെ പല രാഷ്ട്രങ്ങളും ജനകീയാസൂത്രണത്തെക്കുറിച്ചുള്ള ക്ലാസ് എടുക്കുന്നതിനുവേണ്ടി അദ്ദേഹത്തെ വിളിക്കുന്നുവെന്നുമൊക്കെയുള്ള കാര്യങ്ങൾ പ്രൊഫ. പി. പി. ബാലനെപ്പോലെയുള്ള തദ്ദേശസ്വയംഭരണ മേഖലയിൽ കിലയുടെ ചുമതലക്കാരായിരുന്ന ആളുകൾ പറയുന്നത് കേട്ടപ്പോൾ വലിയ സന്തോഷം തോന്നി. ഏകീകൃതമായ രീതിയിൽ പൊതുസർവ്വീസ് ആ മേഖലയിൽ കൊണ്ടുവന്നു. അതിനെസംബന്ധിച്ച് സഭയിൽ പലരും ചൂണ്ടിക്കാണിച്ചതാണ്. എഞ്ചിനീയറിംഗ്, ഗ്രാമവികസനം, പ്ലാനിംഗ്, നഗര വികസനം തുടങ്ങി അഞ്ച് വകുപ്പുകളെ മെർജ് ചെയ്ത് ഒറ്റസംവിധാനമാക്കി. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത്

സ്ഥലംമാറ്റം ലേലം വിളിയായിരുന്നില്ലേ? ആ കാലത്ത് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് തിരുവനന്തപുരത്ത് സ്വരാജ്ഭവന് സമാനമായ വീടുണ്ടാക്കുകയും അദ്ദേഹം വിജിലൻസ് കേസ്സിൽ പ്രതിയാകുകയും ചെയ്ത സംഭവങ്ങളില്ലേ? അന്നൊക്കെ യു.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം തദ്ദേശസ്വയംഭരണ വകുപ്പായിരുന്നില്ല, തദ്ദേഹ വകുപ്പായിരുന്നു. ഈ ഗവൺമെന്റിന്റെ കാലത്ത് തദ്ദേശഭരണ മേഖലയിൽ നടപ്പിലാക്കാൻ പോകുന്ന വളരെ ശ്രദ്ധേയമായ പദ്ധതികളുണ്ട്. അതിലൊന്നാണ് അതിദരിദ്രരെ കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പദ്ധതി. ആലപ്പുഴ ജില്ലയിലെ ഉള്ളാടൻ സമുദായത്തിലെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനുവേണ്ടി പി. കെ. കാളൻ പദ്ധതിയെ മോഡലാക്കികൊണ്ടാണ് അത് കേരളത്തിലാകെ നടപ്പിലാക്കാൻ പോകുന്നത്. വളരെ ശ്രദ്ധേയമായ ഒരു പദ്ധതിയായി അത് മാറുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല.

Town & Country Enterprises എന്നുപറയുന്ന രീതിയിൽ, ചൈന വ്യാവസായിക രംഗത്ത് ലോകത്ത് ഏറ്റവും ഉന്നതനിലയിലേയ്ക്ക് വന്നതെങ്ങനെയാണോ അതുപോലെ വ്യവസായ-തദ്ദേശസ്വയംഭരണ വകുപ്പുകൾ ഒരുമിച്ച് പ്രാദേശികമായി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ രൂപീകരിച്ചുകൊണ്ട് ആ മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കാനും വായ്പകൾക്ക് സബ്സിഡി നൽകുന്നതുപോലെയുള്ള വലിയ പദ്ധതികൾ ഉണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പുകളുടെ തനതുഫണ്ട് വൻതോതിൽ കുറയുകയാണെന്നാണ് തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതിനാൽ തനതുഫണ്ട് വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അതിൽ ഏറ്റവും പ്രധാനപ്പെട്ട കെട്ടിട നികുതി അഞ്ചുവർഷം കൂടുമ്പോൾ മാൻഡേറ്ററിയായി റിവൈസ് ചെയ്യുന്ന സ്ഥിതിയുണ്ടാകണം. അതുപോലെ, പ്രൊഫഷൻ ടാക്സടയ്ക്കാത്ത ആളുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. അനധികൃതമായ നിർമ്മാണങ്ങൾ തടയാൻ നടപടി സ്വീകരിക്കുന്നതിലൂടെ അത് തടയാനും പിഴ ഈടാക്കുന്നതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വലിയ ഫണ്ട് സ്വരൂപിക്കാനും കഴിയും. അതിന് കാര്യക്ഷമമായ പ്രവർത്തനം ആ മേഖലയിൽ നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. നഗരസഭകൾക്ക് പെൻഷൻ കോൺട്രിബ്യൂഷൻ ഫണ്ടുകൾ കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണം. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന നാളുകളിൽ ലൈഫ് പദ്ധതിയിലൂടെ കുറച്ച് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്ന് ലൈഫ് പദ്ധതിയിലേയ്ക്ക് ഫണ്ട് ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. ആ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്നുമുണ്ടാകണം. ഗ്രാമസഭകളിൽ വരുന്ന ആളുകളുടെ എണ്ണത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്. ഗ്രാമസഭകൾ ഫലപ്രദമാക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നയാളാണെന്നാണ് ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് പറയാനുള്ളത്. യു.ഡി.എഫ്.-ന്റെ കാലത്ത് ഒരു ജലസേചന വകുപ്പുമന്ത്രിയുണ്ടായിരുന്നു. അദ്ദേഹം അറിയപ്പെട്ടിരുന്നത് മിനിസ്റ്റർ ഓഫ് പൈപ്പ് എന്നപേരിലാണ്. അക്കാര്യങ്ങളൊന്നും ഞാൻ വിശദീകരിക്കുന്നില്ല. അവസാനം മകളുടെ വയസ്സ് തിരുത്തിയതിന്റെ പേരിൽ മന്ത്രിസഭയിൽനിന്നും പോകേണ്ടതായി വന്ന ആളുകളുണ്ട്. എന്നാൽ കഴിഞ്ഞ കാലത്തായാലും ഇപ്രാവശ്യമായാലും ജലസേചന വകുപ്പുമന്ത്രി വളരെ ശ്രദ്ധേയമായ മുന്നേറ്റമാണ് നടത്തുന്നത്. 'ഗുരുവായൂർ അഴുക്കുചാൽ' പദ്ധതി നടപ്പിലാക്കാനുള്ള അദ്ദേഹത്തിന്റെ പ്രത്യേക പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. ചമ്രവട്ടം റെഗുലേറ്ററിൽനിന്ന് ജലസേചനത്തിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി കനാൽ സംവിധാനം കാര്യക്ഷമമാക്കണമെന്നാണ് എനിക്ക് പ്രത്യേകമായി പറയാനുള്ളത്. അതുപോലെ 'ജൽജീവൻ മിഷൻ' പദ്ധതിയും അതിന്റെ ഭാഗമായി കടപ്പുറം, ഒരുമനയൂർ പ്രദേശങ്ങളിലെ 'നാട്ടിക കുടിവെള്ള' പദ്ധതിയും അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾകൂടി സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ.എൻ.എ. നെല്ലിക്കുന്ന്]

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്നത്തെ കേരളം അടിസ്ഥാനപരമായി കെട്ടിപ്പടുത്തത് കർഷകരുടെ അദ്ധ്വാനത്തിലൂടെയും അവരുടെ വിയർപ്പിലൂടെയുമാണ്. സർക്കാരിന്റെ വികലമായ കാർഷിക നയങ്ങൾകൊണ്ടും ഈ നൂറ്റാണ്ടിലെ മഹാപ്രളയത്തിന്റെയും കോവിഡിന്റെയും കെടുതികളിൽനിന്നും രക്ഷപ്പെടാൻ സകലവഴികളും തേടി അലയുകയാണ് കേരളത്തിലെ മണ്ണിനെ ആശ്രയിച്ച് കഴിയുന്ന ലക്ഷോപലക്ഷം കർഷകർ. അദ്ധ്വാനത്തിനനുസരിച്ച് പ്രതിഫലം അവർക്ക് ലഭിക്കുന്നില്ല. അതുപോലെ, മണ്ണും കിടപ്പാടവുമെല്ലാം നഷ്ടപ്പെടുന്ന സാധാരണ മനുഷ്യരുടെ ദുരിതാനുഭവങ്ങൾ തുടരുകയാണ്. ഭൂരിഭാഗം കേരള ജനതയും ഉപജീവനത്തിനായി ആശ്രയിക്കുന്ന കാർഷിക മേഖലയിലാണ് ഈ പ്രതിസന്ധി നിലനിൽക്കുന്നതെന്നുള്ളതുകൊണ്ട് ഇത് കേരളത്തിന്റെ ഭീതിദമായ പുതുചിത്രമാണ് വരച്ചുകാട്ടുന്നത്. കൃഷിക്കാരുടെ ഉല്പന്നത്തിന് ന്യായമായ വില ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്വവും ചുമതലയുമാണ്. ഡോ. സ്വാമിനാഥൻ കമ്മീഷൻ ചൂണ്ടിക്കാണിക്കുന്നത് കൃഷിക്കാരന് വിളയുടെ ഉല്പാദനച്ചെലവിനെക്കാൾ ഒന്നര ഇരട്ടിയിലെങ്കിലും വില ലഭ്യമാക്കണമെന്നാണ്. എന്നാൽ ഉല്പാദനച്ചെലവിനേക്കാൾ താഴെയാണ് ഇന്ന്

വില ലഭിക്കുന്നത്. വളരെ ദയനീയമായ അവസ്ഥയാണിത്. ഒരു കിലോ റബ്ബർ ഉല്പാദിപ്പിക്കാൻ 172 രൂപ ചെലവുവരുമ്പോൾ ന്യായമായും ഇതനുസരിച്ച് 280 രൂപ ലഭിക്കേണ്ടതാണ്. എന്നാൽ ലഭിക്കുന്നത് ചെലവിനേക്കാൾ താഴെയുള്ള വിലയാണ്. കേരളത്തിലെ കരകൃഷികളിൽ ഏറ്റവും കൂടുതൽ വിസ്തൃതിയിൽ കൃഷിചെയ്യുന്നത് റബ്ബറാണെന്ന വസ്തുത കണക്കിലെടുക്കുമ്പോൾ കേരളത്തിലെ കർഷക സമൂഹത്തിന്റെ പരിതാപകരമായ അവസ്ഥയാണ് അനാവരണം ചെയ്യപ്പെടുന്നത്. 250 രൂപ റബ്ബറിന് തറവില നൽകുമെന്ന് പറഞ്ഞ സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. എന്നാൽ നാളിതുവരെയായി ഒരു രൂപയുടെപോലും ഇൻസെന്റീവ് വർദ്ധന ഉറപ്പുവരുത്താൻ സർക്കാരിന് സാധിച്ചിട്ടില്ല. അതുപോലെ, സിയാൽ മാതൃകയിൽ കമ്പനി രൂപീകരിച്ച് റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നുള്ള വാഗ്ദാനം എങ്ങുമെത്തിയിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി കൃഷിക്കാരന് നൽകുന്ന ഓരോ ഉറപ്പും തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ മാത്രം പ്രതിപാദിക്കുന്ന ഔദാര്യ പ്രകടനം മാത്രമായി മാറിയിരിക്കുകയാണ്. നയപ്രഖ്യാപനത്തിലേയും ബഡ്ജറ്റിലേയും പ്രഖ്യാപനങ്ങൾപോലും നടപ്പിലാകുന്നില്ല. കാർഷികോല്പന്നങ്ങൾ സംഭരിക്കുമെന്ന് കൊട്ടിഘോഷിച്ച് പ്രഖ്യാപിച്ചെങ്കിലും അത് ജലരേഖയായി.

2.00 PM]

നെൽകൃഷി വലിയ പ്രതിസന്ധിയിലായതിനാൽ വൻ നഷ്ടമാണുണ്ടായിട്ടുള്ളത്. അതിന്റെ താങ്ങുവില 30 രൂപയാക്കണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുന്നു. നാളികേരത്തിന്റെ താങ്ങുവില ചുരുങ്ങിയത് 40 രൂപയായി ഉയർത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. തറവില പ്രഖ്യാപിച്ച് 10 മാസമായിട്ടും പച്ചക്കറികളുൾപ്പെടെയുള്ള കാർഷികവിളകൾ ഏറ്റെടുക്കാൻ പോലും ആളില്ലാത്ത അവസ്ഥയാണ്. ആദ്യ ലോക്ഡൗണിൽ പ്രഖ്യാപിച്ച 'സുഭിക്ഷകേരളം' പദ്ധതിയുടെ ഭാഗമായും അല്ലാതെയും നാടാകെ കൃഷിയിറക്കിയെങ്കിലും കാർഷികോല്പന്നങ്ങളിൽ പലതിനും നേരത്തെയുണ്ടായിരുന്നതിന്റെ പകുതി വിലപോലും ലഭിക്കുന്നില്ല. സംഭരിച്ച ഉല്പന്നങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക നൽകാത്തത് വളരെയേറെ ഖേദകരമാണ്. കപ്പകൃഷി ഇന്ന് പ്രതിസന്ധിയിലാണ്, ഉല്പാദനച്ചെലവുപോലും ലഭിക്കാതെ എട്ട് രൂപയിൽ താഴെയാണ്. കൈതച്ചക്കയ്ക്ക് എട്ട്രൂപയിൽ താഴെയാണ് പലപ്പോഴും വിലയെത്തിയിട്ടുള്ളത്. നെല്ല്, നാളികേരം, ഏലം, കുരുമുളക്, കാപ്പി, ഇഞ്ചി, കശുവണ്ടി, കവുങ്ങ് എന്നിങ്ങനെ കൃഷി ചെയ്യുന്ന എല്ലാ കർഷകരും ഇന്ന് വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുകയാണ്. 16 ഇനം പച്ചക്കറികൾക്കാണ് ഒക്ടോബറിൽ തറവില പ്രഖ്യാപിച്ചത്. പക്ഷേ, പലയിടത്തും സംഭരണം

നടത്തുന്നതിനുള്ള ഏജൻസികളെ നിയോഗിക്കാൻപോലും സർക്കാരിന് സാധിച്ചില്ല. സഹകരണ സംഘങ്ങളിൽ പലപ്പോഴും അതിനുള്ള അപേക്ഷകൾ കൃഷി വകുപ്പ് മുളയിലെ നുള്ളിക്കളഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണനുപോലും കപ്പകൃഷിയിലുണ്ടായ നഷ്ടത്തെ സംബന്ധിച്ച് മുൻ ധനകാര്യ വകുപ്പുമന്ത്രിക്ക് പോസ്റ്റിടേണ്ടിവന്നു. അത് സംസ്ഥാനത്തിന്റെ ദയനീയമായ ചിത്രമാണ് വ്യക്തമാക്കിയിട്ടുള്ളത്. വളത്തിന്റെയും കീടനാശിനികളുടെയും വില ഇരട്ടിയിലധികം വർദ്ധിച്ചിട്ടും ഒരാശ്വാസ നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. അടിയന്തരമായി വളത്തിനുള്ള സബ്സിഡി സർക്കാർ ഏർപ്പെടുത്തണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം ദിനംപ്രതി കർഷകരുൾപ്പെട്ട പാവപ്പെട്ടവർ ആത്മഹത്യ ചെയ്യുകയാണ്. കഴിഞ്ഞ ഒരു മാസത്തിനിടെ പന്ത്രണ്ടുപേരാണ് ആത്മഹത്യ ചെയ്തത്. കണ്ണൻ കുട്ടി, വേലുക്കുട്ടി, സന്തോഷ് തുടങ്ങിയ പാവപ്പെട്ട കർഷകർ ഈ പ്രശ്നങ്ങളുടെ പേരിലാണ് അവരുടെ ജീവിതം അവസാനിപ്പിച്ചത്. സംസ്ഥാനത്തെ ജനങ്ങൾ ഈയാമ്പാറ്റയെപ്പോലെ മരിച്ചുവീഴുമ്പോൾ സർക്കാർ ഇതൊന്നും കണ്ടില്ല, കേട്ടില്ല എന്നാണ് നടിക്കുന്നത്. വായ്പാ തിരിച്ചടവ് മുടങ്ങിയവർക്ക് ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും നോട്ടീസയച്ച് അവരെ ബുദ്ധിമുട്ടിച്ച് പീഡിപ്പിക്കുകയാണ്. ബാങ്ക് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചത് വളരെ വൈകിയാണെങ്കിലും ഇപ്പോഴും അതിന് ഫലപ്രാപ്തിയില്ല. ചെറുകിട കർഷകരുടെ രണ്ടുലക്ഷം രൂപ വരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളണമെന്നാണ് ഈ സന്ദർഭത്തിൽ ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

മറ്റ് രണ്ടുമൂന്ന് നിർദ്ദേശങ്ങൾക്കൂടി ബഹുമാന്യനായ മുഖ്യമന്ത്രിയുടെയും കൃഷി വകുപ്പുമന്ത്രിയുടെയും മുന്നിൽവയ്ക്കുന്നു. നിലച്ചുപോയ കാർഷിക കടാശ്വാസ കമ്മീഷന്റെ സമാശ്വാസ പദ്ധതി ഉടനെ ആരംഭിക്കണം. പ്രകൃതിക്ഷോഭത്തിൽ ജീവൻ പൊലിഞ്ഞുപോയ കുടുംബങ്ങൾക്കും ആശ്രിതർക്കും അർഹതപ്പെട്ട നഷ്ടപരിഹാരത്തുക നൽകുകയും വർദ്ധിപ്പിക്കുകയും ചെയ്യണം. വീടുകൾ നഷ്ടപ്പെട്ടവർക്ക് വീട് നൽകണം. കൃഷിമേഖല ശക്തിപ്പെടുത്തുന്നതിനും കർഷകരുടെ ജീവിത അന്തസ്സ് വർദ്ധിപ്പിക്കുന്നതിനുംവേണ്ടി പ്രത്യേക കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കാൻ സംസ്ഥാന സർക്കാർ മുൻകയ്യെടുക്കണം. അധികാര വികേന്ദ്രീകരണത്തിന്റെ രജതജൂബിലി നാം ആഘോഷിക്കുകയാണ്. ഈ അവസരത്തിൽ ഗാന്ധിജി സ്വപ്നം കണ്ട പഞ്ചായത്ത് രാജ് സംവിധാനം പ്രയോഗവത്ക്കരിച്ച് അതിന് മുൻകയ്യെടുത്ത മുൻപ്രധാനമന്ത്രി രാജീവ്ഗാന്ധിയെ ഈ അവസരത്തിൽ ഞാൻ അനുസ്മരിക്കുന്നു. പഞ്ചായത്ത് രാജ് സംവിധാനം

പ്രായോഗികമായി നടപ്പിലാക്കിയ കേരളത്തിലെ മുഴുവൻ ഭരണകർത്താക്കളെയും ജനനേതാക്കളെയും വ്യക്തികളെയും ഈ അവസരത്തിൽ ഞാൻ സ്മരിക്കുന്നു. കേരളത്തിലെ പ്രാദേശിക ഗവൺമെന്റുകളുടെ പ്രവർത്തനം രാജ്യത്താകെ മാതൃകാപരവും അഭിമാനകരവുമാണ്. പ്രളയകാലഘട്ടത്തിലും കോവിഡ് മഹാമാരിക്കാലത്തും ജനങ്ങൾക്ക് താങ്ങും തണലുമായി നിന്നത് നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങളാണ്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യവും അധികാരങ്ങളും വിഭവങ്ങളും നൽകുന്നതിനുപകരം ഇവയെ വരിഞ്ഞുമുറുക്കുന്ന കാഴ്ചയാണ് നാം ഇന്ന് കാണുന്നത്. ആ നയം തിരുത്താൻ സർക്കാർ തയ്യാറാകണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചും ന്യായമായ ഫണ്ടുകളും ഗ്രാന്റുകളും നൽകാതെ സർക്കാർ ചെയ്യേണ്ട ഉത്തരവാദിത്വങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാത്രം ബാദ്ധ്യതയാക്കിമാറ്റുന്ന സമീപനം അവസാനിപ്പിക്കണം. കോവിഡ് പ്രതിരോധത്തിന് തനതുഫണ്ടിൽ നിന്നും 20 ലക്ഷം രൂപവരെ തുക പ്രോജക്ടിനുവേണ്ടി ഉപയോഗിക്കാമെന്ന് അനുമതി നൽകിയതല്ലാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് നൽകാൻ സർക്കാർ തയ്യാറാകാത്തത് ദൗർഭാഗ്യകരമാണ്. കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് ചെലവഴിച്ച തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉടൻ തിരിച്ചുനൽകാൻ സംസ്ഥാന സർക്കാർ തയ്യാറാകണം. വീടില്ലാത്ത ആയിരക്കണക്കിന് ആളുകൾ സർക്കാരിന്റെ ദയാദാക്ഷണ്യം പ്രതീക്ഷിച്ച് പഞ്ചായത്ത് ഓഫീസുകളിൽ കയറിയിറങ്ങുകയാണ്. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിനുമുൻപ് പതിനായിരക്കണക്കിന് അപേക്ഷകളാണ് തെരഞ്ഞെടുപ്പിനെ മുന്നിൽക്കണ്ട് വാങ്ങിക്കൂട്ടിയത്. അവർക്ക് നൽകുമെന്ന് വാഗ്ദാനം നൽകി നാളിതുവരെയായിട്ടും ആ അപേക്ഷകൾ പരിശോധിക്കാൻ പോലും സർക്കാർ തയ്യാറാകാത്തത് ലജ്ജാകരമാണ്. ഇപ്പോൾ സർക്കാർ പരിഗണിക്കുന്നത് നിലവിലുള്ള ലിസ്റ്റിലെ ആളുകളെയാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്, അതായത്, രണ്ടുംമൂന്നും ലിസ്റ്റിൽപ്പെട്ടവരെ. അടിയന്തരമായി അപേക്ഷകൾ നൽകിയിട്ടുള്ള വീടില്ലാത്ത എല്ലാവർക്കും വീട് നൽകണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു. സമയക്കുറവുകാരണം ഞാൻ ഉപസംഹരിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കഴിഞ്ഞ അഞ്ചുവർഷം നിരവധി പ്രതിസന്ധികളാണ് കേരളത്തിലുണ്ടായത്. എന്നാൽ അതിനെയെല്ലാം മറികടക്കാനും അവ ജനങ്ങളെ ബാധിക്കാതിരിക്കാനും ഇടതുപക്ഷ മുന്നണി സർക്കാർ നന്നായി ശ്രമിച്ചിരുന്നുവെന്നത് നമുക്കെല്ലാവർക്കുമറിയാവുന്ന

കാര്യമാണ്. 2016-ൽ കൊടുംവരൾച്ചയും പിന്നീട് ഓഖിയും പ്രളയവും വെള്ളപ്പൊക്കവും നിപയും കൊറോണ വൈറസുമെല്ലാം സംസ്ഥാനത്തെ പിടിച്ച് കുലുക്കാൻ ശക്തമായ നിലയിലുള്ള ഇടപെടൽ നടത്തിയെങ്കിലും അതിനെയെല്ലാം മറികടക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ട് വന്നത് പ്രശംസനീയമായ കാര്യമാണ്. ഇവയെല്ലാം മറികടക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിച്ച പങ്ക് അത്രമേൽ വലുതാണെന്നത് ഈ അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന് കൂടുതൽ അധികാരം നൽകുന്ന, അധികാരം ജനങ്ങളിലേയ്ക്കെത്തിക്കുക എന്ന ആശയം 1996-ൽ നായനാർ സർക്കാർ ജനകീയാസൂത്രണം വഴി നടപ്പിലാക്കി 25 വർഷം പൂർത്തീകരിക്കുന്ന ഈ വേളയിൽ, തദ്ദേശഭരണ സ്ഥാപനങ്ങളെ കൂടുതൽ സഹായിച്ചും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശേഷി പരമാവധി ഉപയോഗപ്പെടുത്തിയുമാണ് ഈ പ്രതിസന്ധികളെ ഇടതുപക്ഷ ജനാധിപത്യമുന്നണി മറികടന്നതെന്ന് നമുക്കെല്ലാവർക്കുമറിയാവുന്ന കാര്യമാണ്. പദ്ധതി വിഹിതത്തിന്റെ 26 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയാണ് അവയെ കൈപിടിച്ച് ഉയർത്താൻ ആവശ്യമായ നിലപാട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വീകരിച്ചത്. തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ധനകാര്യം, ഗ്രാമവികസനം, ടൗൺ പ്ലാനിംഗ്, എഞ്ചിനീയറിംഗ് എന്നീ അഞ്ച് വകുപ്പുകളെ ഏകീകരിച്ച് സംസ്ഥാനത്തെ ഏറ്റവും വലിയ വകുപ്പുകളിലൊന്നാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിച്ചതോടുകൂടി ഇതിന്റെ പൂർണ്ണശേഷിയെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വസ്തുതാപരമായ കാര്യമാണ്. ഈ പ്രതിസന്ധികളെ മറികടക്കാൻ പന്ത്രണ്ടിന പരിപാടികൾ മുന്നോട്ടുവച്ചാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുപോയത്. വിശപ്പുരഹിത കേരളം, ശുചിത്വ കേരളം, തോടുകളുടെയും പുഴകളുടെയും ശുചീകരണം, വയോക്ലബ്ബുകൾ, ടേക്ക് എ ബ്രേക്ക്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഒരു കോടി ഫലവൃക്ഷത്തൈകൾ, ജൈവ പച്ചക്കറി, സാന്ത്വന ചികിത്സാ പരിഹാരങ്ങൾ, പട്ടിക വിഭാഗ ഉന്നമനം, ദുരന്തനിവാരണം, ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് എന്നിങ്ങനെ പന്ത്രണ്ടിന പരിപാടികൾ അവതരിപ്പിക്കുകയും അത് കൃത്യമായി നടപ്പിലാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയും അതിന് നേതൃത്വം വഹിക്കാൻ കഴിയുകയും ചെയ്തുവെന്നതിനാലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഈ കാലയളവിൽ മികച്ച വിജയം കരസ്ഥമാക്കാൻ കഴിഞ്ഞത്. നമുക്കെല്ലാം അറിയാവുന്നതുപോലെ, ഈ പ്രതിസന്ധി കേരളത്തിലെ ജനങ്ങളെ പട്ടിണിയിലേയ്ക്ക് തള്ളിവിടും അല്ലെങ്കിൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന് തോന്നിയ സമയത്താണ് 'വിശപ്പുരഹിത കേരളം' എന്ന പദ്ധതി നടപ്പിലാക്കുന്നത്. നമ്മുടെ പ്രദേശങ്ങളിലാകെ കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിച്ചു. പൂച്ചയ്ക്കും പട്ടിക്കുമുൾപ്പെടെ ഭക്ഷണം കൊടുക്കാൻ തീരുമാനിച്ച

മുഖ്യമന്ത്രിയെ അന്ന് പ്രതിപക്ഷം കുറ്റം പറയുന്നത് നമ്മൾ കേട്ടതാണ്. എന്നാൽ, വിശപ്പ് എല്ലാ ജീവജാലങ്ങൾക്കും ഒരുപോലെയാണെന്ന് കാണിച്ച് മനുഷ്യത്വപരമായ സമീപനം സ്വീകരിച്ച് വിശപ്പുരഹിത കേരളം എന്ന പദ്ധതിയിലൂടെ കമ്മ്യൂണിറ്റി കിച്ചണുകൾ നടപ്പിലാക്കി, 20 രൂപയ്ക്ക് ഉച്ചയൂണ് ലഭിക്കുന്ന ആയിരം ഹോട്ടലുകൾ നടപ്പിൽ വരുത്തുന്നതിലൂടെ ജനങ്ങളെ സഹായിക്കുന്ന നിലപാടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിച്ചത്. നേരത്തെ എനിക്കുമുൻപ് സംസാരിച്ച ഇരിക്കൂർ അംഗം ഇവിടെ സൂചിപ്പിച്ചു ലൈഫ് പദ്ധതിയിൽ ധാരാളം അപേക്ഷകൾ കെട്ടിക്കിടക്കുകയാണെന്ന്. എന്നാൽ, ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നതിനുശേഷം രണ്ടര ലക്ഷത്തിലധികം വരുന്ന ഭവനരഹിതരായ ആളുകൾക്ക് ഭവനം നൽകി, ഇനിയും ഞങ്ങൾ ഭവനങ്ങൾ നൽകുമെന്ന ഇച്ഛാശക്തിയോടുകൂടിയ വാക്കുകൾ പറഞ്ഞ് അതിനാവശ്യമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. ഒരപേക്ഷയും കെട്ടിക്കിടക്കില്ല. നിങ്ങളുടെ കാലത്തെപ്പോലെ ഒരപേക്ഷയും വാങ്ങി അതിനുമുകളിൽ അടയിരിക്കുന്നവരല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണക്കാരെന്ന് തെളിയിച്ച കാലഘട്ടമാണ് കഴിഞ്ഞുപോയതെന്നാണ് ഈ അവസരത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ ഈ മേഖലയുടെ പ്രതിസന്ധികളെ പരിഹരിക്കാൻ ഏറ്റവും പ്രധാനപ്പെട്ട മേഖലയായി ഉപയോഗിച്ചത് തൊഴിലുറപ്പുപദ്ധതിയെയാണ്. കേന്ദ്ര സർക്കാർ അനുവദിച്ച എട്ട് കോടി തൊഴിലവസരങ്ങൾ ജനുവരി മാസംതന്നെ പൂർത്തീകരിച്ച് കൂടുതൽ തൊഴിൽ വേണമെന്ന് അവകാശപ്പെട്ട് ബഡ്ജറ്റ് അവതരിപ്പിച്ച് പത്തുകോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് കഴിഞ്ഞിട്ടുണ്ടെന്ന് കാലം തെളിയിച്ചുതരികയാണ്.

കാർഷിക മേഖലയിൽ വിപ്ലവം സൃഷ്ടിച്ചുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി കടന്നുപോകുന്നത്. കാർഷികമേഖല തകർന്നുവെന്ന് ഇരിക്കൂർ അംഗം പറയുകയുണ്ടായി. 2011-16 കാലഘട്ടത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് കേരളം ഭരിച്ചപ്പോൾ 66 കർഷകരാണ് ആത്മഹത്യ ചെയ്തതെന്ന് നിങ്ങൾ ഓർക്കേണ്ടതുണ്ട്. ഇടുക്കിയിൽ ഒരു കർഷകൻ, സ്വന്തം ചിതയൊരുക്കി ആത്മഹത്യ ചെയ്തു. ആ കർഷകന്റെ ദാരുണമായ അന്ത്യം നമുക്കാർക്കും മറക്കാൻ കഴിയില്ല. എങ്ങനെയാണ് ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി കർഷകരെ സംരക്ഷിച്ചത് എന്നുള്ളത് കണക്കുകൾ വ്യക്തമാക്കിപ്പറയാൻ ആഗ്രഹിക്കുകയാണ്. കോവിഡ് മഹാമാരി കടന്നുവരുമ്പോൾ ഒരുപക്ഷേ ഉണ്ടാകാവുന്ന പ്രതിസന്ധികളെ മറികടക്കാനാണ് 'സുഭിക്ഷ കേരളം' എന്ന പദ്ധതി കേരളത്തിൽ നടപ്പിലാക്കിയത്. ഈ നാട്ടിലെ നല്ലവരായ മുഴുവൻ ജനങ്ങളും മനുഷ്യ സ്നേഹികളും ആ പദ്ധതി ഏറ്റെടുത്തു. വിപുലമായ രീതിയിലാണ് സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കിയത്.

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഓരോ ഘട്ടംഘട്ടമായി കുറയുന്ന സാഹചര്യമാണ് നെൽകൃഷിക്ക് ഉണ്ടായതെങ്കിൽ 50,000 ഏക്കർ തരിശുനിലങ്ങളിലാണ് പുതിയതായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ കൃഷിയിറക്കിയതെന്നുള്ളതെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. നെല്ല് സംഭരണത്തിന് രാജ്യത്തെ ഏറ്റവും വലിയ വിലയായ 27.48 രൂപ നൽകി 7.1 ലക്ഷം മെട്രിക് ടൺ നെല്ലിന്റെ റെക്കോർഡ് കളക്ഷൻ കേരളത്തിനകത്ത് നടത്താൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കഴിഞ്ഞു. നെൽവയലുകൾക്ക് റോയൽറ്റി അനുവദിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. നെൽവയലുകൾക്ക് റോയൽറ്റി പ്രഖ്യാപിച്ചുകൊണ്ട് കർഷകരെ സംരക്ഷിക്കാനാവശ്യമായ നിലപാട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വീകരിച്ചു. കുട്ടികളെ കാർഷിക മേഖലയിലേയ്ക്ക് അടുപ്പിക്കുന്നതിന്റെ ഭാഗമായി 'പാഠം-1 പാടത്തേയ്ക്ക്' എന്ന പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കഴിഞ്ഞു. 1956-ൽ കേരളം രൂപീകൃതമായതിനുശേഷം ഏറ്റവും ശ്രദ്ധേയമായ ഒരു നിയമനിർമ്മാണം നടത്തി കർഷകർക്കുവേണ്ടി കർഷക ക്ഷേമനിധി ബോർഡ് ഈ രാജ്യത്ത് അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുള്ള ഗവൺമെന്റിന്റെ പേരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഈ കാലഘട്ടത്തിലാണ് സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതി വലിയ രൂപത്തിൽ വർദ്ധിപ്പിക്കാൻ കഴിഞ്ഞത്. 50 രൂപയായിരുന്ന വാഴയ്ക്ക് ഇപ്പോൾ 300 രൂപയായി; നെല്ലിന് ഹെക്ടറിന് 15,000 രൂപയായിരുന്നുവെങ്കിൽ അത് 35,000-ത്തിലേയ്ക്ക് വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഇഞ്ചി ഹെക്ടറിന് 40,000 എന്നുള്ളത് 80,000 ആക്കി ഉയർത്താൻകഴിഞ്ഞു. നിങ്ങൾ ഭരിച്ചുകൊണ്ടിരുന്നപ്പോൾ സാധാരണക്കാരായിട്ടുള്ള കർഷകത്തൊഴിലാളികളുടെ പെൻഷൻപോലും കൊടുക്കാതെ അവരെ വറുതിയിലേയ്ക്ക് തള്ളിവിട്ടുവെങ്കിൽ നിങ്ങൾ കൊടുക്കാനുണ്ടായിരുന്ന കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക തീർത്ത് കൊടുക്കുകയും കർഷകത്തൊഴിലാളി പെൻഷൻ 1,600 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്ത ഗവൺമെന്റിന്റെ പേരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. നമുക്കെല്ലാവർക്കുമറിയാവുന്നതുപോലെ കൺമുമ്പിൽ അനുഭവിച്ചറിഞ്ഞ വികസന പ്രവർത്തനത്തിനും അവർ നേരിട്ടനുഭവിച്ചറിഞ്ഞ വികസനത്തിനുമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഈ കേരളത്തിലെ ജനങ്ങൾ വോട്ട് നൽകിയത്. ക്രിയാത്മക പ്രതിപക്ഷമെന്ന് അവർ നിരന്തരം പറയുമ്പോഴും അവരെന്ത് ക്രിയാത്മകതയാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത് എന്നുള്ളത് യു.ഡി.എഫ്. മനസ്സിലാക്കേണ്ട കാര്യം തന്നെയാണ്.

ഇന്നിവിടെ അടിയന്തരപ്രമേയം അവതരിപ്പിക്കാനിടയായ ഏറ്റവും പ്രധാനപ്പെട്ട കാരണം പെട്ടിമുടി, കവളപ്പാറ, പുത്തുമല എന്ന പ്രദേശങ്ങളിലുണ്ടായിട്ടുള്ള ദുരന്തങ്ങളിൽ സർക്കാർ ഇടപെട്ടില്ല എന്നുള്ളതു കൊണ്ടാണ്. അവിടെ പോരായ്മകളുണ്ടെങ്കിൽ പരിഹരിക്കേണ്ടത് തന്നെയാണ്. എന്തെങ്കിലും പ്രയാസങ്ങളുണ്ടെങ്കിൽ അത് പരിഹരിക്കണമെന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. 2018-ലും 2019-ലും വലിയ പ്രളയം കേരളത്തിലുണ്ടാകുകയും ഒരുപാട് നഷ്ടങ്ങളുണ്ടാകുകയും ചെയ്തു. ആ നഷ്ടങ്ങളിൽനിന്നും കേരളത്തെ കൈപിടിച്ചുയർത്താൻ നാടും നഗരവുമെല്ലാം ഒന്നിച്ച് മുന്നോട്ടുപോകുന്ന സാഹചര്യമാണുണ്ടായത്. എന്നാൽ നിങ്ങൾ മനസ്സിലാക്കണം, എന്റെ മണ്ഡലമായ തിരുവമ്പാടിയിലെ പുല്ലൂരാമ്പാറ എന്ന പ്രദേശത്ത് 2012-ൽ ഒരു മേഘസ്ഫോടനം നടന്നു. അത് മറ്റെവിടെയുമുണ്ടായില്ല; അവിടെ മാത്രമാണുണ്ടായത്. അതിൽ എട്ട് ജീവനുകൾ പൊലിയുകയും 32 വീടുകൾ നഷ്ടപ്പെടുകയും ചെയ്തു. ഒരാളെപ്പോലും പുനരധിവസിപ്പിക്കാൻ കഴിയാത്ത ഭരണകൂടമായിരുന്നു 2011 മുതൽ 2016 വരെ അധികാരത്തിലിരുന്നതെന്ന് നിങ്ങളിനിയെങ്കിലും മനസിലാക്കണം. ഒരാളെപ്പോലും പുനരധിവസിപ്പിക്കാൻ കഴിഞ്ഞില്ല. അവിടെയാണ് നിങ്ങൾ ക്രിയാത്മകമെന്ന് പറഞ്ഞുകൊണ്ട് ഇവിടെ ചർച്ച നടത്തുന്നത്. കൂടുതൽ കാര്യങ്ങളിലേയ്ക്കൊന്നും വിശദീകരിച്ച് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിലെ ജനങ്ങളുടെ പക്ഷമായി നിലനിൽക്കുമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എ. പ്രഭാകരൻ:</u> സർ, ഈ ഏഴ് ധനാഭ്യർത്ഥനകളെയും ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. നമ്മുടെ രാജ്യം കാർഷിക രാജ്യമാണെന്നാണ് ചെറുപ്പത്തിൽ ഞാൻ പഠിച്ചത്. ഇപ്പോഴും അതുതന്നെയാണ് പറഞ്ഞു കൊണ്ടിരിക്കുന്നത്. നാടിനെ ആകെ തീറ്റിപ്പോറ്റാനാവശ്യമായ ഭക്ഷ്യ ധാന്യമുല്പാദിപ്പിക്കുന്ന കർഷകർ കൂട്ടത്തോടെ ആത്മഹത്യ ചെയ്യുന്ന ഒരവസ്ഥയിലേയ്ക്ക് നാടിനെക്കൊണ്ടെത്തിച്ചത് ഏറെക്കാലത്തെ കോൺഗ്രസ്സിന്റെ ദുർഭരണമാണ്. ഇന്നിപ്പോൾ കൃഷിക്കാരൻ ഉല്പാദിപ്പിക്കുന്ന ഉല്പന്നത്തിന് വില തീരുമാനിക്കുന്നത് വാങ്ങുന്നവനാണ്. രാജ്യത്തെ രണ്ടാം തരം പൗരനായി കാർഷിക രാജ്യത്തെ കൃഷിക്കാരനെ മാറ്റിയതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് നമുക്കറിയാം. സ്വാതന്ത്ര്യ ദിനത്തിന്റെ 75-ാം പിറന്നാൾ ആഘോഷിക്കാൻ പോകുകയാണ്. ഏകദേശം അര നൂറ്റാണ്ടോളം കാലം ഇന്ത്യ ഭരിച്ച പാർട്ടിയാണ് കോൺഗ്രസ്. ഈ കാർഷിക രാജ്യത്തെ കൃഷിക്കാരെ പറഞ്ഞുപറ്റിക്കുക എന്നതുമാത്രമാണ് ഇക്കാലയളവിൽ അവർ ചെയ്തത്. അതിന്റെ

തിക്തഫലം ഇപ്പോൾ അവർ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച ഇരിക്കൂറിലെ അംഗം പറഞ്ഞത്, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇവിടെ തെരഞ്ഞെടുപ്പ് കാലത്തുമാത്രം മുദ്രാവാക്യങ്ങൾ ഉന്നയിക്കുക, അതുകഴിഞ്ഞാൽ മറക്കുക എന്നാണ്. കോൺഗ്രസ് എന്തൊക്കെ മുദ്രാവാക്യം ഈ രാജ്യത്ത് പറഞ്ഞു, അവർ ആകാശത്ത് കുടകെട്ടിത്തരാം; അറബിക്കടലിൽ പാലം കെട്ടിത്തരാം; മഹാമേരുവിൽനിന്നും മൃതസഞ്ജീവനി നിങ്ങൾക്ക് കൊണ്ടുതരാം; കോൺഗ്രസിന് വോട്ടുചെയ്യണം, അങ്ങനെയല്ലേ; "ഗരീബി ഹഠാവോ, ബേക്കാരി ഹഠാവോ" എന്തൊക്കെ പറഞ്ഞവരാണവർ. ഇന്ന് രാജ്യത്തിന്റെ അവസ്ഥ എന്താണ്? തൊഴിലില്ലായ്മയും ദാരിദ്ര്യവും ലോകത്ത് ഏറ്റവും കൂടുതൽ ദരിദ്രവാസികളുമുള്ള നാടാക്കി മാറ്റിയതിൽ ഒരു പങ്കും കോൺഗ്രസിനില്ലേ? ഏറെക്കാലത്തെ അഴിമതിയും ദുർഭരണവും കണ്ട് സഹികെട്ട ജനം രാജ്യത്തെ ഭരണമാറ്റത്തിന് വേണ്ടിവന്നു. പക്ഷേ ഇടതുപക്ഷത്തിനൊന്നും വേണ്ടത്ര സ്വാധീനം രാജ്യത്തില്ലാത്തതിന്റെ ഭാഗമായി ബി.ജെ.പി.-യെ അധികാരത്തിൽ കൊണ്ടുവരുന്ന അവസ്ഥ ഇവരുണ്ടാക്കി വച്ചതല്ലേ? ഇപ്പോൾ കൃഷിക്കാർ തെരുവിൽ കിടക്കുകയല്ലേ? പറയുമ്പോൾ സ്വയം ആലോചിച്ച് പറയേണ്ടതായിരുന്നു എന്നാണ് എനിക്കതിൽ പറയാനുള്ളത്. ഞാൻ പറഞ്ഞുവരുന്നത്, കേരളത്തിലെ കർഷക ആത്മഹത്യയ്ക്ക് അന്ത്യംകുറിച്ചത് പിണറായി സർക്കാർ അധികാരത്തിൽ വന്നശേഷമല്ലേ? ഇപ്പോൾ അദ്ദേഹം രണ്ടാളുകളുടെ പേര് എടുത്തുപറഞ്ഞു, കണ്ണൻകുട്ടിയും വേലുക്കുട്ടിയും. രണ്ടാളും പാലക്കാട്ടുകാരാണ്. അവർ കൃഷി നടത്തിയതിലുള്ള നഷ്ടംകൊണ്ട് ആത്മഹത്യ ചെയ്തതല്ല. വേലുക്കുട്ടി എന്റെ മണ്ഡലത്തിലേതാണ്. അയാൾ മകളുടെ കല്യാണത്തിനുവേണ്ടി കാശുവാങ്ങി അവർ ഭീഷണിപ്പെടുത്തി സ്ഥലം എഴുതിവാങ്ങി. അവസാനം അയാൾ ഗത്യന്തരമില്ലാതെ വീട്ടുകാരെ അഭിമുഖീകരിക്കാൻ വഴിയില്ലാതെ പോയി ട്രെയിനിനുമുന്നിൽ ചാടുകയാണ് ചെയ്തത്. അല്ലാതെ കാർഷിക മേഖലയിലെ നഷ്ടം കൊണ്ടല്ല. ഇവിടെ സൂചിപ്പിച്ചതുപോലെ, ഉഴവുകൂലി, വിത്തിനും രാസവളത്തിനും കീടനാശിനിക്കും സബ്സിഡി, വിള ഇൻഷ്വറൻസ്, നെല്ലിന് 28 രൂപ താങ്ങുവില തുടങ്ങിയവ നടപ്പാക്കുന്ന ഒരു സംസ്ഥാനത്ത് ഗവൺമെന്റ് ഇന്ത്യയിലെ മറ്റെവിടെയെങ്കിലുമുണ്ടോ?

മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാതെ ഞാൻ ചുരുക്കുകയാണ്. പാലക്കാട്, ആലപ്പുഴ ജില്ലകൾ നെൽകൃഷിക്ക് പ്രധാനപ്പെട്ടതും കൃഷി ഓഫീസർ ഒരു പ്രധാന പോസ്റ്റുമാണ്. എന്നാലിപ്പോൾ പല പഞ്ചായത്തുകളിലും കൃഷി ഓഫീസർമാരില്ല. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കഴിയുന്നതും ഉടൻതന്നെ കൃഷി ഓഫീസർമാരെ പോസ്റ്റ് ചെയ്യുന്നതിനാവശ്യമായ സംവിധാനം കൈക്കൊള്ളണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. നെല്ല് വിളവെടുപ്പിലെ പ്രശ്നം പരിഹരിക്കാൻ കൊയ്ത്ത്

നടക്കുന്ന സമയത്തുമാത്രം സിവിൽ സപ്ലൈസ് കോർപ്പറേഷനും മിൽ ഉടമകളും തമ്മിൽ ചർച്ച ചെയ്താൽ പോരാ, നേരത്തെകൂട്ടി ചർച്ച ആരംഭിക്കണം. സർക്കാർ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് മുമ്പുതന്നെ നെല്ല് വിളവെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു ദീർഘകാല കരാർ പ്രൈവറ്റ് മിൽ ഓണേഴ്സുമായി ഉണ്ടാക്കാനുള്ള പ്രവർത്തനം നടത്താൻ തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. PRS (Paddy Receipt Sheet) കിട്ടിയതിന് പണംകൊടുക്കുന്നതിന് സഹകരണ വകുപ്പ് കേരള ബാങ്കിനെ ചുമതലപ്പെടുത്തിയിട്ടുള്ളത് ഏറെ ആശ്വാസകരമാണ്.

ജലസേചനവുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളൊരു കാര്യം, നമ്മുടെ സംസ്ഥാനത്ത് ആറേഴ് മാസം പെയ്യേണ്ട മഴ രണ്ടുമാസം കൊണ്ട് പെയ്ത് തീരുകയാണ്. ഡാമുകളിൽ വെള്ളം കൂടുതൽ സംഭരിക്കാൻ ആവശ്യമായ സംവിധാനമുണ്ടാകണം. മംഗലം ഡാമിലും ചുള്ളിയാർ ഡാമിലും ഇപ്പോൾ ചെളി നീക്കംചെയ്യാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇത് എല്ലാ ഡാമുകളിലും വേണം. കനാലുകളുടെ അറ്റകുറ്റപ്പണി അപ്പപ്പോൾ പൂർത്തിയാക്കാനുള്ള പ്രവർത്തനം നടത്താതിരുന്നാൽ ഒരുഭാഗത്ത് അധികമായി വെള്ളം കിട്ടുകയും അത് തോട്ടിലേയ്ക്കും പുഴയിലേയ്ക്കും ഒഴികിപ്പോകുകയും മറുഭാഗത്ത് വെള്ളമില്ലാതെ കൃഷി ഉണങ്ങിപ്പോകുകയും ചെയ്യും. അതുകൊണ്ട് ഒരു തുള്ളി വെള്ളംപോലും പാഴാകാതിരിക്കാൻ ആവശ്യമായ മുൻകരുതൽ ജലസേചന വകുപ്പ് എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നൂതനമായ പ്രവർത്തനങ്ങളും പരിഷ്കാരങ്ങളും കാർഷികമേഖലയിൽ നടപ്പാക്കുന്നുണ്ട്. ഉദാഹരണത്തിന് പാലക്കാട് ചിറ്റൂരിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ കരടിപ്പാറയിൽ ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. തീർച്ചയായും എല്ലാ എം.എൽ.എ.-മാരും അത് കാണാനും ഒരോരുത്തരുടെയും മണ്ഡലത്തിൽ നടപ്പാക്കാൻ സർക്കാരിനെ ഉപയോഗപ്പെടുത്താനും തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

സൂര്യന് താഴെയുള്ള എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുന്നത് പഞ്ചായത്ത് വകുപ്പാണ്. പഞ്ചായത്ത് വകുപ്പിന്റെ അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഞാൻ സൂചിപ്പിക്കുന്നില്ല. എന്നാലും ഒറ്റ വാചകം പറയാം. 1991 -ൽ ജില്ലാ കൗൺസിലുള്ളപ്പോൾ ഏത് ജില്ലാ കൗൺസിൽ; എന്ത് ജില്ലാ കൗൺസിൽ; എന്നുപറഞ്ഞ് അതിനെ പിരിച്ചുവിട്ട് മാതൃക കാണിച്ചവരാണ് കോൺഗ്രസ്. കേരളത്തിൽ ഇപ്പോൾ പഞ്ചായത്തുകളാണ് സത്യത്തിൽ എല്ലാകാര്യങ്ങളും നോക്കുന്നത്. ഈ കൊറോണ കാലയളവിലും സ്തുത്യർഹമായ പ്രവർത്തനം നടത്തുന്ന സ്ഥാപനമെന്ന നിലയിൽ പഞ്ചായത്തുകളെ കൂടുതൽ ശക്തിപ്പെടുത്താൻ ആവശ്യമായ പ്രവർത്തനം നടത്തണം. പൊതുഫണ്ട് ഉപയോഗിച്ച് റോഡുകൾ നേരെയാക്കുമ്പോൾ ഒരു കുഴിയോ, ചെറിയ ഡാമേജോ ഉണ്ടായാൽ അപ്പോൾത്തന്നെ പരിഹരിക്കാൻ പഴയ രീതിയിലുള്ള എൻ.എം.ആർ. സിസ്റ്റം പഞ്ചായത്തുകളിൽ നടപ്പാക്കുന്നത് നന്നായിരിക്കും.

എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ടതാണ് മറ്റൊരു പ്രശ്നം. ഒരു കാലത്ത് കണ്ടവർക്കൊക്കെ കയ്യിട്ടുവാരാനുള്ള വകുപ്പായിരുന്നു എക്സൈസ്. കഴിഞ്ഞ അഞ്ചുവർഷത്തെ പിണറായി സർക്കാരും ശ്രീ. ടി. പി. രാമകൃഷ്ണനും അതിന് മൂക്കുകയറിടാൻ തയ്യാറായി. കുറച്ചുകൂടി കാര്യക്ഷമമാക്കേണ്ട പ്രവർത്തനങ്ങൾ കൂടിയുണ്ട്. ലഹരി മാഫിയ വളരുന്ന യുവതലമുറയേയും വിദ്യാർത്ഥികളെയും വലവീശിപ്പിടിച്ചു കൊണ്ടിരിക്കുകയാണ്. ഇത് മാരകമായ പ്രത്യാഘാതങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാക്കും. ഇതിനെതിരെ ഗൗരവമായ ജാഗ്രതയും കാര്യക്ഷമതയും എക്സൈസ് വകുപ്പിനെ ഉപയോഗിച്ച് ചെയ്യിപ്പിക്കാനാവശ്യമായ പ്രവർത്തനം നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇവിടെ മുൻമന്ത്രി സഖാവ് ശ്രീ.ടി.പി. രാമകൃഷ്ണൻ സൂചിപ്പിച്ചതുപോലെ കള്ളുചെത്ത് വ്യവസായം തകർന്നു കൊണ്ടിരിക്കുകയാണ്. പുതിയതായി ചെത്തുകാരാരും രംഗത്ത് വരുന്നില്ല. ഇത് വളരെ ഗൗരവമായി പരിശോധിക്കണം. ഏറ്റവും കൂടുതൽ കള്ളുചെത്തി പന്ത്രണ്ട് ജില്ലകൾക്ക് എത്തിക്കുന്നത് പാലക്കാട് ജില്ലയിൽ നിന്നാണ്. കള്ള് ചെത്ത് മേഖലയിലുള്ള തൊഴിലാളികൾക്കാവശ്യമായ താങ്ങും തണലും കൊടുക്കാൻ toddy board രൂപീകരിക്കുന്ന കാര്യത്തെക്കുറിച്ച് എക്സൈസ് വകുപ്പ് ഗൗരവമായി ആലോചിക്കണം. പാലക്കാട് ജില്ലയിലുള്ള ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് എന്ന സ്ഥാപനം ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടി കരിമ്പ് കൃഷിക്കാർക്കും തൊഴിലാളികൾക്കും കൊടുക്കാനുള്ള എല്ലാ ആനുകൂല്യങ്ങളും കൊടുത്ത് മലബാർ ഡിസ്റ്റിലറി എന്നപേരിൽ ഒരു കമ്പനി രൂപീകരിച്ചു. Jawan rum ഉൽപ്പാദിപ്പിക്കാം എന്നതായിരുന്നു കമ്പനിയുടെ അന്നത്തെ കാഴ്ചപ്പാട്. പക്ഷേ നാളിതുവരെ അത് നടത്തിയിട്ടില്ല. ചാരായ നിരോധനത്തിന് ശേഷമാണ് ആ പ്രതിസന്ധി സ്ഥാപനത്തിനുണ്ടായത്. 120 ഏക്കർ സ്ഥലം അവിടെ കിടക്കുകയാണ്. ബഹുമാനപ്പെട്ട കെ. കൃഷ്ണൻകുട്ടി മന്ത്രിയായിരുന്ന കാലത്ത് മലമ്പുഴയിൽനിന്നും ആവശ്യത്തിന് ശുദ്ധജലം എത്തിക്കാൻ പൈപ്പ്ലൈൻ അവിടെ സ്ഥാപിച്ചിട്ടുണ്ട്. ഇന്നത്തെ സാദ്ധ്യതവച്ച് സുലഭമായി ലഭിക്കുന്ന വാഴപ്പഴം, മാമ്പഴം, ജാതിക്കത്തോട്, നെല്ലിക്ക, കാന്താരി മുളക്, കൈതച്ചക്ക ഇതൊക്കെ ഉപയോഗിച്ചുകൊണ്ട് വൈൻ ഫാക്ടറി ആരംഭിച്ചാൽ ഉൽപാദകർക്ക് നല്ല വില കിട്ടും. നാട്ടിൽ മാത്രമല്ല വിദേശത്തുകൂടി വിപണി കണ്ടെത്താൻ കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല. ഇത് അടിയന്തരമായി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. എന്റെ വീടിന്റെ പരിസരത്ത് കൂടിയാണ് ഇന്ന് കാട്ടാന വന്നുപോയിട്ടുള്ളത്. മലയിൽനിന്നും ദൂരെ നാഷണൽ ഹൈവേയിലാണ് എന്റെ വീട്. മലമ്പുഴ മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിൽ ആറ് പഞ്ചായത്തുകളിലും കാട്ടാനകളുടെയും പന്നികളുടെയും പുലികളുടെയും വന്യമൃഗങ്ങളുടെയും ശല്യം ഏറിവരികയാണ്. ഇവിടത്തെ കൃഷിക്കാർ പരിതാപകരമായ അവസ്ഥയിലാണ്. ഇത് ഇല്ലാതാക്കാൻ അടിയന്തരമായ ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. ഈ ഏഴ് ധനാഭ്യർത്ഥനകളെയും പൂർണ്ണമായി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷിക മേഖലയിൽ സർക്കാർ ഇടപെടലിലൂടെ എങ്ങനെ മാറ്റംവരുത്താം എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഒന്നാം പിണറായി സർക്കാർ. നവലിബറൽ സാമ്പത്തിക നയം ആരംഭിച്ചതുമുതൽ ലോകത്തെമ്പാടുമുള്ള കർഷകർ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. കൃഷി ഇന്ത്യയിൽ ആദായകരമല്ലെന്നതിനാൽ പല കർഷകരും കൃഷിപ്പണി ഉപേക്ഷിക്കുകയും തങ്ങളുടെ ഭൂസ്വത്ത് ചുളുവിലയ്ക്ക് കോർപ്പറേറ്റുകൾക്ക് വിൽക്കുകയും ചെയ്യുന്ന കാഴ്ചയാണ് ഇന്ത്യയിൽ നാം കാണുന്നത്. രാജ്യത്ത് കർഷക ആത്മഹത്യകൾ നാൾക്കുനാൾ പെരുകിവരികയാണ്. രാജ്യ തലസ്ഥാനത്ത് ഇന്ന് നാം കാണുന്ന ഐതിഹാസികമായൊരു സമരമുണ്ട്. ഈ സമരം സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും ഉജ്ജ്വലമായൊരു അദ്ധ്യായമാണ്. കഴിഞ്ഞ ഏഴുമാസമായി തുടർച്ചയായി നടക്കുന്ന ഇത്രവലിയൊരു സമരത്തെ കാണാനോ, കേൾക്കാനോ കൂട്ടാക്കാത്ത കേന്ദ്ര ഗവൺമെന്റിന്റെ ധിക്കാരപരമായ നടപടിയിൽ പ്രതിഷേധിക്കുകയും സമരംചെയ്യുന്ന കർഷകരുടെ പ്രശ്നങ്ങൾ അടിന്തരമായി പരിഹരിക്കാൻ കേന്ദ്ര ഗവൺമെന്റ് ഇടപെടുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മോദി സർക്കാർ കർഷകർക്ക് പൊള്ളവാഗ്ദാനങ്ങളാണ് നൽകുന്നത്. കർഷകരുടെ വരുമാനം വർദ്ധിക്കുമെന്നാണ് അദ്ദേഹം പറയുന്നത്. അതിനുവേണ്ടിയാണെത്രെ മൂന്ന് കർഷകദ്രോഹ നിയമങ്ങൾ കൊണ്ടുവന്നത്. ഈ കർഷകദ്രോഹ നിയമങ്ങൾ കർഷകരെ കുത്തുപാളയെടുപ്പിക്കുമെന്നത് കർഷകർ നന്നായി മനസ്സിലാക്കിയിട്ടുണ്ട്. ഇന്ത്യയിൽ കൃഷി തകരുമ്പോൾ, കർഷകന്റെ ജീവിതം ദു:സ്സഹമാകുമ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റ് കേരളത്തിലെ കാർഷികമേഖലയിൽ നടപ്പിലാക്കിയ ബദൽ നയമാണ് കേരളത്തിലെ കൃഷിക്കാരെ രക്ഷപ്പെടുത്തിയത്. കേരളത്തിൽ കർഷകന്റെ ആത്മഹത്യയില്ല. കാർഷിക ഉൽപ്പന്നങ്ങൾക്ക് വിലത്തകർച്ചയുണ്ടെങ്കിലും കൃഷിക്കാരൻ പട്ടിണികിടക്കുന്നില്ല. ബദൽ നയമെന്നത് കാർഷിക മേഖലയിൽ ജനങ്ങളെ അണിനിരത്താനുള്ള ഇടപെടലാണ്. ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, പരമാവധി വില ലഭ്യമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക, തറവില നിശ്ചയിച്ച് വിലയിലെ അന്തരം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക തുടങ്ങി ഒരു സംസ്ഥാന ഗവൺമെന്റിന് എന്തെല്ലാം ചെയ്യാൻ കഴിയുമോ അതിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി ചെയ്യുകയെന്നതാണ് ഈ ഗവൺമെന്റിന്റെ നിലപാട്. അതിനുവേണ്ടിയാണ് വിവിധ മിഷനുകൾ രൂപീകരിച്ചപ്പോൾ കാർഷികാഭിവൃദ്ധിക്കുവേണ്ടി മാത്രം ഹരിത കേരളം മിഷൻ നടപ്പിലാക്കിയത്. ഹരിത കേരളം മിഷൻവഴി നടപ്പാക്കിയ പദ്ധതികൾ കാർഷിക മേഖലയിൽ വലിയ മുന്നേറ്റങ്ങളുണ്ടാക്കി. ജനകീയ പങ്കാളിത്തത്തോടെയുള്ള ജൈവ പച്ചക്കറി ഉൽപ്പാദനത്തിൽ വൻവർദ്ധനവാണ് കേരളം കൈവരിച്ചത്. 2015-16 സാമ്പത്തിക വർഷത്തിൽ 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ച

കേരളം 2018-19 ആയപ്പോൾ 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ സാധിച്ചു. ഇത് 2019-20 -ൽ 15 ലക്ഷം മെട്രിക് ടൺ ആകുമെന്നാണ് കണക്കാക്കുന്നത്. മാത്രമല്ല, ഇൻഡ്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത വിധത്തിൽ നമ്മുടെ ഗവൺമെന്റ് 16 ഇനം പച്ചക്കറികൾക്ക് തറവില നിശ്ചയിച്ചു. കാർഷികോൽപ്പന്നങ്ങൾ സംഭരിക്കാനും വിപണനം നടത്താനുംവേണ്ടി 550 കേന്ദ്രങ്ങളിൽ വിപണന സ്റ്റാളുകൾ ആരംഭിച്ചു. ഇത് കർഷകരെ രക്ഷിക്കാനല്ലാതെ മറ്റെന്തിന് വേണ്ടിയാണ്. നവലിബറൽ നയങ്ങളെ ചെറുത്ത് പരാജയപ്പെടുത്താൻ ഈ ജനകീയ ഇടപെടലല്ലാതെ മറ്റെന്താണ് മാർഗ്ഗം. അങ്ങനെയാണ് കേരളത്തിലെ കൃഷിക്കാരെ രക്ഷിക്കാൻ ഗവൺമെന്റ് മുന്നോട്ടിറങ്ങിയത്.

നെൽകൃഷി അന്യം നിന്നുപോകുന്നൊരു കൃഷിയായിരുന്നല്ലോ; ആദായകരമല്ലാത്തൊരു കൃഷിയായതുകൊണ്ട് ആളുകൾ നെൽകൃഷിയിൽനിന്നും കൂട്ടത്തോടെ പിന്തിരിയാൻ തുടങ്ങി. കൃഷി ചെയ്തിരുന്ന സ്ഥലങ്ങളിലെല്ലാം കോൺക്രീറ്റ് മന്ദിരങ്ങൾ ഉയരാൻ തുടങ്ങി. 2016-17-ൽ 1,71,398 ഹെക്ടറിൽ നെൽകൃഷി ചെയ്ത കേരളത്തിൽ 2017-18 ആകുമ്പോൾ 2,20,449 ഹെക്ടറായി വർദ്ധിച്ചു. നേരത്തെ പ്രതിപക്ഷത്തുനിന്നും സംസാരിച്ച ഒരാൾ പറയുന്നതുകേട്ടു, ഈ ഗവൺമെന്റ് കൃഷിക്കാർക്ക് ഒരാനുകൂല്യവും കൊടുക്കുന്നില്ലെന്ന്. നെൽകൃഷിക്ക് ഒരു ഹെക്ടറിന് നാൽപ്പതിനായിരം രൂപ കൃഷിച്ചെലവും മറ്റ് ചെലവുകളും നൽകിയാണ് നെൽകൃഷി വർദ്ധിപ്പിച്ചത്. തരിശ്ശുഭൂമിയിൽ കൃഷിചെയ്യുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകി. ഭൂമിയുടെ ഉടമയ്ക്ക് റോയൽറ്റി കൊടുക്കുന്ന നടപടി കേരളത്തിൽ ആരംഭിച്ചു. നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ചു. അങ്ങനെ നമ്മുടെ സംസ്ഥാനത്ത് കാർഷിക മേഖലയിൽ നെൽകൃഷി വർദ്ധിപ്പിക്കാനാവശ്യമായ വലിയ ഇടപെടലുകളാണ് നടത്തിയത്. നാണ്യവിളകളുടെയും സ്പൈസസിന്റേയും കാര്യത്തിൽ ഇത്തരം ഇടപെടലുകളുണ്ട്. എല്ലാ കാർഷിക ഉൽപ്പന്നങ്ങൾക്കും വിലത്തകർച്ചയുണ്ട്. അതുമൂലം കേരളത്തിലെ കർഷകർ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഇവിടെ ഉൽപ്പാദന വർദ്ധനവുണ്ടാക്കുകയെന്നതല്ല വിപണി കണ്ടെത്തുക എന്നതാണ് കൃഷിക്കാരൻ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രയാസം. വിപണിയിൽ ഇടപെടുന്നതിന് ഇനിയും സർക്കാർ മുന്നോട്ടുപോകണം. അതിലുപരി സംസ്കരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണം. പെട്ടെന്ന് നശിച്ചു പോകുന്ന പച്ചക്കറികൾ ഉൾപ്പടെയുള്ള ഉൽപ്പന്നങ്ങൾ ദിവസങ്ങളോളം കേടുകൂടാതെ സൂക്ഷിക്കാനുള്ള സംവിധാനമുണ്ടാക്കണം. കാർഷികാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുകയാണ് ഇതിനൊരു പരിഹാരമാർഗ്ഗം. നേരത്തെ പ്രഖ്യാപിച്ച റബ്ബറധിഷ്ഠിത വ്യവസായം ആരംഭിക്കണം. അതുപോലെ നമ്മുടെ കാർഷിക വിളകളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനാവശ്യമായ നടപടികൾകൂടി സർക്കാർ ആരംഭിക്കേണ്ടതുണ്ട്. സമയക്കുറവുമൂലം കൃഷിയുടെ കാര്യം ഇത്രയും പറഞ്ഞ് അവസാനിപ്പിക്കുന്നു.

ഇക്കഴിഞ്ഞ അഞ്ച് വർഷം ജലസേചനം, ജലവിഭവം, എന്നിവയുൾപ്പെടെ ജലനിധിയും ജൽജീവൻ മിഷനും കേരളത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സമാനതകളില്ലാത്തതായിരുന്നു. എന്റെ മണ്ഡലത്തിലെ ഒരു കാര്യം മാത്രം പറയാം. കഴിഞ്ഞ 25 വർഷങ്ങളായി ഞാനും ശ്രീ. എൻ. എ. നെല്ലിക്കുന്നും ഉൾപ്പെടെയുള്ള കാസർഗോഡ് ജില്ലയിലെ ജനങ്ങൾ ഉപ്പുവെള്ളമാണ് കുടിച്ചിരുന്നത്. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ കാസർഗോഡ് ജില്ലയിലേയ്ക്ക് വരുന്ന എല്ലാവരും ഉപ്പുവെള്ളമാണ് കുടിക്കാനും കുളിക്കാനും നനയ്ക്കാനുമെല്ലാം ഉപയോഗിക്കുന്നത്. രണ്ട് ദശകക്കാലമായി ഇത് പരിഹരിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, കാസർഗോഡ് ജില്ലയിലെ ജനങ്ങളുടെ ഉപ്പുവെള്ളത്തിന്റെ പ്രശ്നത്തിന് പരിഹാരം കാണാൻ എൽ.ഡി.എഫ്. സർക്കാർ വരേണ്ടിവന്നു, സഖാവ് പിണറായി വിജയൻ മുഖ്യമന്ത്രിയാകേണ്ടി വന്നു. ഇന്ന് അവിടെയുള്ള ജനങ്ങൾ കുടിക്കുന്നതും ഉപയോഗിക്കുന്നതും ശുദ്ധജലമാണ്. ബാവിക്കര തടയണയുടെ പണി പൂർത്തിയായപ്പോൾ, മൂന്ന് നദികളുടെ സംയോജന കേന്ദ്രമായ ബാവിക്കരയിൽ സുലഭമായി വെള്ളം ലഭിക്കുകയും ഉപ്പുവെള്ളം കയറാതിരിക്കുകയും ചെയ്യുന്ന സംവിധാനം നടപ്പിലാക്കി. ഇക്കാര്യത്തിൽ നടപടിയെടുത്ത, ഞങ്ങളെ ഉപ്പുവെള്ളം കുടിക്കുന്നതിൽനിന്നും രക്ഷപ്പെടുത്തിയ കേരളത്തിലെ ഒന്നാം പിണറായി സർക്കാരിന് അഭിവാദ്യങ്ങൾ അർപ്പിക്കുകയാണ് കാസർഗോഡ് ജില്ലയിലെ ജനങ്ങൾ. 1991-ൽ പണി ആരംഭിച്ചെങ്കിലും ഇരുപത് വർഷം കഴിഞ്ഞിട്ടാണ് പണി പൂർത്തീകരിക്കാൻ സാധിച്ചത്. രണ്ട് തവണ കരാറുകാർ ഇട്ടിട്ടുപോയി. ഇതിന് സമാനമായ മറ്റൊരു പദ്ധതിയാണ് ചിത്താരി പദ്ധതി. ഉദുമ, കാഞ്ഞങ്ങാട് എന്നീ രണ്ട് മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ചിത്താരി പദ്ധതി മുൻമന്ത്രിയായ സഖാവ് ഇ. ചന്ദ്രശേഖരന്റെ മണ്ഡലത്തിൽപ്പെടുന്നതാണ്. പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പിലാക്കാനാവശ്യമായ നടപടികൂടി സ്വീകരിക്കണം. അങ്ങനെയെങ്കിൽ ആ പ്രദേശത്തെ ജനങ്ങളുടെ പ്രശ്നത്തിനുകൂടി പരിഹാരം കാണാൻ സാധിക്കും.

ജലസേചന കാര്യത്തിൽ ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ വീടുകളിലേയ്ക്കും ജലമെത്തിക്കുമെന്നാണല്ലോ പ്രഖ്യാപിച്ചിരിക്കുന്നത്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സഹായത്തോടുകൂടി എല്ലാ വീടുകളിലേയ്ക്കും ജലമെത്തിക്കുന്ന പദ്ധതിയാണ് ജെ.ജെ.എം.(ജൽജീവൻ മിഷൻ). എന്റെ മണ്ഡലത്തിലിപ്പോൾ രാമങ്കയം പദ്ധതി മാത്രമേ പൂർത്തീകരിക്കപ്പെട്ടിട്ടുള്ളൂ. ബാക്കി പദ്ധതികളെല്ലാം പൂർത്തീകരിക്കേണ്ടതുണ്ട്. എല്ലാ പദ്ധതികളുടേയും ഡി.ഇ.ആർ. സമർപ്പിച്ചിരിക്കുകയാണ്. കൊളത്തൂർ-പുല്ലൂർ-പെരിയ, ഉദുമ-പള്ളിക്കര, ബന്തടുക്ക-കരിവാടകം, കള്ളാർ-ദേലമ്പാടി-കുമ്പഡാജെ, കാറഡുക്ക-മുളിയാൽ-കുറ്റിക്കോൽ-ചെമ്മനാട് ഈ പദ്ധതികളെല്ലാം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൂടി സ്വീകരിക്കണം. ഇതിൽത്തന്നെ രണ്ടുമൂന്ന് പദ്ധതികൾ മലയോര-ഗ്രാമീണ മേഖലയിലെ പദ്ധതികളാണ്. അവിടെ വീടുകൾ വളരെ അകലെയായതിനാൽ പൈപ്പിടുക എന്നുപറയുന്നത് അത്ര എളുപ്പം നടക്കുന്ന കാര്യമല്ല. അതുപോലെ

ഒരുലക്ഷം രൂപയിൽ കൂടുതൽ ചെലവ് വരുന്ന പദ്ധതികൾക്ക് അംഗീകാരം കിട്ടാനുള്ള സാങ്കേതിക തടസ്സവുമുണ്ട്. ആ പ്രശ്നം പരിഹരിച്ചാൽ മാത്രമേ ഈ പദ്ധതികൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ഈ പദ്ധതികൾ പൂർത്തിയാക്കാനാവശ്യമായ നടപടികൾകൂടി ചെയ്യു തരണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിൽ ഒരു ഡാം പോലുമില്ലാത്ത ജില്ലയാണ് കാസർഗോഡ്. ഇപ്പോഴത്തെ വൈദ്യുതി വകുപ്പുമന്ത്രി എന്നെ കണ്ടപ്പോൾ പറഞ്ഞത് "നിന്റെ ജില്ല എപ്പോഴാണ് ഒന്ന് നന്നാവുക"എന്നാണ്. അദ്ദേഹം പറഞ്ഞത് ശരിയായ കാര്യമാണ്. മൂന്നാംകടവ് പദ്ധതിയും കാക്കടവ് പദ്ധതിയും ഉപേക്ഷിക്കപ്പെട്ട പദ്ധതികളാണ്. അവിടെ വലിയ പദ്ധതികൾക്ക് ഇനിയും സാദ്ധ്യതയുണ്ടെന്ന് ഞാൻ പറയുന്നില്ല. എന്നാൽ മൂന്നാംകടവും കാക്കടവും ഉൾപ്പെടെ ചെറുകിട മിനിഡാമുകൾ നിർമ്മിക്കുന്നതിനും അതിൽനിന്നും ജലസേചനം നടത്തി കൃഷിക്കും കുടിവെള്ളത്തിനുമാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് ഈ രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ജല അതോറിറ്റിയുടെയും ജലനിധിയുടെയും ധാരാളം പദ്ധതികൾ ഇപ്പോൾത്തന്നെ നടന്നുവരികയാണ്. അതിൽ 89 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. 416 ദശലക്ഷം ലിറ്റർ വെള്ളം ഉൽപ്പാദിപ്പിക്കുന്നുണ്ട്. 27 ലക്ഷം പേർക്ക് കണക്ഷൻ നൽകാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ജലനിധിയിൽ 1026 പദ്ധതികളാണ് പൂർത്തിയാക്കിയത്. 1,76,045 വീടുകൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്. 1300 കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കാനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കിഫ്ബിവഴി 4,046 കോടി രൂപയുടെ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. വാട്ടർ അതോറിറ്റി മുഖേന 285 കോടി രൂപയുടെ പദ്ധതി വേറെയും. അങ്ങനെ 2254 പ്രവൃത്തികൾ കിഫ്ബിവഴിയും വാട്ടർ അതോറിറ്റി വഴിയും കേരളത്തിൽ നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഏതായാലും ഈ പദ്ധതികളെല്ലാം നടപ്പിലാകുമ്പോൾ കേരളത്തിലെ ജനങ്ങളുടെ കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകും. അതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നമ്മുടെ സംസ്ഥാനത്ത് അടുത്തകാലത്തുണ്ടായ പ്രധാനപ്പെട്ട ചില ക്രിമിനൽ കേസ്സുകൾ, കൊലപാതകം, സ്ത്രീ പീഡനം തുടങ്ങിയവയ്ക്ക് പിന്നിൽ പ്രവർത്തിച്ചത് മദ്യമായിരുന്നുവെന്നാണ് സാംസ്കാരിക നായകന്മാർ വിലയിരുത്തുന്നത്. കേരളം ഇന്ന് നാലുകാലിൽ നടക്കാൻ വിധിക്കപ്പെട്ട ഒരു സംസ്ഥാനമായി മാറി.

ഘട്ടംഘട്ടമായി മദ്യം നിരോധിക്കുകയെന്ന ലക്ഷ്യത്തോടെ യു.ഡി.എഫ്. കൊണ്ടുവന്ന നയത്തിൽനിന്നും മാറി, മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് കേരളത്തിൽ ആവശ്യമെന്ന എൽ.ഡി.എഫ്.-ന്റെ നയം മാറ്റമാണ്, സമീപനമാണ് ഇതിന്റെ പ്രധാനപ്പെട്ട കാരണം. അതുകൊണ്ട് എന്ത് ഗുണമാണുണ്ടായത്; ഈ കോവിഡ് മഹാമാരിക്കാലത്ത് സർവ്വകടകളും അടച്ചുപൂട്ടിയപ്പോൾ ബെവ്കോയുടെ 285 ഔട്ട്ലെറ്റുകൾ, 605 ബാറുകൾ, 339 ബിയർ/വൈൻ പാർലറുകൾ എന്നിവയുൾപ്പെടെ രണ്ടായിരം കൗണ്ടറുകളിലൂടെയാണ് നമ്മുടെ നാട്ടിൽ മദ്യം ഒഴുക്കിയത്. മദ്യവർജ്ജനം പോയിട്ട് മദ്യം സാർവ്വത്രികമാക്കി. ഐ.ടി. വകുപ്പും വിനോദസഞ്ചാരവും വളരാൻ മദ്യം വേണമെന്നതാണ് ഇവർ പറയുന്ന കാരണം. ഈ രണ്ട് വിഭാഗവും കുടിയന്മാരാണ് എന്നാണിവർ തെറ്റിദ്ധരിപ്പിക്കുന്നത്. എന്നാൽ യു.ഡി.എഫ്.-ന്റെ കാലത്ത് മദ്യം വ്യാപകമാക്കാതെ ഈ രണ്ട് വകുപ്പുകളിലും വമ്പിച്ച കുതിച്ചുചാട്ടമുണ്ടാക്കാൻ സാധിച്ചുവെന്ന് അഭിമാനത്തോടെ ഞങ്ങൾ ഓർക്കുകയാണ്. ഷേക്സ്പിയർ മദ്യത്തിന് മാക്ബത്തിലൂടെ ഒരു സർട്ടിഫിക്കറ്റ് നൽകി. അത് ഇങ്ങനെയാണ് 'Liquor provokes the desire, but it takes away the performance'. ഷേക്സ്പീരിയൻ കാലത്തുപോലും നിർദ്ദേശിക്കപ്പെട്ട, മദ്യം മനുഷ്യനിൽനിന്നും പെർഫോമൻസ് എടുത്തുമാറ്റുമെന്നത് ഈ 2021-ൽ പോലും സ്വീകരിക്കാൻ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് തയ്യാറായില്ലെന്നത് കേരളത്തിന്റെ അപമാനമായി ഞങ്ങൾ കാണുകയാണ്. ഞാൻ ചോദിക്കട്ടെ, ഇവിടെ ഇതുകൊണ്ട് കഷ്ടത്തിലായ പാവപ്പെട്ട ആയിരക്കണക്കിന് അമ്മമാരുടെ കണ്ണീർ കാണാൻ ഇവർക്ക് സാധിക്കുന്നില്ലേ. ഇവരുടെ താല്പര്യം മദ്യരാജാക്കന്മാരെ സംരക്ഷിക്കുക, അവർക്ക് സഹായം നൽകുക എന്നതാണ്. ഇത് വേദനയോടുകൂടി ഞങ്ങൾ ഓർക്കുകയാണ്. കേരളത്തിൽ ധാരാളം ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ആദ്യമായി കൊണ്ടുവന്നത് ബഹുമാന്യരായ സി. അച്യുതമേനോൻ മുഖ്യമന്ത്രിയും കെ. കരുണാകരൻ ആഭ്യന്തര വകുപ്പുമന്ത്രിയും കേരള ക്രൂഷ്ചേവ് എന്നറിയപ്പെട്ടിരുന്ന എം. എൻ. ഗോവിന്ദൻ നായർ ഭവനനിർമ്മാണ വകുപ്പുമന്ത്രിയുമായിരുന്ന സമയത്താണ്. 1972-ൽ അന്നത്തെ 11 ജില്ലകളിലെ 960 പഞ്ചായത്തുകളിൽ 'ലക്ഷം വീട്' പദ്ധതി നടപ്പിലാക്കി. 1973-ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. അക്കാലത്തായിരുന്നു സി.പി.ഐ. മന്ത്രിമാർ ഞങ്ങടെകൂടെ അഭിമാനത്തോടെ സംസ്ഥാനം ഭരിച്ചിരുന്നത്. ഇന്ന് വല്യേട്ടന്മാരുടെകൂടെ അവരുടെ ഭരണം കഴിക്കുന്നത് നമ്മളൊക്കെ സങ്കടത്തോടെ നോക്കിക്കാണുകയല്ലേ? ഇപ്പോൾ രാമായണം പഠിപ്പിക്കുന്ന ജോലിയാണ് സി.പി.ഐ. നേതാക്കന്മാർക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുള്ളത്. അതുപോലെ തന്നെ, 'മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്' എന്ന ആശയത്തിൽനിന്നുപോലും മാറുകയുണ്ടായി. മാറിമാറി വരുന്ന സർക്കാരുകൾ പല ഭവനപദ്ധതികളും ആവിഷ്കരിച്ചെങ്കിലും 14-ാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ ശ്രീ. പി. കെ. ബഷീർ എം.എൽ.എ.-യുടെ ചോദ്യത്തിന് മന്ത്രി ഡോ. കെ. ടി.

ജലീൽ 2018 ജനുവരി 31-ന് നൽകിയ മറുപടിയിൽ "ഉമ്മൻ ചാണ്ടി സർക്കാരിന്റെ 2011-2016 കാലഘട്ടത്തിൽ 1,87,667 വീടുകൾ പൂർത്തീകരിച്ചുവെന്ന് പറഞ്ഞിരുന്നു". ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കിയ 52,623 വീടുകളും ചേർത്താൽ ആകെ 2,42,290 വീടുകൾ ആ കാലഘട്ടത്തിൽ നിർമ്മിച്ചുകൊടുത്തു. ഇപ്പോൾ എൽ.ഡി.എഫ്. പറയുന്നത് രണ്ടരലക്ഷം വീടുകൾ നിർമ്മിച്ചുവെന്നാണ്. ഈ കണക്ക് കൃത്രിമമാണ്. കേരളത്തിൽ ആകെ 941 പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, മൂന്ന് കോർപ്പറേഷനുകൾ, ആകെ വാർഡുകൾ 18,498. അപ്പോൾ ഒരു വാർഡിൽ ശരാശരി 12 വീടുകൾ വേണം. ഇപ്പോൾ ആകെയുള്ളത് എത്ര വീടുകളാണ്? 2 മുതൽ 4 വരെ വീടുകൾ മാത്രമാണ്. അപ്പോൾ ഈ കണക്ക് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതുമാത്രമാണ്. ഞങ്ങൾ പഠിച്ച സ്കൂളിൽ നിന്നല്ല അവർ പഠിച്ചതെന്ന് ചില അംഗങ്ങൾ പറഞ്ഞു. ഞങ്ങൾ മനസ്സിലാക്കുന്നത് നിങ്ങൾ പഠിച്ചത് കമ്മ്യൂണിസ്റ്റ് റഷ്യയിൽ നിന്നാണ്. സഖാവ് ലെനിന്റെ നാട്ടിൽനിന്നാണ്. ഞാൻ അവിടെയും മോസ്കോയിലും ക്രെംലിൻ കൊട്ടാരത്തിലും സെന്റ് പീറ്റേഴ്സ് ബർഗ്ഗിലും ലെനിന്റെ ശവകുടീരത്തിലും പോയി. പക്ഷെ, നിങ്ങൾക്ക് കേൾക്കണോ, ഒരു ചെങ്കൊടിപോലും അവിടെ കാണാൻ സാധിച്ചില്ലെന്ന കാര്യം ഞാൻ ഓർക്കുകയാണ്. അതുകൊണ്ട് നിങ്ങളുടെ സ്കൂൾ ഏതാണെന്ന് പറയിപ്പിക്കരുതെന്ന് മാത്രമാണ് തിരിച്ചങ്ങോട്ട് പറയാനുള്ളത്.

കേന്ദ്രസർക്കാരിന്റെ മൂന്ന് നിയമങ്ങൾ കാരണം കാർഷിക മേഖല പ്രതിസന്ധിയിലാണ്. ഇവിടെ വ്യവസായത്തിന് നൽകുന്ന പ്രാധാന്യം സംസ്ഥാന സർക്കാർ കൃഷിക്ക് നൽകുന്നില്ല. അതുപോലെ, 2018-ൽ ഇവിടെ കീടനാശിനിക്ക്/വളത്തിന് വില 500 രൂപ ഉണ്ടായിരുന്നെങ്കിൽ ഇന്ന് 680 രൂപയായി മാറി. പെട്രോൾ-ഡീസൽ വില വർദ്ധിച്ചു, ചരക്കുകൂലി വർദ്ധിച്ചു, ഉൽപ്പന്നങ്ങൾക്ക് വിലക്കുറവാണ്, വർദ്ധിച്ച കൂലിച്ചെലവ് കാരണം കൃഷിക്കാർ കൃഷിയിൽനിന്നും പിന്തിരിയുന്നു. എന്ത് നടപടിയാണ് എൽ.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും ഇവരെ സംരക്ഷിക്കാനുണ്ടായത്. പ്രകൃതിക്ഷോഭംമൂലം നഷ്ടം സംഭവിച്ച കർഷകരെ സഹായിക്കാൻ നടപടിയില്ല. വന്യമൃഗങ്ങൾ നാശനഷ്ടമുണ്ടാക്കിയ കൃഷിക്ക് നഷ്ടപരിഹാരം നൽകാൻ സാധിക്കുന്നില്ല. കൃഷിയെ അവഗണിക്കുന്നുവെന്നാണ് ഞങ്ങൾ പറയുന്നത്. ഇവിടെ എൽ.ഡി.എഫ്. സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചു. മദ്യഷാപ്പിന് ലൈസൻസ് നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുവാദം വേണമെന്ന നിബന്ധന എടുത്തുമാറ്റി. അതാണല്ലോ അധികാര വികേന്ദ്രീകരണം. കേരളത്തിൽ യു.ഡി.എഫ്. ഭരിക്കുന്ന ധാരാളം പഞ്ചായത്തുകളിൽ, മുനിസിപ്പാലിറ്റികളിൽ ഇപ്പോഴും സെക്രട്ടറിമാരെ നിയമിക്കുന്നില്ല. മലപ്പുറം ജില്ലയിൽ അഞ്ച് മുനിസിപ്പാലിറ്റികളിൽ ഇപ്പോഴും സെക്രട്ടറിമാരില്ല. മഞ്ചേരി മുനിസിപ്പാലിറ്റിയിൽ നാലുവർഷമായി സെക്രട്ടറിയില്ലെന്നുള്ളതാണ് വസ്തുത. അതുകൊണ്ട് സെക്രട്ടറിമാരെ നിയമിക്കണം. ഭരണം നടക്കണമെങ്കിൽ അത് സാധിക്കണം. മാലിന്യസംസ്കരണത്തിൽ ഇന്ത്യയുടെ ശരാശരി സ്കോർ 56

ആണ്. നമ്മുടെ സംസ്ഥാനത്തിന്റെ സ്കോറോ; അത് 32 ആണ്. അതായത് വടക്കുകിഴക്കൻ ചെറിയ സംസ്ഥാനങ്ങളുടെ പിന്നിലാണ് നമ്മുടെ സ്ഥാനമെന്ന് എൽ.ഡി.എഫ്. മറക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗം നേരിടുന്നതിൽ ഈ സർക്കാർ പരിപൂർണ്ണമായും പരാജയപ്പെട്ടു. ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളുടെയും പിന്നിലാണ് നമ്മുടെ സംസ്ഥാനം. എന്നാലും കോവിഡ് നിയന്ത്രിക്കുന്നതിൽ ഞങ്ങൾ ലോകത്ത് ഒന്നാം സ്ഥാനത്താണെന്ന് ഇവർ അവകാശപ്പെടും. എന്തൊരു വൈരുദ്ധ്യം. അതുകൊണ്ട് ഒരു പുന:പരിശോധന ഈ നയത്തിൽ നടപ്പിലാക്കുന്നത് നല്ലതാണ്.

<u>മി. ചെയർമാൻ:</u> അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. യു. എ. ലത്തീഫ്:</u> സർ, മൂന്നര മാസം കഴിഞ്ഞപ്പോഴേയ്ക്കും കൃഷിക്കാർ, തൊഴിലാളികൾ, കച്ചവടക്കാർ, സാധാരണക്കാർ തുടങ്ങിയവരെല്ലാം ഈ ഗവൺമെന്റിനെതിരായി. ഇപ്പോൾ ഒരു തെരഞ്ഞെടുപ്പ് നടന്നാൽ 99-ന്റെ പകുതിപോലും ലഭിക്കുമോ എൽ.ഡി.എഫ്.-നെന്ന് സംശയമാണ്. എന്റെ നിയോജകമണ്ഡലത്തിലെ നാല് പഞ്ചായത്തുകളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കണം. നാല് പഞ്ചായത്തുകളിലെ ഫാമിലി ഹെൽത്ത് സെന്ററുകൾ സി.എച്ച്.സി.-കളായി ഉയർത്തണം. മഞ്ചേരി മുനിസിപ്പാലിറ്റിയിൽ അടിയന്തരമായി സെക്രട്ടറിയെ നിയമിക്കണം. മഞ്ചേരി മുനിസിപ്പാലിറ്റിയിലെ എലമ്പ്രയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുപോലും ഒരു എൽ.പി. സ്കൂൾ ഇപ്പോഴും സ്ഥാപിച്ചിട്ടില്ല, അതിനുള്ള നടപടി സ്വീകരിക്കണം. പുല്ലൂർ ഗവൺമെന്റ് യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്താൻ യു.ഡി.എഫ്. സർക്കാർ തീരുമാനിച്ചതാണ്. ഇപ്പോഴും നടപ്പിലാക്കിയിട്ടില്ല. പാണ്ടിക്കാട്, കീഴാറ്റൂർ, എടപ്പറ്റ, തൃക്കലങ്ങോട് പഞ്ചായത്തുകളിൽ കളിസ്ഥലമുണ്ടാക്കാൻ നടപടി സ്വീകരിക്കണം. എടപ്പറ്റ പഞ്ചായത്തിലെ വന്യമൃഗശല്യം കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ വളരെ ശക്തിയായി എതിർക്കുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാറിനുവേണ്ടി <u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, ഈ ഏഴ് ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ഈ രാമായണ മാസത്തിൽ സി.പി.ഐ. രാമായണത്തെക്കുറിച്ചാണ് ചർച്ചചെയ്യുന്നതെന്ന് പറഞ്ഞു. അംഗം പൊതുരാഷ്ട്രീയ കാര്യങ്ങളൊന്നും ശ്രദ്ധിക്കാറില്ലെന്നാണ് തോന്നുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി അമ്പതുവർഷം മുമ്പ് ഇന്ത്യയിൽ വളർന്നുവരുന്ന ഫാസിസ്റ്റ് ശക്തിയെ കണ്ടുകൊണ്ട് 'ഹിന്ദുധർമ്മവും കമ്മ്യൂണിസവും' എന്ന വിഷയമെടുത്തുകൊണ്ട് സഖാവ് ബാലറാമുൾപ്പെടെ കേരളത്തിലാകമാനം അഞ്ച് ദിവസം നീണ്ടുനില്ക്കുന്ന പ്രഭാഷണ പരമ്പരകൾ നടത്തിയിരുന്നു. ഖുറാനെക്കുറിച്ചും ബൈബിളിനെക്കുറിച്ചും കമ്മ്യൂണിസ്റ്റ് പാർട്ടി ചർച്ച ചെയ്തിട്ടുണ്ട്. അത് ബഹുമാനപ്പെട്ട അംഗം മറന്നുപോകുകയാണ്. ഖുറാനെപ്പോലും വിസ്മരിച്ച ഒരു സാഹചര്യത്തിലേയ്ക്കാണ്

മുസ്ലീം ലീഗ് എന്ന രാഷ്ട്രീയ പാർട്ടി ഇപ്പോൾ പോകുന്നതെന്നതല്ലേ യാഥാർത്ഥ്യം. സമയക്കുറവുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. സി.പി.ഐ. എങ്ങനെ പ്രവർത്തിക്കണമെന്നും സി.പി.ഐ.-യ്ക്ക് എങ്ങനെ പ്രവർത്തിക്കാൻ കഴിയുമെന്നതിനെക്കുറിച്ചും നല്ല ധാരണയോടുകൂടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ത്യാ രാജ്യത്ത് പ്രവർത്തിക്കുന്നത്. സി.പി.ഐ. കേരള രാഷ്ട്രീയ പ്രവർത്തനത്തിൽ മാറിയും തിരിഞ്ഞും മുന്നണിയിൽ, ഭരണനേതൃത്വത്തിൽ ഉണ്ടായിട്ടുണ്ട്. അതിൽ ഓരോ മുന്നണിയിലും സി.പി.ഐ. തത്വാധിഷ്ഠിതമായ നിലപാടിന്റെ അടിസ്ഥാനത്തിലാണ് പോയതെന്ന കാര്യം ബഹുമാനപ്പെട്ട അംഗം ഓർക്കുന്നത് നല്ലതാണ്. അത് അന്നും ആ മുന്നണിയിലുണ്ടായിരുന്ന ആളുകൾക്ക് ബോദ്ധ്യമുണ്ടാകുമെന്നാണ് എന്റെ പ്രതീക്ഷ. ഇവിടെ എക്സൈസ് വകുപ്പിനെ സംബന്ധിച്ച് മയക്കുമരുന്ന് എന്നുപറയുന്നതിനോട് എനിക്ക് യോജിപ്പില്ല. അതൊരു മരുന്നല്ല. ലഹരിവസ്തുക്കൾ വ്യാപകമായി നമ്മുടെ നാട്ടിൽ ഉപയോഗിക്കുന്നുണ്ട്. ഇപ്പോൾ എൻഫോഴ്സ്മെന്റ് ശക്തിപ്പെട്ടിട്ടുണ്ട്. ദിവസേന പത്രങ്ങളിൽ നമുക്ക് കാണാൻ കഴിയുന്നുണ്ട്. കഴിഞ്ഞ നാലഞ്ച് വർഷങ്ങളെടുത്ത് പരിശോധിച്ചാൽ കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വലിയതോതിൽ എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ ലഹരി വസ്തുക്കൾ കണ്ടെത്താനും പിടിക്കാനുമുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. അതിന്റെ രൂപവും ഭാവവും മാറിയിട്ടുണ്ട്. ഒറ്റനോട്ടത്തിൽ മനസ്സിലാകാത്ത തരത്തിലാണ് ലഹരികൾ മക്കളിലേയ്ക്കുൾപ്പെടെ എത്തിക്കുന്നത്. തീർച്ചയായും ജാഗ്രതയേറിയ സമീപനം നാടിന്റെ ഭാവി കണക്കാക്കിക്കൊണ്ട് ചെയ്യേണ്ടതുണ്ട്. ഇപ്പോൾ ഗ്രാമപഞ്ചായത്തുകൾ കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് ജാഗ്രതാ സമിതികൾ വഴി പ്രത്യേകിച്ച് സ്ത്രീകളാണ് ഇക്കാര്യങ്ങൾ എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നതെന്നത് ഏറെ ശ്രദ്ധേയമായ ഒരു വസ്തുതയാണ്. അതോടൊപ്പം ഫോഴ്സും വർദ്ധിപ്പിക്കേണ്ടതുണ്ട്. കാരണം ഇത്രയേറെ പെരുപ്പം വരുമ്പോൾ അവർക്ക് ആധുനിക വാഹനങ്ങളും നിയന്ത്രിക്കാനുള്ള മറ്റ് സംവിധാനങ്ങളും ഒരുക്കിക്കൊടുക്കേണ്ടതുണ്ട്.

ശുദ്ധജല വിതരണത്തിന്റെയും ശുചീകരണത്തിന്റെയും കാര്യത്തിൽ 'വെള്ളം വെള്ളം സർവ്വത്ര ഇറ്റുകുടിപ്പാനില്ലത്രേ' എന്നുപറയുന്നതുപോലെ നമ്മുടെ വീടുകളുടെ എണ്ണവും ജനപ്പെരുപ്പം വർദ്ധിച്ചപ്പോൾ വലിയതോതിൽ ജലവും മലിനീകരിക്കപ്പെടുകയാണ്. ടൂറിസം വികസിക്കുന്ന ഈ സാഹചര്യത്തിൽ വിദേശികൾ കുടിക്കാനുള്ള വെള്ളമുൾപ്പെടെ കൊണ്ടുവരികയാണ്. കേരളത്തെക്കുറിച്ച് അവർക്ക് ധാരണയുണ്ട്. ഏതായാലും അതിനൊരു പരിഹാരമുണ്ടാക്കേണ്ട സ്ഥിതിയെക്കുറിച്ച് സൂചിപ്പിക്കുകയാണ്. ഇപ്പോൾ ഉറവിട മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്ത് മുൻകയ്യെടുത്ത് ചെയ്യുന്നുണ്ട്. കോവിഡിന്റെ കാലയളവിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം വളരെ കൂടിയിട്ടുണ്ട്. വീണ്ടും മലിനപ്പെടുന്ന സാഹചര്യത്തിലേയ്ക്ക് നാട് നീങ്ങുകയാണ്. വർഷങ്ങൾകൊണ്ട് നമ്മൾ മുന്നേറ്റമുണ്ടാക്കിയതിന്റെ ഫലമായി ചില മേഖലകളിൽ പൂർണ്ണമായും അത് നിരോധിക്കപ്പെട്ടുകഴിഞ്ഞിരുന്നു. പക്ഷെ വീണ്ടും അതിന്റെ തുടക്കം വന്നതിന്റെ

ഭാഗമായി വലിയ തോതിൽ മലിനീകരണ പ്രവർത്തനം നടക്കുന്നുണ്ടെന്നാണ് കാണുന്നത്. അത് മാറ്റി ശുദ്ധജലം മനുഷ്യന്റെ അവകാശമാണെന്ന നിലയ്ക്ക് വിതരണം ചെയ്യാൻ സാധിക്കണം. 'ജൽജീവൻ' പദ്ധതിയുമായി ബന്ധപ്പെടുത്തി 2024-ഓടുകൂടി എല്ലാവർക്കും കുടിവെള്ളമെന്ന പദ്ധതി നടപ്പാക്കുകയാണ്. ഗ്രാമങ്ങളിൽനിന്ന് നഗരങ്ങളിലെത്തിയാൽ പലപ്പോഴും വെള്ളം കുടിക്കാൻ കഴിയില്ല. ഇവിടെനിന്ന് ചായ ആയാലും ചൂടുവെള്ളമായാലും കുടിക്കാൻ കഴിയുന്നില്ല. അതിനുകാരണം ക്ലോറിന്റെ സാന്നിദ്ധ്യമാണ്. ഏറ്റവും നല്ല ശുദ്ധജലം കൊടുക്കുക എന്ന സംവിധാനത്തിലേയ്ക്ക് എത്തിക്കാൻ സാധിക്കണം.

നഗര വികസനവുമായി ബന്ധപ്പെടുത്തി പറയുമ്പോൾ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയും മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയും മെച്ചപ്പെടുത്തി തൊഴിലവസരങ്ങൾ ഉയർത്തിക്കൊണ്ട് വലിയ മുന്നേറ്റമുണ്ടാക്കാൻ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അതിനോടനുബന്ധിച്ചുതന്നെ 1000 പേരിൽ ഒരാൾക്ക് തൊഴിലെന്ന നിലയിൽ വളരെ വേഗതയിൽ നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്ന ഒരു സമീപനത്തിലേയ്ക്ക് പോകാൻ ഈ ഗവൺമെന്റ് മുന്നോട്ടുവന്നുവെന്നത് ഏറെ സ്വാഗതാർഹമായ കാര്യമാണ്. കൃഷിയെ സംബന്ധിച്ച് നേരത്തെ പറഞ്ഞതുപോലെ ചെറുപ്പം മുതൽ പഠിച്ച് ശീലിച്ചത് ഇന്ത്യ ഒരു കാർഷിക രാജ്യമാണെന്നാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ കൃഷിക്കാരെ വലിയ തോതിൽ വേദനിപ്പിച്ച സമീപനമാണ് കോൺഗ്രസ് സ്വീകരിച്ചിരുന്നത്. ലക്ഷക്കണക്കിന് കർഷകരാണ് ഇന്ത്യയിൽ ആത്മഹത്യചെയ്യേണ്ട സ്ഥിതിയിലേയ്ക്ക് വന്നത്. വലിയ തോതിലുള്ള ഇറക്കുമതി നയം നേരത്തെ സ്വീകരിച്ചിരുന്നതിന്റെ ഫലമായി തേങ്ങയ്ക്കും മറ്റ് ഉല്പന്നങ്ങൾക്കും വില ഇടിഞ്ഞത് നാം അനുഭവിച്ചതാണ്. പിന്നീട് നവഉദാരവത്കരണത്തിന്റെയും സ്വകാര്യ വത്കരണത്തിന്റെയും നയം സ്വീകരിച്ചു. ഇന്ത്യയിലെ കാർഷിക മേഖല തകരുമെന്ന്, 'ആസിയാൻ' കരാറിനെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ കോൺഗ്രസ് അത് ചെവിക്കൊള്ളാൻ തയ്യാറായില്ല. ഇപ്പോൾ തലസ്ഥാന നഗരിയിൽ കൃഷിക്കാർ സമരം ചെയ്യുമ്പോൾ അവരെ അഭിവാദ്യം ചെയ്യാൻ കോൺഗ്രസുകാരുണ്ട്. നിങ്ങളെടുത്ത നിലപാടുകൾ തെറ്റാണെന്ന് പറഞ്ഞപ്പോൾ അതിനെ അംഗീകരിക്കാൻ തയ്യാറായില്ല. ഇന്ന് ഇന്ത്യയിലെ കൃഷിക്കാരൻ കുത്തുപാളയെടുക്കുകയാണ്. ഞാൻ ഈ സമയം ഉപയോഗപ്പെടുത്തിക്കൊണ്ട് അവിടെ നടക്കുന്ന കൃഷിക്കാരുടെ പോരാട്ടത്തിന് എല്ലാവിധ അഭിവാദ്യങ്ങളും ഈ വേദിയിൽ അർപ്പിക്കുകയാണ്. യഥാർത്ഥത്തിൽ ഇന്ത്യയിലെ കർഷകരെ രാഷ്ട്രസേവകരായി അംഗീകരിക്കേണ്ടതാണ്. അവനില്ലെങ്കിൽ ഇന്ത്യയുണ്ടോ? നമ്മളെ ഊട്ടുന്നത് അവരാണ്. അവർക്കുള്ള സഹായങ്ങൾ നൽകാനുള്ള പദ്ധതികളാണ് സ്വീകരിക്കേണ്ടത്. അതിന് മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ചുകൊണ്ടാണ് കേരളത്തിലെ ഗവൺമെന്റ് പോകുന്നത്. കഴിഞ്ഞ അഞ്ച്

വർഷംകൊണ്ട് തുടരുന്നതും അതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എടുത്ത നിലപാടുകൾ സംബന്ധിച്ച് നേരത്തെ ഒട്ടേറെപ്പേർ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. വലിയ മാറ്റത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുകയാണ്. നേരത്തെ സൂചിപ്പിച്ച ജലസേചനവും ഉൾപ്പെടുത്തിയാൽ മാത്രമേ കൃഷിയുണ്ടാകുകയുള്ളൂ. അതിനെ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ഇവിടെ നടക്കേണ്ടത്. കോവിഡിന്റെ കാലയളവിൽ കാർഷിക മേഖലയിൽ വൻതോതിൽ മുന്നേറ്റമുണ്ടാക്കാനാണ് 'സുഭിക്ഷ കേരളം' പദ്ധതി ആവിഷ്കരിച്ചത്. യഥാർത്ഥത്തിൽ മുഖ്യമന്ത്രി സഖാവ് പിണറായി വിജയന്റെയും കൃഷി വകുപ്പിന്റെയും അഭ്യർത്ഥന മാനിച്ച് എല്ലാവരും കൃഷിയിലേയ്ക്ക് പോയതുകൊണ്ട് വലിയ മുന്നേറ്റമാണുണ്ടായത്. എന്നാൽ ഉല്പാദന വർദ്ധനവിന്റെ അടിസ്ഥാനത്തിൽ സൂക്ഷിക്കാനും സംഭരിക്കാനുമുള്ള പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ആ പോരായ്മ നമുക്ക് പരിഹരിക്കണം. ഇപ്പോൾ ലോകത്ത് ഏത് മാർക്കറ്റിൽ ചെന്നാലും ചക്കച്ചുള കിട്ടും. രണ്ടാഴ്ച കഴിഞ്ഞാൽ കേരളത്തിൽ ഇനി ചക്കച്ചുള ലഭിക്കില്ല. ലണ്ടനിലേയും ന്യൂയോർക്കിലേയും മാർക്കറ്റുകളിൽ ലഭിക്കും, പക്ഷെ കേരളത്തിൽ ചക്കച്ചുള കിട്ടുന്നില്ല. ചക്ക നമ്മുടെ പഴമായി സ്വീകരിച്ചിട്ടുണ്ട്. ഇതിനെ സംസ്കരിക്കാനും സൂക്ഷിക്കാനുമുള്ള സമീപനംകൂടി ഇതിന്റെ ഭാഗമായി ഉണ്ടാകണമെന്ന് കൃഷി വകുപ്പുമന്ത്രിയോട് സൂചിപ്പിക്കുകയാണ്. കോവിഡ് പ്രതിസന്ധിയുടെ കാലയളവിൽ കൃഷിക്കാരൻ കൃഷി ചെയ്യാൻ തയ്യാറാണെന്ന് തെളിയിച്ച സമയമാണ്. എങ്ങനെയെങ്കിലും ജീവിക്കണമെന്ന അമിതമായ ആഗ്രഹത്തിന്റെ അടിസ്ഥാനത്തിലാണ് അവർ കൃഷിചെയ്യാൻ മുന്നോട്ടുവന്നത്. വലിയ തോതിൽ പന്നിയുടെയും മറ്റ് വന്യജീവികളുടെയും ആക്രമണമുണ്ട്. ഇതിനെയെല്ലാം അതിജീവിച്ചാണ് കൃഷിക്കാരൻ കൃഷി ചെയ്തത്. ഞാൻ ചെറുപ്പത്തിൽ കേട്ടിട്ടുണ്ട് 'മുത്താറിക്ക് മുട്ടോളം' അത്രയും അദ്ധ്വാനമേ വേണ്ടിവരികയുള്ളൂ. ഒരുമുട്ട് മണ്ണിളകിയാൽത്തന്നെ മുത്താറിയുണ്ടാക്കാൻ കഴിയും. മുത്താറി, ഉഴുന്ന്, ചെറുപയർ തുടങ്ങി പഴവർഗ്ഗങ്ങളും കിഴങ്ങുവർഗ്ഗങ്ങളും പച്ചക്കറികളുമെല്ലാം ഉല്പാദിപ്പിക്കുന്ന രീതിയിലേയ്ക്ക്, പഴയ പാരമ്പര്യ സംസ്കാരത്തിലേയ്ക്ക് പോകുന്ന സമീപനമാണ് കോവിഡിന്റെ കാലയളവിൽ കേരളത്തിൽ രൂപപ്പെടുത്തിയെടുക്കാൻ കഴിഞ്ഞത്. തീർച്ചയായും ആ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കാനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കണം.

നെല്ലുല്പാദനരംഗത്ത് നല്ല പ്രോത്സാഹനം നൽകാൻ കഴിഞ്ഞു. തീർച്ചയായും അതിന് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിനെ അഭിനന്ദിക്കേണ്ടതാണ്. നെൽകൃഷിക്കാർക്ക് സബ്സിഡി നൽകി അവരെ പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുന്നു. കേരളത്തിലെ കാർഷിക മേഖലയിലെ നടപടികളുമായി ബന്ധപ്പെടുത്തി എനിക്ക് ഒരു വിമർശനമുണ്ട്. ഭൂപരിഷ്കരണ നിയമം കേരളത്തിൽ നടപ്പിലാക്കിയപ്പോൾ തോട്ടം മേഖലയ്ക്ക് ഇളവുനൽകിയിരുന്നു. നെൽവയലുകൾക്ക് അന്ന് ഇളവ് നൽകിയിരുന്നുവെങ്കിൽ നെൽവയലുകൾ നഷ്ടപ്പെടുമായിരുന്നില്ല. ഒരേക്കറിൽനിന്ന് ആ പ്രദേശത്തിന് ആവശ്യമായ കുടിവെള്ളം ലഭ്യമായിരുന്നു.

നമ്മുടെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ നടത്തിയ അവർക്ക് ഇൻസെന്റീവെന്നനിലയ്ക്ക് സഹായം നൽകാൻ അന്ന് തീരുമാനിക്കേണ്ടിയിരുന്നു. അന്ന് കൃഷിക്കാരിൽനിന്ന് യഥാർത്ഥത്തിൽ ലെവി ഇങ്ങോട്ട് വാങ്ങുകയാണ് ചെയ്തത്. വയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി കൃഷിക്കാരന് സബ്സിഡി നൽകാൻ തീരുമാനിച്ചിരുന്നെങ്കിൽ നെൽവയലുകൾ നഷ്ടപ്പെടുമായിരുന്നില്ല. തീർച്ചയായും അതിന് ഒരു പരിഹാരമെന്നനിലയ്ക്ക് നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2,000 രൂപ സഹായം നൽകുന്നുവെന്നത് നല്ലകാര്യമാണ്. നാളികേര വികസനരംഗത്ത് 220-ൽ കൂടുതൽ കേരഗ്രാമങ്ങൾ വന്നിട്ടുണ്ട്. അതിന്റെ ഭാഗമായി വലിയ തോതിൽ മണ്ണിന്റെ ഗുണം മെച്ചപ്പെടുത്താനും ഉല്പാദനരംഗത്ത് മാറ്റമുണ്ടാക്കിയെടുക്കാനും കഴിഞ്ഞിട്ടുണ്ടെന്ന കാര്യം എടുത്തുപറയേണ്ട വസ്തുതയാണ്. പഴയ തെങ്ങുകൾ മുറിച്ചുമാറ്റി വലിയ തോതിൽ പുതിയ തെങ്ങുകൾ നട്ടുപിടിപ്പിക്കുന്ന സമീപനങ്ങൾ നടക്കുന്നുണ്ട്. തെങ്ങുല്പാദന രംഗത്ത് വിത്തുതേങ്ങയ്ക്ക് 70 രൂപ നിശ്ചയിച്ചത് ആ മേഖലയിലെ കൃഷിക്കാർക്ക് ഏറെ സന്തോഷമുളവാക്കിയ കാര്യമാണ്. പക്ഷെ മാർക്കറ്റിൽ കൊടുത്താൽ തേങ്ങയ്ക്ക് അപ്പോൾത്തന്നെ വിലകിട്ടും. നാളികേരവിത്ത് എന്നനിലയ്ക്ക് അതിനെ വളർത്തുന്നത് കുഞ്ഞിനെ വളർത്തുന്നതുപോലെയാണ്. തെങ്ങിൽ നിന്ന് തേങ്ങയെ ഒട്ടും വേദനിപ്പിക്കാതെ താഴെയിറക്കിക്കൊണ്ടാണ് അവർ ചെയ്യുന്നത്. അവർക്ക് അപ്പോൾത്തന്നെ വില കിട്ടാനുള്ള സംവിധാനം ഒരുക്കേണ്ടതുണ്ടെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

അതോടൊപ്പം ജലസേചനരംഗത്ത് പഞ്ചായത്തുകൾക്ക് ഒരു ബുദ്ധിമുട്ടുണ്ട്. ജൽജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ വിഹിതം നൽകണമെന്ന് പറയുമ്പോൾ കേരളത്തിലെ എല്ലാ ഗ്രമപഞ്ചായത്തുകൾക്കും താങ്ങാൻ കഴിയുന്നില്ലെന്നത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് ആലോചിക്കണമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ശുദ്ധജലവും കൃഷിയും ജലസേചനവുമെല്ലാം മുന്നോട്ട് കൊണ്ടുപോകണമെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ സഹായം അനിവാര്യമാണ്. എല്ലാവകുപ്പുകളും സംയുക്തമായി ചർച്ചനടത്തിയത് സ്വാഗതാർഹമാണ്. ലഹരിവസ്തുക്കൾ പിടിക്കുന്ന കാര്യത്തിലും പഞ്ചായത്തിലെ കർമ്മസമിതികളാണ്, പ്രത്യേകിച്ച് സ്ത്രീകളുടെ കൂട്ടായ്മയാണ് ഏറ്റവും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അങ്ങനെ ഈ വകുപ്പുകളെയെല്ലാം കോർത്തിണക്കിക്കൊണ്ട് ധനാഭ്യർത്ഥന അവതരിപ്പിച്ചത് യാദൃശ്ചികമാണെങ്കിലും സന്ദർഭോചിതമായിയെന്ന് സൂചിപ്പിച്ചുകൊണ്ട്, ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

3.00 PM]

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഈ വകുപ്പുകളുടെ നാളിതുവരെയുള്ള വികസന പ്രവർത്തനങ്ങൾ തുടരാനും കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുപോകാനും സഹായിക്കുന്ന ധനാഭ്യർത്ഥനകളാണിവ. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായി മാറിയ കാഴ്ചയാണ് കഴിഞ്ഞ അഞ്ചുവർഷം കണ്ടത്. അധികാര വികേന്ദ്രീകരണത്തിന്റെയും സമ്പത്തിന്റെ വിതരണത്തിന്റെയും കാര്യത്തിലെല്ലാം നമ്മുടെ നാടിന് മാതൃകയായ പ്രവർത്തനങ്ങളാണ് അഞ്ച് വർഷമുണ്ടായതെന്ന് നമുക്കറിയാം. പ്രതിസന്ധികളുടെ കാലഘട്ടത്തിലാണ് കാര്യക്ഷമതയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഇടപെട്ടത്. 20 വർഷത്തെ ജനകീയാസൂത്രണത്തിന്റെ കാര്യങ്ങളാണ് പരിശോധിച്ചത്. അത് കേരള വികസന പദ്ധതിയായി. ആ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് പതിമൂന്നാം പദ്ധതി, ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ ആവിഷ്കരിച്ചത്. അതിന്റെ ഗുണങ്ങൾ നേരത്തെ ഇവിടെ സംസാരിച്ചതുകൊണ്ട് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. സാമ്പത്തിക വർഷത്തിന്റെ ആദ്യമാസം മുതൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാനായി. പദ്ധതികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുപുറമെ പദ്ധതി പണം ചെലവഴിക്കുന്നതിലും വലിയ മാറ്റമാണ് കേരളത്തിലുണ്ടായത്. അതിന്റെ ഗുണഫലം നമ്മൾ കണ്ടതാണ്. പദ്ധതിച്ചെലവ് ശരാശരി 90 ശതമാനത്തിന് മുകളിലെത്തിയ വർഷങ്ങളുണ്ട്. അതോടൊപ്പം നൂറ് ശതമാനം പദ്ധതി പണം ചെലവഴിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾ മാതൃകയായി സംസ്ഥാനത്തുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ 5 വർഷം എല്ലാംകൂടി 30,610 കോടി രൂപയാണ് പദ്ധതി വിഹിതമായി നൽകിയത്. പക്ഷേ, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ 5 വർഷത്തിൽ 53,000 കോടി രൂപയാണ് നൽകിയത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാര വികേന്ദ്രീകരണത്തോട് ഏത് സർക്കാരാണ് നീതിപുലർത്തുന്നതെന്ന് ഇത്രയധികം പദ്ധതി വിഹിതം നൽകിയതിൽനിന്നും വ്യക്തമാകുന്നതല്ലേ? പദ്ധതി പ്രവർത്തനത്തിന്റെ കാര്യത്തിൽ മാത്രമല്ല, വകുപ്പുകളുടെ ഏകീകരണം എന്നുപറയുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി തീരുമാനിച്ച് നടപ്പാക്കിയതാണ്. നമ്മുടെ അനുഭവങ്ങൾ എന്താണ്? വ്യത്യസ്ത കമ്പാർട്ടുമെന്റുകളായി വകുപ്പുകൾ മാറിയതുകൊണ്ട് കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയാതെപോകുന്ന സ്ഥിതിയാണ് കേരളത്തിലുണ്ടായിരുന്നത്. അതിന് മാറ്റം വരുത്താനായെങ്കിലും പൂർണ്ണതയിലെത്തിയിട്ടില്ല. അതിന് സ്പെഷ്യൽ റൂൾസുണ്ടാക്കണം. ഗവൺമെന്റ് അതിന്റെ പണിപ്പുരയിലാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിൽ കൂടുതൽ മാറ്റങ്ങളുണ്ടാകും. ഇതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജോലി വർദ്ധിച്ചിട്ടുണ്ട്. ആവശ്യമായ സ്റ്റാഫുണ്ടാകണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത്

തദ്ദേശഭരണ സ്ഥാപനങ്ങളിൽ 2400 തസ്തിക പുതുതായി അനുവദിച്ചു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അനുവദിച്ച നഗരസഭകളിലേയ്ക്കുള്ള ജീവനക്കാരെക്കൂടി നൽകിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്താണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുകയല്ല. പക്ഷേ, അത് പോര. ഗ്രേഡിംഗ് പൂർത്തിയാക്കിയ ഉയർന്ന ഗ്രേഡുള്ള നഗരസഭകൾക്ക് ആവശ്യത്തിന് ജീവനക്കാരില്ലെന്നുള്ള പ്രശ്നമുള്ളത് പരിഹരിക്കണം. നഗരസഭകളിലെ റിട്ടയർ ചെയ്ത ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൊടുത്തതിന്റെ കുടിശ്ശിക നഗരസഭകൾക്ക് നൽകണം, നൽകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

പദ്ധതി നിർവ്വഹണത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മാത്രമല്ല മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരും നിർവ്വഹണ ഉദ്യോഗസ്ഥരായി വരുന്നുണ്ട്. ആ ഉദ്യോഗസ്ഥർ അവരുടെ വകുപ്പുകളിലെ കാര്യങ്ങൾ അവലോകനം ചെയ്യുന്നതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയുള്ള ഫണ്ടിന്റെ ചെലവഴിക്കൽകൂടി അതത് അവസരങ്ങളിൽ പരിശോധിക്കാൻ കഴിയുന്ന വിധത്തിൽ കാര്യക്ഷമത ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ഞാൻ ഇങ്ങനെ പറയാൻ കാരണം, ആജ്ഞാനുവർത്തികളായ തദ്ദേശഭരണ സ്ഥാപനങ്ങളെ സൃഷ്ടിക്കാനാണ് ശ്രമിച്ചതെന്നുള്ള ആക്ഷേപം വന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലാണ് പ്രൈമറി ഹെൽത്ത് സെന്ററുകൾ, പള്ളിക്കൂടങ്ങൾ തുടങ്ങിയവ. അവയുടെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ വേണ്ടിയാണ് മിഷനുകൾ. ആരോഗ്യ മേഖലയിൽ സർക്കാരിന്റെ ഇടപെടലും കിഫ്ബി പണത്തിനും പുറമെ വലിയ തോതിൽ പണം മുടക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. സ്കൂളുകളുടെ കാര്യത്തിൽ മാത്രം കഴിഞ്ഞ 5 വർഷക്കാലം 3,020 കോടി രൂപയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയിലെ മികവിനുവേണ്ടി ചെലവഴിച്ചത്. വകുപ്പിന്റെ പണം ചെലവഴിക്കുന്നതിനുപുറമെയാണിത്. അതത് പ്രദേശത്തെ പണം ചെലവഴിക്കൽ മാത്രമല്ല, വികസനം എന്നുപറയുമ്പോൾ വിദ്യാഭ്യാസ മേഖലയിലെ വികസനംകൂടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യമാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ആരോഗ്യ മേഖലയിൽ 2,378 കോടി രൂപയാണ് കഴിഞ്ഞ 5 വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചത്. അത് നമ്മുടെ ആരോഗ്യ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്. കോവിഡ് കാലത്തെ മറ്റ് പ്രവർത്തനങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. വളരെ വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ജീവനക്കാരെയും നിയമിക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ വകുപ്പിനെ സഹായിക്കാൻ പഞ്ചായത്തുകൾ ജീവനക്കാരെ നിയമിച്ചു. 463 ഡോക്ടർമാർ, മൂന്നൂറോളം നഴ്സുമാർ, 388 പാരാമെഡിക്കൽ സ്റ്റാഫ്, ശുചിത്വ തൊഴിലാളികൾ ഇങ്ങനെ നാനാതരത്തിൽ നിയമിച്ചു. ഒരു തദ്ദേശഭരണ സ്ഥാപനത്തിലെ ആരോഗ്യ പ്രശ്നം എങ്ങനെയാണ് വികസന പ്രവർത്തനമല്ലാതായി മാറുക? ഗവൺമെന്റിന്റെ മിഷനുകൾ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുകയും അതിന്റെ ഭാഗമായി കൂടുതൽ പണം

ലഭ്യമാക്കുകയും ചെയ്യുകയാണുണ്ടായത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ വിഹിതം 26 ശതമാനമായി ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുള്ളത് സർവ്വകാല റിക്കോർഡല്ലേ? ഓരോ വർഷവും അര ശതമാനം വർദ്ധിപ്പിച്ച് ഈ സാമ്പത്തികവർഷം 26 ശതമാനമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി അനുവദിച്ചിട്ടുള്ളത്. മറ്റെവിടെയാണ് ഇത്തരമൊരു മാറ്റമുള്ളത്? സമയക്കുറവുകൊണ്ട് ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

ഇവിടെ ലൈഫ് പദ്ധതിയെക്കുറിച്ച് പറഞ്ഞു. എവിടെയാണ് വീട് കിട്ടിയതെന്ന് സംശയിക്കേണ്ട കാര്യമില്ലല്ലോ? ലൈഫ് മിഷന്റെ സൈറ്റിൽ പരിശോധിക്കുക. ഏത് വില്ലേജിൽ ആർക്കൊക്കെയാണ് വീട് കൊടുത്തിട്ടുള്ളതെന്ന് വളരെ കൃത്യമായി അറിയാം. കഴിഞ്ഞ 5 വർഷം ലൈഫ് മിഷനുവേണ്ടി 8,900 കോടി രൂപയാണ് ചെലവഴിച്ചത്. അതിന്റെ ഭാഗമായി 2,67,670 (രണ്ട് ലക്ഷത്തി അറുപത്തിയേഴായിരത്തി അറുനൂറ്റി എഴുപത്) വീടുകൾ. ആർക്കാണ് വീട് കിട്ടിയതെന്ന് കൃത്യമായ വിവരമുണ്ടല്ലോ; എന്തിനാണ് ഇരുട്ടിൽ തപ്പുന്നത്; എന്തിനാണ് റഷ്യയിൽ പോയി അന്വേഷിക്കുന്നത്; എന്തിനാണ് മാർക്സിനെ കൂട്ടുപിടിക്കുന്നത്; ഇത് ഈ രാജ്യത്ത് യാഥാർത്ഥ്യമല്ലേ? കൂടുതൽ കാര്യങ്ങൾ ചെയ്യാനുണ്ട്. അത് നമുക്ക് ചെയ്യണം. ഒരുമിച്ചുനിന്നാണ് ചെയ്യേണ്ടത്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഏതെങ്കിലുമൊരു കക്ഷിയുടേതല്ല. നമ്മളെല്ലാം ഒരുമിച്ച് ചേർന്നാണ് ഈ പ്രവർത്തനങ്ങൾ നിർവ്വഹിച്ചത്. തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നിലപാടാണ് സ്വീകരിച്ചത്. ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊന്ന് കിലയുടെ പ്രവർത്തനമാണ്. കഴിഞ്ഞ 5 വർഷം ദുരന്തങ്ങളുണ്ടായപ്പോൾ ദുരന്തനിവാരണ പദ്ധതിയുൾപ്പെടെ രാജ്യത്തിന് മാതൃകയായ പഞ്ചായത്തുകളാണ് കേരളത്തിലുള്ളത്. അതിന് നേതൃത്വം കൊടുത്തത് കിലയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിനുള്ള ISO സർട്ടിഫിക്കേഷനുവേണ്ടി കില പ്രവർത്തിച്ചു. നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങളൊക്കെ, പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും പഞ്ചായത്ത് ഡയറക്ടറേറ്റും ഉൾപ്പെടെ ISO നിലവാരത്തിൽ സേവനമർപ്പിക്കാൻ കഴിയുന്ന രീതിയിലാണ്. ഒരു സർവ്വകലാശാല രൂപത്തിൽ വിദേശ രാജ്യങ്ങൾക്കുൾപ്പെടെ പരിശീലനം നൽകാൻ കഴിയുന്ന സ്ഥാപനമായി കില മാറിയിട്ടുണ്ട്. അതിനെ നല്ലതുപോലെ മുന്നോട്ട് കൊണ്ടു പോകാനാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കുടുംബശ്രീയുടെയും തൊഴിലുറപ്പ് പദ്ധതിയുടെയും സേവനങ്ങളെക്കുറിച്ചൊന്നും ഞാൻ വിശദീകരിക്കുന്നില്ല. ഈ വർഷം പത്തരക്കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് രാജ്യത്തിന് മാതൃകയായി, നൂറ് ശതമാനത്തിലധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച സംസ്ഥാനമാണ് കേരളം. കൃഷിയുടെ കാര്യത്തിൽ ഒരു ബദൽ അല്ലേ കേരളം? നമ്മുടെ നാട്ടിലെ ഒരു ബദലാണല്ലോ കേരളം. രാജ്യത്ത് ഇപ്പോൾ കൃഷിക്കാരുടെ

സമരം നടക്കുകയാണ്. പഴയതിന്റെ തുടർച്ച, ബി.ജെ.പി. കോർപ്പറേറ്റ് താല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി നടത്തിയതിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങളാണോ കേരളത്തിൽ കൃഷി വകുപ്പ് നടത്തിയത്? എല്ലാ മേഖലയിലും ഉല്പാദനക്ഷമതയും ഉല്പാദനവർദ്ധനവും ഉറപ്പാക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്നതിലും കോവിഡ് തടസ്സമുണ്ടാക്കിയിട്ടുണ്ട്. അതില്ലായിരുന്നെങ്കിൽ വളരെ വലിയ മുന്നേറ്റം കാർഷികമേഖലയിൽ ഉണ്ടാകുമായിരുന്നു, വിശദീകരണത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. അപ്പോൾ ആ മാറ്റം കാണണം. ഇതൊരു ബദലാണ്. നമ്മുടെ രാജ്യത്തെ കാർഷിക മേഖലയെ രക്ഷിക്കാനുള്ള ബദലാണ് കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചതെന്ന് നമുക്ക് കാണാനാകണം. കാർഷിക മേഖലയിലെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് 'ജൽജീവൻ' മിഷൻ ആരംഭിച്ചിട്ടുണ്ട്, നല്ല പ്രോജക്ടാണത്. 50 ശതമാനം കേന്ദ്ര ഗവൺമെന്റും 50 ശതമാനം സംസ്ഥാന ഗവൺമെന്റിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഗുണഭോക്തൃ വിഹിതവുമാണ്. ആ പദ്ധതി വിജയിപ്പിക്കണം. പഞ്ചായത്തുകളുടെ അധികഭാരം എങ്ങനെ കുറയ്ക്കാനാകുമെന്ന് പരിശോധിക്കണം. ജൽജീവൻ മിഷന്റെ ഭാഗമായി ഭാവിയിൽ മെയിന്റനൻസ് വരും. അതിന് സാങ്കേതിക വിദഗ്ദ്ധരായ ഉദ്യോഗസ്ഥരെ നൽകാനാകണം. അത് ജലസേചന വകുപ്പിൽനിന്നോ മറ്റ് വകുപ്പുകളിൽനിന്നോ നൽകണമെന്നൊന്നും ഞാൻ പറയുന്നില്ല. നമുക്കത് പരിശോധിക്കണം. എക്സൈസ് വകുപ്പിലെ ഒരു കാര്യംകൂടി പറയാൻ ആഗ്രഹിക്കുന്നു. തൃശ്ശൂരിലെ എക്സൈസ് അക്കാഡമിയിൽ ഇപ്പോൾ വനിതാ ബറ്റാലിയൻകൂടി വന്നതോടെ സ്ഥലത്തിന്റെ പരിമിതി അനുഭവപ്പെടുകയാണ്. എക്സൈസ് ബറ്റാലിയൻ നല്ല രീതിയിൽ കൊണ്ടുപോകുന്നതിന് തൃശ്ശൂർ ജില്ലയിലെ വിയ്യൂരിലുള്ള കേന്ദ്രം വികസിപ്പിക്കാൻ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. അതിന്റെ പ്രവർത്തനത്തിനും മുൻഗണന കൊടുക്കണം. എക്സൈസ് വകുപ്പിൽ കൂടുതൽ ആളുകളെ നിയമിക്കണമെന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പാക്കിയതിന്റെ കഥയൊക്കെ ചിലർ ഇവിടെ പറഞ്ഞു. ഘട്ടംഘട്ടമായി മദ്യമുതലാളിമാരെ സഹായിച്ചത് ആരൊക്കെയാണെന്ന് ഞാൻ വിസ്തരിക്കുന്നില്ല. നമ്മുടെ നാട്ടിൽ മയക്കമരുന്നിന്റെയും മറ്റും പ്രശ്നങ്ങളുണ്ട്. പക്ഷേ ഫലപ്രദമായി സർക്കാർ ഇടപെടുന്നു. നിരോധിക്കപ്പെട്ട മയക്കമരുന്നുകളിലുൾപ്പെടെ ചെറുപ്പക്കാർ അഡിക്ടാകുന്ന പ്രവർത്തനങ്ങളുണ്ട്. ഇക്കാര്യത്തിൽ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗ് കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുപോകാൻ കഴിയുന്ന നടപടികളുണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. " ക്വിറ്റ് ഇന്ത്യ - എന്തൊക്കെപ്പറഞ്ഞാലും ആ അലർച്ചയ്ക്ക് വല്ലാത്തൊരു ശക്തിയുണ്ടായിരുന്നു. സ്വാതന്ത്ര്യ സമരത്തിൽ ഒരിക്കലും അങ്ങനെ മാറ്റൊലിക്കൊണ്ട ആ അലർച്ച കേട്ടിട്ടില്ല. സമുദ്രത്തിലും ധ്രുവപ്രദേശങ്ങളിലും ഗിരിഗഹ്വരങ്ങളിലും നഗരങ്ങളിലുമെല്ലാം അത് മാറ്റൊലിക്കൊണ്ടു. ഇറങ്ങിപ്പോകാൻ ആജ്ഞാപിക്കുന്നു, അങ്ങനെ മുമ്പ് പറഞ്ഞിട്ടില്ല. അങ്ങനെ ആജ്ഞാപിക്കാൻ കരുത്തുണ്ട്. ഇല്ലെങ്കിൽ അടിച്ചിറക്കും. ഗാന്ധിജിയാണ് അത് പറഞ്ഞത്. അല്ല, ഇന്ത്യയുടെ ആത്മാവാണ്. അതിൽ ഹിംസയുടെ അംശമില്ലേ? ഇന്ത്യയുടെ ആത്മാവ് പറഞ്ഞപ്പോൾ അതിൽ നീതിയുണ്ട്, ധർമ്മമുണ്ട്, അതിലെല്ലാമുണ്ട്. ഭാരതവർഷം സടകുടഞ്ഞെഴുന്നേറ്റു." തകഴി ശിവശങ്കരപ്പിള്ളയുടെ ഇതിഹാസ നോവലായ കയറിന്റെ 110-ാം അദ്ധ്യായം തുടങ്ങുന്നത് ഇങ്ങനെയാണ്. ആ ക്വിറ്റ് ഇന്ത്യാ ദിനം ഇന്നായിരുന്നു. ബഹുമാന്യനായ പാർലമെന്ററികാര്യ വകുപ്പുമന്ത്രി ആഗസ്റ്റ് 9 അന്താരാഷ്ട്ര ആദിവാസി ഗോത്ര ദിനമായി ഐക്യരാഷ്ട്രസഭ ആചരിക്കുന്നത് സംബന്ധിച്ച കത്ത് നമുക്ക് തന്നു, നല്ല കാര്യം. ഈ സഭയ്ക്ക് അത് നാണക്കേടാണെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. ക്വിറ്റ് ഇന്ത്യാ ദിനത്തെക്കുറിച്ച് ഒരു വാക്കുപോലും പരാമർശിക്കാതെ പോയതിന്റെ അതിശക്തമായ പ്രതിഷേധം ഞാൻ ഈ ചർച്ചയിലേയ്ക്ക് കടക്കുന്നതിനുമുമ്പ് രേഖപ്പെടുത്തുകയാണ്.

കർഷകരുടെ അദ്ധ്വാനത്തിന് ആനുപാതികമായ വരുമാനം ഉറപ്പാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. മുൻമന്ത്രി പി. പി. ജോർജ്ജ് മാസ്റ്ററുടെ കാലത്ത് ചെറുപ്പക്കാരായ കൃഷിക്കാർക്ക് പെൻഷൻ ഏർപ്പെടുത്തിയ നടപടിയുണ്ടായിരുന്നു. ഇന്ന് ആ പെൻഷൻ നിർത്തിയെന്ന് മാത്രമല്ല നിരവധി ആളുകൾക്ക് അത് കിട്ടാനുമുണ്ട്. ഉല്പാദനച്ചെലവുമായി ബന്ധപ്പെട്ട് കർഷകന് വില ലഭ്യമാക്കാനുള്ള നടപടി വേണം. കുരുമുളകിനും ഏലത്തിനും റബ്ബറിനും ഏറ്റവും കുറഞ്ഞ വിലയാണ് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നത്. വിലയിടിയുമ്പോൾ കർഷകന് കൈത്താങ്ങാകാൻ സർക്കാരുണ്ടാകണം. ഷേക്സ്പിയർ മദ്യത്തിന് നിർവ്വചനം നൽകുന്ന കാര്യം ക്വാട്ട് ചെയ്യുകയുണ്ടായി. 'It provokes the desire, but it takes away the performance'. മദ്യവില്പനയുടെ വരുമാനം ഏകദേശം 15,000 കോടി രൂപയാണ്. മദ്യത്തിന്റെ ആളോഹരി ഉപയോഗം ഏറ്റവും കൂടുതൽ ഫ്രാൻസിലാണ്, 12.6 ലിറ്റർ. ഇന്ത്യയിൽ 5.7 ലിറ്ററാണ്. മദ്യം ഏറെ കുടിക്കുന്ന ഫ്രാൻസിൽ മദ്യപാനം ഒരു സാമൂഹിക, ക്രിമിനൽ പ്രശ്നമല്ല. എന്നാൽ നമ്മുടെ നാട്ടിൽ മദ്യപാനം സാമൂഹിക, ക്രമസമാധാന പ്രശ്നമായി മാറിയിരിക്കുകയാണ്. ഇന്ന് കേരളത്തിൽ കാണുന്ന ചിത്രമെന്താണ്? തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ മദ്യപന്മാരുടെ മനുഷ്യച്ചങ്ങല പണയംവച്ച പാത്രംപോലെ അനങ്ങാതെ നിൽക്കുകയാണ്. പണയംവച്ച പാത്രത്തിന് സ്വയം മാറാൻ പറ്റില്ല. എന്തൊരപമാനമാണ് മദ്യം വാങ്ങാൻ നിൽക്കുന്നവർ നേരിടുന്നത്? ദൈവത്തിന്റെ സ്വന്തം നാട്ടിലെ ഈ കാഴ്ച അപമാനകരമാണ്. ഷോപ്പിംഗ് മാളുകളിലോ മറ്റു മാർക്കറ്റുകളിലോ അപമാനം കൂടാതെ മദ്യംവാങ്ങാനുള്ള അവസരം അവർക്ക് ഉണ്ടാക്കിക്കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

കൊച്ചി ഉൾപ്പെടെയുള്ള നഗരങ്ങളിലെ മാലിന്യം സംസ്കരിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ബ്രഹ്മപുരം പ്ലാന്റ് എക്കാലത്തും ഒരു വിവാദമാണ്. നേരത്തെ ജി.ജെ. എന്ന കമ്പനിക്ക് കൊടുത്തു. 5 വർഷമായി. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ പോകുന്ന ഘട്ടത്തിൽ റദ്ദാക്കി. ഇപ്പോൾ കേസ് ഹൈക്കോടതിയിലാണ്. പുതിയൊരു പദ്ധതി വരുന്നുവെന്ന് ഇപ്പോൾ കേൾക്കുന്നു. കേരളത്തിലെ മറ്റെല്ലാ കോർപ്പറേഷനുകൾക്കും വേണ്ടിയാണെന്ന് പറയുന്നു. സുതാര്യമായി, അഴിമതിരഹിതമായി, ഏജൻസിയുടെ ഗുണമേന്മയും പ്രവർത്തന മികവുമെല്ലാം ഉറപ്പാക്കി നടപ്പാക്കുന്നില്ലെങ്കിൽ അത് വീണ്ടും വലിയൊരു അഴിമതിക്കുരുക്കിലേയ്ക്ക് പോകുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും സർക്കാരിനോടും സൂചിപ്പിക്കുകയാണ്. അതുകൊണ്ട്, മാലിന്യ സംസ്കരണം അഴിമതിരഹിതവും സുതാര്യവുമാകണം. ഏറ്റവും ചുരുങ്ങിയത് ബ്രഹ്മപുരം പ്ലാന്റ് ഏറ്റെടുക്കുമ്പോൾ, കൊച്ചി കോർപ്പറേഷനിലെ കൗൺസിലർമാർക്കെങ്കിലും വിശദീകരിച്ചുകൊടുക്കാനുള്ള നടപടിയുണ്ടാകണം. അഴിമതിക്ക് വളംവയ്ക്കുന്നതായി അത് മാറരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കോവിഡ് കാലഘട്ടത്തിൽ എല്ലാ ചുമതലകളും തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. ഒരു രൂപയെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുണ്ടോ? ഒന്നും കൊടുത്തിട്ടില്ല. ഡി.സി.സി.-കൾ നടപ്പാക്കേണ്ട ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. പണമില്ല, ആകെയുള്ളത് എൻ.ആർ.എച്ച്.എം.-ന്റെ കുറച്ച് സ്റ്റാഫിനെ കിട്ടുന്നുണ്ടെന്നതാണ്. അവിടത്തെ പ്യൂണിനുൾപ്പെടെ ശമ്പളം പഞ്ചായത്ത് കൊടുക്കണം. പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽനിന്ന് പണമെടുത്ത് എത്രനാൾ മുന്നോട്ടുപോകും? സർക്കാരിന് കിട്ടിയ ഫണ്ടുകൾ എന്തുകൊണ്ടാണ് കൊടുക്കാത്തത്? കേരളത്തിൽ ഏറ്റവും കൂടുതൽ വരുമാനമുള്ള മുനിസിപ്പാലിറ്റികളിലൊന്നാണ് എന്റെ മണ്ഡലത്തിലെ തൃക്കാക്കര. അവിടെ 144 കോടിയിൽപ്പരം രൂപയാണ് വാർഷിക ബഡ്ജറ്റ്. 2014-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഗ്രേഡ്-1 മുനിസിപ്പാലിറ്റിയായി ഉയർത്തിയതാണ്. ഇന്നുവരെ സ്റ്റാഫിനെ കിട്ടിയിട്ടില്ല. ആകെ 29 സ്റ്റാഫാണുള്ളത്. ഭരണം മാറുന്നതിനനുസരിച്ച് സ്റ്റാഫിനെ മാറ്റിക്കൊണ്ടിരിക്കും. മാറ്റുന്നതല്ലാതെ ഒരാളെയും അങ്ങോട്ട് തിരിച്ച് കൊടുക്കുന്നില്ല. മുനിസിപ്പാലിറ്റിയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിന് ജീവനക്കാരില്ല. ഏറ്റവും കൂടുതൽ വരുമാനമുള്ള ഒരു മുനിസിപ്പാലിറ്റിയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം ശ്രദ്ധിക്കണം. എറണാകുളമുൾപ്പെടെ കേരളത്തിലെ മുഴുവൻ പട്ടണങ്ങളിലേയും പുതിയ ഒരു സാഹചര്യമാണ് ഫ്ലാറ്റുകളും വില്ലകളുമുള്ള വലിയ പാർപ്പിട സമുച്ചയം. അതിനുവേണ്ടി രൂപം കൊടുത്തിട്ടുള്ള സമിതിക്ക് ഒരു ചെയർമാനെ നിയമിച്ചതല്ലാതെ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ചുള്ള ധാരാളം തർക്കങ്ങൾ നിലനിൽക്കുന്നു. അതിനാൽ അടിയന്തരമായി കമ്മിറ്റി ഫലപ്രദമായി പ്രവർത്തിപ്പിക്കണം. ഫ്ലാറ്റുകളിൽ തർക്കങ്ങളുണ്ട്. റസിഡൻസ് അസോസിയേഷനുകളിൽ തർക്കങ്ങളുണ്ട്. CREDAI-മായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്.

ഇക്കാര്യങ്ങൾ പരിഹരിക്കാനുള്ള കമ്മിറ്റിയുടെ പ്രവർത്തനം പരിപൂർണ്ണമായിട്ടില്ല. അത് അടിയന്തിരമായി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

ഈ മാസം 17-ാം തീയതി ജനകീയാസൂത്രണത്തിന്റെ 25-ാം വർഷം ആഘോഷിക്കുന്നതായി അറിഞ്ഞു. 73, 74 എന്നീ ഭരണഘടനാ ഭേദഗതികളിലൂടെ രാജീവ്ഗാന്ധി കൊണ്ടുവന്ന പഞ്ചായത്തീരാജ്- നഗരപാലിക നിയമത്തെക്കുറിച്ച് ഒരു വാക്കെങ്കിലും പറയാതിരിക്കുന്നത് മര്യാദയാണോ? ഈ നിയമസഭയിൽ 1994-ൽ ആ നിയമം പാസ്സാക്കുമ്പോൾ ശ്രീ. എ. കെ. ആന്റണിയാണ് മുഖ്യമന്ത്രി. 1994-ൽ പ്രസ്തുത നിയമം പാസ്സാക്കുന്ന ദിവസം പുലർച്ചെ 5 മണിക്കാണ് സഭ പിരിഞ്ഞത്. ഭരണപക്ഷത്തുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇപ്പോഴത്തെ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയും അന്ന് ആ സഭയിൽ അംഗങ്ങളായിരുന്നു. ജനകീയാസൂത്രണത്തിന്റെ പേര് പറയുകയും അതേക്കുറിച്ച് അഭിമാനം കൊള്ളുകയും ചെയ്യുന്ന ഈ ഗവൺമെന്റിനോട് ഞാൻ പറയുന്നു - ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികമല്ല, അധികാര കൈമാറ്റത്തിന്റെ മുപ്പതാം വർഷത്തിലേയ്ക്കാണ് കടക്കുന്നത്. 1994-ൽ ഈ സഭയിൽ നമ്മൾ നിയമം പാസ്സാക്കുമ്പോൾ, ഞാനും ആ ചർച്ചയിൽ പങ്കെടുത്ത ഒരാളാണ്. രാജീവ്ഗാന്ധി അധികാരം നൽകിയതിൽ പലതും നിങ്ങൾ തിരിച്ചെടുത്തു. മദ്യത്തിന്റെ കാര്യത്തിൽ ലൈസൻസ് കൊടുക്കുന്നത്, വേസ്റ്റ് മാനേജ്മെന്റ് എല്ലാം നിങ്ങൾ തിരിച്ചെടുത്തു. അധികാര വികേന്ദ്രീകരണത്തിന് നിങ്ങൾ നൽകിയ വിലങ്ങുതടിയാണ് നിങ്ങൾ കൊണ്ടുവന്ന ലൈഫ് മിഷനും കിഫ്ബിയും. കാൽനൂറ്റാണ്ട് ആഘോഷിക്കുമ്പോൾ സ്വാശ്രയ ഗ്രാമപഞ്ചായത്തുകളായി രൂപപ്പെടുത്താൻ നമുക്ക് കഴിഞ്ഞോ? പഞ്ചായത്തുകളുടെ വികസന പദ്ധതി സംയോജിപ്പിച്ച് ഒരു സമഗ്ര ഗ്രാമവികസന പദ്ധതി തയ്യാറാക്കാൻ കഴിഞ്ഞോ? ത്രിതല പഞ്ചായത്തുകളുടെയും നഗരസഭകളുടേയും വികസന പരിപാടികൾ സംയോജിപ്പിച്ച് സമഗ്രമായ ജില്ലാ പദ്ധതി തയ്യാറാക്കാൻ കഴിഞ്ഞോ? ജില്ലാ പദ്ധതികളും സംസ്ഥാന പദ്ധതിയും സംയോജിപ്പിച്ച് ഒരു സമഗ്രകേരള വികസന പദ്ധതി തയ്യാറാക്കാൻ കഴിഞ്ഞോ? 1200-ഓളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പ്രോജക്ടുകളുമായി സമാന്തര രേഖകളായി പോയിക്കൊണ്ടിരിക്കുകയാണ്. ഭരണഘടനാ ഭേദഗതി വരുത്തിയ, 1992-ൽ അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കിയ രാജീവ്ഗാന്ധി ചിത്രത്തിലില്ല. കേരളത്തിൽ പഞ്ചായത്തീരാജ്-നഗരപാലിക നിയമം 1994-ൽ പാസ്സാക്കി 1995-ൽ തെരഞ്ഞെടുപ്പ് നടത്തിയ ശ്രീ. എ. കെ. ആന്റണിയും ഐക്യജനാധിപത്യ മുന്നണിയും ചിത്രത്തിലില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആദ്യമായി പദ്ധതി വിഹിതം 212 കോടി രൂപ കൊടുത്ത ധനകാര്യ വകുപ്പുമന്ത്രി ശ്രീ. സി. വി. പത്മരാജൻ ചിത്രത്തിലില്ല. ആദ്യമായി പദ്ധതി വിഹിതം നൽകിയ ഐക്യജനാധിപത്യ ഗവൺമെന്റില്ല. ഇത് ചരിത്രത്തെ വളച്ചൊടിക്കുകയാണ്. ഇന്ന് പഞ്ചായത്തീരാജിന്റെ മേനിനടിക്കുന്ന ഘട്ടത്തിൽ എറണാകുളം ജില്ലയിൽ

കിഴക്കമ്പലത്ത് കിറ്റക്സ് ഭരിക്കുന്ന പഞ്ചായത്തുണ്ട്. ആ പഞ്ചായത്തിൽ ഒരു നിയമവും ബാധകമല്ല. അവിടെ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർക്ക് കത്തയച്ചിരിക്കുകയാണ്. എല്ലാം ക്രമക്കേടാണ്. അവിടെ 15000 പേരുള്ളതിൽ 4000 പേരിൽനിന്നുമാത്രമാണ് പ്രൊഫഷൻ ടാക്സ് ഈടാക്കുന്നത്. പഞ്ചായത്ത് പ്രസിഡന്റിന് 25,000 രൂപ ശമ്പളം. വൈസ് പ്രസിഡന്റിന് 20,000 രൂപ ശമ്പളം, മെമ്പർമാർക്ക് 15,000 രൂപ ശമ്പളം ബാങ്കിലിട്ട് കൊടുക്കുകയാണ്. ആ പഞ്ചായത്തിൽ ഒരു സോഷ്യൽ ഓഡിറ്റ് നടത്താൻ അങ്ങ് തയ്യാറുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നു. ഇങ്ങനെ നിയമത്തിനതീതമായി ഒരു പഞ്ചായത്ത് പ്രവർത്തിക്കാമോ? ടാറ്റയോടും ബിർളയോടും നമ്മൾ എത്രത്തോളം കാരുണ്യം കാണിക്കണം! അവർ സംസ്ഥാനമൊന്നും പിടിച്ചടക്കാൻ വന്നില്ലല്ലോ?

<u>മി. ചെയർമാൻ</u>: ദയവായി അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഇത്തരം നടപടികൾ വളരെ തെറ്റാണ്. പഞ്ചായത്തീരാജ്-നഗരപാലികാ നിയമത്തിന്റെ അന്തഃസത്ത തകർക്കുന്ന ഇത്തരം കോർപ്പറേറ്റ് ശക്തികളെ നിയന്ത്രിക്കാൻ ഈ ഗവൺമെന്റിന് ആർജ്ജവമുണ്ടാകണം. അല്ലെങ്കിൽ ഇത്തരം കാര്യങ്ങൾക്ക് ഗവൺമെന്റ് കൂട്ടുനിൽക്കുന്നു എന്ന് വിചാരിക്കേണ്ടിവരും. ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി <u>(ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ):</u> സർ, തദ്ദേശസ്വയംഭരണ വകുപ്പിനെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥന ചർച്ചയിന്മേൽ 18 എം.എൽ.എ.-മാരാണ് പങ്കെടുത്തത്. തദ്ദേശഭരണ സ്ഥാപനങ്ങളെയും അതുൾക്കൊള്ളുന്ന മറ്റെല്ലാ വിഭാഗം വകുപ്പുകളെയും ശക്തിപ്പെടുത്താനുള്ള കാഴ്ചപ്പാടോടുകൂടിയാണ് ധനാഭ്യർത്ഥന ചർച്ചയിൽ അംഗങ്ങൾ പങ്കെടുത്ത് സംസാരിച്ചത്. നശീകരണ നിലപാടല്ല ആരും കൈക്കൊണ്ടിട്ടുള്ളത്. ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികവുമായി ബന്ധപ്പെട്ട കാര്യം ഇവിടെ അവസാനം സംസാരിച്ച ബഹുമാനപ്പെട്ട അംഗം ചർച്ചയിൽ ഉന്നയിച്ചിരുന്നു. രാജീവ് ഗാന്ധിയുടെ കാലത്ത് ഈ മേഖലയിലുണ്ടായ ഭരണഘടനാ ഭേദഗതിയെ സംബന്ധിച്ചൊന്നും മറച്ചുവയ്ക്കേണ്ട ഒരുകാര്യവും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനില്ല. കേരളത്തിലെ എല്ലാ പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെയും സാമൂഹിക-സാംസ്കാരിക മേഖലയിലെ ഉന്നതരായിട്ടുള്ള വ്യക്തികളുടെയും സാന്നിദ്ധ്യത്തിലാണ് ജനകീയാസൂത്രണ പദ്ധതി 1996-ൽ സംസ്ഥാനത്ത് ആരംഭിച്ചത്. അതിന്റെ 25-ാം വാർഷികം ഈ വരുന്ന 17-ാം തീയതി (ചിങ്ങം 1) ഉച്ചയ്ക്കുശേഷം രണ്ടുമണിമുതൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഉൾപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ പഴയകാല നേതാക്കളെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട്, അവരെ ആദരിക്കുന്നതിനും അവരുടെ അനുഭവങ്ങൾ

പങ്കുവയ്ക്കാനംവേണ്ടിയുള്ള പരിപാടിയാണ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്. സംസ്ഥാനാടിസ്ഥാനത്തിൽ ആ പരിപാടി നടക്കുമ്പോൾ, എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പ്രക്ഷേപണം ചെയ്യുന്ന രീതിയിൽ ഇവിടെ അതിന്റെ സംസ്ഥാനതല ഉദ്ഘാടനം കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവ്വഹിക്കും. മുൻ മുഖ്യമന്ത്രിമാർ, പ്രതിപക്ഷനേതാവ്, മറ്റ് മന്ത്രിമാർ ഉൾപ്പെടെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കന്മാരും ആ പരിപാടിയിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതത് മേഖലയിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാന്യരായ എല്ലാ എം.എൽ.എ.-മാരും ഈ പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷിക പരിപാടി വമ്പിച്ച വിജയമാക്കാൻ സഹായിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. സമയക്കുറവുകാരണം ഞാൻ ഓരോന്നിന്റെയും വിശദീകരണത്തിലേയ്ക്ക് കടക്കുന്നില്ല.

നവകേരള കർമ്മ പദ്ധതിയുടെ രണ്ടാംഭാഗം നടപ്പിലാക്കാൻ ഈ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളെല്ലാം ലോകോത്തര മാതൃകയിൽ ശ്രദ്ധിക്കപ്പെടുന്ന തലത്തിലേയ്ക്ക് എത്തിയിട്ടുണ്ട്. വലിയ അംഗീകാരമാണ് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ളത്. മറ്റൊരു ഇൻഡ്യൻ സംസ്ഥാനത്തിനും ലഭിക്കാത്ത രീതിയിലുള്ള പ്രസക്തിയും പ്രാധാന്യവും കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുകയുണ്ടായി എന്നത് അഭിമാനകരമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഇങ്ങനെയൊരു നിലപാടിലേയ്ക്ക് കേരളവും ഇവിടത്തെ ജനങ്ങളും എത്തിച്ചേർന്നത് എങ്ങനെയാണ്? ഒരു സംശയവും വേണ്ട; കഴിഞ്ഞ 25 വർഷം കൈവരിച്ച നേട്ടങ്ങളാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശിക ഗവൺമെന്റുകളായി പ്രവർത്തിച്ചപ്പോൾ വലിയരീതിയിലുള്ള മാറ്റമാണ് കേരളത്തിലുണ്ടാക്കാൻ സാധിച്ചത്. മറ്റ് ചില ഇൻഡ്യൻ സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി പാവപ്പെട്ട ജനങ്ങൾക്ക് അന്തസ്സാർന്ന ജീവിതനിലവാരം കേരളത്തിലുണ്ട്. ടാറ്റ, ബിർള, അദാനി, അംബാനി ഉൾപ്പെടെയുള്ളവരുടെ സമ്പത്തുകൂടി കണക്കാക്കിയാണ് ഇന്ത്യയിൽ ആളോഹരി പറയുന്നത്. എന്നാൽ കേരളത്തിന് അഭിമാനത്തോടെ പറയാൻ കഴിയുന്ന കാര്യം, പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഉൾപ്പെടെ പിന്നോക്കം നിൽക്കുന്ന സാധാരണക്കാരായ ജനവിഭാഗങ്ങൾ, പിന്നോക്കത്തിലെ പിന്നോക്കം, മുന്നോക്കത്തിലെ പിന്നോക്കം ഉൾപ്പെടെയുള്ള മുഴുവൻ മനുഷ്യർക്കും ലോകാരോഗ്യ സംഘടന ചൂണ്ടിക്കാണിക്കുന്നതുപോലെ, ഗുണമേന്മയുള്ള ജീവിതം നയിക്കാൻകഴിയുന്ന ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട സംസ്ഥാനമാണ് കേരളമെന്ന് നമുക്കെല്ലാവർക്കും തിരിച്ചറിയാനാകണം. അതിന് അവരുടെ ജീവിത സാഹചര്യങ്ങൾ പരിശോധിക്കാം. 30 കോടി ജനങ്ങൾക്ക് സ്വന്തമായി കയറിക്കിടക്കാൻ ഇടമില്ലാത്ത രാജ്യമാണ് ഇന്ത്യ. എന്നാൽ കേരളത്തിൽ ചെറിയൊരു വിഭാഗമാണ് ഇപ്പോഴും വീടിനുവേണ്ടി ആവശ്യപ്പെട്ടു

കൊണ്ടിരിക്കുന്നത്. അത് നമുക്ക് നൽകാനും കഴിയും. കേരളത്തിൽ വീടില്ലാത്ത ഒരാളും ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുന്ന രീതിയിലുള്ള പ്രവർത്തനം ഈ വരുന്ന 5 വർഷംകൊണ്ട് അതിന്റെ ഭാഗമായി നടത്താൻ കഴിയും.

അതുപോലെ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സൗകര്യം. പാവപ്പെട്ട കുടുംബത്തിലെ കുട്ടികൾക്ക് ഏതറ്റംവരെയും പഠിക്കാനുള്ള സൗകര്യം കേരളത്തിൽ രൂപപ്പെട്ടുവന്നിട്ടുണ്ട്. അവർക്ക് വസ്ത്രം ധരിക്കാനുള്ള സൗകര്യവും ഭക്ഷണം ലഭിക്കുന്ന സാഹചര്യവുമുണ്ടായിട്ടുണ്ട്. ഇതെല്ലാം വളരെ പ്രധാനപ്പെട്ട കാര്യങ്ങളായി ചൂണ്ടിക്കാണിക്കുമ്പോഴും ലക്ഷക്കണക്കിന് അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ തൊഴിലില്ലാതെ വലയുന്ന നാടാണ് കേരളമെന്ന നിരന്തരമായ പല്ലവിക്ക് മാറ്റംവരുത്തണം. പശ്ചാത്തലസൗകര്യങ്ങളായ വെളിച്ചം, ശുദ്ധജലം, റോഡ്, വിദ്യാഭ്യാസമേഖലയിലുള്ള ഇടപെടൽ തുടങ്ങിയ കാര്യങ്ങളെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ ഏതാണ്ട് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇനി നമുക്ക് ആവശ്യമുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, തൊഴിലില്ലാത്തവർക്ക് തൊഴിൽ നൽകുക എന്നുള്ളതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം തൊഴിൽ നൽകാനുള്ളൊരു ഏജൻസി എന്ന രീതിയിലുള്ള നിലപാട് ഇതുവരെ നമ്മുടെ മുന്നിലുണ്ടായിട്ടില്ല. എന്നാൽ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആയിരക്കണക്കിനാളുകൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന സാദ്ധ്യതയുണ്ടെന്ന് കോവിഡ്-19 പശ്ചാത്തലത്തിൽ മനസ്സിലായി. അതുമാത്രമല്ല, സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി രൂപമെടുത്തിട്ടുള്ള കേരളത്തിലെ കുടുംബശ്രീ സംവിധാനത്തിന് ലക്ഷക്കണക്കിനാളുകൾക്ക് തൊഴിൽ നൽകാനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ ഏറ്റവും ഫലപ്രദമായ ഇടപെടൽ നടത്താനും സാധിച്ചിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നൂറുദിന കർമ്മപരിപാടിയിലുൾപ്പെടുത്തി എന്തൊക്കെ ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. 1000 ജനസംഖ്യയ്ക്ക് 5 എന്നരീതിയിൽ ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും ആളുകൾക്ക് തൊഴിൽ നൽകാൻ സാധിക്കുന്ന ഒരു സംവിധാനത്തിലേയ്ക്ക് നമുക്കെത്താൻ സാധിക്കണം. ഒരു സംശയവും വേണ്ട; 5 വർഷംകൊണ്ട് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഴുവൻ തൊഴിൽദായകരാകുന്ന ഫലപ്രദമായ ഇടപെടൽ നടത്താനാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അത് നിർവ്വഹിക്കുകതന്നെ ചെയ്യും. ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ നൽകാൻ സാധിക്കുന്ന പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കുകയെന്നുള്ളത് പ്രഥമ പരിപാടിയായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കൈകാര്യം ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നതാണ് ഇതിന്റെ ഭാഗമായി പറയാനുള്ളത്.

കുടുംബശ്രീയുമായി ബന്ധപ്പെട്ട് ഒരു കാര്യം സൂചിപ്പിക്കട്ടെ. 23 വർഷം മുമ്പ് രൂപീകരിച്ച കുടുംബശ്രീയിൽ ഇപ്പോൾ 45 ലക്ഷത്തിലധികം (45.44 ലക്ഷം) അംഗങ്ങളുണ്ട്. അവർക്ക് 20,335 കോടി രൂപയുടെ ബാങ്ക് വായ്പയുണ്ട്. അയൽക്കൂട്ട സംവിധാനങ്ങളുടെ ഭാഗമായി 5,091 കോടി രൂപയുടെ വായ്പയുണ്ട്. കേരളത്തിൽ വലിയൊരു സാമ്പത്തിക ശക്തിയായി കുടുംബശ്രീ രൂപപ്പെട്ടിട്ടുണ്ട്. 18 മുതൽ 40 വയസ്സുവരെയുള്ള പുതിയ തലമുറയിൽപ്പെട്ട ചെറുപ്പക്കാരികൾ അഭ്യസ്തവിദ്യരാണെന്നാണ് കാണാൻ സാധിച്ചത്. നേരത്തെ പറഞ്ഞതുപോലെ ആയിരം ആളുകളിൽ 5 പേർക്ക് വീതം തൊഴിൽ നൽകുന്ന ഒരു പുതിയ സംവിധാനം വരികയാണ്. കുടുംബശ്രീയുടെ അനുബന്ധമായി അഭ്യസ്തവിദ്യരായ യുവതികൾക്ക് ഓരോ വാർഡിലും ഓരോ യൂണിറ്റ് എന്ന രീതിയിൽ ഏതാണ്ട് 20,000 യൂണിറ്റ് രൂപീകരിക്കേണ്ടതുണ്ട്. രണ്ട് മാസംകൊണ്ട് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ കുടുംബശ്രീയുമായി ബന്ധപ്പെട്ടുകൊണ്ട് 18 മുതൽ 40 വയസ്സുവരെയുള്ള യുവതികളെ ഉൾപ്പെടുത്തി 20,000 യൂണിറ്റുകൾ രൂപപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ലക്ഷക്കണക്കിന് പേർക്ക് തൊഴിൽ ലഭിക്കുന്ന, യുവതികളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പദ്ധതി പ്രവർത്തനം ആരംഭിക്കാൻ പോകുകയാണ്. ആദ്യഘട്ടത്തിൽ സംഘടനാ രൂപം തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ട്. യൂണിറ്റ് രൂപീകരണം നടക്കാൻ പോകുകയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വിവിധ തട്ടുകളിലായിട്ടാണ് നടക്കുന്നത്. ഇപ്പോഴും പ്രവർത്തനം ഏകീകൃതമായി വന്നിട്ടില്ല. പഞ്ചായത്ത്, നഗരാസൂത്രണം, മുനിസിപ്പാലിറ്റി, എഞ്ചിനീയറിംഗ് തുടങ്ങി അഞ്ച് ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ടാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. അടുത്ത മാസം തുടങ്ങുന്നതിനുമുമ്പ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആഗ്രഹിച്ചതുപോലെ തദ്ദേശഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഒരുമിച്ച് ചേർത്തുകൊണ്ട് ഒരു പ്രിൻസിപ്പൽ ഡയറക്ടറുടെ ചുമതലയിൽ ഒരു ഡിപ്പാർട്ടുമെന്റായി ഏകോപിപ്പിക്കാൻ പോകുകയാണ്. അത് കേരളം കാണാൻ പോകുകയാണ്. ഇവിടെ ചൂണ്ടിക്കാണിച്ചപോലെ നിരന്തരമായ ആക്ഷേപം വരുന്നത് അഴിമതിയുമായി ബന്ധപ്പെട്ടാണ്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് (പ്ലാൻ കൊടുക്കലും അനുമതി വാങ്ങലും) നിരന്തരമായി പഞ്ചായത്തിലേയ്ക്കും മുനിപ്പാലിറ്റിയിലേയ്ക്കും കോർപ്പറേഷനിലേയ്ക്കും പോകേണ്ടിവരുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുകയാണ്. ഒരു കാര്യം ഞാൻ ഉറപ്പായും പറയുകയാണ്. അടുത്ത വർഷം ജനുവരി മാസമാകുമ്പോൾ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും (ഏതാണ്ട് 213 സേവനങ്ങൾ) പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഒരു ഓഫീസിലേയ്ക്കും കയറിയിറങ്ങാതെ തന്നെ ലഭിക്കത്തക്ക രീതിയിൽ ഓൺലൈനായി കൈകാര്യം ചെയ്യാനുള്ള ശേഷി കേരളം നേടാൻ പോകുകയാണ്. അതിനായി ഐ.കെ.എം.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജാഗ്രതയോടെയുള്ള

പ്രവർത്തനം നടത്തി ഈ വരുന്ന നാലഞ്ച് മാസംകൊണ്ട് ആ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കും. അങ്ങനെ കേരളത്തിൽ സേവനങ്ങൾ വാതിൽപ്പടിയിലും വിരൽത്തുമ്പിലും എന്ന കാഴ്ചപ്പാട്/സങ്കൽപ്പം പ്രാവർത്തിക മാകാൻ പോകുകയാണ്. പാവപ്പെട്ട, അവശരായിട്ടുള്ള ആളുകൾക്കും ദൈനംദിന ജീവിതത്തിന്റെ ഭാഗമായി പുറത്തുപോകാൻ സാധിക്കാതെയിരിക്കുന്ന ആളുകൾ ഉൾപ്പെടെ അവശത അനുഭവിക്കുന്നവർക്ക് അവരുടെ ജീവിതത്തിന് താങ്ങായി, തണലായി സേവനങ്ങൾ വാതിൽപ്പടിയിൽ എത്തിക്കുകയെന്ന വളരെ പ്രധാനപ്പെട്ട ചുമതലയും നിർവ്വഹിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അതിന്റെ പ്രായോഗിക പരിശീലനങ്ങളും പ്രവർത്തനങ്ങളും നടന്നുവരികയാണ്. വളരെ ഫലപ്രദമായി ആ പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്.

അതിദരിദ്രരായ ആളുകളെ കണ്ടെത്തേണ്ടതുണ്ട്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഗുണമേന്മയുള്ള ജീവിതം നയിക്കുന്ന പാവപ്പെട്ട മനുഷ്യന്റെ നാടാണ് കേരളമെങ്കിലും അതിൽ ഒരു ചെറിയ വിഭാഗമെങ്കിലും അതിദരിദ്രരായിട്ടുണ്ടെന്നത് സത്യമാണ്. ആ അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള സർവ്വേ ആരംഭിക്കുകയാണ്. രണ്ടാം പിണറായി ഗവൺമെന്റിന്റെ ആദ്യത്തെ മന്ത്രിസഭാ യോഗം ചേർന്നപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രി തന്നെ അതിന്റെ സർവ്വേയ്ക്കാവശ്യമായ രീതിയിൽ സംവിധാനങ്ങൾ ഒരുക്കുന്നതിനുവേണ്ടി ഉത്തരവാദപ്പെട്ട വ്യക്തികളെ ചുമതലപ്പെടുത്തിയതിന്റെ ഭാഗമായി മന്ത്രിസഭ ഇക്കാര്യങ്ങളെല്ലാം പരിശോധിച്ച് സർവ്വേ നടത്തുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്. ഈ വർഷം അവസാനിക്കുന്നതിനുമുമ്പ് സർവ്വേ പൂർത്തീകരിക്കാനാകും. അതിദരിദ്രരായ ആളുകളെ കണ്ടെത്തി അവരുടെ ജീവിതത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ വരുന്ന അഞ്ച് വർഷംകൊണ്ട് സാധിക്കും. അപ്പോൾ അതിദരിദ്രരില്ലാത്ത നാടായി കേരളത്തെ മാറ്റുന്നതിന് നമുക്കാകും.

കേരളം ലോകത്തിനും രാജ്യത്തിനും മാതൃകയാകുന്ന നിലയിലേയ്ക്ക് നീങ്ങുകയാണ്. അത്തരത്തിലുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിന് നമുക്ക് സാധിക്കണമെങ്കിൽ ചർച്ചയിൽ ചൂണ്ടിക്കാണിച്ചതുപോലെ മാലിന്യമുക്തമായ കേരളം രൂപപ്പെടണം. മാലിന്യമുക്തമായൊരു കേരളം രൂപപ്പെടുത്തേണ്ട തിനെക്കുറിച്ച് വർഷങ്ങളായി നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. എവിടെ ചർച്ച ചെയ്യുമ്പോഴും മാലിന്യ മുക്തമാക്കുമെന്ന് പറയാറുണ്ട്. അതിന്റെ പ്രായോഗിക തലത്തിലേയ്ക്ക് വരുമ്പോൾ ഓരോ സ്ഥലത്തും പ്രശ്നങ്ങളാണ്. അതുകൊണ്ട് ബഹുമാന്യരായ എം.എൽ.എ.-മാരോട് ഒരുകാര്യം പറയുകയാണ്. അടുത്ത അഞ്ചുവർഷം കൊണ്ട്, അതായത് ഈ ഭരണം അവസാനിക്കുന്നതിനുമുമ്പ് നമുക്ക് ശാസ്ത്രീയമായി, പ്രായോഗികമായി കേരളത്തെ മാലിന്യമുക്തമാക്കാനാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ലോകബാങ്കിന്റെ 2,500 കോടി രൂപ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അതിന്റെ ചുറ്റുവട്ടത്തുള്ള രണ്ട്

വീതം പഞ്ചായത്തുകൾക്കും ശുചിത്വ കേരളത്തെ രൂപപ്പെടുത്താൻ വേണ്ടി ലഭിച്ചിട്ടുണ്ട്. അതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. അത്തരം പരിപാടി നടപ്പിലാക്കാനാവശ്യമായ പ്രായോഗിക പ്രവർത്തനങ്ങളിലേയ്ക്ക് കടക്കുമ്പോൾ പലപ്പോഴും ആക്ഷേപങ്ങളും കുഴപ്പങ്ങളും വരാറുണ്ടെന്ന കാര്യം സത്യമാണ്. എല്ലാവരെയും മുഖവിലയ്ക്കെടുത്തുകൊണ്ട്, ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, എല്ലാവരെയും ബോദ്ധ്യപ്പെടുത്തിക്കൊണ്ട് പൊതുബോധത്തെ അടിസ്ഥാനപ്പെടുത്തി കേരളത്തിന്റെ മാലിന്യ സംസ്കരണ പരിപാടി വമ്പിച്ച വിജയമാക്കി തീർക്കുന്നതിനുവേണ്ടി എല്ലാ എം.എൽ.എ.-മാരുടെയും പരിപൂർണ്ണമായ പിന്തുണ ഉണ്ടാകണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി, മറ്റ് രണ്ട് മന്ത്രിമാർകൂടി മറുപടി പറയാനുണ്ട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. രാജ്യത്തിന് മാതൃകയാകുന്ന രീതിയിൽ ദേശീയ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ 75 പ്രവൃത്തി ദിവസം പൂർത്തിയാക്കിയിട്ടുള്ള ഓരോരുത്തർക്കും ഈ വരുന്ന ഓണത്തിന് 1,000 രൂപാവീതം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ലക്ഷക്കണക്കിന് ആളുകൾക്കാണ് ഇത് ലഭിക്കുന്നത്. മുമ്പ് 100 ദിവസം തൊഴിൽദിനം പൂർത്തിയാക്കിയവർക്കാണ് ഇത് കൊടുത്തുകൊണ്ടിരുന്നത്. സാമ്പത്തിക പ്രതിസന്ധിയും പ്രശ്നങ്ങളും ഉണ്ടെന്ന കാര്യം കണക്കിലെടുത്തുകൊണ്ടുതന്നെ ഇക്കാര്യത്തിൽ കൃത്യമായ നിലപാട് സ്വീകരിക്കാനാകുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ പദ്ധതി നിർവ്വഹണത്തെക്കുറിച്ച് ചില വിമർശനങ്ങൾ ഉന്നയിച്ചു. ഒരു വിമർശനത്തിനും അടിസ്ഥാനമില്ല. കാരണം ഏത് കാലത്തെക്കാളും കൂടുതൽ ഫണ്ട് ഈ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. അതിൽ ഒരു ശതമാനവും കുറഞ്ഞിട്ടില്ലെന്ന് മാത്രമല്ല കൂടുകയാണ് ചെയ്തിട്ടുള്ളത്. കേന്ദ്രീകരണം കൂടിക്കൊണ്ടിരിക്കുന്നുവെന്നതാണ് ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരു പ്രശ്നം. ഒരു കേന്ദ്രീകരണവും കൂടുന്നില്ലെന്ന് മാത്രമല്ല സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിക്കവാറും പദ്ധതികളുടെ പ്രവർത്തന ചുമതല തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നുവെന്ന അംഗീകാരമാണ് ലഭിക്കുന്നത്. ഞങ്ങളുടെ കാലത്താണ് ജാഗ്രതാ സമിതികൾ രൂപീകരിച്ചത്. നിങ്ങളുടെ കാലത്ത് ഓർഡിനൻസ് കൊണ്ടുവന്നെങ്കിലും അത് ലാപ്സായിപ്പോകുകയാണ് ചെയ്തത്. അതുകൊണ്ട് നിങ്ങൾക്കത് നടപ്പിലാക്കാൻ സാധിച്ചില്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്താൻ കില മുഖേന കഴിഞ്ഞ ജൂലൈ മാസം പരിശീലനം നടത്തി. വാർഡ് തലത്തിലുള്ള ജാഗ്രതാ സമിതികൾ സജീവമായി രംഗത്തേയ്ക്കുവരാൻ പോകുകയാണ്. ഓരോ വർഷവും ഏപ്രിൽ മുതൽ മാർച്ച് വരെ കൃത്യമായി പദ്ധതിവിഹിതം ചെലവഴിക്കാനുള്ള സൗകര്യം ലഭിച്ചതോടുകൂടി ഇപ്പോൾ കുടിശ്ശികയില്ല. കഴിഞ്ഞ വർഷം 95.2 ശതമാനം തുകയാണ് ചെലവഴിച്ചത്. 28.90 കോടി രൂപ മാത്രമാണ് അതിനുശേഷം പെൻഡിംഗിലുള്ളത്. ബാക്കിയെല്ലാം ചെലവഴിച്ചു. മുൻവർഷങ്ങളിലേതുപോലെ അവസാനത്തെ മൂന്നുമാസം മാത്രം തുക ചെലവഴിക്കാനും അതുവരെ പദ്ധതിയുണ്ടാക്കാനുമുള്ള ശ്രമമല്ല ഇപ്പോൾ നടക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷവും അങ്ങനെയല്ല ചെയ്തത്. ഏപ്രിൽ ഒന്നാം തീയതി മുതൽ പദ്ധതി തുടങ്ങാം. പിന്നീട് മാർച്ചുവരെ പ്രശ്നങ്ങളൊന്നുമില്ലാതെ മുഴുവൻ ഫണ്ടും വിനിയോഗിക്കാവുന്നതാണ്. അതാണ് 95.2 ശതമാനവും ചെലവഴിച്ചിട്ടുണ്ടെന്ന് പറഞ്ഞത്. അതുപോലെ, carry over-ന്റെ ഭാഗമായി പണം കൊടുത്തില്ലെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. Carry over-ന്റെ ഭാഗമായി കഴിഞ്ഞവർഷത്തെപ്പോലെ ഈ വർഷവും 20 ശതമാനം കൊടുത്തു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ഒരു തരത്തിലുള്ള സാമ്പത്തിക പ്രശ്നങ്ങളും അതിനെ ബാധിച്ചിട്ടില്ല. കേരളത്തിലെ ജനകീയാസൂത്രണത്തെ സംബന്ധിച്ച് ആക്ഷേപകരമായി ഉന്നയിച്ചവരോട് എനിക്ക് പറയാനുള്ളത്, ലോകത്തിന്റെ വിവിധ കേന്ദ്രങ്ങളിൽനിന്ന് കേരളത്തെക്കുറിച്ച് പഠിക്കാൻ, കേരളത്തിന്റെ ജനകീയാസൂത്രണത്തെ കുറിച്ച് പഠിക്കാൻ വരുന്നുണ്ട്. ഇന്ത്യയിലെ ഏറ്റവും പ്രമുഖമായ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ് കില. ഏറ്റവും പ്രധാനപ്പെട്ട പഠന ഗവേഷണ സംവിധാനങ്ങളിലൂടെ ഈ സ്ഥാപനം മുന്നേറുന്നുണ്ട്. ജനകീയാസൂത്രണ പ്രസ്ഥാനത്തെക്കുറിച്ച് പഠിക്കാൻ ഡിപ്ലോമ കോഴ്സുകളും സർട്ടിഫിക്കറ്റ് കോഴ്സുകളും തുടങ്ങി; ഏറ്റവും ഉന്നതമായ രീതിയിലുള്ള ഗവേഷണ പഠനം വരെ നടത്താനുള്ള ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള തീരുമാനം ഇപ്പോഴെടുത്ത് കഴിഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി കേരളത്തിന് നൽകുന്ന ഏറ്റവും വലിയ സംഭാവനയായിരിക്കുമിത്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി എല്ലാവരെയും ക്ഷണിക്കുമ്പോൾ അവരുടെ അനുഭവവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എഴുതണമെന്ന് പറഞ്ഞിട്ടുണ്ട്. പതിനായിരത്തോളം വരുന്ന ആളുകളെ അണിനിരത്തി കഴിഞ്ഞ 25 വർഷമായി ഉണ്ടായ നേട്ടവും കോട്ടവുമുൾപ്പെടെയുള്ള കാര്യങ്ങൾ വലിയ പുസ്തകമായി, എത്ര വാല്യം വേണോ അത്രയും വാല്യം പുസ്തകങ്ങൾ തയ്യാറാക്കാനാണ് ഇപ്പോഴുദ്ദേശിക്കുന്നത്. അതിനെപ്പറ്റിയുള്ള പഠനം വളരെ ഫലപ്രദമായി നടത്താൻ കില മുഖേന സാധിക്കും.

ശ്രീ. എൻ. കെ. അക്ബർ, ശ്രീ. കെ. ബാബു എന്നീ എം.എൽ.എ.-മാർ നികുതിപിരിവ് ശക്തിപ്പെടുത്തണമെന്ന കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. നികുതി പിരിക്കാനുള്ള നിലപാട് ശക്തിപ്പെടുത്തണമെന്ന നിലപാടിനോട് പൂർണ്ണമായി യോജിക്കുകയാണ്. ഗ്രാമസഭകൾ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന്

ഇവിടെ ചൂണ്ടിക്കാണിച്ചു. അതിനോടും ഞങ്ങൾ യോജിക്കുകയാണ്. ഫണ്ട് കുറയുന്ന വിഷയമില്ല, കൃത്യമായി കൊടുത്തുകൊണ്ടിരിക്കുയാണ്. വീടുകൊടുത്തത് സംബന്ധിച്ച കൃത്യമായ കണക്കാണ് ഇവിടെ പറഞ്ഞത്. ശ്രീ. എ. സി. മൊയ്തീൻ ഇതുസംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചു. 2,62,409 വീടുകൾ താമസയോഗ്യമായി വിതരണം ചെയ്തുകഴിഞ്ഞു. വീട് നൽകിയവരുടെ പേരുകൾ കൃത്യമായിട്ടുണ്ട്. ഇപ്പോൾ 19,439 വീടുകളുടെ പണി അവസാന ഘട്ടത്തിലാണ്. ഭവന സമുച്ചയങ്ങൾ അഞ്ചെണ്ണം ഇപ്പോൾ പൂർത്തിയാക്കി. ഇനി 31 എണ്ണം കൂടി ബാക്കിയുണ്ട്. അതൊക്കെ വസ്തുതകളാണ്. വസ്തുതാപരമായ കാര്യങ്ങളെ കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിച്ചിട്ട് കാര്യവുമില്ല. അവിടെ താമസിക്കുന്ന ഓരോരുത്തരുടെയും പേരുകൾ കൃത്യമായി ലഭിക്കുമെന്നുള്ളതാണ് അതുസംബന്ധിച്ച് ചൂണ്ടിക്കാണിക്കാനുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് ധാരാളം കാര്യങ്ങൾ പറയാനുണ്ടെങ്കിലും ഇത്രയും പറഞ്ഞ് ആ ഭാഗം ഞാൻ അവസാനിപ്പിക്കുകയാണ്.

എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് ഇവിടെ ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളെല്ലാം സ്വീകരിക്കാവുന്നവയാണ്. മദ്യനിരോധനമല്ല മദ്യ വർജ്ജനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നിലപാട്. ഒളിച്ചുവയ്ക്കേണ്ട കാര്യമാണിതെന്ന് ആരെങ്കിലും ധരിക്കുന്നുണ്ടെങ്കിൽ അത് ഒളിച്ചുവയ്ക്കേണ്ട കാര്യമല്ല. മദ്യവർജ്ജന നിലപാട് പരസ്യമായി പറഞ്ഞിട്ടുള്ളതാണ്. മദ്യം കഴിക്കുന്നവർക്ക് കഴിക്കാം, വേണ്ടാത്തവർക്ക് വേണ്ട. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക എന്നതിനുതന്നെയാണ് ഊന്നൽ നൽകുന്നത്. യു.ഡി.എഫ്.-ന്റെയും എൽ.ഡി.എഫ്.-ന്റെയും കാലത്തെ കണക്കുകൾ പരിശോധിച്ചാൽ മദ്യത്തിന്റെ ഉപഭോഗം കുറയുകയാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാകും. വരുമാനം കൂടിയിട്ടുണ്ടെന്നുള്ളത് ശരിയാണ്. ലഭ്യത വർദ്ധിപ്പിച്ചതുകൊണ്ടോ അതുമായി ബന്ധപ്പെട്ട മറ്റെന്തെങ്കിലും കാരണംകൊണ്ടോ അല്ല വരുമാനം വർദ്ധിച്ചതെന്നത് എല്ലാവർക്കുമറിയുന്ന കാര്യമാണ്. ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരു വിഷയം സർക്കിൾ ഓഫീസുകളുടെയും റേഞ്ച് ഓഫീസുകളുടെയും എണ്ണം വർദ്ധിപ്പിക്കണമെന്നതാണ്. എൻഫോഴ്സ്മെന്റ് ഉൾപ്പെടെ ശക്തിപ്പെടുത്തണമെന്ന കാര്യം പൊതുവായി എല്ലാവരും പറഞ്ഞിട്ടുള്ളതിനെ സ്വാഗതം ചെയ്യുന്നു. റേഞ്ച് ഓഫീസുകളും സർക്കിൾ ഓഫീസുകളും വർദ്ധിപ്പിക്കുക എന്നത് ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ചുമാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. അത് എല്ലാവരുടെയും ആവശ്യമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നുള്ളത് സത്യമാണ്. അതുപോലെ ശ്രീ. ടി. പി. രാമകൃഷ്ണൻ സംസാരിച്ചപ്പോൾ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 25 പേരെ പ്രത്യേക റിക്രൂട്ട്മെന്റ് വഴി എക്സൈസ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പറഞ്ഞു. ഇപ്പോൾ സ്ത്രീകളെയും എക്സൈസ് വകുപ്പിൽ നിയമിച്ചുതുടങ്ങിയിട്ടുണ്ട്. ഇന്ന് ആദിവാസി ലോക ദിനമാണെന്ന

പ്രത്യേകത കൂടിയുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ച ഒരു കാര്യം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകളെയും പുരുഷന്മാരെയും എക്സൈസിന്റെ ഭാഗമാക്കുന്നതിനുവേണ്ടി നേരത്തെ 25 പേരെ എടുത്തതുപോലെ അവരെ പ്രത്യേകം റിക്രൂട്ട്മെന്റിന്റെ ഭാഗമായി എടുക്കേണ്ടതുണ്ടെന്ന് ചൂണ്ടിക്കാണിച്ചിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽവരുന്ന ഒന്നാണ്. അതുസംബന്ധിച്ച് ആവശ്യമായ നിലപാടുകൾ സ്വീകരിക്കാം. ജനമൈത്രി എക്സൈസിനെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ബോധവത്ക്കരണത്തിന്റെ ഭാഗമായി ഡീ-അഡിക്ഷൻ സെന്ററുകൾ ഇപ്പോൾ ജില്ലകളിൽ ഓരോന്നുമാത്രമേയുള്ളൂ. അതിനെ ശക്തിപ്പെടുത്തണമെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. ലഹരി മാഫിയയ്ക്കെതിരെ ഉറച്ച നിലപാടാണ് സ്വീകരിക്കുന്നത്. അതിൽ ഒരു വിട്ടുവീഴ്ചയുമുണ്ടാകില്ല. തെങ്ങിൽനിന്നും ചെത്തിയെടുക്കാതെ, സ്പിരിറ്റിൽ കള്ളും മറ്റും ചേർത്ത് പ്രത്യേക രീതിയിൽ, വ്യാജമായി കള്ള് ഉല്പാദിപ്പിക്കുകയാണ്. ആ കേന്ദ്രത്തിൽ എൻഫോഴ്സ്മെന്റ് വിഭാഗം റെയ്ഡ് ചെയ്യുതുമായി ബന്ധപ്പെട്ട് നടന്ന അന്വേഷണത്തിൽ ഉന്നത ഉദ്യോഗസ്ഥരുൾപ്പെടെയുള്ളവർ ഇതുമായി ബന്ധപ്പെട്ടുനിൽക്കുകയാണെന്ന് കണ്ടെത്തുകയും പതിമൂന്നുപേരെ സസ്പെൻഡ് ചെയ്യുകയും ചെയ്തു. ഇതുസംബന്ധിച്ച് കർശനമായ നിലപാട് സ്വീകരിച്ച് ഗവൺമെന്റ് മുന്നോട്ടുപോകും. ഒരഴിമതിക്കും കൂട്ടുനിൽക്കുന്ന നിലപാട് സ്വീകരിക്കില്ല, ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമുണ്ടാകുകയുമില്ല. തൃശ്ശൂർ കേന്ദ്രം ശക്തിപ്പെടുത്തണമെന്ന കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എക്സൈസിന്റെ മെഷിനറി ശക്തിപ്പെടുത്തുന്ന ഘട്ടത്തിൽ അതുസംബന്ധിച്ച സാദ്ധ്യത ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നുതന്നെയാണ് കാണുന്നത്. കള്ളിന്റെ പ്രതിസന്ധിയെ സംബന്ധിച്ചും ടോഡി ബോർഡ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ടും ചൂണ്ടിക്കാണിച്ചതുസംബന്ധിച്ച് ആലോചിച്ച് ആവശ്യമായ നിലപാട് സ്വീകരിക്കാം. കാർഷിക മേഖലയിൽ ഉല്പാദിപ്പിക്കുന്ന പഴവർഗ്ഗംമുൾപ്പെടെയുള്ള കാർഷിക ഉല്പന്നങ്ങൾ മൂല്യവർദ്ധിത രീതിയിൽ രൂപപ്പെടുത്തുമ്പോൾ അതെങ്ങനെ സാധിക്കുമെന്നത് സംബന്ധിച്ച വിഷയങ്ങൾ ചർച്ചചെയ്ത് ആവശ്യമായ തീരുമാനമെടുക്കാൻ സാധിക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ചിറ്റൂർ ഷുഗർ മില്ലുമായി ബന്ധപ്പെട്ട് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് ഏറ്റെടുത്ത് കഴിഞ്ഞതാണ്. 120 ഏക്കർ സ്ഥലമുണ്ട്. വൈൻ ഉല്പാദനം സംബന്ധിച്ച കാര്യങ്ങളാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. അതുസംബന്ധിച്ച് ആവശ്യമായ പരിശോധന നടത്തി തീരുമാനമെടുക്കാൻ സാധിക്കുമെന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ജാഗ്രതാ സമിതികളുടെ രൂപീകരണം വളരെ ഫലപ്രദമായി നടത്തേണ്ട കാര്യം തന്നെയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുംനേരെ വലിയ കടന്നാക്രമണം നടന്നുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ അതിനെ അഭിമുഖീകരിക്കുന്നതിന് പ്രാദേശികതലത്തിൽ സ്ത്രീകളും മുതിർന്നവരും പുരുഷന്മാരുമെല്ലാം ചേർന്ന് ജാഗ്രതയോടുകൂടി ഒരു നീക്കം നടത്തിയാൽ ഇതിനെ ഒരു പരിധിവരെ ബോധവത്ക്കരണത്തിന്റെ ഭാഗമായി പ്രതിരോധിക്കാനാകും എന്നുതന്നെയാണ് കാണുന്നത്. ഇതേ ജാഗ്രതാ

സമിതികൾക്ക് മദ്യ മാഫിയയ്ക്കെതിരെ ഫലപ്രദമായി ഇടപെടാൻ സാധിക്കും. വാർഡ് തലത്തിലുണ്ടാകുന്ന ജാഗ്രതാ സമിതികൾക്ക് മയക്കുമരുന്നുൾപ്പെടെയുള്ള കേന്ദ്രങ്ങളെ പൊളിക്കാൻ സാധിക്കും. ഇതൊക്കെ ബോധവത്ക്കരണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് താഴെത്തലത്തിൽ നടത്താൻ സാധിക്കുന്ന കാര്യങ്ങളാണ്. കേരള ചരിത്രത്തിൽ, കേരളത്തെ മാറ്റിത്തീർത്ത, കേരളത്തിലെ ജനങ്ങളുടെ ജീവിതത്തെ മെച്ചപ്പെടുത്താൻ ഫലപ്രദമായി ഇടപെടാൻ സാധിച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ 25 വർഷത്തെ അനുഭവത്തെ കൃത്യമായി വിശകലനം ചെയ്ത്, അതിനുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും കൃത്യമായി മനസ്സിലാക്കി അതിന്റെ വെളിച്ചത്തിൽ ഒരു പുതിയ ജനകീയാസൂത്രണത്തിലേയ്ക്ക്, കേരളത്തെ പുതിയ തലത്തിലേയ്ക്ക് രൂപപ്പെടുത്താൻ വേണ്ട പ്രവർത്തനത്തിലേയ്ക്ക് പോകാൻ സാധിക്കണം. അതിനുതകുന്ന ധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, നമ്മുടെ നാടിന്റെ യഥാർത്ഥ ദേവാലയങ്ങൾ കൃഷി ഭൂമികളാണ്. അവിടത്തെ ദൈവമെന്നത് അന്നവുമാണ്. ആ അന്നം ഉൽപ്പാദിപ്പിക്കുന്ന കർഷകരും കൃഷിയുമായി ബന്ധപ്പെട്ട് ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു സമരവുമായി ബന്ധപ്പെട്ട ദിനം കൂടിയാണ് ആഗസ്റ്റ് 9 (ക്വിറ്റ് ഇന്ത്യാ സമരം). ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുകയല്ല. ഗാന്ധിജിയെക്കുറിച്ച് ആദരണീയനായ പി. ടി. തോമസ് എം.എൽ.എ. ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഗാന്ധിജി കൊല്ലപ്പെടുന്ന ദിവസം അദ്ദേഹം മലബാർ ഉൾക്കൊള്ളുന്ന മദിരാശി സംസ്ഥാനത്തെക്കുറിച്ച്, ഭക്ഷ്യക്ഷാമത്തെ കുറിച്ച് പ്രത്യേകമായൊരു നോട്ട് തയ്യാറാക്കാൻ പ്യാരേലാലിനെ ചുമതലപ്പെടുത്തിയതായി ചരിത്രം പറയുന്നുണ്ട്. പ്യാരേലാലിനോട് അദ്ദേഹം കുറേ കാര്യങ്ങൾ പറയുകയും ചെയ്തു. അദ്ദേഹം നിർദ്ദേശിച്ചുകൊണ്ട് പറഞ്ഞത്, കേരവൃക്ഷങ്ങളും പഴവൃക്ഷങ്ങളും വാഴപ്പഴങ്ങളും സമൃദ്ധമായ ദേശം; ഭക്ഷ്യക്ഷാമത്തെക്കുറിച്ച് വിഷമിക്കേണ്ടതേയില്ല; പ്രകൃതി കനിഞ്ഞരുളിയ ആ മണ്ണിൽ എന്തും വിളയും; സ്വന്തം ഉൽപ്പന്നങ്ങൾ ഉപയോഗപ്പെടുത്താൻ മാത്രം പഠിച്ചാൽ മതി എന്നായിരുന്നു പ്യാരേലാലിന് ഗാന്ധിജി കൊടുത്ത നോട്ടിൽ നിർദ്ദേശിച്ചിരുന്നത് നമ്മുടെ ഈ നാടിനെ കുറിച്ചുകൂടിയാണ്, മലബാർ ഉൾപ്പെടുന്ന ആ മേഖലയെ കുറിച്ചാണ് ഗാന്ധിജി പ്യാരേലാലിനോട് പറഞ്ഞത്. നമ്മുടെ നാടിന്റെ വൈവിദ്ധ്യത്തെയും പ്രത്യേകതയെയും കുറിച്ച്, നമ്മുടെ ഉൽപ്പന്നങ്ങൾ നന്നായി ഉപയോഗിക്കുന്നതിനെക്കുറിച്ച് ജാഗ്രത കാണിച്ചാൽ മതിയെന്ന് ഗാന്ധിജി പറഞ്ഞത് അക്ഷരാർത്ഥത്തിൽ ശരിയാണ്. ഗാന്ധിജിയുടെ അരങ്ങേറ്റംതന്നെ

ചമ്പാരൻ സമരത്തിൽനിന്നാണെന്ന് ഞാനിവിടെ പറയേണ്ടതില്ലല്ലോ? ബ്രിട്ടീഷുകാർക്ക് നികുതി പിരിക്കുന്നതിൽ മാത്രമായിരുന്നു ശ്രദ്ധ. കാർഷിക മേഖലയെ അവർ കണ്ടതും അങ്ങനെയായിരുന്നു. ആധുനിക ജനാധിപത്യത്തിന്റെ രീതികളിലേയ്ക്ക് നമ്മുടെ നാട് വന്നുകയറിയപ്പോൾ ജനാധിപത്യ സർക്കാരുകൾ കൃഷിയെ ഏതെല്ലാം അർത്ഥത്തിലാണ് കണ്ടത് എന്നത് ഇന്ത്യാ ചരിത്രത്തിന്റെ ഭാഗമാണ്. കേരളം അതിൽനിന്നെല്ലാം വേറിട്ടുനിൽക്കുന്നു എന്നത് ഏറെ പ്രത്യേകതയുള്ള കാര്യമാണ്. അതുകൊണ്ട് ആഗോളവൽക്കരണ നയങ്ങളുടെ വലിയൊരു തിരതള്ളൽ ഉണ്ടാകുമ്പോഴും കേരളം വ്യത്യസ്തതയാർന്ന് നിൽക്കുന്നത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണനേട്ടങ്ങൾകൊണ്ടാണെന്ന് നിസ്സംശയം പറയാൻ സാധിക്കും. നാം എന്തിനാണ് ആഗോളവൽക്കരണ നയങ്ങളെ പിന്തുണച്ചിരുന്നത്? ഡൽഹിയിലെ സമരങ്ങളെ കുറിച്ചെല്ലാം ഇവിടെ പലരും പലവുരു സൂചിപ്പിക്കുകയുണ്ടായി - കർഷകർ എന്തുകൊണ്ട് സമര രംഗത്ത് നിൽക്കുന്നു എന്നതിനെ കുറിച്ച്. നാം നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയ ആഗോളവൽക്കരണ-സ്വകാര്യവൽക്കരണ നയങ്ങൾ വല്ലാത്ത പ്രതിസന്ധി തീർക്കുന്നു എന്നതിന് ഇനിയും നാം കൂടുതലായി പരതിപ്പോകേണ്ട ആവശ്യമേയില്ല. ദുരന്തം കൂടുതൽ ഏറ്റുവാങ്ങിയത് കാർഷിക മേഖലയാണ്. ഈ സെപ്റ്റംബർ മാസത്തിൽ ന്യൂയോർക്കിൽ Food Systems Summit നടക്കാൻ പോകുകയാണ്. ഉച്ചകോടിക്ക് മുന്നോടിയായിട്ടുള്ള Pre-summit ജൂലൈ മാസം 26-ന് റോമിൽ ചേർന്നു. അമേരിക്കയിലെ ഏറ്റവും പ്രശസ്തനായ സാമ്പത്തിക വിദഗ്ധൻ Jeffrey Sachs-ന്റെ വിഖ്യാത പ്രസംഗം ഇന്നിപ്പോൾ നവ സാമൂഹ്യ മാദ്ധ്യമങ്ങളിലെല്ലാം നല്ലപോലെ പ്രചരിക്കുന്നുണ്ട്. Jeffrey Sachs-ന്റെ നിരീക്ഷണം വളരെ ശ്രദ്ധേയമാണ്. സ്വകാര്യവൽക്കരണം മനുഷ്യരെ ദരിദ്രവൽക്കരിച്ചിരിക്കുകയാണ് എന്നാണ് പറയുന്നത്. കോവിഡ് കാലഘട്ടത്തെക്കൂടി പരാമർശിച്ചുകൊണ്ടാണ് അദ്ദേഹം പത്ത് മിനിട്ട് മാത്രം പ്രസംഗിച്ചിരിക്കുന്നത്. ഇന്ത്യയുടെ കാർഷിക മേഖലയിലൂടെ അതെല്ലാം കൃത്യമായി മനസ്സിലാക്കാൻ കഴിയുന്നതാണ്. അവിടെയും കേരളം വേറിട്ട് നിൽക്കുന്നു എന്നുള്ളത് അനുഭവിച്ചറിയുന്ന കാര്യമാണ്. അങ്ങനെ വേറിട്ട് നിൽക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഈ നാട്ടിൽ നടപ്പിലാക്കിയ നയങ്ങളും പരിപാടികളും തന്നെയാണെന്ന് നിസ്സംശയം പറയാൻ കഴിയും. അങ്ങനെ നടപ്പിലാക്കുന്ന കർഷകക്ഷേമ പരിപാടികൾ മുന്നോട്ട് കൊണ്ടുപോകുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കൃഷിയെ നല്ല പ്രാധാന്യത്തോടുകൂടി കണ്ടേ മതിയാകൂ. അങ്ങനെ കണ്ടില്ലെങ്കിൽ കേവലമായൊരു ഇക്കിളിപ്പെടുത്തലിന്റെ ഭാഗമായി പറയുന്നതുപോലെ 'കൃഷി സംസ്കാരമാണ്' എന്നെല്ലാം പറഞ്ഞുപോയിട്ട് കഥയില്ല. കൃഷി ഒരു ജീവിതം തന്നെയാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടാണ് ഈ മേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന ആളുകളെ സഹായിക്കാനും സംരക്ഷിക്കാനും ഗവൺമെന്റ് തയ്യാറായത്. ഒന്നാം പിണറായി

സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ നേട്ടങ്ങളെക്കുറിച്ചെല്ലാം ഈ സഭയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ വിശദീകരിച്ചതിനാൽ അതിന്റെയെല്ലാം തനിയാവർത്തനത്തിന് ഞാൻ മുതിരുന്നില്ല. അക്കാര്യത്തിലുള്ള അനുഭവത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടാണ് ഇങ്ങനെയൊരു ഗവൺമെന്റിലേയ്ക്ക് വീണ്ടും കേരളം എത്തിയത്.

ഇവിടെ സ്മാർട്ട് കൃഷി ഭവനുകളെക്കുറിച്ചെല്ലാം പറഞ്ഞു. 34 വർഷം മുമ്പാണ് കേരളത്തിൽ കൃഷി ഭവൻ രൂപംകൊള്ളുന്നത്. ആദ്യമായി കൃഷി ഭവൻ ഓഫീസിന് ഒരു പുതിയ പേര്, പുതിയ രീതികളെല്ലാം ഉണ്ടാകുകയായിരുന്നു. 34 വർഷങ്ങൾക്കുശേഷം വിവരസാങ്കേതികവിദ്യയുടെ വിശാല ചക്രവാളങ്ങളെ കയ്യെത്തിപ്പിടിച്ച് നിൽക്കുന്ന മനുഷ്യരുള്ള ഇക്കാലത്ത് കൃഷി ഭവനുകളുടെ രൂപവും ഭാവവും മാറണം. അതെല്ലാം അത്യന്താപേക്ഷിതമാണ്. കൃഷി ഭവനുകളുടെ രീതികൾക്ക് മാറ്റമുണ്ടാകണം. ഒരു Plant Health Clinic എന്ന തരത്തിലേയ്ക്ക് കൃഷി ഭവനുകൾ മാറേണ്ടത് അനിവാര്യമാണ്. അവിടെ ഇക്കോഷോപ്പുകൾ ഉണ്ടാകണം, ബയോ ഫാർമസി എന്നുള്ള തരത്തിലേയ്ക്ക് എത്തിച്ചേരണം, ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി വർദ്ധിക്കേണ്ടത് അനിവാര്യമാണ്. നിയമസഭപോലും പേപ്പർലെസ് നിയമസഭ എന്നതിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ കൃഷി ഭവനുകളും പേപ്പർലെസ്സായി, ഇ-ഓഫീസ് എന്ന ക്രമത്തിലേയ്ക്ക് മാറുമ്പോൾ വലിയ മാറ്റം ഉണ്ടാകും. അതിൽ പേപ്പറുകൾ അവിടെനിന്നും മാറുന്നു എന്നതുമാത്രമല്ല കാര്യം. ഇപ്പോൾ കൃഷിഭവനുകളിലെ കൃഷി ഓഫീസർമാരുൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്ക് ഫയലുകളിൽ ഒരുപാട് നേരം കണ്ണുംനട്ടിരിക്കേണ്ട, അല്ലെങ്കിൽ മുഴുകിയിരിക്കേണ്ട അവസ്ഥയുണ്ടാകുന്നുണ്ട്. അവർ ശരിക്കും ഫീൽഡിലേയ്ക്ക് പോകേണ്ടതാണ്. ശരിക്കും ഒരു ഡോക്ടറെപ്പോലെ പെരുമാറേണ്ടവരാണ് കൃഷി ഓഫീസർമാർ. നമുക്കൊക്കെ അസുഖം വന്നാൽ നേരിട്ട് ഡോക്ടർമാരുടെ അടുത്തേയ്ക്ക് പോകും. പക്ഷിമൃഗാദികൾക്ക് അസുഖം വന്നാൽ ചിലപ്പോൾ ഡോക്ടറുടെ അടുത്തേയ്ക്ക് കൊണ്ടുപോകാം. അല്ലെങ്കിൽ അപൂർവ്വമായി അവർ വീട്ടിലേയ്ക്ക് വരും. പക്ഷേ വിളകൾക്ക് രോഗമുണ്ടായാലോ? വിളകൾക്ക് രോഗമുണ്ടായാൽ അതിനെ ഒരിക്കലും ഡോക്ടറെ കൊണ്ടുപോയി കാണിക്കാൻ, അല്ലെങ്കിൽ കൃഷിയുടെ ഡോക്ടറെന്ന് കരുതുന്ന, കണക്കാക്കേണ്ട കൃഷി ഓഫീസറെ കാണിക്കാൻ പറ്റില്ല. ഇവർ നേരിട്ട് വന്നുനോക്കി മനസ്സിലാക്കിയാൽ മാത്രമേ മതിയാകുകയുള്ളൂ. അങ്ങനെ ചെയ്യേണ്ട ഉദ്യോഗസ്ഥർ കൂടുതൽനേരം ഓഫീസിൽ തളച്ചിടപ്പെടുന്നത് ശരിയല്ല എന്നതുകൊണ്ടാണ് ഒരു സ്മാർട്ട് കൃഷി ഭവൻ എന്നതിനെ കുറിച്ച് സംസ്ഥാന ബഡ്ജറ്റിലും ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലുമെല്ലാം ചൂണ്ടിക്കാണിച്ചത്. ആ സ്മാർട്ട് കൃഷി ഭവൻ ഇക്കൊല്ലം യാഥാർത്ഥ്യമായിത്തീരുമെന്ന് അങ്ങേയറ്റത്തെ അഭിമാനത്തോടുകൂടി സഭയുടെ മുമ്പാകെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കൃഷി ഭവന്റെ അടിസ്ഥാനത്തിൽ അവിടെയൊരു കാൾ സെന്ററുണ്ടാകും. സാങ്കേതികവിദ്യയെ പരമാവധി പ്രയോജനപ്പെടുത്തും. ഹൈപ്രൊഫൈൽ ട്രെയിനിംഗ് ഇതിന്റെ ഭാഗമായി നടപ്പിലാക്കും. കൃഷി ഭവൻ അടിസ്ഥാനത്തിൽ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ ആവശ്യമായ പദ്ധതികൾ അവിടങ്ങളിൽ തയ്യാറാക്കും. AIMS പോർട്ടലിൽ എല്ലാവരേയും ചേർക്കും. നടീൽ വസ്തുക്കളുടെ കാര്യത്തിൽ ഉൾപ്പെടെ ഓൺലൈൻ അവെയ്‌ലബിലിറ്റി ഉണ്ടാകും. അഗ്രോ സർവ്വീസ് സെന്റർ കേരളത്തിൽ യാഥാർത്ഥ്യമായ ഒന്നാണ്. അതിന്റെ കർമ്മസേനയും ക്ലസ്റ്ററുകളുമുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളെല്ലാം ചേർന്നുകൊണ്ട് കർഷകർക്ക് എല്ലാ സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കും. Modernisation എന്ന് വ്യാപകമായി പ്രയോഗിക്കപ്പെടുന്നത് ഉദ്യോഗസ്ഥർക്കായുള്ള Modernisation എന്നുള്ളതല്ല, കർഷകർക്കായി അതിനെ പ്രയോജനപ്പെടുന്ന തരത്തിൽ അതെല്ലാം നടപ്പിലാക്കും. ഏത് കാര്യങ്ങളും എസ്.എം.എസ്.-ലൂടെ എല്ലാ കർഷകരിലേയ്ക്കും എത്തിക്കാൻ പാകത്തിൽ, വിവരങ്ങളെല്ലാം യഥാർത്ഥ കർഷകരിലേയ്ക്ക് സമയാസമയങ്ങളിൽ എത്തിക്കാനുള്ള സംവിധാനമെല്ലാം അവിടെയുണ്ടാകും. ഓരോ കർഷകനും ഒരു യുണീക് ഐ.ഡി. ഇതിന്റെ ഭാഗമായി കൊടുക്കാൻ ആലോചിക്കുകയാണ്. എ.ടി.എം. കാർഡുപോലെ ഒരു സ്മാർട്ട് കാർഡ് ഇതിന്റെ ഭാഗമായി കർഷകർക്ക് നൽകും. ഓരോ തവണയും AIMS-ൽ രജിസ്റ്റർ ചെയ്യണോ; ആധാർ കാർഡും അപേക്ഷകളും കരമടച്ച രസീതുകളെല്ലാം ഓരോ തവണയും കൊണ്ടുപോകേണ്ട ആവശ്യമുണ്ടോ തുടങ്ങി പരാതികൾ ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെയൊന്നും ഒരാവശ്യവും ഉണ്ടാവുകയില്ല. അത്തരം വിഷയങ്ങളിലേയ്ക്ക് കടക്കരുതെന്ന കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരിക്കൽമാത്രം അതെല്ലാം രേഖപ്പെടുത്തിയാൽ മതി. പക്ഷേ ഓരോ തവണത്തെയും വിളവിന്റെയും കൃഷിയുടെയും കാര്യങ്ങൾ തുടങ്ങിയവ അവർ ബന്ധപ്പെട്ട ഇടങ്ങളിൽ സൂചിപ്പിക്കേണ്ടത്, അല്ലെങ്കിൽ കൃഷി ഭവനിൽ അറിയിക്കുകയും രേഖപ്പെടുത്തുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. അത് കുറേക്കൂടി എളുപ്പമാകുന്ന തരത്തിലേയ്ക്കാണ് കൊണ്ടുവരാൻ പോകുന്നത്. പ്രദേശികമായ പ്ലാനിംഗുണ്ടാകും. പാടത്തുനിന്ന് പ്ലാനിംഗ് തുടങ്ങുമെന്ന് ഉറപ്പാക്കുകയാണ്. അങ്ങനെ മാത്രമായിരിക്കും കാർഷിക മേഖലയെ മുമ്പോട്ട് കൊണ്ടുവരാൻ കഴിയുക.

ഇവിടെ പലരും കാലാവസ്ഥാ വ്യതിയാനത്തെ കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവുമെല്ലാം ഇന്നൊരു റിയാലിറ്റിയാണ്. ഇതൊരു myth ആണെന്നുപറഞ്ഞ് അവതരിപ്പിക്കുന്ന ആളുകളുണ്ടായിരുന്നു. അതിനുവേണ്ടി ലോകത്തെ വമ്പൻ രാജ്യങ്ങൾപോലും ഒരുപാട് പണം മുടക്കുന്ന നിലയിലേയ്ക്കെത്തി. ഇതൊരു യാഥാർത്ഥ്യമാണെന്ന് ഇന്ന് എല്ലാവർക്കുമറിയാം. അമേരിക്കയിൽ രണ്ട് കാറ്റടിച്ചപ്പോൾ അവയ്ക്ക് കത്രീന, റീത്ത എന്നുള്ള പേര് കേട്ടപ്പോൾ നമ്മൾ ചിരിക്കുകയായിരുന്നു. ഇവിടെ ഓഖി വന്നണഞ്ഞപ്പോൾ അതിന്റെ ദുരന്തം നമ്മൾ കണ്ടു. ഇപ്പോൾ ടൗട്ടെ. ഇവയെല്ലാം

എത്ര വലിയ പ്രയാസങ്ങളാണ് കേരളത്തിന്റെ കാർഷിക മേഖലയ്ക്കെല്ലാം ഉണ്ടാക്കിയത്. ഇൻഷ്വറൻസ് കമ്പനികൾ ആശങ്കയോടുകൂടി കാണുന്നത് ഭീകരാക്രമണത്തെയല്ല, കാലാവസ്ഥാ വ്യതിയാനത്തെയും ആഗോള താപനത്തെയുമാണ്. നമ്മുടെ കാർഷിക മേഖലയെ ഇതെങ്ങനെയാണ് ബാധിക്കുക? നേരത്തെ സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ കാർഷിക മേഖലയേയും ഭൂപ്രകൃതിയേയും കാലാവസ്ഥയേയും മണ്ണിന്റെ ഘടനയേയുമൊക്കെ അടിസ്ഥാനപ്പെടുത്തി 5 അഗ്രോ ഇക്കോളജിക്കൽ സോണുകളാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

4.00 PM]

ഈ അഞ്ച് അഗ്രോ ഇക്കോളജിക്കൽ സോണുകളിൽ 23 യൂണിറ്റുകളായി അതുമാറും. കാലാവസ്ഥാ വ്യതിയാനംപോലെയുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന തരത്തിൽ കാർഷിക കർമ്മസേന പോലെ പ്രത്യേക ടാസ്ക് ഫോഴ്സുകൾ ഇതുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെടും. ഇവിടെ ഈ രംഗത്ത് കൃത്യമായി പരിശോധിച്ച് അടിയന്തര ഇടപെടൽ നടത്താൻ പാകത്തിലുള്ള മോണിറ്ററിംഗ് ആൻഡ് പ്രെഡിക്ഷൻ മെഷേഴ്സ്, മിറ്റിഗേറ്റീവ് മെഷേഴ്സ്, അഡാപ്റ്റീവ് മെഷേഴ്സ് തുടങ്ങിയ സംവിധാനങ്ങൾ ഇതുമായി ബന്ധപ്പെട്ടുണ്ടാക്കാനാണ് ആലോചിക്കുന്നത്. ഓർഗാനിക് ഫാമിംഗിനെക്കുറിച്ച് ഏറെ ചർച്ചചെയ്യുന്ന കാലമാണിത്. വിഷം കലരാത്ത ഭക്ഷണം കഴിക്കുകയെന്നുള്ളത് നമ്മുടെ അവകാശമാണെന്ന് മലയാളി ഗൗരവത്തോടുകൂടി ചിന്തിച്ചേ മതിയാകൂ. ജീവിതശൈലീ രോഗങ്ങൾ കൂടിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ അത് അത്യന്താപേക്ഷിതവുമാണ്. അതുകൊണ്ട് പ്രകൃതി സൗഹൃദ കൃഷിയിലേയ്ക്ക് ഗൗരവതരമായ ഇടപെടൽ ഉണ്ടാകണമെന്നും വിഷം കഴിക്കാൻ മനസ്സില്ലെന്നും വിഷഭക്ഷണത്തിന്റെ മുന്നിൽ മുട്ടുമടക്കാൻ മനസ്സില്ലെന്നും മലയാളി പ്രഖ്യാപിച്ചാൽ നമുക്ക് മാറ്റങ്ങളുണ്ടാക്കാം. പ്രഖ്യാപനത്തിൽ ഒതുങ്ങുക മാത്രമല്ല മണ്ണിലേയ്ക്ക് ഇറങ്ങേണ്ടത് അത്യന്താപേക്ഷിതവുമാണ് അത്തരമൊരു പ്രകൃതികൃഷിക്ക് വലിയ തുടക്കംകുറിച്ചത് ഐക്യകേരളത്തിന്റെ രൂപീകരണശേഷമുണ്ടായ 1957-ലെ ഒന്നാമത്തെ ഇ.എം.എസ്. ഗവൺമെന്റാണ്. കേരളംകണ്ട ആദ്യത്തെയും ഏറ്റവും കൂടുതൽ ജനപങ്കാളിത്തമുണ്ടായതും ജനകീയ പദ്ധതിക്ക് തുടക്കംകുറിച്ചതുമായ പദ്ധതിയായിരുന്നു അത്.

രാസവളത്തിന് ക്ഷാമമുണ്ടായപ്പോൾ, gliricidia എന്ന ശീമക്കൊന്ന നാട് മുഴവനും നട്ടുപിടിപ്പിക്കാൻ തീരുമാനിച്ചു. ആയിരക്കണക്കിനാളുകളെ രംഗത്തേക്കിറക്കി നടത്തിയ വലിയ പരിപാടിയായിരുന്നു അത്. അരി ദൗർലഭ്യവും രാസവളത്തിന്റെ പ്രശ്നവും രൂക്ഷമായിരുന്ന അവസരത്തിലാണ് അത്തരമൊരു വലിയ ജനകീയ പരിപാടി കൊണ്ടുവന്നത്. ശീമക്കൊന്നയ്ക്കുള്ള വലിയൊരു ഗുണം മനസ്സിലാക്കിയാണ് രാസവളത്തിന്റെ പോരായ്മ പരിഹരിക്കാനായി 1957-ലെ ഗവൺമെന്റ് മുന്നിട്ടിറങ്ങിയത്. അന്നത്തെ മുഖ്യമന്ത്രി

സഖാവ് ഇ.എം.എസ്. തന്നെ നേരിട്ടിറങ്ങി അതൊക്കെ നട്ടുവന്നപ്പോൾ കേരളം മുഴുവൻ ആ പദ്ധതിയുടെ പിന്നാലെ അണിനിരക്കുന്ന കാഴ്ചയുണ്ടായി. നമ്മുടെ മുൻപിൽ ഇന്ന് വീണ്ടും കീടനാശിനിയുടെ പേരിൽ, ഭക്ഷണത്തിൽ ഇത് കലർന്നിരിക്കുന്നുവെന്നതിന്റെ പേരിൽ വലിയ പ്രശ്നങ്ങൾ ഉണ്ടാകുന്നിടത്ത് ഓർഗാനിക് ഫാമിംഗിന്റെ കാര്യത്തിൽ ഗൗരവതരമായ ഇടപെടൽ ഉണ്ടാകേണ്ടത് നമ്മുടെ ആരോഗ്യത്തിന് പ്രധാനമാണ്. അതുകൊണ്ട് തീർച്ചയായും ഓർഗാനിക് ഫാമിംഗ് മിഷൻ കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഉണ്ടാകുമെന്ന് ഞാൻ പറയുകയാണ്. ഇവിടെ ആദരണീയനായ പി. ജെ. ജോസഫ് മണ്ണിന്റെ കെമിസ്ട്രിയെക്കുറിച്ച് പറഞ്ഞു, മണ്ണിന്റെ ഫിസിക്സിനെക്കുറിച്ചും പറയാറുണ്ട്, പക്ഷെ മണ്ണിന്റെ ബയോളജിയെക്കുറിച്ച് ആരും ശ്രദ്ധിക്കുന്നതേയില്ല. മണ്ണിന്റെ ഫിസിക്സും കെമിസ്ട്രിയും മാത്രം പറഞ്ഞുപോയാൽ പോരാ, മണ്ണിന്റെ ബയോളജികൂടി പരിശോധിച്ചില്ലെങ്കിൽ അതുകൂടി പരിഗണിക്കപ്പെടുന്നില്ലെങ്കിൽ വല്ലാത്ത ദുരന്തത്തിലേയ്ക്ക് നാട് പോകേണ്ടിവരും.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, കാലാവസ്ഥാ വ്യതിയാനം പോലെയുള്ള പല കാരണങ്ങൾകൊണ്ട് വിളനാശം ഉണ്ടാകാറുണ്ട്. ആ സമയത്ത് കൃഷി ഓഫീസർ വന്ന് വിളകളുടെ വില നിർണ്ണയിക്കുകയും നഷ്ടപരിഹാരം വിലയിരുത്തുകയും ചെയ്യും. പക്ഷെ പലപ്പോഴും വളരെ തുച്ഛമായ നഷ്ടപരിഹാരമാണ് കൊടുക്കുന്നത്. കാലാവസ്ഥാ വ്യതിയാനം അനുസരിച്ച് നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിനോ സമയബന്ധിതമായി നഷ്ടപരിഹാരം കൊടുക്കുന്നതിനോ ഉള്ള ഒരു സാഹചര്യം കാലാകാലങ്ങളായിവരുന്ന ഗവൺമെന്റുകൾ ചെയ്യുന്നില്ല. അത് പലപ്പോഴും സഭയിൽ ഞങ്ങൾ അവതരിപ്പിക്കാറുള്ളതാണ്. തുച്ഛമായ നഷ്ട പരിഹാരമാണെങ്കിലും അത് സമയബന്ധിതമായി കൊടുക്കാനുള്ള സമീപനം സ്വീകരിക്കാൻ സാധിക്കുമെങ്കിൽ കർഷകരെ സംബന്ധിച്ചിടത്തോളം അത് വലിയൊരു ആശ്വാസമായിരിക്കും.

<u>ശ്രീ. പി. പ്രസാദ്</u>: സർ, തീർച്ചയായും സമയബന്ധിതമായിത്തന്നെ നഷ്ടപരിഹാരം നൽകും. 2021 മേയ് മാസം വരെ നൽകാനുള്ള മുഴുവൻ തുകയും കൊടുത്തുതീർക്കാനുള്ള എല്ലാ ഏർപ്പാടുകളും ഉണ്ടാക്കിയിട്ടുണ്ട്. ഒരു കാര്യത്തിലും ഒരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല. കർഷകരെ സഹായിക്കുന്ന കാര്യത്തിൽ അൽപ്പംപോലും അലംഭാവം കാട്ടുകയില്ല. കൃഷിയുമായി ബന്ധപ്പെട്ട ഇത്തരം കാര്യങ്ങളെല്ലാം കൃത്യമായി ചെയ്യും. ഞാൻ പറഞ്ഞുവന്ന ഓർഗാനിക് ഫാമിംഗിനെക്കുറിച്ച് ഇനി വിശദീകരിക്കുന്നില്ല. ഇതെല്ലാം സമയബന്ധിതമായി നടപ്പിലാക്കാനാണ് സർക്കാർ ആലോചിക്കുന്നത്, അത് നടപ്പിലാക്കുകതന്നെ ചെയ്യും. ഇന്ന് ലോകമെമ്പാടും ആദിവാസി ദിനമായി ആചരിക്കുകയാണ്. അട്ടപ്പാടിയിൽ 530 ഹെക്ടറിലാണ് മില്ലെറ്റ് പ്ലാന്റ് ചെയ്തത്, ഈ സെപ്റ്റംബർ മാസത്തിൽ അതിന്റെ വിളവെടുപ്പാണ്. ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി, കേരള ഗവൺമെന്റ്

ആഗസ്റ്റ് 9 മുതൽ 15 വരെയുള്ള ഒരാഴ്ച അവരുടെ ആരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പരിപാടികൾ നടപ്പിലാക്കുകയാണ്. അട്ടപ്പാടിയിൽ കൃഷി വകുപ്പ് മുൻകയ്യെടുത്ത് ഈ ഡിസംബർ മാസത്തിൽ ഒരു ചെറു ധാന്യ സംസ്കരണ ഫാക്ടറി യാഥാർത്ഥ്യമാക്കുമെന്ന കാര്യം സഭയെ അറിയിക്കാൻ അങ്ങേയറ്റത്തെ സന്തോഷമുണ്ട്. ജലസേചന വകുപ്പാണ് അതിനുവേണ്ടി ആവശ്യമായ കെട്ടിടവും സ്ഥലവുമെല്ലാം തൽക്കാലത്തേക്കെങ്കിലും കൃഷി വകുപ്പിന് കൈമാറിയിരിക്കുന്നത്, അതുകൊണ്ട് ഡിസംബർ മാസത്തിൽത്തന്നെ യാഥാർത്ഥ്യമായിത്തീരും. അവിടെ 171 ലക്ഷം രൂപ മുടക്കി ഒരു ഇൻകുബേഷൻ സെന്റർകൂടി സ്ഥാപിക്കുന്നതാണെന്ന കാര്യംകൂടി അറിയിക്കുന്നു. ഈ വർഷംതന്നെ പുട്ടുപൊടിയും റാഗി മാൾട്ടും എനർജി ഡ്രിങ്കുമെല്ലാം അവിടെനിന്നും ഉൽപ്പാദിപ്പിച്ച് വിപണനം നടത്താൻ കഴിയുന്ന തരത്തിലേയ്ക്ക് നീക്കം നടക്കുന്നു.

കാർഷികമേഖലയെ ബന്ധപ്പെടുത്തി ധാരാളം നിർദ്ദേശങ്ങൾ വന്നു. സ്വീകര്യമായവ ഉൾക്കൊണ്ട് മുന്നോട്ടുപോകും. ബഡ്ജറ്റിലും ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതിലുമെല്ലാം പ്രതീക്ഷയുണ്ടെന്ന് ഡോ. മാത്യു കുഴൽനാടൻ പറഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്. ആ പ്രതീക്ഷ പൂവണിയുകതന്നെ ചെയ്യും, അതിനായാണ് ഈ ധനാഭ്യർത്ഥന സഭയുടെ മുന്നിൽ വന്നിട്ടുള്ളത്. ഒരു സംശയവും അക്കാര്യങ്ങളിലൊന്നും വേണ്ട. ഡീസന്റ് ഇൻകം വിത്ത് ഡിഗ്നിറ്റി ആണ് കർഷകർ ആഗ്രഹിക്കുന്നതെന്ന് ഇവിടെ സൂചിപ്പിച്ചു. കേരളത്തിന്റെ മുഖ്യമന്ത്രിയടക്കം നിരവധി അവസരങ്ങളിൽ പറഞ്ഞ കാര്യമാണിത്. കേരളത്തിലെ കർഷകരുടെ വരുമാനത്തിൽ 50 ശതമാനമെങ്കിലും വർദ്ധനവുണ്ടാക്കുകയെന്നതാണ് സർക്കാർ നയം. കൃഷിക്കാരന് കൃഷികൊണ്ട് അന്തസ്സാർന്ന ജീവിതം നയിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ അവർ കാർഷിക മേഖലയിൽ നിലനിൽക്കുകയുള്ളൂ. കൃഷിക്കാരനില്ലെങ്കിൽ നമ്മുടെ ജീവിതം എങ്ങനെയാണ്? ലോകത്ത് ഇത്തരത്തിൽ എല്ലാ ദിവസവും നമുക്ക് ആശ്രയിക്കേണ്ടി വരുന്ന വേറൊരു വിഭാഗവും ഇല്ലെന്നത് ഓർത്താൽ മനസ്സിലാക്കാൻ കഴിയാവുന്നതേയുള്ളൂ. എല്ലാ ദിവസവും ഒരാൾക്ക് ആശ്രയിക്കേണ്ടി വരുന്നത് ഭക്ഷണത്തെയാണ്, ആ ഭക്ഷണം ഒരു ഫാക്ടറിയിലും ഉണ്ടാകുന്നതേയല്ല. ഭക്ഷണം ഉണ്ടാകുന്നതെല്ലാം ഈ മണ്ണിലാണ്, അതുണ്ടാക്കുന്നത് കർഷകനും കർഷകത്തൊഴിലാളിയും ചേർന്നാണ്, അതാണ് കൃഷി. ആ കർഷകനോടും കർഷകത്തൊഴിലാളിയോടും ഈ സർക്കാരിന് മുന്തിയ പരിഗണന തന്നെയായിരിക്കും ഉണ്ടാകുകയെന്ന് ആവർത്തിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതിൽനിന്നും അല്പംപോലും പുറകിലേയ്ക്ക് പോകുകയില്ല. കൃഷിഭൂമി കർഷകർക്കെന്ന് മുദ്രാവാക്യം മുഴങ്ങിയ നമ്മുടെ നാട്ടിൽ കൃഷിഭൂമി കോർപ്പറേറ്റുകൾക്ക് തീറെഴുതി കൊടുക്കുന്നതിന്റെ ഭാഗമായാണ് ഡൽഹിയിൽ സമരം നടന്നത്. ഈ ആഗോളവൽക്കരണത്തിന്റെ രീതികൾക്കെതിരായി ശക്തമായ നിലപാടാണ് സഭയും സ്വീകരിച്ചത്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങളിൽ പലരും ഗാട്ട് കരാർ വന്നതുമൂലം ഉണ്ടായ പ്രശ്നങ്ങളെക്കുറിച്ച് ചൂണ്ടിക്കാണിച്ചു. ഗാട്ടുകാരൻ നാളെയുടെ പാട്ടുകാരനായിത്തീരുമെന്ന് ഇടതുപക്ഷം

പറഞ്ഞപ്പോൾ ആക്ഷേപ ശരങ്ങളായിരുന്ന പലയിടങ്ങളിൽനിന്നും വന്നത്. സമസ്തമേഖലകളും തകർന്നതിന്റെ ഏറ്റവും പ്രധാന കാരണം ഇതെല്ലാമായിരുന്നുവെന്ന് കാൽ നൂറ്റാണ്ടുകൾ പിന്നിടുമ്പോൾ നാമിന്ന് വേദനയോടുകൂടി അനുഭവിച്ചറിയുകയാണ്.

വൈവിദ്ധ്യങ്ങളായ മേഖലകളിൽ ശ്രദ്ധ ചെലുത്തേണ്ടതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചു. ആദരണീയനായ തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പുമന്ത്രി വൈൻ ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. കൃഷിയുമായി ബന്ധപ്പെട്ട ചില കർഷക സംഘടനകൾപോലും അത്തരം ചില നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. കശുമാങ്ങ, ജാതിത്തോട്, കാന്താരി, വെറ്റില തുടങ്ങിയവയിൽ നിന്നൊക്കെ വൈൻ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ മുൻപാകെയുണ്ട്. കർഷകർക്ക് ഗുണകരമാകുന്ന തരത്തിൽ അത്തരം കാര്യങ്ങളിൽ അനുഭാവപൂർണ്ണമായ നിലപാട് സ്വീകരിക്കുന്നതിൽ സർക്കാരിന് യാതൊരു മടിയുമില്ല. വ്യത്യസ്ത വശങ്ങളെക്കുറിച്ചും വിവിധ രംഗങ്ങളെക്കുറിച്ചും ആലോചിക്കേണ്ടതുണ്ട്, അതിനുശേഷം സമൂഹത്തിന് ഗുണകരമാകുന്ന തരത്തിലാണെങ്കിൽ ആ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് മടിയുണ്ടാകുകയില്ല. സംഭരണത്തിന്റേയും സംസ്കരണത്തിന്റേയും വിപണനത്തിന്റേയും കാര്യത്തിലാണ് കാർഷിക മേഖലയിൽ ഗൗരവതരമായ ഇടപെടൽ ഇപ്പോൾ ആവശ്യമായി വരുന്നത്. അത്തരം ഇടപെടലുകളുണ്ടാകും. കഴിഞ്ഞ അഞ്ചുവർഷം നമ്മുടെ മുന്നിൽ ഏറ്റവും കൂടുതലുണ്ടായിരുന്നത് ഉൽപ്പാദനം സംബന്ധിച്ച കാര്യങ്ങളായിരുന്നു. ഇപ്പോൾ ഏറ്റവും പ്രധാനം അതിന്റെ സംഭരണം, സംസ്കരണം, വിപണനം എന്നിവയിലാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, അങ്ങ് സംഭരണത്തെക്കുറിച്ചാണ് പറയുന്നത്. മഴ വരാനിരിക്കുകയാണ്, നെല്ല് സംഭരണ നടപടികൾ ഇതുവരെ എങ്ങുമെത്തിയിട്ടില്ല. ഇനി കൊയ്തെടുത്തശേഷവും സംഭരണ നടപടികൾ വൈകിയാൽ കൊയ്തെടുത്ത നെല്ല് മുഴുവൻ മുളച്ചുപൊന്തുന്നത് കർഷകർക്ക് കാണേണ്ടിവരും, അവർക്ക് വലിയ പ്രയാസമുണ്ടാകും. രണ്ടാമത്തെ കാര്യം കയറ്റുകൂലിയെ സംബന്ധിച്ച് സർക്കാർ ഉത്തരവിലും കോടതിവിധിയിലുമെല്ലാം പറയുന്നത് കർഷകന്റെ പാടത്തുനിന്നും സംഭരിക്കുന്ന നെല്ലിന്റെ കയറ്റുകൂലി ഉൾപ്പെടെയുള്ള മുഴുവൻ ചെലവുകളും സർക്കാർ വഹിക്കുമെന്നാണ്. ഒരു ചാക്കിന് ആറ് രൂപയാണ് ഇപ്പോൾ സർക്കാർ വഹിക്കുന്നത്. പക്ഷെ ഒരു ചാക്ക് നെല്ല് കയറ്റാൻ 22-23 രൂപ വരെ കൊടുക്കേണ്ടിവരുന്നുണ്ട്. ചുമട്ടുതൊഴിലാളികളും ജോലിക്ക് പ്രയാസം നേരിടുന്ന സമയമാണ്. യൂറിയയുടെ ക്ഷാമവും പല തലത്തിൽനിന്നും അനുഭവപ്പെടുന്നുണ്ട്. നെൽകർഷകരുടെ കാര്യത്തിൽ അടിയന്തരമായ ഇടപെടലുകൾ നടത്തി, സംഭരണം പെട്ടെന്ന് നടത്താൻ ഇപ്പോൾത്തന്നെ മില്ലുടമകളുമായി ചർച്ച നടത്തി, കൊയ്ത്ത് ആരംഭിക്കുന്നതിനുമുൻപുതന്നെ തീരുമാനങ്ങളെടുക്കാനും കയറ്റുകൂലി പൂർണ്ണമായും സർക്കാർ വഹിക്കുന്നുവെന്ന് ഉറപ്പുവരുത്താനും അങ്ങയുടെ ഭാഗത്തുനിന്നും ഇടപെടലുകളുണ്ടാകണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങയുടെ സമയം ഇതിനകം തന്നെ 10 മിനിറ്റോളം അധികരിച്ചു, ആദ്യമായതുകൊണ്ടാണ് ഇടപെടാത്തത്, കൂടുതൽ വഴങ്ങാതിരിക്കുന്നതായിരിക്കും നല്ലത്.

ശ്രീ. പി. പ്രസാദ്: സർ, ഞാൻ ഇനി വഴങ്ങുന്നില്ല. ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ ചൂണ്ടിക്കാണിച്ചതുപോലെ നെല്ലിന്റെ സംഭരണം എല്ലായ്പ്പോഴും ഉയർന്നുവരാറുള്ള ഒരു പ്രശ്നം തന്നെയാണ്. ഫലപ്രദമായ ഇടപെടലാണ് കഴിഞ്ഞ സർക്കാർ നടത്തിയിട്ടുള്ളത്. മില്ലുകാർ സംഭരണവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ടാക്കിയ അവസരങ്ങളിലെല്ലാം മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ നേരിട്ടിടപെട്ടാണ് ആ പ്രശ്നങ്ങളെല്ലാം പരിഹരിച്ചത്. കഴിഞ്ഞ സംഭരണവുമായി ബന്ധപ്പെട്ട് അപൂർവ്വമായി ചിലയിടങ്ങളിലുണ്ടായ പ്രശ്നങ്ങൾ ഇപ്പോൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതെല്ലാം വേഗത്തിൽ പരിഹരിക്കും. ഭാവിയിൽ സംഭരണത്തിന്റെ കാര്യത്തിൽ പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ പാകത്തിലുള്ള ഇടപെടലുകൾ ആരംഭിച്ചിട്ടുണ്ട്, അത് ഫലപ്രദമായി നടപ്പിലാക്കും. നമുക്ക് ഇവിടെ അധികം സംഭരണ കേന്ദ്രങ്ങൾ/മില്ലുകൾ ഇല്ലാത്ത പ്രശ്നമുണ്ട്. സഹകരണ വകുപ്പ് മുൻകയ്യെടുത്ത് കൂടുതൽ മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ട് എല്ലാമായില്ലെങ്കിൽപ്പോലും കർഷകരെ സഹായിക്കാൻ കഴിയുന്ന എല്ലാ നിലപാടുകളും സ്വീകരിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

അടുത്ത അഞ്ചുവർഷം അതായത്, ഈ ഗവൺമെന്റിന്റെ കാലയളവിൽ വിപണിയിൽ ശ്രദ്ധയൂന്നിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും. മൂല്യാധിഷ്ഠിത-മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ഉണ്ടാകും. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്.പി.ഒ.) മുഖ്യമന്ത്രിയുടെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി 25 എണ്ണം നടപ്പിലാക്കാനാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഈ സാമ്പത്തിക വർഷം 100-ലധികം എഫ്.പി.ഒ.-കൾ കേരളത്തിൽ യാഥാർത്ഥ്യമാകുമെന്ന് സഭ മുൻപാകെ പറയാൻ ആഗ്രഹിക്കുകയാണ്. ഈ എഫ്.പി.ഒ.-കൾ യാഥാർത്ഥ്യമാകുന്നതോടെ കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിന് വിദേശ മാർക്കറ്റുകളെപോലും ലക്ഷ്യംവച്ച് മുന്നോട്ടുപോകുന്നതിന് എളുപ്പത്തിൽ കഴിയും. കർഷകർക്ക് വിപണി അധിഷ്ഠിതമായ സഹായം നൽകും. കൂടുതൽ സംഭരണശാലകളും കോൾഡ് സ്റ്റോറേജുകളും പ്രവർത്തിപ്പിക്കും. പതിനാറ് ഇനം പച്ചക്കറികളുടെ വിലയുടെ കാര്യങ്ങളെല്ലാം ചർച്ചയിൽ സൂചിപ്പിക്കുകയുണ്ടായി, പച്ചക്കറിക്ക് തറവില നിശ്ചയിച്ച് സംഭരണം നടത്തുന്നത് ഇന്ത്യയിൽത്തന്നെ ആദ്യമാണ്. പല സംസ്ഥാനങ്ങളും കേരളത്തിൽ വന്ന് ഈ മാതൃക പഠിക്കാൻ ശ്രമിക്കുകയാണെന്നുകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. നമ്മുടെ കേരളം ഇത്തരം

കാര്യങ്ങളിലെല്ലാം വലിയ മാതൃകയാണ്. വിളകളുടെ വിലനിലവാരത്തെക്കുറിച്ച് അംഗങ്ങളെല്ലാം സംസാരിച്ചു, ശ്രീ. സജീവ് ജോസഫ് ഇവിടെ ധാരാളം കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. റബ്ബറിന്റെ വില 150 രൂപയിൽനിന്നും 170 രൂപയാക്കി ഉയർത്തിയ കാര്യം അറിയാതെ പോയത് ശരിയായില്ലെന്നേ പറയാനുള്ളൂ. ഇത്തരത്തിൽ വില വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റിന്റെ കാലത്താണ്. വില 200 രൂപയാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. എൽ.ഡി.എഫ്. പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങളെല്ലാം അഞ്ചുവർഷംകൊണ്ട് നടപ്പിലാക്കുകതന്നെ ചെയ്യും. പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഒന്നാം പിണറായി സർക്കാർ കേരളത്തിനുമാത്രമല്ല, ഇന്ത്യയ്ക്കും ലോകത്തിനുംതന്നെ മാതൃകയായ കാര്യം ഞാൻ നിങ്ങളുടെ മുമ്പിൽ ഇനിയും വിവരിക്കുന്നില്ല.

നെൽകൃഷിക്കാരെല്ലാം പ്രതിസന്ധിയിലാണെന്ന് പറഞ്ഞു, നെൽകൃഷിക്ക് ഈ പറഞ്ഞ തരത്തിൽ യാതൊരു പ്രതിസന്ധിയുമില്ലെന്നും ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിലനൽകി നെല്ലെടുക്കുന്നത് കേരളത്തിലാണെന്നും നിങ്ങൾ ഓർക്കണം. നെല്ല് സംഭരണത്തിന് കേന്ദ്രം നിശ്ചയിച്ചിരിക്കുന്ന വില 18.68 രൂപയാണ്. എന്നാൽ നമ്മൾ കർഷകരിൽനിന്നും നെല്ല് സംഭരിച്ചത് 27.48 രൂപയ്ക്കാണ്, ഇപ്പോൾ അത് 28 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. ഇതേസമയം മഹാരാഷ്ട്ര 25.68 രൂപയ്ക്കും പഞ്ചാബ് 19.40 രൂപയ്ക്കും കർണാടക 18.68 രൂപയ്ക്കുമാണ് നെല്ല് സംഭരിക്കുന്നതെന്നുകൂടി മനസ്സിലാക്കുമ്പോഴാണ് കേരളം മറ്റുള്ള സംസ്ഥാനങ്ങളെയെല്ലാം അപേക്ഷിച്ച് ഗൗരവതരമായ ഇടപെടൽ നടത്തുന്നുണ്ടെന്ന് നമുക്ക് ബോദ്ധ്യപ്പെടുന്നത്. ഇതാണ് യാഥാർത്ഥ്യമെന്നുള്ളത് വിസ്മരിക്കരുതെന്നേ പറയാനുള്ളൂ. പച്ചക്കറികളിൽ 16 ഇനത്തിന് തറവില നിശ്ചയിച്ചെങ്കിലും പലയിടങ്ങളിലും സംഭരണം നടക്കുന്നില്ലെന്ന് പറഞ്ഞു, 'സഹകരണ വകുപ്പിന്റെ അപേക്ഷ കൃഷി വകുപ്പ് മുളയിലേ നുള്ളിക്കളഞ്ഞു' - ഇത് ഒരു പത്രവാർത്തയിലെ വാചകമാണ്, ഞാനും അങ്ങയെപ്പോലെ ആ വാർത്ത വായിച്ചതാണ്. എന്നാൽ അങ്ങനെയൊരു കാര്യം നടന്നിട്ടില്ല. അന്നത്തെ സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്നത് 550 സംഭരണ കേന്ദ്രങ്ങളെക്കുറിച്ചാണ്. പഴം, പച്ചക്കറി തുടങ്ങിയവയിൽ പതിനാറ് ഇനങ്ങൾക്ക് സംഭരണവില നിശ്ചയിച്ച അവസരത്തിൽ 250 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, 250 VFPCK-കൾ, കൃഷി വകുപ്പും അതിന്റെ ഇക്കോ ഷോപ്പുകളും ക്ലസ്റ്ററുകളും ഉൾപ്പെടെ 50 എന്ന രീതിയിൽ 550 സംഭരണ കേന്ദ്രങ്ങളിലായാണ് സംഭരണം നിശ്ചയിച്ചിരുന്നത്. 250 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലൂടെയുള്ള സംഭരണത്തിന് കൃഷി വകുപ്പിന്റെ ഒരനുവാദത്തിന്റെയും ആവശ്യമില്ല. കൃഷി വകുപ്പ് മുളയിലേ നുള്ളണമെങ്കിൽ അപേക്ഷ ലഭിക്കണം, എന്നാൽ വകുപ്പിലേയ്ക്ക് അപേക്ഷ വരുന്നതേയില്ല. ഈ വാർത്ത പത്രത്തിൽകൊടുത്ത ലേഖകനെ ഞാൻ വിളിച്ചുചോദിച്ചപ്പോൾ അദ്ദേഹത്തിനും മറുപടി ഇല്ലായിരുന്നു. യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടാത്ത അത്തരം കാര്യങ്ങൾ ശരിയാണെന്നുകരുതി ഇതുപോലൊരു സഭയിൽ ഉന്നയിക്കാൻ ശ്രമിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

നാട്ടിൽ നടക്കുന്ന കർഷക ആത്മഹത്യകളെക്കുറിച്ച് പറഞ്ഞു, അതിനുള്ള മറുപടി നേരത്തെതന്നെ ഇവിടെ വന്നതാണ്, ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. കാർഷിക കടാശ്വാസ കമ്മീഷൻ നിലവിലില്ലെന്ന രൂപത്തിൽ സംസാരിക്കുന്നുണ്ടായിരുന്നു, എന്നാൽ കാർഷിക കടാശ്വാസ കമ്മീഷൻ നിലവിലുണ്ടെന്നും കർഷകർക്ക് സഹായകരമായി അത് വർത്തിക്കുന്നുണ്ടെന്നും നാം മനസ്സിലാക്കേണ്ടതുണ്ട്. കൃഷി ആഫീസർമാരുടെ കുറവിനെക്കുറിച്ച് ചില അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി, പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. പച്ചക്കറി ഉൾപ്പെടെയുള്ള കാർഷികോത്പന്നങ്ങൾ സംഭരിക്കുന്നതിലും സംസ്കരിക്കുന്ന തിലുമൊക്കെ പോരായ്മകളില്ലെന്ന് പറയുന്നില്ല, അവ പരിഹരിക്കാനാണ് എഫ്.പി.ഒ.-കൾ (Farmer Producer Organisation) രൂപീകരിക്കുന്ന കാര്യത്തെക്കുറിച്ചെല്ലാം സൂചിപ്പിച്ചത്. Horticorp, VFPCK എന്നിവയെ ശക്തിപ്പെടുത്താനുള്ള എല്ലാ നടപടികളും സ്വീകരിക്കും. മാർക്കറ്റിംഗിനായി ഒരു പ്രത്യേക കമ്പനി സിയാൽ മോഡലിൽ രൂപീകരിക്കുമെന്നുകൂടി ഈ സഭയുടെ മുമ്പാകെ അങ്ങേയറ്റത്തെ അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുകയാണ്. വിളയധിഷ്ഠിതമായ ഫുഡ് പാർക്കുകൾ തുടങ്ങും, കൂടാതെ അഗ്രി-സ്റ്റാർട്ടപ്പുകൾ സംസ്ഥാനത്ത് കൂടുതലായി രൂപംകൊള്ളുകയും ചെയ്യും. കർഷകരുടെ കൂട്ടായ്മകൾക്കും കാർഷികോത്പാദന കമ്പനികൾക്കും സംഭരണം, സംസ്കരണം, വിപണനം എന്നീ മേഖലകളിൽ പലിശരഹിത റിവോൾവിംഗ് ഫണ്ടായി മൂലധന പിന്തുണ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി ബാങ്കുകളുമായിച്ചേർന്ന് ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. കാർഷികോത്പന്നങ്ങളുടെയും സംസ്കരിച്ച കാർഷികോത്പന്നങ്ങളുടെയും കയറ്റുമതിയിലേയ്ക്ക് വരുന്ന സംരംഭകരെയും വ്യക്തികളെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കും. യൂറോപ്യൻ യൂണിയൻ ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ കൂട്ടായ്മകളിലേയ്ക്കും കയറ്റുമതി സാദ്ധ്യതകളുള്ള കാർഷികോത്പന്നങ്ങളെ കണ്ടെത്തുകയും അവിടങ്ങളിലേയ്ക്ക് നമ്മുടെ ഉത്പന്നങ്ങൾ കയറ്റിയയയ്ക്കുന്നതിന് ആ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളുമായിച്ചേർന്ന് അവസരം കണ്ടെത്തുന്നതിനുമുള്ള ശ്രമം കൃഷി വകുപ്പ് ആവിഷ്കരിക്കുന്നതാണ്. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ യഥാസമയത്തുള്ള ലഭ്യതക്കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കാർഷിക മേഖലയിലെ മാനവശേഷി ലഭ്യത കുറഞ്ഞുവരുന്നതിനാൽ കൂടുതൽ കൃഷിയിടങ്ങൾ സജ്ജമാക്കാൻ വിലക്കുറവുള്ളതും കർഷകർക്ക് അനായാസം ഉപയോഗിക്കാൻ സാദ്ധ്യമാകുന്നതുമായ കാർഷികോപകരണങ്ങൾ വികസിപ്പിക്കുന്നതിന്, എഞ്ചിനീയറിംഗ് കോളേജുകളിലെ മെക്കാനിക്കൽ ഡിപ്പാർട്ടുമെന്റുകളുമായും കാർഷിക സർവ്വകലാശാലകളിലെ അഗ്രിക്കൾച്ചർ, എഞ്ചിനീയറിംഗ് വിഭാഗങ്ങളുമായും സഹകരിച്ചുകൊണ്ട് പ്രസ്തുത മേഖലയിലെ സ്റ്റാർട്ടപ്പുകളെ സപ്പോർട്ട് ചെയ്യുന്നതിനുള്ള പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെയെല്ലാം കേരളത്തിലെ കർഷകരുടെ വരുമാനത്തിൽ വലിയ വർദ്ധനവിലേയ്ക്ക് എത്തിക്കുന്നതിന് സാധിക്കും.

എല്ലാ പദ്ധതിയുടെയും വിശദാംശങ്ങൾ ഞാൻ പറയുന്നില്ല, നെല്ലിന്റെയും നാളികേരത്തിന്റെയും കാര്യം പറഞ്ഞുകഴിഞ്ഞു, കേരഗ്രാമം പദ്ധതിയെക്കുറിച്ച് സൂചിപ്പിച്ചു. ഇതിലെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുന്നത് വലിയ മുന്നേറ്റമാണ്. നമ്മുടെ ജീവിതത്തെ മുന്നോട്ടുകൊണ്ടുപോകാൻ കൃഷിയല്ലാതെ മറ്റു മാർഗ്ഗമില്ല, കൃഷിയാണ് പരമപ്രധാനമായ കാര്യമെന്ന് നാം വിസ്മരിച്ചുപോകരുതെന്നാണ് ഇക്കഴിഞ്ഞ കാലങ്ങളെല്ലാം സൂചിപ്പിക്കുന്നത്. പരശുരാമനാൽ സൃഷ്ടിക്കപ്പെട്ടതാണ് കേരളം എന്ന് പറയപ്പെടുന്നുണ്ട്, അതുമായി ബന്ധപ്പെട്ടുകൊണ്ട് ധാരാളം എതിർപ്പുകളുമുണ്ട്. ഞാൻ അതിന്റെ തർക്കവിതർക്കങ്ങളിലേയ്ക്കോ അതിനെ സാധൂകരിക്കാനോ മുതിരുന്നില്ല. ഒരു കഥയെന്ന തരത്തിൽ പറയുകയാണ്, കൃഷിഗീത എന്നൊരു പുസ്തകം മലയാളത്തിലുണ്ട്, എങ്ങനെയാണ് വിത്തിറക്കേണ്ടത്, വളപ്രയോഗം എങ്ങനെയാണ്, ഏതുസമയത്താണ് ഇതൊക്കെ ചെയ്യേണ്ടത് തുടങ്ങിയ കൃഷിയുടെ കാര്യങ്ങളെക്കുറിച്ചെല്ലാം പാട്ട് രൂപത്തിൽ ഈ പുസ്തകത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ആരാണ് ഇതിന്റെ ഗ്രന്ഥകർത്താവ് എന്നതിനെക്കുറിച്ചെല്ലാം തർക്കങ്ങളുണ്ട്. ആര്യ അധിനിവേശത്തെത്തുടർന്നാണ് ഗ്രന്ഥസൃഷ്ടിയെന്ന് പറയുന്നുണ്ട്, ആ കൃഷിഗീതയ്ക്കകത്ത് ഇങ്ങനെ പറയുന്നുണ്ട്,

"കൃഷിചെയ്തു കഴിയാത്തവർക്കൊരു
വഴിയില്ല പിഴപ്പിൽ ഭൂതലേ;
ദാരിദ്ര്യങ്ങൾ കളയണമെങ്കിലോ,
നേരത്തേ കൃഷി ചെയ്യേണമേവരും"

ഇതിനെക്കുറിച്ച് മാത്രമല്ല, നാളികേരത്തെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്,

"തെങ്ങുവയ്ക്കുന്ന മാനുഷർ
പൊങ്ങിടാതെയിരിക്കുന്നു സ്വർഗ്ഗത്തിൽ"

അതായത് തെങ്ങുവയ്ക്കുന്ന ഒരാൾക്ക് സ്വർഗ്ഗത്തിൽനിന്നും എവിടെയും പോകാതെ അവിടെത്തന്നെയിരിക്കാം, ട്രാൻസ്ഫർ ഇല്ലെന്നാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നാളികേര കൗൺസിലിലൂടെ പത്ത് ലക്ഷം തെങ്ങിൻതൈകൾ കേരളത്തിൽ നട്ടുവളർത്താൻ തീരുമാനിച്ചതുൾപ്പെടെ ഇപ്പോൾ പതിനഞ്ച് ലക്ഷം തെങ്ങിൻതൈകൾ എന്നതിലേയ്ക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇങ്ങനെ കേരഗ്രാമമടക്കമുള്ള നിരവധിയായ പദ്ധതികളിലൂടെ കർഷകർക്ക് അനുകൂലമായ നിലപാടുകൾ സ്വീകരിച്ചുമുമ്പോട്ടു പോകുന്നതുകൊണ്ട് 'പൊങ്ങിടാതെ സ്വർഗ്ഗത്തിലിരിക്കും' എന്നുപറഞ്ഞതുപോലെ കേരളത്തിലെ ജനങ്ങളുടെ മനസിലുണ്ടാകും, കേരളത്തിലെ ജനതയോടൊപ്പമുണ്ടാകും. അതുകൊണ്ടുതന്നെ അവർ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് അനുകൂലമായ ഒരു നിലപാട് സ്വീകരിക്കുകയുംചെയ്യും എന്നതുകൊണ്ടാണ് ഈ ഗവൺമെന്റ് വീണ്ടും

അധികാരത്തിലേയ്ക്കെത്തിയിരിക്കുന്നത് എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. എല്ലാ അർത്ഥത്തിലും കേരളത്തിലെ കർഷകരെ സഹായിക്കാനാവശ്യമായ നയങ്ങളും പരിപാടികളുമായി ഈ സർക്കാർ മുമ്പോട്ടുപോകുകതന്നെ ചെയ്യും. രാഷ്ട്രീയമൊക്കെ പറഞ്ഞാലും ആദരണീയരായ പ്രതിപക്ഷാംഗങ്ങൾ 'ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നുവെന്ന് പറയുമെന്ന് ഞാൻ വിചാരിച്ചില്ല, ചിലപ്പോൾ ഈ സഭയിലെ ആദ്യത്തെ ആളായതുകൊണ്ടാകാം അങ്ങനെ തോന്നിയത്. എതിർക്കേണ്ടത് അവരുടെ രീതിയുടെ ഭാഗമായതുകൊണ്ടാകാം. പക്ഷേ കൃഷിക്കാർക്ക് കൂടുതൽ നേട്ടങ്ങൾ കൊടുക്കണമെങ്കിൽ ഈ ധനാഭ്യർത്ഥനകളെ എതിർത്ത് പരാജയപ്പെടുത്തിയാൽ എങ്ങനെ സാധിക്കുമെന്ന് ഞാൻ ഇവിടെയിരുന്ന് ആലോചിക്കുകയായിരുന്നു. കൂടുതലായി കൃഷിക്കാരെ സഹായിക്കുക എന്നുള്ളതാണ് ലക്ഷ്യമെങ്കിൽ നമ്മൾ എല്ലാവരും കൂടെച്ചേർന്നു നിന്നുകൊണ്ട് നമ്മുടെ കാർഷികമേഖലയെ സംരക്ഷിക്കാനും സഹായിക്കാനുമുതകുന്ന പദ്ധതികളോടൊപ്പം ചേർന്നുനിന്ന് ഈ കർഷകരെ സഹായിച്ചില്ലെങ്കിൽ നമ്മൾ ഭക്ഷിക്കാൻ അവകാശമില്ലാത്തവരായിത്തീരും എന്നുള്ള യാഥാർത്ഥ്യത്തെ തിരിച്ചറിയേണ്ടതുണ്ട്. വർത്തമാനകാലത്തിന്റെ പ്രശ്നങ്ങളിൽ ഗൗരവത്തിൽ ഇടപെട്ടുകൊണ്ട്, സർക്കാർ കൃഷിക്കാർക്കൊപ്പം ചേർന്നുനിന്ന് കാർഷികമേഖലയെ എല്ലാ അർത്ഥത്തിലും സഹായിക്കുകതന്നെ ചെയ്യും. സഹകരണം, ധനകാര്യം തുടങ്ങിയ വിവിധ വകുപ്പുകളുമായിചേർന്ന് യോഗങ്ങൾ വിളിച്ചുചേർത്തുകഴിഞ്ഞു. കൂടുതൽ ഉത്പന്നങ്ങളുടെ ഉത്പാദനം, സംസ്കരണം, വിപണനം തുടങ്ങിയ മേഖലകളിലൊക്കെ പുതിയ രീതികളിലൂടെ, അഞ്ചുവർഷംകൊണ്ട് കേരളത്തിലെ കൃഷിക്കാർക്കും കാർഷിക മേഖലയ്ക്കും പുത്തനുണർവ് വീണ്ടും സംഭാവനചെയ്യുന്ന തരത്തിലായിരിക്കും സർക്കാർ മുന്നോട്ടുപോകുകയെന്നതിനാൽ ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ദൈനംദിന ജീവിതത്തിൽ ഏറ്റവും കൂടുതൽ ബന്ധമുള്ള ശുദ്ധജലവിതരണവും ശുചീകരണവും, ജലസേചനം എന്നീ ധനാഭ്യർത്ഥനകളെ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. ഭക്ഷ്യധാന്യങ്ങളുടെയും നാണ്യ വിളകളുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ജലസേചന സൗകര്യം ഉറപ്പുവരുത്തുക, വരൾച്ചാ സാദ്ധ്യത പ്രദേശങ്ങളിലും മലയോര മേഖലകളിലും ജലസേചന സാദ്ധ്യതകൾ സൃഷ്ടിക്കുക, നിലവിലുള്ള ജലസേചന പദ്ധതികളുടെ പരിപാലനം എന്നിവയാണ് ജലസേചന വകുപ്പിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. കേരള സംസ്ഥാനത്ത് കൃഷിക്ക് അനുയോജ്യമായ ഏകദേശം 22 ലക്ഷം ഹെക്ടർ പ്രദേശമാണുള്ളത്. എന്നാൽ സൗകര്യമൊരുക്കാൻ സാധിച്ചത് വെറും നാല് ലക്ഷം ഹെക്ടർ പ്രദേശത്ത് മാത്രമാണ്. നെല്ലിന്റെയും നാണ്യവിളകളുടെയും ഉല്പാദനത്തിലും ഉല്പാദന ക്ഷമതയിലും ഗുണപ്രദമായ സ്വാധീനം ചെലുത്തി സംസ്ഥാന കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പ്രേരകമായി ജലസേചന പദ്ധതി വിപുലപ്പെടുത്തണമെന്നാണ് ആഗ്രഹിക്കുന്നത്. കൃഷിയോഗ്യമായ പ്രദേശവും

ജലസേചന പ്രദേശവും തമ്മിലുള്ള അന്തരം വിരൽചൂണ്ടുന്നത് ഇതിലേയ്ക്കാണ്. എല്ലാ കൃഷി ഭൂമിയിലും ആവശ്യത്തിന് ജലം നല്കുകയെന്ന ലക്ഷ്യം മുൻനിർത്തി ലഭ്യമായ എല്ലാ ജലസ്രോതസ്സുകളും കാർഷിക മേഖലയുടെ പ്രയോജനത്തിനായി ഉപയോഗപ്പെടുത്തുന്നതിന് എല്ലാ ശ്രമങ്ങളും സംസ്ഥാന ജലസേചന വകുപ്പ് നടത്തിവരുന്നു. സുസ്ഥിരമായ ജല പരിപാലനവും കൃത്യസമയത്ത് കൃഷിയിടങ്ങളിലേയ്ക്ക് ശരിയായ അളവിൽ ജലം നല്കി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതും കൂടാതെ മികച്ച വിളവ്, ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം, കൃഷിച്ചെലവ് കുറയ്ക്കൽ എന്നിവ ലക്ഷ്യമിട്ട് മൈക്രോ ഇറിഗേഷൻ ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ സംസ്ഥാനത്തെ ജലസേചന മേഖലയിൽ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യംവയ്ക്കുന്നത്. നാണ്യവിളകൾക്കുകൂടി ഇറിഗേഷന്റെ പ്രാധാന്യം മുൻനിർത്തിക്കൊണ്ടാണ് തീർച്ചയായും ഞങ്ങൾ മുന്നോട്ടുപോകുന്നത്. കാർഷിക മേഖലയെ പരിപോഷിപ്പിക്കാനുതകുന്ന തരത്തിലുള്ള പദ്ധതികൾക്കാണ് മുൻഗണന നല്കുന്നത്. ഒരു നിമിത്തമായിരിക്കാം, കൃഷിയുടെയും ഇറിഗേഷന്റെയും ഡിമാൻഡുകൾ ഒരേ ദിവസംതന്നെ വന്നുവെന്നതിൽ ഏറെ സന്തോഷമുണ്ട്. കൃഷിയെ കൂടുതൽ പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന രീതിയിൽ, യീൽഡ് വർദ്ധിപ്പിക്കാൻ, കർഷകരെ സഹായിക്കാൻ പ്രധാനമായും ലക്ഷ്യമിടുന്നു. ഗവർണർ നിയമസഭയിൽ നടത്തിയ പ്രസംഗത്തിൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സാധിച്ചു. ഞാൻ ഗവൺമെന്റിനോടും പ്രത്യേകിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഏറെ കടപ്പെട്ടിരിക്കുന്നു, തീർച്ചയായും ഞാനതിന് നന്ദിപറയുന്നു. യശഃശ്ശരീരനായ മാണിസാറിന്റെ പേരിൽ സാമൂഹിക ജലസേചന പദ്ധതിക്ക് തുടക്കം കുറിച്ചതിൽ, എന്റെ നേതാവ് കെ. എം. മാണിസാറിന്റെ പേരിൽ കെ.എം.മാണി ഊർജ്ജിത കാർഷിക ജലസേചന പദ്ധതി ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആരംഭിക്കുമെന്ന് നിയമസഭയിൽ പറഞ്ഞതിൽ എനിക്കതിയായ സന്തോഷമുണ്ട്. അതാണ് ഞങ്ങൾ ലക്ഷ്യം വയ്ക്കുന്നത്. അതിലേയ്ക്ക് ഞങ്ങൾ നീങ്ങുകയാണ്. തീർച്ചയായും ആ പദ്ധതികൾ നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ആവശ്യം. കൃഷി, സഹകരണം, വൈദ്യുതി ഉൾപ്പെടെയുള്ള എല്ലാ ഡിപ്പാർട്ടുമെന്റുകളും ഉൾപ്പെടെ ആലോചിച്ചുകൊണ്ടായിരിക്കും നടപ്പിലാക്കുന്നത്. അനുയോജ്യമായ കൃഷിയിടം തെരഞ്ഞെടുത്ത് കമ്മ്യൂണിറ്റി അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത് അതിനാവശ്യമായ ധനസഹായം നൽകും. കുടുംബശ്രീക്ക് വായ്പകൊടുക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല. തിരിച്ചടവ് ഉണ്ടാകുമെന്നുള്ള ഉറപ്പാണ് ആവശ്യം. സഹകരണമേഖല അതിനെ സംരക്ഷിക്കും. അങ്ങനെ സഹകരണ വകുപ്പിൽനിന്ന് കർഷകർക്കാവശ്യമായ വായ്പ കൊടുക്കാൻ തയ്യാറാകുകയും ഉല്പന്നം കൃത്യസമയത്തുതന്നെ വിലസ്ഥിരതാ സംവിധാനത്തിലൂടെ വാങ്ങുകയും ആ ഗ്രൂപ്പിനെ ഇൻഷ്വർ ചെയ്യുകയുമൊക്കെ ചെയ്തുകൊണ്ടുള്ള ഒരു മൈക്രോ ഇറിഗേഷൻ പദ്ധതിയായിരിക്കും രൂപകല്പന ചെയ്യുന്നത്. നിലവിൽ മൈക്രോ ഇറിഗേഷൻ പ്രോജക്ടുണ്ട്. ബഹുമാന്യനായ

വൈദ്യുതി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പാലക്കാട് കരടിപ്പാറ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പ്രോജക്ട് ഉദ്ഘാടനത്തിലേയ്ക്ക് എത്തിനിൽക്കുന്ന സ്ഥിതിയാണ്. അതിന്റെ മാതൃക സ്വീകരിച്ചുകൊണ്ടായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ അഞ്ച് ജില്ലകളിൽ അഞ്ച് പദ്ധതികൾക്ക് തുടക്കം കുറിക്കുമെന്ന് സഭയെ അറിയിക്കുകയാണ്.

ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കാര്യം കടൽത്തീരവുമായി ബന്ധപ്പെട്ടതാണ്. ഏറ്റവും കൂടുതൽ വിഷമം അനുഭവിക്കുന്ന, ദുരിതപൂർണ്ണമായ സാഹചര്യങ്ങൾ നമ്മൾ കണ്ടതാണ്. ആ തീരദേശത്തെ സംരക്ഷിക്കേണ്ടതുണ്ട്. അതിന് ഈ ഗവൺമെന്റ് വലിയ തരത്തിലുള്ള ഇടപെടലുകളാണ് നടത്തിയത്. ഏതാണ്ട് 570 കി.മീ. ദൂരം കടൽത്തീരമുള്ളതിൽ സംരക്ഷണ ഭിത്തിയുള്ളത് 370 കി.മീ. ആണ്. പ്രകൃത്യാ സംരക്ഷിക്കപ്പെട്ടിട്ടുള്ളത് 206 കി.മീ. ആണുള്ളത്. നിലവിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചതിൽ ഭാഗികമായോ പൂർണ്ണമായോ പുനർനിർമ്മാണം വേണ്ടത് 165 കി.മീ. ആണ്. അഞ്ച് വർഷംകൊണ്ട് പൂർണ്ണമായും ആ വിഷയം പരിഹരിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അതിനുവേണ്ടി 5,300 കോടി രൂപയാണ് വേണ്ടിവരുന്നത്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 1,500 കോടി രൂപ കിഫ്ബി വകയിരുത്തിയിട്ടുണ്ട്. പൈലറ്റ് പ്രോജക്ടെന്ന നിലയിൽ ചെല്ലാനത്ത് 344 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നല്കി, താമസിയാതെ ചെല്ലാനത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. അതോടൊപ്പം പ്രധാനപ്പെട്ട മേഖലകൾ ഹോട്ട്സ്പോട്ടുകളായി തെരഞ്ഞെടുത്തിട്ടുണ്ട്. കൊല്ലങ്കോട്, ശംഖുമുഖം, ആലപ്പാട്, ഒറ്റമശ്ശേരി, കയ്പമംഗലം, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് പ്രദേശങ്ങളിൽ വളരെ പെട്ടെന്നുതന്നെ ഇതിന്റെ പ്രയോജനം ലഭിക്കത്തക്കവിധത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ കടൽത്തീരവുമായി ബന്ധപ്പെട്ട്, വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന തീരദേശമേഖലയിലെ ജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്താനാണ് ഈ ഗവൺമെന്റ് ലക്ഷ്യംവച്ച് മുന്നോട്ടുപോകുന്നത്.

അതുപോലെ, പ്രളയ ഭീഷണിയുണ്ടാകുന്ന സന്ദർഭത്തിലെല്ലാം ഡാമുകളെകുറിച്ച് ചർച്ച ചെയ്യുിട്ടുണ്ട്. പുതിയ ഡാമുകൾ ഉണ്ടാകണമെന്ന പാർലമെന്ററി സമിതിയുടെ സമീപകാലത്തെ നിർദ്ദേശം നമ്മൾ കണ്ടതാണ്. പരിസ്ഥിതിക്ക് ആശങ്കയുണ്ടാക്കാതെ പുതിയ ഡാമുകൾ കേരളത്തിൽ അനിവാര്യമാണെന്ന് പാർലമെന്ററി സമിതി കണ്ടെത്തിയത് തീർച്ചയായും പരിശോധിക്കേണ്ടതാണ്. ആ നിലയിൽ അതിനെ പോസിറ്റീവായിത്തന്നെ കാണാം. വെള്ളപ്പൊക്കത്തിന്റെ തീവ്രത നിയന്ത്രിക്കാനുള്ള അണക്കെട്ടുകളുടെ അഭാവമുണ്ട്. 2018-ലെ വെള്ളപ്പൊക്കം ചാലിയാർ നദീതടത്തെ ബാധിച്ചു. ചാലിയാർ നദിക്ക് ഒരു സംയോജിത നദീതട മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും ജലവിഭവ വകുപ്പ് പ്രമുഖ സാങ്കേതിക സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി

അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ചാലിയാർ തടത്തിൽ വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത തീർച്ചയായും പരിശോധിക്കും. പാർലമെന്ററി സമിതിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സ്ഥലങ്ങളിൽ വെള്ളപ്പൊക്കമുൾപ്പെടെയുള്ള കാര്യങ്ങളെ നിയന്ത്രിക്കാൻ സാഹചര്യമുണ്ടോയെന്നും പുതിയ അണക്കെട്ടുകൾ നിർമ്മിക്കുന്നതിനെക്കുറിച്ചുമുള്ള പഠനം നടത്താൻ തയ്യാറാകുന്നു. പറമ്പിക്കുളം ആളിയാർ പദ്ധതി പുതുക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു. ഇരുസംസ്ഥാനങ്ങളും തമ്മിൽ ആലോചിച്ച് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് ഒരിക്കലും തകരാറുണ്ടാകാൻ പാടില്ലെന്നുള്ള നിലപാട് സ്വീകരിച്ചുകൊണ്ട് ഒത്തുതീർപ്പിലെത്താൻ ശ്രമിക്കും. കാവേരി നദീജല തർക്ക ട്രൈബ്യൂണൽ അനുവദിച്ച ജലത്തിന്റെ വിഹിതമായ 30 ടി.എം.സി. ജലം ഫലപ്രദമായി വിനിയോഗിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ആദ്യഘട്ടമായി പട്ടിശ്ശേരി ഡാം നിർമ്മിച്ചുകൊണ്ടിരിക്കുന്നു. കാന്തല്ലൂർ ഡാമിന്റെ നിർമ്മാണം 2022 മാർച്ചോടുകൂടി പൂർത്തീകരിക്കും. രണ്ടാംഘട്ടമായി ലോവർ ചട്ടം മൂന്നാറിലെ പുതിയ ഡാമിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. ആ നിലയിൽ നമുക്ക് ലഭിച്ചിരിക്കുന്ന 30 ടി.എം.സി. ജലം സംരക്ഷിക്കുന്നതിനുവേണ്ടി കബനി, ഭവാനി, പാമ്പാർ തുടങ്ങിയ നദികളിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുല്ലപ്പെരിയാറിനെക്കുറിച്ച് ഏറ്റവും കൂടുതൽ ചർച്ചചെയ്ത സഭയാണിത്. മുല്ലപ്പെരിയാറിന്റെ വിഷയത്തിൽ അതീവ ജാഗ്രത പുലർത്താൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. അവിടെ അനുദിനമായ നിരീക്ഷണം നടത്തുന്നുണ്ട്. ഇപ്പോഴത്തെ കാലവർഷ സമയത്ത് കൂടുതൽ ബുദ്ധിമുട്ടുകൾ നേരിടുന്ന പ്രദേശമായി ഇടുക്കി മാറിക്കൊണ്ടിരിക്കുന്നു. ഈ സഭാസമ്മേളന കാലയളവിലും അതുസംബന്ധിച്ച് സബ്മിഷൻ വന്നു. യാതൊരു ബുദ്ധിമുട്ടുമില്ലാതെ ഈ പ്രദേശത്തുള്ളവരെ സംരക്ഷിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പുതിയൊരു ഡാം ഉണ്ടാകുകയെന്നത് കേരളത്തിന്റെ ആവശ്യമാണ്. പുതിയ ഡാമിനായി 360 മീറ്റർ താഴെ ആവശ്യമായ സ്ഥലം കണ്ടെത്തി, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി, പാരിസ്ഥിതിക പഠനം നടത്തി, എൻവയോൺമെന്റ് ക്ലിയറൻസിനും ഫോറസ്റ്റ് ക്ലിയറൻസിനുമായി നമ്മൾ കാത്തിരിക്കുമ്പോൾ സുപ്രീംകോടതിയിലെ ഒരു കേസിന്റെ പശ്ചാത്തലത്തിൽ തമിഴ്നാടുമായി യോജിച്ച് മുന്നോട്ടുപോകേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ ഇക്കാര്യത്തിൽ താൽപ്പര്യമെടുത്ത് മുന്നോട്ടുപോകുകയാണ്. ആവശ്യമായ ജലലഭ്യത തമിഴ്നാടിന് ഉറപ്പുവരുത്തിക്കൊണ്ട് കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തി ഡാം ഉണ്ടാക്കണമെന്ന ആഗ്രഹത്തോടുകൂടിയാണ് മുല്ലപ്പെരിയാർ വിഷയത്തെ കാണുന്നത്. കട്ടപ്പന മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ചുമതല വഹിച്ചിരുന്നത്. മുല്ലപ്പെരിയാറിന്റെ കാര്യം വളരെ ഗൗരവത്തോടുകൂടി ക്രമമായി അന്വേഷിക്കുന്നതിന് ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പൂർണ്ണ ചുമതല

കൊടുക്കാൻ ആലോചിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിലെല്ലാം സജീവമായ സാന്നിദ്ധ്യം മുല്ലപ്പെരിയാറിലുണ്ടാകണമെന്ന ആഗ്രഹത്തോടെയാണ് മുന്നോട്ടുപോകുന്നത്.

നമ്മുടെ ഡാമുകളെല്ലാം ഏറ്റവും പ്രകൃതി മനോഹരമായ സ്ഥലങ്ങളാണ്. അവിടെയുള്ള ടൂറിസത്തിന്റെ അനന്തസാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഞാൻ ടൂറിസം വകുപ്പുമന്ത്രിയുമായി സംസാരിച്ചു. കേരളം ടൂറിസം രംഗത്ത് വലിയ മാറ്റത്തിന് തുടക്കം കുറിക്കുകയാണ്. എല്ലാ പഞ്ചായത്തുകളിലും ഒരു ഡെസ്റ്റിനേഷൻ ടൂറിസം മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. നമ്മുടെ ഡാമുകളാണ് ഏറ്റവും മനോഹരമായ പ്രദേശങ്ങൾ. കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന ഹൈഡൽ ടൂറിസംപോലെ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിലും ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതികൾ ആരംഭിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുകയുണ്ടായി. ജലസേചന വകുപ്പിന്റെ ഒരു മ്യൂസിയം കേരളത്തിലുണ്ടാകുന്നത് നല്ലതായിരിക്കുമെന്ന് കരുതുന്നു. ഡാമുകളെക്കുറിച്ചുള്ള ചരിത്രപരമായ പഠനത്തിന് സഹായിക്കുന്നതിനും വിദ്യാർത്ഥികൾ വിനോദയാത്ര പോകുമ്പോൾ ഡാമുകളെക്കുറിച്ച് പഠിക്കുന്നതിനും പുഴയുടെ ഉത്ഭവസ്ഥാനം, ഡാമുകളുടെ പ്രാധാന്യം എന്നിവ സംബന്ധിച്ച് മനസ്സിലാക്കുന്നതിനും കഴിയത്തക്ക വിധത്തിൽ മിനിയേച്ചർ കൊണ്ടുവന്ന് ഇറിഗേഷൻ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം എഞ്ചിനീയറിംഗ് വിംഗിനെ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകേണ്ട ആവശ്യവുമുണ്ട്. അതിനായി ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും പരിശീലനവും നൽകി കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ദേശീയതലത്തിൽ അക്കാദമിക് വിംഗിന്റെ ഗവേഷണ കേന്ദ്രസ്ഥാപനമാക്കി മാറ്റാൻ സർക്കാർ പദ്ധതി തയ്യാറാക്കുന്നു. ജലസ്രോതസ്സുകളുടെ മാനേജ്മെന്റ്, ഫ്ലഡ് മാനേജ്മെന്റ്, കോസ്റ്റൽ എഞ്ചിനീയറിംഗ്, ഹൈഡ്രോളിക് റിസർച്ച് തുടങ്ങിയ മേഖലകളിൽ മികവ് നേടാൻ പര്യാപ്തമാംവണ്ണം ഇൻസ്റ്റിറ്റ്യൂട്ടിനെ ശാക്തീകരിക്കുകയാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം.

ചീഫ് വിപ്പ് (<u>ഡോ. എൻ. ജയരാജ്</u>): സർ, 1958-ലും 1974-ലും മാത്രമാണ് കേരളത്തിന്റെ വാട്ടർ റിസോഴ്സസിനെക്കുറിച്ചുള്ള സമഗ്ര പഠനം നടന്നിട്ടുള്ളത്. 46 വർഷങ്ങൾ കഴിയുകയാണ്; രണ്ട് പ്രളയം കടന്നുപോയി. കേരളത്തിലെ വാട്ടർ റിസോഴ്സസിന്റെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് സമഗ്രമായ പഠനത്തിന് ഗവൺമെന്റ് തയ്യാറാകുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, നദികളുടെ പരിപാലനം പ്രധാനപ്പെട്ട കാര്യമാണ്. 44 നദികൾ മാത്രമല്ല അതിലേയ്ക്ക് വരുന്ന കൈവഴികളുൾപ്പെടെയുള്ളവയുടെ പരിപാലനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നതന്നെയാണ് വകുപ്പ് ആഗ്രഹിക്കുന്നത്. എക്കലും മണ്ണമെല്ലാം

അടിഞ്ഞുകൂടി നദികളുടെ ഒഴുക്കിനെ തടസ്സപ്പെടുത്തി അവയുടെ രൂപവും ഭാവവും ഭംഗിയും മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ 1974-നുശേഷം ഇതുസംബന്ധിച്ച് പഠനം നടത്തിയതായി കാണാൻ സാധിക്കുന്നില്ല. അത് വളരെ അടിയന്തരപ്രാധാന്യമുള്ള വിഷയമായി കണക്കാക്കി അത്തരം വിഷയങ്ങൾ പഠിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും ചുമതലക്കാരനെ നിയോഗിക്കേണ്ടത് അനിവാര്യമാണ്. ഉചിതമായ തലത്തിൽ ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ട് പുഴകളെപ്പറ്റി സമഗ്രപഠനം നടത്തി രേഖകൾ തയ്യാറാക്കും. എല്ലാ നദികൾക്കും പുഴകൾക്കും കൈവഴികൾക്കും ഒരു നാഥനുണ്ടാകണം. ജലസേചന വകുപ്പാണ് കസ്റ്റോഡിയൻ. ആ നിലയിൽ മേൽനോട്ട സമിതിയെ രൂപപ്പെടുത്താനും ഡാമുകളെക്കുറിച്ച് പഠനം നടത്താനും ഗവൺമെന്റ് തയ്യാറാകും. എക്കൽ അടിഞ്ഞുകൂടി ഡാമുകളിലെ ജലനിരപ്പ് ഉയരുന്നത് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുന്നു. ഇതുമൂലം പ്രതികൂലമായ സ്ഥിതിവിശേഷം രൂപപ്പെടുന്നുണ്ട്. മംഗലം ഡാമിൽ എക്കൽ നീക്കാനുള്ള നടപടികളാരംഭിച്ചു. ചുള്ളിയാർ, അരുവിക്കര, വാളയാർ, മീങ്കര എന്നിവിടങ്ങളിൽ എക്കൽ നീക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുകയായി. നദികളുടെ പരിപാലനത്തിനും ഡാമുകളുടെ പഴയകാല സ്ഥിതി തിരിച്ചുകൊണ്ടുവരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കും.

കുട്ടനാടിനെക്കുറിച്ച് ഇവിടെ ചർച്ച നടന്നു. ഈ ഗവൺമെന്റ് അതീവ ഗൗരവത്തോടുകൂടിയാണ് ഈ വിഷയത്തെ കാണുന്നത്. ഒരു സംസ്കാരമാണ് കുട്ടനാട്, അത് നഷ്ടപ്പെട്ടുപോകരുത്. സഭയുടെതന്നെ അന്തഃസത്തയുടെ പ്രശ്നമാണ്. ആ വിഷയം പരിഹരിക്കുന്നതിനുവേണ്ടി കൂട്ടായ പരിശ്രമത്തോടെ യോജിച്ചുനീങ്ങുകയാണ് അനിവാര്യം. അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതുണ്ട്. 2020-21 സാമ്പത്തികവർഷം RIDF-ന്റെ സഹായത്തോടുകൂടി പാടശേഖര ബണ്ടുകൾ ബലപ്പെടുത്തുന്നതിനുള്ള നടപടികളാരംഭിച്ചു. ഒന്നാം പാക്കേജ് വളരെ വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞു. രണ്ടാം പാക്കേജിന്റെ ഭാഗമായുള്ള നടപടികളാരംഭിക്കാൻ IIT ഡൽഹിയെ ചുമതലപ്പെടുത്തി, അതിന്റെ പഠനം പൂർത്തിയാകുന്നു. അതിന്റെ പശ്ചാത്തലത്തിൽ തോട്ടപ്പള്ളി സ്പിൽവേ ഉൾപ്പെടെ, ഇവിടെ രാവിലെ സൂചിപ്പിച്ചതുപോലെ ജലനിർഗ്ഗമന സ്രോതസ്സുകൾ നല്ല നിലയിലുണ്ടാകണം. 1600 ക്യൂബിക് മീറ്റർ പെർ സെക്കന്റിൽ ഡിസ്ചാർജ്ജ് ചെയ്ത സ്ഥലത്ത് 600 ക്യൂബിക് മീറ്റർ പെർ സെക്കന്റ് ജലമാണ് ഇപ്പോൾ ഒഴുകുന്നത്. അതെല്ലാം ക്രമപ്പെടുത്താനും ഏതാണ്ട് അമ്പത്തിഅയ്യായിരം ഹെക്ടർ വരുന്ന ഭൂമി കാർഷിക മേഖലയ്ക്ക് ഗുണകരപ്രദമാക്കി മാറ്റാനും അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. തോട്ടപ്പള്ളി ലീഡിംഗ് ചാനലിന്റെയും എ.സി. (ആലപ്പുഴ-ചങ്ങനാശ്ശേരി) കനാലിന്റെയും ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി മുന്നോട്ടുപോകാനാണ് ആഗ്രഹിക്കുന്നത്. അതുപോലെ ജലസേചനത്തിനായാലും ശുദ്ധജലവിതരണത്തിനായാലും കോട്ടയം ജില്ലയിൽ പൊതുവെ എല്ലാ

മേഖലയിലും ഗുണംചെയ്യുന്ന പദ്ധതിയാണ് മീനച്ചിൽ നദീതട പദ്ധതി. ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് ആ പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടികളെക്കുറിച്ച് ചിന്തിക്കുക എന്നതും അതീവ ഗൗരവത്തോടെയാണ് കാണുന്നത്. കുടിവെള്ള പ്രശ്നത്തിൽ ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന 'ഹില്ലി അക്വാ' കുടിവെള്ള യൂണിറ്റ് ഇന്ന് തെക്കൻമേഖലയിലെ അരുവിക്കരയിലും മദ്ധ്യമേഖലയിലെ തൊടുപുഴയിലുമുണ്ട്. നല്ല നിലവാരമുള്ള വെള്ളമാണ്. പക്ഷേ അതിന്റെ ഡിമാൻഡ് വർദ്ധിച്ചുവരുമ്പോഴും വിതരണംചെയ്ത് എല്ലാവരിലും എത്തിക്കാൻ സാധിക്കാതെ വരുന്നതിനാൽ നല്ല നിലയിൽ നവീകരിക്കേണ്ടതിന്റെ ആവശ്യകതയാണ് നിലവിലുള്ളത്. അതിനാൽ വടക്കൻമേഖലയിൽ കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി ഡാമിനോട് ചേർന്ന് 'ഹില്ലി അക്വ'-യ്ക്ക് പുതിയ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ്. നഗരങ്ങളിലെ വെള്ളക്കെട്ട്, പ്രത്യേകിച്ച് തലസ്ഥാന നഗരിയിലെ വെള്ളക്കെട്ട് സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്തു. ആമയിഴഞ്ചാൻ തോടുപോലെ കൊച്ചിയിലും കോഴിക്കോടും വലിയ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. അതെല്ലാം മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കനാലുകളും തോടുകളും വൃത്തിയാക്കി ഡീസിൽറ്റ് ചെയ്ത് ജലത്തിന്റെ സുഗമമായ ഒഴുക്ക് ഉറപ്പുവരുത്താനാവശ്യമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. വാട്ടർ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം ശുദ്ധജലവിതരണ രംഗത്ത് വലിയതോതിലുള്ള മാറ്റം കേരളം കാംക്ഷിക്കുന്നുണ്ട്. ഇന്ന് സംസ്ഥാനത്ത് ജലവിതരണ സംവിധാനത്തിന്റെയും മലിനജല സംസ്കരണ പദ്ധതിയുടെയും ആസൂത്രണം, രൂപകൽപ്പന, നിർമ്മാണം, പരിപാലനം, പ്രവർത്തനം, മാനേജ്മെന്റ് എന്നിവ നിർവ്വഹിക്കുന്നതിനായി 1986-ലെ കേരള വാട്ടർ സപ്ലൈ ആൻഡ് സ്വീവറേജ് ആക്ട് പ്രകാരം രൂപീകൃതമായ സ്വയംഭരണ സ്ഥാപനമാണ് വാട്ടർ അതോറിറ്റി. ഇന്ന് സ്റ്റേറ്റ് പ്ലാനിലൂടെ 537 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നബാർഡ് സ്കീമിൽ 591 കോടി രൂപയുടെയും അമൃത് പദ്ധതിയിൽ 1,352 കോടി രൂപയുടെയും റീബിൽഡ് കേരളയിൽ 195 കോടി രൂപയുടെയും പദ്ധതികൾ നടത്തുന്നുണ്ട്. ജൽജീവൻ മിഷനിൽ 2184 പ്രവൃത്തികളിലായി ഏതാണ്ട് 16,850 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അർബൻ ജൽജീവൻ മിഷനിലും എ.ഡി.ബി. സാമ്പത്തിക സഹായവുംകൂടി ഏകദേശം 35,000 കോടിയിലേറെ രൂപയുടെ പ്രവർത്തനം ജലവിഭവ വകുപ്പിന്റെ കീഴിൽ വാട്ടർ അതോറിറ്റിയിൽ നടത്തപ്പെടേണ്ടതായി വരും. അതിനെല്ലാം വളരെയധികം സഹകരണം ആവശ്യമുണ്ട്. 2024 ആകുമ്പോൾ എല്ലാ ഗ്രാമങ്ങളിലും കുടിവെള്ളം എത്തണം. പഞ്ചായത്തിന്റെ വിഹിതവും ഗുണഭോക്തൃവിഹിതവും ആര് കൊടുക്കും എന്നുള്ളതാണ് ഇപ്പോഴുള്ള പ്രശ്നം. നമ്മുടെ സംസ്ഥാനത്ത് സമ്പൂർണ്ണമായും കുടിവെള്ളം എത്തിക്കാൻ കിട്ടുന്ന സുവർണ്ണാവസരമാണിത്. നല്ല അവയർനെസ്സ് ഉണ്ടാകണം. അതിൽ എം.എൽ.എ.-മാർക്ക് വലിയ താൽപ്പര്യമുണ്ടാകണം. ആ സ്കീം നടപ്പിലാക്കുന്നതിന് പഞ്ചായത്തുതോറും അവെയർനസ്സ്

പ്രോഗ്രാമുണ്ടാകണം. ഈ പദ്ധതി വ്യാപകമായി നടപ്പിലാക്കാൻ എല്ലാവരും ശ്രദ്ധിച്ചാൽ 2024 ആകുമ്പോൾ സമ്പൂർണ്ണമായി കുടിവെള്ളം കേരളത്തിൽ നൽകാൻ സാധിക്കും. ആ പദ്ധതി വിജയിപ്പിക്കാൻ എല്ലാവരും തയ്യാറാകണം. അർബൻ മേഖലയിൽ 2026 ആകുമ്പോൾ ഇതേ സ്കീം നമുക്ക് പൂർത്തീകരിക്കാൻ സാധിക്കും. ഇതിനായുള്ള കേന്ദ്രപദ്ധതി അനൗൺസ്മെന്റ് കാത്തിരിക്കുന്നു. അതിന് വലിയ പ്രാധാന്യം നൽകാൻ എല്ലാവരും തയ്യാറാകണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

കേരളത്തിലെ സ്വീവറേജ് സംവിധാനം നടപ്പിലാക്കിവരുന്ന ജില്ലകൾ തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ എന്നിവയാണ്. കോഴിക്കോട് ജില്ലയിൽ ഭാഗികമായി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ കക്കൂസ് മാലിന്യം ഉയർത്തുന്ന ഭീഷണി അതീവ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിലും സ്വീവറേജ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്ത് സ്വീവറേജ് സംവിധാനം ഇല്ലാത്ത പ്രദേശങ്ങളിൽ നടപ്പിലാക്കുന്നതിനുവേണ്ടി സർവ്വേ വർക്കുകൾ പൂർത്തിയായി കഴിഞ്ഞിരിക്കുന്നു. അത് എല്ലാവരുടെയും ശ്രദ്ധയിലുണ്ടാകേണ്ടതാണ്. ഈ വകുപ്പിന്റെ പ്രത്യേകത എല്ലാവരുടെയും സഹകരണത്തിലൂടെ മാത്രമേ ഇത്തരം കാര്യങ്ങൾ നടപ്പിലാക്കാൻ സാധിക്കു എന്നതാണ്. ചർച്ചകളിൽ പങ്കെടുത്തപ്പോഴും എല്ലാവരുടെയും നല്ല നിർദ്ദേശങ്ങൾ മാത്രമേ വന്നിട്ടുള്ളു. ഒരിടത്തും ഒരു ആക്ഷേപമുണ്ടായതായി ഞാൻ കേട്ടില്ല. റോഡുനവീകരണവുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ നമ്മുടെ പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി ചർച്ചചെയ്ത് ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്. ഭാവിയിലുണ്ടാകുന്ന നിർമ്മാണപ്രവർത്തനങ്ങൾക്ക് കൂട്ടായ കാഴ്ചപ്പാടുണ്ടാകും. വലിയ പദ്ധതികൾ പരസ്പര ആലോചനയിലൂടെ നടപ്പിലാക്കും. തടസ്സങ്ങൾ മാറ്റി നല്ല നിലയിൽ കൊണ്ടുപോകണമെന്നുതന്നെയാണ് ആഗ്രഹിക്കുന്നത്. വാട്ടർ അതോറിറ്റിയുടെ പ്രധാനപ്പെട്ട വിഷയങ്ങളിൽ ഏറ്റവും ശ്രദ്ധേയമായി കാണുന്നത്, പല കാര്യങ്ങളിലും അവെയർനെസ് ഉയർത്തിക്കൊണ്ടുവരാൻ കൂട്ടായ പരിശ്രമമുണ്ടാകുക എന്നുള്ളതാണ്. അതിന് എല്ലാവരുടെയും ശ്രദ്ധ ഒരിക്കൽക്കൂടി ഉണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുന്നു.

കഴിഞ്ഞ ദിവസമുണ്ടായ ഒരനുഭവം ഷെയർ ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കളുടെ മീറ്റിംഗിൽ പങ്കെടുക്കുമ്പോൾ ഒരു രക്ഷിതാവ് പറഞ്ഞത് അദ്ദേഹത്തിന്റെ രണ്ട് കുട്ടികളും ഭിന്നശേഷിക്കാരാണ് എന്നുള്ളതാണ്. ഇങ്ങനെയുള്ള ആയിരക്കണക്കിന് ആൾക്കാർ കേരളത്തിലുണ്ട്. ഒരു ചെറ്റക്കുടിലിൽനിന്നാണ് അദ്ദേഹം സംസാരിക്കുന്നത്. അദ്ദേഹം പറഞ്ഞ ഒരു കാര്യം, "ഞാൻ എന്റെ ജീവിതം മുഴുവൻ ഈ കുട്ടികൾക്കുവേണ്ടി മാറ്റിവച്ചിരിക്കുന്നു. ഞാൻ എത്ര സ്നേഹിച്ചാലും എന്റെ കുട്ടികൾക്ക് സ്നേഹം തിരിച്ചറിയാൻ കഴിയുന്നില്ല.

രാത്രി എനിക്ക് മൂന്ന് മണിക്കൂറിൽ കൂടുതൽ ഉറങ്ങാൻ കഴിയുന്നില്ല. രാവിലെ എണീറ്റ് വീണ്ടും അവരുടെ പുറകെ പോകുകയാണ്". അങ്ങനെ സ്നേഹിച്ചാൽപ്പോലും സ്നേഹം തിരിച്ചറിയാനാകാത്ത ആ കുട്ടികളെ വളർത്തിയെടുക്കുന്ന രക്ഷിതാക്കൾ അവരുടെ ഒരു സാഹചര്യം എന്നോട് സൂചിപ്പിച്ചത്, 'തങ്ങൾക്ക് വെള്ളത്തിന്റെ അഭാവമുണ്ടെന്നും വെള്ളം കിട്ടാൻ ബുദ്ധിമുട്ടുണ്ടെന്നും വാട്ടർ ചാർജ്ജെങ്കിലും ഒഴിവാക്കി തങ്ങളെയൊന്ന് സംരക്ഷിക്കുമോ' എന്നുള്ളതുമാണ്. ഞാൻ ഈ വിഷയം ഡിപ്പാർട്ടുമെന്റ് തലത്തിൽ ചർച്ച ചെയ്തു. ഞാൻ ഇതുമായി പല മേഖലയിലും ബന്ധപ്പെട്ടു. എഞ്ചിനീയേഴ്സ് ഓഫ് കേരള, വാട്ടർ അതോറിറ്റി, റോട്ടറി ക്ലബ്ബ് എന്നിവർ ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി ചെയ്തുകൊടുക്കുന്നതിന് തയ്യാറാണെന്ന് സൂചിപ്പിച്ചു. കേരള വാട്ടർ അതോറിറ്റിയോടുംകൂടി സംയുക്തമായി ആലോചിച്ച് അവരുടെകൂടി പരിരക്ഷ ഉറപ്പുവരുത്തി ആ വിഭാഗത്തിൽപ്പെട്ട സാധാരണക്കാരായ പാവപ്പെട്ട കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും ആശ്വാസം കൊടുക്കാൻ ഒരു പദ്ധതിയെന്ന നിലയിൽ വാട്ടർ ചാർജ്ജിൽനിന്ന് അവരെ ഒഴിവാക്കുന്നതിനെക്കുറിച്ച് വാട്ടർ അതോറിറ്റി തീർച്ചയായും ആലോചിക്കും. അങ്ങനെയുള്ള ധാരാളം പ്രശ്നങ്ങളുണ്ട്. ഇന്ന് ജലത്തെക്കുറിച്ച് അവെയർനെസ് ആവശ്യമാണ്. വെള്ളത്തെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ ട്രിപ്പിൾ 'R' (Reduce, Reuse and Recycle) എല്ലാവരും ഓർത്തിരിക്കേണ്ട ഒരു കാര്യമാണ്. ജലത്തിന്റെ ഉപയോഗം പരമാവധി കുറച്ച് ആവശ്യത്തിന് മാത്രമായി ജലത്തിന്റെ ഉപയോഗം പരിമിതപ്പെടുത്തുക. അതോടൊപ്പം ഉപയോഗശേഷമുള്ള ജലം പാഴാക്കാതെ ഗാർഹികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുക. മലിനജലം ഗാർഹികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി ശുദ്ധീകരിക്കുന്ന തിനാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയാലാണ് അത് പ്രയോജനപ്പെടുത്താൻ സാധിക്കുന്നത്. ആ നിലയിൽ നമുക്ക് മുന്നേറ്റമുണ്ടായിട്ടുണ്ട്.

ഈ കോവിഡ് കാലഘട്ടം നമ്മളെ പഠിപ്പിക്കുന്നതെന്താണ്? പല കാര്യങ്ങളും നമ്മൾ പഠിച്ചു. കോവിഡ് കാലഘട്ടത്തിൽ ഓക്സിജന്റെ വിലയും ജീവന്റെ മാഹാത്മ്യവും തിരിച്ചറിഞ്ഞു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം. അനായാസമായി നമ്മൾ ഉപയോഗിച്ചുകൊണ്ടിരുന്ന ജീവവായു ഇത്ര വിലപ്പെട്ടതാണെന്ന് ആരും കരുതിയില്ല. പക്ഷേ ജീവൻ അപകടത്തിലായി വെന്റിലേറ്ററിലായപ്പോൾ ജീവശ്വാസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞു. വരുംകാലത്ത് നമ്മളനുഭവിക്കാൻ പോകുന്ന വലിയൊരു ദുരന്തമായിരിക്കും ശുദ്ധജലത്തിന്റെ ലഭ്യതക്കുറവ്. ആ മുൻകരുതലാണ് കോവിഡിന്റെ പശ്ചാത്തലത്തിൽ ഓർമ്മപ്പെടുത്തേണ്ടതായി വരുന്നത്. ശുദ്ധജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോദ്ധ്യപ്പെടാൻ കഴിയുന്ന വിധത്തിൽ, ഭാവിയിൽ നമ്മുടെ ജലസ്രോതസ്സുകൾ കുറഞ്ഞുവരികയും തോടുകൾ വറ്റുകയും പുഴകൾ വരളുകയും തടാകങ്ങളിലെ ജലനിരപ്പ് താഴുകയും ചെയ്യും. ഗ്രൗണ്ട് വാട്ടർ സ്റ്റഡിയും അതുതന്നെ കാണിക്കുന്നു. ഒരുപക്ഷേ കടൽവെള്ളം ശുദ്ധീകരിച്ച് കൊടുക്കേണ്ടി വന്നാൽ

അത്ഭുതപ്പെടാനില്ല എന്നുള്ളതുകൊണ്ടുതന്നെ പ്രായോഗിക സമീപനത്തിന് തുടക്കം കുറിക്കേണ്ടതായിവരും. 'ഇന്ന് വായു, നാളെ ശുദ്ധജലം' ഇതായിരിക്കും വരാൻപോകുന്ന കൺസെപ്റ്റ് എന്ന് ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ട് കൂട്ടായ പരിശ്രമത്തിലൂടെ നമുക്ക് മുന്നോട്ട് പോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്.

ഇവിടെ ചർച്ചയിൽ പങ്കെടുത്ത എം.എൽ.എ.-മാർ ഒട്ടേറെ കാര്യങ്ങൾ സൂചിപ്പിച്ചു. അവരെടുത്ത ഓരോ നല്ല തീരുമാനങ്ങളെയും നല്ല ലക്ഷ്യത്തിനുവേണ്ടി സൂചിപ്പിച്ച നിർദ്ദേശങ്ങളെയും സർവ്വാത്മനാ സ്വീകരിക്കുന്നു. ഇവിടെ ശ്രീ. പി. എസ്. സുപാൽ സംസാരിച്ചപ്പോൾ സൂചിപ്പിച്ച പേപ്പർ മിൽ തടയണയ്ക്കാവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും അധിക തുക ക്വാട്ട് ചെയ്തതുകാരണം ഗവൺമെന്റിന്റെ അംഗീകാരത്തിന് വരികയും അത് വീണ്ടും പരിശോധിച്ച് നടപ്പിലാക്കാൻ ആലോചിക്കുകയുമാണ്. ആ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്നുതന്നെയാണ് ഞാൻ കരുതുന്നത്. അതോടൊപ്പം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ വളരെ പോസിറ്റീവായ സമീപനമാണ് പറഞ്ഞത്. കുടിശ്ശികയിനത്തിൽ വാട്ടർ അതോറിറ്റിക്ക് ലഭിക്കാനുള്ള തുക പിരിച്ചെടുക്കാനുള്ള സംവിധാനമുണ്ടാകണം. അത് വലിയ ബുദ്ധിമുട്ടാണ്. എം.എൽ.എ.-മാർകൂടി ആലോചിച്ച് ഈ പ്രശ്നം ഏത് വിധത്തിലാണോ പരിഹരിക്കാൻ കഴിയുന്നത് അതിനുള്ള നടപടി സ്വീകരിച്ചാൽ നമുക്ക് വാട്ടർ അതോറിറ്റിയെ മെച്ചപ്പെടുത്താൻ സാധിക്കും. അങ്ങനെ പോസിറ്റീവായ നിർദ്ദേശങ്ങൾ സ്വീകരിക്കുകയാണ്. ശ്രീ. പി. ജെ. ജോസഫ് സൂചിപ്പിച്ചത്, വീയ്യപുരം-തോട്ടപ്പള്ളി സ്പിൽ വേ ലീഡിംഗ് ചാനലാണ്. അതിനാവശ്യമായ നടപടി സ്വീകരിച്ചുകഴിഞ്ഞു. വീയ്യപുരം മുതൽ തോട്ടപ്പള്ളി സ്പിൽ വേ വരെയും സ്പിൽ വേ മുതൽ പൊഴി വരെയുമുള്ള ഭാഗത്ത് പൈൽ ആൻഡ് സ്ലാക്ക് ഉപയോഗിച്ച് തീരസംരക്ഷണത്തിന് ഗവൺമെന്റിൽനിന്ന് എ.എസ്. നൽകി പ്രവൃത്തികൾ നടന്നുവരികയാണ്. ശ്രീ. തോട്ടത്തിൽ രവീന്ദ്രനും ഡോ. എൻ. ജയരാജും ഉൾപ്പെടെയുള്ളവർ ധാരാളം നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. ടൂറിസം സാദ്ധ്യതകളെക്കുറിച്ചും നദികളുടെ പഠനത്തെക്കുറിച്ചും സൂചിപ്പിച്ചു. ഇതൊക്കെ അനിവാര്യമാണ്. അത്തരം കാര്യങ്ങൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ജിക്ക പദ്ധതിയിലുൾപ്പെട്ട കാലപ്പഴക്കംചെന്ന പൈപ്പുകൾ ലീക്കാകുന്നതുമായി ബന്ധപ്പെട്ടാണ് ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ സൂചിപ്പിച്ചത്. അങ്ങനെ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റിസ്ഥാപിച്ചും നഗര പരിധിയിൽ പൂർണ്ണമായും അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള കരാർ ഉറപ്പിച്ചും പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്ന വിവരം ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്. കുട്ടനാട് പദ്ധതിയിൽ ശ്രീ. തോമസ് കെ. തോമസിന്റെ രോദനമാണ് ഈ സഭ കേട്ടത്. ഞാൻ അവിടെ പോയി. തീർച്ചയായും പരിതാപകരമായ ഒരു കാര്യമാണ്. പതിമൂന്ന് പഞ്ചായത്തുകളിൽ ശുദ്ധജലമെത്തിക്കാൻ ഒരു മാർഗ്ഗവുമില്ല. അവിടെ ശുദ്ധജലം കൊടുത്തേ പറ്റൂ. അതിനാവശ്യമായ തുക കണ്ടെത്തിയിട്ടുണ്ട്. സ്ഥല ലഭ്യത ആവശ്യമായിരുന്നു. എം.എൽ.എ. ഇടപെട്ട് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അവിടെ നിർമ്മാണം ഉടനെ ആരംഭിക്കും, പൈപ്പ്ലൈൻ ഇടുന്നതിനുള്ള

ക്രമീകരണവും പൂർത്തിയാകും. കുട്ടനാടിന്റെ പ്രത്യേക പരിരക്ഷയ്ക്കായി 290 കോടി രൂപയുടെ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കുട്ടനാട് പാക്കേജുമായും കിഫ്ബി പദ്ധതിയുമായും ബന്ധപ്പെട്ട് ഒരു സ്പെഷ്യൽ മിഷനുമായി മുന്നോട്ട് പോകുമെന്ന് ഈ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

ഇവിടെ എം.എൽ.എ.-മാർ സൂചിപ്പിച്ച മറ്റ് കാര്യങ്ങളെല്ലാം അതിന്റെ അർത്ഥത്തിൽ കാണുന്നു. ശ്രീ. സി. എച്ച്. കുഞ്ഞമ്പു സൂചിപ്പിച്ച കാസർഗോഡ് ജില്ലയിൽ ജലജീവൻ മിഷനിൽ പ്രത്യേകമായ പരിരക്ഷ നൽകിയിട്ടുണ്ട്. ഈ നിലയിലെല്ലാം പോസിറ്റീവായ സമീപനങ്ങളാണുണ്ടായത്. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പ്രവർത്തനങ്ങൾക്ക് ഈ സഭ നൽകിയ അംഗീകാരത്തിനും നിങ്ങൾ ഓരോരുത്തരും സംസാരിച്ചപ്പോൾ നൽകിയ പ്രചോദനത്തിനും പ്രത്യേകമായി നന്ദി പറയുന്നു. രണ്ടാം പിണറായി വിജയൻ സർക്കാരിനുവേണ്ടിയാണ് ഈ ധനാഭ്യർത്ഥന നടത്തുന്നതെന്ന് ഏറെ അഭിമാനത്തോടുകൂടി പറയട്ടെ. കഴിഞ്ഞ കാലങ്ങളിൽ നടന്നുവന്ന പ്രവർത്തനങ്ങളുടെ അംഗീകാരമാണ് വീണ്ടും ഒരു ധനാഭ്യർത്ഥന അവതരിപ്പിക്കാൻ ഈ വകുപ്പിന് സാദ്ധ്യതയുണ്ടായത്. അതിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. ഒന്നാം ഗവൺമെന്റിന് പിന്തുണ കൊടുത്ത ജനങ്ങളുടെ പിൻബലമാണ് ഈ ഗവൺമെന്റ് വീണ്ടും ധനാഭ്യർത്ഥന അവതരിപ്പിച്ചതെങ്കിൽ അത് അഭിമാനത്തോടുകൂടി പാസ്സാക്കിത്തരണമെന്ന് ഒരിക്കൽക്കൂടി അപേക്ഷിക്കുന്നു. നന്ദി.

## ധനാഭ്യർത്ഥന നമ്പർ VIII

## എക്സൈസ്

മി. സ്പീക്കർ: സർവ്വശ്രീ പി. ഉബൈദുള്ള, എ. കെ. എം. അഷ്റഫ്, യു. എ. ലത്തീഫ്, ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, പി. അബ്ദുൽ ഹമീദ്, കുറുക്കോളി മൊയ്തീൻ, റോജി എം. ജോൺ, കെ. ബാബു (തൃപ്പൂണിത്തുറ), മോൻസ് ജോസഫ്, സണ്ണി ജോസഫ്, അനൂപ് ജേക്കബ്, പി. ടി. തോമസ്, എ. പി. അനിൽ കുമാർ, സനീഷ്കുമാർ ജോസഫ്, ടി. ജെ. വിനോദ്, ഐ. സി. ബാലകൃഷ്ണൻ, സജീവ് ജോസഫ്, പി. സി. വിഷ്ണുനാഥ്, അൻവർ സാദത്ത്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ VIII-ാം ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി രാജു
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. പി. ബാലചന്ദ്രൻ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ

19. ഡോ. കെ. ടി. ജലീൽ
20. ശ്രീമതി കാനത്തിൽ ജമീല
21. ശ്രീ. ജി. എസ്. ജയലാൽ
22. ഡോ. എൻ. ജയരാജ്
23. ശ്രീ. കെ. യു. ജനീഷ് കുമാർ
24. ശ്രീ. ജോബ് മൈക്കിൾ
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
29. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. ലിന്റോ ജോസഫ്
32. ശ്രീ. ടി. ഐ. മധുസൂദനൻ
33. ശ്രീ. പി. മമ്മിക്കുട്ടി
34. ശ്രീ. എം. എം. മണി
35. ശ്രീ. മാത്യു ടി. തോമസ്
36. ശ്രീ. കെ. ജെ. മാക്സി
37. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
38. ശ്രീ. കെ. പി. മോഹനൻ
39. ശ്രീ. എ. സി. മൊയ്തീൻ
40. ശ്രീ. മുഹമ്മദ് മുഹസിൻ
41. ശ്രീ. എം. മുകേഷ്
42. ശ്രീ. ഡി. കെ. മുരളി
43. ശ്രീ. മുരളി പെരുനെല്ലി
44. ശ്രീ. പി. നന്ദകുമാർ

45. ശ്രീ. എം. നൗഷാദ്
46. ശ്രീ. എ. പ്രഭാകരൻ
47. ശ്രീ. പ്രമോദ് നാരായൺ
48. ശ്രീ. പി. പ്രസാദ്
49. ശ്രീ. വി. കെ. പ്രശാന്ത്
50. ശ്രീ. കെ. ഡി. പ്രസേനൻ
51. ശ്രീമതി യു. പ്രതിഭ
52. ശ്രീ. കെ. പ്രേംകുമാർ
53. ശ്രീ. കെ. രാധാകൃഷ്ണൻ
54. ശ്രീ. പി. ടി. എ. റഹീം
55. ശ്രീ. എ. രാജ
56. ശ്രീ. എം. രാജഗോപാലൻ
57. ശ്രീ. കെ. രാജൻ
58. ശ്രീ. പി. രാജീവ്
59. ശ്രീ. കെ. കെ. രാമചന്ദ്രൻ
60. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
61. ശ്രീ. ടി. പി. രാമകൃഷ്ണൻ
62. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
63. ശ്രീ. റോഷി അഗസ്റ്റിൻ
64. ശ്രീ. കെ. എം. സച്ചിൻദേവ്
65. ശ്രീ. സജി ചെറിയാൻ
66. ശ്രീ. എച്ച്. സലാം
67. ശ്രീമതി ശാന്തകുമാരി കെ.
68. ശ്രീ. എ. കെ. ശശീന്ദ്രൻ
69. ശ്രീ. വി. ശശി
70. ശ്രീ. ഐ. ബി. സതീഷ്

71. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
72. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
73. ശ്രീ. എ. എൻ. ഷംസീർ
74. ശ്രീ. വി. ശിവൻകുട്ടി
75. ശ്രീ. വാഴൂർ സോമൻ
76. ശ്രീ. പി. വി. ശ്രീനിജിൻ
77. ശ്രീ. ജി. സ്റ്റീഫൻ
78. ഡോ. സുജിത് വിജയൻപിള്ള
79. ശ്രീ. കെ. വി. സുമേഷ്
80. ശ്രീ. പി. പി. സുമോദ്
81. ശ്രീ. വി. ആർ. സുനിൽ കുമാർ
82. ശ്രീ. പി. എസ്. സുപാൽ
83. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
84. ശ്രീ. തോമസ് കെ. തോമസ്
85. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
86. ശ്രീമതി വീണാ ജോർജ്ജ്
87. ശ്രീ. ഇ. കെ. വിജയൻ
88. ശ്രീ. പിണറായി വിജയൻ
89. ശ്രീ. എം. വിജിൻ
90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ:

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അൻവർ സാദത്ത്

6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. ടി. വി. ഇബ്രാഹിം
10. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
11. ശ്രീ. യു. എ. ലത്തീഫ്
12. ശ്രീ. കെ. പി. എ. മജീദ്
13. ഡോ. മാത്യു കുഴൽനാടൻ
14. ശ്രീ. കുറുക്കോളി മൊയ്തീൻ
15. ശ്രീ. മോൻസ് ജോസഫ്
16. ഡോ. എം. കെ. മുനീർ
17. ശ്രീ. നജീബ് കാന്തപുരം
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീമതി കെ. കെ. രമ
23. ശ്രീ. റോജി എം. ജോൺ
24. ശ്രീ. സജീവ് ജോസഫ്
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. സനീഷ്കുമാർ ജോസഫ്
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. ഷാഫി പറമ്പിൽ
29. ശ്രീ. ടി. സിദ്ദിഖ്
30. ശ്രീ. സണ്ണി ജോസഫ്
31. ശ്രീ. പി. ടി. തോമസ്

32. ശ്രീ. പി. ഉബൈദുള്ള

33. ശ്രീ. എം. വിൻസെന്റ്

34. ശ്രീ. ടി. ജെ. വിനോദ്

35. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 90

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XX**

**ശുദ്ധജലവിതരണവും ശുചീകരണവും**

മി. സ്പീക്കർ: സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കുറുക്കോളി മൊയ്തീൻ, യു. എ. ലത്തീഫ്, എ. കെ. എം. അഷ്റഫ്, എൻ. എ. നെല്ലിക്കുന്ന്, പി. അബ്ദുൽ ഹമീദ്, പി. ഉബൈദുള്ള, എൻ. ഷംസുദ്ദീൻ, ടി. വി. ഇബ്രാഹിം, സനീഷ്കുമാർ ജോസഫ്, റോജി എം. ജോൺ, സജീവ് ജോസഫ്, സണ്ണി ജോസഫ്, ഐ. സി. ബാലകൃഷ്ണൻ, എ. പി. അനിൽ കുമാർ, അൻവർ സാദത്ത്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. ബാബു (തൃപ്പൂണിത്തുറ), ടി. ജെ. വിനോദ്, പി. ടി. തോമസ്, മോൻസ് ജോസഫ്, ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XX-ാം ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി രാജു
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. പി. ബാലചന്ദ്രൻ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീമതി കാനത്തിൽ ജമീല
21. ശ്രീ. ജി. എസ്. ജയലാൽ

22. ഡോ. എൻ. ജയരാജ്
23. ശ്രീ. കെ. യു. ജനീഷ് കുമാർ
24. ശ്രീ. ജോബ് മൈക്കിൾ
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
29. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. ലിന്റോ ജോസഫ്
32. ശ്രീ. ടി. ഐ. മധുസൂദനൻ
33. ശ്രീ. പി. മമ്മിക്കുട്ടി
34. ശ്രീ. എം. എം. മണി
35. ശ്രീ. മാത്യു ടി. തോമസ്
36. ശ്രീ. കെ. ജെ. മാക്സി
37. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
38. ശ്രീ. കെ. പി. മോഹനൻ
39. ശ്രീ. എ. സി. മൊയ്തീൻ
40. ശ്രീ. മുഹമ്മദ് മുഹസിൻ
41. ശ്രീ. എം. മുകേഷ്
42. ശ്രീ. ഡി. കെ. മുരളി
43. ശ്രീ. മുരളി പെരുനെല്ലി
44. ശ്രീ. പി. നന്ദകുമാർ
45. ശ്രീ. എം. നൗഷാദ്
46. ശ്രീ. എ. പ്രഭാകരൻ
47. ശ്രീ. പ്രമോദ് നാരായൺ

48. ശ്രീ. പി. പ്രസാദ്
49. ശ്രീ. വി. കെ. പ്രശാന്ത്
50. ശ്രീ. കെ. ഡി. പ്രസേനൻ
51. ശ്രീമതി യു. പ്രതിഭ
52. ശ്രീ. കെ. പ്രേംകുമാർ
53. ശ്രീ. കെ. രാധാകൃഷ്ണൻ
54. ശ്രീ. പി. ടി. എ. റഹീം
55. ശ്രീ. എ. രാജ
56. ശ്രീ. എം. രാജഗോപാലൻ
57. ശ്രീ. കെ. രാജൻ
58. ശ്രീ. പി. രാജീവ്
59. ശ്രീ. കെ. കെ. രാമചന്ദ്രൻ
60. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
61. ശ്രീ. ടി. പി. രാമകൃഷ്ണൻ
62. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
63. ശ്രീ. റോഷി അഗസ്റ്റിൻ
64. ശ്രീ. കെ. എം. സച്ചിൻദേവ്
65. ശ്രീ. സജി ചെറിയാൻ
66. ശ്രീ. എച്ച്. സലാം
67. ശ്രീമതി ശാന്തകുമാരി കെ.
68. ശ്രീ. എ. കെ. ശശീന്ദ്രൻ
69. ശ്രീ. വി. ശശി
70. ശ്രീ. ഐ. ബി. സതീഷ്
71. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
72. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
73. ശ്രീ. എ. എൻ. ഷംസീർ

74. ശ്രീ. വി. ശിവൻകുട്ടി
75. ശ്രീ. വാഴൂർ സോമൻ
76. ശ്രീ. പി. വി. ശ്രീനിജിൻ
77. ശ്രീ. ജി. സ്റ്റീഫൻ
78. ഡോ. സുജിത് വിജയൻപിള്ള
79. ശ്രീ. കെ. വി. സുമേഷ്
80. ശ്രീ. പി. പി. സുമോദ്
81. ശ്രീ. വി. ആർ. സുനിൽ കുമാർ
82. ശ്രീ. പി. എസ്. സുപാൽ
83. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
84. ശ്രീ. തോമസ് കെ. തോമസ്
85. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
86. ശ്രീമതി വീണാ ജോർജ്ജ്
87. ശ്രീ. ഇ. കെ. വിജയൻ
88. ശ്രീ. പിണറായി വിജയൻ
89. ശ്രീ. എം. വിജിൻ
90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അൻവർ സാദത്ത്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. പി. കെ. ബഷീർ

10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ശ്രീ. കെ. പി. എ. മജീദ്
14. ഡോ. മാത്യു കുഴൽനാടൻ
15. ശ്രീ. കുറുക്കോളി മൊയ്തീൻ
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. നജീബ് കാന്തപുരം
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീമതി കെ. കെ. രമ
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. സജീവ് ജോസഫ്
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. സനീഷ്കുമാർ ജോസഫ്
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ഷാഫി പറമ്പിൽ
30. ശ്രീ. ടി. സിദ്ദിഖ്
31. ശ്രീ. സണ്ണി ജോസഫ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 90

പ്രതികൂലിക്കുന്നവർ - 36

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXII

## നഗരവികസനം

മി. സ്പീക്കർ: സർവ്വശ്രീ എ. കെ. എം. അഷ്റഫ്, ടി. ജെ. വിനോദ്, മോൻസ് ജോസഫ്, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, യു. എ. ലത്തീഫ്, പി. അബ്ദുൽ ഹമീദ്, കുറുക്കോളി മൊയ്തീൻ, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, അൻവർ സാദത്ത്, കെ. ബാബു (തൃപ്പൂണിത്തുറ), സനീഷ്കുമാർ ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഐ. സി. ബാലകൃഷ്ണൻ, പി. ടി. തോമസ്, സണ്ണി ജോസഫ്, എ. പി. അനിൽ കുമാർ, പി. സി. വിഷ്ണുനാഥ്, സജീവ് ജോസഫ്, റോജി എം. ജോൺ, ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXII-ാം ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി രാജു
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. പി. ബാലചന്ദ്രൻ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീമതി കാനത്തിൽ ജമീല
21. ശ്രീ. ജി. എസ്. ജയലാൽ
22. ഡോ. എൻ. ജയരാജ്
23. ശ്രീ. കെ. യു. ജനീഷ് കുമാർ
24. ശ്രീ. ജോബ് മൈക്കിൾ

25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
29. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. ലിന്റോ ജോസഫ്
32. ശ്രീ. ടി. ഐ. മധുസൂദനൻ
33. ശ്രീ. പി. മമ്മിക്കുട്ടി
34. ശ്രീ. എം. എം. മണി
35. ശ്രീ. മാത്യു ടി. തോമസ്
36. ശ്രീ. കെ. ജെ. മാക്സി
37. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
38. ശ്രീ. കെ. പി. മോഹനൻ
39. ശ്രീ. എ. സി. മൊയ്തീൻ
40. ശ്രീ. മുഹമ്മദ് മുഹസിൻ
41. ശ്രീ. എം. മുകേഷ്
42. ശ്രീ. ഡി. കെ. മുരളി
43. ശ്രീ. മുരളി പെരുനെല്ലി
44. ശ്രീ. പി. നന്ദകുമാർ
45. ശ്രീ. എം. നൗഷാദ്
46. ശ്രീ. എ. പ്രഭാകരൻ
47. ശ്രീ. പ്രമോദ് നാരായൺ
48. ശ്രീ. പി. പ്രസാദ്
49. ശ്രീ. വി. കെ. പ്രശാന്ത്
50. ശ്രീ. കെ. ഡി. പ്രസേനൻ

51. ശ്രീമതി യു. പ്രതിഭ
52. ശ്രീ. കെ. പ്രേംകുമാർ
53. ശ്രീ. കെ. രാധാകൃഷ്ണൻ
54. ശ്രീ. പി. ടി. എ. റഹീം
55. ശ്രീ. എ. രാജ
56. ശ്രീ. എം. രാജഗോപാലൻ
57. ശ്രീ. കെ. രാജൻ
58. ശ്രീ. പി. രാജീവ്
59. ശ്രീ. കെ. കെ. രാമചന്ദ്രൻ
60. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
61. ശ്രീ. ടി. പി. രാമകൃഷ്ണൻ
62. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
63. ശ്രീ. റോഷി അഗസ്റ്റിൻ
64. ശ്രീ. കെ. എം. സച്ചിൻദേവ്
65. ശ്രീ. സജി ചെറിയാൻ
66. ശ്രീ. എച്ച്. സലാം
67. ശ്രീമതി ശാന്തകുമാരി കെ.
68. ശ്രീ. എ. കെ. ശശീന്ദ്രൻ
69. ശ്രീ. വി. ശശി
70. ശ്രീ. ഐ. ബി. സതീഷ്
71. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
72. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
73. ശ്രീ. എ. എൻ. ഷംസീർ
74. ശ്രീ. വി. ശിവൻകുട്ടി
75. ശ്രീ. വാഴൂർ സോമൻ
76. ശ്രീ. പി. വി. ശ്രീനിജിൻ

77. ശ്രീ. ജി. സ്റ്റീഫൻ
78. ഡോ. സുജിത് വിജയൻപിള്ള
79. ശ്രീ. കെ. വി. സുമേഷ്
80. ശ്രീ. പി. പി. സുമോദ്
81. ശ്രീ. വി. ആർ. സുനിൽ കുമാർ
82. ശ്രീ. പി. എസ്. സുപാൽ
83. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
84. ശ്രീ. തോമസ് കെ. തോമസ്
85. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
86. ശ്രീമതി വീണാ ജോർജ്ജ്
87. ശ്രീ. ഇ. കെ. വിജയൻ
88. ശ്രീ. പിണറായി വിജയൻ
89. ശ്രീ. എം. വിജിൻ
90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അൻവർ സാദത്ത്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

12. ശ്രീ. യു. എ. ലത്തീഫ്
13. ശ്രീ. കെ. പി. എ. മജീദ്
14. ഡോ. മാത്യു കുഴൽനാടൻ
15. ശ്രീ. കുറുക്കോളി മൊയ്തീൻ
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. നജീബ് കാന്തപുരം
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീമതി കെ. കെ. രമ
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. സജീവ് ജോസഫ്
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. സനീഷ്കുമാർ ജോസഫ്
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ഷാഫി പറമ്പിൽ
30. ശ്രീ. ടി. സിദ്ദിഖ്
31. ശ്രീ. സണ്ണി ജോസഫ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്.

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

<u>മി. സ്പീക്കർ</u>:

അനുകൂലിക്കുന്നവർ - 90

പ്രതികൂലിക്കുന്നവർ - 36

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXIX**

**കൃഷി**

<u>മി. സ്പീക്കർ</u>: സർവ്വശ്രീ സണ്ണി ജോസഫ്, ടി. വി. ഇബ്രാഹിം, സജീവ് ജോസഫ്, എൻ. ഷംസുദ്ദീൻ, പി. അബ്ദുൽ ഹമീദ്, യു. എ. ലത്തീഫ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, എൻ. എ. നെല്ലിക്കുന്ന്, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, ടി. ജെ. വിനോദ്, പി. ടി. തോമസ്, കെ. ബാബു (തൃപ്പൂണിത്തുറ), തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൻവർ സാദത്ത്, എ. പി. അനിൽ കുമാർ, ഐ. സി. ബാലകൃഷ്ണൻ, ടി. സിദ്ദിഖ്, പി. സി. വിഷ്ണുനാഥ്, റോജി എം. ജോൺ, സനീഷ്കുമാർ ജോസഫ്, സി. ആർ. മഹേഷ്, ഡോ. മാത്യു കുഴൽനാടൻ, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXIX-ാം ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി രാജു
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. പി. ബാലചന്ദ്രൻ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീമതി കാനത്തിൽ ജമീല
21. ശ്രീ. ജി. എസ്. ജയലാൽ
22. ഡോ. എൻ. ജയരാജ്
23. ശ്രീ. കെ. യു. ജനീഷ് കുമാർ
24. ശ്രീ. ജോബ് മൈക്കിൾ
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു

27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
29. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. ലിന്റോ ജോസഫ്
32. ശ്രീ. ടി. ഐ. മധുസൂദനൻ
33. ശ്രീ. പി. മമ്മിക്കുട്ടി
34. ശ്രീ. എം. എം. മണി
35. ശ്രീ. മാത്യു ടി. തോമസ്
36. ശ്രീ. കെ. ജെ. മാക്സി
37. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
38. ശ്രീ. കെ. പി. മോഹനൻ
39. ശ്രീ. എ. സി. മൊയ്തീൻ
40. ശ്രീ. മുഹമ്മദ് മുഹസിൻ
41. ശ്രീ. എം. മുകേഷ്
42. ശ്രീ. ഡി. കെ. മുരളി
43. ശ്രീ. മുരളി പെരുനെല്ലി
44. ശ്രീ. പി. നന്ദകുമാർ
45. ശ്രീ. എം. നൗഷാദ്
46. ശ്രീ. എ. പ്രഭാകരൻ
47. ശ്രീ. പ്രമോദ് നാരായൺ
48. ശ്രീ. പി. പ്രസാദ്
49. ശ്രീ. വി. കെ. പ്രശാന്ത്
50. ശ്രീ. കെ. ഡി. പ്രസേനൻ
51. ശ്രീമതി യു. പ്രതിഭ
52. ശ്രീ. കെ. പ്രേംകുമാർ

53. ശ്രീ. കെ. രാധാകൃഷ്ണൻ
54. ശ്രീ. പി. ടി. എ. റഹീം
55. ശ്രീ. എ. രാജ
56. ശ്രീ. എം. രാജഗോപാലൻ
57. ശ്രീ. കെ. രാജൻ
58. ശ്രീ. പി. രാജീവ്
59. ശ്രീ. കെ. കെ. രാമചന്ദ്രൻ
60. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
61. ശ്രീ. ടി. പി. രാമകൃഷ്ണൻ
62. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
63. ശ്രീ. റോഷി അഗസ്റ്റിൻ
64. ശ്രീ. കെ. എം. സച്ചിൻദേവ്
65. ശ്രീ. സജി ചെറിയാൻ
66. ശ്രീ. എച്ച്. സലാം
67. ശ്രീമതി ശാന്തകുമാരി കെ.
68. ശ്രീ. എ. കെ. ശശീന്ദ്രൻ
69. ശ്രീ. വി. ശശി
70. ശ്രീ. ഐ. ബി. സതീഷ്
71. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
72. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
73. ശ്രീ. എ. എൻ. ഷംസീർ
74. ശ്രീ. വി. ശിവൻകുട്ടി
75. ശ്രീ. വാഴൂർ സോമൻ
76. ശ്രീ. പി. വി. ശ്രീനിജിൻ
77. ശ്രീ. ജി. സ്റ്റീഫൻ
78. ഡോ. സുജിത് വിജയൻപിള്ള

79. ശ്രീ. കെ. വി. സുമേഷ്
80. ശ്രീ. പി. പി. സുമോദ്
81. ശ്രീ. വി. ആർ. സുനിൽ കുമാർ
82. ശ്രീ. പി. എസ്. സുപാൽ
83. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
84. ശ്രീ. തോമസ് കെ. തോമസ്
85. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
86. ശ്രീമതി വീണാ ജോർജ്ജ്
87. ശ്രീ. ഇ. കെ. വിജയൻ
88. ശ്രീ. പിണറായി വിജയൻ
89. ശ്രീ. എം. വിജിൻ
90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അൻവർ സാദത്ത്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ശ്രീ. കെ. പി. എ. മജീദ്

14. ഡോ. മാത്യു കുഴൽനാടൻ
15. ശ്രീ. കുറുക്കോളി മൊയ്തീൻ
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. നജീബ് കാന്തപുരം
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീമതി കെ. കെ. രമ
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. സജീവ് ജോസഫ്
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. സനീഷ്കുമാർ ജോസഫ്
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ഷാഫി പറമ്പിൽ
30. ശ്രീ. ടി. സിദ്ദിഖ്
31. ശ്രീ. സണ്ണി ജോസഫ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്.

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 90

പ്രതികൂലിക്കുന്നവർ - 36

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXV**

**പഞ്ചായത്ത്**

മി. സ്പീക്കർ: സർവ്വശ്രീ ഐ. സി. ബാലകൃഷ്ണൻ, എ. കെ. എം. അഷ്റഫ്, മോൻസ് ജോസഫ്, പി. അബ്ദുൽ ഹമീദ്, പി. ഉബൈദുള്ള, എൻ. ഷംസുദ്ദീൻ, യു. എ. ലത്തീഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എ. പി. അനിൽ കുമാർ, എൻ. എ. നെല്ലിക്കുന്ന്, ടി. വി. ഇബ്രാഹിം, കുറുക്കോളി മൊയ്തീൻ, കെ.പി.എ. മജീദ്, കെ. ബാബു (തൃപ്പൂണിത്തുറ), റോജി എം. ജോൺ, സജീവ് ജോസഫ്, പി. സി. വിഷ്ണുനാഥ്, സണ്ണി ജോസഫ്, പി. ടി. തോമസ്, അൻവർ സാദത്ത്, ടി. ജെ. വിനോദ്, സനീഷ്കുമാർ ജോസഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXV-ാം ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി രാജു
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. പി. ബാലചന്ദ്രൻ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീമതി കാനത്തിൽ ജമീല
21. ശ്രീ. ജി. എസ്. ജയലാൽ
22. ഡോ. എൻ. ജയരാജ്
23. ശ്രീ. കെ. യു. ജനീഷ് കുമാർ

24. ശ്രീ. ജോബ് മൈക്കിൾ
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
29. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. ലിന്റോ ജോസഫ്
32. ശ്രീ. ടി. ഐ. മധുസൂദനൻ
33. ശ്രീ. പി. മമ്മിക്കുട്ടി
34. ശ്രീ. എം. എം. മണി
35. ശ്രീ. മാത്യു ടി. തോമസ്
36. ശ്രീ. കെ. ജെ. മാക്സി
37. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
38. ശ്രീ. കെ. പി. മോഹനൻ
39. ശ്രീ. എ. സി. മൊയ്തീൻ
40. ശ്രീ. മുഹമ്മദ് മുഹസിൻ
41. ശ്രീ. എം. മുകേഷ്
42. ശ്രീ. ഡി. കെ. മുരളി
43. ശ്രീ. മുരളി പെരുനെല്ലി
44. ശ്രീ. പി. നന്ദകുമാർ
45. ശ്രീ. എം. നൗഷാദ്
46. ശ്രീ. എ. പ്രഭാകരൻ
47. ശ്രീ. പ്രമോദ് നാരായൺ
48. ശ്രീ. പി. പ്രസാദ്
49. ശ്രീ. വി. കെ. പ്രശാന്ത്

50. ശ്രീ. കെ. ഡി. പ്രസേനൻ
51. ശ്രീമതി യു. പ്രതിഭ
52. ശ്രീ. കെ. പ്രേംകുമാർ
53. ശ്രീ. കെ. രാധാകൃഷ്ണൻ
54. ശ്രീ. പി. ടി. എ. റഹീം
55. ശ്രീ. എ. രാജ
56. ശ്രീ. എം. രാജഗോപാലൻ
57. ശ്രീ. കെ. രാജൻ
58. ശ്രീ. പി. രാജീവ്
59. ശ്രീ. കെ. കെ. രാമചന്ദ്രൻ
60. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
61. ശ്രീ. ടി. പി. രാമകൃഷ്ണൻ
62. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
63. ശ്രീ. റോഷി അഗസ്റ്റിൻ
64. ശ്രീ. കെ. എം. സച്ചിൻദേവ്
65. ശ്രീ. സജി ചെറിയാൻ
66. ശ്രീ. എച്ച്. സലാം
67. ശ്രീമതി ശാന്തകുമാരി കെ.
68. ശ്രീ. എ. കെ. ശശീന്ദ്രൻ
69. ശ്രീ. വി. ശശി
70. ശ്രീ. ഐ. ബി. സതീഷ്
71. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
72. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
73. ശ്രീ. എ. എൻ. ഷംസീർ
74. ശ്രീ. വി. ശിവൻകുട്ടി
75. ശ്രീ. വാഴൂർ സോമൻ

76. ശ്രീ. പി. വി. ശ്രീനിജിൻ

77. ശ്രീ. ജി. സ്റ്റീഫൻ

78. ഡോ. സുജിത് വിജയൻപിള്ള

79. ശ്രീ. കെ. വി. സുമേഷ്

80. ശ്രീ. പി. പി. സുമോദ്

81. ശ്രീ. വി. ആർ. സുനിൽ കുമാർ

82. ശ്രീ. പി. എസ്. സുപാൽ

83. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

84. ശ്രീ. തോമസ് കെ. തോമസ്

85. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

86. ശ്രീമതി വീണാ ജോർജ്ജ്

87. ശ്രീ. ഇ. കെ. വിജയൻ

88. ശ്രീ. പിണറായി വിജയൻ

89. ശ്രീ. എം. വിജിൻ

90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

പ്രതികൂലിക്കുന്നവർ:

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അൻവർ സാദത്ത്

6. ശ്രീ. എ. കെ. എം. അഷ്റഫ്

7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

9. ശ്രീ. പി. കെ. ബഷീർ

10. ശ്രീ. ടി. വി. ഇബ്രാഹിം

11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ശ്രീ. കെ. പി. എ. മജീദ്
14. ഡോ. മാത്യൂ കുഴൽനാടൻ
15. ശ്രീ. കുറുക്കോളി മൊയ്തീൻ
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. നജീബ് കാന്തപുരം
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീമതി കെ. കെ. രമ
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. സജീവ് ജോസഫ്
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. സനീഷ്കുമാർ ജോസഫ്
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ഷാഫി പറമ്പിൽ
30. ശ്രീ. ടി. സിദ്ദിഖ്
31. ശ്രീ. സണ്ണി ജോസഫ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിഷ്പക്ഷത പാലിക്കുന്നവർ</u> - ആരുമില്ല

<u>മി. സ്പീക്കർ</u>:

അനുകൂലിക്കുന്നവർ - 90

പ്രതികൂലിക്കുന്നവർ - 36

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXVI**

**ഗ്രാമവികസനം**

<u>മി. സ്പീക്കർ</u>: സർവ്വശ്രീ യു. എ. ലത്തീഫ്, എൻ. എ. നെല്ലിക്കുന്ന്, എ. കെ. എം. അഷ്റഫ്, എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, പി. അബ്ദുൽ ഹമീദ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, സനീഷ്കുമാർ ജോസഫ്, ടി. ജെ. വിനോദ്, കെ. ബാബു (തൃപ്പൂണിത്തുറ), തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൻവർ സാദത്ത്, എ. പി. അനിൽ കുമാർ, ഐ. സി. ബാലകൃഷ്ണൻ, പി. ടി. തോമസ്, സണ്ണി ജോസഫ്, സജീവ് ജോസഫ്, പി. സി. വിഷ്ണുനാഥ്, റോജി എം. ജോൺ, ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXVI-ാം ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി രാജു
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. പി. ബാലചന്ദ്രൻ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീമതി കാനത്തിൽ ജമീല
21. ശ്രീ. ജി. എസ്. ജയലാൽ
22. ഡോ. എൻ. ജയരാജ്
23. ശ്രീ. കെ. യു. ജനീഷ് കുമാർ

24. ശ്രീ. ജോബ് മൈക്കിൾ
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
29. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. ലിന്റോ ജോസഫ്
32. ശ്രീ. ടി. ഐ. മധുസൂദനൻ
33. ശ്രീ. പി. മമ്മിക്കുട്ടി
34. ശ്രീ. എം. എം. മണി
35. ശ്രീ. മാത്യു ടി. തോമസ്
36. ശ്രീ. കെ. ജെ. മാക്സി
37. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
38. ശ്രീ. കെ. പി. മോഹനൻ
39. ശ്രീ. എ. സി. മൊയ്തീൻ
40. ശ്രീ. മുഹമ്മദ് മുഹസിൻ
41. ശ്രീ. എം. മുകേഷ്
42. ശ്രീ. ഡി. കെ. മുരളി
43. ശ്രീ. മുരളി പെരുനെല്ലി
44. ശ്രീ. പി. നന്ദകുമാർ
45. ശ്രീ. എം. നൗഷാദ്
46. ശ്രീ. എ. പ്രഭാകരൻ
47. ശ്രീ. പ്രമോദ് നാരായൺ
48. ശ്രീ. പി. പ്രസാദ്
49. ശ്രീ. വി. കെ. പ്രശാന്ത്

50. ശ്രീ. കെ. ഡി. പ്രസേനൻ
51. ശ്രീമതി യു. പ്രതിഭ
52. ശ്രീ. കെ. പ്രേംകുമാർ
53. ശ്രീ. കെ. രാധാകൃഷ്ണൻ
54. ശ്രീ. പി. ടി. എ. റഹീം
55. ശ്രീ. എ. രാജ
56. ശ്രീ. എം. രാജഗോപാലൻ
57. ശ്രീ. കെ. രാജൻ
58. ശ്രീ. പി. രാജീവ്
59. ശ്രീ. കെ. കെ. രാമചന്ദ്രൻ
60. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
61. ശ്രീ. ടി. പി. രാമകൃഷ്ണൻ
62. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
63. ശ്രീ. റോഷി അഗസ്റ്റിൻ
64. ശ്രീ. കെ. എം. സച്ചിൻദേവ്
65. ശ്രീ. സജി ചെറിയാൻ
66. ശ്രീ. എച്ച്. സലാം
67. ശ്രീമതി ശാന്തകുമാരി കെ.
68. ശ്രീ. എ. കെ. ശശീന്ദ്രൻ
69. ശ്രീ. വി. ശശി
70. ശ്രീ. ഐ. ബി. സതീഷ്
71. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
72. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
73. ശ്രീ. എ. എൻ. ഷംസീർ
74. ശ്രീ. വി. ശിവൻകുട്ടി
75. ശ്രീ. വാഴൂർ സോമൻ

76. ശ്രീ. പി. വി. ശ്രീനിജിൻ
77. ശ്രീ. ജി. സ്റ്റീഫൻ
78. ഡോ. സുജിത് വിജയൻപിള്ള
79. ശ്രീ. കെ. വി. സുമേഷ്
80. ശ്രീ. പി. പി. സുമോദ്
81. ശ്രീ. വി. ആർ. സുനിൽ കുമാർ
82. ശ്രീ. പി. എസ്. സുപാൽ
83. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
84. ശ്രീ. തോമസ് കെ. തോമസ്
85. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
86. ശ്രീമതി വീണാ ജോർജ്ജ്
87. ശ്രീ. ഇ. കെ. വിജയൻ
88. ശ്രീ. പിണറായി വിജയൻ
89. ശ്രീ. എം. വിജിൻ
90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അൻവർ സാദത്ത്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. ടി. വി. ഇബ്രാഹിം

11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ശ്രീ. കെ. പി. എ. മജീദ്
14. ഡോ. മാത്യു കുഴൽനാടൻ
15. ശ്രീ. കുറുക്കോളി മൊയ്തീൻ
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. നജീബ് കാന്തപുരം
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീമതി കെ. കെ. രമ
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. സജീവ് ജോസഫ്
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. സനീഷ്കുമാർ ജോസഫ്
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ഷാഫി പറമ്പിൽ
30. ശ്രീ. ടി. സിദ്ദിഖ്
31. ശ്രീ. സണ്ണി ജോസഫ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിഷ്പക്ഷത പാലിക്കുന്നവർ</u> - ആരുമില്ല

<u>മി. സ്പീക്കർ</u>:

അനുകൂലിക്കുന്നവർ - 90

പ്രതികൂലിക്കുന്നവർ - 36

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXVIII**

**ജലസേചനം**

<u>മി. സ്പീക്കർ</u>: സർവ്വശ്രീ പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, എൻ. ഷംസുദ്ദീൻ, പി. അബ്ദുൽ ഹമീദ്, എൻ. എ. നെല്ലിക്കുന്ന്, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, പി. ടി. തോമസ്, മോൻസ് ജോസഫ്, സനീഷ്കുമാർ ജോസഫ്, റോജി എം. ജോൺ, സജീവ് ജോസഫ്, പി. സി. വിഷ്ണുനാഥ്, സണ്ണി ജോസഫ്, ഐ. സി. ബാലകൃഷ്ണൻ, എ. പി. അനിൽ കുമാർ, അൻവർ സാദത്ത്, കെ. ബാബു (തൃപ്പൂണിത്തുറ), തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി. ജെ. വിനോദ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXVIII-ാം ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി രാജു
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. പി. ബാലചന്ദ്രൻ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീമതി കാനത്തിൽ ജമീല
21. ശ്രീ. ജി. എസ്. ജയലാൽ

22. ഡോ. എൻ. ജയരാജ്
23. ശ്രീ. കെ. യു. ജനീഷ് കുമാർ
24. ശ്രീ. ജോബ് മൈക്കിൾ
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
29. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. ലിന്റോ ജോസഫ്
32. ശ്രീ. ടി. ഐ. മധുസൂദനൻ
33. ശ്രീ. പി. മമ്മിക്കുട്ടി
34. ശ്രീ. എം. എം. മണി
35. ശ്രീ. മാത്യു ടി. തോമസ്
36. ശ്രീ. കെ. ജെ. മാക്സി
37. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
38. ശ്രീ. കെ. പി. മോഹനൻ
39. ശ്രീ. എ. സി. മൊയ്തീൻ
40. ശ്രീ. മുഹമ്മദ് മുഹസിൻ
41. ശ്രീ. എം. മുകേഷ്
42. ശ്രീ. ഡി. കെ. മുരളി
43. ശ്രീ. മുരളി പെരുനെല്ലി
44. ശ്രീ. പി. നന്ദകുമാർ

45. ശ്രീ. എം. നൗഷാദ്
46. ശ്രീ. എ. പ്രഭാകരൻ
47. ശ്രീ. പ്രമോദ് നാരായൺ
48. ശ്രീ. പി. പ്രസാദ്
49. ശ്രീ. വി. കെ. പ്രശാന്ത്
50. ശ്രീ. കെ. ഡി. പ്രസേനൻ
51. ശ്രീമതി യു. പ്രതിഭ
52. ശ്രീ. കെ. പ്രേംകുമാർ
53. ശ്രീ. കെ. രാധാകൃഷ്ണൻ
54. ശ്രീ. പി. ടി. എ. റഹീം
55. ശ്രീ. എ. രാജ
56. ശ്രീ. എം. രാജഗോപാലൻ
57. ശ്രീ. കെ. രാജൻ
58. ശ്രീ. പി. രാജീവ്
59. ശ്രീ. കെ. കെ. രാമചന്ദ്രൻ
60. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
61. ശ്രീ. ടി. പി. രാമകൃഷ്ണൻ
62. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
63. ശ്രീ. റോഷി അഗസ്റ്റിൻ
64. ശ്രീ. കെ. എം. സച്ചിൻദേവ്
65. ശ്രീ. സജി ചെറിയാൻ
66. ശ്രീ. എച്ച്. സലാം
67. ശ്രീമതി ശാന്തകുമാരി കെ.

68. ശ്രീ. എ. കെ. ശശീന്ദ്രൻ

69. ശ്രീ. വി. ശശി

70. ശ്രീ. ഐ. ബി. സതീഷ്

71. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

72. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

73. ശ്രീ. എ. എൻ. ഷംസീർ

74. ശ്രീ. വി. ശിവൻകുട്ടി

75. ശ്രീ. വാഴൂർ സോമൻ

76. ശ്രീ. പി. വി. ശ്രീനിജിൻ

77. ശ്രീ. ജി. സ്റ്റീഫൻ

78. ഡോ. സുജിത് വിജയൻപിള്ള

79. ശ്രീ. കെ. വി. സുമേഷ്

80. ശ്രീ. പി. പി. സുമോദ്

81. ശ്രീ. വി. ആർ. സുനിൽ കുമാർ

82. ശ്രീ. പി. എസ്. സുപാൽ

83. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

84. ശ്രീ. തോമസ് കെ. തോമസ്

85. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

86. ശ്രീമതി വീണാ ജോർജ്ജ്

87. ശ്രീ. ഇ. കെ. വിജയൻ

88. ശ്രീ. പിണറായി വിജയൻ

89. ശ്രീ. എം. വിജിൻ

90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അൻവർ സാദത്ത്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ശ്രീ. കെ. പി. എ. മജീദ്
14. ഡോ. മാത്യു കുഴൽനാടൻ
15. ശ്രീ. കുറുക്കോളി മൊയ്തീൻ
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. നജീബ് കാന്തപുരം
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല

23. ശ്രീമതി കെ. കെ. രമ

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. സജീവ് ജോസഫ്

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. സനീഷ്കുമാർ ജോസഫ്

28. ശ്രീ. വി. ഡി. സതീശൻ

29. ശ്രീ. ഷാഫി പറമ്പിൽ

30. ശ്രീ. ടി. സിദ്ദിഖ്

31. ശ്രീ. സണ്ണി ജോസഫ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. വിൻസെന്റ്

35. ശ്രീ. ടി. ജെ. വിനോദ്

36. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>നിഷ്പക്ഷത പാലിക്കുന്നവർ</u> - ആരുമില്ല

<u>മി. സ്പീക്കർ</u>:

അനുകൂലിക്കുന്നവർ - 90

പ്രതികൂലിക്കുന്നവർ - 36

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ......... ഓർഡർ......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ആഗസ്റ്റ് 10-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.53-ന് പിരിഞ്ഞു.)

**അനുബന്ധം**

നക്ഷത്രചിഹ്നമിട്ട 376 -ാം നമ്പർ ചോദ്യത്തിന്റെ ബി, സി, ഡി പിരിവുകൾക്ക് ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി നൽകിയ മറുപടി

(ബി) കേന്ദ്ര ടൂറിസം മന്ത്രാലയം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസരിച്ച് തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്കാണ് കേന്ദ്ര ടൂറിസം മന്ത്രാലയം അനുമതി നൽകുന്നത്. നിലവിൽ കേന്ദ്ര ടൂറിസം മന്ത്രാലയം അനുവദിച്ച താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സ്വദേശ് ദർശൻ സ്കീം- ഡെവലപ്മെന്റ് ഓഫ് ശബരിമല-എരുമേലി-പമ്പ-സന്നിധാനം ആസ് എ സ്പിരിച്വൽ സർക്യൂട്ട് ഇൻ പത്തനംതിട്ട. ഡെവലപ്മെന്റ് ഓഫ് ശ്രീ പത്മനാഭ സ്വാമി ടെംബിൾ-ആറന്മുള-ശബരിമല ആസ് എ സ്പിരിച്വൽ സർക്യൂട്ട് ഇൻ കേരള ഡെവലപ്മെന്റ് ഓഫ് റൂറൽ ടൂറിസം സർക്യൂട്ട്-മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട് ഇൻ കേരള അണ്ടർ സ്വദേശ് ദർശൻ സ്കീം ഡെവലപ്മെന്റ് ഓഫ് സ്പിരിച്വൽ സർക്യൂട്ട് - ശിവഗിരി ശ്രീനാരായണഗുരു ആശ്രമം-അരുവിപ്പുറം-കുന്നുംപുറം, ശ്രീ.സുബ്രഹ്മണ്യം - ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം ഇൻ കേരള. കൂടാതെ സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈയിൻ മലയാറ്റൂർ, ചേരമാൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ എന്നീ പിൽഗ്രിം ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി പദ്ധതികൾ അനുവദിക്കുന്നതിനായി ഈ 2 പദ്ധതികളുടെ കൺസെപ്റ്റ് നോട്ട് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പദ്ധതിയുടെ ഡി.പി.ആർ. സമർപ്പിക്കാൻ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈയിൻ മലയാറ്റൂർ എന്ന പദ്ധതിക്കായി 30 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി 20-2-2021-ൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് സ്കീമിൽ സമർപ്പിക്കുകയും ചെയ്തു. കൂടാതെ ചേരമാൻ ജുമാ മസ്ജിദ്-കൊടുങ്ങല്ലൂർ, തൃശ്ശൂർ ഇൻ കേരള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ 14-8-2019-ലെ കത്തുപ്രകാരം ഏതെങ്കിലും 2 പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി സമർപ്പിക്കാൻ നിർദ്ദേശം ഉണ്ടാകുകയും അതിന്റെ അടിസ്ഥാനത്തിൽ ടൂറിസം ഡെവലപ്മെന്റ് അറ്റ് മലങ്കര ഡാം സറൗണ്ടിങ്സ് അറ്റ് ഇടുക്കി ഡാം എന്ന പദ്ധതിയുടെ ഡി.പി.ആർ. 14-6-2021-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. കൂടാതെ അതിരപ്പിള്ളി- മലയാറ്റൂർ-കാലടി-കോടനാട് നാച്ചുറൽ ബേസ്ഡ് ടൂറിസം സർക്യൂട്ട് എന്ന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) കേരളത്തിലെ അനന്തമായ ടൂറിസം സാദ്ധ്യതയുള്ളതും എന്നാൽ നാളിതുവരെ അവയുടെ സാദ്ധ്യത പ്രയോജനപ്പെടുത്താത്തതുമായ പുതിയ ടൂറിസം കേന്ദ്രങ്ങളെ കണ്ടെത്തി അവിടത്തെ അടിസ്ഥാന സൗകര്യവികസനം നടത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിലെ ടൂറിസം സാദ്ധ്യത പരിശോധിച്ച് നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ രണ്ട് സർക്യൂട്ട് ടൂറിസം പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. മലബാർ ലിറ്ററി സർക്യൂട്ട്- മലയാള സാഹിത്യത്തിലെ അതികായന്മാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി. വിജയൻ, എം. ടി. വാസുദേവൻ നായർ എന്നിവരിലൂടെ പ്രശസ്തി നേടിയ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രാക്ക്, ഭാരതപ്പുഴയുടെ തീരങ്ങൾ, കൂടാതെ പൊന്നാനി, തൃത്താല എന്നീ സ്ഥലങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട്-കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺറോതുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറമരുതിമല, ജടായുപാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ബയോ ഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ടാണിത്. ഈ സർക്യൂട്ടുകൾക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റുമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പരിഗണിക്കാവുന്നതാണ്. മലബാർ മേഖലയിലെ അനന്തമായ ടൂറിസം സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിനായി മലബാർ ലിറ്ററി സർക്യൂട്ട് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതോടൊപ്പം നിലവിൽ 80.37 കോടി രൂപയുടെ കേന്ദ്ര ടൂറിസം അനുവദിച്ച മലനാട്-മലബാർ ക്രൂയിസ് ടൂറിസം എന്ന പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.